ST. MARY'S CARMELITE MONASTERY ELTHURUTH

THE
ORTHODOXY
OF

The St. Thomas Christians

PUBLISHED
AS A SOUVENIR OF
The Sacerdotal Golden Jubilee
OF

His Holiness

Pope Pius X.

PUBLISHER, **P. Kuriyan.**

264/K67

മാർത്തോമ്മാ നസ്രാണികളുടെ

സത്യവിശ്വാസം.

ഇത്
പത്താംപീയൂസ് മാപ്പിപ്പാ തിരുമനസ്സിലെ
ഇരുപത്തഞ്ചാമത്തെ സപ്തതിജൂബിലി സ്മാരകമായി
പ്രസിദ്ധപ്പെടുത്തുന്നത്.

പ്രസിദ്ധകൻ പി. കുര്യൻ.

DHARMARAM COLLEGE LIBRARY BANGALORE

"BHASKARA PRESS"
TRIVANDRUM.
1908.

Dharmaram College Library
Acc. No. 40814
Call No. J64 | K97

ST. THOMAS CHRISTIANS WERE TRUE CATHOLIC CHRISTIANS.

Published from the notes and records collected and left by the late and lamented Very Revd. Father E. A. Nidiry the first Pontifically privileged Vicar General of the Catholic Syrians of Malabar.

Publisher,

PALLIVITTIL KURIEN.

മാർതൊമ്മാ ക്രിസ്ത്യാനികൾകത്തോലിക്കാ സത്യവിശ്വാസികൾ ആയിരുന്നു.

മലങ്കരെകത്തോലിക്കാ സുറിയാനിക്കാരുടെഅദ്യ (Pontifically Privileged) വികാരിജനറലായിരുന്ന പരെതനായ വ. ഏ. ശ്രീ. നിധിയിരിക്കൽ മാണിക്കത്തനാർ എഴുതീട്ടുള്ള നൊട്ടുകളിൽനിന്നും ശെഖരിച്ചുവച്ചിരുന്ന രിക്കാട്ടുകളിൽനിന്നുംഎടുത്തു പ്രസിദ്ധംചെയ്യുപ്പെട്ടത്.

പ്രസിദ്ധകൻ, പള്ളിവീട്ടിൽ കുര്യൻ.

XVI/9

അവതാരിക.

കേരളത്തിലെ മാർ തൊമ്മാ നസ്രാണികളുടെ ശരിയായ ഒരു ചരിത്രം ഇതേ വരെ എഴുതപ്പെട്ടിട്ടില്ലെന്ന് വ്യസനസമേതം എങ്കിലും സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. പോർട്ടുഗീസുകാർതുടങ്ങി പല ശാഖയിലുമുള്ള യൂറോപ്യൻ മിഷ്യനറിമാരും ഇട്ടപ്പൂരൈ ട്ടർ മുതലായി ചുരുക്കം ചില നാട്ടുകാരും ചില ചരിത്രങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ടെങ്കിലും അവ എല്ലാംഓരോരൊ ഉദ്ദേശസാദ്ധ്യത്തിനായി എഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ എന്നല്ലാതെ നിഷ്പക്ഷപാതമായി എഴുതപ്പെട്ടിട്ടുള്ള ചരിത്രങ്ങളായി അവയിൽ ഒന്നെങ്കിലുംഗണിക്കപ്പെടാവുന്നതല്ലാ. 1599 ൽ, ഗോവാ മെത്രാപ്പോലിത്ത ആയിരുന്ന ഡോം മേനേസിസിന്റെ അദ്ധ്യക്ഷത്തിൽ നടത്തപ്പെട്ടതും ചരിത്രപ്രസിദ്ധമായി തീർന്നിട്ടുള്ളതും ആയ ഉദിയംപേരൂർ സൂനഹദോസിനു മുൻപിൽഎഴുതപ്പെട്ടിട്ടുള്ള. ശ്ര. ശവരിയാരു പുണ്യവാളൻമുതലായ യൂറോപ്യൻ മിഷ്യനറിമാരുടേയും ദേശസഞ്ചാരികളുടേയും എഴുത്തുകളുംയാത്രാവിവരണങ്ങളുംകൊണ്ടു മലങ്കരസഭ റോമൻകത്തോലിക്കാ സത്യസഭയിലുൾപ്പെട്ടതും ബാബേലിലുള്ള കത്തോലിക്കാ കൽദായാപാത്രിയക്കീസിന്റെകീഴായി ബാബേൽമെത്രാന്മാരാലുംസ്വദേശങ്ങൾക്കുയോക്കൊന്മാരാലും (Arch deeccens) ഭരിക്കപ്പെട്ടപോന്നിരുന്നതുമായ ഒരു പൌരസ്ത്യ സഭയായിരുന്ന എന്നു പ്രത്യക്ഷപ്പെടുന്നുണ്ട് എന്നാൽ പോർട്ടുഗീസുകാർക്ക് പന്ത്രണ്ടാം ശതവർഷത്തിൽ ഇൻഡ്യാമുതലായ കിഴക്കൻ ദേശങ്ങളിലെ രാജ്യകാര്യങ്ങളുടെ മേലധികാരം സിദ്ധിച്ചതിനോടുകൂടി അവിടെയുള്ള ലത്തീൻ ക്രൂപതകളുടെ മേൽ പാട്രുവാദോ (Patronage) എന്ന സഭാസംബന്ധമായ ഭരണാധികാരം കൂടി റോമ്മാ സിംഹാസനത്തിൽ നിന്നും പോർട്ടുഗൽ രാജാവിനു ലഭിക്കുന്നതിനിടയായി. ഇതുമുതൽക്കന്യായമായി തങ്ങൾക്കു സിദ്ധിച്ചിട്ടില്ലാത്തതും പൌരസ്ത്യസഭയിലും കൽദായാരീതിയിലും ഉൾപ്പെട്ടതുമായ മലങ്കര സഭയെ കൂടി തങ്ങളുടെ ഭരണാധികാരത്തിലുൾപ്പെടുത്തുവാൻ അവർ ശ്രമിച്ചുതുടങ്ങി. ഇതിലേക്കായി നയം ബലം മുതലായ ചതുരോപായങ്ങളും അവർ പ്രയോഗിച്ചിട്ടുണ്ടെന്നുള്ളതിനു പോർട്ടുഗീസുകാർ എഴുതീട്ടുള്ള ചരിത്രങ്ങൾതന്നെ പ്രധാന തെളിവുകളാകുന്നു. ഈ ഉദ്ദേശസാദ്ധ്യത്തിലേക്ക് അവർ കണ്ടുപിടിച്ചതും ഒടുവിൽ ഫലപ്പെട്ടതുമായ വിദ്യ ബാബേലിൽ നിന്നും കീഴ് പതിവനുസരിച്ച് മലങ്കരെ വന്നിരുന്ന മെത്രാന്മാർ നേസ് തോറീസ്സു ഇടത്തു

ട്ടിൽ ഉൾപ്പെട്ടവരാണെന്നു റോമാ സിംഹാസനത്തിലേക്ക് റിപ്പോർട്ട് ചെയ്യുകയും അവരെപ്പിടിച്ച് ബന്ധനത്തിൽ അങ്ങോട്ടയയ്ക്കുകയും ആയിരുന്നു. എന്നാൽ ഇങ്ങനെ അയയ്ക്കപ്പെട്ട മാർ ജോസേഫ് മാർ ശിമ്യോൽ മാർ അബ്രഹാം എന്നു മൂന്നു മെത്രാന്മാരേയും റോമാ സിംഹാസനത്തിൽ നിന്നും പരിശോധിച്ചതിൽ അവർക്ക് യാതൊരു ഇടത്തുട്ടും ഇല്ലെന്നും അവർ ശരിയായ കത്തോലിക്കാ മെത്രാന്മാരാണെന്നും ബോദ്ധ്യപ്പെട്ട അവരെ തിരികെ അയച്ചു. അവരെ ഇങ്ങനെ ഉപദ്രവിക്കുന്നതിനു പകരം അവരുടെ ഇടവകയെ ഭരിക്കുന്നതിനു പോർട്ടുഗീസുകാർ അവർക്ക് വേണ്ട സഹായം ചെയ്തുകൊടുക്കുന്നതിനു ഗുണദോഷിച്ചു കല്പനകൊടുക്കുകയുമാത്രമല്ലാ അതിൽ ഒരാളായ മാർ ജോസേഫിന്റെ വിശ്വാസത്തിലുള്ള സ്ഥിരതയും പഠിപ്പും പുണ്യവും മുഖദാവിൽ കണ്ടു ബോധിച്ചു അദ്ദേഹത്തെ ഒരു കാർഡിനളായി നിയമിക്കുന്നതിനു തീരുമാനിയ്ക്കുകയും ചെയ്തു. എന്നാൽ അപ്രകാരത്തിന് കാർഡിനൾസ്ഥാനം ലഭിക്കുന്നതിനു നിശ്ചയിച്ച ദിവസത്തിന്റെ തലേരാത്രി അദ്ദേഹം തന്റെ മുറിയിൽ മൃതനായികാണപ്പെട്ടു. മരണത്തിനുള്ള ഹേതു ഇന്നതായിരിക്കുമെന്നു വായനക്കാർ ഊഹിക്കുന്നതിനു വേണ്ടി ഇതുകൊണ്ടും പോർട്ടുഗീസ് അധികാരികൾക്കു അവരുടെ ഉദ്ദേശംസാധിക്കാൻ ഇടയാകായ്കയാൽ ബാബേലിൽ നിന്നും മലയാളത്തിലേയ്ക്കുവരുന്ന മെത്രാന്മാരെ ഇങ്ങോട്ടയക്കാതെതടയുന്നതിനു ശട്ടംകെട്ടുകയുംചെയ്തു. മലങ്കരസഭയെ ഭരിച്ചിരുന്ന ഒടുവിലത്തെ ബാബേൽ മെത്രാനായ മാർഅബ്രഹാം കാലംചെയ്തതിന്റെശേഷം മലങ്കരസഭ മെത്രാനില്ലാതെ ഒഴിച്ചായിരിക്കുന്നു എന്നു ഇതു കാരണം റോമ്മോയിൽ ബോധിപ്പിച്ചു. ആ സംഭരണംസംബന്ധിച്ചു താൽക്കാലീകമായ വ്യവസ്ഥകൾ ചെയ്യാനെന്നുള്ളഭാവേന ഗോവയുടെ മേനേസിസ് മെത്രപ്പോലിത്താ മലങ്കരെ വരികയും ഉദിയമ്പേരൂർ വച്ചു ഒരു സൂനഹദോസ് കൂട്ടുകയും ചെയ്തു. മലങ്കര സഭാകാര്യങ്ങളിൽ പ്രവേശിക്കുന്നതിനു ഒരു അവകാശം ലഭിക്കുന്നതിനു വേണ്ടിയും അവിടെതങ്ങളുടെഭരണമുറപ്പിക്കുന്നതിനുവേണ്ടിയും മെനേസിസ് മെത്രാപ്പോലിത്തായും കൂട്ടരുംതന്നെമുൻകൂട്ടിഎഴുതിയുണ്ടാക്കിയ സൂനഹദോസ് നടപടികളിൽ മലങ്കര സഭയിൽ അനേകം നേസ്തോറിയൻ ഇടത്തുട്ടുകൾ ഉള്ളതായി തീരുമാനിച്ചു റിക്കാട്ട് ആക്കുകയും ടി സൂനഹദോസ് നടപടികളെ എല്ലാം അന്തോനി ഗോവായ എന്നു ഒരു പോർട്ടുഗീസ് അഗസ്തീനിയൻ പാദ്രിപോർട്ടുഗാളിലെ കൊയമ്പ്രാ പട്ടണത്തിൽ 1606ൽ ജോർനാഡാ (Jornada) എന്നചരിത്രപുസ്തകത്തിൽ ചേർത്തുപ്രസിദ്ധംചെയ്കയുംചെയ്തു. ടി ഗ്രന്ഥംമൂലംമലങ്കരെസഭ നെസ്തോരായിരുന്നു എന്നുള്ള തെറ്റുധാരണ യൂറോപ്പിൽ പ്രചാ

ടപ്പെട്ടുന്നതിനിടയായി എന്നാൽ ഉദിയംപേരൂർ സൂനഹദോസി
ൽ വച്ചു മലങ്കര സഭയിൽ ഉപയോഗിച്ചിരുന്ന തക്സായിൽ നെസ്തോ
റിയൻ ഇടഞ്ഞുട്ടായി തീരുമാനിച്ചുണ്ടാക്കീട്ടുള്ള തിരുത്തുകളെ
റോമ്മാതിരു സംഘത്തിൽ നിന്നും പരിശോധിച്ചതിൽ അവ അനാ
വശ്യങ്ങളം എന്ന കണ്ടു ബോധിച്ചു മലങ്കര സഭയിലെ ഉപയോഗ
ത്തിലേക്കായി റൊമ്മായിൽ നിന്നു അച്ചടിപ്പിച്ചു തക്സകളിൽ ആ തി
രുത്തലുകളെ സ്വീകരിച്ചു ചേർക്കാതിരിക്കയും ചെയ്തു. ഉദിയമ്പേരൂർ
സൂനഹദോസിനെയും റോമ്മായിൽ ഇതേവരെ അംഗീകരിച്ചുറപ്പി
ച്ചിട്ടുമില്ലാ. ഈ സംഗതികളം ടി ചരിത്ര ഗ്രന്ഥത്തിന്റെ കഥയല്ലാ
യികയേയുംരുതിൽ പ്രസ്ഥാപിച്ചിരുന്ന നെസ്തോറിയൻ. ഇടത്തു
ട്ടിന്റെ അവാസ്ഥവത്തേയും നല്ലവണ്ണം തെളീക്കുന്നു.

ഗോവേയായെ തുടർന്ന മലങ്കര സഭാ ചരിത്രം എഴുതിയിട്ടുള്ള
ഡിസൊസാ (Dezouza) ഒരിയെന്തകോൺ കിപസ്താൊ (ഫ്രൊ)ല
ക്രൊസ് (La croze, 1723) (Rome 1745 Raaulin) റാവുളിൻ മുതലാ
യ യൂറോപ്യ ചരിത്രക്കാരന്മാരും തന്നെ മിസ്റ്റർ വൈറ് ഹൊസ്
എന്ന നവീന ഗ്രന്ഥകർത്താവു പറയുന്നതുപോലെ മലയാളദേശംവ
ന്നു അവിടത്തെ ക്രിസ്ത്യാനികളിൽ നിന്നു നേരിട്ടു അറിവുകളം സ
മ്പാദിച്ചു ചരിത്രങ്ങളം എഴുതുന്നതിനു ഇടവന്നിട്ടുള്ളവരല്ലാ. അവർ
ഗോവേയായുടെ ആദ്യ ചരിത്രത്തെമാത്രം അടിസ്ഥാനമാക്കി എഴു
തീട്ടുള്ളതിനാൽ അവരുടെ ചരിത്രങ്ങളിൽ ഒക്കെയും മലങ്കരസഭനെ
സ്തോറ യനായിരുന്നു എന്നുള്ള തെറ്റായ അഭിപ്രായം പ്രബലപ്പെട്ട
തുന്നതിനിടയായി. എന്നാൽ ടി നെസ്തോറിയൻ കെട്ടുകഥക്ക് ഇം
ഗ്ലീഷു ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളിൽകൂടി പ്രവേശംകിട്ടുന്നതിനു
കാരണമായ സംഗതി കൂടി ഇവിടെ പ്രസ്ഥാവിക്കേണ്ടിയിരിക്കുന്നു.

ഗേഡ്സ് (Geddes) ഒരു ഇംഗ്ലീഷ് പ്രോട്ടസ്റ്റൻഡു മിഷ്യനറി
തന്റെ മിഷ്യൻ സംബന്ധിച്ചുള്ള ജോലിക്കായി ലിസ്ബൺ പട്ടണ
ത്തു താമസിച്ചിരുന്ന കാലത്തു അവിടെയുള്ള ഇൻക്വിസിഷൻ കാ
രാഗ്രഹത്തിൽ അടക്കപ്പെട്ടുകയും അവിടെവച്ചു ഗോവേയിയുടെ ച
രിത്രപുസ്തകത്തിന്റെ ഒരു പ്രതി ലഭിക്കുന്നതിനു ഇടവരികയും ചെ
യ്തു. കാരാഗ്രഹത്തിൽ നിന്നും മോചനപ്രാപിച്ചസ്വദേശത്തു (Eng-
land) എത്തിയതിന്റെ ശേഷം ഗോവേയായുടെചരിത്രപുസ്തകത്തെ
അടിസ്ഥാനമാക്കി 'History of the church in Malabar' മലങ്കര
സഭാചരിത്രം എന്ന ഒരു പുസ്തകം ഫ്രന്നർ-ൽ ലണ്ടൺ പട്ടണത്തി
ൽ പ്രസിദ്ധം ചെയ്യുകയുംചെയ്തു. മലങ്കരസഭയെപ്പറ്റി ഇംഗ്ലീഷ് ഭാ
ഷയിൽ ഇപ്രകാരമായി പ്രസിദ്ധംചെയ്യപ്പെട്ട ടി പുസ്തകം ഗൊ

വേയായുടെ പുസ്തകത്തിന്റെ ഒരു ഇംഗ്ലീഷു ഭാഷാന്തരം മാത്രമായിരുന്നു എന്നു ഇനി വിശേഷിച്ചു പറയെണ്ടതില്ലല്ലൊ.

സർവ്വവ്യാപതി (Universality) അപ്പസ്തോലിയാതുടച്ചു (Apostolic continuity) മുതലായ സത്യസഭാലക്ഷണങ്ങൾക്കു ഒരു ഉത്തമദൃഷ്ടാന്തമായി അജ്ഞാത നാടായ ഭാരം ഇൻഡ്യാദേശത്തിൽ ദൈവം തന്റെ അനുഗ്രഹത്താൽ അനേക ശതവഷ്ത്തോളം കാത്തുരക്ഷിച്ചു തന്റെഅജ്ഞാതത്തോട്ടമായി മലങ്കരസഭയിൽനേസ്തോറിയൻ ഇടത്തുട്ടു മുതലായ കളകളുള്ളതായി ഗോവേയാ മുതലായ പോട്ടുഗീസു ഗ്രന്ഥകാരന്മാർ വാസ്തവവിരുദ്ധമായിചെയ്തിട്ടുള്ള പ്രസ്ഥാവനകൾ റോമൻകത്തോലിക്കാ സത്യസഭാ വിരോധികളായഗെഡേസ് മുതലായ പ്രൊട്ടസ്റ്റാൻഡ് ഗ്രന്ഥകാരന്മാർക്കു എത്ര കണ്ണുപീയുഷമായിരുന്നിരിക്കണമെന്നുംഅവർ ടി സത്യസഭയോടു എതുക്കുന്നതിന്നും അക്ഷേപിക്കുന്നതിനും കരുക്കളായി അവയെ എത്രയൊസാമത്ഥ്യത്തോടുകൂടി ടി ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു എന്നും ഉള്ള സംഗതി സത്യാന്വെഷികളായഎല്ലാവരേയും ഒരുപോലെവ്യസനിപ്പിക്കുന്നതാകുന്നു. ഗേഡേസിനെ തുടൎന്നു എഴുതിട്ടുള്ള ഇംഗ്ലീഷു ചരിത്രകാരന്മാരായ ഹൊ (Hough) വൈറ്റ് ഹൊസ് (White house) റൊ (Raw) മുതലായവരൊക്കയും പ്രൊട്ടസ്റ്റാൻസ് മിഷ്യനറിമാരായിരുന്നതിനാലുംഗോവേയായുടെ പ്രസ്ഥാവനകൾ അവരുടെ മതസിദ്ധാന്തങ്ങളെഅനുകൂലിക്കുന്നതാകയാലും അവർഅ അഭിപ്രായത്തെ പുലത്തി പോന്നതിൽ അതിശയിക്കാനില്ലല്ലൊ. മർ അബ്രാഹാം മെത്രാപ്പോലിത്തായുടെ കാലശേഷം മലങ്കരസഭയെ ഭരിച്ചിട്ടുള്ള ഒകാങ്ങല്ലൂരിലെ പോട്ടുഗീസു മെത്രാപ്പോലിത്താന്മാരും പുത്തൻക്രൂശീസ്മയുടെശേഷം മലങ്കരെ വന്നിട്ടുള്ള വരാപ്പുഴവികാരി അപ്പസ്തോലിക്ക മെത്രാന്മാരും തങ്ങളുടെ ഭരണത്തിന അടിസ്ഥാനം ഉറപ്പിച്ചിട്ടിരുന്ന ഇനെസ്തോറിയൻകഥയുടെ അവാസ്തവത്തെ തെളിയിക്കുവാൻ ശ്രമിക്കാത്തതിലും ആശ്ചൎയ്യപ്പെടുവാനില്ലാ

മലങ്കരേസഭാ എല്ലായ്പോഴും സത്യസഭയുടെ ഒരുമ്പാട്ടിൽ നിലനിന്നുപോന്നു എന്നു ലോകത്തെ വീണ്ടും അറിയിക്കേണ്ട സമയം അടുത്തുവന്നു. തിരുസഭയെ ഛിദ്രം കൊല്ലത്തിനുമേൽ സ്തുത്യർഹമായ വിധത്തിൽ ഭരിച്ചുകൊണ്ടിരുന്നു. നമ്മുടെ ഭാഗ്യപ്പെട്ട പിതാവായ മാർ ദിയൊൻമാറ്റ്ത്തായ്പാ തിരുമനസ്സുകൊണ്ടു മാർതൊമ്മാനസ്രാണികളുടെ അനേക കാലത്തെ അപേക്ഷയുടേ ഫലമായി സുറിയാനി മെത്രാന്മാരൊ വാഴിക്കുന്നതിനു അനുവദിച്ചു. ഇങ്ങിനെ മലങ്കരെസഭാകാലത്തിൽ ഭരണത്തിൽനിന്നും ഒരു മുക്തിലഭിച്ച ഗ

ഡുവിൽ തന്നെ തിരുവിതാംകൂർ ഗവൺമെൻറിൽനിന്ന് "State Manual" എന്ന ഒരു രാജ്യവിവരണഗ്രന്ഥം പ്രസിദ്ധം ചെയ്യുന്നതിനു ഫൻഡ്- ൽ ഏർപ്പാടുകൾ ചെയ്കയും അന്നു തിരുവിതാംകൂർ കൊച്ചീ. ഇൻറിഷുറസിഡൻറായിരുന്ന മിസ്റ്റർ. ജി- ടി മേക്കൻസി ഐ സി. എസ്സ്. ടി പ്രബന്ധത്തിൽ ക്രസ്ത്യാനികളേ സംബന്ധിച്ച ഭാഗം എഴുതുന്നതിനുള്ള ഭാരം കയ്യേൽക്കുകയും ചെയ്തു. തൻെറ അറിവിൽ കിട്ടിയടത്തോളമുള്ള റിക്കാർട്ടുകളെ അടിസ്ഥാനപ്പെടുത്തി മലങ്കരെ സഭയുടെ ഒരു വിവരണം പ്രസിദ്ധം ചെയ്കകൊണ്ടു അതിനെ ഇവിടെയുള്ള ഓരോ ക്രസ്തിയ വകുപ്പുകളിലെ മതാദ്ധ്യക്ഷന്മാർക്കും മറവു മാന്യന്മാർക്കും അഭിപ്രായത്തിനും വല്ല ആക്ഷേപങ്ങളുമുണ്ടെങ്കിൽ അവയെ കാണിച്ചു കൊടുക്കുന്നതിനുമായിട്ടു അയച്ചു കൊടുത്തു. മിസ്റ്റർ മേക്കൻസിയുടെ ആദ്യചരിത്രം ഗോവേയാ മുതലായവരുടെ ചരിത്രങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രം എഴുതിയിരുന്നതിനാൽ അതിൽ പോർട്ടുഗീസുകാരുടെ ആഗമന കാലത്തു മലങ്കരെസഭ നേസ്തോറിയൻ ഇടത്തുട്ടിൽ ഉൾപ്പെട്ടിരുന്നു എന്നുള്ള അഭിപ്രായം പ്രകടിപ്പിച്ചിരുന്നതിൽ ആശ്ചര്യപ്പെടുവാനില്ലാ. കത്തോലിക്ക സുറിയാനിക്കാരുടെ സഭ ഒരിക്കലും ഇടത്തുട്ടിൽ ഉൾപ്പെട്ടിട്ടില്ലായിരുന്നു എന്നുള്ള സത്യത്തെ വെളിപ്പെടുത്തുന്നതിനു ദൈവം ഇങ്ങിനെ ഒരു നല്ല അവസരം കൊടുക്കയും അതിലേക്കു നമ്മെ വന്ദ്യപുരോഹിതന്മാരേ ഉദ്യമിപ്പിക്കുന്നതിനു താൻ തന്നെ തിരുമനസ്സാകയും ചെയ്തതിനാൽ അങ്ങുക്കു സ്തുതിയും പുകഴ്ചയും എപ്പോഴും ഉണ്ടാകുമാറാകട്ടെ.

ഇതിലേക്കു കുറെപ്പേർ വന്ദ്യപിതാക്കന്മാർ പലയൂറോപ്യ ഭാഷകളിലും ചരിത്ര വിഷയങ്ങളിലും ഒരുപോലെ പാണ്ഡിത്യം ലഭിച്ചിട്ടുള്ളവരും സമുദായ തല്പരന്മാരിൽ അഗ്രഗണ്യന്മാരും സുചരിതന്മാരും ആയ പരേതനായ വ. ദി. ശ്രീ. നിധിയിരിക്കൽ മാണിക്കത്തനാരവർകളും മാന്നാനം സന്ന്യാസം സ്ഥാപിക്കുന്നതിലെ സന്ന്യാസ ഗുരുക്കന്മാരിൽ വിശ്രുതനായ ദി. ശ്രീ. ബെർണ്ണാർച്ചൻ അവർകളും (Fr. Bernard of St. Thomus) ആയിരുന്നു എന്നു ഇനി വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇവർ തങ്ങൾക്കു കിട്ടിയ ചുരുങ്ങിയ സമയം കൊണ്ടു മലങ്കരസഭ എപ്പോഴും സത്യ വിശ്വാസത്തിൽ നിലനിന്നിരുന്നു എന്നുള്ളതിനു അനേക ന്യായങ്ങളും. ശ്ര. ശവരിയാർ പുന്യവാളൻ മുതലായ അനേകരുടെ എഴുത്തുകളും ചരിത്രസാക്ഷ്യങ്ങളും അടങ്ങിയ ഒരു വിവരണം മിസ്റ്റർ മെക്കൻസിക്കു അയച്ചു കൊടുത്തു. എന്നാൽ ഇത് അദ്ദേഹത്തിനു കിട്ടുന്നതിനു

മുമ്പുതന്നെ അദ്ദേഹം (ഫൻഠഫ) പ്രസിദ്ധം ചെയ്ത "Christanity in Travancore" തിരുവിതാംകൂറിലെ ക്രൈസ്തവമതം എന്ന പുസ്തകത്തിന്റെ പ്രധാന ഭാഗങ്ങൾ അച്ചടിച്ചു തീർന്നുപോയതിനാൽ ടി വിവരണത്തെ ഒടുവിൽ ഒരു നോട്ടായിട്ടു മാത്രമേ ചേർക്കുന്നതിനു സാധിച്ചുള്ളൂ. ടി നോട്ടിൽ മലങ്കരസഭ സത്യവിശ്വാസത്തിൽ നില നിന്നിരുന്നു എന്നു സ്ഥാപിക്കുന്നതിനു അവിതർക്കിതമായ പല ന്യായങ്ങളും കാണിച്ചിരുന്നതിനാൽ ഗോപേയാ മുതലായ യൂറോപ്യൻ ചരിത്രക്കാരുടെ ചെമ്പു തെളിയുന്നതിനിടയായി. ഇത് കണ്ടപ്പോൾ പോർട്ടുഗീസ്സു മിഷ്യനറിമാരുടെ നാവായ Catholic Register മുതലായ പത്രങ്ങളിൽ ഇതിനെ സംബന്ധിച്ചു പേരുവയ്ക്കാതെ ചില ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ഒടുവിൽ (Dr. Medlycott) ഡൊക്ടർ മേഡലിക്കോട്ട (Dr. Olivera) ഡോക്ടർ ഒലിവേരാ മുതലായ ലത്തീൻ മേത്രാന്മാർ പേരുവച്ചു പത്രങ്ങൾ വഴിയായും പുസ്തകദ്വാരേണയും വാദപ്രതിവാദങ്ങൾ നടത്തുകയും കൽദായ പാത്രിയാർക്കീസിന്റെ പ്രോക്കുറേറ്ററായി റോമിൽ താമസിച്ചിരുന്ന ശ്മൂയെൽ ജമ്മീൽ എന്ന സന്ന്യാസ ശ്രേഷ്ഠനെ ക്രിക്കാട്ടുകൾ പരിശോധിച്ചു അതിൽ നിന്നും എടുത്തതും ബൈബിളിലെയും മലയാളത്തെയും കൽദായപള്ളിയുടെ ഇടമുറിയാത്ത സത്യവിശ്വാസത്തെ ലക്ഷ്യപ്പെടുത്തുന്നതുമായ അനവധി റിക്കാട്ടുകൾ ചേർത്ത "ശ്ലീഹായുടെ സിംഹാസനവും കൽദായപള്ളിയും തമ്മിലുള്ള ഉത്തമ സംബന്ധം" എന്ന നാമത്തിൽ ഫൻഠഫ-ൽ റോമിൽ പ്രസിദ്ധപ്പെടുത്തിയതു തീൻശ്രേഷ്ഠനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു (C. J. Jeorge Kathanar) സി. ജെ. ജോർജ്ജ കത്തനാരുടെ പേരുവച്ചു ടി മെത്രാന്മാരുടേയും മറ്റും വാദങ്ങളെ അശേഷം ഖണ്ഡിച്ചു മൂന്നു നാലു പുസ്തകങ്ങൾ ഇംഗ്ലീഷിൽ ഫൻഠ്- ൽ പ്രസിദ്ധപ്പെടുത്തുകയും അതിലെ ന്യായങ്ങളെ കണ്ടു ടി യൂറോപ്യ മെത്രാന്മാരും മിഷ്യനറിമാരും മിണ്ടാതടങ്ങുകയും മിസ്റ്റർ. മേക്കൻസി തന്നോടു തന്റെ പുസ്തകത്തിന്റെ ഒടുവിലത്തെ പതിപ്പിൽ ബ. നിധിയിരിക്കൽ മാണിക്കത്തനാരു മുതൽപേരുടെ ന്യായങ്ങളെ സ്വീകരിച്ചു ഫൻഠന-ൽ പുറപ്പെട്ട State Manual എന്ന പുസ്തകത്തിൽ മലങ്കരസഭാ സത്യവിശ്വാസത്തിൽ തന്നെ വിടാതേ നിലനിന്നു പോന്നു എന്നു സ്ഥാപിക്കത്തക്ക വിധത്തിൽ എഴുതീട്ടുള്ളതും പലർക്കും അറിയാവുന്ന സംഗതി ആണല്ലൊ. മേലൂസ് മുതലായ ശീസ്മകളോടു എതിരിട്ടു നമ്മുടെ സഭയെ പാലിക്കുന്നതിനും സ്വദേശ മെത്രന്മാരേ ലഭിച്ചു അതിനെ പ്രാബല്യപ്പെടുത്തുന്നതിനും ഭഗീരഥപ്രയത്നങ്ങൾ ചെയ്തു തന്റെ ആയുഷ്കാലം മുഴുവനും തന്റെ സ

ഭക്കും സമുദായത്തിനും വേണ്ടി പ്രതിഷ്ഠിച്ചിട്ടുള്ള കത്തോലിക്കാ സഭയുടെ വിശ്വസ്തഭൃത്യനും ആത്മീക പടയാളിയുമായ പരേതനായ മാണിക്കത്തനാരവർകൾക്ക തന്റെ അവസാന കാലത്തെ ശ്രമങ്ങളുടെ ഫലമായി നമ്മുടെ പൂർവികന്മാരിലും സഭയിലും അകാരണമായി ആരോപിച്ചിരുന്ന നെസ്തോറിയൻ ഇടത്തുട്ട് വേദം കെട്ടുകഥമാത്രമാണന്നു സ്ഥാപിക്കുന്നതിനു സാധിച്ചു കൊണ്ടു മരിപ്പാനുള്ള ഭാഗ്യം ലഭിച്ചു എങ്കിലും തന്റെ അനിതരസാധാരണമായ പാണ്ഡിത്യത്തിന്റേയും ദീർഘപരിചയത്തിന്റേയും അക്ഷീണ പരിശ്രമത്തിന്റേയും ഫലമായി താൻ ശേഖരിച്ചു വച്ചിരുന്ന നോട്ടുകളെ ചേർത്തു നമ്മുടെ സഭയുടെ ഒരു ശരിയായ ചരിത്രം കൂടി അദ്ദേഹം തന്നെ പ്രസിദ്ധംചെയ്തു കാണുന്നതിനു നമുക്കു ഭാഗ്യം ലഭിക്കാതെ പോയതിൽ വ്യസനിക്കയല്ലാതെ നമുക്ക് എന്തു ചെയ്യാം. ഒരു വന്ദ്യപുരോഹിതന്റേയും അദ്ദേഹത്തെ ഒരു വിഷയത്തിൽ പലവിധത്തിൽ സഹായിച്ചിട്ടുള്ള മറ്റു മാന്യന്മാരുടേയും പരിശ്രമങ്ങളും നിഷ്ഫലമായി പോകാതെയിരിക്കുന്നതിനും ഇംഗ്ലീഷു പരിജ്ഞാനമില്ലാത്തവരുടെ അറിവിലേക്കും വേണ്ടി ഞാൻ ടിരിക്കാട്ടുകളും നോട്ടുകളും ചേർത്തു ഒരു പുസ്തകം പ്രസിദ്ധം ചെയ്യുന്നതിനു ഒരുമ്പെട്ടിട്ടുള്ളതാകുന്നു എന്നാൽ അദ്ദേഹത്തിന്റെയും മറ്റും ശ്രമഫലമായി പ്രസിദ്ധം ചെയ്യപ്പെട്ടുന്ന ഒരു പുസ്തകത്തിലെ ഘടനാരീതി, ഭാഷ, ചില അഭിപ്രായങ്ങൾ മുതലായവ എന്റെ സ്വന്തമാകയാൽ അവകളിലുള്ള വീഴ്ചകൾക്കൊക്കേയും ഞാൻ തന്നെ ഉത്തരവാദി എന്നുള്ളതും മാന്യവായനക്കാർ ധരിച്ചിരിക്കേണ്ടതാണ്.

ക്രസ്താബ്ദം നൂറാണ്ടിലും അതിനു ശേഷവും മലയാളത്തിൽവന്ന. മിഷ്യൻ കേരളകർമ്മനടത്തീട്ടുള്ള ചിലമിഷ്യനറിമാർ മലങ്കരസഭാഭരണംസംബന്ധിച്ചു ചെയ്തിട്ടുള്ള തെറ്റായപലപ്രവൃത്തികളെപ്പറ്റി പ്രതിവദിക്കേണ്ട ഏറ്റവുംവ്യസനകരമായതും ഒഴിച്ചുകൂടാത്തതുമായ ചുമതല ഒരുപുസ്തകത്തിലെ പലഘട്ടങ്ങളിലും നിർവഹിക്കേണ്ടിവന്നതിൽ എനിക്കു അതിയായമനഃക്ലേശമുണ്ടെങ്കിലും ആയതുനിമിത്തം മറക്കപ്പെട്ടു വച്ചിരിക്കുന്ന ഒരുപരമസത്യത്തെ വെളിപ്പെടുത്തുന്നതിനും തന്മൂലം ഇടത്തുട്ട കാരുടെയും ശിഷ്യന്മക്കാരുടെയും മനസ്സുതിരിവിനും തിരുസഭയുടെ ക്രൂടതലായപുകഴ്ചക്കും വർദ്ധനവിനും ദൈവസ്തുതിക്കും കാരണമായി തീരുമെല്ലൊഎന്നുള്ള വിചാരം ഒരുപുസ്തകം പ്രസിദ്ധീകരണത്തിനായി എന്നെവളരെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

ഗോവെയാഎഴുതിട്ടുള്ള ഉടിയമ്പെരൂർ സൂനഹദോസ് നട
പടികളെപ്പറ്റി ആച്ചുഡിക്കൻറൊബിൻസൺ എന്നപ്രൊട്ടസ്റ്റൻ
സ് ഗ്രന്ഥകാരൻ താഴെവരുന്നപ്രകാരംഎഴുതിയിരിക്കുന്ന "ഗോവയാ
യുടെ ഒരുപുസ്തകത്തിൻറെ പ്രസിദ്ധീകരണംകൊണ്ടു പാശ്ചാത്യരാ
ജ്യങ്ങളിലുള്ളപ്രൊട്ടസ്റ്റൻ സഭകൾക്കുണ്ടായിട്ടുള്ള ഗുണംചെറ്റും ചില്ലറ
യല്ലാ. എന്തുകൊണ്ടെന്നാൽ നമ്മുടെശത്രുക്കളായ ഗോവെയാ
മുതലായി റൊമൻകത്തോലിക്ക പാദിരിമാർതന്നെഎഴുതിരിക്കുന്ന
ഇപ്പോലെ യൂറോപ്പിലുള്ളസഭകളുമായി കൂട്ടുകെട്ടുകൾഇല്ലാതെത
ന്നെ. ദൈവംതൻറെഅനുഗ്രഹത്താൽ അജ്ഞാതനാടായ ഇൻ
ഡ്യാദേശത്തിൽ അപ്പൊസ്തോല കാലംമുതൽക്ക കാത്തുരക്ഷിച്ചുപോ
ന്ന മലങ്കരസഭയിൽ പോർട്ടുഗീസുകാർവരുന്നകാലത്ത റൊമ്മാസഭ
യിൽഇടക്കാലത്തു വലിഞ്ഞുകയറിട്ടുള്ള വഷളത്വങ്ങളായവിശ്വാ
സ്വാനം, കുമ്പസാരം, ഒപ്രുത്തുമാ, മുതലായക്രമങ്ങൾ ഇല്ലായിരു
ന്നു എന്നും. മാപ്പിപ്പായുടെ മേല്ക്കോയ്മയെ മലങ്കരസഭ നിഷേ
ധിച്ചിരുന്നു എന്നുംവെളിവായിപ്രസ്താവിച്ചിരുന്നു. ഒരു ക്രമങ്ങൾ
പൂർവ്വസഭകളിൽഉണ്ടായിരുന്നു എന്നും പറഞ്ഞുകൊണ്ടുപ്രൊട്ടസ്റ്റൻ
സഭകളെ കുറ്റംപറയുന്ന റൊമ്മാപാദിരിമാർ തന്നെപൂർവ്വസഭക്ക
ഒരുത്തരമുച്ചാന്തമായമലങ്കരസഭയിൽ ഒരുവകമൂഢവിശ്വാസങ്ങൾ
ഒന്നുംഉണ്ടായിരുന്നില്ലെന്നും ആസഭയുടെവിശ്വാസം പ്രൊട്ടസ്റ്റൻസ
ഭകളുടെ വിശ്വാസത്തോടുമിക്കവാറും യൊജിച്ചിരുന്നുഎന്നും
സമ്മതിച്ചു എഴുതപ്പെട്ടിട്ടുള്ള ഗോവെയായുടെ ചരിത്ര പുസ്തകം
കൊണ്ടുതന്നെപ്രൊട്ടസ്റ്റാൻസഭകളുടെശ്രേഷ്ഠിയും റൊമ്മാസഭയുടെവ
ഷളത്വവും വേണ്ടുവോളംതെളിഞ്ഞിരിക്കുന്നു"

വാസ്തവവിരുദ്ധങ്ങളായ ഒരുവകചരിത്രപാരായണം നിമി
ത്തം എത്രയൊആളുകൾ അന്ധന്മാരായി സത്യസഭക്കുവെളിയിൽ
നിലനിന്നുപോരുന്നു. മലങ്കരസത്യസഭയിൽനിന്നും പിരിഞ്ഞു
പോയിരിക്കുന്ന പുത്തൻക്രൂറു സുറിയാനിക്കാരായ നമ്മുടെസഹോ
ദരന്മാർ ടിപുസ്തകങ്ങളെആടിസ്ഥാനപ്പെടുത്തികൊണ്ടു വാദിക്കുന്ന
തും, റൊമ്മാസഭപറങ്കികൾ ഉടിയമ്പെരൂർസൂനഹദോസിനു
ശേഷം ബലത്താൽ സ്ഥാപിച്ചിട്ടുള്ളതാണെന്നും അതിനുമുൻപിൽ
ആസഭഇവിടെ അറിയപ്പെട്ടിരുന്നില്ലെന്നും അതിനാൽതങ്ങൾ അ
തിനുമുമ്പു് മലങ്കരയുണ്ടായിരുന്ന പൂർവികസഭയിൽനിന്നു പൊരി
കയാണെന്നും ആകുന്നുവെല്ലൊ കത്തോലിക്കാസഭയിലേക്കുള്ള പ്ര
വേശനത്തിനു മുള്ളുവേലികൾഎന്നപോലെ തടസ്സമായിനിൽക്കുന്ന
ചിലരിതുങ്ങളിലെ അവാസ്തവത്തെനീക്കികത്തോലിക്കാതിരുസഭ

യുടെ മടിയിലേക്കുള്ള വഴിയെ ഇറന്നിടണമെന്നുള്ളുപരിശുദ്ധ ഉദ്ദേശംമാത്രമാണു പരേതനായ മാണിക്കത്തനാരവർകളെയും മറവും ഇതിലേക്കു പ്രേരിപ്പിച്ചിട്ടുള്ളത്. അവരുടെ സ്തുത്യർഹമായശ്രമങ്ങളുടെഫലമായ ഈപുസ്തകത്തെപ്രസിദ്ധംചെയ്യുന്നതിനു എന്നെപ്രേരിപ്പിച്ചതും ആ പരമോദ്ദേശംഒന്നുമാത്രമാണു. ഈ പുസ്തകനിമിത്തം നേർവഴിതെറ്റി അന്ധതയിൽ ചാടുന്ന ഇടത്തുട്ടുകാരായ സഹോദരന്മാരിൽ ആരെങ്കിലും മനസ്സുതിരിഞ്ഞു സത്യസഭയിൽ ചേരുന്നതിനോ റൊബിൻസൺ മുതലായപ്രോട്ടസ്റ്റൻസ് ഗ്രന്ഥകരേന്മാരുടെ ചരിത്രപരായണംനിമിത്തം സത്യവിശ്വാസികൾക്കാകെങ്കിലും, തങ്ങളുടെസഭയെപ്പറ്റിയുള്ള വിശ്വാസത്തിനു വല്ലഇളക്കവും തട്ടീട്ടുള്ളതുനീങ്ങുന്നതിനോ ഇടവരുന്നപക്ഷം ഞാൻകൃതാർത്ഥനായി.

ഈപുസ്തകത്തിന്റെ അടിസ്ഥാനമായ നോട്ടുകളെതന്നുംമറ്റുംപലപ്രകാരത്തിലും ഈപുസ്തകത്തെ പ്രസിദ്ധപ്പെടുത്തുന്നതിനു എന്നെസഹായിച്ചിട്ടുള്ള മാന്യന്മാർക്കെല്ലാവർക്കും കൃതജ്ഞതാപൂർവ്വം വന്ദനംപറഞ്ഞുകൊള്ളുന്നു.

ഈപുസ്തകപരായണം നിമിത്തംഇടത്തുട്ടുകാരുടെ മനസ്സുതിരിവും വിശ്വാസികളുടെസ്ഥിരതയും തിരുസഭയുടെ ഭദ്രതയും തൽമൂലം ദൈവത്തിനുമഹത്വവും സ്തുതിയുംമേൽക്കുമേൽ ഉണ്ടാകുമാറാകട്ടെ എന്നഹൃദയപൂർവ്വംസർവ്വശക്തനെപ്രാർത്ഥിച്ചും ആശംസിച്ചുംകൊണ്ടു ഫ്രാൻസിയൊസമാപ്പിപ്പായുടെ ഇരുപ്പട്ടസപ്തണ്ണൂഞ്ചിലിസ്ഥാരകമായി ഈപുസ്തകത്തെഞാൻമാന്യ വായനക്കാരുടെമുമ്പാകെ സവിനയംസമർപ്പിച്ചുകൊള്ളുന്നു.

കുറവിലങ്ങാട്
ഫെർവ്വരി ആഗസ്റ്റ് ൧൫

പ്രസിദ്ധകർത്താവ്.

മുഖവുര.

വായനക്കാക്കായി സവിനയം സമർപ്പിച്ചുകൊള്ളുന്ന ഈ പുസ്തക പാരായണത്തിൽ നിന്നും ആഗ്രഹിക്കപ്പെടുന്ന ജ്ഞാനാഭിവൃദ്ധികൾ ഏതെല്ലാമെന്ന് പ്രസ്താവിക്കേണ്ടതു ആവശ്യമാണെല്ലൊ. ഫാമതു മെനസീസ് മെത്രാപ്പൊലീത്തായും മറ്റും പറഞ്ഞിരിക്കുന്നപ്രകാരം ക്രിസ്തുവേദാരംഭകാലം മുതൽ ഇതര ക്രിസ്ത്യീയ സമുദായങ്ങളുടെ സമ്പർക്കം ക്രൂടാതേയും, വിവിധവേദ വൈരികളോടു പോരാടേണ്ടിയിരുന്നിട്ടും തോമാനസ്രാണികൾ വിശുദ്ധ വേദത്തെ യഥോചിതം പരിപാലിച്ചു വന്നതിനാൽ അവരുടെ മേലുള്ള ദൈവാനുഗ്രഹം സംപൂർണ്ണമാണെന്നാകുന്നു. മൈലാപ്പൂരിൽ വെച്ച് വേദജനകനായ വി. തോമാ തന്റെ ശിഷ്യഗണത്തോടു കടൽ ആക്രമിച്ച് കടൽ തീരം ഇന്ന സ്ഥലത്തെ പ്രവേശിക്കുമ്പോൾ തനിക്കു യോഗ്യനായ ഒരു അനുഗാമി തന്റെ പ്രേഷിക വേലയെ പിന്തുടർന്നു സുവിശേഷത്തെ അതിവിസ്തീർണ്ണമായി വ്യാപിപ്പിക്കുന്നതിനു വരുമെന്നു വാഗ്ദത്തം ചെയ്തപോലെ ശ്രീ. ശവരിയാർ, മൈലാപ്പൂർ മലയാളം ആദിയായ ദേശങ്ങളിൽ വന്ന് തന്റെ പുരോഗാമിയായ വി. തോമാ വിതച്ചിരുന്ന സുവിശേഷ വിത്തായ ക്രിസ്തുവേദം മലങ്കരെ തോമാ നസ്രാണികളുടെ ഇടയിൽ പ്രശോഭിച്ചിരുന്നതിനെ കണ്ടു സന്തോഷിപ്പാനിടയായി ഫ്രാൻസീസ് സേവ്യർ മാപ്പാപ്പാ കല്പിച്ചിരിക്കുന്ന പ്രകാരം, മേൽപ്രകാരം ക്രിസ്തുവിന്റെ സുവിശേഷ മാർഗ്ഗം അനേകം ശതവർഷങ്ങൾക്കു കെടാതെ കാക്കപ്പെട്ടതു വിസ്മയജനകവും, പൂർവ്വകാലം മുതൽ തോമാ നസ്രാണികളിൽ പ്രകാശിച്ചുകൊണ്ടിരുന്ന ക്രിസ്തുവേദോചാര നടപടിയിലുള്ള ധീരതയും നിർമ്മലതയും അനുകരണ യോഗ്യവും ആയിരിക്കുന്നു.

രണ്ടാമതു— തന്റെ ദിവ്യഗുരുവിന്റെ തിരുഹൃദയമാകുന്ന അഗ്നികുണ്ഡത്തിൽ നിന്നും പ്രാപിച്ച വിശ്വാസ പ്രകാശത്തെ, സകല ജാതികളിലും വീശുന്നതിന്നായി, വി- തോമാ, മറ്റു സുവിശിഷ്യ ഗണങ്ങളെ വിട്ട ലോകത്തിന്റെ അന്തം പോലെ വിചാരിക്കപ്പെട്ടിരുന്ന ഈ ഹിന്ദു ദേശത്തിൽ അന്ധകാരത്തിന്റെ അഗ്രസ്ഥാനം പ്രാപിച്ചിരുന്ന ജനങ്ങളിൽ സുവിശേഷ വിത്തിനെ വിതയ്ക്കുന്നതിനും, അതു വഴിയിലും പാറമേലും, മുൾക്കെട്ടിലും, വിതയ്ക്കപ്പെട്ടിട്ടും നശിക്കപ്പെടാതിരിക്കുന്നതിനും, ഇസ്രായേൽ ജനപാലകനായ മുശഹീർഘദർശി ഇസ്രായേൽ പരിഷയെ അഗ്നിസ

ട്ടും ഹിംസിച്ചിരുന്നതിൽ നിന്നും അവരുടെ രക്ഷണാർത്ഥം വനമദ്ധ്യേ ഓട്ട സപ്പ്തെ സ്ഥാപിച്ചതുപോലെ വിശുദ്ധ പാലകനായ തോമാ തന്റെ ഗുരുവായ മിശിഹായെ, വതചെയ്ത തിരുസ്ളീവായെ മലയാളത്തു് ഏഴദേശങ്ങളിൽ, മിശിഹായുടെ തിരുഹൃദയ ഓലിയിൽ നിന്നുമുവായ ഏഴക്രൂദാശകൾക്കു തുല്യം ഏഴസ്ഥാനങ്ങളിൽ സ്ഥാപിച്ചു്, അഗ്നിസപ്പ്തത്തിൽ നിന്നും ഇസ്രായേൽ ജനം രക്ഷിക്കപ്പെട്ടതുപോലെ, ഈ ശതാബ്ദങ്ങൾക്കുള്ളിൽ തോമാനസ്രാണികളും, സകല ഭേദ വൈരികളിൽ നിന്നും വിശ്വാസത്തിൽ കാത്തു പരിപാലിക്കപ്പെട്ടു വന്നു. വിശുദ്ധ തോമാനാട്ടിയസ്ളീവാസ്ഥാനങ്ങളും, കൊടുങ്ങല്ലൂർ, കൊട്ടക്കാലി (പറവൂർ) കോക്കമംഗലം, നിരണം, ചായൽ, കൊല്ലം, പാലയൂർ, ഇവയും ഇവ മലയാളപ്പള്ളിയുടെ പ്രധാന വിശ്വാസ ശോഭിതങ്ങളായി സ്ഥാപിക്കപ്പെട്ടവയും ആകുന്നു. അവയിൽ ഒന്നാമതായി സ്ഥാപിക്കപ്പെട്ട, കൊടുങ്ങല്ലൂരിലെ സ്ളീവാ ഈ ശതവർഷങ്ങൾക്കു യാതൊരു അന്തരവും ക്രൂടാതെ അന്ധകാരഗണമായ സകല ദുർമ്മാർഗ്ഗങ്ങൾക്കും ജ്ഞാനജ്യോതിസ്സിനെ നിരന്തരം പ്രത്യക്ഷമായി പ്രകാശിപ്പിച്ചിരുന്നു. ഇരുട്ടിൽ പ്രശോഭിതമായ തീത്തൂണും, പകൽ മേഘത്തൂണും ഇസ്രായേൽ ജനത്തെ സംരക്ഷിച്ചു വന്നതു പോലെ അതിനെ പിന്തുടർന്നു്, ന്യ സ്ളീവാകളും ഏകോപിച്ചു് തോമാനസ്രാണികളെ അജ്ഞാന അന്ധകാര വഴികളിൽ സംരക്ഷിച്ചു പരിപാലിച്ചു വന്നിരുന്നു. മേൽപ്രകാരമുള്ള വിശുദ്ധ തോമായുടെ അത്ഭുത പരിപാലനമാണു. വിസ്മയ ജനകമായിട്ടുള്ളതു്. തന്നിമിത്തമാണു് ഈ നാം ശതവർഷത്തോളം അതായ്തു് ക്രി൯ വരെ യി- തോമാ തന്റെ വിയപ്പാലെ ഈ മുന്തിരി തോട്ടത്തെ കുതിച്ചു നനച്ചുവന്നിരുന്നു എന്നു മെനസീസ് മെത്രാപ്പൊലീത്താ പറഞ്ഞിട്ടുള്ളതു്.

മൂന്നാമതായി വിചാരിക്കേണ്ട സംഗതി സ്ളീവാരാധന എന്ന ഉത്തമ ഭക്തികരണം ക്രിസ്തുവേദാരംഭം മുതൽ തന്നെ, മലയാളപ്പള്ളിയിൽ പരസ്യമായിതന്നെ നടന്നു വന്നിരുന്നു എന്നുള്ളതാണു്. തിരുസ്സഭയിൽ ആചരിക്കപ്പെട്ടു വരുന്ന സത്രൂപ വണക്കത്തെ നിഗ്രഹിക്കുന്ന സകല പതിതരുടേയും നൂതനമായ ദുർബ്ബോധനയേ അശേഷവും നിഷേധിച്ചു് ഉൻമൂലനം ചെയ്യുന്നതിനു ടി- വി- പ്രേഷിതനാൽ പൂർവ്വം മുതൽ ഇവിടെ സ്ഥാപിതമായ ഈ സദാചാര ബലവത്തായ ഒരു ന്യായമാണെന്നുള്ളതും വിസ്മരിക്കത്തക്കതല്ല.

നാലാമതായി പ്രസ്താവിച്ചു കൊള്ളുന്നതു. ലോകത്തിലുള്ള നാനാ ജാതി മതസ്ഥന്മാരുടെ വിസ്മയത്തിനും കൃതജ്ഞതയ്ക്കും പാ

ശ്രീ ദേവിക്കുത്തക്കവണ്ണം വിളങ്ങി പ്രശോഭിച്ചു, കീർത്തിപ്പെട്ട മഹാനായ ഫ്രാൻസിസ് ചെയേൻ മാപ്പിട്ടപ്പാ, മലയാളത്തിലെ കൽദായപ്പള്ളിക്കു നേരിട്ടിരുന്ന അനല്പങ്ങളായ അനർത്ഥങ്ങളെ ദൂരീകരിക്കുന്നതിനു ചെയ്ത ബുദ്ധിപൂർവ്വകവും കാരുണ്യപൂരിതവും ആയ ശ്രമങ്ങളുടെ ഫലമായി മലയാളപ്പള്ളിയുടെ സ്വജാതിയിലും സ്വന്തക്രമത്തിലും, ഉള്ള ദൈവീക മേലദ്ധ്യക്ഷന്മാരെ ഏല്പിച്ചു തരുകയും, ഈ പള്ളിയുടെ അഭിവൃദ്ധിയ്ക്കുവേണ്ടി, ഫലവത്തായ നടപ്പാക്കുകളെ ചെയ്യുകയും നിമിത്തം, ഇക്കാലത്തു അതിനെ ബാധിച്ചിരുന്ന അനർത്ഥങ്ങളിൽ നിന്നും ഒഴിഞ്ഞു, അന്യാമാന്യ ഭാഗ്യാഭിവൃദ്ധികളെ പ്രാപിച്ചിരിക്കുന്നു. മലയാളപ്പള്ളിയിന്മേൽ ചെയോൻ മാപ്പിട്ടപ്പാ പ്രദർശിപ്പിച്ച കരുണാധിക്യം, താൻ പാപ്പായാകുന്നതിനു മുമ്പുതന്നെ തനിക്കുണ്ടായിരുന്ന അഭിപ്രായങ്ങളുടെ ഫലമാണ്. എന്തെന്നാൽ, അദ്ദേഹം കർദ്ദിനാൾ ആയിരുന്നപ്പോൾ ഫ്രൻസിസ് മാർപാപ്പാ നടന്നവഴിക്കാൻ സുനവിദോസിൽ വെച്ച്, മലയാളപ്പള്ളിയ്ക്കു കൽദായക്രമ മെത്രാനെ കൊടുക്കേണമെന്നുള്ള അഭിപ്രായം വരുപ്പിച്ചു ചെയോനാദ്യം മെത്രാപ്പോലീത്തായോടു സൂചിപ്പിച്ചതിൽ, അദ്ദേഹം അതിനെ വിസമ്മതിച്ചു എങ്കിലും, ആ സുനവിദോസിൽ കൽദായമെത്രാനെ കൊടുക്കേണ്ടതാകുന്നു എന്നുള്ള വിഷയ സംബന്ധമായി ആലോചനകൾ നടന്ന വിവരം മെത്രാപ്പോലീത്തായും, മലയാളത്തിലെ സിറിയൻ കമ്മലീത്താ സഭക്കാരുടെ ഒന്നാമത്തെ പ്രീയോർ ജനറാളും, മലങ്കരപ്പള്ളിയുടെ പ്രകാശദീപവുമായിരുന്ന കുറിയാക്കോസ് ഏലീശാ എന്നദ്ദേഹത്തെ അറിയിക്കയും, തത്സംബന്ധമായുള്ള തന്റെ അഭിപ്രായം പ്രീയോർ ജനറാൾ അദ്ദേഹത്തിനെ അറിയിക്കയും ചെയ്തു. അനന്തരം പാപ്പാസ്ഥാനത്തിലേക്കു ഉയർത്തപ്പെട്ടപ്പോൾ തന്റെ ബുദ്ധി പൂർവ്വകവും കരുണാർദ്രപൂർണ്ണവും ആയ അഭിപ്രായങ്ങളെ നടപ്പിൽ വരുത്തിയതിന്റെ ഫലമായിട്ടാണ് ഇപ്പോൾ, തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി, എന്ന വികാരിയാത്തുകൾ, മൈനാച്ചേരിമാർ, യോഹന്നാൻ, പഴേപറമ്പിൽ മാർക്കൂവീസ്, മാക്കീൽമാർ ഔഗേൻ എന്നാ സ്വജാതിയരും, സ്വന്തക്രമക്കാരും ആയ വികാരി അപ്പോസ്തോലിക്കാ മെത്രാന്മാരാൽ ഭരിക്കപ്പെട്ടു വരുന്നത്. ഇവയെ ക്രമേണ സ്വജാതിയിലും സ്വന്ത രീതിയിലും ഒരു (ഹിയരർക്കിയ) ദൈവിക സംഘമായി ഏല്പിച്ചുതീർത്തു തൻ തുടങ്ങിയ വേലയെ പൂർത്തിയാക്കണമെന്നായിരുന്നു ലെയോൻ മാപ്പിട്ടപ്പായുടെ ഉദ്ദേശം. അതിനാൽ മലയാളപ്പള്ളി ഫ്രാൻസിസ് ലെയോൻ മാപ്പിട്ടപ്പായുടെ നേരെ എത്ര തന്നെ

കൃതജ്ഞതയുള്ള വരായിരുന്നാലും മതിയായി എന്നു വരുന്നതല്ലാ.

മലയാള സുറിയാനിക്കാർക്കു പിൻകാലത്തുണ്ടാകുവാനിരുന്ന സ്വജാതി മെത്രാന്മാരെ സംബന്ധിച്ചു വരാപ്പുഴ പരേതനായ അതിപ്രബലലേഖനമാർഗ്ഗമെല്ലാമൊ മെത്രാപ്പോലീത്താ അവർകൾ പറഞ്ഞിരിക്കുന്നു. ഒരു പ്രയാചകത്വത്തെ കൂടെ ഈ അവസരത്തിൽ അല്പം ഒന്നു ഓർപ്പിക്കുന്നു. സുറിയാനി കർമ്മലീത്താ സന്ന്യാസ ഭവനങ്ങൾ സ്വജാതി മെത്രാനെ കൊടുക്കേണ്ടതു സംശയിക്കുന്നു. ശ്ലൂഹാസിംഹാസനത്തിങ്കൽ അപേക്ഷിച്ചതു നിമിത്തം അവരിൽ ഏഴുപേർ ടി സന്ന്യാസ സഭയിൽ നിന്നും ടി മെത്രാപ്പോലീത്തായാൽ തള്ളപ്പെട്ടു. പിന്നീടു അവരിൽ ഒരുവനായ മൂഴിക്കളത്തു പൗവത്തു ഗ്ലോരിൽ ഇരിമ്പൻ ഖ. വറുഗീസ് അച്ചൻ വീണ്ടും തന്നെ സന്ന്യാസ സഭയിൽ കൈക്കൊള്ളണമെന്ന സഭ്യമായി ടി മെത്രാപ്പോലീത്താ അവർകളോടു അപേക്ഷിച്ചാറെ ശ്ലൂഹാസിംഹാസനം സുറിയാനി മെത്രാന്മാരെ കൊടുക്കുന്ന സമയം നിങ്ങളെക്കൊണ്ടു ആവശ്യപ്പെടുന്നതാകയാൽ നിങ്ങളെല്ലാവരും പുറത്തു നിൽക്കുകതന്നെ ഏറ്റവും ഉത്തമമെന്നും ഇതിനായിട്ടാണു നിങ്ങളെ നാം പുറത്തേക്കു വിട്ടതെന്നും മറുപടി മെത്രാപ്പോലീത്ത കല്പിക്കയുണ്ടായി. ഇതു തള്ളപ്പെട്ട ഏഴുപേരെ ഏഴവ്യാകുലമെന്ന അ- ഉ- അല്ലി ആട്ടി ഒലിഗൊറ വിളിച്ചിരുന്നു. ലേഖനമാർഗ്ഗമെല്ലാമൊ മെത്രാപ്പോലീത്താ എന്നുതന്നെ ഉദ്ദേശിച്ചു പറഞ്ഞിരുന്നാലും, മിശിഹായെക്കുറിച്ചു കയ്യാപ്പാ എന്ന മേൽപ്പട്ടക്കാരൻ പറഞ്ഞ ദീർഘദർശനം പോലെ ഇതും നിറവേറിയിരിക്കുന്നു. എന്തു കൊണ്ടെന്നാൽ തള്ളപ്പെട്ടവരിൽ പ്രധാനി പഴെപറമ്പിൽ ലൂയിസച്ചൻ എറണാകുളം മെത്രാനായി ക്വൗർന്നു-ൽ വാഴിക്കപ്പെട്ടുകയും, ആ ഇടതന്നെ മരുതുമ്മേൽ അച്ചനെ മെല്ലാരോ മെത്രാപ്പോലീത്ത അവർകളെ സന്ദർശിക്കുകയും, ക്വൗർന്നിൽ അദ്ദേഹം മരിക്കയിൽ വരാപ്പുഴെ അദ്ദേഹത്തിന്റെ ശവസംസ്കാര കർമ്മത്തിൽ കൂടുകയും ചെയ്തു. ശേഷം അളുകളിൽ പലരും സുറിയാനി മെത്രാന്മാരുടെ ആലോചനക്കായിട്ടും നിയമിക്കപ്പെട്ടു.

എന്നാൽ സുറിയാനിക്കാർക്കു മെത്രാനാകുവാനിരിക്കുന്നവനെ പ്രസവിപ്പാനുള്ള സ്ത്രീയാകട്ടെ, അവളുടെ തള്ളയാകട്ടെ ഇതേവരെ ലോകത്തിൽ പിറന്നിട്ടില്ലായെന്നു കൂടി മിശ്യനറിമാരിൽ ചിലർ പറഞ്ഞിട്ടുള്ളതും സംവേദിച്ചെന്നു തന്നെയല്ല സുറിയാനി മെത്രാന്മാരിൽ രണ്ടുപേർ മെത്രാനാട്ടത്തു അംശത്തോടെ തങ്ങളുടെ മാതൃക്കളുടെ ശവസംസ്കാര കർമ്മം അനുഷ്ഠിക്കയും ചെയ്തു.

വിശേഷിച്ചും, അതിമാനുഷനായിരുന്ന ഫ്രാം ലേയോൻ പാപ്പായുടെ ഭരണ കാലത്തു മലയാളപ്പള്ളിക്കാക്ക് സ്വജാതി മെത്രാന്മാരെ ലഭിക്കയില്ലെങ്കിൽ പിന്നെ അവസാന ദിവസംവരെ അവർ ദീക്ഷിച്ചിരുന്നാലും അവക്ക് ആയതു ലഭിക്കയില്ലായെന്നു, ഫ്രൻഫ്രൽ ബാബേൽ പാതിയക്കിസായ മാർ പത്രോസ് ഏലിയാ അബ്ബോലിയോൻ എന്ന ദേഹം പറഞ്ഞിട്ടുള്ളതിനേയും ഇവിടെ ഓർപ്പിച്ചു കൊള്ളുന്നു.

കടശി നിത്യജ്ഞാപകത്തിനു യോഗ്യനായ കാലം ചെയ്ത ഫ്രാം ലേയോൻ മാപ്പാപ്പാ തിരുമനസ്സു കൊണ്ടും ഇപ്പോൾ ഭൂമിയായി വാഴുന്ന ഫ്രാം പീയൂസ് മാപ്പാപ്പാ തിരുമനസ്സു കൊണ്ടും കല്പിച്ചിരിക്കുന്നതു പോലെ "സത്യത്തിൽ നിന്നു യാതൊന്നും ഭയപ്പെട്ടവാനില്ല" എന്നുള്ള തത്വത്തെ ഓർത്തു (Vide Bombay Catholic Examiner, December 12— 1903. page. 1013) ധൈര്യപ്പെട്ടുകൊണ്ടു ഇതിനെ സജ്ജന സമക്ഷം സമർപ്പിച്ചു കൊള്ളുന്നു.

മാത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം.

൧-൦-പുസ്തകം.

സംഗതിവിവരം.

പ്രകരണം.		പുറം.
൧	൧-൦ ഭാഗം—പ്രാരംഭം	൧—൬
൨	നെസ്തോറിയൻ എന്ന പേർ ഭാഷയുടെ പേരായി ഉപയോഗിച്ചിരുന്നു.	൬—൮
൩	ചരിത്രസാക്ഷികൊണ്ടു തോമ്മാ നസ്രാണികൾ നെസ്തോറിയൻകാർ അല്ലായിരുന്നു എന്നു.	൯—൨൦
൪	പള്ളിനടപടികൾകൊണ്ടും. ടി ടി	൨൦—൩൩
൫	വിശ്വാസസംഗതികൾകൊണ്ടും. ടി ടി	൩൩—൪൩
൬	പുസ്തക ഉപയോഗം ടി ടി	൪൩—൪൮
൭	മാർ അബ്ബാ.ൽ അങ്കമാലിൽ കൂടിയ സൂനഹദോസ് കൊണ്ടും.	൪൦—൪൪
൮	ഗീവറുഗീസ് അക്കിദിയാക്കോൻ വയിപ്പുപള്ളിയിൽ കൂട്ടിയ സംഘവും വിശ്വാസപ്രമാണവും കൊണ്ടും.	൪൩—൫൩
൯	തൊമ്മാ നസ്രാണികളുടെ കൽദായ സുറിയാനിക്രമം മാറ്റിയതു കൊണ്ടും (൨൮-ാം പുറം മാർഒൗഹന്നാംപാട്ട)	൫൩—൫൯
൧൦	ഗോവയുടെ മെനേസിസ്സ് മെത്രാപ്പോലീത്താ അങ്കമാലി ശ്രുപതയിന്മേൽ ക്രമമായി പ്രവർത്തിച്ചിട്ടില്ലാത്തതുകൊണ്ടും	൫൯—൬൫
൧൧	ഉദിയമ്പേരൂർ സൂനഹദോസിനു ശേഷം നടന്ന സംഭവങ്ങൾ കൊണ്ടും ടി ടി	൬൦—൬൯
	മാർസിമയോന്റെ എഴുത്തു്, ഇന്നശോസഭ ജോൺ റിബേയിരാ സ്വാമിയുടെ സാക്ഷിയും (൬൦൧൬)	൬൩൬—൬൩൮
	മലങ്കരെ മത്തായി അക്കിദിയാക്കോന്റെ എഴുത്തു	൬൪൭—൬൪൮
	ടി അക്കിദിയാക്കോൻ ൧൬-ാം ക്ലമെൻസ് മാർപ്പാപ്പായ്ക്കു ൧൬൦൫ൽ അയച്ച ഹജ്ജിൽ—൬൭൦	

ലന്തക്കമ്പനിയാർ മത്തായി അക്കിടി
യാക്കോന്നു അയച്ച എഴുത്തു ൧൩൯—൧൪൨
ലന്തക്കമ്പിനിയാർ കൊട്ടശ്ശേരി കത്താ
വിന്നു അയച്ച എഴുത്തു ൧൪൨—൧൪൫
കമ്മലീത്താ സഭ വരാപ്പുഴ മൂപ്പൻ പാ
ട്രിയുടെസാധനം ൧൪൫—൧൪൮
കരിയാറ്റി മല്പാനച്ചൻ ൧൬൨ ൽ
ന്നു പീയൂസ് മാപ്പ്പ്പായുടെ സന്നി
ധിയിൽ ഹാജരാക്കിയ അപേക്ഷ ൧൪൮—൧൫൦
൧൦ മാർദിവന്നാസിയോസ് റോമാപ്പു
യച്ച എഴുത്തു് ൧൫൦—൧൫൨
൧൬൬ ൽ അങ്കമാലിൽ വച്ചുണ്ടായ
പടിയോല ൧൫൩—൧൫൮
൧൬൬ ൽ വരാപ്പുഴ പാതിരിമാർ സക്കാ
രിൽ എഴുതി വച്ച കുറ്റിടുകം ൧൫൯—൧൬൫
അങ്കമാലിയിലെ പടിയോല സംബന്ധി
ച്ചു സക്കാരിന്റെ നീട്ടുകം ൧൬൫—൧൬൬
പാറെമാക്കൽ ഗോവണ്ണദോരിന്റെ അ
ലോചനക്കാരും പടവിടുകം വേണ്ടി
സക്കാരിനു അടിയറവു് കൊടുപ്പാൻ പ
ള്ളിക്കാർ ഇട്ട വരി വീതവും ൧൬൬—൧൬൮
കൊച്ചി രാജാവിന്റെ തീട്ടൂരം ൧൬൭
പാറേമ്മാക്കൽ ഗോവണ്ണദോക്കുള്ള
തീട്ടൂരം ൧൬൯
പാലിയത്തച്ചന്റെ തീട്ടൂരം ടി
കരിയാറ്റു മെത്രാപ്പോലീത്തായെ കൂടി
ച്ചു വഞ്ചിപ്പാട്ടു ൧൬൭—൧൬൬
൧൭ ൧൦ ഭാഗം ഉദിയന്നേർ സൂനഹദോ
സുവരെയും തോമ്മാനസ്രാണികുടെ നെ
സ്സോറിയൻ ഇടത്തുട്ടികാർ ആയിരുന്നു
വെന്നു വാദിക്കുന്നേ മെഡ്ലിക്കോട്ടു മെ
ത്രാന്റെ ലേഖന പരിശോധന ൧൯൭—൨൩൫
൧൯ൽ ആലപ്പുഴെ വച്ചു പഴയ ക്രു
റുകാരും പുത്തൻ ക്രുറുകാരും കൂടി
എഴുതിവച്ച പടിയോല ൨൩൬—൨൩൯

ഫന്ദ നാം ഭാഗം കൊച്ചീ രൂപതയുടെ ഒലി
വെയിരാമെത്രാൻ ഫർനാൽ "ചില
വിശദീകരണങ്ങൾ" എന്ന പേരായി
അച്ചടിപ്പിച്ചിട്ടുള്ള വകളുടെ ശ്രുശീ
കരണങ്ങൾ ൨൫൩—൨൭൫

ഫര ഒലിവെയിരാ മെത്രാന്റേയും മെഡ്
ലിക്കോട്ട മെത്രാന്റേയും പരസ്പ
രവാദാനുമാനം ൨൭൫—൨൮൯

ഫഭ ൪ാം അനുബന്ധം. ഫർനാൽ സുബ്
സീദിയും പത്രോനാത്തൂസ് എന്ന പേ
രായി ഒലിവെയിരാ മെത്രാൻ വീണ്ടും
അച്ചടിപ്പിച്ചിട്ടുള്ള പുസ്തക പരി
ശോധന ൨൮൯—൨൯൫

ഫന്വ ൫ാം അനുബന്ധം. മാർതോമ്മാനസ്രാ
ണികളുടെ സത്യവിശ്വാസംസംബന്ധി
ച്ചും, പോർട്ടുഗീസ്കാരുടെ അബദ്ധ വാ
ദങ്ങൾ സംബന്ധിച്ചും, കൊച്ചിയുടെ ഒ
ലിവേയിരാ മെത്രാൻ പ്രസിദ്ധപ്പെട്ട
ത്തീട്ടുള്ള പുസ്തകങ്ങളിലെ ലക്ഷ്യങ്ങൾ
കൊണ്ടതന്നെ കൂട്ടത്തൽ തെളിവുകളും
പരിശോധനയും. ൨൯൬—൩൫൬

വിജ്ഞാപനം.

1 ഈ പുസ്തകത്തിൽ (Appendix) അപ്പന്റെക്സായി അക്കമിട്ട് ഏതാതു സ്ഥലങ്ങളിൽ ചേർത്തിരിക്കുന്ന സാക്ഷികളുടെ മൂലഭാഷാകൂടം പുസ്തകത്തിന്റെ ഒടുവിൽ ശേഖരമായി ചേർത്ത് അടിപ്പിക്കണമെന്നായിരുന്നു എന്റെ ആദ്യത്തെ വിചാരം. എന്നാൽ ഈ പുസ്തകം ഉടനെ ഇംഗ്ലീഷ് തർജ്ജിമ ചെയ്ത് അടിപ്പിക്കേണ്ടതാകുന്നു എന്നും അപ്പോൾ (Text) റ്റെക്സ്റ്റ് കളുടെ മൂലഭാഷ അതിൽ ചേർത്താൽ മതിയെന്നും മാന്യന്മാരായ ചിലർ അഭിപ്രായപ്പെട്ടതുകൊണ്ടു അതിനെ അനുസരിച്ചു അങ്ങനെ ആകട്ടെ എന്നു ഇപ്പോൾ വച്ചിരിക്കുന്നു.

2 ഇതു ഒന്നാം പുസ്തകമായി വിചാരിക്കപ്പെടേണ്ടതാകുന്നു രണ്ടാം പുസ്തകം പുറകെ പ്രസിദ്ധപ്പെടുത്തുന്നതും ആകുന്നു. അതിൽ വരുവാൻ നിക്കാട്ട് ശേഖരത്തിൽ നിന്നും ഫാദർ സാമുവേൽ ജമിൽ എടുത്ത് റോമായിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള അനവധി നിക്കാട്ടുകളും അവയെ സംബന്ധിച്ചിട്ടുള്ള ചില വിവരണങ്ങളും സി. ജെ. ജോൺസ് കത്തനാർ പ്രസിദ്ധപ്പെടുത്തീട്ടുള്ള പല തക്കവാദങ്ങളും തിരുവിതാംകൂർ സ്റ്റേറ്റ് മനുവാലിലെ ക്രിസ്തുമതം സംബന്ധിച്ച ചില ഭാഗത്തിന്റെ ഒരു പരിശോധനയും ചേർക്കപ്പെടുന്നതാകുന്നു.

3 ഈ പുസ്തകവായനയിൽ ചില മാന്യന്മാർ കൂണ്ടിക്കാണിച്ചിട്ടുള്ള ചില കുറിപ്പുകളെയും മറ്റു ചില അച്ചടിപ്പിശകുകളേയും എടുത്തു തിരുത്തി താഴെ ചേർക്കുന്നു.

a ഫാർ-ാം പുറം വ-ാം വരിയിൽ— "ഫരിശെയർ ബാബേൽ കുത്തോലിക്കരാൽ റോമാപുരിയ്ക്കു അയയ്ക്കപ്പെട്ടിരുന്ന യേഹന്നാൻ സൂലാക്കാ" എന്നു വായിക്കണം.

b പർവ-ാം പുറം ർ-ാം വരിയിൽ ർ-ാംയുഗം എന്നച്ചടിച്ചിരിക്കുന്നതു പിശകാണ് ൻ-ാം യുഗം എന്നു വായിക്കേണ്ടതായതാകുന്നു.

c പർന്ന-ാം പുറം പന്ത-ാം വരിയിൽ ർ-ാം യുഗംഎന്നുള്ളതിന്നു താഴെ വരുന്ന വാചകം ചേർത്ത് വായിക്കണം. "൨ാം യുഗത്തിൽ കൽദായക്കാരായ വിശുദ്ധന്മാരുടെ അത്ഭുതങ്ങളും പുണ്യങ്ങളും സ്തുതിച്ചുപറഞ്ഞിട്ടുണ്ട്. ജോവാന്നിബൊസ്സും തിരുസ്സഭാചരിത്രം പന്ത-ാംപുറത്തിൽ ബഗദാദിൽതന്നെ പർ൩-ാംകാലം അനേകം വേദസാക്ഷികളുണ്ടായി, അവരിൽ ചിലർ തീഗ്രീസ്സ് നദിയിൽ

താഴ്ത്തപ്പെട്ടുകയും പ്രത്യേകം ൪൫ പേർ ഏഴുകൊല്ലത്തെ ഞെരുക്കം അനുഭവിച്ച് രക്തസാക്ഷികളായിമരിക്കുകയും ചെയ്തു. ബാബേൽപാത്രിയക്കീസ്സിന്റെ അധികാരത്തിൽപ്പെട്ട സ്ഥലങ്ങളിൽ ൫-ാം യുഗം മുതൽ ൧൭-ാംയുഗംവരെ കത്തോലിക്കാ വിശ്വാസികൾ ഇല്ലായിരുന്നു എന്ന് വാദിക്കുന്ന മെഡ്ലിക്കോട്ട മെത്രാൻമുതലായവർതന്നെ ൧൭-ാംയുഗത്തിൽ അവിടെകത്തോലിക്കാ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നു നിലവിളിച്ചറിയിക്കുന്നു.

(d) ൮൫ാം പുറം ൯൨ാം വരിതൊട്ട് താഴെ കാണിക്കും പ്രകാരം വ്യത്യാസപ്പെടുത്തണം. ബിബ്ലിയോത്തയ്ക്കാസാക്രാ ൧൭ാം പുസ്തകം ൧൯൭ാം പുറത്തിലും മാർസാബോർമാർ പ്രോത്ത എന്ന മെത്രാന്മാർ വിശുദ്ധന്മാരാകുന്നു എന്ന് സാക്ഷിക്കുന്നു. ഇവരിൽ ഉതിയബേത്തർ പാത്തിരുന്ന ദേഹം പാലിയാർ വട്ടത്ത സ്വരൂപമെന്ന രാജാവിനെ കത്തോലിക്കാ സഭയിലേയ്ക്ക് ചേർക്കുകയും അതോടുകൂടി ബ്രാഹ്മണർ ശൂദ്രർ മുതലായ അനേകം കാവ്യരെ മനസ്സുതിരിക്കയും ചെയ്തു. പാലിയാർവട്ടത്തു സ്വരൂപത്തിന്റെ ക്രിസ്ത്യാനിരാജ്യം ൧൭ാം യുഗത്തോളം നിലനിന്നു. കടശിയിലെയാക്കൊബ സ്വരൂപം അന്യംനിന്ന് തനിക്ക് സ്ത്രീസന്താനം മാത്രം ശേഷിച്ചിരിക്കയിൽ യാക്കോബ് സ്വരൂപത്തിന്റെയും കൊച്ചി രാജാവിന്റേയും മന്ത്രിമാരായിരുന്ന പാലിയത്തച്ചന്മാരുടെ കപടോപദേശത്താൽ കൊച്ചി ഇളമ രാജാവ് മാർഗ്ഗമനുസരിച്ചു കൊണ്ട് യാക്കോബ് സ്വരൂപത്തിന്റെ പുത്രിയെ വേളി കഴിക്കയും അപ്രകാരം ഉതിയബേത്തർ രാജ്യം അവകാശമുറയ്ക്ക് കൊച്ചീ രാജാവിന്ന് ലഭിക്കയും ചെയ്ത അനന്തരം പാലിയത്തച്ചന്റെ കപടോപദേശത്താൽ വേളികഴിച്ച ഇളമ രാജാവിനെ ബ്രഷ്ടാക്കി ലങ്കയിലേയ്ക്ക് നാടുകടത്തുകയും ചെയ്തു. ഇപ്രകാരം അന്നു മുതൽ കൊച്ചീ ഇളമ രാജാവ് അറുപത്തിനാലിക്കാരായ നസ്രാണികളുടെ നേതാവായി കാര്യം നടത്തിവരുന്നു. കൊച്ചീ രാജാവ് അതു സംസ്ഥാനത്തുംപ്പെട്ട പള്ളികളുടെ വികാരിമാരെ, കൊച്ചീ രാജ്യത്തിൽ പ്രധാനിയായ അങ്ങാടി കരചിറമേൽ തരകന്മാർ മുഖാന്തിരം, മാറുകയും ഏറ്റുപ്പെടുത്തുകയും ചെയ്യാറും കൊടുപണാവികാശം രാജാവിന്ന് കൊടുത്തു വരാറും ഉള്ളതും മാറും നടപടികളെ സംബന്ധിച്ചു ൮൦൦ കൊല്ലത്തിന്നു മുൻപുള്ള തീട്ടൂരങ്ങൾ ഇന്നും ടി തരകന്മാരുടെ ഭവനത്തിൽ സൂക്ഷിക്കപ്പെട്ടുന്നു. ഈ ചരിത്രമെഴുത്തുകാരൻ തന്നെ അവിടക്കണ്ട ലക്ഷ്യങ്ങൾ ഒന്നിൽ ൮൦൦ കൊ

ല്ലത്തിന്നു മുൻപുള്ള കൊച്ചീരാജാവിന്റെ തീട്ടൂരത്തിൽ വടക്കോട്ടുള്ള പള്ളികളിലെ കെട്ടുപണഅവകാശം രാജാവിന്നു ചെല്ലേണ്ടതായും രാജാവു് ടി കുടുംബത്തിൽ നിന്നും വായിപ്പു് വാങ്ങിയ വകയ്ക്കു്, ആ വകപ്പണം പറ്റിക്കൊള്ളുന്നതിന്നു് എഴുതിയിരിക്കുന്നതായും; വേറൊന്നിൽ ഒരു പള്ളിയുടെ വികാരിയെ വേറെ സ്ഥലത്തു മാറുന്നതിന്നു് തരകനോടു് ഉത്തരവായിരിക്കുന്നതായും കാണുന്നു.

ഈ രാജ്യത്തിന്റെ പുറത്തുള്ള പള്ളിപ്പുറത്തുള്ള കുഷ്ഠരോഗികളുടെ ആസ്പത്രി മാത്തുത്തരകന്റെ പണംകൊണ്ടു് ഉണ്ടാക്കീട്ടുള്ളതാകുന്നു എന്നു് പറയുന്നതിന്നു് ലക്ഷ്യങ്ങളില്ല. അയ്യാ ലന്തക്കമ്പിനി ഉണ്ടാക്കീട്ടുള്ളതും അവർ അതിനെ തിരുവിതാംകൂറിലേയ്ക്കു് ഏൎപ്പിപ്പാൻ ശ്രമിച്ചതും ഇംഗ്ലീഷുകാർ അതിനെ ഏറ്റതും അതേസംബന്ധിച്ചു് വാദങ്ങളും മറും ഉണ്ടായിട്ടുള്ളതുമായി ലക്ഷ്യങ്ങൾ ഉള്ളതാകുന്നു.

N. B. ഈ പുസ്തകത്തിൽ പലയിടത്തും പുനരാവൎത്തനവും വാചകഘോഷ്കേടും അച്ചടിപ്പിശകുകളും വന്നിട്ടുള്ളതിനെ ഇനിയത്തെ പതിപ്പിൽ തീൎത്തുകൊള്ളാവുന്നതാകകൊണ്ടു് വായനക്കാർ വീഴ്ചകൾ ഒക്കെയും ദയാപൂൎവ്വം ക്ഷമിപ്പാറാകണം.

എന്നു പ്രസിദ്ധകൻ.

ഈ പുകസ്തകത്തിൽ ഉണ്ടായിട്ടുള്ള അച്ചടിപ്പിഴകളിൽ
അത്യാവശ്യമായി തിരുത്തേണ്ടതായ സംഗതികളുടെ
ശുദ്ധിപത്രം

പുറം	വരി	അശുദ്ധം	ശുദ്ധം
൩	൨൭	കുറവാ	ഒഴുക്കുള
൬	25	Par	Pur
൬൮	൩൪	ചെയ്തോട്ട	മെരുന്തോരോട്ട
൭൩	൫	ചെലിപ്പിച്ചഴുത്തുന്നതിന്ന	വെളിപ്പെടുത്തുന്നതിന്ന
൭൪	൨൩	കൊസിമ്മോൻ	കാർ സീമോൻ
൮൩	൨൨	ചെയ്യേണ്ടതുകൊണ്ട	കഷ്ടപ്പെടുത്തുകൊണ്ട എന്ന
൮൫	൨	ഷ്ടിച	ഷ്ടിച്ച
൯൪	൨൫	വാസ്തവും	വാസ്തവവും
൯൬	൪	നാൽ	എന്നാൽ
൯൬	൨൫	സിദ്ധമാകുന്നതെല്ലാ	പ്രസിദ്ധമാകുന്നതെല്ലാ
൧൭	൨൫	മനസ്സിലാകയും	മനസ്സാകയും
൧൭	൨൭	കൊല്ലാകുലചെയ്യാനാണ	കൊല്ലാകുലചെയ്യാതന്ന
൧൭	൨൯	കുണ്ട	കുണ്ടാം
൧൭	൩൧	ചെയ്യുന്നപാടം	ചെയ്യുന്നതേയുള്ള
൧൭	൩൨	നിർമ്മൽസ്വഭാവിക	നിർമ്മൽസ്വഭാവികളായ
		മായവരം	എവരം
൧൭	൩൪	ചെവിടീകർ	ചെവിടികർ
൧൭	൩൬	നാനസ്തിമൂ	നാനസ്തിപ്പിച്ചു
൧൭	൩൭	ക—ന-	ക—ന-
95	9	capitluam	capitulum
൧൭൮	൨൩	കാണന്ന	കാണുന്ന
൧൭൮	൨൬	കുനുകർ	കുനുകവ
൧൭൯	൧൬	കുടാതിയായുടെ	കുടുംബിയായുടെ
”	”	മത്രാസിൽന	മദ്രാസിൽന
൧൭൯	൯	അപ്പോലിക്കാ	അപ്പസ്തോലിക്കാ
൧൭൯	൨൦	രാജാക്കന്മാരുടെ	രാജാക്കന്മാരുടെ
”	൨൪	സംഗതികർ	സംഗതികൾകൊണ്ട
൧൭൯	൨൬	വന്നിരിക്കാകാണ്ട	വന്നിരിക്കകൊണ്ട
൧൮൦	൨൩	അന്ന	അകന്ന
”	൨൪	വായനക്കാരുത	വായനക്കാരേ

ശുദ്ധിപത്രം

പുറം	നീര	അശുദ്ധം	സുശുദ്ധം
ഫർ	ഫർ	ഡർമ്മലീന	കർമ്മലീനാ
ഫർവ	ഫവ	നന്ന	നിന്ന
ഫരർ	ഫറ	വരികിൽ	വരികയിൽ
ഫരെ	ഫര	ലിപാർശയിൻപേരിൽ	ശിപാർശയിൻപേരിൽ
ഫരിവ	സ്വം	കസ്റ്റിറ്റിയെസെപ്പന	കസ്റ്റാറിയെസെപ്പന
ഫരൻ	ഫവ	അരോഹണ	അദ്ദേഹത്തെ
ഫസ്സവ	സവ	അതിൻമുള്ള	അതിൻവണ്ണമുള്ള
ഫരെസ	വവ	ഫരുവ	ഫരുവ
ഫവ്വ	ഫമ	സ്ഥാനത്തിലും	സ്ഥാനവും
ഫവ്വ	ൻ	പട്ടക്കാരണ്ടാകണമെന്നും	പട്ടക്കാരുണ്ടാകണമെന്നും
ഫവ്വർ	ൈ	മൊളിക്കുള	മൊളക്കുളം
ടി.	ൊ	എള്ളും	എള്ളും
ടി.	വർ	രപ്പുഴ	വരപ്പുഴ
ഫവ്വ	സ	പടവികാം സ്ഥാനമാനങ്ങളും തന്ന	പടവികളും സ്ഥാനമാനങ്ങളും (തരികയും
ഫവ്വ	ടദ	മാപ്പുപ്പാ യുപ്പാദം	മാപ്പുപ്പാ യുപ്പാദം മുതിക്കൊണ്ടു.
190	10	infintoo	infinitos
ഫരെ	വവ	സീറായാൻ	സീറിയൻ
ഫരർ	സവ	ആയ	ആയി
ഫവ്വ	സവ	ക്രിസ്റ്റിക്രുസ	ക്രീത്തിക്കുസ്
സസവ	ഫവ	പ്രീ	പ്രീമാസ്
സസസ	ഫറ	കിഴക്കപള്ളി സുറിയം (നിക്കാരുടേയും	കിഴക്കേ സുറിയാന്ക്കാരു [ടേയും
സസമ	സമ	അക്കക്കെട്ടു	പരപ്പേർ
സസരെ	ഇരി	യടന്ന	നടന്ന
സസവ്വ	ഫ	വിവുരം	വിവരണം
"	സസ	മതചാരി	മതാചാരി
വർം	സർ	തിരുവഞ്ചിക്കളത്തു	തിരുവഞ്ചിക്കുളത്തു
വർവ	ർ	നാലാം യുഗത്തിൽ	ൻപതാംയുഗത്തിൽ
"	ൻ	സ്ലീസന്താനം	സ്ലീസന്താനത്തെ
വർൻ	സർ	തല്ലാമാർ	നല്ലാമാർ
വമ്മ	സവ	കിട്ടിയപ്പോന	കിട്ടിയപ്പോരം
വരവ	ഫവ	ചെയ്യാൻ	ചെയ്യിയ്യാൻ
വരമ	സ	മ്മെയുരാജ്യത്തിലെ	ഗർമ്മേയരാജ്യത്തിലെ
വസെ	ഫമ	സംബമായി	സംബന്ധമായി
289	32	mnitas	muitas
വൻർ	സ	ചിതു്	ചിതറിച്ചു

പുറം	വരി	അബദ്ധം	സുബദ്ധം
ഫൻസു	൩൭	ഫാസ	ഫാസ്യു

ഘടൻ–൩ പുറം കഴിഞ്ഞു ൪൦൦, ൪൦൫, ൪൦൬, എന്നിങ്ങനെയുള്ള പുറങ്ങൾ ൩൫൦, ൩൫൫, ൩൫൬, എന്നു വായിക്കേണ്ടതാണ്.

312	27	Laques	Laqueus
,,	28	summs	sumus
,,	൩൪	തെക്ക	തെക്കേ
,,	൩൭	ശിഷ്യാദരുടെ	അപ്പസ്തോലിക്കാമാരുടെ
,,	൩൯	ക്കലിലേക്കു	റോമിലേക്കു
,,	൩൭	നിമിരാ	നിത്തൽ
൩൭൪	൩൨	അങ്ങിനെ	അങ്ങിനേ
,,	൩൫	അയച്ചില്ലാ	അയച്ചിട്ടില്ല
,,	൩൯	നിഷേധിക്കുൻ	നിഷേധിക്കുന്നു
൩൪൨	൫	പേരു	പേരുള്ള
൩൪൪	൪൪	പൂറിയാനി	സുറിയാനി
൩൪൫	൫൭	രൂപതയിൽ	രൂപതയിലെ
൩൪൯	൪൯–൫൦	ഓർമ്മിക്കപ്പെട്ടു	ഓർമ്മിക്കപ്പെടണ
൩൪൭	൪൭–൪൪	പെട്ടെന്നു	വെട്ടുന്നു
,,	൩൦	തിരുന്നു	തിരുന്നു
൩൪൪	൩൫	കല്പിക്കേണ്ടതില്ലയോ?	കല്പിക്കേണ്ടതല്ലയോ?
൩൫൭	൪	അണപ്പിച്ചു	അപ്പിച്ചു
൩൫൯	൪	മെത്രാപ്പോലീത്തായുടെ	...മെത്രാപ്പോലീത്തായുടെ
൩൫൯	൩൭	പാഷാണ്ഡ	നെസ്തോറീസുപാഷാണ്ഡ
൩൫൪	൩൭	കൈകൊക്കാണ്ടു	കൈകൊണ്ടു ... ...
൩൫൭	൫൭	മുടിപ്പായി	മുട്ടിപ്പായി
൩൫൪	൩൭	കൈതസിപ്പൊന്തിൻറെയും	കൈതസ്പ്പൊന്തിൻറെയും
൪൦൯	൫൩	പരിശോധനത്തിൽ	പരിശോധനയിൽ
൪൦൭	൫൦	വിധയും	വിധിയും
,,	൩൪	ഹേ! ലത്തീൻകാരനായ വൈദികരെ! ലത്തീൻകാരായ മെത്രാപ്പോലീത്തായുടെ കല്പനകൾ	ഹൊ! ലത്തീൻകാരായ വൈദികരേ! ലത്തീൻകാരനായ മെത്രാപ്പോലീത്തായുടെ കല്പനകൾ
൪൦൭	൩൯	ഫർമാൻ	ഫർമാൻ





തോമാനസ്രാണികൾ

എല്ലായ്പോഴും സത്യക്രിസ്ത്യാനികൾ ആയിരുന്നു.

"മൈലാപ്പൂർ കാത്തോലിക്ക് രജിസ്ട്രേ" ഫൻ൦൨-ൽ ഫവ-൦ ഫൻ-൦ നമ്പർകളിൽ "ഹിസ്റ്റോറിക്കുസ് ഫിലലെത്തസ" എന്നാലേഖകനും, പിന്നീട്ട വരാപ്പുഴ അതിരുപത വക "സത്യനാദം"(ഫൻ൦൨ വസ്-൦൦ പുസ്തകം ഫ൪-൦ ഫസ്-൦ ലക്കങ്ങളിൽ മൻ തുശ്ശിവപേരൂർ വികാരി അപ്പസ്തോലിക്കായായിരുന്ന ആ. വ. ദിവ്യശ്രീ മെഡ്ലിക്കോട്ട മെത്രാൻ അവർകളും, ടി "സത്യനാദം" ഫാം ലക്കത്തിൽ "പി. പി. എം" എന്ന ലേഖകനും, എറണാകുളം "ബി. ഒ ഓഫെ" സ്ത്രീം പ്രസ്സിൽ കൊച്ചിരുപതയുടെ നി. വ. ഭി. ശ്രീ ഡാക്ടർ മത്തേവൂസ് ദെ ഒലിവെയിര സേവിയർ മെത്രാൻ അവർകളാൽ രചിക്കപ്പെട്ട അച്ചടിക്കപ്പെട്ടലാല പത്രികയിലും, (pamphlet) മലയാളത്തിലുള്ള തോമാ സുറിയാനിക്രിസ്ത്യാനികൾ ഉദിയമ്പേരൂർ വെച്ചുണ്ടായ സുനഹദോസ് വരെ, നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നും, ടി സുനഹദോസിൽ വെച്ചു, ഗോവയുടെ മെത്രാപ്പോലീത്തായായ മെനെസീസ് അവർകളുടേയും പോർട്ടുഗീസുകാരായ ജസ്വീത്ത് സന്യാസികളുടേയും അത്യന്തപരിശ്രമത്താൽ ടി ഇടത്തുട്ടിൽ നിന്നും തിരിക്കപ്പെട്ടവരാകുന്നു എന്നും ബലമായി വാദിച്ചിരിക്കുന്നു.

മേൽവിവരിച്ചവാദനിഗ്രഹം

ഏകഭാഗം.

ഏകപ്രകരണം.

ഏ. പോർട്ടുഗീസ്കാരായ റോമൻ കത്തോലിക്കാ വൈദീകരും പോർട്ടുഗല്ലിലെ രാജാക്കന്മാരും വാസ്കോഡീഗാമാ കപ്പിത്താൻ മുതലായ ലൌകീകരും തോമാ നസ്രാണി ജനത്തിനുവേണ്ടി വളരെ പ്രയോജനകരമായഅദ്ധ്വാനങ്ങൾ ചെയ്തിട്ടുള്ളതുകൊണ്ടു സുറിയാനിക്കാരായ തോമാ നസ്രാണി ജനത്തിന്റെ നാമത്തിൽ പോ

ർട്ടഗീസുകാരായ സകലരോടും ആദ്യമെതന്നെ അവക്കുള്ള കൃതജ്ഞത യെപ്രസ്ഥാവിച്ചു കൊള്ളുന്നു.

തന്റെ അജ്ഞാനം കൊണ്ടു പ്രാപിക്കാത്തതായ സ്തുതിയുടെ സാഫല്യത്തെ യാതൊരുവനും പ്രശംസിക്കാൻ പാടില്ലാത്തതാണ്. എന്നു തന്നെയുമല്ല, ഒരുത്തനെ കുറക്കാരനാക്കുന്നതിൽ നല്ലതു അവനെ നിർല്ലോഭിയാക്കുന്നതാകുന്നു എന്നാണല്ലൊ സുവിശേഷ പാഠം. ഒരംശോമിശിഹാ ശ്ലൂഹ:മത്തായിയുടെ ൭—൨൨ ൽ "തന്റെ ക്രൂടപ്പിറപ്പിനെ റക്കാ എന്നു പറയുന്നവൻ സംഘത്തിനു യോഗ്യനാകുന്നു എന്നും, തന്റെ ക്രൂടപ്പിറപ്പിനെ ഭോഷൻ എന്നു പറയുന്നവൻ നരകത്തിയ്ക്കു യോഗ്യനാകുന്നു" എന്നും കല്പിച്ചിരിക്കുന്നു.(Appendix1)

ആയതുകൊണ്ടു തോമാ നസ്രാണികൾ ഇടത്തുട്ടുകാരായിരുന്നു എന്നു മതിയായ തെളിവും കാരണങ്ങളും ക്രൂടാതെ പ്രസ്ഥാവിക്കുന്നവർ സുവിശേഷ പാഠത്തിനു തീരെ അയോഗ്യന്മാരായി ഭവിക്കുന്നു.

൨.. പുരാതനകാലം മുതൽ തോമാ നസ്രാണികൾ സത്യവിശ്വാസത്തിൽ സ്ഥിരമായി നിന്നിരുന്നു എന്നും നെസ്തോറിയനു ഇടത്തുട്ടിൽ അവർ അകപ്പെട്ടില്ലെന്നും, മെനേസീസ് മെത്രാപ്പോലീത്താ മുഖാന്തിരമൊ ഒരംശോ സഭക്കാരായ സന്യാസികൾ വഴിയായൊ അവർ ഇടത്തുട്ടിൽ നിന്നുംതിരിക്കപ്പെട്ടവരല്ലെന്നും, അവർ നെസ്തോറിയൻ ഇടത്തുട്ടിൽ ഉൾപ്പെട്ടവരായിരുന്നു എന്നു പ്രതിവാദിക്കുന്ന പുസ്തകങ്ങളിൽ നിന്നുതന്നെ തെളിയിക്കാം.ഒരു തെളിവിനു മുമ്പായി യാതൊരുത്തനൊ യാതൊരു വർഗ്ഗമൊ ഇടത്തുട്ടിൽ ഉൾപ്പെട്ടിരിക്കുന്നു എന്നു സ്ഥാപിക്കുന്നതിനു അവർ തന്നെ ഇടത്തുട്ടുകാരായിരിക്കണം.

ഇംഗ്ലണ്ടിലെ ഹെൻറി എട്ടാമൻ എന്ന രാജാവു ഇടത്തുട്ടിൽ ഉൾപ്പെട്ടതുകൊണ്ടു ഇംഗ്ലീഷ്കാർ എല്ലാവരും ഇടത്തുട്ടിൽ ഉൾപ്പെട്ടു എന്നു വിധിപ്പാൻ പാടില്ല. അപ്പൻ ഇടത്തുട്ടുകാരനായതുകൊണ്ടു മകനും അപ്രകാരമായിരിക്കണമെന്നുണ്ടൊ? ഒരു ശ്രുതിയിലെ മെത്രാൻ ഇടത്തുട്ടുകാരനായാൽ ആ ശ്രുതിയിലെ ജനങ്ങൾ എല്ലാം ഇടത്തുട്ടുകാരായി എന്നു പറയാറുണ്ടൊ? ബാബേലിൽ നിന്നും മേല്പൂസ് ഒമെത്രാൻ "മലയാളത്തിലുള്ള സുറിയാനിക്കാരായ തോമാ നസ്രാണികളുടെ മെത്രാൻ"എന്ന നാമത്തോടെ വരികയും. ഏതാനുംപേർ അദ്ദേഹത്തെ അംഗീകരിക്കയും ചെയ്തതുകൊണ്ടു മലയാളത്തിലുള്ള തോമാ നസ്രാണികൾ എല്ലാം ശീശമക്കാരായിത്തീർന്നു എന്നു പറവാൻ പാടുണ്ടൊ?"കാത്തോലിക്ക് രജിസ്ട്രൂ" എൻ രംനസ്ട്രിൽ പറയുന്ന അർഹത്താല്ലൊ അതായതു ചീനക്കാരനായ മക്കോസ് എന്നയാളു

ബാബേലിലേക്ക പോകയും, അവിടെ വച്ച് അഹത്താല്ല, അല്ലെങ്കിൽ യബ്ബാഹ് എന്ന പേരോട്ടക്രൂടി, ബാബേലിലെ പാത്രീയക്കീസ് ആകയും, പിന്നീട്ട അദ്ദേഹം റോമൻ കത്തോലിക്ക് വിശ്വാസം അനുസരിക്കയും ചെയ്ത എന്ന എഴുതികാണുന്നു; ആയതുകൊണ്ട ആ പാത്രീയക്കീസിന്റെ കീഴണ്ടായിരുന്ന ജനങ്ങൾ എല്ലാം റോമൻ കത്തോലിക്ക് വിശ്വാസം സ്വീകരിച്ചു എന്ന പറയുന്നത യുക്തി യുക്തമായിരിക്കുമോ?

കുറഞ്ഞ സംഖ്യ വലിയ സംഖ്യയിൽ ഉൾപ്പെട്ടുന്ന എന്നുള്ള വിധി ഒരം കാര്യത്തിൽ അശേഷവും ഉപയോഗ യോഗ്യമായി വരുന്നില്ല.

൨ാം പ്രകരണം

"നെസ്തോറിയൻ" എന്നപേരു ഭാഷയുടെ പേരായി ഉപയോഗിച്ചു വന്നിരുന്ന.

നെസ്തോറിയൻ ഇടത്തുട്ട കിഴക്കെ ദേശങ്ങളിൽ നാനാ ഭാഗങ്ങളിലും വ്യാപിക്കയാൽ, കൽദായ സുറിയാനി ഭാഷയ്ക്ക നെസ്തോറിയൻ ഭാഷഎന്ന് പേരു വരുവാൻ ഇടയായി എന്നുള്ളതിനു, കൽദായക്കാരായ ഹ്രിയേൽ, കമാത്ത്, എന്ന ചരിത്ര കർത്താക്കൾസാക്ഷികളാണ്. അതുകൊണ്ട "നെസ്തോറിയൻ" എന്ന് പറഞ്ഞാൽ കൽദായക്കാരൻ എന്ന അർത്ഥത്തോടെ ഉപയോഗപ്പെട്ടത്തിവന്നു. ആരംഭം മുതൽ കൽദായക്കാരായ പലരും സത്യവിശ്വാസത്തിൽ നില നിന്നിരുന്ന എന്നുള്ളത അവിതർക്കിതമാണ്. ഇതിലേക്ക തെളിവു ആവശ്യമുണ്ടെങ്കിൽ റോമാ മാർപ്പാപ്പാമാരുടെ തലസ്ഥാനത്തെ പ്പറ്റി ഗീവർഗീസ് അവദീശോ എന്നകൽദായ പാത്രീയക്കീസ് താൻ ആമേദിന്റെ മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ ൧൮൭൦-ൽ റോമാ നഗരത്തിൽ അച്ചടിപ്പിച്ച പുസ്തകത്തിൽ നിന്നും ഏതാനും ഭാഗം താഴെ പകർത്തുന്നു.

"നെസ്തോറിയൻ" ഇടത്തുട്ടിന്റെ ആരംഭത്തിലും അതിന്റെ ഉന്നതി കാലങ്ങളിലും കത്തോലിക്കരും സത്യവിശ്വാസികളും ആകുന്നു എന്ന പ്രസിദ്ധമായി അറിയിക്കയും കത്തോലിക്ക് വിശ്വാസത്തെക്കുറിച്ചു ദുഷാരാട്ടുകയും, ചെയ്തിട്ടുണ്ട്. ഇതിനു ലക്ഷ്യങ്ങൾ എല്ലാം തന്നെ ഇല്ല എങ്കിലും നിനവെ മെത്രാനായ യൂഖ: ഇസഹാക്കിന്റേയും ഗർമ്മയാ മെത്രാനായ സഹർദ്നായുടേയും മലിയായിലെ സന്ന്യാസിയായ യോഹന്നാൻ സാബാ എന്ന പുണ്യവാളന്റേയും ചരിത്രങ്ങൾ കൊണ്ട അറിയാവുന്നതാണ്. ഇവർ ആറാം യുഗത്തിൽ കത്തോലി

ക്കാ വിശ്വാസത്തിൽ അസ്സിറിയായിൽജനിച്ചിരുന്നു."(Appenbix 11.)

മുൻവിവരിച്ച പ്രകാരമുള്ളവരെ, പാശ്ചാത്യന്മാരായ ലത്തീൻകാർ സാധാരണ "നെസ്തോറിയൻകാർ" എന്നു വിളിച്ചു വന്നിരുന്നതുകൊണ്ട് ൪-ാം എവുജേനിയുസ് എന്ന മാപ്പുപ്പായുടെ പക്കൽ അവർ ക്രി൪ ൪൩-ൽ സങ്കടം ബോധിപ്പിക്കയാൽ അവരെ "നെസ്തോറിയൻകാർ" എന്നു വിളിച്ചുകൂടാ എന്നും അസ്സിറിയായിലെ കിഴക്കേ സുറിയാനിക്കാരെന്നു വിളിക്കയും ചെയ്യണമെന്നു കല്പിക്കയുണ്ടായി. (ജമിൽ ക്രമ-൬൫ പക്ഷം നോക്കുക) അപ്രകാരംതന്നെBullarium Patranatus. II. Vol. ഫൊൻ-൫ ൪൫-ാം പക്ഷങ്ങളിലും പറയുന്നപോലെ കൽദായക്കാരനായ മാർ ഏലിയാ മെത്രാപ്പോലീത്താ കറാഫ്ാ എന്നാ കർദ്ദിനാളിന്റെ അടുക്കൽ ബോധിപ്പിച്ച എഴുത്തിൽ മുമ്പിൽ കല്പിച്ചിരുന്നപോലെ "നെസ്തോറിയർ" എന്നു വിളിക്കരുതെന്നും "അസ്സിറിയായിലെ കിഴക്കേ സുറിയാനി കത്തോലിക്കർ" എന്നു വിളിക്കണമെന്നും അപേക്ഷിച്ചിരുന്നു. ഒരു നാട്ടിൽ ഇംഗ്ലീഷ്ക്കാർ ഇടത്തുട്ട് മതം അനുസരിക്കുന്നവരാകയാൽ യൂറോപ്യന്മാരായ കമ്മലീത്താ മെത്രാന്മാരും മിഷ്യനറിമാരും ഇംഗ്ലീഷ് ഭാഷ ഇടത്തുടിനടുത്ത ഭാഷയാണന്നു പറഞ്ഞു ആ ഭാഷ പഠിക്കുന്നതിനെ തടസ്ഥം ചെയ്തിരുന്നു. ഇംഗ്ലീഷ്കാർ എന്നു പറഞ്ഞാൽ ഇടത്തുട്ടുകാരെന്നതെ തോമാനസ്രാണികളെ ധരിപ്പിച്ചുവന്നതു. ഇതിനെ കയ്യത്തായുടെ പുസ്തകം ക്രി൪-ാം പുറം തെളിയിക്കുന്നു. "കിഴക്കേ ദേശങ്ങളിൽ പറങ്കികൾ എന്നു പറഞ്ഞാൽ ലത്തീൻകാരെന്നും, ഇംഗ്ലീഷ്കാരെന്നൊ അമേരിക്കാക്കാരെന്നൊ പറഞ്ഞാൽ ഇടത്തുട്ടുകാരെന്നും അർത്ഥം ജനിച്ചിരുന്നു. ആ നിലയിൽ ലത്തീൻകാരായ പാശ്ചാത്യ ചരിത്രകർത്താക്കൾ നെസ്തോറിയൻകാർ എന്നു കേൾക്കുമ്പോൾ ഇടത്തുട്ടുകാരെന്നു് അബദ്ധമായി വിധിച്ചുവന്നിരുന്നു. തന്നിമിത്തവും, മലയാളത്തിൽ വന്നിട്ടുള്ള യൂറോപ്യന്മാർ സംഗതികളുടെ യഥാർത്ഥ സൂക്ഷ്മാന്വേഷണം ചെയ്യാതെ ചരിത്രകർത്താക്കൾ എന്ന നിലയിൽ മലയാളത്തിലെ തോമാനസ്രാണികളെ ഇടത്തുട്ടുകാരാക്കിത്തീർത്തു ചരിത്രങ്ങൾ പ്രസിദ്ധം ചെയ്തിരിക്കുന്നു. അതുകൊണ്ടു നെസ്തോറിയൻമെത്രാനെന്നൊ, നെസ്തോറിയൻ ജനമെന്നൊ പറയുന്നതുകൊണ്ടു നെസ്തോറിയൻഇടത്തുടനുസരിക്കുന്നവർ എന്നവരുന്നതല്ല.

അതുകൊണ്ടു മലയാളത്തിലെ സുറിയാനിക്കാരായ തോമാനസ്രാണികൾ നേസ്തോറിയൻകാരായിരുന്നില്ല എന്നു തെളിയിക്കുവാൻ ആരംഭിക്കുന്നു.

൩—ാം പ്രകരണം

"ചരിത്രസാക്ഷികൊണ്ടു നെസ്തോറിയൻകാർഅല്ലായിരുന്നു"

൧. ക്രി—ാം ലേയോൻമാപ്പാപ്പാ, ക്രിവ്വുന്നു സെപ്തംബർ മാസത്തിൽ എഴുതിയ Humanae salutis Auctor എന്ന തിരുവെഴുത്തിൽ "പിൻകാലങ്ങളിൽ തെറ്റുകളുടെ പ്രചാരകരമായ പ്രചാരത്തിന്റെ ശേഷം അദ്ദേഹത്തിന്റെ ഓമ്മ ഒരിക്കലുമൊഞ്ഞുപോയിട്ടില്ല" അപ്രകാരം തന്നെഅദ്ദേഹം വിതച്ചതായവിശ്വാസവും ഒരിക്കലും മാഞ്ഞുപൊയിട്ടില്ല" എന്നുപ്രസ്താവിച്ചിരിക്കുന്നു. (Appendix III)

യിശുക്രി തോമാശ്ലീഹാ വിതച്ചതായ സുവിശേഷവിത്തു നശിക്കപ്പെടാതിരുന്നു എന്നും അദ്ദേഹം അറിയിച്ച വിശ്വാസവെളിച്ചം കെട്ടുപോകാതെ നിലനിന്നിരുന്നു എന്നും ക്രി—ാം ലേയോൻ മാപ്പാപ്പാതന്നെ എഴുതിയിട്ടുണ്ടു. എന്നു തന്നെയുമല്ല, സുവിശേഷത്തിന്റെ വിത്തായ വിശ്വാസം എവിടെയാണു ഒരിക്കലും നശിക്കപ്പെടാതിരുന്നതു എന്നന്വേഷിക്കുന്നു പക്ഷം മലയാളത്തിൽ തോമാനസ്രാണികളുടെ ഇടയിലല്ലാതെ മറ്റൊരിടത്തും കാണുന്നതല്ല. തോമാശ്ലീഹാ വിതച്ചതായ വിശ്വാസംതന്നെ നശിച്ചുപോകാതെയിരുന്നതു എന്നതെ പറയുന്നതു. തോമാശ്ലീഹായുടെ വിശ്വാസം സത്യമായ വിശ്വാസം അല്ലെന്നു വാദിക്കുന്നവർ ആരെങ്കിലുമുണ്ടോ? ഒരുത്തരുമില്ല. ഉദിയംപേരൂർ സുനഹദോസിൽ വെച്ചു മെനേസീസ് മെത്രാപ്പോലീത്താ നെസ്തോറിയൻ ഇടത്തുട്ടിൽനിന്നുംതോമാനസ്രാണികളെ തിരിച്ചുഎന്നു പാശ്ചാത്യന്മാരായ ലത്തീൻ ചരിത്രകർത്താക്കളിൽ മിക്കവരും പ്രസ്താവിക്കുന്നുണ്ടു. ഇപ്രകാരമുള്ള ലത്തീൻ ചരിത്രങ്ങളെ അടിസ്ഥാനമാക്കി മാറോനായ സുറിയാനിക്കാരനായ അസ്സേമാനി എന്നഗ്രന്ഥകാരനാം ആ സംഗതിയേപ്പറ്റി പ്രതിവാദിച്ചിരിക്കുന്നു. തന്നിമിത്തംഅസ്സേമാന്റെ പിൻഗാമികളായ ചില ലത്തീൻ ചരിത്രകർത്താക്കളും, അസ്സേമാനിഒരു സുറിയാനിക്കാരന്റെ നിലയിൽ മലയാളത്തിലുള്ള തോമാനസ്രാണികളേപ്പറ്റി എഴുതിയിരിക്കുന്ന ചരിത്രം വളരെ ബലമുള്ളതെന്നുകരുതി അയാളെ തുടർന്നു പ്രസ്താവിച്ചുവരുന്നു. എന്നാൽ മലയാളത്തിലെ സുറിയാനിക്കാരെപ്പറ്റി അസ്സേമാനിഎഴുതിയിരിക്കുന്ന ചരിത്രം ഒരു ലത്തീൻചരിത്രക്കാരന്റെ ചരിത്രം പോലെ മാത്രമെഗണിപ്പാൻ പാടുള്ളൂ.

൨. Raulin, സ്ര—ാം പക്ഷത്തിൽ മെനേസ്സീസ് മെത്രാപ്പോലീത്താ, ഉദിയംപേരൂർ സുനഹദോസിനു മുമ്പായി അയച്ച ക്ഷണനാവിളംബരം ചേർത്തിട്ടുള്ളതിൽ ഇപ്രകാരം പ്രസ്താവിച്ചുകാണുന്നു

"തോമാശ്ലീഹാ സുവിശേഷം അറിയിച്ച കാലംമുതൽ ഇതുവരെയും മിശിഹാകർത്താവിന്റെവിശ്വാസത്തിൽ(തോമാനസ്രാണിജനത്തിന്റെ) വലിയപങ്കു(ക്രൂശം) സ്ഥിരമായി നിന്നിരുന്നു. അവരുംഅവിശ്വാസികളുടെ മദ്ധ്യത്തിൽ വിഗ്രഹാരാധനക്കാരായ പലരാജാക്കന്മാരുടെ കീഴായി പല രാജ്യങ്ങളിൽചിതറി കിടന്നിരുന്നെങ്കിലും, പ്രത്യേകമായി പോർട്ടുഗീസുകാർ ഇവിടം നാട്ടിൽ വന്നതു വരെ, അവരംഭം മുതൽ അന്നെ മറ്റു ക്രിസ്ത്യാനി സമുദായവുമായി യാതൊരു സംബന്ധവും കൂടാതെ ജീവിച്ചിരുന്ന എങ്കിലും വിശ്വാസത്തിൽ സ്ഥിരമായി നിന്നിരുന്നതിനെക്കൊണ്ടു ആ ജനത്തിന്റെ നേരേ നമുക്കു ഏറ്റവും ഉദയവുതോന്നി ... ... തോമാശ്ലീഹാ തന്റെ വിയർപ്പിനാൽ നനച്ചു വളർത്തിയ ആ ഫലങ്ങളെ കത്തോലിക്കാ പാപ്പാത്തിന്റെ പോഷണക്കുറവിനാൽ വരണ്ടു പോകാതിരിക്കുന്നതിനും ... ... ആ ശുപതയിൽവരുന്നതിനു നാം നിശ്ചയിച്ചു." *

അതിനാൽ വിശുദ്ധ തോമാശ്ലീഹായുടെ സുവിശേഷമായ മിശിഹാകർത്താവിലുള്ള വിശ്വാസമെന്ന ആ കോതമ്പു മണിയായ വിത്തു തോമാശ്ലീഹാ ഇന്ത്യയിൽ വിതയ്ക്കുകയും അതിന്റെ ഇടയിൽകളകളായഇടത്തുട്ടു വിതയ്പ്പെടാതെ ഉദിയമ്പേരൂർ സൂനഹദോസ് വരെ സ്ഥിരമായി നിന്നിരുന്നു എന്നു തെളിയുന്നുണ്ടല്ലൊ. മെനേസീസ് മെത്രാപ്പോലീത്തായുടെ സാക്ഷികൊണ്ടുതന്നെ തക്ക സംഗതി തെളിയുന്നതിനാൽ വേറെ തെളിവു ആവശ്യമില്ല.

---

* റോളിന്റെ ചരിത്രത്തിൽ 6ൽ— നൂറ പ്രക്ഷുബ്ധങ്ങളിൽ മേൽ പുറയപ്പെട്ട വിളംബരത്തിനെ ശൊവ്വായുടെ ചരിത്രത്തിന്റെ മൂലമായ പോർട്ടുഗീസിൽ നിന്നംലത്തീനിൽ പരിഭാഷപ്പെടുത്തിയിട്ടുള്ളതിൽ സാരാംശമായിട്ടുള്ള ചില വ്യത്യാസങ്ങൾ കാണുന്നുണ്ട്. അതായതു "ഈ ക്രിസ്ത്യാനി സമുദായത്തിനു ദൈവം ചെയ്തകൃപയെ കണ്ടു" എന്ന പോർട്ടുഗീസിൽ ഉള്ളതു തഞ്ജിമയിൽ ഇല്ലാ. 'Par falta de doctrina' 'പഠിനത്തിന്റെ കുറവാൽ' എന്നതു 'യോവന്നയുടെ അത്യന്ത ക്ഷാമത്താൽ' എന്ന പരിഭാഷപ്പെടുത്തിയിരിക്കുന്നു' ഇന്നവരെ നിലനിൽക്കുന്നതായി കാണുന്നവിശുദ്ധ തോമാ ശ്ലീഹായുടെ പ്രയത്നങ്ങൾ എന്നുള്ള വാക്യം വിട്ടുകളഞ്ഞിരിക്കുന്നു. തഞ്ജിമയിൽ ഇപ്രകാരമുള്ള വ്യത്യാസം ചെയ്യുന്നതു ചരിത്രക്കാരുടെ ധർമ്മത്തിനു ചേരുമോ? സ്പായാനിക്കാർ നെസ്തോറീസ്യ ഇടത്തുട്ടുകാർ ആയിരുന്നു എന്നു മെനേസീസു മെത്രാപ്പോലീത്താ അന്നു വിചാരിച്ചിരുന്നെങ്കിൽ "വിശുദ്ധ തോമാശ്ലീഹാ അവരോടു വേദംഅറിയിച്ച കാലം മുതൽ ഇന്നവരെ നമ്മുടെ കർത്താവിശോമിശിഹായുടെ വിശ്വാസത്തിൽ അവരെ കാത്തു പരിപാലിക്കുന്നതിൽ ദൈവം ഓരോ ക്രിസ്ത്യാനി സമുദായത്തിനു ചെയ്തിട്ടുള്ള മനോഹരണത്തെ കാൺമാൻ" എങ്ങിനെമെനേസീസു മെത്രാപ്പോലീത്തായ്ക്കു സാധിച്ചു? അവർ നെസ്തോറിസ്യകാർ ആയിരുന്നെങ്കിൽ 'ദൈവ കൃപയാൽ വിശുദ്ധ തോമാ ശ്ലീഹായുടെ വേലകൊടാതെ ഇപ്പോൾവരെ നിൽക്കുന്നു' എന്നു കുറ കത്തോലിക്കനായ മെനേസീസ്യ മെത്രാപ്പോലീത്താപറവാൻ എങ്ങിനെ സാധിച്ചു? മിശിഹായുടേയും തോമാ ശ്ലീഹായുടേയും വിശ്വാസം കത്തോലിക്കാ വിശ്വാസമല്ലയൊ? ഇടത്തുടിനെ ആശ്ചര്യപ്പെൻവേണ്ടിദൈവം വല്ലവശ്യം കൃപ ചെയ്യുമോ? (Appendix IV Raulin Page 16)

ഇടക്കാലത്തിൽ തോമാ നസ്രാണികൾ ഇടത്തട്ടിൽ അകപ്പെട്ടിരുന്നൊ എന്ന സംശയിപ്പാൻ കൂടി ഇടയില്ല. എന്തെന്നാൽ ഈ ൩: തോമാ ശ്ലീഹാ സുവിശേഷം അറിയിച്ച കാലം മുതൽ ഉദിയമ്പേരൂർ സൂനഹദോസ് വരേയും വിശ്വാസത്തിൽ സ്ഥിരമായി നിന്നിരുന്ന എന്ന പറയുന്നതുകൊണ്ട് ഇടക്കാലത്തു യാതൊരു ഭേദവും വന്നിട്ടില്ലായിരുന്ന എന്ന വെളിവാകുന്നു. തോമാ നസ്രാണികളിൽ ഭൂരിപക്ഷവും വിശ്വാസത്തിൽ സ്ഥിരമായി നിന്നിരുന്ന എന്ന പറയുന്നതുകൊണ്ട് ഇടക്കാലങ്ങളിൽ ചുരുക്കം ചിലർ വിശ്വാസത്തിൽ ക്ഷയിച്ചു പോയിരുന്നുഎന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു എങ്കിലും അവരിൽ വലിയ ഭാഗത്തിന്റെ ഏതെങ്കിലും ക്ഷയമൊ മാറ്റമൊ വന്നിട്ടില്ലായിരുന്ന എന്ന തീർച്ചയാകുന്നു. വിശ്വാസത്തിനു കുറവു വരുത്തുവാൻ ഇടയുള്ള സംഗതികളും --അതായതു—ഇതര ക്രിസ്ത്യീയ സമുദായങ്ങളുമായുള്ള വ്യാപാരമില്ലായ്മയും, —അജ്ഞാനികളുടെ ഇടയിലും അജ്ഞാനികളായ രാജാക്കന്മാരുടെ ഭരണത്തിലും പ്പെട്ടും ജീവിച്ചിരുന്നെങ്കിലും അവർ വിശ്വാസത്തിൽ സ്ഥിരമായി ജീവിച്ചിരുന്ന എന്ന പറയുന്നതുകൊണ്ട് — അവരുടെ വിശ്വാസത്തിനു കുറവില്ലായ്കയും അവരുടെ ധീരതയും മെനേസീസ് മെത്രാപ്പോലീത്തായുടെ പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്നു. ഇപ്രകാരം അവരുടെ വിശ്വാസത്തിൽ ഉറച്ചു നിലനിന്ന പോന്നതിനുള്ള കാരണങ്ങളെ മെനേസീസ് മെത്രാപ്പോലീത്താ തന്നെ താഴെ പറയുന്നപ്രകാരം വിവരിച്ചിരിക്കുന്നു. അതായതു:— തോമാശ്ലീഹാ തന്റെ വിയർപ്പാലെ നനച്ചു വളർത്തി വന്ന അ൭ ഫലങ്ങൾ വരണ്ടു ഉണങ്ങി പോകാതിരിപ്പാൻ, എന്ന ഏഴുതി കാണുന്നതിൽ നിന്നുംതോമാ നസ്രാണികളിൽ വലിയ ഭാഗം തോമാശ്ലീഹാ തന്റെ വിയർപ്പാലെ —അതായതു തന്റെ പ്രത്യേക കടാക്ഷത്താൽ— ൭൨ ഫലങ്ങളെകാത്തു വന്നിരുന്ന എന്ന പ്രത്യക്ഷപ്പെടുത്തുന്നു— ഇപ്രകാരം പറവാനുള്ള കാരണം മേൽപ്പറഞ്ഞസംഗതി തന്നെയാണ്. അതായതു ഇതരക്രിസ്ത്യാനി സമുദായങ്ങളോടു യാതൊരു സംസർഗ്ഗവും ക്രൂടാതേയും അജ്ഞാനികളുടെ ഇടയിൽ അവരുടെ ശാസനയിൽ ജീവിച്ചിരുന്നിട്ടും അവരുടെവിശ്വാസത്തിൽ സ്ഥിരമായി നിന്നതിനെ കണ്ടു മെനേസീസ് മെത്രാപ്പോലീത്താ അതിശയിച്ചു അതിനുള്ള കാരണത്തെ വെളിപ്പെടുത്തുന്നു.എന്തെന്നാൽതോമാ ശ്ലീഹായുടെ സുവിശേഷത്തിന്റെ ഫലങ്ങളായ ആ ക്രിസ്ത്യാനികുട്ടത്തെ തന്റെ വിയർപ്പുകൊണ്ടു നനച്ചു, വളർത്തി വന്നിരുന്നതുകൊണ്ടാണു. കമ്മലീത്താ സഭക്കാർ ഫ്രന്സാം൪ ഇടംപ്രഥമമായി മലയാളത്തിൽ പ്രവേശിച്ചു—ആദ്യം വന്ന നാലു പേരിൽ ഒരുവനായ വിഞ്ചൻസ് മരിയ എന്ന പാതിരി എഴുതിയിട്ടുള്ള തന്റെ യാത്രാ വിവരണം ഗ്രന്ഥാംപുറത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"രണ്ടാമത്തെ സംശതി തോമാശ്ലീഹായാൽ പല സ്ഥലങ്ങളിലാ

ത്തി—വലിപ്പവ്യത്യാസമുണ്ടെങ്കിലും— ഒരേ മാതിരിയിൽ ഉണ്ടാക്കിച്ചു സ്ഥാപിതങ്ങളായിരിക്കുന്ന കുരിശുകൾ ആകുന്നു. കൊട്ടങ്ങല്ലൂരെ കുരിശു തുറന്ന നടയുള്ള ഒരു കൂപ്പേളയിൽ വളരെ ഭക്തിയോടെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ആ കുരിശു ദൈവശക്തിയാൽ എതെയും അതിപ്രകാശിതങ്ങളായ കുതിരുകളോടുകൂടി, ഇടവിതാനത്തിൽ പൊങ്ങിനിൽക്കുന്നതായി പല അവസരങ്ങളിൽ കാണപ്പെട്ടിരുന്നു. തന്നിമിത്തം ക്രിസ്ത്യാനികൾ മാത്രമല്ല, അജ്ഞാനികളും പോലും ഒരു അത്ഭുതത്തെ കണ്ടു, ഏതൽകാലപ്രയുക്തം വിശ്വാസത്തിന്റെ സത്യത്തെ അനുസരിക്കുന്നതിനു ഇടവരുവാൻ തക്കവണ്ണം അവരെ അതിശയിപ്പിച്ചിരുന്നു. അവർ ആ ശ്ലൈഹിക കുരിശിനെ സന്ദർശിച്ചു വണങ്ങുകയും വിലപിടിച്ച കാഴ്ചകളെക്കൊണ്ടു അലങ്കരിക്കയും ചെയ്തിരിക്കുന്നു" ടി-പുസ്തകം ക്രമനമ്പർ—പാഠപുസ്തകത്തിൽ മയിലാപ്പൂരിലെ കുരിശിനേപ്പറ്റി ഇപ്രകാരം വർണ്ണിക്കപ്പെട്ടിരിക്കുന്നു. "ആ കുരിശു തോമാശ്ലീഹാ കുന്തത്താൽ കുത്തപ്പെട്ട മരിച്ച * ധനു ക്രമം—പാഠം- എല്ലാ കാലവും പാട്ടപൂജയുടെ സുവിശേഷം വായിപ്പാൻ തുടങ്ങുമ്പോൾ ആയതു ആദ്യം ഇരുട്ടും പിന്നീടു വളരെ ശോഭയോടെ പ്രകാശിച്ചും, പ്രത്യേകമായി (രക്തത്തുള്ളികൾ വീണ സ്ഥലത്തു)കാഴ്ചവെപ്പു അവസാനിച്ചാൽ ഏറ്റവും പ്രകാശിച്ചു രക്തത്തുള്ളികൾ പുറപ്പെട്ടുവിച്ചും, അവസാനത്തിൽ ക്രമാശചെയ്യുന്നതിനോടു കൂടി മുഴുവനും ശോഭയായി കുതിരുകൾ വീശി രക്തം വിയർപ്പായി വീഴുകയും, സ്വഭാവത്താലുള്ള നിറമായി അവസാനിക്കയും ചെയ്യുന്നു.വിശ്വാസികൾ വസ്ത്രംകൊണ്ടു ആ ചോരവിയർപ്പു ഒപ്പി എടുത്തു സംഗ്രഹിക്കുന്നു. അപ്രകാരം ഒപ്പിയെടുക്കപ്പെട്ടൊരുതുണി എനിക്കു ലഭിച്ചിട്ടുണ്ടു. ആയതു ചോരയിൽ മുക്കിയതുപോലെയിരിക്കുന്നു- അവയേക്കൊണ്ടു ദൈവം വലിയതായ അതിശയങ്ങൾപ്രവർത്തിച്ചു വരുന്നു. ഈ അതിശയം പോർട്ടുഗീസ് കാർ ഇൻഡ്യയിൽ വന്നിട്ടു ചിലകാലങ്ങൾക്കുശേഷം തുടങ്ങി"(Appendix V)

൪. തോമാശ്ലീഹാ തന്റെ വിയർപ്പാലെ തന്റെ സുവിശേഷത്തെ ടിയെ നനച്ചുവളർത്തിവന്നിരുന്നു എന്നു പറഞ്ഞതിന്റെ താല്പര്യം ഇതുതന്നെയാണു. മേൽപ്രകാരമുള്ള പ്രത്യക്ഷം കണ്ടിട്ടു അജ്ഞാനികൾ കൂടി സത്യവേദത്തിൽചേർന്നു എന്നു വരികിൽ ക്രിസ്ത്യാനികൾ സത്യവിശ്വാസത്തിൽ നിന്നും തെറ്റുവാനും ഇടയുള്ളതുകൊണ്ടു അനുസരിച്ച വിശ്വാസത്തിൽ നിന്നു തെറ്റി നശിച്ചു പോകുന്നതിനും പാടില്ലാത്തതാ

---

*　ഈ പുസ്തകം—ധനു ക്രമം—൨൦ നു- അല്ലെങ്കിൽ ൨൧—൨൦ നു- തോമാശ്ലീഹാ മരിച്ചു എന്നു ചില ചരിത്രകർത്താക്കന്മാർ പറയുന്നു തോമാശ്ലീഹാ മരിച്ചതു കുക്കടകം—൨൦ നു- യിലാണെന്നും സാക്ഷിയുണ്ടു. ആ ദിവസം തോമാക്രിസ്ത്യാനികൾ കടമായ്കൊണ്ടാടുന്നു. (റോളൻസ്മനു—൨൦പുറം നോക്കുക)

യിരുന്ന. മറ്റു ക്രിസ്ത്യാനിസമുദായങ്ങളുമായി സംസർഗ്ഗമില്ലാതിരുന്നതി നാൽ, തോമാശ്ലീഹാതന്നെ തന്റെ വിയർപ്പുകൊണ്ടു ഈ ക്രിസ്ത്യാനി ച്ചെടികളെ ഉണങ്ങിപ്പോകാതിരിപ്പാൻ അവയെ നനച്ചു വന്നിരുന്നു- മെനേസീസ് മെത്രാപ്പോലീത്താ തന്നെയും ഫലങ്ങൾ വരുന്നു പോകാതിരിപ്പാൻ,, എന്നു എഴുതിയിരിക്കുന്നു. അതിനാൽ അതേ വരെ അജ്ഞാനം അന്ധകാരവും ഇടത്തുട്ട എന്ന തീഷ്ണതയും കൊ ണ്ടു അവ വരണ്ടിട്ടില്ലെന്നു തീർച്ചപ്പെട്ടതാം, ആയ്തുകൊണ്ടു, ഒരു ഒരു സാക്ഷികൊണ്ടുമാത്രം തോമാനസ്രാണികളും തോമാശ്ലീഹായുടെ കാലം മുതൽ ഏതുമ്പോലപര്യന്തം സത്യവിശ്വാസത്തിൽ നിലനിന്നിരുന്നു എന്നു വേണ്ടപോലെ തെളിഞ്ഞിരിക്കുന്നു. എങ്കിലും ഉദിയംപേരൂർ സുനഹദോസുവരെ തോമാനസ്രാണികളും നെസ്തോറിയൻ ഇടത്തുട്ടിൽ അകപ്പെട്ടിരുന്നു എന്നു വാദിക്കുന്നവരുടെ വാദത്തെ ഖണ്ഡിക്കുന്നതിനും പ്രസ്തുത വിഷയത്തിനു കൂടുതൽ തെളിവു കൊടുത്തു അവരെ ലജ്ജിപ്പി ക്കുന്നതിനും ആയി താഴെപ്പറയുന്നവയെക്കൂടെച്ചേർക്കുന്നു.

Raulin ൪൪—ാം ഭാഗത്തിൽ ഉദിയംപേരൂർ സുനഹദോ സിനു എല്ലാവരും കൂടിയതിന്റെ ശേഷം റോമൻ കത്തോലിക്കാതി രുസ്സഭയുടെ കാനോനകളെ പ്രകാരം മെനേസീസ് മെത്രാപ്പോലിത്താ വിശ്വാസപ്രമാണം ചെയ്യുകയും ആ വിശ്വാസപ്രമാണം തന്നെ ടി. സുനഹദോസിനു കൂടിയ സുറിയാനിപ്പട്ടക്കാരും ജനങ്ങളും ചെയ്യുന്ന തിനു ടി. മെത്രാപ്പോലീത്താ ഗ്രഹിപ്പിക്കയും ചെയ്തു. അതിനു പട്ട ക്കാരും ജനങ്ങളുമപ്രകാരം പ്രതിവാദിച്ചു- "പണ്ടുതായി ഒരു വിശ്വാ സപ്രമാണം ചെയ്യുന്നതിനു ആവശ്യമില്ലെന്നും തങ്ങൾ വിശ്വാസികൾ ആകുന്നു എന്നും തങ്ങൾ ക്രിസ്ത്യാനികൾ ആണെന്നും, അതിനാൽ ഇതു തങ്ങളെ വൃഥാ നിർബ്ബന്ധിക്കുന്നതാണെന്നും എന്നു മാത്രമല്ലാ, തങ്ങൾ വിശ്വാസത്തിൽ ക്ഷയിച്ചു എന്നതുപോലെ തങ്ങൾക്കു അതുഅപമാനക രമാണെന്നും പറഞ്ഞു. അതിനു മെത്രാപ്പോലീത്താ വിശ്വാസപ്രമാണം ചെയ്യുന്നതു ഒരു പുതിയ കാര്യമല്ലെന്നും ന്യായമായി ആവശ്യപ്പെട്ട പ്പോൾ എല്ലാം തങ്ങളുടെ വിശ്വാസത്തെ അനുസരിച്ചു വെളിപ്പെട്ട ത്തുന്നതു എല്ലാവരുടേയും ചുമതലയാകകൊണ്ടു ആശ്ചര്യകരമല്ലെന്നും താൻ ചെറുപ്പംമുതൽ ക്രിസ്ത്യാനി എന്നുമാത്രമല്ല, കിഴക്കൻദിക്കുക ളുടെ അല്മായക്കുനും പിതാവും ആയിരിക്കെ, ഒരുത്തരും ആവശ്യപ്പെ ടാതെ താൻതന്നെ ഒന്നാമതായി വിശ്വാസ പ്രമാണംചെയ്തു എന്നും മറുപടി പറഞ്ഞു"(Appendix VI)

മേലെഴുതിയ വാദം കൊണ്ടുഉദിയംപേരൂർ സുനഹദോസിനുശ്രേ ടിയ സുറിയാനിക്കാരായ തോമാനസ്രാണികളും അതേവരെഇടത്തുട്ടിൽ ഉ ൾപ്പെട്ടിരുന്നു എന്നു ലേശം പോലും സംശയിച്ചിട്ടില്ലെന്നും യൂറോപ്യൻ

ന്മാർ തങ്ങളെ നെസ്തോറിയൻ ഇടത്തുട്ടുകാരെന്നു ദോഷപ്രഖ്യാപനം ചെയ്യുമെന്നുമുൻകൂട്ടി അവർകണ്ടതുപോലെയുംതോന്നുന്നു— അപ്രകാരം തന്നെ മെനേസീസ് മെത്രാപ്പോലീത്തായുടെ ഉത്തരംകൊണ്ടു തോമാനസ്രാണികൾ അവർ നെസ്തോറിയൻ ഇടത്തുട്ടുകാരായ്കൊണ്ടു അതിനെപേക്ഷിക്കുന്നതായ വിശ്വാസസത്യം ചെയ്യണമെന്നല്ലാ—പിന്നയൊ, ആ വിശ്വാസസത്യം സാധാരണ സുനഹദോസുകളിൽ ആവശ്യപ്പെട്ടന്ന മുറയ്ക്കു ചെയ്യുന്നതാണെന്നും, താനും തോമാനസ്രാണികളും ഒരേവിശ്വാസത്തിൽ നിൽക്കുന്ന ആളുകളാകുന്നു എന്നും സ്പഷ്ടമായി ഏറവു പറഞ്ഞിരിക്കുന്നു. എന്നാൽ അന്നുണ്ടായിരുന്നയൂറോപ്യന്മാരുടെ സാക്ഷ്യാല്ലുള്ള കരുതൽതോമാനസ്രാണികളുടേ മേലദ്ധ്യക്ഷതയെ അപഹരിക്കണമെന്നു മാത്രം ആയിരുന്നു. ൟ ഭാഗം Raulin ൽ൯—ാം പുറം കൊണ്ടുതെളിയുന്നു:— സൂനഹദോസിന്റെ അഞ്ചാം ദിവസം വിശ്വാസ കാര്യങ്ങളെ സംബന്ധിച്ചായിരുന്നു ആലോചന. എന്നാൽ തോമാനസ്രാണികൾവിശ്വാസത്തിൽ ക്ഷയിച്ചവരാകുന്നു എന്നും നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നും മറവുള്ളവരറിഞ്ഞാൽ അവക്കു ലജ്ജാവഹമായി തീരുമെന്നുകണ്ടു, ആ ദിവസം തോമാനസ്രാണികളല്ലാതെ അന്യരിൽ ഒരുത്തരും പോർത്തുഗീസുകാരായ ഔദ്യോഗികർ ക്രിയും പള്ളിയിൽ പ്രവേശിക്കരുതെന്നും കല്പിച്ചു, വാതലുകളും അടച്ചു, മെനെസീസ് മെത്രാപ്പോലീത്താമാത്രം വിശ്വാസ കാര്യങ്ങളിൽ ഉപദേശിക്കുവാൻ തുടങ്ങി," എന്നുഎഴുതിയിരിക്കുന്നു. (Appendix VII)

൭ ഇതാകുന്നു ചിരിക്കത്തക്ക നാടകം—സൂനഹദോസ് വരേയും തോമാനസ്രാണികൾ ഒട്ടുക്കു ഇടത്തുട്ടുകാരായിരുന്നു എന്നു ലേശം പോലും സംശയിക്കാതെ, യൂറോപ്യന്മാർ ആസകലം കൊട്ടി ഘോഷിച്ചു പ്രസിദ്ധപ്പെടുത്തുകയും, സൂനഹദോസിന്റെ രണ്ടാം ദിവസം ചെയ്ത വിശ്വാസ പ്രമാണത്താൽ അവർ നെസ്തോറിയൻ ഇടത്തുട്ടിൽനിന്നും തിരിയാമെന്നുപ്രസ്ഥാപിച്ചതിന്റെ ശേഷം അഞ്ചാം ദിവസത്തിൽ വിശ്വാസ കാര്യങ്ങളെപ്പറ്റി ആലോചിപ്പാൻ തുടങ്ങുന്നു എന്നും എന്നാൽ അവർ ഇടത്തുട്ടുകാരാകുന്നുഎന്ന ശേഷം പേരറിഞ്ഞാൽ അവക്കു ലജ്ജാവരുമെന്നു കരുതി ആ സംഗതിയൂറോപ്യന്മാരായ മറവാളുകളും യാതൊരുത്തരും അറിയാതിരിപ്പാൻ അന്യന്മാരെ ഒക്കെയും പുറത്താക്കി വാതലുകളും ഭദ്രമായി അടച്ചു. മെനെസീസ് മെത്രാപ്പോലീത്തായും തോമാനസ്രാണികളും മാത്രം ഇരുന്ന വിശ്വാസകാര്യങ്ങളെ ആലോചിപ്പാൻ തുടങ്ങുന്നു. ഇതുകൊണ്ടു അതുവരേയുംതോമാനസ്രാണികൾ ഇടത്തുട്ടുകാരാകുന്നു എന്ന അന്യന്മാർ യാതൊരുത്തരും അറിഞ്ഞില്ലെന്നും സ്പഷ്ടമായി തെളിയുന്നു. ഉദിയമ്പേരൂർസൂനഹദോസിൽ വിശ്വാസ കാര്യങ്ങൾ സംബന്ധിച്ചു ആലോചി

ച്ചതുകൊണ്ട് അവരു ഇടത്തുട്ടുകാരായിരുന്നു എന്നു വരുന്നതല്ലാ. എന്തെന്നാൽ റോമൻകത്തോലിക്കാ സഭയിൽ എല്ലാം സൂനഹദോസുകളിലും വിശ്വാസ കാര്യങ്ങളം സംബന്ധിച്ചു ആലോചിക്കയും നിയമങ്ങളം ഏർപ്പെടുത്തുകയും ചെയ്തുപതിവാണു. അതുകൊണ്ടു അപ്രകാരം ഒരു ആലോചന മാത്രമെ ഉദിയമ്പേരൂർ സൂനഹദോസിൽ വെച്ചു നടന്നിട്ടുള്ളു. കള്ളനെന്നു് അവലാധിപ്പെട്ട തൊണ്ടിയോടു കൂടി ഹാജരാക്കപ്പെട്ട ഒരുത്തനെ, അവനെ കള്ളനെന്നു ശേഷം പേർ വിചാരിക്കാതിരിപ്പാൻ വേണ്ടി കോർട്ടിൽ വെച്ചുഅല്ലാതെ രഹസ്യമായി വിസ്തരിച്ചു ജഡ്ജി വിധി പറയാറുണ്ടോ? തോമാനസ്രാണികളം എല്ലാവരും ഉദിയമ്പേരൂർ സൂനഹദോസ് വരെ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നു ലത്തീൻകാരായ എല്ലാവരും വിശ്വസിച്ചു പ്രസിദ്ധം ചെയ്തതിന്റെ ശേഷം അവരെ ആ ഇടത്തുട്ടിൽ നിന്നും മാറുന്നതിനുവേണ്ടി, മെനെസീസ് മെത്രാപ്പോലീത്താ രാജശക്തിയോടുകൂടി അവരെ ഉദിയമ്പേരൂർ പള്ളിയിൽ വിളിച്ചു കൂട്ടുകയും, Raulinഉദിയമ്പേരൂർ ചരിത്രം ൪൯ാം പുറത്തിൽ പറയുന്നപോലെ രാജമന്ത്രി, മജിസ്ത്രേട്ട, ശിപായികളം, മുതലായ സക്കാർ ഉദ്യോഗസ്ഥന്മാരുടെസന്നിധാനത്തോടുകൂടി സൂനഹദോസ് ആരംഭിക്കയും ചെയ്തിട്ട അവർനെസ്തോറിയൻ ഇടത്തുട്ടുകാരാണെന്നു ശേഷം പേർ അറിയാതിരിക്കുന്നതിനു അന്യന്മാരെ ഒക്കയും പുറത്താക്കി വാതിലുകളം ഭദ്രമായി അടച്ചു വിശ്വാസ കാര്യം ആലോചിപ്പാൻ തുടങ്ങി എന്നും മെനെസീസ് മെത്രാപ്പോലീത്ത തോമാനസ്രാണികളുടെ ലജ്ജയും അപമാനവും ഉണ്ടാകാതിരിപ്പാൻവേണ്ടി ഇപ്രകാരം രഹസ്യമായി ചെയ്യുമെന്നു അവരോടു മുൻപെ തന്നെ പറഞ്ഞുംകൊണ്ടു ഈ വിധം ചെയ്തിരിക്കുന്നു. മെനെസീസ് മെത്രാപ്പോലീത്തായുടെ ംരം പറഞ്ഞൊപ്പിനെ പാശ്ചാത്യലത്തീൻ ചരിത്രകർത്താക്കളം അറിഞ്ഞു തോമാനസ്രാണികളം ഇടത്തുട്ടുകാരാകുന്നു എന്നു ശേഷം ആളുകളെ അറിയിക്കാതിരിപ്പാൻ അദ്ദേഹം ഇപ്രകാരം ശ്രമിച്ചതു പോലെ തന്നെ തോമാനസ്രാണികളം നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നു പ്രസിദ്ധപ്പെടുത്തി വരുന്നവരൊക്കയും കണ്ടു പഠിച്ചു ചെയ്യേണ്ടതാകുന്നു. തദനന്തരം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം മുതൽ മെനെസീസ് മെത്രാപ്പോലീത്താ തെളിവായി വിവരിച്ചു എന്നു പറയുന്നു. ൨ാം ദിവസം നാം സംഘത്തിൽ ചെയ്ത വിശ്വാസപ്രമാണം നെസ്തോറിയൻ ഇടത്തുട്ടിനെ ഉപേക്ഷിക്കുന്നതായ പ്രത്യേകവിശ്വാസ പ്രമാണം അല്ലെന്നും സാധാരണ സൂനഹദോസുകളിൽ ചെയ്ത നടപ്പുള്ള ഒരു വിശ്വാസ പ്രമാണമാണെന്നും അപ്രകാരമുള്ള ഉപദേശ പ്രമാണമാണെന്നും തെളിയുന്നു. Raulin ൭൫ാം പുറത്തിൽ ആലങ്ങാട്ടു വെച്ചു മെനെസീസ് മെത്രാപ്പോലീത്താ പ്രസംഗം പൂർത്തിയിൽ വും വയസ്സു

പ്രായമുള്ള ഒരു പട്ടക്കാരൻ അദ്ദേഹത്തോട് ഇപ്രകാരം ചോദിച്ചു— "റോമാപ്പള്ളിയും ബാബേൽ പള്ളിയും തമ്മിൽ അധികാര മത്സരമല്ലാതെ വിശ്വാസകാര്യത്തിൽ യാതൊരു വ്യത്യാസവുമില്ലന്ന ഞങ്ങളുടെ മെത്രാന്മാരിൽ നിന്നും കേട്ടിട്ടുള്ളതു ശരിയാണൊ?" (Appendix VIII) ആ വന്ദ്യ ഗുരുവിന്റെ ചോദ്യത്തിന്റെ താല്പര്യം അധികാര മത്സരം ഉണ്ടൊ എന്നല്ല പിന്നയൊ, മലയാളത്തിലെ കൽദായ പള്ളിയെ,ഇൻഡ്യയിൽ ലത്തീൻ പള്ളികളുടെ തലവനായ ഗോവാ മെത്രാപ്പോലീത്തായുടെ അധീനതയിൽ ആക്കിത്തീർക്കണമെന്ന ലത്തീൻകാരായ അളുകൾ ശ്രമിക്കുന്നതല്ലാതെ, വിശ്വാസകാര്യത്തിൽ യാതൊരു തെറ്റുമില്ലന്നാണൊ ബാബേലിലെ കൽദായ മെത്രാന്മാർ തങ്ങളോടുപറഞ്ഞിട്ടുള്ളതു- ബാബേൽക്കാരായ കൽദായ മെത്രാന്മാർ തങ്ങളുടെ വിശ്വാസം റോമാപ്പള്ളി പഠിപ്പിക്കുന്ന വിശ്വാസത്തിൽ നിന്നു ഭിന്നിച്ചുല്ലെന്നും, ആ വീശ്വാസം തന്നെയാണു തങ്ങൾ ഉപദേശിക്കുന്നതെന്നും അതുലങ്ങാട്ടുകാരനായ വ്യാ വയസ്സു പ്രായമുള്ള ആ വന്ദ്യ ഗുരുവിന്റെ പ്രസ്താവനയിൽ നിന്നും വെളിവാകുന്നു. ഇതു കൊണ്ടും പ്രസ്തുത കാലം വരെ തങ്ങൾ നെസ്തോറിയൻ ഇടത്തുട്ടുകാരാണെന്ന തോമാനസ്രാണികൾ അറിഞ്ഞിട്ടില്ലായിരുന്നുഎന്നു പ്രത്യക്ഷപ്പെടുന്നു.

പത്രോസ് ജാറി എന്ന ഒരു ഇയ്യോ സഭക്കാരൻ ഇൻഡ്യാകാര്യങ്ങളുടെ നിക്ഷേപം എന്ന പുസ്തകം ൽ൪ാം പുറത്തിൽ തോമാനസ്രാണികളുടെ സത്യവിശ്വാസസ്ഥിരതയെപ്പറ്റി ഇപ്രകാരം വിവരിച്ചിരിക്കുന്നു.

"ശ്ലൂഹാ: തോമാ ശ്ലീഹാ ഇൻഡ്യയിൽ അറിയിച്ച ഓർശ്ശോമി ശീഹായിൽ ഉള്ള വിശ്വാസത്തിൽ ചേർന്നവരെ, സുവിശേഷ അറിയിപ്പുകാരൻ താൻ അറിയിച്ച വിശ്വാസത്തിന്റെ സാക്ഷീകരണത്തിനു ഒന്നാമതായിട്ടു താൻ തന്നെ ചിന്തിയ രക്തത്താൽ നനച്ചു കൊണ്ടു ആഴമായി ആ വിശ്വാസത്തെ അവരിൽ ഉറപ്പിച്ചു. എന്നാൽ മിശീഹായുടെ താൻ ജനിപ്പിച്ച എന്ന ഇവരിൽ മാത്രം തത്സമയം ആ വിശ്വാസ ലംഘനം കൂടാതെ നിലനിൽക്കുന്നതിനു മാത്രമല്ലാ പിന്നയൊ അവരുടെ പിൻഗാമികളിൽ കൂടിയും കൂടിനു നിലനില്പാൻ തക്കവണ്ണം ഇടവരുത്തി. ആയതിനാൽ (തോമാ നസ്രാണികളുടെ) പ്രധാന ശിരസ്സുകളും അംഗങ്ങളും വിഗ്രഹാരാധനക്കാരുടേയും അവിശ്വാസികളുടേയും ദൈവ വിരോധികളായ ജോനകരുടേയും ഇടയിൽ ജീവിച്ചിരുന്നാലും, വിഗ്രഹാരാധനക്കാരായ രാജാക്കന്മാരുടെ നടുത്താൽ ഞെരുക്കപ്പെട്ടിരുന്നാലും, ക്രിസ്ത്യാനികളുടെ നാമവും ലക്ഷ്യങ്ങളും വിശ്വാസത്തിന്റെ ആരംഭ കാലം മുതൽ ഇതു വരേയും കാത്തു". ജാറി തന്റെ പുസ്തകത്തിൽ, "ഉത്തമമായും ഇൻഡ്യ ഒട്ടുക്കു ഉള്ളതിൽ യഥാ

ചെയ്യാൻ ശീലിച്ചവരായും ഏ.ഡ.൩൦൦൦. ഭടന്മാരെ ശേഖരിക്കുന്നതിനു തക്ക ജന ബാഹുല്യം ഉള്ള സമുദായം വിശുദ്ധ തോമായുടെ രക്തസാക്ഷികാലംമുതൽ ക്രിസ്തു വേഷത്തിനു വഴങ്ങിയവരും (തന്നിമിത്തം വിശ്വാസത്തിലുള്ള സ്ഥിരതയ്ക്കു ലോകപ്രസിദ്ധന്മാരുമായ) ഇത്ര അധികംജനത്തെ പോർട്ടുഗൽ നാമത്തോടു യോജിപ്പിക്കുന്നതു എത്ര വലുതായ കാര്യമാകുന്നു എന്നു അറിയുന്നവർ, അതു രാജമഹത്വത്തിനു എത്ര പ്രയോജനമുള്ളതായി വരുമെന്നു ഗ്രഹിക്കുന്നു" എന്നും ടി. ഗ്രന്ഥകർത്താവുതന്നെ നൂറ്റാം പുറത്തിൽ "എന്നാൽ അവർ ഉത്സാഹശീലന്മാരും, തങ്ങളുടെ രക്ഷയിൽ വളരെ താല്പര്യമുള്ളവരും ആയിരുന്നതുകൊണ്ടു വളരെ ആളുകളെ മിശിഹായ്ക്കു ജനിപ്പിക്കുന്നതിനുമൊട്ടും പ്രയാസമുണ്ടായിരുന്നില്ല ... ... ഏതു സ്ഥലത്തെങ്കിലും പ്രസംഗിക്കുവാൻ തുടങ്ങുമ്പോൾ അവിടെ നാനാഭാഗങ്ങളിൽ നിന്നുംക്രിസ്ത്യാനികൾ ഓടി എത്തുവാൻ തക്കവണ്ണം പുണ്യശ്ലോകികളുടെ ബഹുമാനം അവരുടെ (൦രംശോസഭക്കാരുടെ) പേരിൽ ഉണ്ടായിരുന്നു. എന്തെന്നാൽ അവർ (തോമാനസ്രാണികൾ) ദൈവ വചന യാവനയിൽ കാംക്ഷികളായിരുന്നു" എന്നും എഴുതിയിരിക്കുന്നു. (Appendix IX)

തോമാ നസ്രാണികൾ തോമാ ശ്ലീഹായുടെ കാലം മുതൽ മിശിഹാ കർത്താവിന്റെ വിശ്വാസത്തിൻ അജ്ഞാനികളായ രാജാക്കന്മാരുടേയും ജോനകരുടേയും മറ്റും ഉപദ്രവങ്ങൾ തുടരെ ഉണ്ടായിരുന്നിട്ടും സ്ഥിരമായി നിന്നിരുന്ന എന്നു മെനെസീസ് മെത്രാപ്പോലീത്താ എഴുതിയിട്ടുള്ളതിനെ അനുകരിച്ചും അതിനെ പൂർവ്വാധിക്യം സ്ഥിരപ്പെടുത്തിയും ജാറി എന്ന ൦രംശോസഭക്കാരനും എഴുതിയിരിക്കുന്നു. എന്ന മാത്രമല്ലാ മേൽ വിവരിച്ച പ്രകാരം വിശ്വാസത്തിൽ കുറവു വരാതെ ഇരിപ്പാനും വിശ്വാസം നിലനിൽക്കുന്നതിനും വേണ്ടി തോമാശ്ലീഹാ തന്നെ വിശേഷ കടാക്ഷത്തോടെ, തോമാനസ്രാണികളുടെ വിശ്വാസത്തെ തന്റെ രക്തം കൊണ്ടു കുതിർത്തു നനച്ചു അതിനെ ആഴമാക്കി തീർത്തിരുന്ന എന്നും പറയുന്നു. പോർട്ടുഗീസുകാർ വന്ന സമയം ആയുധാഭ്യാസം ശീലിച്ചിട്ടുള്ള ഏ.൩൦൦൦ വിശ്വസ്ത ഭടന്മാരെ തൽസമയം ശേഖരിപ്പാൻ തക്കതായ ജനക്കൂട്ടം തോമാനസ്രാണികളുടേതു ആയിരുന്നു എന്നും, അവർ വിശ്വാസത്തിൽ വളരെ സ്ഥിരമുള്ളവരായിരുന്നു എന്നും വളരെ പ്രശംസിച്ചിരിക്കുന്നു അതിലും വിശേഷമായി പറയുന്നതു തോമാ നസ്രാണികൾ തങ്ങളുടെ രക്ഷയിൽ വളരെ ആഗ്രഹവും, ശുഷ്കാന്തിയും ഉള്ളവരാകുന്നു എന്നും ദൈവ വചനത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിൽ വളരെ അഗ്രഹമുള്ളവർ ആയിരുന്നു എന്നും, അവർ ദൈവ വചനത്തിനെ ശ്രവിക്കുന്നവർ മാത്രമല്ലാ, അവർ കേട്ട വചനമനുസരിച്ചു പ്രവർത്തിക്കുന്നവർ കൂടി ആയിരുന്നതിനാൽ, ൦രംശോസഭക്കാരായ സന്യാസികളുടെ പ്രസംഗങ്ങൾ

വളരെ ഫലവത്തായിരുന്നു എന്നും പ്രസ്ഥാവിക്കുന്നു ഭാഗങ്ങളാകുന്നു. മേൽ വിവരണങ്ങൾ കൊണ്ടു ഉദിയമ്പേരൂർ സൂനഹദോസ് വരെ, തോമാ നസ്രാണികൾ കത്തോലിക്ക് വിശ്വാസത്തിൽ സ്ഥിരതയുള്ളവിരും, വളരെ ശ്രേഷ്ഠാന്തിയുള്ളവരും സന്മാർഗ്ഗികളും ആയിരുന്നു എന്നു വെളിവാകുന്നുണ്ടല്ലൊ.

ന്യ. മഫേ യൂസിന്റെ ഇൻഡ്യാചരിത്രം ൨—ാം പുസ്തകം ൧൫—ാം പുറത്തിൽ തോമാ നസ്രാണികളെക്കുറിച്ചു ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു. "അപ്രകാരംതന്നെ ഇൻഡ്യയുടെ പലരാജ്യങ്ങളിലായി ചിതറിക്കിടക്കുന്ന വലിയജനക്കൂട്ടം ഏതൽക്കാലപയ്യന്തം, അയാളിൽ(ശുദ്ധ തോമാശ്ലീഹായിൽ) നിന്നു സ്വീകരിച്ച മിശിഹായുടെ മതവിശ്വാസങ്ങളെ ഉപേക്ഷിക്കാതിരിക്കുന്നു. ഏറിയപങ്കും ശ്ലീഹായിക്കുട്ടത്തതായിരിക്കുന്ന കർമ്മാചാരങ്ങളെ അവർ അനുഷ്ഠിക്കുന്നു. പിന്നെ രഹസ്യത്തെവളരെ ഭക്തിപൂർവ്വം അവർ വണങ്ങുന്നു. മരിക്കുമ്പോൾ അയതിനെ യാത്രപ്രകാരമായി കൈയ്യേറ്റുള്ളുന്നു. കർത്താവിന്റെ വരവിന്റെ നോമ്പും ൪൦ നോമ്പും ഉത്സാഹത്തോടെ കാക്കുന്നു. ദിവസെനയുള്ള സംഗീതജപവും കുമ്പിടാനയും നടത്തിയും കൊണ്ടുവരുന്നു. കർത്താവിന്റേയും പുണ്യവാളന്മാരുടേയും പെരുന്നാളുകളെ ശരിയായി ആഘോഷിക്കുന്നു. മറനേകം ആചാരങ്ങളെ പൂർവ്വികന്മാരുടെ ആചാരങ്ങളിൽ നിന്നും അനുസരിച്ചു വരുന്നു. മഹാ വിശ്വാസത്തിന്റേയും സ്ഥിരതയുടേയും സ്തുതിക്കു അവർ പാത്രീഭവിച്ചിരിക്കുന്നു. ഇപ്രകാരമുള്ള വിശ്വാസ സ്ഥിരത നിമിത്തം, മഹമ്മദീയരിൽ നിന്നും ക്രൂരത അനുഭവിച്ചിട്ടും അജ്ഞാനികളായ രാജാക്കന്മാരാൽ അടിമപ്പെട്ടുത്തപ്പെട്ടുകയും, കഷ്ടതകളും മറ്റു ദുഷ്ടനങ്ങളും അനുഭവിച്ചിട്ടും തങ്ങളുടെ ഭവനങ്ങളും വസ്തുക്കളും നഷ്ടപ്പെടുത്തപ്പെട്ടിട്ടും, അവയെ വിണ്ടെടുക്കുന്നതിനു വളരെ ദ്രവ്യവ്യയം ചെയ്വാൻ നിർബന്ധിതരായി തീർന്നിട്ടും, അവയെ എല്ലാം അവർ സഹിച്ചും കൊണ്ടു വിശ്വാസത്തെ കാത്തിരുന്നു (Appendix x)

മഫേ യൂസ് എന്നാ ഒരംശോ സഭക്കാരനായ ചരിത്രകർത്താവിന്റെ തോമാ നസ്രാണികളെ പ്പറ്റിയുള്ള പ്രശംസ, ജാറി എന്നാ ഒരംശോ സഭക്കാരന്റെ പ്രശംസയിൽ ഒട്ടുംതന്നെ കുറഞ്ഞ നിലയിൽ അല്ലെന്നു മുൻ പ്രസ്ഥാവിച്ചിരിക്കുന്നതിൽ നിന്നും തെളിവാകുന്നുണ്ടല്ലൊ. തോമാ നസ്രാണികളുടെ ദൈവാരാധനയുടെ നടപടിക്രമം ശ്ലീഹായുടെ കാലത്തതാകുന്നു എന്നും അവർ ഒരംശോമിശിഹായിലുള്ള വിശ്വാസം കാക്കുന്നതിൽ ബഹുശ്രദ്ധാലുക്കളായിരുന്നു എന്നും, വിശ്വാസം കാക്കുന്നതിനു വേണ്ടി ആദിമ ക്രിസ്ത്യാനികളെപ്പോലെ വളരെ കഷ്ടതകളും ഉപദ്രവങ്ങളും അനുഭവിച്ചിരുന്നു എന്നും മഫേയൂസ് വിവരി

ച്ചിരിക്കുന്നു. ഒരു ചരിത്രകർത്താവു ഇൻഡ്യാചരിത്രം എഴുതുവാൻ പോർട്ടുഗൽ രാജാവിനാൽ പ്രത്യേകം നിയോഗിക്കപ്പെട്ടവനും, ഉദിയമ്പേരൂർ സൂനഹദോസിനു ക്ഷ വർഷം മുമ്പുവരെ അതായതു ക്രിസ്തുവർഷം വരേയുള്ള ചരിത്ര സംഗതികളെപ്പറ്റിയുള്ള ഗ്രന്ഥനിബിതാവും ആകുന്നു. എന്നാൽ ഇദ്ദേഹവും തോമാനസ്രാണികളുടെ വിശ്വാസസ്ഥിതിയേപ്പറ്റി മെനെസ്സീസ് മെത്രാപ്പോലീത്തായും, പത്രോസ് ജാറിയും, എഴുതിയിട്ടുള്ളപോലെ തന്നെ സ്തുതിച്ചു പറയുന്നുണ്ട്. ഇങ്ങനെയിരിക്കെ, വാസ്തവവിരുദ്ധങ്ങളായ സംഗതികളെ അടിസ്ഥാനപ്പെടുത്തി തോമാനസ്രാണികൾ ഇടത്തുട്ടുകാരായിരുന്നു എന്നു സാധിപ്പാൻതുനിയുന്ന ചിലകണ്ടുപിടുത്തക്കാരുടെ ഹാസ്യപ്രദമായ മക്കടമുഷ്ടിയെപ്പറ്റി അത്യാശ്ചര്യപ്പെടാതെ എന്തുചെയ്യാം?

൬ പോർട്ടുഗൽ രാജാവായിരുന്ന എമ്മാന്യുവലിന്റെ ചരിത്രകാരനായ ഒസോരിയൂസ് എന്ന മഹാ ശാസ്ത്രജ്ഞൻ പ്രസ്തുത വിഷയത്തെപ്പറ്റി പറഞ്ഞിരിക്കുന്നതിനെ പരിശോധിക്കാം—അദ്ദേഹത്തിന്റെ മൂന്നാം പുസ്തകം ക്ഠ൦ പുറത്തിൽ പറഞ്ഞിരിക്കുന്നതാവിതു. "എന്നാൽ ക്രിസ്ത്യാനികൾക്കു ആലയങ്ങളും ഉണ്ടായിരുന്നെങ്കിലും അവർ അത്ര സമ്പന്നന്മാരല്ലായിരുന്നതിനാൽ ആ ആലയങ്ങളും അത്ര ഭംഗിയുള്ളവയായിരുന്നില്ല. ഞായറാഴ്ച തോറും കുർബാന കാണുന്നതിനും പ്രസംഗം കേൾക്കുന്നതിനും അവർ പള്ളിയിൽ കൂട്ടംകൂടിവായിരുന്നു. വ്യത്യാസമെന്യേ, എല്ലാവർക്കും ഇരുസദൃശത്തിലും ദിവ്യകാരുണ്യം കൊടുക്കപ്പെട്ടിരുന്നു. മുൻകൂട്ടി പാപസങ്കീർത്തനം കഴിച്ചു ആത്മാവിന്റെ മലിനതകളെ നീക്കിയല്ലാതെ ഒരുത്തനുംതന്നെ, കൈക്കൊൾവാൻ ഒരുങ്ങിയിരുന്നില്ലാ- മരണഭയമില്ലാത്ത കൂട്ടർക്കു ൽ൦ ദിവസത്തിനുമേൽ ജ്ഞാനസ്നാനം കൊടുക്കപ്പെട്ടിരുന്നു. ദേവാലയപ്രവേശനത്തിൽ നമ്മെപ്പോലെ' തന്നാൻ "വെള്ളം തളിച്ചുവന്നിരുന്നു. അവരുടെപക്കൽ സന്ന്യാസികളുടേയും കന്യാസ്ത്രീകളുടേയും കൂട്ടമുണ്ടായിരുന്നു. വിരക്തിയെ വളരെ ഉത്സാഹത്തോടെ കാത്തിരുന്ന പട്ടക്കാർ വിവാഹം ചെയ്തിരുന്നുവെങ്കിലും ഒന്നാമത്തെ ഭാര്യ മരിച്ചാൽ പുനർവിവാഹംനടപ്പില്ലായിരുന്നു. ഏവം വിധങ്ങളായ നടപടികളും തോമാശ്ലീഹായുടെ കാലം മുതൽ നടപ്പായിരുന്നു". (Appendix XI)

ഒസോറിയൂസിന്റെ വിവരണങ്ങളും ക്രിസ്ത്യൻ പ്രസിദ്ധപ്പെടുത്തപ്പെട്ട- ഒരു ചരിത്രകർത്താവും തോമാനസ്രാണികളുടെ ജീവിതത്തെപ്പറ്റി മത്തായൂസിനെപ്പോലെ എത്രയും ശരിയായും സത്യമായും വിവരിച്ചിട്ടുണ്ടു. —ആ ജീവിതം തോമാശ്ലീഹായുടെ കാലംമുതൽ ഉള്ളതായിരുന്നു എന്നും തീർച്ചയായും പറയാം.

വു മെനെസീസു ഒമ്രാപ്പോലീത്തായുടെ യാത്രാവിവരണം എ
ഴുതിയ അന്തോണിയൂസു ഗൊവ്വെയാ എന്നാ ചരിത്രകത്താവു തന്റെ
പുസ്തകത്തെപ്പറ്റിയുള്ള പ്രസിദ്ധപ്പെടുത്തി. അതിൽ ഇവ്വാം പുറം മു
തൽ താഴെപ്പറയും പ്രകാരം വിവരിച്ചിരിക്കുന്നു. "വീട്ടുതോറും വൈ
ദീകർ ഉണ്ടാകത്തക്കവണ്ണം അത്രധാരാളമായി പട്ടം കൊടുത്തിരുന്നു.
വൈദീകർ വെള്ളനിറത്തിൽ നീണ്ട അങ്കിയും വെള്ളയല്ലെങ്കിൽ കറു
ത്ത പുറം കുപ്പായവും ധരിച്ചിരുന്നു. നമ്മുടെ സന്യാസികളെ
പോലെ അവർ പട്ടം വിസ്താരമായി വടിച്ചിരുന്നു. ഞാറ്റുപട്ടം മുതൽ
എല്ലാവരും പള്ളിയിൽ നമസ്കാരത്തിന് വന്നിരുന്നു. കാനോനാ ജ
പം കൽദായഭാഷയിൽ ഉച്ചസ്വരത്തിൽ എത്തിച്ചിരുന്നു. ആയ്ച്ച ദിവസ
ത്തിൽ രണ്ടുപ്രാവശ്യം, പാതിരാകഴിഞ്ഞു മൂന്നുമണിക്കും ഉച്ചതിരിഞ്ഞു ൫
മണിക്കും എത്തിച്ചു വന്നിരുന്നു. ശനിയാഴ്ചതോറും മാംസവും ബുധനാ
ഴ്ചയും വെള്ളിയാഴ്ചയും മത്സ്യവുംകൂടിവജ്ജിച്ചിരുന്നു. അമ്പതുനോമ്പി
നിടയിൽ ദിവസേന ഒരു നേരം മാത്രം ഭക്ഷണം കഴിച്ചിരുന്നു അ
തുതന്നെയും സൂര്യാസ്തമനത്തിന് മേൽ മാത്രമായിരുന്നു. അമ്പതുനോ
മ്പ് ആരംഭിക്കുന്നതു അമ്പതാം ഞായറാഴ്ചമുതലാണു. ആ കാലം
മുഴുവൻ മൊട്ടയും പാലും ദ്രാക്ഷരസവും കൂടിവജ്ജിച്ചിരുന്നു. അപ്രകാ
രം തന്നെ സ്ത്രീസംഗവും വലിയ മുടക്കിൽ മഹരോൻകീഴ് വർജ്ജി
ച്ചിരുന്നു. അഞ്ചതുനോമ്പുകാലം മുഴുവനും ദിവസേന മൂന്നു പ്രാവശ്യം
അതിരാവിലേയും രാത്രിയിലും അർദ്ധരാത്രിയിലും പള്ളിയിൽ കൂടിയി
രുന്നു. എന്നാൽ രണ്ടു പ്രാവശ്യമെങ്കിലും വരാത്തവർ ഇല്ലായിരുന്നു.
കത്താവിന്റെ വരവിന്റെ നോമ്പും ഇപ്രകാരം തന്നെഅനുഷ്ഠിക്ക
പ്പെട്ടിരുന്നു. (Appendix XII)

അന്തോനിയൂസ് ഗോവെയ്യാ തോമാനസ്രാണികളുടെ ജീ
വിതക്രമത്തെപ്പറ്റി എഴുതിയിരിക്കുന്നതു മുൻപറഞ്ഞ ചരിത്രകത്താ
വിന്റേതുപോലെ തന്നേ മേൽവിവരിച്ചിടത്തോളം ശരിയായിരിക്കുന്നു.
മേൽപ്രകാരമുള്ള ഒരു ജീവിതാനുസരണം കൊണ്ടു ഉദിയംപേരൂർ സു
നഹദോസുവരെ അവർക്രിസ്തുമതമാർഗ്ഗാനുസരണത്തിൽ അതിതീക്ഷ്ണത
യോടും സ്ഥിരതയോടും പ്രവർത്തിച്ചിരുന്നു എന്നു വായനക്കാർക്കു നി
ഷ്പ്രയാസം മനസ്സിലാക്കാവുന്നതാണു. ഇപ്രകാരം അവർ അനവ
ത്തീച്ചുവരുവാൻ ഇടയായതു മെനസീസ് മെത്രാപ്പോലീത്തായുടെസാ
ക്ഷിയിൽ പറഞ്ഞിരിക്കുന്ന കാരണം തന്നെയാണു. അതായതു, തോ
മാശ്ലീഹാ തന്റെ വിയർപ്പുകൊണ്ടു ഒരു മുതിരിച്ചെടിയെനനച്ചു എ
ന്നും അതുകൊണ്ടു അയ്യാ സന്മാർഗ്ഗത്തിലും സത്യപ്രമാണത്തിലും സ്ഥി
രമായി നിന്നിരുന്നു എന്നും ഉള്ളതാകുന്നു. ഇതുവരെയും പറഞ്ഞി
രിക്കുന്ന സാക്ഷികൾ കൊണ്ടുതന്നെ തോമാനസ്രാണികൾ സത്യവി
ശ്വാസത്തിൽ സ്ഥിരതയുള്ളവരായിരുന്നുഎന്നു ബലമായി തെളിഞ്ഞിട്ടു

ണ്ടു. ഇനി മാപ്പിപ്പാമാരുടെ ഏപ്പാടുകൾകൊണ്ടും ഇതിനെ തെളിയിക്കാം.

൯ ഹർന്നൻ--ൽ ൮--ാം എവുജേനിയോസ് മാപ്പിപ്പാതോമാനസ്രാണികളുടെ ക്രിസ്ത്യാനിചക്രവർത്തിക്കു അയച്ച എഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.—ഞങ്ങൾക്കായിൽ നമുക്കേറവും പ്രിയ സുതൻ ഇൻഡ്യയുടെ പ്രകാശചക്രവർത്തി തോമായിക്കു ക്ഷേമവും ഭ്ലീഹായിക്കുട്ടത്ത ആശീർവാദവും

നിങ്ങളുടെശ്രേയസ്സും നിങ്ങളുടെ രാജ്യത്തിലെപ്രജകളും എല്ലാം സത്യക്രിസ്ത്യാനികളാകുന്ന എന്നുമുള്ള സ്ഥിരമായകേൾവിനമ്മുടെ പക്കൽപലപ്പോഴും വന്നിട്ടുണ്ടു് (Appendix XIII)

൮--ാം എവുജേനിയോസ് മാപ്പിപ്പായുടെ ഹർന്നൻ--ലെ ഈ എഴുത്തു തോമാനസ്രാണികളും സത്യകത്തോലിക്കർ എന്നു രുണ്ടതിൻവണ്ണം തെളിയിക്കുന്നു. എന്നുമാത്രമല്ല അവർ റോമ്മാമാപ്പിപ്പായുടെ നേരേയുള്ള ഏപ്പാടുകളെ കാത്തുവന്നിരുന്നു എന്നും തെളിയിക്കുന്നു.

൧൦ ഫ്രൻർവ്വ--ൽ ൯--ാ ക്ലെമെൻസ് എന്ന മാപ്പിപ്പാ മരിഞ്ഞോളി എന്നപ്രാൻസിസ്കൻ സഭമെത്രാനെ തന്റെ ദലഗാദായികൊല്ലത്തുണ്ടായിരുന്ന തോമാനസ്രാണികളുടെ പക്കൽ അയച്ചു എന്നും അവർ സന്തോഷപൂർവ്വം അദ്ദേഹത്തെ അംഗീകരിച്ചു, അദ്ദേഹത്തിന്റെ ചിലവിനു പ്രതിമാസം ൧൦൦ പൊൻപണവും, അദ്ദേഹം പോയപ്പോൾ ൧൦൦൦ പൊൻപണവും കൊടുത്തു എന്നും അദ്ദേഹം തന്നെ എഴുതിയിരിക്കുന്നു. അന്നുണ്ടായിരുന്ന ക്രിസ്ത്യാനികളായ തോമാനസ്രാണികളുടെ അടുക്കലാണു ൯--ാം ക്ലെമെൻസ് മാപ്പിപ്പാ, തന്റെ സ്ഥാനാപതിയെ അയച്ചതു അദ്ദേഹത്തെ ബഹുമാനപൂർവ്വം അംഗീകരിച്ചതുകൊണ്ടും അദ്ദേഹത്തിന്റെ ചിലവു നടത്തിയതു കൊണ്ടും അദ്ദേഹം പോയപ്പോൾ അദ്ദേഹത്തിനു അനവധി ദ്രവ്യം കൊടുത്തതുകൊണ്ടും അവർ സത്യക്രിസ്ത്യാനികൾ ആയിരുന്നു എന്നു തെളിയുന്നു.
(Appendix XIV)

മരിഞ്ഞോളിയെ സ്ഥാനാപതിയായി അയച്ച ക്ലെമെൻസ് മാപ്പിപ്പാ, ഇടത്തുട്ടുകാരുടെ പക്കൽ തന്റെ സ്ഥാനാപതിയെ അയക്കുന്നതു അസംഭവ്യമല്ലയോ?

൧൨ ഫ്രൻവ്വ--ൽ ൧൨--ാം യോഹന്നാൻ മാർപ്പിപ്പാ, പ്രാൻസിൽ ആവിഞ്ഞൻപട്ടണത്തിൽ നിന്നും ഡൊമിനിക്കോസ് സഭയിലെ ഒരു സന്യാസിയായ ജോർദ്ദാൻ എന്ന ദേഹത്തെ കൊല്ലത്തെ മെത്രാ

നായി വാഴിച്ചയച്ചു. ആകാലത്തു കൊല്ലത്തു തോമാനസ്രാണികൾ മാത്രമെ ഉണ്ടായിരുന്നൊള്ളു. അവർക്കു ഒരു മെത്രാനെ മാപ്പ്ാപ്പാ നിശ്ചയിച്ചു എങ്കിൽ അവർ കത്തോലിക്കു് ക്രിസ്ത്യാനികൾ ആയിരിക്കണമെന്നുള്ളതു അവിതർക്കിതമാണല്ലൊ- പ്രാൻസിസ്കൻ സന്യാസികൾ കൊല്ലത്തുവന്നസമയം കൽദായ മെത്രാന്മാർ അവിടെ ഇല്ലായിരുന്നതുകൊണ്ടു, അവർമുഖാന്തിരം ആ വിവരം ൬൫൩ യോഹന്നാൻ മാപ്പ്ാപ്പാ അറിഞ്ഞു ജോർജ്ജാൻ എന്ന ആളെ. മെത്രാനായി വാഴിച്ചയച്ചതാണു്. എങ്കിലും തദനന്തരം ന്യ-ാം ക്ലമൻസ്മാപ്പാപ്പാ, മരിഞ്ഞാളിയെ തന്റെ സ്ഥാനാപതിയായി അയച്ചതുകൊണ്ടു അക്കാലത്തു സൂറിയാനിമെത്രാന്റെയൊ മറ്റൊ ഒരുവാദം ഉണ്ടായിരുന്നു എന്നു ഊഹിക്കാം. ജോർജ്ജാൻ മെത്രാനെ ൬൫൩ യോഹന്നാൻ മാപ്പ്ാപ്പാ അയച്ച സമയം, നസ്രാണിത്തലവന്മാർ നസ്രാണി ജനത്തിനും ഒരു തിരുവെഴുത്തയച്ചിരുന്നു. അതിലെ താല്പര്യം:—"ജ്ഞാനസ്നാനത്തിന്റെ വെള്ളത്താൽ പുനർജ്ജന്മം സിദ്ധിച്ചിട്ടുള്ളവരായ സകലരുടേയും വിശ്വാസത്തിന്റെ പ്രകാശം അബദ്ധങ്ങളായ മേഘത്താൽ മങ്ങിപ്പോകാതിരിക്കുന്നതിനും, വിരുദ്ധങ്ങളെല്ലാം നീങ്ങിപ്പോകുന്നതിനും നാം പ്രാർത്ഥിക്കുന്നു. ശീശ്മയുടെ മായാത്രുപിയും മനഃപൂർവ്വമായ കരുടതാവും ക്രിസ്തുവിൽ വിശ്വസിക്കയും തൻ നാമത്തെ വണങ്ങുകയും ചെയ്യുന്നവരുടെ വിശ്വാസത്തെ കറപ്പെടുത്തുകയും ദൃഷ്ടിയെ അന്ധതപ്പെടുത്തുകയും ചെയ്യാതിരിക്കട്ടെ". (Appendix XV)

മാപ്പ്ാപ്പായുടെ തിരുവെഴുത്തിന്റെ അക്ഷരാർത്ഥപ്രകാരം തന്നെ തോമാ നസ്രാണികൾ സത്യക്രിസ്ത്യാനികൾ ആയിരുന്നുഎന്നു് വെളിവാകുന്നു. 'സകലരുടേയും വിശ്വാസത്തിന്റെ പ്രകാശം അബദ്ധങ്ങളായ മേഘത്താൽ മങ്ങിപ്പോകാതിരിക്കുന്നതിനും പ്രാർത്ഥിക്കേണ്ടതിനും നാം അപേക്ഷിക്കുന്നു. "മങ്ങിപ്പോകാതിരിപ്പാൻ" എന്നു പറയുന്നതുകൊണ്ടു വിശ്വാസത്തിന്റെ പ്രകാശം അതു വരെമങ്ങിയിട്ടില്ലായിരുന്നു എന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലൊ. അപ്രകാരം തന്നെ "വിശ്വാസത്തെ കറപ്പെടുത്തുകയും ദൃഷ്ടിയെ അന്ധതപ്പെടുത്തുകയും ചെയ്യാതിരിക്കട്ടെ" എന്നു പറയുന്നതുകൊണ്ടു ഏതൽകാലം വരെ വിശ്വാസം കറപ്പെടാതേയും ദൃഷ്ടി അന്ധതയെ പ്രാപിക്കാതെയും ഇരുന്നിരുന്നു എന്നു പ്രത്യക്ഷപ്പെടുന്നു. ഇതു കൂടാതെ ആ തിരുവെഴുത്തിന്റെ അവസാനത്തിൽ മഹ്യനരിമാരുടെനേരെ ഒരു ജനങ്ങളും മുമ്പേതന്നെ പ്രശോഭിച്ചിട്ടു വന്നിരുന്ന സല്കാര ശീലത്തിനുവേണ്ടി അവർക്കു നന്ദിപറകയും ചെയ്തിട്ടുണ്ടു്. ഇതും തോമാനസ്രാണികൾ കത്തോലിക്കാ ഐക്യതയിൽ നിലനിന്നിരുന്നു എന്നു വേണ്ടപോലെ തെളിവാകുന്നു-

ഫ്ര. ഫ്രഫ്രൻ-ൽ വ.ാം കലിസ്റ്റോസ് മാപ്പ്വാപ്പായുടെ ചരിത്രത്തിൽ വിവരിച്ചിട്ടുള്ള സംഗതികളും, തോമാ നസ്രാണികളും സത്യക്രിസ്ത്യാനികളായിരുന്ന എന്നു തെളിയിക്കുന്നു. മാപ്പ്വാപ്പായുടെ ചരിത്രത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു:—ഇൻഡ്യയിൽ നിന്നും പിന്നീട പാശ്ചിയക്കീസായ മൂന്നാം യോഹന്നാൻ എന്നൊരു മെത്രാപ്പോലീത്താ, പാല്യം വാങ്ങുവാനായി തന്റെ സ്പ്രഗാൻ മെത്രാനോടുകൂടെ കൂസ്തന്തീനൊപ്പോളിൽ എത്തുകയും റോമിൽ നിന്നും കൂസ്തന്തിനോപ്പിളിൽ വന്നിരുന്ന മാപ്പ്വാപ്പായുടെ സ്ഥാനാപതികളുമായി ഒരുമിച്ചു അവിടെനിന്നും റോമായിലേക്കു പോകയും ചെയ്തു. അവിടെ വച്ചു മാപ്പ്വാപ്പായോടു ശ്ലൂ: തോമാശ്ലീഹാ മൈലാപ്പൂരിലും മറ്റും ചെയ്തവരുന്ന അത്ഭുതങ്ങളെ ബോധിപ്പിക്കയും സത്യബോധപ്പെടുത്തുകയും ചെയ്തു.

൦രം യോഹന്നാൻ മെത്രാപ്പോലീത്തായുടെ യൂറോപ്പിലേക്കുള്ള യാത്രാവിവരണം ലത്തീൻ ഭാഷയിൽ പലരും സവിസ്തരം എഴുതീട്ടുണ്ട്. ജൻസേരോ, നെയ്ക്ലേരോ, എലീനാന്തോ, ഒദോനീസ് മബിലോനിയൂസ്, ലെകപീൻ മുതലായി പലരും പ്രസ്തുതവിഷയത്തെ വിവരിച്ചെഴുതീട്ടുള്ളതു കൂടാതെ അതിനെപ്പറ്റി വ.ാം കലിസ്റ്റോസ് മാപ്പ്വാപ്പായുടെ ചരിത്രത്തിലും വിസ്തരിച്ചിട്ടുണ്ട്. അതിനാൽ ഇതൊരു കെട്ടുകഥയാണെന്നു ലത്തീൻ ചരിത്രകർത്താക്കൾ ആക്ഷേപിക്കയില്ലെന്നു വിശ്വസിക്കുന്നു. റോളിൻ രണ്ടാം പുറം കാണുക.

അതുകൊണ്ടു ടി യോഹന്നാൻ മെത്രാപ്പോലീത്താ റോമൻ കത്തോലിക്കു ഐക്യതയിൽ ഉൾപ്പെട്ടിരുന്നു എന്നു തെളിവാണു. അതിനാൽ ആകാലത്തു ഇൻഡ്യയിൽ വസിച്ചിരുന്ന ക്രിസ്ത്യാനികളും (തോമാനസ്രാണികളും.) റോമൻ കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടിരുന്ന സത്യ ക്രിസ്ത്യാനികളും ആയിരുന്നു എന്നു നിർവ്വിവാദമായി തെളിയുന്നു.

അല്ലയൊ പ്രിയമുള്ള വായനക്കാരാ! ഇതുവരെ മേൽ എടുത്തു വിവരിച്ചതായ തെളിവുകൾ കൊണ്ടു മെനെസീസ് മെത്രാപ്പോലീത്താ ഉദിയമ്പേരൂർ സൂനഹദോസ് വിളിച്ചു കൂട്ടുന്നതിനായി അയച്ച ക്ഷണന വിളംബരത്തിൽ തെളിവായി പറഞ്ഞിരിക്കുന്നതു പോലെ "തോമാശ്ലീഹാ സുവിശേഷം അറിയിച്ച കാലം മുതൽ ഇതു വരേയും മിശിഹാകർത്താവിന്റെ വിശ്വാസത്തിൽ തോമാനസ്രാണി ജനത്തിൽ ഭ്രരിപക്ഷവും സ്ഥിരമായി നിന്നിരുന്നു. ശ്ലൂ: തോമാശ്ലീഹാ തന്റെ വിയപ്പാലെ നനച്ചു വളർത്തിയ ആ ചെടികൾ കത്തോലിക്കാ പഠിനത്തിന്റെ പോഷണക്കുറവിനാൽ വരണ്ടു പോകാതിരിക്കു

ന്നതിനു, അ ശ്രുപതയിൽ വരുന്നതിനു ഞാൻ നിശ്ചയിച്ചു." അതി നാൽ മെനെസീസ് മെത്രാപ്പോലീത്തായുടെ സാക്ഷിമാത്രം മതിയെ ന്നിരുന്നാലും, ആ സാക്ഷിയെ വിശദമാക്കുന്നതായ തെളിവുകൾ കൊ ണ്ടു അ ു സാക്ഷി ബലമായി സ്ഥിരപ്പെടുന്നു.

൪ ാം പ്രകരണം

തോമാനസ്രാണികളുടെ പള്ളി നടപടികൾ കൊണ്ടുള്ള തെളിവുകൾ

൧. ഉദിയമ്പേരൂർ സൂനഹദോസിന്റെ ഒന്നാം സംഘത്തിൽ ഒന്നാമതായി ചെയ്തതിച്ചു. Raulin ന്റെ ചരിത്രത്തിൽ ന൪ ാം പുറത്തിൽ പറയുന്നതുപോലെ, ശീശ്മ നീക്കുന്നതിനായിട്ട ഒന്നാമത്തെ പൂജ അന്നയ്യണമെന്നായിരുന്നു. രണ്ടാം സംഘത്തിൽ ഒന്നാം ടെക്രേത്തിൽ ത്രെന്തോസ് സൂനഹദോസിലെ നിശ്ചയപ്രകാരമുള്ള വിശ്വാസ സത്യം ചെയ്യണമെന്നായിരുന്നു. ൦രം വിശ്വാസപ്രമാണത്തെ ഒന്നാമതായി മെനെസീസ് മെത്രാപ്പോലീത്താ ഉച്ചരിക്കയും അനന്തരം, ശേഷം വൈദീകരായ, ലത്തീൻ സുറിയാനിക്കാർ തുടന്നു പറകയും ചെയ്തു. ൦രം വിശ്വാസ പ്രമാണത്തിൽ നെസ്തോറിയസ്സിനേയും മറും ശപിക്കയും കന്യാസ്ത്രീമറിയത്തിനെ മിശിഹായുടെ മാതാവെന്നു വിളിച്ചുകൂടായെന്നും ദൈവത്തിന്റെ മാതാവെന്നു വിളിക്കണമെന്നും വിശ്വാസസ്ഥരു ചെയ്യപ്പെട്ടു. ൦രം വിശ്വാസപ്രമാണം നെസ്തോറിയസ്സിനെ ഉപേക്ഷിക്കുന്ന വിശ്വാസപ്രമാണമാണെന്നു വരികിൽ ആയതു മെനെസീസ് മെത്രാപ്പോലീത്തായും ശേഷം ലത്തീൻ സുറിയാനി വൈദീകരും ഒരുപോലെ ചെയ്തിട്ടുള്ളതാണു. എല്ലാ സൂനഹദോസുകളുടേയും ആരംഭത്തിൽ ഒരു വിശ്വാസ സത്യം ചെയ്യണമെന്നു റോമൻ കത്തോലിക്കാ പള്ളിയുടെ നിയമമായിരിക്കുന്നു. അവിധമായ ഒരു വിശ്വാസസത്യമാണു ഉദിയമ്പേരൂരിൽ വെച്ചു ചെയ്യപ്പെട്ടതു. തോമാനസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാർ ആയിരുന്നുവെങ്കിൽ, റോമൻ കത്തോലിക്കാപ്പള്ളിയുടെ കാനോനകൾ അനുസരിച്ചു നെസ്തോറിയൻകാരായ ഇടത്തുട്ടുകാരുടെമേൽ വീണിരുന്ന മഹറോൻ മുതലായ ശിക്ഷകളിൽ നിന്നു അവരെ വിടുത്തി, അവർ അനുസരിച്ചിരുന്ന ഇടത്തുടിനെ ഉപേക്ഷിക്കുന്നതായ വിശ്വാസസത്യം ചെയ്യിച്ചതിന്റെ ശേഷം, സൂനഹദോസ് ആരംഭിക്കയും, ക്രമാശ പ്രവൃത്തികൾ കൈക്കൊള്ളുകയൊ കൊടുക്കയൊ ചെയ്യുകയുംചെയ്വാൻ അവർ കട

പ്പെട്ടിരുന്നു. എന്നാൽ ആദ്യത്തെ സംഘത്തിൽ ഇതൊന്നും ചെയ്യാതെ, നിശ്ചയിച്ചതു, സൂനഹദോസിന്റെ ഇന്നത്തിനുവേണ്ടി, പട്ടക്കാർ ദിവസേന കുമ്പാനചൊല്ലണമെന്നും ക്ലേറിമാരും (ശമ്മാശന്മാർ, ജനങ്ങളും കുമ്പസാരിച്ചു കുമ്പാന കൈക്കൊള്ളണമെന്നും ആയിരുന്നു. ഒരു തീച്ച് അനുസരിച്ചു അനുതപിക്കുന്നു പാടുള്ളവർ എല്ലാവരുംകുമ്പാനചൊല്ലുകയും കുമ്പസാരിച്ചു കുമ്പാന കൈക്കൊള്ളുകയും ചെയ്തതായി കാണുന്നു. അതിന്റെ ശേഷം രണ്ടാം ദിവസവും കുമ്പാനകുമ്പസാരങ്ങൾ മുതലായവ നടന്നതിന്റെ ശേഷമത്രെ രണ്ടാം സംഘം ആരംഭിക്കയും മേൽപ്രകാരമുള്ള വിശ്വാസ സത്യം ചെയ്കയും ചെയ്തതു. അതുകൊണ്ടു ആ വിശ്വാസ സത്യം നെസ്തോറീസ് ഇടത്തുടിനെ ഉപേക്ഷിക്കുന്നതായ ഒരു പ്രത്യേക വിശ്വാസ സത്യമാണന്നു വിചാരിപ്പാൻ പാടില്ലാ. മേൽ വിവരിച്ച പ്രകാരം ദിവ്യക്രുദാശകർമം നടത്തിവന്ന ജനത്തിനെ നെസ്തോറിയൻ ഇടത്തുട്ടുകാരെന്നു വിധിപ്പാനും പാടില്ലാ- അല്ലാത്തപക്ഷം ആ വിശ്വാസ സത്യം ചെയ്തവരായ മെനേസീസ് മെത്രാപ്പോലീത്തായേയും, ശേഷം ലത്തീൻകാരായ വൈദീകരേയും നെസ്തോറിയൻ ഇടത്തുട്ടുകാരായി വിധിക്കേണ്ടിവരുന്നു. Raulin ഉദിയംബേത്തർ സൂനഹദോസിന്റെ ചരിത്രത്തിൽ പറയുന്നപോലെ നെസ്തോറീസ് ഇടത്തുട്ടുകാരാകുന്നു എന്നു പറയുന്നതോമാനസ്രാണികളുടെ പള്ളികളിൽ ഉദിയമ്പേത്തർ സൂനഹദോസിനു വും വർഷം മുമ്പു മുതൽ പോർട്ട്ഗീസുകാരായ സന്യാസ പട്ടക്കാരും അവരെനി പ്പട്ടക്കാരും പ്രസംഗങ്ങൾ പറയുകയും കുമ്പാന കുമ്പസ്സാരം മുതലായ ദൈവീക കർമ്മങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നു കാണുന്നു. മരിക്കുന്നതു വരേയും നെസ്തോറിയൻ ഇടത്തുട്ടുകാരനായിരുന്നു എന്നു പറയപ്പെട്ടിരിക്കുന്ന അങ്കമാലി ശ്രേഷ്ഠയുടെ മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ സിംഹാസന പള്ളിയിൽ തന്നെയും ഒരുശോ-സഭക്കാരായ സന്യാസികൾ ന്യായാർഥ്യ മുതലായ കടമുള്ള ദിവസങ്ങളിൽ സാധാരണയായി പ്രസംഗം പറഞ്ഞു വന്നിരുന്നു എന്നു അറിയാവുന്നതാണു. എന്നു തന്നെയുമല്ല- ഉദിയമ്പേത്തർ സൂനഹദോസിനു മുമ്പായി മെനെസീസ് മെത്രാപ്പോലീത്തായും നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്ന എന്നുപറയുന്ന തോമാനസ്രാണികളുടെ പള്ളികളിൽ പോകയും, ശുദ്ധ: ക്രുദാശകളായ മുമ്പിലത്തെ പ്രവൃത്തികൾ, കുമ്പാന മുതലായ തിരുക്കർമ്മങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെന്നും, അതിലും പ്രത്യേകമായി തിരുപ്പട്ടം എന്ന ക്രുദാശപ്രവർത്തികളും ടി. പള്ളികളിൽ വച്ചു നടത്തിയതായും കാണുന്നു. അപ്രകാരം തന്നെ നെസ്തോറിയർ എന്നുപറയുന്ന തോമാനസ്രാണികളായ വൈദീകർറോമൻകത്തോലിക്കരായ ലത്തീൻകാരുടെ പള്ളികളിൽ കുമ്പാനചൊല്ലുകയുംകുമ്പസാരം മുതലായ ദിവ്യക്രുദാശകർമം കൈയ്ക്കൊള്ളുകയും ചെയ്തതായി കാണുന്നു. റോമൻ കത്തോലിക്കാ പള്ളിയുടെ കാനോനാകെ

ം അനുസരിച്ചു, ഇടത്തുട്ടുകാക്കു തങ്ങളുടെ പള്ളികളിൽ ദിവ്യക്രുർബാശക
ംനടത്തുന്നതിനു അനുവദിപ്പാൻ പാടില്ലാത്തതുകൊണ്ടു. അപ്രകാരം ത
ന്നെ ഇടത്തുട്ടുകാരുടെ പള്ളികളെ ശുദ്ധമാക്കാതെ അവയിൽ ദിവ്യക്രു
ർബാശകം നടത്തുന്നതിനു മടുക്കപ്പെട്ടുമിരിക്കുന്നു. മേൽപ്രകാരമുള്ള ക
ല്പനകളെ നടത്തിയതും, അവയെ കൊടുത്തതും കൈയ്യൊണ്ടതും റോ
മൻ കത്തോലിക്കാ പള്ളിയുടെ കാനോനാകൾപ്രകാരം ഇടത്തുട്ടുകാ
രുടെ വിശ്വാസത്തെ ഉപേക്ഷിക്കുന്നതായ വിശ്വാസസത്യം ചെയ്തി
ച്ചതിന്റെ ശേഷമെ, അവർ വീണ്ടിരുന്ന മഹാറോൻ മുതലായ ശി
ക്ഷകളിൽനിന്നും അവരെ വിമുക്തരാക്കിയശേഷമൊ, ആയിരുന്നു എ
ന്നു Raulín ആദിയായ ചരിത്രകർത്താക്കൾ പ്രസ്താവിച്ചിട്ടില്ല. അതു
കൊണ്ടു തോമാനസ്രാണികൾ റോമൻ കത്തോലിക്കാ വിശ്വാസിക
ൾ ആയിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതുണ്ടൊ?

൨. ഇതുകൂടാതെയും തോമാനസ്രാണികൾ, പോർട്ടുഗീസ്കാരായ റോ
മൻ കത്തോലിക്കർ മലയാളത്തിൽ വന്നുതുടങ്ങിയ കാലം മുതൽ റോമ
ൻ കത്തോലിക്കാപള്ളിയുടെ ഉപദേശങ്ങളും വിശ്വാസസംബന്ധമായ
പഠിനങ്ങളും യാതൊരു അപവാദവുംകൂടാതെ അനുസരിച്ചിരുന്നു. എ
ന്നു Raulin ന്റെ ഉദിയമ്പേരൂർ ചരിത്രം ൧൮-ാം പുറത്തിൽ പ്രസ്താ
വിക്കപ്പെട്ടിരിക്കുന്നു. ഉദിയമ്പേരൂർ സൂനഹദോസിനു ഏകദേശം ൩൦
സംവത്സരം മുമ്പു്, പ്രംസിസ്കോസ് സഭക്കാരനായ വിഞ്ചെൻസ്
എന്നൊരു സന്യാസി, തോമാനസ്രാണികളുടെ പ്രധാന സ്ഥലമായ
കൊടുങ്ങല്ലൂരിൽ ഒരു ഉപദേശ ശാല ഏർപ്പെടുത്തുകയും, പിന്നീടു അ
വിടെ ഒരു സിമ്നാരി സ്ഥാപിക്കയും അവകളിൽ തോമാനസ്രാണി
കുട്ടികളെ വേദോപദേശം പഠിപ്പിക്കയും, ലത്തീൻഭാഷ അഭ്യസി
പ്പിച്ചു ലത്തീൻ രീത്തിൻ പ്രകാരം ദുരുപ്പട്ടം കൊടുക്കയും ചെയ്യുവ
ന്നിരുന്നതായി Raulin പ്രസ്താപിച്ചിരിക്കുന്നു. തോമാനസ്രാണിക
ൾ ഇടത്തുട്ടുകാരായിരുന്നു എങ്കിൽ അവരുടെ കുട്ടികളെ മേൽപ്രകാര
മുള്ള ഉപദേശങ്ങൾകൊടുക്കയൊ, ലത്തീൻ രീത്തിൻപ്രകാരം പട്ടം
കൊടുപ്പിക്കയൊ ചെയ്കയില്ലായിരുന്നു എന്നുള്ളതു നിർവ്വിവാദമാണു.
അതുകൊണ്ടു, അതുവരെ രീത്തിനടുത്ത ഒരു വലിയ മത്സരം പോലും
അവരിൽ ഉൽഭ്രതമായിട്ടില്ലായിരുന്നു എന്നു പ്രത്യക്ഷപ്പെടുന്നു.

അനന്തരം വയ്പിക്കോട്ട എന്നു പറയുന്ന ചേന്നമംഗലത്തു ഒരു
ശോ സഭക്കാർ ഒരു സെമിനാരി ഏർപ്പെടുത്തുകയും, തോമാനസ്രാണി
കളുടെ കുട്ടികളെ സുറിയനി, ലത്തീൻ ഈരണ്ടു ഭാഷകളും പഠിപ്പി
ക്കയും, നെസ്തോറിയൻകാരൻ എന്നു വിളിക്കപ്പെട്ടിരിക്കുന്ന അബ്രാഹം
മെത്രാനെക്കൊണ്ടു തന്നെ പലപ്പോഴും ഓർഡർകൊടുപ്പിക്കയും ചെയ്തിട്ടു
ണ്ടു. എന്നുമാത്രമല്ലാ, ഉദിയമ്പേരൂർ സൂനഹദോസിനു ഏകദേശം
൩൦. വത്സരങ്ങൾക്കു മുമ്പുമുതൽ "ക്ഷത്രങ്ങൾപോലെ"യിരുന്ന തോ

മാനസ്രാണികളുടെ പള്ളികളെ, നമ്മുടെ പള്ളികളേപ്പോലെ ശ്രാദ്ധീകരിച്ചു വന്നിരുന്ന എന്നും Raulin ആ പുസ്തകത്തിൽതന്നെ പ്രസ്താവിച്ചിരിക്കുന്നു (Appendix XVI)

മേൽ വിവരിച്ചതിൽ നിന്നും, വിഞ്ചെൻസ് പാതിരി തോമാനസ്രാണിക്കുട്ടികളെ വേദോപദേശങ്ങളും പഠിപ്പിക്കയും ലത്തീൻ ക്രമപ്രകാരം പട്ടം കെട്ടുകയും ചെയ്ത കാലത്തു തോമാ നസ്രാണികളുടെ പള്ളികളും ക്ഷേത്രങ്ങളും പോലെ ആയിരുന്നു. എന്നാൽ അവയെ അവരുടെ രീതിപ്രകാരം പരിഷ്കരിച്ചു പണിയിച്ചതിന്റെ ശേഷം നെസ്തോറിയൻ ഇടത്തുട്ടിനു ചേരുന്നതായ നടപടികളെ ഉദിയമ്പേരൂർ സൂനഹദോസിൽ കൂടിയ മെനേസീസ് മെത്രാപ്പോലീത്തായും ശേഷം വൈദീകരും കണ്ടുപിടിച്ചു എന്നു പറയുന്നതിൽ അൽപ്പം ആശ്ചര്യം ജനിക്കാത്തതു? വിഞ്ചെൻസ് സന്യാസി പള്ളികളും ക്ഷേത്രങ്ങളും പോലെ എന്നു പറയുന്നതല്ലാതെ നെസ്തോറീസ് ഇടത്തുട്ടിന്റെ സംഗതിയേപറ്റി ഒന്നുംതന്നെ പ്രസ്താവിക്കുന്നില്ല. എന്നു മാത്രമല്ല അവരുടെ പള്ളികളേപ്പോലെ ആക്കി എന്നു പറഞ്ഞതുകൊണ്ടു, നെസ്തോറീസ് ഇടത്തുട്ടിനടുത്തതായ വിശ്വാസവിരുദ്ധം അവരിൽ ലേശംപോലും ഉണ്ടായിരുന്നില്ലെന്നു വെളിപ്പെടുന്നു.

൯. ൦രം സംഗതിയെ നിർവ്വിവാദമായി തെളിയിക്കുന്നതിനു ഫ്രർ൨-ൽ കൊച്ചിയിൽ വന്നിറങ്ങിയ മഹാ പുണ്യവാളനാ, മഹാ ശാസ്ത്രജ്ഞനും, രൂഹാദക്കുദശായുടെ വരത്താൽ പഠിക്കാത്ത ഭാഷകൾ സംസാരിപ്പാൻ കഴിവുണ്ടായിരുന്നവനും, അത്ഭുതിയെ തിരിച്ചറിവാൻ വിശേഷ ദൈവാനുഗ്രഹത്താൽ പ്രാപ്തനും ആയിരുന്ന ശ്ലൂഹ: ശ്ലൂരിയാർ പുണ്യവാളന്റെ സാക്ഷിയേ താഴേ ചേർക്കുന്നു. അദ്ദേഹം പോർട്ടുഗൽ രാജാവിനു എഴുതിയ എഴുത്തു Coleridge ന്റെ ചരിത്രത്തിൽ ൨൨-൦ ൨൩-൦ ഭാഗങ്ങളിൽ ചേർത്തിട്ടുള്ളതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. (അന്നിവിടെ ഉണ്ടായിരുന്ന കൽദായക്കാരനായ മാർ യാക്കോബ് ആണ്മനാ എന്ന മെത്രാനേക്കുറിച്ചു യൂറോപ്യന്മാർ സാധാരണയായി എഴുതിട്ടുള്ളതു അദ്ദേഹം നെസ്തോറിയൻ ഇടത്തുട്ടുകാരനായിരുന്നു എന്നാകുന്നു. ഇദ്ദേഹത്തെക്കുറിച്ചാണ് ശ്ലൂരിയാർ പുണ്യവാളൻ എഴുതുന്നതു) "ഇദ്ദേഹം (മാർ യാക്കോബ്) തോമാനസ്രാണികൾക്കുവേണ്ടി വളരെ ബുദ്ധിമുട്ടുകളെ സഹിച്ചവനും, തന്റെ വാർദ്ധക്യപ്രായത്തിലും. നമ്മുടെ പരിശുദ്ധ മാതാവായ റോമാതിരുസഭയുടെ രീതികളേയും. ക്രമങ്ങളേയും വളരെ അനുസരണയോടുകൂടി കാണ്മാനവനും ആകുന്നു.....അങ്ങോക്കു, ഇദ്ദേഹത്തിനേപോലെ, ദൈവത്തിനു ഇഷ്ടമുള്ളവനായ ഒരാളുടെ നന്മനസ്സും, മദ്ധ്യസ്ഥതയും കൊണ്ടു പ്രത്യേക ആവശ്യമുണ്ടു. എന്നാൽ അങ്ങിനെ ഒരു ഉപകാ

രത്തെ ഞാനിപ്പോൾ പ്രസ്താവിച്ചിരിക്കുന്നതു പോലെ ഉള്ള ഒരു കരുണപ്രവൃത്തികൊണ്ടു നിങ്ങൾക്കു സമ്പാദിപ്പാൻ കഴിയും"
(Appendix-XVII)

ചിഞ്ചൻസ് പാതിരി തോമാനസ്രാണികളിൽ നെസ്തോറിയൻ ഇടത്തുട്ട കാണാഞ്ഞതുപോലെ തന്നെ ശവരിയാരു പുണ്യവാളനും, യുറോപ്യന്മാരായ ലത്തീൻ പരിഷ്കർത്താക്കന്മാർ നെസ്തോറിയൻ ഇടത്തുട്ടുകാരനാക്കി തീർത്തിട്ടുള്ള മാർ യാക്കോ ആബൂനാ എന്ന പേരായ കൽദായ മെത്രാനിലും, തോമാനസ്രാണികളിലും യാതൊരു നെസ്തോറിയൻ ഇടത്തുട്ടും കണ്ടില്ല, എന്നു മുൻ വിവരിച്ചതിൽനിന്നും തെളിയുന്നു. എന്നു തന്നെയുമല്ല പേരും മലയാളത്തിൽ അന്നിവിടെ ഉണ്ടായിരുന്ന എല്ലാ ലത്തീൻ സുറിയാനി ജനങ്ങളിലും ദൈവത്താൽ ഒരുമിച്ചുള്ളപ്പെട്ടവനും, വിശ്വാസ്തനായ മാർ യാക്കോബ് ആബൂനാ എന്ന കൽദായ മെത്രാനെ ശവരിയാരു പുണ്യവാളൻ സാക്ഷിപ്പെടുത്തുന്നു. അദ്ദേഹത്തെ മനസ്സു തിരിച്ചതായിട്ടോ, അദ്ദേഹം മനസ്സുതിരിഞ്ഞതായിട്ടോ യാതൊരു ചരിത്രക്കാരും പ്രസ്താവിച്ചു കാണുന്നില്ല. എന്നാൽ മാർ യാക്കോബ് ആബൂനാ എന്ന തോമാനസ്രാണികളുടെ കൽദായ മെത്രാൻ തന്റെ കൽദായ പാത്രിയർക്കീസിനു ക്രിസ്തു-ൽ എഴുതിയ എഴുത്തിൽ പോർട്ടുഗീസുകാരായ ലത്തീൻകാർ മലയാളത്തിൽ വന്ന ഉടനെ തന്റെ പള്ളികളിൽവന്നു എന്നും, താൻ അവരുടെ സ്ഥലത്തു പോയി എന്നും തന്റെ രീത്തും പ്രകാരമുള്ള കുർബാന കാര്യാദികളും പോർട്ടുഗീസുകാർ തന്നെക്കൊണ്ടു നടത്തിച്ചു എന്നും പള്ളിക്കെട്ടുത്തതായ വസ്ത്രാഭരണങ്ങളും മറ്റും അവർ തങ്കിക്കു ദാനം ചെയ്തു വളരെ ബഹുമാനിച്ചു എന്നും എഴുതിയിരുന്നു, അതുകൊണ്ടു അക്കാലത്തു പോർട്ടുഗീസുകാരായ ലത്തീൻകാരും, കൽദായക്കാരനായ മാർ യാക്കോബ് ആബൂനാ മേത്രാനും അദ്ദേഹത്തിന്റെ കീഴിലുള്ളവരായ തോമാനസ്രാണികളും ഒരേ വിശ്വാസക്കാരായിരുന്നു എന്നു തെളിയുന്നു. അപ്പഴൊ ഏവം വിധങ്ങളായ വിവരങ്ങളും മെനേസിസ് മെത്രാന്റെ സഭയിൽ ഉൾപ്പെട്ടവനായ Raulin തന്നെ എഴുതിയിരിക്കുന്നതുകൊണ്ടു തോമാനസ്രാണികളും നെസ്തോറിസ്കാർ അല്ലായിരുന്നു എന്നു വേണ്ടതിൻവണ്ണം തെളിയുന്നു- അല്ലാത്തപക്ഷം പോട്ടുഗീസ്കാർ എന്നു വേണ്ടാ, ഏതൽക്കാലത്തെ കത്തോലിക്കരായ ഇംഗ്ലീഷ് വൈദീകരും അന്യ മതസ്ഥരുടെ പള്ളികളിലൊ പള്ളിക്കൂടങ്ങളിലൊ പ്രവേശിച്ചു കാര്യങ്ങളും നടത്തുകയൊ വേദോപദേശം പഠിപ്പിക്കയൊ ചെയ്തതായി ഒരു ദൃഷ്ടാന്തംപോലും കാണിച്ചാൽ തോമാനസ്രാണികളും ഇടത്തുട്ടുകാരായിരുന്നു എന്നു സമ്മതിക്കാം. ഇംഗ്ലീഷ് പ്രോട്ടസ്റ്റാൻറുകാരായ വൈദീകർ തങ്ങളുടെ രാജശക്തിയോടു കൂടി മലയാളത്തിൽ വേലചെയ്തു തുടങ്ങീട്ടു രണ്ടു നൂറാണ്ടുകളും കഴിഞ്ഞിരി

ക്കുന്നു. പ്രത്യേക ധനസഹായത്തോട് കൂടി കോട്ടയത്തും മറ്റും ഉള്ള യാക്കോബായ പുത്തൻക്രമക്കാരെ തങ്ങളുടെ മതത്തിൽ ചേർക്കുന്നതി നായി അവർ വേണ്ടവേല ചെയ്തുവെങ്കിലും കോട്ടയത്താക്കട്ടെ മറ്റു സ്ഥലങ്ങളിലാകട്ടെ യാക്കോബായ മതത്തിലുൾപ്പെട്ട ഒരു പള്ളിയെങ്കി ലും സ്വമതത്തിൽ ചേർക്കാൻ അവർക്ക് കഴിഞ്ഞില്ലാ. എന്നാൽ നേരേ മറിച്ചു തോമാ നസ്രാണികൾRaulinന്റെ ഉദിയംമ്പേരൂർ സൂനഹദോ സ്സ് ചർച്ചുർ൭ാം പുറത്തിൽ പറയുന്നതുപോലെ പോർട്ടുഗീസ് കർമ്മല യാളത്തിൽ കാലുറപ്പിച്ചുവച്ചസമയം മുതൽ,അവരെ തങ്ങളുടെ വിശ്വാ സത്തിൽ ചേർന്നവരായി ഗണിച്ചു്, വാസ്കോഡിഗാമാ എന്ന കപ്പിത്താ നെഅയയ്ക്കും പ്രാപിക്കയും അജ്ഞാനികളായ രാജക്കന്മാരുടെ ആദരവി നെ ഉപേക്ഷിച്ചു തങ്ങൾക്കു മുമ്പുണ്ടായിരുന്ന ക്രിസ്ത്യാനി രാജാവി ന്റെ ചിഹ്നങ്ങളെ പോർട്ടുഗീസ് കപ്പിത്താനെ ഏല്പിക്കയും ചെയ്തു. തോമാനസ്രാണികൾ റോമൻകത്തോലിക്കാ വിശ്വാസത്തിന്റെ വി രോധികളായിരുന്നുവെങ്കിൽ അവർ വാസ്കോഡിഗാമയോട് ഇപ്രകാ രം പ്രവർത്തിക്കയില്ലായിരുന്നു. എന്തെന്നാൽ പോർട്ടുഗീസ്കാർ അ ന്യമതക്കാരും അന്യ രീത്തുകാരും ആയിരുന്നു. കൊച്ചീ രാജാവു അ ജ്ഞാനിയെങ്കിലും സ്വന്തമതക്കാരെ എന്നപോലെ തോമാനസ്രാ ണികളെ വളരെ ദയവായി പരിപാലിച്ചുവന്നു. ആയതിനാൽ തോ മാനസ്രാണികൾ സ്വന്തമനസ്സാലെ സത്യവിശ്വാസത്തിന്റെ ശക്തി കൊണ്ടു റോമൻകത്തോലിക്കാവിശ്വാസത്തിൽ നിലനിന്നിരുന്നു എ ന്നുള്ളതിൽ സന്ദേഹമില്ല.

(൪) Raulinന്റെ ഉദിയമ്പേരൂർ സൂനഹദോസ് ചരിത്രം ൭ാം പുറത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "പറവൂർ നഗരം എത്രയും കീർത്തിപ്പെട്ടതായിരുന്നതുപോലെ റോമാപള്ളിയോട് വളരെ മത്സര മുള്ളതും ആയിരുന്നു." (Appendix. VIII) എന്നാൽ ആ പുറത്തിൽ തന്നെ അടിയിൽ ഒരു നോട്ടായി താഴെപറയുന്നതിനെ ചേർത്തിരി ക്കുന്നു."ഉദിയമ്പേരൂർസൂനഹദോസിനു ഏകദേശം ൫൦വർഷം മുമ്പു പ റവൂർ പള്ളിയിടവകക്കാരായ രണ്ടു സൂറിയാനികത്തനാരന്മാർ തങ്ങള ടെ പള്ളിക്കു (Altare Privilegiatum) സ്വയവരചീദോഷപ്പൊരുതി വാങ്ങുന്നതിനായി റോമായിക്കുപോയിഎന്നും ഫ്രാൻസീസ് മാപ്പ്പാപ്പായിൽനിന്നും മേൽപറഞ്ഞ ദോഷപ്പൊരുതികൾ വാങ്ങിയെ ന്നും പറഞ്ഞിരിക്കുന്നു. പറവൂർപള്ളി റോമാപള്ളിയോടു മത്സരമു ള്ളതായിരുന്നു എന്നുപറയുന്നതു നെസ്തോറീസ് ഇടത്തട്ടിൽ മൂർഖതയാ യിരുന്നതുകൊണ്ടല്ലയൊ? ഉദിയമ്പേരൂർ സൂനഹദോസ് വരെയും തോമാ നസ്രാണികൾഒട്ടുക്കു നെസ്തോറീസ് കാരായിരുന്നൊന്നും അതിൽ പ്രത്യേകമായി പറവൂർപള്ളി അധികമത്സരമുള്ളതായിരുന്നു എന്നും പറയുന്നവാക്കും ഒരു സംഭവം പോർട്ടുഗീസ് കാരായ ലത്തീൻകാരുടെ ച

രിത്രങ്ങളെയെല്ലാം തെറ്റാക്കിതീർക്കുമെന്നു ഞാൻ വിചാരിക്കുന്നു.

൫ ഗീവർഗീസ് ആർച്ചുഡീക്കൻ ഇടത്തുട്ടുകാർ എന്നുപറയപ്പെട്ടിരിക്കുന്ന തോമാനസ്രാണികളുടെ പ്രധാന നടത്തുകാരനാണു. അയാൾ ഉദിയമ്പേരൂർ സൂനഹദോസ് വരെ മൂർഖനായ നെസ്തോറിയൻ ഇടത്തുട്ടുകാരനായിരുന്നു എന്ന് Raulin മുതലായ ചരിത്രകർത്താക്കൾ ഘോഷിക്കുന്നുണ്ട്. എന്നാൽ മാപ്പ്രാപ്പായുടെ ശ്രേഷ്ഠാധിപത്യത്തെ നിഷേധിക്കയും നെസ്തോറിസ് ഇടത്തുട്ടുകാരായ കൽദായ പാത്രിയർക്കീസ് മാരുടെ അധികാരത്തെ ആദരിക്കയും ചെയ്യുന്നു എന്നുപറയുന്നു. ഇദ്ദേഹം Bullarium Patronatus രണ്ടാം പുസ്തകം ൨൫൮-ം ൨൫൯-ം പുറങ്ങളിൽ കാണുന്നതുപോലെ "ചിങ്ങം ൧൭-ാംനു- ആഘോഷിക്കുന്ന കരേറമാതാവിന്റെ നാമധേയത്തിൽ താൻപണിയിച്ചിട്ടുള്ള പള്ളിക്കു എതാനും ദോഷപൊറുതികളും കൊച്ചീമഹാരാജാവുവഴിയായിട്ടു ൧൭൦൧ൽ ൧൯-ാം ശ്രീഗോറിയൂസ് മാപ്പ്രാപ്പായുടെപക്കൽ ബോധിപ്പിച്ചുവാങ്ങി എന്നു കാണുന്നു". ൦രം ജോർജ് ആർച്ചുഡീക്കൻ നെസ്തോറിയൻ ഇടത്തുട്ടുകാരൻ എന്നുപറയുന്ന അബ്രാഹം മെത്രാന്റെ ആർച്ചുഡീക്കൻ-അതായതു വികാരിജനറാൾ ആയിരുന്നു. അദ്ദേഹം മാപ്പ്രാപ്പായുടെ ശ്രേഷ്ഠാധിപത്യത്തെ നിഷേധിക്കയും നെസ്തോറിസ് ഇടത്തുട്ട അനുസരിക്കയും ചെയ്തിരുന്നുവെങ്കിൽ അതിനു പ്രതികൂലമായ ഒരു പ്രവൃത്തിയെയാണ അദ്ദേഹം ചെയ്തിട്ടുള്ളതു. ഇയ്യാൾ ഇപ്രകാരം ചെയ്തതുകൊണ്ടു റോമൻകത്തോലിക്കാ വിശ്വാസത്തിൽ വളരെ വിശ്വസ്തനാണെന്നു തെളിയുന്നു. ൭എന്തെന്നാൽ ദോഷപൊറുതി എന്നതു ഒരുലൌകിക ആദായം അല്ല. ഒരു സ്ഥാനവുമല്ല. അതു പിഴുക്കുത്തതായ ഒരു നന്മയത്രെ. അതു കൊടുക്കുന്നതിനു തന്റെ പാത്രിയർക്കീസിനു അധികാരമില്ലെന്നും വിശ്വസിച്ചിരുന്നുഎന്നും ഇതിൽനിന്നും തെളിയുന്നു- ഏവംവിധങ്ങളായ സംഭവങ്ങൾ. തോമാനസ്രാണികൾ നെസ്തോറിസ് കാരല്ലായിരുന്നുഎന്നു തെളിയിക്കുന്നു.

൮ Oriente Conquistado C. I. D. II. P. 31 മേൽ വിവരിച്ചപ്രകാരം കൊച്ചീമഹാരാജാവു മുഖാന്തിരംപതിമൂന്നാം ശ്രീഗോറിയൂസ് മാപ്പ്രാപ്പായിൽനിന്നും ലഭിച്ചതായ ദോഷപൊറുതി ൧൭൦൧ൽ അങ്കമാലിപ്പള്ളിയിൽ നടത്തിയവിവരം മേലെഴുതിയ പുസ്തകത്തിൽ താഴെപ്പറയും പ്രകാരം വിവരിച്ചിരിക്കുന്നു:—"മേൽപ്രകാരമുള്ള ദോഷപൊറുതി അങ്കമാലിപ്പള്ളിക്കു ഒരു 'ജൂബിലേവു'മായി മാപ്പ്രാപ്പാ കല്പിച്ചുകൊടുക്കയും അതോടുകൂടി വളരെ ശ്രദ്ധമാകപ്പെട്ടവരുടെ തിരുശേഷിപ്പുകൾ അടക്കപ്പെട്ടതായ ഒരു കൂട്ടും, ക്രിസ്ത്യാനികൾക്കു പകുത്തുകൊടുക്കുന്നതിനായി ശ്രദ്ധ- മാപ്പ്രാപ്പാ ആശീർവ്വദിച്ച അമ്പതിനായിരം കൊന്തകളും മാപ്പ്രാപ്പാ അബ്രാഹം മെത്രാപ്പോലീത്താ അവർകൾക്കും

ഗീവർഗീസ് അച്ച്ഡീക്കനും സമ്മാനിച്ചിട്ടുണ്ടായിരുന്നു. മേൽപ്രകാരമുള്ള ദോഷപൊറുതിയുടെ അനുവാദപത്രവും തിരുശേഷിപ്പുകളുടെകൂട്ടം കൊച്ചിപ്പള്ളിയുടെ വികാരിജനറാൾആയ E. മേൽക്കുറിയൊ അച്ചൻ കൊണ്ടുപോയി മെത്രാപ്പോലീത്തായ്ക്കു സമർപ്പിച്ചു". അനന്തരം ദോഷപൊറുതി നടത്തിയവിവരം താഴപ്പറയുംപ്രകാരം ആ പുസ്തകത്തിൽ വിവരിച്ചിരിക്കുന്നു- "ജൂബിലേവു മുറപ്രകാരം പള്ളികളിൽ പ്രസിദ്ധം ചെയ്തതിൻറശേഷം ക്രിസ്തീയതി കരേറമാതാവിൻറ തിരുനാൾ ദിവസത്തിനുമുമ്പായി കൊച്ചീപ്പള്ളിയിൽ ഉംപ്പെട്ട പല ജെസ്വിത്ത് സന്യാസികളും ക്ലേരിമാരും സംഗീതകരുക്കളായ "ആർഗൻ" മുതലായവയോടുകൂടി അങ്കമാലിപ്പള്ളിയിൽ ചെല്ലുകയും തലെദിവസം "വെസ്പർ" എന്നുപറയുന്ന കാനോൻ ജപം ലത്തീൻഭാഷയിലും. സുറിയാനിക്കാർ സുറിയാനിഭാഷയിലും വളരെ ഘോഷമായിനടത്തുകയും പിറെദിവസം അവർ കൊണ്ടുവന്നിട്ടുണ്ടായിരുന്ന ലോരെത്തുമാതാവിൻറ സ്വരൂപം വളരെ ഘോഷമായി ലത്തീൻ സുറിയാനി രണ്ടുഭാഷകളിലും ഉള്ള ഗീതങ്ങളോടുകൂടി പ്രദക്ഷിണം നടത്തുകയും ഏറ്റവും പേർ ആ ദിവസംതന്നെ ആ പള്ളിയിൽ കുമ്പാനകൈക്കൊള്ളുകയും അസംഖ്യം പുരുഷാരംകൂടി ആ പെരുനാൾ ആഘോഷിക്കയുംചെയ്തു. അബ്രാഹംമെത്രാൻറ അച്ച്ഡീക്കനായ ഗീവർഗീസ് അന്നേദിവസം പാട്ടുകുമ്പാന നടത്തുകയും ചെയ്തിരിക്കുന്നു-" അബ്രാഹം മെത്രാനും ഗീവർഗീസ് അച്ച്ഡീക്കനും തോമാനസ്രാണികളും ഉദിയമ്പേരൂർ സൂനഹദോസ്വരെ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്ന് പാശ്ചാത്യവൃത്തിൻ ചരിത്രകർത്താക്കൾ വാദിക്കുന്നതു എത്രയൊ തെറ്റായ സംഗതി ആകുന്നു എന്നു ഈരണ്ടു രേഖ സംഭവങ്ങൾകൊണ്ടു വേണ്ടപോലെ തെളിയുന്നു. രണ്ടാമതു സന്യാസിയായ Petrus Jarri. S. J. Thes. rer. Indic. Lib. 2. 615-616-ാം പുറങ്ങളിൽ ഈൻന്നുൽ വാം ക്ലെമൻസ് മാപ്പാപ്പാ ഒരു ജൂബിലേവു കല്പിച്ചുഎന്നും അതിനു സുറിയാനിക്കാരായ ജനങ്ങൾ തങ്ങളുടെ ചേന്നമംഗലത്തു പള്ളിയിൽക്കൂടി ആ ജൂബിലേവു കൈക്കൊണ്ടവിധം മേൽപറഞ്ഞ ചരിത്രകർത്താവു താഴെപ്പറയുംപ്രകാരം വിവരിച്ചിരിക്കുന്നു "മേൽപ്രകാരമുള്ള ജൂബിലേവു കല്പിച്ചതുകൊണ്ടു അനേകായിരം സ്തോത്രം ക്രിസ്ത്യാനികൾ മാപ്പാപ്പായ്ക്കു ചെയ്തിരിക്കുന്നു. രണ്ടാം ജൂബിലേവു കൈക്കൊള്ളുന്നതിനായി അവർനോയ്മ്പു നോറ്റിരുന്നു. ആ നോയ്മ്പു എങ്ങിനെയെന്നാൽ—പാതിരാ തുടങ്ങിയുള്ളതും, രാവിലെ പള്ളിയിൽ ചെന്നു രാത്രിയാകുന്നതുവരെയുമസ്സാരവും അപേക്ഷകളുമായിപകൽ മുഴുവനും പള്ളിയിൽ കഴിച്ചുകൂട്ടുകയും പകൽ യാതൊന്നും അനുഭവിക്കാതെ രാത്രിമാത്രം ആഹാരം കഴിക്കയും ചെയ്തായിരുന്നു. ചേന്നമങ്ങലത്തു പള്ളിയിൽതന്നെ രണ്ടായിരംപേർ കുമ്പസാരിച്ചു കുർബാന

കൈയ്യൊണ്ടു. അവർ പാതിരാതുടങ്ങി കുമ്പസാരിക്കുന്നതിനു കുമ്പസാരക്കാരെ നിർബ്ബന്ധിച്ചിരുന്നു.” ഈ സംഭവവും, ഉദിയമ്പേരൂർ സൂനഹദോസുവരെ തോമാനസ്രാണികൾ ഇടത്തുട്ടുകാരായിരുന്നു എന്ന വാദത്തെ ഖണ്ഡിക്കുന്നു.

Conquista 1. D II. ൧൫—ാംപുറത്തിൽ പറഞ്ഞിരിക്കുന്നതാവിതു. “ഈ ശൊസഭക്കാരായ സന്ന്യാസികൾ ചേന്നമങ്ങലത്തു ഒരു പള്ളി സ്ഥാപിക്കുന്നതിനും സുറിയാനിപ്പള്ളികളിൽ കുബ്ബാന കുമ്പസാരം പ്രസംഗം മുതലായവയെ നടത്തുന്നതിനും അനുവാദം ചോദിക്കയും, അതിന അബ്രാഹം മെത്രാൻ എവിടെയും പ്രസംഗം പറയുന്നതിനും ഉപദേശിക്കുന്നതിനും താമസിക്കുന്നതിനും ധാരാളമായി അനുവാദം കൊടുക്കയുംചെയ്തു” എന്നെഴുതിയിരിക്കുന്നു. നെസ്തോറിയൻ ഇടത്തുട്ട അനുസരിക്കുന്നവനായ ഒരു മെത്രാൻ തന്റെ ഭരണത്തിലുൾപ്പെട്ട നെസ്തോറിയൻ ഇടത്തുട്ടുകാരെന്നു സ്വാർത്ഥപ്രതിപത്തികളായ ചിലരാൽ വിളിക്കപ്പെട്ടിരിക്കുന്നവരുടെ ഇടയിൽ തന്റെ വൈരികളായ റോമൻകത്തോലിക്കാ ജസ്വീത്ത സന്ന്യാസികൾ യഥേഷ്ടം എവിടെ എങ്കിലും പ്രസംഗിക്കുന്നതിനും ഉപദേശിക്കുന്നതിനും താമസിക്കുന്നതിനും അനുവാദം കൊടുക്കുക എന്നുള്ളതു അസംഭാവ്യമാകയാൽ, ആ മെത്രാനും ആ ക്രിസ്ത്യാനികളും നെസ്തോറിയൻ ഇടത്തുട്ടുകാരല്ലായിരുന്നു എന്നുള്ളതു അവിതർക്കിതമായ സംഗതിയാണു്. എന്തെന്നാൽ വിശ്വാസസംഗതികൾ സംബന്ധിച്ചു മാത്രമല്ലാ, ലൌകീകകാര്യങ്ങളിൽ കൂടിയും തന്നിൽ നിന്നും ഭിന്നിച്ചിരിക്കുന്നവരെ ഒരുത്തൻ സ്വീകരിച്ചാൽ, അവർ തമ്മിൽ വിരുദ്ധതയില്ലെന്നു തെളിയുന്നു. വന്തീൻകാരായ ജസ്വീത്ത സന്ന്യാസികൾ മേൽപ്രകാരമുള്ള അനുവാദം തങ്ങൾക്കു സിദ്ധിച്ചതിന്റെ ശേഷം അബ്രാഹം മെത്രാനും തോമാനസ്രാണികളും നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നുള്ള വാദത്തെ കൃതജ്ഞതാപൂർവ്വം വിട്ടുപേക്ഷിക്കേണ്ടതാണു. എന്തെന്നാൽ റോമൻകത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ട വന്തീൻ മെത്രാന്മാർ തന്നെയും തങ്ങളുടെ അധികാരങ്ങൾക്കു വല്ല ന്യൂനതയും ഭവിപ്പിച്ചുമോ? എന്നു വിചാരിച്ചുകൊണ്ടു പലപ്പോഴും ജസ്വീത്ത് മുതലായ സന്ന്യാസികളെ തങ്ങളുടെ രൂപതകളിൽ സ്വാതന്ത്ര്യമായ പ്രവേശനത്തിനു അനുവദിക്കാതെ വന്നിട്ടുണ്ടു.

൬. റോളൻ ഉദിയമ്പേരൂർ സൂനഹദോസു ചരിത്രം ൫൦-ം, ൫൨-ം പുറങ്ങളിൽ ഇപ്രകാരം എഴുതിയിരിക്കുന്നു, “ജോർജ് അച്ചുഡീക്കനെക്കാൾ യോഗ്യനായ ഒരുവൻ ബാബേല്ലൂരിൽ കൂടെയും ഇല്ലെന്നും പള്ളിഭരണ വിഷയത്തിനു പരം ബഹുമാനസ്ഥാനത്തിൽ ഇയാളെക്കാൾ നിപുണതയുള്ളതായി മറ്റൊരുവൻ ഇല്ലായെന്നും തോന്നിയിരുന്നു. ഇ

തുക്രൂരതയെയും ആ മെത്രാസനപള്ളിയുടെ ഗവർണരും വികാരിഅപ്പസ്തോലിക്കായും എന്ന സ്ഥാനത്തു ആത്മീക ലൌകീകകാര്യങ്ങളെ നടത്തുന്നതിനും അദ്ദേഹത്തെ നിശ്ചയിച്ചു." Appendix XIX

എന്നാൽ അതുവരെ അബ്രാഹം മെത്രാനും തന്റെ ആർച്ച്ഡീക്കനായ ജോർജ്ജും തോമാനസ്രാണികളും നെസ്തോറിയൻ ഇടത്തുട്ടുകാർ ആയിരുന്നു എന്നു ഉറപ്പിച്ചിട്ടുള്ള ലത്തീൻ ചരിത്ര കർത്താക്കൾ ജോർജ്ജ ആർച്ച്ഡീക്കനും തോമാനസ്രാണികളും മനസ്സുതിരിഞ്ഞു നസ്തൂരിവിശ്വാസം അനുസരിച്ചവരായി തെളിയിച്ചിട്ടില്ല. ഇടത്തുട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഒരു പള്ളിയ്ക്കു ഒരു ആർച്ച്ഡീക്കനെ നിശ്ചയിക്കുന്നതിനു റോമൻ കത്തോലിക്കാ വിശ്വാസിയായ മെനേസീസ് മെത്രാപ്പോലീത്തായ്ക്കു അധികാരമില്ലെന്നും അങ്കമാലിപള്ളി റോമൻ കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടതായിരുന്നതുകൊണ്ടാണു അപ്രകാരം നിശ്ചയിച്ചതു എന്നും വെളിപ്പെടുന്നു. ബാബേൽക്കാർ നെസ്തോറിയൻ ഇടത്തുട്ടുകാരാകുന്നു എന്നും അതുപോലെതന്നെ മലയാളത്തിലുള്ള സുറിയാനി തോമാനസ്രാണികളും ഇടത്തുട്ടുകാരായിരുന്നു എന്നും ബലമായി വാദിക്കുന്ന ലത്തീൻകാർ "ബാബേൽകാരിൽ ജോർജ്ജ ആർച്ച്ഡീക്കനെക്കാൾ ക്രുതൽ യോഗ്യനായുള്ളവരില്ല" എന്നു പറയുന്നതുകൊണ്ടു ബാബേൽക്കാർ നെസ്തോറിയൻ ഇടത്തുട്ടുകാർ അല്ലെന്നും, "ജോർജ് ആർച്ച്ഡീക്കനെ തോമാനസ്രാണികളുടെ ഗവർണരും വികാരിഅപ്പോസ്തോലീക്കായും ആയി" നിശ്ചയിച്ചതുകൊണ്ടു മലയാളത്തിലുള്ള തോമാനസ്രാണികളും നെസ്തോറിയൻ ഇടത്തുട്ടുകാരല്ലെന്നും സമ്മതിക്കേണ്ടിവരുന്നു. എന്നു മാത്രമല്ലാ പോർട്ടുഗീസുകാരായ ലത്തീൻ ചരിത്രകർത്താക്കൾ മനപൂർവ്വമായി തന്നെ തോമാനസ്രാണികളെ നെസ്തോറിയൻ ഇടത്തുട്ടുകാരാക്കി തീർത്തതായി തെളിയുന്നു. എന്തുകൊണ്ടെന്നാൽ ഇടത്തുട്ടുകാരായിരിക്കുന്ന ആളുകളെ തിരിക്കുന്നതിനു ഒരു ഇടത്തുട്ടുകാരനെത്തന്നെ ഭരമേല്പിക്കുന്നതു റോമൻകത്തോലിക്കാപള്ളിയുടെ സത്യഭരണത്തിനു അയോഗ്യമായിരിക്കുന്ന പ്രവൃത്തിയാകുന്നു.

റൊളന്റെ ഉദിയംപേരൂർ ചരിത്രം ൧൦൬൦ പുറത്തിൽ ഉദിയമ്പേരൂർ സുനഹദോസിനു തോമാനസ്രാണികളെ വിളിച്ചു കൂട്ടിയ മെനേസീസ് മെത്രാപ്പോലീത്തായുടെ ക്ഷണന വിളംബരത്തിൽ "അപ്പള്ളിക്കു അതുലോചനസംഘം ഇല്ലായ്കയാൽ സിംഹാസനം ഒഴിഞ്ഞിരിക്കുന്ന നിലയിൽ അതിനെ ഭരിക്കുന്നതിനു ആളില്ലാതിരിക്കുന്നതുകൊണ്ടു" എന്നു കാണുന്നു. (Appendix XX) റോമൻകത്തോലിക്കാതിരുസഭക്കു തന്നിൽ നിന്നു ഭിന്നിച്ചുപോയ ഇടത്തുട്ടു സഭകളിന്മേൽ, അവ തിരിഞ്ഞു വരുന്നതുവരെ അവയെ നടത്തുന്നതിനോ ശിക്ഷിക്കുന്നതിനോ അധികാരമുണ്ടായിരുന്നാലും അതുകൊണ്ടു സാധ്യമില്ലന്നുമാത്രമല്ല നിർവ്വിവാദമാണെല്ലൊ. റോമാതിരുസഭ ഇടത്തുട്ടുസഭ

യിന്മേൽ ഇപ്രകാരം ഫലമില്ലാത്ത ഒരു അധികാരം പ്രവൃത്തിച്ചതാ
യി കാണുന്നതും അല്ലാ. അങ്ങനെയിരിക്കെ നെസ്തോറിയൻ ഇടത്ത
ട്ടുകാർ എന്നു പറയപ്പെട്ടിരിക്കുന്ന മലയാളത്തിലെ കൽദായ പള്ളി
യിന്മേൽ മേൽ വിവരിച്ചവിധമായ ഒരു അധികാരം റോമാതിരുസ
ഭയുടെ തലവനായിരിക്കുന്ന മാപ്പ്ശ്ലീഹാ കല്പിക്കുന്നതല്ലാ. കല്പിച്ചിട്ട
മില്ലാ. പിന്നെയോ മലയാളത്തിലെ ആ കൽദായപള്ളി റോമാമാപ്പ്ശ്ലീ
ഹായുടെ അധീനത്തിൽ ഉൾപ്പെട്ടതായിരുന്നുയെന്നും എടുത്തുപള്ളി
യല്ലെന്നുള്ള നിലയിൽ റോമാപള്ളിയോട് ഐക്യതയുള്ള ആ പ
ള്ളിയുടെ മെത്രാൻ കാലം ചെയ്താൽ ആ പള്ളിയെ ഭരിക്കുന്നതിന്നാ
യി റോമാമാപ്പ്ശ്ലീഹാമാർ അയയ്ക്കുന്ന മെത്രാന്മാരെ ചുമതലപ്പെടുത്തു
ന്ന കാനോനാമറയുടെ വ—ാം ക്ലെമെൻസ് മാപ്പ്ശ്ലീഹാ ഗോവായിലെ
മെനേസീസ് മെത്രാപ്പോലീത്തായുടെ ഒരു തിരുവെഴുത്തു അയച്ചു എ
ന്നും വിചാരിക്കാം. (ഇപ്രകാരം ഒരു തിരുവെഴുത്തയച്ചിട്ടുള്ളതായി ഹ
ർമ്മചരിത്രകന്മാരാവു പ്രസ്താവിക്കുന്നില്ലാ). ആ തിരുവെഴുത്തിൽ അങ്കമാലി
രൂപതയുടെ മെത്രാനും അച്ചടിക്കുന്നതും തോമാനസ്രാണികളും നെ
സ്തോറിയൻ ഇടത്തുട്ടുകാർ ആകുന്നു എന്നും അയതുകൊണ്ടു ആ ഇട
ത്തുട്ടിൽ നിന്നും അവരെ തിരിക്കണമെന്നും ഒരു ഉപദേശംപോലും മാ
പ്പ്ശ്ലീഹാ കല്പിച്ചതായികാണുകയില്ല.

വ ഫരിവെൽ മലയാളത്തിൽ നിന്നും തോമാനസ്രാണികൾക്കു
വേണ്ടി ഫന—ാം ഗ്രിഗോറിയൂസ് മാപ്പ്ശ്ലീഹായുടെ അവരിൽ പ്രധാനി
കം അയച്ച എഴുത്തുകൊണ്ടു അവർ റോമൻ കത്തോലിക്കാ ഐക്യ
തയിൽ ഉൾപ്പെട്ടവരായിരുന്നു എന്നു വേണ്ടപോലെ തെളിയുന്നു. ഹർമ
എഴുത്തും ഇതു സംബന്ധിച്ചുള്ള വിവരണങ്ങളും അതിപ്രബല ശമു
യേൽ ജാമീൽ എന്ന ആളിന്റെ പുസ്തകത്തിൽ നിന്നും പകർത്തപ്പെ
ട്ടിട്ടുള്ളതാകുന്നു. അദ്ദേഹം കൽദായ പാത്രിയർക്കീസിന്റെ പ്രതിനി
ധിയായി റോമിൽ താമസിച്ചിരുന്നു. ഇപ്പോഴും അദ്ദേഹം ബാബേലിൽ
ഒരു മേലുപ്പട്ടസ്ഥാനത്തിലിരിക്കുന്നു. അദ്ദേഹം റോമിൽ താമസി
ച്ച കാലത്തു വത്തിക്കൻ മുതലായ പുസ്തകശാലകളിൽ ബാബേൽ മല
യാളം മുതലായ ഭാഷകളിൽ നിന്നും റോമാമാപ്പ്ശ്ലീഹാമാരുമായി നടന്ന
എഴുത്തുകളെ അതാതു പുസ്തകശാലയുടെ സൂക്ഷിപ്പുകാരുടെ ഒപ്പു സ
ഹിതം ശേഖരിച്ചു ഫൻറെ—ൽ റോമിൽ ഒരു പുസ്തകമായി അച്ചടി
പ്പിച്ചു ടി പുസ്തകം വ—ാം പുറത്തിൽ കൊച്ചിസക്കാർ ബന്ധർ ഉ
ദ്യോഗസ്ഥന്മാരായ അബ്രാഹാം റെശബന്ധർ, യൌസേപ്പു റെശബ
ന്ധർ, ഗീവർഗീസ് റെശബന്ധർ, എന്ന മൂന്നു പ്രധാനന്മാർ ഒപ്പിട്ടഅ
യച്ചഎഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "കത്താവിൻറെശി
ഷ്യനായ വിശുദ്ധ തോമാ ശ്ലീഹായുടെ കാലം മുതൽ ക്രിസ്ത്യാനി
കളും ജ്ഞാനസ്നാനത്തിന്റെ മക്കളും ദിവ്യക്രമങ്ങളുടെയും നമ്മുടെ

കത്താവും ദൈവവുമായ മിശിഹായുടെ ശരീരത്തിന്റെ ഒരാഹരിക്കാരരും ഇൻഡ്യയിലെ പാപികളായ അങ്ങേ അയോഗ്യ മക്കളുംആയ ഞങ്ങൾ ദൈവ മിശിഹായിലുള്ള എല്ലാവരുടേയും ഇടയനായ അങ്ങേ ഉപവിയൊട് അറിയിക്കുന്നതെന്തെന്നാൽ- ഞങ്ങളുടെ പിതാവായ ൮-ാമത്തെ ഒരുദീശൊ പാത്രിയക്കീസ്, മാർ ഏലിയാഎന്നും മാർ യൌസേപ്പെന്നും രണ്ടുമെത്രാന്മാരെ ഞങ്ങളുടെപക്കൽ അയച്ചു. അവരെക്കുറിച്ചു ഞങ്ങൾ വളരെ സന്തോഷിക്കയും ദൈവത്തിന്നു ഞങ്ങൾസ്തുതിസ്തോത്രം ചെയ്കയും ചെയ്തു. എന്നാൽ മാർഏലിയാസ് ഞങ്ങളെ അനാഥരായി ഉപേക്ഷിച്ചുപോയി. മാർ യൌസേപ്പ് സുലാക്കാ എന്നമെത്രാൻ പോർട്ടുഗൽരാജ പ്രതിപുരുഷനാൽ ഇവിടെനിന്നും അയയ്ക്കപ്പെട്ടു. അദ്ദേഹത്തിന്നെന്തു സംഭവിച്ചു എന്നു ഞങ്ങൾ അറിയുന്നില്ലാ.അതിൻഫ്രൂട്ടത്തിന്നു ഇടയനില്ലാതെയും തൊഴുത്തു വിധവയും ആയിത്തീർന്നു. ആയതിനാൽ ഞങ്ങളുടെ ഒരും കാര്യം സംബന്ധിച്ചും ഞങ്ങൾ അനാഥന്മാരായിരിക്കുന്ന എന്നും ഞങ്ങൾക്കു മെത്രാന്മാർ ഇല്ലെന്നും ഒരുദീശോപാത്രിയക്കീസച്ചനു ഞങ്ങൾ എഴുതി അയച്ചു. അയതു കൊണ്ടു ഞങ്ങളുടെ പിതാവായ ഒരുദീശോപാത്രിയക്കീസച്ചൻ മിശിഹായുടെ സ്നേഹത്തേക്കുറിച്ചു മാർ അബ്രാഹം മെത്രാപ്പോലിത്താച്ചനെ ശുദ്ധമാന മാപ്പിപ്പായുടേയും പാത്രിയക്കീസിന്റെയും എഴുത്തോടുകൂടി അയച്ചിരുന്നു. അദ്ദേഹം ഗോവയിൽ വന്നെത്തിയപ്പോൾ രാജപ്രതിപുരുഷൻ അദ്ദേഹത്തെ അവിടെ തടവിലാക്കിയെന്നു കേട്ടു——അതുകയാൽ അദ്യകാലംമുതൽ പാത്രിയക്കീസ് ഞങ്ങൾക്കു അയച്ചിരുന്നതുപോലെ അഞ്ചു മെത്രാന്മാരെ ഞങ്ങൾക്കയച്ചു തരുന്നതിനു അങ്ങേശ്രേഷ്ഠപാദിക്കടുത്ത എഴുത്തുകൾ ഞങ്ങളുടെ പാത്രിയക്കീസിനു അയപ്പാൻ കൃപയുണ്ടാകണം"(Appendix XXI)

മേൽവിവരിച്ചപ്രകാരം ൧൭൭൯—ൽമലയാളത്തിലെ തോമാനസ്രാണിസമുദായത്തിന്റെപേക്ഷ പ്രധാനികൾ അയച്ച എഴുത്തുകൊണ്ടു, അവർ റോമാമാപ്പിപ്പായെ തിരുസ്സഭയുടെതലവനായി അംഗീകരിച്ചിരുന്നു എന്നും, തങ്ങളുടെഇത്തിനടുത്ത മേലദ്ധ്യക്ഷത ബാബേൽപാത്രിയക്കീസിനിന്നായിരുന്നു എന്നും പ്രത്യക്ഷപ്പെടുന്നതു കൂടാതെ ആ സമയംഇൻഡ്യയിലുണ്ടായിരുന്ന പോർട്ടുഗീസുകാരരായവൈദീകർ മലയാളത്തിലെ തോമാനസ്രാണികളുടെ മേലദ്ധ്യക്ഷത കൈവശപ്പെടുത്തുവാൻ ഭഗീരഥപ്രയത്നം ചെയ്തുവന്നിരുന്നു എന്നുകൂടിവെളിപ്പെടുത്തുന്നു. എന്തെന്നാൽ റോമാസിംഹാസനം അംഗീകരിച്ചിരുന്ന ബാബേൽപാത്രിയക്കീസ് അയച്ചിരുന്ന അബ്രാഹംമെത്രാനെ ഗോവയിൽവച്ചു തടയുന്നതിനു മറ്റു യാതൊരു കാരണവും കാണുന്നില്ല.

൯. ബുള്ളാരിയും പത്രോനാത്തുസ് ൨—ാം പുസ്തകം ൨൯൩ാം

പുറത്തിൽ യാക്കോഅഞ്ഞൂനാ മുതലായ നാലു മെത്രാന്മാർ ഫ്രിംഗ്-ൽ മലയാളത്തിൽ നിന്നു കൽദായപാത്രിപക്കീസിനു അയച്ച എഴുത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "(പോർട്ടുഗീസ്കാർ മലയാളത്തിൽ വന്നപ്പോൾ) ഞങ്ങൾ ഒർമീസ് പട്ടണത്തിൽനിന്നു പുറപ്പെട്ട ഇന്ത്യയിലെ ഒരു പട്ടണമായ കണ്ണൂർപട്ടണത്തിൽ പോർത്തുഗീസ്കാരുടെ പക്കൽവന്നുചേർന്നു. ഞങ്ങൾ ക്രിസ്ത്യാനികൾ ആകുന്നു എന്നും ഞങ്ങളുടെ സ്ഥിതിയും പദവിയും എങ്ങിനെയുള്ളതെന്നും ഞങ്ങൾ അവരെ അറിയിച്ചു. അവർ ഞങ്ങളെ വളരെ സന്തോഷപൂർവ്വം സ്വീകരിച്ചു ഞങ്ങൾക്കു മനോഹരമായ വസ്ത്രങ്ങളും ഫാ 'ഗ്രാഹമാ' എന്ന പൊൻനാണയവും സമ്മാനം തന്നു. മിശിഹായേക്കുറിച്ചു, ശക്തിയെ അധികരിച്ചുള്ള ഞങ്ങളുടെ പരദേശയാത്രയേക്കുറിച്ചു ഞങ്ങളെ അവർ അഭിനന്ദിച്ചു. അവരുടെ കൂടെ ഞങ്ങൾ രണ്ടരമാസം താമസിച്ചു. അവരുടെ പട്ടക്കാർ ദിവസേന ദിവ്യപൂജ അണയ്ക്കുന്നു. എന്തുകൊണ്ടെന്നാൽ ഇതു അവരുടെ പതിവും ക്രമവുംആകുന്നു. അവരുടെ പട്ടക്കാർ കുർബ്ബാനചൊല്ലിയശേഷം ഞങ്ങളും ചൊല്ലിക്കൊൾവാൻ അനുവദിച്ചു. ഞങ്ങൾ ദിവ്യപൂജഅണച്ചു. അവരെ അതുവളരെ സന്തോഷിപ്പിച്ചു."

പോർട്ടുഗീസ്കാർ ഇൻഡ്യയിൽ വന്നപ്പോൾ ഇവിടെ ഉണ്ടായിരുന്ന ബാബ്ബേൽക്കാരായ മെത്രാന്മാർ കത്തോലിക്കാത്തിരുസ്സഭയുടെ ഐക്യതയിൽ ഉൾപ്പെട്ടവർ ആയിരുന്നെന്നു അന്ന് ഇവിടെ ഉണ്ടായിരുന്ന പോർട്ടുഗീസ്കാരും കൽദായമെത്രന്മാരും തമ്മിൽ പരസ്പരം നടന്ന ഉപചാരാദികൾകൊണ്ടു തെളിയുന്നുണ്ടല്ലോ. റോമൻകത്തോലിക്കർ തങ്ങളുടെ പീഠത്തിന്മേൽ ഇടത്തുട്ടുകാർ കയ്യം നടത്തുവാൻ ഒരിക്കലും അനുവദിക്കുന്നതല്ല. ആകൽദായമെത്രാന്മാർ തങ്ങളുടെപാത്രിയക്കീസിനയച്ച എഴുത്തിൽ റോമൻകത്തോലിക്കരായ പോർട്ടുഗീസ്കാരെപ്പറ്റി വിവരിച്ചിരിക്കുന്ന സംഗതികൊണ്ടുതന്നെഅവർ ഇരുകൂട്ടരും ഒരേവിശ്വാസത്തിൽ ഉൾപ്പെട്ടവരായിരുന്നു എന്നുതെളിയുന്നു.

ഫാ- മഫേയൂസിന്റെ ൨—ാം പുസ്തകം ൩൨—ാം പുറത്തിൽതാഴെ പറയുംപ്രകാരം വിവരിച്ചിരിക്കുന്നു. "ഇവർക്ക് (തോമാനസ്രാണികൾക്ക്)പോർട്ടുഗീസ്കാരുടെ വരവു ദൈവത്താൽ പുതുതായി വെളിപ്പാൻ കാണിക്കപ്പെട്ടതുപോലെയിരിക്കുന്നു. ഞാൻ പറവാൻ ആരംഭിച്ചതുപോലെ, കൊടുങ്ങല്ലൂരിനു സമീപം സഞ്ചരിച്ചിരുന്ന ഗാമയുടെ അടുക്കലേക്കു,കൊടുങ്ങല്ലൂർകാർതന്നെ അയൽവാസികളുമായിആലോചിച്ചു പ്രതിനിധികളെ അയച്ചു.അവരുടെ അപേക്ഷകളിൽ പ്രധാനമായവ താഴെപറയുന്നവയായിരുന്നു:-തങ്ങൾമിശിഹായുടെ ഏറ്റവും പുരാതനന്മാരായ ശ്രേഷ്ഠികളാകുന്നു എന്നും അതുകൊണ്ടുതന്നെതങ്ങൾ ല്യൂസിറേനിയാനാമത്തിനെ ആശ്രയിക്കുന്നവരാകുന്നു എന്നും,തങ്ങൾനിത്യവും മൂഢജാതി

കളിൽ നിന്നും വളരെ കഷ്ടതകളെ അനുഭവിക്കുന്നു എന്നും അതുകൊണ്ടു മനോവേൽ രാജാവിന്റെ നാമധേയത്തിനും അദ്ദേഹത്തിന്റെ കടാക്ഷത്തിനും വിശ്വാസത്തിനും തങ്ങളേയും തങ്ങളുടെ വകകളേയും ഏറ്റു കൊള്ളണമെന്നുമാണു. ഇപ്രകാരമായ കയ്യാളിപ്പിന്റെ ജ്ഞാപകത്തിനു ഏറ്റവും താഴ്മയായ അപേക്ഷയോടുകൂടെ. (മുമ്പെ തങ്ങൾക്കുണ്ടായിരുന്ന ക്രിസ്ത്യാനിരാജാവിന്റെ) അലങ്കാരമുള്ള വെള്ളി ചെങ്കോൽ ഗാമയെ ഏല്പിച്ചു. ദയവു സ്ഫുരിച്ചുകൊണ്ടിരുന്ന മുഖഭാവത്തോടെ അദ്ദേഹം സ്നേഹത്തോടുകൂടി അവരെ തലോടി ധൈര്യം അവലംബിക്കുന്നതിനു കല്പിച്ചതിന്റെശേഷം അവരോടായി പറഞ്ഞു: ഈ രാജ്യങ്ങളിൽ ക്രിസ്ത്യാനികളായിരിക്കുന്നവർക്കു യെയും ധനം കൊണ്ടും മറും എല്ലാവിധ സഹായങ്ങളേയും ചെയ്തുകൊടുക്കുന്നതിനു ല്യൂസിട്ടെനിയാ രാജാവു ഒന്നാമതായി എന്നോടു കല്പിച്ചിട്ടുണ്ടു. വിശേഷിച്ചും എനിക്കു സംഗതിവരുന്നതായ ആദ്യത്തെ അവസരത്തിൽ, പ്രത്യേക കാരണങ്ങളാൽ ക്രിസ്ത്യാനികളായിരിക്കുന്നവരെ എല്ലാം ല്യൂസിറോനിയാ രാജാവിന്റെ ദയവുകൊണ്ടും ധനം കൊണ്ടും തങ്ങളുടെ രക്ഷയ്ക്കും ആവശ്യങ്ങൾക്കും അയി ആദരവായിരിക്കുന്നു എന്നു നിശ്ചയമായിട്ടു ഉറച്ചിരിക്കണമെന്നു ബോദ്ധ്യമാകുന്നതിനു പറഞ്ഞു. വിശേഷിച്ചും വലിയതായ എന്തെങ്കിലും ആവശ്യങ്ങൾ നേരിട്ടാൽ താൻ ഇൻഡ്യയിൽ ഏറ്റെടുത്താൻ നിശ്ചയിച്ചിരുന്ന ല്യൂസിറാനിയാക്കാരനായ പ്രധാനിയുടെപക്കൽ പോകണമെന്നും പറഞ്ഞു. (Appendixx 23)

അപ്പഴൊ, ഗാമായും തോമാനസ്രാണികളും തമ്മിൽ നടന്ന സംഭാഷണവും ഉടമ്പടിയും കൊണ്ടു തോമാനസ്രാണികൾ പൂർവ്വകാലം മുതൽ തന്നെ റോമൻകത്തോലിക്കാ വിശ്വാസത്തിൽ സ്ഥിരമായി നിന്നിരുന്നു എന്ന പ്രത്യക്ഷപ്പെടുന്നു. എന്തെന്നാൽ അന്യമതക്കാരായിരുന്നെങ്കിൽ തോമാനസ്രാണികൾ നിശ്ചയമായും ഗാമാകുറ്റിത്താനിൽ അഭയം പ്രാപിക്കയില്ലായിരുന്നു. അജ്ഞാനികളുടേയും മഹമ്മദീയരുടേയും ഞെരുക്കത്തിൽ നിന്നു തങ്ങളെ രക്ഷിക്കുന്നതിനായി വളരെക്കാലമായി തോമാനസ്രാണികൾ യൂറോപ്പിലെ ക്രിസ്ത്യാനി രാജാക്കന്മാരുടെ വരവിനെ ആഗ്രഹിച്ചിരുന്നു. ആ സംഗതിക്കായി ഞായറാഴ്ചതോറും കുർബ്ബാനകഴിയുമ്പോൾ പട്ടക്കാരൻ പീഠത്തിൽ മുട്ടുകുത്തി. പഞ്ഞിക്കാരൻ വരുവാനും മറും പല സംഗതികൾ കാണിച്ചു ജനങ്ങൾ ഒന്നിച്ചു പ്രാർത്ഥിച്ചിരുന്നു. പഞ്ഞിക്കാരൻ എന്നുപറവാനുള്ള കാരണം പഞ്ഞി വെളുത്തിരിക്കുന്നതുകൊണ്ടു, വെള്ളക്കാരെ സൂചിപ്പിക്കാനാണ്. വെള്ളക്കാർ വരുന്നതിനു ക്രിസ്ത്യാനികൾ പ്രാർത്ഥിച്ചിരുന്നു എന്നു അജ്ഞാനികളായ രാജാക്കന്മാർ അറിഞ്ഞാൽ അവരെ ഉപദ്രവിക്കുമെന്നു ഭയന്നിട്ടാണു ഇപ്രകാരം അവർ അപേക്ഷിച്ചുവന്നതു. ഇ

തുകൊണ്ടും പൂർവ്വകാലം മുതൽ തോമാനസ്രാണികൾ കത്തോലിക്കരായിരുന്നു എന്നതെളിയുന്നു.

ക്രമം തെറ്റായ പഠിനങ്ങൾ നിമിത്തമോ, സംസർഗ്ഗദോഷം കൊണ്ടോ തോമാനസ്രാണികളുടെ ഇടയിൽ ഏതെങ്കിലും ന്യൂനതകൾ ഉണ്ടായിരുന്നെങ്കിൽ അബ്രാഹംമെത്രാൻ തന്നെ അവരെ ശ്രുത സുനഹദോസിനു വിളിച്ചുകൂട്ടി അവയെ തീർത്തതായികാണുന്നു. ജമീലിന്റെ പുസ്തകത്തിൽ ൻവ-ാം പുറത്തിൽ, ക്രിവ്വ മകരത്തിൽ അങ്കമാലിപ്പള്ളിയിൽ നിന്നും ക്രമ-ാം ഗ്രിഗോറിയസ്സ് മാർപ്പാപ്പാ തിരുമനസ്സിലേക്കയച്ച എഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നതായി പറഞ്ഞിരിക്കുന്നു: ഈ അവസരത്തിൽ തെറ്റുകളും സംബന്ധിച്ചും തോമാനസ്രാണികളുടെ നടപടികളും സംബന്ധിച്ചും ശ്ലീഹായുടെ പിൻഗാമിയായ പാപ്പായോടു കഴിയുന്നതും സാമ്യപ്പെട്ടുവാൻ അയിട്ടു പരിഷ്കരിക്കുന്നതിനും തെറ്റുകളെ തീർക്കുന്നതിനും അയി* ഒരുശോശാക്കാരായ അച്ചന്മാർ കൊണ്ടുവന്നതുപോലെ നമുക്കും നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ചു അയച്ച ശ്ലൂഹാമാരെ കൊടുക്കുന്നതും ആവശ്യവുമായി തോന്നി. അതുകൊണ്ടു കാര്യങ്ങളുടെ സ്വഭാവം അറിഞ്ഞു ഇതു ആവശ്യമുള്ളതായി സന്തോഷത്തോടെ കൈക്കൊണ്ടു. എല്ലാ വൈദീകന്മാരും ജനപ്രതിനിധികളും ഒരു ശ്രുത സുനഹദോസിനു കൂടുന്നതിനു നാം വിളിച്ചുകൂട്ടി. എന്നാൽ എല്ലാവരുടെയും ആഗ്രഹവും വചനവും ഒന്നായിരിപ്പാൻ തക്കവണ്ണം ദൈവസഹായത്താലും എന്റെ സഹായികളായ ശ്ലൂഹന്മാരുടെ സാമർത്ഥ്യത്താലും നിങ്ങളുടെ ശ്ലൂഹാമാരുടെ കല്പനകൾക്കു കീഴ്വഴങ്ങുന്നതിനും തങ്ങൾക്കു ആവശ്യമായിരിക്കുന്ന സംഗതികളെയെല്ലാം നല്ല മനസ്സോടെ അംഗീകരിച്ചു. എന്നാൽ ഞങ്ങൾ നിശ്ചയിക്കുന്നതു നിങ്ങളുടെ ശ്ലൂ: സഹായവും ആശീർവ്വാദവുംകൊണ്ടു എല്ലാം സാധിക്കും എന്നാണു. ആയ്ക്ക എളുപ്പത്തിൽ നിറവേറുന്നതിനു ഒരു പ്രദേശത്തിൽ ഒരു പ്രധിയ സെമിനാരി ഏർപ്പെടുത്തേണ്ടതാവശ്യം. അപ്രകാരം തന്നെ ഒരു മലയാളത്തുകാരെ കത്തോലിക്കാ പഠിനത്തിൽ വളർത്തുന്നതിനു ഒരുശോശാക്കാരായ അച്ചന്മാരുടെ സംഖ്യ വർദ്ധിപ്പിക്കേണ്ടതും ആവശ്യം"(Aqpendix 24)

ഉദിയമ്പേരൂർ സുനഹദോസിനു ക്രി കൊല്ലം മുമ്പുതന്നെ അബ്രാഹം മെത്രാൻ തന്റെ ക്രിസ്ത്യാനികളുടെ വ്യാപാരപരിഷ്കാരത്തി

* സുനഹദോസു കൂടുന്നതിനു ഒരുശോശാക്കാർ മുഖ്യമായി മാർ അബ്രാഹമ്മിനെ ഉത്സാഹിപ്പിച്ചതു ഒരു പള്ളിക്രമം കഴിയുന്നതും റോമാ പള്ളിക്രമത്തോടു രീതി സംബന്ധിച്ചു തുല്യപ്പെടുത്തുന്നതിനായിട്ടായിരുന്നു എന്നു കാണുന്നു അയതു സുറിയാനിക്കാർക്കു രസമായില്ല.

ന്നും തൊഴുകൈയ്യോടെ നിവാരണത്തിനായി അന്നു മലയാളത്തിലുണ്ടായിരുന്നവരും മലയാളഭാഷ നല്ലവണ്ണം അഭ്യസിച്ചിരുന്നവരും ആയ ഓരോ ശൊസഭക്കാരായ സന്ന്യാസികളുടെ താല്പര്യത്താൽ മുൻവിവരിച്ച സുനഹദോസ് കൂട്ടുകയും, അതിൽവച്ചു ആവശ്യമെന്നു വിചാരിച്ച സംശതികളെപ്പറ്റി ആലോചിക്കയും, അവയെ സദമനസ്സാലെ വൈദീകരും ക്രിസ്ത്യാനികളും അംഗീകരിക്കയും ചെയ്തു. ഓരോ സമയം തോമാനസ്രാണികൾ കത്തോലിക്കർ ആയിരുന്നാ അല്ലയൊ എന്നു വായനക്കാർ തന്നെ തീർച്ചപ്പെടുത്തട്ടെ. വാസ്തവം ഇപ്രകാരമിരിക്കെ, ഉദിയമ്പേരൂർ സുനഹദോസിൽവെച്ചു അവർ നെസ്തോറിയൻ ഇടത്തുട്ട ഉപേക്ഷിച്ചു എന്നും സത്യറിശ്വാസത്തിൽ ചേർന്നു എന്നും പറയുന്നവരെപ്പറ്റി എന്തുപറയണം?

ഫാ മാർ അബ്രാഹം മെത്രാന്റെയും ശീവർഗീസ് ആർച്ചുഡീക്കന്റെയും ജീവിതം സംബന്ധിച്ചുള്ള ഒരു തെളിവുകൂടി ഇവിടെ ചേർത്തുകൊണ്ടു ഓരോ പ്രകരണത്തെ അവസാനിപ്പിക്കുന്നു. ഓരൊശൊസഭക്കാരായ സന്ന്യാസികളും പോർട്ടുഗലിൽ തങ്ങളുടെ സഭക്കാരനായ കർദിനാൾ ഡികോമൊ മുഖാന്തിരം ഫ്രാ-ാം ഗ്രീഗോറിയൂസ് മാപ്പുപ്പായുടെ പക്കൽ ബോധിപ്പിച്ച എഴുത്തിനെ സംബന്ധിച്ചു ജമിൽ വറ-ാം പുറത്തിൽ ഇപ്രകാരം വിവരിച്ചു കാണുന്നു. "തങ്ങളുടെ ശ്രുതി കാനോനാ മറയ്ക്കു തിരിഞ്ഞെടുക്കപ്പെട്ട ഒരു വൈദീകാധിപനെപോലെ സ്നേഹത്തോടും ബഹുമാനത്തോടും കൂടി അദ്ദേഹത്തോടു (മാർഅബ്രാഹം മെത്രാപ്പോലീത്തായോടു) സംസർഗ്ഗം ചെയ്യുന്നതിനു ആ മെത്രാന്മാർക്കു * എഴുതുവാറാകണം" (Appendix 25.) ശീവർഗീസ് ആർച്ചുഡീക്കനെക്കുറിച്ചു താഴെ ഫ്രാസ്സാവിക്കുംപ്രകാരം പറഞ്ഞിരിക്കുന്നു- "എന്തുകൊണ്ടെന്നാൽ ആർച്ചുഡീക്കൻ യോഗ്യനും ഓരോ ശ്രുപതയെ ഭരിക്കുന്നതിനു തക്കതാണിയുള്ളവനും ആണു. മെത്രാപ്പോലീത്താ മരിക്കാൻ ഇടയുകയുമ്പോൾ വേറൊരു മെത്രാപ്പോലീത്തായെ നിശ്ചയിക്കപ്പെട്ടുന്നതുവരെ ശ്രുപതയെ ഭരിക്കുന്നതിനു അതിന്റെ മേലന്വേഷണക്കാരനായി അദ്ദേഹത്തെ നിശ്ചയിക്കുന്നതിനു തങ്ങളുടെ ശ്രുതിയോടു അപേക്ഷിക്കുന്നു. Appendix 26

മേൽവിവരിച്ചപ്രകാരം അബ്രാഹം മെത്രാനെയും ശീവർഗീസ് ആർച്ചുഡീക്കനെയും പറഞ്ഞു വരുവാൻപോകുന്ന കാര്യങ്ങളെ സംബന്ധിച്ചു കൂടിയും ഓരൊശൊസഭക്കാർ ഇതു വിശ്വാസമായും ബഹുമാനപൂർവ്വമായും എഴുതിയിരിക്കുന്നതിനെ ആലോചിച്ചാൽ അവർ ഒരിക്കലും

* ഇൻഡ്യായിലെ പോർട്ടുഗീസ്സു മെത്രാന്മാർക്കു എഴുതേണമെന്നാണു. എന്തെന്നാൽ ആ മേലാന്മാർ മാർ അബ്രാഹമ്മിനെ നിന്ദിച്ചിരുന്നു എന്നു ഓരൊശൊസഭക്കാർ അവലാധി പറയുന്നു.

ഇടയ്ത്തട്ടിൽ അകപ്പെട്ടിരുന്നില്ല എന്നു പൊട്ടക്കണ്ണൻ ക്രൂടിയും സമ്മതിക്കുന്നതാണു.

എന്നാൽ തോമാനസ്രാണികളുടെ സത്യവിശ്വാസ സ്ഥിതിയുടെ വാസ്തവം ഗ്രഹിക്കാൻ പത്രോസ് ജാറിയുടെ ചരിത്രംകൊണ്ടു വേണ്ടപോലെ ഗ്രഹിക്കാവുന്നതാണു. അദ്ദേഹം ഗ്രന്ഥകാരനായതുകൊണ്ടും അവയുടെ യാഥാർത്ഥ്യം ലൈപ്പെടുത്തുന്നതിനു പ്രത്യേക സൌകര്യവും അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടു. അദ്ദേഹത്തിന്റെ പുസ്തകം ന്യൂ—ം, ന്യൂ—ം പുറങ്ങളിൽ താഴെപ്പറയുംപ്രകാരം വിവരിച്ചിരിക്കുന്നു. "അവരുടെരക്ഷയെ അവർ പ്രത്യേകിച്ചാഗ്രഹിക്കുന്നതുകൊണ്ടു ദൈവവചനത്തിന്റെ അപ്പത്തെ പട്ടികൾക്കു കൊടുക്കുന്നതു അയോഗ്യമെന്നുവിചാരിച്ചിട്ടു അതായതു വിഗ്രഹാരാധനക്കാർക്കു അതിനെ കൊടുക്കുന്നതിനൊ മക്കളിൽ നിന്നു ആയുതിനെ നീക്കുന്നതിനൊ അതായതു വിശ്വാസത്തിന്റെ പൂർണ്ണതയെ കാക്കുന്ന ക്രിസ്ത്യാനികൾക്കു കൊടുക്കാതിരിക്കുന്നതിനൊ, മനപൂർവ്വമായ തിന്മകൊണ്ടല്ല, അറിവില്ലായ്കകൊണ്ടു തെറ്റിനടക്കുന്നവരെ വിട്ടുകളയുന്നതിനൊ അവരുടെ തെറ്റുകളിൽനിന്നു വിമോചിക്കാതെയിരിക്കുന്നതിനൊ പാടില്ലെന്നുകരുതി എല്ലായ്പോഴും പ്രവൃത്തിച്ചു," Appendix 27

പത്രോസ് ജാറിയുടെ സാക്ഷി വളരെ തെളിവായും ബലമായും തോമാനസ്രാണികളുടെ സത്യവിശ്വാസനിലയെ തെളിയിക്കുന്നു. "വിശ്വാസത്തിന്റെ പൂർണ്ണതയെ കാക്കുന്ന എന്നു അദ്ദേഹം തിരിച്ചു പറഞ്ഞിരിക്കുന്നു. അവരിൽ തെറ്റുകളുണ്ടായിരുന്നെങ്കിൽ അവ അറിവില്ലായ്മ കൊണ്ടായിരുന്നു എന്നു തെളിയിയ്ക്കുന്നു. തെറ്റുകൾ മനഃപൂർവ്വങ്ങളായിട്ടുള്ളവയല്ലാ. അറിവില്ലായ്മ കൊണ്ടുമാത്രമാണു. തോമാനസ്രാണികൾ തങ്ങളുടെ രക്ഷയിന്മേൽ വളരെ താല്പര്യമുള്ളവരും അതുകൊണ്ടു നിത്യരക്ഷയെ പ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ കണ്ടുപിടിക്കുന്നതിൽ ജാഗരൂകന്മാരും ആയിരുന്നു എന്നും ദൈവവചനം കേൾക്കുന്നതിനു ഓടിയെത്തിയിരുന്നു എന്നും പറഞ്ഞിരിക്കുന്നതുകൊണ്ടു തോമാനസ്രാണികൾ നിത്യരക്ഷയെ പ്രാപിക്കുന്നതിനു അത്യാവശ്യമായ സത്യവിശ്വാസം അറിയുന്നതിനും അനുസരിക്കുന്നതിലും അതു പഠിപ്പിക്കുന്നതിനു തക്കതിന്മണ്ണം ജീവിക്കുന്നതിലും, വളരെതാല്പര്യമുള്ളവരായിരുന്നു എന്നു തെളിയുന്നു. അതുകയാൽ അക്കാലത്തു തോമാനസ്രാണികൾ സത്യക്രിസ്ത്യാനികളായിരുന്നു എന്നുള്ളതു നിർവ്വിവാദമായ സംഗതിയാകുന്നു.

അദ്ധ്യായപ്രകരണം൩.

വിശ്വാസസംഗതികൾ കൊണ്ടു അവർ ഇടയ്ത്തട്ടുകാരല്ലായിരുന്നു എന്നുള്ളതിലേക്കുള്ള തെളിവുകൾ

ക. റോമന്റെ ഉദിയമ്പേത്തർ സുന്നഹദോസുചരിത്രം ക്ഷ-ാം പുറത്തിൽ "ശുദ്ധമാന മറിയമെ, മിശിഹായുടെ മാതാവെ; പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ; എന്നു മാർ അബ്രാഹം മെത്രാൻ പ്രാർത്ഥിച്ചുവന്നിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. ഈ അപേക്ഷ നെസ്റോറീസിന്റെ ഇടത്തുള്ളാകുന്നു എന്ന് ലത്തീൻ ചരിത്രകർത്താക്കൾ വാദിക്കുന്നു. എന്നാൽ ലത്തീൻപള്ളി 'ലെഴെത്താനാ ലൂത്തേനിയായിലും മറ്റു ജപപുസ്തകങ്ങളിലും "മിശിഹായുടെമാതാവെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ" എന്നു സാധാരണയായി ജപിക്കയും പുസ്തകങ്ങളിൽ എഴുതി വരികയും ചെയ്യുന്നു. എന്നാൽ സുറിയാനിക്കാർ മാത്രം മിശിഹായുടെ മാതാവെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ എന്നു പറയുമ്പോൾ ഇടത്തുള്ളകാരായി എന്നു വരുമോ.? കന്യാസ്ത്രീമറിയം മിശിഹായുടെ മാതാവുമാത്രമാകുന്നു എന്നും ദൈവജനനി അല്ലെന്നും മാർ അബ്രാഹം മെത്രാൻ വല്ല പ്രബന്ധംമൂലം പ്രസിദ്ധംചെയ്കയൊ പ്രസിദ്ധമായി ജനങ്ങളെ ഉപദേശിക്കയൊ ചെയ്തതായി ഒരു ദിഷ്ടാന്തംപോലും ലത്തീൻ ചരിത്രക്കാർ കാണിക്കുന്നില്ലാ. അതിനാൽ മാർ അബ്രാഹം മെത്രാന്റെ മേലും തോമാനസ്രാണികളുടെ പേരിലും ദോഷാരോപണം ചെയ്തിട്ടുള്ളതു ഒരു അപവാദമാകുന്നു എന്നുള്ളതിലേക്കു സന്ദേഹമില്ല. കൽദായക്കാർ ഇപ്രകാരം പ്രാർത്ഥിക്കുന്നതു ഇടത്തുട്ടത്ഥത്തിൽ അല്ല. ദൈവജനനീ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക! എന്നു പ്രാർത്ഥിക്കുന്നതിനേക്കാൾ, ദൈവ പുത്രന്റെ മനുഷ്യാവതാരരഹസ്യത്തെ ഏറ്റവും തെളിയിക്കുന്നു ഒരു നാമമായിട്ടാണു പ്രാർത്ഥിക്കുന്നതു്. ക്രി.ശ. ൪-ൽ ൪-ാം സബേരിയസ്സ് പാത്രിയക്കീസിന്റെ കാലത്തു അദ്ദേഹത്തിന്റെ വികാരി ജനറാൾ ആയ ഈറാം എന്നയാൾ പലമെത്രാപ്പോലീത്താമാരോടും മെത്രാന്മാരോടുംകൂടി ൮-ാം ഇനോച്ചെൻസ്യോസ എന്ന മാപ്പാപ്പായുടെപക്കൽ ചെയ്ത വിശ്വാസ സത്യത്തെ ജമീൽ ൩-ാം പുറത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. "മറിയം ദൈവത്തെപ്രസവിച്ചു എന്നു പറഞ്ഞാൽ, യോഷനായിരിക്കുന്നവൻ, യോജിക്കപ്പെട്ട ദൈവപുത്രനെപ്രസവിച്ചു എന്നു തീരുമ്മുകൊടുക്കയില്ലെങ്കിൽ ശ്ലൂഹീതത്തേയൊ പിതാവിനേയൊ, രൂഹാദക്കുദശായേയൊ പ്രസവിച്ചു എന്നു വിചാരിപ്പിക്കും. അതുകൊണ്ടു മറിയം ഏകവചനമായ മിശിഹായെപ്രസവിച്ചു എന്നുപറയുന്നതിൽ ചുരുങ്ങിയ ഒരു വാക്കുകൊണ്ടു ദൈവീകത്തേയും മാനുഷീകത്തേയും അടക്കിക്കൊള്ളുന്നു. അതിനാൽ ദൈവസ്വഭാവവും മാനുഷസ്വഭാവവും ആയ രണ്ടു സ്വഭാവങ്ങളുടെ ഏകപുത്രൻ ഏകമിശിയാ എന്നതും ആയിരിക്കണം,,

Appendix 28

മലയാളിക്കാരുടെ സുറിയാനി മലയറെത്താൻ ലൂത്തെനിയായിൽ,

മിശിഹായുടെ മാതാവെ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ എന്നതിനുപകരം ദൈവത്തിന്റെ മാതാവെ! ദൈവ ഇഷ്ടപ്രസാദത്തിന്റെ മാതാവെ!, എന്നൊക്കെയാണ് പറയുന്നത്. ഇത് ഒരു സുറിയാനിക്കാരെ നെസ്റ്റോറിസ ഇടത്തുട്ടിൽ നിന്നു രക്ഷിക്കുന്നതിനുവേണ്ടി പോർട്ടുഗീസുകാർ തെറ്റിദ്ധരിപ്പിച്ചതാകുന്നു എന്നതോന്നുന്നു. എന്നാൽ പോർട്ടുഗീസുകാരും മാറുലത്തിൻകാരും മിശിഹായുടെമാതാവെ! എന്നത്രേ ചൊല്ലിവരുന്നത്. ഇപ്പോഴും ബാബേലിലെ കൽദായക്കാർ പുരുൻതമ്പുരാന്റെ മാതാവെ! എന്നതെ ചൊല്ലിവരുന്നത.

൨ ക്രിസ്തുവർഷം ൧൫൯൯-ൽ ക്രമം ഗ്രിഗോറിയൂസ് മാർപ്പാപ്പായുടെ പക്കൽ മാർ അബ്രാഹംമെത്രാന്റെ പേരിൽ, പോർട്ടുഗീസുകാരായ വൈദീകരാൽ ഇടത്തുട്ടുകാരനാം മുമത്തപ്പെട്ട. ഗോവ സുനഹദോസ്സിൽ വെച്ച് അദ്ദേഹത്തിന്റെഇടത്തുട്ട സംബന്ധമായി വിചാരണകളും നടത്തി ഇടത്തുട്ടനീക്കപ്പെട്ട. എന്നും റൊളന്റെചരിത്രത്തിൽ ക്രി-ാം പുറത്തിൽ പ്രസ്താപിച്ചുകാണുന്നു. ആ സുനഹദോസിൽവെച്ച് മാർ അബ്രാഹംമെത്രാന്റെപേരിൽ പ്രത്യേകമായി ആരോപിക്കപ്പെട്ട ഇടത്തുട്ടുകുറ്റം, അദ്ദേഹംഗ്രന്ഥപ്പട്ടംകൊടുത്ത സമയം ഒഴിഞ്ഞുകാസായും പ്രീവാസായും കൊടുത്തു എന്നാകുന്നു. അതിനാൽ ആ ഗ്രന്ഥപ്പട്ടം വാസ്തവമായിട്ടില്ലെന്നും അവരെവീണ്ടും കൊടുക്കേണ്ടതാണെന്നും തീരുമാനിക്കപ്പെട്ടു. ഒരു സുനഹദോസ് ഇൻഡ്യയിൽ പോർട്ടുഗീസ് വൈദീകന്മാർ നടത്തിയതുകളിൽ ഏറ്റവും പ്രധാനപ്പെട്ടതായിരിക്കെ, ആ സംഘത്തിൽനിന്നും മൊാമംശാസ്ത്രം ഒട്ടുംതന്നെ അറിവില്ലാത്തവിധത്തിൽ അതിമൂഢമായ ഒരു വിധിയെ വിധിച്ചതിൽ അതിശയിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ഗ്രന്ഥപ്പട്ടമെന്ന ക്രദാശയിൽ കൈവെയ്യാത്ത മുഖ്യമായ സംഗതിയെന്ന് അറിവില്ലാത്തവർ ഉണ്ടൊ? റോളന്റെ ൨൫ാം പുസ്തകത്തിൽ ക്രി-ാംപുത്തിൻ ക്ഞാപകത്തിൽ താഴെപ്പറയുംപ്രകാരം ചേർത്തിരിക്കുന്നു "ഗ്രന്ഥപ്പട്ടമെന്ന ക്രദാശയിൽ സാധനങ്ങളുടെ കൊട്ടുകൽ പഴിഞ്ഞാറെപള്ളികളിൽ അനേകം നൂറാണ്ടുകാലം കേൾക്കാത്ത ഒരു സംഗതിയാണ. കിഴക്കെപള്ളികളിലോ ഒരിക്കലും ഉപയോഗമുണ്ടായിട്ടില്ലാ" * ഒരു വിധമായ ഒരു സംഗതിക്കു ഗോവ സുനഹദോസിലെ പരിശോധകന്മാർ മാർ അബ്രാഹംമെത്രാന്റെ റീത്തുംപ്രകാരം ചെയ്ത ഒരുപ്രവൃത്തിയെ വാസ്തവമല്ലാതാക്കുകയും വീണ്ടും പട്ടം കൊടുപ്പിക്കയും ചെയ്തുകൊണ്ടു, സാധനങ്ങളും കൊടുക്കായ്കകൊണ്ടു ഇടത്തുട്ടുകാരനെന്നു തീർമ്മാനിച്ചവർ തങ്ങളേതന്നെ ഇടത്തുട്ടുകാരാക്കി വിധിച്ചിരിക്കുന്നു. ഒരു വിധമത്രെ തോമാനസ്രാണികളും മാർ അബ്രാഹം മെത്രാനും ഇടത്തുട്ടുകാരെന്നു സങ്കല്പിക്കപ്പെട്ടിട്ടുള്ളതു.

* മാർ അബ്രാഹാ മാസീഹിന്റെമാൻ മുതലായ മെത്രാന്മാർ വാസ്തവമായിട്ട പട്ടമെത്രാന്മാരുവർ ആയിരുന്നു എന്നുള്ളതിനെയും ചില ലത്തീൻ ചരിത്രക്കാർ ഖണ്ഡിച്ചിരിക്കുന്നത. സാനനങ്ങൾ കൊടുക്കപ്പെടാതെ പട്ടമേറ്റു എന്ന ന്യായത്താൽ ആണു.

നാ റോളന്റെ ചരിത്രത്തിൽ ക്രി-ാം പുറത്തിൽ സുനാറ ദോസിന്റെ, കുബ്ബാനസംബന്ധിച്ചുള്ള, മൂന്നാം ഭാഗത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു: "സുറിയാനി കുബ്ബാനയിൽ സാധനങ്ങൾ ക്രമാശ ചെയ്യുതിന്റെ ശേഷം തിരു ശരീരം രണ്ടായി ഭാഗിച്ചു, ഒരുഭാഗം തിരുച്ചോരയിൽ മുക്കിമാറ്റു ഭാഗത്തിനേൽ കുരിശു വരയ്ക്കുന്നതുകൊണ്ടു ശരീരത്തിൽ ചോരയില്ലെന്നും, ചോരയിൽ ശരീരമില്ലെന്നും ഉള്ളതെന്റെസ്സാറീസ് ഇടയന്മാർ കയാൽ അതിനെ കുബ്ബാനപുസ്തകത്തിൽ നിന്നും നീക്കം ചെയ്യണമെന്നു തീർമാനിച്ചിരിക്കുന്നു." ഗോവ സൂനഹദോസിലെ പിതാക്കന്മാരുടെ മുഖ്യത്വം പോലെതന്നെ ഉദിയമ്പേരൂർ സൂനഹദോസിന്റെ മെറിയ പിതാക്കന്മാർക്കും തോന്നിയിരിക്കുന്നു. എന്തെന്നാൽ Raulin ന്റെ പുസ്തകത്തിൽ ക്രി-ാം പുറത്തിന്റെ ജ്ഞാപകത്തിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു. "റോമാ തിരുസ്സഭ തിരുശ്ശരീരത്തിന്റെ ഒരുഭാഗം മുറിച്ചു തിരുച്ചോരയിൽ ഇട്ടുന്നതുകൊണ്ടു ഇപ്രകാരം നടത്തുവുന്നതാണു" ഒരുത്തൻ ഇടത്തുട്ടുകാരൻ എന്നും അപ്രകാരം നടത്തുന്ന മറെറാരുവൻ അപ്രകാരം അല്ലെന്നും വാദിക്കുന്ന തത്വത്തിന്റെ ഉൽകൃഷ്ടതയെപ്പററി എന്തു പറയേണ്ടു? വരാപ്പുഴ മെത്രാനായിരുന്ന മിലെസ്യൂ പ്രൊട്ടർഗാസ്സെന്നു മെത്രാൻ മേൽവിവരിച്ചപോലെ സുറിയാനിപ്പട്ടക്കാർ തങ്ങളുടെ കുർബാനയിൽ ചെയ്യുന്ന കർമ്മത്തെ ഇടത്തുട്ടാകുന്നു എന്നു തീർച്ചയ്യു. ആ സംഗതിയെപ്പററി ഉദിയമ്പേരൂർ സൂനഹദോസിലെ നിശ്ചയപ്രകാരം നീക്കുന്നതിനു ആലോചിക്കയും മലയാളത്തിലുള്ള എല്ലാപ്പട്ടക്കാരിൽ നിന്നും ഒന്നായി നീക്കം ചെയ്യുന്നതിനു കൊടുങ്ങല്ലൂർ ശ്രാവതയുടെമേലധികാരിയുമായി ആലോചിക്കയും അദ്ദേഹം തനിക്കു അതിന് അധികാരമില്ലെന്നു പറഞ്ഞതുകൊണ്ടു ആ കാര്യം നടക്കാതെ വരികയും ചെയ്തു. വത്തീൻകാര തങ്ങളുടെ കുർബാനയിൽ ചെയ്യുവരുന്ന ക്രമത്തെ സല്പമായിട്ടെങ്കിലും ഓർത്തിരുന്നുങ്കിൽ ഒരു വിധമായ ഒരു തീരുമാനത്തിനു ഇടയാകയില്ലായിരുന്നു. എന്നുതന്നെയുമല്ലാ, ഒരു മെത്രാന്മാർ തിരുസ്സഭയിൽ ചെയ്യുന്ന കർമ്മങ്ങളുടെ സാരാത്മാവായി ചൂ മനസ്സിലാക്കിയിരുന്നെങ്കിൽ ഒരു സംശതി ആലോചനാ വിഷയമായിക്കൂടി ഭവിക്കയില്ലായിരുന്നു. ചില വാഗീൻ മെത്രാന്മാർ തങ്ങൾ റോമൻ കത്തോലിക്കാ വിശ്വാസികളാകയാൽ എല്ലാം തങ്ങൾക്കറിയാം എന്നുള്ള ഭാവനയിൽ ഇപ്രകാരം പ്രവർത്തിക്കുന്നു. തിരുശ്ശരീരം തിരുരക്തത്തിൽ മുക്കി വരയ്ക്കുന്നതിന്റെ കാരണം ഇതാകുന്നു. പൂർവ്വകാലങ്ങളിൽ ഇരു സഭാശങ്ങളിലും ദിവ്യകാരുണ്യം ക്രിസ്ത്യാനികൾക്കു നൽകപ്പെട്ടിരുന്നു എന്നാൽ പിന്നിട്ട തിരുരക്തം കൊടുക്കുന്നതിൽ അപകടങ്ങൾ വർദ്ധിച്ചുതിനാൽ തിരുശ്ശരീരം തിരുരക്തത്തിൽ മുക്കി കൊടുത്തുവന്നിരുന്നു. ആയതു നിർത്തലാക്കിയതിന്റെ ശേഷം ആ സംഗതിയെ ജ്ഞാപകപ്പെടുത്തുന്നതിന് തിരുശ്ശരീരം തിരുച്ചോ

രയിൽ മുക്കിവരയ്ക്കുന്ന ചട്ടം സുറിയാനി കുർബാനയിൽ കാക്കപ്പെട്ടിരുന്നു. ഒരു സംഗതിയേയാണു സൂനഹദോസ് ഇടത്തൂട്ട എന്നതിനു രുമാനിച്ചതു.

൪ റോമൻറെ ചരിത്രത്തിൽ ൯൫ാം പുറത്തിൽ ൫ാം ഖണ്ഡത്തിൽ അങ്കമാലി രൂപതയുടെ മാർ അബ്രാഹം മെത്രാൻ ഉർമിസ്ദാസ് എന്ന പുണ്യവാളൻറെ നാമധേയത്തിൽ അങ്കമാലിയിൽ പണിയിച്ച പള്ളിയിൽ കൊണ്ടാടപ്പെട്ടുന്ന ഒരു പുണ്യവാളൻറെ രണ്ടുപെരുനാളുകളും മുടക്കണമെന്നും ആ ഉർമിസ്ദാസ് അബാത്തു് നെസ്തോറീസ് ഇടത്തൂട്ടുകാരനാണെന്നും അതിനാൽ ആ ഘോഷിപ്പാൻ പാടില്ലെന്നും അദ്ദേഹത്തിൻറെ നാമം കൊണ്ടാടരുതെന്നും തീരുമാനിച്ചതായി പ്രസ്താവിച്ചിരിക്കുന്നു- മെനെസീസ് മെത്രാപ്പോലീത്താ ഉദിയമ്പേരൂർ സൂനഹദോസിൽ വെച്ചു നെസ്തോറീസ് ഇടത്തൂട്ടുകാരായി ശപിച്ചു നീക്കിയ ഉർമിസ്ദാസ് അബാത്ത, അബ്രാഹം, നർസി, മിഖായേൽ, യോഹന്നാൻ മുതലായവരെ കിഴക്കൻ ദേശങ്ങളിലെ കത്തോലിക്കർ ഇപ്പഴും ശ്രേഷ്ഠമാക്കപ്പെട്ടവർ ആയിട്ടു കാണുന്നുവരുന്നു. എന്നാൽ ജമീലിൻറെ പുസ്തകത്തിൽ ൯൦, ൯൨, ൯൨ ഒരു പുങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നപോലെ അങ്കമാലി രൂപതയുടെ മാർ അബ്രാഹം മെത്രാൻ, ഉർമിസ്ദാസ് അബാത്തു് പുണ്യവാളൻറെ നാമധേയത്തിൽ അങ്കമാലിൽ പണിയിച്ചിരിക്കുന്ന പള്ളിയിൽ ആഘോഷിക്കുന്ന ടി- പുണ്യവാളൻറെ പെരുനാൾ രണ്ടിനും മഴവൻ ദോഷപ്പൊരുതി കല്പിച്ചു കൊടുപ്പാറാകുന്നമെന്നും ഒരു പുണ്യവാളൻ വഴിയായി വളരെ അത്ഭുതങ്ങൾ ദൈവം ചെയ്യുന്നു എന്നും ഒരുശ്ശോ സഭക്കാർ മാപ്പുപ്പായ്ക്കു എഴുതി അപേക്ഷിച്ചിരുന്നതായി വരുത്തിക്കാൻ പുസ്തകശാലയിലെ ലേഖന ശേഖരത്തിൽ ഉള്ള ഏഴുത്തിൽ കണ്ടിരിക്കുന്നു. (Appendix 29)

മേൽപ്പടി പുങ്ങളുടെ ജ്ഞാപകത്തിൽ, ടി പുണ്യവാളൻ ഏഴാം യുഗത്തിൽ പെർശ്യായിൽ ജീവിച്ചിരുന്നെന്നും, അദ്ദേഹം വളരെ സന്ന്യാസമഠങ്ങൾ ഏർപ്പെടുത്തിയെന്നും അദ്ദേഹം വളരെ അതിശയങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്നും ഒരു കുരുടനു കാഴ്ചയുണ്ടാക്കികൊടുക്കയാൽ ആ സംഗതിയുടെ ജ്ഞാപകമായി പെരുനാൾ ഏർപ്പെടുത്തപ്പെട്ടതാണെന്നും വിവരിച്ചിരിക്കുന്നു- എടത്തൂട്ട എന്നുപറയുന്നതു വിശ്വാസകാര്യം സംബന്ധിച്ചുള്ള തെറ്റിനാകുന്നു. വിശ്വാസകാര്യം സംബന്ധിച്ചുള്ള തെറ്റും സത്യവും ഇന്നതെന്നു അറിയാതെ തീരുമാനിക്കുന്നതു എത്രയോ മൂഢത്വമാകുന്നു. വിശ്വാസകാര്യം സംബന്ധിച്ചു ഒരു വിഷയം മാത്രം—തെറ്റായിട്ടു വിധിക്കുന്നു എങ്കിൽ അതു സത്യം പരിപാലിക്കുന്നവൻറെ സിംഹാസനത്തിൽ ഇരിപ്പാൻ

അയോഗ്യനാകുന്നു. ഫർ-ാംബെനദിക്തോസ് മാറ്റ്പ്പായുടെ ഭാഗ്യ ജ്ഞാനമേറിയ തിരുവെഴുത്തു ഇവിടെ ചേർത്താൽ അതുകൊണ്ടു നാണ ഗോവാ, ഉദിയമ്പേരൂർ, ഒരു സൂനഹദോസുകളിലെ തീരുമാനങ്ങളുടെ അബദ്ധ സ്ഥിതി അറിയാം. ഫർ-ാം ബനദിക്തോസ് , മാറ്റ്പ്പായുടെ ബുള്ളാരിയും ഫർ-ാം പുറത്തിൽ ഫ്രാ-ാം ലക്കത്തിൽ പറയുന്നതു: "ശിശ്മയും മനു കിഴക്കെ പള്ളിയിൽ നടന്നവന്ന ദൈവാരാധനക്രമം സംബന്ധിച്ചു അറിവുള്ളവർ നമ്മുടെ വേദശാസ്ത്രികളുടെ കൃത്യത്തിൽ മൽകാര്യങ്ങളിൽ ഇല്ലാതിരുന്നെങ്കിലും, ആ അറിവു കൂടാതെ ഇല്ലാതിരുന്നവർ പടിഞ്ഞാറൻ പള്ളിയുടെ ദൈവാരാധനക്രമം മാത്രം അറിഞ്ഞിട്ടുള്ളതുകൊണ്ടു അതിനു വിരുദ്ധമായി കാണുന്നതൊക്കയും നിഷേധിച്ചിരുന്നാലും ഗ്രീക്ക് ദൈവാരാധനക്രമം അല്പമായിട്ടെങ്കിലും ലംഘിക്കപ്പെടരുതെന്നും മലിനപ്പെടാതെ പൂർണ്ണമായികാക്കപ്പെടണമെ-" ന്നും അരുളുന്നു (Appendix 30)

അപ്പടിയും മേൽപടി സൂനഹദോസുകളിൽ കിഴക്കൻപള്ളിയുടെ പരിചയമില്ലായ്മയാൽ അവരുടെ ഗതികളെ ഇടത്തുടെനാ തീരുമാനിക്കാൻ ഇടയായിട്ടുണ്ടെന്നു തെളിയുന്നു. അവയെ ഓരോന്നിനേയും വിവരിച്ചു നിഷേധിക്കുന്നതിനു വലുതായ ഒരു പുസ്തകം എഴുതേണ്ടിവരും. റോമിൽതന്നെ അനേകസംഗതികളെ ജ്ഞാപകത്തിൽ നിഷേധിച്ചിട്ടുള്ളതുകൊണ്ടു, വായനക്കാർ ആ പുസ്തകം വായിച്ചു നോക്കട്ടെ. നമ്മുടെ ആ പുസ്തകം ൪൫-ാം പുറത്തിലെ വാക്യത്തെക്കൂടി ഇവിടെ ചേർത്തുകൊണ്ടു ഒരു സംഗതിയെ ഇപ്പോൾ അവസാനിപ്പിക്കുന്നു. അതായതു "ഞങ്ങൾ എന്നാൽ ൨-ാം അദ്ധ്യായം കൊണ്ടു മിക്കസംഗതികളും ഒഴിക്കേണ്ടതാകുന്നു. എന്നു തെളിയിച്ചിട്ടുണ്ടു്." (Appendix 31)-അതായതു ഉദിയമ്പേരൂർ സൂനഹദോസിൽ ഇടത്തുടായി തിരുമാനിച്ചിട്ടുള്ള 'സംഗതികളും മിക്കതും ഇടത്തുടലുണ്ടാ ഞ്ഞു അട്ടഹാസം തെളിയിച്ചിരിക്കുന്നതു.

൫. ഇനി തോമാനസ്രാണികളും ക്രമാശകളും അനുസരിക്കയും കൈക്കൊൾകയും ചെയ്തിട്ടില്ലായെന്നു ഉദിയമ്പേരൂർ സൂനഹദോസിൽ തീർമാനിച്ചിരിക്കുന്നതിനെപ്പറ്റി ആലോചിക്കാം. അതായതു സൈറ്റ്വചനം, ആ ആലോചനം ഒരു ക്രമാശകളെ അവർ കൈക്കൊണ്ടിരുന്നില്ലാ എന്നാകുന്നു. ഒരു സംഗതിയെപ്പറ്റി റോളിൻതന്നെ, തന്റെ പുസ്തകത്തിൽ ൪൦-ാം പുറത്തിൽ ഇപ്രകാരം പുറഞ്ഞിരിക്കുന്നു. "അതു സത്യമല്ലെന്നു ഞാൻ പറയുന്നു. അതായതു മലയാളത്തിലെ പള്ളി ആ ക്രമാശകളെ സ്വീകരിച്ചു നടത്തിവന്നിരുന്നു. എന്തുകൊണ്ടെന്നാൽ മലയാളക്രമപുസ്തകങ്ങളിൽ ആ ക്രമാശകളും ഉണ്ടായിരുന്നു." എന്നു അസ്സേമാൻ ൧-ാംപുസ്തകം ൨-ാം ഭാഗം ൨-ാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. (Appendix 32)

ന്ന ലത്തീൻചരിത്രകർത്താക്കളാൽ മലയാളത്തിലെ പള്ളിയിന്മേൽ ആരോപിക്കപ്പെട്ടിട്ടുള്ള ഇടത്തട്ടിന്റെ ഏറ്റവും പ്രധാനലക്ഷണമായി അവരാൽ കൊണ്ടുവരപ്പെട്ടിട്ടുള്ള വാദം ഉദിയവേത്രൂർ സുനഹദോസ് വരെ തോമാനസ്രാണികളും ശീവർഗീസ് അഡ്മിനിക്കനും മലയാളത്തിലെ പള്ളിയും മാപ്പ്ാപ്പായെ കത്തോലിക്ക് തിരുസ്സഭയുടെ തലവനായി അംഗീകരിച്ചിട്ടില്ലായിരുന്ന എന്നുള്ളതാണ്. എന്നാൽ ഇതും ഒരു വെറുംകഥയാണ്. എന്തെന്നാൽ റോമാമാപ്പ്ാപ്പായെ തിരുസ്സഭയുടെ തലവനായി മലയാളത്തിലെ പള്ളിയും ശീവർഗീസ് അച്ചുഗീക്കനും തോമാനസ്രാണികളും കൈക്കൊണ്ടിരുന്ന എന്നു, ഫ-ാം യോഹന്നാൻ മാപ്പ്ാപ്പാ പ്രാൻസിസ്കൻസന്യാസികളേയും ജോർദ്ദാൻമെത്രാനേയും ക്രമപ്രകാരം അയച്ചു എന്നുള്ളതും ഒരു മാപ്പ്ാപ്പാതന്നെ നസ്രാണികൾക്കു എഴുതിയ എഴുത്തും സ-ാം ക്ലെമെൻസ മാപ്പ്ാപ്പാ മരിഞ്ഞോളിയെ തന്റെ സ്ഥാനാപതിയായി കൊല്ലത്തേക്കു അയച്ചയും ര-ാം എവുജേനിയൊ എന്ന മാപ്പ്ാപ്പാ തോമാനസ്രാണികളുടെ ചക്രവർത്തിക്കു എഴുതിയ എഴുത്തും, ഫ്രാ-ാം ശ്രീഗോറിയസ് മാപ്പ്ാപ്പാ അവർക്കു അയച്ച എഴുത്തും, പറവൂർപള്ളിയിൽ നിന്നും രണ്ടേസുറിയാനികത്തനാരന്മാർ തങ്ങളുടെപള്ളിക്കു "അറംത്താരെറ്റിറിലേറിയാത്തും" വാങ്ങുവാനായി റോമാമാപ്പ്ാപ്പായുടെ പക്കൽപോയിട്ടുള്ളതും ശീവർഗീസ് അഥവ് ഡീക്കൻ ഫ്രാ—ാം ശ്രീഗോറിയോസ് മാപ്പ്ാപ്പായുടെപക്കൽ നിന്നുംദോഷപൊറുതി അപേക്ഷിച്ചിട്ടുള്ളതും മറും പലലക്ഷ്യങ്ങളുംധാരാളമായിതെളിയിക്കുന്നുണ്ട്. എന്നാൽ ലത്തീൻകാർ പുറപ്പെടുവിച്ചിട്ടുള്ളരേഖാവാദം അശേഷം അടിസ്ഥാനമില്ലാത്തതാണെന്നു താഴെപ്പറയുന്ന സംഗതികൊണ്ടു ബോധപ്പെട്ടും. കഴിഞ്ഞുപോയ കൽദായപാത്രിയർക്കീസുകയ്യാത്ത് അബ്ദീശോ റോമാമാപ്പ്ാപ്പാമാരുടെ തൽസ്ഥാനത്തെപ്പറ്റി (മേൽവിവരിച്ചിരിക്കുംപ്രകാരം) ഒരു പുസ്തകം എഴുതി ഫ്രാ—ാം അച്ചടിപ്പിച്ചിട്ടുണ്ടല്ലൊ. അതിൽ മാപ്പ്ാപ്പായുടെതലസ്ഥാനത്തെ ഉറപ്പിക്കുന്നതു നെസ്തോറിയൻ ഇടത്തട്ടുകാരുടെ സാക്ഷികൊണ്ടാകുന്നു. അതായതു നെസ്തോറിയൻഇടത്തട്ടുകാർ റോമാമാപ്പ്ാപ്പാമാരുടെ തലസ്ഥാനത്തെപ്പറ്റി അതിക്ഷേപമില്ല. മാപ്പ്ാപ്പാമാർ തിരുസ്സഭയുടെ തലവന്മാർ എന്നും ശ്ലീഹാമാരുടെ തലവനായ ശ്ലൂഹ: പത്രോസിന്റെ പിൻഗാമികളെന്നും അവർ വിശ്വസിച്ചിരുന്നു. നെസ്തോറിസ് ഇടത്തട്ടുകാരിൽ പ്രധാനശാസ്ത്രിയായ നർസ്സീസ്സ് പാട്ടനാതു "ശേമഓൻ നമ്മുടെശ്ലീഹാ റോമാക്കാരുടെ രാജ്യത്തിലും പ്രസംഗിച്ചു. എന്നാവരേയും രക്ഷിക്കുന്നതിനായിട്ടു മാംസം എടുത്തദൈവത്തെ പ്രസംഗിച്ചു. മത്സ്യപിടിത്തക്കാരൻ ഒന്നാമതായി പുറജനങ്ങളെ പിടിക്കുന്നതിനായി പറഞ്ഞയച്ചു. തന്റെ വലവീശി നഗരങ്ങളുടെ മാതാവായ റോമായെവീശിപ്പിടിച്ചു. ശിഷ്യന്മാരിൽ തലവൻ തലസ്ഥാനനഗരത്തെ വീശിപ്പിടിച്ചു അതിനേക്കൂടി വിശ്വാസത്തിന്റെ രക്ഷകൊത്തളമായിക്കാത്തു"(Appendix 33)

അപ്പോഴും ഒരു സമയം നെസ്തോറിയൻ ഇടത്തുട്ട അനുസരിക്കുന്നതെന്നുമാർ തന്നെയും ഇവിടെ വന്ന ഭരിച്ചിരുന്നാൽ ക്രിസ്തുവും മാപ്പാപ്പയുടെ തിരുമനസ്സുകൊണ്ടു തലവനല്ലെന്നുള്ള പാഠം അവർ പഠിപ്പിച്ചിട്ടില്ല. അതിനാൽ ഇതിനെ ലത്തീൻ ചരിത്രകർത്താക്കളുടെ മറ്റൊരു കെട്ടുകഥയായി വിചാരിക്കേണ്ടതാണു.

൩. ഇദി ഉദിയമ്പേരൂർ സുന്നഹദോസിന്റെ വിശ്വാസസത്യത്തിൽ ബാബേൽ പാത്രിയക്കീസിനെ ശപിക്കപ്പെട്ടവനായും ഇടത്തുട്ടുകാരനായും സത്യം ചെയ്ത എന്നുള്ള വാദത്തെപ്പറ്റി ആലോചിക്കാം. ഒരു റോമൻകത്തോലിക്കുമെത്രാൻ ഒരുവിധമായ സത്യം ചെയ്യിച്ചതു വളരെ അയോഗ്യമായ പ്രവൃത്തിയാകുന്നു. എന്തെന്നാൽ "ഒത്തനെ ഭോഷനെന്നു വിളിക്കുന്നവൻ നരകത്തിലെ തീയ്ക്കു യോഗ്യനാകുന്നു" എന്നു മിശിഹാ തിരുമനസ്സിച്ചിരിക്കുന്നു. ബാബേൽ പാത്രിയക്കീസ് റോമൻകത്തോലിക്കാവിശ്വാസത്തിന്റെ ഐക്യതയിൽ ഇരുന്നിരുന്ന സ്ഥിതിക്കു അദ്ദേഹം ഇടത്തുട്ടുകാരനാണെന്നു പറഞ്ഞു ശപിച്ചതു നരകതീയ്ക്കു യോഗ്യമായ പ്രവൃത്തിയാകുന്നു. തോമാനസ്രാണികൾ ഒരു സത്യത്തിനു സമ്മതിച്ചുകിൽ അതു മുൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ മെനേസീനസ് മെത്രാപ്പോലീത്താ രാജശക്തിയോടുകൂടിക്കൂടിയ ഒരു സുന്നഹദോസ് ആയിരുന്നതുകൊണ്ടു അവർ ഭയന്നു സമ്മതിച്ചതായിരിക്കണം എന്നു നിഷ്പ്രയാസേന വിചാരിക്കാവുന്നതാകുന്നു. എന്നാൽ പുരുഷിയപക്ഷം ക്രിസ്തു൨-ാം കാലംമുതൽ എങ്കിലും ബാബേൽ പാത്രിയക്കീസന്മാർ റോമൻകത്തോലിക്കാഐക്യതയിൽ ഇടവിടാതെ പാർത്തിരുന്നവരാകുന്നുവെന്നതിനു തക്കമില്ലാ.

ക്രിസ്തു—ൽ മാർ സീമോൻ ഒനഹാ എന്ന ബാബേലിലെ കത്തോലിക്കാ പാത്രിയക്കീസ് കാലം ചെയ്തുപോയി എന്നും ക്രി൧൦-ാം കാലംവരെ പകരം പാത്രിയക്കീസ തിരിഞ്ഞെടുക്കപ്പെട്ടിരുന്നതിനു ഇടവരാതെ ഒഴിയപ്പെട്ടിരുന്ന പാത്രിയക്കീസ് സിംഹാസനം കാലംചെയ്ത പാത്രിയക്കീസിന്റെ വികാരിയാൽ ഭരിക്കപ്പെട്ടിരുന്നു എന്നും ഇതിനാൽ ഉദിയമ്പേരൂർ സുന്നഹദോസിന്റെ കാലത്ത (ക്രിസ്തു) ബാബേലിൽ കത്തോലിക്കാ പാത്രിയക്കീസ ഉണ്ടായിരുന്നില്ലാ എന്നും ചില ചരിത്രക്കാർ പറയുന്നുണ്ടു. എന്നാൽ ഉദിയമ്പേരൂർ സുന്നഹദോസിന്റെ ൪-ാം സെഷ്യൻ വ്യാം തെക്രേത്തിലും ൫-ാം സെഷ്യൻ ഒന്നാം തെക്രേത്തിലും കാണുംപ്രകാരം മെനേസീസ മെത്രാപ്പോലീത്താ അന്നവരെ ബാബേലിൽ വാണിരുന്ന എല്ലാ പാത്രിയക്കീസന്മാരേയും അവരുടെ കീഴണ്ടായിരുന്ന എല്ലാ കൽദായ മെത്രാന്മാരേയും നെസ്തോറീസ ഇടത്തുട്ടുകാരായി ശപിച്ചിട്ടുള്ളതു ഏതു ന്യായത്താൽ അയിരുന്നു എന്നു മനസ്സിലാകുന്നില്ലാ. ഒന്നുകിൽ റോമായുടെ വല്ല വിധികൊണ്ടോ

നിർണ്ണയം കൊണ്ടോ അയിരുന്നോ? റോമ്മായുടെ വിധിപോലെ ആണോ ശപിച്ചതെങ്കിൽ അതേപ്പറ്റിയുള്ള രേഖകൾ കാണുമല്ലോ. അങ്ങനെ യാതൊന്നും കാണിച്ചിട്ടില്ലാ. രേഖകൾ ഒന്നും ഇല്ലെങ്കിൽ മെനേസീസ മെത്രാപ്പോലീത്താ ചെയ്തതു ശരിയാണോ?... അവ്വാഹം മെത്രാപോലീത്തായുടെ പാത്രിയർക്കീസ് മാർ സീമോൻ ശൂനഹായുടെ അധികാരപ്രകാരം അദ്ദേഹം (മാർ അവ്വാഹം) തന്റെ അച്ചടീക്കൻ ഗീവർഗ്ഗീസിനെന്ന ദേഹത്തെ പാർവ്വയൂരിന്റെ മെത്രാനും അങ്കമാലി ശ്രുതയിൽ തന്റെ സഹായിയും പിൻഗാമിയുമായി വാഴിപ്പാൻ നിശ്ചയിക്കയും ആ നിശ്ചയത്തെ ഫ്രാ.-ാം ശ്രീഗോരിയെന്ന മാർപാപ്പാ സ്വീകരിച്ചുറപ്പിക്കയും ചെയ്തസ്ഥിതിക്കു ആ വാഴിച്ചു നടക്കാതെവന്നതു എന്തു കാരണത്താൽ ആണു? മലയാളത്തിലെ സുറിയാനിക്കാരുടെ മേലുള്ള ഭരണം പോർട്ടുഗീസ് ക്കാരുടെ കൈവശം ആക്കുവാൻ വേണ്ടി മെനേസീസ മെത്രാപോലീത്താ മുതലായവർ ചെയ്തിരുന്ന പരിശ്രമത്താൽ അല്ലയൊ?.....ഉദിയംപേരൂർ സൂനഹദോസിന്റെ കാലത്ത മാർ സീമോൻ ദെനഹാ പാത്രീയക്കീസ കാലം മെയ്യപോയ സ്ഥിതിക്കും അദ്ദേഹത്തിന്റെ സ്ഥാനത്തെ ഫ്രാന്സിസ്കൻ മാരും പാത്രീയക്കീസ തിരിഞ്ഞെടുക്കപ്പെട്ട സ്ഥിതിക്കും മെനേസീസ് മെത്രാപോലീത്താ ഫ്രാൻസിസ്കൻ മാരിൽ ഉദിയംപേരൂർ സൂനഹദോസിൽവെച്ചു ശപിച്ചതു ഏതു പാത്രീയക്കീസിനെയാണു? തിരിഞ്ഞെടുക്കപ്പെടാതെയിരുന്ന പാത്രിയക്കീസിനെയാണൊ? പാത്രിയക്കീസ് എന്നാൽ പാത്രിയർക്കീസ് സിംഹാസനത്തെയാണല്ലോ മെനേസീസ് മെത്രാപോലീത്താ ശപിച്ചതു എന്നുവരികിൽ ഫ്രാങ്കിയ രാജ്യത്തിൽ റോമ്മായിൽ വെച്ചു പാത്രിയക്കീസായി ഉറപ്പിക്കപ്പെട്ട മാർ സീമോൻ സുലാക്കാമുതൽ മാർ സീമോൻ ദെനഹാ പാത്രിയക്കീസ വരെ എല്ലാ പാത്രിയക്കീസന്മാരും അവരുടെ കീഴാണ്ടായിരുന്ന കൽദായ മെത്രാന്മാരും പ്രത്യേക വിധത്തിൽ റോമ്മായാൽ സ്വീകരിക്കപ്പെട്ടു കത്തോലിക്കരും ആയിരുന്ന സ്ഥിതിക്കും, ദോം മേനേസീസിന്റെ മെത്രാപോലീത്താ തന്റെ കീഴണ്ടായിരുന്ന മെത്രാന്മാർ കൂടിയ സൂനഹദോസിൽ ഗോവയിൽ കൂടിയ പ്രദേശസൂനഹദോസിൽ ബാബേലിലെ കത്തോലിക്കാ പാത്രിയക്കീസിനേയും തന്റെ കീഴണ്ടായിരുന്ന കൽദായ മെത്രാന്മാരേയും റോമ്മാ ഐക്യതയിൽ ഉള്ളവരായിട്ടു സൂനഹദോസിന്റെ ഫ്രാ-ാം സെഷ്യൻ ൫-ാം ദെക്രേത്തിൽ പ്രസ്ഥാപിച്ചിരിക്കുന്നതിനു വിരോധമായും ടി ബാബേൽ പാത്രിയക്കീസന്മാരേയും മെത്രാന്മാരേയും അവരുടെ സിംഹാസനത്തേയും ശപിച്ചതു വിധിയും അനീതിയും അല്ലയൊ? വായനക്കാർ വിചാരിക്കുവിൻ!

ഉദിയംപേരൂർ സൂനഹദോസിന്റെ കാലത്തിൽ ബാബേ

ലിൽ രണ്ടു പാത്രിയക്കീസ് സിംഹാസനങ്ങളും ഉണ്ടായിരുന്നു. അ ര ണ്ടു സിംഹാസനങ്ങളിലും വാണിരുന്നവർ റോമൻ കത്തോലിക്കാ ഐ ക്യതയിലും ഉൾപ്പെട്ടവരായിരുന്നു. അതുകൊണ്ട് ൧൭൨൨ മുതൽ എങ്കിലും ബാബേൽ സിംഹാസനത്തെ അലങ്കരിച്ച പാത്രിയ ക്കീസന്മാർ എല്ലാവരും റോമൻ കത്തോലിക്കാ വിശ്വാസത്തിൽ ജീ വിച്ചിരുന്നു എന്നു തെളിയിക്കാം. ഉദിയംപേരൂർ സുനഹദോസ് കാ ലത്തു വാണിരുന്ന രണ്ടു പാത്രിയക്കീസന്മാരും റോമൻ കത്തോലിക്കാ വിശ്വാസികളും വളരെ സന്മാർഗ്ഗികളും ആയിരുന്നു എന്നുള്ളതിനു ചരി ത്രം തന്നെ സാക്ഷിയാണ്. "ബാബേലിലെ ശിമയോൺ ഡെൻഹാ എ ന്ന പാത്രിയക്കീസ് ൧൭൨൨—ൽ ൫-ാം ഗ്രിഗോറിയൂസ് മാപ്പ്ാപ്പാ യുടെ പക്കൽ വിശ്വാസസത്യം അയച്ചു എന്നും ടി മാപ്പ്ാപ്പാ അദ്ദേഹ ത്തിന്റെ വിശ്വാസസത്യത്തെ അംഗീകരിച്ചു, പാലിയം കൊടുത്തു എ ന്നും, ടി പാത്രിയക്കീസ് ആ കാലത്തു മുണ്ടായിരുന്ന നെസ്തോറിയന്മ കാരുടെ പാത്രിയർക്കീസായ ഏല്യായുടെ അജ്ഞയെ നിഷേധിച്ചു പേർസ്യായിൽ ഉർമ്യാ എന്ന പട്ടണത്തിൽ തന്റെ പാത്രിയക്കീസ് സിംഹാസനം സ്ഥാപിച്ചു മരണത്തോളം ആ നിലയിൽ തന്നെ ക ത്തോലിക്കരെ ഭരിക്കുകയും ചെയ്തു." എന്നു Aloysius Asseman ന്റെ ചരിത്രത്തിൽ കാണുന്നു. "സിമയോൺ ഡെൻഹാ എന്ന പാ ത്രിയക്കീസിന്റെ അനുഗാമിയായ സിമയോൺ പാത്രിയക്കീസ് ൧൭൩൦—ൽ തന്റെ വിശ്വാസപ്രമാണം റോമാസിംഹാസനത്തിലേക്കു അയക്കയും ൧൭൬൭-ാം കാലംവരെ ജീവിച്ചിരിക്കയും ചെയ്തു. ൧൭൫൮-മു തൽ ബാബേലിലെ പാത്രിയക്കീസ് സിംഹാസനം പ്രത്യേകം രണ്ടായി തീർന്നിരുന്നു." എന്നു Aloysius Asseman കാൽഭാഗം പുറത്തിലും "നെ സ്തോറിയൻ ഇടത്തുട്ടുകാരായി ബാബേൽ സിംഹാസനത്തിൽ ഇരുന്ന ൧൮൧൮-ലെ പാത്രിയക്കീസായ മാർ ഹൂലിയാ ൪-ാം പൌലോസ് മാ പ്പ്ാപ്പായുടെ പക്കൽ വിശ്വാസ സത്യം അയക്കുകയും അദ്ദേഹത്തിന്റെ വിശ്വാസ സത്യം അംഗീകരിക്കയും പാലിയം കൊടുക്കയും ചെയ്തിട്ടുണ്ട്. ടി. പാത്രിയക്കീസ് ൧൮൫൭- വരെ ജീവിച്ചിരിക്കയും ചെയ്തിരി ക്കുന്നു." എന്നു Aloysius Asseman കനകാ-ാം പുറത്തിലും പ്രസ്താ വിച്ചിരിക്കുന്നു. അതുനിമിത്തം ഉദിയമ്പേരൂർ സുനഹദോസിന്റെ കാ ലത്തിൽ ബാബേൽ സിംഹാസനത്തെ അലങ്കരിച്ചിരുന്ന രണ്ടു പാത്രി യക്കീസ്മാരും റോമൻ കത്തോലിക്കാ വിശ്വാസം അനുസരിച്ചവരായി രുന്നു. "൧൭൭൨-ൽ പാത്രിയക്കീസായ യോഹന്നാൻ സുലാക്കാ മൂ ന്നാം ജൂലിയൂസ് മാപ്പ്ാപ്പായുടെ പക്കൽ വിശ്വാസസത്യം ചെയ്യുകയും വേദസാക്ഷിയായി മരിക്കയും ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമി യും സിമയോൻ ഡെൻഹാ എന്ന പാത്രിയക്കീസിന്റെ പുരോഗാമിയും ആയ ഔദീശോ പാത്രിയക്കീസ് ൧൭൯൨-ൽ ൪-ാം പീയൂസ് മാപ്പ്ാ പ്പായുടെ പക്കൽ വിശ്വാസസത്യം അയക്കുകയും, അദ്ദേഹത്തിന്റെ

വിശ്വാസസത്യം അംഗീകരിച്ചു പാവിയും കൊടുക്കയും ചെയ്തിട്ടുണ്ട് എ
ന്നു Aloysius Assemani-ന്റെ പുസ്തകത്തിൽ ൨൫൭-ാം പുറത്തിലും ഉദിയ
ബോർ സുനഹദോസിന്റെ കാലത്തു ജീവിച്ചിരിന്ന ഏലിയാസ് പാത്രി
യക്കീസ് ഫ്രുത്ത-ൽ മരിച്ചതിന്റെ ശേഷം അദ്ദേഹത്തിന്റെ പിൻ
ഗാമിയായി വാണ ഏലിയാസ് സിമയോൻ "റോമൻ കത്തോലിക്കാ
വിശ്വാസം അനുസരിച്ചു ജീവിച്ചു ഫ്രുസ്സൻ-ൽ മരിച്ചു" എന്നു ടി പു
സ്തകത്തിൽ ൨൫൯-ാം പുറത്തിലും പ്രസ്താവിച്ചിരിക്കുന്നു. ഇപ്രകാരം ഉ
ദിയംപേർ സുനഹദോസിന്റെ കാലത്തിലും അതിനു വളരെ കാ
ലം മുമ്പും, പിമ്പും ബാബേവിൽ റോമൻ കത്തോലിക്കാ ഐക്യതയി
ൽ തുടരെ ജീവിച്ചിരുന്ന പാത്രിയക്കീസ്മാർ ഉണ്ടായിരിക്കെ ബാ
ബേൽ പാത്രിയക്കീസിനെ ഉദിയബോർ സുനഹദോസിൽവച്ചു ഇ
ടത്തുട്ടുകാരനും, ശപിക്കപ്പെട്ടവനും മഹറോൻ ചൊല്ലപ്പെട്ടവനും ആ
യി ശപിച്ചിട്ടുള്ളതു ദുരാരോപണവും, സാഹസവും ആയിപ്പോയി
എന്നു ബോധ്യത്തുംകൊണ്ടു ഒരു പ്രകരണത്തെ അവസാനിപ്പിക്കുന്നു.

നാം പ്രകരണം

പുസ്തകഉപയോഗങ്ങൾ കൊണ്ടു ഇടത്തുട്ടുകാർ അല്ലായിരുന്നു എന്നുള്ളതിന്നു തെളിവുകൾ

൧. ഇനി പാശ്ചാത്യന്മാരായ ലത്തീൻ ചരിത്രകർത്താക്കൾ ഉദിയബോ
ർ സുനഹദോസ്വരെ മലയാളത്തിലെ തോമാനസ്രാണികൾ ഉപ
യോഗിച്ചിരുന്ന പുസ്തകങ്ങളിൽ ഇടത്തുട്ടുകൾ ഉണ്ടായിരുന്നു എന്നു വാ
ദിക്കുന്നതിനെപ്പറ്റി ആലോചിക്കാം. പരസംഗതിയെപ്പറ്റി പ്രതിവാ
ദിക്കുന്നതിനു മുമ്പായി, മലയാളഭാഷയിൽ എഴുതപ്പെട്ടതും അച്ചടിക്ക
പ്പെട്ടതും തോമാനസ്രാണികൾ ഉപയോഗപ്പെടുത്തി വന്നതുമായ ഏ
തെല്ലാം പുസ്തകങ്ങളിലാണു ഇടത്തുട് അടിപ്രായങ്ങൾ അടങ്ങിയിരുന്നു
എന്നു വത്തീൻകാർ പ്രസ്താവിച്ചിട്ടില്ലെന്നുള്ളതു തന്നെ വായനക്കാ
രെ അറിയിച്ചുകൊള്ളുന്നു. സുറിയാനിഭാഷയിലുള്ള പുസ്തകങ്ങ
ളെപ്പറ്റിയാണു അവർ വാദിക്കുന്നതെങ്കിൽ തോമാനസ്രാണികൾ
പഠിച്ചിട്ടില്ലാത്ത ആ ഭാഷയിൽ എഴുതപ്പെട്ടിരുന്ന പുസ്തകങ്ങളെ അവ
ർ ഉപയോഗിച്ചുവന്നിരുന്നു എന്നു പറവാൻ പാടില്ല. ആയതിനാൽ
പുസ്തകങ്ങളുടെ ഉപയോഗംകൊണ്ടു തോമാനസ്രാണികൾ ഇടത്തുട്ടുകാ
രായിരുന്നു എന്നുള്ളവാദം അടിയോടെനിഷേധിക്കത്തക്കതായിരിക്കുന്നു.
വത്തീൻകാരുടെ ഏതു പുസ്തകം വായിച്ചാലും നെസ്തോറിയൻമെത്രാൻമാ
ർ തോമാനസ്രാണികളെ ഭരിച്ചിരുന്നതുകൊണ്ടു മാത്രം അവർ നെസ്തോ
റിയൻകാരായിരുന്നു എന്നുള്ള അനുമാനം സർവ്വസാധാരണമായി കാണാ

വുന്നതാണ്. തോമാനസ്രാണികളുടെ ഇടയിൽ നെസ്തോരിയൻ ഇടത്തുട്ട് ഉറപ്പെട്ടിരുന്നതായി യാതൊരു ലക്ഷ്യവും കാണുന്നില്ല. എന്നാൽ ചില സുറിയാനിപുസ്തകങ്ങളിൽ വാക്കുസംബന്ധിച്ചു ഇടത്തുട്ട് കണ്ടേക്കാമെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ അതുകൊണ്ടു തോമാനസ്രാണികളും അവരുടെ പട്ടക്കാരും ഇടത്തുട്ടുകാരായിരുന്നു എന്നു അനുമാനിക്കാവുന്നതല്ല. ഏതെന്നാൽ ഒരു സമുദായത്തെ ഇടത്തുട്ടുകാർ എന്നു വിധിക്കുന്നതു ഒരു ഇടത്തുട്ടിനെ വിശ്വസിച്ചുള്ള അവരുടെ നടപടിക്രമങ്ങൾകൊണ്ടു വേണ്ടിയിരിക്കുന്നു. പ്രസ്തുതകാലത്തിൽ അച്ചടി സാധാരണമായിട്ടില്ലായിരുന്നതുകൊണ്ടു പുസ്തകങ്ങളും കൈയെഴുത്തുകൾ ആയിരുന്നു. അച്ചടികൊണ്ടു എല്ലാവക്കും ഒരേതരത്തിലുള്ള പുസ്തകങ്ങളെ വാങ്ങിക്കുന്നതിനു സാധിക്കുന്നു. ബാബേൽ മുതലായ ദേശങ്ങളിൽ അച്ചടിനടപ്പായിട്ടു വളരെക്കാലമായിട്ടില്ല ഇപ്പോഴും ബാബേൽകാരുടെ ചില കുർബ്ബാനകൾ മുതലായവ അടങ്ങിയിരിക്കുന്ന പുസ്തകങ്ങളും കൈയെഴുത്തുതന്നെ. പുസ്തകങ്ങളും പകർത്തുന്നവർ ചിലപ്പോൾ വിദ്യാവിഹീനന്മാർ ആയിരിക്കും, ചിലപ്പോൾ ഇടത്തുട്ട് അനുസരിച്ചവരാണെന്നും വന്നേക്കാം. പുസ്തകങ്ങളുടെ തെറ്റില്ലായ്മകൊണ്ടു ഒരു വിധം തെറ്റടങ്ങീട്ടുള്ള ചില പുസ്തകങ്ങളെ കത്തോലിക്കരും ഉപയോഗപ്പെടുത്തിവന്നിരുന്നു എന്നുവരികിലും. അറിവുള്ളവർ തെറ്റുകളെ നിരാകരിച്ചും, പുസ്തകങ്ങളിൽ തിരുത്തിയും ഉപയോഗപ്പെടുത്തിവന്നിരുന്നു. മേൽപ്രകാരം ഉപയോഗപ്പെടുത്തിവന്ന സ്ഥിതി കൈയെഴുത്തുകാരുടെ തന്നെ ദൃഷ്ടിഗോചരമായിരുന്നിരിക്കാം. അതുകയാൽ ഇടത്തുട്ടടങ്ങിയ പുസ്തകങ്ങളെ ഉപയോഗിച്ചതുകൊണ്ടുമാത്രം ഇടത്തുട്ടുകാർ എന്നു ഒരിക്കലും പറവാൻ പാടില്ല.

൨. സുറിയാനിപ്പട്ടക്കാർ ഉപയോഗിച്ചുവന്ന പുസ്തകങ്ങളിൽ ചില ഇടത്തുട്ടുകൾ ഉണ്ടായിരുന്നു എന്ന സംഗതി അവർ അറിഞ്ഞിരുന്നോ അവർ അവയെ നിഷേധിച്ചിരുന്നുവെന്നും Raulin ന്റെ ഉദിയവേത്തർ ചരിത്രം ൪൯—ാം പുറംകൊണ്ടറിയാം. അതിൽ പറഞ്ഞിരിക്കുന്നതാവിതു—"എന്നാൽ കുന്നനാരമ്മർ വിരോധിച്ചു പറഞ്ഞിരുന്നതു, തെറ്റുണ്ടെന്നു ഞങ്ങൾ അറിയാതെ അല്ല പിന്നയോ, ആ പുസ്തകങ്ങളിൽതെറ്റു തീർത്തു മുഴുവനായിവെട്ടിത്തിരുത്തിയും തെറ്റുകളെ നീക്കിയിരുന്ന എന്നവരികിൽ കാണാനാനമസ്കാരം എന്തിക്കുന്നതിനു തങ്ങൾക്കു സാധിക്കയില്ലായിരുന്നു എന്നാകുന്നു" (Appendix 34)

മൻവിവരിച്ചതിൽ നിന്നും അവർ കൈയെഴുത്തു പുസ്തകങ്ങളെ ഉപയോഗിച്ചുവന്നതു എളുപ്പമായി പുസ്തകങ്ങൾ കിട്ടുന്നതിനുള്ള പ്രയാസംകൊണ്ടാണെന്നും, അവയിലെ തെറ്റുകളെ അവർ അറിഞ്ഞിരുന്നു എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു അവയിൽ അടങ്ങിയിരുന്ന ഇടത്തു

ടിനെ അവർവിശ്വസിച്ചിരുന്നില്ലെന്നും സ്പഷ്ടമായി തെളിയുന്നു. ഇപ്രകാരമുള്ള ശരം വാദത്തെ മെനേസീസ് മെത്രാപ്പോലീത്താതന്നെ സമ്മതിക്കയും ചെയ്യുന്നു. മേൽപ്രകാരമുള്ളവാദത്തിന്നു മേനേസീസ് മെത്രാപ്പോലീത്താതന്നെ ഉപശാന്തിനിശ്ചയിച്ചു. അത "പുതിയതായി നമസ്കാരപുസ്തകം അടിക്കുന്നതുവരെ അവർ ഉപയോഗിച്ചുവന്ന പുസ്തകങ്ങളെത്തന്നെ വലുതായതെറ്റുകളെതിരുത്തു ഉപയോഗിച്ചുകൊള്ളാമെന്നായിരുന്നു". Raulin ൪ൽാം പുറം നോക്കുക (Appendix35) അവർ അതുവരെ ഉപയോഗിച്ചുവന്ന പുസ്തകങ്ങളെതന്നെ വലിയതെറ്റുകളും മാത്രംതിരുത്തു ഉപയോഗിപ്പാൻ അനുവദിച്ചതുകൊണ്ടു പുതിയതായി പുസ്തകങ്ങളം അടിക്കുന്നതുവരെ നിസ്സാരമായ തെറ്റുകളും അടങ്ങിട്ടുള്ള പുസ്തകങ്ങളും ഉപയോഗപ്പെട്ടുത്തുവാൻ വിരോധമില്ലന്നു വരുന്നു. അതുകൊണ്ടു സുറിയാനിപ്പട്ടക്കാർ ഉപയോഗപ്പെട്ടുത്തിവന്നിരുന്ന ചില പുസ്തകങ്ങളിൽ തെറ്റുകളും ഉണ്ടായിരുന്നു എന്നുള്ളഏകകാരണത്തിന്മേൽ അവർ നെസ്തോറിയൻ ഇടത്തുട്ടകാരായിരുന്നു എന്നു വിധിപ്പാൻ പാടില്ലാ. നിസ്സാരമായ തെറ്റുകളും അടങ്ങിട്ടുള്ള പുസ്തകങ്ങളെ ഉപയോഗപ്പെട്ടുത്തുന്നവരെ മെനേസീസ് മേത്രാപ്പോലീത്താപോലും ഇടത്തുട്ടക രെന്നുവിധിച്ചിട്ടില്ലാ. ഉദിയംപേരൂർ സുനഹദോസിന്റെ മൂന്നാംക്രൂടി ആലോചനയിൽ ൯—ാം ഭാഗത്തിലും അഞ്ചാംന്നെ സ്യാൻ ഫ—ാം ഭാഗത്തിലും കാണുംപ്രകാരം തെറ്റില്ലാത്ത തകർന്നാ(മിസ്സാൽ) പുസ്തകങ്ങളും മലയാളപള്ളികളിൽഉണ്ടായിരുന്നു എന്നു ടി സുനഹദോസു ചരിത്രക്കാർ അയ ഫൊവെയ്യാ റൊളിൻ മുതവായവർ സമ്മതിച്ചു എഴുതിട്ടുണ്ടു.

൩. വേദപുസ്തകംതന്നെയും കയ്യെഴുത്തായി ഉപയോഗപ്പെട്ടുത്തിവന്നകാലങ്ങളിൽ ആ പുസ്തകങ്ങളിൽ എത്രമാത്രം ഇടത്തുട്ടും തെറ്റുകളും ഉണ്ടായിരുന്നു! അച്ചടിക്കപ്പെട്ടശേഷവും തെറ്റുകളം ഉണ്ടായിട്ടുണ്ടെന്നുള്ളതിന്നു സന്ദേഹമില്ല. എങ്കിലും അതിനെ ഉപയോഗിച്ചുവന്നിരുന്നവർ അതു ഉപയോഗപ്പെട്ടുത്തി എന്നുള്ളകാരണത്തിന്മേൽ ഇടത്തുട്ടുകാർ എന്നു ലത്തീൻചരിത്രകർത്താക്കളാരും വിധിക്കപ്പെട്ടിട്ടുണ്ടോ? വേദപുസ്തകത്തിന്റെ മുഖവുരയിൽ ഇപ്രകാരം കാണുന്നു. "എന്തുകൊണ്ടെന്നാൽ പുതിയ അച്ചടികളിൽ ഇക്കാലത്തെ ഇടത്തുട്ടിനെ ഉറപ്പിക്കുന്നതായ അനേകസംഗതികളം വ്യത്യാസപ്പെട്ടുത്തിയതായി വന്നിട്ടുണ്ടു. നിശ്ചയമായും ഭാഷാന്തരങ്ങളുടെ ഇതുവലിയ പകർച്ചയും വ്യത്യാസവും ദൈവസഭയിൽ വലുതായിരിക്കുന്ന കലക്കം ജനിപ്പിക്കുവാനാം മതിയായതെന്നു. എന്നാൽ ഓരോരുത്തർ താന്താങ്ങളുടെ മനസ്സുപോലെ ക്രട്ടുകയും കുറയ്ക്കുകയും ചെയ്തുകൊണ്ടു എത്രപുസ്തകങ്ങളുണ്ടോ അത്രയും വ്യത്യാസമായ പകർപ്പുകളായി ചമഞ്ഞുഎന്നു വിശുദ്ധ ഹിറോനിമോസ് തന്റെ കാലത്തിൽ സംഭവിച്ചതായി സാക്ഷിക്ക

നാസംഗതി നമ്മുടെകാലത്തിൽ അനുഭവമായി വന്നിരിക്കുന്നു"
(Appendix 36)

ആയ്തിനാൽ ഇത്തൂട്ട അടങ്ങിയ പുസ്തകങ്ങളെ ഉപയോഗിച്ചതുകൊണ്ടുമാത്രം തോമാ നസ്രാണികളെ ഇടത്തൂട്ടുകാരെന്നു വിധിക്കുന്നു എന്നു വരികിൽ വളരെ ശതാബ്ദങ്ങൾക്കു പാശ്ചാത്യന്മാരായ ലത്തീൻകാരിൽ പലരും ഇടത്തൂട്ട അടങ്ങിയ്തായ വേദ പുസ്തകം ഉപയോഗിച്ചിരുന്നതുകൊണ്ടു അവരും ഇടത്തൂട്ടുകാരായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. വിശേഷിച്ചും നെസ്തോറീസിന്റെ ഇടത്തൂടിനടത്തായ വിശ്വാസംഅറിവില്ലായ്മനിമിത്തം വിശ്വസിച്ചു വന്നിരുന്ന പലരും റോമൻകത്തോലിക്കാ സഭയുടെ ഐക്യതയിൽ ചേർന്നശേഷം പാതിയക്കീസിന്റെ കീഴിൽ ഉണ്ടായിരുന്ന എന്നു കൂടിയും നിരാക്ഷേപമായി പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശ്വാസരഹസ്യങ്ങളും മനുഷ്യബോധത്തിനു ഉയർന്ന സംഗതികളും അതുകൊണ്ടും അറിയെ കണ്ടു പിടിക്കുന്നതു അസാദ്ധ്യമാകകൊണ്ടും, ബാബേൽ പാതിയക്കീസ്മാർ റോമാ മാപ്പാപ്പായുടെ കീഴ്വണങ്ങിയിരുന്നതുകൊണ്ടും, വിശ്വാസകാര്യങ്ങളും സംബന്ധിച്ചുള്ള അറിവുകളും അക്കാലത്തിൽ ബാബേൽ മുതലായ കിഴക്കൻ ദേശങ്ങളിൽ ഇപ്പഴത്തെപ്പോലെ മതിയാകുംവണ്ണം പഠിപ്പിക്കപ്പെടാതിരുന്നതിനാലും ഇപ്രകാരമുള്ള ന്യൂനതകളും സംഭവിച്ചിട്ടുള്ളതായി വന്നേക്കാം. അപ്രകാരമുള്ള സ്ഥിതിക്കാർ അതാത്തു ദൈവരഹസ്യങ്ങളുടെ പഠിപ്പില്ലാത്തവർ, റോമൻ കത്തോലീക്കാ വിശ്വാസം അനുസരിക്കുന്ന എല്ലാദേശങ്ങളിലും ഉള്ള ക്രിസ്ത്യാനികളിലും വൈദീകരിൽ കൂടിയും ഉണ്ടാകാവുന്നതാണ്. അജ്ഞത അറില്ലായ്മ നിമിത്തം എന്നു വിധിക്കേണ്ടതാകുന്നു. അതിനുള്ള ഒരു തെളിവു ഗോവാ, ഉദിയംപേരൂർ ഇവിടം സ്ഥലങ്ങളിലെ സൂനഹദോസിനുകൂടിയിരുന്ന വൈദീകമേലദ്ധ്യക്ഷന്മാരുടെ തീരുമാനങ്ങളുംതന്നെയാകുന്നു. എന്തെന്നാൽ ഇടത്തൂടാകുന്നുഎന്നു അവർ തീർച്ചചെയ്തിട്ടുള്ള അനേകം സംഗതികളെ ഇടത്തൂട്ടല്ലാഎന്നു ലത്തീൻകാരായ ചരിത്രകർത്താക്കന്മാർ സ്ഥാപിച്ചിട്ടുണ്ടു.

൬— മാപ്രകരണം

ക്രിവ്വർ അബ്രാഹം മെത്രാൻ അങ്കമാലിയിൽ കൂട്ടിയസൂനഹദോസ് കൊണ്ടു തോമാനസ്രാണികൾ നെസ്തോറിയൻ കാർ അല്ലായിരുന്നുഎന്നതെളിയുന്നു.

൧. അങ്കമാലിരൂപതയുടെ മെത്രാപ്പോലീത്തായായ മാർഅബ്രാഹം തന്റെ ക്രിസ്ത്യാനികളുടെ ഗുണത്തിനെ ഉദ്ദേശിച്ചു ക്രിവ്വർ—ൽ അങ്കമാലിയിൽ ഒരു സൂനഹദോസ വിളിച്ചുകൂട്ടി എന്നുള്ളതു ഇപ്പോൾ സാമാന്യമൊക്കെ അറിവില്ലാത്തസംഗതിയാണു. അതുകൊണ്ടു ആ സംഗതിയെ ഇവിടെ പ്രത്യേകമായി വിവരിക്കാൻ ഭാവിക്കുന്നു അങ്കമാലിരൂപതയുടെ മെത്രാപ്പോലീത്തായായ മാർ അബ്രാഹംനെസ്തോറിയൻകാരനായി ജീവിച്ചിരുന്നുഎന്നും നെസ്തോറിയൻ ഇടത്തുട്ട പഠിപ്പിച്ചിരുന്നു എന്നും നെസ്തോറിയൻകാരനായി മരിച്ചുഎന്നും അപ്രകാരംതന്നെ തോമാനസ്രാണികളും നെസ്തോറിയൻ ഇടത്തുട്ടകാരായിരുന്നു എന്നും ചരിത്രങ്ങളിൽ എഴുതിവിട്ടിട്ടുള്ള യൂറോപ്യന്മാരുടെ അഭിപ്രായം വളരെ ലഘുവായി ഇവിടെ തെളിയുമെന്നുള്ളതു നിസ്സംശയമാണു.

൨. ഒരുശോസഭക്കാരനായ പത്രോസ് ജാറി പ്രസ്തുതവിഷയത്തെ പറ്റി എഴുതിയിരിക്കുന്നതിനെ വാക്കിനു വാക്കായി ഇവിടെ ചേർക്കുന്നു ക്രിവ്വ—ാംവർഷംവരെയുള്ള തോമാനസ്രാണികളുടെ ജീവിതമാതൃകയെ വിവരിച്ചതിൻറെശേഷമാകുന്ന ജാറിയുടെ പുസ്തകത്തിൽ അങ്കമാലി സൂനഹദോസിൻറെ ചരിത്രവും അബ്രാഹം മെത്രാന്റെ മരണംവരെയുള്ള വിവരണങ്ങളും ചേർത്തിട്ടുള്ളതു. പത്രോസ് ജാറിയുടെ പുസ്തകത്തിൽ ന്യായപുറത്തിൽ പറയുന്നതാവിതു. "മെത്രാപ്പോലീത്തായും ആയുഷ്കാലം ഞങ്ങളുടെ (ഒരുശോസഭക്കാരുടെ) ഭാഗംപിടിച്ചുനടന്നിരുന്നു. ഞങ്ങളുടെ നേരെയുള്ള സ്നേഹം പലപ്രാവശ്യവും വെളിപ്പെട്ടുത്തുകയും ചെയ്തിരുന്നു. ഞങ്ങളുടെ ആദ്യോചനപ്രകാരം അതുപിന്നട്ടത്തു സംഗതികളിൽമാത്രമല്ലാ കാലത്തിന്നടുത്ത കാര്യങ്ങളിലും സഹായിച്ചു നടത്തിവന്നിരുന്നു. ഇതുകൊണ്ടു ഞങ്ങൾക്കുദ്ദേശം പിടിച്ചിരുന്നതിനും വ്യസംഗിക്കുന്നതിനും സഭയുടെ തൊഴിലുകളെ നടത്തുന്നതിനുംതന്റെ ശ്രുപതമുഴുവനിലും ധാരാളമായും പൂർണ്ണമായും അധികാരംതന്നു. ഈകാര്യമെല്ലാം വ്യ—ാംകാലംവരെ നടന്നിരുന്നു" (Appendix 37) അതിനാൽ ക്രിവ്വ—വരെ ഒരുശോസഭക്കാരായ സന്ന്യാസികൾക്കു തന്റെ രൂപതയിൽ ഉരുപ്പെട്ട എല്ലാപള്ളികളിലും പ്രസംഗിക്കുന്നതിനും ഉപദേശിക്കുന്നതിനും മാർഅബ്രാഹം മെത്രാപ്പോലീത്താ ധാരാളമായും പൂർണ്ണമായും അധികാരംകൊടുത്തിരുന്നു. നെസ്തോറിയൻകാരനായ ഒരു ഇടത്തു

ട്ടു മെത്രാൻ ഇപ്രകാരമുള്ള സമ്മതമൊ അനുവാദമൊ ഒരിക്കലും കൊടുക്കുന്നതല്ല. ഫ്രിവുവ വരെ മാർഅബ്രാഹംമെത്രാൻ കാത്തോലിക്കനും വഴിയ മൈസ്സൂർകാരനും ആത്മാവുകളുടെ രക്ഷയിന്മേൽ വളരെ ശ്രദ്ധാലുവനും ആയിരുന്നു എന്നു തെളിയുന്നു.

൩. ഫ്രിവുവ നശോഷമുള്ള സംഗതികളെ ജാറിയുടെ പുസ്തകത്തിൽ തുടർന്നു പറഞ്ഞിട്ടുള്ളതിനെ താഴെ ചേർക്കുന്നു. "എന്നാൽ അടുത്തയാണ്ടിൽ ഇൻഡ്യാ ഒട്ടുക്കുള്ള ദരംശോസഭക്കാരുടെ മേലന്വേഷണക്കാരനായി അലെക്സന്ത്രുവളിഞ്ഞാന്തനു" എന്നാചാർ നിയമിക്കപ്പെട്ട അദ്ദേഹം അവർ ഉൾപെട്ടിരുന്ന ഉതപ്പും(Scandal) തെറ്റും അയ സംഗതികൾ കണ്ടു, നിവാരണമാക്കുവാൻ ആലോചിച്ചു. വൈദീകഗണത്തെ പരിഷ്കരിക്കയും ശുദ്ധീകരിക്കയും ചെയ്യേണ്ടതാകുന്നു. മെത്രാപ്പോലീത്തായെ ബൊദ്ധിപ്പെടുത്തി പരിഷ്കാരങ്ങളും ഏർപ്പെടുത്തുവാൻ എഴുതിയുണ്ടാക്കി. അയ്യിനാൽ ഉടനെ സുന്നഹദോസു കൂടുന്നതിനു മെത്രാപ്പോലീത്താ ആജ്ഞാപിച്ചു ആ സുന്നഹദോസിൽ മെത്രാപ്പോലീത്തായും തന്റെ വൈദീകഗണവും മഴുവനും നമ്മുടെ രണ്ടച്ചന്മാരും സന്നിഹിതരായിരുന്നു. ലത്തീൻ, കൽദായ ഈ രണ്ടുഭാഷകളിലും കർബ്ബാനയും പ്രസംഗവും നടത്തി. ഏകമായതും ശ്ലീഹായ്ക്കുണ്ടായതും റോമായ്ക്കുണ്ടായതുമായ വിശ്വാസ്യസത്യം മെത്രാപ്പോലീത്താ എല്ലാവരുടേയും മുമ്പാകെ ചൊല്ലി. അനന്തരം തിരുസ്സഭയുടെ ശ്രേഷ്ഠമാകപ്പെട്ട ക്രമശാസ്ത്രം സംബന്ധിച്ചുള്ള പ്ലാറൻസ് സംഹ്രത്തിന്റെ നിയമങ്ങൾ വായിക്കപ്പെട്ടു. അവകളെ എല്ലാവരും സമ്മതിച്ചു." ടി പുസ്തകത്തിൽ നാന്നൂറാം പുറത്തിൽ പ്രസ്തുത വിഷയത്തെ തുടർന്നു പറഞ്ഞിരിക്കുന്നതാവിതു: "എന്നാൽ ശേഖരിക്കപ്പെട്ട ഫലങ്ങൾ ഏറ്റവും നിശ്ചയവും നിലനിൽപ്പും ഉള്ളതായിരിക്കുന്നതിനു ക്രിസ്ത്യാനികളുടെ മക്കൾ അറിവോടുകൂടി പുണ്യജീവിതവും കത്തോലിക്കാ വിശ്വാസത്തിന്റെ പൂർണ്ണതയേയും പഠിക്കുന്നതിനും അവയിൽ അധികം അഭിവൃദ്ധി പ്രാപിച്ചവരെതിരഞ്ഞെടുക്കുക ഉയർത്തപ്പെടുന്നതിനും ജീവിതത്തിന്റെ ദൃഷ്ടാന്തങ്ങൾ കൊണ്ടും പഠിതത്തിന്റെ സത്യതകൊണ്ടും തങ്ങളുടെ ആളുകളെ സത്യവിശ്വാസത്തെ പഠിപ്പിക്കുന്നതിനും ഒരു സെമിനാരി ഏർപ്പെടുത്തേണ്ടതു അത്യാവശ്യമായി വിചാരിച്ചു. വൈ-ൽ രാജപ്രതിപുരുഷന്റെ സഹായത്താൽ അതിനു അടിസ്ഥാനമിട്ടു. ആ സെമിനാരിയിൽ ൧൭-ന മനു ഫ്രാ ഗ്രുപ്പും ഏറ്റവും ചുരുക്കം പട്ടക്കാരും പ്രായം തികയാത്തവരായി ഫ്രാ ശിഷ്യന്മാരും ഉണ്ടാകത്തക്കവണ്ണം ഇതു ചുരുങ്ങിയ കാലത്തിനിടയിൽ അതു അഭിവൃദ്ധിയെ പ്രാപിച്ചിരുന്നു. ഇതിലേക്കു ക്ഷണിക്കപ്പെടാതെ സ്വദേശികളുടെ പുത്രന്മാരെ അയക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ സെമിനാരിയിൽ നിന്നും പഠിതാക്കൾ പോയവർ മാഹാത്മ്യമുള്ള

വരായി കാണപ്പെട്ടിരുന്നു. അവരുടെ പ്രവൃത്തികൾ അത്ഭുതവും ആശ്ചര്യകരവുമായി പലപ്പോഴും സംഭവിച്ചിട്ടുണ്ട്. മുമ്പു പ്രക്കാട്ടു ദേശത്തിരുന്ന യാക്കോബ് കത്തനാരെക്കുറിച്ചു പറയപ്പെട്ടതുപോലെ തന്നെ ആയിരുന്നു. ചില അത്ഭുത സംശയങ്ങളെ ദൃഷ്ടാന്തമായി സാക്ഷീകരിക്കുന്നു" ടി. പുസ്തകം നൂറ്റാണ്ടിൽ പുറത്തിൽ പറഞ്ഞിരിക്കുന്നതു: "മെത്രാപ്പോലീത്താ സിംഹാസന സ്ഥലമായ അങ്കമാലിയിലും മറ്റു സ്ഥലങ്ങളിലും ഞങ്ങളുടെ സഞ്ചാരങ്ങൾ ഫലശൂന്യമായി ഭവിച്ചില്ല. തോമാ നസ്രാണികൾ തങ്ങളുടെ പൂർവ്വക്രമത്തിൽ നിന്നും നീങ്ങുന്നതിനു മനസ്സാകുന്നില്ലാ എന്നു പറയുന്നതുകൊണ്ടു ആരംഭത്തിൽ ഞങ്ങളുടെ വേലയ്ക്കു തക്കതായ ഫലപ്രാപ്തി ഉണ്ടായില്ലെങ്കിലും(തോമാ നസ്രാണികൾ തങ്ങളുടെ പൂർവ്വക്രമം അതായതു സുറിയാനി വിട്ടു വിടുന്നതിനു മനസ്സായിരുന്നില്ലന്നു കാണുന്നതിനാൽ റീത്ത് മാറുന്നതിനു ജസ്വീത്തർ നന്നാ വേലചെയ്തിരുന്നു എന്നു തെളിവാണു.) നിശ്ചയമായി കപടസന്ദേഹങ്ങളുടെയും വെറുതെയുള്ള മായങ്ങളുടെയും മേഘങ്ങളെ തള്ളി മറ്റെസ്ഥന്മാർ ഒക്കയും നമ്മുടെ ആളുകളെ വലിയകായ്മയായി വിചാരിച്ചു. വേലക്കാരുടെ പ്രതിഫലം നിഷേധിക്കപ്പെടായ്വാൻ തക്കവണ്ണം പിന്നീടു പട്ടക്കാരിൽനിന്നും തങ്ങളുടെ ദൃഷ്ടാന്തത്താൽ ജനങ്ങൾ പ്രകാശമുള്ളവരായി തീർന്നു. എന്തെന്നാൽ കുബ്ബാനയുടെ രഹസ്യങ്ങൾ ഗ്രഹിക്കുന്നതിനും കൽദായ ഭാഷയുടെ അർത്ഥം മനസ്സിലാക്കുന്നതിനും ആവശ്യമായിമാത്രമല്ലാ. പിന്നെയോ ശ്ലീഹായുടെ നടപ്പും റോമയുടെ നടപ്പും അയ പഠിപ്പിന്റെയും തിരുസഭയുടെ ക്രമങ്ങളുടെയും അർത്ഥം ഗ്രഹിച്ചു തങ്ങളുടെ ജനങ്ങളിൽ ഏറ്റവും പഠിപ്പുള്ളവരും തങ്ങളുടെ തൊഴിലുകളെ നിറവേറ്റുന്നതിനു യോഗ്യന്മാരും ആയി തീരുന്നതിനു അവരിൽ അനേകം പേർ വയ്പ്പികോട്ടയിലെ സെമിനാരിയിലേക്കു വന്നിരുന്നു" ടി. പുസ്തകം നൂറ്റാണ്ടിൽ പുറത്തിൽ പറഞ്ഞിരിക്കുന്നതാവിതു:— (മെത്രാപ്പോലീത്താ) തനിക്കു തരം വരുമ്പോൾ ഒക്കയും അവരുടെ പഠിപ്പുകളെ പ്രശംസ്യമായി സ്തുതിച്ചിരുന്നു. അവരുടെ ആലോചനകളെ താൻ സമ്മതിക്കുന്നു എന്നു കാണിച്ചുകൊണ്ടു അവരുടെ ആലോചനയും അറിവും ക്രൂടാതെ യാതൊന്നും താൻ പ്രവർത്തിക്കാതിരിപ്പാൻ തക്കവണ്ണം അവരുടെ കൈവശത്തിൽതന്നെ കയ്യാളിച്ചു നൂറ്റാണ്ട് നൂറ്റാണ്ടിൽ പുറങ്ങളിൽ പറയുന്നതാവിതു:— "അടുത്തയാണ്ടിൽ മെത്രാപ്പോലീത്താ കഠിനരോഗബാധിതനായി. താൻ താമസിയാതെ മരിച്ചുപോകുമെന്നു കരുതി വയ്പ്പികോട്ട സെമിനാരിയുടെ ശ്രേഷ്ഠനേയും തന്റെ ആർച്ചുഡീക്കനേയും വൈദിക ഗണത്തെയും ക്രിസ്ത്യാനികളിൽ മുഖ്യന്മാരെയും തന്റെ അടുക്കൽ വിളിച്ചുവരുത്തി. ദീനാവസ്ഥയെ കേട്ടു എല്ലാ സ്ഥലങ്ങളിൽനിന്നും ആളുകൾ ഓടി എത്തിയിരുന്നു. അവരെ എല്ലാവരേയും ഒരു സ്ഥലത്തു വിളിച്ചുകൂട്ടി നിഷ്കപടമായും, ഗൌരവമായും, ഫലസിദ്ധിയായും ഉള്ള വചനങ്ങളാൽ ഉപദേശിച്ചു. അവയിൽ പ്രധാനമായതു

താഴെപ്പറയുംപ്രകാരം പഠിയിരുന്നു. താൻ തന്റെ ആടുകളെ മുഴുവനും എല്ലാപ്പള്ളികളുടേയും മേലധികാരിയായ റോമാ മെത്രാനെ കയ്യേൽപ്പിക്കുന്നു. എല്ലാവരും റോമാപ്പള്ളിയെ എല്ലാ പള്ളികളുടേയും മാതാവും ജനയിയുമാണെന്നു അറിയേണ്ടുന്നതാണ്. റോമാ മേല്പട്ടക്കാരനെ എല്ലാവരും സഹനം, ചിന്താവും, ഇടയനമായി ആശ്രയിക്കണം. അദ്ദേഹത്തിന്റെ അധികാരത്തിൽ നിന്നു ശേഷം മെത്രന്മാർക്കും മേല്പട്ടക്കാർക്കും അധികാരം സിദ്ധിക്കുന്നു. ശ്ലീഹ: സിംഹാസനം പ്രയത്നമില്ലാത്ത ഒരു മുന്നിരിങ്ങാതോട്ടത്തെ നന്നാക്കുന്നതിനു ഒരംശോസഭക്കാരായ അച്ചന്മാരെ അയച്ചു. അവർ റോമാസഭയുടെ സ്തുത്യമായ വിശ്വാസത്തെ പഠിപ്പിച്ചിരുന്നു. അയ്യാ കേട്ടനുസരിച്ചു, ആ പഠിനത്തെ പിന്തുടരണം. ആ പഠിനം സത്യമായതും നിർമ്മലമായതുമാകുന്നു". അതിന്റെ ശേഷം അച്ചന്മാരോട് പറഞ്ഞതാവിതു. "ഒരംശോമിശിഹായുടെ സ്നേഹത്തെക്കുറിച്ചും പഴയ സ്നേഹത്തിന്റെ അഭ്യർത്ഥനകൊണ്ടും ശ്ലീ: സിംഹാസനത്തിന്റെ നേരേ ഉണ്ടാകേണ്ട കീഴ്വണക്കംകൊണ്ടും തന്റെവിശ്വാസത്തെ കൈക്കൊള്ളുന്നതിനും ആയതിനെ കഴിയുന്നപോലെ നടത്തുന്നതിനും അപേക്ഷിച്ചിരുന്നു. ആയതിന്റെശേഷം ഇപ്രകാരം നടക്കുന്നതിനും തന്റെ അവസാനത്തിലുള്ള വിശ്വാസത്തിന്റെ സാക്ഷിയായി പിൻഗാമികൾക്കു ഉപയോഗപ്പെടുന്നതിനും തന്റെ വചനങ്ങളെ എഴുതിവെയ്ക്കുന്നതിനു കല്പിച്ചു. കഴിഞ്ഞയാണ്ടിൽ താൻ തന്റെ പള്ളിയെ റോമാമേല്പട്ടക്കാരനു ഏല്പിച്ചിരിക്കുന്നു എന്നു എഴുതീട്ടുണ്ടെന്നു പറഞ്ഞു"- "മെത്രാപ്പോലീത്തായുടെ ഒരംശവസാനവാക്കുകൾകൊണ്ടു സത്യക്രിസ്ത്യാനികൾ ആശ്ചര്യമായി സന്തോഷിച്ചു. പ്രത്യേകമായി തിരുസ്സഭയുടെ വലിയ ഇടയനും ഭൂമിയിൽ മിശിഹായുടെ ശേഷമുള്ള സർവ്വാധികാര പാലകനും തങ്ങൾ തങ്ങളുടെ മെത്രാനാൽ ഭരമേല്പിക്കപ്പെട്ടു എന്നു കേട്ടാണ് സന്തോഷം ഉണ്ടായതു. അതുമുതൽ അംശമേനികൾ മാത്രമല്ലാ. കുത്തനാരച്ചന്മാരായ ശേഷംപേരും നമ്മുടെ അച്ചന്മാരെ പൂർവ്വാധ്യം ബഹുമാനത്തോടും വണക്കത്തോടുംകൂടി ആചരിച്ചുവന്നു." (Appendix 38)

൧൭൮൮-ാം വർഷത്തിൽ മാർ അബ്രാഹം മെത്രാപ്പോലീത്താ അങ്കമാലിയിൽ ഒരു ശ്രുത സുനഹദോസ് കൂട്ടി. ആ സുനഹദോസിൽ വെച്ചു പ്രോട്ടസ്റ്റാൻസ് സംഘത്തിന്റെ വിശ്വാസസത്യം ഇയ്യോസഭക്കാരായ അച്ചന്മാരുടെയും അവരുടെ ഇൻഡ്യ ഒട്ടുക്കുള്ള മേലധികാരിയായ അലെക്സാന്ത്ര വളിഞ്ഞാന്തൂസ് എന്നച്ചന്റേയും സുറിയാനിക്കാരായ അച്ചന്മാരുടേയും തേമാനസ്രാണികളുടേയും മുഖേന പ്രസിദ്ധം ചെയ്യപ്പെട്ടു. മേൽപ്രകാരം ഒരു സുനഹദോസ് കൂടിയതു വൈദികമായൊ പൌരകീകമായൊ ആയ യാതൊരു ബലമൊ നിർബന്ധമൊ മൂലമല്ലാ. ആ സുനഹദോസിൽ കൂടിയിരുന്നു ഒരംശോസഭക്കാരുടെ പ്രധാനിയാ

യ അലക്സന്ത്ര വല്ലിംഞാന്മൂസ് എന്ന അച്ചനും, സുറിയാനി മലയാളം എന്നീ ഭാഷകളും തത്വം വേദാന്തം മുതലായ ശാസ്ത്രങ്ങളും നന്നായി പഠിച്ചിട്ടുള്ളവരും ആയിരുന്നു.

ഒരംശോസഭക്കാരായ അച്ചന്മാരുടെ ഉപദേശം അനുസരിച്ചു, അലെക്സാന്ത്ര വല്ലിഞ്ഞാനൊഎന്ന ശ്രേഷ്ഠൻ തോമാനസ്രാണികൾക്കു വേണ്ട നവീകരണ സത്യവിശ്വാസങ്ങളെ എഴുതിഉണ്ടാക്കി. ആ ഉപദേശങ്ങളെയെല്ലാം തോമാനസ്രാണികളായ കത്തനാരന്മാരും ജനങ്ങളും പൂർണ്ണ തൃപ്തിയോടെ അംഗീകരിച്ചു. മേൽപ്രകാരമുള്ള ഒരു സുനഹദോസ് നടന്നകലാന്ത അങ്കമാലി രൂപതയുടെ മാർ അബ്രാഹം മെത്രാപ്പോലീത്തായും, അച്ചുഡീക്കൻ, കത്തനാന്മാർ ഇവരും, ജനങ്ങളും റോമൻകത്തോലീക്കാസഭയിൽ ഉൾപ്പെട്ടവരല്ലായിരുന്ന എന്ന സംശയിപ്പാൻകൂടി അവകാശംഇല്ല. പ്രസ്തുതകാലാന്ത തോമാനസ്രാണികൾ എല്ലാവരും കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടവരായിരുന്ന എന്നാന്ത വിശ്വയംതന്നെ.

൪. എന്നാൽ പിന്നിട്ട ആ സത്യവിശ്വാസനിലയിൽ നിന്നും അവർ നീങ്ങിപ്പോയിരുന്ന എന്ന ആരെങ്കിലും വാദിക്കുന്നുണ്ടെങ്കിൽ പത്രോസ് ജാറിയുടെ തുടച്ചയായുള്ള വിവരണംകൊണ്ടു ആ വാദവും അറുപോകുന്ന എന്തുകൊണ്ടെന്നാൽ പിൻകാലങ്ങളിൽ മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ മരണാന്തരവും മെത്രാപ്പോലീത്തായും കത്തനാന്മാരും നസ്രാണികൾ ഒട്ടുക്കും ഒരംശോസഭക്കാരായ അച്ചന്മാരുടെ പഠിപ്പും ഉപദേശവും അനുസരിച്ചു നടന്നിരുന്ന എന്നു എഴുതുവാൻ തെളിവായി അദ്ദേഹം വിവരിച്ചിരിക്കുന്നു. കത്തനാരന്മാരെല്ലാം തങ്ങളുടെ പുസ്തകങ്ങളിലെ തെറ്റുകളെ തീർപ്പാനായി വയ്പിക്കോട്ട സെമിനാരിയിൽ ന്യായമെവ ചെന്നിരുന്നു. വൈദീകരുടെ കാര്യങ്ങളിൽ മെത്രാപ്പോലീത്താ ഒരംശോസഭക്കാരുടെ അഭിപ്രായവും അഭിലോചനയും അറിഞ്ഞു പ്രവൃത്തിച്ചിരുന്നു. ഒരു പുസ്തകം ൪-ാം പ്രകരണത്തിൽ ജാമീവിന്റെ പുസ്തകത്തിൽ നിന്നു പകർത്തിയിട്ടുള്ള എഴുത്തിൽ പറയുന്നതുപോലെ ക്രിസ്തു മകരത്തിൽ അങ്കമാലിപ്പള്ളിയിൽനിന്നും ൧൫-ാം ഗ്രീഗോറിയൂസ് മാർപ്പാപ്പായും മാർ അബ്രാഹംമെത്രാപ്പോലീത്താ എഴുതിയ എഴുത്തിൽ താൻ മുൻവിവരിച്ചപ്രകാരം ഒരു സുനഹദോസ് കൂടിഎന്നും ഒരു നവീകരണം ചെയ്തിട്ടുണ്ടെന്നും തന്റെ നസ്രാണികൾക്കായി ഒരു സെമിനാരി ആവശ്യമുണ്ടെന്നും തന്റെരൂപതയിൽ ഒരംശോസഭക്കാരായ അച്ചന്മാരുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ടെന്നും എഴുതീട്ടുണ്ടായിരുന്നു. പുറമേയുള്ള

ഒരു വ്യവസ്ഥിതികം ഒക്കയും അബ്രാഹം മെത്രാപ്പോലീത്താ ഒരു നിഷ്കപടനായ സത്യവിശ്വാസി ആയിരുന്നു എന്നും തെളിവായിക്കാണിക്കുന്നു. എന്നാൽ അവസാനത്തിൽ തന്റെ മരണകാലം അടുത്തപ്പോൾ അദ്ദേഹംതന്നെ പൂർവ്വ നെസ്തോറിയൻ വിശ്വാസത്തെ അനുസരിച്ചു എന്നും കുമ്പസാരക്രമങ്ങളും മറ്റും ചീൻകാരായ ചരിത്രകർത്താക്കൾ പ്രസ്താവിക്കുന്നുണ്ടു. അവർ എല്ലാവരും പത്രോസ് ജാറി മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ മരണവൃത്താന്തം എഴുതിട്ടുള്ളതു സൂക്ഷിച്ചു വായിച്ചു നോക്കേണ്ടതാണു. പരം വിവരങ്ങൾ പരിശോധനക്കാരനായ ഒരു ആധുനികനെ എഴുതിട്ടുള്ളതെന്നും വായനക്കാർ ഓർക്കേണ്ടതാണു. എന്തുകൊണ്ടെന്നാൽ അക്കാലത്തു സുറിയാനി ക്രമത്തെ മാറി ലത്തീൻക്രമം സുറിയാനിക്കാരുടെ ഇടയിൽ നടപ്പാക്കുന്നതിനും സുറിയാനിക്കാരുടെ മേൽപ്പെട്ട അധികാരഭരണം ലത്തീൻകാക്കി തീർക്കുന്നതിനും മുഖ്യമായിവേലചെയ്തിരുന്നവർ പരിശോധനക്കാർ ആയിരുന്നു. അവരുടെ ലാഭം ആനന്ദവും മാർഅബ്രാഹംമേത്രാപ്പോലീത്തായും അഭ്യുദ്ധീകരണം, കത്തനാന്മാരും തോമാനസ്രാണികളാണല്ലവണ്ണംമനസ്സിവാക്കിയിരുന്നു. അതുകൊണ്ടു ക്രമംമാറുന്നതിൽ സുറിയാനിക്കാർക്കു വളരെ വിരോധമായിരുന്നു. തങ്ങളുടെ ക്രമങ്ങളെമാറാതെ സത്യഉപദേശങ്ങളെ അനുസരിക്കുന്നതിനു തോമാനസ്രാണികൾക്കു യാതൊരു വിരോധവും ഇല്ലായിരുന്നു എന്നുമാത്രമല്ല നിത്യരക്ഷയിന്മേലുള്ള അത്യാഗ്രഹംകൊണ്ടു സുറിയാനിക്രമങ്ങൾകൂടിയും അവർ ഉപേക്ഷിച്ചിട്ടുണ്ടെന്നും കാണുന്നു.

വിശേഷിച്ചും ചേന്നമംഗലത്തുണ്ടായിരുന്ന (വൈറ്റിക്കോട്ട്) സുറിയാനി നമ്പിമാരിലെ ശമ്മാശന്മാരിൽ ചിലർ അത്ഭുതങ്ങൾ പ്രവർത്തിച്ചിരുന്നു എന്നും പത്രോസ് ജാറി പ്രസ്താവിച്ചിരിക്കുന്നു. പത്രോസ് ജാറിയുടെ വിവരണം മുഴുവനും സുറിയാനിക്കാരായ തോമാനസ്രാണികളുടേയും അവരുടെ വൈദികന്മാരുടെയും അവരുടെ വൈദികമേലാവായ മാർഅബ്രാഹം മെത്രാപ്പോലീത്തായുടേയും വിശ്വാസം സംബന്ധിച്ചു മാത്രമല്ലോ. പിന്നെയോ അവരുടെ പൂർവഭാവത്തിനങ്ങളും ജീവിതസ്ഥിതിയും കത്തോലിക്കാപ്രബോധത്തിനു ഒരുതരം സവിശേഷപരിണാമങ്ങൾ അനുസരിച്ചിട്ടുള്ളതുമായി പ്രസ്താവിച്ചിട്ടും ഉണ്ടു. ഇതിനാൽ മേൽഎഴുതിയ സംഗതികളെപ്പറ്റി ലത്തീൻകാരായ ചരിത്രകർത്താക്കൾ പ്രതിവാദിക്കുന്നതു യഥാർത്ഥമല്ലെന്നു വായനക്കാർക്കു നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണു.

വും പ്രകരണം-

ഗീവർഗീസ് ആച്ച് ഡീക്കൻ സ്ലീവപ്പള്ളിയിൽ ചെയ്ത വിശ്വാസപ്രമാണവും, വയ്പിലെ സംഘവും തോമാനസ്രാണികൾ നെസ്തോറിയൻ കാരല്ലായിരുന്നു എന്നു തെളിയിക്കുന്നു.

൧- എൻറെ-ൽ അങ്കമാലി രൂപതയുടെ മെത്രാപ്പോലീത്തായായ മാർ അബ്രാഹം കാലംചെയ്തപ്പോൾ ആ രൂപതയുടെ ആച്ച് ഡീക്കൻ അല്ലെങ്കിൽ വികാരിജനറാൾ ആയിരുന്ന ഗീവർഗീസ് കത്തനാർ പൂർണ്ണ അധികാരമുള്ളവനായി തീരുകയും ചെയ്തു. കിഴക്കൻ ദിക്കുകാർ ആച്ച് ഡീക്കൻ എന്നു പറഞ്ഞുവരുന്നതു പടിഞ്ഞാറെ ദേശങ്ങളിൽ വികാരി ജനറാൾ എന്ന സ്ഥാനമാകുന്നു എന്നുള്ളതു പടിഞ്ഞാറുകാരായ ലത്തീൻകാർ സമ്മതിക്കുന്നതാകുന്നു. എന്നാൽ മലയാളത്തിലെ ആച്ച് ഡീക്കനു കൂടുതൽ അധികാരങ്ങൾ ഉണ്ട്. എന്തെന്നാൽ ബാബേലിൽ നിന്നും മെത്രാന്മാർ വന്നുചേരുന്നതു ഇടയ്ക്കിടയ്ക്കും ചിലപ്പോൾ വളരെ താമസിച്ചും ആയിരുന്നതിനാൽ, പട്ടംകൊടുക്കുന്നതു ഒഴിച്ചു മറ്റെല്ലാ വൈദികലെയ്കികകാര്യങ്ങളും നടത്തുന്നതിനുള്ള അധികാരം ആച്ച് ഡീക്കനു ഉണ്ടായിരുന്നു. റോളന്റെ ചരിത്രത്തിൽ ഫ്രൻസ് ഭാഗത്തിന്റെ ജ്ഞാപകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അങ്കമാലിപ്പള്ളിയിൽ ആച്ച്ഡീക്കന്റെ അധികാരം ഏകദേശം അധികാരമായിരിക്കുന്നു. ഇതുനിമിത്തം മെത്രാന്മാർ ഇല്ലാത്ത സമയങ്ങളിൽ ആച്ച് ഡീക്കൻ കാനോനാപ്രകാരമുള്ള ഒരു വൈദികാധിപതി ആയിരിക്കുന്നു. അബ്രാഹംമെത്രാന്റെ മരണാനന്തരം ആച്ച് ഡീക്കൻ അങ്കമാലിപ്പള്ളിയുടെ മേൽപ്രകാരമുള്ള പൂർണ്ണാധികാരിയായിത്തീർന്നു. ഗീവറുഗീസ് ആച്ച്ഡീക്കൻ മാർ അബ്രാഹംമെത്രാപ്പോലീത്തായുടെ അനന്തരഅവകാശത്തിൽ കൊഞ്ചുത്തോരും പാലയൂരിന്റെ മേത്രാനുമായി ബാബേൽപാത്രിയർക്കീസിന്റെ അധികാരത്താലും ഫ്രഞ്ച് മാർ ഗ്രഗോറിയോസ് പാപ്പായുടെ സ്വീകാരത്താലും നിശ്ചയിക്കപ്പെട്ടിരുന്ന സ്ഥിതിക്കു അദ്ദേഹം അങ്കമാലി അതിരൂപതയിൽ സ്വധർമ്മയുള്ള (lawful) ഇടയൻ ആയിരുന്നു. റോമാമെത്രാപ്പോലീത്തായും മറ്റുള്ള ലത്തീൻ വൈദികരും രാജ്യത്തിന്റെ പള്ളിഭരണത്തിൽ കേറിപ്രവേശിച്ചതു ന്യായരഹിതമായിട്ടായിരുന്നു എന്നു തെളിയുന്നു.

൨- എന്നാൽ ഓരംശോസഭക്കാരായ സന്യാസികൾ, അബ്രാഹംമെത്രാന്റെ മരണശേഷം ബാബേൽമെത്രാന്മാരുടെ ഭരണം ഉൻമൂലനം ചെയ്യണമെന്നും, അങ്കമാലിരൂപതയെ ലത്തീൻ ഓരംശോസഭക്കാരെ

ന്നു) മെത്രാന്മാരുടെ ഭരണത്തിൽ ഉൾപ്പെട്ടതന്നെയെന്നും, വളരെകാല മായി ആഗ്രഹിച്ചിരുന്നതിനാൽ ആ ആഗ്രഹനിവൃത്തി വരുത്തുന്നതിന യത്നിച്ചുതുടങ്ങി. ഒരംശാസഭക്കാരുടെ ഒരം ഖാക്കു, അബ്രാഹംമെത്രാനും ഗീവറുഗീസ് ആച്ച്ഡീക്കനും നല്ലപോലെ മനസ്സിലാക്കിയിരുന്നെ ങ്കിലും അബ്രാഹം മെത്രാന്റെ മരണം വരെ ഇരുഭാഗക്കാരും,തങ്ങളുടെ ആന്തരങ്ങളെ മാച്ചു, പരസ്പരം സ്നേഹപൂർവ്വം വാഴ്ചിച്ചുവന്നിരുന്നു. അബ്രാ ഹംമെത്രാൻ മരിച്ചമാത്രയിൽ ആച്ച്ഡീക്കൻ ബാബേലിൽനിന്നും മെ ത്രാന്മാരെ വരുത്തുവാൻ ഉത്സാഹിച്ചു. ഒരംശാസഭക്കാർ ഇതറിഞ്ഞ് ത ൽസ്ഥാങ്ങൾ ചെയ്തു- അതേവരെ ഒരംശാസഭക്കാർ ആച്ച്ഡീക്കനെ, കത്തോലിക്ക് വൈദികനായി അനുസരിച്ചു പ്രസംഗിച്ചുവന്നിരുന്ന എ ങ്കിലും, ഇതിനു ശേഷം അയാളെ നെസ്തോറിയൻ ഇടത്തുട്ടുകാരനാണെ ന്നു പ്രസ്താപിക്കാൻ തുടങ്ങി. ഒരം പുസ്തകത്തിൽ ൪—ാം പ്രകരണത്തിൽ ൧൧—ാം ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ളപോലെ ഒരംശാസഭക്കാർതന്നെ റോമാമാപ്പാപ്പായെ ആച്ച്ഡീക്കനെപ്പറ്റി ഇപ്രകാരം അറിയിച്ചിരു ന്നു "എന്തുകൊണ്ടെന്നാൽ ആച്ച്ഡീക്കൻ ക്രയാധിനം ഒരംശ്രാതയെ ഭ രിക്കുന്നതിനു താന്നിയുള്ളവനും ആണു. മെത്രാപ്പോലീത്താ മരിക്കുന്നതി നു ഇടയാകുമ്പോഴൊക്കെയൊരു മെത്രാപ്പോലീത്തായെ നിശ്ചയിക്കുന്നി തുവരെ മേൽപറഞ്ഞ ശ്രുതയുടെ കായ്യാന്വേഷിയായി അദ്ദേഹത്തെ നിശ്ചയിക്കുന്നതിനു തങ്ങളുടെ ശ്രദ്ധതയോടെ അപേക്ഷിക്കുന്നു" ഭാവി കാലസംഭവങ്ങളെക്കുറിച്ചുകൂടിയും ഒരംശാസഭക്കാർ, ഗീവറുഗീസ് ആ ച്ച്ഡീക്കനെ സംബന്ധിച്ചിടത്തോളം അദ്ദേഹം വിശ്വസ്ഥനും സത്യസ ന്ധനും ആണെന്നു ഗണിച്ചിരുന്നു. അബ്രാഹംമെത്രാൻ മരിക്കുന്നതുവ രെ ഗീവർഗീസ ആച്ച്ഡീക്കന്റെയും മറ്റും നടപടികളെക്കുറിച്ചു പത്രോസ് ജാറി എന്ന ഒരംശാസഭക്കാരൻ എഴുതിയിട്ടുള്ളതു മൻപ്രക രണത്തിൽ ചേർത്തിട്ടുള്ളതു നോക്കുക. ഗീവർഗീസ് ആച്ച്ഡീക്കനെ അ ങ്കമാലിശ്രുതയുടെ കായ്യാന്വേഷണനായി നിയമിക്കണമെന്നു ഒരം ശാസഭക്കാർ അപേക്ഷിച്ചതിന്റെ കാരണം എന്തായിരിക്കാം എ ന്നു വായനക്കാർ വിചാരിച്ചേക്കാം. എന്തെന്നാൽ ഗീവർഗീസ് ആച്ച് ഡീക്കൻ അങ്കമാലിശ്രുതയുടെ പൂർണ്ണാധികാരിയായിരുന്നു എന്നുപറ ഞ്ഞിട്ടുണ്ടല്ലൊ. പൂർണ്ണാധികാരിയായിരിക്കുമ്പോൾ അദ്ദേഹത്തെ കാ യ്യാന്വേഷണനായി റോമാമാപ്പാപ്പാ നിയമിച്ചിട്ടാവശ്യമില്ല. അതിനാ ൽ ഒരംശാസഭക്കാർ അപേക്ഷിച്ചതിന്റെ താല്പര്യം അങ്കമാലിശ്രുപ തയുടെ ഭരണം ബാബേൽപാത്രിയക്കീസിൽനിന്നുംവിടുത്തി, നേരിട്ടറോ മാമാപ്പാപ്പായുടെ കീഴിലാക്കി, ശേവാമെത്രാപ്പോലീത്തായുടെ ഭരണ ത്തിലുൾപ്പെട്ടതന്നെയെന്നായിരുന്നു. അബ്രാഹംമെത്രാനു ഈ ആലോച നകളെക്കുറിച്ചു മുന്നറിവുണ്ടായിരുന്നു. ൧൫—ാം ഗ്രീഗോറിയൂസ്, മാപ്പാ പ്പായുടെ മെത്രാപ്പോലീത്താ അയച്ച എഴുത്തിൽ ഗീവർഗീസ് ആച്ച് ഡീക്കനെ തന്റെ കൊറി അപ്പസ്തോലപ്പായായി ഏർപ്പെടുത്തുവാൻ നി

ശ്രയിച്ചിരുന്നവിവരം പ്രസ്താവിച്ചിരുന്നു. ബുള്ളാറിയും പത്രോനാത്തൂസിൽ കാണുന്നതുപോലെ ടി. മാപ്പ്പ്പാ തോമാനസ്രാണികൾക്കു അയച്ച ഒരെഴുത്തിൽ "അങ്കമാലിരൂപതയുടെ മാർ അബ്രാഹം മെത്രാപ്പോലീത്തായ്ക്കും പാലയൂരെ ശീവർഗീസ് മെത്രാനും വഴക്കിടുന്നുകൊള്ളണം" എന്നു കല്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ശീവർഗീസ് ആച്ച് ഡീക്കൻപദത്തിൽ മെത്രാനെറ മരണം സ്വീകരിക്കയില്ലെന്നു കണ്ടപ്പോൾ അദ്ദേഹം നെസ്തോറിയൻ ഇടത്തുട്ടകാനാണെന്നു പരംശോനഭക്കാർ ഗോവാമെത്രാനെ അറിയിച്ചു. വർ-ൽ അങ്കമാലിയിൽ സൂനഹദോസ് ക്രൂടിയതും അങ്കമാലിരൂപതയുടെ ഛണീകരണം ചെയ്തതും മറവും അവർവ് സ്മരിച്ചുപോയി. എന്നാൽ പരംസമയം മലയാളത്തിലുള്ള യൂറോപ്യന്മാർ ആസകലം രണ്ടുകക്ഷികളായി പിരിഞ്ഞു, പരംശോനഭക്കാർ ആച്ച് ഡീക്കനെറ വിരോധികളായിട്ടും, മറുള്ളവർ അദ്ദേഹത്തിനെറ അനുകൂലികളായിട്ടുംഭവിച്ചു.

൯൮ ഇതുകൊണ്ടു പരംശോനഭക്കാരുടെ ആവലാതി അനുസരിച്ച് ആച്ച് ഡീക്കൻ ഒരു വിശ്വാസപ്രമാണം ചെയ്യണമെന്നു ഗോവാമെത്രാപ്പോലീത്താകല്പിച്ചു. എന്നാൽ പരംശോനഭക്കാരുടെ ഉപദേശപ്രകാരം ഗോവാമെത്രാപ്പോലീത്താ, ഗോവാസൂനഹദോസിൽവെച്ചു ബാബേൽഅധികാരത്തെ നീക്കിക്കളയുന്നതായ ഒരുണ്ടാടി ചെയ്യിച്ചതുപോലെതന്നെയും നിബ്ബന്ധിക്കുമെന്നു കരുതി ആ വിശ്വാസപ്രമാണം കൊച്ചീരൂപതയിൽവെച്ചു ചെയ്യുന്നതിനു അനുവാദം ഉണ്ടാകണമെന്നു ആച്ച് ഡീക്കൻ അപേക്ഷിച്ചതനുസരിച്ച്, മെത്രാപ്പോലീത്താസമ്മതിക്കയാൽ വയ്പിപള്ളിയിൽ സംഘം കൂടി- താഴെ വിവരിക്കുന്ന സംഗതികൾ പത്രോസ് ജാറി എന്നു പരംശോസഭക്കാരനെറയും റോമനെറയും മറവും ചരിത്രങ്ങളിൽ നിന്നും എടുത്തിട്ടുള്ളതാകുന്നു. പ്രസ്തുത സംഗതിയെപ്പറ്റി പത്രോസ് ജാറി ഇപ്രകാരം എഴുതിയിരിക്കുന്നു. "പരം പള്ളിയുടെഭരണം താൻ ഗോവമെത്രാപ്പോലീത്തായിൽനിന്നും കയ്യേറ്റിക്കുന്നതായി മറുപടി അയപ്പാൻ ആച്ച് ഡീക്കനു മനസ്സില്ലായിരുന്നു. പരംകാര്യം നല്ലവണ്ണം അറിഞ്ഞിരുന്ന എന്നും മാറ് പോർത്തുഗീസ്സുകാരുടെ ആലോചനയോടും അധികാരത്തോടുകൂടി താൻ ചെയ്യുന്ന എന്നും" ഭാവിച്ചിരുന്നു. അതായതു, അങ്കമാലിരൂപതയ്ക്കു ഗോവാ മെത്രാപ്പോലീത്താ ഒരു അധികാരിയെ ഏല്പിച്ചുകൊടുക്കുന്നതിനു തരമില്ലാ. അദ്ദേഹത്തിനു അധികാരവുമില്ലാ- എന്നുള്ള വാസ്തവമായ സംഗതി ശേഷം പോർട്ടുഗീസ് വൈദികർ ഉപദേശിച്ചിരുന്നതുകൊണ്ടു ആച്ച്ഡീക്കൻ ധൈര്യപ്പെട്ടു ഗോവാമെത്രാപ്പോലീത്തായുടെ അധികാരസമർപ്പണം സ്വീകരിക്കാതെ നിന്നിരുന്നു. എന്നാൽ അവസാനത്തിൽ മൻഅറിപ്പനുസരിച്ചു, കൊച്ചിയിലും സമീപത്തും ഉണ്ടായിരുന്ന വൈദികലൌകീക പോർട്ടുഗീസ് അധികാരികളും ഒക്കെയും—സേലത്തു പോയിരുന്ന കൊച്ചി

മെത്രാൻ ഒഴിച്ചു- വയ്പിൽ ക്രൂടി. കത്തനാർമാരും തോമാനസ്രാണികളും അവിടെ എത്തിട്ടുണ്ടായിരുന്നു- അവിടെ ക്രൂടിയിരുന്നവരിൽവൈദീകപ്രധാനി വിശ്വാസസത്യം വായിച്ചപ്പോൾ ആച്ചുഡീക്കൻ മുട്ടുകുത്തി, വിശ്വാസസത്യത്തിന അനുസരണ ആജ്ഞ കാണിച്ചു. അതിന്റെശേഷം ആച്ചുഡീക്കനെ ഉയർന്തായ ഒരു സിംഹാസനത്തിന്മേൽ ഇരുത്തി, യൂറോപ്യന്മാരാദിയായി എല്ലാ വൈദീക ലൌകീക അധികാരികളും ശേഷമുള്ളവരും ആച്ചുഡീക്കന്റെ കൈ ചുംബനം ചെയ്തു യും അദ്ദേഹത്തന്റെ സ്ഥാനമാന്യതയെപ്പറ്റി സ്തുതികളും പറകയും തുഴകുകയും പലവിധമായ വാദ്യഘോഷങ്ങളാൽ തങ്ങളുടെ സന്തോഷത്തെ പ്രകടിപ്പിക്കയും ചെയ്തു. ഒരു വിഷയത്തെപ്പറ്റി പത്രോസ് ജാറിയുടെ പുസ്തകത്തിൽ സ്വവ്യാപാരത്തിൽ പറഞ്ഞിരിക്കുന്നതാവിത്: "ഉടനെ വൈദീകശ്രേണിയിൽ മുഖ്യരിൽ ഒരുവൻ, തല്ക്കാല മെത്രാപ്പോലീത്തായുടെ പ്രതിപുരുഷന്റെ നിലയിൽ ഏല്പിക്കപ്പെട്ടതുപ്പെട്ട ആൾ, എഴുനീറ്റു, മെത്രാപ്പോലീത്തായുടെ നാമത്തിൽ ഇപ്രകാരം പറഞ്ഞു. അച്ചുഡിക്കൻ ശീശ്മക്കാരനല്ല, ഇടത്തുട്ടുകാരനുമല്ല. അദ്ദേഹം കത്തോലിക്കാവിശ്വാസത്തിന വിരോധമായയാതൊരു തെറ്റും അനുസരിക്കുന്നില്ലാ. അദ്ദേഹത്തിനെ മുമ്പെതന്നെ ഞാൻ പരിശോധിച്ചിട്ടുള്ളതുകൊണ്ടു ഞാൻ തന്നെ ഇതിന സാക്ഷിയാകുന്നു. ഒരു സൂനഹദോസ് മുഖാന്തിരം അദ്ദേഹത്തിന്റെ വിശ്വാസസത്യം വെളിപ്പെട്ടുത്തുന്നതിനും, അതിനെ സാക്ഷീകരിക്കുന്നതിനുംഅതേ ഞാൻവന്നിരിക്കുന്നതു

(Appendix 39)

പോർത്തുഗീസ് വൈദീകരായ സന്യാസപട്ടക്കാരും അംമേനിപട്ടക്കാരും ലൌകീകഅധികാരികളും ക്രൂടി മേൽ വിവരിച്ച നടപടികളെ എല്ലാം നടത്തിയതിന്റെശേഷം തങ്ങടെ ഇതേവരെയും വളരെ കണിച്ചുകൊണ്ടുവന്ന കണ്ണി ഇര ഒഴിഞ്ഞുപോകുന്നു എന്നു കണ്ടും രംശോസുടക്കാർ, അച്ചുഡിക്കനും തോമാനസ്രാണികളും നെസ്തോറിയൻ ഇടത്തുട്ടുകാരാകുന്നു എന്നു ഗോവാമെത്രാപ്പോലീത്തായെ ഉടൻ ബോധിപ്പിച്ചു. ഈ സമയം ഇൻഡ്യാ ഒട്ടുക്കു രംശോസുക്കാരുടെ മേലദ്ധ്യക്ഷനായിരുന്ന നിക്ലാവോസ് ഫ്രിമെത്ത് എന്ന അച്ചൻ കൊച്ചിയിൽ എത്തി. പരദേശത്തു നിന്നും വന്ന്, നാട്ടുവിശേഷം ഒന്നും അറിഞ്ഞിട്ടില്ലായിരുന്ന ഫ്രിമെത്തഅച്ചനോടു അദ്ദേഹത്തിന്റെ ക്രൂട്ടുകാരായ രംശോസുക്കാർ തങ്ങടെ കേണിച്ചു കണി ഒക്കെ തുറന്നു പൊയി എന്നു മനസ്സിലാക്കി. പ്രൂസീസ്സ് സന്യാസപട്ടക്കാരും മറ്റ് അംമേനിപട്ടക്കാരും കൊച്ചിയിലും വയ്പിലും ഉണ്ടായിരുന്ന എല്ലാ പോർത്തുഗീസ്കാരും വയ്പിൽ ഒരുസൂനഹദോസ് ക്രൂടി എന്നും, ഗീവർഗീസ് അച്ചുഡീക്കൻ കത്തോലിക്കനാകുന്നു എന്നും മറ്റും പ്രസിദ്ധം ചെയ്തു എന്നും അതു ശരിയല്ലെന്നും, തങ്ങടെ തോമാനസ്രാണികളെ അതുവരെ

യും ഉപദേശിച്ചു വന്നിരുന്നതുകൊണ്ടു അവരുടെ ഭരണസംബന്ധമായകാര്യങ്ങളും തങ്ങളുടെ ആദ്ധ്യാത്മവിചാരചെയ്യുന്ന ശിഷ്യരായിട്ടെന്നും ബോധിപ്പിച്ചു. പത്രോസ് ജാറിയുടെ ചരിത്രം സ്പെൻ്റിം പുറത്തിൽ പ്രസ്തുത വിഷയത്തെപ്പറ്റി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. "ഉടനെ നീക്കോവോസ് ഫിമേന അച്ഛൻ വയ്ഗിലെ സുനഹിദോസ് ദ്ധ്യൂറാകുന്ന എന്നാം കൊച്ചി അധികാരിയും ഉടനെ ഉദ്യോഗസ്ഥന്മാരിലേക്കു പ്രവേശിച്ചവരൊക്കെയും പരംശോസഭക്കാരായ അച്ചന്മാരുടെ മുമ്പാകെ ആഫ്ഡീക്കൻ വിശ്വാസ സത്യം ചെയ്യുവാൻ കൂട്ടപ്പെട്ടിരുന്നതു കൊണ്ടു അവരെ ക്രൂരതെ പ്രസിദ്ധമായി സൂനഹിദോസിൽ വെച്ചു് അപ്പോസ്തലിക്ക സമ്മതം കൊടുത്തു് വിശ്വാസത്തിനടുത്ത കാര്യങ്ങൾ യോഗ്യസ്ഥിതിയിൽ ആക്കിയിരിക്കുന്ന എന്നതൊഴിഞ്ഞെ പ്രസിദ്ധപ്പെടുത്തുവാൻ യത്നിച്ചു തുടങ്ങി. പരം ശോസഭക്കാരായ അച്ചന്മാർ തോമാക്രിസ്ത്യാനികളെ ഏറിയ കാലമായി സത്യവിശ്വാസം പഠിപ്പിച്ചു വരവെ മറൊരുത്തൻ അവരുടെ മേൽ ഭരണം നടത്തേണ്ടതല്ലായിരുന്നു. ഇപ്രകാരമുള്ള ഉടമ്പടിയൊടുക്രടിയാണു ഇതേവരെ അവർ സത്യവിശ്വാസം പഠിപ്പിച്ചു വന്നിരുന്നതു. എന്നാൽ പരം പ്രവൃത്തി ഇതശോസഭക്കാരെ പ്പറ്റിയുള്ള മതിപ്പിനെ തോമാനസ്രാണികളുടെ ദൃഷ്ടിയിൽ മാത്രമല്ല കുറയ്ക്കുന്നതു പിന്നയോ, പുതുക്രിസ്ത്യാനികളുടെ ദൃഷ്ടിയിലും കുറയ്ക്കുന്നു. അവക്ക് ഇതു സാമാന്യമല്ലാത്ത ഒരു ഉപദ്രവത്തിനു കാരണമായിതീരും ..... അതുമുതൽ മുതൽ ചുസ്സകങ്ങളിൽ നിന്നു പഠിച്ചിരുന്ന നെസ്തോറിയനാട്ടത്തെറ്റുകളേതീക്കുന്നതിനു വിധവ്വു അദ്ധ്വാനിച്ചിരുന്നു. ആഫ്ഡീക്കന്റെ പഠിനം സംബന്ധമായ വിവേകമല്ലാത്തതും വിചാരമില്ലാത്തതും അയ അംഗീകരണം കൊണ്ടു വരാവുന്ന വിഷമിപ്പുങ്ങളും ആപത്തുകളുംകാണിച്ചുപറഞ്ഞു ഇതുകൊണ്ടു ബാബെലിൽ നിന്നു നെസ്തോറിയൻ മെത്രാൻ വരുവാനുള്ളവഴിതുറക്കയാകുന്നു എന്നു പറഞ്ഞു" Appendix 40)

മാന്യവായനക്കാരെ! ആഫ്ഡീക്കന്റെ വിശ്വാസപ്രമാണത്തിന്റെ അംഗീകരണം ശരിയല്ലന്നു പരംശോസഭക്കാരും പിന്നീടു ഗോവാമെത്രാപ്പോലീത്തായും തീരുമാനിച്ചിരിക്കുന്നു! അതിനു കാരണമെന്താണന്നു പരംശോസഭക്കാരനായ പത്രോസ് ജാറി എന്ന ചരിത്രക്കാരൻ തെളിവായി പറയുന്നുണ്ടു. ഇപ്പോൾ ഇതേവരെയും സംഭവിച്ച സംഗതികളുടെ വാസ്തവും യൂറോപ്യന്മാരായ വത്തീൻ ചരിത്രക്കാരുടെ ദോഷം തെളിയേണ്ടുന്ന സമയം ഇതാണന്നു ഞാൻ വിചാരിക്കുന്നു. ആഫ്ഡീക്കന്റെ വിശ്വാസസത്യത്തിനു കൂടിയവർ കൊച്ചീരൂപതയിൽപെട്ട വൈദീകപ്രധാനികളും സന്യാസപട്ടക്കാരുമാണു. അവരെല്ലാവരും ഒരു അന്യരീത്തുകാരനെ കത്തോലിക്കനായി ഒരിക്കലും അംഗീകരിക്കുന്നതല്ല. അവിടെ കൂടിയ യൂറോപ്യന്മാർ അനേകർക്കും മലയാള ഭാഷകൂടി അറിയാമായിരുന്നു. അവർ ആഫ്ഡീക്കനുമായി നല്ലപ

രിചയമുള്ളവരും ആയിരുന്നു. ഗോവാ മെത്രാപ്പോലീത്തായുടെ പ്രതിപുരുഷനായി വിശ്വാസസത്യം അംഗീകരിച്ചയാൾ താഴെപറയുംപ്രകാരം എഴുതിയിരിക്കുന്നു. "ആച്ചഡീക്കനെ ഞാൻ നല്ലതിനണ്ണും പരിശോധിച്ചിട്ടുണ്ട്. ആച്ചഡീക്കൻ കത്തോലിക്കാ വിശ്വാസിയാണെന്നു തീർച്ചയായും പറയുന്നു." നാൽ പുതിയതായി വന്ന നിക്കളാവൊസു ഫിദ്മെന്റ് അച്ചൻ കൊച്ചിയിലെ ലൌകീക അധികാര്യെയാണു ശാസിക്കുന്നതു. എന്നാൽ അദ്ദേഹത്തിന്റെ വാക്കുകൾകൊണ്ടു ആച്ചഡീക്കൻ കത്തോലിക്ക് വിശ്വാസിയായിരുന്നു എന്നു വെളിവാകുന്നുണ്ടു. ഉരംശോനഭക്കാരായ അച്ചന്മാർ തോമാ നസ്രാണികളെ വളരെക്കാലമായി കത്തോലിക്ക് വിശ്വാസം പഠിപ്പിച്ചു വന്നതിനാൽ അവരെ കൊച്ചിയിലെ സൂനഹദോസിൽ നിന്നും നീക്കിയതു ശരിയായ് ഇല്ലാണു നിക്കളാവൊസു ഫിദ്മെൻറ അച്ചൻ കൊച്ചിയിലെ മേലധികാരിയോടു വാദിച്ചതു. ഇതുകൊണ്ടു കൊച്ചിയിലെ സംഘം ഉഷ്ക്രൂർ ആകുന്നുഎന്നും ഗീവർഗീസ് ആച്ചഡീക്കൻ നെസ്തോറിയൻ ഇടത്തുടുകാരനാകുന്നു എന്നും വരുന്നില്ല. പിന്നെ ഫിദ്മെൻറ അച്ചൻ പറഞ്ഞതിന്റെ സാരം ഉരംശോ നഭക്കാർ തോമാനസ്രാണികളെ ഭരിക്കണം എന്നുള്ള ഉടമ്പടിയിന്മേലാണു അവരെ സത്യോപദേശം പഠിപ്പിച്ചതു എന്നു ഫിദ്മെന്റ് അച്ചൻ വാദിക്കുന്നതു നല്ലനേരമോക്കുതന്നെ. ഇതേവരയും യൂറോപ്യന്മാർ മറച്ചു വച്ചിരുന്നതും ഞാൻ ഉരുപുസ്തകത്തിന്റെ ആരംഭംമുതൽ പ്രതിവാദിച്ചു വെളിപ്പെടുത്തിവന്നിരുന്നതും ആയ സംഗതി പത്രോസുജാതി എന്ന ഉരംശോനഭക്കാരൻ തന്നെ ഇപ്രകാരം പറയുന്നു. "ഉരം ഉടമ്പടിയോടുകൂടി ഇതേവരയും സത്യോപദേശം അവർ പഠിപ്പിച്ചു." അതായതു തോമാനസ്രാണികളുടെ ഭരണം കിട്ടുന്നതിനായി അവർ പഠിപ്പിച്ച എന്നതെ ടി ഗ്രന്ഥക്കാരൻ തുടന്നു പറയുന്നതാവിതു. "ആച്ചഡീക്കൻ കത്തോലിക്കൻ എന്നു സമ്മതിച്ചുപോയാൽ ബാബേലിൽനിന്നു മെത്രാന്മാർ വരുന്നതിനു ഇടയാകും." ആയ്തുകൊണ്ടു ആച്ചഡീക്കൻ കത്തോലിക്കൻ എന്നു സമ്മതിച്ചതു ശരിയായില്ലാ. അതുകൊണ്ടു ഗീവർഗീസ് ആച്ചഡീക്കൻ വയ്യീപള്ളിയിൽവച്ചു ചെയ്ത വിശ്വാസപ്രമാണം താൻ അനാസരിച്ചിരുന്നു എന്നും, കത്തോലിക്കാ വിശ്വാസത്തിന്റെ സാക്ഷീകരണമാകുന്നുവെന്നും, വയ്യ് സംഘം കത്തോലിക്കാ സംഘമാകുന്നുവെന്നും, അതു ഉഷ്ക്രൂറാണെന്നു പറയുന്നവർ അസത്യമാണു പറയുന്നതെന്നും മേൽ എഴുതിയതുകൊണ്ടു മതിയാകുംവണ്ണം ഭതളിയുന്നു. ഉരംശോനഭക്കാർ തോമാനസ്രാണികൾ നെസ്തോറിയൻകാരാകുന്നു എന്നു കാണിച്ചു പോർട്ടുഗൽ രാജാധികാരത്തോടുകൂടിയുള്ളവനായ മെനേസിസ് മെത്രാപ്പോലീത്തായെ മലയാളത്തിൽ വരുത്തി തോമാനസ്രാണികളുടെ ഭരണം കൈക്കലാക്കുന്നതിനു ശ്രമിക്കുന്നതിനെ കണ്ടുകൊണ്ടു കൊച്ചിരൂപതയിൽപ്പെട്ട വൈദീകഗണവും ലൌകീക അധികാരികളും ശോവ മെത്രാപ്പോ

വീത്താ മലയാളത്തിൽ വരാതിരിക്കുന്നതിനു പാട്ടുള്ള തടസ്ഥങ്ങൾ ഒക്കയും ചെയ്യുവെന്നു ചരിത്രംകൊണ്ടു തെളിയുന്നു.

വിശേഷിച്ചും ജാറി ൩൨—ാംപുറത്തിൽ പറയുന്നതായ്തു. എന്നാൽ തന്റെ പക്കൽ ഉണ്ടായിരുന്ന അധികാരിയും ശേഷംപേരും പൂവ്വക്രമംപോലെ നടക്കുന്നതിനുംബാബേൽ പാത്രിയക്കീസിനെ ഉപേക്ഷിക്കേണ്ടാ എന്നും അതുകൊണ്ടു യാതൊരു അപത്തില്ലാ എന്നും ഉപദേശിച്ചിരിക്കുന്ന എന്നു (പറഞ്ഞു) ഇതിനായിട്ടു എല്ലാവരുടെ പൊതുഅഭിപ്രായവും സമ്മതത്തോടുംകൂടി നിശ്ചയിച്ചതെന്തുനാൽ ഗോവമേലദ്ധ്യക്ഷതയാലയൊ, മറവലത്തിൻമേലദ്ധ്യക്ഷനാലെയൊ കൊടുക്കപ്പെട്ടതിരുപ്പട്ടക്രമാശകം ബാബേൽ പാത്രിയക്കീസിന്റെ സമ്മതം കൂടാതെയാണെങ്കിൽ വാസ്ഥവമല്ലെന്നാണു. നാൻ ഗോവമെത്രാപ്പോലീത്തായെ മെത്രാപ്പോലീത്തായായും ഇടയനായും സ്വീകരിക്കുന്നു. എന്നാൽതന്റെ ശ്രേഷ്ഠമേലധികാരിയും തലവനുമായി അറിയുന്നില്ല" (Appendix 41)

അക്കിദിയാക്കോൻ വൈപ്പിലെ ലത്തീൻകാരായ വൈദീക സംഘക്കാരെക്കുറിച്ചു പറഞ്ഞിട്ടുള്ള മേലെഴുതിയ അഭിപ്രായം ന്യായമായിട്ടുള്ളതാകുന്നു. മാർഅബ്രാഹം മെത്രാനും അക്കിദിയാക്കോനും തോമാനസ്രാണികളും നെസ്റോറിയൻ ഇടത്തുട്ടുകാരല്ലെന്നും ബാബേലിലെ അന്നത്തെ പാത്രിയക്കീസ് റോമാസിംഹാസനത്തിനു വണക്കമുള്ള ആളായിരിക്കുന്നു എന്നും അദ്ദേഹത്തിന്റെ അധികാരം മലയാളത്തിന്മേൽ സ്വാതന്ത്ര്യപ്പെട്ടിരുന്നതാണെന്നും മലയാളത്തിലുണ്ടായിരുന്ന ലത്തീൻ വൈദീകർക്കു ബോദ്ധ്യമുള്ള സംഗതി ആയിരുന്നു എന്നും മേൽ പ്രസ്താവന തെളിവായി ബോദ്ധ്യപ്പെട്ടുന്നു. ൦രംശോസഭക്കാരുമാത്രംലത്തീൻ മെത്രാന്റെ അധികാരത്തിൽ കീഴ് ആക്കുന്നതിനു തൽസമയം ചെയ്തിട്ടുള്ള ശ്രമമല്ലാതെ വേറെ യാതൊന്നും സംഭവത്തിലില്ലെന്നു കാണിക്കുന്നു. അക്കിദിയാക്കോൻ പറയുന്നതു തന്നോടുകൂടി സംഘത്തിലുണ്ടായിരുന്ന ലത്തീൻ വൈദീകരു തന്റെ പൂവ്വക്രമാചാരം നടക്കുന്നതിനു വിരോധമില്ലെന്നും ബാബേൽ പാത്രിയക്കീസിനെ ഉപേക്ഷിക്കേണ്ടാ എന്നും അദ്ദേഹത്തെ വന്നങ്ങി അനുസരിക്കുന്നതുകൊണ്ടു യാതൊരുതെറ്റില്ലെന്നും ആണ്. ഇതുകൂടാതെയും ഗോവ മെത്രാപ്പോലീത്തായെ മറ്റു യാതൊരു ലത്തീൻ മെത്രാനെ തോമാനസ്രാണികൾക്കു ബാബേൽ പാത്രിയക്കീസിന്റെ അനുവാദം കൂടാതെ പട്ടം കൊടുത്താൽ വാസ്ഥവമാകയില്ലെന്നു വൈപ്പിൽ കൂടിയ ലത്തീൻകാരായ വൈദീക സംഘക്കാരു തീർച്ചയാക്കിയിരിക്കുന്നു എന്നു അക്കിദിയാക്കോൻ പറയുന്നു. അതു വാസ്ഥവമാകയില്ലെന്നല്ല പിന്നയെ ബാബേൽ പാത്രിയക്കീസിന്റെ അനുവാദം കൂടാതെ റോമാപ്പാ

ള്ളിയുടെ കാനോൻ നിയമപ്രകാരം ലത്തീൻ മെത്രാൻ സുറിയാനി ക്കാർക്ക് പട്ടം കൊടുക്കുവാൻ മുടക്കമുള്ളതുകൊണ്ട് പ്രമാണപ്രകാരം അതു കയില്ലന്നാണ്. ഒരു സമയം അന്നുണ്ടായിരുന്ന ചില ലത്തീൻ വൈദീകരുടെ അഭിയായത്തിനു തക്കവണ്ണം അതായ്തു പുളിച്ച അപ്പംകൂട്ടുവാനായ്ക്ക ഉപയോഗിക്കുന്ന ഒരു മെത്രാൻ ടി. അപ്പം പെരുമാറാത്തവക്കു പട്ടം കൊടുത്താൽ വാസ്തവമാകയില്ലെന്നുള്ള തെറ്റായ അഭിപ്രായത്തിനു തക്കവണ്ണം മറിച്ചു പുളിയാത്ത അപ്പം ഉപയോഗിച്ചു പട്ടമേറ്റിരിക്കുന്ന മെത്രാൻ പുളിച്ച അപ്പം അനുസരിക്കുന്നതായ കിഴക്കേറീത്തുകാക്ക് പട്ടം കൊടുത്താൽ വാസ്തവമാകയില്ലാ എന്നുള്ള മൂഢഅഭിപ്രായം ഉണ്ടാകാൻ ഇടയുണ്ടായിരുതുകൊണ്ട് അപ്രകാരം അഭിപ്രായപ്പെട്ടതാകുന്നു എന്നു സംശയിപ്പാൻ ഇടയുണ്ട്. ആയതുകൊണ്ട് അക്കിഡിയാക്കോൻ പറഞ്ഞിട്ടുള്ളതും വൈപ്പിൽ ലത്തീൻ വൈദികന്മൂഢ്യമായി കൂടിനടത്തിയിട്ടുള്ള പ്രവർത്തികളും സാക്ഷിക്കുന്ന ജാറിയുടെ ചരിത്രം അക്കിഡിയാക്കോനും തോമാനസ്രാണികളും സത്യവിശ്വാസികളാകുന്നു എന്നും അന്നത്തെ ബാബേൽപാത്രിയക്കീസു ന്യായമായും വാസ്തവമായും തോമാനസ്രാണികളുടെമേൽ അധികാരപ്പെട്ട ആൾ എന്നും ഗോവ മെത്രാപ്പോലീത്തായും ശേഷം സഭക്കാരും തോമാനസ്രാണികളുടെ മേൽ അധികാരപ്പെടുവാൻ തുനിഞ്ഞതു പുറപ്പെടുന്നതു ഭൂരാലോചനയിന്മേൽ ആയിരുന്നു എന്നും പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

ൽ-ാം പ്രകരണം.

തോമാ നസ്രാണികളുടെ കൽദായ സുറിയാനി ക്രമം മാറിയതുകൊണ്ടും അവർ നെസ്തോറിയൻകാർ ആയിരുന്നു എന്നു തെളിയിക്കാം.

൧. മുൻ പ്രകരണങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള തെളിവുകൾ കൊണ്ടു തോമാ നസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാരല്ലായിരുന്നു എന്നു വായനക്കാർക്ക് ബോദ്ധ്യപ്പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. പോർട്ടുഗീസ് ഔദ്യോഗികർ തോമാനസ്രാണികളെ നെസ്തോറിയൻ ഇടത്തുട്ടുകാരെന്നു ചരിത്രമുഖേന ദോഷാരോപണം ചെയ്തിട്ടുള്ളതിനു കാരണം എന്താണ്? ഇപ്രകാരം ദോഷാരോപണം ചെയ്യാനുള്ള കാരണത്തെ ഒരു മറവായി പറയുവാൻ ഒരുങ്ങുന്നില്ല. എന്തുകൊണ്ടെന്നാൽ അതു എതുയോ വെളിവായ സംഗതിയാണ്. മുൻ പ്രകരണത്തിൽ പത്രോസ് ജാറിയുടെ ചരിത്രത്തിൽ നിന്നും എടുത്തു ചേർത്തിട്ടുള്ള ഭാഗത്തിൽ നിന്നും വെളിപ്പെടുന്നതുപോലെ ശേഷം സഭക്കാർ തോമാ നസ്രാണികളെ

വേദപഠിനം പഠിപ്പിച്ചതു അവരുടെ ഭരണം തങ്ങൾക്കു കൈക്കലാക്കുവാൻവേണ്ടി ആയിരുന്നു. അതായതു തോമാനസ്രാണികളുടെ മലയാളപ്പള്ളി ബാബേൽകൽദായ പാത്രിയക്കീസിന്റെ അധീനത്തിൽ ഇരിക്കയും, പോർട്ടുഗൽ രാജാധികാരം ഇൻഡ്യയിലുടനീളം വ്യാപിച്ചിരിക്കയും, അതോടുകൂടി പോർട്ടുഗൽ വൈദികന്മാർ ഇൻഡ്യയിലുടനീളം അധികാരം നടത്തുകയും ചെയ്തുവന്നതിനാൽ കൽദായ പാത്രിയക്കീസിന്റെ അധികാരത്തെ പോർട്ടുഗീസു വൈദികർ തങ്ങളുടെ അധികാരപൂർണ്ണതയ്ക്കു ഒരു പ്രതിബന്ധമായി കരുതിയിരുന്നു. ഇപ്രകാരം തെളിയിച്ചു പറയുന്നതു പോർട്ടുഗീസു ചരിത്രകാരന്മാർക്കു വിരോധമായ സംഗതിയാണെന്നുള്ളതു നിസ്സംശയം തന്നെ. എങ്കിലും ശരിയായ തെളിവുകൾകൊണ്ടു വായനക്കാരെ ബോധപ്പെടുത്താവുന്നതാണു്. കൊച്ചി മെത്രാനായ ഒലിവിയരാ അവർകൾ "ചില വിശദീകരണങ്ങൾ" എന്ന പേരായി ഫ്രൻസു—ൽ അച്ചടിപ്പിച്ച പുസ്തകത്തിൽ ൨-ാം ലക്കത്തിൽ "ഇൽഡ്യാ രാജ്യത്തിൽ പോർട്ടുഗീസുകാർ അധിവസിപ്പാൻ തുടങ്ങിയതു മുതൽ ആണ്ടിന്റെ ആദ്യ അമ്പതുകൊല്ലങ്ങളിൽ അവരാകട്ടെ അഥവാ ഫ്രാൻസീസ്കു സേവിയർ പുണ്യവാളൻ താൻ തന്നെയാകട്ടെ ഈ തോമാക്രിസ്ത്യാനികളെ ശീശ്മക്കാരായിട്ടോ പാഷാണ്ഡികളായിട്ടോ വിചാരിച്ചിരുന്നതായി എനിക്കു തോന്നുന്നില്ല." എന്നു പ്രസ്താപിച്ചിരിക്കുന്നു. (Appendix 42) ഒലിവെയിറാ മെത്രാൻ അവർകളുടെ ഒരു അഭിപ്രായം മാത്രം തോമാനസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാരല്ലായിരുന്നു എന്നു ഇതേവരെയും ഞാൻ കൊണ്ടുവന്നിട്ടുള്ള തെളിവുകളെ പൂർണ്ണമായി ഉറപ്പിക്കുന്നു. എന്നു മാത്രമല്ല. തോമാനസ്രാണികൾ ശീശ്മക്കാരായിരുന്നു എന്നു കൂടിയും ഒലിവിയരാ മെത്രാൻ അവർകൾ പറയുന്നില്ല. തന്റെ അഭിപ്രായത്തെ സ്ഥിരീകരിക്കുന്നതിനായി ൧൬൦൦-നു മേലുള്ള പോർത്തുഗീസു ചരിത്രകാരന്മാരെയും അതിൽ പ്രധാനമായി ശ്രീ. ശവരിയാരു പുണ്യവാളനെയും അദ്ദേഹം സാക്ഷിനിർത്തുന്നു. ശ്രീ. ശവരിയാരു പുണ്യവാളൻ ശാസ്ത്രജ്ഞനിലുത്തമനും, ദൈവാത്മപി നിറഞ്ഞവനും, പുണ്യത്തിൽ പൂർണ്ണത പ്രാപിച്ചവനും, ശ്രീ. മാപ്പുപ്പായുടെ സ്ഥാനാപതിയുമാണു്. ഒരു പുണ്യവാളൻ കൂടിയും തോമാനസ്രാണികളെ പാഷാണ്ഡികളായിട്ടും, ശീശ്മക്കാരായിട്ടും വിചാരിച്ചിരുന്നില്ല. ഇതിനു തുച്ഛയായി ഒലിവിയരാ മെത്രാൻ അവർകൾ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഞാൻ ഒരു ക്രൂട്ടന്റെ ഇടയിൽക്രിസ്ത്യാനി മതസംബന്ധമായ കാര്യങ്ങളിൽ അവരുടെ അറിവില്ലായ്മയെക്കുറിച്ചിടിക്കുമാത്രമാണു പ്രയത്നിച്ചിട്ടുള്ളതു. അതുകൊണ്ടു ഒരു ക്രിസ്ത്യാനികളെ അക്കാലത്തു പ്രസിദ്ധമായിരുന്ന യാതൊരു മതഭേദക്കാരുടെയും ക്രൂട്ടത്തിൽ തരംതിരിച്ചു ഗണിപ്പാൻ അവർ സ്വപ്നത്തിൽപോലും വിചാരിക്കയുണ്ടായിട്ടില്ല" (Appendix 43) ശവരിയാരു പുണ്യവാളനും ൧൬൦൦—നു മുമ്പുള്ള പോർത്തുഗീസു ശാസ്ത്രജ്ഞന്മാരും തോമാനസ്രാണികളെ ഇടത്തുട്ട

കാരായിട്ടും ശീശ്മക്കാരായിട്ടും വിചാരിച്ചിരുന്നില്ല. എന്നു പറഞ്ഞതിന്റെ ശേഷം ആ ക്രിസ്ത്യാനികളെ അന്നിവിടെ പ്രസിദ്ധന്മാരായിരുന്ന വിഗ്രഹാരാധനക്കാരായ ഹിന്തുക്കളും, മഹമ്മദീയർ, യഹൂദർ ഇവരിൽ നിന്നും തിരിച്ചറിവാൻ പാടില്ലാത്തവിധത്തിൽ അവർ അജ്ഞാനത്തിരശ്ശീല അത്ര മുങ്ങിയിരുന്നു എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ കാവ്യരേയും, മഹമ്മദീയരേയും, യഹൂദന്മാരെയും മതഭേദം തിരിച്ചറിവാൻ തക്കവണ്ണം അവക്ക് പ്രത്യേക ലക്ഷണങ്ങളും ഉണ്ടായിരുന്നു. തോമാ നസ്രാണികളെ ഇന്നമതക്കാർ എന്നു തിരിച്ചറിവാൻ തക്കവണ്ണം പ്രത്യേക ലക്ഷണങ്ങളും അവക്ക് ഇല്ലായിരുന്നു എന്നാണ് ഒലിവെയ്രാ മെത്രാൻ അവകളുടെ അഭിപ്രായം. എന്നാൽ ശ്രീ. ശവരിയാരുപുണ്യവാളനംഫ്രാ-ന മേല്പള്ള പോർട്ടുഗീസ് ശാസ്ത്രജ്ഞന്മാരും, ഇന്നമതക്കാർ എന്നു തിരിച്ചറിവാൻ പാടില്ലാത്തവരായിരുന്ന തോമാനസ്രാണികളും പാഷാണ്ഡികളാരും ശീശ്മക്കാരും അല്ലന്നു തീരുമാനിച്ചതെങ്ങിനെ? തോമാ നസ്രാണികൾ അറിവില്ലായ്കകൊണ്ട് നെസ്തോറിയൻ ഇടത്തുടിൽ ഉൾപ്പെട്ടിരുന്നു എന്നു തീർമ്മാനിക്കുന്നതിനും, ആ ഇടത്തുടിൽ നിന്നും പോർട്ടുഗീസ്കാർ അവരെ മനസ്സുതിരിച്ചു എന്നു വരുത്തുന്നതിനും അവരുടെ അറിവില്ലായ്മയെ വളരെ അഗാധമാക്കിത്തീർത്തു, ഒലിവെയ്രാ മെത്രാനവർകളും അഭിപ്രായപ്പെട്ടിരിക്കുന്നു എന്നാണ് ഇതിനുള്ള സമാധാനം. എന്നാൽ ഇതു അദ്ദേഹത്തിന്റെ സ്വന്ത അഭിപ്രായമാണ്. അവരുടെ അറിവില്ലായ്മയെ ലക്ഷ്യങ്ങളും സഹിതം അദ്ദേഹം തെളിയിച്ചിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ മുൻഗാമികളായ പോർട്ടുഗീസ ചരിത്രകർത്താക്കളും തന്റെ അഭിപ്രായത്തിനു പ്രതികൂലമായി, പോർട്ടുഗീസ്സാർ ഇവിടെ വന്നകാലംവരെ തോമാനസ്രാണികളും കടൽതാലിക്കാവിശ്വാസത്തിലും സുവിശേഷവ്യാപാരത്തിലും സ്ഥിരമായി നിന്നിരുന്നു എന്നു തെളിയിച്ചിട്ടുണ്ടെന്നുള്ളതു ഒരു പുസ്തകം നാം പ്രകരണത്തിൽ മെനേസീസ് മെത്രാപ്പോലീത്തായുടെയും ജാറിയുടേയും, മഫേയൂസിന്റെയും, ഒസോറ്യൂസിന്റെയും, അന്തോനീയൂസ് ഗൊവയാ എന്ന ശാസ്ത്രജ്ഞന്റെയും, സാക്ഷികളെ ചേർത്തിട്ടുള്ളതിൽ നിന്നും അറിയാവുന്നതാണ്. അവയിൽ നിന്നും തോമാനസ്രാണികളും തങ്ങളുടെ വിശ്വാസം കാപ്പാൻ വേണ്ടി, തങ്ങളുടെ വസ്തു, പ്രാപ്പിടം മുതലായവകളുടെ നാശം സഹിച്ചുകൊണ്ടും, കാവ്യരുടെയും മഹമ്മദീയരുടെയും ഞെരുക്കം അനുഭവിച്ചുകൊണ്ടും ജീവിച്ചിരുന്നു എന്നു അറിയാവുന്നതാണ്. അവരുടെ നോയ്മ്പു, നമസ്കാരം. വിരുതി മുതലായ സമ്പ്രദായങ്ങളെപ്പറ്റി, ടി ചരിത്രത്തിൽ വിവരിച്ചിട്ടുള്ളതു വായിച്ചാൽ ഒലിവെയ്രാ മെത്രാൻ അവർകളും തോമാനസ്രാണികളെ സംബന്ധിച്ചു എഴുതിട്ടുള്ള അഭിപ്രായങ്ങളുടെ സത്യം അറിയാം. ഉദ്യംപേരൂർ സുനഹദോസ് സംബന്ധിച്ചു മെനേസീസ് മെത്രാപ്പോലീത്താ അവർകൾ അയച്ച കല്പനാവിളംബരത്തിൽ ഈ ഭാഗ

ഹം തോമാനസ്രാണികളെ സംബന്ധിച്ചു പുറപ്പെടുവിച്ചിട്ടുള്ള അഭി പ്രായങ്ങൾ ക്രിസ്തു—ന പിമ്പു്, അതായതു ക്രിസ്തൻ—ൽ ആയിരുന്നതുകൊണ്ടു ക്രിസ്തു—ന മുമ്പുള്ള ശാസ്ത്രജ്ഞന്മാർക്കു തോമാനസ്രാണികളെ ഏതു മതക്കാർ എന്നു തിരിച്ചറിവാൻ പാടില്ലാത്തവിധത്തിൽ അന്ധകാരത്തിൽ അകപ്പെട്ടിരുന്നു എന്നു് ഒലിവെയിര മെത്രാൻ അവർക്കും അഭിപ്രായപ്പെട്ടിട്ടുള്ളതിന്റെ യാഥാർത്ഥ്യം ഇതു നിമിത്തം തെളിയുന്നുണ്ടു.

൨. അതിനാൽ ക്രിസ്തു—ന ശേഷം തോമാനസ്രാണികളുടെ പള്ളിസംബന്ധമായ ഭരണം പോർത്തുഗീസ് വൈദീകർ വഹിക്കുന്നതിനു ഒരു സമാധാനമായി, തോമാനസ്രാണികളും അവരെ ഭരിച്ചുവന്നകൽദായ മെത്രാന്മാരും നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നു് ഒരു വാദം പുറപ്പെടുവിക്കപ്പെട്ടിരുന്നു എന്നു വെളിവാകുന്നുണ്ടല്ലൊ. ക്രിസ്തു—ന മേൽ പോർട്ടുഗീസ് ശാസ്ത്രജ്ഞന്മാരാകട്ടെ, വൈദീകന്മാരാകട്ടെ, ശവരിയാർ, പുണ്യവാളൻ തന്നെയും തോമാനസ്രാണികളെ പാഷാണ്ഡികന്മാരെന്നും ശീശ്മക്കാരെന്നും വിധിച്ചിട്ടില്ല. എന്നതന്നെയല്ല. ആ കാലം വരെ തോമാനസ്രാണികൾ ഇടത്തുട്ടുകാരല്ലായിരുന്നു എന്നു അവർ സാക്ഷീകരിച്ചിട്ടും ഉണ്ടു. ശവരിയാർ പുണ്യവാളനും അദ്ദേഹത്തിന്റെ സമകാലീനന്മാരായ ശാസ്ത്രജ്ഞന്മാരും, അവർ ഇടത്തുട്ടുകാരായിരുന്നെങ്കിൽ ആയതു കണ്ടുപിടിപ്പാൻ തക്ക സാമർത്ഥ്യവും പരിപ്പും ഇല്ലാത്തവരായിരുന്നു എന്നു ഒരുത്തനും പറകകൂടി ചെയ്യുന്നതല്ല. ക്രിസ്തു—ന മുമ്പുള്ള ശാസ്ത്രജ്ഞന്മാർക്കു തോമാനസ്രാണികളുടെ പുള്ളിഭരണം കൈക്കലാക്കണമെന്നുള്ള വിചാരം ഉണ്ടായിരുന്നില്ല. അതിനു ശേഷമാണു ഭരം ആഗ്രഹം പോർട്ടുഗീസ്സുകാരുടെ ഉള്ളിൽ കടന്നുകൂടിയതു അതോടുകൂടി തോമാനസ്രാണികൾ ഇടത്തുട്ടുകാരായി തീരുകയും ചെയ്തു.

൩. റോമൻ ക്രാ—ാം പുറത്തിൽ "സ്രാഫയ്യൂട്ടത്ത സഭയിൽ ചേർന്ന വിഞ്ചെൻസ് എന്ന പേരുള്ള ഒരു സന്യാസി ക്രിവന്നു ചേരുകയും കൊട്ടങ്ങല്ലൂരിൽ താമസം തുടങ്ങുകയും ചെയ്തു. അദ്ദേഹം പലപ്പോഴും ഉൾനാട്ടുകളിൽ പ്രവേശിച്ചു, അവിടെ പള്ളികളിൽ പ്രസംഗിക്കുകയും വേദോപദേശം ചെയ്കയും ആ പള്ളികളിൽ പലതും നമ്മുടെ പള്ളികളുടെ ഭാഗ്യത്തിൽ നന്നാക്കുകയും ചെയ്തു" എന്നു കാണുന്നു. (Appendix 44) വിഞ്ചെൻസ് പാട്ടിൽ പ്രസംഗിക്കയും വേദോപദേശം ചെയ്കയും ചെയ്തപ്പോൾ തോമാനസ്രാണികൾ അവയെ അനുസരിച്ചു എന്നു പറഞ്ഞിരിക്കുന്നതിൽ നിന്നും സത്യവേദ ഉപദേശത്തെ മലയാളത്തിലെ പള്ളികളിൽ യാതൊരുവിധ മത്സരവും കൂടാതെ അനുസരിച്ചു എന്നു അനുമാനിക്കാവുന്നതുണ്ടല്ലൊ.

തോമാനസ്രാണികൾ ഇടത്തുടുകാർ ആയിരുന്നു വെങ്കിൽ അവരുടെ ഒരു പള്ളിയിൽ എങ്കിലും വിദ്യാഭ്യാസം പാശ്ചി പ്രവേശിക്കുന്നതിനോ വേദോപദേശങ്ങൾ ചൊല്ലുന്നതിനോ ഇടയാകയില്ലായിരുന്നു. റോമൻ മത-ാ പുറത്തിൽ "(ഫാദർ വിൻസെന്റ) ഫരീസ—ൽ കൊടുങ്ങല്ലൂരിൽ ഒരു കാളേജ് സ്ഥാപിച്ചു. അതിൽ ക്രിസ്ത്യാനി കുട്ടികൾ പഠിനത്തിലും വ്യാപാരത്തിലും പ്രത്യേകിച്ചും കത്തോലിക്ക സത്യങ്ങളിലും അഭ്യസിപ്പിക്കപ്പെടുകയും, തിരുകർമ്മാനുഷ്ഠാനങ്ങൾക്കപ്പെടുകയും ചെയ്തു. ഇങ്ങനെ: റോമ്മാതതിസ്സഭയുടെ പഠിനങ്ങൾ നിർവിഘ്നമായും തെളിവായും ജനങ്ങളെ മനസ്സിലാക്കുന്നതിനു അന്യന്മാരേക്കാൾ സ്വദേശപ്പട്ടക്കാർക്ക് നല്ലവണ്ണം സാധിക്കുമെന്നു കാൺകയാൽ അപ്രകാരം ഒരു സ്ഥാപനം ഉണ്ടായി." എന്നു കാണുന്നു. "തോമ്പോ,ഒ, എസ്ഥാ ളോട് ഇന്ത്യാ" എന്ന പുസ്തകത്തിൽ പേ-ാ പുറത്തിൽ, "ഇദ്ദേശീയരായ ഫാ൦ വിദ്യാർത്ഥികൾ അതിൽ ഉണ്ട. ഒരു കാളേജിനടുത്തു, തോമാശ്ലീഹായുടെ കാലം മുതൽ ഉള്ള അനേകം ക്രസ്ത്യാനികളും അവരുടെ൦ ഗ്രാമങ്ങളും ഉണ്ട. ഒരു ക്രസ്ത്യാനികളിൽ പ്രധാനികളുടെ പുത്രന്മാർ അതുകൂന്ന കാളേജിലെ വിദ്യാർത്ഥികൾ" എന്നു പറഞ്ഞിരിക്കുന്നു. (Appendix 45) Some Elucidations page 20

മേൽ എടുത്തു പറഞ്ഞിട്ടുള്ള രണ്ടു സാക്ഷികളും, തോമാനസ്രാണികൾ എല്ലാവരും റോമാ തിരുസ്സഭയുടെ പഠിനം അനുസരിച്ചിരുന്നു. എന്നു തെളിയിക്കുന്നുണ്ടല്ലൊ. അവരിൽ പ്രധാനികളുടെ കുട്ടികളിൽ ഫാ൦ പേർ കൊടുങ്ങല്ലൂരിൽ പട്ടത്തിനു പഠിച്ചിരുന്നുവെന്നും ടി ചരിത്രങ്ങളിൽ കാണുന്നതുകൊണ്ടു റോമൻ കത്തോലിക്ക തിരുസ്സഭയ്ക്കു യാതൊരു മത്സരവും ക്രൂടാതെ തോമാനസ്രാണികൾ കീഴടങ്ങിയിരുന്നു എന്നു തെളിയുന്നുണ്ട. ഒരു സമയം അവരെ ഭരിച്ചിരുന്നതു യാക്കോബ് അബൂനാ എന്ന സുറിയാനി ൟമക്രാനായിരുന്നു. എങ്കിലും ഗ്രന്ഥപ്പട്ടത്തിനു പഠിക്കുന്നതിനു അവർ തങ്ങളുടെ കുട്ടികളെ കൊടുങ്ങല്ലൂർ കാളേജിലേക്കു അയച്ചിരുന്നു. (തോമാനസ്രാണി ജനം മുഴുവനും നസ്രാണി ഗ്രാമക്കാർ എന്നു വിളിക്കപ്പെട്ടിരുന്നു. എന്തെന്നാൽ മലയാളത്തിൽ പാർത്തിരുന്ന നസ്രാണി ഗ്രാമക്കാരായ ബ്രാഹ്മണരെ തോമാശ്ലീഹാ ക്രസ്ത്യാനികളാക്കുകയും, തോമാനസ്രാണികൾ അവരുടെ സന്താനങ്ങളായിരിക്കുകയും ചെയ്തതിനാലും അപ്രകാരമില്ലാത്തവർ എന്നു വിളിക്കപ്പെട്ടു വന്നിരുന്നതിനാലും അതു,അവരെ നസ്രാണി ഗ്രാമക്കാർ എന്നു വിളിക്കപ്പെട്ടതു.)

നസ്രാണി ഗ്രാമക്കാരായി മലയാളം ഒട്ടുക്കു പാർത്തു വന്നിരുന്ന തോമാനസ്രാണികളിൽ പ്രധാനികൾ തങ്ങളുടെ കുട്ടികളെ ഗ്രന്ഥപ്പട്ടത്തിനു പഠിപ്പിക്കുന്നതിനായി വിദ്യാഭ്യാസം പാശ്ചിയുടെ അടുക്കൽ അയച്ചിരുന്നു, എന്നു മുൻപ്രസ്താവിച്ചുവല്ലൊ. എന്നു മാത്രമല്ലാ. അ

കൂട്ടികൾ അവിടെ പഠിച്ചുശേഷം പലർലത്തീൻറീത്തനുസരിച്ചുപട്ടമേറുവന്നു. എങ്കിലും തോമാനസ്രാണികൾതങ്ങളുടെ കുട്ടികളെ പഠിക്കുന്നതിനായി ഈകാളേജിലേക്കയക്കുന്നതിൽ വിമുഖരായിരുന്നില്ല. തോമാനസ്രാണികൾ എല്ലാവരും റോമൻ കത്തോലിക്കാ തങ്ങളുടെഐക്യതയിൽ ഉൾപ്പെട്ടു നിന്നിരുന്നു എന്നു തെളിയിക്കുന്നതിനു ഇതിൽ കൂടുതലായ സാക്ഷി എന്തെങ്കിലും ആവശ്യമുണ്ടോ? എന്നാൽ ക്രമേണ അവർക്ക് ശരണക്കേടു ഭവിച്ചുതുടങ്ങി. എന്തെന്നാൽ ലത്തീൻക്രമം അനുസരിച്ചിരുന്നവർ അവരെ സ്വജനങ്ങളെപോലെയും സംബന്ധക്കാരെ പോലെയും ഭാവിക്കുന്നതിനുകൂടി വിമുഖന്മാരായിതീർന്നു. അവിടെ(കാളേജിൽ പഠിച്ചവർ സ്വതന്ത്രമായി പട്ടമേൽക്കുകയും- പരദേശികന്മാരായ പട്ടക്കാരെ സഹായിക്കയും, കത്തോലിക്കാ പഠിനങ്ങളെ ഉപദേശിക്കയും ചെയ്തു വന്ന എന്തൊരു പ്രയോജനം മാത്രമെ അവരിൽ നിന്നും ലഭ്യമായൊള്ളൂ എന്ന റോളിൻ ക്രമം പുറത്തിൽ കാണുന്നു. (Appendix 16)

തോമാനസ്രാണികൾ തങ്ങളുടെ കുട്ടികൾ സത്യ വേദം പഠിക്കുന്നതിനും പലർ ലത്തീൻക്രമത്തിൽ പട്ടമേല്പുന്നതിനുകൂടിയും അനുവദിച്ചിരുന്നു എന്നു മുൻപറഞ്ഞതിൽനിന്നും തെളിയുന്നുണ്ടല്ലൊ. എന്നാൽ തങ്ങളുടെ സുറിയാനി കൽദായ റീത്തു ഭേദപ്പെട്ടുന്ന കാര്യത്തിൽ അവർ ഏറ്റവും വിമുഖന്മാരായിരുന്നു എന്നു മുൻപറഞ്ഞതിൽ നിന്നും സിദ്ധമാകുന്നുണ്ടല്ലൊ. തോമാനസ്രാണികൾ, തോമാസ്ലീഹായുടെ കാലംമുതൽ അനുഭവിച്ചുവന്നതൊരുരു പരിക്ഷകളെ എല്ലാം അതിശയിക്കുന്ന ഒരു പരീക്ഷ ഇതാ അവരേ ബാധിക്കുന്നു! ഒലിവെയിറാമെത്താൻ അവർക്കും പറയുന്നതുപോലെ ക്രി.ശ.൧൦—വരെയും പോർത്തുഗീസ് വൈദീകർ തോമാനസ്രാണികളെ പാഷാണ്ഡികരായും ശീശ്മക്കാരായും ക്രൂടിവിചാരിച്ചുവന്നിരുന്നില്ല, എന്നു ഇതുവെളിവാകുന്നു. എന്നാൽ തോമാനസ്രാണികളുടെ കൽദായക്രമംമാറ്റി അവരെലത്തീൻക്രമം അനുഷ്ഠിപ്പിക്കുന്നതിനുവേണ്ടി, അവരെനെസ്റ്റോറിയൻ ഇടത്തുട്ടുകാരെന്നു പറഞ്ഞുതുടങ്ങിയിരിക്കുന്നു. എന്നാൽ ലത്തീൽക്രമം അനുസരിക്കുന്നതിനു അവർക്ക് എത്രമാത്രം വിരോധമുണ്ടായിരുന്നു എന്നു റോളൻതന്നെ പ്രസ്താവിച്ചിട്ടുണ്ട്: തങ്ങളുടെകുട്ടികൾ ലത്തീൻക്രമത്തിൽ പട്ടമേറിയിരുന്നതിനാൽ അവരെ സ്വജനങ്ങളെന്നും രക്തസംബന്ധക്കാരെന്നും കൂടി അവർ കരുതിയിരുന്നില്ല. സുറിയാനിക്രമം മാറിയതുകൊണ്ടു തോമാനസ്രാണികൾക്ക അത്രമേൽ വിരോധം ഉണ്ടായിരുന്നു. ഇപ്രകാരം അവർക്ക് വിരോധം ജനിച്ചതു ന്യായമാണെന്ന് മാപ്പിപ്പാമാരുടെ നിയമങ്ങൾകൊണ്ടുതന്നെ ഒടുവിൽസ്ഥാപിക്കുന്നതാണു.

൭. ഇപ്രകാരം കൽദായക്രമം മാറി ലത്തീൻക്രമം ഏർപ്പെടുത്തി

യതു തന്നെ തോമാനസ്രാണികളിൽ വിരോധത്തെ ജനിപ്പിച്ചിരുന്ന എന്ന പോർത്തുഗീസ്സുകാർ മനസ്സിലാക്കിയിരുന്നു. എന്നിട്ടും കൽദായക്രമം മാറി ലത്തീൻക്രമം ഏർപ്പെടുത്തി തങ്ങളുടെ മനോരഥത്തെ സാഫല്യമാക്കുന്നതിനു അവരുടെ ശ്രമങ്ങളെ അവർ ഒട്ടുംതന്നെ കുറച്ചില്ല. "തോമാനസ്രാണികളുടെ ഇടം വിരോധത്തിനു കാരണം അവർ അനുസരിച്ചിരുന്ന രീതിൻപ്രകാരം തിരുക്കർമ്മങ്ങളിൽ കൽദായ അല്ലെങ്കിൽ സുറിയാനി ഭാഷ കാളേജിലെ വിദ്യാർത്ഥികൾക്കു ഉപയോഗിപ്പാൻ അറിയാഴികനിമിത്തമാണെന്നും, അതിനാൽ വിദ്യാർത്ഥികളെ ജനങ്ങൾ സ്വജനമായി വിചാരിക്കുന്നതിനും അവരിൽനിന്നും തിരുവുഴിയങ്ങൾ കൈക്കൊള്ളുന്നതിനും രണ്ടു ഭാഷകളും മേലാൽ അവിടെ പഠിപ്പിക്കേണ്ടതാണെന്നും കാളേജധികാരികളായ ഇടംശോസഭക്കാരായ അച്ചന്മാർതീർച്ചപ്പെടുത്തി" എന്നു റോളൻ ക്ര–ം പുറത്തിൽ കാണുന്നു. (Appendix 47)

റോളന്റെ ചരിത്രം ക്ര–ാം പുറത്തിൽ തുടർന്നു പറഞ്ഞിരിക്കുന്നതാവിതു:—"ഇടംശോസഭക്കാർ കണ്ടുപിടിച്ച ഇടം സൂത്രവും വ്യർത്ഥമായിതീർന്നു. എന്തുകൊണ്ടെന്നാൽ വൈയ്പീക്കോട്ടയിലെ വിദ്യാർത്ഥികൾ തങ്ങൾക്കു പട്ടംകൊടുത്തിരുന്ന മെത്രാന്മാരുടെ പഠിനത്തിനു വിരോധമായി പിറുപിറുത്തുതുടങ്ങി. അവരെ സമ്മാനിക്കുന്നതിനും ശിക്ഷിക്കുന്നതിനും ഉള്ള അധികാരം മെത്രാന്മാരിൽ ആയിരിക്കുന്നതിനോടുകൂടെ അവരെ കുറപ്പെടുത്തുന്നതു ശരിയായിരിക്കയില്ലെന്ന കരുതി അതിനു തുനിഞ്ഞില്ല. എന്നാൽ തിന്മയുടെ വേര് ജനങ്ങളുടെ രേണക്കാരായ മെത്രാന്മാരാകുന്നു എന്നു വിചാരിച്ചു അപ്പോൾ താക്കോലധികാരിയായിരുന്ന മാർ യോസേപ്പുമെത്രാനെ റോമായിൽ മാർപ്പാപ്പായുടെ പക്കൽ അയയ്ക്കാൻനിശ്ചയിച്ചു ഇടം യാത്രയിൽനിന്നും അവർ മൂന്നുഗുണം പ്രതീക്ഷിച്ചു. (ക) യോസേപ്പിന്റെ മനസ്സുതിരിവു (ഖ) ക്രിസ്ത്യാനികളെ ഉപദേശിക്കുന്നതിനു വിസ്തീർണ്ണമായും സ്വതന്ത്രമായും ഉള്ള സമ്മതം (ഗ) അനുമാനമായി അദ്ദേഹം അകന്നിരിക്കുന്നതിൽ ക്രിസ്ത്യാനികളുടെ മേലുള്ള സ്വാതന്ത്ര്യം. ഇടം യോസേപ്പു മെത്രാൻ ബാബേലിലെ മാർ ഔഗീശോ പാത്രിയക്കീസിനാൽ മലയാളത്തിലേക്കു അയയ്ക്കപ്പെട്ട ആളായിരുന്നു. മറ്റുള്ളവരേക്കാളും ഇദ്ദേഹം പള്ളിക്കടുത്തതും ദൈവാരാധനക്കടുത്തതും ആയ കാര്യങ്ങളെ എത്രയും വിശേഷമായ സ്ഥിതിയിൽ പരിഷ്കരിച്ചിരുന്നു. എന്നാൽ ഒനസ്സോറിയൻ തെറ്റുകളും സംബന്ധിച്ചിടത്തോളം മറ്റുള്ളവരേക്കാളും നല്ലവനായിരുന്നില്ലാ. ആയതിനുകാരണമായി ഏറിയക്രമം സൂക്ഷ്മമായി ഞാൻ വിചാരിക്കുന്നതു ദൈവഭക്തിയുടെ ഭാഷ കാണിക്കുന്നതിനായി ല്യൂസിത്താനിയാക്കാരിൽ ചിലരെ തന്റെ അടുത്ത യുവാക്കളുടെകൂട്ടത്തിൽ ചേർത്തിരുന്ന കൊണ്ടാകുന്നു-" (Appendix 48)

ആദിയിൽ സുറിയാനിഭാഷ പഠിപ്പിച്ച ലത്തീൻ ക്രമങ്ങൾ സുറിയാനിയിലാക്കി മലയാള കത്തോലിക്കപ്പള്ളികളെ ലത്തീൻ പള്ളികളുടെ അധീനത്തിൽ ആക്കാമെന്നു അവർ കരുതി. ആ കരുതൽ സഫലമാകയില്ലെന്നു കണ്ടപ്പോൾ സുറിയാനി മെത്രാനെ ഒരു നാട്ടിൽ നിന്നും അകറ്റുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. എന്നാൽ റോമാ മാപ്പാപ്പാമാരാൽ സ്വീകരിക്കപ്പെട്ടിട്ടുള്ള ബാബേൽ പാത്രിയർക്കീസിന്റെ അധികാരപ്രകാരം മലയാളത്തിൽ വന്നിട്ടുള്ള മെത്രാന്മാർ നെസ്തോറിയൻ ഇടത്തട്ടു പഠിപ്പിക്കുന്നു എന്നുള്ള കാരണം അവരുടെ മേൽ ചുമത്തിയാലല്ലാതെ അവരെ ഇവിടെ നിന്നും അകറ്റുന്നതിനു സാധിക്കുന്നതല്ലെന്നു കണ്ടു അവരിൽ ആ കാരണം ആരോപിച്ചു അവരെ ഇവിടെ നിന്നും നീക്കുന്നതിനു ശ്രമം ചെയ്തു തുടങ്ങി. മേൽപ്പറഞ്ഞ മാർ യൌസേപ്പു മെത്രാൻ ഏതു സ്ഥിതിക്കാരനായിരുന്നു എന്നു ചരിത്രംകൊണ്ടുതന്നെ അറിയാവുന്നതാണ്. വേദസാക്ഷിയായി മരിച്ച സൂലാക്കാ എന്ന പാത്രിയർക്കീസിനെപ്പോലെ റോമാപള്ളിക്കു വണക്കമുള്ളവനും, അദ്ദേഹത്തിന്റെ ഉറ്റ സഹോദരനും, വലിയ ദൈവഭക്തനും, ആയിരുന്നു. വായനക്കാരെ! ഇദ്ദേഹത്തിന്റെ മേൽ പോർട്ടുഗീസുകാർ ആരോപിച്ച നെസ്തോറിയൻ ഇടത്തട്ടു തങ്ങളുടെ ലാക്കു സാധിപ്പാൻവേണ്ടി അവർ പ്രവർത്തിച്ചതാണെന്ന വേഗത്തിൽ തെളിയിക്കാം. പോർട്ടുഗീസ് ശാസ്ത്രജ്ഞന്മാർ ചേന്നമങ്കലത്തു സെമിനാരി സ്ഥാപിച്ചു സുറിയാനിക്കുട്ടികളെ ലത്തീൻ സുറിയാനി ഒരു ഭാഷകളെ പഠിപ്പിച്ചു, യൌസേപ്പു മെത്രാനെക്കൊണ്ടു പട്ടം കൊടുപ്പിച്ച കാലത്തു അദ്ദേഹം നെസ്തോറിയൻ ഇടത്തട്ടുകാരനായിരുന്നു എന്നു അവർക്കു കണ്ടു പിടിപ്പാൻ സാധിച്ചില്ലാ ഒരു ഇടത്തട്ടു മെത്രാനെക്കൊണ്ടു പട്ടം കൊടുപ്പിപ്പാൻ പാടുള്ളതല്ലല്ലൊ. "കൊടുങ്ങല്ലൂർ സിമിനാരിയിലെ യുവാക്കൾ സുറിയാനി അഭ്യസിക്കപ്പെട്ടിട്ടില്ലാത്തതിനാൽ അവിടെ നിന്നു പട്ടത്തിനായി അയയ്ക്കപ്പെട്ട സുറിയാനിക്കാരായ വിദ്യാർത്ഥികൾക്കു പട്ടംകൊടുപ്പാൻ മാർ യൌസേപ നിഷേധിച്ചു. ഏറെ താമസിയാതെ കൊച്ചിയിലെ പോർട്ടുഗീസു മെത്രാൻ മാർ യൌസേപ്പിനെ നെസ്തോറീസ് ഇടത്തട്ടു പഠിപ്പിച്ചു എന്നു കാരണം ചുമത്തി. ഇതിനെക്കൊണ്ടു മാർ യൌസേപ്പു ഗോവയിലേയ്ക്കും അവിടെ നിന്നു പോർട്ടുഗാളിലേയ്ക്കും അയയ്ക്കപ്പെട്ടു" എന്നു മെക്കൻസി തന്റെ ക്രിസ്തുമതമെന്ന ചുസ്തകം ക്ലൈം പുറത്തിൽ പറയുന്നു. കൊച്ചി മെത്രാൻ ശ്ലൂഹാപള്ളിയുടെ കാനോനകൾക്കു വിരോധമായി സുറിയാനിമെത്രാന്മാരുടെ അനുവാദംകൂടാതെ വൈപ്പിക്കോട്ട സിമ്മനാരിയിലും മറ്റും പഠിച്ചിരുന്ന സുറിയാനി വിദ്യാർത്ഥികൾക്കു പട്ടം കൊടുത്തതിനാൽഗോവയിലെ മൂന്നാംസുനഹദോസിൽ കുറ്റപ്പെടുത്തപ്പെട്ടിട്ടുണ്ടു. യൌസേപ്പു മെത്രാനുമായുള്ള അനേകകാലത്തെ സംസർഗ്ഗംകൊണ്ടു അദ്ദേഹം ഇടത്തട്ടുകാരനാണെന്നു കണ്ടു പിടിച്ചില്ലെങ്കിൽ പിന്നീടു പട്ടത്തു

അദ്ദേഹം ഇടത്തൂട്ടുകാരനായതെങ്ങിനെ? എന്തെന്നാൽ ജെസ്വീത്ത് പാദ്രികൾ യൌസേപ്പ് മെത്രാനെ നാട്ടുകടത്തുവാൻ നിശ്ചയിച്ചതിൽ അവർ ആശ്രയിച്ച മൂന്നു ന്യായങ്ങളിൽ രണ്ടും തങ്ങൾക്കു സാതന്ത്ര്യലാഭം ഇച്ഛിച്ചായിരുന്നു, എന്നു റോളിന്റെ സ്പഷ്ടമായി പറയുന്നു. യൌസേപ്പ് മെത്രാൻ ദൈവാരാധന സംബന്ധിച്ച കാര്യങ്ങൾ എത്രയും വിശേഷമായ വിധത്തിൽ നടത്തിവന്നിരുന്നുവെന്നും ടി ഗ്രന്ഥകാരൻ തന്നെ പറയുന്നുണ്ട്. അത എത്രയും വാസ്തവമായ കാര്യമാണ. ഇദ്ദേഹത്തിനെ പോർട്ടുഗലിലേക്കു പിടിച്ചയച്ചതും അവിടെ വച്ചു. അവിടത്തെ മതാദ്ധ്യക്ഷനും വിശ്വാസപരിശോധകനുമായ ഹെൻറിക്ക ഇൻഫാന്ത എന്ന കർദ്ദിനാൾ അദ്ദേഹത്തിനെ പരിശോധിച്ചതിൽ അദ്ദേഹത്തിൽ ആരോപിക്കപ്പെട്ടിരുന്ന നെസ്തോറിയൻ ഇടത്തൂട്ടവാസ്തവമല്ലെന്നു അദ്ദേഹം സാക്ഷികരിച്ചതും, പോർട്ടുഗൽ രാജ്ഞിയായകതീനായുടെയും രാജസോദരിയായ മറിയത്തിന്റെയും പ്രീതി സമ്പാദിക്കയും, അവരുടെ എഴുത്തുകളോടുകൂടി മലയാളത്തിലേക്കു പുറപ്പെടുകയും ചെയ്തു. എന്നുള്ള ചരിത്രവാസ്തവങ്ങൾ ഇദ്ദേഹത്തിൽ ആരോപിച്ചിട്ടുള്ള നെസ്തോറിയൻ ഇടത്തൂട്ട യഥാർത്ഥമല്ലെന്നു സ്ഥാപിക്കുന്നു. അതിനാൽ യൌസേപ്പുമെത്രാനിൽ മലയാളത്തിലെ പോർത്തുഗീസ് വൈദീകർ ആരോപിച്ച നെസ്തോറിയൻ ഇടത്തൂട്ട അദ്ദേഹത്തെ ബാധിച്ചിട്ടില്ലാ എന്നു, അവരുടെ കാരണവന്മാരും, അവരേക്കാൾ കേമന്മാരായ ശാസ്ത്രജ്ഞന്മാരും തീർച്ചപ്പെടുത്തിയിരിക്കുന്നു. യൌസേപ്പ് മെത്രാൻ പഠിപ്പിച്ചതായ, "ശ്ലൂഹാമറിയമെ! മിശിഹായുടെ മാതാവെ! പാപികളായ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ!" എന്ന പ്രാർത്ഥന ഇടത്തൂടാണെന്നു റോളൻ ക്രി—ാം പുറത്തിൽ പറഞ്ഞിരിക്കുന്നതിനെപ്പറ്റി ആലോചിക്കാം. (Appendix 49) ഒരു പ്രാർത്ഥന ഇടത്തൂടിനു അടുത്തതാകുന്നു എന്നു പോർട്ടുഗീസ് വൈദീകർ തീർച്ചപ്പെടുത്തിയിരിക്കുന്നു. എന്നാൽ പൂർവ്വകാലങ്ങളിൽ തുടങ്ങി, "ശ്ലൂഹാമറിയമെ! മിശിഹായുടെ മാതാവെ! പാപികളായ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ!" എന്ന ലത്തീൻകാർ എല്ലാവരും ജപിക്കയും, ജപപുസ്തകങ്ങളിൽ അടിച്ചു പ്രസിദ്ധം ചെയ്കയും ചെയ്തിട്ടുള്ളതുകൊണ്ടു, ഒരു കുറ്റാരോപണം മനഃപൂർവ്വമായി യൌസേപ്പു മെത്രാനിൽ ചുമത്തപ്പെട്ടിട്ടുള്ളതാണെന്നു മനസ്സിലാക്കുവാൻ പ്രയാസമുണ്ടെന്നു തോന്നുന്നില്ലാ. മുൻപറഞ്ഞ പ്രകാരം എഴുത്തുകളോടുകൂടി മാർ യൌസേപ്പു മെത്രാൻ അവർക്കും മലയാളത്തിൽ വന്ന ചേരുകയും മലയാളത്തിൽ ഇതര ബാധകൾക്കുടാതെ കുറേക്കാലം താമസിക്കുകയും ചെയ്തുവെങ്കിലും. അദ്ദേഹം പോർത്തുഗീസ് വൈദീകന്മാരുടെ വൈരാഗ്യത്തെ ഭയന്നു കൊച്ചിയിൽനിന്നു തന്റെ താമസത്തെ മാറ്റി ഉൾപ്രദേശങ്ങളിൽ താമസിച്ചിരുന്ന ഒരിയേന്റെ കൊങ്കിസ്ഥാതൊ, എന്ന പുസ്തകത്തിൽ (ക്രി—ാം പുസ്തകം വന്ന—ാം പുറം) മാർ യൌസേപ്പിനെക്കുറിച്ചു പറയുന്നതായ്തു. നിക്യായുടെ

തിരിഞ്ഞെടുക്കപ്പെട്ട മെത്രാനായ ഫാദർ ബെല്ലിയോർ കണ്ണൈരൊ എന്ന ദേഹം കൊച്ചിയിലെ പ്രധാന നിശാരിയോട്ടുകൂടെ മാർയൊസേപ്പുമായിട്ട് ഒരു പരസ്യതർക്കം കഴിക്കുന്നതിനും മാർയൊസേപ്പിനെ മലയാളത്തു നിന്നു നിബ്ബന്ധമായി വിടുവിക്കുന്നതിനും പോർ വിളിപ്പാൻവേണ്ടി മലംപ്രദേശങ്ങളിലേക്കു പോകുവാൻ നിശ്ചയിച്ചു. ഒരും നിശ്ചയങ്ങളോട്ടുകൂടെ ബെൽക്കിയോർ എന്ന ദേഹം മാർയൊസേപ്പിനെ അന്വഷിച്ചുകൊണ്ടു മലകളിലേയ്ക്കും മാറും പുറപ്പെട്ടു. എന്നാൽ മാർയൊസേപ്പിനെ കണ്ടു കിട്ടുവാൻ ഒരിക്കലും സാദ്ധ്യമായില്ലാ. എന്തുകൊണ്ടെന്നാൽ മാർയൊസേപ്പ് ചിലപ്പോൾ പിൻവലിക്കയും ചിലപ്പോൾ ഒളിക്കയും ചെയ്തിരുന്നു. ഇതിനാൽ ഫാദർ ബെൽക്കിയോർ ഒരു ഹിന്തുരാജാവിന്റെ മദ്ധ്യസ്ഥത്താൽ മാർയൊസേപ്പിനെ തന്റെ രാജ്യഅതൃത്തികളിൽ നിന്നു നാടുകടത്തുന്നതിനു പറഞ്ഞൊക്കപ്പെടുകയും മഹാരാജാവിന്റെ സഹായത്താൽ മാർയൊസേപ്പിനെ പിടിപ്പാൻ ഏൎപ്പെടുകയും ചെയ്തിരുന്നു. ഒരും അപകട അവസരത്തിൽ നിന്നു രക്ഷപെടുന്നതിന്നായിട്ട് 2000 സുറിയാനജനം ആയുധം ധരിച്ചു സദാ മാർ അവുസേപ്പിനു ആട്ടതലയായി നിന്നു തന്നെ ആദരിപ്പാൻ ഒരുങ്ങിക്കൊണ്ടിരുന്നു..... മലയാള പാരമ്പൎയ്യം പറയുന്നതായ്തു. മാർ അവുസേപ്പിനെ പിടിപ്പാൻ പോൎട്ടുഗീസ്സുകാൎക്കു അസാദ്ധ്യമെന്നു കണ്ടപ്പോൾ തന്നെ മേലാൽ ഉപദ്രവിക്കയില്ലാഎന്നു പറഞ്ഞൊപ്പുവാട്ടുകൂടെ മാർയൊസേപ്പിനെറ ഇഷ്ടനാരെന്നു ഭാവം കാണിച്ചു. ഇങ്ങനെ ഇരിക്കയിൽ ഒരിക്കൽ കൊച്ചിയിലെ മെത്രാൻ ഒരു വിരുന്നിനായി മാർ അവുസേപ്പിനെ ക്ഷണിച്ചു. കപടം വിചാരിയ്ക്കാതെ ചെന്ന മാർ അവുസേപ്പ കൊച്ചിയിൽ ചെന്നപ്പോൾ പോൎട്ടുഗീസ് സേവകരാൽ പിടിയ്ക്കപ്പെടുകയും തടവുകാരനായി പോൎട്ടുഗാളിലേയ്ക്കു അയക്കപ്പെടുകയും ചെയ്തു. *

എന്നാൽ പോൎട്ടുഗീസ്കാരായ പല ചിരത്രക്കാരും സാക്ഷിക്കുന്നതുപോലെ മാർ യൊസേപ്പുമെത്രാൻ മഹാപുണ്യമുള്ളവനും ഒരു വസ്തുതി പരത്തുന്നതിന്നു ജാഗ്രതയുള്ളവനും വാചാലകനും ആയിരുന്നാലും അദ്ദേഹം മലയാളത്തു താമസിച്ചാൽ തോമാനസ്രാണികളുടെ ഭരണം തങ്ങൾക്കു കൈവശപ്പെടുത്തുവാൻ പാടില്ലെന്നുകണ്ടു അ

---

* മാർ അവുസേപ്പു മെത്രാൻ നാലു പ്രാവശ്യം പോൎട്ടുഗീസുകാരാൽ പിടിക്കപ്പെട്ട തടവിൽ പാൎപ്പിക്കപ്പെട്ടിട്ടുണ്ടു. മാർ അന്ത്രയാസ് മെത്രാൻ മൂന്നു പ്രാവശ്യം മാത്രം പിടിക്കപ്പെട്ട തടവിൽ കിടന്നു. രണ്ടുപ്രാവശ്യം അതിൽനിന്നു കളിച്ചോടി രക്ഷപെട്ടിട്ടുണ്ടു. നാലാം പ്രാവശ്യം അദ്ദേഹത്തെ പിടിക്കുന്നതിനു പല സ്ഥലങ്ങളിലും പോൎട്ടുഗീസ്സാൎവച്ച കൂട്ടക്കിൽ ഇദ്ദേഹം ഉൾപ്പെടാതെ കഴിഞ്ഞുപോയി.

ദ്ദേഹത്ത ചതിവായി പിടിച്ചു റോമാപുരിക്കു് അയക്കുന്നതിനു നിശ്ച യിച്ചു. ഒരാം ഉദ്ദേശപ്രകാരം കൊച്ചീമെത്രാൻ അദ്ദേഹത്തെ ഒരു വിരുന്നി നായി ക്ഷണിക്കയും ആ ക്ഷണിപ്പിൻ പ്രകാരം വഞ്ചകം ആലോചി ക്കാതെ അദ്ദേഹം കൊച്ചിയിൽ വരികയും കൊച്ചിയിൽ വന്നക്ഷണ ത്തിൽ കൊച്ചിയിലെ മെത്രാനാൽ തയ്യാറാക്കപ്പെട്ടിരുന്ന പോർട്ടുഗീ സ് സേവകർ അദ്ദേഹത്തെ വളഞ്ഞുപിടിച്ചു് കപ്പലിൽ കയറ്റുക യും പോർത്തുഗാളിലേക്കും അവിടെനിന്നു റോമാപുരിക്കുംകൊണ്ടുപോയി പാറാവിലാക്കപ്പെട്ടുകയും ചെയ്തു. എന്നാൽ പുണ്യശ്ലോകനായ ൫-ാം പി യൂസ്സ് മാപ്പാപ്പാ ഇങ്ങിനെ ഒരു മെത്രാൻ അന്യായമായി പാറാവിലാ ക്കപ്പെട്ടിരിക്കുന്നു എന്നുള്ള സംഗതി അറിഞ്ഞപ്പോൾ അവുസെപ്പുമെ ത്രാന്റെ വിനയം, ക്ഷമ, മുതലായ സൽപുണ്യങ്ങളെ സമ്മാനിക്കുന്നതിനു് തിരുമനസ്സായിക്കൊണ്ടു അവുസേപ്പു മെത്രാനെ കാർഡിനാൽ സ്ഥാനത്തിൽ ഉയർത്തുന്നതിനു മാപ്പാപ്പാ തിരുമാനിച്ചു. എന്നാൽ ശ ത്രുക്രമം തങ്ങൾ ജയിച്ച ജയം അതിക്രമപ്പെടുപോയി എന്നു കണ്ട ഉടനെ ആ പാറാവിൽ വച്ചുതന്നെ അവുസേപ്പുമെത്രാനുണ്ടായ പെട്ട മരണത്താൽ തങ്ങളുടെ ജയം അപജയപ്പെടാതെ നിൽക്കുന്നതിനെക്കു ണ്ടു സന്തോഷിക്കുന്നതിനിടയായി.

ജമീൽസാഹിബ്-ാംപുറത്തിൽവിവരിക്കുന്നതാവിതു:(വത്തിക്കാനിലെസു റിയാനി പുസ്തകം വ്യവ ൨൦൦-ാം പുറം) എന്നാൽ ഇതിന്റെ ശേഷം വിരോധം മേലെഴുതിയ മാർ അവുസേപ്പുമെത്രാൻ കൊച്ചിയിലെ ജോജ് മെത്രാനാൽ ചതിവായി കൊച്ചിയിലേക്കു് വിളിക്കപ്പെട്ടു്. അദ്ദേഹം ചതിവു പ്രവൃത്തിയെ അല്പമെങ്കിലും സംശയിക്കാതെ കൊച്ചിയിൽ വരികയും ഉടനെ സേവകരാൽ പിടിക്കപ്പെടുകയും ആദ്യം പോർട്ടുഗാ ളിലേക്കും പിന്നീടു റോമാപുരിക്കും പാറാവുകാരനായി കൊണ്ടുപോക പ്പെടുകയും അവിടെ ൧൭൯൨-ാം കാലത്തിനു ജീവൻ പിരികയുംചെയ്തു.
(Appendix 48A)

റോമാപുരിയിൽവച്ചു മാർ അവുസേപ്പിന്റെ ഭക്തിയും അറി വും അവിടെ ഉണ്ടായിരുന്ന പ്രധാനികൾക്കു പരബോധപ്പെട്ടതിനാൽ അദ്ദേഹത്തെ കർദ്ദിനാൾസ്ഥാനത്തിൽ ഉയർത്തുന്നതിനു നിശ്ചയിച്ചു എ ന്നും അദ്ദേഹം കർദ്ദിനാളായി ഉയർത്തപ്പെടുന്നതിനു നിശ്ചയിക്കപ്പെട്ടി രുന്ന ദിവസിയുടെ തലേരാത്രി മരിച്ചുപോയിഎന്നും മെക്കൻസി ൧൭൯൨-ാം ആണ്ടുപുറങ്ങളിൽ പറയുന്നു. എന്നാൽ അദ്ദേഹത്തിന്റെ മരണം എങ്ങിനെ ആയിരുന്നു എന്നും ആയതു അദ്ദേഹം റോമയിൽ എത്തിയിട്ടു എത്ര നാൾ കഴിഞ്ഞിട്ടായിരുന്നു എന്നും 'ഗോവെയ' എന്നപോട്ടു് ഗീസ് ചരിത്രക്കാരൻ കാണിക്കുന്നില്ല. ഒരാം മെത്രാനെക്കുറിച്ചുള്ള വി വരണം ഇടയിൽ ഇട്ടുകളഞ്ഞു എന്നപോലെ ടി. ചരിത്രക്കാരൻ അ

വസാനിപ്പിക്കുന്നതിനാൽ തന്റെ മരണത്തിന്റെ കാരണത്തെക്കുറിച്ചു സംശയം ജനിപ്പിക്കുന്നു എന്നു ഡാക്ടർ മെയ എന്ന ഇംഗ്ലീഷു ചരിത്രക്കാരൻ തന്റെ ൧-ാം പുസ്തകം ൨൩-ാം പുറത്തിൽ പറയുന്നു.

കൽദായമെത്രാന്മാരുടെമേൽ ആരോപിക്കപ്പെട്ടിട്ടുള്ള നെസ്തോറിയൻഇടത്തുട്ടു കേവലം ദ്വേഷനിന്ദ്യമാണെന്നും, യഥാർത്ഥമല്ലെന്നും സ്ഥാപിക്കുന്നതിനു ഒരു സംഗതിക്കൂടി എടുത്തു പറയാം.

ന്നു യെശുസ്സുമെത്രാൻ മലയാളത്തിൽ എത്തിയശേഷം അദ്ദേഹത്തിൽ നെസ്തോറിയൻഇടത്തുട്ടു ആരോപിച്ചു, പോട്ട്ഗലിലേക്കു അദ്ദേഹം അയയ്ക്കപ്പെട്ടതിന്റെ ശേഷം ഒരു മെത്രാനെ അയച്ചതു രണമെന്നു തോമാനസ്രാണികൾ ബാബേലിലെ അവുഡീശൊ പാത്രിയർക്കീസിനോടു അപേക്ഷിച്ചു. അതനുസരിച്ചു അബ്രാഹംമെത്രാൻ മലയാളത്തിൽ വന്നുചേർന്നു. അദ്ദേഹം ഇവിടെ വന്ന ഉടനെ, അദ്ദേഹം ഇടത്തുട്ടുകാരനാണെന്നു പോട്ട്ഗീസ് ഔദ്യോഗികർ റോമയിലേക്കു എഴുതിഅയച്ചു. എന്നുതന്നെയല്ലഅദ്ദേഹത്തിനേയുംറോമയിലേക്കു പിടിച്ചയച്ചു. ഒരിയന്തൊകൊങ്കിസ്താദൊഫ്രാംപത്തിപ്പാം ഭാഗം ൎ൭൦-ാം പുറത്തിൽ കാണുന്നതുപോലെ "പോർത്തുഗാൽ രാജപ്രതിപുരുഷൻ കൊച്ചിരാജാവിന്റെ കല്പനയാലെ മാർ അബ്രാഹമ്മിനെ പിടിപ്പിച്ചു പോർത്തുഗാളിലേക്കയച്ചു" എന്നാൽ റോമാപുരിയിൽ ചെന്നശേഷം അദ്ദേഹത്തിനുണ്ടായ സംഭവങ്ങളെപ്പറ്റിയുള്ളൊരു ചരിത്രം ക്രമ-ം പുറത്തിൽഇപ്രകാരം വിവരിച്ചിരിക്കുന്നു:—"അദ്ദേഹം പട്ടണത്തിൽ ചെന്നപ്പോൾ, അന്നു വാണിരുന്ന ൮-ാം പീയുസ് മാർപ്പാപ്പായുടെ സന്നിധാനത്തിൽ അദ്ദേഹം കാര്യങ്ങളെല്ലാം വെളിപ്പെടുത്തുന്നു. എന്നാൽ ഇടത്തുട്ടുകാരുടെ മുറ അനുസരിച്ചു കപടമായും, വഞ്ചകമായും അത്രെ. അതിനാൽ തെറ്റുകളെ തൃജിച്ചു പറയുന്നു. വിശ്വാസസത്യം ചെയ്യുന്നു. അവസാനത്തിൽ റോമാപ്പള്ളിയുടെ ഐക്യതയിൽ തന്നെ ചേർക്കപ്പെട്ടിരിക്കുന്ന ആട്ടിൻക്രൂട്ടത്തെ ചേർക്കുമെന്നും സമ്മതിക്കുന്നു. അപ്പോൾ, പ്രമാണലംഘിതനായ മകനെ, കീഴ് വണങ്ങുമ്പോൾ എന്നപോലെ ഒരുവോടെ നല്ലപിതാവും അംഗീകരിക്കുന്നു. അതിനാൽ അദ്ദേഹത്തിന്റെ വാക്കുകളെ വിശ്വസിച്ചു. വഞ്ചനയെ സംശയിച്ചതേഇല്ല. അദ്ദേഹത്തിന്റെ അപേക്ഷകളെ എല്ലാം ആ യോഗ്യനായ മേല്പട്ടക്കാരൻ അംഗീകരിച്ചു. എന്നാൽ തെറ്റുകളെ സമ്മതിച്ചു പറഞ്ഞതിൽനിന്നും അദ്ദേഹം പാഴായും, തിരുപ്പട്ടക്രമാശയുടെ ഫലംക്രമത്തെയും പട്ടം ഏറ്റിരുന്നതായി വെളിപ്പെടുകയാൽ, വീണ്ടും പട്ടം ഏല്ക്കുകയും, ശ്രേഷ്ഠമാനപിതാവു് എന്ന പേരായ മെത്രാനിൽ നിന്നും പട്ടമേല്ക്കുകയും. ഔന്നിത്യപാത്രിയക്കീസിനാൽ തിരുത്തൊപ്പി ധരിപ്പിക്കപ്പെടുകയും ചെയ്തു. അതായതു മെത്രാൻ പട്ടം ഏറ്റു ഇവകളുടെ സാക്ഷി. അങ്ങനെയിരിക്കു

ച്ചിയിൽ സൂക്ഷിക്കപ്പെട്ടിരുന്നതായി, പിന്നീട ഒമനസീസ് മെത്രാപ്പോലീത്താ കണ്ടു." (റോമയിൽ അദ്ദേഹംചെയ്ത വിശ്വാസപ്രമാണത്തിന്റെ പകർപ്പ് അങ്കമാലിപ്പള്ളിയിൽ സൂക്ഷിക്കപ്പെട്ടിരുന്നതായും,അവിടെ വെച്ചു ആയതു മെനസീസ് മെത്രാപ്പോലീത്താ അവർകൾക്കു കാണിക്കപ്പെട്ടതായും, ആയതിൽ നെസ്തോറിയൻ ഇടത്തൂട്ടുണ്ടായിരുന്നു എന്നും റോളൻ പറയുന്നു) വീണ്ടും "എങ്കിലും, പീയൂസ് മാപ്പ്പ്പാ അദ്ദേഹത്തെ മലയാളത്തിന്റെ മെത്രാനായി ഉറപ്പിച്ചു. എന്നുമാത്രമല്ലാ മെത്രാപ്പോലീത്താഎന്ന സ്ഥാനം അദ്ദേഹത്തിനു നൽകി അദ്ദേഹത്തെ ബഹുമാനിക്കയും, ഇപ്രകാരമുള്ള തൊഴിലിനും നാമധേയത്തിനും അദ്ദേഹത്തെ യോഗ്യനാക്കി, ഇന്ത്യയുടെ രാജപ്രതിപുരുഷനും, മേല്പട്ടക്കാർക്കും അദ്ദേഹത്തിനെ സംബന്ധിച്ചു ബഹുമാനപൂർവ്വമായ എഴുത്തുകൾ കൊടുത്തയയ്ക്കയും ചെയ്തു. (Appendix 49)

മാർ അബ്രാഹംമെത്രാൻ ൪-ാം പീയൂസ് മാപ്പ്പ്പാ തിരുമനസ്സിലെ സന്നിധാനത്തിൽ ചെന്നപ്പോൾ അദ്ദേഹത്തിനെ വഞ്ചിക്കയും ചതിക്കയും ചെയ്തുഎന്നു പോർട്ടുഗീസ് വൈദീകർ പറഞ്ഞിരിക്കുന്നു. ഒരുസമയം മാപ്പ്പ്പാ ബുദ്ധിയും ത്രാണിയും കുറഞ്ഞിരുന്നവനായിരുന്നാലും, റോമാമാപ്പ്പ്പാ വിശ്വാസസത്യം പഠിപ്പിക്കുന്നവനും, ഇടത്തൂട്ടുകളെ തീർച്ചചെയ്യുന്നവനും ആയിരുന്നതുകൊണ്ടു തന്റെ ചുറ്റും വേണ്ടുവോളം പഠിപ്പുള്ളവർ ഉണ്ടായിരിക്കാൻ ഇടയുണ്ടു്. ഒരുകാലത്തെങ്കിലും റോമാസിംഹാസനത്തിനു ലോകത്തിലുള്ളവരേക്കാൾ പഠിപ്പും ശാസ്ത്രപരിജ്ഞാനവും കുറവുള്ളതായി ഭവിച്ചിട്ടില്ല. അതിനാൽ റോമാസിംഹാസനം അബ്രാഹം മെത്രാനാൽ വഞ്ചിക്കപ്പെടുവാൻ ഇടയില്ലെന്നു തീർച്ചയായും അനുമാനിക്കാം. എന്നു മാത്രമല്ലാ അബ്രാഹംമെത്രാൻ പട്ടമേല്ക്കുന്നതു അർമേനിയായിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. അദ്ദേഹം ഗ്രീക്കുപട്ടവും മെത്രാൻപട്ടവും റോമിൽവച്ചു ഏറ്റു എന്നും റോളൻ പറയുന്നു. എന്നതൊന്നുമല്ലാ. ൪-ാം പീയൂസ് മാപ്പ്പ്പാ അദ്ദേഹത്തെ മലയാളത്തിലെ മെത്രാപ്പോലീത്താ ആയി വാഴിച്ചു, ഇന്ത്യയിലെ രാജപ്രതിപുരുഷനും, മെത്രാന്മാർക്കും അദ്ദേഹത്തിനെപ്പറ്റി ബഹുമതിസൂചകങ്ങളായ എഴുത്തുകൾ അയച്ചിരുന്നു എന്നും പറയപ്പെട്ടിരിക്കുന്നു. ഇടത്തൂട്ടുകാരനും അർമേനിയനുമെന്നു ബോദ്ധ്യപ്പെട്ട ഒരുത്തനെ, താമസംവിനാ, മെത്രാനാക്കി ക്രിസ്ത്യാനികളെ ഭരിപ്പാൻ ചുമതലപ്പെടുത്തി അയച്ചു എന്നുപറഞ്ഞിരിക്കുന്നതിൽ നിന്നും വായനക്കാർക്കു എന്തു ഊഹിക്കാം? അബ്രാഹംമെത്രാൻ ഇടത്തൂട്ടുകാരനും അർമേനിയനും ആയിരുന്നു എങ്കിൽ ൪-ാം പീയൂസ് മാപ്പ്പ്പാ ഒരുനാളും അപ്രകാരം പ്രവർത്തിക്കയില്ലായിരുന്നു. ഇതിൽനിന്നും പോർട്ടുഗീസ് വൈദീകർ തോമാനസ്രാണികളിൽ ആരോപിച്ചു, നെസ്തോറിയൻ ഇടത്തൂട്ടു എന്നു അപഖ്യാതിയേക്കാൾ, ഏറ്റവും വലുതായ അപ

ഖ്യായിയും അപമാനവും. പോരായ്മയും അവർ ര്-ാം പീയൂസ മാപ്പാപ്പായിൽ ആരോപിച്ചിരിക്കുന്ന ാണ്ന വെളിവാകുന്നുവെല്ലൊ. എനാൽ മേല്പറഞ്ഞവയൊന്നും സംഭവിച്ച സംഗതികൾ അല്ലാ. അബ്രാഹം മെത്രാൻ പട്ടമേൽക്കാത്ത അവസ്ഥയിലായിരുന്നു. പോട്ട്ശീസ് വൈദീകരുടെ റിക്കാട്ടുകളുടെ സൂക്ഷ്മതയും ചരിത്രങ്ങളുടെ യാഥാത്ഥ്യവും, ഒരു സംഗതികൾകൊണ്ടുതന്നെ വെളിപ്പെടുന്നതാണു. അബ്രാഹംമെത്രാനെ സംബന്ധിച്ച ര്-ാം പീയൂസ് മാപ്പാപ്പാ, മോവാ മെത്രാപ്പോലീത്തായുടെ അയച്ച എഴുത്തു സംഗതികളുടെ യാഥാത്ഥ്യത്തെ വെളിപ്പെടുത്തുന്നുണ്ടു്. ജമീൽ ഫ്രെ-ാം പുറത്തിൽ പറഞ്ഞിട്ടുള്ളതാവിതു:— "ഇന്ത്യാരാജ്യങ്ങളിൽനിന്നും നമ്മുടെശ്ലീഹായിക്കുടത്ത(adlimina) വാതുക്കളിൻപക്കൽ കൽദായ ജാതിക്കാരനായ നമ്മുടെ സ്നേഹിക്കപ്പെട്ട അബ്രാഹംമെത്രാൻവന്നു. നാം അറിഞ്ഞിരിക്കുന്നുപോലെ, അദ്ദേഹം നമ്മുടെ വന്ദ്യസഹോദരനായ അസ്സീറിയാക്കാരുടെ അവുദീശോ പാത്രിയക്കീസിനാൽ, തന്റെ യോഗ്യതാനുസരണം, മെത്രാപ്പോലീത്തായായി നിശ്ചയിക്കപ്പെട്ട ആൾ ആണു. അദ്ദേഹത്തിന്റെ ശുപാശ്കഎഴുത്തുകളോടുകൂടി, ഇത്ര ദൂരം അപായകരമായ പരദേശയാത്ര അദ്ദേഹം ചെയ്തതിൽ നമുക്കു അദ്ദേഹത്തിൽ വളരെ അനുകമ്പ ജനിച്ചു. എന്നാൽ ഒന്നാമതുതന്നെ ശ്ലീഹായിക്കുടത്ത ഒരു സിംഹാസനത്തിനോടു അദ്ദേഹത്തിനുണ്ടായിരുന്ന പ്രത്യക്ഷ ഭക്തിയെ നാം പരിശോധിച്ചു. അദ്ദേഹം വളരെ ഭക്തിയും ജ്ഞാനവും ഉള്ളവനാകുന്നു എന്നു തന്റെ പാത്രിയക്കീസിന്റെ ഗൌരവമായ സാക്ഷികൊണ്ടും, അദ്ദേശങ്ങളിൽ അദ്ദേഹത്തിനെ അറിയുന്നവരുടെ സാക്ഷികൊണ്ടും, നാം അറിഞ്ഞതുകൂടാതെ, അദ്ദേഹത്തിന്റെ പ്രവൃത്തികളെ അ സാക്ഷികളെ യഥാർത്ഥീകരിക്കുന്നതായി നമുക്കു ബോദ്ധ്യപ്പെട്ടു. അദ്ദേഹം ഒരു ഉന്നതപുരിയിൽ താമസിച്ച കാലത്തിനിടയിൽ അദ്ദേഹം മുൻ അംഗീകരിച്ചിരുന്ന ശുദ്ധ: റോമാതിരുസ്സഭയുടെ വിശ്വാസത്തെ പരിശോധിക്കുന്നതിനു, ശാസ്ത്രപരിജ്ഞാനവും ഭക്തിയും ഉള്ളവർ നമ്മാൽ നിശ്ചയിക്കപ്പെട്ടു. ———— നിങ്ങളുടെ സഹോദരത്വത്തോടു നാം ഉപദേശിക്കുന്നതാവിതു:— ആ പാത്രിയക്കീസ് ഇരുവരേയും * സംബന്ധിച്ചു നിശ്ചയിക്കുന്നതെല്ലാം, മഴവനായി കാൺകയും, നടത്തുന്നതിനു ശ്രമിക്കയും ചെയ്യണം ———————————അ കാരണത്താൽ, അദ്ദേഹത്തിന്റെ അവകാശങ്ങളും രക്ഷാപൂർവ്വമായും, ലംഘിക്കപ്പെടാതെയും നിലനില്ക്കുന്നതു, അപായകരമാണെന്നു നാം നിശ്ചയിക്കയും ബോദ്ധ്യപ്പെടുകയും ചെയ്തിരിക്കുന്നു." (Appendix 50) പോർട്ടുഗീസ് ചരിത്ര

---

* ഇരുവരേയും സംബന്ധിച്ച എന്നു മാപ്പാപ്പാ കല്പിച്ചതു മാർ യൌസേപ്പു മെത്രാനേയും മാർ അബ്രാഹാമെത്രാനേയും സംബന്ധിച്ചായിരുന്നു.

ക്കാർ ൪—ാം പീയൂസ് മാപ്പപ്പായുടെ മേൽ പറയപ്പെട്ട എഴുത്തുകളെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. "ബുള്ളാരിയും പെത്രൊനാത്തുസെ"ന്നീ പുസ്തകത്തിലാകട്ടെ കൊച്ചീമെത്രാനാൽ ഫൻസാ—ൽ പ്രസിദ്ധപ്പെടുത്തിയ ടി. ബുള്ളാരിയുടെ സഹായം എന്നപേരായ പുസ്തകത്തിലാകട്ടെ ടി. എഴുത്തുകൾ പ്രസിദ്ധപ്പെടുത്താതെ ഇരുന്നതു അവ അവരുടെ കരുതലിനു വിരോധമായിരിക്കുന്ന എന്നു കണ്ടിട്ടായിരിക്കാം. ഇൻഡ്യയിലുണ്ടായിരുന്ന പോർട്ടുഗീസ് വൈദികർ അത്ഭുതം യൌസേപ്പ് മെത്രാൻ ഇടത്തുട്ടുകാരനാണെന്നു തീർച്ചപ്പെടുത്തി, അദ്ദേഹത്തിനെ പോർട്ടുഗലിലേക്കയച്ചു. അവിടെ വലിയ ശാസ്ത്രജ്ഞന്മാർ അദ്ദേഹത്തിനെ പരീക്ഷിച്ചു അദ്ദേഹത്തിൽ ഇടത്തുടില്ലെന്നു തീർച്ചപ്പെടുത്തി, മലയാളത്തിലെ ക്രിസ്ത്യാനികളെ ഭരിപ്പാനായി അദ്ദേഹത്തിനെ നിയോഗിച്ചയച്ചു- പിന്നീടു അബ്രാഹംമെത്രാനിൽ നെസ്തോറിയൻ ഇടത്തുട്ട ആരോപിച്ചു, അദ്ദേഹത്തിനെ റോമയിലേക്കയച്ചു. എന്നാൽ അദ്ദേഹം ൪-ാം പീയൂസ് മാപ്പപ്പായുടെ സാക്ഷിപത്രത്തോടും ശിപാശ്ശഎഴുത്തുകളോടുംകൂടി മലയാളത്തിലേക്കു തിരുമ്പിവന്നു. അബ്രാഹംമെത്രാൻ മുമ്പേതന്നെ റോമൻകത്തോലിക്കാവിശ്വാസിയാണെന്നും, മെത്രാപ്പോലീത്തായാണെന്നും, ഭക്തിയുള്ളവനാണെന്നും ൪-ാം പീയൂസ് മാപ്പപ്പാ അവർക്കും സാക്ഷീകരിക്കയും അദ്ദേഹത്തിന്റെ പാത്രിയർക്കീസ കല്പിക്കുന്നതിനെക്കയും, ഗോവാ മെത്രാപ്പോലീത്താ കാക്കണമെന്നും, പാത്രിയർക്കീസിന്റെ അധികാരം ലംഘിക്കപ്പെടരുതെന്നും, ടി. മെത്രാപ്പോലീത്തായോടു ക്രിസ്തുമതകാര്യം പറയുന്നതിനു കല്പിക്കയും ചെയ്തു. മാപ്പപ്പായുടെ പരിശോധനതീരുമാനം, ഇവയൊ പോർട്ടുഗിസ് വൈദികരുടെ പ്രലപനമൊ ഏതാണു വിശ്വാസയോഗ്യമെന്നു വായനക്കാർ തീർച്ചപ്പെടുത്തികൊൾക. ടി. എഴുത്തോടുകൂടി, അതുപോലെതന്നെ ഒരെഴുത്തു, കൊച്ചീമെത്രാനും ഗോവയിലെ രാജപ്രതിപുരുഷനും ൪—ാം പീയൂസ് മാപ്പപ്പാതിരുമേനി അയച്ചിട്ടുണ്ടായിരുന്നു.

കൊച്ചീമെത്രാനുള്ള എഴുത്തു ഗോവാമെത്രാപ്പോലീത്തായുള്ളതിനേക്കാൾ കുറേക്കൂടി ഔദ്യോഗികമായിരുന്നു. ജർമൽ ൧—ാം പുറത്തിൽ പറയുന്നതാവിതു:—അദ്ദേഹത്തിന്റെ പാത്രിയർക്കീസ് നിശ്ചയിക്കുന്ന സ്ഥലത്തു യാതൊരു സങ്കടവും വിഷ്ണവും കൂടാതെ ഭരിക്കുന്നതിനും തന്നെ ഏല്പിക്കപ്പെട്ട കൃത്യം നിർവഹിക്കുന്നതിനും ———— എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ പാത്രിയർക്കീസ് നിശ്ചയിക്കുന്ന പ്രകാരത്തെയാതൊരു വിഷ്ണവും കൂടാതെ, കൈക്കൊള്ളുന്നതിനു നാം അനുഗ്രഹിക്കയും മനസ്സിലാക്കുകയും ചെയ്യുന്നു. (Appendix 51) ഇതിൽനിന്നും ഗോവാകൊച്ചി പരമാ പ്രകാരങ്ങളിലെ മെത്രാന്മാർ കൽദായമെത്രാന്മാരെ ന്യായമല്ലാതെ ഉപദ്രവിക്കുന്നതു ൪—ാം പീയൂസ് മാപ്പപ്പാ നല്ലവണ്ണം ഗ്രഹിച്ചു. ബബേൽപാത്രിയർക്കീസിന്റെയും അദ്ദേഹം

നിശ്ചയിക്കുന്ന മെത്രാന്മാരുടെയും അധികാരങ്ങൾക്കു ന്യൂനത ഭവിക്കരുതെന്നു ആജ്ഞാപിച്ചിരിക്കുന്നു.

മാർ അബ്രാഹം മെത്രാനെക്കുറിച്ചു പുരാതനമായി മലയാളത്തിലെ സുറിയാനി ക്രൈസ്തവർക്കിടയിൽ പ്രചരിച്ചു വരുന്നതും തലമുറതലമുറകളായി നിലനിന്നു വരുന്നതുമായ പാട്ടിൽ ചിലഭാഗങ്ങൾ താഴെ ചേർക്കുന്നു.

"ഇച്ചിച്ചിരുന്നവരൊ കൊച്ചീപറങ്കികളോ
നല്ലമാർയ്യൊസേപ്പ് നെതിരികെവന്നമറുകരകടത്തിക്കൊണ്ടു
കൊച്ചീവിസ്പുതന്നവച്ചമലങ്കരയ്ക്കു
വഴ്ചനവരെന്നുമിവരേന്നുംപിണക്കമെല്ലൊ
*വീസ്പുപറങ്കിഎങ്കിൽനശിച്ചുപറങ്കികളൊ
ഉടനേപറങ്കിമന്നൻമുടിഞ്ഞുവാണുവാസ്കോലിയുമായി
അഴുതുഇരുന്നാകാലംവഴുതുപാലശ്ശേരം
വാഴുംകുറിയതച്ചൻമരിത്താന്മാൻതുണയ്ക്കുഎന്ന
അറാലൊരുപുരുഷൻക്രൂരാൻവരണമെന്നും
തോരാനൊരുപുരുഷനഴതള ഉയത്തുപോൽ
തൊറനില്ലാഴിതന്നിൽക്രൂരാൻമാറുവാൻ
മെത്തിരന്നുംമലങ്കരങ്കമാലിപുകിന്തുനന്നായ്
വെരുത്തുപറങ്കികളൊഅടുത്തുപിടിച്ചുതിന്നായി
കൊടുത്തുരവിടവിടേകനകമാലമെന്നൊക്കെല്ലാം
കരുത്തില്ലിപിടെനിന്നുംകടത്തികടുത്തുരുത്തിൽ
നല്ലപറങ്കിമന്നൻഅവിടെയുംപണംകൊടുത്തിളക്കിയല്ലൊ
മന്നൻവിധമല്ലാഞ്ഞുന്നിതൻകരമേൽ
നല്ലാകോട്ടയകംപുക്കിരാജകനിഉമ്മാശരണമെന്നും
പൊന്നിൽനിറമുടയാമന്നൻരാജരുരു
മന്നനമ്മനമെവാഴുംവീരൻവന്നകണ്ടു
പൊലാപറങ്കിചെയ്യാരെല്ലാക്കരുമയെല്ലാം
ചൊല്ലിക്കേട്ടമന്നൻതൻകുലനിലനിന്നി
പൊല്ലാപറങ്കികളോവല്ലാവിനതൊട്ടക്കിൽ
കൊല്ലാകുലചെയ്യാനന്നുകുറിച്ചുകയിമമംശരണമെന്നു (ഫ്ര
കനിശരണമെന്നുന്നിഇരുന്നൊരുമാറവുംപാലമറന്നു
ഇന്നിനമുക്കുള്ളമാർഗ്ഗംനടത്തുവാൻഏവുനാന്മാരൊ*വരവില്ലെ

വിസ്പു പോർട്ടുഗീസിൽ മെത്രാൻ
ഏവുനാന്മാർ (കിഴക്കൻമെത്രാന്മാർ) സിറിയക്കുപിതാക്കൻമാർ

കൊച്ചീപറങ്കികൊട്ടുപറങ്കികണ്ണന്തുപറങ്കികൊല്ലത്ത
മെച്ചംമൈലാപ്പൂരച്ചന്തമമ്മിയിലൊക്കെപുറങ്കികളായി
കടലാൽവഴിഇല്ലാകരയാൽവഴിയില്ലാകളവംൻവരികിലുംകാണാ
കണ്ടുപിടിച്ചെന്നൊമാറവരിങ്ങനെക്കൊണ്ടുപോകുന്നവഴിയെ
കൊടുവഴിനീളെക്കാട്ടുശെമ്പൊന്നുംപറിച്ചുതുതിന്നിട്ടുംതാനും
മണ്ടളംതന്നിലെകൊണ്ടുചെന്നൊന്നോട്ടോലാട്യംചെയ്യുന്നേരം
ചുണ്ടുചൊറിഞ്ഞുകരഞ്ഞെന്റെഗോഷ്ടികൾകണ്ടാനവൻപറഞ്ഞു
കൊണ്ടുകളകാംരംചൊഴിയഭോഷനെഅപ്പുവുംതന്നെനൊവിട്ട
ഇണ്ടൽപെരുകിഉഴലുന്നനേരത്തുകണ്ടാനടിയംപേടുരാ
ക്കൊണ്ടെഅണ്ണച്ചുനാകന്നീശപ്പള്ളിയിൽഎവുനാന്തടിപുക്കിരി
(പ്പാൻ

അന്നുതുടങ്ങിപറങ്കിവയിരംസഹിയാഞ്ഞുറോമായിൽപോയി
പാപ്പായെക്കണ്ടുമലനാടുവാഴുവാൻപുസ്തകംകണ്ടപടിയെ
അല്ലാതെവാഴുന്നവക്കുമഹരോന്തണ്ടനാറികയെല്ലാരും. ൧൧
അരുൾചെയ്തുപീയോസ് പാപ്പാരുത്തുപെരുകിയനാലാംപാപ്പാ
എഴുന്നുറിനാല്പതാംകൊല്ലംഅതുകാലംതുലാമാസത്തിൽ
ഇരുപത്താറാംതീയതിവ്യാഴാഴ്ചനാള്ളല്ലോഅയി
പുസ്തകമതിലെഴുതിയപടിയെസ്പതാരമതിലുഴറിയെവുനാൻ
സ്പതാംഎല്ലാംനഗരിലവരുംപോയി
തലയാരിപാപ്പാതന്റെവിലവീയ്ക്കുകിയുംകൊണ്ടു
കൊലയാനകൊമ്പൻപാകി ൧൨
പലപലകലംപോലിഞ്ഞസുരകുംപോയി
നിലാപലാമില്ലാതെന്നുകലയ്ക്കുന്നെകുരുതി
തലവനെനിലനില്പന്നുടനടികടന്ന
പാപ്പായുടെകല്പനഎങ്കിൽകേപ്പാനോവെണംന്യായം
കപ്പാനുണ്ടോകള്ളൻനേരെ
വെട്ടത്തുംകോഴികൊട്ടുംവട്ടത്തിൽകൊട്ടയുമിട്ടു
ഇട്ടുംകളഞ്ഞോടിപോന്ന
ക്രൂട്ടത്തോടോടിപോന്നവട്ടത്താൽകൊല്ലംപുക്കു
മറുംകൊച്ചീകൊട്ടങ്ങല്ലൂർ
ഇഷ്ടത്താൽമിശിഹാതന്റെക്രൂട്ടത്തിലിവ
നുള്ളുന്നുംപട്ടുന്നുംതന്നിൽകൈകൊണ്ടാറെ"

മേൽകാണിച്ച കവിത പഴക്കവും പലരുടേയും പകർത്തിൽ നിന്നും ചില അക്ഷരവ്യത്യാസങ്ങൾ ഇടവന്നിട്ടുള്ളതുകൊണ്ടും മാന്യവായനക്കാർ അതിനെ ദയാപൂർവ്വം ക്ഷമിക്കേണമെന്നു യാചിക്കുന്നു.

൬. മലയാളത്തിൽ വന്നിട്ടുള്ള കൽദായ മെത്രാന്മാരും, തോമാനസ്രാണികളും ഇടത്തൂട്ടുകാരായിരുന്ന എന്നുള്ള പോർട്ടുഗീസ് വൈദികന്മാരുടെ വാദം കളവാണെന്നു മുൻപറഞ്ഞ തെളിവുകൾകൊണ്ടു എല്ലാവർക്കും ബോദ്ധ്യം വന്നിരിക്കുമെന്നു വിശ്വസിക്കുന്നു. ഇനിയും അതിലേക്കു വല്ല സംശയവുമുണ്ടെങ്കിൽ താഴെപ്പറയുന്ന സംഭവം ആ സംശയത്തെ തീരെ ഇല്ലാതാക്കുമെന്നും വിശ്വസിക്കുന്നു. മേൽപ്പറഞ്ഞതായ ൪—ാം പീയൂസ് മാപ്പ്ശ്ശായുടെ എഴുത്തിനെ മാർ അബ്രാഹം മെത്രാപ്പോലീത്താ വളരെ കായ്മയായി ഗണിച്ചു ശ്ശോവ മെത്രാപ്പോലീത്തായെ കൊണ്ടുവന്നു കാണിച്ചു. തിരുസ്സഭയുടെ തലവന്റെ എഴുത്തായിരുന്നതുകൊണ്ടു ശ്ശോവ മെത്രാപ്പോലീത്താ അതിനെ എത്രയുംബഹുമാനത്തോടും അനുസരണയോടും സ്വീകരിക്കുമെന്നു വായനക്കാർ ശങ്കിച്ചേക്കാം. എന്നാൽ അയ്യാളെ അദ്ദേഹം എവ്വിധം സ്വീകരിച്ചു എന്നു നോക്കുന്റെ ചരിത്രം ൮—ാം പുറത്തിൽ വിവരിച്ചിട്ടുള്ളതിനെ ഇവിടെ പകർത്തുന്നു. "ശ്ശോവാ മെത്രാപ്പോലീത്താ, ആ തിരുഎഴുത്തിനെ കണ്ടപ്പോൾ, എതുയും ബോധജ്ഞാനമുള്ളവരുമായി ആയ്യാളെ പരിശോധിച്ചതിൽ അതിൽ വിവരിക്കപ്പെട്ടിരുന്നതെല്ലാം കളവാണെന്നും, മാർ അബ്രാഹംമെത്രാൻ ലജ്ജകൂടാതെ മാപ്പ്ശ്ശായെ ഇപ്രകാരം ധരിപ്പിച്ചു എന്നു കണ്ടു പിടിച്ചതിനാൽ, അദ്ദേഹത്തിന്റെ വന്ദ്യനസ്സുമായിരിക്കുന്നതുകൊണ്ടു, പൂർവ്വതെറ്റുകളെ വീണ്ടും അദ്ദേഹം പ്രസിദ്ധീകരിക്കാതിരിപ്പാൻ അദ്ദേഹത്തിനെ ശ്ശോവയിൽ ശുദ്ധ: ദൊമനീക്കോസ് പുണ്യവാളന്റെ അശ്രമത്തിൽ സ്വാതന്ത്ര്യരഹിതനായി പാർപ്പിക്കണമെന്നു തീർപ്പുപ്പെടുത്തി."(Appendix 52)

പോർട്ടുഗീസ് വൈദികരുടെ വൈരാഗ്യവും കളവും ഇതാസ്സൂയുമായി പുറത്തുചാടുന്നു. ൪—ാം പീയൂസ് മാപ്പ്ശ്ശാ ശ്ശോവാ മെത്രാപ്പോലീത്തായ്ക്കു തിരുവെഴുത്തയച്ചിരിക്കെ അബ്രാഹം മെത്രാനെ സ്വാതന്ത്ര്യരഹിതനാക്കി തീർക്കുന്നതിനു അദ്ദേഹത്തിനു എന്തധികാരമാണുണ്ടായിരുന്നതു.? മാപ്പ്ശ്ശാ തിരുമനസ്സിലേക്കു ഒരു സമയം തെറ്റിപ്പോയിരുന്നാൽതന്നെക്കൂടിയും അദ്ദേഹത്തിന്റെ ആജ്ഞയെ അനുസരിക്കേണ്ടതു കീഴുള്ളവരായ ശ്ശോവാമെത്രാപ്പോലീത്താ മുതലായവരുടെ ചുമതലയല്ലയൊ? അബ്രാഹം മെത്രാൻ തന്റെ ശ്രുതിയിൽ വന്ന കുറെ കഴിഞ്ഞതിൽപിന്നെ അദ്ദേഹം ഒനസ്സ്യറിയൻ ഇടത്തൂട്ടു പഠിപ്പിച്ചിരുന്ന എന്നുള്ള വ്യാജം പോർട്ടുഗീസ് വൈദികന്മാർ ബോധിപ്പിച്ചിരുന്നുവെങ്കിൽ ഒരു സമയം അതു മറ്റുള്ളവർക്കു വിശ്വാസജന്യമായിരുന്നേനെ. അബ്രാഹം മെത്രാൻ തിരുസ്സഭയുടെ തലവനായ ൪-ാം പീയൂസ് മാപ്പ്ശ്ശാ തിരുമനസ്സിലെ തിരുവെഴുത്തോടുകൂടി വന്ന വഴിക്കുതന്നെ അദ്ദേഹത്തിനെ പിടിച്ചു പാറാവിലടച്ചതു കുറെ കടുംകൈ ആയിപ്പോയി എന്നു നിർമ്മൽസരബുദ്ധികളായവരും സമ്മതിക്കു

ന്നതാണ്. മാപ്പിപ്പാ എത്രയും വിവേകത്തോടുകൂടിയാണ് അബ്രാഹം മെത്രാനെ തിരുവെഴുത്തു കൊടുത്തതെന്ന കുക്കിം പ്രയാസമെന്നു മനസ്സിലാക്കാവുന്നതാണ്. എന്തെന്നാൽ ശാസ്ത്രജ്ഞന്മാരെകൊണ്ടു അദ്ദേഹത്തിനെ പരീക്ഷിപ്പിച്ചു എന്നും, അബ്രാഹം മെത്രാൻ പുറപ്പെട്ട സമയം ഇന്ത്യയിൽ പാർത്തിരുന്ന ചില യൂറോപ്യന്മാർ, അദ്ദേഹത്തിന്റെ സത്യസ്ഥിതിയെ വെളിപ്പെടുത്തുന്നതായ എഴുത്തുകൾ അദ്ദേഹത്തിനു കൊടുത്തിരുന്നവയെ അദ്ദേഹം മാപ്പിപ്പായെ കാണിച്ചു എന്നും തിരുവെഴുത്തിൽ കാണുന്നു. ആയതിനായ അദ്ദേഹത്തിന്റെ മേൽ പോർട്ട്ഗീസ് വൈദീകർ ബോധിപ്പിച്ചിട്ടുള്ളതു കളവാണെന്നു മാപ്പിപ്പായുടെ എഴുത്തിൽ നിന്നു തന്നെ അനുഭവിച്ചിരിക്കുന്നു. ഒരു സംഗതി സംബന്ധമായി വായനക്കാർ ഒരു കാര്യം കൂടി അറിയേണ്ടതുണ്ട്. യൌസേപ്പ് മെത്രാനെ നെസ്തോറിയൻ ഇടത്തുട്ടകാനാക്കി പോർത്തുഗല്ലിലേക്കു അയക്കപ്പെട്ടു, പോർത്തുഗൽ രാജ്ഞിയുടെ എഴുത്തോടുകൂടി അദ്ദേഹം തിരിച്ചു വന്നപ്പോൾ അദ്ദേഹത്തിനെ പാറാവിലാക്കിയില്ലാ എന്നുള്ളതാണു. അദ്ദേഹം നെസ്തോറിയൻ ഇടത്തുട്ടകാരനാണെന്നുള്ള വാദം ഇല്ലാതായി എന്നു മാത്രമല്ലാ, മലയാളത്തിലെപ്പള്ളികളെ ഭരിച്ചുകൊൾവാൻ അദ്ദേഹത്തിനു അനുമതി സിദ്ധിക്കയും ചെയ്തു. റോമളന്റെ ചരിത്രത്തിൽ ക്രമം പുറത്തിൽ "മാർ യൌസേപ്പു മെത്രാൻ പോർത്തുഗല്ലിൽ നിന്നും പുറപ്പെട്ടു വന്നപ്പോൾ രാജ്ഞിയുടെ എഴുത്തു കൊണ്ടു ബലപ്പെട്ടിരുന്നതിനാൽ അദ്ദേഹത്തിനെ ഒരുത്തനും വിരോധിപ്പാൻ തുനിഞ്ഞില്ല" (Appendix 53) മാർ യൌസേപ്പു പോർത്തുഗളിൽ നിന്നും രാജസ്ത്രീയുടെയും മറ്റും എഴുത്തുകളോടുകൂടെ വന്നിട്ടുംവീണ്ടും അദ്ദേഹത്തെ മലയാളത്തിലേക്കു വിടാതെ ഗോവയിൽ തടവിലാക്കി എന്നും മാർ അബ്രാഹം മലയാളത്തു വന്നപ്പോൾ മാത്രമേ തടവിൽനിന്നു മാർ യൌസേപ്പിനെ ഒഴിച്ചു വിട്ടൊള്ളു എന്നും മെക്കൻസീ ക്രമം ക്രമം പുറങ്ങളിൽ കാണുന്നുണ്ടു. എന്നാൽ ൮-ാം പിയൂസ് മാപ്പിപ്പായുടെ പോർത്തുഗീസ് വൈദീകന്മാരുടെ മേൽ രാജാധികാരം ഇല്ലായിരുന്നതിനാൽ അദ്ദേഹത്തിന്റെ എഴുത്തുകൊണ്ടുവന്ന അബ്രാഹം മെത്രാനെ അവർ പാറാവിൽ പാർപ്പിച്ചു. മലങ്കരപ്പള്ളിയുടെ ഭരണം തങ്ങൾക്കു കൈക്കലാക്കണമെന്നുള്ള ഉദ്ദേശത്തിന്മേലാണു അവർ തോമാനസ്രാണികളേയും. കൽദായ മെത്രാന്മാരെയും നെസ്തോറിയൻ ഇടത്തുട്ടകാരാക്കി തീർത്തതെന്നു തെളിയിക്കാം. ജമീലിന്റെ പുസ്തകത്തിൽ ൽ൪-ാം പുറത്തിൽ പറഞ്ഞിരിക്കുന്നതാവിതു:— "സൂലാക്കാ പാത്രിയർക്കീസിന്റെ ഉറ്റ സഹോദരനായിരുന്ന മേൽ പറഞ്ഞ യൌസേപ്പ് മെത്രാപ്പോലീത്തായും റോമാ സിംഹാസനത്തോടു വളരെ യോജിപ്പും ഏറ്റപ്പാടുകളും ഉള്ളവനായിരുന്ന മാർ എലിയാ മെത്രാപ്പോലീത്തായും മൂലാക്കാ പാത്രിയർക്കീസ് ജൂലിയൂസ് മാപ്പിപ്പായോടു അപേക്ഷിച്ചപ്രകാരം അയക്കപ്പെട്ട ദൊമ്നിക്കോസ് സഭക്കാരായ അ

സ്പ്രോസീസ് എന്നും അന്തോനിയൂസ് എന്നും പേരുള്ള രണ്ടു സന്യാസികളും, അസ്പ്രോസീസ് എന്നയാളെ മെത്രാനായി വാഴിച്ചും വേറെ രണ്ടു കൽദായ സന്യാസികളും, ഇങ്ങനെ മൂന്നു മെത്രാന്മാരും, മൂന്നു സന്യാസികളും ഇൻഡ്യയിലെ പോർത്തുഗൽ രാജപ്രതിപുരുഷനു വേണ്ട ശിപാശിപത്രങ്ങളോടുകൂടി അവുദീശോ പാത്രിയക്കീസിനാൽ മലയാളത്തിലേക്കു അയക്കപ്പെട്ടു. "അവർ ഗോവയിൽ വന്നു മേലുപറഞ്ഞ എഴുത്തുകൾ കാണിച്ചതിൽ അവർ ഒരാശ്രമത്തിൽ സ്വാതന്ത്ര്യരഹിതരായി പാർപ്പിക്കപ്പെട്ടു. അവിടെ നിന്നും പുറപ്പെട്ടു പോകുന്നതിനു അനുവദിക്കപ്പെട്ടതുവരെ അവർ ഒരാണ്ടും ഒരു മാസവും അവിടെ തടവിൽ പാർത്തു" (Appendix 54) ഇത്തീൻകാരായ ഒമ്നിക്കോസ് സന്യാസി മെത്രാൻ അസ്പ്രോസീസും അന്തോനിയൂസ് സന്യാസിയും നിശ്ചയമായും നെസ്തോറിയൻ ഇടത്തുടകർ അല്ലല്ലോ. അവർ കൽദായ മെത്രാന്മാരുടെ സഹായികളായി വരികയാൽ അവരും തടവിൽ പാർപ്പിക്കപ്പെട്ടു. വിശേഷിച്ചും ടി ഒമ്മിനിക്കോസ് സഭക്കാർക്കും മാർ ഏലിയാ മാർ യെശയ്യപ്പു മുതലായ കൽദായക്കാർക്കും കൊച്ചിയിലെ പോർട്ടുഗീസുകാരാൽ പല ഞെരുക്കങ്ങളും ഉണ്ടായി എന്നും അസ്പ്രോസീസ മെത്രാൻ കൊച്ചിയിൽവച്ചു മരിച്ചു എന്നും ശേഷംവേർ പോർട്ടുഗീസുകാരുടെ ഞെരുക്കങ്ങൾ നിമിത്തം മാർ യെശയ്യപ്പിനെ മലയാളത്തു നിർത്തിയുംവച്ചു് മലയാളം വിട്ടുപോയി എന്നും അന്തോനിസ സന്യാസി റോമയിൽ ചെന്നശേഷം വിവരങ്ങൾ എല്ലാം അഞ്ചാം പീയൂസ് മാർപാപ്പായെ ബോധിപ്പിയ്ക്കുകയും അദ്ദേഹം പിന്നീട മാർത്തൊസിന്റെ മെത്രാനായി നിശ്ചയിക്കപ്പെടുകയും ചെയ്തു എന്നും മാറും ജമീൽ നൽ—ാം പുറം ൨-ാം ജ്ഞാപകത്തിൽ പറഞ്ഞിട്ടുണ്ടു. ശരം സംഗതികളെ പിന്നീടു മാർ ഏലിയാ മെത്രാപ്പോലീത്താ ൧൫-ാം ഗ്രീഗോറിയൂസ് പാപ്പായെ ബോധിപ്പിച്ചതായും അദ്ദേഹം കർദിനാൾ കറാഫ്യൂല കൊടുത്ത എഴുത്തിൽ നിന്ന അനുമാനിയ്ക്കാമുന്നതാകുന്നു.

൫. അബ്രാഹം മെത്രാൻ റോമാപുരിയിൽ നിന്നും ഗോവയിൽ എത്തിയശേഷം തടവിൽ പാർപ്പിക്കപ്പെട്ടതായി പറഞ്ഞുവല്ലോ. എന്നാൽ അദ്ദേഹത്തിനെ ആദരിച്ചുവന്ന യൂറോപ്യന്മാരുടെ സഹായത്തോടുകൂടി അദ്ദേഹം പാറാവിൽനിന്നും ഒളിച്ചോടി അങ്കമാലിരൂപതയിൽ വന്നു ചേർന്നു് തന്റെ രൂപതയെ ഭരിപ്പാൻ തുടങ്ങി. പോർത്തുഗീസ് മെവർട്ടീകർ അദ്ദേഹത്തിനെ വീണ്ടും കാരാഗൃഹത്തിൽ ഇട്ടടയ്ക്കുന്നതിനു കൊച്ചി, ഗോവാ ഇവിടെ മെത്രാന്മാരോടുകൂടി പോർത്തുഗീസ് രാജപ്രതിപുരുഷന്മാരുടെയും സഹായത്തോടുകൂടി വേണ്ട പ്രയത്നം ചെയ്തു. എന്നാൽ അബ്രാഹം മെത്രാൻ കടൽതീരം വിട്ടു ഉൾനാട്ടിൽ മലമ്പ്രദേശങ്ങളിൽ പാർത്തിരുന്നതിനാൽ അവരുടെ ശ്രമം സഫലമായില്ല.

കൊങ്കിസ്ഥാന്റെ തെ-ാം പുറത്തിൽ പറയുന്നതുപോലെ "പിന്നീട് മാർ അബ്രാഹം പോർട്ടുഗീസ്സുകാരാൽ പിടിക്കപ്പെടാതെയിരിക്കുന്നതിനു നമ്മുടെ കൊത്തളങ്ങൾ ഉണ്ടായിരുന്ന കൊടുങ്ങല്ലൂർ കൊച്ചി മുതലായ സ്ഥലങ്ങളിൽ നിന്നു എല്ലായ്പ്പോഴും അകന്നു പോയിരുന്നു" മദ്രാസി ലെ കത്തോലിക്കാ മെത്രാനാൽ കാലംതോറും പ്രസിദ്ധപ്പെടുത്തപ്പെടുന്ന ഇൻഡ്യയിലെ കത്തോലിക്കാപ്പള്ളി വിവരണത്തിൽ താഴെവരുംപ്രകാരം വിവരിക്കുന്നു (ഉവുന്നവ-ാം കാലത്തിലെ മദ്രാസ് കത്തോലിക്കാ ഡയറക്ടറിയിൽ നിന്നു-ംപുറം) "അതുകൊണ്ടു, മാർ അബ്രാഹം പോർട്ടുഗീസുകാർക്കു തന്റെമേൽ യാതൊരു അധികാരമില്ലാത്ത അങ്കമാലിയിലേക്കു ഓടി ഒളിച്ചു. അവിടെ ഉ൩ൻ-ാം കാലത്തിൽ കത്തോലിക്കാ വിശ്വാസത്തിൽ നിന്നു സ്ഥനായി പരഗതിയെ പ്രാപിച്ചു" അബ്രാഹംമെത്രാപോലീത്താ൪ാം പീയൂസ് മാപ്പിപ്പായുടെബലമായ തിരുവെഴുത്തിന്റെയും ഏതദ്ദേശീയരാജാക്കന്മാരുടെയുംസഹായം നിമിത്തം തന്റെ ശ്രേഷ്ഠതയെ പോർട്ടുഗീസ്കാരുടെ വിരോധത്തിൽ നിന്നും കാത്തു സമാധാനത്തിൽ ഭരിക്കുന്നതിനെ കണ്ടു പോർട്ടുഗീസ് വൈദീകർ മുൻപ്രയോഗിച്ച ബലാൽകാരമായ മാർഗ്ഗങ്ങളെ വീണ്ടും ഉപയോഗപ്പെടുത്താതെ കൽദായമെത്രാന്മാരുടെയും ബാബേൽ പാത്രിയാക്കീസിന്റെയും ഭരിപ്പു മലയാളത്തിൽ നിന്നും മാറുന്നതിനു നയോപായങ്ങൾ പ്രയോഗിച്ചു തുടങ്ങി. എന്നാൽ ഇതശോസഭക്കാരായ സന്ന്യാസികൾ അബ്രാഹം മെത്രാന്റെ പക്ഷം പിടിച്ചു. അദ്ദേഹത്തിനു റോമാ മാപ്പിപ്പായെ കൊണ്ടു പാല്ലിയം എന്ന അധികാര വസ്ത്രം കൊടുപ്പിക്കുന്നതിനു ശ്രമിച്ചു. പാല്ലിയം എന്ന അധികാര വസ്ത്രത്തിന്റെ താല്പര്യം എന്തെന്നു വായനക്കാർ ഗ്രഹിക്കേണ്ടതാണു. തന്റെ അധികാരത്തെ പ്രത്യേകമായി പ്രശോഭിപ്പിക്കുന്നതിനു റോമാ മാപ്പിപ്പാ കൊടുക്കുന്ന വസ്ത്രമാണ് പാല്ലിയം എന്നതു. എന്നാൽ കിഴക്കൻ ക്രമം അനുസരിക്കുന്നോവരായ പാത്രിയാക്കീസന്മാർക്കും അവരുടെ കീഴിലുള്ള മെത്രാപ്പോലീത്തന്മാർക്കും ഇങ്ങനെ പാല്ലിയം എന്ന വസ്ത്രം നല്കുക പതിവില്ലാ. എന്നാൽ പിൻകാലങ്ങളിൽ റോമാ മാപ്പിപ്പാമാർ, കിഴക്കൻ പാത്രിയക്കീസന്മാർക്കും, അവരുടെ കീഴിലുള്ള മെത്രാപ്പോലീത്തന്മാർക്കും പാല്യം കൊടുപ്പാനുള്ള അധികാരത്തോടു കൂടി പാല്യം കൊടുക്കുക സാധാരണ പതിവായിതീർന്നു. ഇതനുസരിച്ചു ബാബേലിലെ സുലാക്കാ പാത്രിയക്കീസിനു നാം ജൂലിയൂസ് മാപ്പിപ്പായും, അവുദീശോ പാത്രിയക്കീസിനു ൪ാം പീയൂസ് മാപ്പിപ്പായും സിമോൻ ഒനഹ പാത്രിയക്കീസിനു ഫ്രാം ഗ്രിഗോറിയൂസ് മാപ്പിപ്പായും ശേഷം പാത്രിയക്കീസന്മാർക്കു മറ്റു മാപ്പിപ്പാമാരും, തങ്ങളുടെ കീഴിലുള്ള മെത്രാപ്പോലീത്തന്മാർക്കു പാല്യം കൊടുപ്പാനുള്ള അധികാരത്തോടു കൂടി പാല്യം കൊടുത്തിട്ടുണ്ടു്. പാല്യം കൊടുക്കുക എന്ന സമ്പ്രദായം പടിഞ്ഞാറൻ ല

ത്തീൻ പള്ളിയുടെ ഒരുപ്രത്യേക നടപടിയാണു. അബ്രാഹം മെത്രാപ്പൊലീത്തായെ കൽദായ പാത്രിയർക്കീസിന്റെ നേരിട്ടുള്ള അധികാരത്തിൽ നിന്നും ഒഴിച്ചു് റോമാ മാപ്പിപ്പാമാരുടെ നേരിട്ടുള്ള ഭരിപ്പിൽ ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ പിൻഗാമികളേയും മലയാളത്തുകാരേയും ഗോവാ മെത്രാപ്പൊലീത്താമാരുടെ ആജ്ഞയിൽ കീഴാക്കി നേരിട്ടു മാപ്പിപ്പാമാരുടെ വരുതിയിൽ ഉൾപ്പെടുത്തുന്നതിനു അബ്രാഹം മെത്രാപ്പൊലീത്തായ്ക്കു പാലിയം കൊടുപ്പിക്കുന്നതിനു മേല്പറഞ്ഞപ്രകാരം റോമാമാപ്പിപ്പായോടു ശിപാശ ചെയ്തു. മുമ്പും പിമ്പും അബ്രാഹംമെത്രാന്റെ മരണംവരെയും തോമാനസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നതുടരെ പ്രസ്താവിച്ചു് വന്ന ലത്തീൻ വൈദികർ, അബ്രാഹംമെത്രാനെപ്പറ്റി വളരെ സ്തുതിച്ചു് റോമാമാപ്പിപ്പായുടെ പക്കൽ ബോധിപ്പിച്ചിട്ടുള്ളതിനെ നോക്കുക! ജമീലിന്റെ പുസ്തകത്തിൽ ൪൫—ാം പുറത്തിൽ "എന്നാൽ വിശ്വസിക്കപ്പെട്ടുന്ന പ്രകാരം അദ്ദേഹത്തിനെ (മാർ അബ്രാഹത്തെ) ലത്തീൻ രീത്തു അനുസരിപ്പിക്കുന്നതിനും ——— ആ പ്രദേശത്തിന്റെ ഭരണം സാവധാനത്തിൽ പരിശുദ്ധ സിംഹാസനത്തിന്റെ കീഴാക്കുന്നതിനുമായി മേൽപറഞ്ഞപ്രകാരം അങ്ങേ പരിശുദ്ധതയോടു ബോധിപ്പിക്കുന്നതിനായി അദ്ദേഹത്തെ മാർ അബ്രാഹത്തോടുകൂടെ ശ്ലൈഹികന്മാരായ ഗുരുക്കളും ലത്തീൻപോർത്തുഗീസ്സുകാരും ഉപദേശിച്ചു" എന്നു കാണുന്നു (Appendix 55) ൧൬ എഴുത്തു ഇൻഡ്യയിൽനിന്നും യൂറോപ്യന്മാരായ പോർത്തുഗീസ് വൈദികർ ക്ലമ—ാം ഗ്രീഗോരിയൂസ് മാപ്പിപ്പായുടെ പക്കൽ ബോധിപ്പിച്ചിട്ടുള്ളതാണു. അബ്രാഹം മെത്രാപ്പൊലീത്തായേയും, തോമാനസ്രാണികളുടെ മലയാളത്തുള്ള പള്ളികളേയും മാപ്പിപ്പായുടെ നേരിട്ടുള്ള ഭരിപ്പിൻകീഴാക്കി, ലത്തീൻക്രമം അനുസരിപ്പിക്കുന്നതിനു, പോർത്തുഗീസ് ലത്തീൻവൈദികരും പ്രത്യേകിച്ചു൧൬ശോനക്കാരും ശ്രമിക്കുന്നുഎന്നുകണ്ടു അയതിന്റെ വിവരം ബോധിപ്പിച്ചിട്ടുള്ളതാണു. ഇതേവരെ കൽദായ മെത്രാന്മാരോടു പോർത്തുഗീസ് ലത്തീൻവൈദികർ കാണിച്ചു വന്ന എല്ലാ വിരോധങ്ങളും അവർ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നതു കൊണ്ടല്ലായിരുന്നു എന്നും, അബ്രാഹംമെത്രാപ്പൊലീത്താ ൮—ാം പീയൂസ് മാപ്പിപ്പായുടെ തിരുവെഴുത്തു കൊണ്ടുവന്നു ഗോവാ മെത്രാപ്പോലീത്തായെ കാണിച്ചിട്ടും, അദ്ദേഹം അതിനെ അംഗീകരിക്കാതിരുന്നതു തങ്ങളുടെ വാക്കു തെറിപ്പായതു കൊണ്ടാണെന്നും൧൬ ലക്ഷ്യംതെളിയിച്ചിരുന്നു. ൧൬ശോനക്കാരുടെ അപേക്ഷപ്രകാരം പോർത്തുഗലിലെകോനോ എന്നദ്ദേഹത്തിനാം ശ്ലൂ: മാപ്പിപ്പായും അയച്ച അപേക്ഷ; ജമീലിന്റെ പുസ്തകത്തിൽ ൫൯—ാം വ്യാ—ാം പുറങ്ങളിൽ പ്രത്തിട്ടുള്ളതാവിതു:—"ഞങ്ങൾ തോമായുടെ ക്രിസ്ത്യാനിക്കൂട്ടത്തെ, റോമാപ്പള്ളിയുടെ ഐക്യത്തിലും, ക്രമങ്ങൾക്കും കീഴടക്കുന്നതിനു, അങ്കമാലിമെത്രാപ്പോലീത്തായും അച്ച്ഡീക്കനും ഏറിയശ്രമംസന്നദ്ധ

രായിരിക്കുന്ന------ വിശേഷിച്ചും തങ്ങളുടെ ശ്രുതി മേലാൽ ഗോവയിൽ ഇന്ത്യയുടെ ശ്രേഷ്ഠാചാര്യന്മാർ ക്രൂടി ഉണ്ടാകാവുന്ന പ്രദേശ സൗഹാർദ്ദോസുകളിൽ. യാതൊരു ഉപദ്രവും ഞെരുക്കവും ഭയവും ക്ലേശവും ചെന്നുകൂടുന്നതിനു കല്പിച്ചുകൊണ്ടും. ഇപ്രകാരമുള്ള ഏപ്പാടുകളോടുകൂടി തങ്ങളുടെ ശ്രുതിയെ അദ്ദേഹത്തിനു, (അബ്രഹാമെത്രപ്പോലീത്തായെ കാണുന്നതുവരെയും തിരിഞ്ഞെടുക്കപ്പെട്ട് മേലുപ്പട്ടക്കാരെപ്പോലെ സ്നേഹത്തോടും ബഹുമാനത്തോടും കൈക്കൊള്ളുന്നതിനു തക്കവണ്ണം എഴുതുവാനാകുന്നു. ഈ ശ്രുതിയെ രേഖപ്പെടുത്തുന്നതിനു ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള അധികാരം തന്നിട്ടുള്ളവനും ആയിരിക്കുന്നതിനാൽ മെത്രാപ്പോലീത്താ മരിച്ചാൽ മറ്റു മെത്രാപ്പോലീത്താ നിശ്ചയിക്കപ്പെടുന്ന കാലം വരെ മേൽപറഞ്ഞ ശ്രുതിയുടെ "അടിമിനിസ്ട്രേറ്റർ" ആയി നിയമിക്കപ്പെടണം." (Appendix 56) മേൽപറഞ്ഞതിൽനിന്നും പാല്യം കൊടുപ്പാനായിട്ടുള്ള അപേക്ഷ മലയാളപ്പള്ളികളുടെ ക്രമം മാറി റോമാപ്പള്ളിയുടെക്രമം അനുസരിപ്പിക്കുവാനാകുന്നു എന്നു പ്രത്യക്ഷമാകുന്നുണ്ടല്ലൊ. പ്രസ്തുത കാലത്തു അബ്രാഹം മെത്രാപ്പോലീത്തായും, അവ്വു ഡീക്കനും പൊസ്സോറിയൻ ഇടത്തുട്ടുകാരല്ലായിരുന്നു എന്നു പോർത്തുഗീസ് വൈദികരും ജസ്വീത്ത് സന്യാസികളും വളരെ ബലമായി വാദിച്ചിരിക്കുന്നു- എന്നു തന്നെയല്ലൊ, മെത്രാപ്പോലീത്താ മരിച്ചാൽ അവ്വു ഡീക്കനെ മലയാളത്തിലെ പള്ളികളുടെ ഭരണം ഏല്പിക്കണമെന്നു പറഞ്ഞതുകൊണ്ടു അവരുടെ വിശ്വാസത്തിന്റെയും, സന്മാർഗ്ഗജീവിതത്തിന്റെയും സ്ഥിരതയെക്കൂടി അവർ സാക്ഷീകരിച്ചിരിക്കുന്നു. എന്നാൽ ഇപ്രകാരം അവർ മാപ്പിപ്പായെ ബോധിപ്പിക്കുന്നതുള്ള കാരണം മലങ്കരപ്പള്ളിയെ ലത്തീൻക്രമം അനുസരിപ്പിപ്പാൻ വൈദികരുടെ ഭരണത്തിൽ ഉൾപ്പെടുത്തണമെന്നുള്ള മോഹം കൊണ്ടായിരുന്നു. ആ അപേക്ഷയിൽ തന്നെ അവ്യമായി പറയുന്നതു, "റോമാപ്പള്ളിയുടെ ആജ്ഞയ്ക്കും ക്രമത്തിനും അടങ്ങുന്നതിനു" എന്നാകുന്നു. അതായതു റോമാപ്പള്ളിയുടെ നേരിട്ടുള്ള ഭരണത്തിനും അപ്പള്ളിയുടെ ആചാരക്രമത്തിനും തിരിക്കുന്നതിനു മാത്രമായിട്ടാണു എന്നതു. എന്നുമാത്രമല്ലാ കാണാനാവുകയുംകൂടെ, തിരിഞ്ഞെടുക്കപ്പെട്ടവനും മലയാളത്തിലെ പള്ളികളുടെ അധികാരിയും ആയിരിക്കുന്ന അബ്രാഹം മെത്രാനെ ഗോവമെത്രാപ്പോലീത്തായും, കൊച്ചീമെത്രാനും പള്ളി മുറയ്ക്കു സ്വീകരിക്കയും, ബഹുമാനിക്കയും ചെയ്യുകൊണ്ടു മുറപോലെ ചെയ്യുന്നതിനു മാപ്പിപ്പായോടു അപേക്ഷിക്കുന്നു. ഇതിനേക്കാളും തെളിവായ സാക്ഷി വല്ലതും ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. പാല്യം കൊടുപ്പാനായി അപേക്ഷിപ്പിക്കയും ഗോവസൗഹാർദ്ദോസിനു ക്ലേശം വരുത്തുന്നതിനു വേറെ വഴിയായി മാപ്പിപ്പായെ ബോധിപ്പിക്കയും ചെയ്ത ഉപായം വായനക്കാർ തന്നെ സൂക്ഷ്മമായി ആലോചിച്ചുനോക്കുക. ഈ സന്ദർഭത്തിൽ വായനക്കാർ ഒന്നുകൂടി ഓർക്കേണ്ടതുണ്ടു്. ഉദ്ദിയമ്പേരൂർ സൗഹാർദ്ദോസ്

വരെയും തോമാനസ്രാണികളും അവരുടെ മെത്രാന്മാരും നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നുള്ളത്തിൽ പോർത്തുഗീസുവൈദികന്മാർ ചരിത്രപ്പെട്ടത്തീട്ടുള്ളതിന്റെ വാസ്തവം എത്രമാത്രമുണ്ടെന്നു ഒന്നു ഗാഢമായി ആലോചിക്കണം. പ്രസ്തുത കാലത്തു മലങ്കരപ്പള്ളിയും അവരുടെ ഭരണകന്മാരും നെസ്തോറിയൻ ഇടത്തുട്ടുകാരാണൊ? നമ്മുടെ ആലോചനയ്ക്കു വിഷയീഭവിക്കേണ്ട വേറൊരു കാര്യംകൂടി അടിയിൽ ചേർക്കുന്നു.

൯ ജെസുവിത്ത് സന്ന്യാസികളും ഫ്രാ-ാം ഗ്രീഗോറിയൂസ് മാപ്പിപ്പായോട് അപേക്ഷിച്ചതനുസരിച്ച്, അബ്രാഹം മെത്രാനു കീഴ് മെത്രാന്മാർ ഇല്ലാത്തതിനാൽ ഒരു പ്രദേശ സൂനഹദോസ് കൂട്ടുവാൻ പാടില്ലെന്നും, അതിനാൽ അദ്ദേഹം ഗോവയുടെ പ്രദേശ സൂനഹദോസിൽ ചേരുന്നതിനു കല്പന അയക്കുകയും ആ കല്പന അനുസരിച്ചു ബുള്ളാരിയും പത്രൊനാത്തൂസ് ഫ്രാ-ാം പുസ്തകത്തിൽ പറയുന്നതുപോലെ ഗ്രമവു-ൽ ഗോവയിലെ സൂനഹദോസിനു അദ്ദേഹം കൂടുകയും ചെയ്തു. നടന്ന സംഗതികളും താഴെപ്പറയുംപ്രകാരം ആയിരുന്നു.

ബുള്ളാരിയും പത്രൊനാത്തൂസ് ഫ്രാ-ാം പുസ്തകം ന്യൂ-ാ പുറം ഫ്രാ-ാം ദ്രേക്രത്തു്.

"കൽദായ ദേശത്തിൽനിന്നും അധികാരപ്പെട്ട വരുന്നവർ തങ്ങൾക്കുള്ള അധികാരപത്രത്തെ ഇന്ത്യയുടെ പ്രിമാസ് മെത്രാപ്പോലീത്തായെ കാണിക്കേണ്ടതാണു്.

"വാതലിൽ കൂടെ ആട്ടിൽ കൂട്ടത്തിൽ പ്രവേശിക്കാതെ മറ്റു വഴിയായി പ്രവേശിക്കുന്നവൻ കള്ളനും മോഷ്ടാവും ആയിരിക്കുന്നു എന്നു നമ്മുടെ കർത്താവു തന്നെ ശുദ്ധമാക്കപ്പെട്ട സുവിശേഷത്തിൽ അരുളിച്ചെയ്തിരിക്കുന്നതുപോലെ ആ പള്ളിയിൽ ആ ക്രിസ്ത്യാനിക്കൂട്ടത്തിൽ കൽദായദേശത്തു നിന്നും വരുന്ന ചിലർ മെത്രാന്മാരായി പ്രവേശിച്ചിരിക്കകൊണ്ടു, പിന്നീടു സത്യമായി ദൃഷ്ടാന്തപ്പെട്ടതുപോലെ ശീശ്മക്കും കലഹത്തിനും കാരണമായി. മേലാലും ഇപ്രകാരംസംഭവിക്കും. അതിനാൽ ഒരു സൂനഹദോസ് നിശ്ചയിക്കുന്നതംവിതു:— ഭാഗ്യപ്പെട്ട ഓമ്മയ്ക്കു യോഗ്യനായ ൯-ാം പിയൂസ് മാപ്പിപ്പായാൽ അങ്കമാലിരൂപതയുടെ മെത്രാപ്പോലീത്താ ആയി സ്വീകരിക്കപ്പെട്ട മാർ അബ്രാഹം മെത്രാപ്പോലീത്താ ചെയ്തതുപോലെ താൻ കത്തോലിക്കനാണെന്നും, റോമാപ്പള്ളിക്കു വണങ്ങിയിരിക്കുന്നവനാണെന്നും, ആ പള്ളിയാൽ അംഗീകരിക്കപ്പെട്ടവനാണെന്നും, കാണിക്കുന്നതായ എഴുത്തുകൾ പരിശുദ്ധ സിംഹാസനത്തിന്റെയാകട്ടെ, തന്റെ പാത്രിയർക്കീസിന്റെയാകട്ടെ ഇന്ത്യയുടെയും കിഴക്കേ ദേശങ്ങളുടെയും പ്രിമാസ് അതു

യ ഗോവ മെത്രാപ്പോലീത്തായെ ആദ്യമേ തന്നെ കാണിച്ചുല്ലാതെ മേലാൽ യാതൊരുത്തരേയും, മെത്രാനായോ കത്തോലിക്കാ മേലദ്ധ്യക്ഷനായിട്ടോ, കൈക്കൊള്ളുകയും സ്വീകരിക്കയും അരുതു. മേൽ പറഞ്ഞ പ്രകാരം എഴുത്തു കാണിക്കാത്തവനെ വഞ്ചകനായി വിചാരിക്കയും ആ പള്ളിയിൽ നിന്നും പുറത്താക്കുകയും വേണം. ഇതിനെ സ്വീകരിച്ച് കൽദായ പാത്രിയക്കീസിനയക്കുന്നതിനു പരിശുദ്ധ സിംഹാസനത്തോടു രേഖ സൂനഹദോസ് സമ്മതം അപേക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇതു ആ ക്രിസ്ത്യാനികളുടെയും റോമാപ്പള്ളിയുടെയും ഗുണത്തിനു വളരെ ഉപകാരമായി തീരുന്നതാണെ" (Appendix 57) ഒന്നാമത്തതെന്നു രണ്ടു നിയമം റോമാപ്പള്ളിയുടെ കാനോനാകാരം വിരോധമായിട്ടുള്ള ഒരു നിയമമാണ. എന്തുകൊണ്ടെന്നാൽ ര-ാം അലക്സാന്ത്രു മാപ്പാപ്പാ ചിപ്രൊയുരുത്തിൽ ചെന്നായിരുന്ന ലത്തീൻ മെത്രാന്മാരും ഗ്രീക്ക മെത്രാന്മാരും തമ്മിൽ പ്രദേശ സൂനഹദോസിൽ കൂട്ടുന്നതിനെക്കുറിച്ചു വാദിച്ചപ്പോൾ ഗ്രീക്ക മെത്രാന്മാരെ സൂനഹദോസിൽ ചേക്കണമെന്നു കല്പിച്ചു എങ്കിലും, ഗ്രീക്ക റീത്തിനു വിരോധമായ നിയമങ്ങൾക്കു ഗ്രീക്ക മെത്രാന്മാർ കടപ്പെട്ടുന്നില്ല എന്നു തീർമ്മാനിച്ചു, അതായതു— "സൂനഹദോസ് നിയമങ്ങൾ കൈക്കൊള്ളുകയും കാക്കയും വേണം. എന്നാൽ ഗ്രീക്ക റീത്തിനു വിരോധമില്ലാത്ത നിയമങ്ങൾക്കു മാത്രമെ അവർ കടപ്പെട്ടുന്നാള്ളൂ." ര-ാം പിയൂസു മാപ്പാപ്പാ മേൽ പട്ടക്കാരൻ എന്നു തുടങ്ങുന്ന തിരുവെഴുത്തിൽ കല്പിക്കുന്നതു. "ഇതുകൊണ്ടു ഗ്രീക്കുകാർ അവരുടെ ഗ്രീക്ക ക്രമത്തിൽനിന്നു മാറപ്പെടുന്നതിനൊ, അല്ലെങ്കിൽ മേലാൽ വാഴ്ചപ്രകാരത്തിലും സ്ഥലങ്ങളുടെ ഭരണക്കാരാലോ, മറാളുകൾ വഴിയായോ തടസ്ഥപ്പെടുന്നതിനൊ നാം കരുതുന്നില്ല" ഈ നിയമങ്ങൾക്കു ക്ലമ-ാം ബനദിക്തോസു മാപ്പാപ്പായുടെ ബുള്ളാരിയും ക്ലമ-ാം ക്ലമ-ം പുറങ്ങൾ നോക്കുക.(Appendix 58)

പൂർവ്വകാലം മുതൽ ബാബേലിലെ കൽദായപാത്രിയക്കീസന്മാരായിരുന്ന ഇൻഡ്യയെ ഭരിച്ചുവന്നതു പോർത്തുഗീസുകാരായ ലത്തീൻ വൈദീകർ ഇൻഡ്യയിൽ പ്രവേശിച്ചകാലത്തു, റോമാമാപ്പാപ്പാമാരുടെ അനുമതിയോടുകൂടി ഇൻഡ്യയെ വിഭാഗിച്ചു. ന—ാം ജൂലിയസ് മാപ്പാപ്പായും ര-ാം പീയൂസുമാപ്പാപ്പായും, ക്ലമ—ം ഗ്രിഗോറിയസ് മാപ്പാപ്പായും മലയാളത്തിലെ പള്ളികളുടെ ഭരണവും അധികാരവും കൽദായ പാത്രിയക്കീസന്മാർക്കുതന്നെ സ്ഥിരപ്പെടുത്തി കൊടുത്തിരുന്നു. ആ സ്ഥിതിയിൽ. ആ അധികാരത്തെ ഭേദപ്പെടുത്തുന്നതിനു ഒരു നിയമം ഏർപ്പെടുത്തുവാൻ കീഴുള്ളവർക്കോ, സമമായുള്ളവർക്കോ പാടില്ലാത്തതാകുന്നു എന്നതുതന്നെയല്ല, ബാബേൽ പാത്രിയക്കീസിന്റെ അധികാരം ലഘുകരിക്കയൊ മല്പിനപ്പെടുത്തുകയൊ ചെയ്യാൻ പാടില്ലാത്തതാണെ

ന്ന ൫—ാം പീയൂസ് മാപ്പ്വാപ്പാ ശോവ മെത്രാപ്പോലീത്തയ്ക്കു കല്പന കൊടുത്തിരിയ്ക്കയും, ൫—ാം അലക്സാന്ത്ര മാപ്പ്വാപ്പായുടേയും ൫—ാം പീയൂസ് മാപ്പ്വാപ്പായുടേയും മേലെഴുതിയ പൊതു നിയമം ഉണ്ടായിരിക്കയും ചെയ്ത സ്ഥിതിക്കു ആയ്ത ഒട്ടുംതന്നെ പാടില്ലാത്തതാകുന്നു. ഇനി ആ നിയമത്തിൽ ആദ്യം മുതൽ പറഞ്ഞിരിക്കുന്നേ സംഗതികളുടെ യഥാർത്ഥത്തെ പരിശോധിക്കാം. വാതലിൽ കൂടി പ്രവേശിക്കാത്തവൻ കള്ളനും മോഷ്ടാവും ആകുന്നു. ബാബേൽ പാത്രിയക്കീസിന്റെ അധീനത്തിൽപ്പെട്ട മലയാളപ്പള്ളികളിലേക്കു അദ്ദേഹത്താൽ നിയമിക്കപ്പെട്ടു മലയാളത്തിൽ പ്രവേശിക്കുന്നവർ വാതലിൽക്കൂടി പ്രവേശിക്കുന്നവരൊ അല്ലയൊ? ഇന്ത്യയ്ക്കു ബാബേൽ പാത്രിയക്കീസിന്റെ അധികാരം നടന്നുവന്നിരുന്ന എന്നും പോർത്തുഗീസുകാർ ഇന്ത്യയിൽ വന്ന കാലത്തു ആ അധികാരത്തിനു യാതൊരു ന്യൂനതയും ഭവിച്ചില്ലെന്നും ൧—ാം ജൂലിയൂസ്, ൫—ാം പീയൂസ്, ൧൩—ാം ഗ്രീഗോറിയൂസ് എന്ന മാപ്പ്വാപ്പാമാരാൽ ആ അധികാരം ഉറപ്പിക്കപ്പെട്ടുവെന്നും ത്രിദെൻതീനു സുന്നഹദോസിൽ ബാബേലിലെ അബൂനീശോ പാത്രിയക്കീസു തന്റെ അധികാരസ്ഥലങ്ങളെ എണ്ണിക്കാണിക്കയും ഇന്ത്യമുഴുവനും തന്റേതു എന്നു മുണ്ടിക്കാണിക്കയും ചെയ്തപ്പോൾ അതിനു പോർട്ടുഗൽ സ്ഥാനാപതി അതിനെ എതിർത്തിട്ടും ത്രിദെൻതീനു സംഘം ആ പ്രതിവാദത്തെ അംഗീകരിക്കാതെ തള്ളുകയും ചെയ്തതിൽ നിന്നും, ഇന്ത്യയിൽ ബാബേൽ പാത്രിയക്കീസിന്റെ അധികാരമോ ശോവമെത്രാപ്പോലീത്തായുടെ അധികാരമോ പ്രബലതയേയും പൂർണ്ണതയേയും പ്രാപിച്ചിരുന്നതെന്നു വായനക്കാർതന്നെ തീർച്ചപ്പെടുത്തിക്കൊൾകെ. ഇന്ത്യയിലെ സുറിയാനിക്കാരുടെമേൽ ബാബേൽ പാത്രിയക്കീസിന്റെ സമ്മതംകൂടാതെ വത്തീൻ മെത്രാന്മാർക്കു എന്തെങ്കിലും പ്രവൃത്തിപ്പാൻ കഴിയുമൊ? പുള്ളിയുടെത്തതും ലൌകീകമായതും ആയ അധികാരങ്ങൾ എല്ലാം ക്രമമായി സ്ഥാപിക്കപ്പെട്ടിരുന്നു. ബാബേൽ പാത്രിയക്കീസിനെ ഇന്ത്യയിലെ സുറിയാനിക്കാരുടെ മേലധികാരിയായി മാപ്പ്വാപ്പാ അംഗീകരിച്ചിരിക്കേ അദ്ദേഹത്തിന്റെ സമ്മതവും അറിവുംകൂടാതെ, ഇൻഡ്യയിലെ സുറിയാനിപ്പള്ളികളിന്മേൽ വേറൊരു മേലധികാരം ഏർപ്പെടുത്തുവാൻ കഴിയുമെന്നു ഉന്നഹിപ്പാൻ കൂടി നിവൃത്തിയില്ല. റോമാ മാപ്പ്വാപ്പാ ഒരിക്കലും അപ്രകാരം ചെയ്യുന്നതല്ലാ. ലൌകീക അധികാരം സംബന്ധിച്ചുകൂടിയും അപ്രകാരം നടത്താറില്ലാ. അതിനാൽ ബാബേൽ പാത്രിയക്കീസിന്റെ അറിവും സമ്മതവുംകൂടാതെ മലയാളത്തിലെ സുറിയാനിപ്പള്ളികളിന്മേൽ ഒരു അധികാരം ശോവ മെത്രാപ്പോലീത്തായ്ക്കു സൃഷ്ടിക്കുവാൻ പാടുള്ളതല്ലാ. അതിനാൽ വാതലിൽ കൂടി പ്രവേശിക്കാത്തവൻ ശോവ മെത്രാപ്പോലീത്തായാണെന്നു വരുന്നു. സുറിയാനിമെത്രാന്മാർ വളരെ സ്വാതിമുട്ടിയും തെറ്റുകുറ്റങ്ങളെ സഹിച്ചും തോമാ നസ്രാണികളെ കത്തോലിക്കാ സഭയിൽ കാത്തുവന്ന ആ ജനത്തെ

ലത്തീൻഭരണത്തിൽ ഉൾപ്പെട്ടുത്തുന്നതിനു നിയമങ്ങൾ ഉണ്ടാക്കിയതും മോഷ്ടാവിന്നാട്ടത്ത പ്രവൃത്തിതന്നെയാകുന്നു.

റോമാപ്പള്ളിയുടെ ഗുണത്തിനുവേണ്ടി എന്നു അവസാനഭാഗത്തിൽ ചേർത്തിരിക്കുന്നു. റോമാപ്പള്ളിയുടെ ഗുണത്തിനു വേണ്ടിയതെറും ഫ0-ാം ദെക്രേത്തുണ്ടാക്കിയതു. അതായതു മലയാളത്തിലെ സുറിയാനിപ്പള്ളിയെ ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽ ഉൾപ്പെട്ടുത്തുന്നതിനായിട്ടത്രെ, ഫ0-ാം ദെക്രേത്തുണ്ടാക്കിയതു- മേൽപ്രകാരമുള്ള പ്രവൃത്തിയെ സംബന്ധിച്ചു് ഫർ-ാം ബനിദിക്തോസ് മാപ്പ്ാപ്പാ (അള്ളാഞ്ഞസൂന്ത്) എന്ന തിരുവെഴുത്തിൽ "ലത്തീൻകാർ കിഴക്കൻ റീത്തുകളെ ഇല്ലാതെയാക്കുവാനും,———സത്യവിശ്വാസികളെ ഉണ്ടാക്കുവാനല്ല, ലത്തീൻ വിശ്വാസികളെ ഉണ്ടാക്കുവാനാണു പ്രയാസപ്പെടുന്നതു" എന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ടു, ലത്തീൻ വൈദികർ എന്നോടു പരിഭവപ്പെടേണ്ട. ഫർ-ാം ബെനഡിക്തോസ് മാപ്പ്ാപ്പാതന്നെ അവരെപ്പറ്റി ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

ഫ0. ഗോവ സൂനഹദോസിലും ഉദിയമ്പേരൂർ സൂനഹദോസിലും സുറിയാനിക്രമങ്ങളെ ഈത്തടായി തീർമ്മാനിച്ചിട്ടുള്ള സംഗതികളുടെയാത്ഥത്തെപ്പറ്റി ഇ-ാം പ്രകരണത്തിൽ വാദിച്ചിട്ടുണ്ടു. ഗോവ സൂനഹദോസിലും, ഉദിയമ്പേരൂർ സൂനഹദോസിലും. സുറിയാനികൾ ഭായക്രമങ്ങളെ ഭേദപ്പെടുത്തി, ലത്തീൻക്രമങ്ങളെ ഏർപ്പെടുത്തീട്ടുണ്ടു. അവിധമുള്ള മാറ്റങ്ങളും സ്ഥാപനങ്ങളും, ഗോവ മെത്രാപ്പോലീത്താമാർ ന്യായരഹിതമായും, തിരുസ്സഭയുടെ കല്പനകളെ ലംഘിച്ചും സ്വമേതയായും, ബലമായും ചെയ്തിട്ടുള്ളതും അപ്രകാരം ചെയ്തിട്ടുള്ളതു മലയാളത്തിലെ പള്ളികളുടെ ഭരണം സ്വാധീനമാക്കുന്നതിനു വേണ്ടിയും ആകുന്നു. ഒരു ഉദ്ദേശനിവൃത്തിക്കായി തോമാനസ്രാണികളേയും, കൽദായ മെത്രാന്മാരേയും മനഃപൂർവം ഇടത്തുടുകാരാക്കി തീർത്തിട്ടുള്ളതാണെന്നും തെളിയിക്കാം.

ഗോവ ഉദിയമ്പേരൂർ ഒരു സൂനഹദോസുകളിൽ റോമാപ്പള്ളിയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കിഴക്കൻ ക്രമങ്ങളിൽ പലതും, ഇടത്തുടായിത്തള്ളി ലത്തീൻ ക്രമങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നു എല്ലാവരും സമ്മതിക്കുന്നതാകുന്നു. മലയാളത്തിലെ പള്ളിയും തോമാനസ്രാണികളും ഇടത്തുടുകാരായിരുന്നു എന്നു ഗോവാ മെത്രാപ്പോലീത്താമാർ വാദിച്ചിട്ടുള്ളതും തൽ സംബന്ധമായി അവർ പ്രവൃത്തിച്ചിട്ടുള്ളതും, ന്യായരഹിതവും വ്യാജവും ആണെന്നു ഇനി തെളിയിക്കാം.

കത്തോലിക്കാ തിരുസ്സഭയിൽ പലപ്രമാണങ്ങളും ഉണ്ടു്. അ

വയിൽ രണ്ടെണ്ണം പ്രധാന മായിട്ടുള്ളവയാകുന്നു. അതായതു കിഴക്കൻ ക്രമവും പടിഞ്ഞാറൻ ക്രമവും. പടിഞ്ഞാറൻ ക്രമം ലത്തീൻ ഭാഷയിൽ നടക്കുന്ന റോമാക്രമം അന്ത്യോസ്യാനക്രമം ഗള്ളിക്കാനക്രമം മുതലായവയും കിഴക്കൻക്രമം ഗ്രേക്കിലും സുറിയാനി, കൽദായ, കോപ്തി, അമ്മേന്യാ എന്നു ഭാഷകളിൽ ശ്ലീഹന്മാരാലും പൂർവ്വപിതാക്കന്മാരാലും ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ക്രമങ്ങളും ആകുന്നു. എന്നാൽ റോമാ തിരുസ്സഭയുടെ കാനോനാകും ഇടത്തുടനെ അവലംബിക്കുന്ന യാതൊരു ക്രമവും മാറുന്നതിനു റോമാമാപ്പിപ്പാ മാർ സാധാരണ അനുവദിക്കാറില്ല. ഫർഡം ബനദിക്തോസ് മാപ്പിപ്പാ "അളാത്തെസൂന്ത്" എന്നു പേരായി ഏ.ഡി കൊടുകം വന്നാറ- ഏഴതീട്ടുള്ള തിരുവെഴുത്തു ർാം ലക്കത്തിലേയും ർവ്വാം ലക്കത്തിലേയും സ്വന്ത അഭിപ്രായം തന്നെ ഇവിടെ ചേർക്കാം. "എന്നാൽ ലത്തീൻ മിഷ്യനറിമാർ കിഴക്കരെ ശീശ്മയിൽനിന്നും തെറ്റിൽ നിന്നും ശ്ലൂഹാകത്തോലിക്കാ ഐക്യതയിലേക്കും വേദത്തിലേക്കും തിരിപ്പിക്കുന്നതിൽ വെച്ചു് കിഴക്കൻ ക്രമങ്ങളെ മദ്ധ്യത്തിൽനിന്നു മൂലശ്ഛേദം ചെയ്യാ ബലക്ഷയപ്പെടുത്തിയോ, കിഴക്കരായ കത്തോലിക്കരെ ലത്തീൻ ക്രമം അനുസരിപ്പിക്കുന്നതിനുള്ള ശ്രമവും വിചാരവും മാത്രമാകുന്നു എന്നു വളരെ ലക്ഷ്യങ്ങൾ കൊണ്ടു നാം ശ്രദ്ധിച്ചിരിക്കുന്നു." വീണ്ടും "എല്ലാവരേയും കത്തോലിക്കർ ആക്കുന്നതിനല്ലാതെ എല്ലാവരേയും ലത്തീൻകാർ ആക്കുന്നതിനല്ല മാപ്പിപ്പാ മാരുടെ ശ്രമം" എന്നു ടി മാപ്പിപ്പാ ചുരുക്കി പറഞ്ഞിരിക്കുന്നു. (Appendix 59) ഈതിരുവെഴുത്തുകൊണ്ടു ലത്തീൻ വൈദീകർ കിഴക്കൻ ക്രമക്കാരെ ലത്തീൻക്രമത്തിൽ ആക്കിതീർക്കുവാൻ വളരെ ശ്രമിക്കുന്നു എന്നും ആയ്യ മാപ്പിപ്പാമാരുടെനിയമത്തിനു വിരോധമാണെന്നും വ്യക്തമാകുന്നുണ്ടല്ലൊ. ആയതുകൊണ്ടു ഗോവാമെത്രാപ്പോലീത്തമാർ പ്രവൃത്തിച്ചിട്ടുള്ളതു തെറ്റാണെന്നും പള്ളിനിയമങ്ങൾക്കും മാപ്പിപ്പാമാരുടെ കല്പനകൾക്കും വിരോധമാണെന്നും വെളിവാകുന്നവല്ലൊ. ടി തിരുവെഴുത്തു ർാം വകുപ്പിൽ ർാം ഇന്നൊച്ചൻസ് മാപ്പിപ്പാ കല്പിച്ചിട്ടുള്ളതായി പ്രസ്താവിച്ചിരിക്കുന്നതെന്നാൽ ലത്തീൻകാരാൽ കിഴക്കൻ ക്രമക്കാരായ ഗ്രേക്കോർ, യാക്കോബായക്കാർ, മാറോനീത്തർ, നെസ്തോറിയൻകാർ മുതലായവർ അനുഭവിക്കുന്ന ഞെരുക്കത്തിൽ നിന്നു അവരെ രക്ഷിക്കുന്നതിനു മിനോരീത്ത സഭക്കാരനായ വാറെന്യൂസ് എന്ന ആളിനെ തന്നെ ലേഗാത്തായി നിശ്ചയിച്ചു്, കല്പിക്കയും "ആ ഭാഗത്തിലുള്ള ഏതുവിധ ഗ്രേക്കാരേയും നമ്മുടെ അധികാരത്താൽ ആഭരിച്ചു ലത്തീൻകാരിൽ നി ബലാൽക്കാരത്താലൊ ഏതു വിധമായ ഞെരുക്കത്താലൊ അവർ കലങ്ങുന്നതിനു സമ്മതിക്കരുതു. ലത്തീൻകാരിൽനിന്നും അവക്കു വന്നിട്ടുള്ള ഏതു വിധ അപമാനവും ഉപദ്രവങ്ങളും പരിഹരിക്കണം. മേലാൽ ലത്തീൻകാർ മേൽപ്ര

കാരമുള്ള പ്രവൃത്തികളിൽ നിന്നും തീരേ ഒഴിയുന്നതിനു കല്പിക്കണം." (Appendix 60) ലത്തീൻകാരായ വൈദികർ കിഴക്കൻ റീത്തുകാരോട് ചെയ്യുവന്ന ഉപദ്രവങ്ങളും പണ്ടുപണ്ടേ തുടങ്ങിയുള്ളതെന്നും, ആയ്മാപ്പാപ്പാമാരുടെ നിയമങ്ങൾക്കു വിരോധമെന്നും വെളിവാകുന്നു.

മേൽപ്പറഞ്ഞ തിരുവെഴുത്തിൽ ൧൨—ാം വകുപ്പിൽ ൪-ാം എവുജേനിയുസ് മാപ്പാപ്പാ ഫേ്ളാറൻസ തിരുസംഘത്തിൽ വെച്ചു താഴെപ്പറയുംപ്രകാരം നിശ്ചയിച്ചുതായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. "ഞങ്ങളുടെ പുള്ളിക്രമങ്ങളിൽ യാതൊന്നും മാറരുതു. കത്തോലിക്കരാകുവാൻ മനസ്സുള്ള കിഴക്കരോട് ലത്തീൻക്രമം അനുസരിക്കണമെന്നു സിംഹാസനം ഒരിക്കലും അപേക്ഷിച്ചിട്ടില്ലാ." (Appendix 61) ൪-ാം എവുജേനിയുസ് മാപ്പാപ്പായുടെ കാലത്തിൽ കിഴക്കരായ ഗ്രേക്കർ യാക്കോബായക്കാർ, കൽദായക്കാർ മുതലായവർ കത്തോലിക്കാ തിരുസ്സഭയിൽ ചേർന്നസമയം അവരുടെ ക്രമം മാറരുതെന്നു അപേക്ഷിക്കയും, അവരുടെ ക്രമം മാറുവാൻ ആവശ്യമില്ലെന്നു മാപ്പാപ്പാതീരുമാനിക്കയും ചെയ്തിരുന്നു.

൧൩ം തിരുവെഴുത്തിൽ ൧൩-ാം വകുപ്പിൽ ൧൦-ാം ലേയോൻ മാപ്പാപ്പായുടേയും, ൧൧ ക്ലേമെൻസ മാപ്പാപ്പായുടേയും നിയമങ്ങളെ ചേർത്തിട്ടുള്ളതു താഴെ പറയുംപ്രകാരമാകുന്നു. "ഫേ്ളാറൻസ തിരുസംഘത്തിൽ അവർക്കു അനുവദിച്ചിട്ടുള്ളതിന്റെ സംരക്ഷണയെപ്പറ്റി ഗ്രേക്കുകാരെ കുറിച പറഞ്ഞ ലത്തീൻകാരെ വളരെ ശാസിച്ചിരിക്കുന്നു." (Appendix 62)

൪—ാം പീയൂസ മാപ്പാപ്പാ തന്റെ തിരുവെഴുത്തിൽ താഴെ പറയുംപ്രകാരം പറഞ്ഞിരിക്കുന്നു. "എന്നു വരികിലും ഗ്രേക്കർ തങ്ങളുടെ ഗ്രേക്ക റീത്തിൽനിന്നും നീങ്ങണമെന്നു നാം ഇതുകൊണ്ടു കരുതുന്നില്ല" (Appendix 63)

൫ തിരുവെഴുത്തിൽ ൧൪-ാം വകുപ്പിൽ ൧൩-ാം ഗ്രിഗോറിയുസ് മാപ്പാപ്പാ താഴെ പറയുംപ്രകാരം കല്പിച്ചതായി പ്രസ്താവിച്ചു കാണുന്നു. "എന്നു വരികിലും കിഴക്കർ തങ്ങളുടെ ക്രമങ്ങളിൽ എല്ലായ്പോഴും സ്ഥിരമായിരിക്കേണ്ടതാണു." (Appendix 64)

൬—ാം ക്ലേമെൻസ് മാപ്പാപ്പാ തന്റെ തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ളതെന്തെന്നാൽ "എന്നു വരികിലും, ദൈവാരാധനയ്ക്കുള്ള ക്രമങ്ങൾക്കും ചട്ടങ്ങൾക്കും ഭംഗംവരാതെ, മുഴുവനായി കാക്കണം," (Appendix 65)

ഉദിയമ്പേരൂർ സൂനഹദോസുകൂടി, സൂറിയാനിക്രമം മാറി ലത്തീൻക്രമം ആക്കണമെന്നു വ-ാം ക്ലെമെൻസ് മാപ്പ്ാപ്പാ കല്പിച്ചതായി ലത്തീൻ വൈദീകർ പറയുന്നതു ടി മാപ്പ്ാപ്പായുടെ കല്പനയ്ക്കു വിരോധമായിട്ടുള്ളതാകുന്നു.

ടി തിരുവെഴുത്തിൽ ക്രി—ാം വകുപ്പിൽ ക്രി—ാം ബനഡിക്തോസ് ശ്ലൂഹ: സിംഹാസനത്തിന്റെ നിയമമായി പറയുന്നതു. "കിഴക്കൻ ക്രമം ശേഷം കാര്യങ്ങളിലെല്ലാം ലംഘിക്കപ്പെടാതെ, സ്ഥിരമായി നില്ക്കുന്നതിനു നാം മനസ്സാകുന്നു" (Appendix 66)

ടി തിരുവെഴുത്തിൽ ക്രി—ാം ബനഡിക്തോസ് മാപ്പ്ാപ്പാ ക്രൻ-ാം വകുപ്പിൽ പറഞ്ഞതാവിതു. "കിഴക്കരേയും പ്രെക്കരേയും ഐക്യതയുടെ മാർഗ്ഗത്തിലേക്കു കൊണ്ടുവരുന്നതിനു അവരുടെ ക്രമങ്ങൾ ലംഘിക്കപ്പെടുകയൊ വ്യത്യാസപ്പെടുകയൊ ചെയ്തിട്ടാവശ്യമില്ല" (Appendix 67)

ടി തിരുവെഴുത്തിൽ ത്രന്ത—ാം വകുപ്പിൽ വ—ാം ക്ലെമെൻസ് മാപ്പ്ാപ്പായുടെ മറുപടിയായി കല്പിച്ചിട്ടുള്ളതു. "പുതിയ കല്പനകാരു പൂർവീകത്തിനു ഒത്തതാകുന്നു എന്നുവരികിൽ നാം അതിനെ കൈക്കൊള്ളും"(Appendix 68)

ക്രി—ാം ബനഡിക്തോസ് മാപ്പ്ാപ്പാ (അല്ലാത്തെസുന്തു) എന്ന തിരുവെഴുത്തിൽ ശ്ലൂഹ: സിംഹാസനത്തിന്റെ സ്ഥിരമായ മനസ്സും തീർച്ചയാവും, കിഴക്കൻ ക്രമങ്ങൾ യാതൊന്നും മാറിക്കൂടാ എന്നതീർത്തുപ്പെടുത്തുകയും, മാപ്പ്ാപ്പാമാരുടെ കല്പനകൾകൊണ്ടു ഉറപ്പിക്കയും ചെയ്തിരിക്കുന്നു.

മേൽവിവരിച്ചതിൽനിന്നും ഗോവമെത്രാപ്പോലീത്താമാർക്കു പ്രത്യേകിച്ചും ക്രിവ്യ—ൽഗോവയിലെ സൂനഹദോസ് വിളിച്ചുകൂട്ടിയ ഗോവമെത്രാപ്പോലീത്തായ്ക്കും ക്രിൻൻ-ൽ ഉദിമ്പേരൂർസൂനഹദോസ് വിളിച്ചുകൂട്ടിയ മെനേസിസ് മെത്രാപ്പോലീത്തായ്ക്കും തോമാനസ്രാണികളുടെ പള്ളിയിൽ നടത്തിവരുന്ന കർത്തായക്രമങ്ങളെ മാറുന്നതിനും അവയ്ക്കു പകരം ലത്തീൻക്രമങ്ങളെ ഏർപ്പെടുത്തുന്നതിനും, യാതൊരു അധികാരവും ഇല്ലായിരുന്നു എന്നു വെളിവാകുന്നു. എന്നതന്നെയല്ലാ ശ്ലൂഹ: പള്ളിയുടെ നിയമങ്ങളെ ലംഘിച്ചു വന്നിൻക്രമങ്ങളെ സ്ഥാപിക്കയാൽ മലയാളപ്പള്ളികൾക്കു വലുതായ നാശം വരുത്തുകയും ചെയ്തു.

ക്രി താഴെ പറവാൻപോകുന്നതു എന്റെ അഭിപ്രായം മാത്രമ

ല്ല. ലത്തീൻവൈദികരുടെ അഭിപ്രായംകൂടിയാകുന്നു. ഫ്രൻസുവ-ലെ മർദ്രാസ് കത്തോലിക്കു ഡയറക്ടറി ൯൬-ാം പുറത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"പോർത്തുഗീസുഭക്കാർ സുറിയാനിക്രമം മാറി ലത്തീൻക്രമം സ്ഥാപിക്കുന്നതിനായി, ചെയ്ത പരിശ്രമത്തിൽ അവർ പ്രദർശിപ്പിച്ച അവിവേകമായ ശുഷ്കാന്തിനിമിത്തം അവരുടെ ശ്രേഷ്ഠവ്യാപകപേലകം ഉപദ്രവകരങ്ങളായില്ലെങ്കിൽ നിഷ്ഫലമായി പരിണമിച്ചു. മാർത്തോമായങ്ങൾ എല്ലായ്പോഴും ധാരാളം ഉള്ളവരായ ജസ്വീത്ത സന്ന്യാസികൾ തങ്ങളുടെ സഭക്കാരിൽ സുറിയാനിഭാഷ അറിയാവുന്നവരായി ഏതാണ്ടം പേരെ പിന്നീട് കൊണ്ടുവന്നു. സുറിയാനിക്രമത്തിനടുത്ത ഭാഷ ജനങ്ങളെ പഠിപ്പിക്കുന്നതിനായി വിദ്യാലയങ്ങൾ ഏർപ്പെടുത്തുകയാൽ ജനങ്ങൾക്കു വളരെ തൃപ്തിയായി." ഇതോടുകൂടി പോർത്തുഗീസുഭക്കാരനായ പത്രോസ് ജാറി എന്ന ചരിത്രക്കാരന്റെ അതിസ്പഷ്ടമായ സാക്ഷിക്കൂടി ഇവിടെ ചേർക്കുന്നു. അദ്ദേഹത്തിന്റെ ചരിത്രം ൫൫-ാം പുറത്തിൽ "(അവരുടെ) ക്രമം ഇല്ലാതാക്കുവാനായി ശ്രമിച്ചു ———— (അവർ തോമാനസ്രാണികളെ ക്രമേണ റോമാപ്പള്ളിയുടെ നടപടികൾക്കും ക്രമങ്ങൾക്കും ചേർക്കുന്നത് നു)———— (Appendix 69)

പോർത്തുഗീസ് ലത്തീൻ പോർത്തുഗീസുഭക്കാരായ സന്ന്യാസികളും വൈദികരും, സുറിയാനിക്രമം മാറുന്നതിനും, ലത്തീൻക്രമം സ്ഥാപിക്കുന്നതിനും, കൽദായമെത്രാന്മാരുടെ ഭരണം മാറി ലത്തീൻമെത്രാന്മാരെ ഏർപ്പെടുത്തുന്നതിനും വേണ്ടി തോമാനസ്രാണികളും കൽദായമെത്രാന്മാരും, നെസ്തോറിയൻ ഇടത്തുട്ടുകാരാകുന്നുവെന്ന കാരണം അവരിൽ ചുമത്തി എന്ന കൊച്ചീരൂപതയുടെ ലിവിയറാമെത്രാൻ അവർക്കും പറയുന്നതിൽ നിന്നും ഉൗഹിക്കാവുന്നതാണ്. അതുപോലെ, ഉദയംപേരൂർ സൂനഹദോസിനുശേഷം, ഒരുസമയം തോമാനസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നെങ്കിലും തിരുസ്സഭയാൽ ഉറപ്പിക്കപ്പെട്ടതും, തോമാനസ്രാണികൾ അനുസരിച്ചുവന്നതും ആയ കൽദായക്രമങ്ങളെ തിരുസ്സഭയുടെ അനുസരണയുള്ള മക്കളായ ലത്തീൻമെത്രാന്മാർ നിറുത്തുന്നതിനു പാടില്ലാത്തതായിരുന്നു. അങ്ങിനെ തങ്ങൾക്കു ചെയ്വാൻ അർഹതയില്ലാത്ത സംഗതികളെ ചെയ്തിരിക്കുന്നു എന്നുള്ള സ്പഷ്ടമാകയാൽ അവർ(കൽദായമെത്രാന്മാർ) നെസ്തോറിയൻ ഇടത്തുട്ടു പഠിപ്പിച്ചു എന്നു പറയുന്നതു തങ്ങളുടെ വ്യാജമായ ലാക്കിനെ സാധിക്കുന്നതിനു പറഞ്ഞിട്ടുള്ളതാണെന്നു നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്.

൧൦-ാം പ്രകരണം.

ഗോവ അതിരൂപതയുടെ മെനേസീസ് മെത്രാപ്പോലീത്താ മലയാള പള്ളിയിന്മേൽ ക്രമമായ അധികാരത്തോടുകൂടി പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ തോമാനസ്രാണികൾ നെസ്തോറിയൻ ഇംഗ്ലീഷുകാരല്ലായിരുന്നു എന്നു തെളിയുന്നു.

ഫ്രോളന്റെ ചരിത്രത്തിൽ പറഞ്ഞിട്ടുള്ളപോലെ മെനസീസ് മെത്രാപ്പോലീത്താ ഗോവയിലെ അതിരൂപതയിലേക്കു ഫ്രൻർ-വൃശ്ചികം ൧-ാംനു നിയമിക്കപ്പെട്ടു. തോമാനസ്രാണികളുടെ മലയാളപള്ളിയിന്മേലും അവരുടെ ഇടയനായ കൽദായമെത്രാന്റെ മേലും വ്യാം ക്ലെമെൻസ് മാപ്പുപ്പാ അദ്ദേഹത്തിനു അധികാരം നൽകിയിരുന്നു എന്നു പറയപ്പെട്ടിരിക്കുന്നു. എന്നു മാത്രമല്ലാ റോളന്റെ ഉദിയന്നേരുർചരിത്രം സ്വം-ാം പുറത്തിലും ബുള്ളാരിയും പത്രൊനാത്തൂസ് ഫ്രാംപുസ്തകം ഫ്രൈഫ്രാം പുറത്തിലും, ടി. അപ്പൊൻഡിക്സ് (അനുബന്ധങ്ങൾ) ഫ്രാം പുസ്തകം ൨൫ൻ-ാം പുറത്തിലും, ടി- അധികാരം നൽകിയ ബുൾകളുടെ കാലങ്ങളും കാര്യങ്ങളും കാണിച്ചിട്ടുണ്ട്. എന്നാൽ ഉദിയന്നേരുർസൂനഹദോസ് ചരിത്രത്തിൽ ന്യായമായി ചേർക്കേണ്ടതായ ബുൾകളെ പേർത്തുകാണുന്നില്ല. അപ്രകാരം ബുള്ളാരിയും പത്രൊനാത്തൂസ് എന്ന പുസ്തകങ്ങളിലും ആ ബുൾകളുടെ സാരാംശങ്ങളും കാലങ്ങളും കാര്യങ്ങളും മാസവും തീയതിയും ചേർക്കയും ബുൾകഥ ചേർക്കാതിരിക്കയും ചെയ്തിട്ടുള്ളതുകൊണ്ടു, അതിൽ ഏതെങ്കിലും കൃത്രിമമുണ്ടെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. ഒന്നാമത്തെ ബുൾ എഴുതിയതു ഫ്രൻർ- മകരം ൨൦-ാംനു- ആയിരുന്നു എന്നാണു മൂന്നു പുസ്തകങ്ങളിലും കാണുന്നതു. എന്നാൽ ഫ്രൻർ വൃശ്ചികം ൨൨-ാനു- മെനെസീസ് മെത്രാപ്പോലീത്തായ്ക്കു ഗോവഅതിരൂപതയുടെ ഭരണം ലഭിച്ചതായി റോളൻ പറയുന്നു. ആ മാസവും തീയതിയുംകൂടി നോക്കുന്നതായാൽ അങ്കമാലി രൂപതയിന്മേലും അബ്രാഹംമെത്രാപ്പോലീത്തായുടെമേലും ഗോവ മെത്രാപ്പോലീത്തായ്ക്കു അധികാരം സിദ്ധിച്ചതു്, ഗോവമെത്രാപ്പോലീത്താ എന്ന സ്ഥാനം കിട്ടുന്നതിനു ൧൨ മാസം മുമ്പാണു. രണ്ടാമത്തെ തിരുവെഴുത്തു ഫ്രൻന്റെ മകരം ൨൨-ാം നു എഴുതപ്പെട്ടിട്ടുള്ളതായി പറയപ്പെട്ടിരിക്കുന്നു. ൦രംരണ്ടു തിരുവെഴുത്തുകളും, വ്യാം ക്ലെമെൻസ് മാപ്പുപ്പായുടെതാണു. ക്ഷണനവിളംബരത്തിൽ റോളന്റെ ചരിത്രം ന്യാം പുറത്തിൽ ഉദിയന്നേരുർ സൂനഹദോസിന്റെ ആ രണ്ടു തിരുവെഴുത്തുകളുടേയും സാരം താഴെ പറയുംപ്രകാരം വിവരിച്ചിട്ടുണ്ടു. "അബ്രാഹംമെത്രാന്റെ മരണംനിമിത്തം ഒഴിഞ്ഞിരിക്കുന്ന ആ പള്ളിയുടെ കാര്യം ഞാൻ അന്വേഷിക്കുന്നതിനും, യാതൊരു പ്രകാരത്തിലും ഇതേവരെയും നടന്നുവന്നതുപോലെ ൦രം പള്ളിക്കു ബാബേൽസിംഹാസനത്തിൽ നിന്നും മെത്രാ

നെയോ മേൽപട്ടക്കാരനെയോ, നിശ്ചയിക്കപ്പെട്ടതായി നാം ഒരു ക്കാലുമുരുതെന്നും" (Appendix 70)

അബ്രാഹം മെത്രാൻ ഇടത്തട്ടുകാരനായി മരിച്ചുവെന്നോ ശീ ശ്മക്കാരനായി മരിച്ചുവെന്നോ മെനേസീസ് മെത്രാപ്പോലീത്തായുടെ വിളംബരത്തിൽ പറഞ്ഞിട്ടില്ല. ഒഴിഞ്ഞിരിക്കുന്ന സിംഹാസനത്തിനു ബാബേലിൽ നിന്നും മെത്രാനേയോ മേൽപട്ടക്കാരനേയോ അംഗീകരിക്കരുതെന്ന മാത്രമേ വിളംബരത്തിൽ പറഞ്ഞിട്ടൊള്ളു "മേൽപ്രകാരമുള്ള പള്ളി സിംഹാസനം ഒഴിഞ്ഞിരിക്കുന്ന നിലയിൽ അതിനെ ഭരിക്കുന്നതിനു (capitluam) സംഘം ഇല്ലാത്തതുകൊണ്ടു, ഇതുമറു നാമധെയങ്ങളാൽ (titles) നമ്മുടെ ഉദ്യോഗത്തിനടുത്തതാകുന്നു." (Appendix 7I)

മരണം നിമിത്തം ഒഴിഞ്ഞിരിക്കുന്ന പള്ളികാര്യം അന്വേഷിക്കുന്നതിനു എന്നു പറഞ്ഞതുപോലെ അതിനെ ഉറപ്പിക്കുന്നതിനായി ഒഴിഞ്ഞിരിക്കുന്ന സിംഹാസനത്തിനു (capitulam) സംഘമില്ലായ്കകൊണ്ടു അതിനെ ഭരിക്കുന്നതിനുള്ള അവകാശം തന്റേതാകുന്നു എന്നു പറഞ്ഞിരിക്കുന്നു. മുൻ വ്യാം പ്രകരണത്തിൽ വിവരിച്ചിരിക്കുന്നപ്രകാരം ഗീവറുഗീസ അക്കെദ്യാക്കോൻ മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ അനന്തര അവകാശത്തിൽ തന്റെ അപേക്ഷ അനുസരിച്ചു തന്റെ കൊഅദിയുത്തോരും പാലയൂരിന്റെ മെത്രാനുമായി ബാബേൽ പാത്രിയക്കീസിന്റെ അധികാരത്താലും ക്രമ-ാം ഗ്രഗോറി പാപ്പായുടെ സ്ഥിരീകരത്താലും ഉറപ്പിക്കപ്പെട്ടിരുന്നതിനാൽ ഗോവയുടെ മെനേസീസ മെത്രാപ്പോലീത്തായുടെ മലയാള പള്ളിയിലെയുള്ള പ്രവേശനം ന്യായരഹിതമായും ശ്രുധാ: കാനോനാകരംക്ക എതിരായിട്ടുമായിരുന്നു എന്നുകാണുന്നു. മേൽ പറഞ്ഞ രണ്ടു അധികാരന്യായങ്ങളും റോമൻ കത്തോലിക്കാ പള്ളിയുടെ ഐക്യതയിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു പള്ളിയെകുറിച്ചു മാത്രം പറയാവുന്നതും, സാധിക്കാവുന്നതും ആകുന്നു. ഇടത്തടായിരിക്കുന്ന ഒരു പള്ളിയിന്മേൽ ഒരു അധികാരം നടത്തുവാൻ പാടുള്ളതല്ല, അബ്രാഹം മെത്രാൻ ഇടത്തടിൽ മരിച്ചിരുന്നു എങ്കിൽ അദ്ദേഹത്തെ സംബന്ധിച്ചു വ്യാം ക്ലെമൻസ മാപ്പാപ്പാ ചെയ്തിട്ടുള്ള നിശ്ചയം, മലയാളത്തിലെ പള്ളിയെ അറിയിക്കേണ്ടതായിരുന്നു. അദ്ദേഹം ഇടത്തട്ടുകാരനായി മരിച്ചു എന്നു ടി വിളംബരത്തിൽ സൂചിപ്പിച്ചിട്ട ക്രടിയില്ലാ- എന്നു തന്നെയല്ലാ—അബ്രാഹംമെത്രാന്റെ മരണം നിമിത്തം ഒഴിഞ്ഞിരിക്കുന്ന ശ്രുപതയുടെ കാര്യത്തെപ്പറ്റിയാണു പറഞ്ഞിട്ടുള്ളതു. അതുകൊണ്ടു അബ്രാഹം മെത്രാൻ റോമാ മാപ്പാപ്പായെ അനുസരിച്ചു മരിച്ചുവനാണെന്നു ഇതിൽ നിന്നും പ്രത്യക്ഷപ്പെടുന്നു. ഇതു

ക്കൂടാതെ ടി വിളംബരത്തിൽ, "ശ്രേഷ്ഠ: പോമാപ്പള്ളി മേൽപ്പറഞ്ഞ മെത്രാന്റെ സിംഹാസനത്തിനു സ്വന്ത ഇടയനെ നിശ്ചയിക്കുന്നതുവരെ" എന്നും ഒരു വാചകം കാണുന്നു. (Appendix 72) ഇതുകൊണ്ടു അങ്കമാലിപ്പള്ളി റോമൻ കത്തോലിക്കാപ്പള്ളിയെ അനുസരിച്ചിരുന്നതും, അതിന്റെ ഇടയനായ അബ്രാഹം മെത്രാൻ കത്തോലിക്കാമെത്രാൻ ആയിരുന്നു എന്നും തെളിയുന്നുവല്ലോ.

൨. എന്നാൽ റോമന്റെ ചരിത്രം ക്രി-ാം പുറത്തിൽ വു-ാം ക്ലെമൻസ് മാപ്പ്ാപ്പാ ക്രിസ്തീയ മകരമാസം ൨൩-ാനു ശ്ലീഹായുടെ മെനെസീസ് മെത്രാപ്പോലീത്തയ്ക്കു അയച്ച തിരുവെഴുത്തിൽ "പറയപ്പെട്ടിരിക്കുന്ന കുറങ്ങളും സത്യമാണെന്നു കണ്ടാൽ അദ്ദേഹത്തെ (അബ്രാഹത്തെ) ശ്ലീഹായിലേക്കു വിളിക്കുന്നതിനും, പാരാവിലടയ്ക്കുന്നതിനും, ഇതിനിടയ്ക്കു അങ്കമാലി മെത്രാസനത്തെ ത്രുപതയ്ക്കു ലഭ്യതീൻ ക്രമത്തിലുള്ള ഒരാളെ വികാരി അപ്പസ്തോലിക്കായായി നിയമിക്കുന്നതിനും, അദ്ദേഹം (അബ്രാഹം) മരിച്ചതിന്റെ ശേഷം അമ്മേനിയായിൽ നിന്നോ കൽദായയിൽനിന്നോ മെത്രാന്മാരെ സ്വീകരിക്കാതിരിക്കുന്നതിനും, റോമാപ്പള്ളി നിശ്ചയിക്കുന്ന ആറു വഴിയായി അടക്കപ്പെടണമെന്നും എന്നു കാണുന്നു: (Appendix 73) അതേപുറത്തിൽ തന്നെ "തോമസ്ക്രിസ്തെ കേസ് വിസ്തരിക്കയും, ചുമത്തപ്പെട്ട കുറങ്ങൾക്കു തെളിവു ശേഖരിക്കയും, വിസ്താരരേഖകൾ മാപ്പ്ാപ്പായുടെ പക്കൽ അയക്കുകയും എന്നാൽ അബ്രാഹം ഭയങ്കരമായ മലകളിൽതന്നെ പാർത്തിരുന്നതിനാൽ അദ്ദേഹത്തെ പിടിക്കുന്നതു പ്രയാസമെന്നും, ദീനക്കാരനായിട്ടിനാൽ അദ്ദേഹത്തെ പിടിക്കരുതെന്നും, അപ്രകാരം ചെയ്യുന്നതു നിഷ്പ്രയോജനമെന്നും വിചാരിക്കുന്നു" എന്നും പറയപ്പെട്ടിരിക്കുന്നു. (Appendix 74) രാജാവും പാർക്കത്തക്കതും ആയ ഉദരം വൃത്താന്തത്തെ എഴുതുവാൻ എനിക്കു ലജ്ജതോന്നുന്നു. അബ്രാഹം മെത്രാൻ ഇടത്തട്ടു പറ്റിപ്പിക്കുന്നു എന്നു മാപ്പ്ാപ്പായെ തെറ്റിദ്ധരിപ്പിക്കയും, സത്യം അന്വേഷിക്കുന്നതിനു മാപ്പ്ാപ്പാ കടപ്പെട്ടിരുന്നതിനാൽ ഈ വിവരം അന്വേഷിക്കുന്നതിനായി കല്പന അയക്കയും ചെയ്തിരിക്കാം. എന്നാൽ അബ്രാഹം മെത്രാൻ ഇടത്തട്ടുകാരനാണെന്നു തെളിഞ്ഞതായി കളവുബോധിപ്പിച്ചാൽ അദ്ദേഹം ഇടത്തട്ടുകാരനല്ലെന്നു വരികിൽ അതിനായക്കുന്ന മറുപടി കല്പന എങ്ങിനെ സാധുവാകും? അബ്രാഹം മെത്രാൻ ഇടത്തട്ടുകാരനാണെന്നു ൧൮-ാം പീയൂസ മാപ്പ്ാപ്പായെ പോർട്ടുഗീസു വൈദികർ കളവായി ബോധിപ്പിക്കയും അദ്ദേഹം ഇടത്തട്ടുകാരനല്ലെന്നു ൧൮-ാം പീയൂസ് മാപ്പ്ാപ്പാ പരിശോധിച്ചു തീർച്ചപ്പെടുത്തുകയും ചെയ്തു. കൽദായപാത്രിയർക്കീസു അദ്ദേഹത്തിനെ സംബന്ധിച്ചു നിശ്ചയിക്കുന്ന കല്പനകളെ ശരിയായി അനുസരിക്കേണമെന്നു ഗോവാ മെത്രാപ്പോലീത്തയ്ക്കും കോച്ചീമെത്രാനും മാപ്പ്ാപ്പാ കല്പനകൾ അയച്ചു. ആ കല്പനയെല്ലാം

മിച്ചു. ആ കല്പനയെ കാണിച്ച മാത്രയിൽ മാർ അബ്രാഹം മെത്രാനെ പാറാവിൽ പാർപ്പിച്ചു. അബ്രാഹം മെത്രാൻ ഇടത്തുട്ടുകാരനാണെന്ന ഹേതുവാൽ ഗ്രിഗോറിയൂസ് മല്പാപ്പായുടെ പക്കൽ പോർട്ടുഗീസ് വൈദികർ ബോധിപ്പിച്ചു. എന്നാൽ അബ്രാഹം മെത്രാൻ തന്റെ വിശ്വാസസത്യം ഹേതുവാൽ ഗ്രിഗോറിയൂസ് മാർപ്പാപ്പായുടെ പക്കൽ അയയ്ക്കയും, മല്പാപ്പാ, അദ്ദേഹത്തിനെ വളരെ പുണ്യവും ഭക്തിയും ഉള്ള ആളായി മതിക്കയും അപ്രകാരം മതിക്കപ്പെടണമെന്ന് തിരുവെഴുത്തുകൾ അയക്കയും ചെയ്തു. അനന്തരം അബ്രാഹം മെത്രാനെപ്പറ്റി ജസ്വീത്ത് സന്യാസികളും മറ്റും ബഹുമതിയായി എഴുത്തുകൾ അയച്ചിട്ടുണ്ട്. എന്നാൽ അവസാനത്തിൽ അബ്രാഹം മെത്രാൻ ദീനക്കിടക്കയിൽ കയറിയതോടുകൂടി, ബാബേലിലെ കൽദായ പാത്രിയർക്കീസിന്റെ അധികാരം അബ്രാഹം മെത്രാന്റെ മരണത്തോടുകൂടി ഉന്മൂലനം ചെയ്യണമെന്ന കരുതി, അദ്ദേഹം ഇടത്തുട്ടുകാരനാണെന്ന് പോർട്ടുഗീസ് വൈദികർ മൂന്നാം പ്രാവശ്യവും ബോധിപ്പിച്ചു. അതിന്റെ മറുപടി വന്നപ്പോൾ അദ്ദേഹം ദീനത്തിലായിരുന്നു. എന്നു പറയുന്നു- അദ്ദേഹം വീരപരാക്രമികളായ പോർട്ടുഗീസ് ഭടന്മാരാൽ പിടിക്കപ്പെടാൻ പാടില്ലാത്തവണ്ണം വലിയ മലകളുടെ ഇടയിൽ വസിച്ചിരുന്നു എന്നും പറയപ്പെട്ടിരിക്കുന്നു. എന്നാൽ അങ്കമാലിപ്പള്ളിയിലാണ് അദ്ദേഹം ദീനത്തിൽ കിടന്നതു. അങ്കമാലിപ്പള്ളിയിൽ നിന്നും മലകൾ കാഞ്ഞതു ഏഴു മൈൽസ് അകലെയാണ്. അതിനാൽ അദ്ദേഹം മലകളിൽ അഭയം പ്രാപിച്ചു എന്ന പറയുന്നതു പച്ചക്കള്ളമാണ്. ദീനമായി കിടന്നിരുന്ന അബ്രാഹം മെത്രാനെ ഇടത്തുട്ട് സംബന്ധിച്ചു വിസ്തരിച്ചു എന്നു പറയുന്നതും കളവാണ്. * അയതിനാൽ അബ്രാഹം മെത്രാനെ ദീനത്തിനിടയിൽ വിസ്തരിച്ചു ഇടത്തുട്ട് തെളിച്ചു എന്നു പറയുന്നതും കളവാണ്. എന്തെന്നാൽ ഈശോസഭക്കാരനായ പത്രോസ് ജാറി എന്ന ചരിത്രക്കാരൻ അദ്ദേഹത്തിന്റെ ചരിത്രം രണ്ടാം പുസ്തകം സ്ഥ—ന്നു—ാം പുറങ്ങളിൽ അബ്രാഹം മെത്രാൻ മരിക്കാറായപ്പോൾ തന്റെ ജനങ്ങളെയെല്ലാം വിളിച്ചുകൂട്ടി എല്ലാവരും റോമാ മാപ്പിപ്പാമാരുടെ ആജ്ഞയും അനുസരണവും കീഴ്വഴങ്ങണമെന്നും, മറ്റും വളരെ ഗൗരവമായി ഉണർത്തിച്ചതായി എഴുതിയിരിക്കുന്നു- ആയതിനാൽ മൂന്നു മാപ്പിപ്പാമാരോടു ബോധിപ്പിച്ചിട്ടും അദ്ദേഹം ഇടത്തുട്ടുകാരനായി വിധിക്കപ്പെട്ടിട്ടില്ല. വ്യാം ക്ലെമൻസ മാർപ്പാപ്പായും അ

* പടയാളികൾക്കു പിടിക്കാൻ പാടില്ലാത്ത വിധത്തിൽ മലകളുടെ ഇടയിൽ വസിച്ച ആളിനെ എങ്ങിനെ വിസ്തരിച്ചു?. ദീനമായി കിടന്നതുകൊണ്ടു പ്രയോജനമില്ല. എന്നു വിചാരിച്ചിരുന്ന ആളിനെ തീർച്ചയായും വിസ്തരിച്ചിട്ടില്ലെന്നും സംഗതികൾ മാർപ്പാപ്പായുടെ കല്പനയ്ക്കകാരം അബ്രാഹം മെത്രാനെ വിസ്തരിച്ചിട്ടില്ല.

പ്രകാരം വിധിച്ചിട്ടില്ലെന്നു തന്നെ ഉറപ്പിക്കേണ്ടിയിരിക്കുന്നു. വിചാരണ സമയം സമീപിച്ചപ്പോൾ ദീനത്തിലായിരുന്നതിനാൽ അതു കൊണ്ടു പ്രയോജനമുണ്ടായില്ലെന്നാണു റോളൻ പറയുന്നതു. വിസ്താരസാരം മാർപ്പാപ്പായ്ക്കയച്ചു തീരുമാനം ചെയ്യപ്പെട്ടതായി റോളൻ പറയുന്നില്ല.

൩. എന്നാൽ ഉദിയമ്പേരൂർ സൂനഹദോസ് സംബന്ധിച്ചുള്ള ക്ഷണന വിളംബരത്തിൽ ഫ്രൻർ—മകരം ൨൦-ാം തീയതിയിലും ഫ്രൻെ—മകരം ൨൨-ാം തീയതിയിലും വന്നിട്ടുള്ള കല്പനകൾ കൊണ്ടു അബ്രാഹം മെത്രാന്റെ മരണം നിമിത്തം ഒഴിഞ്ഞിരിക്കുന്ന പള്ളിയുടെ കാര്യങ്ങളെ താൻ അന്വേഷിക്കണമെന്നും മൻ സംഭവിച്ചു പോലെ ആ പള്ളിക്കു ബാബേലിൽ നിന്നും നിശ്ചയിച്ചു വരുന്ന മെത്രാനേയോ മേൽ പട്ടക്കാരനേയോ സ്വീകരിക്കരുതെന്നും മാർപ്പാപ്പാ കല്പിച്ചിട്ടുള്ളതായി മെനേസീസ് മെത്രാപ്പോലീത്താ പറഞ്ഞിരിക്കുന്നു. അബ്രാഹം മെത്രാൻ ഇടത്തുട്ടുകാരനാണെന്നു പരിശോധിച്ചു റോമായിൽ ബോധിപ്പിച്ചതിനു മറുപടിയായി മേലെഴുതിയപ്രകാരം ഫ്രൻെ മകരം ൨൨-നു തിരുവെഴുത്തു വന്നിട്ടുള്ളതായി ഉറപ്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ രണ്ടു ഉറപ്പും നിലനിൽക്കുന്നതല്ല. എന്തെന്നാൽ ഫ്രൻെ—മകരം ൨൨-ാം തീയതിയിലെ ബുളിന്റെ താല്പര്യം പോർട്ടുഗീസ് ഔദ്യോഗികർ വ്യാജമായി നിർമ്മിച്ചിട്ടുള്ളതാണെന്നു വളരെ എളുപ്പത്തിൽ മനസ്സിലാക്കാം. റോളന്റെ ചരിത്രം ഫർ-൦ ഫർ-൩ പുറങ്ങളിൽ പറയുന്നതു. "മാർ അബ്രാഹം മെത്രാൻ ർ-ാം പീയൂസ് മാർപ്പാപ്പായുടെ മതിപ്പായ എഴുത്തുകൊണ്ടുവന്ന ഗോവാ മെത്രാപ്പോലീത്തായെ കാണിച്ചപ്പോൾ അദ്ദേഹത്തെ ഡൊമ്നീക്കോസ് സഭക്കാരുടെ ഗോവേന്തയിൽ പാറാവിൽ ഇട്ടുകയാണു ചെയ്തതു എന്നാകുന്നു. എന്നാൽ അബ്രാഹം മെത്രാൻ ആ ബന്ധനത്തിൽ നിന്നും രക്ഷപ്പെട്ട തന്റെ രൂപതയിൽ ചെന്നു ചേരുകയും ചെയ്തു. അന്നു മുതൽ അദ്ദേഹത്തിനെ വീണ്ടും ബന്ധനത്തിലാക്കുന്നതിനു പോർട്ടുഗീസ് ഔദ്യോഗികർ വേണ്ട പ്രയത്നങ്ങളെല്ലാം ചെയ്തുവെങ്കിലും, അദ്ദേഹം മലകളിൽ അഭയം പ്രാപിച്ചിരുന്നതിനാൽ സാധിച്ചില്ല." അതിനാൽ അബ്രാഹം മെത്രാനെ ൨൦-ാം ക്ലെമൻസ് മാർപ്പാപ്പായുടെ ഫ്രൻെ മകരം ൨൨-ാംനു-യിലെ കല്പനകൊണ്ടല്ല ഗോവയിൽ പാറാവിൽ പാർപ്പിക്കണമെന്നു അവർ ശ്രമിച്ചിട്ടുള്ളതു. പിന്നെയോ പോർട്ടുഗീസുകാർ ർ-ാം പീയൂസ് മാർപ്പാപ്പായുടെ കാലം മുതൽ മലയാളത്തിലെ പള്ളികളുടെ ഭരണം കവർന്നെടുക്കണമെന്നു ഉദ്ദേശിച്ചു വന്നിരുന്നതിനാലാണു. പ്രസ്തുത കാലത്തു ക്ലെമൻസ് മാർപ്പാപ്പായുടെ കല്പന പ്രകാരം അധികാരപ്പെട്ടു ചെയ്യുന്നു എന്നു അവർ വാദിക്കുന്നു എങ്കിൽ ർ-ാം പീയൂസ് മാർപ്പാപ്പായുടെ കാ

ലത്തും അധികാരപ്പെട്ടത്തി പ്രവൃത്തിക്കേണ്ടിയിരുന്നു. അന്നു അധികാരം ക്രടാതെ പ്രവൃത്തിച്ചതാണെങ്കിൽ ഇപ്പോഴും അധികാരം ക്രടാതെ പ്രവൃത്തിച്ചുതാണന്നു പറയുന്നതിൽ അവക്കു പരിഭവിപ്പാനില്ല. റോമന്റെ ചരിത്രം ഫൻാം പുറത്തിൽ "മെനേസീസ് മെത്രാപ്പോലീത്താ ഫ്രൻസ്കെ ഭം ക്രസ്-ാംന്ത-ഭമാനിൽ തന്റെ ശ്രുപതയെ വിസീത്ത കഴിച്ചിരിക്കയിൽ രാജപ്രതിപുരുഷനായ മത്തിയാ അൽബുക്കെർക്ക് എന്നയാറം മുഖാന്തിരം മാർ അബ്രാഹം മെത്രാന്റെ മരണ വിവരം കേട്ടുടനെ വ്യാം ക്ലെമെൻസ് മാപ്പ്പ്പായുടെ കല്പനപ്രകാരം അങ്കമാലി ശ്രുപതയുടെ ഗവർണരും വികാരി അപ്പസ്തോലിക്കായായിട്ടും ഈശോസഭക്കാറനായ പ്രാൻസീസക് റോസ് എന്ന അച്ചനെ നിശ്ചയിച്ചു" എന്നു പറഞ്ഞിരിക്കുന്നു (Appendix 74)

മുൻ പറഞ്ഞതിൽ നിന്നും അബ്രാഹം മെത്രാൻ മരിച്ചതു അറിഞ്ഞു അങ്കമാലിപ്പള്ളിക്കു ഒരു ലത്തീൻ മേൽ പട്ടക്കാറനെ നിയമിക്കണമെന്നു ഗോവ മെത്രാപ്പോലീത്തായുടെ വ്യാം ക്ലെമെൻസ് മാപ്പ്പ്പാ ഫ്രൻസ്- മകരം ഫ്രാന്സ- കല്പന കൊടുത്തിട്ടുണ്ടന്നാണു ഊഹിക്കേണ്ടിയിരിക്കുന്നതു. ഒരം സംഗതിയുടെ യഥാർത്ഥം വായനക്കാർ തന്നെ തീർച്ചപ്പെടുത്തേണ്ടതാണ്. ഇടത്തട്ടുകാരായിരിക്കുന്ന ജനങ്ങൾക്കും അവരുടെ പള്ളിക്കും ഒരു ലത്തീൻ കത്തോലിക്കാ മെത്രാനെ മാപ്പ്പ്പാ കല്പിക്കുമോ? കല്പിച്ചാൽ നടക്കുമോ? റോമാ മാപ്പ്പ്പാമാർ വല്ലകാലത്തും ഏതെങ്കിലും ഒരു ഇടത്തട്ടു സഭയ്ക്കു ഒരു ലത്തീൻ കത്തോലിക്കാ മെത്രാനെ കല്പിച്ചിട്ടുള്ളതായി ചരിത്ര ലക്ഷ്യം കാണിക്കാമോ? അബ്രാഹം മെത്രാന്റെ മരണം നിമിത്തം ഒഴിഞ്ഞിരുന്ന പള്ളിക്കു ലത്തീൻ മേൽപട്ടക്കാറനെ നിയമിക്കണമെന്ന വ്യാം ക്ലെമെൻസ് മാപ്പ്പ്പാ കല്പിച്ചയച്ചിട്ടുള്ള തിരുവെഴുത്തു ഫ്രൻസ്- മകരം ഫ്രാന്സ- യിൽ എഴുതപ്പെട്ടതാണെന്നു പറയപ്പെട്ടുന്നു. എന്നാൽ അബ്രാഹം മെത്രാൻ മരിച്ചതു ഫ്രൻസ്- മകരത്തിലാണന്നു ചരിത്രക്കാർ എല്ലാവരും പറഞ്ഞിട്ടുണ്ടു. ആ കാലത്തു ഇൻഡ്യയിൽ നിന്നും റോമയിലേക്കു ഒരെഴുത്തയച്ചു മറുപടി വരുത്തുവാൻ കുറഞ്ഞതു ആറു മാസകാലം വേണ്ടിയിരുന്നു. അതിനാൽ ഒരം ബൂളിന്റെ യഥാർത്ഥത്തെപ്പറ്റി വായനക്കാർ തന്നെ തീർച്ചപ്പെടുത്തിക്കൊള്ളട്ടെ.

൫. ആ ബൂളയിൽ പറഞ്ഞിട്ടുള്ള കാര്യ ഭാഗങ്ങളുടെ യഥാർത്ഥത്തെപ്പറ്റി അല്പം ആലോചിക്കാം. ആ ബൂളിന്റെ താല്പര്യത്തെപ്പറ്റി റോമന്റെ ചരിത്രം ന്യാ-ാം പുറത്തിൽ ഉദിയമ്പേരൂർ സുനഹദോസ് സംബന്ധിച്ചുള്ള ക്ഷണന ഖിളംബരത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു:— "ഫ്രൻസ്- മകരം ഫ്രാന്സ-യും ഫ്രൻസ് മകരം

ഫ്ര-ാന്ക-യിലും എഴുതപ്പെട്ടിട്ടുള്ള രണ്ടു തിരുവെഴുത്തുകൾ നമുക്കു കിട്ടിയിരിക്കുന്നു." അവകളിൽ "അബ്രാഹം മെത്രാന്റെ മരണം നിമിത്തം ഒഴിവായിരിക്കുന്ന ആ പള്ളിയുടെ കാര്യങ്ങളെ നാം അന്വേഷിക്കണമെന്നും ഇതുവരെ നടന്നു വന്നതുപോലെ ഓരോ പള്ളിക്കു ബാബേൽ സിംഹാസനത്തിൽ നിന്നും നിശ്ചയിക്കപ്പെടാവുന്നതായ മെത്രാനേയോ മേൽപട്ടക്കാനേയോ സ്വീകരിക്കരുതെന്നും, എന്തെന്നാൽ അവരെല്ലാം ശിശ്മക്കാരും നെസ്തോറിയൻ ഇടത്തുട്ടുകാരും ആ ഇടത്തുട്ടിന്റെ ഉപദേശിയായ ബാബേൽ പാത്രിയക്കീസിനു കീഴ് ഒപ്പിട്ടവരും ശ്ലൈഹ: റോമാപ്പള്ളിയുടെ അജ്ഞയ്ക്കു കീഴടങ്ങാത്തവരുമാണെ" എന്നപ്രസ്താവിച്ചിട്ടുണ്ട്.(Appendix 76)

ഫ്രൻസ്- മകരം ഫ്ര-ാന്ക-യിലെ വ്-ാം ക്ലെമെൻസ് മാപ്പ്ാപ്പായുടെ തിരുവെഴുത്തിന്റെ താല്പര്യം ബാബേൽക്കാരായ മെത്രാന്മാരും ബാബേൽ പാത്രിയക്കീസും ഇടത്തുട്ടുകാരാകുന്നു എന്നും റോമാ മാപ്പ്ാപ്പായുടെ കീഴടങ്ങാത്തവരാകുന്നു എന്നും ബാബേൽ പാത്രിയക്കീസ് നെസ്തോറിയൻ ഇടത്തുട്ടുകാരനും റോമാപ്പള്ളിയുടെ കീഴടങ്ങാത്തവനും ആകുന്നു എന്നും എഴുതിയിരിക്കുന്നതിന്റെ യഥാർത്ഥം ആലോചിച്ച് ആ ബൂളിന്റെ യഥാർത്ഥം തീർച്ചപ്പെടുത്തേണ്ടതാണ്. മേൽപ്രകാരം ഒരു വാചകം ഫ്രൻസിന്റെ മകരം ഫ്ര-ാന്ക-വ്-ാം ക്ലെമെൻസ് മാപ്പ്ാപ്പാ ഒരിക്കലും എഴുതുന്നതല്ലാത്തതാകുന്നു- ബാബേൽ പാത്രിയക്കീസിന്റെ അധികാരം ന്യായമായി മാപ്പാപ്പാമാർക്കു എടുക്കാവുന്നതാണെങ്കിലും ഒരിക്കലും അസത്യം പറവാൻ പാടില്ലാത്തതും, പറയാത്തതും ആകുന്നു. അതിനാൽ ബാബേൽ പാത്രിയക്കീസന്മാരും, പോർത്തുഗീസ്സുകാർ ഇൻഡ്യയിൽ വന്നകാലം മുതൽക്കുള്ള കൽദായ മെത്രാന്മാരും നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നോ എന്നു പരിശോധിച്ചു ടി ബൂളിന്റെ യാഥാർത്ഥ്യം തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

൩. ഓരോ നാട്ടിൽ പോർത്തുഗീസ്സുകാർ വന്ന കാലം മുതൽ ഇവിടെ ഭരിച്ചിട്ടുള്ള കൽദായ മെത്രന്മാർ എല്ലാം ശിശ്മക്കാരും ഇടത്തുട്ടുകാരും ആയിരുന്നോ എന്ന ഒന്നാമതായി ആലോചിക്കേണ്ടതാണ്. പോർത്തുഗീസ്സുകാർ ഇവിടെ വന്നകാലത്തു ജീവിച്ചിരുന്ന യാക്കോബ് ആബൂന എന്ന കൽദായ മെത്രാനെപ്പറ്റി ശ്ലൂ: ശെയരിയാർ പുന്നൃവാളൻ പോർത്തുഗല്ലിലെ രാജാവായ ന-ാം യോഹന്നാനു അയച്ച എഴുത്തിൽ യാക്കോബ് അബൂനാ ദൈവത്തിൻപക്കൽ രാജാവിനു ഒരു മദ്ധ്യസ്ഥനാകാൻ തക്ക മഹാത്മാവാകുന്നു എന്നു സ്ഥാവിച്ചിട്ടുണ്ട്.

രണ്ടാം യൌസേപ്പ് എന്ന കൽദായമെത്രാൻ ക്രിസ്തു—ൽ കൊച്ചിയിൽ ഗ്രു: അന്തോനീസ് പുണ്യവാളന്റെ നാമധേയത്തിൽ സ്ഥാപിച്ചിട്ടുള്ള ഫ്രൻസീസ്കൻ സന്യാസികളുടെ കൊവേന്തയിൽ കിടന്നു മരിച്ചിരിക്കുന്നു.

ക്രിസ്തു—ൽ മൂന്നാം യോസേപ്പ് എന്ന കൽദായമെത്രാൻ മലയാളത്തിനു വരികയും, തോമാനസ്രാണികളെ ഭരിക്കയുംചെയ്തു. അദ്ദേഹത്തിന്റെ സ്ഥിതിവിശേഷം കൊണ്ടു പറയുന്നതായാൽ ഇദ്ദേഹം വേദസാക്ഷിയായിമരിച്ച സുല്ലാക്കാ എന്ന പാതിയക്കീസിന്റെ ഉറ്റ സഹോദരനാണു. ഇദ്ദേഹത്തിനെ നെസ്തോറിയൻ ഇടത്തൂട്ടുകാരനാക്കി, പോർട്ടുഗീസ് വൈദീകർ പോർട്ടുഗലിലേക്കു അയച്ചു എങ്കിലും, അന്നു പോർട്ടുഗീസ് രാജ്ഞിയായിരുന്ന കതീനായും പോർത്തുഗലിലെ വേദാദ്ധ്യക്ഷന്മാരും പ്രത്യേകിച്ചും കർദ്ദിനാൾ ഇൻഫാന്തയും ഇദ്ദേഹത്തിനെ പരിശോധിച്ചതിൽ ഇടത്തൂട്ടുകാരനല്ലെന്നും എന്നതന്നെയല്ല, ഒരു മഹാത്മാവാണെന്നും മതിച്ചു വീണ്ടും മലയാളത്തിലേക്കു അയച്ചു. ഗോവയിലെ പോർത്തുഗീസ് വൈദീകർ പോർത്തുഗലിലെ മേലധികാരത്തെ ഭയന്നു അദ്ദേഹത്തിനെ കത്തോലിക്കാമെത്രാനായി അംഗീകരിച്ചു എങ്കിലും അദ്ദേഹത്തിൽ വീണ്ടും നെസ്തോറിയൻ ഇടത്തൂട്ട ആരോപിച്ചു അദ്ദേഹത്തിനെ റോമാപുരിയിലേക്കു അയച്ചു. റോമാമാപ്പാപ്പാ അദ്ദേഹത്തിനെ ഇടത്തൂട്ടുകാരനായി തീരുമാനിച്ചില്ല എന്നുമാത്രമല്ല ഒറിയെന്റൊകൊൺകിസ്താദൊ രണ്ടാം ഭാഗം കൊൻകയിസ്റ്റ് ക്ര—ടിവി ഫ—ൽ വിവരിക്കുന്നതാവിതു:— "ചെന്നായുടെ ഉടപ്പോട്ടക്രൂടി റോമയ്ക്കു പിന്തിരിയുകയാൽ കുഞ്ഞാടിന്റെ തുകലോട്ടക്രൂടി ഇപ്രകാരമുള്ള ഭാവംകൊണ്ടു, കർദ്ദിനാളിന്റെ തൊപ്പിക്കു അർഹനായി വിധിക്കപ്പെട്ടു." (Appendix 77)

അതായതു മാപ്പാപ്പാ അദ്ദേഹത്തിന്റെ പുണ്യത്തെയും പോർത്തുഗീസ്സാരിൽനിന്നും അദ്ദേഹം അനുഭവിച്ച ഞെരുക്കങ്ങളേയും, നന്നായി ഗ്രഹിച്ചു, അദ്ദേഹത്തിനെ ബഹുമാനിക്കുന്നതിനുവേണ്ടി, കർദ്ദിനാളിനടുത്ത സ്ഥാനംകൊടുക്കുന്നതിനു തിരുമനസ്സായി: ഇപ്രകാരമാണു മാപ്പാപ്പാമാരുടെ രീതി. എങ്കിലും ഇന്ത്യയിലെ പോർത്തുഗീസ് വൈദീകർ കൽദായമെത്രാന്മാരോടു തങ്ങൾക്കുള്ള വൈരാഗ്യത്തെ വിടാതെ, അവരോടു സദാ വിരോധം ഭാവിച്ചുവന്നു.

മൂന്നാം യൌസേപ്പ് മെത്രാന്റെ പിൻഗാമിയായ മാർ അബ്രാഹംമെത്രാനെപ്പറ്റി പറയുകയാണെങ്കിൽ അദ്ദേഹവും ഒരു മഹാത്മാവായിരുന്നു. ഇദ്ദേഹത്തിനോടു ചേർച്ച ൪—ാം പീയുസ് മാപ്പാപ്പാ ബാബേലിലെ പാതിയർക്കീസിനു എഴുതിയ എഴുത്തിൽ ഇപ്രകാ

കാരം വിവരിച്ചിരിക്കുന്നു:— "ഇന്ത്യയിൽ അദ്ദേഹം അനുഭവിച്ച ബുദ്ധിമുട്ടുകൾ നിമിത്തവേണ്ടി നാം ദുഃഖിക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ വിശ്വാസശ്രേഷ്ഠത ചെയ്യുന്നതിനും ഇപ്രകാരം പരീക്ഷകൊണ്ടു തെളിയുന്നതിനും ദൈവം സമ്മതിച്ചു എന്നു നാം വിശ്വസിക്കുന്നു" ജമീൽ ൩൯—ാം പുറം നോക്കുക. (Appendix78)

ബുല്ലാറിയും പത്രോനാത്തൂസ് ൨—ാം പുസ്തകം ൨൯-ാം പുറത്തിലും ഫന്ദ—ാം ഗ്രീഗോറിയൂസ് മാപ്പ്ാപ്പാ ഗോവമെത്രാപ്പോലീത്തായ്ക്കു ക്രിസ്തുവ്യ വൃശ്ചികം ൨൦—ാം നു- അയച്ച എഴുത്തിൽ "വന്ദ്യസഹോദരനായ അങ്കമാലി രൂപതയുടെ മാർ അബ്രാഹം മെത്രാപ്പോലീത്തായേയും ജെസ്വീത്ത സന്ന്യാസികളേയും ഗോവമെത്രാപ്പോലീത്തായുടെ ഉപവിക്കും മദ്ധ്യസ്ഥം നാം കയ്യാളിക്കുന്നു. ജെസ്വീത്ത സന്ന്യാസികളെപ്പോലെ തന്നെ അബ്രാഹം മെത്രാനേയും റോമൻകത്തോലിക്കാ ഐക്യതയിൽ ഉറപ്പെട്ട ആളെന്നും മഹാത്മാവെന്നും റോമാ മാപ്പ്ാപ്പാ കരുതിയിരിക്കുന്നു-" അതേ ആണ്ടിൽ വൃശ്ചികം ൨൯—ാം നു- അബ്രാഹം മെത്രാനെ ഫന്ദ—ാം ഗ്രീഗോറിയൂസ് മാപ്പ്ാപ്പാ അയച്ച തിരുവെഴുത്തിൽ ജെസ്വീത്ത് സന്ന്യാസികളെ അബ്രാഹം മെത്രാൻ വിശ്വാസപരിപ്പു തലിനായിട്ടു ആദരിക്കയും സഹായിക്കയും ചെയ്യുന്നതിനാൽ അദ്ദേഹത്തിനെ പ്രശംസിക്കയും ആസന്ന്യാസികളെ അദ്ദേഹത്തിന്റെ കരുണയ്ക്കു വീണ്ടും ശിപാശ്ശെയകയും ചെയ്തിരിക്കുന്നു. ടിപുസ്തകം ൨൨—ാം പുറത്തിൽ ടിഅണ്ടു ധനുമാസം നാംനു- ഫന്ദാംഗ്രീഗോറിയൂസ് മാപ്പ്ാപ്പാ പോർട്ടുഗൽ രാജാവിനു എഴുതിയ എഴുത്തിൽപോർട്ടുഗീസുകാരായ വൈദീകരും ലൌകീകരും മാർഅബ്രാഹത്തിനെ ഞെരുക്കുന്നതായി ആവലാധി പറകയും ആയതിൽ നിന്നും അദ്ദേഹത്തെ രക്ഷിക്കുന്നതിനു രംജാവിന്റെ കരുണയ്ക്കു അദ്ദേഹത്തിനെ ഭരമേൽപ്പിക്കയും ചെയ്തതായികാണുന്നു. റോളന്റെ ചരിത്രം ൧൦൦ പുറത്തിൽ ഫന്ദാം ഗ്രിഗോറിയൂസ് മാപ്പ്ാപ്പാ ക്രിസ്തുവ്യ വൃശ്ചികം ൨൨—ാം നു- എഴുതിയ ബുള കൊണ്ടു അബ്രാഹം മെത്രാൻ റോമാമാപ്പ്ാപ്പായുടെ പക്കൽ ചെല്ലുന്നതിനു യാതൊരു തടസ്ഥവും ചെയ്യരുതെന്നും, കല്പിച്ചിട്ടുണ്ടു. അബ്രാഹംമെത്രാനു പാല്യം കൊടുപ്പാനായി ർ—ാം പീയൂസു മാപ്പ്ാപ്പായുടെപക്കൽ അപേക്ഷിച്ചിട്ടുള്ളതായി, Samuel Giamil Genuinae Relationes' എന്ന പുസ്തകത്തിൽ ൽ൪—ം ൩൯—ം പുറങ്ങളിൽ കാണുന്നു. പത്രോസ് ജാറി എന്ന ഫ്രാംശോസഭക്കാരന്റെ ചരിത്രം ന്യ൦൪—ം ന്യ൦൯—ം പുറങ്ങളിൽ അബ്രാഹംമെത്രാന്റെ മരണത്തേക്കുറിച്ചു ഇപ്രകാരം വിവരിക്കുന്നു—"അബ്രാഹംമെത്രാൻ തന്റെ മരണം സമീപിച്ചിരിക്കുന്നു എന്നു കണ്ടു വൈപ്പിക്കോട്ട സെമിനായുടെ ശ്രേഷ്ഠനേയും തന്റെ

അക്കിബിയാക്കോനേയും പട്ടക്കാരെയും ശെമ്മാശന്മാരേയും ക്രിസ്ത്യാനികളിൽ പ്രധാനികളെയും തന്റെ പക്കൽ വിളിപ്പിച്ചു. അന്യരോഗത്തിന്റെ വർത്തമാനംകേട്ട എല്ലാഇടങ്ങളിൽ നിന്നും ജനങ്ങൾ വന്നുകൊണ്ടിരുന്നു. മെത്രാൻ അവരെ എല്ലാം ഒരു സ്ഥലത്തുകൂട്ടി വളരെ ഫലസിദ്ധിയുള്ള ഒരു ഉണർത്തോടെ അവരോട് ഇപ്രകാരം ഉപദേശിച്ചു. "തന്റെ ആടുകളായ ക്രിസ്ത്യാനികളെ സകല പള്ളികളുടെയും തലയാളായ റോമാ മെത്രാനെ കയ്യാളിക്കുന്നു. എല്ലാവരും റോമാപ്പള്ളിയെ എല്ലാപ്പള്ളികളുടെയും മാതാവായിട്ടനുസരിക്കയും റോമാ മേൽപ്പട്ടക്കാരനെ എല്ലാത്തിന്റെയും തലവനായിട്ടും എല്ലാമെത്രാന്മാരുടേയും മേൽപ്പട്ടക്കാരുടെയുംതലവനായിട്ടുവന്നങ്ങണ്ടതാണ്." അബ്രാഹം മെത്രാൻ ശീശ്മക്കാരനാണെന്നും ഇടത്തുട്ടുകാരനാണെന്നും മറ്റാരോൻ കൊല്ലപ്പെട്ടവനായി മരിച്ചു എന്നും മറ്റും ഓരോവിധം തട്ടിമൂളിച്ചിട്ടുള്ള ചരിത്രക്കാരെല്ലാം ജസ്വീത്തസന്ന്യാസിയായ പത്രോസ ജാറി അദ്ദേഹത്തിന്റെ (അബ്രാഹത്തിന്റെ) മരണവൃത്താന്തത്തെപ്പറ്റി എഴുതിയിട്ടുള്ളതു കേട്ടലജ്ജിക്കട്ടെ! അവരുടെ തെറ്റായ അഭിപ്രായത്തെ വിടട്ടെ! ബുള്ളാറിയും പത്രോനാത്തുസ് ക്ര—ാം പുസ്തകം മന്ത്രം—ാം പുറത്തിൽ ക്രന്ത്യാ—ൽ വ-ാം ക്ലേമൻസ് മാർപ്പാപ്പാ എഴുതിയ ബൂളയിൽ "അങ്കമാലിരൂപതയുടെ നല്ലഓർമ്മക്കർഹനായ മാർഅബ്രാഹം മെത്രാന്റേപ്രവിത്തായുടെ മരണംനിമിത്തം" എന്നെഴുതികാണുന്നു. ഇത്യാദി തെളിവുകളാൽ ക്ലെമൻസ മകരം വ്ര-ാം വ—ാം ക്ലേമൻസ മാർപ്പാപ്പാ കല്പിച്ചുരുളിയ ബൂളയിൽ ബാബേലിൽ നിന്നുള്ളമെത്രാന്മാർ ശീശ്മക്കാരും ഇടത്തുട്ടുകാരും ആണെന്നും അതുകൊണ്ടു അവരെ സ്വീകരിക്കരുതെന്നും പ്രസ്താവിച്ചിട്ടുണ്ടെന്നുള്ളതു വെറും വ്യാജമാണെന്നും അതിന്റെ യഥാർത്ഥം മറ്റുവിധമാണെന്നും തെളിയുന്നു.

൨൦. ബാബേൽ പാത്രിയക്കീസുമാർ നെസ്തോറിയൻ ഇടത്തുട്ടിന്റെ പുരോഗാമികളാണെന്ന ആ ബൂളയിൽ എഴുതിയിട്ടുള്ളതിന്റെ യാഥാർത്ഥം എന്താണന്ന ആലോചിച്ചു ബൂളയുടെ വാസ്തവത്തെ തീർച്ചപ്പെടുത്താം. ടി ബൂളയുടെ കാലത്തിനു നാല്പതിൽപരം വർഷങ്ങൾക്കുമുമ്പും ബൂള എഴുതിയകാലത്തും അതിൽപിന്നെയും ബാബേൽ പാത്രിയക്കീസന്മാർ റോമൻ കത്തോലിക്കാ വിശ്വാസത്തിൽ ഉറപ്പുള്ളവരായിരുന്നുവെന്നുറപ്പു പുസ്തകത്തിൽ ൫-ാം പ്രകരണം വ-ാം വകുപ്പിൽ പാത്രിയക്കീസുമാരുടെ വാഴ്ചയുടെ യഥാക്രമം പോലെ അവർ റോമൻകത്തോലിക്കാവിശ്വാസം അനുസരിച്ചവരാകുന്നുവെന്ന വേണ്ടപോലെ തെളിയിച്ചിട്ടുണ്ടു. ക്ലെമൻ മകരം വ്ര-ാംനു-ലെ ബൂളയുടെ വാസ്തവവിരുദ്ധതയേയും അപഖ്യാതിയേയും വെളിവായി തെളിയിക്കുന്നതിനും ടി ബൂളയിൽ മനഃപൂർവ്വമായി ഭേദഗതികരം ചെയ്യപ്പെട്ടിട്ടുണ്ടെന്നും പോരാ

ഗീസ്കാരായ ലത്തീൻകാക്കു അങ്കമാലിശ്രുപതയുടെമേലധ്യക്ഷത കൈക്കലാക്കുന്നതിനുള്ള ആകാംക്ഷയുടെ ഫലമായിട്ടാണ ഒരു വ്യാജം പ്രവർത്തിപ്പാൻ ഇടയായതെന്നും ആ കാലങ്ങളിൽ വാണിരുന്ന ബാബേൽ പാത്രിയക്കീസന്മാരുടെ സത്യവിശ്വാസ എരിവും ഭക്തിയും എത്രമാത്രമുണ്ടായിരുന്നുവെന്നും താഴെ വിവരിക്കുന്നതുകൊണ്ടു തെളിയുന്നതാണ. ക്രിസ്തു-ൽ റോമാപുരിയിൽ ചെന്ന വിശ്വാസസത്യംചെയ്തു യോഹന്നാൻ സൂലാക്കാ എന്ന പാത്രിയക്കീസിനെക്കുറിച്ചു ബുള്ളാറിയും പത്രനാത്തൂസ് ൨—ാം പുസ്തകം ൨൩൯—ാം പുറത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു "ഒരു യോഹന്നാൻ സൂലാക്കാ പാത്രിയക്കീസ മൂന്നാം ജൂലിയൂസമാപ്പാപ്പായുടെ പക്കൽ വിശ്വാസസത്യം ചെയ്തു ബാബേലിലേക്കു തിരിച്ചുപോയതിന്റെ ശേഷം അദ്ദേഹത്തിന്റെ എതിരാളിയായ നിമയോൻ ദെനഹായെന്ന നെസ്തോറിയൻ പാത്രിയക്കീസ മുഖാന്തരം പിടിക്കപ്പെടുകയും ൪൦ ദിവസം ഒരു കിണറ്റിലിട്ടടക്കപ്പെടുകയും അവസാനത്തിൽ ജീവനോടെ ഒരു ചാക്കിൽകെട്ടി വെള്ളത്തിൽ താഴ്ത്തപ്പെടുകയും അദ്ദേഹം വേദസാക്ഷിയായി മരിക്കയും ചെയ്തു. അദ്ദേഹത്തിന്റെ മരണദിവസങ്ങളിൽ സംഭവിച്ച അത്ഭുതങ്ങൾകൂടുതുക്കികരം ക്രൂടിയും സാക്ഷികളാകുന്നു." അദ്ദേഹത്തിന്റെ പിൻഗാമിയും അദ്ദേഹത്തിന്റെ കൂടെ ചേന്നിരുന്ന ആളുമായ ഔദീശോ പാത്രിയക്കീസ ക്രിസ്തുവിൽ വാഴ്ചയടങ്ങുകയും റോമാപുരിയിൽ പോയി ൪-ാം പിയൂസ മാർപ്പാപ്പായുടെ പക്കൽ ക്രിസ്തുവിൽ വിശ്വാസസത്യം ചെയ്യുകയും ക്രിസ്തുവരെ ജീവിച്ചു മരിക്കയും ചെയ്തു. ടി. പുറത്തിൽ പൊതലിനോസ എന്ന കാമലീത്താ ചരിത്രക്കാരൻ കൂടിയും സാക്ഷീകരിക്കുന്നതുപോലെ അദ്ദേഹം പാണ്ഡിത്യത്തിലും പുണ്യത്തിലും ഒരു അസാമാന്യ മനുഷ്യനായിരുന്നു. ഇദ്ദേഹം ത്രെന്തോസ്തിരു സംഘത്തിൽ കൂടിയിരുന്നു. ലൂയിസ അസ്സേമാനി ൫൫-ാം പുറത്തിൽ പറയുന്നപോലെ ഇദ്ദേഹം വളരെപ്രയാസമുള്ള അനേകചോദ്യങ്ങൾക്കു തെളിവോടെ ഉത്തരം പറഞ്ഞു. പഴയതും പുതിയതുമായ വേദപുസ്തകങ്ങളും, സുറിയാനി അറബി മുതലായ ഭാഷകളിലെ ശ്ലോകങ്ങളും മനഃപാഠം അറിയാമായിരുന്നു. ലത്തീൻ ഗ്രേക്കു പിതാക്കന്മാരുടെ പുസ്തകങ്ങളിൽ എല്ലാം പരിജ്ഞാനമുള്ളവനാണ. കർദ്ദിനാൾമാരും ശേഷം വൈദീകമേലധ്യക്ഷന്മാരും മാർപ്പാപ്പായുടെ ചുറ്റും നിന്നു മനസ്സാപപ്പെട്ടവരുന്ന ഫ്രെഡറിക്കു ചക്രവർത്തിയെ കൈക്കൊള്ളുന്നവിധത്തിൽ വത്തിക്കാൻ അരമനയിൽ ഉണ്ടായിരുന്ന എഴുത്തുപടത്തിൽ ഒരു പാത്രിയക്കീസിന്റെ രൂപവും എഴുതിയിട്ടുണ്ടു. ഇദ്ദേഹത്തിന്റെ പിൻഗാമിയായ അഹത്താല്ല പാത്രിക്കീസ് അമ്മീദിന്റെ

മെത്രാനായ മാർ ഏലിയാ വഴിയായി വിശ്വാസസത്യം അയച്ചു എന്നുവരികിലും, അക്കാലത്തുണ്ടായിരുന്ന യുദ്ധം നിമിത്തം റോമയിൽ പോകുന്നതിന്ന കഴിഞ്ഞില്ലാ എന്നു ബുള്ളാറിയം പാത്രോനാത്തുസ വസ്തുതകൾ—൩ പുറത്തിൽ കാണുന്നു. ഇദ്ദേഹം തന്റെ ശുദ്ധമാക്കപ്പെട്ട വഴിയിൽ അവസാനിച്ചു എന്നാണു എഴുതിക്കാണുന്നതു. ആ സ്ഥലത്തുതന്നെ കമ്മലീത്താക്കാരൻ പൌലിനോസ് എന്ന ചരിത്രക്കാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു. ഇദ്ദേഹം ഭരിക്കുന്നതിന്ന തക്കതാണിയുള്ളവനല്ലാ. അതുകൊണ്ടു തന്റെ പള്ളിയെ നെസ്തോറിയൻ ഇടത്തുട്ടുകാർ നാശമാക്കുന്നതിനെ കാണ്മാൻ ഇടയായി. ഇദ്ദേഹത്തിന്റെ പിൻഗാമിയായ സിമെയോൻ ദനഹാ വാഴ്ച ഏൽക്കുകയും മേലെഴുതിയ മാർ ഏലിയാ മെത്രാപ്പോലീത്താ വഴിയായി തന്റെ വിശ്വാസസത്യം റോമയിലേക്കു അയക്കുകയും അദ്ദേഹത്തിന്റെ വിശ്വാസസത്യത്തെ അംഗീകരിച്ചു അദ്ദേഹത്തിന്ന പാലിയം കൊടുക്കയും ചെയ്യപ്പെട്ടിട്ടുള്ളതായി ടി. പുറത്തിൽതന്നെ എഴുതിക്കാണുന്നു. ഇദ്ദേഹവും, നെസ്തോറിയൻകാരായ ഇടത്തുട്ടുകാരുടെ ഞെരുക്കത്താൽ തന്റെ സിംഹാസനം മാറ്റി സ്ഥാപിക്കയും ഏതാനും കത്തോലിക്കരുടെ ഇടയിൽ താൻ മരിക്കയും ചെയ്തുവെന്നും പൌലിനോസ് എന്ന കമ്മലീത്താ ചരിത്രക്കാരൻ പറഞ്ഞിരിക്കുന്നു- ഫ്രൻസ്സ് മകരം വ൨—൩൯- യിലെ ബൂള ഉണ്ടായിട്ടുള്ളതു ൦രം പാത്രിയക്കീസിന്റെ കാലത്തിലാണു. അതിനാൽ ടി. ബൂളയുടെ യഥാർത്ഥം മേലെഴുതിയ ചരിത്ര ലക്ഷ്യങ്ങൾകൊണ്ടു വായനക്കാർക്ക് വേണ്ടപോലെ ബോദ്ധ്യപ്പെട്ടിരിക്കുമെന്നു ഞാൻവിചാരിക്കുന്നു.

൬. ഇനി, ഫ്രൻസ്സ് മകരം വ൨—൩൯- വു-൦ ക്ലെമൻസ് മാപ്പാപ്പാ മലയാളപ്പള്ളിയെക്കുറിച്ചു കല്പിച്ചിട്ടുള്ള ബൂളയുടെ യഥാർത്ഥം ഗോവാ മെത്രാപ്പോലീത്താ ആ ബൂളയുടെ അധികാരപ്രകാരം മലയാളത്തിൽ നടത്തീട്ടുള്ള സംഗതികൾ കൊണ്ടും, വു-൦ ക്ലെമൻസ് മാപ്പാപ്പാ ടി. ബൂള കല്പിച്ചകാലത്തു കിഴക്കൻ ക്രമത്തേക്കുറിച്ചും പ്രത്യേകിച്ചു സുറിയാനി കൽദായക്രമങ്ങളെ പറ്റിയും അങ്കമാലിയുടെ മാർഅബ്രാഹം മെത്രാപ്പോലീത്തായെപ്പറ്റിയും കല്പിച്ചിട്ടുള്ളവകളെക്കൊണ്ടും, വായനക്കാർക്കു ഗ്രഹിക്കാവുന്നതാണു.

ഫ്രൻസ്സ് ൟശ്വരികം വ൨--൩൯- മെനസിസ് മെത്രാപ്പോലീത്താ ഗോവയുടെ മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കപ്പെട്ടകയും, ഫ്രൻസ്സ്-ൽ ഗോവയിൽ വന്നു ചേരുകയും ചെയ്തു. ഫ്രൻസ്സ് മകരം വ൫-൩൯-യും ഫ്രൻസ് മകരം വ൨-൩൯-യും അദ്ദേഹത്തിന്ന അങ്കമാലി ശ്രുതയിന്മേൽ കിട്ടിയ അധികാരപ്രകാരം ടി. ശ്രുതയുടെ മേൽപ്പട്ടക്കാരനായി ബാബേൽക്കാരനായ യാതൊരുത്തനേയും നിയമിക്കാ

ൻ പാട്ടള്ളതല്ലാ എന്നാകുന്നു. റോളൻ ഫ്രഞ്—ാം പുറത്തിൽ പുറ ഞ്ഞിരിക്കുന്നതു "ശെമയോൻ എന്ന മെത്രാന്റെ വികാരിജനറാളായ യാക്കോബ് കത്തനാരോടു അങ്കമാലി ശ്ലൂഹതയുടെ മെത്രാപ്പോലീത്തായ്ക്കു കിഴ വണങ്ങണമെന്നും തന്റെ വങ്കതിയിലുള്ള പള്ളികളെ അങ്കമാലി മെത്രാപ്പോലീത്തായുടെ ഭരണത്തിൽ ഉൾപ്പെടുത്തികൊടുക്കണമെന്നുമാണു," എങ്കിലും "അങ്കമാലി മെത്രാപ്പോലീത്തായ്ക്കു താൻ കീഴടങ്ങണമെന്നും അപഹരിച്ച അവകാശങ്ങളും മുൻകൂർ രാജിക്കെട്ടുത്ത പള്ളികളേയും കീഴടക്കികൊടുക്കണമെന്നു ക്രൂടക്രൂടെ മെനസീസ് മെത്രാപ്പോലീത്താ ഉപദേശിക്കാതിരുന്നില്ലാ." (Appendix 79)

അപ്പഴൊ, ഇടത്തുട്ടകാരനായ ഒരു മെത്രാൻ കീഴടങ്ങണമെന്നു ഒരു കത്തോലിക്കാ മെത്രാനു കല്പിക്കുവാൻ പാടുണ്ടൊ? ക്രിൻ-ാം കൊല്ലത്തിനുശേഷം അബ്രാഹം മെത്രാപ്പോലീത്താ ഒരു കത്തോലിക്കാമെത്രാൻ ആയിരുന്നതുകൊണ്ടല്ലയൊ മെനസീസ് മെത്രാപ്പോലീത്താ അപ്രകാരം കല്പിച്ചതു? അബ്രാഹം മെത്രാപ്പോലീത്തായെ വ—ാം ക്ലേമൻസ് മാപ്പാപ്പാ ഇടത്തുട്കാരനായി സ്വീകരിച്ചു് അങ്കമാലി ശ്ലൂഹതയുടെ ഭരണം ലത്തീൻ മേല്പട്ടക്കാരനെ ഏൽപ്പിച്ചതായികല്പനയുണ്ടായശേഷം മെനസീസ് മെത്രാപ്പോലീത്താ മേൽപ്രകാരം ചെയ്തതു തെറ്റല്ലയൊ? റോളന്റെ ചരിത്രം ഫ്രൻ—ാം പുറത്തിൽ "അബ്രാഹം മെത്രാൻ മരിച്ചു മൂന്നമാസം കഴിഞ്ഞശേഷം, അതായതു ക്രിൻ്റെ മേടമാസത്തോടുകൂടി അങ്കമാലി ശ്ലൂഹതയുടെ കൽദായക്കാരിൽ ഒരുവൻ ഗവർണ്ണരായും വികാരി അപ്പൊസ്തോലിക്കയെയും നിയമിക്കപ്പെട്ടു" എന്നും, ഫ്രൻ-ാം പുറങ്ങളിൽ "മെനസീസ് മെത്രാപ്പോലീത്താ ഭരം വത്തമാനം കേട്ടു മൂന്നമാസം കഴിഞ്ഞു റോമായിൽ തിരിച്ചു ചെന്നപ്പോൾ, ആലോചന സംഘം കൂടി ആലോചനകരം നടത്തുകയും, ആ ഗീവറുഗീസിനെത്തന്നെ ഗവർണരായും വികാരി അപ്പസ്തോലിക്കയായും നിശ്ചയിക്കുന്നതു നല്ലതെന്നു നിശ്ചയിച്ചു. ബാബേൽക്കാരിൽ ഗീവർഗീസിനെക്കാൾ നല്ല ആളുകരം ഇല്ലായിരുന്നു" എന്നും പറഞ്ഞിരിക്കുന്നു. (Appendix 80)

ക്രിൻ്റെ മകരം ൨൫-ാനു വ-ാം ക്ലേമൻസ് മാപ്പാപ്പാ കല്പിച്ച ബുള്ളയിൽ ബാബേൽക്കാർ എല്ലാം ഇടത്തുട്കാരാകുന്നു എന്നും അതിനാൽ അങ്കമാലി ശ്ലൂഹതയുടെ ലത്തീൻ മേല്പട്ടക്കാരനെ നിശ്ചയിക്കേണമെന്നും കൽപ്പിച്ചിരിക്കേ, അബ്രാഹം മെത്രാപ്പോലീത്തായുടെ ആക്കിടിയാകൊണ്ടു തന്നെ അങ്കമാലി ശ്ലൂഹതയുടെ മേൽപ്പട്ടക്കാരനായി നിയമിച്ചതു ഏതു അധികാരബലത്തിന്മേലാണു? ക്ലേവമെത്രാപ്പോലീത്തായും ക്രൂരും അങ്കമാലി ശ്ലൂഹതയുടെ മാർ അബ്രാഹം മെത്രാപ്പോലീത്തായും തന്റെ അതൃദ്ധീകരൻ ഗീവർഗീ-

ത്തനാരും നെസ്റ്റോറിയൻ ഇടത്തുട്ടുകാരാണെന്ന തീരുമാനിച്ചു വ-ാം ക്ലെമൻസ മാപ്പാപ്പായുടെ പക്കൽ ബോധിപ്പിക്കയും ലത്തീൻ മെ രുപ്പട്ടക്കാർ വേണമെന്ന മാപ്പാപ്പാ കൽപ്പിക്കയും ചെയ്തിരിക്കേ ആ കൽപ്പനയെ മെനസീസ മെത്രാപ്പോലീത്താ ഏതു വിധം നി റവേറി? ഉദയംപേരൂർ സൂനഹദോസിൽ വച്ചു മാത്രമെ ' ഗീവർഗീസ ആർച്ചുഡീക്കനും തോമാനസ്രാണികളും നെസ്റ്റോറിയൻ ഇടത്തുട്ട ഉപേക്ഷിക്കയും കത്തോലിക്കാ തിരുസഭയിൽ ചേരുകയും ചെയ്യാമെന്നും പോർത്തുഗീസ വൈദീക ചരിത്രക്കാർ പ്രസ്താപിച്ചിരിക്കേ, നെസ്റ്റോറിയൻ ഇടത്തുട്ടുകാരനായ ഒരുവനെ ഒരു കത്തോലിക്കാമെത്രാൻ, അങ്കമാലിരൂപതയുടെ മേൽപ്പട്ടക്കാരനായികൽപ്പിച്ചതെങ്ങിനെ? റോമന്റെ ചരിത്രം വന്ദ-ം വ൦-ം പുറങ്ങളിൽ ഗീവർഗീസ (ആർച്ചുഡീക്കൻ) അവസാനത്തിൽ ഒരു അന്യമെത്രാനെപ്പോലെ മാത്രം പ്രസംഗിക്കുന്നതിനും ആശീർവ്വദിക്കുന്നതിനും മെനസീസ മെത്രാപ്പോലീത്തായ്ക്കു അനുവദിക്കുന്നു എന്നും പട്ടത്തിന്റെ അധ്യായത്തിലെ മറ്റു പ്രവൃത്തികളെല്ലാം മടക്കുന്നു എന്നും ഒരു നിശ്ചയം മെത്രാപ്പോലീത്തായും ആർച്ചുഡീക്കനും കത്തനാരന്മാരും ഒപ്പിട്ടുകയും ചെയ്തു" എന്നും കാണുന്നു- (Appendix 81)

ഫ്രൻസ മകരം വ൨-ാ നു- വ-ാം ക്ലെമൻസ് മാപ്പാപ്പാ കൊടുത്ത അധികാരപ്രകാരം, മെനസീസ് മെത്രാപ്പോലീത്താ അങ്കമാലി രൂപതയിൽ പ്രവേശിച്ചതായിരുന്നു എങ്കിൽ മെനസീസ് മെത്രാപ്പോലീത്താ അങ്കമാലി രൂപതയിന്മേൽ യാതൊരു അധികാരവും അവകാശവും ഇല്ലാത്തവനെന്നു എഴുതി ഒപ്പിട്ടു കൊടുത്തതെങ്ങിനെ? മെനസീസ് മെത്രാപ്പോലീത്താ, യാതൊരു അധികാരത്തോടും അനുവാദത്തോടും കൂടിയല്ല അങ്കമാലി രൂപതയിൽ പ്രവേശിച്ചതെന്നും, ഗീവർഗ്ഗീസ് ആർച്ചുഡീക്കനും തോമാനസ്രാണികളും നെസ്റ്റോറിയൻ ഇടത്തുട്ടുകാരല്ലായിരുന്നു എന്നും തെളിയിപ്പാൻ ഒരു ഒരു പ്രവൃത്തി മതിയാകയില്ലയൊ?

വ. വ-ാം ക്ലെമൻസ് മാപ്പാപ്പാ ഫ്രൻസ മകരം വ൨-ാനു- അയച്ച ബുളയുടെ കാലത്തു അങ്കമാലി രൂപതയുടെ സ്ഥിതിയെപ്പറ്റി അറിവില്ലായിരുന്ന എന്നൊ ബാബേൽ പാത്രിയർക്കീസിനു അങ്കമാലി രൂപതയിന്മേലുള്ള അവകാശങ്ങളെ അറിയാതെ തിരുവെഴുത്തയച്ചെന്നൊ ഉന്നഹിപ്പാൻ തരമില്ല. എന്തെന്നാൽ കിഴക്കൻ ക്രമങ്ങളെപ്പറ്റി വ-ാം ക്ലെമൻസ് മാപ്പാപ്പാ തന്നെ അനേകം എഴുതുകയും ചെയ്തിട്ടുണ്ട്. അതിനാൽ തന്റെ മുൻഗാമികളായ മാപ്പാപ്പാമാർ ചെയ്തിട്ടുള്ള തിട്ടുകളേയും, കിഴക്കൻ പാത്രിയർക്കീസന്മാർക്കുള്ള അവകാശങ്ങളേയും നല്ലതിന്മണ്ണം പരിശോധിച്ചു അവയ്ക്കു ഭംഗം വരാതെ

യും, കിഴക്കൻ ക്രമക്കാരായ പാത്രിയക്കീസന്മാരുടെ അവകാശങ്ങളേയും അധികാരത്തെയും വിസ്തീർണ്ണപ്പെടുത്തി വന്നിരുന്നു. "അള്ളാത്തെസൂന്ത്" (Allatae sunt) എന്ന ക്രമ-ാം ബനദിക്തോസിന്റെ തിരുവെഴുത്തിൽ ക്രി-ാംപുറത്തിൽ, വ-ാം ക്ലെമൻസ് മാർപ്പാപ്പാതന്റെ നിയമം നമ്മ-ൊ-ൽ ലത്തീൻ രൂപതകളിൽ ഉണ്ടായിരിക്കുന്ന ഇത്താല്യ ഗ്രേക്ക് ക്രമക്കാക്കു തങ്ങളുടെ ഗ്രേക്ക് ക്രമപ്രകാരം പട്ടം കൊടുക്കുന്നതിനുവേണ്ടി ഗ്രേക്ക് മെത്രാനെ റോമയിൽ സ്ഥാപിച്ചു" എന്നുകാണുന്നു (Appendix 82)

ലത്തീൻ രൂപതകളിൽ പാർത്തിരുന്ന ഗ്രേക്ക് ക്രമക്കാക്കു, ഭരണം ക്രൂടാതെ, പട്ടം കൊടുക്കുന്നതിനു മാത്രം തങ്ങളുടെ ക്രമപ്രകാരമുള്ള മെത്രാനെ, വ-ാം ക്ലെമെൻസ് മാർപ്പാപ്പാ, ഏർപ്പെടുത്തിയെങ്കിൽ പൂർവ്വകാലം മുതൽ റോമാ മാർപ്പാപ്പാമാരുടെ അനുമതിയോടുകൂടി, കൽദായ പാത്രിയക്കീസിന്റെ അധീനതയിൽ ഇരുന്ന മലയാള കൽദായ രൂപതയും, ആ പാത്രിയക്കീസിന്റെ അവിവുക്രൂടാതെ, സ്വന്ത ക്രമത്തിനടുത്ത മെത്രാനെ മാറ്റി ഒരു ലത്തീൻ മെത്രാനെ ഏർപ്പെടുത്തുന്നതിനു ടി. മാർപ്പാപ്പ ഒരു തിരുവുള്ളത്തു അയച്ചു എന്നുള്ളതു ഉപഗ്രോചരം കൂടിയല്ല. ക്രമ-ാം ബനദിക്തോസിന്റെ ടി. ബൂള ടി ലക്കത്തിൽ തന്നെ വ-ാം ക്ലെമെൻസ് മാർപ്പാപ്പായുടെ നിയമം അനുസരിച്ചു പറഞ്ഞിരിക്കുന്നതാവിതു: "ചിലപ്പോൾ റോമയിൽ സഞ്ചരിക്കുന്ന മറോനീത്തരു, കോപ്ടി, മെൽക്കീത്തി മുതലായ കത്തോലിക്കാ മെത്രാന്മാർ, തങ്ങളുടെ ജാതിക്കാരായി അവിടെ ഉണ്ടായിരിക്കുന്നവരെ ഭാഗ്യരായി കണ്ടെത്തിയാൽ തങ്ങളുടെ ക്രമപ്രകാരം അവക്കു പട്ടം കൊടുക്കുന്നതിനുള്ള അധികാരം മൂക്കരുതെന്നു കല്പിക്കുന്നു" (Appendix 83) ഇതിൽ നിന്നും അതാതു ക്രമത്തിനടുത്ത ആളുകൾക്കു പരദേശത്തിലിരുന്നാലും പാട്ടുണ്ടെങ്കിൽ അതാതു ക്രമക്കാരായ മെത്രാന്മാർ പട്ടം കൊടുക്കണമെന്നു വ-ാം ക്ലെമെൻസ് മാർപ്പാപ്പാ കല്പിച്ചു എങ്കിൽ, മലയാള കൽദായ പള്ളിക്കു സ്വതേയുള്ള കൽദായ മെത്രാന്മാരെ മാറ്റി ലത്തീൻ മെത്രാനെ അക്കുന്നതിനു വ-ാം ക്ലെമെൻസ് മാർപ്പാപ്പാ കല്പിച്ചതായി ഉഹിക്കാമൊ? "അള്ളാത്തെസൂന്ത്" (Allatae sunt) എന്ന തിരുവെഴുത്തിൽ ക്രമ-ാം ലക്കത്തിൽ ഒ-ാം പൌലോസ് മാർപ്പാപ്പാ വ-ാം ക്ലെമെൻസ് മാർപ്പാപ്പായുടെ നിയമത്തെ സ്ഥിരപ്പെടുത്തി ഇപ്രകാരം പറഞ്ഞിരിക്കുന്നതായി കാണുന്നു. "(കിഴക്കൻ ക്രമം മാറുന്നതിനു) റോമാപ്പള്ളിയുടെ ലാക്കും, ബോധവും, മനസ്സും ഉണ്ടായിട്ടില്ല. ഉണ്ടായിരുന്നില്ല. ഇപ്രകാരം പറവാനൊ, വിചാരിപ്പാനൊ, പാടുണ്ടായിട്ടില്ല. പാടാകുന്നുമില്ല." (Appendix 84) ടി തിരുവെഴുത്തു ക്രന്നാം ലക്കത്തിൽ "ഒന്നാമതു പൊതുവായി നിയമിക്കേണ്ടതായി നിശ്ചയിക്കുന്നതു.

(ക്രമം സംബന്ധിച്ചു) യാതൊന്നും പുത്തനാക്കുന്നതിനൊ, പൂർണ്ണമായതും സൂക്ഷ്മമായതുമായ അവകളുടെ കാര്യത്തിനെ കുറയ്ക്കുന്നതായ യാതൊന്നും ഉൾപ്രവേശിപ്പിക്കുന്നതിനൊ ഏതുനാമക്കാരനായാലും വേഷക്കാരനായാലും ഹേതു അധികാരത്താലെയൊ പാതിയക്കീസിനടുത്തതൊ, മെത്രാനടുത്തതൊ, അധികാരമുള്ള ആളായിരുന്നാലും യാതൊരുത്തനും അനുവദിക്കപ്പെട്ടിട്ടില്ല. അനുവദിക്കപ്പെട്ടുന്നില്ല.....കിഴക്കിൽ സ്വന്ത കത്തോലിക്കാ മെത്രാന്മാരുടേയും മെത്രാപ്പോലീത്താമാരുടേയും പാതിയക്കീസന്മാരുടേയും കീഴ് നിവസിക്കുന്ന ഗ്രീക്കുകാരുടേയും ശുദ്ധ: സിംഹാസനത്താൽ ഉറപ്പിക്കപ്പെട്ടതൊ സമ്മതിക്കപ്പെട്ടതൊ ആയ ഏതു ക്രമക്കാരായ മാറു ജാതി ക്രിസ്ത്യാനികളുടേയും പ്രമാണം വഴിയായിട്ടൊ നടപ്പു വഴിയായിട്ടൊ, അല്ലെങ്കിൽ മറ്റേതുവിധത്തിൽ ന്യായമായി പ്രാപിച്ചിരിക്കുന്നതൊ അല്ലെങ്കിൽ ശ്ലീഹായുടെ സിംഹാസനം വഴിയായിട്ടൊ, പൊതു സുന്നഹദോസൊ, അംശസുന്നഹദോസൊ വഴിയായൊ അല്ലെങ്കിൽ ശുദ്ധ: റോമാപ്പള്ളിയുടെ നമ്മുടെ വന്യ സഹോദര കർമ്മിനാം സംഘം ഗ്രേക്ക് അല്ലെങ്കിൽ കിഴക്കൻ ക്രമം സംബന്ധിച്ചു തീർമ്മാനിച്ചിരിക്കുന്ന നിയമങ്ങൾ വഴിയായിട്ടൊ ന്യായമായി പ്രാപിച്ചിരിക്കുന്ന ഏതേതു അർഹതകൾ സംബന്ധിച്ചു യാതൊരു പ്രകാരത്തിൽ നീക്കവിധിയായും നീക്കം വന്നിട്ടുള്ളതായും ഞാൻ കാണുന്നില്ല. (Appeñdix 85)

മേൽപറഞ്ഞ വ-ാം ക്ലെമൻസ് മാപ്പ്വാപ്പായുടേയും അദ്ദേഹത്തിന്റെ പിൻഗാമികളായ മാപ്പ്വാപ്പാമാരുടേയും നിയമങ്ങൾ കൊണ്ടു കത്തോലിക്കാ ഐക്യതയിൽ നില്ക്കുന്ന പാതിയക്കീസന്മാരുടെ അർഹതകൾ നീക്കപ്പെട്ടുകയൊ കിഴക്കൻ ക്രമങ്ങൾ മാറ്റപ്പെട്ടുകയൊ ചെയ്യാൻ പാടില്ലന്നു വ്യക്തമാകുന്നുണ്ടല്ലൊ. അബ്രാഹം മെത്രാൻ നെസ്തോറിയൻ ഇടത്തുട്ടുകാരനാണെന്നു ചില പോർത്തുഗീസ് വൈദീകർ മാപ്പ്വാപ്പായെ ബോധിപ്പിച്ചിട്ടുള്ളതല്ലാതെ, അദ്ദേഹം നെസ്തോറിയൻ ഇടത്തുട്ടുകാരനാണെന്നു മാപ്പ്വാപ്പാ തീർച്ചപ്പെടുത്തീട്ടില്ല. അല്ലെങ്കിൽ അന്യകാരം തീർച്ചപ്പെടുത്തപ്പെട്ടിട്ടുള്ളതായി പോർത്തുഗീസ് വൈദീകർ ഏതെങ്കിലും രേഖ കാണിക്കട്ടെ. എന്നാൽ അബ്രാഹം മെത്രാൻ കത്തോലിക്കാ വിശ്വാസത്തിൽ സ്ഥിരമായിനിന്നു മരിച്ചു എന്നു വ-ാം ക്ലെമൻസ് മാപ്പ്വാപ്പായുടെ തിരുവെഴുത്തുകൊണ്ടുതന്നെ തെളിയിക്കാം. ബുള്ളാറിയം പത്രോനാത്തൂസ് ഫ-ാം പുസ്തകം വന്യ-ാം പുറത്തിൽ, "കിഴക്കെ ഇന്ത്യയുടെ ഭാഗങ്ങളിൽ കൊച്ചി എന്ന കാവ്യരാജാവിന്റെ അധികാരത്തിൽ പെട്ടതും, ധനാവകാശം ഇല്ലാത്തതും പണ്ടു അങ്കമാലി രൂപതയുടെ മെത്രാപ്പോലീത്താ ആയിരുന്ന" റോമാകച്ചേരിക്കു പുറമെ മരിച്ചുപോയിരിക്കയും ചെയ്തിരിക്കുന്ന നല്ല ഓമ്മയുടെ മാർ അബ്രാഹത്തിന്റെ മരണം നിമി

ത്തം ഇടയന്റെ ആശ്വാസമില്ലാതിരിക്കുന്ന അങ്കമാലിപ്പള്ളിയിൽ ൧൮൭൦-ാം കാലം" (Appendix 86)

റോമാ കത്തോലിക്കാ പുറമെ മരിച്ചിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതിന്റെ സാരം എന്താണു? അതു മറ്റൊന്നുമല്ല. കിഴക്കൻ ക്രമക്കാരായ പാതിയക്കീസന്മാരുടെ അധികാരത്തിൽ ഉൾപ്പെട്ട നടക്കയും അവരുടെ കത്തോലിക്കരിൽ നിന്നു കീഴുള്ള അധികാരങ്ങൾ നടത്തപ്പെട്ടുകയും ചെയ്യുന്നതുകൊണ്ടും പടിഞ്ഞാറൻ ക്രമക്കാരായ ലത്തീൻ മെത്രാന്മാരുടെ ഭരണം മുഴുവനും നേരിട്ടു മാപ്പാപ്പായും തന്റെ കത്തോലിക്കരിയും നടത്തുന്നതുകൊണ്ടും "റോമാകത്തോലിക്കാ പുറമെ" അതായതു ബാബേൽ പാതിയക്കീസിന്റെ അധികാരത്തിൽ മരിച്ചിരിക്കുന്നു എന്നു കാണിക്കുന്നു. ബാബേൽ പാതിയക്കീസ് റോമൻകത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ട ആളുകളെന്നുള്ള ഇതിൽനിന്നും വേണ്ടപോലെ വെളിവാകുന്നുണ്ടല്ലൊ. "നല്ല ഓമ്മയുടെ മാർ അബ്രാഹത്തിന്റെ മരണം വഴിയായിട്ടു ഇടയനറ്റുത്ത ആശ്വാസമില്ലാതിരിക്കുന്ന അങ്കമാലിപ്പള്ളി" എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു ആ പള്ളിക്കു തൽക്കാലത്തേക്കു മെത്രാനില്ലാത്തതിൽ ദുഃഖിക്കുന്നു എന്നു കാണിക്കുന്നു. റോമാ മാപ്പാപ്പായുടെ ആജ്ഞയിൽ ഉൾപ്പെടാത്ത ഇടത്തുട്ടുപള്ളി ആയിരുന്നു എങ്കിൽ മാപ്പാപ്പാ അതിന്റെ ദുഃഖത്തിൽ അനുതപിക്കാൻ ഇടയില്ല. "നല്ല ഓമ്മയുടെ മാർ അബ്രാഹത്തിന്റെ മരണം വഴിയായിട്ടു" എന്നെഴുതിയിട്ടുള്ളതിൽ നിന്നും അബ്രാഹം മെത്രാൻ റോമൻ കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ട ഒരു നല്ല മെത്രാനായിരുന്നു എന്നു വേണ്ടുംവണ്ണം തെളിയിക്കുന്നു. എന്നാൽ "നല്ല ഓമ്മ" എന്നു് ഉപചാരവാക്കായി എല്ലാമതക്കാരായ മെത്രാന്മാർക്കും റോമാ മാപ്പാപ്പാമാർ ഉപയോഗപ്പെടുത്താറുണ്ടെന്നു ചിലർ ആക്ഷേപിക്കുന്നുണ്ടു. ഇടത്തുടിൽ മരിച്ച ഒരു മെത്രാനെപ്പറ്റി "നല്ല ഓമ്മ" എന്ന ഉപചാരവാക്കോടുകൂടി മാർപ്പാപ്പാമാർ എഴുതിയിട്ടുള്ള ഏതെങ്കിലും ഒരു ലക്ഷ്യം കാണിക്കാമൊ? പ്രസ്തുത ഇടത്തുടിൽ മരിച്ച മെത്രാന്മാരെപ്പറ്റി, "നിർഭോഗ്യ" മെന്നും, "ശപിക്കപ്പെട്ട" വനെന്നും മറും വാചകങ്ങളും ചേർത്തുള്ള ലക്ഷ്യങ്ങളും ധാരാളം കാണിക്കാവുന്നതാണു. അതുപോലെ തന്നെ, ജീവിച്ചിരിക്കുന്ന ഇടത്തുട്ട മെത്രാന്മാർക്കും രാജാക്കന്മാർക്കും കാര്യ രാജാക്കന്മാർക്കും, കത്തോലിക്കാ മെത്രാന്മാർക്കും രാജാക്കന്മാർക്കും റോമാ മാപ്പാപ്പാമാർ എഴുത്തുകൾ എഴുതുമ്പോൾ അവരവരുടെ മതാനുസരണം വാചകങ്ങൾ എഴുതുക പതിവാണു. അബ്രാഹംമെത്രാൻ ഇടത്തുട്ടുകാരനാകുന്നു എന്നു ഉറപ്പിക്കുന്നതിനു "നല്ല ഓമ്മ" എന്ന വാചകം റോമാ മാർപ്പാപ്പാമാർ സഭയെ സംബന്ധിച്ചു നല്ല ഓമ്മക്കു യോഗ്യർല്ലാത്ത ഇടത്തുട്ട റോമത്രാന്മാർക്കും ഉപചാരവാക്കാ

യി ഉപയോഗിപ്പാനുണ്ടെന്നു പോർത്തുഗീസ് വൈദീകർ പറയുന്നു. എന്നാൽ അവർ അതിനു ലക്ഷ്യം കാണിക്കേണ്ടതാണു- ഉദിയമ്പേ രൂർ സൂനഹദോസ് കഴിഞ്ഞു ഒരു കൊല്ലം കഴിഞ്ഞശേഷം അങ്കമാലി രൂപതയ്ക്കു മെത്രാൻ ഇല്ലാതിരുന്ന കാലത്തു ടി രൂപതയ്ക്കു ധനാവകാശം കൊടുപ്പാൻ പോർട്ടുഗൽ രാജാവിനു വ-ാം ക്ലെമെൻസ് മാപ്പാപ്പാ അയച്ച എഴുത്തിൽ ആകുന്ന പ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു. അങ്കമാലി രൂപതയെ ബാബേൽ പാത്രിയക്കീസന്മാരുടെ അധികാരത്തിൽ നിന്നു നീക്കി ഗോവ മെത്രാപ്പോലീത്തായുടെ അധികാരത്തിലുൾപ്പെട്ടതാണെന്നുള്ള പോർത്തുഗീസ് വൈദീകരുടെ അപേക്ഷയ്ക്കു ആ രൂപതയ്ക്കു പോർത്തുഗൽ രാജാവിന്റെ ധനസഹായം വേണമെന്നു മാപ്പാപ്പാ കാത്തിരുന്നു. മേലെഴുതിയവകൊണ്ടു അങ്കമാലി രൂപതയെ ഭരിച്ചിരുന്ന മാർ അബ്രാഹം മെത്രാൻ നെസ്തോറിയൻ ഇടത്തുടുകാരനാണെന്നു വ-ാം ക്ലെമെൻസ് മാർപ്പാപ്പാ ഒരിക്കലും തീർമാനിച്ചിട്ടില്ല. അതിനാൽ ഫ്രൈ-മകരം വ്രഹാന്തയിലെ ബൂളയുടെ കാര്യാർത്ഥയഥാർത്ഥം വായനക്കാർക്കു നല്ലതിനണ്ണം ബോദ്ധ്യമാകുമെന്നു വിശ്വസിക്കുന്നു.

ൻ. ടി ബൂള എഴുതിയ കാലത്തു ആ ബൂളയിൽ പറഞ്ഞിരിക്കുന്നപോലെ ബാബേൽ പാത്രിയക്കീസന്മാർ നെസ്തോറിയൻ ഇടത്തുടിന്റെ പുരോപദേശികരും എന്നു എഴുതീട്ടുള്ളതു ഒരിക്കലും വ-ാം ക്ലേമെൻസു മാപ്പാപ്പാ എഴുതീട്ടുള്ളതല്ല- അതു ഒരു വാക്കുകൊണ്ടു മാത്രം ആ ബൂളയുടെ യഥാർത്ഥം വായനക്കാർക്കു തീർച്ചപ്പെടുത്താവുന്നതാണു. എന്തെന്നാൽ ഫ്രൈവ-ൽ ന-ാം ജൂലിയാസു മാപ്പാപ്പായും അദ്ദേഹത്തിന്റെ പിൻഗാമികളായ ർ-ാം പിയുസു ഫ്രൈ--ാം ഗ്രിഗോറിയൂസു ംരം മാപ്പാപ്പാമാരും അവരുടെ കാലത്തു ബാബേൽ പാത്രിയക്കീസന്മാർക്കു ഇന്ത്യായുടെ മേലുള്ള അധികാരം ഉറപ്പുവരുത്തിക്കൊടുത്തിട്ടുണ്ടു എന്നാൽ അക്കാലങ്ങളിൽ ബാബേലിൽ നെസ്തോറിയൻ ഇടത്തുടിൽ നിന്നിരുന്ന ഏതാനും ജനങ്ങൾമാത്രമെ റോമാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നൊള്ളു. എന്നാൽ വ-ാം ക്ലേമെൻസു മാപ്പാപ്പായുടെ കാലത്തു കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ട രണ്ടുപാത്രിയക്കീസന്മാർ തന്നെ ഉണ്ടായിരുന്നു. മുമ്പിലത്തേതിനെക്കാൾ ഒട്ടു വളരെ ജനവും കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നു. കിഴക്കൻ പാത്രിയക്കീസന്മാരുടെ അധികാരത്തെ വർദ്ധിപ്പിക്കുന്നതിനു വ-ാം ക്ലെമെൻസു മാപ്പാപ്പാ പല ഏർപ്പാടുകളും ചെയ്തിട്ടുണ്ടു. ആ സ്ഥിതിക്കു ഫ്രൈൻ മകരം വ്രഹ-ാന്ത- വ-ാം ക്ലേമെൻസു മാപ്പാപ്പാ എഴുതിയ മൂളയിൽ ബാബേലിലെ പാത്രിയക്കീസന്മാർ നെസ്തോറിയൻ ഇടത്തുടിന്റെ പുരോപദേശികരും ആകുന്നു എന്നു എഴുതീട്ടുണ്ടെന്നുള്ളതു തീരെ കള്ളവാക്കാകുന്നു.

കിഴക്കൻ ക്രമങ്ങളെപ്പറ്റിയും, കിഴക്കൻ പാത്രിയക്കീസന്മാരുടെ അധികാരത്തെപ്പറ്റിയും തിരുസഭ നിശ്ചയിച്ചിട്ടുള്ള കാനോനാ നിയമങ്ങളെ സാധാരണയായി മാറാറില്ല. തക്കതായ ദോഷങ്ങൾ നേരിട്ടാൽ മാത്രമെ ആവശ്യമുള്ള മാറ്റങ്ങൾ ചെയ്യാൻ നിർബന്ധിക്കപ്പെടാറുള്ളൂ. വലിയ ഗ്രിഗോറിയൂസ് എന്ന മാർപ്പാപ്പാ "ഏകവിശ്വാസത്തിൽ വിരുദ്ധമായ നടപടി വിരോധിക്കപ്പെട്ടിട്ടില്ല" എന്നു പറഞ്ഞിട്ടുണ്ട്. (Appendix 87) ഉരം മൂലപ്രമാണം അതായതു വിശ്വാസകാര്യങ്ങളിൽ തിരുസഭയുടെ തലവനായിരിക്കുന്ന റോമാമാർപ്പാപ്പായുടെ ഉപദേശത്തിനു വിരുദ്ധമായിരിക്കുമെങ്കിൽ കർമ്മങ്ങളും സംബന്ധിച്ചും നടപടികളും സംബന്ധിച്ചും കിഴക്കൻ ക്രമക്കാരായ പാത്രിയക്കീസന്മാരുടെ അധികാരങ്ങൾക്കും ചട്ടങ്ങൾക്കും യാതൊരു വിരോധവുമില്ല. ടി മൂലപ്രമാണംതന്നെ അനുസരിച്ചുകൊണ്ടു ബന്ദിക്കോസ മാർപ്പാപ്പായുടെ (Allatae sunt) 'അള്ളാത്തെസുന്ത' എന്ന തിരുവെഴുത്തിൽകാണുന്നപോലെ റോമാമാർപ്പാപ്പാമാർ ഒക്കെയും നിയമങ്ങളുണ്ടാക്കിയിട്ടുണ്ടു. അതുകൊണ്ടു ഫ്രഃ—ാം ബന്ദിക്തോസ മാർപ്പാപ്പായുടെ ടി നിയമംകൊണ്ടു അതേവരെയും മലയാളപ്പള്ളിയിന്മേൽ കൽദായ പാത്രിയക്കീസിനുള്ള അധികാരം റോമാപ്പള്ളിയുടെ നീതിയായ നിയമാനുസരണം മാറപ്പെട്ടിട്ടില്ലാ.

ഫ്രഃ. ഇനി ഇതിന്റെ സ്ഥിരമായതെളിവിലേക്കു ഫ്രഃ-ാംശ്രീ ഗോറിയസ മാർപ്പാപ്പാ ക്രമ്മ ഒരുശ്ലികത്തിൽ Neminem profecto latere)"നേമിനെ പ്രൊഫെക്തൊ ളത്തെരെ"എന്നു തുടങ്ങുന്നപ്രൊപ്പുശാന്തതിരുസംഘംവഴിയായി അയച്ചുഎഴുത്തുകൊണ്ടു ബാബേൽ പാത്രിയക്കീസിന്റെ അധികാരം അക്കാലംവരെ റോമാമാർപ്പാപ്പാമാർ നീക്കീട്ടില്ലന്നുകാണുന്നു. എന്തെന്നാൽ ഇന്ത്യാരാജ്യത്തിൽ ചിലസ്ഥലങ്ങളിൽ പ്രാചീനക്രമക്കാരായ പ്രത്യേകം സുറിയാനി കൽദായ ക്രമക്കാർ ഉണ്ടു. അതുകൊണ്ടു മിഷ്ണറിമാർ കത്തോലിക്കരിൽ ഇവരോടു എപ്രകാരം പെരുമാറണമെന്നു ഫ്രൊഫ. കക്കടം ഡൻ-ാനു- മഹാ മേൽപ്പട്ടക്കാരനായ ഫ്രഃ-ാം ബന്ദിക്തോസ(Allatae sunt)"അള്ളാത്തെസുന്ത"എന്നു തുടങ്ങുന്ന എഴുത്തുംബോധജ്ഞാനമായ നിയമംപൂർണ്ണമായിആറ'ർ അനുസരിക്കണം എന്നു ആ എഴുത്തിൽ കാണുന്നു. (Appendix 88) ഇന്ത്യയിൽ കിഴക്കൻ ക്രമക്കാരായ സുറിയാനിക്കാർ ഉണ്ടെന്നും അവരോടു വർത്തിൻ വൈദികർ എപ്രകാരം പ്രവർത്തിക്കണമെന്നും ഫ്രഃ—ാം ബന്ദിക്തോസിന്റെ(Allatae sunt)'അള്ളാത്തെസുന്ത', എന്ന തിരുവെഴുത്തിൽ മേൽ കാണിച്ചിരിക്കുന്നപോലെ വിശ്വാസകാര്യങ്ങളും സംബന്ധിച്ചു കിഴക്കേ പാത്രിയക്കീസന്മാരുടെ കീഴുള്ളവരിൽ ഉണ്ടായിരിക്കുന്ന തെറ്റുകളും മാത്രം മാറണമെന്നും കിഴക്കൻ ക്രമങ്ങളിൽ യാതൊന്നും മാറ്റിക്കൂടാ എന്നും കിഴക്കൻ പാത്രിയക്കീസന്മാരുടെ അധികാരങ്ങളും

ന്യൂനതപ്പെട്ടത്തിക്കുടന്നും പുരാതനമായുള്ള തിരുസഭയുടെ നിയമമാ
ണെന്നും മാർപ്പാപ്പാമാരുടെ ഭേദംവരാത്ത തീർമ്മാനങ്ങൾ ആകുന്ന
എന്നും വിശദീകരിക്കുന്നു. അപ്രകാരമുള്ള ബൂളയെ അനുസരിക്കണ
മെന്നാണ് ഫ്രഞ്—ാം ഗ്രിഗോറിയൂസ് മാർപ്പാപ്പാ കൽപ്പിക്കുന്നതു. അ
യതിനാൽ ഫ്രഞ്—ാം ഗ്രിഗോറിയൂസ മാർപ്പാപ്പായുടെ കാലംവരെയും
ഉള്ള മാർപ്പാപ്പാമാരുടെ നിയമങ്ങൾകൊണ്ടു മലയാളപ്പള്ളി അനുസ
രിച്ചുവന്ന കിഴക്കൻ ക്രമങ്ങളും ബാബേൽ പാത്രിയക്കീസിന്റെ അ
ധികാരവും, നീങ്ങിപ്പോയിട്ടില്ലെന്നു വ്യക്തമാകുന്നു. ആകയാൽ ഉദ്ദി
യമ്പേത്തർ സുനഹദോസിന്റെ നിയമങ്ങളെ തിരുസഭ അംഗീകരി
ച്ചിട്ടില്ല. എന്തെന്നാൽ പ്രസ്തുത സുനഹദോസ് തിരുസഭയുടെ നി
യമങ്ങൾക്കു വിരോധമായിട്ടുള്ളതായിരുന്നു. ഫ്ര—ാം ബനഡിക്തോസ്
മാർപ്പാപ്പായുടെ 'അള്ളാത്തെസുന്ത്', (Allatae sunt)എന്ന തിരുവെ
ഴുത്തിൽ ഫ്രഞ്—ാം പുറത്തിൽപറയുന്നതുപോലെ 'പുതിയ കല്പനാരി
പൂവീകത്തിനോടു സാമ്യപ്പെട്ടതു എങ്കിൽ,നാം കൈക്കൊള്ളും"എന്ന
വ—ാം ക്ലെമൻസ് മാർപ്പാപ്പാ പറഞ്ഞിരിക്കുന്നു (Appendix 89) ഉ
ദിയമ്പേത്തർ സുനഹദോസിൽ കിഴക്കൻ ക്രമപ്രകാരം ഉള്ള കുർ
ബ്ബാനക്രമം കല്പനാരി മുഴുവനും മാറുകയും മറ്റു വളരെ ക്രമങ്ങൾ
മാറിയിരിക്കയും ചെയ്തയാൽ, വ—ാം ക്ലേമൻസ് മാർപ്പാപ്പായെ
അദ്ദേഹത്തിന്റെ പിൻഗാമികളും, അവയെ ഒരിക്കലും ഉറപ്പിക്കാ
ൻ പാടില്ലാത്തതാകുന്നു. ഒരു കാരണങ്ങളാൽ ഉദിയമ്പേത്തർ സു
നഹദോസിന്റെ കാലംമുതൽ ഏതൽക്കാലപര്യന്തം ബാബേൽപാ
ത്രിയക്കീസന്മാർ തങ്ങൾക്കുള്ള പൂർണ്ണാധികാരപ്രകാരം ഇടയ്ക്കിടയ്ക്കു
ൽകായ മെത്രാന്മാരെ അയച്ചു വന്നിരുന്നു. റോളൻ ഫ്രഞ്—ാം പുറ
ത്തിൽ "എങ്കിലും അവരോടു ആലോചിക്കാതെയും നെസ്തോറിയൻ
പാത്രിയക്കീസന്മാർ എല്ലായ്പോഴും വിരോധിച്ചിരുന്നാലും .....
... അവർ പ്രയോജനം കൂടാതെ വിരോധിച്ചിരുന്നാലും, ലത്തീൻകാ
ർ തുടച്ചയായും വിടാതെയും ഫ്രഞ്ചു വരെ ആ പള്ളിയെ ഭരിച്ചു"
എന്നു കാണുന്നു. (Appendix 90) അതായു ബാബേൽ പാത്രിയ
ക്കീസന്മാർ എത്ര തന്നെ ന്യായംപറഞ്ഞിട്ടും പോർട്ടുഗീസ് വൈദീകർ
തങ്ങളുടെ തന്ത്രോപായങ്ങളാൽ ബാബേൽ പാത്രിയക്കീസന്മാരു
ടെ അധികാരത്തെ തടുത്തും റോമാ മാർപ്പാപ്പാമാരെ വഞ്ചിച്ചും മല
യാളപ്പള്ളിയുടെ ഭരണം കൈക്കലാക്കി എന്നാകുന്നു താൽപ്പര്യം. ഇ
തുവരെ എടുത്തു പ്രസ്താവിച്ചിട്ടുള്ള തെളിവുകൾ വ—ാം ക്ലേമൻസ് മാർ
പ്പാപ്പായുടെ ബൂളയുടെ യഥാർത്ഥത്തെ വേണ്ടപോലെ വായനക്കാ
ർക്കു വ്യക്തീകരിച്ചിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

ഫ്ര. കിഴക്കൻ ക്രമങ്ങളെ മാറുവാൻ പാടില്ലെന്നും പാത്രിയ
ക്കീസന്മാരുടെ അധികാരങ്ങൾക്കു ന്യൂനത വരുത്തുവാൻ പാടില്ലെന്നും

ക്രമം—വൃശ്ചികം 20-ാനു പതിമ്മൂന്നാം ലെയോൻ മാർപ്പാപ്പാ എഴുതീട്ടുള്ള തിരുവെഴുത്തു കൊണ്ടു, ക്രമം—മകരം—ക്ര-ാനു വ്യാം ക്ലെമെൻസ് മാർപ്പാപ്പാ പുറപ്പെടുവിച്ചതായി പറയുന്ന ബൂളയുടെ വഞ്ചകത്വത്തെ ഒന്നു കൂടി വെളിപ്പെടുത്തി പ്രസ്തുത വാദത്തെ അവസാനിപ്പിക്കാം. ലെയോൻ മാർപ്പാപ്പാ തന്റെ തിരുവെഴുത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"അംമേനി പട്ടക്കാരനൊ, സന്യാസിയൊ ആയ ഏതെങ്കിലും ലത്തീൻ മിഷ്യനറി ഏതെങ്കിലും ഒരു കിഴക്കൻ റീത്തുകാരനെ ആലോചന കൊണ്ടൊ സഹായം കൊണ്ടൊ, ലത്തീൻ റീത്തിലേക്കു വശീകരിക്കുന്നതായാൽ, ആ ഏക പ്രവൃത്തി കൊണ്ടുതന്നെ അയാൾ കമ്മാനുഷ്ഠാനങ്ങളിൽ നിന്നുള്ള അംശം മടക്കിൽ വീഴുകയും, "ദൈമന്താത്താം" എന്നു മേല്പറഞ്ഞ തിരുവെഴുത്താൽ വിധിക്കപ്പെട്ടിട്ടുള്ള മാരു ശിക്ഷകൾക്കു പാത്രീഭവിക്കയും ചെയ്യുന്നു ഉടനടയാതെ, തന്റെ ഉദ്യോഗത്തിൽ നിന്നു തള്ളപ്പെടുകയും, നീക്കപ്പെടുകയും ചെയ്യുന്നതാകുന്നു. ഒരു നിയമം വ്യക്തവും സ്ഥിരവും ആയിരിക്കേണ്ടതിനുവേണ്ടി ലത്തീൻ പള്ളികളിലും ഇതു പ്രസിദ്ധം ചെയ്യണമെന്നു നാം ആജ്ഞാപിക്കുന്നു" (Appendix 91) അതിനാൽ കിഴക്കൻ ക്രമക്കാരെ പടിഞ്ഞാറൻ ക്രമമായ ലത്തീൻ ക്രമത്തിൽ ചേർക്കുന്നതിനു ലത്തീൻ ക്രമക്കാർക്കു പാടില്ലാത്തതാകുന്നു. അങ്ങനെ ചേർക്കുന്നവന്റെ അംശം മടക്കപ്പെട്ടും. കിഴക്കൻ ക്രമങ്ങളെ മാറ്റുന്ന സംഗതിയെപ്പറ്റി മാർപ്പാപ്പാമാർ അത്ര ഗൌരവമായി കല്പിച്ചിരിക്കുന്നു. എന്നാൽ ക്ര-ാം ലെയോൻ മാർപ്പാപ്പായുടെ കല്പന പുതിയതായിട്ടുള്ള ഒരു നിയമമല്ല. പിന്നെയൊ, ആ തിരുവെഴുത്തിൽ തന്നെ പറഞ്ഞിട്ടുള്ളപോലെ ക്ര-ാം ബനഡിക്തൊസ് മാർപ്പാപ്പാ ക്രമം വ-ാനു "ദൈമന്താത്താം" എന്ന തിരുവെഴുത്തിൽ കല്പിച്ചിട്ടുള്ളതിനെ അല്പമാത്രം പിൻതാങ്ങുക മാത്രമാണുചെയ്തിട്ടുള്ളതു. എന്നാൽ ക്ര-ാം ബനഡിക്തൊസ് മാർപ്പാപ്പാ "ദൈമന്താത്താം" എന്ന തിരുവെഴുത്തു വഴിയായും "അള്ളാത്തെസ്സന്ത" എന്ന തിരുവെഴുത്തു വഴിയായും കിഴക്കൻ ക്രമങ്ങളെ മാറ്റുകയൊ, കിഴക്കൻ പാത്രിയക്കീസന്മാരുടെ അധികാരത്തെ ന്യൂനപ്പെടുത്തുകയൊ ചെയ്യുന്നതു മാർപ്പാപ്പാമാരുടെ പുരാതന നിബന്ധനകൾക്കും കത്തോലിക്കാ തിരുസ്സഭയുടെ പൊതു നിയമങ്ങൾക്കും വിരോധമായിട്ടുള്ളതാണന്നു സ്ഥാപിച്ചിട്ടുണ്ടു. മേൽപറഞ്ഞ നിയമങ്ങളെ ലത്തീൻകാർ ഏതുവിധം അനുഷ്ഠാനം ചെയ്തു വന്നിരിക്കുന്നു എന്നു ചരിത്രം തെളിയിക്കുന്നുണ്ടു. മലയാളത്തിൽ വന്നിട്ടുള്ള പോർട്ടുഗീസ് വൈദീകരും മറ്റംശൊ സഭക്കാരായ സന്യാസികളും, കർമ്മലീത്താ സന്യാസികളും മറ്റുള്ളവരും തോമാനസ്രാണികളുടെ കൽദായ ക്രമത്തെ ത്രുണ്യമാക്കിയതു പരസ്യമായ സംഗതിയാണല്ലൊ. കൽദായ ക്രമം മാറ്റിയതിനു റോമാ മാർപ്പാപ്പാമാരുടെ അനുമതിയുണ്ടെന്നു തെളിയി

പ്പാൻ ടി. ലത്തീൻ വൈദീകർ ശക്തരാകുമോ എന്നു ഞാൻ സംശയിക്കുന്നു. കൽദായ ക്രമം മാറിയതിനും പുറമെ തോമാ നസ്രാണികളിൽ വളരെ പേരേയും അവരുടെ പല പള്ളികളേയും, ലത്തീൻ ജനങ്ങളായും ലത്തീൻ പള്ളികളായും ആക്കി തീർത്തിട്ടുണ്ട്. കൊച്ചി, മട്ടാഞ്ചേരി, ചേരം പള്ളികളും സുറിയാനി പള്ളികളും ആയിരുന്നു എന്നും, ജനങ്ങളും സുറിയാനി ജനങ്ങളും ആയിരുന്നു എന്നും, കൊച്ചി, സുറിയാനി മെത്രാന്റെ ഇരിപ്പിടം ആയിരുന്നു എന്നും, എല്ലാ മാർത്തോമാരും സമ്മതിക്കുന്നതാണല്ലൊ. പോർത്തുഗിസ് വൈദീകരും സുറിയാനിക്കാരെ ഭരിച്ചിട്ടുള്ള ലത്തീൻ കാരും സുറിയാനിക്കാരുടെ ഉണ്മാഭിവൃദ്ധിക്കു വേണ്ടി പ്രയത്നിച്ചിട്ടുള്ളവരാണെന്നു പ്രശംസിക്കപ്പെട്ടുന്നുണ്ടല്ലൊ. എന്നാൽ കൊച്ചി, മട്ടാഞ്ചേരി, ചേരം പള്ളികളും അവയിലെ ഇടവകക്കാരായ സുറിയാനി ജനങ്ങളും എവിടെ? സുറിയാനി ജനങ്ങളും സുറിയാനിപ്പള്ളിയും എപ്പോൾ ശൂന്യമായി? എങ്ങിനെ ശൂന്യമായി? എറണാകുളത്തു ഇപ്പോൾ കാണുന്ന മൂന്നുപള്ളികളിൽ ലത്തീൻപള്ളികൾരണ്ടും ഏതുകാലത്തുണ്ടായി? ആ ലത്തീൻ പള്ളികളിലെ ജനങ്ങളിൽഒട്ടുവളരെപേർ സുറിയാനിപ്പള്ളിയിൽ ഉൾപ്പെട്ടിരുന്നവരല്ലയൊ? സുറിയാനിപ്പള്ളിയുടെ വകകളെ ആരണ്ടുലത്തീൻപള്ളികൾക്കു ശരിയായി വീതിച്ചു കൊടുക്കാനുള്ളകാരണം എന്തു? വരാപ്പുഴപ്പള്ളി എടപ്പള്ളിപ്പള്ളിയുടെ കരിത്തലപ്പള്ളിയെയി ഫ്രാൻസെ-ൽ പുറമ്പിൽ അവക്ലാന്ത്രാഎന്ന സുറിയാനിമെത്രാന്റെ അധീനപ്രകാരം സുറിയാനിജനങ്ങളുടെ മദ്ധ്യേ സുറിയാനിക്കാരനായ വെള്ളത്തരകന്റെ ദാനവസ്തുവിൽ പണിയിച്ചിട്ടുള്ളതും ഫ്രാൻസെ-ൽ ടി. മെത്രാന്റെ അധികാരത്തിൽ നിന്നും ഒഴിക്കപ്പെട്ട എങ്കിലും സുറിയാനി ജനങ്ങളുടെ സ്ഥലത്തിലും അവരുടെ വസ്തുവിന്മേലും സ്ഥാപിക്കപ്പെട്ടിരിക്കയും അവരുടെ കാര്യാദികൾ അവിടെ നടത്തുകയും ചെയ്തിരുന്ന സ്ഥിതിക്കു എറണാകുളം പള്ളിവക വസ്തുക്കൾ ശരിയായി വീതിക്കപ്പെട്ടപ്രകാരം, വരാപ്പുഴപള്ളിയിൽ ഉൾപ്പെട്ടിരുന്ന സുറിയാനിക്കാർ കഷ്ടതകൾ സഹിക്കാൻ പാടില്ലാതെ ആ പള്ളിയിൽ നിന്നും പിരിഞ്ഞു വരാപ്പുഴ വാണ്മാടി പുത്തൻപള്ളി വച്ചപ്പോൾ വരാപ്പുഴപള്ളിയിൽ നിന്നും ശരിയായ വീതം കൊടുക്കാഞ്ഞതും അവരെ വേർ തിരിച്ചതും ടി. മാപ്പാപ്പാമാരുടെ നിയമത്തിനു വിരോധമല്ലയൊ? കൊടുങ്ങല്ലൂർ തുരുത്തുരു, തുരുത്തിപ്പുറം, മതിലകം മുതലായ പള്ളികളേയും ജനങ്ങളേയും, ലത്തീൻപള്ളികളും ജനങ്ങളും ആക്കിയിരിക്കുന്നതു മാപ്പാപ്പായുടെ നിയമത്തിനു യോജിക്കുന്നതോ? വരാപ്പുഴ കർമ്മലീത്താ മിഷ്യനറിമാർ ബദ്ധപ്പെട്ടായി അനേകം സുറിയാനിക്കാരെ ലത്തീൻകാരാക്കിയതും ഫ്രാ—ാം ലേയോൻ മാപ്പാപ്പായുടെ നിയമത്തിനു യോജിക്കുന്നതൊ? ഫ്രാ—ാം ലേയോൻമാപ്പാപ്പായുടെ നിയമശേഷവും മേലാർ കൊടുസുറിയാനിപ്പള്ളിയെ കോയമ്പത്തൂർമെത്രാന്റെ കീഴാക്കിയിരിക്കു

ന്നത്, ടി. നിയമവിരുദ്ധമല്ലയൊ? ടി ലേയോൻ പാപ്പായുടെ ഫ്രവുൻർ വ്യുശ്ചികം ന്ധ-ാംന്ധ-യിലെ നിയമത്തിൽ തുടന്ന കല്പിക്കുന്നതാവിതു: "ഇതിനെ യോഗ്യമാറതാക്കുന്നതിനു മുൻകാണിച്ച ബുള്ളയിൽ നിന്നും ഒരം പ്രമാണം നാം എടുത്തു. അതായതു: തിരു സിംഹാസനത്താൽ ഒരം രാജ്യങ്ങളിലേക്കു അയക്കപ്പെടുന്ന ലത്തീൻ പട്ടക്കാർ പാത്രിയക്കീസന്മാക്കും മെത്രാന്മാക്കും സഹായവും തുണയും പ്രകുന്നതിനു എന്ന ഇക്കായ്ത്തിനു മാത്രമാകുന്നു. അവക്കു നല്കപ്പെട്ടിരിക്കുന്ന അനുവാദങ്ങളെ പ്രയോഗിക്കുന്നതിൽ വെച്ചു മുൻ പറഞ്ഞ പാത്രിയക്കീസന്മാരുടേയും മെത്രാന്മാരുടേയും ജ്ഞാനാധികാരത്തിനു അപേക്ഷമായി തീരാതിരിപ്പാനും അവരുടെ പ്രജകളുടെ സംഖ്യ കുറയാതിരിപ്പാനും സൂക്ഷ്മത്തോടെ വിചാരിക്കണം." (കൊൻസ്റ്റി—ദേമൻ ഫ്രന്ന) കീഴക്കെ വൈദീക സ്ഥാനഭേദങ്ങളോടു (ഹിയറാക്കിയ) യോജിച്ചിരിക്കുന്ന ലത്തീൻ പട്ടക്കാരുടെ ഉദ്യോഗങ്ങളും ഏതു പ്രമാണങ്ങളാൽ നിശ്ചയിക്കപ്പെടേണ്ടതെന്നു ഇതിൽ നിന്നും വെളിവാകുന്നുവല്ലൊ (Appendix 92) ഫ്രന്ന—ാം ലെയോൻ പാപ്പായുടെ ഒരം നിയമം മാർപ്പാപ്പാമാരുടെ പുരാതന നിയമങ്ങളെ അടിസ്ഥാനപ്പെടുത്തീട്ടുള്ളവയാകുന്നു. ലത്തീൻ വൈദീകർ അധിവസിക്കുന്നേ കീഴക്കൻ ദേശങ്ങളിൽ അവയുടെ അധിപന്മാരായ പാത്രിയക്കീസന്മാരുടെ അധികാരങ്ങളും ന്യൂനപ്പെടുത്തരുതെന്നും അവരുടെ അധീനത്തിൽപെട്ട ജനസംഖ്യ കുറയ്കരുതെന്നും തിരിച്ചു പറഞ്ഞിരിക്കുന്നു. ഒരം നിയമങ്ങളെ മലയാളത്തിൽ വന്നിട്ടുള്ള ലത്തീൻ വൈദീകർ ഏതുപ്രകാരം നിറവേറ്റി എന്ന മേൽക്കാണിച്ച മുരുക്കം ചില ലക്ഷ്യങ്ങം വിശദീകരിക്കുന്നേണ്ടതല്ലൊ. തോമാ നസ്രാണികളുടെ പള്ളികളിൽ ഉപയോഗിച്ചു വന്ന കുബ്ബാനക്രമപുസ്തകത്തിൽ പുരാതനമായിട്ട കൽദായ പാത്രിയക്കീസിന്റെ നാമം വാഴ്ത്തപ്പെട്ടവന്നിരുന്നു. ആ കുബ്ബാനക്രമപുസ്തകം റോമാപുരിയിൽ അച്ചടിക്കപ്പെട്ടതായിരുന്നു. ഫ്രവ്ർ—ം അതിനു മുൻ ഫ്രവ്വെർ—ലിലും അച്ചടിക്കപ്പെട്ട കുബ്ബാനക്രമ പുസ്തകത്തിൽ ബാബേൽ പാത്രിയക്കീസിനു മലയാളത്തിൽ ശരിയായ അർഥതയുണ്ടെന്നു കാണിക്കുന്നതിനായി അദ്ദേഹത്തിന്റെ അധികാരനാമം ചേർത്തു അടിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ വരാപ്പുഴ മെത്രാപ്പോലീത്തായായ മെലാനൊ ലെയൊനാർദൊ ഫ്രവുസൻ-രുവത്തിക്കാനൊ സംഘത്തിൽ പോയ സമയം കുബ്ബാനക്രമപുസ്തകത്തിലുണ്ടായിരുന്ന ബാബേൽ പാത്രിയക്കീസിന്റെ അധികാരനാമം അച്ചടിപ്പിച്ചിരുന്ന കടലാസ മാറി അച്ചടിപ്പിച്ചു ഏതാനും പ്രതികളിൽ ഇടയ്ക ചേർത്തു എന്നു തന്നെയല്ലാ അദ്ദേഹം കീഴക്കൻ ക്രമങ്ങളെ വളരെ ഭേദപ്പെടുത്തുകയും ചെയ്തു. ഇവയൊന്നും മാപ്പാപ്പാമാരുടെ നിയമത്തെ അടിസ്ഥാനപ്പെടുത്തിയല്ല ചെയ്യപ്പെട്ടതു. ലത്തീൻ വൈദീകരുടെ ശ്രമം മുഴുവനും കീഴക്കൻ മേലദ്ധ്യക്ഷന്മാരു

ടെ അധീനതയെ ശൂന്യമാക്കുന്നതിനും അവരുടെ അധീനത്തിൽ ഉൾപ്പെട്ട ജനസംഖ്യ കുറയ്ക്കുന്നതിനും. ആയിരുന്ന എന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. ക്രമം–ാം ലെയോൻ പാപ്പായുടെ നിശ്ചയം കൊണ്ടും ക്രമം വക്രം–ാം വ്യാം ക്ലേമൻസ് മാപ്പാപ്പാ പാത്രിയക്കീസിന്റെയും കൽദായമെത്രാന്മാരുടേയും അധികാരങ്ങൾ നീക്കുന്നതിനു പുറപ്പെടുവിച്ചതായി പറയുന്ന തിരുവെഴുത്തു ലത്തീൻ വൈദീകരാൽ കൃത്രിമമായി നിർമ്മിക്കപ്പെട്ടതാണെന്നു തെളിയിക്കുന്നു

ക്രമം—ാം ലെയോൻ മാപ്പാപ്പാ ക്രമം വ്യക്തികം നം-ാം അയച്ച തിരുവെഴുത്തിൽ കിഴക്കൻ ക്രമങ്ങളെ മാറ്റുവാനും കിഴക്കൻ മേലദ്ധ്യക്ഷന്മാരുടെ അധികാരങ്ങളെ ന്യൂനപ്പെടുത്തുവാനും പാടില്ലെന്നു പറഞ്ഞിരിക്കുന്നു. എന്നു തന്നെയല്ല കിഴക്കൻ ക്രമം അനുസരിക്കുന്ന ക്രിസ്ത്യാനികളെ ലത്തീൻ ക്രമത്തിൽ ചേർക്കാൻ പാടില്ലെന്നും ടി കല്പനയ്ക്കു വിരോധമായി ലത്തീൻ ക്രമത്തിൽ ചേർന്നിട്ടുള്ള കിഴക്കൻ ക്രമക്കാരെ അവരുടെ പൂർവ്വിക ക്രമത്തിലേക്കു തന്നെ വിടേണ്ടതാണെന്നും ടി തിരുവെഴുത്തിന്റെ ഒ-ൻ വരെ ലക്കങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. ശ്ലൈ: മാപ്പാപ്പായുടെ അനുവാദത്തോടെ ലത്തീൻ രീത്തിനെ അനുസരിച്ചിരിക്കുന്ന കിഴക്കൻ രീത്തുകാർ തിരുസിംഹാസനത്തിന്റെ സമ്മതത്തോടെ തങ്ങളുടെ പൂർവ്വരീത്തിലേക്കു പിന്തിരിയുവാൻ അനുവദിക്കപ്പെടണം" എന്ന ഒ—ാം ലക്കത്തിലും, "പാത്രിയക്കീസിന്റെ അത്യന്തിയ്ക്കു പുറമെ താമസിക്കുന്ന ഏതു കിഴക്കൻ രീത്തുകാരും ലത്തീൻ പട്ടക്കാരാൽ ഭരിക്കപ്പെടാം. എന്നാൽ അവന്റെ സ്വന്തരീത്തിനോടു ചേർന്നിരിക്കണം എന്ന തന്നെയുമല്ല കാലതാമസമോ മറ്റു കാരണങ്ങളോ ഉണ്ടായിരുന്നാലും പാത്രിയക്കീസിന്റെ രാജ്യത്തിലേക്കു പിൻതിരിഞ്ഞാൽ ഉടൻ പാത്രിയക്കീസിന്റെ അധികാരത്തിൽ ഉൾപ്പെടുന്നു." എന്നു ൻ—ാം ലക്കത്തിലും കൽപ്പിച്ചിരിക്കുന്നു. (Appendix 93) അപ്പോൾ ശ്ലൈ: മാർപ്പാപ്പായുടെ അനുവാദത്തോടുകൂടിയും ലത്തീൻ രീത്തിലേക്കു ചേർക്കപ്പെട്ട കിഴക്കേ രീത്തിലെ ജനങ്ങൾ വീണ്ടും ശ്ലൈ: മാർപ്പാപ്പായുടെ അനുവാദത്തോടുകൂടി കിഴക്കൻ രീത്തിലേക്കു വീണ്ടും ചേർക്കപ്പെടാമെങ്കിൽ ശ്ലൈ: മാപ്പാപ്പായുടെ അനുവാദം കൂടാതെയും ബലമായും ലത്തീൻ രീത്തിൽ ചേർക്കപ്പെട്ട ജനങ്ങൾ ശ്ലൈ: മാപ്പാപ്പായുടെ അനുവാദംകൂടാതെ തന്നെ കിഴക്കൻ രീത്തിലേക്കു വീണ്ടും ചേരേണ്ടതാണ്. ഇപ്രകാരം ജ്ഞാനഅധികാരം സംബന്ധിച്ചു രീത്തുമാറ്റങ്ങളും അധികാരമാറ്റങ്ങളും പ്രതികാരം ചെയ്യാൻ കടപ്പെട്ടുന്ന എന്നു വരികിൽ അവരവരുടെ പള്ളിയുടെത്തതായിരിക്കുന്ന വകകളും പള്ളികളും അവരവർക്കു പ്രതികരിച്ചു ഉത്തരം പറയേണ്ടതായിരിക്കുന്നു. ശ്ലൈ: മാപ്പാപ്പാമാർ നീതിയായി മേൽപ്രകാരം നടത്തിവരു

ന്നുണ്ടു. എന്തെന്നാൽ പോർത്തുഗൽ രാജാവിന്റെ പതനാന്തരം അധികാരം ഇന്ത്യാദേശത്തിൽ ക്രമം—പോലെയോൻ പാപ്പാ നവീകരിച്ചുറപ്പിച്ചപ്പോൾ ടി പതനാന്തരംകീഴ് പണി ചെയ്യപ്പെട്ട കെട്ടിടങ്ങളും പള്ളികളും തിരിച്ചു കൊടുക്കയും അതാതു സ്ഥലങ്ങളിൽ വികാരി അപ്പൊസ്തോലിക്കമാർ ചെയ്തിട്ടുള്ള അനുബന്ധ ഏടുപ്പുകളുടെ ദ്രവ്യങ്ങളും പതനാന്തരംനിന്നും പരസ്പരം ഉത്തരവാദം ചെയ്യിപ്പിച്ചു. പരമന്യായം കിഴക്കേ ക്രമക്കാരായിരിക്കുന്നോ മേലദ്ധ്യക്ഷന്മാരോടും ക്രിസ്ത്യാനി സമുദായത്തോടും ശരിയായി ചെയ്യേണ്ടതിരിക്കുന്നു. ഇപ്രകാരം ചെയ്യപ്പെടുന്നു എങ്കിൽ മുൻ വിവരിച്ച തോമാനസ്രാണികളുടെ പള്ളികളും അവയുടെ വസ്തുവകകളും താഴെ വിവരിക്കുന്നപള്ളികളും അവയുടെ വസ്തുവകകളും ശരിയായി അവർക്കു തിരിച്ചുകൊടുക്കേണ്ടിയിരിക്കുന്നു.

അരണാട്ടുകരെ ചിറമേൽ തരകൻ വടക്കാഞ്ചേരിദേശത്തു ഒരു പള്ളി പണിയിച്ചു അതിനുവേണ്ടുന്ന വസ്തുക്കളും തിരിച്ചുകൊടുത്തിട്ടുണ്ടു.

കുത്തിയതോടു പള്ളി ഇടവകക്കാരൻ തച്ചിൽ മാത്തുത്തരകൻ തിരുവനന്തപുരത്തു തന്റെ ക്രിസ്ത്യാനികൾക്കുവേണ്ടി പേട്ടയിൽ തന്റെപേരിൽ കരം ഒഴിവായി വസ്തു വാങ്ങി പള്ളി പണിയിക്കയും അതിനു വേണ്ടവസ്തുക്കളും ഏർപ്പെടുത്തികൊടുക്കയും ചെയ്തിട്ടുണ്ടു.

ടി തച്ചിൽ മാത്തുത്തരകൻതന്നെ ക്രമം സിറിയാനിപ്പട്ടക്കാരുടെ ഉപയോഗത്തിനു വരാപ്പുഴ വസ്തുക്കളും കൊടുക്കയും പഠിനത്തിനുള്ള ഭവനം ഏർപ്പെടുത്തികൊടുക്കയും ചെയ്തിട്ടുണ്ടു.

ടി. തച്ചിൽ മാത്തുത്തരകൻ ശവമേമ്പണ്ടിലേക്കു ക്രിസ്തുലക്ഷം ഉറുപ്പിക കടമായികൊടുക്കയും പിന്നീടു ആ ഉറുപ്പിക മടക്കി കിട്ടുന്നതിനു വാദം ഉണ്ടായപ്പോൾ ഇംഗ്ലീഷ് ശവമേമ്പണ്ടു ആ തുകയുടെ ആദായം ക്രിസ്ത്യാനിസമുദായത്തിനു വീതിച്ചു കൊടുക്കുന്നതിനു തീർച്ചപ്പെടുത്തുകയും യാക്കോബായക്കാർക്കും മറ്റും വീതിച്ചു കൊടുക്കുന്നതുപോലെ റോമൻകത്തോലിക്കാ സുറിയാനിക്കാരെ ഭരിച്ചിരുന്ന വരാപ്പുഴമെത്രാനും പ്രതിവർഷം ൭൦൦—ൽ പരം ഉറുപ്പിക കൊടുത്തുവരുന്നുണ്ടു. ൭൦൦ കൊല്ലത്തേക്കു കണക്കാക്കിയാൽ ന്യൂ൦൦൦ ഉറുപ്പിക പരം ഇനത്തിൽ വരാപ്പുഴയിൽ വാങ്ങിട്ടുണ്ട എന്നാൽ മിഷനറിമാർ രംതുകയ്ക്കു ഉത്തരം പറയേണ്ടിവരുമെന്നു മുൻക്രുദ്ധി കരുതി ബ്രിട്ടീഷ് റസിഡെണ്ടിൽ നിന്നും ആതുകസംബന്ധിച്ചൊരെഴുത്തുവാങ്ങിച്ചു വെച്ചിട്ടുണ്ടു. ഇപ്പോൾ പുത്തമ്പള്ളി അപ്പൊസ്തോലിക്കാ സെമിനാരിയിരിക്കുന്ന സ്ഥലം സുറിയാനിക്കാ

രായ പുത്തമ്പള്ളിഇടവകക്കാരുടെ പള്ളിവസ്തു ആകുന്നു. ആ വസ്തുഭാഗ്യ സ്മാരകനായ ബർണ്ണട്ടിനോസ് മെത്രാപ്പോലീത്താ, സുറിയാനിക്കന്യാസ്ത്രീമഠം സ്ഥാപിക്കുന്നതിനായി ടി. പള്ളിക്കാർക്കു പാട്ടച്ചീട്ടു എഴുതികൊടുത്തു വാങ്ങീട്ടുള്ള പുത്തമ്പള്ളിയുടെ പാട്ടവസ്തുവാണു. ഇപ്പോഴും ആ സ്ഥിതിയിൽ ഇരിക്കുന്നു. സുറിയാനിക്കാരിൽ നിന്നും ൨൦,൦൦൦ ഉറുപ്പികയ്ക്കുമേൽ ധനശേഖരം ചെയ്തു കെട്ടിടങ്ങൾ പണിചെയ്യിച്ചിട്ടുള്ളതാണു- ടി. ബർണ്ണട്ടിനോസു മെത്രാപ്പോലീത്താ ലത്തീൻക്രമക്കാൎക്കു വേണ്ടി ക്രമമാവുകൊവേന്ത സ്ഥാപിക്കയും, ലത്തീൻകാരായവരെ സന്ന്യാസികളായി ഏല്പിച്ചുകയും ആവർ സന്ന്യാസത്തിൽ നിൽക്കാഴികകൊണ്ടു ആ കൊവേന്ത സുറിയാനിക്കാരായ സന്ന്യാസികൎക്കു കൊടുക്കയും അവർ അവിടെ ചെന്നു നൂറു വൎഷംവരെ പാൎക്കയും സുറിയാനിക്കാരിൽ നിന്നും സ്വന്തം വകയായും ൩൦,൦൦൦ ഉറുപ്പികവരെ ചിലവു ചെയ്തു കെട്ടിടങ്ങൾ തീൎപ്പിക്കയും മറ്റു ചിലവുകൾ ചെയ്കയും ചെയ്തിട്ടുണ്ടു. അമലോത്ഭവമാതാവിന്റെ സ്മാരകമായി ൧൫,൦൦൦ ഉറുപ്പിക യന്ത്രങ്ങൾക്കും കെട്ടിടങ്ങൾക്കും മറ്റും ചിലവുചെയ്തു ഒരു അച്ചടിശാലയും അവർ അവിടെ ഏൎപ്പെടുത്തി. എന്നാൽ അമലോത്ഭവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന ആ അച്ചുക്കൂടത്തിന്റെ പേർ മാറി വരാപ്പുഴ അപ്പൊസ്തോലിക്കാ എന്നു നാമധേയം ബഹുമാനമായും വഞ്ചകമായും ചേൎത്തു അവസാനത്തിൽ സുറിയാനിക്കാർ സ്വന്തമീത്തിൽ മേലദ്ധ്യക്ഷനെ ശ്രദ്ധ: മാപ്പിപ്പായോടു അപേക്ഷിച്ചു കാലത്തിൽ അച്ചടിയന്ത്രങ്ങളും സാമഗ്രികളും എല്ലാം കൊവേന്ത പ്രിയോർ അറിയാതെ അൎദ്ധരാത്രിസമയം വരാപ്പുഴയിൽ കൊണ്ടുപോയി അച്ചടി ഏൎപ്പെടുത്തി. ൦രം ഒടുവിലത്തെ പ്രവൃത്തിയായ സത്യസംഭവം മേലെഴുതിയ സംഗതികൎക്കു ഒരു സാക്ഷിയുമായിരിക്കും- ൧൯൰൦ ലയോൻപാപ്പായുടെ ൨൰൦ ലക്കനിശ്ചയപ്രകാരം മേൽ എഴുതിയ പള്ളികളും ജനങ്ങളും വസ്തുക്കളും സുറിയാനിക്കാൎക്കു വിട്ടുകൊടുക്കേണ്ടിയിരിക്കുന്നു. എന്നാൽ വരാപ്പുഴ മീശ്യനിൽ നിന്നും സുറിയാനിക്കാരെ ഭരിച്ചു കാലത്തു അവരിൽ നിന്നും സുറിയാനിപള്ളികൎക്കും ജനങ്ങൾക്കും ഉപകാരാൎത്ഥമായി ചെയ്തിട്ടുള്ള ദ്രവ്യവ്യയത്തിന്റെ സംഖ്യ വായനക്കാരെ ബോദ്ധ്യപ്പെടുത്തിയാൽ സുറിയാനിക്കാരിൽ നിന്നും ലത്തീൻകാർ ഏടുത്തിട്ടുള്ള വകകൾ കഴിച്ചുബാക്കിയുണ്ടായിരുന്നാൽ കൊടുക്കാവുന്നതുമാകുന്നു-

൧൧-ാം പ്രകരണം.

ഉദിയമ്പേരൂർ സൂനഹദോസിനു പിമ്പുള്ളകാലങ്ങളിൽ
ഉണ്ടായ സംഭവങ്ങൾകൊണ്ടും തോമാനസ്രാണി
കൾ നെസ്തോറിയൻ കാരല്ലായിരുന്ന
എന്നു തെളിയിക്കാം.

പോർത്തുഗീസ്സുകാരായ ലത്തീൻകാർ ന്യായരഹിതമായും ബല മായും ആയിരുന്ന മലയാള കൽദായ പള്ളിയിന്മേൽ പ്രവേശിച്ച തെന്നും തോമാനസ്രാണികൾ നെസ്തോറിയൻകാരായിരുന്ന എന്ന വാദം പുറപ്പെടുവിച്ചിട്ടുള്ളതു മലങ്കര പള്ളിയിന്മേലുള്ള മേലധികാ രം തങ്ങൾക്കു വാങ്ങിക്കുന്നതിനുള്ള ഒരു സമാധാനമായിട്ടാണെന്നും ഉ ദിയമ്പേരൂർ സൂനഹദോസിനു ശേഷം നടന്ന ചരിത്ര സംഗതികൾകൊ ണ്ടു തെളിയിക്കാവുന്നതാണു. ൧൬൭൨-ാം കാലത്തിനു മുമ്പുള്ള ബാ ബേൽ പാത്രിയർക്കീസ് സിംഹാസനത്തിൽ വാണിരുന്ന പാത്രിയ ർക്കീസ്മാരെപ്പറ്റി അവർ മിക്ക കാലങ്ങളിലും നെസ്തോറിയൻ ഇട ത്തലവന്മാരായി വാണിട്ടുണ്ടെന്നും ചില കാലങ്ങളിൽ അവരിൽ ചിലർ മനസ്സുതിരിഞ്ഞു കത്തോലിക്കാ വിശ്വാസികളായിരുന്നു എന്നും ചരിത്ര ങ്ങൾ ലക്ഷ്യപ്പെടുത്തിയിരുന്നാലും ൧൬൭൨-ാം കാലത്തിനു ശേഷം തുടർച്ചയായി കൽദായ പാത്രിയാർക്ക സിംഹാസനത്തെ അലങ്കരിച്ച വരെല്ലാം കത്തോലിക്കാ പാത്രിയർക്കീസന്മാരായിരുന്നു എന്നുള്ളതു ച രിത്ര ലക്ഷ്യവും നിർവ്വിവാദവുമാണു. ഫ്രാൻസ്വാ മുതൽ കൽദായ പാ ത്രിയർക്കീസന്മാർ ഇടവിടാതെ കത്തോലിക്കർ ആയിരുന്നു എന്നു നൂ തന വാദക്കാരായ മെഡ്ലിക്കോട്ട മെത്രാൻ മുതലായവർ സമ്മ തിക്കുന്നുണ്ടു. അപ്രകാരം കൽദായ പാത്രിയർക്കീസ് സിംഹാസനത്തിൽ തുടർച്ചയായി കത്തോലിക്കാ പാത്രിയർക്കീസന്മാർ ഉണ്ടായിരുന്ന സ്ഥി തിക്കു, ആ പാത്രിയർക്കീസന്മാർക്കു മലയാള കൽദായ പള്ളിയിന്മേ ലുള്ള അധീനത ഒരിക്കലും വിട്ടുപോകുന്നതല്ല. റോമാപ്പള്ളിയുടെ കാ നോനാകൾ അപ്രകാരമുള്ള അധീനതയെ ഇല്ലാതാക്കുന്നതിനു ശ്രമി ക്കുന്നതും അല്ല. അപ്രകാരമുള്ള അധീനതയെ റോമാ മാപ്പാപ്പാമാരു ടെ കല്പനകൾ നീക്കം ചെയ്തതായി കാണുന്നില്ല പ്രത്യുത. കീഴ്ക്കൻ പള്ളികൾക്കുമേൽ നീക്കം ചെയ്വാൻ പാടില്ലെന്നും കീഴ്ക്കൻ പാത്രി യർക്കീസന്മാർ കത്തോലിക്കാ വിശ്വാസത്തിൽ നിൽക്കുന്ന നിലയിൽ അവരുടെ അധികാരങ്ങളെ ന്യൂനതപ്പെടുത്തുവാൻ പാടില്ലെന്നുമാ ണു റോമാ മാർപ്പാപ്പാമാരുടെ നിയമം. ട്രെന്തോസ് തിരുസംഘ ത്തിൽ വെച്ചു ൧൫൬൨-ൽ ബാബേലിലെ അബ്ദീശോ പാത്രി

യക്കീസ് ഇന്ത്യയിലെ മെത്രാസനങ്ങളും തന്റെ താണനു വാഴിക്കയും ആ വാഴ്ത്തെ ദുർബലപ്പെടുത്താതെ സ്ഥിരപ്പെടുത്തിയതായും കാണുന്നു. അതുകൊണ്ടും ഗോവയിൽ ക്രിയ ൧൭൬൪—ലെ സുനഹദോസിൽ വെച്ചു മാർ അബ്രാഹം മെത്രാനെക്കൊണ്ടു, ൧൦-ാം ദ്രൈത്രത്തിൽ ബാബേലിൽ നിന്നുള്ള മെത്രന്മാരെ തന്റെ പിൻഗാമികളായി വരുന്നതിനു സമ്മതിക്കയില്ലെന്നു ഉടമ്പടി ചേയ്യിച്ചതുകൊണ്ടും ഒരു സംഗതി വേണ്ടവിധം തെളിയുന്നു.

൨. ഉദിയമ്പേരൂർ സുനഹദോസിൽ വച്ചു തോമാനസ്രാണികളുടെ പള്ളിക്രമങ്ങളെ ബലമായി മാറുകയും ലത്തീൻ മെത്രാനെ ഏല്പ്പിച്ചുകയും ചെയ്തതുകൊണ്ടു തോമാനസ്രാണികൾ മനസ്താപപ്പെടുകയും റോളൻ ൮൮൨—ാം പുറത്തിൽ പറയുന്നതുപോലെ, "ഒരുശോസഭക്കാരനായ ഗർസ്യാ മെത്രാപ്പോലീത്തായുടെ "പ്രയാസ ബുദ്ധിയുടെ മൂടുപടമാലെ" (Appendix 94) ഉദിയംപേരൂർ സുനഹദോസിൽ നിശ്ചയിച്ചതുപോലെ തന്നെ അദ്ദേഹം കൽദായപ്പള്ളിയുടെ ക്രമങ്ങളെ മാറുന്നതിനു ദുശാഠ്യമായി ശ്രമിക്കയാൽ തോമാനസ്രാണികൾ അദ്ദേഹത്തിൽനിന്നും പിരിഞ്ഞു ബാബേലിലെ പാത്രിയക്കീസിൽനിന്നോ അലെക്സന്ത്രാ കോപ്പാ പാത്രിയക്കീസിൽനിന്നോ അന്ത്യോക്യാ പാത്രിയക്കീസിൽ നിന്നോ തങ്ങളുടെ നീതിനടത്തതായ ഒരു മെത്രാനെ ലഭിക്കുന്നതിനു അപേക്ഷിച്ചിരുന്നു. എന്നാൽ സ്വന്ത പാത്രിയക്കീസിനെവിട്ടു അന്യ പാത്രിയക്കീസന്മാരിൽ നിന്നു അപേക്ഷിപ്പാനുള്ളകാരണം ലത്തീൻകാർബാബേലിലുനിന്നുള്ള മേലധ്യക്ഷന്മാരുടെവരവുബലമായിതടഞ്ഞിരുന്നതുകൊണ്ടാകുന്നു. ബാബേൽപാത്രിയക്കീസ അവരുടെഅപേക്ഷപ്രകാരം അഹത്താല്ല എന്നൊരു മെത്രാനെ ൧൫൮൫—ൽ അയക്കയും അദ്ദേഹം മൈലാപ്പൂരിൽ എത്തുകയും ചെയ്തു. എന്നാൽ ഗോവയിലും മറ്റും ഉണ്ടായിരുന്ന പോർത്തുഗീസ വൈദികർ ഉടനെ അദ്ദേഹത്തെ പിടിച്ചു ഗോവയിൽ കൊണ്ടുപോകാൻ ശ്രമിച്ചു. മൈലാപ്പൂരിൽ നിന്നും പിടിച്ചു ബന്ധോപസ്തോട്ടുകൂടി കൊണ്ടുപോകയും ചെയ്തു. എന്നാൽ തോമാനസ്രാണികൾ വിവരംഅറിഞ്ഞു ൨൫൦൦൦ തോമാനസ്രാണികളായ സേവകരോടുകൂടി അച്ചുഡിക്കൻ കൊച്ചീരാജ്ഞിയുടെ സഹായത്തോടെ മട്ടാഞ്ചേരിയിൽ ഇരുന്ന ഗർസ്യാ മെത്രാപ്പോലീത്തായെ വളകയും അഹത്താല്ലമെത്രാനെ വിട്ടുകിടുന്നതിനായിട്ടു നിർബന്ധിക്കയും ചെയ്തു.

൩. എന്നാൽ അഹത്താല്ലമെത്രാൻ മലയാളത്തിൽ വന്ന ഉടനെ തന്നെ അദ്ദേഹം ൧൭—ാമത്തെ ഇന്നൊസെന്റ്സ് മാപ്പിപ്പാ മലയാളത്തിലെ പാത്രിയക്കീസായി അംഗീകരിച്ചിരിക്കുന്നു എന്നു പ്രസിദ്ധം ചെയ്തതായി പോർത്തുഗീസർ റോമയിലേക്കു എഴുതി അയ

ച്ചു. എന്നാൽ ൈ-ാം അലക്സാന്ത്രമാപ്പാപ്പാ അതിനു മറുപടിയായി അയച്ച എഴുത്തിൽ അഹത്തല്ലായെന്ന മെത്രാൻ തന്റെ മുൻഗാമിയായ ഫ-ാം ഇന്നൊച്ചെൻസ് മാപ്പാപ്പായാലൊ മറ്റ് മുൻഗാമികളായ പാപ്പാമാരാലൊ സ്ഥിരീകരിക്കപ്പെടാത്ത സ്ഥാനാധിപതിയായി അയച്ചിട്ടുള്ളതുകൊണ്ടും സ്ഥിരീകരിക്കപ്പെടാത്ത സ്ഥാനാധിപതിയെന്ന പരമ്പരയിട്ടുള്ള കളവായെന്നും ക്രസന്തും മകരം ഫ ാംനു- കല്പിച്ചയച്ച എഴുത്തിൽ കാണിച്ചിട്ടുണ്ട്. എങ്കിലും ഇപ്രകാരം എഴുതുവാനുള്ള കാരണം പോന്തിഫിസ് വൈദികർ അഹത്തല്ലാമെത്രാൻ, അദ്ദേഹം ഫ-ാം ഇന്നൊച്ചെൻസ് മാപ്പാപ്പായുടെ സ്ഥാനാധിപതിയാകുന്നു എന്നും പാത്രിയക്കീസാകുന്നു എന്നും, പരസ്യപ്പെടുത്തിയതായി കളവായി ബോധിപ്പിക്കയാലാകുന്നു. ഫ-ാം ഇന്നൊച്ചെൻസ് മാപ്പാപ്പാ തന്റെ പാത്രിയക്കീസിനു മലയാളത്തിന്മേലുള്ള അധികാരം ഉറപ്പിച്ചുകൊടുത്തിട്ടുണ്ടെന്നും, ആ പാത്രിയക്കീസാണു തന്നെ അയച്ചതെന്നും ആണ് അഹത്തല്ലാമെത്രാൻ എഴുതിട്ടുള്ളതു. എന്നാൽ ബോബേൽപാത്രിയക്കീസ് നെസ്തോറിയൻമതക്കാരനാകുന്നു എന്നും അദ്ദേഹം അയച്ചുതന്ന മെത്രാന്മാർ നെസ്തോറിയൻമതക്കാരാകുന്നു എന്നും ഉള്ള പ്രസ്താവനയെ പോർത്തുഗീസ് വൈദികർ അല്പം പിൻവലിച്ചു് മേൽപ്രകാരമുള്ള കപടവാദം റോമാപാപ്പായെ ബോധിപ്പിച്ചു. തന്നോടു ബോധിപ്പിക്കപ്പെട്ട സംഗതികളെ മാത്രം മാപ്പാപ്പാ മറുപടിയും അയച്ചു. എന്നാൽ അഹത്തല്ലാമെത്രാൻ മലയാളത്തിന്മേൽ ന്യായമായ അധികാരത്തോടുകൂടി സ-ാം സിമോൻ പാത്രിയക്കീസിനാൽ അയയ്ക്കപ്പെട്ട ഒരു കത്തോലിക്കാമെത്രാനായിരുന്നു.

സ-ാം സീമോൻ എന്ന കൽദായപാത്രിയക്കീസ് ക്രസ്തുനു മിപ്പുനം ഫർ-ാനു- തന്റെ വിശ്വാസസത്യം ഫ—ാം ഇന്നൊച്ചെൻസ് എന്ന മാപ്പാപ്പായുടെ പക്കൽ അയയ്ക്കുകയും ആ വിശ്വാസസത്യത്തെ അംഗീകരിച്ചു ആ പാത്രിയക്കീസിന്റെ അധികാര അർഹതകളെ ഉറപ്പിക്കയും ചെയ്തു. ഈ സംഗതിയെപ്പറ്റി യോസഫ് അസമാന്റെ സ—ാം പുസ്തകം ഫ—ാം ഭാഗം ന്യവ—ാം പുറം നോക്കുക. ഏതൽക്കാലത്തു കൽദായ പാത്രിയക്കീസന്മാർ പേർസ്യാരാജാക്കന്മാരുടെ ഞെരുക്കങ്ങളെ അനുഭവിച്ചുവന്നതുകൊണ്ടും, ആ ഞെരുക്കങ്ങളിൽ നിന്നു അവരെ ഒഴിക്കുന്നതിനു ഫ—ാം അലക്സാന്ത്രമാപ്പാപ്പാ തന്നെ ക്രസന്തുപ—ൽ പേർസ്യാരാജാവിനോടു ശിപാർശചെയ്കയും ചെയ്തിട്ടുണ്ടു- ഇതുകൊണ്ടു കൽദായപാത്രിയക്കീസന്മാരുടെ അധികാര അർഹതകൾ നഷ്ടപ്പെട്ടിട്ടില്ലെന്നു മാത്രമല്ലാ ആയവസംരക്ഷിക്കപ്പെടുകയും അധികപ്പെടുത്തിയും വന്നിരുന്ന എന്നു വ്യക്തമാകുന്നു- ക്രവുന്ത്യ—ാം കാലത്തിങ്കൽ മദ്രാസ് ഡയറക്ടറി ഫാ-ാം പുറത്തിൽ, "ഇതിനാൽ നെസ്തോറിയൻ പാത്രിയക്കീസ് അഹത്തല്ലായെന്ന പേരുള്ള ഒരു മെ

ക്രാനെ അവക്ഷ അയച്ചുകൊടുത്തു അദ്ദേഹം പോർത്തുഗീസുകാരുടെകയ്യിൽ അകപ്പെട്ട്, ഗോവയിൽ ക്രൈസ്തവ—ൽസ്ഥാപിക്കപ്പെട്ട. ഇങ്കിസിഷൻ സഭയാൽ വിസ്തരിക്കപ്പെട്ടതായും അദ്ദേഹം ഇടയ്ക്കുകാരനായിവിധിക്കപ്പെടുകയും തീയിൽ ഇട്ടു കൊല്ലപ്പെടുകയുംചെയ്തു."(Appendix 95)

വരാപ്പുഴ കാർമ്മലീത്താ മിസ്സിനോസ് മെത്രാനച്ചൻ അവർകളാൽ രചിക്കപ്പെട്ട കേരള രാജ്യത്തിലെ സത്യവേദ ചരിത്രം ക്രൈസ്തവൻ—പുറങ്ങളിൽ, "അവരെ ബാബേലിലെ നെസ്തോറിസ് കാരുടെ പാത്രിയർക്കീസിനെ.....ഒരു മേത്രാനെ മലയാളത്തിലേക്കയപ്പാൻ എഴുതുകയും ചെയ്തു.....അവരുടെ അപേക്ഷ അനുസരിച്ചു ക്രിസ്തുവർഷം ൧൬—ാം.....അഹത്തല്ലാ എന്ന നെസ്തോറിസ് മെത്രാൻ മൈലാപ്പൂരിൽ വന്നിറങ്ങുകയും ചെയ്തു." ബാബേലിൽ പല ആളുകൾ നെസ്തോറിയൻ ഇടയന്മാരെ അനുസരിക്കയും ൫൭—ാം കൊല്ലത്തിൽ ബാബേലിലെ പാത്രിയർക്കീസും ടി. ഇടയന്മാരിൽ ഉൾപ്പെടുകയും ചെയ്തുകൊണ്ട് നെസ്തോറിയർ ഇടയന്മാർ ഉണ്ടായകാലം മുതൽ ബാബേൽ പാത്രിയർക്കീസിന്റെ അധികാരത്തിൽ ഉൾപ്പെട്ട ആളുകളും, പട്ടക്കാരും, മെത്രാന്മാരും, പാത്രിയർക്കീസും എല്ലാ കാലവും നെസ്തോറിയൻ ഇടയന്മാരാകുന്നു എന്നു മലയാളത്തിൽ വന്നിട്ടുള്ള ലത്തീൻ വൈദീകർ പ്രസ്താവിക്കുന്നുണ്ട്. എന്നാൽ അറിവില്ലായ്മകൊണ്ടു മാത്രമല്ല, ഇപ്രകാരം അവർ പ്രസ്താവിക്കുന്നതു. തോമാ നസ്രാണികളെ തങ്ങളുടെ ഭരിപ്പിൽ ഉൾപ്പെടുത്തുമെന്നുള്ള ഉദ്ദേശത്തോടുകൂടി, ബാബേൽ പാത്രിയർക്കീസും അദ്ദേഹം അയക്കുന്ന മെത്രാന്മാരും നെസ്തോറിയൻ കാരാകുന്നു എന്നു ഒരു ചരിത്രവിധി മനഃപൂർവമായി പഠിപ്പിച്ചു പ്രസ്താവിച്ചുവരിക അവർക്കു പതിവാണു. മേലെഴുതിയതുപോലെ തങ്ങൾക്കു തങ്ങളുടേ ക്രമപ്രകാരമുള്ള ഒരു മെത്രാനെ അയയ്ക്കുന്നതിനു മലയാളത്തിലെസുറിയാനിക്കാർ കത്തോലിക്കാ പാത്രിയർക്കീസായ ൧൬—ാം സിമോന്റെ പേർക്കു എഴുത്തയക്കയും അദ്ദേഹം അവർക്കു എൻ പ്രോത ഒരു മെത്രാനെ അയക്കുകയും ചെയ്തു. അതിനാൽ ബാബേൽ പാത്രിയർക്കീസ് ഇടയന്മാരാണെന്നു ചരിത്രപ്പെടുത്തിയതു വാസ്തവവിരുദ്ധമായിട്ടുള്ളതാകുന്നു. വാസ്തവമായ കാര്യങ്ങളിൽ ഇപ്രകാരമുള്ള കളവുകൾ എഴുന്നതുകൊണ്ടു ഉദിയഞ്ഞോർ മാനഹദോസ്സിന്റെ തോമാ നസ്രാണികൾ നെസ്തോറിയൻ ഇടയന്മാരായിരുന്നു എന്നു പറഞ്ഞിട്ടുള്ളതു വാസ്തവവിരുദ്ധമാണെന്നതു ഇതുകൊണ്ടും, തെളിയുന്നു.

അഹത്തല്ലാ മെത്രാൻ നെസ്തോറിയൻ ഇടയന്മാരാണെന്നു ഗോവയിലെ ഇൻക്വിസിഷൻ സംഘക്കാർ പരിശോധിച്ചു തീർച്ചയാക്കിയതായി പറയപ്പെട്ടിരിക്കുന്നു. ഒരു സംഗതി മാത്രം ആലോ

ചിച്ചാൽ ഇതിന്റെ വാസ്തവം വെളിപ്പെടുന്നതാണ്. അഹത്തല്ലാ മെത്രാൻ മലയാളത്തിൽ വഴികയൊ ഇടത്തുട്ട പഠിപ്പിക്കയൊ ചെയ്തിട്ടില്ല. വഴിമദ്ധ്യേ അദ്ദേഹം പിടിക്കപ്പെട്ടുകയാണു ചെയ്തതു. ബാബേൽ പാത്രിയക്കീസിന്റെ അധികാരത്തെ തടയുന്നതിനും അദ്ദേഹം അയക്കുന്ന മെത്രാന്മാരെ എല്ലാം തുറമുഖങ്ങളിൽ വെച്ചുതന്നെ തടഞ്ഞു ബന്ധനസ്ഥരാക്കി, ജീവത്യാഗം ചെയ്യുന്നതിനുംവേണ്ടത്രമം ചെയ്യണമെന്ന് പോർത്തുഗീസ് വൈദീകർ അബ്രാഹം മെത്രാന്റെ കാലത്തു ചെയ്ത നിശ്ചയം അനുസരിച്ചാണു അഹത്തല്ലാ മെത്രാൻ പിടിക്കപ്പെട്ടതു. അഹത്തല്ലാ മെത്രാൻ യാതൊരു ഇടത്തുട്ടും മലയാളത്തിൽ പഠിപ്പിച്ചിട്ടില്ലെന്നുള്ളതു നിശ്ചയമാണല്ലൊ. ക്രി.വ.—മുതൽ എങ്കിലും. തുടർച്ചയായി ബാബേൽ സിംഹാസനത്തിൽ കത്തോലിക്കാ പാത്രിയക്കീസന്മാരുണ്ടായിരുന്നു എന്നും ആ കാലം മുതൽ ബാബേൽ പാത്രിയക്കീസിന്റെ അധികാരത്തിൽ കത്തോലിക്കാ സഭ വർദ്ധിച്ചുവന്നിരുന്നു എന്നും അതുകൊണ്ടു ൧൬-ാം ജൂലിയസ് മാപ്പുപ്പായുടെ കാലം മുതൽ ടി പാത്രിയക്കീസന്മാർക്കു നല്കപ്പെട്ടിരുന്ന അർഹതകളും അധികാരങ്ങളും സംരക്ഷിക്കപ്പെട്ടും ക്രമത്തിൽ ചെയ്തും വന്നിരുന്നു എന്നും ഉള്ള സംഗതി ഒരു ലത്തിൻ ചരിത്രക്കാരനും നിഷേധിക്കാൻ പാടുള്ളതല്ല. അതിനാൽ മൂന്നാം സിമോൻ എന്ന കൽദായ കത്തോലിക്കാ പാത്രിയക്കീസ് അയച്ച അഹത്തല്ലാ എന്ന മെത്രാൻ ഒരിക്കലും നെസ്തോറിയൻ ഇടത്തുട്ടുകാരനല്ല.

അഹത്തല്ലാ മെത്രാനെ പോർത്തുഗീസ്സുകാർ വിധിച്ച ശിക്ഷകൊണ്ടും അദ്ദേഹം ഇടത്തുട്ടുകാരനല്ലായിരുന്നു എന്നു തെളിയിക്കാം. റോമൻ ചരിത്രം ൧൮൫-ാം പുറത്തിൽ "അഹത്തല്ലായെ ഗോവയിൽ കൊണ്ടുവരികയും ഇൻക്വിസിഷൻ സംഘക്കാർ അദ്ദേഹത്തെ ലൌകീക അധികാരികളെ ഏല്പിക്കയും അവർ അദ്ദേഹത്തെ തീയിൽ ഇട്ടു ദഹിപ്പിക്കയും ചെയ്തു." എന്നു കാണുന്നു. (Appendix 96) വൈദീകാധികാരം മരണത്തിനടുത്തതായിരിക്കുന്ന ഒരു വിധി നടത്തിച്ചതു സാമാന്യം തിരുസ്സഭയാൽ ദോഷിക്കപ്പെട്ടതും സധർമ്മികളായ വൈദീകരാൽ നിഷേധിക്കപ്പെട്ടതും ആയ സംഗതിയാണു. തീയിൽ ഇട്ടു ദഹിപ്പിച്ചതു കത്തോലിക്കാ തിരുസ്സഭയുടെ സദുപദേശങ്ങൾക്കു ഏറ്റവും വിരുദ്ധമായ പ്രവൃത്തിയാണു. കത്തോലിക്കാ പള്ളിയുടെ നിയമങ്ങളിലൊന്നിലും ഇടത്തുട്ട പഠിപ്പിച്ചാൽ മരണശിക്ഷയാകട്ടെ, ശരീരത്തിനടുത്തതായ ശിക്ഷയോലും വിധിച്ചിട്ടുള്ളതായി കാണുന്നതല്ല. അബ്രാഹം മെത്രാൻ ൧൫-ാം പീയൂസ് മാപ്പുപ്പായുടെ ശിപാശ എഴുത്തു ഗോവ മെത്രാപ്പോലീത്തായെ കൊണ്ടു ചെന്നു കാണിച്ചപ്പോഴും ഉടനെ തന്നെ അദ്ദേഹത്തെ പാറാവിൽ ഇടുകയാണു ചെയ്തതു. ഒരു ദൃഷ്ടാന്തത്തെ താന്നയാണു പിന്നിട്ടുള്ള പോർത്തുഗീസ്

വൈദീകർ അടക്കിഭരിച്ചു വന്നതു. ഒരു അധർമ്മപ്രവൃത്തി നിമിത്തം പോർത്തുഗീസ് വൈദീകർ ബാബേൽ പാർശ്വയക്രിസ്തിന്റെ അധികാരം മലയാളത്തിൽനിന്നു ശൂന്യമാക്കുന്നതിനുമുമ്പേ മനഃപൂർവ്വമായിപ്രവർത്തിച്ചിരിക്കുന്നു എന്നു തെളിയുന്നു എന്നാൽ ഏവംവിധങ്ങളായ പോർത്തുഗീസ് ലത്തീൻകാരുടെ അധർമ്മപ്രവൃത്തികൾക്കു അവരോടു പ്രതികാരം ചോദിക്കുവാൻ എന്നവണ്ണം ദൈവം അവരെ (പ്രതിശോധിച്ചു) പത്തുവർഷത്തിനിടയിൽ ലന്തക്കാരുടെ കയ്യിൽ ഏല്പിച്ചു. എന്നു തന്നെയല്ല. ബാബേൽ പാർശ്വയക്രിസ്തിന്റെ അധികാരം ശൂന്യമാക്കുന്നതിനും അദ്ദേഹത്തിന്റെ മെത്രാന്മാർ മലയാളത്തിൽ പ്രവേശിക്കാതിരിപ്പാനും അവർ ചെയ്ത നിശ്ചയവും ശ്രമവും വിഫലീകരിക്കുന്നതിനും ലന്തക്കമ്പിനി താമസംകൂടാതെ യൂറോപ്യ ലത്തിൻകാർ മലയാളത്തിൽ താമസിച്ചു ക്രൂടെന്നും, പ്രത്യേകിച്ചും പോർത്തുഗീസുകാർ മലയാളം വിട്ടുപോകണമെന്നും കല്പിച്ചു.

അഹത്തല്ലാമെത്രാനെ സംബന്ധിച്ച ഗോവഇൻക്വിസിഷൻ സംഘം ചെയ്ത തീരുമാനം എത്രയോ അനീതിയും അസത്യവും ക്രൂരവും ആയിരിക്കുന്നുവെന്നു ലത്തീൻ വൈദീകരുടേയും മാപ്പിളമാരുടെയും തന്നെയും തീരുമാനംകൊണ്ടുകാണിച്ചാൽ അതു ഏറ്റവും ബോധ്യമാകുമെല്ലോ. കത്തോലിയായുടെ മെത്രാനും മസ്രാനിന്റെ വികാരി അപ്പൊസ്തോലിക്കായും ആയ അതിപ്രബലയോഹന്നാൻപെനലിഎന്നദേഹത്തിന്റെ മദ്ധ്യസ്ഥതയിൻകീഴ പ്രസിദ്ധപ്പെടുത്തീട്ടുള്ളതായ ഉടമ്പടിയിലെ മദ്രാസ് ഡയറക്ടറിജനറൽഅന്നവൽറഷ്ട്രീൽ പറയുന്നവൃത്താന്തം താഴെ ചേർക്കുന്നു. നിവൃ. ഫ്രാ, ഫ്രഞ്ച ഫ്രഞ്ച് പുറങ്കടം നോക്കുക. "കിഴക്കേ മിസ്സങ്ങളെല്ലാം തങ്ങൾക്കു മാത്രമായി കിട്ടണമെന്നു ആഗ്രഹിക്കയും ചീനത്തേയും മലയാളത്തിലേയും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെയും ജ്ഞാനാധിപത്യത്തേക്കുറിച്ചുണ്ടായ മാപ്പിളപ്പായുടെ പുതിയ ഏർപ്പാടുനിമിത്തം അത്യന്തം അതൃപ്തിപ്പെടുകയുംചെയ്തിരുന്ന ഗോവയിലെ പട്ടക്കാർ ഗോവയിലെ ഇൻക്വിസിഷൻ സംഘം നവമായി ഏർപ്പെടുത്തപ്പെട്ട വികാരിഅപ്പൊസ്തോലിക്കാമാരെ അസഹ്യപ്പെടുത്തുന്നതിലേക്കായി ഒരു തക്ക ഉപകരണം കാണിച്ചുകൊടുത്തിട്ടുണ്ടു

ഇൻക്വിസിഷൻ സംഘത്തിന്റെ ഒരു ഉദ്യോഗസ്ഥനായിരിയാമിന്റെ കൊമ്മിസ്സാരി, പീറർ ലമ്പേർട്ടിനോടു തനിക്കു കിട്ടിയിരിക്കുന്ന തിരുവെഴുത്തു കാണിച്ചുകൊടുക്കുന്നതിനു സമ്മതിച്ചു. എന്നാൽ ഒരു മെത്രാൻതിരുസിംഹാസനത്തിനു നേരേ കീഴ്പ്പെട്ടിരുന്നതിനാൽ അതു കാണിച്ചുകൊടുക്കുന്നതിനു വിസമ്മതിച്ചു. അതിനാൽ ഇൻക്വിസിഷൻ സംഘത്തിന്റെ ധീരനായ കൊമ്മിസ്സാരി അദ്ദേഹത്തെ വിശ്വാസത്തിൽ സംശയിക്കേണ്ടിയ ഒരു മനുഷ്യനേപ്പോലെ പള്ളിവാതലിനു പുറത്തുനിർത്തി. അദ്ദേഹത്തോടു യാതൊരു സംസർഗ്ഗവും ചെയ്കൂടായെന്നു സിയാമിലെ ജനങ്ങളോടു കല്പിച്ചു. പീറർ

മാണ്ടേർട്ട് സാധാരണയായി സിയാമിൽ വസിച്ച്, ചീനമിസ്യൂങ്ങളി ലേക്ക വേണ്ടി നാട്ടുരുക്കളെ വളർത്തിപരിപ്പിക്കുന്നതിനു ഉദ്യോഗപ്പെ ട്ടിരുന്നു.

ഗോവയിലെ ഇൻക്വിസീഷൻ സംഘത്തിന്റെ മറെറാരു ഉദ്യോഗസ്ഥൻ കപ്പോടിയായിലെ ഒരു അപ്പൊസ്തോലിക്കാമിശ്യനാരിയു ടെമേൽ പാഷണ്ഡവിശ്വാസത്തിന്റെ കുറ്റം മുമ്മതി മക്കാവിലേ ക്ക തടവുകാരനായി അയച്ചു. ആ പാപപ്പെട്ട മിശ്യനാരി യാ തൊരു വിസ്തരണക്രമംകൂടാതെ അഞ്ചു മാസത്തോളം മക്കാവിൽ പാറാവിൽ കിടന്ന കഷ്ടപ്പെട്ടശേഷം ഗോവയിലെ ഇൻക്വിസിഷൻ സംഘ ത്തിന്റെ പാറാവിലേക്ക മാറപ്പെട്ട. അവിടേയും തന്നെ കരാ ഗ്രഹത്തെ വേറൊരു മിശ്യനാരിയും അയയ്ക്കപ്പെട്ടിരുന്നു.

ഇതിനാൽ ക്ലെമെൻസ് മാപ്പ്പ്പാ ക്രമത്തെ നവംബർ ക്രമം—ാം തു- പ്രസിദ്ധപ്പെടുത്തിയ ഒരു തിരുവെഴുത്തിൽ ഗോവയിലെ ഇൻക്വിസീഷൻ സംഘത്തെ കഠിനമായി ശാസിച്ചുശേഷം ചീനം, കൊച്ചിൻ ചീനം, തൊങ്കിൻ, കമ്പോടിയാ എന്നദേശങ്ങളിലും കിഴ ക്കെ ഇന്ത്യയിലുള്ള മാറു സ്ഥലങ്ങളിലും തല്പരമുള്ളവരും ഇനി അ വിടേയ്ക്ക അയയ്ക്കപ്പെടുവാനിരിക്കുന്നവരുമായ വികാരി അപ്പൊസ്തോ ലിക്കന്മാരും മിശ്യനാരിമാരും പോർത്തുഗൽരാജാവിന്റെ കാലത്തിന ടുത്ത അധികാരത്തിൽ കീഴ്പ്പെടാത്തസ്ഥലങ്ങളെ ഗോവ ഇൻക്വിസീഷ ൻ സംഘത്തിന്റെ ജ്ഞാനാധികാരത്തിൽ നിന്നുവിടുതലാക്കപ്പെട്ടിരി ക്കുന്നു എന്നു തീർച്ചയാക്കിച്ചു. In üs regionibus quæ temporalis regis Portugaliæ dominio non subsunt പോർത്തുഗൽരാജാവിന്റെ ലൌ കീകാധികാരത്തിന്നു പുറമേയുള്ള വികാരി അപ്പൊസ്തോലിക്കാമാ രുടേയും മിശ്യനാരിമാരുടേയും മേൽ യാതൊരുവകാധികാര പ്രവൃ ത്തിയും നടത്തുന്നതിന്നു മേലാൽ തുനിയരുതെന്നു ഗോവാമെത്രാപ്പോലീത്താ യോടും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരോടും കഠിനശിക്ഷയിൻകീഴ് മുടക്കുന്നതായ തിരുവെഴുത്തു ക്ലെമെൻസ് മാപ്പ്പ്പാ എഴുതി(Appendix 37)

അഹത്തല്ലാമെത്രാനെ ഗോവ ഇൻക്വിസീഷൻ സംഘംവി ധിപ്രകാരം രണ്ടു പ്രാവശ്യം ഹിംസിച്ചിട്ട് ഏതാൻ വർഷം കഴിഞ്ഞതിന്റെ ശേ ഷമാണ ക്രമം—ാം ക്ലെമെൻസ് മാപ്പ്പ്പാ തിരുവെഴുത്തയച്ചത. അഹ ത്തല്ലാമെത്രാൻ ഇന്ത്യയിലുള്ള സുറിയാനിക്കാരുടെ പാത്രിയർക്കീസും ക്രി മാസും ആയ ബാബേൽപാത്രിയർക്കീസിന്റെ അധികാരത്തിൽ പെട്ട രൊളായിരുന്നു. സുറിയാനിക്കാർ ബാബേൽപാത്രിയർക്കീസിനോട അ പേക്ഷിച്ചിട്ട അയച്ച ഒരു മെത്രാനാണ. അദ്ദേഹം അകമാലിരൂപ ത്തയിലേക്കായിട്ട് വന്നതാണ. അങ്കമാലിരൂപത്ത സ്വദേശികളായ

രാജാക്കന്മാരുടെ കീഴ്ള്ളതാണ. പോപ്പുഗൽ രാജാവിന്റെ തോമാനസ്രാണികൾ വസിക്കുന്ന സ്ഥലങ്ങളിൽ കൊച്ചിയിൽ ഏകദേശം ഒരു മയിൽസ് സ്ഥലവും കൊട്ടയ്ക്കല്ലരിൽ ഏകദേശം അത്രയുതന്നെ സ്ഥലവും സ്വന്തമായിട്ടുണ്ടായിരുന്നു. ഇങ്ങനെയിരിക്കയിൽ അഹത്തല്ലാമെത്രാനെ പിടിപ്പാനൊ വിചാരണ കഴിപ്പാനൊ ശിക്ഷിപ്പാനൊ ഗോവ ഇൻക്വിസീഷൻ സംഘത്തിന്ന എന്തൊരു അധികാരമാണുള്ളത്? ഗോവഇൻക്വിസീഷൻ സംഘം അഹത്തല്ലാമെത്രാൻ പാഷാണ്ഡവിശ്വാസക്കാരനാകുന്നു എന്നു വിധിച്ചതു അസത്യമാകുന്നുവെന്നുള്ളതിൽ വികാരിഅപ്പസ്തോലിക്കമാരെയും മിശ്രനസ്രാണികളെയും അവർ വിധിച്ച വിധികൊണ്ടു തെളിയുന്നു അപ്രകാരം തന്നെ ആ മിശ്രനസ്രാണികളെ കൊണ്ടു വിധിപ്പിച്ചവിധം കൊണ്ടും തെളിയുന്നതാണ. ആയ്ത അന്യായമായ വിധിചെയ്യുന്ന സംഘമാകുന്നുവെന്ന മാപ്പിപ്പായുടെ തിരുവെഴുത്തിനെക്കൊടിയും അതുമിച്ചു ചെയ്തിരിക്കുന്നതു തെളിയുന്നു. അഹത്തല്ലാമെത്രാൻ വന്ന സമയം ക്ലമെൻസ് മാപ്പിപ്പാ ജീവിച്ചിരുന്നു. തിരുവെഴുത്തു പുറപ്പെട്ടതിയെങ്കിൽ സുറിയാനിജനത്തിന്റെ മേലുള്ളകാര്യം അശ്വാസമായിരുന്നേനേ. ഗോവഇൻക്വിസീഷൻ സംഘം ഈ: മാപ്പിപ്പാ വിധിക്കുന്ന ലത്തീൻമെത്രാന്മാരെയും മിശ്രനസ്രാണികളെയും പാഷാണ്ഡരായി വിധിക്കയും ശിക്ഷിക്കയും മാപ്പിപ്പായുടെ കല്പനകളെ തിരസ്കരിക്കയും ചെയ്തിരുന്നുവെങ്കിൽ അവക്ക് കിട്ടിയിരുന്ന അധികാരം എതിൽ നിന്നാണു?

ഇതാ വായനക്കാരെ! കൽദായ സുറിയാനിമെത്രാന്മാരുടെ നേരേയും മലങ്കര മാർ തോമാനസ്രാണികളുടെ നേരേയും ഗോവയിലെ പോർട്ടുഗീസ് കാർ പ്രവർത്തിച്ചതിന്റെ അർത്ഥവും സത്യവും നീതിയും മേൽവിവരിച്ച വാക്യങ്ങൾ വേണ്ടുവോളം ബോധപ്പെടുത്തുമെന്നു വിശ്വസിക്കുന്നു. ഗോവ പോർത്തുഗീസ് വൈദികരെ സത്യവാദികളും തെറ്റു വരുത്തുവരെന്നുകൂടി പ്രസ്താവിക്കുന്നു മെഡ്രിക്കോട്ടമെത്രാൻ ലംബേർട്ടി (Lambert) ന്റെ സ്ഥാനത്തിൽ ആയിരുന്നുവെങ്കിൽ അഹത്തല്ലായെപ്പോലെ ഗോവക്കാർ രീയിൽ ഇട്ടു മുട്ടു, അഹല്ലുമെത്രാന്റെ നിസ്സൃഹയുടെ മുറും പോർത്തുഗീസ് വൈദികർ (Miserere) "മിസരേരേ" എന്ന സംഗീതം പാടിശ്മശാനത്തിലേക്കു നടന്നതുപോലെ നടന്നേനേ.

അപ്പോഴും മെഡ്രിക്കോട്ടമെത്രാൻ ഗോവപോർത്തുഗീസ് വൈദികരുടെ മേൽ എത്രയോ ക്രൂര പ്രതിവാദിയായേനേ.

൪. പെർപ്പെബിൽ നിന്നും ക്രി—ൽ ഗൊവിയേം മെത്രാപ്പോലീത്താ റോമാ തിരുസംഘത്തിന്റെ പ്രചരംസാപത്രത്തോടുകൂടി തോ

മാ നസ്രാണികളെ ഭരിപ്പാനായി മലയാളത്തിൽ വന്നതായി റോ
ളൻ ൮൮൩-ാം പുറത്തിരു പറഞ്ഞിരിക്കുന്നു. ഉടനെ ഗൌറിയേൽ
മെത്രാപ്പോലീത്താ നെസ്തോറിയൻ ഇടത്തുട്ടകാരനാണെന്നു വരാപ്പുഴ
കമ്മലീത്താ മിഷനറിമാർ റോമാ തിരുസംഘത്തിൽ ബോധിപ്പിച്ചു.
എന്നാൽ അദ്ദേഹം മലയാളത്തിലേക്കു പുറപ്പെട്ടുവാൻ നിശ്ചയിച്ചു
പ്പോഴും തന്നെ തന്റെ വിശ്വാസസത്യം റോമാ സിംഹാസനത്തി
ലേക്കു അയക്കയും, റോമാ സിംഹാസനം ആയതിനെ അംഗീകരി
ക്കയും ചെയ്തിട്ടുണ്ടായിരുന്നു. "അദ്ദേഹത്തിന്റെ വിശ്വാസം റോ
മായിൽ അംഗീകരിച്ചതുകൊണ്ടു.....അദ്ദേഹത്തിന്റെ ഉത്സാഹ
ത്തെ തിരുസംഘം ശ്ലാഘിച്ചു എഴുതിയിരുന്നു." എന്നു റോളൻ ൮൮൭-ാം
പുറത്തിൽ എഴുതിയിരിക്കുന്നു. (Appendix 98) എങ്കിലും കമ്മലീത്താ
സന്യാസിമാർ അദ്ദേഹത്തിനെപ്പറ്റി അപഖ്യാതി ബോധിപ്പിക്ക
യാൽ അദ്ദേഹത്തിന്റെ വിശ്വാസത്തെ പരിശോധിക്കുന്നതിനു റോ
മാതിരുസംഘത്തിൽ നിന്നും കല്പനയായി. ആ കല്പന വന്നഉടനെ ക
മ്മലീത്താ മിഷ്യനറിമാർ ലങ്ങനാശ്ശേരിയിൽ ചെന്നു വിശ്വാസ സ
ത്യം ചെയ്യിക്കുന്നതിനു ശ്രമിച്ചു. അദ്ദേഹത്തിന്റെ വിശ്വാസസത്യം
വരാപ്പുഴ കമ്മലീത്താ സഭയിൽ ഉൾപ്പെട്ട മർസിലേനോസ് മെ
ത്രാൻ അവർകളുടെ സത്യവേദചരിത്രം ൬൫൦—൬൫൨-ാം പുറങ്ങളിൽ
ചേർത്തിട്ടുണ്ടു. അതിൽ പറയുന്നതാവിതു: "ഞാൻ ഗൌറിയേൽ മെ
ത്രാപ്പോലീത്താ. അനേകകാലം മുമ്പു ശ്ലൂ: റോമാപള്ളിക്കും, എതു
യും ശ്ലൂഷമാകപ്പെട്ടവനും, ഭാഗ്യപ്പെട്ടവനും, ആയ പിതാവിനും മന
സ്സാലെ സമ്മതിച്ചു.

ആകയാൽ പരം ദേശങ്ങളിൽ അപ്പൊസ്തോലിക്കാ വികാ
രിയുടെയും ഇപ്പോളുടെ കൂട്ടുകാരായ കമ്മലീത്താ സന്യാസികളുടേയും
കല്പനയ്ക്കും നിയമത്തിനും തക്കതിൽവണ്ണം ഞാൻ ചെയ്യുന്നതെന്നും
അയാളുടെ ശ്രുതയ്ക്കു പുറമെ പാർക്കുന്ന ഒരു മെത്രാനെപ്പോലെ ഞാ
ൻ നടക്കുന്നതെന്നും പറഞ്ഞു ഒക്കുന്നോർ.....കൂപ്പാറ പത്തീരാ"
(പുളിയാത്ത) അപ്പത്തിൽ ഞാൻ ആണയ്ക്കുന്നതെന്നു പറഞ്ഞൊക്കു
ന്നോൻ————എന്നു ക്രമം തുലാമാലം ൪—ാനു-"

ഇതാണു ഗൌറിയേൽ മെത്രാപ്പോലീത്തായുടെ വിശ്വാസസ
ത്യം. ആ വിശ്വാസസത്യത്തിലെ പ്രധാനസംഗതി ഗൌറിയേൽമെ
ത്രാപ്പോലീത്താ മലയാളത്തിലുള്ളസുറിയാനിക്കാരുടെ മേൽ, (Lawful)
സ്വധർമ്മമുള്ള, അധികാരത്തോടുകൂടി വന്നിരിക്കുകൊണ്ടു, ആ അധികാ
രം നടത്തുകയില്ലെന്നാണു. മറ്റു വിശ്വാസസത്യങ്ങളിൽ സാധാരണ
ചേർക്കാറുള്ള വാചകങ്ങളൊന്നും ഇതിൽ ഇല്ല. അതുകൊണ്ടു, ഗൌറി
യേൽ മെത്രാപ്പോലീത്താ നെസ്തോറിയൻ ഇടത്തുട്ടകാരനായിരുന്നതു

കൊണ്ടല്ല, പിന്നയോ, തങ്ങളുടെ അധികാരത്തിനു നൂനത വരുത്തുക്കാം എന്നുള്ള ഭയം നിമിത്തം ഖാത്തീൻ വൈദികർ പതിവുപോലെ നെസ്റ്റോറിയൻ ഇടയന്മാരെ കാനായി ബോധിപ്പിച്ചതാണെന്നും; പുളിച്ച അപ്പത്തിൽ കുർബ്ബാന അണയ്ക്കുന്നതിനുള്ള കിഴക്കൻ ക്രമത്തെ ഭേദപ്പെടുത്തി, പുളിയാത്ത അപ്പത്തിൽ കുബ്ബാന അണയ്ക്കുണമെന്നു കമ്മലീത്താ മിഷ്യനറിമാർ നിർബ്ബന്ധിച്ചതുകൊണ്ടും തെളിയുന്നു. എന്തെന്നാൽ ആ ക്രമത്തെ മാറ്റുന്നതിനു ഗ്രെഗറിയേൽ മെത്രാപ്പോലീത്തായ്ക്കോ കമ്മലീത്താ മിഷനറിമാക്കോ പാടുള്ളതല്ല. റോമാ മാപ്പിപ്പാമാരുടെ അനേകം നിയമങ്ങൾ ഇതിനെ മുടക്കുകയും ചെയ്യുന്നു. എന്നാൽ ആഞ്ചെലൊ ഫ്രംസീനോ എന്ന കമ്മലീത്താ മെത്രാനു ഇതു മുടക്കുവാൻ അധികാരം സിദ്ധിച്ചതായി കാണുന്നില്ല. അതിനാൽ ആഞ്ചലൊ ഫ്രംസീനോ മെത്രാനും കമ്മലീത്താ മിഷനറിമാരും തിരുസഭയുടെ കാനോനാകർമ്മ വിരോധമായി പ്രവർത്തിച്ചിരിക്കുന്നു എന്നു പ്രത്യക്ഷപ്പെടുന്നു. എന്നതെന്നെയല്ല ആഞ്ചലൊ ഫ്രംസീനോ എന്ന മെത്രാന്റെയും ആ സമയം മലയാളത്തിലുണ്ടായിരുന്ന കമ്മലീത്താ മിഷനറിമാരുടേയും വിശ്വാസം. പുളിച്ച് അപ്പത്തിൽ കുബ്ബാന അണയ്ക്കുന്നതു വാസ്തവമല്ലന്നും അപ്രകാരം ചെയ്യുന്നതു ഇടത്തുടാകുന്ന എന്നും തുകുന്നു. അതിനുള്ള തെളിവു റോളൻ ൽ൮-ാം പുറത്തിൽ "പുളിച്ച അപ്പത്തിൽ വാസ്തവവിരുദ്ധമായി പട്ടമോറവക്കെങ്കിലും" എന്നുള്ളതു തന്നെയാണു. (Appendix 99) അതായതു, ആഞ്ചെലൊ ഫ്രംസീനോ എന്ന മെത്രാൻ റോമാപുരിക്കയച്ച എഴുത്തിൽ പുളിച്ച അപ്പത്തിൽ കുബ്ബാന അണയ്ക്കുന്നതു വാസ്തവമല്ലെന്നാണ്. ഗ്രെഗറിയേൽ മെത്രാപ്പോലീത്താ കമ്മലീത്താ സന്യാസികളിൽ നിന്നും എത്രമാത്രം ഞെരുക്കങ്ങളും വിഷമിപ്പുങ്ങളും അനുഭവിച്ചു എന്നു ടി. വിശ്വാസസത്യംകൊണ്ടുതന്നെ അറിയാം. ഇദ്ദേഹം കത്തോലീക്കാ മെത്രാനും, ദൈവ കല്പനാ തോമാനസ്രാണികളിന്മേൽ അധികാരമുള്ളവനും ആണെന്നു ആ സമയത്തെ ബാബേൽ പാത്രിയർക്കീസിന്റെ സ്ഥിതികൊണ്ടറിയാവുന്നതാണു. അന്നു ബാബേലിൽ വാണിരുന്ന രണ്ടാം യെശയ്യാ പാത്രിയർക്കീസിനു ഫ്രഞ്ച്-ാം ക്ലെമെൻസ് മാപ്പിപ്പാ എഴുതിയിരിക്കുന്നതെന്തെന്നാൽ, "വിശേഷിച്ചും എന്നാൽ ഭരം ഉദ്യോഗത്തിന്റെ എല്ലയും പ്രയാസമായ ഭരണത്തിൽ നമ്മുടെ ബലക്ഷയത്തിനു മേലിൽ നിന്നുള്ള സഹായം നിരന്തരമായ അപേക്ഷകൊണ്ടു ദൈവത്തിൻപക്കൽ സാധിക്കുന്നതിനു നിങ്ങളും ഉത്സാഹിക്കുന്നതിനു നിങ്ങളോടു നാം അപേക്ഷിക്കുന്നു" ജമീൽ ഫ്രഞ്ച്-ാം പുറം നോക്കുക.
(Appendix 100)

വാണിരുന്ന പാത്രിയക്കീസിനെ എത്രയോ മതിപ്പിലും, വിശ്വാസത്തിലും വെച്ചിരുന്ന എന്നു മുൻപറഞ്ഞു എഴുത്തിൽ നിന്നും വ്യക്തമാകുന്നുണ്ട്. ബാബേൽ പാത്രിയക്കീസന്മാർക്കു, മലയാളത്തിന്മേലുള്ള അധികാരം ക്രമ-ാം ഗ്രിഗോറിയൂസ് മാപ്പാപ്പായുടെ കാലംവരെ നിരാക്ഷേപം നിലനിന്നിരുന്നു എന്നു മുൻതെളിയിച്ചിട്ടുണ്ടല്ലോ. ഇനി കമ്മലീത്താ മർസിലീനോസ് മെത്രാൻ അവർകളുടെ സത്യവേദചരിത്രം വ്രമ-ാം പുറത്തിൽ, "എന്നാൽ ഇവ്വണ്ണം വചനംകൊണ്ടും എഴുത്താലെയും ഗെവറിയേൽ പറഞ്ഞിരുന്നു എങ്കിലും ശപിക്കപ്പെട്ട ഇടത്തുടനെ ഹൃദയത്തിൽനിന്നു കളയാതെ നെസ്റ്റോറീസ് കാരനായി ജീവിക്കയും മരിക്കയും ചെയ്തു" എന്നു പറഞ്ഞിരിക്കുന്നു. വായനക്കാരെ! ഒരു മർസിലീനോസ് മെത്രാന്റെ ഒരു ചരിത്രം ലത്തീൻ ഐതിഹികരുടെ ചരിത്രകപടത്തെ വേണ്ടപോലെ വെളിപ്പെടുത്തുന്നുണ്ട്. ഗെവറിയേൽ മെത്രാപ്പോലീത്താ വ൫ വർഷം മലയാളത്തിൽ പാർത്തു എങ്കിലും, വചനത്തിലും എഴുത്തിലും, അതായതു വചനത്തിലും, പ്രവൃത്തിയിലും അദ്ദേഹം നെസ്റ്റോറിയൻ ഇടത്തുട്ടുകാരൻ എന്നു സ്പഷ്ടമായി യാതൊന്നും കണ്ടില്ലെന്നു പറയുന്ന കമ്മലീത്താക്കാരനായ മർസിലെനോസ് മെത്രാനും കൂട്ടരും ഹൃദയത്തിൽ സൂക്ഷിച്ചിരുന്നതു എങ്ങിനെ കണ്ടുപിടിച്ചു? ഉള്ളിനെ വിധിപ്പാൻ ദൈവത്തിനു മാത്രമെ ശക്തിയും അധികാരവും ഉള്ളൂ. പുറമെയുള്ള പ്രവൃത്തികളെയാണു മനുഷ്യർ വിധിക്കുന്നതു്. ഗെവറിയേൽ മെത്രാപ്പോലീത്തായുടെ പുറമെയുള്ള പ്രവൃത്തികളും കത്തോലിക്കർക്കു അടുത്തതായിരുന്നു. അതിനെ മറിച്ചു വിധിക്കുന്നവർ അസൂയയും വഞ്ചകവും നിമിത്തം ദുഷ്കീർത്തിപ്പെടുത്തുകമാത്രമാണ് ചെയ്യുന്നതു.

൪. പ്രസ്തുത കാലത്തിനു അല്പംമുമ്പു കൽദായ പാത്രിയക്കീസ്, സിമിയോൻ എന്നു പേരായ ഒരു മെത്രാനെ മലയാളത്തിലെ തോമാനസ്രാണികളെ ഭരിപ്പാനായി അയച്ചു. അദ്ദേഹം ഓർമ്മുസ്, റോമ്മാ, ഇസ്പാനിയാ, പോർത്തുഗൽ, മുതലായ പ്രദേശങ്ങളിൽ സഞ്ചരിച്ചശേഷം ഗോവയിൽ എത്തുകയും, അവിടെവച്ചു പോർത്തുഗീസ്സുകാരായ ലത്തീൻകാരുടെ ഉപദേശത്താൽ—അതായതു അദ്ദേഹം ഭരിക്കാൻ വന്നിട്ടുള്ള ക്രിസ്ത്യാനികളെ സുറത്തിൽ അയക്കുന്നു എന്നു അദ്ദേഹത്തിനെ ധരിപ്പിച്ചു— അവിടേയ്ക്കു അദ്ദേഹം പോകയും അവിടെവച്ചു തോമാനസ്രാണികളുടെ എഴുത്തു കയ്യൂരുകയും ആ എഴുത്തനുസരിച്ചു മലയാളത്തിൽ വന്നുചേരുകയും ചെയ്തു. അനന്തരം ക്രൈ൫-ാമാണ്ടിനിടയ്ക്കു ആഞ്ഞെലൊ പ്രൊസിനൊ എന്ന കമ്മലീത്താ മിഷനറിക്കു ആലങ്ങാട്ടുപള്ളിയിൽവെച്ചു മെത്രാൻപട്ടം അദ്ദേഹംകൊടുത്തിട്ടുണ്ടു. അദ്ദേഹത്തിനെ മെത്രാനായി അഭിഷേകം ചെയ്തു അധിക കാലതാമസമെന്യെ, സിമിയോൻ, ബന്ധനസ്ഥനായി പുറ

ട്ടേരിയിലേക്കയച്ചപ്പെട്ടു. എങ്കിലും വരാപ്പുഴ കമ്മലീത്താ മർസലീനോസ് മെത്രാന്റെ സത്യവേദചരിത്രത്തിൽ ഫന്ന ാം പുറത്തിൽ പ്രസ്തുത വിഷയത്തെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു. "മാർ സിമയോൻ, അദ്ദേഹത്തിന്റെ മിക്കിലുള്ള നെസ്തോറിയൻകാരുടെ വേലയാൽ ഉണ്ടായ തുലുക്കരുടെ ഞെരുക്കത്താൽ ഒളിച്ചോടി സൂറത്തിൽ വന്നു എങ്കിലും മലയാളത്തിൽ ഉള്ള ആഞ്ഞെലൊ പ്രംസീസ്കോ എന്ന മിഷ്യനറിയുടെ വാഴ്ചയുടെ ആവശ്യം സൂറത്തിൽ ഉണ്ടായിരുന്ന പ്രംസീസ്കൂ സന്ന്യാസികൾ അറിഞ്ഞിരുന്നതിനാൽ കമ്മലീത്താമിഷ്യനറിമാരെ മെത്രാൻ വന്ന വിവരം അറിയിക്കയും വരാപ്പുഴ മിഷ്യനറിമാരുടെ അപേക്ഷാനുസരണം മാർ സിമയോനെ മലയാളത്തിൽ കൊണ്ടുവരികയും വാഴ്ച കഴിഞ്ഞു പുതുട്ടേരിയിൽ കൊണ്ടുചെന്നാക്കുകയും, അവിടെ ഏകദേശം കാലം വരെ ജീവിച്ചു മരിക്കയും ചെയ്തു". ഇതു ഒരു ചിരിക്കുവക്ക ചരിത്രപാഷാണം തുകുന്നു! ആഞ്ഞെലൊ പ്രംസീസ്കോ എന്ന കമ്മലീത്താ മിഷ്യനറിക്ക വാഴ്ച ഏല്പിക്കുന്നതിനു സൂറത്തിൽനിന്നും ഒരു സുറിയാനിമെത്രാനെ വരുത്തിയതിൽ മാത്രമെ നിവൃത്തിയൊള്ളു. കൊച്ചി, കൊടുങ്ങല്ലൂർ, ഗോവ, മൈലാപ്പൂർ, മുതലായ അട്ടത്തപ്രദേശങ്ങളിൽ പലപ്പോഴത്തിൻ മെത്രാന്മാർ ഉണ്ടായിരുന്നിട്ടും, സൂറത്തിൽനിന്നും ഒരു സുറിയാനി മെത്രാനെ കൊണ്ടുവന്നിട്ടുമാത്രമെ ആഞ്ഞെലൊ പ്രംസീസ്കോ എന്ന വത്തീൻ മിഷ്യനറിയെ വാഴ്ച ഏല്പിക്കുന്നതിനു കഴിഞ്ഞൊള്ളു. ഉദിയമ്പേരൂർ സൂനഹദോസ് ചരിത്രം ൪൪-ാം പുറത്തിൽ വിവരിച്ചിട്ടുള്ള സംഗതി ഒരു സംഭവത്തിന്റെ മഹാ വഞ്ചകത്തെ വെണ്ടുവോളം തെളിയിക്കുന്നുണ്ടു. എന്തെന്നാൽ ആഞ്ഞെലൊ പ്രംസീസ്കോ എന്ന വരാപ്പുഴ മെത്രാൻ ഫ്രൈ ഡനു ഫൻ-ാം നു- റോമാപുരിയിൽ മാപ്പിപ്പായെ ബോധിപ്പിക്കാനായി എഴുതിയ എഴുത്തിൽ ഇപ്രകാരം എഴുതിക്കാണുന്നു. "തക്കങ്ങളും വഴക്കുകളും അടങ്ങുന്നതിനും ശീശ്മക്കാർ റോമാപ്പള്ളിയുടെ മടിയിലേക്കുചേരിയുന്നതിനും, പുളിച്ചതും പുളിക്കാത്തതുമായ അപ്പത്തിൽ വ്യത്യാസമെന്യെ കർബാന ചൊല്ലുന്നതിനും" ..... താഴെപുളിച്ച അപ്പത്തിൽ വാസ്തവക്കേടായി പട്ടംഏറ്റവക്കെങ്കിലും (അനുവദിക്കണം) (Appendix101)

എന്നാൽ പുളിയാത്ത അപ്പത്തിൽ പട്ടമേറീല്ലെങ്കിൽ പട്ടം വാസ്തവമാകയില്ലാ എന്നുള്ള അബദ്ധവിധിയെ ചില ലത്തീൻ വേദശാസ്ത്രജ്ഞന്മാർ അക്കാലങ്ങളിൽ വിശ്വസിച്ചു പഠിപ്പിച്ചുവന്നിരുന്നു എന്ന റോളൻ എഴുതിയിരിക്കുന്നു. പുളിയാത്ത അപ്പത്തിൽ പട്ടമേറീല്ലെങ്കിൽ പട്ടം വാസ്തവമാകയില്ലെന്നു വിശ്വസിച്ചുവന്ന ആഞ്ഞെലൊ പ്രംസീസ്കോ എന്ന കമ്മലീത്താമെത്രാൻ പുളിച്ച അപ്പത്തിൽ പട്ടമേറീട്ടുള്ള സുറിയാനി മെത്രാനായ സിമയോനിൽ നി

ന്ന പട്ടമെറന്തു ഒണ്ടുകൊണ്ടെന്ന വായനക്കാർ ശ്രദ്ധമായി പര്യാലോചന ചെയ്യേണ്ടതാണ്. പട്ടം വാസ്തവമാകയില്ലെന്ന ധരിച്ചിരുന്നാവർ, വളരെ പ്രയാസപ്പെട്ട, പുളിച്ച അപ്പത്തിൽ വാസ്തവമില്ലാതെ പട്ടമേറിരുന്ന സിമയോൻ മെത്രാനെ സൂറത്തിൽ നിന്നും വരുത്തുവാൻ ഇടയില്ല. * അഞ്ചലോ പ്രംസിസ്കിനെ മെത്രാനായി അഭിഷേകം ചെയ്യാൻ മാത്രമായിട്ട അദ്ദേഹത്തിനെ സൂറത്തിൽ നിന്നും വരുത്തിയിട്ടുള്ളതും അല്ല. അതുകയാൽ, തന്നെ മെത്രാനായി അഭിഷേകം ചെയ്യാനായി സൂറത്തിൽ നിന്നും അഞ്ചലൊപ്രംസീസ്കു്, സിമെയോൻ മെത്രാനെ വരുത്തിയതാണെന്ന മസ്ദീനോസ് മെത്രാൻ പറഞ്ഞിട്ടുള്ളതുകേവലം വാസ്തവവിരുദ്ധമാണ്. ഇനി കായ്യസംവേം എങ്ങിനെ ആയിരുന്നുവെന്ന വിവരിക്കാം. അക്കാലങ്ങളിൽ തന്നെ മലയാളത്തിലെ തോമാനസ്രാണികളെ ഭരിപ്പാനായി സിമെയോൻ എന്ന മെത്രാനെ കൽദായപാത്രിയർക്കീസയച്ചു. അദ്ദേഹം ഓർമ്മും, റോമാ, ഫ്രാങ്കിയാ, പോർട്ടുഗൽ മുതലായ പ്രദേശങ്ങളിൽ ദേശാടനം ചെയ്തശേഷം ഗോവയിൽ എത്തി. മലയാളത്തിലെ തോമാനസ്രാണികളെ ഭരിപ്പാനായി അദ്ദേഹം വന്നിരുന്ന വിവരം അദ്ദേഹത്തിൽ നിന്ന തന്നെ പോർട്ടുഗീസ് വൈദികർ ഗ്രഹിച്ചു. തങ്കിക്കു ഭരിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ള ക്രിസ്ത്യാനികൾ സൂറത്തിൽ അധികണ്ടം അവിടേയ്ക്കു പോകണമെന്നും അവർ അദ്ദേഹത്തിനോട പറഞ്ഞു. അദ്ദേഹം അതിനെ വിശ്വസിച്ചു സൂറത്തിലേക്കു പുറപ്പെട്ടു. അവിടെ താമസിക്കുമ്പോൾ തോമാനസ്രാണികളുടെ എഴുത്തു അദ്ദേഹത്തിനു വിടാടം കിട്ടുകയും മലയാളത്തിലേക്കു പുറപ്പെട്ടുകയും ചെയ്തു. മലയാളത്തിൽ എത്തിയശേഷം അഞ്ചലോപ്രംസീസ്കോ എന്ന മിഷ്യനറിയെ മെത്രാനായി അഭിഷേകം ചെയ്യുന്നതിനു ഗോവ, കൊച്ചി, മുതലായ മെത്രാന്മാർ നിഷേധിക്കയാൽ അതുകൊണ്ടുപള്ളിയിൽ വച്ചു സിമെയോൻ മെത്രാനിൽനിന്നും അദ്ദേഹം വാഴ്ച ഏറ്റു. അദ്ദേഹം മലയാളത്തിൽ താമസിച്ചാൽ തോമാനസ്രാണികളുടെ ഭരണം തങ്ങൾക്കു ലഭിക്കുന്നതിനു ഒരു പ്രതിബന്ധമായി ഭവിക്കുമെന്ന കരുതി, ഏതു വിധമൊ കമ്മലീത്താ മിഷ്യനറിമാർ അദ്ദേഹത്തിനെ പുതുശ്ശേരിയിലേക്കു കൊണ്ടുപോയി. അദ്ദേഹം അവിടെ വരെ ജീവിച്ചിരിക്കയും, ഏതു വിധമൊ അവിടെ വച്ചു തന്നെ മരിക്കയും ചെയ്തു. ൦൭൦ ഫാട്ടത്തിൽ വായനക്കാർ ഒന്നുകൂടി ഒക്കേണ്ടതുണ്ട്. സിമെയോൻ മെത്രാൻ ഒരു സുറിയാനിയെ ഭരിപ്പാൻ വാഴ്ച ഏറ്റിട്ടുള്ള അതുകൊണ്ടാണും ഒരു കത്തോലിക്കാ മെത്രാനാകണമെന്നും കൽദായക്കാരനാകണമെന്നും കാമ്മലീത്തക്കാ

---

* ഇതുകൊണ്ടായിരിക്കണം മാർ സിമെയോൻ അഞ്ചലൊ മിഷ്യനറിക്കു മെത്രാൻപട്ടം കൊടുക്കയിൽ പുളിയാത്ത അപ്പത്തിൽ കർഷനെച്ചൊല്ലി എന്നു ചില ചരിത്രക്കാർ പറയുന്നത

ർ സമ്മതിക്കുന്നുണ്ട്. തന്റെ ശ്രുതഭരണത്തിനു അദ്ദേഹം കടപ്പെട്ടിരുന്നില്ലെ? അ സ്ഥിതിക്ക് ൫൦ കൊല്ലം വരെ പുതുശ്ശേരിയിൽ സ്വസ്ഥമായി താമസിച്ചു എന്നു വരാൻ പാടുണ്ടോ? അതിനാൽ അദ്ദേഹം പുതുശ്ശേരിയിൽ ലത്തീൻ വൈദീകരുടെ ബന്ധനസ്ഥനായി പാത്തൂഎന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നുമാത്രമല്ല, ഒരു സംഗതികൂടി വ്യക്തമാകുന്നുണ്ട്. പുളിച്ച അപ്പത്തിൽ കുബ്ബാന അണയ്ക്കുക കിഴക്കൻ ക്രമം അല്ലെന്നല്ലൊ., കിഴക്കൻ ക്രമത്തെ പടിഞ്ഞാറൻ ക്രമത്തിൽ നിന്നും ഒരു സംഗതി പ്രത്യേകമായി വേർതിരിക്കുന്നു. ഇതു സാരമായ ക്രമം മാറുവാൻ പാടില്ലെന്നു അനേകം മാപ്പാപ്പാമാർ നിശ്ചയിച്ചിട്ടുള്ള സംഗതിയുമാണു. എന്നാൽ ഇതും, ഇതുപോലുള്ള മറനേകം ക്രമങ്ങളും ഗോവസുനഹദോസിലും പ്രത്യേകിച്ചും, ഉദിയമ്പേരൂർ സുനഹദോസിലും, മാറ്റപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ചെയ്തതു വ-ാം ക്ലേമെൻസു മാപ്പാപ്പായുടെയൊ മറേതെങ്കിലും മാപ്പാപ്പാമാരുടെയൊ അനുമതിയോടുകൂടിയാണൊ? അതിനുള്ള അനുവാദപത്രം ലത്തീൻ വൈദീകർ പുറത്തെടുക്കാത്തതെന്തു? അതു ശോപ്യമായിവെച്ചുകൊണ്ടിരിക്കുന്ന കാലത്തോളം. സുറിയാനി തോമാ നസ്രാണികളെ നെസ്തോറിയൻ ഇടത്തുട്ടുകാരാകുന്നു എന്നും അവരെ ഭരിപ്പാൻ വരുന്ന മെത്രാന്മാർ എല്ലാം നെസ്തോറിയൻ ഇടത്തുട്ടുകാരാകുന്നു എന്നും അവർ എഴുതിവന്നിട്ടുള്ളതു അസത്യവും അസംഭാവ്യവുമായി ഗണിക്കപ്പെടേണ്ടതാണു. അഞ്ചെലൊ ഫ്രംസീസ്കൊ എന്ന മെത്രാൻ എഴുതിട്ടുള്ളതിന്റെ പരസ്പര വിരുദ്ധതയെ വായനക്കാർ ഒന്നുകൂടി പയ്യാലോചന ചെയ്യേണ്ടതുണ്ടു. "പുളിച്ചപ്പത്തിൽ വാസ്തവമല്ലാതെ പട്ടമേറെ അളുകൾക്കും, പുളിച്ചതിലും പുളിയാത്തതിലും ചൊല്ലുന്നതിനു അനുവദിക്കണം" എന്നാണല്ലൊ അദ്ദേഹം എഴുതിട്ടുള്ളതു. പുളിച്ച അപ്പത്തിൽ കർബാന അണച്ചാൽ വാസ്തവമാകയില്ലെങ്കിൽ അതിൽ കുർബാന ചൊല്ലുന്നതിനു അനുവാദം ചോദിപ്പാൻ പാടുണ്ടോ? വാസ്തവമല്ലാതെ പട്ടമേറിരിക്കുന്ന പട്ടക്കാരെ വീണ്ടും പുളിയാത്ത അപ്പത്തിൽ പട്ടം ഏല്പിക്കേണ്ടതല്ലയൊ? അഞ്ചെലൊ ഫ്രംസീസ്കൊന്റെ മെത്രാൻ പട്ടം അദ്ദേഹത്തിന്റെ ന്യായമായ്തു നിശ്ചയമായി വാസ്തവമല്ലാത്തതാണു. ഇപ്രകാരമാകുന്ന ലത്തീൻ വൈദീകർ മലയാളത്തിൽ നടത്തീട്ടുള്ള സംഗതികൾ. തങ്ങളുടെ ക്രമം മാറിയതുകൊണ്ടും, കൽദായ മെത്രാന്മാരുടെ ഭരണം ഭേദപ്പെട്ടതുകൊണ്ടും തോമാനസ്രാണികൾ ഉദിയമ്പേരൂർ സുനഹദോസ് മുതൽ അവലാധി പറകയും ലത്തീൻ വൈദികരോടു മത്സരിക്കയും ചെയ്തുതുടങ്ങി. കൽദായ മെത്രന്മാരുടെ ഭരണം ഉന്മൂലനം ചെയ്യുന്നതിനായി, അവർ നെസ്തോറിയൻകാരാകുന്നു എന്നു ലത്തീൻകാർ റോമയിൽ ബോധിപ്പിക്കയും സുറിയാനി മെത്രാന്മാരുടെ വരവിനെ ബലമായി തടസ്ഥം ചെയ്കയും ചെയ്തുവന്നു. തോമാ നസ്രാണികളുടെ

വാദം പ്രമാണവഴിക്കും ന്യായമായിട്ടുള്ളതാകുന്നു. ലത്തീൻ വൈദീകരുടെ അന്യായമായ തടസ്ഥബലം, ക്രി-ാം ബനഡിക്തോസു മാപ്പാപ്പാ അള്ളാത്തെസുന്തു് (Allâtae sunt) എന്ന തിരുവെഴുത്തിൽ പറയുന്നതുപോലെ. കിഴക്കൻ ക്രമങ്ങളും മാറുന്നതുകൊണ്ടു തിരുസ്സഭയിൽ വലുതായ നാശം ഉളവാക്കീട്ടുണ്ടു. അതുപോലെ തന്നെ മലയാളത്തിൽ വന്നിട്ടുള്ള ലത്തീൻ വൈദീകരുടെ അതിക്രമം നിമിത്തം മലയാളപ്പള്ളിയുടെ ഒരംശം യാക്കോബായ ഇടത്തട്ടിൽ പോകുവാൻ ഇടയായി തീർന്നിട്ടുണ്ടു. ഭയമുള്ളതും പരിശുദ്ധമുള്ളതുമായ കത്തോലിക്കാപള്ളിക്കു ലത്തീൻ വൈദീകർ ഇപ്രകാരം പ്രലാപകരമായ പ്രവൃത്തിയാണു ചെയ്തിട്ടുള്ളതു.

മേൽസംഗതിയെ തെളിയിക്കുന്നതിനു ഇനിയും ചിലസത്യമായതെളിവുകൂടി കാണിക്കാം. "വരാപ്പുഴെ മർസ്ലിനോസു മെത്രാനവർകൾ രചിച്ചിട്ടുള്ള സത്യവേദചരിത്രം ഛന്ദ-ാം പക്ഷത്തിൽ അദ്ദെൻ എന്ന മാർ ശെമഒനിന്റെ നെസ്തോറിസ്ഥരുടെ വലയാൽ ഉണ്ടായ തുലുക്കരുടെ ഞെരുക്കത്തിൽ നിന്നും പാറാവിൽനിന്നും ഒരു ദേഹം യോഹന്നാൻ വണ്ടീസ്ത ഭൊളെയാൻസ എന്ന കപ്പൂച്ചീൻ മിഷ്യനാരിയുടെ സഹായത്താൽ രക്ഷപെട്ട അവിടെ നിന്നു ഓടി ഒളിച്ചു ഇന്ത്യയിലെ സൂറത്ത എന്നിടുക്കിൽ കപ്പൂച്ചീനി എന്ന മാർ പ്രംസീസ്കോസിന്റെ സന്ന്യാസികളായ മിഷ്യനാരിമാരുടെ പക്കൽ സങ്കേതം പ്രാപിച്ചിരിക്കയിൽ, മലയാളത്തിലെ വികാരി അപ്പൊസ്തോലിക്കായെ വാഴിക്കുന്നതിനുള്ള ആവശ്യം ആ മിഷ്യനരിമാർ അറിഞ്ഞിരുന്നതിനെക്കൊണ്ടു മാർ ശെമഒൻ അവരുടെപക്കൽ എത്തിയ വർത്തമാനം മലയാളത്തിലെ കുമ്പഭീത്താ മിഷ്യനരിമാക്കു അറിയിച്ചു. അവരവർ മലയാളത്തിലേക്കു വരുത്തുകയും വാഴിച്ചു കഴിഞ്ഞതിന്റെ ശേഷം മാർ ശെമഒനിന്റെ അപേക്ഷപ്രകാരം ഇങ്ങോട്ടയച്ചുകൊണ്ടുവന്ന പ്രാൻസ കപ്പൂത്തന്നെ പ്രംസീസ്കൊ മറിയം ഒത്തൂരസ് എന്ന കപ്പൂച്ചീനി മിഷ്യനാരിയോടുകൂടെ അദ്ദേഹത്തെ പുതുശ്ശേരിയിലേക്കു കൊണ്ടുപോകയുംചെയ്തു. അവിടെ ക്രി-ാം കാലം വരെ ജീവിച്ചു കിഴവനായിട്ടു മരിക്കയും ചെയ്തു" ടി. ചരിത്രം ഛന്ദ-ാം പക്ഷം, ക്രി-ാമാണ്ടിൽ അങ്കമാലി പള്ളിയിൽ കൂടിയ കൂട്ടം എഴുതി സത്യംചെയ്ത കയ്യൊപ്പിട്ട പടിയോലയുടെ അവസ്ഥയും അതിൽ എഴുതിയിരിക്കുന്ന ഗൂഢകളും ഇല്ലാത്ത കഥകളും മേൽപറഞ്ഞ ആണ്ടിൽ ഇടവമാസം ക്രി-ാം തിരുവനന്തപുരത്തു വിസ്താരം കഴിച്ചു ഇല്ലാത്തതായി എല്ലാം തെളിഞ്ഞിട്ടില്ലായിരുന്നു എങ്കിൽ ഒരു സംഗതി അവകളൊക്കയും തെളിയിപ്പാൻ മതിയായിരുന്നു.

മർസ്ലിനോസ് മെത്രാനവുന്റെ മേൽ എഴുതിയ വിവര

ന്നത്തിനു പ്രാരേമാക്കൽ ഗൈവർണ്ണദോരും തോമാ നസ്രാണികളും അങ്കമാലിപള്ളിയിൽ കൂടി വരാപ്പുഴെ കമ്മലീത്താ മിഷ്യനറിമാർക്ക വിരോധമായി ഒരു പടിയോല എഴുതുകയും. ആ പടിയോലയിൽ ശേഷം ആവലാധികളിൽ ഒന്നായി മേല എഴുതിയ കൽദായ മാർ ശെമയോൻ മേത്രാപ്പോലീത്തായെ അഞ്ചലൊ പ്രംസീസ്സോ എന്ന കമ്മലീത്താ മിഷ്യനാറിക്ക അലങ്ങാട്ട സൂറിയാനിക്കാരുടെ പള്ളിയിൽവച്ച വാഴ്ച കൊടുത്തതിന്റെ ശേഷം പുതുശ്ശേരിൽ കൊണ്ടുപോയി ബന്ധവസ്സിലാക്കി ഞെരുക്കി മരിക്കയും ചെയ്തു, എന്നും എഴുതീട്ടുണ്ടായിരുന്നു. ആ പടിയോല തിരുവിതാംകൂർ രാജാവിന്റെ പക്കൽ വിസ്തരിക്കയും അതിൽ എഴുതിയിരിക്കുന്ന ആവലാധികളൊക്കയും കള്ള ആവലാധികളായി വിസ്താരത്തിൽ തെളിയുകയും, ആവലാധി തള്ളപ്പെടുകയും ചെയ്തു. എന്നാണ്ട മസ്ലിനോസ മെത്രാന്റെ സത്യവെദചരിത്രത്തിൽ പറയുന്നത. എന്നാൽ ആ സംഗതിയെ ബലമായി ഉറപ്പിക്കുന്നതിനു വേണ്ടി മസ്ലിനോസ മെത്രാൻ ഫ്രഞ്ച—ം പുറത്തിൽ പറയുന്നതാവിതു "മേൽ പ്രൊല്ലിയ ആണ്ടിൽ ഇടവമാസം ഫ്രഞ്ച-ാനു തിരുവനന്തപുരത്തു വിസ്താരം കഴിച്ചു ഇല്ലാത്തതായി എല്ലാം തെളിഞ്ഞിട്ടില്ലാഞ്ഞു എങ്കിൽ ംരം ഒരു സംഗതി അവകളൊക്കയും തെളിയിപ്പാൻ മതിയായിരുന്നു". അതായത അ പടിയോല ആവലാധിയിൽ പറയപ്പെട്ട സംഗതികളും എല്ലാംതന്നെ പൂർണ്ണമായി തെളിഞ്ഞിട്ടില്ല എന്നു വരികിൽ കൽദായക്കാരനായ മാർ ശെമയോൻ മെത്രാപ്പോലീത്തായുടെ സംഗതി കൊണ്ടുമാത്രം മറ്റു സംഗതികളെ ഒക്കയും തെളിയിക്കുന്നതിനു മതിയായിരിക്കുന്നേ എന്നാണ്ട. അങ്ങിനെയാകുന്നു എന്നുവരികിൽ മാർ ശിമനോൻ മെത്രാപ്പോലിത്തായുടെ കഥ മസ്ലിനോസ മെത്രാൻ പറഞ്ഞിട്ടുള്ളതിൽ ഉള്ള കളവുകളും തെളിയുമ്പോൾ അങ്കമാലിയിൽ കൂടി എഴുതിയ പടിയോല ആവലാധിയിൽ പറയപ്പെട്ടിരിക്കുന്ന സംഗതികളൊക്കയും സത്യമാകുന്നു എന്നു തെളിയുന്നതിനു സന്ദേഹമില്ല. ഇതിലേക്ക കൽദായക്കാരനായ മാർ ശെമഓൻ മെത്രാപ്പോലീത്താ സൂറത്തിൽ നിന്നും തോമാനസ്രാണികൾക്ക എഴുതിയ ഒരു എഴുത്താണ്ട. താഴെ തെളിവിലേക്ക ചേർക്കുന്നതു. ംരം എഴുത്തിന്റെ മൂലപ്രതി സുമ്പാളർ സൂറിയാനി പരിപ്പിച്ചിരിക്കയും പിന്നീട കൊടുങ്ങല്ലൂർ ശ്രുപതയുടെ മെത്രാപ്പോലീത്തയായി വാഴ്ച ഏൽക്കയും ചെയ്ത യോഹന്നാൻ റിബെയിരൊ എന്നദ്ദേഹം കാണുകയും അതിന്റെ പകർപ്പു മൂലപ്രതിയോട ഒത്തിരിക്കുന്നു എന്നു സാക്ഷികരിക്കയും ആ സാക്ഷീകരണത്തിനു താനും ആ എഴുത്തു പോർത്തുഗീസിൽ താൻ തന്നെ ഭാഷാന്തരംചെയ്തു ഒപ്പിട്ടു സാക്ഷീകരിച്ചിട്ടുള്ള ആ മൂലപ്രതിയിൽ നിന്നു ഇവിടെ പകർത്തി ചേർക്കുന്നു. യോഹന്നാൻ റിബെയിരൊ മെത്രാന്റെകൈപ്പടയായ മൂല

പ്രതിതന്നെ കാണ്മാൻ ആഗ്രഹിക്കുന്നവരെഅതു കാണിക്കുന്നതിന്നും തയ്യാറുണ്ട്-

യാഹ.

സർവ്വാധിപതിയായ ദൈവത്തിന്റെ കൃപയാൽ-

ബലക്ഷയൻ ഭവാൻ കൽദായ മാർ സിമ
യോൻ കൃപയിൽ സന്നാഹൻ.
കൽദായ മെത്രാപ്പോലീത്ത.

ബലഹീനഭവനായ കൽദായ സിമയോൻ മെത്രാപ്പോലീത്താ. പരംശോമിശിഹാകർത്താവിന്റെ സ്വസ്തിയും ദൈവപിതാവിന്റെ സ്നേഹവാത്സല്യവും പരിശുദ്ധാത്മാവിന്റെ ഐക്യതയും നിങ്ങൾക്കു എല്ലാം ഉണ്ടായിരിക്കട്ടെ.

നമ്മുടെ കർത്താവിൽ നമ്മുടെ സഹോദരന്മാരും നമ്മുടെ പ്രതീക്ഷയായ ദിവ്യരക്ഷകനിൽ നമ്മുടെ സ്നേഹിതരുമായ വൈദീകപുരോഹിതന്മാരെ! യാക്കോവച്ചൻ, പീലിപ്പോസച്ചൻ, മത്തായി അച്ചൻ, ഗീവർഗീസച്ചൻ, യൌസേപ്പച്ചൻ, യാക്കോബച്ചൻ, അബ്രാഹം അച്ചൻ, ആലെക്സാന്ത്രോസച്ചൻ, പൌലോസച്ചൻ, സ്കറിയാച്ചൻ മത്തായിഅച്ചൻ, യൌസേപ്പച്ചൻ, യാക്കോബച്ചൻ അബ്രാഹം അച്ചൻ, പീലിപ്പോസച്ചൻ, തോമ്മാച്ചൻ, അബ്രാഹം അച്ചൻ, യൌസേപ്പച്ചൻ, സ്കറിയാച്ചൻ, ഇസഹാക്കച്ചൻ, യോഹന്നാനച്ചൻ, മക്കോസച്ചൻ, ഇയ്യോവച്ചൻ, മത്തായ് അച്ചൻ, തോമ്മാച്ചൻ മുതലായ അച്ചന്മാരെ! ദൈവഋഷിയക്കാരായ യൌസേപ്പുശമ്മാശൻ ഗീവർഗീസശമ്മാശൻ മത്തായിശമ്മാശൻ യാക്കോബശമ്മാശൻ, മത്തായിശമ്മാശൻ, മുതലായ ശമ്മാശന്മാരെ! വിശേഷിച്ചു പെർഇനിക്കറിവില്ലാത്ത നമ്മുടെ സകല സഹോദരന്മാരെ! സന്യാസികളെ! വികാരിമാരെ! ത്രുഷ്ണന്മാരെ! ഭരണാധിപതികളെ! സത്യവിശ്വാസകൃസ്ത്യാനികളെ! സ്ത്രീപുമാന്മാരെ !യുവാക്കളെ! യുവതികളെ! ബാലകരെ!ശിശുക്കളെ! പിന്നെയും അനുഗ്രഹിക്കപ്പെട്ട മലയാളദേശികരായ നമ്മുടെ മതക്കാരായി ഇന്ത്യയിലുള്ള സമസ്തസുറിയാനി ക്രീസ്തവരെ! കർത്താവു തന്റെ അനുഗ്രഹത്താൽ നിങ്ങളെ കാക്കട്ടെ. തന്റെ ആജ്ഞാനുസരണക്കാരുടേയും തന്റെ തിരുമനസ്സു നിറവേറുന്നവരുടേയും പ്രാർത്ഥനമൂലം തന്റെ ദയ നിങ്ങളിൽ നിന്നു മാറുകയില്ലാ. ആമ്മേൻ- നിങ്ങളുടെ പ്രമാണികർക്കു ജ്ഞാനസ്വസ്തിയും ചോദിച്ചുകൊണ്ടു എഴുതുന്നതായ്തു. ഞാൻ കിഴക്കേദേശത്തിന്റെ മാർ ഏല്യാ പാത്രിയക്കീസിന്റെ പക്കൽ നിന്നുവന്നവനാകുന്നു തന്റെ പ്രശസ്തസിംഹാസനം എന്നും

നിലനിൽക്കട്ടെ ആമ്മേൻ. ഒന്നാമതായി ഞാൻ ഓർശലമ്മിൽ പോയി. അവിടെ നിന്നു ഞാൻ മഹാറോമയ്ക്കുപോയി. പിന്നെ ഇസ്പാന്യാ പോർത്തുഗാൽ എന്ന ദേശങ്ങളിലും പോയി. അവിടെനിന്നു ഇംഗ്ലന്ദേശത്തിലെ ഗോവനഗരത്തിലെക്കുവന്നു. നിങ്ങളുടെ കാര്യംഞാൻ ചോദിച്ചറിഞ്ഞതിൽ താങ്കൾ അനുഭവിക്കുന്ന മനുഷ്യരു ഇവിടെ ഇല്ല. സൂരത്തപട്ടണത്തിനു പോയാൽ അവിടെ അവരെ കണ്ടെത്തും എന്നു ചിലരു എന്നോടു പറഞ്ഞു. തന്നിമിത്തം സൂരത്തിലെക്കു ഞാൻപോയി. നിങ്ങളിൽ ആരേയും കണ്ടില്ല. എന്നാൽ ഒരു യുദനെ കണ്ടു. അവന്റെ പക്കൽ നിങ്ങളുടെ ഒരു കുത്തുണ്ടായിരുന്നു. ഞാൻ വാങ്ങിച്ചു മുംബൈനഗരം ചെയ്യുവായിച്ചു വളരെ സന്തോഷമായി. അവനോടു ഒരം ക്രിസ്ത്യാനികളും എവിടെയായിരിക്കുമെന്നു ഞാൻചോദിക്കയിൽ കൊച്ചി സംസ്ഥാനത്താകുന്നു എന്നു എന്നോടു പ്രത്യുത്തരം പറഞ്ഞു. ഇതു കേട്ടശേഷം കൊച്ചിക്കു നിങ്ങളുടെ പക്കൽ വരുന്നതിനു ഞാൻ ശ്രമിക്കുന്നു. പക്ഷേ എന്റെ പക്കൽ കുറെ പൊൻനാണയം ഉള്ളതുകൊണ്ടു ലന്തക്കാരു അപഹരിക്കുമോ എന്നുപേടിക്കുന്നു. സൂരത്തിൽ ഞാനെത്തിയപ്പോൾ ഞാനൊരു പരദേശിയെപ്പോലെയും ചുങ്കക്കാരെ അറിയാത്തവനെപ്പോലെയും ആയിരുന്നു. ചുങ്കക്കാരെന്നെ കണ്ടു പൊൻനാണയം എന്നിൽ നിന്നു അപഹരിച്ചു. ഫ്രാ0 ക്രോശ് നാണയങ്ങളും ഞങ്ങൾക്കു നീ തന്നാൽ നിന്റെ പൊൻനാണയം ഞങ്ങൾ തരാമെന്നു എന്നോടു പറഞ്ഞു അവയവർക്കുകൊടുത്തു. പൊൻനാണയം ഞാൻ വാങ്ങി. ഇതു കുറിച്ചാണു കൊച്ചിക്കു വരുന്നതിനു ഞാൻ ഭയപ്പെട്ടുന്നതു. കോഴിക്കോട്ടെക്കു പോകുന്നതിനു ഞാൻ ശ്രമിക്കുന്നു. അവിടെ എന്റെപക്കൽ നിങ്ങളും വരണമെന്നു അപേക്ഷിക്കുന്നു. അവിടെവച്ചു നിങ്ങളെ കാണാമെന്നും തമ്മിൽ സന്തോഷാനന്ദ വചനങ്ങളും പറയാമെന്നും വിചാരിച്ചു നിൽക്കുന്നു. ഒരം വചനങ്ങളും നിങ്ങളുടെ അറിവിനു മതിയെന്നു കരുതുന്നു. ദുഃഖപീഡകളെ നിങ്ങളിൽ നിന്നകറ്റുന്നതിനു അനുഗ്രഹങ്ങളുടെ പിതാവിനോടു നാം പ്രാർത്ഥിച്ചുപേക്ഷിക്കുന്നു. താൻ ഭാഗ്യവതി മർത്തമറിയത്തിന്റെയും, മാർ സ്ലാപക യോഹന്നാന്റെയും, പ്രേഷകർ, പ്രവാചകർ വി: പിതാക്കളാദിയായവരുടെയും പ്രാർത്ഥന മൂലം വിവിധ നന്മകളുടെയും, ധാന്യസംപൂർണ്ണതയുടെയും ആധിക്യത്തോടുകൂടെ ദീർഘകാലത്തോളം ആമോദകരകാലങ്ങളെ നന്നായുള്ളവരാകട്ടെ. ആമ്മേൻ. നിങ്ങടെ ക്ഷേമവർത്തമാനരായും സന്തോഷാനുഭോഗന്മാരായും നമ്മുടെ കർത്താവിന്റെ വചനത്തിൽ ഭദ്രമായി കാക്കപ്പെട്ടവരായും ഭവിക്കട്ടെ! അപ്രകാരമാകട്ടെ! ആമ്മേൻ. എന്നു ഗ്രന്ഥകാരം വർഗ്ഗ അനുഗ്രഹിക്കപ്പെട്ട മാസമായ മീനം ൭-ാനു-

൧൯൦൬ാമാണ്ടു സന്ന്യാസഗുരുവായ യോഹന്നാൻ റിബേയിരെ

എന്നു ഞാൻ, ഒരു സുറിയാനി പ്രതി സ്ഥല നാമകരണമില്ലാത്ത കൽദായ നിമയോൻ എന്ന മെത്രാപ്പോലീത്താ, ഗ്രീക്കുകാരുടെ വത്സരം ൬൦൧൨ മീനം ൪-ാംനു മലയാളത്തിലെ * ശീശ്മക്കാർക്കു എഴുതിയ മൂല പ്രതിക്കു സൂക്ഷമായി ഒത്തിരിക്കുന്നു എന്നും, ആ മൂലപ്രതിയെ ഞാൻ കണ്ടുവായിച്ചു ഒരു തർജ്ജിമയോട് ഒപ്പിച്ചു നോക്കി എന്നും സാക്ഷീകരിക്കുന്നു. എന്നു ക്രിസ്താബ്ദം ൧൭൭൯ കന്നി ൨൬ (൫൫) യോഹന്നാൻ റിബെയിരൊ.

മാർ ശിമഒൻ മെത്രാപ്പോലീത്തായെപ്പറ്റി വരാപ്പുഴെ മർസിലിനോസ് മെത്രാന്റെ "സത്യവേദ ചരിത്ര"ത്തിൽനിന്നു ഞാൻ കാണിച്ചിട്ടുള്ള വിവരങ്ങളുടെ അസത്യം ഏറെറമായി തെളിയിക്കുന്നതിനു മസ്ലീനൊസ് മെത്രാന്റെ സഭക്കാരനും വരാപ്പുഴയിലെ കമ്മലീത്താ മിഷനറിമാരിൽ പ്രസിദ്ധനുമായ പൌലീനോസ് പാതിരിയുടെ ഇൻഡ്യാക്രിസ്ത്യാന എന്ന പുസ്തകം ൨൰൨൨-ം ൨൰൩-ം പക്ഷങ്ങളിലെ തെളിവു വേണ്ടുവോളം മതിയായിരിക്കുന്നു. എന്നാൽ അവയെ ഞാൻ സാക്ഷിപ്പെടുത്തുന്നതിനു മുമ്പു മാർ ശിമഒൻ മെത്രാപ്പോലീത്താ മലയാളത്തിൽ വന്നതിന്റെ ശേഷമുള്ള വിവരങ്ങളും കുറച്ചു വിവരിക്കാം. മേൽ എഴുതിയിരിക്കുന്നതുപോലെ അഹത്താല്ലാ എന്ന കത്തോലിക്കു മെത്രാനെ തോമാനസ്രാണികളുടെ അപേക്ഷപ്രകാരം ബാബേലിലെ കത്തോലിക്കു പാത്രിയക്കീസ് അയച്ചതിന്റെ ശേഷം പോർത്തുഗീസ്സുകാർ, പ്രത്യേകമായി ഒരു ശീശ്മ സഭക്കാരരായ സന്യാസികളും തങ്ങളുടെ ഭരണം പോയ്പോകുമെന്നു കണ്ടു അദ്ദേഹത്തെ മദ്രാസിൽ നിന്നും പിടിച്ചു ഗോവയിൽ കൊണ്ടുപോയി നെസ്തോറിയൻ കാരനെന്നു വിധിച്ചു, തീയിൽ ഇട്ടു ദഹിപ്പിച്ചതുപോലെ ബാബേലിലെ ഏല്യാ എന്ന കത്തോലിക്കാ പാത്രിയക്കീസിനാൽ അയക്കപ്പെട്ട ശെമഒൻ മെത്രാപ്പോലീത്താ മലയാളത്തിൽ വന്നുചേർന്നപ്പോൾ അന്നു തോമാനസ്രാണികളുടെ ഭരണം വളരെ ശ്രമം ചെയ്തു കൈവശത്തിൽ ആക്കുവാൻ ഇടഞ്ഞിരുന്ന കമ്മലീത്താ സഭക്കാരും ശെമയോൻ മെത്രാന്റെ വരവുതങ്ങളുടെ ഭരണത്തിന്റെ ആരംഭത്തിൽതന്നെ ആയതിനെ തുണ്ടുമാക്കിക്കളയുമെന്നു കണ്ടു, അതു താല്ലാ എന്നു മെത്രാനോടു പോർത്തുഗീസർ ചെയ്യുന്നതുപോലെതന്നെ ചെയ്യുന്നതിനു കമ്മലീത്തക്കാർ അപ്പോൾ ശക്തിയില്ലായ്കകൊണ്ടും തൽക്കാല സാഹചര്യങ്ങൾകൊണ്ടും അല്പം ശാന്തമായ ഉപകരണങ്ങളാലെ ശിമയോൻ മെത്രാപ്പോലീത്തായുടെ ഭരണം നിർമ്മൂലമാക്കി. ശെമഒൻ മെത്രാപ്പോലീത്താ മലയാളത്തിലെ തോമാനസ്രാണികളുടെ സ്വധർമ്മയുള്ള (Lawful) ഒരു അധികാരിയായിരുന്നു

* ശീശ്മക്കാർ എന്നു പറയുന്നതു അക്കാലത്തിൽ പുത്തൻ കൂറുകാരെപ്പറ്റിയാണു

എന്തുകൊണ്ടെന്നാൽ മലയാളത്തിന്മേൽ ബാബേൽ പാത്രിയ
ക്കീസിനുള്ള അധികാരം നീക്കപ്പെട്ടിരുന്നില്ല. കൊടുങ്ങല്ലൂരിലെ ജ
സുവിറ്റ് മെത്രാപ്പോലീത്താമാർ ആ സമയം തോമാനസ്രാണികളെ
ഭരിച്ചിരുന്നതു ബാബേലിലെ കത്തോലിക്ക പാത്രിയർക്കീസിന്റെ അ
ധികാരം നീക്കിക്കൊണ്ടല്ലായിരുന്നു. പിന്നെയോ കൽദായ കത്തോ
ലിക്ക മെത്രാന്മാരുടെ കീഴിൽ മലയാളത്തിൽ വരുത്തുകൊണ്ടു മാത്രമാ
യിരുന്നു. എന്നാൽ ശെമഓൻ മെത്രാപ്പോലീത്താ മലയാളത്തിൽ
വന്ന സമയം അഹത്താല്ല എന്ന കൽദായ മെത്രാനെ ജെസുവിറ്റ
സന്ന്യാസികളുടെ ശ്രമത്താൽ ജീവഹാനി വരുത്തിയതുകൊണ്ടു,
കൊടുങ്ങല്ലൂരിലെ ജെസുവിറ്റ മെത്രാപ്പോലീത്താമാരുടെ നേരെ തോ
മാനസ്രാണികൾക്കു ദ്വേഷം ജനിച്ചിരുന്നതിനാൽ റോം അവക്ലാ
സ്ത്രമാപ്പാപ്പാ കമ്മലീത്ത സന്ന്യാസികളെ തോമാനസ്രാണികളെ ആ
ഭരിച്ചു രക്ഷിക്കുന്നതിന്നായി വിടുകയും അവർ ഇവിടെ വന്നതിന്റെ
ശേഷം തോമാനസ്രാണികളുടെ ഭരണം കൈക്കലാക്കുന്നതിനു ശ്രമി
ക്കയും ആ സ്വാധീനത്തിലേക്കായി നാട്ടുകാരെ തോമാനസ്രാണികൾ
ക്കു മെത്രാന്മാരായി കൊടുക്കണമെന്നുള്ള മാപ്പാപ്പായുടെ കല്പനയെ
തടഞ്ഞുതടഞ്ഞു കമ്മലീത്തക്കാർതന്നെ തോമാനസ്രാണികളുടെ ഭര
ണം കിട്ടിയിരിക്കയുമായിരുന്നു. ഏതഞ്ചലോ പ്രംസീസ്കോ എന്ന
സന്ന്യാസി മെത്രാനായി തിരിഞ്ഞെടുക്കപ്പെട്ടുമിരുന്നു. എന്നാൽ ക
മ്മലീത്താക്കാരുടെ ഭരണവും സ്ഥിരമുള്ളതല്ലായിരുന്നു. എന്തുകൊ
ണ്ടെന്നാൽ കൊടുങ്ങല്ലൂരിലെ മെത്രാപ്പോലീത്തായ്ക്കു വഴങ്ങുവാൻ മന
സ്സില്ലാത്തവരെ മാത്രമെ കമ്മലീത്താക്കാർക്കു കൈക്കൊള്ളുവാൻ പാട്ട
മുണ്ടായിരുന്നൊള്ളു. ഈ സ്ഥിതിയിലാണു ശെമയോൻ മെത്രാപ്പോ
ലീത്തായുടെ വരവു. ഇതുകൊണ്ടു കൊടുങ്ങല്ലൂരിലെ മെത്രാപ്പോലീ
ത്തായ്ക്കു കൽദായക്കാരനായ ശെമയോൻ മെത്രാപ്പോലീത്തായുടെ വ
രവു സന്തോഷമുള്ളതായിരുന്നു. എന്തെന്നാൽ ശെമയോൻ മെത്രാ
പ്പോലീത്തായുടെ വരവുകൊണ്ടു കമ്മലീത്താക്കാരുടെ ഭരണം ആ
രംഭത്തിൽ തന്നെ ക്ഷയിച്ചു പോകുമെന്നു കണ്ടിട്ടാണു. എന്നാൽ
കമ്മലീത്താക്കാർക്കു മാർ ശെമയോന്റെ വരവു അശേഷവും രസിച്ചി
രുന്നില്ല. എങ്കിലും പുറമെ രസക്ഷയം കാണിക്കാതെ ഇരുന്നു. എ
ന്നാൽമാത്രമല്ല അന്ത്യപ്പൊ പ്രംസീസ്കോ എന്ന കമ്മലീത്താമെത്രാനു
വാഴ്ചകൊടുക്കുന്നതിനു ഇൻഡ്യയിലുള്ള പോർത്തുഗീസു മെത്രാന്മാർക്കു
അശേഷവും മനസ്സില്ലായ്കകൊണ്ടു അവരും ഒരുത്തരും വാഴ്ചകൊടുക്കു
ന്നതിനു സമ്മതിച്ചിരുന്നില്ലാ എന്നുമാത്രമല്ല പാടുള്ള തടവുകളും ചെ
യ്കയും ചെയ്തിരുന്നു. വരാപ്പുഴയിലെ കമ്മലീത്ത പാതിരിമാരിൽ പൊ
ൽക്കൊണ്ട പൌലിനോസ എന്ന ദ്വേഷം 'ഇന്ത്യാ ക്രിസ്ത്യാനി' എന്ന
പുസ്തകം വെ-ം ൻെ-ം പക്ഷങ്ങളിൽ പറയുന്നതു "അദ്ദേഹത്തെ അന്ത്യപ്പൊ
ലൊ(പ്രംസീസ്കോസിനെ)വാഴിക്കുന്നതിനു മൂസിത്താനിയായുടെ

രുവാദ അധികാരത്തിന്റെ എതുയും പിടിവാത നിഭ്രാന്ത അഭരവു കാരായ ഗോവമെത്രാപ്പോലീത്തായും കൊച്ചീ മെത്രാനായ പത്രോസ് പയ്യക്കോ എന്ന ഹേവും മനസ്സായിരുന്നില്ല"

Paulinus a s. Bartholomeo. India Christiana pag. 78—79 Eum (Angelum) nec Archieqicopüs Goanus, nec episcopus Cochinens is Petrus Paceco, juris Patronatus Lusitae acerrimi tenacissimi defensores, consecrare volebant

ഇതുകൊണ്ടാണ വരാപ്പുഴയിലെ മസ്ലീനോസ മെത്രാൻ തന്റെ സത്യവേലചരിത്രം ൨൩൩—൩൦ പക്ഷത്തിൽ, സൂറത്തിൽ എത്തിയിരുന്ന മാർ ശെമയോൻ മെത്രാപ്പോലീത്തായെ, ഇതു ഭൂരത്തിൽ നിന്ന ആഞ്ചലൊ ഫ്രംസീസ്കൊ എന്ന വരാപ്പുഴയിലെ കമ്മലീത്താ മെത്രാനു വാഴ്ചകൊടുക്കുന്നതിനായിട്ട എഴുതി വരുത്തിഎന്ന വലിയ ഒരു വ്യാജം എഴുതുവാൻ നിർബന്ധപ്പെട്ടതു. ഇങ്ങിനെ മാർ സിമയോൻ മെത്രാപ്പോലീത്താ ആലങ്ങാട്ട വന്നിരിക്കയിൽ, ആഞ്ചലൊ ഫ്രംസീസ്കൊ എന്ന കമ്മലീത്ത മിഷ്യനാരികളുള്ള ലത്തീൻ മെത്രാന്മാരു ഒരുത്തരും വാഴ്ചകൊടുക്കായ്കകൊണ്ടു, കൽദായക്കാരനായ മാർശിമയോൻ മെത്രാന്റെ കയ്യിൽനിന്ന ആവങ്ങാട്ടുപള്ളിയിൽ വച്ചു വാഴ്ചഏൽക്കുകയും ചെയ്തു. എന്നാൽ ആഞ്ചലൊ ഫ്രംസീസ്കൊഎന്ന കമ്മലീത്ത മെത്രാൻ, തന്റെ വാഴ്ചയുടെ ഭരണം ശെമയോൻ മെത്രാപ്പോലീത്താ മലയാളത്തിൽ ഇരിക്കുംകാലം ശുഭമാകയില്ലന്നു, വിചാരിച്ചു ശെമയോൻ മെത്രാപ്പോലീത്തായെ മലയാളത്തിൽ നിന്ന നാട്ടകടത്തുന്നതിനുള്ള ശ്രമം തുടങ്ങി. അപ്രകാരമുള്ളശ്രമം നടത്തിവന്നിരുന്നതു തന്റെ സഹികളായ ഇന്നൊച്ചൻസ് മുതലായ പാദ്രിമാരാണ. അവർ ആലങ്ങാട്ട മുതലായ രാജാക്കന്മാരേയും, ആലങ്ങാട്ടിലുള്ള ചില നസ്രാണികളേയും സ്വാധീനംവച്ചും ദ്രവ്യച്ചിലവുചെയ്തും ആലങ്ങാട്ടുവെച്ച ആളറിയാതിരിപ്പാൻ ശെമയോൻമെത്രാന്റെ കണ്ണുകെട്ടി ഇറക്കി കപ്പൽകേറ്റി പുതുശ്ശേരിയിലേക്ക കൊണ്ടുപോയി ആക്കുകയും ചെയ്തു. ഫ ആന്ന പുതുശ്ശേരിയിൽ കപ്പച്ചീൻ സന്യാസികളായിരുന്ന പാർത്തിരുന്നതു. കപ്പുച്ചീൻ സന്യാസികളും കമ്മലീത്താ സന്യാസികളും മിക്കപ്പോഴും സ്നേഹിതന്മാരാണ. എന്നാൽ ജസുവിറ്റ സന്യാസികൾക്കുംരംരണ്ടുകൂട്ടക്കാരോടുംസാമാന്യം വിരോധവുമാണ. വരാപ്പുഴ മസ്ലീനോസ മെത്രാന്റെ ചരിത്രത്തിൽ

ഫ ടി മെത്രാപ്പോലീത്തായെ മേൽപ്രകാരം കേറ്റി കൊടുത്തതുകൊണ്ടു ആലങ്ങാട്ടുപട്ടണത്തും പ്രത്യേകമായി അതിന്റെ കാരണക്കാരായ കയുംബക്കാരും പുറമെയുള്ള മൈവശിക്കകളാൽ ശിക്ഷിക്കപ്പെടുകയും ചെയ്തു. ടി. സംഗതി ഇപ്പഴും ആ കയുംബക്കാരുതന്നെ എടവ പുറയുന്നു.

കപ്പൂച്ചീൻ സന്യാസികൾ, ശെമഓൻ മെത്രാനെ തുലുക്കരുടെ ഉപദ്രവത്തിൽനിന്നു രക്ഷിച്ചു, മലയാളത്തിൽ കൊണ്ടുവന്നു എന്നും, അഞ്ചലൊ ഫ്രാൻസീസ്കൊ എന്ന കമ്മലീത്താ ശെമ്മാന്നു ആലങ്ങാട്ടിൽ വച്ചു വാഴ്ചകൊടുപ്പിച്ചു അദ്ദേഹത്തെ ഇവിടെ കൊണ്ടുവന്ന കപ്പലിൽ തന്നെ കേറ്റി പുതുശ്ശേരിയിൽ കൊണ്ടുപോയി വെക്കുന്നതുവരെ രക്ഷണചെയ്തു പരിപാലിച്ചു രക്ഷിച്ചുവന്നിരുന്നു എന്നാണല്ലൊ. എന്നാൽ അക്കാലത്തു സൂറത്തിലും പുതുശ്ശേരിയിലും കപ്പൂചീൻ സന്യാസികൾ നിവസിച്ചിരുന്നു. ശെമഓൻ മെത്രാൻ ഇവിടെവന്നവിധം, മുൻ ഞാൻ എഴുതിയിട്ടുള്ള വിവരണം കൊണ്ടും ശെമഓൻ മെത്രാപ്പോലീത്തായുടെ ലേഖനംകൊണ്ടും മർസ്ലിനോസ് മെത്രാന്റെ കപടമായ ചരിത്രവിവരണം ബൊദ്ധിപ്പെട്ടിരിക്കുന്നു. ഇനി പുതുശ്ശേരിയിൽ കപ്പൂചീൻ സന്യാസികൾ ശെമഓൻ മെത്രാപ്പോലീത്തായെ കൊണ്ടുപോയി ആദരിച്ചു പരിപാലിച്ച വിധവും കേട്ടുകൊൾക. കപ്പൂചീൻ സന്യാസികൾ ശെമഓൻ മെത്രാപ്പോലീത്തായുടെ രക്ഷപരിപാലനക്കാരാണു. ശെമഓൻ മെത്രാപ്പോലീത്തായുടെ കാലത്തുതന്നെ ജീവിച്ചിരുന്ന നൊർബർത്ത് എന്ന കപ്പൂച്ചീൻ സന്യാസി തന്റെ ചരിത്രം ക്രാം പുസ്തകം ൩൪൦—൩൪൨—ം പക്ഷങ്ങളിലും ൨—ാം പുസ്തകം ൧൫൨-൧൫൪—ം പക്ഷങ്ങളിലും എഴുതിയിരിക്കുന്നതുകൊണ്ടും പുതുശ്ശേരിയിൽ കപ്പൂചീൻ സന്യാസികളുടെ ആശ്രയത്തിൽ ജീവിക്കുന്നതിനു ശെമഓൻ മെത്രാപ്പോലീത്തായ്ക്കു രസമായിരുന്നില്ല; പിന്നെയൊ അതിനേക്കായിലും ജസ്വീത്ത സന്യാസികൾ തനിക്കു അധികം ആശ്രയക്കാരരായിരുന്നു എന്നു വിചാരിച്ചിരുന്നു എന്നാണു കാണുന്നത്. കപ്പൂചീൻ സന്യാസികൾ ശെമഓൻ മെത്രാനെ ആദരിച്ചു പരിപാലിച്ചു വന്നിരുന്നു എന്നുവരികിൽ അദ്ദേഹം ഇപ്രകാരംവിചാരിച്ചാൻ ഇടയില്ലായിരുന്നു. കപ്പൂചീൻ സന്യാസികൾ ശെമയോൻ മെത്രാപ്പോലീത്തായെ രക്ഷിച്ചു പരിപാലിച്ചുകൊണ്ടുവന്നവിധം വരാപ്പുഴ ചൊൽക്കൊണ്ട പൌലിനോസു എന്നദ്ദേഹം എഴുതിയ ഇന്ത്യക്രിസ്ത്യാനു എന്ന പുസ്തകം ൨൫൯-ാം പക്ഷത്തിലെ വിവരംകൊണ്ടു മാർ ശെമഓൻ പുതുശ്ശേരിയിൽ യഥോചിതം സൽക്കരിക്കപ്പെട്ടിട്ടില്ല (അതായതു ജീവിതസൌകര്യത്തിനു) ആവശ്യപ്പെട്ട വകകളെ കൊടുത്തുകൊണ്ടും മാന്യതയൊടെ കൈക്കൊള്ളപ്പെട്ടിട്ടില്ലെന്നു കാണുന്നു; അപ്പഴൊ നൊർബെർത്ത് എന്ന കപ്പൂചീൻ സന്യാസിയുടെ വിവരണം കൊണ്ടുതന്നെയും കമ്മലീത്താ സന്യാസിയായ പൌലിനോസു എന്ന ദേഹത്തിന്റെ വിവരണം കൊണ്ടും ശെമഓൻ മെത്രാപ്പോലീത്ത കപ്പൂചീൻ സന്യാസികളാൽ പരിപാലിക്കപ്പെട്ടിട്ടില്ല. പിന്നെയൊ അദ്ദേഹം ഞെരുക്കത്തിൽ ബന്ധനായി പീഡിക്കപ്പെട്ടിരുന്നു എന്നു തെളിയുന്നു. ഇനിയും പൌലീനോസു എന്ന കമ്മലീത്ത (൨) സന്യാസിയുടെ ഇന്ത്യക്രിസ്ത്യാനു എന്ന പുസ്തകം

൨൩൨–൨൫൩–ം പക്ഷങ്ങളിൽ നിന്ന തെളിവായിരിക്കുന്നതുപോലെ മാർ ശെമഓൻ (൧൩൨൦–ചിങ്ങം ൧൩൨–ാമ-) ഒരുദിവസം കാലത്തു പുതുശ്ശേരിയിൽ ഒരു കിണറ്റിൽ ചത്തുകിടക്കുന്നതായി കണ്ടെത്തപ്പെട്ടു. ഹാ!!!! ഇതാ പുതുശ്ശേരിയിൽ കപ്പൂചീൻ സന്യാസികളാൽ രക്ഷാപരിപാലന കൈക്കൊണ്ടു ജീവിച്ചിരുന്ന ഒരു കത്തോലിക്ക മെത്രാപ്പോലീത്ത രാത്രി കിണറ്റിൽ ചവുതുകിടക്കുന്ന. ഒരു വിവരം എഴുതിയ രക്കുന്നതു വരാപ്പുഴെ കമ്മലീത്താ സഭയിൽ ചൊൽക്കൊണ്ട പെയ്ലിനോസ് പാദ്രിയാണ്. ഒരു സമയം ശെമഓൻ മെത്രാപ്പോലീത്തായുടെ ധന്യജീവിതംകൊണ്ടു ഇങ്ങിനെ ഒരു പൊട്ടമരണം വന്നതായിരിക്കുമെന്ന സന്ദേഹിപ്പാൻ അശേഷം ഇടയില്ലെന്ന ഞാൻ വിചാരിക്കുന്നു. അതെന്തെന്നാൽ വരാപ്പുഴെ കമ്മലീത്താ മസ്സിനോസ് മെത്രാൻ എഴുതിയ സത്യവേദചരിത്രം ൨൩൨–ാം പക്ഷത്തിൽ "ശെമഓൻ മെത്രാപ്പോലീത്താ വേദത്തെരുക്കത്തിൽ അകപ്പെട്ടിരുന്ന എന്നും അതിൽ നിന്ന കപ്പുചീൻ സന്യാസികൾ രക്ഷിച്ചുകൊണ്ടുപോയ ഒരു പുണ്യപ്പെട്ട ആളാണെന്നും; ൨൫൩–ാം പക്ഷത്തിൽ (പുതുശ്ശേരിയിൽ)൨൦. സംവത്സരത്തോളം ജീവിച്ചുമനസ്സുപോലെയുള്ള മഠാധിപത്യവൃത്തികളെ ചെയ്തുപുതുശ്ശേരിക്കാക്കെല്ലാവക്കുംനല്ലവണ്ണം അറിയപ്പെട്ട വനായിരുന്ന" അപ്പഴെ ശെമഓൻമെത്രാൻ കടശ്ശിവരെയും പുണ്യമായി ജീവിച്ചിരുന്നു എന്ന സാക്ഷിക്കുന്നു. ഇങ്ങിനെപുണ്യമായി ജീവിച്ചിരുന്ന ഒരുമെത്രാപ്പോലീത്താ എങ്ങിനെയാണു തന്റെ മാന്യതയായ ഭവനം വിട്ട് രാത്രി കിണറ്റിൽ വീണുചത്തതു? ഇതു പാറേമാക്കൽ ഗോവർണ്ണദോരും തോമാനസ്രാണികളും അങ്കമാലിയിൽ കൂടി തിരുവിതാംകൂർ രാജാവിന്റെ പുക്കൽ ൧൭൬൨–ാ കാലം മകരമാസം ൨–ാന- ബോധിപ്പിച്ച ആവലാധികളിൽ (൧) അതായതു ശെമഓൻ മെത്രാനെ ആലങ്ങാട്ട് നിന്നും ബന്ധിച്ചു കൊണ്ടുപോയി പുതുശ്ശേരിയിൽ തടവിലാക്കി മനസ്സ് മുട്ടിച്ച് ഭയപ്പെടുത്തി എന്ന അതായതു അദ്ദേഹം സ്വന്തമുറിയിൽ അപായപ്പെടുത്തപ്പെട്ടപ്പോൾ അയ്യാൾ തങ്ങളുടെ മേൽ കുറ്റകരമാകുമെന്നു കരുതി രാത്രികിണറ്റിൽകൊണ്ടുപോയി ഇട്ടുകളഞ്ഞു ഇതാ വരാപ്പുഴെ കമ്മലീത്താ മസ്സിനോസ്സ് മെത്രാനഛന്റെ ചരിത്രത്തിന്റെ കപടം തെളിവായി വന്നിരിക്കുന്നു. ബാബേലിൽ നിന്നും വന്നിരുന്ന കത്തോലിക്കമെത്രാന്മാരോടു യൂറോപ്യന്മാരായ വൈദീകർ ചെയ്തിരുന്ന ഞെരുക്കം, ജീവഹാനി, എത്രയൊ ഭയങ്കരം. എത്രയൊ അസത്യചരിത്രം!! എത്രയൊ അസത്യഅവലാധി!! എത്രയൊ അസത്യമ്മിത് എഴുത്തുകൾ!! വിധിദിവസത്തിൽ ഇവയൊക്കയും എല്ലാവക്കും പ്രസിദ്ധമായിവരുന്നതാണു. എന്നാൽ പാറേമാക്കൽ ഗോവർണ്ണദോരു മുഖാന്തിരം തിരുവിതാംകൂർ രാജാവിന്റെ പക്കൽ ബോധിപ്പിച്ചിക്കപ്പെട്ട ആവലാധിയിലെ സംഗതിയളിൻപ്രകാരം ശരിയായി കക്ഷികൾ കുറ്റക്കാരരായി വിധിക്കപ്പെട്ടില്ലെങ്കിൽ ആയ്യാ കമ്മലീ

ത്താക്കാരുടെ രാജസേവകൊണ്ട് വന്നിട്ടുള്ളതല്ലാതെ മറെറാന്നുകൊണ്ടുമല്ലെന്നും മേല്പറഞ്ഞവിരുദ്ധ കമ്മലീത്താപ്പെയ്ത്തിനോസ് പാർട്ടിയുടെ വിചരണംകൊണ്ടു ബോധിക്കാവുന്നതാണു. ഇനിയും ടി. പാറേമ്മാക്കൽ ഗോവർണ്ണദോരിന്റെ ആവലാധിയിൽ ഒന്നു "ഗോവയിൽ നിന്നും കമ്മലീത്താക്കാരെ വരുത്തിയെന്നും മറും പറയുന്നു, എന്നാൽ മസ്ലിനോസ് മെത്രാനച്ഛന്റെ സത്യവേദചരിത്രം വർത്തമാനം പക്ഷത്തിൽ പറയുന്നതു "അന്നു കമ്മലീത്താക്കാരെ മലയാളത്തിൽ ഇല്ലാഞ്ഞു. ഇവരെ ഗോവയിൽനിന്നും വരുത്തിഎന്നു പറയുന്നതു നേരല്ല" എന്നാൽ വരാപ്പുഴെ കമ്മലീത്താ മസ്ലീനോസ് മെത്രാൻ ചരിത്രജ്ഞാനദീപം എന്ന പുസ്തകം രണ്ടാം പക്ഷത്തിൽ പറയുന്നതു "ശ്ലൂദ: കത്തോലിക്കാതിരുസ്സഭയുടെ ഒന്നിപ്പിനെ വിടാതെയിരുന്ന ദം—ൽ ചില്ലുവാനം പള്ളിക്രിസ്ത്യാനികൾക്കു ഗോവയിലെ ഗൊവേന്തയിൽ ഇരുന്ന കമ്മലീത്താസഭക്കാരുടെ അറിവുണ്ടായിരുന്നതിനാൽ അവർക്കു എഴുതിക്കൊടുത്തയച്ചു മലയാളത്തിൽ വരുത്തുവാൻ ശ്രമിച്ചു. എന്നാൽ തിരുസ്സഭയുടെ തലവന്റെ കല്പനക്കുടാതെ പാടില്ലാത്ത കാര്യമായിരുന്നതിനാൽ സംഭവിച്ച അതിക്രമവും ശിശുത്വവും ഏഴാമതെ അലക്സാന്ത്രെയൊ എന്ന ശ്ലൂദ: മാപ്പ്ാപ്പായിക്കു എഴുതി ബോധിപ്പിക്കയും ചെയ്തു. ഇതാമസ്ലിനോസ് മെത്രാൻ തന്നെ ഒരു പുസ്തകത്തിൽ ഗോവയിൽനിന്നു കമ്മലീത്താക്കാരെ വരുത്തീട്ടില്ലെന്നും മറെറാരു പുസ്തകത്തിൽ കമ്മലീത്തക്കാരെ ക്ഷണിച്ചു എന്നും അവർ മാപ്പ്ാപ്പായെ ബോധിപ്പിച്ചുഎന്നും പറയുന്നു. ഒരുവിധമാകുന്നു ചരിത്രത്തിന്റെ സത്യം. എന്നാൽ ആ സമയങ്ങളിൽ കമ്മലീത്താക്കാർ ഗോവയിൽനിന്നും മലയാളത്തിൽ സഞ്ചരിക്കയും അവരുടെ ഉപദേശപ്രകാരം ആണു. ഫ—ാമതെ എഴുത്തു തന്നെ തോമാനസ്രാണികൾ ഏഴാം അലക്സാന്ത്രെയാസ് എന്നമാപ്പ്ാപ്പായ്ക്കു എഴുതുകയും ചെയ്തതു. "പാത്രക്കടം ഉടഞ്ഞതു പൂച്ചക്കുവിളയാട്ടം" എന്ന പഴഞ്ചൊൽപോലെ ഗാർസ്യാ മെത്രാപ്പോലീത്തായോടുള്ള മത്സരത്തിൽ കമ്മലീത്താക്കാരുടെ ഉപദേശപ്രകാരം മാപ്പ്ാപ്പായ്ക്കു എഴുതി കമ്മലീത്തർ വന്ന എങ്കിലും അധികപക്ഷികാരും യൂറോപ്യന്മാരെ അസകലം വിശ്വസിക്കാത്ത നിവയിൽ കമ്മലീത്താക്കാരെയും വിശ്വസിക്കാതെ വലിയ ഭാഗം ശീശ്മയിൽ അകപ്പെട്ടുപോയി.

൪. വായനക്കാരെ ശിമയോൻ മെത്രാപ്പോലീത്തായെക്കുറിച്ചു വരാപ്പുഴെ കമ്മലീത്ത സഭയിലെ മർസ്ലിനോസു മെത്രാൻ എഴുതിട്ടുള്ള വൈചരിത്രം രണ്ടാം പക്ഷത്തിലെ വിവരം മുൻപാൻ കാണിച്ചിട്ടുള്ളതും. ശിമയോൻ മെത്രാപ്പോലീത്തായുടെ സ്വന്ത ലിഖിതമായി ഒരു ശോസഭക്കാരനായ യോഹന്നാൻ റിബെയിരൊ എന്നയാൾ പോർത്തുഗീസിൽ തർജ്ജമചെയ്തു കാണിച്ചിട്ടുള്ളതിൽ നിന്നു ഇവിടെഞാൻ ചേർത്തിട്ടുള്ള വിവരവും തമ്മിൽ ഒത്തുനോക്കി പരിശോധിച്ചു കാര്യ

ത്തിന്റെ യഥാർത്ഥം തീർമ്മാനിക്കേണ്ടുന്നതാണു. ഫ-ാമത്തു മർസ്ലീനോസ മെത്രാൻ ശെമയോൻ മെത്രാപ്പോലീത്താ അങ്ങേന്റെ മെത്രാപ്പോലീത്തയാകുന്നുഎന്നാണു പറയുന്നതു. ശെമയോൻ മെത്രാപ്പോലീത്തായുടെ എഴുത്തിൽ യാതൊരു സ്ഥലത്തിന്റെമെത്രാനായി കാണിക്കുന്നില്ല. പിന്നെയോ കൽദായക്കാരുടെ ഹൂല്യാപാതിയക്കീസിനാൽ അയക്കപ്പെട്ട ആളാകുന്നു എന്നാണു. (ഫ) മസ്ലീനോസ മെത്രാന്റെ ചരിത്രം അതെങ്ങിനെ നെസ്തോറിസ്ത്രാരുടെ വെലയാൽ തുലുക്കരെ ശെമയോൻ മെത്രാനെ ഞെരുക്കി ആഞെരുക്കത്തിൽ നിന്നും അദ്ദേഹത്തെ കപ്പൂച്ചിൻ സന്യാസികൾ രക്ഷിച്ചു എന്നാണു. വല്ലകാലത്തും ശിമയോൻ മെത്രാപ്പോലീത്തായ്ക്കു അങ്ങിനെ സംഭവിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ കമ്മലീത്തക്കാരെ ആന്ത്രയോ പ്രൂസീനൂസ് എന്ന മെത്രാന്റെ വാഴ്ചകൊടുപ്പാനായി സൂറാത്തിൽ നിന്നും വരുത്തി എന്നു എഴുതിയിരിക്കുന്നതു തങ്ങളുടെ കപടമായ ലാക്കിനെ മറപ്പാനായിട്ടു എഴുതിയിട്ടുള്ളതാണ്". എന്തുകൊണ്ടെന്നാൽ ശെമയോൻ മെത്രാപ്പോലീത്തായുടെ എഴുത്തിൽ പറയുന്നതുപോലെ, കൽദായക്കാരുടെ മാർ ഏല്യപാത്രിയക്കീസിന്റെ പക്കൽ നിന്ന മലയാളത്തിലേക്കു വന്നയാളായിരിക്കുന്നു. അദ്ദേഹം പാത്രിയക്കീസിന്റെ പക്കൽനിന്നും ചൊവ്വെ ഓർശ്ലം, റോമ, ഇസ്പാന്യാ, പോർത്തുഗാൽ മുതലായ ദേശങ്ങളിൽ സഞ്ചരിച്ചു മലയാളത്തിലേക്കുള്ള തന്റെ ഭരണയാത്രയെ ശുഭമായി നിവർത്തിക്കുന്നതിനു ചുറ്റി കടശി ഗോവയിൽ എത്തി തന്റെ ക്രിസ്ത്യാനികളെ അന്വേഷിക്കുമ്പോൾ, സുറിയാനി മെത്രാന്റെ ഭരണം അന്യായം ദ്വേഷിച്ചിരുന്ന ലത്തിൽ വൈദികരെ മെത്രാപ്പോലീത്തായെ ചതിച്ചു സൂറാത്തിലേക്കു മടക്കി അയച്ചു- ഒരു ഒരു സംഭവം വമ്മലീത്ത മർസ്ലീനോസ് മെത്രാന്റെ ചരിത്രത്തെ മുഴുവനും വ്യാജമാക്കിത്തീർക്കുന്നതിനു മതിയാവുന്ന തെളിവായിരിക്കുന്നു. ലത്തുക്കാരു ഇന്ത്യാദേശത്തിൽ അന്നു പ്രവേശിച്ചിട്ടില്ലാഞ്ഞു എന്നുവരികിൽ ഏകദേശം ൈ൦ വഷം മമ്പു ഇന്ത്യയിൽ സുറിയാനിക്കാരെ ഭരിപ്പാനായി വന്ന അഹത്താല്ല മെത്രാനെ മൈലാപ്പൂരിൽ നിന്നും പിടിച്ചു ഗോവയിൽ കൊണ്ടുവരികയും നെസ്തോറിയൻകാരനെന്നുവിധിച്ചു തീയിലിട്ടു ചുട്ടുകൊല്ലുകയുംചെയ്തതുപോലെഅദ്ദേഹത്തെയുംചുട്ടുകൊന്നെന്നു എന്നതിനു സംശയമില്ല. എന്നാൽ കമ്മലീത്താസഭക്കാരുകുറച്ചു ദയയോടുകൂടി ശിമയോൻ മെത്രാനിൽനിന്നു ആന്ത്രയോ പ്രൂസിസ്സാ എന്ന കമ്മലീത്ത മിഷ്യനാരി മെത്രാന്റെ പട്ടം കൈക്കൊണ്ടതിന്റെ ശേഷം ഉടനെ ഈ രാജ്യത്തെങ്ങും പ്രവേശിക്കാതെ പുതുശ്ശേരിയിൽ കൊണ്ടുപോയി ബന്ധുവസ്തുവാക്കി * ഒരംശോസഭക്കാ

* മാർ ശെമയോന്റെ മരണവിവരം എഴുതിയിരിക്കുന്ന പുതുശ്ശേരിയിലെ മരണരജിസ്റ്റർ പുസ്തകത്തിൽ മാർ ശെമഒന എന്തൊ കാരണവശാൽ ലത്തുക്കാരുടെ വിലക്കനിമിത്തം മലയാളത്തിൽ പാപ്പൻ പാടില്ലഞ്ഞിട്ടു പുതിശേരിയിൽ ചെന്നുഎന്നും

രനായ യോഹന്നാൻ റിബേയിരൊ എന്ന സന്ന്യാസി, സിമയോൻ മെത്രാപ്പോലീത്തായുടെ സ്വീതലിഖിതം മേൽപ്രകാരം കണ്ടു തർജ്ജിമചെയ്തു സാക്ഷിച്ചു തെളിയിച്ചിട്ടുള്ളതുകൊണ്ടു, വരാപ്പുഴ കമ്മലീത്താ മർസ്ലീനോസ മെത്രാന്റെ വേദചരിത്രത്തിലെ മേൽ വിവരണത്തിന്റെ സത്യം വായനക്കാർക്കു മുഴുവനും ബോദ്ധ്യപ്പെട്ടതുമാത്രമാണു. എന്നുമാത്രമല്ല പാരമ്പര്യങ്ങൾ ശോവസ്ത്രോത്തും തോമാനസ്രാണികളുടെ അങ്കമാലിപ്പള്ളിയിൽ ക്രി വരാപ്പുഴ കമ്മലീത്തസഭ മിശ്യനാരിമാരെ സംബന്ധിച്ചു എഴുതീട്ടുള്ള പടിയോല സംഗതികളെ തെളിയിക്കുന്ന മുഖ്യമായ ഒരു തെളിവും, ആ തെളിവിന്മേൽ തന്നെ ശേഷം തെളിവുകളുടെ ബലവും താങ്ങുന്നതും ശെമയോൻ മെത്രാപ്പോലീത്തായുടെ കഥയാണെന്നും പറഞ്ഞിട്ടുണ്ടല്ലൊ. അതുകൊണ്ടു ശെമയോൻ മെത്രാപ്പോലീത്തായുടെ കഥ കളവായി തെളിയുമ്പോൾ ടി. പടിയോലയിൽ പറഞ്ഞിട്ടുള്ള സംഗതികളെ പറ്റി മസ്ലീനോസു മെത്രാനച്ചൻ ആക്ഷേപിച്ചിട്ടുള്ളതും കളവായിവരുന്നു. ഇനി യോഹന്നാൻ റിബേയിരൊ എന്ന ഒരുശോസഭക്കാരൻ ശെമയോൻ മെത്രാപ്പോലീത്തായുടെ എഴുത്തിനെ സംബന്ധിച്ചു സാക്ഷീകരിച്ചിട്ടുള്ളതിൽ "മലയാളത്തിലെ ശീശ്മക്കാർക്കു എഴുതീട്ടുള്ള എഴുത്തെന്നു പറഞ്ഞിട്ടുണ്ടു" എന്നു പറവാനുള്ള കാരണം മലയാളത്തിലെ തോമാനസ്രാണികളിൽ ഒരു ഭാഗം ഗാർസ്യഎന്ന കൊടുങ്ങല്ലൂർ ശ്രുതയുടെ മെത്രാപ്പോലീത്തായോടു മത്സരിച്ചു ശീസ്മയായിനിലനിന്നും ആ കാലങ്ങളിൽ ടി. ശിമയോൻ മെത്രാപ്പോലീത്താ ശോവയിൽ വന്ന വഞ്ചനയാൽ സുറത്തിൽ മടങ്ങിപ്പോയി എന്നു വർത്തമാനം കേട്ടതുകൊണ്ടു ശീശ്മയിൽ നിന്നിരുന്ന ജനം തങ്ങൾക്കു സുറിയാനിക്കാരനും തങ്ങളുടെ സ്വധർമ്മയുള്ള ഇടയനും കത്തോലിക്കനുമായ ആ മെത്രാനെ കിട്ടണമെന്നുള്ള ആഗ്രഹത്തിൻ പേരിൽ അവരെഴുതീട്ടുള്ളതിനു ടി. മെത്രാപ്പോലീത്താ അയച്ച മറുപടി ആയിരുന്നതുകൊണ്ടാണു.

പത്തീൻ മെത്രാന്മാർ സുറിയാനിക്കാരായ ജനങ്ങളുടെ ഭരണം കൈവശമാക്കാനായിട്ടു മേൽ എഴുതിയിരിക്കുന്നതുപോലെ വ്യാജമായ കപ്പംവഴികൾ വളരെ പ്രയോഗിച്ചിട്ടുണ്ടെന്നുള്ള സംഗതിക്കു ഒരു തെളിവുകൂടെയും കാണിച്ചു അവസാനിപ്പിക്കാം. വരാപ്പുഴ കമ്മലീത്ത മസ്ലീനോസ മെത്രാന്റെ സത്യവേദചരിത്രം 42-ാം പക്ഷം "അപ്പൂഴം വിശേഷ പുണ്യസുഖത്താൽ അലങ്കരിക്കപ്പെട്ടവനായിരുന്ന അഞ്ചെലൊ പ്രാൻസിസ്കൂസ് എന്ന ദേഹം വാഴ്ച ഏറെ ഭരിച്ചുവരുമ്പോൾ കൊടുങ്ങല്ലൂർ ശ്രുതയും മെത്രാപ്പോലീത്താ വരികയും ചെയ്തു. അതായതു ഒരുശോസഭക്കാരൻ യോഹന്നാൻ റിബേയി

സൂചിപ്പിക്കുന്നുണ്ടു. എന്നാൽ ഇതരന്നത്തെ കർമ്മലീത്തരും ലേത്തുകാരും തമ്മിലുള്ളസംഖ്യതകൊണ്ടായിരിക്കാം.

രൊ എന്ന ദേഹം അമ്പഴക്കാട്ട സെമിനാരിയുടെ റെക്ടോരായിട്ട് ഭരിച്ചു വരികയിൽ ക്രൊഫ-൩ാണ്ടിൽ ധനുമാസം ൪-ാന്ത കൊട്ടങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്താ ആയിട്ട നിയമിക്കപ്പെട്ടു. എന്നാൽ മലയാളത്തിൽ ക്രസ്തു൫൪-൩ം കാലത്തിൽ ശീശ്മ ഉണ്ടായനാളിൽ വാണിരുന്ന ഗാർസ്യാ മെത്രാപ്പോലീത്താ ക്രസ്തു൫൫-൩ം കാലത്തിൽ കാലം ചെയ്യാറെ കൊട്ടങ്ങല്ലൂര മെത്രാപ്പോലിത്താ ഇല്ലാതിരുന്നതിനാൽ നമ്മുടെ ക്രിസ്ത്യാനികൾ അടക്കമായിട്ട പാത്തുവന്നിരുന്നു. എന്നാൽ മേൽചൊല്ലിയ നിബയിരൊ മെത്രാപ്പോലീത്താ വാഴ്ച ഏറപ്പോൾ മാർ തോമാശ്ലീഹായുടെ നസ്രാണികൾ തന്നെറ അധികാരത്തിൽ ചേരുവാനുള്ളവരാകുന്നു എന്നു എഴുതിയ ഒരു എഴുത്തു നമ്മുടെ ആഞ്ചലൊ പ്രംസീസ്സോ എന്ന വികാരി അപ്പൊസ്തോലിയ്ക്കു അയച്ചു. ഇദ്ദേഹം ഉടനെ പള്ളിക്കാർ വരാപ്പുഴ വന്നാക്രുവാൻ സുറിയാനിപ്പുള്ളികളിൽ ഒരു പ്രസിദ്ധം ചെയ്തു. പള്ളികളുടെ വികാരിമാരും പ്രധാനികളും വരാപ്പുഴ കൂടിയാറെ നമ്മുടെ പുണ്യപ്പെട്ടദേഹം കരിശിനേയും ശേഷം മെത്രാന്മാരുടെ ലക്ഷണങ്ങളേയും നീക്കി പ്രസംഗസ്ഥലത്തിൽ കരേറിക്കുടിയ പള്ളിക്കാരോട പറഞ്ഞതായ്തു ഇ ലക്ഷണം മുതൽ നാം നിങ്ങളുടെ ഇടയനല്ല. നിങ്ങളുടെ സ്വന്തമുടയനാകുന്ന കൊട്ടങ്ങല്ലൂര മെത്രാപ്പോലീത്താ വന്നിരിക്കകൊണ്ടു എല്ലാവരും അദ്ദേഹത്തിന്റ കീഴവഴങ്ങിനടന്ന കൊൾകയും വേണം" ——— ൫൫൭-൩ം പക്ഷം മിശിഹാ പിറന്നിട്ട "ക്രൊഫ-൩ാണ്ടിൽ മിഥുനമാസം ൨൮-ാന്ത തൃത്തൊട്ട തുടങ്ങി തെക്കോട്ടുള്ള പള്ളികളുടെ പ്രമാണികളും മെപ്പത്താദിമാരും ആകുന്ന നാം കൂട്ടത്തുരുത്തി ചെറിയ പള്ളിയിൽ കൂടി ഒരു കാര്യം അഭ്രദിയാക്കോനിന്റെ മുമ്പാകെ നിശ്ചയിച്ചു എഴുതി വച്ചു. അതായ്തു ശ്ലൂ: മാപ്പിപ്പാ നമ്മുടെ ആവലാധി കേട്ട കഴിഞ്ഞകാലങ്ങൾ തുടങ്ങി ഇന്നാലെവരെ കമ്മവീത്താസഭയിൽ നിന്നുള്ള മെത്രാന്മാരും ഒരൊ സഭയുടെ മിശ്യനാരിമാരും നമ്മുടെ സങ്കടങ്ങളിലും ദുഃഖങ്ങളിലും നമ്മെ ആശ്വസിപ്പിക്കയും നമ്മുടെ ഗുണത്തേയും വർദ്ധിപ്പിക്കയും ചെയ്തുപോലെ ഇനിമേലിലും അതിൻവണ്ണം ചെയ്യാൻ കല്പിച്ചു അനുവദിക്കുന്നതുവരെ നാം ഇതിൻവണ്ണം നില്പാൻ നിശ്ചയിച്ചു" ഒരൊ മൊഴികളുടെ ശേഷം സത്യവാചകമൊഴികളെ എഴുതികയ്യൊപ്പിട്ടു——— "(ശീശ്മയിൽ നിന്നിരുന്ന) അഭ്രദിയാക്കോനിന്റെ പക്ഷക്കാരായ യാക്കോബായക്കാർക്കുടെയും മേൽ ചൊല്ലിയ ക്രൊഫ൩മാണ്ടിൽ തന്നെ ഏടപ്പുള്ളി മാർഗീവർഗീസ് സഹദായുടെ പള്ളിയിൽ നിന്നു ശ്ലൂ: മാപ്പിപ്പായ്ക്കു എഴുതി. അതിൽ ശ്ലൂ: റോമാപള്ളിയിൽ നിന്നു അവർ പിരിഞ്ഞുപോയതു ഗാർസ്യാ മെത്രാപ്പോലീത്തായുടെ ഞൊക്കത്താപാകുന്നു എന്നും കമ്മവീത്താ സഭക്കാരെ തായ്വുകൊണ്ടു വളരെ സന്തോഷമാകുന്നു എന്നും ആഞ്ചലൊ പ്രംസിസ്സോ എന്ന കമ്മവീത്താ മെത്രാനും തോ

മാമെത്രാനും മാത്രം മലയാളത്തിലെ ക്രിസ്ത്യാനികളെ ഭരിച്ചാൽ കായ്കുലകം പൊറ്റേണ്ടകുമെന്നും എഴുതിട്ടുണ്ടായിരുന്നു

൨൫—ാം പക്ഷം ഒരംവണ്ണം കായ്കുലകൊണ്ടവരുമ്പോൾക്കുന്ന ക്കാരുടെ വിരോധം നിമിത്തമൊ മെത്രാപ്പോലീത്തായുടെ ഉണ്ടായിവന്നതിനാൽ ഫ്രാൻസ്—ാം ഞുണ്ടിൽ ആഞ്ഞെലൊ പ്രംസിസ്സൊ എന്ന മേൽപൊല്ലിയ വരാപ്പുഴെ വികാരിഞപ്പൊസ്തൊലിക്ക കൊട്ടങ്ങല്ലൂരിന്റെയും കൊച്ചിയുടെയും ത്രുപതകളുടെ വികാർഞപ്പൊസ്തൊലിക്കയായിട്ട് നിയമിക്കപ്പെട്ടകയും ചെയ്തു. ഒരം തിരുവെഴുത്തുകല്പനയുണ്ടാകുവാനുള്ള പ്രധാന ന്യായം നിമിത്തമൊ മെത്രാപ്പോലീത്തായുടെ കൊച്ചി ത്രുപതയുടെ മെത്രാനും തിരുവീതാംകൂർ, കൊച്ചി എന്ന രാജ്യങ്ങളിൽ പ്രവേശിച്ചുകൂടാ എന്ന രാജാക്കന്മാർ വിചാരിയിരുന്നതുകൊണ്ടാകുന്നു. വായനക്കാരെ! മസ്തിനൊസ് മെത്രാനച്ചന്റെ മേൽ എഴുതിയ വിവരണം വായിക്കുമ്പോൾ കമ്മലീത്താമിഷ്യനറിമാക്ക് ഉണ്ടായിരിക്കുന്ന കപടമറ്റതായ നീതിപാലനയും പരസ്നേഹവും തോന്നുന്നതിന ഇടയുണ്ടായിരിക്കുന്നു. എന്നാൽ മേൽഎഴുതിയ വിവരങ്ങളിൽ മറഞ്ഞിരിക്കുന്ന കപടവും വഞ്ചനയും താഴെ കാണിക്കുന്നതെളിവുകൊണ്ടു ബോധിക്കാവുന്നതാണു. താഴെ കാണിക്കുന്ന തെളിവു സൂറിയാനിക്കാരനും നാട്ടുകാരനുമായ അവക്കുന്തുമെത്രാന്റെ മരുമകനും സത്യവിശ്വാസികളായി നില്ക്കുന്ന തോമാനസ്രാണികളുടെ മലങ്കരപ്പള്ളിയുടെ അക്കദിയാക്കോനുമായ പെ ബ. പറമ്പിൽ മത്തായിക്കത്തനാർ തെക്കൻപള്ളിപ്പുറംപള്ളിയിൽ നിന്നും ഫ്രാൻ—ാമാണ്ടു തുലാമാസം ൨൮—ാംനു എഴുതിയ ഒരു എഴുത്താകുന്നു. ഒരം എഴുത്തു അതലെപ്പോ എന്ന ദേശത്തിൽ നിന്നു വന്നിട്ടുള്ള യാളം പ്രൊപ്പൊഗാന്തകാളേജിൽ പഠിച്ചയാളും സൂറിയാനിക്കാരനും മലയാളത്തിലുള്ള സൂറിയാനിപട്ടക്കാരുടെ സൂറിയാനി ഭാഷയുടെ മല്പാനും ആയ ബഃ ബർത്തലൂമ്മി അന്ന എന്ന ദേഹം പോർത്തുഗീസ് ഭാഷയിൽ സ്വഹസ്തകയ്യക്ഷരത്തിൽ പരിഭാഷപ്പെടുത്തി എഴുതീട്ടുള്ള മൂലപ്രതിയെ കൊട്ടങ്ങല്ലൂർ ത്രുപതയുടെ യൊഹന്നാൻ റിബെയിരാ എന്ന ഒരംശൊ സഭക്കാരനായ മെത്രാപ്പോലീത്താ സ്വന്ത ഒപ്പോട്ടുകൂടിയും അരക്ക മുദ്രയോടുകൂടിയും സാക്ഷിപ്പെടുത്തീട്ടുള്ള മൂലപ്രതിയിൽ നിന്നും പകർത്തിയിരിക്കുന്നതാണ്.

"മലങ്കരെ അക്കദിയാക്കോൻ എഴുത്തു"

"കാമ്മലീത്താ പാദ്രിമാരും നമ്മൊടും മലങ്കരെയുള്ളവരോടും ഇവിടെ ചില കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നു പറകകൊണ്ടു, കൊച്ചിയിൽ കോട്ടയിൽ ഇരിക്കുന്ന ഒല്ലന്തെസന്മാരെപിടിച്ചുകൊണ്ടുവരുവാനും നവുവരുത്തുവാൻ ചതികൊണ്ടു അനേകം പ്രകാരംമനസ്സുപൊലെയുത്തുന്നപ്രകാ

തൃക്ഷത്താലെ പ്രൊ: ഇന്നൊച്ചെൻസ്യൊസ" പാദ്രി മലങ്കരയുള്ളടുത്തയില്ലാത്തവരെ ഉപായത്താലെമെത്രാപ്പോലീത്തായുടെ പാട്ടിൽവച്ച ബ: മലങ്കരെ ഏടവകയുടെ മാർയോഹന്നാൻമെത്രാപ്പോലീത്തായുടെ വാഴ്ച നടത്താതെ ഇരിപ്പാൻ പല പ്രകാരവും മനസ്സു ചെലുത്തുകയും ഒളത്തെസുമാരെകൊണ്ടു രാജാക്കൻമാരും, നമുക്കും, കമ്മലീത്തകാരുടെ സാധ്യമായിട്ടു എഴുതിക്കയും മുടക്കുകയുഞ്ഞെരുക്കുകയും ചെയ്തപ്രകാരം പലരും അറിഞ്ഞിരിക്കുന്നു. ഒരു മലങ്കരെ ഇടവകയിൽ ഇന്നാളെ ഇല്ലാത്തപോലെ ഒളത്തെസുമാരുടെ കീഴാക്കുവാൻ ശ്രമിക്കയും, മനസ്സു ചെലുത്തുകയും ചെയ്യുന്നു. കത്തുകളും, മാപ്പുളമായും ബ: മാർ യോഹന്നാൻ മെത്രാപ്പോലീത്തായെ കാണ്മാനും സമ്മതിപ്പാനും പോകുന്നവരെ പാട്ടുചൊല്ലുവിക്കയും ശേഷമുള്ളവരെ പേടിപ്പിക്കയും ചെയ്തുകൊണ്ടു നാം തന്നെ കൂട്ടത്തുരുത്തിൽ ഇരിക്കുന്നപ്പോൾ ശ്രമമായ മാപ്പിപ്പായുടെ സാധനം കണ്ടു സമ്മതിപ്പാനായിട്ടു യാത്ര പുറപ്പെട്ടപ്പോൾ ബുദ്ധിയില്ലാത്ത ജനങ്ങളെകൊണ്ടു തടയിപ്പിക്കയും വഴിക്കയും സ്വത്രുപത്തെ കൊണ്ടുപോകരുതെന്നു നമുക്കു എഴുത്തു വരുത്തുകയും ചെയ്തു. അത്തെരുക്കം ഏറെ പാക്കുന്നു നാം കുല്പിച്ചു യാത്രയാക്കിയ പട്ടക്കാരെ സ്വത്രുപത്തെകൊണ്ടു തടുത്തു വ്യസനിപ്പിക്കയും കമ്മലീത്താ പാദ്രിമാരെ ഇടച്ചു നീക്കിയില്ല. ബ: മെത്രാപ്പോലീത്തായെ പാദ്രിമാർ മെന്നു കണ്ടില്ല. നമ്മുടെ കാർന്നോർ മാർ അലക്സാന്ത്രൊസഭ്കാമ്പൊ മെത്രാൻ കോട്ടയിൽ വച്ചു കമദോരായിട്ടു (അതായതു ലത്തക്കാരുടെ തലവനെ) കണ്ടപ്പോൾ കൂട്ടത്തുളിസിയൊനൊസ് (അതായതു നിശ്ചയ ഉടമ്പടി) എഴുതിവച്ചിട്ടില്ല. കടത്തിരുത്തിൽ നിന്നു പ്രൊ: ഇന്നൊച്ചെൻസ്യൊസ് അയാൾക്കുവേണ്ടീട്ടു ചില വസ്തുത എന്നൊക്കൊണ്ടു എഴുതിച്ചു. ഉപദ്രവം ശങ്കിച്ചു എഴുതുവാൻ അവകാശം മേൽ എഴുതിയ വചനങ്ങളും പട്ടാങ്ങയാലെ നാം സാക്ഷിക്കുന്നു. ഇതു മിശിഹാ പിറന്നിട്ടു ൧൮൭൦ കാലം തുലാമാസം ൧൫-ാം ദിവസം പള്ളിചാത്തു മത്തമറിയം ഉമ്മാടെ പള്ളിക്കൽ നന്നു പട്ടാങ്ങ എഴുത്തു"

മത്തായി അകത്തയാക്കോൻ. ഹെന്തൊക്കയുടെ വാതിൽ.

ദൈവത്തിൽറെയും ക്ലീഹായുടെയും വിശുദ്ധ സിംഹാസനത്തിൻറെയും മനോഗുണത്താൽ കൊടുങ്ങല്ലൂരിൻറെ മെത്രാപ്പോലീത്തായായ യോഹന്നാൻ റിബെയിരൊ സാക്ഷിക്കുന്നതായ്തു. മലയാളത്തിലെ സുറിയാനിക്കാരുടെ സുറിയാനി വല്ലോയനായ ബ: ഖത്തലമ്മീ അന്ന എന്ന ദേഹത്താൽ എഴുതപ്പെട്ട ഒരു പരിഭാഷ ശരിയായിട്ടുള്ളതും എല്ലാം കൊണ്ടും മലയാള രീതിയുടെ സ്വാഭാവിക അർത്ഥത്തിനും പൊരുളിനും അനുരൂപമായ്തുകുന്നു എന്നും ടി. ദേശിക

നായ ബ: പാഠത്തിൽ മത്തായി അക്ഷരമായി എഴുതിയ മൂലപ്രതിയോടു സൂക്ഷ്മമായി ഒത്തിരിക്കുന്നു എന്നും അ മൂലപ്രതിയെ നാം കണ്ടു പലപ്പോഴും സൂക്ഷ്മതയോടെ വായിച്ചിട്ടുണ്ടെന്നും സാക്ഷീകരിക്കുന്നു. ഇതിന്റെ വിശ്വാസത്തിനായി നമ്മുടെ ഒപ്പും മുദ്രയും വച്ചിരിക്കുന്നു. എന്നു ചാലുകുടി പള്ളിയിൽനിന്നും ക്രിസ്ത്യാബ്ദം ഫ്രെഞ്ച് തുലാം വന്ന (ഒപ്പ്) കൊടുങ്ങല്ലൂരിന്റെ യോഹന്നാൻ റിബെയിരേ മെത്രാപ്പോലീത്താ.

മേൽ എഴുതിയ എഴുത്തു, കർസോൻ എന്ന സുറിയാനി മലയാള അക്ഷരം കൂട്ടി മലയാള സുറിയാനിപ്പട്ടക്കാരെ എഴുതി വരുന്ന കർസോൻ അക്ഷരത്തിൽ മലയാളഭാഷയിൽ എഴുതിയിരിക്കുന്നതാണു. മേൽപ്രകാരം എഴുതിയിരുന്ന മൂലപ്രതിയെകണ്ടു പകർത്തിയതായും ആ മൂലപ്രതി സൂക്ഷ്മമായി പോർത്തുഗീസിൽ തർജ്ജമ ചെയ്തതായും കൊടുങ്ങല്ലൂർ ശ്രുതയുടെ യോഹന്നാൻ റിബെയിരൊ എന്ന ശെംശോസ്ഭക്കോരൻ മെത്രാപ്പോലീത്ത രണ്ടു പകർപ്പിന്നും രണ്ടു സ്ഥലത്തു തന്റെ അരക്കുമുദ്ര പതിച്ചു ഒപ്പിട്ട സാക്ഷിക്കുന്ന മൂലപ്രതിയിൽ നിന്നു പകർത്തിയതാണു. ആ മൂലപ്രതിതന്നെ (പുത്തൻപള്ളി) ഇപ്പോഴും സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

മേൽപ്രകാരമുള്ള എഴുത്തിലെ താല്പര്യങ്ങൾ തന്നെ മത്തായി അക്ഷരമായി പകർത്തിയതിനു ഫ്രെഞ്ച് ചിങ്ങം ൨൨-നു- അമ്പഴക്കാട്ടു പള്ളിയിൽ നിന്നും ഫ്രാ-ാം ക്ലെമെൻസ മാപ്പുപ്പായ്ക്കു എഴുതിയിട്ടുണ്ടായിരുന്ന അതിന്റെ പകർപ്പ് താഴെ ചേർക്കുന്നു.

ശ്രുത: മാപ്പുപ്പായുടെ മുമ്പാകെ നിൽക്കുന്ന കർദിനാളന്മാർ വായിച്ചു അങ്ങേ പരിശുദ്ധതയെ ബോധിപ്പിക്കേണ്ടും കായ്യം. ഉടയതമ്പുരാനെ പേടിച്ചും. നമ്മുടെ ഹൃദയത്തിൽ ദോഷംകൂടാതെ ഇരിപ്പാനും നമ്മുടെ സ്ഥലത്തിനും മലങ്കരെയുള്ള മാർതോമ്മാ നസ്രാണികൾക്കും കലക്കവും, പിണക്കവും, കുഴപ്പങ്ങളും കൂടാതെ. ഇരിക്കേണ്ടിട്ടും നമുടെ തോന്നുന്നതു, എതുയും പെ. പെ. ബ: തങ്ങളോട് അറിയിച്ചു മതിയാവു. അറിഞ്ഞാൽ മലങ്കരെ ശ്രുതങ്ങളും ക്കെയും ഉണ്ടാകുമെന്നു വഴിയെ വിശ്വസിച്ചിരിക്കുന്നു.

എതുയും ബ: മാർ യോഹന്നാൻ റിബെയിരൊ മെത്രാപ്പോലീത്ത ഗോവയിൽ നിന്നും ൧൦൦ മലങ്കരക്കു പോന്നപ്പോൾ ഉടനെ മാർ അന്ത്രയൂസ് മെത്രാനും ഞാനും ഒന്നിച്ചു കുറവലങ്ങാട്ടു പള്ളിയിലിരിക്കുമ്പോൾ ശ്രുത: മാപ്പുപ്പായുടെ സാധനങ്ങൾ ഞങ്ങൾ കണ്ടാറെ (റിബെയിരൊ മെത്രാപ്പോലീത്തായുടെ ബുള്ള) ഉടനെ നാം സമ്മ

തിച്ചു വഴങ്ങി. മെത്രാപ്പോലീത്ത ഇരിക്കുന്നാട്ടത്തു ഒന്നു എഴുതുകയും നമ്മുടെ പേർക്കു അനന്തരവർ ഉ. പട്ടക്കാരെ ബ: മെത്രാപ്പോലീത്താ യെ കണ്ടു സമ്മതിപ്പാൻ യാത്രയാക്കയും ചെയ്തു. ഇതു ചെയ്തതിനെ ക്കൊണ്ടു ബ: കമ്മലീത്ത പാദ്രിമാർ കൊച്ചിക്കോട്ടയിൽ വച്ചും മല യാൻ രാജാക്കളെകൊണ്ടും അറിവില്ലാത്ത ലോകരെക്കൊണ്ടും നമ്മോ ടു മത്തും നമ്മുടെ പട്ടക്കാരോടു മത്തും ചെയ്ത ചെയ്തുന്യായവും ഉ പദ്രവങ്ങളും എഴുതുവാനും അറിയിപ്പാനും വശമില്ല. കഴിഞ്ഞ കൊ ല്ലത്തിൽ ബ: തങ്ങൾക്കു എതാനും എഴുതീട്ടും ശ്ലൂ: പള്ളിക്കു പക്ഷ മുള്ളവരിൽ (ചെന്നു നിൽക്കുന്നോവരിൽ) ദുഷ്തയുള്ളവരെകൊണ്ടു ഒരു മെത്രാപ്പോലീത്തായുടെ വാഴ്ച (അധികാരം) നടത്താതെയിരിപ്പാൻ വേണ്ടുവോളം വേല ചെയ്തിട്ടുണ്ടു. സാധിക്കാഞ്ഞാറെ കോതമ്പിന്റെ ഇടയിൽ കളകളും ആകുന്നവരെകൊണ്ടു കലക്കുവാൻ തുടങ്ങി. ചി ല കടലാസുകളും എഴുതിപ്പിച്ചു. ആ കടലാസു നമുക്കു കാട്ടിയപ്പോ ൾ വിഷം ഉണ്ടെന്നു അറിയാതെയിരുന്നില്ല. ... ഇതു ചെയ്തപ്പോൾ അവരിൽ നിന്നു അകലുവാൻ അവകാശം വന്നു. കുറഞ്ഞൊരുദിവ സം തെക്കൻ പള്ളിപ്പുറത്തു വേറെ പക്ഷമില്ലാത്തപോലെ ഞാൻ പാർത്താറെ അവിടെ നിന്നു ബ: മെത്രാപ്പോലീത്തായെ കാണ്മാൻ ചൊവ്വരെ പള്ളിയിൽ വന്നപ്പോൾ കമ്മലീത്തക്കാർ പ്രൊ: ഇന്നെ ച്ചെൻസ്യൂസ് പാദ്രിഅറിഞ്ഞുടനെ കാണാതെയിരിക്കുന്നായിട്ടു അറി വില്ലാത്ത നസ്രാണികളെകൊണ്ടും കൊച്ചി കോട്ടയിൽ ഇരിക്കുന്നവ രെക്കൊണ്ടും (ഡച്ചുശെർണർ) പല പ്രകാരം വാഗ്വിച്ചു(മെത്രാപ്പോ ലീത്തായുടെ അധികാരം) മുടക്കാൻ തക്കപോലെ മനസ്സു പെടുത്തു കയും ചെയ്തു. ഇതു കണ്ടാറെ ഇളകാതെ പള്ളിക്കലുള്ളവരെ യോ ഗപ്പെട്ടുത്തി നല്ല മനസ്സോടുകൂടെ ചാലക്കുടി പള്ളിയിൽ വച്ചു ശ്ലൂ: മാപ്പുപ്പാ കല്പിച്ചവണ്ണം ഞങ്ങൾ (മെത്രാപ്പോലീത്തായെ) കണ്ടു കൈ മുത്തി സമ്മതിക്കയുംചെയ്തു.....കമ്മലീത്താപാദ്രിമാർ ഒരു മലങ്കര ലോകരുടെ മുഖേനയുംകൊച്ചി കോട്ടയിലുള്ളവരുടെ(ഡച്ചുശെർണർ) മുഖേനയും നേരില്ലാത്തവരെന്നു പറഞ്ഞുതുടങ്ങിയിരിക്കുന്നു. അവരു ടെ ഉരുട്ടും പൊയ്ത്തുന്യായവും അറിയുമാറായി. പുത്തൻക്കൂറിലുള്ളവരുത ന്നെ ഇപ്പോൾപറഞ്ഞുകൊള്ളുന്നു. ശ്ലൂ: മാപ്പുപ്പായുടെ മനസ്സുമല്ലെ കമ്മലീത്താപാദ്രിമാർ ശ്ലൂ: മാപ്പുപ്പാ കല്പിച്ച മെത്രാപ്പോലീത്തായെ അവർ സമ്മതിച്ചില്ലല്ലൊ. റോമയിൽ നിന്നു വന്നവരുടെ നേരും അ വസ്ഥയും ഒരുപോലെ ആകുന്നു.....

അമ്പഴക്കാട്ട് പള്ളിയിൽനിന്നും
൧൭൭൯-ാം കാലം മിഥുനമാസം ൨൮-ാംനു-
"മലങ്കരെ അക്കീയാക്കോൻ മത്തായി എഴുത്തു"

കൊടുങ്ങല്ലൂർ രൂപതയിൽ ഗാർസ്യാ എന്ന പരദേശാസഭക്കാരൻ മെത്രാപ്പോലീത്തായായി വാണിരിക്കയിൽ, അദ്ദേഹം ഉദിയമ്പേരൂർ സൂനഹദോസിലെ നിശ്ചയപ്രകാരം കൽദായ സുറിയാനിക്രമങ്ങളെ വളരെ അവിവേകമായി മാറുന്നതിനു ശ്രമിച്ചതുകൊണ്ടു അ മെത്രാപ്പോലീത്തായുടെ നേരെ തോമാനസ്രാണികൾക്കു വളരെ വിരോധം ജനിച്ചതുകൊണ്ടു തോമാനസ്രാണികൾ ശ്ലൂ: മാപ്പിപ്പായുടെ പക്കൽ അവലാധി ബോധിപ്പിക്കയും ബാബേലിലെ പാത്രിയക്കീസിന്റെ പക്കൽ സ്വതന്ത്രമപ്രകാരമുള്ള കൽദായമെത്രാനെ അയച്ചു തരുന്നതിനു അപേക്ഷിക്കയും ആ അപേക്ഷപ്രകാരം അവിടത്താല്ല എന്ന മെത്രാനെ വിട്ടുകയും, ആ മെത്രാനെ പരദേശാസഭക്കാരുടെ ശ്രമത്തിന്മേൽ ശോവയിൽ ബന്ധുവസ്സായികൊണ്ടുപോയി പോർത്തുഗീസ് ഇൻക്വിസീഷ്യൻ സംഘം വിധിച്ചു, തീയിൽ ഇട്ട് കൊല്ലുകയും ചെയ്തതുകൊണ്ടു തോമാ നസ്രാണികൾ അധികമായി ക്ലേശിച്ച മാപ്പിപ്പായുടെ പക്കൽ തങ്ങളുടെ അവലാധിവീണ്ടും ബോധിപ്പിക്കയും ആ സമയങ്ങളിൽ ശോവയിൽ നിന്നു മലയാളത്തിൽ സഞ്ചരിച്ചിരുന്ന കമ്മലീത്താ സഭക്കാരുടെ ഉപദേശത്താൽ പരദേശാസഭക്കാരുടെ ഉപദ്രവത്തിൽ നിന്നു തങ്ങളെ രക്ഷിക്കുന്നതിനു കമ്മലീത്താക്കാരെ തന്നെ വിട്ടു തരുവാനായിട്ടു ശ്ലൂ: മാപ്പിപ്പായോടു അപേക്ഷിക്കയും ചെയ്തു. തോമാനസ്രാണികൾക്കു ശ്ലൂ: സിംഹാസനത്തിന്റെ ആജ്ഞയിൽ നിന്നു വിട്ടുമാറുന്നതിനു അശേഷവും മനസ്സില്ലായിരുന്നു, എങ്കിലും തങ്ങളോടും തങ്ങളുടെ സ്വാധർമ്മമുള്ള കൽദായമെത്രാനോടും ചെയ്ത അനീതിയായതും ക്രൂരമായതുമായ ഉപദ്രവംകൊണ്ടു പോർത്തുഗീസുമെത്രാനെ കൈക്കൊള്ളുകയില്ലാ എന്നു മട്ടന്നേരിയിൽ കൂടി ഒരു സത്യംചെയ്തു. അങ്ങിനെ ആയിരുന്നാലും കൽദായ മെത്രാന്മാരെ എല്ലാപ്പോഴും കിട്ടുന്നതിനുള്ള പ്രയാസംകൊണ്ടും പോർത്തുഗീസുകാരുടെ ബലമായ തടസ്ഥംകൊണ്ടും അതുതു സാധിക്കാതെ വന്നിരുന്നതുകൊണ്ടും സത്യവിശ്വാസത്തിൽ നിന്നും നീങ്ങിപ്പോകുന്നതിന്മേലുള്ള വ്യസനം കൊണ്ടും തോമാനസ്രാണികളുടെ വലിയ ഭാഗം കമ്മലീത്താ സഭക്കാരെ തങ്ങളുടെ ഭരണക്കാരായികിട്ടുന്നതിനു അപേക്ഷിച്ചിരുന്നു. ഈ സ്ഥിതിയിൽ കമ്മലീത്താ സഭക്കാരു വന്നപ്പോൾ അവരേ സുറിയാനിക്കാരെ മുഴുവനായി തങ്ങളുടെ കീഴാക്കണമെന്നുള്ള ശ്രമം തുടങ്ങി. അപ്രകാരമിരിക്കയിൽ പോർത്തുഗീസ് കാരുടെ അനീതികളെ ശിക്ഷിക്കുന്നതിനു ദൈവം നിശ്ചയമാകയും ലന്തക്കാരുടെ പ്രവേശനം അതിനു കരുവാകയുംചെയ്തു. ലന്തക്കാർ വന്നപ്പോൾ യൂറോപ്യന്മാരായ മറവു അന്യജാതികളെ ഒക്കെയും മലയാള ദേശത്തിൽ നിന്നു പുറപ്പെടുത്തണമെന്നു തീർത്തമാനം ചെയ്തു. എന്നാൽ കമ്മലീത്താ സഭക്കാരു അമസ്സൊദമെൻസി കോളേജിൽ നിന്നു രാജാവിന്റെ ശിപാർശയാൽ മലയാളത്തിലുള്ള പ്രവേശത്തിനു

ള്ള തടസ്ഥം തീൎന്ന "റോളൻ ൫൮൨-ാം പുക്ഷത്തിൽ പറയുന്നതു പോലെ, ഇന്ത്യയിൽ വരുന്നവരു മേൽപ്രകാരമുള്ള എഴുത്തുകൾപ്രകാരങ്ങളുടെ അധിപതിയായ വാൻഒറേഡോ എന്ന ദേഹത്തിന്നു കാണുന്നതിന്നു കൊടുത്തു.

Raulin p 412 Ut autem in Indiam appellentes ejusmodi litteras Bataoo commendatori Van—Redo inspiciendas porrexerunt

യൂറോപ്പിൽ നിന്നു വന്നിരുന്ന കമ്മലീത്താസഭക്കാർ ഇത്താല്യൻകാരായിരുന്നതുകൊണ്ടു, ലന്തക്കാൎക്കു പോൎത്തുഗീസുകാരുടെ നേരെയുള്ളതുപോലെ ശത്രുത്വവും ഭയവും കമ്മലീത്താസഭക്കാരുടെ നേരെ ഉണ്ടായിരുന്നില്ല. അതൊട്ടുകൂടി മേൽപ്രകാരമുള്ള ശിപാശി എഴുത്തും ഉണ്ടായിരുന്നതുകൊണ്ടു കമ്മലീത്താസഭക്കാരുടെ മനക്കരുത്തുകൊണ്ടും സാധിക്കുന്നതിന്നു വളരെ എളുപ്പമായിവന്നു. പോൎത്തുഗീസുകാർ തോമാനസ്രാണികളുടെ നേരെ ആദ്യം വളരെ സ്നേഹമായിപെരുമാറി വന്നതിന്റെ ശേഷം വൈദീകൎക്കു അവരുടെ വൈദീക അധികാരം കൈവശപ്പെടുത്തുന്നതിന്നുള്ള കാംക്ഷ തുടങ്ങിയപ്പോൾ, അതിനെ സാധിക്കുന്നതിന്നു ലൌകീക അധികാരത്തെ വളരെ ബലമായി ആശ്രയിച്ചു ഉപയോഗിച്ചതുപോലെ, കമ്മലീത്താക്കാരും ആദ്യമെ സുറിയാനിക്കാരുടെ നേരെ വളരെ സ്നേഹമായി പെരുമാറി എങ്കിലും അവരുടെ വൈദീകഅധികാരം കൈവശപ്പെടുത്തണമെന്നുള്ള അന്തരം മനസ്സിൽ പ്രവേശിച്ചപ്പോൾ അതു സാധിക്കുന്നതിന്നു ലന്തക്കാരുടെ ലൌകീകഅധികാരത്തെ ഉപയോഗിക്കുന്നതിന്നുകൂടി ശ്രമിച്ചു തുടങ്ങി. പറമ്പിൽ അലക്സാന്ത്രഎന്ന നാട്ടുകാരനെ കമ്മലീത്താക്കാരു നിൎബ്ബന്ധമായി വാഴിച്ചു എങ്കിലും പറമ്പിൽ അലക്സാന്ത്രമെത്രാൻ തന്റെ വാൎദ്ധക്യസമയത്തിൽ തനിക്കൊരു സഹായക്കാരനെ കിട്ടുവാനായി ഗ്രഗോ: മാപ്പുപ്പായോടു അപേക്ഷിച്ച പ്രകാരം ഗ്രഗോ: മാപ്പുപ്പാ നാട്ടുകാരിൽ തക്ക ഒരാളെ തിരിഞ്ഞെടുക്കുന്നതിന്നു കമ്മലീത്താസഭക്കാൎക്കു കല്പന അയയ്ക്കയും പറമ്പിൽ അലക്സാന്ത്രമെത്രാന്റെ അക്കിടിയാകുന്നതിരിഞ്ഞെടുക്കുന്നതിന്നു നാട്ടുകാൎക്കു അഭിപ്രായമാകയും ലന്തക്കാരുടെ അധിപൻ അദ്ദേഹത്തിന്റെ തിരിഞ്ഞെടുപ്പുതന്നെ ഉറപ്പിക്കയും അദ്ദേഹത്തെ തിരിഞ്ഞെടുക്കുന്നു എന്നുവരികിൽ റോളൻ ൫൮൨-ാം പുക്ഷത്തിൽ പറയുന്നതുപോലെ ഗ്രഗോയിയെ തിരിഞ്ഞെടുക്കുന്നു എന്നു വരികിൽ കൊച്ചിയിൽ വരുന്നതിന്നു സ്വാതന്ത്ര്യമായ അധികാരവും ലന്തക്കാരുടെ അനുകൂലവും ഉപജീവനത്തിന്നാവശ്യമുള്ളതൊക്കയും കൊടുക്കാമെന്നു പറഞ്ഞൊഴിഞ്ഞിരിക്കുന്നു.

Raulin. pag. 443. Pollicebatur, etiamsi Mathaeum instituerent expeditam adeundi Cochimum facultatem, tum Batavorum gratiam, quaecumque ad victum necessaria;

എന്നാൽ കമ്മലീത്താക്കാരു വീണ്ടും ഒരു സുറിയാനിമെത്രാനെ വാഴിച്ചുകൊടുത്താൽഅതുനിമിത്തം കൽദായ ക്രമപ്രകാരമുള്ളഭരണം ഉറപ്പുപോകയും തങ്ങൾ ആഗ്രഹിച്ചിരിക്കുന്ന ഭരണാധികാരം കൈവിട്ടുപോകയും ചെയ്യുമെന്ന കണ്ടു വഴക്കമില്ലാത്തവനായിരിക്കുന്ന ഒരുനാട്ടുകാരനായ പറങ്കി ലത്തീൻ പാദ്രിയെ തിരിഞ്ഞെടുത്തു വാഴിക്കയും ചെയ്തു. കമ്മലീത്താ സഭക്കാരിൽ ഒന്നാമതു വന്ന യെശുസേപ്പു സേബസ്ത്യാനി എന്ന മെത്രാൻ വരാപ്പുഴെ കമ്മലീത്ത മസ്ലീനോസ എന്ന മെത്രാന്റെ ചരിത്രം ൧൮-ാം പക്കത്തിൽ പറയുന്നതുപോലെ മലയാളത്തിലെ കത്തോലിക്കരായ മാർ തോമാ ക്രിസ്ത്യാനികളുടെ ഉപകാരത്തിനായിട്ടല്ലായിരുന്നു കമ്പനിസംഘക്കാർക്കു ഏഴുവാൻ രണ്ടാമത്തെതു റിക്കാർഡ അപ്പസ്തോലിക്കയായിട്ടും കത്തോലിക്കാക്കാരുടെ ഇടയനായിട്ടും താൻ വാഴിച്ചു പറമ്പിൽ അലെക്സാന്ത്രോ എന്ന മെശാരമെത്രാനെ ലന്തക്കാരുടെ സങ്കേതത്തിൽ കൈക്കൊള്ളുവാനും അപേക്ഷിച്ചു. റിക്കോബ് എന്ന പടത്തലവർ മുമ്പിലത്തെ അപേക്ഷപ്രകാരം ലന്തയിലേക്കു എഴുതീട്ടുണ്ടെന്നും പിന്നെയും എഴുതാമെന്നും പറഞ്ഞു. മെത്രാനെ കൈക്കൊണ്ടു സംരക്ഷണചെയ്യാമെന്നും കൊച്ചിയിൽ വരുത്തിക്കാണണമെന്നും പറഞ്ഞു..... പടത്തലവൻ പറമ്പിൽ അലക്സാന്ത്രോ എന്ന ദേഹത്തെ കൈശൊണ്ടു ബഹുമാനത്തോടുകൂടെ പറഞ്ഞയക്കയും ചെയ്തു" അപ്പോൾ പറമ്പിൽ അലക്സാന്ത്രമെത്രാനെ കമ്മലീത്ത ഒന്നാമത്തെ മെത്രാനായ യെശുസേപ്പു സേബസ്ത്യാനി ലന്തക്കാരുടെ പടത്തലവന്റെ ആശ്രയത്തിൽ കയ്യാളിച്ചു എന്നു വരികിൽ വാൻറൈഡൊ എന്ന വന്തക്കാരുടെ അധിപന്റെ അപേക്ഷപ്രകാരവും പറമ്പിൽ അലക്സാന്ത്രമെത്രാന്റെ തിരിഞ്ഞെടുപ്പിൻപ്രകാരവും മലങ്കരെ അക്കിയാക്കോനായ മത്തായി എന്ന ദേഹത്തെ എന്തുകൊണ്ടാണകമ്മലീത്തപാദ്രിമാർ അലക്സാന്ത്ര മെത്രാന്റെ അനന്തരവനായി തിരിഞ്ഞെടുക്കാഞ്ഞതു? പറമ്പിൽ മത്തായി അക്കിയാക്കോൻ മെത്രാൻ പട്ടത്തിന്നു അയോഗ്യനായിരുന്നു എന്നു വരികിൽ അദ്ദേഹം കത്തോലിക്കവഴക്കത്തിൽ നിലനിന്ന മലങ്കരപള്ളിയുടെ അക്കിയാക്കോനായിപിന്നീടും കമ്മലിത്തസഭക്കാരുടെ ഭരണകാലത്തും ൪൦ കാലത്തിന്നുമേൽ അവരെ ഭരിച്ചിരുന്നു. ഇതുകൊണ്ടു അദ്ദേഹത്തിന്റെ അയോഗ്യതകൊണ്ടല്ല എന്നു സ്പഷ്ടമാകുന്നു. കമ്മലീത്തക്കാരു തിരിഞ്ഞെടുത്ത റപ്പായേൽ പിഗരെദൊ എന്ന നാട്ടുകാരൻ പറങ്കിപാദ്രി മെത്രാനായ കാലത്തൊട്ടു പറമ്പിൽ അലക്സാന്ത്രമെത്രാനോടു മത്സരിക്കയും ശ്രീ: മാപ്പിളപ്പാ

അദ്ദേഹത്തെ മെത്രാന്റെ അധികാരത്തിൽ നിന്നു നീക്കുകയും അ
സ്ഥിതിയിൽ മരിക്കയും ചെയ്തതുകൊണ്ടു കമ്മലീത്താസഭക്കാരുടെ തിരി
ഞ്ഞെടുപ്പു ന്യായമായിട്ടുള്ളതും പ്രമാത്മമായിട്ടുള്ളതും അല്ലെന്നും പ്ര
ത്യക്ഷത്തിൽ കാണാം. ഇങ്ങിനെ കമ്മലീത്ത സഭക്കാരും; അഗ്രഹി
ച്ചിരുന്നതുപോലെ വികാരി അപ്പൊസ്തോലിക്ക എന്നുള്ള നാമത്തോട്ട
ടി സുറിയാനിക്കാരെ ഭരിപ്പാൻ തുടങ്ങി. എന്നാൽ ഭരം കാലങ്ങളി
ൽ ശുദ്ധ മാപ്പിപ്പു തോമാനസ്രാണികളുടെ സ്വാധീന ഭരണക്കാരും
സ്വാതന്ത്ര്യക്കാരുമായ കൽദായമെത്രാന്മാരുടെ ഭരണം നീക്കീട്ടില്ല. അ
പ്രകാരംതന്നെ മേൽപ്രകാരമുള്ള സുറിയാനി കൽദായ മെത്രാന്മാരു ഇ
ല്ലാത്തകാലത്തു അവരെ ഭരിക്കുന്നതിനു ന്യായമായിരിക്കുന്നതുകൊണ്ടു
ല്ലർത്രുപതയുടെ മെത്രാപ്പോലീത്താമാരുടെ അധികാരവും നീക്കീട്ടില്ല.
ഇങ്ങനെയിരിക്കയിലാണ് ശിമയോൻ എന്ന കൽദായമെത്രാൻ വരിക
യിൽ ആ മെത്രാനെ കമ്മലീത്ത സഭക്കാരു ബന്ധവസ്ഥായിപ്പുള്ള
രിയിൽ കൊണ്ടുപോയി തടവിലാക്കിയതു. പരം പ്രവൃത്തികൊണ്ടു തോമാ
നസ്രാണികൾക്കു കമ്മലീത്ത സഭക്കാരുടെ നേരെയുള്ള പക്ഷവും വിശ്വാ
സവും കുറഞ്ഞുപോയിരുന്നു. കമ്മലീത്ത സഭക്കാരുശെമഓൻഎന്നകൽ
ദായമെത്രാനെ ബന്ധവസ്ഥിലാക്കി ആ സുറിയാനിക്കാരുടെഭരണംകൈ
വശപ്പെട്ട അനുകൂലിച്ചിരിക്കുമ്പോൾ ഗൊവിയെൽ എന്ന മറൊരു
കൽദായ മെത്രാപ്പോലീത്ത വരികയും അദ്ദേഹത്തെയും എടുത്തുട്ടകാ
രനാണെന്നും മറവും പറഞ്ഞതു ഫലിക്കാതെ ഇരുന്ന എന്നു വരികി
ലും അദ്ദേഹത്തെയും ഒരു പ്രകാരം അമത്തി ഭരിച്ചുവരികിൽ ഇതാ
കൊടുങ്ങല്ലൂർ ത്രുപതയ്ക്ക യോഹന്നാൻ റിബെയിരൊ എന്ന പരംശോ
സഭക്കാരൻ മുമ്പിലത്തെ വഴിപാടിൻ പ്രകാരം സുറിയാനിക്കാരുടെ
മെത്രാപ്പോലീത്തായായിട്ട വാഴ്ച ഏറ്റുവന്നു. മുൻ ഞാൻ എഴുതിയി
രിക്കുന്നതുപോലെ സുറിയാനിക്കാർ ശിമയോൻ, ഗൊവിയേൽ എന്നാ
രണ്ടു മേത്രാപ്പോലീത്താമാരോട്ട കമ്മലീത്താ സഭക്കാര ചെയ്ത നട
പടികളെ കണ്ടു ഗ്രഹിച്ചിരുന്ന സമയത്താണ് യോഹന്നാൻ റിബെയി
രൊ മെത്രാപ്പോലീത്തായുടെ വരവ്. അദ്ദേഹം യുറോപ്യനും പരംശോ
സഭക്കാരനും, അവഴക്കാട്ട് സമ്പാളൂര സുറിയാനി പഠിപ്പിച്ചിരുന്ന
തുമായ സുറിയാനി തോമാനസ്രാണികളിൽ വളരെ പരിചയമുള്ള ആ
ളുമായിരുന്നതിനെകൊണ്ടു കമ്മലീത്താ സഭക്കാരുടെ ഭരണം അരംഭ
ത്തിൽവച്ചുതന്നെ നിന്നുപോകുമെന്നുകണ്ടു ലന്തക്കാരോട്ടുള്ള ഇത്താ
ല്യൻ കമ്മലീത്താ സഭക്കാരുടെ സഖ്യത വളരെ ബലപ്പെട്ടത്തി.
കൊച്ചി കൊട്ടങ്ങല്ലൂർ ഉള്ള മെത്രാന്മാര ലന്തക്കാരുടെ വൈരികളായി
രുന്ന പോർത്തുഗീസ്സുകാരായിരുന്നതിനെക്കൊണ്ടു അവരുടെ നേരെ വൈ
രാഗ്യം അധികരിപ്പിക്കുന്നതിനു വളരെ എളുപ്പമായിരുന്നതുകൊണ്ടു
കമ്മലീത്ത സഭക്കാരര ആ മെത്രാന്മാരെ നാട്ടകുടുത്തുന്നതിനുള്ള ശ്ര
മം നോക്കി, കമ്മലീത്ത മർസ്ലീനോസമെത്രാന്റെ വേദചരിത്രം

ഫ്രഞ്ച്—ാം പക്ഷത്തിൽ "ംരംവണ്ണം കുഴപ്പങ്ങൾ നടന്നുവരുമ്പോൾ ലന്തക്കാരുടെ വിരോധം റിബെയിരൊ മെത്രാപ്പോലീത്തായ്ക്കു ഉണ്ടാ യിവന്നതിനാൽ ഫ്രൈൻ—ാം ആണ്ടിൽ ഞങ്ങപ്പൊ ഫ്രംസീസ്കൊ എന്ന മേൽപ്പൊല്ലിയ വരാപ്പുഴ വികാരി അപ്പൊസ്തോലിക്ക കൊട്ട ങ്ങല്ലൂരിന്റെയും കൊച്ചിയുടെയും ശ്രീപതികളുടെ വികാരി അപ്പൊ സ്തോലിക്കായായിട്ടും നിയമിക്കപ്പെട്ടുകയും ചെയ്തു. ംരം തിരുവെഴുത്തു കല്പന ഉണ്ടാകുവാനുള്ള പ്രധാന ന്യായം റിബയിരൊ മെത്രാപ്പോലീ ത്തായ്ക്കും കൊച്ചി ശ്രീപതയുടെ മെത്രാനും, തിരുവിതാംക്കൂർ. കൊച്ചി എന്ന രാജ്യങ്ങളിൽ പ്രവേശിച്ചുകൂടാ എന്നു രാജാക്കന്മാര വിലക്കി യിരിക്കുന്നതുകൊണ്ടാകുന്നു." ലെന്തക്കാരായ കൽവീൻ എടുത്തുട്ടുകാർക്ക റോമൻ കത്തോലിക്കരായ പോർത്തുഗാൽ മെത്രാന്മാരോടും സന്ന്യാ സികളോടും ഇത്താല്യൻ മെത്രാന്മാരോടും സന്ന്യാസികളോടും മത്സരം ബന്ധമാണ് ഒരുപോലെ വൈരാഗ്യം ഉണ്ടായിരിക്കണം. ലെന്തക്കാ ര വന്നു കൊച്ചിരാജ്യം പിടിച്ചപ്പോൾ ഉടനെ യുറോപ്യന്മാരായ എ ല്ലാവരും ഇത്താല്യൻ കമ്മലീത്താക്കാരും നാടുവിട്ടു പോകണമെന്നും കല്പിച്ചു. അയതു സംഭവിച്ചതു ക്രസ്തുവ—ാം കാലത്തിലാണ്. താമസ മെന്യേ യുറോപ്യമെത്രാന്മാരാദിയായ വൈദീകാധികാരികളെ മ ലയാള രാജ്യത്തിൽ നിവസിക്കുന്നതിനുള്ള തടസ്ഥം ലെന്തക്കമ്പിനി ക്കാര നീക്കുകയും ക്രസ്തു—വഷ്ത്തിനുമേൽ അതായതു ക്രൈസ്തു—ാം കാലം വരെയും കൊച്ചിയിലും കൊട്ടങ്ങല്ലൂരിലും പോർത്തുഗീസ്സുകാരായ വൈദീകരും താമസിച്ചിരുന്നു. തല്സമയം കൊച്ചി മെത്രാനും കൊട്ട ങ്ങല്ലൂര മെത്രാപ്പോലീത്തായും മലയാള ദേശത്തിൽ താമസിച്ചുകൂടാ എന്നും കമ്മലീത്ത യുറോപ്യൻ മെത്രാനു താമസിക്കാമെന്നും കൊ ച്ചി തിരുവിതാംക്കൂർ രാജാക്കന്മാരും ലെന്തക്കമ്പിനിക്കാരും വിരോധി ക്കുന്നതിനുള്ള കാരണമെന്തു? അയതിലുള്ള കാരണം അക്കദിയാക്കൊ ന്റെ മേൽ എഴുതിയ എഴുത്തുകളിൽ വിവരിക്കപ്പെട്ടിരിക്കുന്ന സം ഗതിയാണെന്നു പ്രത്യക്ഷത്തിൽ കാണുന്നു. കമ്മലീത്ത സഭക്കാര അ കാലത്തിൽ പോർത്തുഗീസ്സുകാരായ കൊച്ചി കൊട്ടങ്ങല്ലൂ എന്ന ശ്രീ പതികളുടെ മെത്രാന്മാരെ മാറ്റി ആ ശ്രീപതികളുടെ ഭരണം തങ്ങൾക്കു കൈവശപ്പെടുത്തുന്നതിനു വേണ്ടി ലന്തക്കമ്പിനിയാരുടെപക്കലും നാ ട്ടുരാജാക്കന്മാരുടെ പക്കലും ചെയ്ത ശ്രമം അല്പമല്ലാ എന്നു കൊട്ടങ്ങ ല്ലൂ ശ്രീപതയുടെ മെത്രാപ്പോലീത്തയായ ംരംശാസഭക്കാരൻ യോ ഹന്നാൻ റിബെയിരൊ എന്ന ദേഹം നല്ലതിനല്ലൂം ഗ്രഹിച്ചിരുന്നതു കൊണ്ടു കമ്മലീത്ത സഭക്കാരുടെ മേൽപ്രകാരമുള്ള ശ്രമങ്ങളെ വി വരിക്കുന്ന മത്തായി അക്കദിയാക്കൊന്റെ എഴുത്തു തക്കതായ ഒരു ല ക്ഷ്യമായി തന്റെ മുദ്രയും ഒപ്പുവച്ചു സാക്ഷിപ്പെടുത്തി വച്ചിരിക്കു ന്നു. ടി. മെത്രാന്റെ സാക്ഷി സാമാന്യം വായനക്കാക്കൊക്കെയും ബോദ്ധ്യമാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

അക്കിടിയാക്കോന്റെമേലെഴുതിയ എഴുത്തിനെയും സംഗതിവിവരത്തെയും തെളിയിക്കുന്നതായ് വേറെ തെളിവുകളെ താഴെചേർക്കുന്നു.

ലന്തക്കമ്പനിയുടെ അധിപനായ ബെല്ലൂന്മാമൊരുമാൻമരക്കർ ഓർമയെർ എന്നയാൾ കൊച്ചി കോട്ടയിൽ നിന്നും എ. പെ ബ. അക്കിടിയാക്കോനു അയച്ച എഴുത്തു.

"മലയാളത്തിനും തുളുനാട്ടിനും വെനക്കുക്കും കുത്തനായിരിക്കുന്ന എ. ബ. ബെല്ലൂന്മാമൊരുമാൻമറക്കർ ഓർമയെർ" എഴുത്തു.

മലങ്കരെ വാഴുന്ന അക്കിടിയാക്കോൻ അച്ചൻ അറിയേണ്ടും അവസ്ഥ.

എന്നാൽ ബ. കൊമ്പഞ്ഞിയും മലങ്കരെ മലയാളമെത്രാനും അങ്ങനും തമ്മിൽ വളരെ ചാച്ച്യുണ്ടാകകൊണ്ടു ബ. കൊമ്പഞ്ഞിം അങ്ങെ അമ്മാവൻ ആയിരുന്ന ഭോം അലക്സാന്തർ ഒകാപ്പൊ മെത്രാനും ശേഷമുള്ള നസ്രാണി മാപ്പിളമാർ എല്ലാവരും തമ്മിൽ അന്യോന്യം വീശ്വസിച്ച ചേർപ്പുകാരം ഇപ്പോൾ ഇതിൽ തോന്നുവാൻ കാരണം. അതുനിമിത്തമായിട്ട നാം ഇപ്പോൾ കേട്ട വർത്തമാനം അങ്ങെ ഉണ്ടാകുമെന്നു കല്പിച്ചു ഇതു എഴുതി അയപ്പാൻ കാരണം. അമ്പഴക്കാട്ട ഇരിക്കുന്ന യൊംറിബെയിത എന്ന പൌലീസ്പാദ്രി മലനാട്ടിൽ അക്കിമെത്രാന്റെ സ്ഥാനം കൂടെറി നടപ്പാൻ തുടങ്ങുന്നുവെന്നു നാം എഴുതിയും വളരെ വ്യസനത്തോടെ കേൾക്കയും ചെയ്തു. അതു നേരും ന്യായവും അല്ല. വിശേഷിച്ചിട്ട നമ്മുടെ എഴുതിയും വലിയ എജമാനന്മാരുടെ കല്പനയും മര്യാദയും മറുത്തിട്ടുള്ളകായ്മയത്രെ അതു. നാം കൊച്ചികോട്ടയും മലനാട്ടിൽ മറവുള്ള കോട്ടപ്പടികളേയും അയുധക്കരുത്താവെ പറങ്കിയുടെ കയ്യിൽ നിന്നും പിടിച്ചതിന്റെ ശേഷം മലനാട്ടിൽ പറങ്കിമെത്രാനായിട്ട ആരും വാഴരുതു എന്നും അതിലും വിശേഷിച്ചു പൌലിസ്സു പാദ്രിമാര ഒട്ടും അരുതെന്നും നിശ്ചയം വരുത്തിയ പ്രകാരം അങ്ങതന്നെയും ധാരണയുണ്ടല്ലൊം. പോരാത്തതിനു അങ്ങു എഴുതിവച്ച കൂപ്പിത്തുളാസിലും മറവുള്ള കോത്രാത്തിലും ഇന്നോളം കാണാതുണ്ട എന്നു വരുമ്പോൾ അങ്ങനും നസ്രാണിമാപ്പിളമാരും ആ അക്കിമെത്രാന്റെ സ്ഥാനം കൂടെറിയ പാദ്രിയുടെകല്പനയും ചൊല്ലും കേട്ടസമ്മതിക്കയില്ല എന്നുള്ളതു നമ്മുടെമസ്സിൽ ആകുന്നു. മറുമാതി വരികയില്ലെന്നു നമ്മുടെ പക്ഷം ആകുന്നു. ഒരും കല്പിച്ചു കല്പന മറുത്തു നടന്നു എന്നു വരികൽ തങ്ങൾമലനാട്ടിന്നു അക്കിടിയാക്കോൻ അച്ചനോടും അക്കിമെത്രാന്റെ കല്പനബഹുമാനിക്കുന്നവരെല്ലാവരോടും അതിനാൽ വരുന്ന മൽദോഷങ്ങളും ഒക്കയും

നമ്മുടെ കുറമല്ലെന്നും നമ്മുടെ കുറമായിട്ട വർകയില്ലെന്നും, നമ്മുടെഎത്രയും വലിയ എജമാനന്മാരുംപേക്ഷനാം അറിയിക്കുന്നതെയാകുന്നു. മലനാട്ടിൽ മെത്രാന്റെ സ്ഥാനം കൊണ്ടുനടപ്പാൻ ഭോം പ്രെ ആഞ്ഞലൊപ്രംസീംസ്സാദേസാന്ത് ത്രേസ്യാ മെത്രാനെ നമ്മുടെ ബഹുമാനപ്പെട്ട എജമാനന്മാർ കല്പിച്ചിട്ടുള്ള പ്രകാരം മെത്രാനെഅല്ലാതെ കണ്ടെ മറ്റാരെയും ബ. കുമ്പഞ്ഞി അറിയുകയുമില്ല. തങ്ങളും ശേഷമുള്ള നസ്രാണി മാപ്പിളമാർ എല്ലാവരും മെത്രാനായിട്ട പ്രകാരം ദേഹത്തെമാത്രം സമ്മതിച്ച ബഹുമാനിക്കെണ്ടിവരും. എന്നു വരുമ്പോൾ അങ്ങുൻ ബ: കുമ്പഞ്ഞികുല്പിച്ച കല്പനപോലെ തന്നെ സമ്മതിക്കുമെന്നു നമ്മുടെ മനസ്സിൽ ആകുന്നു. ഭീർഘായുസ്സു വർദ്ധിച്ചിരിക്കട്ടെ. മേമാസം ൨൭-൦ദിവസം ഫ്രൈർ-൩മതു കൊച്ചിക്കോട്ടയിൽ നിന്നുംഎഴുത്തു"

ലന്തക്കമ്പനി കൊച്ചിക്കോട്ടപിടിച്ച ഉടനെ യൂറോപ്യന്മാർ എല്ലാവരും മലയാളനാടു വിട്ട പോകണമെന്നു കല്പിക്കയും അതുപ്രകാരം യെസ്സേപ്പു സെബസ്ത്യാനി എന്ന കമ്മലീത്തമെത്രാനും ഉടനെ നാടുവിട്ടു പോകയും ചെയ്തു. പോർത്തുഗീസ് ഒപ്രലീസ്തമെത്രാന്മാർ പിന്നീട കൊടുങ്ങല്ലൂർ വാഴുകയും അവരെ ക്രിസ്ത്യാനികളും അനുസരിച്ചു വരികയും ചെയ്തിരുന്നു. സുറിയാനിക്കാരെ ഭരിച്ചിരുന്നതു നാട്ടുകാരനും സുറിയാനിക്കാരനുമായ അലക്സാന്ത്രമെത്രാനായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷവും നാട്ടുകാരെ വാഴിക്കണമെന്നുള്ള ശ്രമം. സിംഹാസനത്തിന്റെ കല്പനയെ ഉപായേന നീക്കിവച്ച കമ്മലീത്തക്കാർ തന്നെ വാഴിച്ചു ഏൽക്കുന്നതിനു കല്പനവരുത്തിയിരിക്കുമ്പോൾ ആണ്ട് കൊടുങ്ങല്ലൂർ ത്രുപതയുടെ യോഹന്നാൻ റിബെയിരൊ എന്ന ദേഹം മെത്രാപ്പോലീത്ത ആയതു. ഉടനെ കമ്മലീത്ത പാദ്രിമാർ ലന്തകമ്പനിയുടെ അധിപനായ ലന്തരാജാവിനെ ഇത്താല്യ രാജാവിന്റെ വിപ്രാഗിയിൻപേരിൽ സ്വാധീനംവച്ച് ലന്തയിൽനിന്നും എഴുത്തുകളും വരുത്തി കൊടുങ്ങല്ലൂർ വാണിരുന്ന പോർത്തുഗീസ് മെത്രാന്മാരെ മലയാളത്തിൽ നിന്നു നീക്കുന്നതിനും മലയാളത്തുള്ള ഭരണം മുഴുവനും തങ്ങൾക്കു സ്വാധീനപ്പെടുത്തുന്നതിനുമുള്ള ശ്രമം തുടങ്ങി. ഇതിനായി കൊച്ചിയിലെ ലന്തകമ്പനി അധിപനെ കൊണ്ടു കൊച്ചി തിരുവിതാംകൂർ രാജാക്കന്മാർക്കും മലയാളത്തിലുള്ള ഇടപ്രഭുക്കന്മാർക്കും എഴുത്തുകളയപ്പിച്ചു. അതിന്റെ ഒരു പ്രതി താഴെചേർക്കുന്നു.

കൊടുങ്ങല്ലൂർ മുപ്പിലെ കത്താവിനു കൊച്ചിയിലെ ലന്തകമ്പനി അധിപൻ എഴുതിയ എഴുത്തു.

മലയാളത്തിനും തുളുനാടിനും ബൈനാടുകൾക്കും കത്തനായിരിക്കു

ന്ന എ. ബ. മെഷ്യമാൻ മൊജമാൻ മറക്ക് ദോർ എഴുത്തു.

കൊടുങ്ങല്ലൂരിയിലെ മൂപ്പിലെ കത്തനാവു കൂറിപ്പിലെത്തെങ്ങേ അവസ്ഥ എന്നാൽ മലനാട്ടിലുള്ള പള്ളികളിലും നസ്രാണി മാപ്പിള മാക്കും എജമാനനായിട്ട വാഴുവാൻ തക്കവണ്ണം ഗോവയിൽ നിന്ന ഒരു മെത്രാൻ അമ്പഴക്കാട്ട വന്നിരിക്കുന്നു സൂക്ഷമായിട്ട കേൾക്കയും ചെയ്തു. അതു നമ്മടെ എ. ബ. എജമാനന്മാരുടെ കല്പനയും അറിവിപ്പും മറുത്തിട്ടുള്ള ഒരു അവസ്ഥയാകുന്നു. വരാപ്പുഴെ കമ്മലീത്ത മെത്രാനന്യേ മറെറാരു മെത്രാൻ മലനാട്ടിൽ നമുക്കു സമ്മതിപ്പു കൊടുക്കാൻ പാടില്ല വരാപ്പുഴെ മെത്രാൻ ഇവിടെ കല്പന നടത്തുവാൻ തക്കവണ്ണം നമ്മുടെ എജമാനന്മാര കല്പിച്ചിട്ടുള്ളു. പാങ്കിജാതി മെത്രാന്മാരെ ആരെയും ഇവിടെ ആരുതെന്നുള്ളതു മലനാട്ടിൽ പല രാജാക്കന്മാരായിട്ടും പറഞ്ഞുവച്ച് വെസ്സവരുത്തി കേൾക്കചെയ്തിരിക്കുന്നതു അതുതന്നെയുമല്ല അമ്പഴക്കാട്ട പൌലീസ്സു പാട്രിമാരുടെ വകയിൽ മെത്രാനായിട്ട.....

മേൽപ്രകാരമുള്ള എഴുത്തുകൾ കൊച്ചിരാജാവിന്നും അങ്ങാടി രാജാവിന്നും മറവും കാമ്മലീത്ത പാട്രിമാർ എഴുതിച്ച് കൊടുങ്ങല്ലൂർ ശ്രുപതയിലെ മെത്രാപ്പോലീത്തായെ കൈക്കൊള്ളാതിരിക്കുന്നതിന്ന ബലമായ ശ്രമം ചെയ്തു നടന്നു. ഇക്കാലങ്ങൾക്കിടയിൽ തോമാനസ്രാണികൾക്ക കാമ്മലീത്ത പാട്രിമാരോടു വിരോധം ആരംഭിച്ചിരുന്നു. തോമാനസ്രാണികൾക്കായി ബാബേലിൽ നിന്നുവന്ന മാർ ശെമഓൻ മെത്രാപ്പോലീത്തായെ അങ്ങാടി പള്ളിയിൽനിന്നിളക്കി കൊണ്ടുപോയി പുതുശ്ശേരിയിൽ ബന്ധനത്തിലാക്കിയ സംഗതി തോമാനസ്രാണികൾ അറിഞ്ഞതു രണ്ടാം വിരോധത്തിന്ന ഒരു കാരണമാണു. മെത്രാൻ തോമാമാപ്പിപ്പായുടെ സമ്മതത്തോടും എന്നു മാത്രമല്ല റോമയിലും ഇസ്പാന്യയിലും പോർത്തുഗാലിലും വെന്നു പോവുന്നു ഗാളിൽ നിന്നും മതിയായ പണസഹായത്തോടുകൂടിയുമാണ് ഇവിടെ വന്നതു. സുറിയാനി മെത്രാൻവരവു തടസ്ഥം ചെയ്യുന്നതിന്ന കാമ്മലീത്ത പാട്രിമാർ മേൽപ്രകാരം പ്രവർത്തിച്ചു ഇങ്ങനെ കാമലീത്തപാട്രിമാരോടുള്ള വിരോധം ഏതാനും വർഷങ്ങൾ അധികരിച്ചിരുന്ന അക്കാലത്തു ആഭങ്ങാട്ടുകാരനായ കായ്യാട്ടിയെസേനപ്പനെന്നൊരു യുവാവിനെ കാമ്മലീത്തപാട്രിമാരിൽ ഒരുവൻ റോമയിൽ പ്രൊപ്പഗാന്ത കോളേജിൽ പഠിപ്പിക്കുന്നതിന്ന കൊണ്ടുപോയിരുന്നു. അദ്ദേഹം തത്വം, വേദാന്തം, മുതലായവകളിൽ ശാസ്ത്രീയപട്ടം ഏറവും മഹിയാളത്തിലേക്ക തിരിച്ചു വന്നു. കാമ്മലീത്ത പാട്രിമാർ പാർത്തിരുന്ന അങ്ങാടിയിൽ സിമിനാരി സ്ഥാപിച്ച് ശമ്മാശന്മാരെ പഠിപ്പിച്ചിരുന്നു. പിന്നീട ശ്രുഃ: സിംഹാസനത്തിന്റെ കല്പനയോടുകൂടി വരാപ്പുഴെ സിമിന

ി സ്ഥാപിച്ചു പരിപ്പിച്ചിരുന്നു. ഇങ്ങനെ ഇരിക്കയിൽ വരാപ്പുഴെ
യിലെ പ്ലോരൻസ് മെത്രാനച്ചന്റെ കാലത്തിൽ സുറിയാനിക്കാ
ക്ക വലുതായ ഒരു സങ്കടം നേരിട്ടു. എന്തെന്നാൽ വരാപ്പുഴെ പള്ളി
യിൽ ശ്ലൂഹ: കുർബാനയുടെ ഒരു ആരാധന ഏർപ്പെടുത്തി ആരാധന
തുടങ്ങി സന്ധ്യയായ സമയം വിചാരക്കാവാൽ പള്ളിവരുതിൽ പൂട്ടാ
തെ ഇരുന്നതുനിമിത്തം ശ്ലൂഹ: കർബാന എഴുന്നെള്ളിച്ചിരുന്ന
സ്വർണ്ണം കൊണ്ടുള്ള പ്രഭാവലി (ഒസ്യൻസോറി)
കള്ളന്മാർ കട്ടുകൊണ്ടുപോയി. നേരം വെളുത്തപ്പോൾ പ്രഭാവലി
മോഷണം പോയവിവരം വരാപ്പുഴെ പാദ്രിമാര അറിഞ്ഞു അന്വേ
ഷിക്കയും അന്ന എടപ്പുള്ളിയിൽ വികാരിയായിരുന്ന ചമ്പക്കുളത്തു
കല്ലുക്കാട്ട് പള്ളിഇടവകക്കാരൻ ബ: ഇത്താക്കച്ചനെ സംശയിക്കയും
അവരെത്തെ വിളിച്ചു ചോദ്യം ചെയ്കയും ചെയ്തു. അദ്ദേഹത്തിന്റെ
മേലുണ്ടായ അബദ്ധഉദ്ദേശം തെളിയായ്കയാൽ അദ്ദേഹത്തെ വിട്ട
യും വീണ്ടും രണ്ടാമതും വിളിച്ചു ചോദിക്കയും അപ്പഴും തെളിയായ്കയാ
ൽ വിടുകയും ചെയ്തു. എങ്കിലും ആ സമയത്തു വരാപ്പുഴെ ഉണ്ടായിരു
ന്ന അർമാന്യയിൽ ബാബ്ബാരിയാദേശക്കാരനായ പ്രഞ്ചിസ്കുസാലേസ
എന്ന പാദ്രിവൃത്യേകാൽ ഇത്താക്കച്ചന്റെ നേരെയുള്ള സംശയം അ
ധികമായി ധരിച്ചുകൊണ്ടു എടപ്പുള്ളിരാജാവിന്റെ പക്കൽ അറ്റ്യായി
ച്ചിരുന്ന ഇത്താക്കച്ചനെ ബലമായി പിടിച്ചുകൊണ്ടുവന്നു. ദേഹദണ്ഡം
ചെയ്യണമെന്നു കരുതി വരാപ്പുഴെ മാർഗ്ഗം കൂടിയിരുന്ന ജനങ്ങളെ ഭ
ടന്മാരായും എർണാകുളത്തുകാരൻ കണക്കച്ചേരി മത്തായിപാദ്രിഅച്ച
നേയും വടതലെ വാഴവേലി അവുരാപാദ്രിഅച്ചനേയും കൂട്ടായും ശേ
ഖരിച്ചു എടപ്പുള്ളിരാജാവിന്റെ സ്ഥലം വളഞ്ഞു. ബ. ഇത്താക്കച്ച
നെ ബലമായി പിടിച്ചുകൊണ്ടുപോകയും വരാപ്പുഴെ കൊണ്ടുചെന്നു
മറിയിലിട്ടു പൂട്ടുകയും ദേഹദണ്ഡം ചെയ്തു മേനിക്ഷയം വരുത്തുകയും
തന്മൂലം അവിടെ കിടന്നു അദ്ദേഹം മരിക്കാറായ സമയം കുമ്പസാ
രം കുർബാന, ഒപ്പീശ്ശമാ മുതലായ അപേക്ഷിച്ചിട്ടും കൊടുക്കാതെ
അദ്ദേഹം മരിക്കയും ചെയ്തു. അദ്ദേഹത്തിന്റെ പ്രേതം ഒരു പായി
ൽകെട്ടി കുളത്തിന്റെ മട്ടുക്കൽ കുഴിച്ചിടുകയും അദ്ദേഹത്തെ സഹായി
ച്ചിരുന്ന എടപ്പുള്ളി ക്രുസ്ത്യാനികളുടെ പള്ളി പൂട്ടി മുടക്കം ചെയ്യു
യുംചെയ്തു. പ്രാംസീസ്കുസലേസ് എന്ന പാദ്രിയെ തന്റെ ജീവിതന
ടപടിദോശത്താൽ തന്റെ സഹോദരന്മാരായ കാൽദീത്ത പാദ്രിമാര
യുറോപ്പിലേക്കു കപ്പൽകേറ്റി അയക്കയും ചെയ്തു. ഇങ്ങനെയിരിക്ക
യിൽ പെത്രാരൻസ മെത്രാൻ ഫ്രഞ്ചെ—ൽ കാലംചെയ്തപ്പോൾ തോ
മാനസ്രാണികൾ മുൻ പതിവിൻപ്രകാരം ടി മെത്രാനെ ശവസംസ്കാ
രം ചെയ്യുന്നതിനു വരാപ്പുഴെ ക്രൂടി. എന്നാൽ തോമാനസ്രാണികൾ
കൊടുങ്ങല്ലൂർ ദ്രുപതയുടെ മെത്രാപ്പോലീത്തായേയോട്ട അധികപക്ഷമാ
യി ചേർന്നുവന്നിരുന്നതു നിമിത്തം പ്ലോരൻസ് മെത്രാന്റെ ശവസം

സ്സാരത്തിൽ സംബന്ധിക്കുന്നതിനു തോമാനസ്രാണികളെ അനുവദിക്കാതെ അവർക്ക് അതിനു അർഹതയില്ലന്നു പറഞ്ഞു വരാപ്പുഴ കമ്മലീത്ത സന്ന്യാസികരം അവരെ തള്ളികളഞ്ഞു. അതുകൊണ്ടു തോമാനസ്രാണികരം വളരെശപിച്ചു, അങ്കമാലിയിൽ യോഗം കൂടി, വരാപ്പുഴയിലെ പാദ്രിമാർ തങ്ങളോടുചെയ്ത അതിക്രമത്തിനു നിവൃത്തിയുണ്ടാക്കുന്നതിനു ആലോചിച്ചു. ഒരം ആലോചനയിൽ മലങ്കരെ തോമാനസ്രാണികളുടെ മിക്ക പള്ളിയോഗവും വട്ടക്കാരും സംബന്ധിച്ചിരുന്നു. മൻ നടന്ന നടപടികളെ പറഠി റോമാ സിംഹാസനത്തിങ്കൽ നസ്രാണികരം ബോധിപ്പിച്ചിട്ടുണ്ടായിരുന്നു. അങ്കമാലിയോഗത്തിന്റെ സംഗതി വരാപ്പുഴെ കമ്മലിത്ത പാദ്രിമാർ കേട്ടപ്പോരം വരാപ്പുഴെനിന്നും മൂന്നു പാദ്രിമാർ അങ്കമാലിയിൽ എത്തി. അവരിൽ ഒരുവൻ റോമപുരിയിൽ നിന്നും മലങ്കരെ എടവകയ്ക്കും കൊച്ചി എടവകയ്ക്കും മേലാളായി നിയമിക്കപ്പെട്ടിരുന്ന ലെയൊൻസ്യൊസ യുസ്തിനിയാനി എന്ന കമ്മലീത്ത പാദ്രിയയിരുന്ന അദ്ദേഹം തോമാനസ്രാണികളുടെ ആവലാധികരംക്ക സമാധാനംച ചയ്ത് എഴുതിവച്ച തീർമ്മാനമാവിതു:—

"നാം കമ്മലീത്ത ലെയൊൻസ്യൊസ യുസ്തിനിയാനി, ശ്ലൂഹ: മാപ്പാപ്പായുടെ കല്പനയാലെ മലങ്കരെ എടവകയ്ക്കും കൊച്ചി എടവകയ്ക്കും മേലാളായിട്ടും കമ്മലീത്ത ദർശനത്തിൽ ജനാരാം മൂപ്പനായിട്ടും നടക്കുന്നതിനേകൊണ്ടു അങ്കമാലിയിൽ വച്ച് വെ പള്ളീക്കാരും യോഗമായിട്ടു കൂടി നമ്മുടെ മുൻപാകെ ബോധിപ്പിച്ച ആവലാധികരം തീർത്ത കല്പിച്ചസാധനം———

മെത്രാന്മാർ കാലംചെയ്താൽ കീഴ്മര്യാദപോലെ സുറിയാനിക്കാരുതന്നെ കവിറടക്കം ചെയ്തകൊർകയെ വേണ്ടുയെന്നും —പെരുന്നാളുകളിൽ പാദ്രിശ്രേഷ്ഠന്മാർ അരുളിക്ക എടുത്തതു കീഴ്മര്യാദപോലെ നിങ്ങരംതന്നെ അരുളിക്ക എടുത്തുകൊള്ളുകയെ വേണ്ടുയെന്നും,— പട്ടക്കാരെ തല്ലുകയും തല്ലിപ്പിക്കയും വിലങ്ങിടുകയും അതിൽനിന്നു ആത്മത്തിനടുത്ത ക്രീയക്രടാതെ ബഹുമാനമില്ലാത്ത ഇടത്തു അടക്കുന്നതു ശ്ലൂഹ: കത്തോലിക്ക പള്ളിയുടെ കല്പനപോലെ കുറഞ്ഞിന്റെ പ്രകാരം പോലെ മേല്പട്ടക്കാരെന്നകിലും മേൽപട്ടക്കാരന്റെ കല്പനയാലെയെങ്കിലും മറിയിൽ പൂട്ടുന്നതല്ലാതെ തല്ലുകയും തല്ലിപ്പിക്കയും വിലങ്ങിടുകയും അരുതു,—വിശേഷിച്ചും ഉണ്ടായ ദോഷത്തിന്റെ വലിപ്പംകൊണ്ടു ലോകരെ പറിപ്പിപ്പാനായി അങ്ങനെ ചെയ്വാൻ സംഗതിവന്നു. എഴുന്നുറ്റി പരിഷയ്ക്കു പട്ടംകൊടുത്തു സുറിയാനി മര്യാദപോലെ ഇനിമേലിൽ നടത്തുകയില്ലെന്നും. നിങ്ങളുടെ മേൽവാണിരിക്കുന്ന മെത്രാന്മാരെ ഒരുത്തന്റെ പട്ടം അഴിച്ചാൽ

വീണ്ടു കൊടുക്കയില്ലെന്നും, പട്ടക്കാർക്കും അവർമേനികൾക്കും ഉണ്ടാകുന്ന കായ്ഭങ്ങൾക്കു നേരും പരമാർത്ഥവും ബോധിയാതെ കണ്ടു ശിക്ഷിക്കയും മഹരോൻ ചൊല്ലുകയും ഇല്ലെന്നും, ഇതിന്മണ്ണമല്ലാതെ മേലിൽ ഒചയ്യയില്ലെന്നും നാം കല്പിച്ചിരിക്കുന്നു.

ഇതു മിശിഹാ പിറന്നിട്ടു ൧൯൫-ാം കാലം കന്നിമാസം പത്തൻകണക്കിൽ ൨—ാന്നു-

അങ്കമാലിയിൽ വലിയപള്ളിക്കൽവച്ചു എഴുതിയ ൦രം സാധനത്തിന്മേൽ നമ്മുടെ കയ്യൊപ്പും മുദ്രയും വയ്ക്കയും ചെയ്തു."

പെരുന്നാളിൽ പാദ്രിമാർ അരുളിക്ക എടുക്കരുതെന്നു പാഞ്ഞ സംഗതി പള്ളികളിൽ പെരുന്നാൾകാലം ഉണ്ടാകുമ്പോൾ കമ്മലത്ത പാദ്രിമാർ അവിടെ ചെന്നു അവർ മേലധികാരികൾ എന്നുള്ള നിലയിൽ വികാരിമാരുടെ അധികാരത്തോടുകൂടി കവൻ പ്രദക്ഷിണങ്ങളിൽ അരുളിക്ക എടുത്തു പ്രദക്ഷിണം കഴിക്കയും എല്ലാ സംഗതികളിലും പ്രധാനികളായി കായ്ഭങ്ങൾ നടത്തുകയും ചെയ്യുന്നതാണു.

"എഴുന്നറിപരിഷയ്ക്കു പട്ടംകൊടുത്തതും സുറിയാനി കത്തനാരന്മാരെപ്പോലെ നടത്തിയതും" എന്നുപറയുന്ന സംഗതി മലയാളത്തിൽ ഹീന ജാതികളായ ൦രംഴവർ, പറയർ, പുലയർ, മുതലായവരെ വരാപ്പുഴെ പാദ്രിമാർ മാർഗ്ഗം കൂട്ടി പട്ടം കൊടുത്തു സുറിയാനി പട്ടക്കാരുടെ ഉടഭാവനയിൽ നടത്തിയതാണു.

മെത്രാന്മാര ഒരുത്തന്റെ പട്ടം അഴിച്ചാൽ മറൊരു മേത്രാൻപട്ടം കൊടുക്കുന്നതു ന്യായത്തിനു വിരോധമായിരിക്കുന്നു. ഇതിനു വിരോധമായിട്ടു കൊരട്ടിപള്ളി ഇടവക കീഴേടത്തു ഉതുപ്പു മാത്തുവിന്റെ മകൻ വക്കീലയന്നായുവാവിനു കൊട്ടങ്ങല്പുര ശ്രുതയുടെ മെത്രാപ്പോലീത്തയായ സൽവദോര ദെ റയിസ് എന്ന ദേഹം പട്ടം കൊടുക്കയും, ആ ശമ്മാശ്ശൻ തന്റെ അന്തസ്സുപോലെ നടക്കായ്കകൊണ്ടു ആ ശമ്മാശ്ശന്റെ പട്ടസ്ഥാനത്തെ നീക്കി കൂപ്പായം മാറിനടക്കുന്നതിനു കല്പിച്ചു നടക്കയും കീഴേടത്തു ഉതുപ്പു മാത്തു ഒരു പ്രബലനായിരുന്നതുകൊണ്ടു പാലിയത്തച്ചനെയും തിരുവിതാംകൂർ രാജാവിന്റെ ദൂവായേയും കണ്ടു കൊരട്ടിപള്ളിക്കും പട്ടക്കാർക്കും വലിയ ഞെരുക്കവും പള്ളിമുടക്കവും വരുത്തിക്കയും ചെയ്തു. എങ്കിലും പള്ളിക്കാരും പട്ടക്കാരും മെത്രാപ്പോലീത്തായെ അവയൊന്നും അനുസരിക്കാതിരുന്നു. ശമ്മാശൻ കൂപ്പായം ഊരി നാലുവർഷത്തോളം നിന്നതി

ന്റെ ശേഷം ഉടുപ്പുമാത്തു വരാപ്പുഴെ വികാരിഅപ്പൊസ്തോലിക്കായുടെ പക്കൽ ചെന്നു അപേക്ഷിച്ചു് മകനു പട്ടവും കൊടുപ്പിച്ചു. പള്ളിക്കാരും വക്കീകത്തനാരെ പള്ളിയിൽ കൈക്കൊള്ളായ്കകൊണ്ടു കൊച്ചി രാജാവിന്റെപക്കൽ ചെന്നു സഹായം അപേക്ഷിച്ചു. അന്നു സമയം കൊട്ടക്കല്ലൂർ മെത്രാപ്പോലീത്ത തന്റെ കീഴുള്ള പള്ളികളിൽഒന്നും കൈക്കൊണ്ടു ക്രൂശെന്നു കല്പിച്ചിരുന്നതുകൊണ്ടു വക്കീകത്തനാരു പരുങ്ങി. എന്നാൽ കൊച്ചി രാജാവിനോടു അപേക്ഷിച്ച പ്രകാരം കൊരട്ടിപള്ളിയിൽ വക്കീകത്തനാരെ ചേർത്തുനടത്തുന്നതിന്നു കല്പനയുണ്ടാകയും ചെയ്തു. അതിന്റെശേഷം കൊട്ടക്കല്ലൂർ വികാരി ജനറാളായ മത്യാസ് സ്പ്ലിംമൂസൻപാദ്രി കൊച്ചി രാജാവിനോടു തിരുമനസ്സറിയിച്ചു വക്കീകത്തനാരെ കൊരട്ടി മുതലായ തന്റെ കീഴുള്ള പള്ളികളിൽ കൈക്കൊള്ളുന്നുയെന്നു നീട്ടംവാങ്ങി അപ്രകാരം കായ്യം നടത്തി.

"പട്ടക്കാർക്കും ജനങ്ങൾക്കും ഉണ്ടാകുന്ന കായ്യങ്ങളും നേരും പരമാർത്ഥവും ബോധിയാതെ കണ്ടു ശിക്ഷിക്കയും മഹറോൻ ചൊല്ലുകയും ഇല്ല" ഇതിന്റെ താല്പര്യമെന്തെന്നാൽ പട്ടക്കാരെയും ജനങ്ങളെയും സംബന്ധിച്ചുള്ള ആവലാധികളിൽ വേണ്ടുന്ന തിരക്കും സാക്ഷിവിസ്താരവും ക്രൂശാതെ തോന്നിവാസമായി തങ്ങളുടെ യഥേഷ്ടം ശിക്ഷിക്കയും മഹറോൻ ചൊല്ലുകയും ചെയ്തുവന്നതിനെ മേലായ് ചെയ്കയില്ലെന്നാണു. ഉറപ്പു തീർപ്പാനം കൊണ്ടു അതെകാലത്തു വരാപ്പുഴെ മെത്രാനും കമ്മലീത്ത പാദ്രിമാരും പള്ളി ഭരിച്ചിരുന്ന സ്ഥിതിമതിയാകുംവണ്ണം ഗ്രഹിക്കാവുന്നതാണു. ഇതിന്റെ ശേഷം ക്രൈസ്തവനിടയ്ക്കു പ്രഞ്ചിസ്കൂസാലേസ എന്ന ദേഹം പ്രാൻസിലെ പാരീസു പട്ടണത്തിൽവച്ചു മെത്രാൻപട്ടവാഴ്ചയേറു് തുലാമാസം ക്രമപ്രകാരം വരാപ്പുഴെ വന്നുചേർന്നു. ഇദ്ദേഹം അക്കാലത്തു പോർത്തുഗാൽ രാജ്യത്തു ബവ്വായ് ദേശത്തുകാരനായിരുന്നു. ഇദ്ദേഹം മുമ്പിവിടെ മിശ്യനാരിയായിരുന്ന ആളും അദ്ദേഹത്തിന്റെ ഉദ്യോഗം നിമിത്തം ഇത്താല്യക്കാരായിരുന്ന പാദ്രിമാരുടെ ആവലാധിയിന്മേൽ മലയാളത്തിൽ നിന്നു തള്ളപ്പെട്ട ആളുമായിരുന്നു. അദ്ദേഹം റോമാപുരിയിൽ തനിക്കുണ്ടായിരുന്ന സ്വാധീനംനിമിത്തം മെത്രാൻവാഴ്ചയേറു വീണ്ടും വന്നുചേർന്നു. അദ്ദേഹം മടങ്ങിവന്നതുകൊണ്ടു വരാപ്പുഴെ ഉണ്ടായിരുന്ന ഇത്താല്യൻ കമ്മലീത്ത പാദ്രിമാക്ക് എത്രത്തോളം വൈരാഗ്യംജനിച്ചു എന്നുള്ളതു അദ്ദേഹം വന്ന ഉടനെതന്നെ വരാപ്പുഴെ കമ്മലീത്ത പാദ്രിമാരെല്ലാവരും അദ്ദേഹത്തെ വിരോധിച്ചു ഞെരുക്കി വന്നിരുന്നതുകൊണ്ടു വായനക്കാർക്ക് അറിയാവുന്നതാണു.

അ ഞെരുക്കം സഹിപ്പാൻ പാടില്ലാതെയായി ആലങ്ങാട്ടുസെ

മിനാരിയിൽ പഠിപ്പിച്ചിരുന്ന കരിയാട്ടി യൌസേപ്പുമല്പാനച്ചനെ തന്റെ പക്കൽ വിളിപ്പിച്ച് തന്നെ വരാപ്പുഴെ കമ്മലീത്ത പാദ്രിമാരുടെ ഞെരുക്കത്തിൽനിന്നു രക്ഷിച്ചു അതലങ്ങാട്ടുകൊണ്ടുപോയി താമസിപ്പിക്കണമെന്നു അപേക്ഷിച്ചു. അപേക്ഷപ്രകാരം കരിയാട്ടിയൌസേപ്പുമല്പാനച്ചൻ മാത്തു തരകനെയും അങ്കമാലി മുതലായ പല പള്ളിക്കാരെയും കൂട്ടി മഹാ ഘോഷത്തോടുകൂടി പ്രഞ്ചീസ്കൊ സാലേസ് മെത്രാനെ അതലങ്ങാട്ടുപള്ളിയിൽ കൊണ്ടുപോയി താമസിപ്പിക്കയും ചെയ്തു. ഇതുകണ്ടു വരാപ്പുഴെ കമ്മലീത്ത പാദ്രിമാർ മെത്രാനെ ഘോഷത്തോടെ കൊണ്ടുപോയതു രാജനിയമത്തിനു വിരോധമാകുന്നുവെന്നുള്ള സൂചകം തിരുവിതാംകൂറിലും അതലങ്ങാട്ടും ഉള്ള രാജാധികാരികളെ ബോധിപ്പിക്കയും ആ സൂചകപ്രകാരം തിരുവിതാങ്കൂർ ഒളവാ, മാത്തുതരകൻ മുതലായ സുറിയാനി നസ്രാണികളോടു രാജസമ്മതം കൂടാതെ മെത്രാനെ ഘോഷമായിട്ടു കൊണ്ടുപോയതെന്തുകൊണ്ടാണെന്നു ചോദിക്കയും അതിനു തോമാനസ്രാണികൾക്കു പൂർവീകമായുണ്ടായിരുന്ന നടപടിപ്രകാരം ചെയ്തിട്ടുള്ളതാണെന്നു മറുപടിബോധിപ്പിച്ചു സമാധാനപ്പെടുത്തുകയും ചെയ്തു. കമ്മലീത്ത പാദ്രിമാർ അങ്കമാലിയിൽ വച്ചു ലെയറൻസ്യൂസ യുസ്താനിയാനി എന്ന മേലധികാരി തീർത്തനിച്ച നടപടികൾക്കു വിരോധമായി സുറിയാനി പള്ളികളിൽ പ്രവേശിച്ച പ്രഥമസ്ഥാനം വഹിച്ചുകൊണ്ടു ഓരോരോ നടപടികൾ നടത്തുവാൻ തുടങ്ങി. കമ്മലീത്ത ക്ലെമെന്ത് പാദ്രി പഴയ പള്ളിയിൽ ഒരു പെരുന്നാൾ ആഘോഷത്തിന്നായിട്ടു ചെല്ലുകയും ആ വിവരം പ്രഞ്ചിസ്കൊ സാവേസ എന്ന മെത്രാനെ ബോധിപ്പിക്കയും അദ്ദേഹം ആ പാദ്രിയെ അവിടെ പ്രവേശിപ്പിച്ചു കുർബാനചൊല്ലിച്ചു കുടായെന്ന മുടക്കു എഴുതുകയും പള്ളിക്കാർ ആ കല്പനപ്രകാരം പാദ്രിയെ തടസ്ഥം ചെയ്തെങ്കിലും പാദ്രി പടിപ്പുരമാളികയിൽ കുർബാന ചൊല്ലിക്കൊണ്ടു പോകയും ചെയ്തു. ഒരു സമയത്തു യാക്കോവായ പുത്തൻകൂറുകാരുടെ നാട്ടുമെത്രാനായ പറമ്പിൽ തോമ്മായെന്നദ്ദേഹം ഫ്രൈ—ൽ പരദേശത്തിൽനിന്നും വന്ന യാക്കോവായക്കാരൻ മാർ ഗ്രീഗോരിയോസ മെത്രാനിൽനിന്നും മെത്രാൻ പട്ടം ഏറ്റിട്ടുണ്ടായിരുന്നു. അദ്ദേഹമാണു മലയാളത്തിലുണ്ടായ യാക്കോബായസഭയിൽ ഒന്നാമതായിട്ടു വാസ്തവമായി മെത്രാൻപട്ടം ഏറ്റയാൾ. * ഇദ്ദേഹത്തിനു മുമ്പുണ്ടായിരുന്ന അഞ്ചു തോമാമെത്രാന്മാരും ഫ്രഞ്ചുകാരുടെ കാര്യത്താൽ മാത്രം മെത്രാന്മാരായിരുന്നു. ഒരു അഞ്ചാമത്തെ മാർ തോമ മെലെഴത്തിയതുപോലെ നെരണത്തുപള്ളിയിൽ വച്ചു വാസ്തവമായി മെത്രാൻ പട്ടം ഏൽക്കുകയും മെത്രാൻ പട്ടാഭിഷേകത്തിൽ വച്ചു മാർ ദ്യോനീസിയോസ എന്നു പേർ സ്വീകരിക്കയും ചെ

* ആദ്യത്തെ മാർ തോമ്മായും അന്നു അന്ത്യോക്യായിൽ നിന്നു മലയാളത്തു വന്ന ഒരു യാക്കോബായ മെത്രാനാൽ മെത്രാൻ പട്ടം ഏറ്റിട്ടുണ്ടായിരുന്നു

യ്ത്. ഒരം മാർദ്യോനീസ്യോസ മെത്രാൻ കത്തോലിക്ക റോമാസഭ യിൽ ചേരണമെന്ന കരിയാട്ടി യൌസേപ്പുമല്പാനച്ചനെ എഴുത്തയക്ക യും ടി. യാൻ വിവരങ്ങളും ഒക്കയും പ്രഞ്ചീസ്കൂസാലേസ എന്നാമെ ത്രാനെ ബോധിപ്പിച്ചപ്പോൾ കരിയാട്ടി യൌസേപ്പുമല്പാൻ മാർ ദ്യോനീസ്യോസ മെത്രാന്റെ പക്കൽ പോകുന്നതിനു അനുവദിച്ചു യെങ്കിലും മാർ ദ്യോനീസ്യോസ മെത്രാന്റെ പക്കൽ ചെല്ലുമ്പോൾ മെത്രാനടുത്തതായിക്കുന്ന ആചാരങ്ങളും ചെയ്യരുതെന്നും മെത്രാനായി സ്വീകരിക്കരുതെന്നും പറഞ്ഞയച്ചു. കരിയാട്ടി യൌസേപ്പുമല്പാന പ്പാൻ നിരണത്തുപോയി മാർദ്യോനീസ്യോസ മെത്രാനെ കണ്ടപ്പോ ൾ അദ്ദേഹം പൂർണ്ണമായി റോമൻ കത്തോലിക്ക സഭയിൽ ചേരുന്ന തിനു മനസ്സായിരിക്കുന്നുയെന്നും അതിനുവേണ്ടുന്ന സഹായങ്ങൾ ഒ ക്കെ ചെയ്യണമെന്നും മല്പാനോടു അപേക്ഷിക്കയും കരിയാട്ടി യൌ സേപ്പുമല്പാൻ അതിനു വേണ്ടുന്ന പ്രയത്നങ്ങൾ ചെയ്യാമെന്നും ആവശ്യം വന്നാൽ തന്റെ ആയുസ്സിനെ യൊഗ്യത്തിൽ വച്ചുകൊണ്ടു എങ്കിലും റോമയിൽ പോകേണ്ടിവന്നാൽ അപ്രകാരം ചെയ്തു സാധിക്കുന്നതിനു പ്രയത്നിക്കാമെന്നും പറഞ്ഞു പിന്തിരികയും ചെയ്തു. കരിയാട്ടി യൌസേ പ്പുമല്പാൻ ഉണ്ടായ വിവരങ്ങൾ ഒക്കെയും പ്രഞ്ചിസ്കൂസാലേസ മെ ത്രാൻ അർക്കളെ ബോധിപ്പിച്ചതിൽ അവയൊന്നും തനിക്കു രസി ക്കാതെ ദ്യോനീസ്യോസ മെത്രാപ്പോലീത്ത വഴങ്ങുന്നസ്ഥിതിയിൽ അ ദ്ദേഹത്തെ റോമയ്ക്കു അയയ്ക്കുമെന്നു മറുപടി പറകയും ചെയ്തു. ഇ ങ്ങനെ കുറേനാൾ ചെന്നപ്പോൾ വരാപ്പുഴയുള്ള കമ്മലീത്ത പാ ദ്രിമാരുടെ അപേക്ഷപ്രകാരം പ്രഞ്ചിസ്കൂസാലേസ മെത്രാൻ ആല ങ്ങാട്ടുനിന്നു വരാപ്പുഴെയ്ക്കു പിന്തിരിയുന്നതിനു മനസ്സായി. തിരുവി താംകൂർ ഭരണാധികാരിയുടെ പക്കൽ സന്തോഷമായി വരാപ്പുഴെക്കു പിന്തിരി യുന്നതിനു അനുവാദം ചോദിക്കയും അതിനു, മേലാൽ മെത്രാനൊരു സന്തോഷമായി കൊണ്ടുപോകുന്നതിനു അടിയറയായും മുമ്പ് അനുവാ ദം കൂടാതെ അസന്തോഷമായി കൊണ്ടുപോയതിനു പിഴയായും ൧൫൦൦ രൂപാ (വ്യ—ൽ ചില്ലാനം)-ക്കു. അങ്കമാലി മുതലായ തോമാന സ്രാണികളെകൊണ്ടു കെട്ടിക്കയും ചെയ്തു. പ്രഞ്ചിസ്കൂസാലേസ മെ ത്രാൻ ൧൭൯—ാം കാലം വരാപ്പുഴെ വന്നപ്പോൾ കമ്മലീത്ത പാദ്രി മാർക്കു അദ്ദേഹത്തോടു വിരോധമായിരുന്നതുകൊണ്ടു അദ്ദേഹം വന്ന തിന്റെ ശേഷമുള്ള വ്യാപാരദോഷം കാണിച്ചുകൊണ്ടു അദ്ദേഹത്തെ നാടുകടത്താനായി റോമാ സിംഹാസനത്തിങ്കൽ ഹർജികൾ ബോ ധിപ്പിക്കയും, അതുകൊണ്ടു മതിയാകാതെ ഇതാല്യയിൽ മിലാൻപ ട്ടണക്കാരനായ യോഹന്നാൻമറിയം എന്ന കമ്മലീത്താപാദ്രി റോമ യ്ക്കു പോകയും ചെയ്തിരുന്നു. അദ്ദേഹം പോയപ്പോൾ ഞാറെയ്ക്കൽ പാപ്പി എടവക മാളിയെക്കൽ ശങ്കരിക്കൽ കുഞ്ഞവക്കി വർഗ്ഗീസ് എന്ന യുവാവിനെയും പുത്തനങ്ങാടി കുഞ്ഞുതൊപ്പ് പൌലോസ് എ

ന്ന യുവാവിനേയും പ്രോപഗാന്ത് കൊളേജിൽ പഠിപ്പിക്കുന്നതിനായിട്ട കൊണ്ടുപോയി ആക്കുകയും ചെയ്തു. യോഹന്നാൻമറിയം എന്ന മിഷ്യനറി റോമയിൽ ചെന്ന ഗ്വാഡിസ്സ സാലേസ് മെത്രാനെപറ്റി വളരെ ആവലാധികം ബോധിപ്പിക്കയും ആ ആവലാധികം അവിടെ സ്വീകരിച്ച് പ്രംസിസ്സ സാലേസ്മെത്രാനെ ഉടനെ ഇവിടെനിന്നും വിളിപ്പിക്കയും അപ്രകാരം അദ്ദേഹം ഇവിടെനിന്നു പോകയും സീരിയായിൽ കാർമ്മൽ മലയിൽ ഉള്ള കൊവന്തയിൽ ചെന്ന പാർക്കയും അവിടെ ക്രിസ്തു—ൽ കാലംചെയ്കയും ചെയ്തു.

കരിയാറി യൌസേപ്പുമല്പാനച്ചൻ മാർ തോമാദ്യോനീസ്യോസ് എന്ന യാക്കോബായ മെത്രാനെ കത്തോലിക്കാ തിരുസ്സഭയിൽ കൈക്കൊള്ളുന്നതിനും കത്തോലിക്കരായ തോമാനസ്രാണികൾക്കു തന്നെത്തന്നെ ഉണ്ടാകുന്നതിനും വേണ്ട ഹർജികളോടുകൂടിയും ക്രിസ്തു ഓടുകൂടി പാറയാംമാക്കൽ തോമാ കത്തനാരച്ചനെക്കൂട്ടി യൂറോപ്പിന്നു യാത്രചെയ്കയും ആറ്റ്യം പോന്തുഗാളിൽ ചെന്ന അവിടത്തെ രാജാവുമായി വേണ്ട കാര്യങ്ങൾ ആലോചിക്കയും അവിടെ നിന്നു റോമയ്ക്കു പോകയും അന്നു തിരുസ്സഭയെ ഭരിച്ചിരുന്ന ന്യ-ാം പീയുസ് മാപ്പാപ്പായെയും പ്രോപഗാന്തായുടെ പ്രീഫെക്ത കർദ്ദിനാളിനേയും മറ്റും കാണുകയും തങ്ങളുടെ ആവലാധികം ബോധിപ്പിക്കയും ചെയ്തു. അവരോടുകൂടെ കൊണ്ടുപോയിരുന്ന തെക്കൻ പള്ളിപ്പുറത്തപ്പ ഖസാര എന്ന് സാധാരണ പറഞ്ഞുവരുന്ന കുടുംബത്തിൽ നിന്നു മാത്തു എന്നപേരായ ഒരു യുവാവിനെയും നീണ്ടൂർ പൂവത്തിൽ ഇട്ടിക്കുരുവിള തരകന്റെ സംബന്ധിയായ കൈപ്പുഴ മലയിൽ യാക്കോയെന്ന യുവാവിനെയും പ്രൊപ്പഗാന്ത് കൊളേജിൽ പഠിപ്പിപ്പാൻ ആക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ടി. യുവാക്കൾക്കു രാജ്യം പിടിക്കാതെയോ എന്തൊ കുറെ കഴിഞ്ഞപ്പോൾ അവർ റോമയിൽ വച്ചുതന്നെ മരിച്ചുപോകയുംചെയ്തു.

കരിയാറി മല്പാനച്ചൻ റൊമയിൽ ചെന്ന ന്യ-ാം പീയുസ് മാപ്പാപ്പായുടെ സന്നിധിയിൽ എഴുതി ഹാജരാക്കിയ അപേക്ഷകളിൽ ഒന്ന് താഴെചേർക്കുന്നു. ഇതു മൂലപ്രതിയായ ഇത്താല്യാഭാഷയിൽനിന്ന് തർജ്ജിമചെയ്തു തന്റെ കൂട്ടുകാരൻ പാറെമാക്കൽ തോമാച്ചൻ തന്റെ കൈപ്പടയിൽ എഴുതിയ അവരുടെ യാത്രപുസ്തകം (മൂലപ്രതി) പേജ് ൭-ന്യ- എന്ന പുറങ്ങളിൽ നിന്നു പകർത്തിട്ടുള്ളതാകുന്നു. അന്നത്തെ അവരുടെ മലയാളഭാഷാരീതിയെ, നമ്മുടെ വായനക്കാരുടെ അറിവിലേക്കായി, അപ്രകാരം തന്നെ ഇവിടെ ചേർക്കുന്നു:—

"ഭാഗ്യപ്പെട്ടബാവായെ! കിഴക്കെ ഹെന്തോവിൽ ഉൾപ്പെട്ട മലയാളത്തിലുള്ള ലോകർ മുമ്പിൽ പട്ടാങ്ങയായ മാർഗ്ഗത്തിൽ നല്ലവണ്ണം സ്ഥാപിക്കപ്പെട്ടിരിന്നാറെ അതിൽ ഒരു പങ്ക് കഴിഞ്ഞ യുഗത്തിന്റെ മദ്ധ്യേ നിരാസിക്കപ്പെട്ട പിണക്കങ്ങളുടെ ഹേതുവാൽ പകുപ്പിൽ അകപ്പെട്ടതുമൊഴികെ. ഒട്ടുക്കും കൂടെനായ ഒരു പരുപാലനെ തങ്ങൾക്കു കല്പിച്ചുകൊണ്ടു എല്ലാപ്രകാരത്താലും അരുണിക്കപ്പെട്ടതിനാപക്കം എതുയും ഭേദിപ്പാൻ തക്കവരം കിടപ്പു (അവസ്ഥ) വരം യിടത്തിലുള്ള മറ്റവ പങ്കിനു തന്നെയല്ല പിന്നെയോ പള്ളിക്കെയും തന്നെ അഗമാനമായ മനക്ലേശത്തിന്റെ എതുയും ഭേദിച്ചപ്പെട്ടു സാധനം അയിചമഞ്ഞതിന്റെ ശേഷം വരം ഭരിതപ്പെട്ട രാജ്യമാകുന്ന എന്റെ നാട്ടിൽ ശ്ലീഹായുടെത്ത മാർമ്മറിയിക്കുന്നവനായിട്ടപ്പൊഴുകാതഫീദെ എന്ന സമൂഹം എന്നെ അയച്ചവരെ ഇടത്തുട്ട കളും പിണക്കങ്ങളും ക്രൂരമെമിച്ചു കലശം വരം സാധനത്തിൽനിന്നു പാക്കപ്പെട്ടും അപ്പാപപ്പെട്ട തട്ടിപ്പിൽ അകപ്പെട്ട ജനങ്ങളിൽ നിന്നവന്ദനയും ആരാധനയും കൈക്കൊണ്ടുവരുന്ന ഭയങ്കരപ്പെട്ട മല്ലനെ തകർത്തിഹരംവരുത്തുവാനായിട്ട് പട്ടാങ്ങയുടെ സിംഹാസനം അതിന്മേൽ ഇരിക്കുന്ന ശ്ലീ: മലയിൽ നിന്നു അടർന്നവീണ് മേനിക്ഷയപ്പെട്ട ചെറിയകല്ലുപോലെ ഞാൻ ആയിവരികയും ചെയ്തു.

അപ്പഴെഴാ പാലോട്ടക്രൂടെ ഞാൻ കൂടിച്ചുവിശ്വാസത്താലും വന്നിപ്പാൻ തക്ക ഉർബാനോസിന്നടുത്ത വരംശാസ്ത്രസൽമത്തിൽ പതിനൊന്ന ആണ്ടേതു കാലം എന്നെപ്പടിപ്പിച്ച സ്വസ്തയുള്ള പഠിതവത്താലും ഞാൻ ശക്തിപെട്ടുംകൊണ്ടു എന്നെ എതുയും വിശ്വസിച്ച എന്റെ പറ്റിൽ ഏൽപ്പിച്ച സോപ്പിൽ വേല ചെയ്യാനും എന്റെ നാഥന്റെ രാജിതം വളർത്തുവാനും ശക്തി കൈക്കെയും കൊണ്ടു അതു പടത്തോളം ക്ലേശിച്ച തറവാട്ടുകൊണ്ടും അറിവുകൊണ്ടും പാരം ബഹുമാനപ്പെട്ട ചില ആളുകളെത്തന്നെയും പട്ടാങ്ങയായ വിശ്വാസത്തിനു തിരിപ്പിച്ചതുമെന്നു പിന്നെയും ഞാൻതന്നെ എന്റെ ശക്തിക്കു മീതെയുള്ള വലിയനാവാകുകയാൽ അയതിനാലും എന്റെ ഹൃദയത്തിന്റെ വലിയ തെളിവോട്ടക്രൂടെയും ബലക്ഷയപ്പെട്ടവരെക്കൊണ്ടു ചിലപ്പോൾ ബലം പെട്ടവരെ തുടക്കുവാൻ നല്ലവണ്ണം അറിഞ്ഞിരിക്കുന്ന സ്വത്തും വശമാകുന്ന ഉടയതമ്പുരാന്റെ വലത്തേതിൽ ശരണപ്പെട്ടുകൊണ്ടും പുറപ്പെട്ട എണ്ണമില്ലാത്ത ജനങ്ങളുടെ മതിപോരികയുള്ള പ്രധാനി അതുകൊണ്ടു മാർ തോമ്മാ എന്ന ചൊല്ലപ്പെട്ട യാക്കോബായക്കാരൻ മെത്രാപ്പോലീത്തായുമായിട്ടു ചെന്നകണ്ടു പറവാൻ വികാരിഅപ്പസ്തോലിക്കാ എന്നോടു കല്പിച്ചതിനെ വരം കാര്യം നല്ലമനസ്സോടുകൂടെ ഞാൻ കൈക്കൊണ്ടതിന്റെ ശേഷം അയതു ഒക്കെയും എതുയും ശുദ്ധമായിട്ടു ഞാൻ കഴിച്ചുകൂട്ടുകയും ചെയ്തു. അതെന്തെന്നാൽ വചനത്താലല്ല ഞങ്ങളം

തമ്മിൽ പല ഉഴവും പറകയും എഴുത്തോലെ ചില ഉത്തരങ്ങൾകൊടുക്കുകയും ചെയ്തതിന്റെ ശേഷം തമ്പുരാന്റെ നന്മ പരന്നുള്ളിൽ പ്രകാശിക്കുന്നതു കണ്ടതിനാലെ എതുയും ശ്രദ്ധിക്കപ്പെട്ട പരം ജയത്തിന്റെ പ്രസാദമായ അറിയിപ്പ് കാതോലിക്കായ്ക്കടുത്ത ഐകമത്യത്തിന്നു ന്യായമായിരിക്കുന്നതുപോലെ അയാളെ കൈക്കൊള്ളുവാനിരിക്കുന്ന അപേക്ഷയോടും കൂടെ ഒരുമിച്ചു മേൽപറഞ്ഞ കായും എന്നെ കയ്യാളിച്ചു വേദവാഴിയുടെ പക്കൽ വളരെ താമസംകൂടാതെ കൊണ്ടുവരുവാൻ സംഗതിവരികയും ചെയ്തു. എന്നു വരുമ്പോൾ ശുദ്ധാവായെ പരം ഐകമത്യം പരംശോമ്മശീഹായുടേയും ശുദ്ധ പള്ളിയുടേയും കാര്യമൊന്നും ക്ലേശിക്കാതെ തങ്ങൾ തങ്ങൾക്കുള്ള കാര്യലാഭങ്ങൾ മാത്രം എല്ലാ പ്രകാരത്താലും അന്വേഷിക്കുന്നവരുടെപ്രയത്നത്താൽ പല പല ഉഴവും മുടങ്ങിപ്പോയതിനാൽ മേൽ പറഞ്ഞമാർ തോമ്മായുടേയും ആ ഇടവകയിലുള്ള കത്തോലിക്കാസമൂഹത്തിന്റെ തലപ്പെട്ടവരാകയുടേയും സാദ്ധ്യമായ അപേക്ഷകളാലെ ആകുന്ന എതുയും അഭേദ്യമുള്ള വഴിയാത്ര രണ്ടാവട്ടം കഴിപ്പാൻ ഞാൻ കയ്യേറ്റു എന്നാൽ റോമ്മാനഗരിയിൽ ഉള്ള മഹിമകളെ കാണ്മാനായിട്ടല്ലപിന്നയൊ മേൽപറഞ്ഞ മെത്രാപ്പോലീത്തായുടെ വിശ്വാസസത്യവ്രതഭക്തം കാണ്മാൻ ആയതു പേർത്തിന്നു രികഴ്ചിൽ വരുത്തുവാനായി ഏറ്റം വെളിച്ചമായിട്ട ലത്തീൻവാക്കിൽ എഴുതിയുണ്ടാക്കിയ ആയ്തിനുള്ള പകർപ്പും മലങ്കരപള്ളിക്കാരർ ഏകമനസ്സായിട്ടങ്ങളുള്ള ക്രാറവത്ത് യാത്രയാക്കിയപ്രകാരം സാക്ഷിക്കുന്നോ രണ്ട് ഓലയിൽ ആയിട്ട എഴുതപ്പെട്ട മേൽപ്പൊല്ലിയ പള്ളിക്കാരുടെ കുറിയും ആയതു ലത്തീൻവാക്കിയ പോർത്തുണ്ടാക്കിയ പകർപ്പും അങ്ങേ ഭാഗ്യസ്ഥാനത്തിന്റെ തൃപ്പാദത്തുങ്കൽ ഒരുപ്പാനായിട്ടത്രെ ആകുന്നു. ഇതുമൊന്നു മേൽപറഞ്ഞ നാട്ടിലുള്ള നസ്രാണിസുഖമാക്കുയുടേയും ബലം പെട്ട സഹായക്കാരത്തിയാകുന്ന എതുയും മതിപ്പെരികയുള്ള പോർത്തുകാരം രാജസ്ത്രീയുടെ മുൻപാകെ വെപ്പാനായിട്ട പ്രത്യേകക്ഷ ദിഷ്ടതിയുള്ള മറ്റപേക്ഷകളും കൂടെയു മുണ്ടായിരുന്നു.

അപ്പഴൊ ആ ഇടവകയിലുള്ള മാർഗ്ഗമറിയിപ്പുകളുടെ മേലൊപ്പട്ട ആളുകളിൻപക്കൽ ന്യായമാകുംവണ്ണം യാത്രപറഞ്ഞുപറപ്പെട്ടുവാൻ നിശ്ചയിച്ചാറെ (അതെന്തെന്നാൽ മറവുള്ള പ്രയത്നമൊക്കയും മേൽപറഞ്ഞ അവകാശത്താൽ നിഷ്ഫലമത്രെ ആകുന്നു) വീട്ടിലവിടെ വേണ്ടുന്നതൊക്കയും മേൽപറഞ്ഞ സമൂഹംതന്നെ തങ്ങളുടെ പള്ളികർക്കാർ ശുദ്ധ പാത്രങ്ങൾ പോലും വിറ്റു തന്നതിന്റെ ശേഷം പരം കയ്യിന്നു തന്നെ എന്നോടുകൂടെ പോരുവാൻ യോഗം ക്രാറവത്ത് കല്പിച്ചു കടനാട്ട് പള്ളിയുടെ വികാരി പരേമ്മാക്കൽ തൊമ്മൻ കത്തനാരോടും മറ്റു രണ്ടു പട്ടക്കാരോടും കൂടെ ഒരുമിച്ചു വഴിയാത്രപുറപ്പെട്ടു. ഫ.

ആളുകളോടുകൂടെ കൂട്ടം കൂടി എന്തെയും പാരം സൂക്ഷ്മത്തോടുകൂടെ ദീർഘമായ വഴി നൂലു മാസം മഴവൻ നടക്കുകയും ചെയ്തു. വിശേഷിച്ചും എന്തെയും പാരം വ്യസനപ്പെടുമായി മറ്റ് വഴി ഉണ്ടായിരുന്നാറെ മുൻപിൽ ഇതിനുണ്ടും യാത്രയാക്കപ്പെട്ട ആളുകൾക്കുണ്ടായ ഉത്തപ്പും ഭയങ്കരവും നിറഞ്ഞ് അപജയങ്ങളിൽ അകപ്പെട്ടുവാൻ പോരുമെന്ന ഭയപ്പെട്ട് ആയത് ഉപേക്ഷിച്ചുകളകയും ചെയ്തു.

ഇതിന്റെ ശേഷം തമ്പുരാന്റെ കാന്നപ്പെട്ട വാഴ്ചയോടുകൂടെ ഒക്കയും സുഭമായി അനുഭവിച്ചു പാണ്ടിനാട്ടിലുള്ള മിന്നപട്ടണത്തിന്റെ തുറമുഖത്തിൽവച്ചു മേൽപറഞ്ഞ കുറവുക്കപ്പെട്ട ആളുകളിൽ വച്ചു രണ്ടു പേർ മാതൃഭാഷിച്ചിവുമുരുക്കുവാനായിട്ടുകപ്പൽ കരേറിയ റോപ്പിലേക്കുതിരിക്കയും ചെയ്തു. അതെന്തെന്നാൽ മറുജാതിയായാൽ വളരെ ചിലവായേനേ. ഇങ്ങനെ മാറുപത്തുമാസം കഴിഞ്ഞതിന്റെശേഷം ലിസ്ബോണായിൽ പറിയാറെ നമ്മുടെ യോഗം നമ്മെ കയ്യാളിച്ചിരിക്കുന്നതിന് ഒരു പങ്ക് മൂവാണ്ടെത്തുകാലം മെത്രാൻസ്ഥാനമായിരിക്കുന്ന കൊടുങ്ങല്ലൂർ ഇടവകയുടെ കാര്യത്തിൻമേലും കഴിഞ്ഞ കാലങ്ങളിൽ പോർത്തുഗാറം രാജാക്കർ മലങ്കരെ മാർഗ്ഗമറിയിക്കുന്നതിനുവേണ്ടി കൊടുത്തുവരുവാൻ മര്യാദയായിരുന്ന പണത്തിനുടത്ത സഹായങ്ങളുടെ കാര്യത്തിന്മേലും എന്തെയും ഭംഗിമയുള്ള പോർത്തുഗാറം രാജസ്ത്രീയുടെയും തന്റെ സ്വാധീകാര്യക്കാരന്മാരുടെയും പക്കൽ ആയിരുന്നതിനെക്കൊണ്ട് ആയതൊക്കയും ഭാഗ്യമായിട്ട് കഴിച്ചുകൂട്ടിയാറെ രാജസ്ത്രീയും തന്റെ മന്ത്രിമാരൊക്കയും ഞങ്ങളോടു കാട്ടിയ പറഞ്ഞൊപ്പിപ്പാൻ വശമല്ലാത്ത മനോഹരണത്തിന്റെയും ആചാരത്തിന്റെയും അടയാളങ്ങളൊക്കയും കണ്ടാറെ എന്തെയും പാരം വിസ്മയം ഞങ്ങൾക്കുതോന്നുകയും ചെയ്തു.

എന്നാൽ ഒരു അവസ്ഥയാകയും പോർത്തുഗാളിലുള്ള അപ്പസ്തോലിക്കാ മനുഷ്യം വേണ്ടും വണ്ണം ബോധിച്ചും ഇരിക്കുന്നു. ഇതിന്റെശേഷം ഒരു നാഴികയും പാഴാക്കളയാതെ കത്തോലിക്കലോകത്തിന്റെ തലയാകുന്ന ഭാഗ്യപ്പെട്ട ഒരു ഇടത്തിന്നു യാത്രപുറപ്പെട്ടു ഏറിയ ചൊഴലികാറ്റുകളോടും തീനങ്ങളോടും പ്രയത്നങ്ങളോടും ഇങ്ങിനെ ഏഴു മാസത്തിൽപുറം ആയതിന്റെശേഷം ഒട്ടുകം ഒരു വണ്ണം ഇവിടെയുണ്ടെന്ന് പറിയത്തിനാംപക്കം ഇപ്പോറം ഞങ്ങൾക്കു വരുന്ന ഏളിപ്പെട്ടതും എരിവുള്ളതുമായ അപേക്ഷകം അതിനുള്ള മനോഹരണത്തോടുകൂടെ അങ്ങെ ശ്രദ്ധത കൈക്കൊള്ളുന്നതിനുമേലൊട്ടും ഞങ്ങൾ സംശയിക്കുന്നുമില്ല.

ഇന്നവരുമ്പോൾ നമ്മുടെ ആഗമാനമായ ബാവായുടെ ഭാര്യ

മയുള്ള മക്കളും യോഗ്യമില്ലാത്തവരെന്നു വരികിലും ഏവൻഗേലിക്കാട്ട
ത്ത പറമ്പിന്റെ വേലക്കാരരുമാകുന്ന ഞങ്ങളും മലങ്കരെ കൽദായസു
റിയാനിക്രമത്തിലുള്ള വിശ്വാസക്കാരരായ വെപ്പള്ളിക്കാരരിൽ നിന്നും
യാത്രയാക്കപ്പെട്ട അളുകളും ഞങ്ങളും ആകുന്നതിനാംപക്ഷം അങ്ങോരു
സ്ഥാനത്തിന്റെ തുപ്പുദത്തുകൽ എളിമയോടുക്രടെസാഷ്ടാംഗമായി വീ
ണു ഞങ്ങളുടെയും മേലുപറഞ്ഞ ഞങ്ങളുടെ ജാതിക്കാരർ ഒക്കെയുടെ
യും പാരം എരിവുള്ള അപേക്ഷകളോടുംക്രടെ ഞങ്ങളും അപേക്ഷിക്ക
ന്നു. ശുദ്ധമാകപ്പെട്ടതും സ്തുതിചൊവ്വാക്കപ്പെട്ടതുമായ നമ്മുടെ വിശ്വാ
സത്തിന്റെ അലങ്കാരമായ ജയത്തോടുക്രടെ ഒടുക്കം വീണ്ടുതിരിഞ്ഞു
പട്ടാങ്ങയായ കാതോലിക്കായിക്കുടത്ത ഐകമത്യത്തിൽ ക്രൂടുവാൻ അ
പേക്ഷിക്കുന്നു മകനെ അതായതു പട്ടാങ്ങയായ വിശ്വാസത്തിന്മേൽ
പറഞ്ഞുകുണ്ട് ആയതുബോധിച്ച മാർതോമ്മാനെ അനുഗ്രഹമുള്ള
ബാവായേപ്പോലെ തന്റെ തൃക്കൈകളിൽ കൈക്കൊള്ളേണമെഎന്നു.
അപ്പഴൊരംഗ്യാം മൽപിത്തന്റെ ബാല്യകാലത്തിൽ വെള്ളിക്ക
ചൊൽവിളിയുള്ള പുത്രൻ ആയിരുന്നാറെ പിന്നെ പുത്തൻക്രാറിൽ
അകപ്പെട്ട് അവിടെനിന്നും ഇടത്തുടിൽ വീണു യാക്കോബായക്കാ
നായതിന്റെ ശേഷം ഒടുക്കം തെറ്റിവാളരുടെ അടിയാളും പട്ടാങ്ങപ്പെ
ട്ട വിശ്വാസികളും ഒക്കയുടേയും കനിവുള്ള ആഭരണവും ആകുന്ന വി
ശ്വാസം തട്ടിപ്പായിട്ടല്ല പിന്നയൊ പരമാർത്ഥമായിട്ടതന്നെ പട്ടാങ്ങ
പറകയും ചെയ്തു. വിശേഷിച്ചും രംഗ്യാം അതിൻവണ്ണംതന്നെ ഇട
ത്തുടുകാരനായിരുന്ന യാക്കോബായക്കാരൻ ഗ്രീഗോരിയോസ് മെത്രാ
പ്പോലീത്തായിൽ നിന്നു ക്രൈ- രാമണ്ടിൽ മെത്രാൻസ്ഥാനം കൈ
ക്കൊണ്ടതിനേക്കൊണ്ടു പ്രസ്ഥാനത്തിന്റെ ശക്തിയാൽ നേരുണ്ടെന്നു
തന്റെ ഇടവകയിൽ മെത്രാൻസ്ഥാനം തനിക്കു തന്നെ കാക്കണമെന്നും
വീണ്ടും അപേക്ഷിക്കുന്നു. അതെന്തെന്നാൽ ഇങ്ങിനെ ചെയ്താൽ നി
ന്റെ കീഴിൽ വഴങ്ങി തങ്ങളുടെ തലവനായിട്ട് സമ്മതിച്ചിരിക്കുന്നു
ഏറിയ ജനങ്ങളും തന്നോടുക്രടെ പട്ടാങ്ങയായ വിശ്വാസത്തിനു വരു
വാൻ സംഗതിവരികയും ചെയ്യും.

എന്നാൽ ആ ഭാഗത്തിലുള്ള ചില മാർഗ്ഗമറിയിക്കുന്നവർ തങ്ങ
ളുടെ കെല്പുക്ഷയവും ഭ്രഷ്ടതയും കൊണ്ടു പട്ടാങ്ങയായിട്ട് വാസ്തവമുള്ള
തും ആർക്കും ഉപേക്ഷിച്ചുകൂടാത്തതുമായ മാർ തോമ്മാമെത്രാന്റെ
പട്ടസുഖത്തിനു സംശയം വരുത്തുവാൻ ശ്രമിക്കുന്നതിനേക്കൊണ്ടു അ
യതൊന്നും പരം നമ്മുടെ രണ്ടാമത്തെ അപേക്ഷക്കു വിഘ്നം വരുത്താ
യ്വാൻ, അവർ ഇങ്ങിനെ ശ്രമിച്ചതിന്റെയും ഇപ്പോഴും ശ്രമിക്കുന്നതി
ന്റെയും അവകാശം എന്തെന്നറിവാൻ എതുയും എളുപ്പമായൊരവ
സ്ഥ ആയിരിക്കുന്നതുമൊഴികെ വലിയതറവാട്ടിലും ആ രാജിതത്തിലും
ഉള്ള പെരിമപ്പെട്ടവരിൽ ഒരുത്തനുമാകുന്ന മാർ തോമ്മാ തന്നെ ത

ന്റെ പരമാർത്ഥമായ വിശ്വാസസത്യം ചെയ്യുന്ന നേരത്തിൽ പട്ടാങ്ങായിട്ട് താൻ പട്ടസുഖം കൈക്കൊണ്ടു എന്നുള്ളതു സാക്ഷിക്കയും ചെയ്തു. ഇതുമല്ലാതെ ആസ്സുപ്പാട്ടതൊട്ട് മെത്രാൻസ്ഥാനത്തോളം താൻ കൈക്കൊള്ളുന്ന നേരത്തു അവിടെ കൂടെയുണ്ടായിരുന്ന വിശ്വസിപ്പാൻ തക്ക പല ആളുകളിൽനിന്നു എവിടെവച്ചെന്നും എങ്ങിനെയെന്നും എപ്പോളെന്നും സൂക്ഷ്മമായിട്ട് ഞങ്ങൾ അറിയുകയും ചെയ്തു. എന്നാൽ ഒരു ആളുകൾ ഇപ്പോഴും ജീവിച്ചിരിക്കയും ചെയ്യുന്നു.

അപ്പോൾ ആകാശത്തിനാട്ടത്ത വെളിവിൽനിന്നു സംശയിപ്പോലെ വെളിവു കൈക്കൊള്ളുന്നതിനാൽ എത്രയും പിടിയാത്ത നിഗളത്തിന്റെ തട്ടിപ്പുകളൊക്കയും ജയിപ്പാൻ അറിയാവുന്ന ഭക്തിമയുള്ള പെരിമപ്പെട്ട എല്ലായിലും വലിയ മേല്പട്ടക്കാരാ! അങ്ങേ ഭാഗ്യസ്ഥാനത്തിൻപക്കൽ ഞങ്ങളെ യാത്രയാക്കിയിരിക്കുന്ന വലിയതും തലപ്പെട്ടതുമായ വിഷയമായിരിക്കുന്ന മേൽപറഞ്ഞ രണ്ടു കാര്യങ്ങളും തിരിച്ചുപറഞ്ഞു അറിയിച്ചതിന്റെ ശേഷം എങ്ങിനെ ഞങ്ങൾ ഉത്തരിപ്പാൻ അങ്ങുത്തിരുമനസ്സാകുന്നെന്നാൽ ആയതൊക്കയും തികവായിട്ട് ചൊല്ലുവിളി കേൾപ്പാൻ ആസ്വാമായിക്കൊണ്ടു വന്നിക്കേണ്ടുന്ന അങ്ങേ കല്പനകളെ കേൾപ്പാൻ പാർത്തിരിക്കുന്നതുമൊഴികെ എത്രയും ഉറപ്പുള്ള മക്കൾക്കുള്ള സ്നേഹത്താൽ പൂർണ്ണതപ്പെട്ടുകൊണ്ടു മാർതോമ്മാമെത്രാന്റെയും മലങ്കരയിലുള്ള സ്നേഹപ്പെട്ട നസ്രാണികൾ ഒക്കയുടേയും നാമത്താൽ കൂടെയും അങ്ങേ ബാവായ്ക്കുടുത്ത വാഴ അപേക്ഷിക്കയും ശ്ലൂ: പള്ളിക്കും ആയതിന്റെ കാണപ്പെട്ട തലവനാകുന്ന അങ്ങേ ശ്ലൂതക്കും അങ്ങേ ന്യായമുള്ള അനന്തിരവരൊക്കക്കും എല്ലായ്പോഴും ചൊല്ലുവിളി പറഞ്ഞൊക്കയും ചെയ്യുന്നു.

ശ്ലൂതോമാന ദൈവശാസ്ത്രത്തിൻ മല്പാനും പ്രത്യേകമായിട്ട് കല്പിച്ചു അയച്ചിരിക്കുന്നോ ശ്ലീഹായിക്കുടുത്ത മാർഗ്ഗമറിയിക്കുന്നാവനുമായ കരിയാറിൽ യെയസേപ്പ്.

കൊടുങ്ങല്ലൂർ ഇടവകയിൽ കടൽനാട്ടപള്ളിയുടെ വികാരിയാകുന്ന അതിന്മണ്ണം തന്നെ കല്പിച്ചയച്ചിരിക്കുന്ന പാറേമ്മാക്കൽ തോമ്മാസ്.
(Appendix 102) (റോമാ ഫ്രൈം)

ഫ്രൈ—ൽകരിയാറിയോസഫ് മല്പാനച്ചൻ കൈവഴിയായി തോമാ ദിവാന്യോസ് മെത്രാൻ റോമയ്ക്കയച്ച എഴുത്തു.

"ഞാൻ ശ്രുപത ഭരണം ഏറ്റപ്പോൾ, എന്റെ മുൻഗാമികളുടെ കാലത്തുവന്നിരുന്ന യാക്കോബായക്കാർ വഴിയായും, റോമൻകത്തോ

ലിക്കാപള്ളിയിലെ വിദ്വാന്മാരായ ഗുരുക്കന്മാർ വഴിയായും എന്റെ വാ
ഴ്ചയും എന്റെ മുൻഗാമികളിൽ നിന്നും ഞാൻ ഏറ്റിരുന്ന ഗുരുപ്പട്ട
വും വാസ്തവമല്ലെന്നു എനിക്കു മനസ്സിലായി, അതിനാൽ അവരുടെ ഗ
ണദോഷപ്രകാരം: ഫ്രൈ ൽ മാർ ഗ്രിഗറി എന്നു യാക്കോബായ മെ
ത്രാപ്പോലീത്തായിൽ നിന്നും. നിരണത്തു ശ്ലൂഹാ: മറിയത്തിന്റെ പള്ളി
യിൽ വെച്ചു, ആസ്സപ്പാട്ടമുതൽ മെത്രാന്റെ വാഴ്ചവരെയുള്ള എല്ലാ
പട്ടങ്ങളും ഞാൻ സ്വീകരിച്ചു. ഞാൻ പഠിച്ചിരുന്ന വിശ്വാസം സ
ത്യവിശ്വാസമല്ലെന്നും; നമ്മുടെകർത്താവിന്റെ കാലം മുതൽ ഏതൽ
കാലപര്യന്തം, പരിശുദ്ധമായും മലിനതകൂടാതെയും ഇരിക്കുന്ന ശ്ലൂഹാ:
കത്തോലിക്കാ വിശ്വാസം വഴിയായി അല്ലാതെ ഒരുത്തർക്കും മോക്ഷ
പ്രാപ്തി ഉണ്ടാകുന്നതല്ലെന്നും, കത്തോലിക്കാ സഭയിലെ ഗുരുക്കന്മാരി
ൽ നിന്നും, ശ്ലൂഹാ: ആലോചനാസംഘങ്ങളിലെ പുസ്തകങ്ങളിൽ നിന്നും
എനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. എന്നെയും എന്റെ ജനത്തെയും
കത്തോലിക്കാ ഐക്യതയിൽ ചേർക്കണമെന്നും, ഞങ്ങളുടെ പൂർവ്വിക
ന്മാരുടെകാലം മുതൽ ഞങ്ങളിൽ ബാധിച്ചിട്ടുള്ള മഹറോനെ നീക്കം
ചെയ്യണമെന്നും കൊടുങ്ങല്ലൂരിലെ മെത്രാപ്പോലീത്തായും പരംശോസ
ഭക്കാറനും ആയ ഡാൺസർവൈഭാർഡാസ് റീയിസ് അവർകളോ
ടും മലയാളത്തിലെ വികാരി അപ്പോസ്തോലിക്കായായ, കമ്മലീത്താസ
ഭക്കാരനായ ഇഗ്നേശ്യുടെ പ്ലാറൻടിയസ് അച്ചനോടും. മുൻപറ
ഞ്ഞ വൈദീകർ മുഖാന്തിരം ഞാൻ നിർബ്ബന്ധമായി അപേക്ഷിച്ചു-ക
ത്തോലിക്കാ ഐക്യതയിൽ എന്നെ സ്വീകരിക്കുന്നതിനു അവർക്കു അ
ധികാരമില്ലെങ്കിൽ എന്റെ അപേക്ഷയെ റോമയിലേക്കു അയക്ക
ണമെന്നും ഞാൻ അവരോടു ആവശ്യപ്പെട്ടു. എന്നാൽ എന്റെ അ
പേക്ഷയെ അവർ അംഗീകരിച്ചില്ലാ. അതിനാൽ പ്രൊപ്പഗാന്താകാ
ളേജിൽ പഠിച്ചവനും ഞങ്ങളുടെ സ്വജാതീയനും ആയ കരിയാറി
യോസപ്പച്ചനെ വരുത്തി, വ്യസനം നിമിത്തം കണ്ണുനീർ ഒലിപ്പിച്ചും
കൊണ്ടു, എന്റെ ആഗ്രഹം അദ്ദേഹത്തിനെ അറിയിക്കയും എന്റെ
ആത്മരക്ഷയെ അദ്ദേഹത്തിനെ ഭരമേല്പിക്കയും ചെയ്തു. "മാർഗമദ്ധ്യേ,
എന്റെ പ്രാണനു അപായം നേരിട്ടേക്കാമെങ്കിലും, ഞാൻ നിങ്ങൾക്കു
വേണ്ടി ഒരിക്കൽക്കൂടി റോമയിലേക്കു പോകാം" എന്നു അദ്ദേഹം എ
നിക്കു വാക്കുതന്നു. അപ്പോസ്തോലിക്കാശ്രുപതമുമ്പാകെ എന്റെ പ്ര
തിനിധികളായും, പ്രൊപ്പഗാന്താതിരുസംഘത്തെ എന്റെ അപേക്ഷ
യെ അറിയിക്കുന്നതിനായും എന്റെ സുറിയാനിജനങ്ങളിൽ നിന്നും
പട്ടക്കാരും അർമേനികളും ഉൾപ്പടെ എട്ടുപേരെ അദ്ദേഹത്തിനോ
ടൊന്നിച്ചയക്കുന്നു. സർവ്വശക്തനായ ദൈവം സാക്ഷിയായി, കത്തോലി
ക്കാപള്ളി പഠിപ്പിക്കുന്നതും വിശ്വസിക്കുന്നതും, ഞാനും എന്റെ ജന
ങ്ങളും അനുസരിക്കയും വിശ്വസിക്കയും ചെയ്യാമെന്നു ഞങ്ങൾ സത്യം
ചെയ്യുന്നു."

(Appendix 103)

"ഫൈ—ൽ ഗ്രിഗറി എന്നും യോഹന്നാൻ എന്നും പേരുള്ള രണ്ടു മെത്രാന്മാർ കൂടി നിരണത്തുവച്ചു മാർ തോമാ ആറാമനെ മെത്രാനായി അഭിഷേകംചെയ്തു. അന്നുമുതൽ അദ്ദേഹം ഒന്നാമത്തെ ദിവന്യാസോസ് എന്നു പേരിനെ അംഗീകരിച്ചു. അദ്ദേഹം ശരിയായ വിധത്തിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടിരുന്നിട്ടും, താൻ ശീശ്മക്കാരനാണോ എന്നുള്ള സംശയം അദ്ദേഹത്തിനെ സദാ ബാധിക്കയാൽ, അദ്ദേഹം ക്രൂടക്കൂടെ റോമാസഭയിൽ ചേരുന്നതിനു ശ്രമിച്ചു. പ്രൊട്ടോനോറെറി എന്ന മെത്രാൻ സ്ഥാനവും, അദ്ദേഹത്തിന്റെ ആശ്രിതന്മാരായ കൽദായക്കാരുടെമേലുള്ള ലൌകീക ഭരണവും (വൈദീകഭരണം ഇല്ല) അദ്ദേഹത്തിനു നൽകാമെന്നു പ്രൊപ്പഗാന്താ തിരു സംഘത്തിൽനിന്നും ഫൈ—ആഗസ്റ്റ് നടന്നു- അയച്ച ഒരു എഴുത്തിൽ, തിരു സംഘം സമ്മതിച്ചതായി ഒരു ഭാഗംകൊണ്ടുതെളിയുന്നു. കൊട്ടങ്ങല്ലൂരിലെ അവസാന പരംശോനഭക്കാരനായ ആച്ചുബിഷപ്പു, സാൽവെദൊർ- ദാസ്- റീയസ് എസ്. ജെ. അവർക്കു ഫൈ ആഗസ്റ്റ് ഫവ്-നു--യും അക്ടോബർ ഫ-നു--യും പോർത്തുഗീസ് ഭാഷയിൽ എഴുതീട്ടുള്ള രണ്ടെഴുത്തുകൾ വരാപ്പുഴയിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടു. തനിക്കു പൊയ്യാൻ പാട്ടമുള്ളടത്തോളം ജോലി തനിക്കുണ്ടെന്നും, പുതിയ ജോലികളെ ഏൽക്കുന്നതിനു തന്റെ പ്രായാധിക്യം നിമിത്തം സാധിക്കയില്ലെന്നും, മാർ തോമാ, വാതുറന്ന ഒട്ടകത്തിനെപോലെയാണെന്നും, മാർ തോമായുടെ നിഷ്കളങ്കതയെപ്പറ്റി തനിക്കു വളരെ സംശയമുണ്ടെന്നും അച്ചുബിഷപ്പു, വരാപ്പുഴ വികാരി അപ്പൊസ്തോലിക്കയ്ക്കു എഴുതീട്ടുണ്ടു. ഫൈ—ജൂലൈ ഫ-നു- പ്രൊപ്പഗാന്ത് തിരു സംഘം മാർ തോമായുടെ സംഗതിയെ പര്യാലോചിച്ചു, അദ്ദേഹത്തിനു, അദ്ദേഹത്തിന്റെ പ്രജകളുടേമേൽ ലൌകീക ഭരണം (വൈദീകഭരണം പാടില്ലാ) അനുവദിക്കാമെന്നും, അദ്ദേഹത്തിന്റെ ചിലവിനായി പ്രതിവർഷം നൂറോ കൂടുതലോ കൊടുക്കാമെന്നും വരാപ്പുഴ വികാരി അപ്പൊസ്തോലിക്കാ മുഖാന്തിരം അറിയിച്ചു. സ്വന്ത ലീത്തിലുള്ള മെത്രാൻ വെണ്മയെന്നും പരം ജനങ്ങൾക്കുള്ള ആത്മഹം സംബന്ധിച്ചു യാതൊരു വാദപ്രതിവാദവും നടത്തുവാൻ അനുവദിക്കരുതെന്നു തിരു സംഘത്തിന്റെ മൻപറഞ്ഞ എഴുത്തിൽ പ്രസ്താവിച്ചിരുന്നു." എന്നു മെക്കൻസിയുടെ പുസ്തകം രണ്ടാം പതിപ്പു വൻ-ാം പുറത്തിൽ കാണുന്നുമേൽ വിവരിച്ചപ്രകാരം പ്രൊപ്പഗാന്ത തിരു സംഘം മാർതോമാ മെത്രാനെ ചെയ്യാമെന്നു സമ്മതിച്ചു വിശേഷനന്മകമ്മലീത്താക്കാരാൽ വിഫലമാക്കപ്പെട്ട ഇതു സംബന്ധിച്ചും മറ്റും ബോധിപ്പിക്കാനാണു കരിയാറ്റി മല്പാനച്ചനും മറ്റും റോമയ്ക്കു പോയതു. ഇപ്രകാരം, "ഫ വർഷത്തോളം മനസ്സുതിരിയുന്നതിനുവേണ്ടി മാർ തോമാ ഉത്സാഹിച്ചിട്ടും അതു സഫലമാകാതെയാണു അവസാനിച്ചതു"

(Appendex 104)

എന്നാൽ വരാപ്പുഴ മിസ്സ്യനരിമാർക്ക് കരിയാറ്റിൽ മല്പാനച്ചന്റെയും മറ്റും ശീമയാത്രയും അവലാധികളും വളരെ വിരോധമായിരുന്നതിനാൽ അവരുടെ അപേക്ഷകൾക്ക വിരോധമായിട്ടുള്ള എതു പാടങ്ങളും ബോധിപ്പിച്ചതു കൊണ്ട് യാതൊരു സാദ്ധ്യവുമുണ്ടായില്ല. വീണ്ടും അദ്ദേഹം പോർത്തുഗാളിലേക്ക മടങ്ങി വരികയും അന്നത്തെ പോർത്തുഗൽ രാജ്ഞിവഴിയായി ഇവരുടെ അപേക്ഷകളൊക്കയും സാധിക്കയും കരിയാറ്റിയെയുസേപ്പു മല്പാനച്ചനേത്തന്നെ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തയായിട്ട രാജസ്ത്രീ തിരിഞ്ഞെടുക്കയും ചെയ്തു. മാപ്പാപ്പാ ആ തിരഞ്ഞെടുപ്പിനെ അംഗീകരിച്ച് തിരുവെഴുത്തു കൊടുക്കയും ചെയ്തു. കരിയാറ്റിയെയുസേപ്പു മല്പാൻ ഇത്താല്യയിൽ ഇരിക്കും സമയം വരാപ്പുഴെ നിന്നും പോയിരുന്ന യോഹന്നാൻ മറിയം എന്ന മിസ്സ്യനാരി വരാപ്പുഴെ ഇരുന്ന പ്രഞ്ചിസ്കൂസ് സാലേസ് എന്ന മെത്രാനെ പരദേശത്തിലേക്കയച്ചതു ക്രുടതെ മലയാളത്തിന്റെ വികാരി അപ്പസ്തോലിക്കയായിട്ടും കസ്തോരിയൻസ് മെത്രാനായിട്ടും തന്നെത്തന്നെ അക്കിയിരിക്കുന്നതായി തിരുവെഴുത്തുകൾ വാങ്ങിയിട്ടുണ്ടായിരുന്നു. മേൽപ്പറഞ്ഞ വരങ്ങൾ കരിയാറ്റിയെയുസെപ്പു മല്പാൻ അറിഞ്ഞ ഉടനെ യോഹന്നാൻ മറിയം എന്ന മിസ്സ്യനാരിയുടെ സ്ഥിതിയും അദ്ദേഹം മലയാളത്തിൽ വന്നാൽ ഉണ്ടാകാവുന്ന കുഴപ്പങ്ങളും റോമാ സിംഹാസനത്തിങ്കൽ ബോധിപ്പിച്ചതുകൊണ്ട് അദ്ദേഹത്തിനു കൊടുത്തിരുന്ന തിരുവെഴുത്തുകൾ മടങ്ങി വാങ്ങിക്കയും മെത്രാൻ പട്ടം ഏറ്റുകൊണ്ടതെ മദ്രാസ് പട്ടണത്തിൽ വന്ന കപ്പുച്ചീൻ സന്യാസികളുടെ പക്കൽ കാലം ചെയ്കയും ചെയ്തു. കരിയാറ്റിയെയുസേപ്പു മല്പാൻ പോർത്തുഗളിൽ വച്ച ക്രൈവ്-ൽ കൊടുങ്ങല്ലൂർ രൂപതയുടെ മെത്രാപ്പോലീത്തയായി വാഴ്ചയേൽക്കുകയും പോർത്തുഗൽ രാജ്ഞി അദ്ദേഹത്തിനു പള്ളിക്കെട്ടത്ത വളരെ സാമാനങ്ങൾ കൊടുക്കയും കൊടുങ്ങല്ലൂർ രൂപത മെത്രാപ്പോലീത്തയ്ക്കുണ്ടായിരുന്ന ശമ്പളം അദ്ദേഹത്തിനും കൊടുക്കയും ഇങ്ങനെ കുറെ അവിടെതാമസിക്കയും ചെയ്തിട്ട ക്രൈവ്സ്യം കാലം ഗോവായിൽ വന്നിറങ്ങുകയും ചെയ്തു. അവിടെവച്ചു പെട്ടെന്ന മരിക്കുന്നതിനിടയായി. അദ്ദേഹം പെട്ടെന്ന മരിച്ചതു, ഗോവായിലുണ്ടായിരുന്ന പോർത്തുഗീസുകാരുടെ മുന്നിൽ ദോഷം വരുത്തി അപായം വരുത്തിയതാണെന്നുള്ള ശ്രുതി മലയാളത്തിൽ എങ്ങും വ്യാപിക്കയാൽ തോമ്മാനസ്രാണികൾ ഒട്ടുക്ക ദ്വേഷം ജ്വലിച്ചിരിക്കുന്ന വർത്തമാനം കൊച്ചി വരാപ്പുഴെയുള്ള മെത്രാന്മാരറിഞ്ഞു മലയാളത്തിൽ വലുതായ ശീശ്മയുണ്ടാകുമെന്നും അതു കൊണ്ട് അതു വരാതിരിക്കുന്നതിനു പാറേമ്മാക്കൽ തോമ്മാച്ചനെ കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോരായി വേണ്ട അധികാരങ്ങളോടുകൂടി ബഹുമാനിച്ചയയ്ക്കണമെന്നു അറിയിച്ചിരുന്ന പ്രകാരം അദ്ദേഹത്തെ കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോരായി അയയ്ക്കുകയും ചെയ്തു- അദ്ദേഹം മലയാളത്തിൽ വന്നയുടനെ വരാപ്പുഴെ അന്നിരുന്ന തുവീസ മറിയം മെത്രാനച്ചനെ കാണുക

യും അങ്കമാലിയിൽപോയി തോമാനസ്രാണികളുടെ ഒരു സംഘം കൂട്ടുകയും ചെയ്തു. ആ സംഘത്തിൽ വച്ചു ഒരു നിശ്ചയം ചെയ്ത എല്ലാവരും ഒപ്പിട്ടുവെച്ചു.

"അങ്കമാലിമുതൽ മലങ്കരപള്ളിക്കാർഎല്ലാവരും കൂടി അങ്കമാലി വലിയപള്ളിക്കൽ വച്ചുപട്ടാംഗയുടെ വിശ്വാസത്തിന്റെ വർദ്ധിപ്പിന്നും തമ്പുരാന്റെ മനോഹ്ലണത്താലെന—പരിഷയ്ക്കുനെറിവിന്റെ നിലയും ഒരുമ്പാടും ഉണ്ടാകുവാന്നും നമ്മുടെ കാരണവന്മാർ നടന്നിരിക്കുന്ന മര്യാദയ്ക്കും ക്രമത്തിന്നും തക്കവണ്ണം നടക്കേണ്ടതിന്നും മിശിഹാപിറന്നിട്ട ൧൭൭൯—ാംകാലം കുംഭമാസം ൧൮—ാം ദിവസി എഴുതിയ പടിയോലയാവിതു.

നമ്മുടെ കാരണവന്മാർ മാർ തോമ്മാശ്ലീഹായുടെ കയ്യാലെ ഈ ശോമിശിഹയുടെ പട്ടാംഗയുടെ മാർഗം കൈക്കൊണ്ടതിന്റെശേഷം ൧൭൯—ാംആണ്ടിൽ അങ്കമാലികിഴക്കെപള്ളിയിൽ കാലം ചെയ്ത മാർ അബ്രുഹം മെത്രാപ്പൊലീത്തായുടെ കാലത്തോളം കൽദായസുറിയാനിക്കാരുടെ മേല്പട്ടക്കാര മലങ്കരെ വാണ നമ്മെഭരിച്ചതിന്റെ ശേഷം പൊർത്തുഗീസുക്കാരുടെ ശക്തികൊണ്ടു സുറിയാനിക്കാരുടെ വരവും മുടക്കി നമ്മുടെ പരിഷക്കാരെ കീഴടക്കി ഭരിച്ചുവരുമ്പോൾ സുറിയാനിക്കാരിൽ ഒരുമേല്പട്ടക്കാരൻ നമ്മുടെ എടത്തുവരുവാനായി കൊച്ചിയിൽവന്നതിന്റെ ശേഷം കടലിൽ താഴ്ത്തി അപായപ്പെടുത്തിയപ്രകാരം ബോധിക്കകൊണ്ടു അന്നും നമ്മുടെകാരണവന്മാർ മട്ടാംചേരിയിൽ കൂടി പൊർത്തുഗീസുക്കാരെ നാമും നമ്മുടെ അനന്തരവരും കാണുകയില്ലന്ന സത്യംചെയ്തു. ആലങ്ങാട്ടു പള്ളിയിൽ കൂടി തൊമയെന്ന അക്കിയാക്കോനെ യോഗമായിട്ടു പേരുവിളിച്ചുവാഴിച്ചു. അതിന്റെശേഷം ഗോവയിൽ ഇരുന്ന കമ്മലീത്തക്കാരെ വരുത്തിയോഗമായിട്ടപേരുവിളിച്ച മെത്രാൻ സൈത്തുറുത്തുമായും പട്ടംവഹിയായെന്നും റോമയിൽ ചെന്നുവാഴ്ചയും കൈക്കൊണ്ടുവന്ന ഇദ്ദേഹത്തെ തികച്ചുവാഴിക്കാമെന്നും യൊസെപ്പെന്നപാദ്രിയെ അയച്ചുപറയിച്ചാറെ അതിനുമ്മണ്ണം സമ്മതിക്കകൊണ്ടു യൊസെപ്പെന്ന പാദ്രി റോമയിൽചെന്ന വാഴ്ചയും ഏറ്റു മലയാളത്തിൽ വന്നാറെ മാർ തോമ്മാമെത്രാൻ പട്ടംകൊടുക്കയുംസൈത്തുറുത്തുമാ ചെയ്കയും ചെയ്കൊണ്ടു ആയതു അനുസരിക്കാതെ നിന്ന നമുക്കു മെത്രാനായിട്ടു അലക്സാന്ത്രോസ് എന്ന കത്തനാരച്ചനെ വാഴിക്കയുംചെയ്തു.അദ്ദേഹത്തിന്റെ ഒടുക്കംഅടുത്തപ്പോൾകമ്മലീത്താക്കാരുടെഉപായത്താലെനമ്മുടെ പരിഷയിൽ സ്ഥാനവും ബഹുമാനവുംഇല്ലെന്നവരുത്തുവാനായിട്ട് മലയാളത്തിലുള്ളവരെ വാഴിക്കണമെന്നുള്ള കല്പനയെ സമ്മതിച്ചു എന്ന വരുത്തുവാനായിട്ട് മലയാളത്തിലുള്ളതിൽ കൂപ്പായക്കാരിൽ റപ്പായേൽ എന്ന പാദ്രിയെ മെത്രാനായിട്ട വാഴിക്ക

കൊണ്ടു കൂപ്പായക്കാരിലുള്ള മെത്രാനെ സമ്മതിക്കയില്ലെന്നു തുടങ്ങിയ കൊണ്ടും നമ്മെ ഭരിപ്പാനായി വന്ന സുറിയാനിക്കാരൻ മാർ ശെമഒൻമെത്രാനെ പവുലീസ്സുക്കാരർ താന്തൂരിൽ തടഞ്ഞു പാപ്പിച്ചിരിക്കുമ്പോൾ കമ്മലീത്താ ഭൂനത്തിലുള്ള പാദ്രിമാർ അവിടെ ചെന്നു മലയാളത്തിന്നു പുറത്തു കളയണമെന്നും പറഞ്ഞു. പൌലീസ്സുക്കാരോടു കയ്യേറുകൊണ്ടുവന്ന ഞാലങ്ങാട്ടുപള്ളിയിൽ കൊണ്ടുവന്നു പാപ്പിച്ച ആ ഭൂനക്കാരിൽ ആഞ്ചലോസ പാദ്രിയെ മെത്രാനായിട്ടു വാഴിച്ചതിന്റെശേഷം മാർ ശെമഒൻമെത്രാനെ കപ്പലിൽ കരയേറ്റി പത്തുശ്ലീരിയിൽ കൊണ്ടു ചെന്നു ഒരു മുറിയിൽ ഇട്ടുപൂട്ടി. മനസ്സുമുടിച്ച മരണം അകപ്പെട്ടുതുകകൊണ്ടും ഇതിന്മണ്ണം പലകുട്ടം ഏറക്കുവുകളും നമ്മുടെ കാരണവന്മാരോടു ഒരം രണ്ടു എജമാനന്മാരും ചെയ്തിരിക്കകൊണ്ടും മാർ തോമ്മാമെത്രാൻ ശുദ്ധമാന പള്ളിക്കു വഴക്കുചെയ്യാമെന്നും വഴങ്ങിച്ചു കൊള്ളാമെന്നും പലപ്പോഴും അപേക്ഷിച്ചാറെയും അതിന്റെ നേരെ രണ്ടിടത്തുനിന്നും കൈക്കൊള്ളായ്കകൊണ്ടും രണ്ടു മേല്പട്ടക്കാരും ഇപ്പോൾ നമ്മുടെ പരിഷയോടു ഏറക്കുറവായിട്ടു നേരെ വിചാരിക്കാതെ ബാലിഭക്കാരെക്കൊണ്ടു പട്ടക്കാരെ പിടിപ്പിച്ച മുറിയിലീട്ടഅപായംവരുത്തുകയും ബാലിഭക്കാരെക്കൊണ്ടു പട്ടക്കാരുടെ മേനി ദോഷംവരുത്തിക്കയും ചെയ്തകൊണ്ടും, മെത്രാപ്പോലീത്താപട്ടം അഴിക്കയും ഉടനെ മെത്രാൻ അയാൾക്കു പട്ടംകൊടുക്കയും; മെത്രാൻ മഹരോൻ ചൊല്ലിയ ഉടനെ മെത്രാപ്പോലീത്താ ആയതിനെ പോക്കുകയും; പാദ്രിമാർ ചില പള്ളികളിൽ ചെന്നിരുന്നാറെ പരസ്യമായിട്ടും രഹസ്യമായിട്ടും ന്യ—ാം പ്രമാണത്തോടു മറുത്തു പലകുട്ടം ഉതപ്പുകളും അന്യായങ്ങളും ചെയ്തുകകൊണ്ടും ആയതുകൊണ്ടു മാർഗ്ഗമില്ലാത്തവരുടെ നിന്ദയും പരിഹാസവും കൊണ്ടു നമ്മുടെ പരിഷക്കു വന്നിരിക്കുന്ന കുറവും സങ്കടവും ഉതപ്പുംകൊണ്ടും ഒരു സങ്കടങ്ങളൊക്കയും ശുദ്ധമാന മാപ്പിപ്പായുടെ തിരുമനസ്സിലും എതുയും വിശ്വാസമുള്ള പോർത്തുഗാൽ രാജസ്ത്രീയേയുംബൊധിപ്പിക്കത്തക്കവണ്ണം ബഃ നമ്മുടെകരിയാറ്റിമല്പാനേയും പാറേമ്മാക്കൽ തോമ്മാക്കത്തനാരച്ചനേയും നോം എല്ലാവരുംകൂടി അയച്ചതിന്റെ ശേഷം അവർ പോർത്തുഗാളിലും റോമയിലുംചെന്നാറെ മേല്പറഞ്ഞ ശത്രുക്കൾ എഴുത്താലെയും വചനത്താലെയും പലകുട്ടം ചതകുകൾ വരുത്തുകകൊണ്ടും കാലതാമസം വന്നു എങ്കിലും ഉടയതമ്പുരാന്റെ പ്രത്യേകമുള്ള മനസ്സുണ്ടത്താലെ ശുദ്ധമാന മാപ്പിപ്പായും എതുയും വിശ്വാസമുള്ള രാജസ്ത്രീയുംനമ്മുടെഅപേക്ഷകളൊക്കയും കൈക്കൊണ്ടു മതിയാവു എന്നുംവച്ചു ബഹുമാനപ്പെട്ട കരിയാറ്റിൽ മല്പാനെ മലങ്കരയുടെമെത്രാപ്പോലീത്തായായിവാഴിച്ചാറെ അവർഗോവയിൽവന്നാതിന്റെശേഷം,ചതിയാലെ അദ്ദേഹത്തെ അപായം വരുത്തുകകൊണ്ടുംഇതിൻവണ്ണം ഉപദ്രവംചെയ്യുന്നവരെമേല്പട്ടക്കാരായിട്ടസമ്മതിച്ചുവന്നാൽ ഏറിയ സങ്കടങ്ങളും ഞെരുക്കങ്ങളും വരുത്തിക്കയുംചെയ്തു

ക്രമം വർദ്ധിപ്പിക്കയും ചെയ്യുന്നതല്ലാതെ നമ്മുടെ പരിഷയ്ക്ക് ഒരു ഗുണവും ഉപകാരവും ഉണ്ടാകയുമില്ലെന്നും ത്രാന്തുക കൊണ്ടും മറ്റുള്ള നാട്ടുകളിലും ജാതികളിലും തന്റെ പരിഷയിലും പോലിലും മേല്പട്ടക്കാരു വാഴുന്ന പോലെ നമ്മുടെ പരിഷയ്ക്കും മേല്പട്ടക്കാർ നമ്മിൽതന്നെ ഉണ്ടാകണമെന്നു റോമായിലും പോർത്തുഗാളിലും ബോധിക്കകൊണ്ടും മേലിൽ നമ്മുടെ പരിഷയിൽ തന്നെ മേല്പട്ടക്കാർ ഉണ്ടായേ കഴിയൂ എന്നു നാം വിശ്വസിക്കകൊണ്ടും നമ്മുടെ പരിഷയിൽ മേല്പട്ടക്കാർ ഉണ്ടായി വരുന്നതിനുകം ബ. ഗോവണ്ണദോരിന്റെ കല്പനപോലെ പട്ടവും സൊത്തും വാങ്ങിക്കുന്നതല്ലാതെ നമുക്കു മേല്പട്ടക്കാരനായിട്ടു മറെറാരു ജാതിയെ കൈക്കൊള്ളുകയില്ലെന്നും ഇപ്പോൾ നമ്മുടെ മേൽ ഗോവർണ്ണദോരായിട്ടു വാണിരിക്കുന്ന പാറേമാക്കൽതോമാക്കത്തനാരച്ചനെ മെത്രാപ്പോലീത്തയായിട്ടു വാഴിപ്പാൻ നാം എല്ലാവരും കൂടെ നിശ്ചയിക്ക കൊണ്ടും അപ്രകാരം എഴുതിയും വിശ്വാസമുള്ള പോർത്തുഗാൽ രാജസ്ത്രീയോട് അപേക്ഷിച്ചാൽ നമ്മുടെ അപേക്ഷ കൈക്കൊണ്ടില്ലെങ്കിൽപോർത്തുഗാൽ രാജാവിനു മലങ്കരഇടവക വഴങ്ങുന്നതിനു മുമ്പെ നമ്മുടെ കാരണവന്മാർ കണ്ടിരുന്നപോലെ ശ്രേഷ്ഠ: പള്ളിക്കു വഴക്കമുള്ള കൽദായക്കാരുടെ മാർ യൌസേപ്പ് എന്നപേരുള്ള പാത്രിയർക്കീസിനെ വഴങ്ങി അവിടെ നിന്നു മെത്രാന്മാരെ വരുത്തി ബ. ഗോവർണ്ണദോരെ വാഴിച്ചു കൊള്ളുമാറും ഈ കായ്ത്തിന്റെ നിദാനം വരുന്നതിനു മുമ്പിൽ ഒരു മുടക്കു വന്നാൽ ആയതു അനുസരിക്കയില്ലെന്നും ഇപ്രകാരമൊക്കയുംനോംഎല്ലാവരുംകൂടി നിശ്ചയിച്ചുവയ്ക്കൊണ്ടു ഇതിനോടു മറുത്തു പുറപ്പെട്ടുന്നവരെ പള്ളിയോഗത്തിൽ നിന്നും പുറത്തു തിരിച്ചിരിക്കുമെന്നു ശേഷം പള്ളിക്കാർ എല്ലാവരോടുംകൂടെ ഒരു ഗുണദോഷമുണ്ടാകയില്ലെന്നും മലങ്കരയുള്ള വൻ ഇടവകക്കാരും കൂടി ബാവായുടെയും പുത്രന്റെയും പരിശുദ്ധാത്മാവായുടേയും നാമത്താൽ അങ്കമാലി വലിയപള്ളിക്കൽ മാർഗീവറുഗീസ് സഹദായുടെ മുമ്പാകെ വച്ചു സത്യമാകെ എഴുതിവച്ച പടിയോല—

മേൽ എഴുതിയ പടിയോലയുടെ വാചകം കൊണ്ടു മലങ്കരയുള്ള നസ്രാണികൾ നെസ്തോറിസ് പാഷാണ്ഡമതത്തിൽ ഉൾപ്പെട്ടിരുന്നാറെന്നും ഉദിയമ്പേരൂർ സുന്നഹദോസിൽ വച്ചു സത്യവിശ്വാസം കൈക്കൊണ്ടു എന്നും തോമ്മാനസ്രാണികൾ തന്നെ സമ്മതിച്ചിരിക്കുന്ന കായ്മാകുന്നു എന്നു മെഡ്‌ലിക്കോട്ടമുതലായവരുടെ ചരിത്രക്കാരു പറയുന്നതിന്റെ അസത്യം വൻ പള്ളിക്കാരു കൂടി "മുമ്പിൽ നമ്മുടെ കാരണവന്മാർ കണ്ടുനിന്നപോലെ ശ്രേഷ്ഠ. പള്ളിക്കു വഴക്കമുള്ള കൽദായക്കാരുടെ മാർ യൌസേപ്പ് എന്ന പേരുള്ള പാത്രിയർക്കീസിനെ വഴങ്ങി അവിടെ നിന്നു മെത്രാന്മാരെ വരുത്തി" എന്നു പറയുന്നതുകൊണ്ടു മുമ്പ് ബാബേലിൽ നിന്നു വന്നിരുന്ന മെത്രാന്മാർ ശ്രേ. പള്ളിക്കു വഴക്കമു

ള്ള മെത്രാന്മാരായിരുന്നു എന്നു തോമാനസ്രാണികളും വിശ്വസിച്ചിരുന്നു എന്നു തെളിയുന്നു. വിശേഷിച്ചും ഒരു പടിയോല നിശ്ചയം കാൽലീത്ത ക്കാരരായ ചില ലത്തീൻ ചരിത്രക്കാരും പറയുന്നതുപോലെ തിരുസ്സഭയുടെ കാനോനകൾക്കു വിരോധമുള്ളതല്ല. എന്തുകൊണ്ടെന്നാൽ ബാബേൽ പാത്രിയർക്കീസിന്റെ അധികാരം മലയാളത്തിൽനിന്നുമാറ്റപ്പെടാനീക്കിട്ടില്ലായിരുന്നു. അവിടെ നിന്നു മെത്രാന്മാർ വരായ്ക കൊണ്ടു വരാത്ത സമയംമാത്രമെ ലത്തീൻ മെത്രാന്മാർക്കു ഭരിക്കുന്നതിനു അധികാരമുള്ളു. അതുകൊണ്ടു ഫ്രൈ—ൽ മാർ ശെമഓൻ എന്ന കൽദായ മെത്രാൻ റൊമായിലും പോർത്തുഗാളിലും പോയി വേണ്ട സമ്മതത്തോടുകൂടി മലയാളത്തിൽ വരികയും അദ്ദേഹത്തിൽനിന്നു ആഞ്ചലൊ പ്രാൻസിസ്കൊ എന്ന രണ്ടാമത്തെ കമ്മലീത്ത മെത്രാൻ വാഴിച്ച ഏൽക്കയും ചതിയാലെയും ബലമായിട്ടും മാർ ശെമഓൻ മെത്രാനെ കമ്മലീത്തപാർട്ടിമാർ ആലങ്ങാട്ടുനിന്നും കൊണ്ടുപോയി അപായപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ൬ കോട്ടങ്ങല്ലൂർരൂപതയുടെമെത്രാപ്പൊലീത്തായായസൂറിയാനിക്കാരനായ കരിയാറിയാസെപ്പ് എന്നദ്ദേഹത്തിന്റെശേഷം കൊട്ടങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോരയിട്ട് നിശ്ചയിക്കപ്പെട്ടിരുന്ന പാറേമാക്കൽഗോവർണ്ണദോരക്ക് ഫ്രൈ—ം ആണ്ടിൽ യോഹന്നാൻ റിബെയിരൊ എന്ന മെത്രാപ്പോലീത്തവാണകാലം; അന്നത്തെ വരാപ്പുഴയിലെ വികാരി അപ്പോസ്തോലിക്ക ആഞ്ചലൊപ്രാഞ്ചിസ്കൊ എന്ന ദേഹം, കൊട്ടങ്ങല്ലൂർ രൂപതയുടെ മൊത്താന വഴങ്ങുന്നതിനു മനസ്സുള്ള തോമ്മാനസ്രാണികളുടെ മേൽ തനിക്കു യാതൊരു അർഹതയുമില്ലെന്നു പ്രസിദ്ധം ചെയ്തിരുന്നതുപോലെ, ഇന്നും (കൊട്ടങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോക്കു) വഴക്കം ചെയ്വാൻ മനസ്സുള്ള സൂറിയാനി ക്രിസ്ത്യാനികളും ഒക്കയും പൂർണ്ണ സ്വാതന്ത്ര്യത്തോടും അർഹതയോടും കാനോനായിയമപ്രകാരവും കീഴടങ്ങപ്പെട്ടിരിക്കുന്നു. ആയതുകൊണ്ടു ഒരു പടിയോല നിശ്ചയത്തിൽ പറഞ്ഞ സംഗതികളും ഒന്നും പള്ളിയുടെ കാനോനായിക്കു വിരോധമെന്നു വരുവാൻ പാടില്ലെന്നു തോന്നുന്നു. ഒരു കാല സമയം ഫ്രൈ കന്നിമാസത്തിൽ റോമാ ഉർബാൻ കാലേജിൽ പഠിച്ചു പട്ടമേറി മല്പാൻ സ്ഥാനം കൈക്കൊണ്ടിരുന്ന ഞാറയ്ക്കാരായ മാളേയ്ക്കൽശങ്കുരി ഗീവർഗ്ഗീസ് മൽപ്പാനും പുത്തനങ്ങാടി പൌലോസ് മൽപ്പാനും വന്നു ചേരുകയും അവർ വരാപ്പുഴ വികാരി അപ്പൊസ്തോലിക്കായുടെ ആജ്ഞയിൻ കീഴായിരുന്നു എങ്കിലും മലങ്കരയുള്ള സൂറിയാനിക്കാരൊക്കയും കൊട്ടങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോരയായ പാറേമാക്കൽതോമ്മാക്കത്തനാരച്ചനെ വഴങ്ങി നടപ്പാൻ കടപ്പെട്ടിരുന്നതു കൊണ്ടു ഗോവർണ്ണദോര് ടി യാന്മാരിൽ ശങ്കുരിക്കൽ ഗീവർഗ്ഗീസ് മൽപ്പാനെ പൂക്കോട്ട സെമ്മനാരിയിലും പുത്തനങ്ങാടി പൌലോസ് മൽപ്പാനെ ഗോവർണ്ണദോരിന്റെ ഇരിപ്പിടമായ അങ്കമാലി സെമ്മിനാരിയിലും ലത്തീൻ ഭാഷക്രമെയും പഠിപ്പിപ്പാനായി ആക്കുകയും ചെയ്തു.

ആസമയങ്ങളിൽതന്നെ വരാപ്പുഴ ഇടവകക്കാരായ പട്ടക്കാരും ജന
ങ്ങളും അവിടെനിന്നും കമ്മലീത്തരുടെ നിബ്ബന്ധത്താൽ പിരിക്കപ്പെട്ട
ഞാറയ്ക്കൽപള്ളി ഇടവകയിൽ ചേർന്നാടക്കയും ഫവ്വ്വ്-ാമാണ്ടിൽ വൃ
ശ്ചികമാസം ന്ം—ാം ൠ മാർ അന്ത്രയോസു ശ്ലീഹായുടെ പെരുനാൾ
ദിവസത്തിൽ ഗോവർണ്ണദോർ വരാപ്പുഴെ പുത്തൻപള്ളിയിൽഗീവർഗീ
സുസഹദായുടെ രൂപം വച്ചുപള്ളിഉദ്ഘാടനമാ ചെയ്കയും അതേവരെഞാ
റയ്ക്കൽ എടവക ക്രൂടിനടന്ന വരാപ്പുഴ ഇടവകക്കാരു പുത്തൻപള്ളിയി
ൽ സ്വന്തഇടവകയായിനടക്കയുംചെയ്തു. എന്നാൽവരാപ്പുഴെപള്ളിയുടെ
ഉത്ഭവം ഇപ്രകാരമാണു. വരാപ്പുഴന്തെ ആദ്യ ഇടവകക്കാർ ഇടപ്പ
ള്ളിപ്പള്ളിയുടെ ഇടവകക്കാരരായിരുന്നു. ആ ജനങ്ങളം എടപ്പള്ളിയി
ൽ ഉണ്ടായിരുന്ന ജോനകരുടെ ശല്യത്തെ അമച്ചു വരുത്തുന്നതിൽ വഴ
ക്കുണ്ടായതുനിമിത്തം വരാപ്പുഴെതന്നെവെള്ളത്തരകൻ, പുതുശ്ശേരി, വിത
യത്തി തളിയൻ മുതലായ മുപ്പത്തുരണ്ടിക്കാരിൽ നാല സുറിയാനിമാ
പ്പിളമാരുടെ പേരിൽ വരാപ്പുഴെപള്ളിവെക്കുന്നതിനു രാജാവിൽ നി
ന്നു ചെപ്പെട്ടിൽ ഉത്തരവു വാങ്ങിക്കയും കുരിശുപള്ളിയായി വെക്ക
യുംചെയ്തു. പിന്നീട്ട കമ്മലീത്താക്കാർവരാപ്പുഴതക്ക സ്ഥലമായികാണ
കൊണ്ടവരാപ്പുഴെജനങ്ങളെ സ്വാധീനപ്പെട്ടത്തി ടി. ചെമ്പേട് കൈ
വശപ്പെട്ടുത്തുകയും അവിടെതന്നെ പള്ളിനന്നാക്കുകയും തങ്ങൾക്കു മൂറി
കം വലുതായി പണിയിക്കയും സുറിയാനി ജനങ്ങളുടെ കായ്യം നട
ത്തുക വഹിച്ചിരുന്നതുകൊണ്ടു എളപ്പമായി ഇടവക തിരിക്കയുംചെയ്തു.
ആ പള്ളിയിൽ വലിയ പെരുനാളുകം ഒക്കയിലും സുറിയാനിക്കാരു
ടെ റാസക്കുബ്ബാന മുതലായ കാൎമ്മങ്ങളം രണ്ടു ശതാബ്ദത്തിനുമേൽ നട
ത്തുകയും ചെയ്തിരുന്നു. മേല്പറഞ്ഞ ചെമ്പേട്ട ഇപ്പൊഴും വരാപ്പുഴ ആ
ധാരപ്പെട്ടിയിൽ കാണുന്നതാണു. മുപ്പത്തിരണ്ടിക്കാരു എന്നു പറയു
ന്നതിനുള്ള കാരണം സുറിയാനിജനം അറുപത്തിനാലിക്കാരു എന്നപൂ
ൎവ്വമായി വിളിച്ചുവരികയിൽ പുത്തൻകൂറ് ഉണ്ടായി പകുതി ജനത്തോ
ളം പിരിഞ്ഞുപോയതുകൊണ്ടു കത്തോലിക്കാഒന്നിപ്പിൽ നിൽക്കുന്ന
ജനത്തിനും പിരിഞ്ഞുപോയതിനും അറുപത്തുനാലിൽ പകുതി മുപ്പ
ത്തുരണ്ടിക്കാരു എന്നു പറഞ്ഞുവന്നതുമാണു.

അങ്കമാലിയിൽവച്ചു എഴുതിയ പടിയോല നിശ്ചയത്തിന്റെ ശേഷം
കമ്മലീത്താപാതിമാരും സുറിയാനിക്കാരോടുചെയ്ത ഉപദ്രവങ്ങളെ
പറ്റി തിരുവിതാംകൂർ രാജാവിന്റെ പക്കൽ അറുവലാധി
ബോധിപ്പിക്കയും കായ്യങ്ങം വിസ്തരിച്ചു വരാപ്പുഴ മെ
ത്രാനും പാദ്രിമാക്കും ഫ്രാൻസുപാപ്പിഴനിശ്ചയിച്ചു
തീൎപ്പിക്കയും ചെയ്തു. വരാപ്പുഴമെത്രാനും പാ
ദ്രിമാരും തിരുവിതാംകൂറിൽ വച്ചു
സമ്മതകുറിച്ചിട്ടു.

പകർപ്പ്.

൯൩൨. (ക്രിയ) ാം മാണ്ടു മീനമാസം ൨൩—ാംനു- ശ്രീപണ്ടാരക്കാര്യം ചെയ്യാറകം മുമ്പാകെ വരാപ്പുഴ കമ്മലീത്താദർശനത്തിൽ ഉൾപ്പെട്ട മെത്രാനും പാദ്രിമാരുംകൂടി എഴുതിവച്ച കച്ചീട്ടിയാവിതു.

ഇന്ത്യാകരയിൽ ഇരിക്കുന്ന സുറിയാനിക്കാരു പഴയകുറിലുള്ള നസ്രാണിമാപ്പിളമാരു അവരുടെ ജാതിമാർഗ്ഗമയ്യാദനടത്തുന്നതിനു മെത്രാനില്ലായ്കകൊണ്ടും പള്ളിക്കാരു വരാപ്പുഴമെത്രാനോടു അപേക്ഷിക്കകൊണ്ടും ഞങ്ങടം ആയതു അനുസരിച്ചു അവർക്കു ദർശനവുംകൊടുത്തു മാർഗ്ഗമയ്യാദ നടത്തിച്ചുവരുമ്പോടം ഞങ്ങളും നസ്രാണിമാപ്പിളമാരും പല കാര്യങ്ങടംകൊണ്ടും വിവാദമുണ്ടാകകൊണ്ടു അവരെല്ലാവരുംകൂടി കരിയാറിമല്പാനെ റോമക്കയച്ചു. വേദതലവനായ മാപ്പിപ്പായെ കണ്ടു. ഇന്ത്യാക്കരപള്ളികടംക്കു മെത്രാപ്പോലീത്തായായിട്ടു സ്ഥാനവും ഏറവു അവിടത്തെ കടതാസുംകൊണ്ടു വരുമ്പോടം ഗോവയിൽവച്ചു ടിയാൻ അപായം വന്നുപോകകൊണ്ടു ആ സ്ഥാനം വിചാരിക്കുന്നതിനു പാറേമ്മാക്കൽ തോമ്മാക്കത്തനാരു ഗോവർണ്ണദോരായിട്ടു വരികകൊണ്ടു നസ്രാണിമാപ്പിളമാരുടെ ജാതിമയ്യാദയും പള്ളിയും ടിയാനേക്കൊണ്ടു നടത്തിച്ചുകൊള്ളുകയുംവേണം. ആയതല്ലാതെകമ്മലീത്താദർശനത്തിൽ ഉൾപ്പെട്ടത്തി അവരെ ഞങ്ങളുടെ വേദമയ്യാദ പഠിപ്പിക്കയുമില്ല. അവരുടെ പള്ളി എടപെട്ട കാര്യങ്ങടം വിചാരിപ്പാൻ ഞങ്ങടം പോകയുമില്ല.

ഇപ്പടി സമ്മതിച്ചു ഇന്ത കച്ചീട്ടു എഴുതിവച്ചു വരാപ്പുഴെ ളയീനു് മറിയംഉസ്സൽമെത്രാൻ- പാദ്രിമാർ പ്രൻസീസ്കോസു, ലെയറൻസ്യോസു്, പൌലീനോസു, യോഹന്നാൻ.

പാദ്രിമാരുടെ തനതു കച്ചീട്ടു പകർപ്പു്

൯൩൨—ാമാണ്ടു മേടമാസം ൨—ാംനു- ശ്രീപണ്ടാരക്കാര്യം
ചെയ്യാറകം മുമ്പാകെ വരാപ്പുഴെ കമ്മലീത്താ
ദർശനത്തിൽ പൌലീനോസുപാദ്രിയും
യോഹന്നാൻ പാദ്രിയുംകൂടി
എഴുതിവച്ചകച്ചീട്ടാവിതു.

കല്ലുക്കാട്ടുപുതുപ്പണ്ണിൽ ഇത്താക്കുകത്തനാരു.വരാപ്പിഴ പള്ളിയിൽ ൯൮൬(ക്രൈ)-ാമാണ്ടുവന്നതിന്റെശേഷംഅവിടെനിന്നുംഏതാനുംമുതൽകാര്യം മോഷ്ടിച്ചുകൊണ്ടുപോയിഎന്നുവച്ചു ടി കത്തനാരു എടപ്പള്ളിയിൽ പാർക്കുമ്പോടം മാസ്ക്കാരെയും പ്രഞ്ചീസ്കുസാലേസു പാദ്രിയേയും

ക്രൂടി അയച്ചു പിടിച്ചു കൊണ്ടുവന്നു മുറിയിൽ ഇട്ടുപൂട്ടി അപായം വരുത്തിയതിനു മെത്രാനും ഞങ്ങളുംകൂടി പിഴ സമ്മതിക്കൊണ്ടു ആ പിഴകൊടുപ്പിക്കുംവണ്ണം പ്രായശ്ചിത്തം ചെയ്തുകൊടുക്കുകയും ആം

ഇപ്പടിസമ്മതിച്ചു ഇതുകച്ചീട്ടു എഴുതിവച്ചു വരാപ്പുഴെ പൌലീനോസ് പാദ്രിയും യോഹന്നാൻ പാദ്രിയും.

അങ്കമാലിപള്ളിയിൽവച്ചു ചെയ്തപടിയോലനിശ്ചയം.

അതിൽ പ്രധാനമായി ജാതിയിലുള്ള പാറേമ്മാക്കൽ ഗോവർണ്ണദോരെ കണ്ടുനടക്കയും മേലാൽ ബാബേലിൽനിന്നു മെത്രാന്മാരെവരുത്തി സ്വജാതിയിൽ മെത്രാനെ വാഴിച്ചു നടക്കണമെന്നുള്ള നിശ്ചയം കൊണ്ടു വരാപ്പുഴ മെത്രാന്റെ അധികാരം മുഴുവനും അറുപോയിരിക്കുന്നുവെന്നു വരാപ്പുഴ കുമ്മലീത്താപാദ്രിമാർ കണ്ടു ആ ഉടമ്പടി ദുർബ്ബലപ്പെടുത്തുന്നതിനുള്ള ശ്രമം തുടങ്ങി. അതിനു കൊച്ചീരാജാവിന്റെ പക്കൽ അവലാധിബോധിപ്പിക്കയും അദ്ദേഹത്തിന്റെ പ്രത്യേകപ്രയത്നം പോർത്തുഗീസ് കാരനുമായ ദിസിൽവാക്ലേരിയേയുംകൂട്ടി കൊച്ചീരാജാവു പൊവ്വരെ ഇരിക്കുമ്പോൾ തിരുമുമ്പാകെ കുമ്മലീത്താപാദ്രിമാരും ക്ലേരിയുംകൂടി തിരുമനസ്സറിയിച്ചു ചെന്നു ബോധിപ്പിച്ചു തെന്തെന്നാൽ പാറേമ്മാക്കൽ ഗോവർണ്ണദോരെന്നു മറാരെയും ജാതിപ്രമാണനായി കൈക്കൊള്ളുകയില്ലെന്നു തോമാനസ്രാണികൾ അങ്കമാലിയിൽവച്ചു പടിയോല എഴുതി നിശ്ചയിച്ചതു കൊച്ചീരാജാവിനെ തിരുമനസ്സറിയിക്കാതെ ചെയ്തതു തെറ്റാണെന്നു ബോധിപ്പിച്ചു. അതിനു വരാപ്പുഴെ പാദ്രിമാർവളരെ ഉറുപ്പിക കൈക്കൂലിയുംകൊടുത്തു കൊച്ചീരാജാവിനേക്കൊണ്ടു കൊച്ചീരാജ്യത്തിൽ പെട്ട പന്ത്രണ്ടു പള്ളിക്കാരെക്കൊണ്ടു വന്നാറു ഉറുപ്പിക പിഴകൊടുപ്പിച്ചീട്ടു വയ്പിച്ചു. ആ വിധം തന്നെ തുപ്പാപ്പുസ്വരൂപമായ തിരുവിതാംകൂർ രാജാവിന്റെ പക്കലും ചെന്നു ബോധിപ്പിച്ചു. എന്നാൽ തിരുവിതാംകൂർ രാജാവു തോമാനസ്രാണികളേയും തച്ചിൽ മാത്തുത്തരകനേയും വരുത്തി കാര്യം കേട്ടതിന്മേൽ മറുപടി അറിയിക്കാമെന്നു കല്പിച്ചു. പിന്നീടു തോമാനസ്രാണികളേയും മാത്തുത്തരകനേയും വരുത്തികാര്യങ്ങൾ കേട്ടതിൽ തിരുവിതാംകൂർ മഹാരാജാവു പാറേമ്മാക്കൽ ഗോവർണ്ണദോരേയും സ്വന്തജാതിക്രമത്തിലുള്ള മെത്രാന്മാരേയും കണ്ടുനടക്കുന്നതല്ലാതെ ലത്തീൻകാരായ കൊടുങ്ങല്ലൂരിലെ ജെസുചിത്തുമെത്രാന്മാരെയും വരാപ്പുഴ കുമ്മലീത്താമെത്രാന്മാരെയും കൈക്കൊണ്ടുനടപ്പാൻ ആവശ്യമില്ലെന്നു കല്പിച്ചു നീട്ടി കൊടുത്തു

നീട്ടിന്റെ പകർപ്പ്"

നിനവു,അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാർകണ്ടു. നിങ്ങൾക്കു

മാറ്റുമയ്യാദനടത്തിക്കുന്നതിന്നു സൂറിയാനിപരിഷയിൽ മെത്രാന്മാരില്ലായ്കകൊണ്ടു വരാപ്പുഴെപ്പാക്കുന്ന കമ്മലീത്തമെത്രാനും പാദ്രിമാരും ക്രൂടിപള്ളി നടത്തിച്ചു വരുമ്പോൾ നിങ്ങളും മെത്രാനും പാദ്രിമാരുംതങ്ങളിൽ പലകൂട്ടം കായ്ങ്ങൾകൊണ്ടു തങ്ങളിൽ വിവാദം ഉണ്ടാകകൊണ്ടു പാദ്രിമാരും ക്രൂടെ നാം ഇരിക്കുന്നൊടത്തുവന്നു കായ്ംകൊണ്ടു കേട്ടതിൻെറ ശേഷം സൂറിയാനിപരിഷയിൽ മെത്രാനെ ഉണ്ടാക്കി നടത്തിച്ചു കൊള്ളത്തക്കവണ്ണവും റൊമയിലെ കടലാസുകരിയാറി മെത്രാൻ കൊണ്ടുവരികകൊണ്ടും അതിൻവണ്ണം തന്നെ മെത്രാനെയാക്കി ജാതിമയ്യാദനടത്തിച്ചുകൊള്ളത്തക്കവണ്ണവും നിങ്ങളുടെപള്ളിക്കകമ്മലീത്താക്കാർക്കു അവകാശമില്ലെന്നും വരാപ്പുഴെ മെത്രാനും പാദ്രിമാരും നമ്മുടെ മനസ്സിൽ കുമ്പിട്ടു എഴുതിവയ്ക്കകൊണ്ടും കരിയാറി മെത്രാൻ കഴിഞ്ഞതിൻെറ ശേഷം പുത്തഞ്ചിറയും വരാപ്പുഴയും മെത്രാന്മാർ വിചാരിച്ചിരുന്ന പള്ളികളും നിങ്ങളുടെജാതിമയ്യാദയും നടത്തിക്കുന്നതിന്നു പാറെമ്മാക്കൽ തോമാകത്തനാരെഗോവണ്ണ്ടോർക്കുകൊണ്ടും, അദ്ദേഹത്തിന്നു തന്നെനിങ്ങളുടെ ജാതിമയ്യാദ പോലെമെത്രാൻെറസ്ഥാനത്തിവും കൊടുപ്പിച്ചു അങ്കമാലി മുതലായിട്ടുള്ള പള്ളികളെ കീഴ്മയ്യാദപോലെ നടത്തിച്ചു കൊള്ളണം. ഗോവണ്ണ്ടോർക്കു പള്ളക്കുംമേല്പടിയാൻെറ കൂടെ വ്വാത്തുപള്ളിക്കായ്ങ്ങൾ വിചാരിക്കുന്ന കത്തങ്ങളും പേര. ഫ്രാൻസും പള്ളിഅധികാരി എന്നപേരും ഡൊലിയും കുടയും ചങ്ങലവിളക്കും ശേഷമുള്ള പള്ളിയിലെ കത്തങ്ങൾക്കൊക്കയും കുടയും ചങ്ങലവിളക്കും കൊടുക്കകൊണ്ടു ഇതിന്മണ്ണമുള്ള സ്ഥാനമാനങ്ങളും നടത്തിച്ചു പള്ളിക്കായ്ങ്ങൾ കീഴ്മയ്യാദപോലെ വിചാരിച്ചു പള്ളിഎടപ്പെട്ടും നിങ്ങളുടെ ജാതിഎടപ്പെട്ടും വിശേഷാൽ വേണ്ടുന്നതിനൊക്കയും പള്ളിക്കാരെല്ലാവരും നാം ഇരിക്കുന്നൊടത്തു വന്നു നമ്മേബോധിപ്പിച്ചു നടന്നുകൊള്ളുകയും വേണം എന്നും ഇപ്പടിക്കു ൻസ്വ—ാമാണ്ടുമേടമാസം ഫ്ര—ാംദിവിസം.

തിരുവുളത്തിൻ പടിനിനവാഎഴുതിയ വലിയമേലെഴുത്തകണ്ണക്കപിറച്ചുട്ടും പെരുമാൾ മാതവൻ എഴുത്തു.

പാറേമാക്കൽ ഗോവണ്ണ്ടോർക്കു തന്നെ കല്പിച്ചുകൊടുത്തുനീട്ടിൻെറ പകുപ്പ്.

നിനവു, പാറേമാക്കൽ തോമാകത്തനാര, ഗോവണ്ണ്ടോരകണ്ടു. അങ്കമാലി മുതലായിട്ടുള്ള നസ്രാണി മാപ്പിളമാരുടെ പള്ളികളിൽവരാപ്പുഴെമെത്രാനും പുത്തഞ്ചിറമെത്രാനും മാറ്റുമയ്യാദ വിചാരിച്ചു നടത്തിച്ചു വന്നതിൻവണ്ണം വിചാരിച്ചുനടത്തിക്കേണ്ടുന്നതിന്നു ഗോവണ്ണ്ടോരെ ഏല്പിക്കകൊണ്ടു കീഴ്മയ്യാദപോലെ അങ്കമാലി മുതലായ

ട്ടുള്ള നസ്രാണിമാപ്പിളമാരുടെ പള്ളികളിൽ മാർഗ്ഗമയ്യാദവിചാരിച്ചുന
ടന്നുകൊൾകയും വേണം എന്നും ഇപ്പുടിക്കു ൻന്നവ—ാമാണ്ടു തുലാമാ
സം ൪—ാനു- തിരുവുളത്തിൻ പടിനിന്നവഎഴുതിയ വലിയമേലഴുത്തു
കണക്ക പിറപുടം പെരുമാൾ മാധവൻ എഴുത്തു-

അങ്കമാലിയിൽ കൂടിയതോമാനസ്രാണികൾ എല്ലാവരും മേ
ൽ നടപ്പിന്നു വേണ്ടി നിശ്ചയിച്ചവകളിൽ ഒരുപ്രധാന സംഗതി മേൽ
നടപ്പിന്നു വേണ്ടി ക്രവ്വെ—ാംകാലം കുംഭമാസം പഴയകണക്കിൽ
വ—ാം ദിവസം നിശ്ചയിച്ചുതാകുന്നു. എന്തെന്നാൽ ഗോവർണ്ണദോരി
ൻ അലോചനക്കാരരായി ക്രവ പട്ടക്കാരുണ്ടാകണമെന്നും അ ക്രവ പ
ട്ടക്കാരുടെ അലോചനയോടുകൂടി കായ്ങ്ങളും നടക്കണമെന്നും അ
വരിൽ ഒരുവൻ മരിച്ചാൽ ഗോവർണ്ണദോരും ശേഷംപേരും കൂടി
പകരം ആളെനിശ്ചയിക്കണമെന്നും; ഗോവർണ്ണദോർക്കും ക്രവപട്ടക്കാ
ർക്കും വേണ്ടും ചിലവിന്നു പള്ളികളിൽ നിന്നു നിദാന ചിലവുകഴിച്ചുള്ള
മിച്ചം ചിലകാലത്തോളം ടി സമൂഹത്തിന്നു ഏല്പിക്കണമെന്നും അമു
തൽ സമൂഹക്കാര ർ ദിക്കിലായി ഇട്ട അതിന്റെ വരവുകൊണ്ടു ചി
ലവു നടക്കണമെന്നും ക്രവ പേരിൽ യാതൊരുത്തൻ മരിച്ചാൽ അ
ദ്ദേഹത്തിന്റെ സ്വത്തുക്കളും സ്വന്തം വീട്ടുകാർക്കു കൊടുക്കാതെ സമൂഹ
ത്തിൽ ചേർക്കണമെന്നും മറുമാണു- തല്സമയം ക്രവ പട്ടക്കാരെ
തിരിഞ്ഞെടുത്തവരുടെ പേരുവിവരം കല്പനപള്ളിഇടവകക്കാരൻ ഉ
ക്കൻവർഗീസകത്തനാരച്ചൻ. വെളിയനാട്ടെക്കെക്കരെ ചാക്കുകിരിയാ
കത്തനാരച്ചൻ. പുത്തൻചിറെപഴയാറ്റി ഇട്ടിച്ചെറിയുകത്തനാരു.ചാ
ലക്കുടി ചെറമേൽവർഗീസകത്തനാരു-അങ്കമാലി ഉറമ്പത്തുഅബ്രാഹം
കത്തനാർ കുത്തിയതോട്ടുങ്കര തച്ചിൽ അബ്രാഹം കത്തനാർ. ചെന്ന
മംഗലത്തു കാപ്പുപ്പിള്ളി യെൽംസപ്പകത്തനാര. പട്ടവനപാവുർ മുട്ടം
തോട്ടിൽ കോരതുകത്തനാർ. പാലായിൽ കട്ടക്കയത്തു അബ്രാഹംക
ത്തനാർ. ആനക്കല്ലുങ്കൽ പ്ലാത്തോട്ടത്തിൽ തോമാകത്തനാർ ചുങ
ത്തു ഇല്ലിക്കൽ പാനോസകത്തനാർ ചങ്ങനാശേരി തെക്കേകരെ ക
ഞ്ഞിചെറിയകത്തനാർ. ൦രം ക്രവ പേരും എജമാനൻ കല്പിക്കുന്നോട
ത്തു പാർത്തു മാർഗ്ഗമയ്യാദക്കു വേണ്ടും കായ്ങ്ങളും പ്രയത്നിച്ചു കൊള്ള
ണം. ഗോവർണ്ണദോർക്കും അലോചനക്കാരായ ക്രവ പട്ടക്കാർക്കും ശേഷം
കത്തങ്ങർക്കും നാട്ടിൽ ബഹുമാനത്തോടുകൂടെ നടക്കുന്നതിന്നു വേ
ണ്ടും പദവികൾ. അവകാശങ്ങളും കിട്ടുവാനായി മാത്തുതരകൻ തിരുവി
താംകൂർ രാജാവിന്റെ പക്കൽ ബോധിപ്പിക്കയും അതിന്മേൽ നീ
ട്ടും പ്രകാരം അനുവദിച്ചുകൊടുത്തതിന്നു അടിയറവു തീൻ കലിപ
ണം രണ്ടുലക്ഷത്തിഏഴായിരത്തിമുന്നൂറ്റി അറുപതു. ൨൦൯൯൩൦)മുപ്പ
തിനായിരത്തിതൊള്ളായിരത്തിഎട്ടിൽ ചിലവാനം നൂറൻവ്വ൨)ളുപാ

ടി. പണം പള്ളിക്കും ജനങ്ങൾക്കുംവീതം.

കല്ലുക്കാട്ടപള്ളി	൪൦൦൦	മാപ്പിളമാർ	൯൦൦൦
പുളിങ്കുന്നപള്ളി	൩൦൦൦	ടി.	൬൪൦
ആലപ്പുഴ	൨൦൦൦	ടി.	൩൨൦൦
പ്രക്കാട്ട	൫൦൦൦	ടി.	൫൩൨൦
ചങ്ങനാശേരി	൩൦൦൦	ടി.	൬൪൬൦
വായ്പൂർ	൫൨൦൦	ടി.	൨൯൦൦
കാഞ്ഞിരപ്പള്ളി	൫൦൦൦	ടി-	൩൨൯൦
കോട്ടയം	൩൨൦	ടി.	൨൦൦൦
പുന്നത്തുറെ	൩൩൨	ടി.	൫൨൦൦
പാലാ	൩൬൬൦	ടി.	൬൬൦൦
രാമപുരത്തു	൯൯൦	ടി.	൬൦൦
കടൽനാട്ട	൩൬൪	ടി-	൩൬൦
ആനക്കല്ലുങ്കൽ	൩൦൦൦	ടി.	൬൦൦൦
പ്രവിത്താനത്തു	൫൦൦	ടി.	൯൪൦
ഇടരാറുപുഴ	൬൦൦	ടി.	൯൩൦
പൂഞ്ഞാറു	൫൬൬	ടി.	൩൦൬
പൈങ്ങോളം	൬൬	ടി.	൪൦൦
ചേർപ്പുങ്കൽ	൬൫൦	ടി.	൨൭൦൦
ചുങ്കത്തു	൩൭൦൦	ടി.	൨൩൨൦
മൈലക്കൊമ്പു	൩൪൦	ടി.	൬൦൦
ഞെടിയശാലെ	൩൨	ടി.	൫൦൦
നാഗപ്പുഴ	൩൩	ടി.	൩൨൦൦
മുതലക്കോടത്തു	൩൨൦൦	ടി.	൯൦൦൦
തത്തംപള്ളി	൪൪൦	ടി.	൬൦൦
മുട്ടത്തു	൨൨൬൦	ടി.	൩൨൦൦
പള്ളിപ്പുറം	൪൦൦൦	ടി.	൬൬൬൦
തെക്കൻപറൂർ	൬൦൦	ടി.	൨൭൦൦
വടയാറു	൩൩	൦	൦
കണ്ടനാട്ട	൩൩	ടി.	൨൬൦
ഉദിയന്നേത്തുർ	൨൬	ടി.	൪൦൦
ചെമ്പിൽ	൫൩൦	൦	൦
കൊറവങ്ങാട്ട	൬൩൬൦	ടി.	൬൦൦൦
കൊടമാളൂർ	൨൬൦൦	ടി.	൪൦൦൦
അതിരമ്പുഴെ	൫൨൦൦	ടി.	൪൦൦൦
കൊടുവാച്ചൂര	൨൪൦൦	ടി.	൫൬൦൦
മുട്ടമിറെ	൨൬൯൦	ടി.	൪൦൦൦

താഴത്തുകടത്തുരുത്തി	ഡഡഡ0	ടി.	ഡഡ0൪
കടത്തുരുത്തിവലിയപള്ളി	ഡ0൪0	ടി.	ഫന്ദ00
എലഞ്ഞി	ന്ദൻ0	ടി.	ഫ000
പൊറൊത്തു	ന്ദ0	ടി.	ഡ00
മൊളശ്ശള	൪0	ടി.	ന൭0
കോതമല്ലൂർ	ഫ൭0	ടി.	ന൦0
ഐളൂർ.	ഫഡ00	ടി.	ഫ൪00
വടകര	ഡ൭0	ടി.	ഡ൭0
ആരശ്ശഴ	ഡ വ൭0	ടി.	ഡ000
കാരകുന്നത്തു	൪0	ടി.	ന൭0
കോതമംഗലം	ഫ൪00	ടി.	ഡ൭00
കുറുപ്പുംപടി	ൈ	ടി.	൯00
കെഴക്കുംവലത്തു	ന്ദന്ദ0	ടി-	ഫഡ00
ചേലമറത്തു	ൈ	ടി.	ന൦00
മലയാറ്റൂരും പേരാനെല്ലൂരും	ൈഡ0	ടി.	0
അങ്കമാലി	൪0൭0	ടി.	ൈ൭0
മഞ്ഞപ്ര	ഡ൭0	ടി.	ഡന൭0
ആലങ്ങാട്ടു	൭00	ടി.	൪ൈ00
കുത്തിയതോട	ഡ൭0	ടി.	ഡന്ദൈ
വടക്കൻപറൂർ	൪000	ടി.	ൈ൭0
മൂഴിക്കുളം	൭00	ടി.	ന൪00
പുത്തൻചിറ	൪൭0	ടി.	ഫ൭00
പൈനാമംഗലം പുത്തൻ വേലിക്കരെ മാപ്പിളമാക്ക			ന൯0
രാപ്പുഴ മാപ്പിളമാക്ക്			ഡന്ദ00
എടപ്പള്ളിപള്ളിക്ക	ഡ000	മാപ്പിളമാക്ക	ന്ദ00

തിരുവനന്തപുരത്തു രാജാവിൻ പക്കൽ നിന്നു മേൽപ്രകാരമുള്ള നീട്ടകളും സ്ഥാനമാനങ്ങളും പ്രത്യേകം തച്ചിൽ മാത്തുത്തരകൻ വഴിയായി പ്രാപിച്ചതിന്റെ ശേഷം ഗൊവർണ്ണദോരച്ചനും കത്തങ്ങളും തച്ചിൽ മാത്തുത്തരകൻ മുതൽപേർ മാപ്പിളമാരും ആയുധ അകമ്പടിയോടുകൂടി കൊച്ചി തൃപ്പൂണിത്തുറെ രാജാവിന്റെ പക്കൽ ചെന്നവിവരങ്ങളും ബോധിപ്പിക്കയും ചെയ്തു.

മുൻ ഡന്ദ00 ശ്രുപാപിഴ നിശ്ചയിച്ചതു സങ്കടമെന്നും പഴയ നടപ്പും പ്രകാരം അക്കദിയാക്കോവിൻ സ്ഥാനത്തായി പാറേമാക്കൽ ഗോവണ്ണദോരെ നിയമിക്കണമെന്നും സങ്കടം പറഞ്ഞു ആയതിനു കൊച്ചീരാജാവ് ദയവായി ഡന്ദ00 ക. പിഴനിശ്ചയിച്ചതുനീക്കംചെയ്തയച്ചതിരുവിതാംകൂറിൽനിന്നുകൊടുത്തിട്ടുള്ളനീട്ടകളിൻ പ്രകാരം കൊച്ചിസംസ്ഥാനത്തുനിന്നുതീട്ടരങ്ങും തന്നതിനു അടിയറവും വാഴ്വും തിരുമൽക്കാഴ്ചയായും

കൊച്ചീരാജ്യത്തുള്ള പള്ളികളും പതിനായിരംരൂപ വീതമിട്ടു കൊടുക്കുകയും ചെയ്തു. ചേരമാൻപെരുമാളായി ചെമ്പേട്ടിൽ തോമാനസ്രാണികളും ബ്രാഹ്മണർക്കു തുല്യമുള്ള പദവികളും സ്ഥാനമാനങ്ങളും തന്നു. തോമാനസ്രാണികൾ അതുംപ്രകാരം നടക്കയും ചെയ്തിരുന്നാലും പ്രത്യേകമായി കൊച്ചീരാജാവിന്റെ വിശ്വസ്ഥ ഭടന്മാരും ഉദ്യോഗസ്ഥന്മാരും കോവിലകത്തു അന്തരംഗസേവകന്മാരായും ഹിന്തു ഉടഭാവനയായ കൂടുമി, കുട്ടക്കൻ മുതലായതു ധരിച്ചും തീണ്ടൽ, തൊടീൽ മുതലായിരിക്കുന്ന ആജ്ഞകളും അനുസരിച്ചും ക്രിസ്ത്യാനികൾ എന്ന അറിവാൻ നെഞ്ഞത്തു കുടമയിലും വെള്ളി, പൊന്നു കൊണ്ടുള്ള കുരിശുകളും ധരിച്ചും നടന്നിരുന്നു എന്നുവരികിലും ക്രി൭൦൦-൦ം കാലം പോർത്തുഗീസുകാർ വന്നപ്പോൾ തൊട്ട് അവരോടു സഖ്യതയായി പ്രത്യേകം ഉദിയന്നേർ സുനഹദോസിൽ വച്ചു മേല്പറഞ്ഞ നടപടികളും ചെയ്യും നിരുത്തൽ ചെയ്തതുകൊണ്ടു ഹിന്തുരാജാക്കളുടെ പക്കൽ തോമാനസ്രാണികൾക്കുണ്ടായിരുന്ന ബഹുമതി കുറകയും ചേരമാൻപെരുമാൾ അനുവദിച്ചു നടത്തിപ്പോന്നിട്ടുള്ള നടപടികളും വീഴ്ചയായിപ്പോകയും ചെയ്തു. അതിനാൽ ചിലതു തച്ചിൽ മാത്തുത്തരകൻ മഹാന്തിരം മൂന്നർ പ്രാപിക്കയും ചെയ്തു എങ്കിലും പോർത്തുഗീസുകാർ വന്നതിന്റെശേഷം മാർഗ്ഗത്തിൽപൂകിച്ച മുക്കുവർ, ഈഴവർ, പുലയർ, പറയർ മുതലായ ഹീനജാതികളേയും അതിൽനിന്നുള്ള പാദ്രിമാരേയും ഹിന്തുസക്കാർ അവരവരുടെ പഴയ സമ്പ്രദായപ്രകാരം കച്ചേരി മുതലായ സ്ഥലങ്ങളിൽ അകത്തി നിർത്തുകയും തീണ്ടൽ അനുസരിക്കയും ചെയ്തിരുന്നു- അതുകൊണ്ടു തച്ചിൽ മാത്തുത്തരകൻമൂലം തോമാനസ്രാണികൾക്കും കത്തനാർക്കും കിട്ടിയ ബഹുമതി ചെറുതല്ല.

കൊച്ചിരാജാവിന്റെ തീട്ടൂരത്തിൻ പകർപ്പ്

അരുളിചെയ്തു. നമ്മുടെ അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാർ എല്ലാവർക്കും കൂടെയെന്നാൽ, അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാർ നസ്രാണിമാപ്പിളമാർക്ക കീഴ്മര്യാദ സുറിയാനിക്കാരിൽ മെത്രാന്മാര വന്ന കാര്യവും ക്രിയയും നടത്തിച്ചുള്ളൂ വന്നിരുന്നതു. ഇപ്പോൾ അവകയിലുള്ള മേത്രാന്മാര വരായ്കകൊണ്ടു ഇപ്പോൾ കുറഞ്ഞൊരുകാലത്തിന്നിപ്പുറം പുത്തഞ്ചിറയും വരാപ്പുഴയും ഇരിക്കുന്ന മെത്രാന്മാരെകൊണ്ടല്ലൊ കാര്യവും ക്രിയയും ചെയ്യിപ്പിച്ചുവരുന്നതു. ഇപ്പോൾ നിങ്ങളും മെത്രാനും പാദ്രിമാരും തമ്മിൽ പലക്രട്ടം കായ്യംകൊണ്ടും തങ്ങളിൽ വിവാദം ഉണ്ടാകകൊണ്ടു ആ കായ്യംകൊണ്ടു ഒക്കെയും ഇവിടെ വച്ചു പറഞ്ഞുതീർത്തു ഇനിമേലിൽ ലത്തീൻകാര മെത്രാന്മാക്കും പാദ്രിമാക്കും സുറിയാനിക്കാരുടെ പള്ളികളിലും സുറിയാനിക്കാരോടും ഒരു സംബന്ധവും ഇല്ലാത്തവണ്ണം പറഞ്ഞുവച്ചു തീക്കൊണ്ടും ഇനി

മേലിൽ അങ്കമാലി മുതലായിട്ടുള്ള സുറിയാനിപ്പള്ളികളിൽ കീഴ്മ
ര്യാദ മെത്രാന്മാര നടത്തിച്ചുവന്നിരുന്നതിനുണ്ണുമുള്ള കമ്മങ്ങളും ക്രിയ
കളും നടത്തിച്ചു തരത്തക്കവണ്ണം പാറേമാക്കൽ തോമ്മാകത്തനാര
ഗോവർണ്ണദോരെ കല്പിച്ചിരിക്കകൊണ്ടും ഗോവർണ്ണദോരെ മെത്രാനാ
ക്കി വാഴിക്കത്തവണ്ണം കല്പിച്ചു നിശ്ചയിച്ചിരിക്കകൊണ്ടും നിങ്ങൾക്ക
കമ്മവും ക്രിയയും വേണ്ടുന്നതിനെ പാറേമാക്കൽ തോമാകത്തനാര
ഗൊവർണ്ണദോരെ അനുസരിച്ചു നടന്നുകൊള്ളുമാറും കല്പിച്ചു് നാം തീ
ട്ടരം തന്നു. എന്നാൽ ഇതു കൊല്ലം ൯൨൬—ാമതു കുക്കട ഞായറിൽ
കല്പിച്ചരുളിയമെക്കു്. കണിയന്തര കോവിലകത്തു ഇരുന്ന അരുളിയ
പ്പൊരുതിൽ അമ്പാട്ടികയ്യെഴുത്തു.

പാറേമാക്കൽ ഗൊവർണ്ണദോക്കുള്ള തീട്ടരം

അരുളിച്ചെയ്തു. നമ്മുടെ പാറേമാക്കൽ തോമകത്തനാര ഗോ
വർണ്ണദോക്കു്. എന്നാൽ അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാര നസ്രാ
ണി മാപ്പിളമാക്കു കീഴ്മര്യാദ സുറിയാനിക്കാർ മെത്രാന്മാര വന്നുന
ത്തിച്ചല്ലൊ വന്നിരുന്നതു. ഇപ്പോൾ അവകയിലുള്ള മെത്രാന്മാര വ
രായ്കകൊണ്ടു ഇപ്പോൾ കുറഞ്ഞൊരുകാലത്തിന്നിപ്പുറം പുത്തമ്മിറായും
വരാപ്പുഴയും ഇരിക്കുന്ന മെത്രാരെക്കൊണ്ടല്ലൊ മലങ്കരയുള്ള പള്ളി
കളൊക്കയിലും കമ്മവും ക്രിയയും ചെയ്യിപ്പിച്ചുവരുന്നതു. ഇപ്പോൾ മാ
പ്പിളമാരും മെത്രാനും പാതിരിമാരും തമ്മിൽ പലക്രുട്ടം കായ്മും കൊണ്ടു
തമ്മിൽ വിവാദം ഉണ്ടാകകൊണ്ടും അതു കായ്മകൊണ്ടാക്കയും ഇവി
ടെവന്നു പറഞ്ഞുതീർത്തു ഇനിമേലിൽ ലത്തീൻകാര മെത്രാന്മാക്കും പാ
തിരിമാക്കും സുറിയാനിക്കാരുടെ പള്ളികളിലും സുറിയാനിക്കാരോടും ഒ
രു സംബന്ധമില്ലാത്തവണ്ണം പറഞ്ഞുവച്ചിരിക്കകൊണ്ടും ഇനിമേലിൽ
അങ്കമാലി മുതലായിട്ടുള്ള സുറിയാനി പള്ളികളിൽ ഇടപെട്ട നസ്രാ
ണി മാപ്പിളമാക്കു് കീഴ്മര്യാദപോലെയുള്ള കമ്മങ്ങളും ക്രിയകളും
മെത്രാന്മാര നടത്തിച്ചു് വന്നിരുന്നതിൻവണ്ണം നടത്തിച്ചുകൊള്ളത്ത
ക്കവണ്ണം കല്പിച്ച നാം തീട്ടരം തന്നു. എന്നാൽ കൊല്ലം ൯൨൬—ാമ
തു കുക്കടഞായറിൽ കല്പിച്ചരുളിയമേക്കു കണിയന്തര കൊവില
കത്തു ഇരുന്ന അരുളിയ പ്പൊരുതിൽ അമ്പാട്ടികയ്യെഴുത്തു.

പാലിയത്തച്ചൻതീട്ടിൻ പകൎപ്പു്

പാലിയത്തു കൊമിതീട്ടു- അങ്കമാലി മുതലായിട്ടുള്ള പള്ളിക്കാ
ര എല്ലാവരുംകൂടി കണ്ടുനാൽ. അങ്കമാലി മുതലായിട്ടുള്ള പള്ളി
ക്കാര നസ്രാണി മാപ്പിളമാക്കു കീഴ്മര്യാദ സുറിയാനിക്കാരിൽ മെത്രാ

ന്മാര വന്ന കമ്മവും ക്രിയയും നടത്തിച്ചല്ലൊ വന്നിരുന്നതു. ഇപ്പോൾ ആ വകയിലുള്ള മെത്രാന്മാര വരായ്കകൊണ്ടു കുറഞ്ഞൊരുകാലത്തിന്നി ട്ടുപുറം പുത്തഞ്ചിറെയും വരാപ്പുഴയും ആയിരിക്കുന്ന മെത്രാന്മാരെക്കൊ ണ്ടല്ലൊ മലങ്കരെയുള്ള പള്ളികളിലൊക്കെയും കമ്മവും ക്രിയയും ചെ യ്യിച്ചുവരുന്നു. ഇപ്പോൾ നിങ്ങളും പാട്രിമാരും മെത്രാനും തമ്മിൽ പലകുട്ടം കായ്മംകൊണ്ടു വിവാദം ഉണ്ടാകകൊണ്ടു ആ കായ്മം ഒക്ക യും പഴയപ്രകാരമെള്ളിയിരിക്കുന്നെടത്തുവച്ചു പറഞ്ഞുതീരുത്തു. ഇനിമേലിൽ ലത്തിൻകാര മെത്രാന്മാക്കും പാട്രിമാക്കും സുറിയാനിക്കാരുടെ പള്ളി കളിലും സുറിയാനിക്കാരോടും ഒരു സംബന്ധമില്ലാത്തവണ്ണം പറഞ്ഞു തീർത്തു. ഇനിമേലിൽ അങ്കമാലി മുതലായിട്ടുള്ള സുറിയാനിപള്ളിക ളിലെ മെത്രാന്മാര നടത്തിച്ചുവരുന്നതിൻവണ്ണമുള്ള കമ്മങ്ങളും ക്രിയക ളും നടത്തിച്ചു തരുന്നതുക്കവണ്ണവും പാറേമാക്കലച്ചനോമാ കത്തനാര ശൊവർണ്ണരോരെ കല്പിച്ചിരിക്കകൊണ്ടു നിങ്ങൾക്കു കമ്മവും ക്രിയ യും വേണ്ടുന്നതിനെ ശൊവർണ്ണരോരെ അനുസരിച്ചു നടന്നുകൊള്ള ത്തുക്കവണ്ണം കല്പിച്ചു തീട്ടരവും തന്നിരിക്കുന്നപ്രകാരം തന്നെ നടന്നു കൊള്ളുത്തുക്കവണ്ണം കല്പിച്ചു നാം തീട്ടുതന്നു. എന്നാൽ ഇതു കൊല്ലം ൻറു൨-ാമതു കർക്കടഞായറാഴ്ച കല്പിച്ചു അമെക്കു കാഞ്ഞിരക്കാട്ടു ഇ ട്ടികെണ്ണെശൻ കയ്യെഴുത്തു.

കരിയാറിമെത്രാപ്പോലീത്തായെക്കുറിച്ചുപണ്ടേപണ്ടേ
വഞ്ചിക്കാർ പാടിവരുന്ന ഒരു പാട്ടു് ഇവിടെ ചേർക്കുന്നു.

ആലാഹാനായെൻ്റെ അരുളപ്പാടാൽ—അലങ്ങാട്ടുനഗരിവാഴുംകാലം
കരിയാറിവീട്ടിലെബാലകനും—കപ്പൽകേറിപ്പോയിറോമായ്ക്കു
റോമായിൽചെന്നങ്ങുചേർന്നശേഷം—ശുദ്ധമാൻപാപ്പായെചെന്നുകണ്ടു
ഭക്തിയാൽകുമ്പിട്ടകൈയുംമുത്തി—എവിടെനിന്നുവരുന്നുനിങ്ങൾ
മലങ്കരെനിന്നുഞാൻവരുന്നു—ശുദ്ധമാനവേദംപഠിക്കാനായി
വേദംപഠിപ്പിപ്പാൻമല്പാനോടു—വേഗത്തിൽസ്ഥലംകൊടുത്താവാറെ
ശാസ്ത്രംപഠിച്ചുസഖികളുമായി—അഞ്ചിതിൽമേകുംനഗരിവീട്ടിൽ
അൻപൊടുശാസ്ത്രംജയിച്ചുപോന്നു—എത്രയുംതാശിയായിമാപ്പാപ്പായ്ക്കു
ചട്ടംകൊടുത്തുകൂമ്പാനചൊല്ലി—മല്പാനെന്നുള്ളൊരുപേരുമിട്ടു
പുത്തൻപീറയിൽപോയിവാഴുയെന്നും—യാത്രകല്പിച്ചുകൊച്ചിയിൽവന്നു
മനസ്സുതെളിഞ്ഞിങ്ങാലങ്ങാട്ടു—വസന്തവീണ്ടുംപെയ്യുമഴപോൽ
ലോകരെല്ലാമങ്ങുസോരുമിച്ചു—മല്പാനെവന്നിങ്ങുകണ്ടശേഷം
ശാസ്ത്രംപഠിപ്പിപ്പാൻജോലിഏറ്റു—ശാസ്ത്രംപഠിച്ചുതെളിഞ്ഞുപലർ
മല്പാനുമായങ്ങൊരുമിച്ചിട്ടു—പ്രാധാന്യമാക്കലെഅച്ചനുമായി
യാത്രനിശ്ചയിച്ചങ്ങുറോമായിക്കു—പ്രത്തുകാരംരാജ്യത്തുചെന്നശേഷം
മാനമാംറോമ്മായിൽചെന്നപിന്നാ—മാപ്പാപ്പാതൃപ്പാദംമുത്തിക്കൊണ്ടു

വീണ്ടുതിരിച്ചുവർലിസ് ബോയിക്ക—പ്രത്തുകാൾവാഴ്ചരാജ്ഞിയെക്കണ്ട
വസ്തുതകളൊക്കെഗ്രഹിപ്പിച്ചപ്പോൾ—രാജസ്നീതൻമനംതെളിഞ്ഞു
മല്പാനെമെത്രാനായിപേർകൊടുത്തു—മാറാൻഭ്രമിയിൽപിറന്നശേഷം
ആയിരത്തൊഴുന്നൂറൊമ്പത്തുരണ്ടിൽ-മാപ്പാപ്പാതന്റെതിരുവെഴുത്താൽ
മല്പാനെവാഴിച്ചുമെത്രാനായി—നല്ലകൊട്ടങ്ങല്ലൂർരൂപതയുടെ
പൊന്നുകൊണ്ടുള്ളകുരിശുമിട്ട—വെള്ളികൊണ്ടുള്ളവടിയുംപിടിച്ചു
പച്ചക്കൽവച്ചൊരുമുടിയുവച്ചു—വൈരക്കൽവച്ചൊരുമോതിരവും
മത്തമത്തിനല്ലകുപ്പകളുമായി—മെച്ചമായുള്ളശീലത്തരങ്ങളും
ഇശ്ശയോടെല്ലാംകൊടുത്തുപിന്നെ—എല്ലാക്കൊണ്ടാടംഅവകരിച്ചുവർ
മലയാളത്തുരണ്ടുരാജാക്കൾക്കു—പളുങ്കുകൊണ്ടുള്ളറിളുങ്കൊടുത്തു
പാറേമ്മാക്കലെകത്തനാരച്ചനു—വേറെകൊടുത്തുസമ്മാനങ്ങളും
വാദ്യംവെടികുഴലലങ്കാരത്താൽ—ഘോഷിച്ചുകൊണ്ടങ്ങിരുത്തിക്കൊണ്ടു
യാത്രക്കുവട്ടമൊരുക്കിപിന്നെ—ഗോവയിൽവന്നങ്ങുമേന്മേശഷം
ഗോവയിൽമെത്രാനംലോകരുമായി—സ്ഥാനമെത്രാനുവിഷംകൊടുത്തു
വായുവലിച്ചുഴലുന്നേരം—മാതാവോടേറമങ്ങിരുന്നുകൊണ്ടു
പാറെയമാക്കലെഗോവർണരച്ചൻ—പിറേനാൾരാവിലെയെഴുന്നു
പൂശി
പാറയമാക്കലെഗോവണ്ണരച്ചൻ—പിറേന്നാൾരാവിലെകരഞ്ഞുംകൊ
രക്ഷകനീശോതൻനാമംചൊല്ലി—ആലാഹാതുക്കയിലേല്പിച്ചാത്മം (ണ്ടു
അമ്പിനോടിപ്പാട്ടചൊല്ലുന്നോൾക്കും—അമ്പിനോടിപ്പാട്ടകേൾക്കുന്നോൾക്കും
ശുദ്ധനാംമെത്രാപ്പോലിത്തായുടെ—മനഗുണമെന്നേയുള്ളുനൽകിടുന്നു

മെക്കൻസിഅവർകളുടെ ഫ്രഞ്ച-ാം നോട്ടിൽ പറയുംപ്രകാരം ക്രൻെൻ-ൽ യാക്കോബായക്കാരുടെ മാർ ദ്യോനിസിയൂസ് എന്ന മെത്രാന്റെയും യാക്കോബായക്കാരായ തോമാനസ്രാണികളുടെയും മനസതിരിവു എങ്ങിനെയെന്നാൽ:— അക്കാലം സമീപിച്ചു യാക്കോബായമെത്രാനും ജനങ്ങളും റോമൻകത്തോലിക്കാസുറിയാനിക്കാരായ ജനങ്ങളും കൽദായപാത്രിയർക്കീസിന്റെ ആളുകളും കൊട്ടങ്ങല്ലൂർ രൂപതയുടെ ഗവർണ്ണദോരും തച്ചിൽ മാത്തുത്തരകൻ മുതലായവരും ആലപ്പുഴ മാർ സ്ലീവാപ്പള്ളിയിൽ കൂട്ടുകയും യാക്കോബായക്കാർ റോമൻകത്തോലിക്കാവഴക്കത്തിൽ ചേർന്നുകൊള്ളാമെന്നു സ്വമനസ്സാലെ സമ്മതിക്കയും ക്രടിയില്ലെങ്കിൽ ൩൦൦൦൦ (മുപ്പതിനായിരം) ഉറുപ്പിക പിഴ ഒടുക്കിക്കൊള്ളാമെന്നു ഉടമ്പടി ചെയ്കയും ചെയ്തു. ഇതനുസരിച്ചു ടി യാക്കോബായമെത്രാൻ തന്റെ സത്യമായ വിശ്വാസം റോമാസിംഹാസനത്തിലേക്കയപ്പാൻ എഴുതി ഒപ്പിട്ടു ഏല്പിക്കയും ചെയ്തു. എന്നാൽ മേൽവിവരിച്ചപ്രകാരംപ്രബലമായും തെളിവായും ചെയ്ത ഉടമ്പടി സാദ്ധ്യമാകാതെ അവസാനിച്ചു. വാസ്തവമായി പട്ടമേറിവന്ന ദ്യോനിസിയൂസ്മെത്രാൻ മെത്രാനടുത്തതായ ചിഹ്നങ്ങളും വസ്ത്രാഭരണങ്ങ

ളും നീക്കി അംമേനിയായി വരണമെന്ന് കാമ്മലീത്താവൈദീകർ നിർബ്ബന്ധിച്ചതാണ ഇതിനുകാരണം. എന്തെന്നാൽ മേൽപ്രകാരം പരസ്യമായും പണപ്പിഴയോടും കൂടിചെയ്യപ്പെട്ട ഉടമ്പടിപ്രകാരം പണപ്പിഴസഹിച്ചും ഉടമ്പടിയെ ത്യജിച്ചു തങ്ങളുടെ മുൻസ്ഥിതിയിൽതന്നെ നിൽക്കുന്നതിന അവർ നിശ്ചയിച്ചു. പൂറമേയുള്ള ബലമൊ നിർബ്ബന്ധമൊകൂടാതെ സ്വമനസ്സാലെയും പണപ്രായശ്ചിത്തത്തോടുകൂടിയും യാക്കോബായക്കാരും അവരുടെ മെത്രാനും ചെയ്ത ഉടമ്പടിയെ അവർത്യജിക്കുന്നതിനുഅതിനേക്കാംവലിയവിമ്മിഷ്ടവുംസങ്കടവും ഉള്ളതായ വിശ്വാസം ഏറ്റപ്പെട്ടിരുന്നിരിക്കണം എന്നാൽ വാസ്തവത്തിൽ പട്ടമേറിരിക്കയും വളരെനാൾ ഭരണം നടത്തുകയും ചെയ്തിരുന്ന ഒരു മെത്രാനെ അംമേനിയായിക്കാണുന്നതുപോലുള്ള സങ്കടം മറെറാന്നുമില്ലെന്ന പറയേണ്ടതില്ലല്ലൊ. ഇടത്തട്ടിൽനിന്നും തിരിയുന്ന മെത്രാന്മാരെ റോമാമാപ്പിപ്പാമാർ മുൻസ്ഥിതിയിൽ തന്നെ സ്വീകരിച്ച ഉറപ്പിക്കുകയാണ പതിവുള്ള സംഗതിയാണ. ബാബേലിലെ പല മെത്രാന്മാരും പാത്രിയക്കീസുമാരും അവർ ഇടത്തട്ടുപേക്ഷിച്ചു തിരിഞ്ഞുവന്നപ്പോൾ അവരുടെമൻസ്ഥാനത്തിൽതന്നെ സ്ഥിരപ്പെടുത്തപ്പെട്ടിട്ടുണ്ട്. അപ്രകാരംതന്നെ പ്രതിവർഷം ശ്രീക്ക പ്രോട്ടസ്റ്റൻറുമതലായ ഇടത്തട്ടിൽ നിന്നും കത്തോലിക്കാ സഭയിൽ ചെരുന്ന മെത്രാന്മാരെയും പട്ടക്കാരെയും, വാസ്തവമായി പട്ടമേററിരുന്നാൽ അവരെ ആ സ്ഥിതിൽ തന്നെ റോമാ മാപ്പിപ്പാമാർ ഉറപ്പിച്ച സ്ഥിരപ്പെടുത്തി വരുന്നുണ്ടല്ലൊ. ഈസ്ഥിതിക്കു യാക്കോബായക്കാരുടെ മാത്തോമ്മാ അല്ലെങ്കിൽ ദ്യോനിസിയോസ് മെത്രാൻ കത്തോലിക്കവിശ്വാസസത്യം ചെയ്ത് തിരുസ്സഭയൂടെ വണങ്ങിയ സമയം എന്തു ന്യായത്താലാണ അദ്ദേഹത്തിനെ അംഗീകരിക്കാഞ്ഞത്? തന്റെ വിശ്വാസസത്യത്തിൽ, മനസുതിരിഞ്ഞുവരുന്ന യാക്കോബായക്കാരുടേയൊ കത്തോലിക്കാതിരുസ്സഭയിൽ നിന്നതോമ്മാ നസ്രാണികളുടേയൊ മെത്രാനായി തന്നെ സ്ഥിരപ്പെട്ടത്തണമെന്ന മാർതോമാ മെത്രാൻ നിശ്ചയമായും ആവശ്യപ്പെട്ടിരുന്നില്ല. ഒട്ടധികം ക്രസ്ത്യാനികളും പട്ടക്കാരും മെത്രാനും, തങ്ങൾ കത്തോലിക്കാസഭയിൽ ചേർന്നുകൊള്ളാമെന്നും വ്യത്യാസം വരുത്തിയാൽ പ്രായശ്ചിത്തം ചെയ്യാമെന്നും ഉടമ്പടി ചെയ്തതു വലുതായ ഒരു തിരിവിന്റെ ബലമായ വക്ഷ്യമാകുന്നു. സംഗതികളുടെ യഥാർത്ഥസ്ഥിതി റോമാമാപ്പിപ്പാ അറിഞ്ഞിരുന്നെങ്കിൽ മാർതോമാ മെത്രാനെ, നിശ്ചയമായും ക്രിസ്ത്യാനികളുടെ ഭരണക്കാരനായി ഉറപ്പിക്കുമായിരുന്നു, നിർഭാഗ്യവശാൽ ൧൭൰. മാർതോമ്മായുടെ മനസുതിരിവിന്റെ പരമാർത്ഥത സംബന്ധിച്ചു വിചാരണ നടത്തുന്നതിനു (ഫ്രാൻസിൽ പ്രസിദ്ധംചെയ്ത മെക്കൻസിയുടെ പുസ്തകം സ്ഥാപിതത്തിൽ കാണുന്നതുപോലെ) വരാപ്പുഴെ കാമ്മലീത്താക്കാരുടെ താല്പര്യപ്രകാരം ഒപ്രാപ്പുഗാന്നാധികാരത്തിൽനിന്നു കടശി ഏർപ്പിക്കപ്പെട്ടത" അന്നകൊച്ചി

ശ്രപതയുടെ മെത്രാനായിരുന്ന ഒരുപോർട്ടുഗീസ് കമ്മലീത്താക്കാരൻ വെഗ്ലെഭാദ്യ എന്ന ദേഹത്തെ തുണ. ഇദ്ദേഹം കൊല്ലത്തിനു സമീപം പുല്ലിചിറ എന്ന സ്ഥലത്ത വസിച്ചിരിക്കയിൽ സ്വന്തം ശ്രുട്ടുകാരനായ മുണ്ടൻ പാത്രി എന്നകീർത്തിപ്പെട്ടദേഹത്തെ വൈരാഗ്യത്താൽ അപായപ്പെടുത്തി. കമ്മലീത്താക്കാരൻ പൌലിനോസ് എന്നാദേഹം തന്റെ ഇന്ത്യാക്രിസ്ത്യാന എന്ന ചരിത്രപുസ്തകത്തിൽ പറയുന്നതു പോലെ "വികട ബുദ്ധിക്കാരനും യാതൊരുത്തനോടും അഭിവില്ലാത്തവനുമായ ഒരാൾ തിരുവിതാംകൂർ ദേശത്തിൽ അനുതിയില്ലാത്ത ഭ്രകമ്പങ്ങൾ ഉണ്ടാക്കി."

Paulinus says, Vir asperi ingenii et nemini indulgens, infinitoo in ora Travancoridis excitavit tumultus.

(See Mackenzie page 83.)

ഈ നിമിത്തം എല്ലാറാക അധികാരത്താലുംകുറാകാരനായിവിധിക്കപ്പെട്ട സ്ഥാനഭ്രഷ്ടാക്കി ശിക്ഷക്കയക്കപ്പെട്ടുകയുംചെയ്തു. മൃഗം അതിന്റെ കൊമ്പുകൊണ്ടും വൃക്ഷം അതിന്റെഫലത്തിൽ നിന്നും അറിയപ്പെടുന്നു എന്ന വചനം പോലെ ഒരു വിചാരണക്കാരന്റെ വിചാരണഫലവും അറിയപ്പെട്ടു. എന്നാൽ ടി. മാർതോമ്മാമെത്രാൻ സുറിയാനിക്കാരുടെ മെത്രാനായി സ്ഥിരപ്പെട്ടാൽ കമ്മലീത്താ ലത്തീൻ വൈദീകരുടെ ഭരണം നീങ്ങിപ്പോകുമെന്നുള്ള ഏകകാരണത്താലാണു അവർ മാർതോമ്മാമെത്രാൻ അയോഗ്യനായി വിചാരിക്കപ്പെട്ടു എന്നു വാദിച്ചതു-

(Appendix 104)

"At last on April 26 th 1792 the Arch-Bishop of Goa wrote to the Vicar Apostolic at Verapoly saying that in accordance with the instructions of Propaganda dated ten years préviously he had sent the Bishop of Cochin to visit Mar Thomas and that the Bishop rëported that Mar Thomas still held out for recognition as Bishop and for spiritual authority over his flock. Four more years passed and on September 19th 1796 the Bishop of Cochin writes to say that Mar Thomas and his principal priests had come in to make their solemn submission. A conference was held at Quilon but the Portuguese Bishop found that Mar Thomas expected that all the Syrians, both his flock and the Romo- Syrians would be under his jurisdiction and therefore the conference broke up without result.

(Mackenzie. 2nd. Ed. Page 91.)

പിന്നയും മെക്കൻസിയുടെ മേൽ പറഞ്ഞപുസ്തകം ൻഫ—ൻവ—പു
റങ്ങളിൽ കാണുന്നത് "ഫ്രൻവ—മേടം വന്നു—ാംനു-ഗോവമെത്രാപ്പോ
ലീത്താ വരാപ്പുഴെ വികാരിഅപ്പോസ്തോലിക്കായ്ക്കു അയച്ച എഴുത്തിൽ
പ്രോപ്പഗാന്തയിൽ നിന്നു പത്തുവർഷം മുമ്പുണ്ടായ ഉപദേശം അനുസ
രിച്ചു മാർ തൊമായെ ചെന്നുകണ്ടുന്നതിനു കൊച്ചിമെത്രാനെ താ
ൻ അയച്ചു എന്നും മാർതൊമാ തന്റെ മെത്രാസ്ഥാനത്തിന്റെ സ്വീ
കരണവും തന്റെ ജനത്തിന്റെ മേലുള്ള അപ്പൊസ്തലികാധികാര
വും വേണമെന്നു പിടിച്ചിരിക്കുന്നു എന്നു അദ്ദേഹം (കൊച്ചിമെത്രാ
ൻ) റിപ്പോർട്ട് അയച്ചിട്ടുണ്ടു എന്നു പറയുന്നു." ഉടനെ തന്നെ മെ
ക്കൻസി പറയുന്നതായത നാലുവർഷം കഴിഞ്ഞിട്ടു ഫ്രൻസ്വ കന്നി
ഫൻ—ാംനു- കൊച്ചിമെത്രാനെഴുതിയിരിക്കുന്നത. മാർതോമായുംതന്റെ
പ്രധാനപട്ടക്കാരും അവരുടെ ആഭിമുഖ്യമായുള്ള കീഴ്വഴക്കം ചെ
യ്യുന്നതിന്നായിട്ടു വന്നിട്ടുണ്ടായിരുന്നു എന്നാണ്. കൊല്ലത്തുവെച്ചാണക്കു
ടിക്കണ്ട സംസാരം കഴിച്ചത. എന്നാൽ മാർതോമാ തന്റെ ജന
വും റോമാസുറിയാനിക്കാരും അതായതു ഇരുക്കൂട്ടത്തിലുമുള്ള എല്ലാസു
റിയാനിക്കാരും തന്റെ അധികാരത്തിൻ കീഴ് ആകുമെന്നാകാത്തിരു
ന്നു. ഇതിനെക്കൊണ്ടു ആക്കൂടി ആലോചന സഫലമാകാതെ പോക
യും ചെയ്തു.　　(Appendix 105)

മേൽപറയപ്പെട്ടവകളിൽ നിന്നു വായനക്കാർ ഒന്നു ആലോ
ചിച്ചു നോക്കുവാനുണ്ടു. അതായതു കൊച്ചിമെത്രാൻ ആദ്യം ഗോവ
മെത്രാപോലീത്തായ്ക്കു അയച്ച റിപ്പോർട്ടിൽ മാർതോമ്മൻതന്റെ മെത്രാ
സ്ഥാനസ്വീകരണത്തിന്മേലും തന്റെ ജനത്തിന്മേലുള്ള അധികാരത്തി
ന്മേലുമേ താല്പര്യപ്പെട്ടിട്ടുള്ളു എന്നാണു പറയുന്നതു. പിന്നീടനാലുവ
ർഷം കഴിഞ്ഞുമുൻസംഗതിയെ സംബന്ധിച്ചു ടി കൊച്ചീമെത്രാൻ ത
ന്നെ വരാപ്പുഴ കുമ്മലീത്താക്കാർക്കു എഴുതിയതിൽ റോമാസുറിയാനി
ക്കാരുടെ മെത്രാൻ ഭരണവും ക്രൂതനിക്കു കിട്ടുമെന്നു മാത്തോമ്മാ കാ
ത്തിരുന്നു വെന്ന വാചകം വിശേഷാൽ ക്രൂട്ടി എഴുതിയിരിക്കുന്നു. ഇതു
അപ്പോഠം മാത്രം വകഞ്ഞുണ്ടാക്കിയതാണെന്നും അങ്ങിനെ മാത്തോ
മ്മാകരുതിയിരുന്നുവെന്നു പറയുന്നതു സ്വഭാവീകത്തിനു ചേരാത്തതു മെ
ന്നതിന്മേൽ സംശയിപ്പാനില്ല. അപ്പഴൊ മേൽ പറയപ്പെട്ടതുപോ
ലെ മുണ്ടൻപാദ്രിയെകൊല്ലുന്നതിനു കരുതിയ സംഗതിയിൽ മനസ്സാ
ക്ഷിക്കു ചഞ്ചലം ഉണ്ടാകാഞ്ഞ ഒരാൾക്കു വ്യാജം പറയുന്നതിന്മേൽ അ
ത്രമനക്കൂടിതോന്നുമോ എന്നു വായനക്കാർക്കു എളുപ്പത്തിൽ ബോ
ധിക്കുവുന്നതാണ്.

എന്നാൽ ഫ്രൻസ മിഥുനം വഫ—ാംനു- തത്തംപള്ളിയിൽ
തുല്യ: മിഖായേൽ മാലാഖയുടെ പള്ളിയിൽ വെച്ചു മാത്തമ്മായാ

ക്കോവായ ഇടത്തുടെ പക്ഷിച്ചു കത്തോലിക്കാവിശ്വാസസത്യം ചെയ്തു അന്നമാത്തോമ്മാ തിരുവിതാംകൂർ ഗവമ്മേണ്ടിനു കടപ്പെട്ടിരുന്ന പണം വീട്ടുന്നതിനു ഗവമ്മേണ്ട നിർബന്ധിച്ചതിനാൽ മാത്തോമ്മാ മാത്തുതരകന്റെ ആശ്രയത്തിൽ ആകടത്തിനു നിവർത്തി ഉണ്ടാക്കാമെന്നു കരുതി തരകൻ പറഞ്ഞപ്രകാരം ഒരുടമ്പടിക്കു ഒപ്പിട്ടുകൊടുത്തതാകുന്നു എന്നും മറ്റും മെക്കൻസി ൻറ —ാംപുറത്തിൽ പറയുന്നുണ്ടു. പ്രസ്തുത ഗവമ്മേണ്ടിനുണ്ടായിരുന്ന മാത്തോമ്മായുടെ കടംതീർക്കുന്നതിനുവേണ്ടി അങ്ങിനെ താൻ ചെയ്തു എന്നുള്ള ഒരു കഥമെക്കൻസിക്കു കൊടുത്തതു കമ്മലീത്താക്കാരായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ മെക്കൻസി തന്നെ ടി സ്ഥലത്തു പറയുന്നതുപോലെ കുറെ കഴിഞ്ഞു മാത്തോമ്മ പിൻമാറി എന്നും ഉടമ്പടിയുടെ പിഴകെട്ടുകയും ചെയ്തതിനാൽ മാത്തോമ്മായ്ക്കു പണത്തിനു അത്രഞെരുക്കമില്ലാഞ്ഞു എന്നും വരുന്നുണ്ടല്ലൊ. (Appendix 106)

After sóme time Mar. Thomas recanted and paid the penalties of the bond.　　Mackenzie Page. 92.

൯ ഇതിന്റെ തെളിവിലേക്കായി ഇതിനു മുൻ നടന്ന ഒരു സംഭവത്തെ ഇവിടെ പ്രസ്ഥാപിക്കാം. ഫ്രാൻസുവ—ൽ സ്വദേശിയായ പറമ്പിൽ അലക്സാന്ത്രമെത്രാൻ സൂറിയാനിക്കാരുടെ വികാരിഅപ്പൊസ്തോലിക്കയായി നിയമിക്കപ്പെട്ടു. ഇപ്രകാരം സ്വദേശിയായ ഒരു സൂറിയാനിക്കാരനെ ലത്തീൻ വൈദീകർ നിയമിച്ചു കൊടുത്തതുകൊണ്ടു കമ്മലീത്ത വൈദീകക്കു സൂറിയാനിക്കാരുടെ നേരേയുള്ളനിഷ്പക്ഷപാതവും സ്നേഹവും തെളിയുന്നു എന്നു അവർ ഘോഷിക്കുന്നുണ്ടു. എന്നാൽ ഇപ്രകാരം ഒരു സൂറിയാനി മെത്രാനെ തോമനസ്രാണികൾക്കു കൊടുത്തതു കമ്മലീത്തക്കാരുടെ സ്വമനസ്സാലെ അല്ല. പിന്നെയും നാട്ടുകാരിൽ ഒന്നോ രണ്ടോ മെത്രാന്മാരെ വാഴിച്ചു കൊടുക്കുന്നതിനു ധാരാളമായ അധികാരം മാപ്പിപ്പാ കമ്മലീത്താമെത്രാനു കൊടുത്തിരുന്നിട്ടും ലത്തക്കാർ കൊച്ചി പിടിച്ചടക്കിയതിന്റെ ശേഷം ഇതരന്മാരായ യൂറോപ്യന്മാർ മലയാളം വിട്ടുപോകണമെന്നുള്ള നിർബന്ധമായ കല്പനനിമിത്തം, തങ്ങൾ നാടുവിട്ടുപോകേണ്ടിവന്ന ആ മട്ടിയസ്ഥിതിക്കു ഒരു സ്വദേശമെത്രാനെ അവർ നിയമിച്ചതാണു. എന്നാൽ കമ്മലീത്താ യൂറോപ്യൻ വൈദീകർ മലയാളത്തിൽ സ്വതന്ത്രരായി തീർന്നശേഷം, പറമ്പിൽ അലക്സാന്ത്ര മെത്രാൻ വയോധിക്യം നിമിത്തം അനന്തിരാവകാശത്തോടുകൂടി തനിക്കൊരു സഹായമെത്രാനെ തരണമെന്നു മാപ്പിപ്പായോടു അപേക്ഷിച്ചപ്പോൾ കമ്മലീത്താ വൈദീകർ, മലയാളത്തു അനവധി പെരുപ്പത്തിൽ സൂറിയാനി പട്ടക്കാർ ഉണ്ടായിരുന്നിട്ടും ആ സൂറിയാനി പട്ടക്കാരിൽ യാതൊരുത്ത

നെയും തിരിഞ്ഞെടുക്കാതെ കൊച്ചീത്രവത പള്ളിയുടെ കൊനകസ്ഥാനിയും പിന്നീട് വികാരിജനറാളുമായ റഫായേൽ വിഗ്രവേദോ എന്ന നാട്ടുലത്തീൻകൂപ്പായക്കാരനെതിരഞ്ഞെടുത്തു. ഒരു തിരിഞ്ഞെടുപ്പ് അലക്സാന്ത്ര മെത്രാന്റെ അഭിപ്രായത്തിനു വിരോധമായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. അലക്സാന്ത്രമെത്രാൻ മഹാ വിവേകിയും പുണ്യവാളനുമാണെന്നു കമ്മലീത്ത വൈദീകർ ഐകകണ്ഠ്യേന സ്തുതിക്കുന്ന സ്ഥിതിക്കു, അദ്ദേഹത്തിന്റെ സഹായെ മെത്രാനായി നിയമിക്കപ്പെട്ടന്ന മെത്രാൻ, അദ്ദേഹത്തിന്റെ ഹിതാനുസരണം നിയമിക്കപ്പെടേണ്ടതല്ലെ? എന്നാൽ അതിനു പ്രതികൂലമായി ഒരു സ്വദേശിയനായ ലത്തീൻകാരനെ കമ്മലീത്താ വൈദീകർ തിരിഞ്ഞെടുത്ത ഏക സംഗതിമാത്രം കമ്മലീത്താക്കാരുടെ ഉദ്ദേശത്തെ പ്രത്യക്ഷപ്പെടുത്തുന്നില്ലയൊ? റഫായേൽ വിഗ്രവേദോ എന്ന ഏതദ്ദേശ്യ ലത്തീൻകാരനെ പറമ്പിൽ അലക്സാന്ത്രമെത്രാന്റെ സഹായിയായി കമ്മലീത്താ വൈദീകർ തിരിഞ്ഞെടുത്തതു അദ്ദേഹത്തിന്റെ വിവേകമോ സൽഗുണസമ്പൂർണ്ണതയൊ കൊണ്ടാണെന്നു വായനക്കാർ ശങ്കിക്കേണ്ട. എന്തെന്നാൽ കമ്മലീത്താ മർസ്ലിനോസ് മെത്രാൻ തന്നെ അദ്ദേഹത്തിന്റെ "സത്യവേദചരിത്രം" ഢഢ—ഢഢ പുറങ്ങളിൽ താഴെകാണുംപ്രകാരം എഴുതിയിരിക്കുന്നു- "റഫായേൽ വിഗ്രവേദോ എന്ന മെത്രാൻ പറമ്പിൽ അലക്സാന്ത്രമെത്രാനു കീഴടങ്ങാതെ മത്സരിച്ചു നിന്നിരുന്നു" അതിനാൽ അലക്സാന്ത്രമെത്രാനെ അനുസരിച്ചു നടക്കുവാൻ മനസ്സില്ലാത്ത ഒരു അവിവേകിയെയാണു അദ്ദേഹത്തിന്റെ സഹായിയായി കമ്മലീത്താക്കാർ തിരിഞ്ഞെടുത്തതു. റഫായേൽ വിഗ്രവേദോ എത്രത്തോളം അവിവേകിയായിരുന്നു എന്നു അനന്തരസംഭവങ്ങളും വെളിപ്പെടുത്തുന്നുണ്ടു. റഫായേൽ വിഗ്രവേദൊ മെത്രാന്റെ അവിവേകപ്രവൃത്തികളും അധികരിച്ചുവിവരം റോമാ മാപ്പ്വാപ്പായുടെ അറിവുകിട്ടിയഉടനെ അദ്ദേഹത്തിന്റെ സ്ഥാനമാന ചിഹ്നങ്ങളെ നീക്കി, അധികാരങ്ങളും സ്വവും ഉപേക്ഷിച്ചു സ്വസ്ഥമായിരുന്നുകൊള്ളുവാൻ മാപ്പ്വാപ്പായുടെ കല്പന പുറപ്പെട്ടുകയും, ആ കല്പന അദ്ദേഹത്തിനു തെക്കൻ പള്ളിപ്പുറത്തുവച്ചു് കിട്ടുകയും ആ കല്പന കിട്ടിയ ഉടനെ അദ്ദേഹം ഭാര്യവഴിക്കു കീഴടങ്ങി, തന്റെ അധികാരചിഹ്നങ്ങളെ ടി. പള്ളിയുടെ വികാരിയെ ഏൽപ്പിക്കയും, തന്റെ പഴയ നടപടികളെ ത്യജിച്ചു ജീവിക്കയും ആ പള്ളിയിൽ വെച്ചുതന്നെ ക്രിസ്തുലാമാസം ഢഢ—ാം- ഇഹലോകവാസം വെടിയുകയും ചെയ്തു. തോമാനസ്രാണികളുടെ തങ്ങളുടെ ക്രമപ്രകാരമുള്ള ഒരു സുറിയാനിമെത്രാനെ നിയമിച്ചാൽ തങ്ങളുടെ അധികാരത്തിനും ഭരണത്തിനും വല്ല ന്യൂനതകളും ഭവിച്ചുകൂടും എന്നു കരുതിയാണു ലത്തീൻ വൈദീകർ മേൽ പറഞ്ഞ പ്രകാരം ഒരു ലത്തീൻകാരനെ സുറിയാനിക്കാരുടെ മെത്രാനായി തെരഞ്ഞെടുത്തതെന്നു പ്രത്യേകിച്ചു പറയേണ്ടതുണ്ടൊ? ടി. ക

ട്ടായക്കാരനെ കമ്മലീത്ത മിഷ്യനറിമാർ മെത്രാനായി തിരിഞ്ഞെടുത്തതു, നാട്ടുകാരനെത്തന്നെ തിരിഞ്ഞെടുക്കണമെന്നുള്ള മാപ്പിപ്പായുടെ കല്പനയുടെ ഒരു ഭാഗം അക്ഷരാർത്ഥപ്രകാരവുമായിരിക്കാം. എന്നു മാത്രമല്ലാ. ഒരാൾ തിരിഞ്ഞെടുപ്പിന്റെ ഭവിഷ്യഫലം ദോഷമായി പരിണമിക്കുമെന്നു തെറ്റിഞ്ഞെടുപ്പുകാർക്കു നിശ്ചയമുണ്ടായിരുന്നെന്നും ഇങ്ങനെ കമ്മലീത്തക്കാരനായ സുറിയാനി പള്ളിഭരണം കൈക്കലാക്കാമെന്നും അവർ കരുതിയിരുന്നു എന്നും വിചാരിപ്പാനിടയുണ്ടു. പാമ്പിൽ അലെക്സാന്തർ മെത്രാന്റെ അനന്തരവൻ മത്തായികത്തനാരെത്തന്നെ തിരിഞ്ഞെടുക്കണമെന്നു അദ്ദേഹം താല്പര്യപ്പെട്ടു എന്നും അതിനു അപ്പുള്ളി യോഗ്യനല്ലായിരുന്നു എന്നു മാത്രമല്ലാ മെത്രാസ്ഥാനം അനന്തരസ്ഥാനമാവകാശമാരയുകയും ചിന്തുടരുന്നതു ശരിയല്ലാ അതിനാൽ വേറെ ആളിനെ തിരിഞ്ഞെടുത്തു എന്നും മറ്റും ചില കാർമ്മലീത്താചരിത്രക്കാർ പറയുന്നുണ്ടു. എന്നാൽ ഒരു നാട്ടുകാരനെ തിരിഞ്ഞെടുക്കാതെ അന്നുണ്ടായിരുന്ന അനവധി സുറിയാനിപട്ടക്കാരിൽനിന്നു ഒരാളെ അവർ തിരിഞ്ഞെടുത്തിരുന്നു എങ്കിൽ അതു അവർക്കു ഒരു തക്ക സമാധാനമായിരുന്നേനെ ടി. മത്തായികത്തനാർ പിന്നീടു കൊടുങ്ങല്ലൂർ രൂപതയുടെ ശൊവ്ണ്ണദോരായിട്ടു പോർത്തുഗീസ്സുകാർ തിരിഞ്ഞെടുക്കപ്പെട്ടതുകൊണ്ടു പള്ളിഭരണജോലിക്കു അദ്ദേഹം യോഗ്യനായിരുന്നു എന്നു വരുന്നുണ്ടു. അതുപോലെതന്നെ കൽദായമെത്രാന്മാർ നെസ്തോറിയൻ ഇടത്തുടകാരായിരുന്നു. എന്നാൽ സുറിയാനിക്കാരും ആ ഇടത്തുട്ടിൽ ഉറപ്പെട്ടിരുന്നു എന്നും അവർ വാദിച്ചതു അവരുടെ ഭാഗം തങ്ങൾക്കു കൈവശപ്പെടുത്തുവാനുള്ള ഒരു ഉപായമായിരുന്നു എന്നുവായനക്കാർക്കു അനുമാനിക്കുന്നതിനുവളരെബുദ്ധിസാമർത്ഥ്യംഅത്യാവശ്യമുണ്ടെന്നു തോന്നുന്നില്ല.

൨. യൂറൊപ്യന്മാരായ പോർട്ടുഗീസുവൈദീകരുംഗോവാമെത്രാപ്പോലീത്തായുംഇതുശോനഭക്കാരായ സന്ന്യാസികളും കമ്മലീത്താസന്ന്യാസികളും ദൈവീക വിഷയങ്ങളിൽ അതായതു—൧൦ശോമിശിഹായുടെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട ക്രിസ്ത്യാനികളുടേഭരണകാര്യത്തിൽ—മേൽപ്രകാരമുള്ള അപവാദങ്ങൾപ്രവർത്തിക്കുന്നതിനു ഒരിക്കലും ശ്രമിക്കുന്നതല്ലെന്നു വല്ലവരും വിചാരിച്ചേക്കാം. അതിനാൽ മേൽപ്പറഞ്ഞ അപവാദനിഷേധങ്ങൾ എല്ലാം ബലഹീനമായി വിചാരിക്കുന്നതിനും ഇടവന്നേക്കാം. എന്നാൽ ലക്ഷ്യങ്ങൾ കൊണ്ടു തന്നെ അപവാദനിഷേധങ്ങൾ ഉണ്ടാക്കപ്പെട്ടിട്ടുള്ളതുകൊണ്ടു അവ ബലപ്പെട്ടതന്നെയിരിക്കുന്നതാണു. അതിനാൽ സുറിയാനിക്കാരുടെ ഭരണം കൈക്കലാക്കുന്നതിനു പോർത്തുഗീസു വൈദീകർ മുതലായ മേലെഴുതിയ ആളുകൾ ഇപ്രകാരം ശ്രമിച്ചിട്ടുള്ളതാണെന്നു തെളിയിക്കാൻ മതിയായ ഒരു ലക്ഷ്യംകൂടി ചെന്നുകൊണ്ടു ഒരു പ്രകരണത്തെ അവസാനിപ്പിക്കാം. വ

രാപ്പഴ കമ്മദീത്ത മെത്രാനായ മർസ്ലിനോസിന്റെ "സത്യവേദപുരിതം" ന്യ-ാം അദ്ധ്യായം ഫർ-ാം പുറത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:--"എന്നാൽ കായ്യം മറിപ്പാനുള്ള കാലം വന്നു. അതായതു പാറേമാക്കൽ തോമാകത്തനാർ ഗോവയിലെ മെത്രാപ്പോലീത്തായാൽ കൊട്ടങ്ങല്ലൂർ രൂപതയിലെ ഗൊവർണ്ണദോരും, ശ്ലൂഹ: മാപ്പിപ്പായുടെ സ്ഥാനാപതിമാർ ഇവിടങ്ങളിൽനിന്നു പുറപ്പെട്ടവിക്കുന്നു എങ്കിൽ ഗൊവർണ്ണദോർ മെത്രാപ്പോലീത്തായാകുമെന്നുള്ള സാമ്മാനപറഞ്ഞൊപ്പുള്ളവനാകയാൽ ക്രിസ്ത്യാനികളുടെ ബോധം മറിക്കാതെ കായ്യം സാധിപ്പാൻ പ്രയാസമെന്നുകണ്ട പോർത്തുഗീസ്സുകാരുടെ നേരെ പ്രിയവും വികാരി അപ്പൊസ്തോലിക്കന്മാരുടേയും അവരുടെ സഹായക്കാരായ മിഷനറിമാരുടേയും നേരെ മഷിച്ചുലും വരുത്തുവാനുള്ള വഴി ആന്വേഷിച്ചു." വരാപ്പുഴയിലെ കമ്മലീത്താ ഭിസ്സാംസ സന്ന്യാസികളിൽ ഒരുവനായ മർസ്ലിനോസ് മെത്രാനവർകളാണ ംരം ചരിത്രം എഴുതീട്ടുള്ളതു. മേൽപറഞ്ഞ സംഗതികളെ സ്വൽപമൊന്നുവിസ്തരിക്കാം. പാറേമാക്കൽ തോമാകത്തനാർ എന്നു പറയുന്നതു ഒരു സുറിയാനി പട്ടക്കാരനാണ അദ്ദേഹം മുമ്പു കരിയാറി മൽപാനച്ചനോടുകൂടി ശീമയ്ക്കു പോകയും പിന്നീട വരാപ്പുഴ വികാരി അപ്പസ്തോലിക്കാ ആയ ളൂയിസ് മെത്രാൻ ഭരിച്ചിരുന്നകാലത്തു തച്ചിൽ മാത്തുത്തരകനോടുകൂടി യാക്കോബായക്കാരേയും അവരുടെ മെത്രാനേയും റോമൻ കത്തോലിക്കാ തിരുസ്സഭയിൽ ചേർക്കുന്നതിനു അതിംറ ശ്രമം ചെയ്തു ആളും അയിരുന്നു. ഗോവമെത്രാപ്പോലീത്താ പ്രസ്തുതകാലത്തു അദ്ദേഹത്തിനെ കൊട്ടങ്ങല്ലൂർ രൂപതയുടെ ഗൊവർണ്ണദോർ ആയിനിയമിച്ച ഉദിയമ്പേരൂർ സൂനഹദോസിന്റെ കാലം മുതൽ കൊട്ടങ്ങല്ലൂർ രൂപതയുടെ മെത്രാന്മാരായ ഈശോ സഭക്കാരുടെ ഭരണത്തിൽ തോമാനസ്രാണികൾ അനേകവിധ കഷ്ടതകളെ അനുഭവിച്ചു വരികയും ഫ്രാൻസിസ്കോസ് കൊല്ലം സമീപിച്ച ഈ കഷ്ടതകൾ ഇവക്കു പല വിധത്തിൽ ദുസ്സഹനീയമായി ഭവിക്കയാൽ, സ്വാതന്ത്ര്യമത്തിൽ ഒരു മെത്രാനെ കിട്ടുന്നതിനു തോമാനസ്രാണികൾ റോമാസിംഹാസനത്തോടും ബാബേൽ പാത്രിയർക്കീസിനോടും അപേക്ഷിക്കയും തദനുസരണം ബാബേൽ പാത്രിയർക്കീസ് അഹത്തല്ലാഹ്യനെ മെത്രാനെയയ്ക്കുകയും, അദ്ദേഹത്തിനെ ഈശോസഭക്കാരനായ മെത്രാന്റെയും, സന്ന്യാസികളുടെയും താല്പര്യപ്രകാരം പോർത്തുഗീസുഗവർമ്മെണ്ടു മൈലാപ്പൂരിൽവെച്ചു പിടിച്ചു, ബന്ധനസ്ഥനാക്കി ഗോവായിലേക്കയയ്ക്കുകയും അവിടെ ഇൻക്വിസിഷ്യൻ സംഘക്കാർ അദ്ദേഹത്തിനെ തീയിലിട്ടു ചുടുവാൻ വിധിക്കയും ചെയ്തു. അപ്രകാരം പ്രവർത്തിച്ച വിവരം തോമാനസ്രാണികൾ ശ്രവിച്ചു, ഈശോസഭക്കാരായ ലത്തീൻ പോർത്തുഗീസു മെത്രാന്മാരെ മേലാൽ തങ്ങൾ ഒരിക്കലും ഭരണക്കാരായ് സ്വീകരിക്കയില്ലെന്നു ശപഥം ചെയ്കയും ചെയ്തസമയം മാപ്പിപ്പാ ഒരു കമ്മദീത്താമെത്രാനെ

ശ്രയിച്ചു- കൊടുങ്ങല്ലൂർ മെത്രാനെ അനുസരിച്ചു നടപ്പാൻ മനസ്സില്ലാത്തവർ കമ്മലീത്താമെത്രാനെ വണങ്ങി നടന്നുകൊള്ളാമെന്നു അനുമതി ഉണ്ടാകയാൽ വരാപ്പുഴ കമ്മലീത്താമെത്രാന്മാരോടു അസംഖ്യംജനം ചേർന്നു. അനന്തരം ഫ്രൻസ്യ-ലും പല പള്ളിക്കാർ വരാപ്പുഴയോടു ചേരുകയും പല പള്ളിക്കാർ കൊടുങ്ങല്ലൂർ ശ്രുപതയുടെ ഗോവർണ്ണദോരിന്റെ വകുതി അനുസരിച്ചു പോർത്തുഗൽ രാജാവിന്റെ പത്രാനാത്തുസ് ഭരിപ്പിൽ കീഴ്പ്പെട്ടിരിക്കയും ചെയ്തുരുന്നു. എന്നാൽ വരാപ്പുഴ കമ്മലീത്താമെത്രാന്മാരും മിഷ്യനറിമാരും, പോർത്തുഗൽ പത്രനാത്തുസ് വഴിക്കുള്ള പോർത്തുഗീസു മെത്രാന്മാരും തോമാനസ്രാണികളെയെല്ലാംതാന്താങ്ങളുടെ ഭരണത്തിൽ ഉൾപ്പെടുത്തുന്നതിനു അതിയായ ശ്രമംചെയ്തുവന്നു. ഇപ്രകാരം ഓരോരുത്തരും അവരവരുടെ അധികാരവും ശക്തിയും പ്രബലപ്പെടുത്തുന്നതിനു ശ്രമിച്ചുവന്നു. ഇപ്രകാരം ഭരണത്തിനുള്ള ആകാംക്ഷ, അധർമ്മപ്രവൃത്തികളെ ചെയ്യിക്കുന്നതിനുകൂടി അവരെ പ്രേരിപ്പിച്ചുവന്നു. മർസ്സീനോസ് മെത്രാൻ എടുത്തു പറഞ്ഞിരിക്കുന്നതു അതിനൊരു സാക്ഷിയാണു. അതായതു:—സുറിയാനിക്കാരനായ പാദ്രോമാക്കൽ തോമ്മാഗോവർണ്ണദോർ തന്റെ ശ്രമത്താൽ തോമാനസ്രാണികളെയെല്ലാം ഗോവാ മെത്രാപ്പോലീത്തായുടെ ഭരണത്തിൽ ഉൾപ്പെടുത്തികൊടുത്താൽ പാദ്രോമാക്കൽ ഗോവർണ്ണദോരെ കൊടുങ്ങല്ലൂർമെത്രാപ്പോലീത്തയായി വാഴിക്കാമെന്നു ഗോവാമെത്രാപ്പോലീത്താ സമ്മതിച്ചു ഉറപ്പുകൊടുത്തിരുന്നു എന്ന മർസ്സീനോസ് എന്ന വരാപ്പുഴ കമ്മലീത്ത മെത്രാൻ തന്നെ സാക്ഷീകരിക്കുന്നു. ഗോവാ മെത്രാപ്പോലീത്താ ചെയ്തിരുന്ന ഈ സമ്മതവും ഉറപ്പും എത്രയും കഠിനമായി തിരുസ്സഭ ശപിച്ചിട്ടുള്ള സീമോനിയാ എന്നു പറയുന്ന അധർമ്മപ്രവൃത്തിയെ അവലംബിക്കുന്നതാണു. എന്നാൽ പോർത്തുഗീസു മുതലായ വത്തീൻ ചെടീകരസുറയാനി തോമാനസ്രാണികളുടെ ഭരണം കൈക്കലാക്കുവാൻ വേണ്ടി മേൽവിവരിച്ച പ്രകാരമുള്ള അധർമ്മപ്രവൃത്തികളും ഉപായങ്ങളും ഉപയോഗപ്പെടുത്തിട്ടുണ്ടെന്നുള്ളതിലേക്കു മർസ്‌ലിനോസ് മെത്രാന്റെ മേല്പറഞ്ഞ സാക്ഷി വേണ്ടുവോളം മതിയായിരിക്കുന്നു. വിശേഷിച്ചും പോർട്ടുഗൽ രാജധാനി മദ്ധ്യസ്ഥതയിൽ പക്ഷെ പാറയാമാക്കൽ ഗൊവർണ്ണദോരവൻ കൊടുങ്ങല്ലൂർ ശ്രുപതയുടെ മെത്രാനായി വാഴിക്കപ്പെടുന്നതായാൽ പിന്നീടു വരാപ്പുഴെ കമ്മലീത്താ സുറിയാനിക്കാരുടെമേൽ ഉള്ള ഭരണം നിലനിന്നു കിട്ടുവാൻ ശരണമില്ലാതെ വന്നുകൂടുമെന്നു കരുതി അവർ തങ്ങളാൽ പാടുള്ള വിരോധങ്ങൾ എല്ലാം പാറയാമ്മാക്കൽ ഗൊവർണ്ണദോരവന്നു എതിരായും മറ്റും തല്സ്ഥാനത്തു പുറപ്പെടുവിച്ചിരുന്ന എന്ന തിരുവിതാംകൂർ ക്രിസ്ത്യമത ചരിത്രമായി മെക്കൻസിയാൽ ഫൻ൦ഒ-ൽ രണ്ടാമതു അച്ചടിച്ചുപ്രസിദ്ധപ്പെടുത്തപ്പെട്ടപുസ്തകം രൈ-ാം പുറത്തിൽ പറഞ്ഞിരിക്കുന്ന താഴെ വരുന്ന വൃത്താന്തം കൊണ്ടു വായനക്കാർക്കു എളുപ്പം ഗ്രഹിക്കാവുന്നതാണു. "എങ്ങനെ ഈ

കിലും ഒരു സുറിയാനി മെത്രാൻ വേണമെന്നുള്ള അപേക്ഷയെ റോമാ
യിലെ അധികാരികൾ കേൾക്കുകയില്ലെന്നും പാറയാമ്മാക്കൽ തോമ്മാ
ക്കത്തനാർമെത്രാനായിവാഴിക്കപ്പെടാതെഇരിക്കുന്നതിനു പ്രിസ്ബോണി
ലെ രാജകച്ചേരിയിൽ നിന്നു തനിക്കു ഉറപ്പുകിട്ടിയിട്ടുണ്ടെന്നും (പ്രൊ
പ്പഗാന്തയുടെ പ്രൊപെകന്ത)കർദ്ദിനാൾ അന്തോനെല്ലി എന്ന ദേഹം
തന്റെ പുറം തുലാം നു—ാം നു- യിലെ എഴുത്തിൽ (വരാപ്പുഴ) ജൂയീ
സ്മയ്യനെ അറിയിച്ചിട്ടുണ്ട്.

(Appendix 107)

"However, the authorities at Rome would not listen to the request for a Chaldean Bishop and in a letter dated 6 th October 1790 Cardinal Antornelly (Prefect of Prōpaganda, Rome) informs Bishop Louis (Verapoly) that he has obtained from the Court of Lisbon an assurance that Thomas Pareamakal would not be consecrated Bishop" (See 2nd Edition of Mackenzie's History of Christianity in Travancore page. 74.)

ഇപ്രകാരമുള്ള കായ്യസാദ്ധ്യത്തിനായിട്ടതന്നെയാണു റോമാ നസ്രാണി
കളും അവരെ ഭരിക്കാൻ വന്നുകൊണ്ടിരുന്ന കൽദായ മെത്രാന്മാരും
നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നുള്ളവാദം ലത്തീൻ വൈദീ
കർ പുറപ്പെടുവിച്ചിട്ടുള്ളതു.

രണ്ടാംഭാഗം.

(പുറം—ാംപ്രകരണം)

ഉദിയമ്പേരൂർ സുനഹദോസ് വരെ
തോമാ നസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്ന
എന്നു വാദിക്കുന്ന മെഡ്ലിക്കോട്ട മെത്രാന്റെ
ലേഖനനിഷേധം.

മലയാളത്തിലെ സുറിയാനി തോമാ നസ്രാണികൾ ഇടവിടാ
തെ റോമൻകത്തോലിക്കാ വിശ്വാസത്തിൽ നിന്നിരുന്നു എന്നും മെനെ
സീസ് മെത്രാപ്പോലീത്തായാകട്ടെ ജസ്വീത്ത സന്യാസികളാകട്ടെ അ
വരെമനസ്സുതിരിച്ചിട്ടില്ലെന്നും മുൻ സ്ഥാപിച്ചിട്ടുണ്ടല്ലൊ വരാപ്പുഴ അ
തിരൂപതയിലെ (പുറം). "സത്യനാദം" എന്ന പത്രത്തിന്റെ

൨൧-ാം പുസ്തകം, ൧൭, ൧൯, ൨൩, ഈ നമ്പ്രകളിൽ, മൻ തിഴ്ശിവ പേരൂർവികാരി അപ്പസ്തോലിക്കയായിരുന്നമെഡ്ലിക്കോട്ട മെത്രാൻഅ വർകളും വരാപ്പുഴയിൽ നിന്നും*പി. പി. എം. എന്നലേഖകനും ഏഴ തീട്ടുള്ള സംഗതികളുടെ അസത്യത്തെ തെളിയിക്കുന്നതിനായി ഇനിശ്ര ദ്ധിക്കാം. പ്രസ്തുതവിഷയത്തിലേക്കു പുറപ്പെടുമ്പോൾ "ഫാബുള പേരി" എന്ന കഥാപുസ്തകത്തിലെ തന്ത്രം ഓർമ്മവരുന്നു- എന്തെന്നാൽ കുറു ക്കൻ മുന്തിരിങ്ങാ തോട്ടത്തിൽ കടന്നു നന്നായി പഴുത്ത മുന്തിരിങ്ങാ പറിച്ചു തിന്നുന്നതിനു രണ്ടു മൂന്നു പ്രാവശ്യം ചാടിയ തിന്റെശേഷം സാധിക്കാതെ, "മുന്തിരിങ്ങാ പഴുത്തില്ല. പച്ചയാണു. പുളിക്കും" എന്നു പറഞ്ഞു ബഹുമാനത്തോടെ ഒഴിഞ്ഞു പോയി. അ തുപോലെ പി. പി. എം. എന്നലേഖകനും കുട്ടനും, മെഡ്ലിക്കോട്ട മെ ത്രാനും മാറു ലത്തീൻകാരായ വൈദീകരും സുറിയാനി തോമാ നസ്രാ ണികളുടെ പള്ളിഭരണം ഏതുവിധവുംതങ്ങൾക്കുനിലനിർത്തുന്നതിനു ശ്ര മിച്ചിട്ടുംസഫലമാകാഴികയാൽ അവർ നെസ്തോറിയൻ കാരായിരുന്നു- എന്നും, ലത്തീൻ മെത്രാന്മാരുടെ ഭരണത്തിൽ അവർ ഉൾപ്പെടാതി രുന്നിരുന്നു വെങ്കിൽ അവർ ശീശ്മക്കാരും ഇടത്തുട്ടുകാരുമായി തീരുമാ യിരുന്നു എന്നും അഭിപ്രായപ്പെട്ട ചരിത്രപ്പെട്ടുത്തുകയും പത്രദ്വാരാലേ ഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു വരുന്നു. എന്നാൽ മേൽപ്ര കാരം വർത്തമാനപത്രങ്ങളിൽ തോമാ നസ്രാണികൾ മുമ്പെ നെസ്തോറി യൻ ഇടത്തുട്ടുകാരായിരുന്നു എന്നും മാറും അച്ചടിച്ചു പ്രസിദ്ധപ്പെ ടുത്തിവരുന്ന ലത്തീൻ വൈദീകർ സുവിശേഷപഠിനത്തിന്റെ ഒരു ഭാ ഗം നല്ലവണ്ണം ഓർക്കേണ്ടതുണ്ട്. അതായതു അന്യന്റെ കുറ്റത്തെ പ്ര സിദ്ധംചെയ്യുന്നതു ഇനശോമിശിഹാ കഠിനമായി വിലക്കിയിട്ടുള്ളസം ഗതി ആണോ അല്ലയൊ എന്നുള്ളതാകുന്നു തന്റെ ശിഷ്യരായി കൂടി യിരുന്നവരിൽ മുൻ അനേകം കുറ്റങ്ങൾ ചെയ്തവർ ഉണ്ടായിരുന്നിട്ടും സുവിശേഷ ഗുരുഭ്രതനായ ദിവ്യകർത്താവു അവരുടെ പഴയകുറ്റങ്ങളെ ഒരിക്കലെങ്കിലും അവരെ ഓർമ്മപ്പെടുത്തിയതായി സുവിശേഷത്തിൽകാ ണുന്നില്ലാ. പക്ഷേ തോമാനസ്രാണികൾ ഒരുകാലത്തുനെസ്തോറിയൻ ഇടത്തുട്ടുകാര നായിരുന്നു എന്നുള്ള സംഗതി ഒരു വിശ്വാസത്തിനടുത്ത തായ സംഗതിയല്ല. ഒരുത്തൻ ചെയ്തിട്ടുള്ള അധാർമ്മങ്ങളെ ഓർമ്മപ്പെ ടുത്തുന്നതു തന്നെ രസക്ഷയമുള്ള സംഗതിയാണു. അതിനാൽ തോ മാ നസ്രാണികൾ ഒരുകാലത്തു നെസ്തോറിയൻ ഇടത്തുട്ടിൽ ഉൾ പ്പെട്ടിരുന്നിരുന്നാൽ തന്നെയും അവർ ഇപ്പോൾ സത്യവിശ്വാസികളാ യിരിക്കുന്ന സ്ഥിതിക്കു അപ്രകാരമുള്ള സംഗതികളെ ഓർമ്മിപ്പിക്കുന്നതു സുവിശേഷപഠിത്തത്തിനടുത്ത ധർമ്മമല്ല. അതുകൊണ്ടുസുവിശേഷ ഉ പദേഷ്ടാക്കൾ മേൽപറഞ്ഞപ്രകാരം വർത്തമാനപത്രികകളിൽ പ്രസി

*പി. പി. എം. എന്നത പാത്തേർ പൊലിക്കാർപ്പുസ മരിയ' എന്നപേരിന്റെ ആദ്യ ക്ഷരങ്ങൾ ആണെന്നറിയുന്നു.

ധംചെയ്യുന്നതു സുവിശേഷത്തെതള്ളിക്കളയുന്നതിന്റെ പരിണതിക്കു യോഗ്യമല്ലാത്ത തായുള്ള എന്നു എനിക്കുതോന്നുന്നു. എന്നാൽ എന്റെ ജനത്തിനേൽ പൊതുവായും പരസ്യമായും കൊണ്ടുവരപ്പെട്ടിട്ടുള്ള അപഖ്യാതിയേയും ദുർവ്വാദത്തെയും നിഷേധിച്ചു ശരീകരിക്കുന്നതു ഒരുചിതമായ പ്രവൃത്തിയെന്നു വിചാരിച്ചുകൊണ്ടു മേലെഴുതിയ ലേഖനങ്ങൾക്കു മറുപടി പറവാനായി ഞാൻ ഒരുങ്ങുന്നു.

മെഡ്ലിക്കോട്ട് മെത്രാനവർകൾ പ്രാൻസിൽ ഹീസ് എന്ന പട്ടണത്തിൽ നിന്നു ഫ്രൻസു ഏപ്രിൽ ഫ്രം-ാം വരാപ്പുഴ കമ്മലീത്താ മിഷ്യനരി ഫാദർപൊവിക്കാപ്പിന്റെ പേർക്കു അയച്ചു ടി മെത്രാപ്പോലീത്തായുടെ സമ്മതത്തോടെ മിഷ്യൻവക സത്യനാദ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനത്തിന്റെ അവസാനഭാഗത്തിൽ തന്റെ വാദത്തെ തിരുത്തുന്നതിനായി കൊണ്ടുവന്നിട്ടുള്ള തെളിവു ഇപ്രകാരമാകുന്നു. "ഇതെല്ലാം മലയാളത്തിലുള്ളവർ അറികയും സമ്മതിക്കയും ചെയ്തിട്ടുള്ളതാണു" — അതായതു: തോമ്മാനസ്രാണികളും ഉദിയമ്പേരൂർ സൂനഹദോസ് വരെയും നെസ്തോറിയൻ ഇടയന്മാരായിരുന്നു എന്നു അവർതന്നെ സമ്മതിച്ചിട്ടുള്ള സംഗതിയാകുന്നു എന്നാകുന്നു. മെഡ്ലിക്കോട്ട് മെത്രാൻ മലയാളത്തിൽവന്നു ഏറെ വർഷം തോമ്മാനസ്രാണികളെ ഒരിമ്പെടുത്തിൽ അനുഭവസിദ്ധമായ മേല്പറഞ്ഞതെളിവിന്റെ വാസ്തവംകൊണ്ടുതന്നെ, തന്റെ അനുഭവസിദ്ധിയിൽ പെടാത്ത തെളിവുകളുടെ വാസ്തവം തീർച്ചയാക്കാം. തോമാനസ്രാണികളും ഇടയന്മാരായിരുന്നുവെന്നു അവർതന്നെ സമ്മതിച്ചിട്ടുള്ള സംഗതിയാണെന്നു അനുഭവംകൊണ്ടു അറിഞ്ഞു പ്രസിദ്ധം ചെയ്താൽ തന്റെ കൂട്ടുകാരായ യൂറോപ്യന്മാർ എല്ലാം ആ സംഗതി മെഡ്ലിക്കോട്ട് മെത്രാന്റെ അനുഭവംനിമിത്തമുള്ള അറിവായി ബലമായി വിശ്വസിക്കുമെന്നു കരുതി തന്റെ നൂതനചരിത്രപ്രസ്ഥാവന പ്രസിദ്ധംചെയ്തതായിരിക്കണം. കുറക്കാർ തങ്ങളുടെ കുറങ്ങളെ സമ്മതിച്ചാൽ വിധികർത്താക്കന്മാർക്കുവിധി പ്രസ്താവിക്കുന്നതിനു എളുപ്പമുണ്ടല്ലൊ. ചരിത്രം എഴുതുവാൻ ഒരുങ്ങിയിരിക്കുന്ന യൂറോപ്യന്മാർക്കു നൂതനമായി വല്ലതും കിട്ടിയാൽ അന്യ ചരിത്രക്കാർ എഴുതീട്ടില്ലാത്ത പുതിയ ചരിത്രം താൻ എഴുതിഎന്നുള്ള പ്രത്യേക ബഹുമതിക്കു അർഹനായി ഭവിക്കുന്നതാണെല്ലൊ. അതുപോലെ മെഡ്ലിക്കോട്ടുമെത്രാനും ഇപ്രകാരം എഴുതീട്ടുള്ളതാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

എന്നാൽ മുൻപറഞ്ഞ ഏകസാക്ഷികൊണ്ടു മെഡ്ലിക്കോട്ട മെത്രാൻ തന്റെ വാദത്തെ ബലപ്പെടുത്തുവാൻകരുതിയതുപോലെ ആ ഏക സാക്ഷികൊണ്ടുതന്നെ അദ്ദേഹത്തിന്റെ വാദത്തെ മുഴുവനും ഖണ്ഡിക്കുന്നതിനു ഞാൻ വിചാരിക്കുന്നതിൽ വായനക്കാർക്കു നീരസംതോ

ന്നുകയില്ലെന്നു വിശ്വസിക്കുന്നു. തങ്ങൾ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നു തോമാനസ്രാണികൾ ഒരിക്കലും സമ്മതിച്ചിട്ടില്ല. എന്നാൽ ഹേരെമറിച്ചു, അവർ നെസ്തോറിയൻ ഇടത്തുട്ടുകാരാണെന്നു യൂറോപ്യന്മാർ വാദിക്കുവാൻ തുടങ്ങിയ കാലംമുതൽ അതിനു എതിർവാദം പുറപ്പെടുവിക്കയാണു അവർ ചെയ്തുതുടങ്ങിയതു. തോമാനസ്രാണികളിൽനിന്നും പിരിഞ്ഞുപോയ യാക്കോബായ നസ്രാണികൾ കത്തോലിക്കാ സഭയിൽ ചേർന്നുകൊള്ളാമെന്നു ക്ലെൻ—ഇടവം-൨൦-നു അലപ്പുഴവെച്ചു എഴുതിവെച്ച ഉടമ്പടി ലേഖനം വായിച്ചാൽ ഇതിന്റെ വാസ്തവം തെളിയുന്നതാണു. ഒരു ലേഖനം മലയാളമൊട്ടുക്കുള്ള തോമാനസ്രാണികളുടെ ഒരു സത്യപ്രസ്താവനയാണു. എന്തെന്നാൽശീശ്മയിലും ഇടത്തുട്ടിലും പിരിഞ്ഞുപോയവർ പിന്തിരിഞ്ഞു സത്യസഭയിൽ ചേരുന്നതിനു നിശ്ചയിച്ച ഇരു ഭാഗക്കാരും യോജിച്ചു എഴുതീട്ടുള്ള സത്യപ്രസ്താവനയാണു പ്രസ്തുത ഉടമ്പടി. ഒരു ഉടമ്പടി മുൻ പറഞ്ഞിട്ടുള്ള. തെളിവുകളെയും വളരെ ബലപ്പെടുത്തുന്നുണ്ടു. ഉടമ്പടിയെ അടിയിൽ ചേർക്കുന്നു. "നമ്മുടെ കാരണവന്മാരായിട്ടു ശുദ്ധ: മാപ്പ്പ്പായെ കീഴ് വണങ്ങി ഒരു ശോമിശീഹായുടെ ക്ലെൻ—൨൦ കാലത്തോളവും റോമാപ്പള്ളിക്കു വഴക്കമുള്ള കൽദായ സൂറിയാനിക്കാരുടെ ക്രമംപോലെ നാം എല്ലാവരും അനുസരിച്ചു നടന്നുവരുമ്പോൾ സൂറിയാനിക്കാരിൽ നിന്നും റോമാ വഴക്കമുള്ള മേല്പട്ടക്കാരു മലയാളത്തിൽ വരാഴികകൊണ്ടും നമുക്കു മേല്പട്ടക്കാർ ഇല്ലാതിരിക്കുമ്പോൾ ഗോവയുടെ മാർ അല്ലെസോസു മെത്രാപ്പോലീത്താ മാപ്പ്പ്പായുടെ കല്പനയാലെ മലങ്കരെവന്നു ഉദിയമ്പേരൂർ സൂനഹദോസ് കൂടി കല്പിച്ചിരിക്കുന്നപ്രകാരം ക്ലെമെന്റ്—൮ കാലത്തോളവും നാം എല്ലാവരും ഏകോൽക്കൂവിച്ചു നടന്നു വരുമ്പോൾ സൂറിയാനിക്കാരിൽ ഒരു മേല്പട്ടക്കാരൻ വന്നാറെ സമ്പാളൂക്കാർ * അന്നു കൊച്ചീകോട്ടയിൽ പ്രമാണമായിരിക്കുന്ന പറങ്കികളെ സ്വാധീനമാക്കി അപായം വരുത്തുകകൊണ്ടു മലങ്കര ഇടവകക്കാരു എല്ലാവരും മട്ടാഞ്ചേരി പള്ളിയിൽ കൂടി സമ്പാളൂക്കാരെ ജാതി യജമാനന്മാരായിട്ടു കൈക്കൊള്ളുകയില്ലെന്നു സത്യവും ചെയ്തു. ഉടനെ അവരങ്ങാടിപ്പള്ളിയിൽ വെച്ചു മേൽപട്ടക്കാരും കൂടാതെ യോഗമായിട്ടു തോമാ ആർക്കദിയാക്കോനെ മെത്രാനായിട്ടു വാഴിച്ചതിന്റെ ശേഷം ഓരോരു കമ്പങ്ങൾ കൊണ്ടു വിവാദിച്ചു രണ്ടുതലസ്ഥാനമായിട്ടും രണ്ടു ക്രമമായിട്ടും നടന്നുവരുമ്പോൾ മുമ്പെ നമ്മുടെ കാരണവന്മാരു ഏകോത്ഭവിച്ചുനടന്നു വന്നതിനെപ്പറ്റിയും ശുദ്ധ: മാപ്പ്പ്പായെകീഴ് വഴങ്ങി ഉദിയമ്പേരൂർസൂനഹദോസിൽ കല്പിച്ചതിൻവണ്ണം

* സമ്പാളൂർ എന്ന നാമം അമ്പഴക്കാട്ടു സമീപം "സൻപാവുൽ,, എന്ന നാമത്തിൽ ജസീത്തർ ഒരു കോളേജു സ്ഥാപിച്ചു അതിന്റെ ശേഷം ആ സ്ഥലത്തിനു "സമ്പാളൂർ,, എന്നു വിളിച്ചുവന്നു അവിടെ പാർത്ത ജസീത്തർക്കു പൌലീസ്സർ എന്നു പേരുണ്ടായി

കൂബ്രാനയും നമസ്കാരവും നോയമ്പും ശേഹം കായ്കളും ക്രമങ്ങളും നാം രണ്ടു ക്രൊനുമ്പുറത്തുള്ളവരും ഒന്നായിട്ട് അനുസരിച്ചു നടന്നുകൊള്ളുന്നതുകൊണ്ടും, ശുദ്ധ: മാപ്പിപ്പായുടെ തിരുമനസ്സറിയിച്ച അനുവാദം വരുത്തിക്കൊണ്ടു ശുദ്ധ: റോമാപ്പള്ളിക്കു വഴക്കമുള്ള കൽദായസുറിയാനിക്രമംപോലെ എല്ലാ കായ്കളും നടന്നുകൊള്ളുന്നതുകൊണ്ടും, ഇപ്പോൾ യാക്കോബായക്കാരുടെ വിശ്വാസവും ക്രമവും എടുത്തു നടന്നു വരുന്നതു ഉപേക്ഷിച്ചു ഉർബാനോസ് എന്ന വ—ാമത്തെ മാപ്പിപ്പായുടെ കാലത്തിൽ കിഴക്കിന്നാട്ടുത്ത പള്ളിക്കാർക്കു കല്പിച്ചിരിക്കുന്ന വിശ്വാസസത്യത്തിനു തക്കവണ്ണം അനുസരിച്ചു സത്യവും ചെയ്തു മാപ്പിപ്പായുടെ കല്പനപോലെ വഴങ്ങിനടന്നുകൊള്ളുമാറും സമ്മതിച്ചു മിശിഹാപിറന്നിട്ട് ക്രൻൻ-ാം കാലം൨ വഴയകണക്കിൽ ഇടവമാസം ൨൦-ാം നു- ആലപ്പുഴ മാർ സ്ലീവാപ്പള്ളിയിൽവച്ചു, ബാവായുടെയും, പുതുസ്സെറിയും ഹാടങ്കദശായുടെയും നാമത്തിലെ രണ്ടു ക്രൊനുമ്പുറത്തുള്ള പള്ളിക്കാരും ക്രടി സത്യമായിട്ട് എഴുതിവച്ച പടിയോല— മലയാളത്തിലുള്ള തോമാനസ്രാണികളുടെ അറിവും സമ്മതവും ഏതുവിധമെന്നു മലയാളമൊട്ടുക്കുള്ള ക്രിസ്ത്യാനിസമുദായത്തിന്റെ ൦രം എഴുത്തുകൊണ്ടു വളരെ വെളിവാകുന്നുണ്ടല്ലൊ- ഇതുക്രടാതെയും ഉദിയമ്പേരൂർ സുനഹദോസ് വരെ തോമാനസ്രാണികൾ ശുദ്ധ: റോമൻകത്തോലിക്കാപ്പള്ളിയുടെ വിശ്വാസത്തിലും കിഴക്കെ പള്ളിക്കടുത്തതായിരിക്കുന്ന കത്തോലിക്കാ കൽദായ മെത്രാന്മാരുടെ ഭരണത്തിലും ആയിരുന്നുവെന്നു എത്രയും തെളിവായി ൦രം സത്യ പ്രസ്താവനയിൽ കാണുന്നു. ഇതുക്രടാതെയും റോമൻകത്തോലിക്കാ വഴക്കമുള്ള ഒരു കൽദായമെത്രാൻവന്നാലും൦രം സമ്പാളുക്കാരുടെ അതായതു ൦രം ശോസഭക്കാരുടെ ശ്രമത്താൽ പോട്ട ഗീസ്സാർ അദ്ദേഹത്തെതീയിലിട്ടുദഹിപ്പിച്ചതുംഇതിൽ സൂചിപ്പിച്ചിരിക്കുന്നു. കൽദായ മെത്രാന്മാരുടെ ഭരണം അതേവരെ നീക്കപ്പെട്ടിട്ടില്ലായിരുന്നുവെന്ന സംഗതിയും പറയപ്പെട്ടിരിക്കുന്നു. ൦രം സംഘം ലത്തീൻമെത്രാന്മാരുടേയൊ മിഷനറിമാരുടേയൊ ശ്രമത്താൽ ക്രടപ്പെട്ടതല്ല. തോമാനസ്രാണികൾ സ്വയമേവ തങ്ങളുടെ യാക്കോബായ സഹോദരന്മാർ കത്തോലിക്കാഐക്യതയിൽ ചേരുന്നതിനു ചെയ്ത ശ്രമത്താൽ ൦രം സംഘം ക്രടപ്പെട്ടതും, ൦രം പടിയോലയിൽ പറഞ്ഞിട്ടുള്ള സംഗതികൾ വളരെ സ്വാതന്ത്ര്യമായിട്ടുള്ളതും സത്യമായിട്ടുള്ളതും ആകുന്നതുംക്രടാതെ വ—ാം ഉർബാനോസ് മാപ്പിപ്പായുടെ വിശ്വാസസത്യം ചെയ്തതനുസരിച്ചു നടന്നുകൊള്ളാമെന്നു പൊതുവായി സമ്മതിച്ചുപറയുന്നതുകൊണ്ടു അന്നു യാക്കോബായക്കാരുടെ മെത്രാനായ മാർതോമ അല്ലെങ്കിൽ ദ്യോനിസിയോസ് മെത്രാന്റെ മനസ്സു തിരിവു വളരെ സത്യമായിട്ടുള്ളതും, നിഷ്കപടമായിട്ടുള്ളതും ആകുന്നു എന്നു ടി പടിയോലതന്നെ തെളിയിക്കുന്നു. ഇപ്രകാരം നമ്മുടെ പൂർവ്വന്മാരായ കത്തോലിക്കാ ഐക്യതയിൽ ചേരുവാൻ വന്ന ജനക്രൂട്ടത്തെയുംമെ

ത്രാനെയും അംഗീകരിക്കാതെ തടസ്ഥം പറഞ്ഞു. ഉപേക്ഷിച്ചവരുടെ പ്രവൃത്തി എത്ര വലിയ ശിക്ഷാപാത്രമായിരിക്കുന്നുവെന്നുവിധിദിവസത്തിൽ അറിവാനിടവരും. തോമാനസ്രാണികൾ നെസ്തോറിയൻഇടത്തുട്ടുകാരായിരുന്നു എന്നു അവർ എഴുതിട്ടുള്ളതല്ലെന്നും യൂറോപ്യന്മാർ എഴുതീട്ടുള്ളതാണെന്നും ചരിത്രംകൊണ്ടു തന്നെ തെളിയിക്കാം- റോളന്റെ ചരിത്രം ൪൪-ാം പുറത്തിൽ ഉദിയമ്പേരൂർ സുനഹദോസിൽവെച്ചു തോമാനസ്രാണികളും പട്ടക്കാരും തങ്ങൾ വിശ്വാസത്തിൽ ക്ഷയിച്ചുവരല്ലെന്നു വാദിക്കുന്നതിനെ ലത്തീൻഭാഷയിൽ തന്നെ വായിച്ചു മെത്രാനും കൂട്ടരും തങ്ങളുടെ അവാസ്തവമായ അഭിപ്രായത്തെ വിട്ടുപേക്ഷിക്കേണ്ടതായിരിക്കുന്നു. റോളൻ പറയുന്നതാഹിതു—"തങ്ങൾക്കു വിശ്വാസമുണ്ടായിരിക്കുന്നു എന്നും തങ്ങൾ ക്രിസ്ത്യാനികൾ ആകുന്നുവെന്നും ആയതിനാൽ വ്യർത്ഥം തങ്ങളോടു ചോദിക്കുന്നുവെന്നും എന്നുമാത്രമല്ല തങ്ങൾ വിശ്വാസത്തിൽ ക്ഷയിച്ചുവരേപ്പോലെ തങ്ങൾക്കു പോരാഴികയുള്ള സ്ഥിതിയിൽ ഇതു ചോദിക്കുന്നു എന്നും അവർ തർക്കിക്കയും ആയതിനു തന്റെ ഉദ്യോഗപ്രകാരം ഒമനേസീസ് മെത്രാപ്പോലീത്താ പുതിയ കായ്മകളില്ലെന്നും ആവശ്യപ്പെട്ടപ്പോൾ എല്ലാം തന്റെ വിശ്വാസത്തെ അനുസരിച്ചു പറയേണ്ടുമതലയെല്ലാവർക്കും ഉള്ളതുകൊണ്ടു ഇതുമുമ്പുകായ്മയല്ലെന്നും ... താൻപെരുപ്പത്തിലെ ക്രിസ്ത്യാനിയാണെന്നും, എന്നു മാത്രമല്ല പിതാവും കിഴക്കിന്റെയൊക്കയും മേലദ്ധ്യക്ഷനും ആയിരിക്കയിൽ ഒരുത്തനും ആവശ്യപ്പെട്ടനാതിനുമുമ്പുതാൻതന്നെവിശ്വാസസത്യംചെയ്തുഎന്നുംപറഞ്ഞു. (Appendix 108)

ഉദിയമ്പേരൂർ സുനഹദോസിൽവച്ചു തന്നെ തോമാനസ്രാണികൾ അതേവരെയും കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്തതായ ഒരു മുറ അതായതു:—വിശ്വാസസത്യം പുത്തനായി ചെയ്തു, എന്നസംഗതിയേപ്പറ്റി പ്രതിവാദങ്ങൾ നടത്തിയെന്നു ഇതിൽ നിന്നും വെളിവാകുന്നുണ്ടല്ലൊ. എന്നാൽ സുനഹദോസുകളിലും മെത്രാൻപട്ടം ഏൽക്കുമ്പോഴും മല്പാനായി പഠിപ്പിക്കുമ്പോഴും മറ്റും പല സന്ദർഭങ്ങളിലും വിശ്വാസസത്യംചെയ്തു റോമാപ്പള്ളിയിൽ നടന്നുവരുന്ന ഒരു മുറയാണു. ആയതു തോമാനസ്രാണികൾക്കു അറിവില്ലായിരുന്നതിനാൽ മാത്രമാണു അവർ അപ്രകാരം വാദിച്ചതു. തങ്ങൾ നെസ്തോറിയൻ ഇടത്തുട്ടുകാരാണെന്നു അതേവരെ അറിഞ്ഞിട്ടില്ലെന്നും ഇടത്തുട്ടുകാരാകുന്നു എന്ന സംഗതി അതായതു വിശ്വാസത്തിൽ ക്ഷയിച്ചിരിക്കുന്നു എന്നുള്ളതു അവർക്കു കുറച്ചിലാണെന്നുകൂടിയും തോമാനസ്രാണികൾ വാദിച്ചു. തങ്ങൾ നെസ്തോറിയൻ ഇടത്തുട്ടുകാരാകുന്നു എന്നു തോമാനസ്രാണികൾ തന്നെ സമ്മതിച്ചിട്ടുള്ള സംഗതിയാണെന്നു മെത്രാൻ എങ്ങിനെമനസ്സിലാക്കിയെന്നു അറിയുന്നില്ല. ഉദിയമ്പേരൂർ സുനഹദോസു

വരെ തോമാനസ്രാണികൾ ഇടത്തുട്ടുകാരായിരുന്നുവെന്നും അവിടെവെച്ചാണ അവർ മനസ്സ് തിരിഞ്ഞതെന്നും ഉള്ള വാദത്തെ നിഗ്ഗ്രഹം ഖണ്ഡിക്കുന്നതിന ഒരു ഏകതെളിവു മതിയാകുന്നതാണ - എന്തെന്നാൽ തോമാനസ്രാണികൾ വിശ്വാസത്തിൽ ക്ഷയിച്ചിട്ടില്ല. അതായതു നെസ്തോറിയൻ ഇടത്തുടിലൊ മറ്റു വല്ല ഇടത്തുട്ടുകളിലുമൊ അവർ അകപ്പെട്ടിട്ടില്ലെന്ന വാദിക്കയും ആ വാദം ശരിയാണെന്ന മെനേസീസുമെത്രാപ്പോലീത്താ സമ്മതിക്കയും ചെയ്തിരിക്കുന്നു. എന്തെന്നാൽ വിശ്വാസത്തിൽ ക്ഷയിച്ചവർല്ലെന്ന അവർ വാദിച്ചപ്പോൾ, അവർ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്ന എങ്കിൽ, അവർ അതേവരെയുള്ള നെസ്തോറിയൻ ഇടത്തുട്ട അനുസരിച്ചിരുന്നതിനാൽ അതിനെ പരിത്യജിക്കുന്നതിന വിശ്വാസസത്യം ചെയ്യാൻ കടപ്പെട്ടിരിക്കുന്നു എന്നു മേനേസീസ് മെത്രാപ്പോലീത്താ ഉത്തരം പറകയും ഉപദേശിക്കയും ചെയ്തുണ്ടായിരുന്നു. എന്നാൽ അപ്രകാരമല്ലാ മെനെസീസുമെത്രാപ്പോലീത്താ ഉത്തരം പറഞ്ഞതു. പിന്നെയൊ താനും അവരും ഒരേ വിശ്വാസ്തികളാകുന്നുവെന്നു കാണിക്കുന്നതിന ചെറുപ്പംമുതൽ താൻ ക്രിസ്ത്യാനിയാണെന്നും താൻ പിതാവും കിഴക്കിന്റെ മേലദ്ധ്യക്ഷനും ആണെങ്കിലും യാതൊരുത്തരും ആവശ്യപ്പെടാതെ സ്വയമേവ അദ്ദേഹത്തെ വിശ്വാസസത്യം ചെയ്യുവെന്നും ആയതു ആശ്ചര്യകരമല്ലെന്നും, അതായതു സത്യക്രിസ്ത്യാനികളും പട്ടക്കാരും മെത്രാന്മാരുംകൂടി ഓരോ അവസരങ്ങളിൽ വിശ്വാസസത്യം ചെയ്ത പതിവാണെന്നും ആ വിധമായ വിശ്വാസപ്രമാണമെ ആവശ്യപ്പെട്ടുള്ളു എന്നും അദ്ദേഹം ഉത്തരം പറഞ്ഞു. തോമാനസ്രാണികൾ പ്രസ്തുതകാലംവരെ നെസ്തോറിയൻഇടത്തുട്ടുകാരല്ലായിരുന്ന എന്ന ഇതിൽ നിന്നും വേണ്ടുവോളം തെളിയുന്നുണ്ട്. അതുകയാൽ തങ്ങൾ നെസ്തോറിയൻഇടത്തുട്ടുകാരായിരുന്ന എന്ന തോമാനസ്രാണികൾ തന്നെ സമ്മതിച്ചിട്ടുള്ള കാര്യമാണെന്ന മെഡ്ലിക്കോട്ട് മെത്രാൻ പറഞ്ഞിട്ടുള്ളതു തന്റെ അബദ്ധവിധിയെ തെളിയിക്കുന്നതിന തന്നത്താൻ കണ്ടുപിടിച്ച സ്വപ്നതെളിവത്രെ എന്ന വായനക്കാർക്കു വേണ്ടുപോലെ മനസ്സിലാകുമെന്ന ഞാൻ വിചാരിക്കുന്നു. ഇനി മെഡ്ലിക്കോട്ട മെത്രാന്റെ ലേഖനത്തിന്റെ അരംഭം തുടങ്ങി ഓരോസംഗതിയും പരിശോധിച്ചു നോക്കാം മെഡ്ലിക്കോട്ട മെത്രാന്റെ ലേഖനം ഒന്നാം ലക്കത്തിൽ "പരിശുദ്ധസിംഹാസനവുമായി യോജിപ്പുള്ള വിശ്വസ്തജനങ്ങളുടെ ഒരംശം നെസ്തോറിയൻ രാജ്യത്തിന്റെ മദ്ധ്യത്തിൽപോലും എല്ലായ്പ്പോഴും നിലനിന്നിരുന്നു. മാർ-അംഗ്രിഗോരിയൂസ് പാപ്പാതന്നെയും സിറിയാനാട്ടുകാരനായ ഒരു കൽദായക്കാരനായിരുന്നു." എന്ന സുറിയാനി പട്ടക്കാർ മെക്കൻസി അവർകളുടെ നോട്ടിൽ കാണിച്ചിട്ടുള്ള സംഗതി മെഡ്ലിക്കോട്ട മെത്രാൻ അവർകം നിഷേധിക്കുന്നു. റോമൻ കത്തോലിക്കാ വിശ്വാസത്തിൽ നിലനിന്ന ജനം നെസ്തോറിയൻ രാജ്യത്തിലി

ല്ലെന്നും മൂന്നാം ഗ്രിഗോരിയൂസ് പാപ്പാ കൽദായ പാത്രിയാക്കീസിന്റെ അധികാരത്തിൽ ഉൾപ്പെട്ട നാട്ടുകാരനല്ലെന്നും ആണ് അദ്ദേഹം വാദിക്കുന്നു. ഈ വാദത്തെ നിഷേധിക്കുന്നതിനു മുമ്പ് നെസ്തോറിയൻ ഇടത്തുട്ട ഉണ്ടാവിച്ചപ്പോൾ, ഉടൻ തന്നെയോ, കാലക്രമം കൊണ്ടോ, കൽദായ പാത്രിയാക്കീസിന്റെ അധികാരത്തിലുൾപ്പെട്ട രാജ്യനിവാസികളായ എല്ലാ കൽദായ സുറിയാനി ജനങ്ങളും പട്ടക്കാരും മെത്രാന്മാരും നെസ്തോറിയൻ ഇടത്തുടഅനുസരിച്ചു എന്നു മെഡ്‌ലിക്കോട്ട മെത്രാനുവർക്കം തെളിയിച്ച് സ്ഥാപിക്കേണ്ടിയിരുന്നു. ആയ മെഡ്‌ലിക്കോട്ട മെത്രാനാൽ സാദ്ധ്യമല്ലാത്ത സംഗതിയാണു. എന്തെന്നാൽ എല്ലാ രാജ്യങ്ങളിലും കൽദായ സുറിയാനിക്കാരായ ജനങ്ങളും പട്ടക്കാരും പലമെത്രാന്മാരും എല്ലാ കാലത്തും സത്യവിശ്വാസത്തിൽ നിലനിന്നിരുന്നു- എന്ന തിരുസഭയുടേയും പുണ്യവാളന്മാരുടേയും ചരിത്രങ്ങൾ സാക്ഷീകരിക്കുന്നതാണു. മൂന്നാംഗ്രിഗോരിയൂസ് മാപ്പ്വാപ്പാ നെസ്തോറിയൻ രാജ്യക്കാരനല്ലെന്നു തെളിയിക്കുന്നതിനു മെഡ്‌ലിക്കോട്ട മെത്രാൻ പറയുന്നതായ മുഖ്യമായ തെളിവു, അദ്ദേഹത്തിന്റെ ജനനസ്ഥലം നിശ്ചയമില്ലെന്നുള്ളതാകുന്നു. ഈ തെളിവുകൊണ്ടു മാത്രം മെഡ്‌ലിക്കോട്ട മെത്രാൻ സത്യത്തെ മറച്ചുവെക്കുവാൻ മനഃപൂർവ്വം യത്നിച്ചിട്ടുള്ളതായി വായനക്കാർക്കു ബോദ്ധ്യപ്പെട്ടും. എന്തെന്നാൽ തന്റെ ജനനസ്ഥലം അറിയാതെ, അദ്ദേഹം ഇന്ന നാട്ടുകാരനാണെന്നു വ്യക്തമായി തെളിയിപ്പാൻ പാടില്ലാത്തതാകുന്നു. അദ്ദേഹം (൯—ാം ഗ്രിഗോറിയൂസ് മാപ്പ്വാപ്പാ) ഗ്രീഷ്യൻ വംശക്കാരനായ മെല്ക്കീത്താക്കാരനെന്നും, ബിസാന്റൻസ രാജ്യത്തിനു അധീനമായ ഭമാസ്ക് പട്ടണക്കാരനാണെന്നും അവിടെ നെസ്തോറിയൻ പാത്രിയക്കീസിന്റെ അധികാരത്തിൽപ്പെട്ടജനങ്ങൾ ഇല്ലെന്നും യാതൊരു ചരിത്ര സാക്ഷിയും തെളിവും കൂടാതെ, തന്റെ സ്വപ്നങ്ങളെന്നപോലെ മെഡ്‌ലിക്കോട്ട് മെത്രാൻ പറഞ്ഞിരിക്കുന്നു. എന്നാൽ മൂന്നാം ഗ്രിഗോറിയൂസ് മാപ്പ്വാപ്പാ മെല്ക്കീത്താക്കാരിൽ ഉൾപ്പെട്ടവനാണെന്ന അദ്ദേഹം തെളിവൊന്നും കാണിക്കുന്നില്ലാ. എന്നാൽ താഴെ വിവരിക്കുന്ന സംഗതികൊണ്ടു അദ്ദേഹം തന്നെ പൂർവ്വാപരവിരുദ്ധമായി പ്രസ്താവിച്ചിട്ടുണ്ടെന്നു തെളിയുന്നതാണു. എന്തെന്നാൽ "പാഷാണ്ഡികളുടെ അബദ്ധബോധനങ്ങളാൽ അശേഷം വഷളാക്കപ്പെടാത്ത ക്രിസ്ത്യാനികളുടെ ഒരു വലിയ കൂട്ടം ആ രാജ്യത്തിലുണ്ടായിരുന്നു. അവരിൽ ഒരു പ്രത്യേക ഭാഗക്കാരായിരുന്ന മെല്ക്കീത്താക്കാരെന്ന നാമകരണം ചെയ്യപ്പെട്ട നിരിയൻ കത്തോലിക്കർ,, എന്നു അദ്ദേഹംതന്നെ പറഞ്ഞിരിക്കുന്നു. അതിനാൽ മെല്ക്കീത്താക്കാരുടെ ഒരു സംഘം കൂടാതെ കത്തോലിക്കാ വിശ്വാസികളായ ഒരു സംഘം കൂടി ഉണ്ടായിരുന്നു എന്നു അദ്ദേഹംതന്നെ സമ്മതിക്കുന്നു. മെല്ക്കീത്താക്കാർ എന്നു പറയുന്നവർ ഗ്രീക്കുരീത്തു ആരാ

സരിക്കുന്നവരുണ്ട്. വേറെ കത്തോലിക്കരായിനിന്ന് സംഘക്കാർ ഇന്ന ഭാഷ സംസാരിച്ചുവന്നു എന്നും ഇന്ന റീത്തുകാരെന്നും മെഥ്ലി ക്കോട്ടമെത്രാൻ പറയുന്നില്ലാ, അതുകൊണ്ട് ശേഷം കത്തോലിക്കരാ യ ഏതു റീത്തുകാരെന്നു താൻ അറിയുന്നില്ലെന്നു തന്നെ ഇനിക്കുതോന്നു ന്നു. ഭമാസ്സ്ക്കൂ ദേശം സിറിയാരാജ്യത്തിന്റെ ഒരംശമായിരുന്നു. മൂന്നാം ഗ്രിഗോറിയൂസ് പപ്പാ ജീവിച്ചിരുന്നകാലത്തുതന്നെ ആ രാജ്യത്തിൽ കൽദായ പാത്രിയക്കീസിന്റെ അധികാരത്തിൽ ഉൾപ്പെട്ട ജനങ്ങൾ അധിവസിച്ചിരുന്നു. ഭമാസ്സ്ക്കൂ ത്രുപത ബാബേൽ പാത്രിയക്കീസിന്റെ അധികാരത്തിൽ ഉൾപെട്ടതും ആണു. Georgio Ebedjesu Khayyath എന്നയാൾ Rom. Pont. Primatus എന്ന പുസ്തകം ൧൩൨–ാം പുറത്തിൽ കൽദായ പാത്രിയക്കീസിന്റെ അധികാരത്തിൽ പെട്ട ൧൪-ാമത്തെ ത്രുപതയായി (അതിനെ) പറഞ്ഞിരിക്കുന്നു. Joseph Assemani ന്റെ ചരിത്രം മൂന്നാം പുസ്തകം ൫൩൨–ാം പുറത്തിൽ ടി. ദേശത്തുകാരനായ ഏലിയാസ് മെത്രാപ്പോലീത്താ ഭമാസ്സിന്റെ മെത്രാപ്പോലീത്തയായി പറഞ്ഞു കാണുന്നുണ്ട് Aloysio Assemani ൻ൨–ാംപുറത്തിൽ പറയപ്പെട്ടിട്ടുള്ളപോലെ തിമാത്തെയോസ് പാത്രിയക്കീസിനാൽ ഇദ്ദേഹംഭമാസ്സ് പട്ടണത്തിന്റെ മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടുകയും വന്നു—ൽ Sabariesus എന്ന നാമധേയത്തോടുകൂടി പാത്രിയക്കീസാകയും വന്നു—ൽ മരിക്കയും ചെയ്തു. അതിനാൽ ഭമാസ്സ്ക്കൂ പട്ടണം ബാബേൽ പാത്രിയക്കീസിന്റെ അധികാരത്തിലുൾപ്പെട്ടതല്ലെന്നു മെഡ്ലിക്കോട്ട മെത്രാൻ പറഞ്ഞിട്ടുള്ളതു യഥാർത്ഥമല്ല. "അവിടെ മെല്ക്കീത്താകാരല്ലാതെ വേറെ കത്തോലിക്കരുണ്ടെന്നും മൂന്നാം ഗ്രിഗോറിയൂസ് ആ ദേശക്കാരനാകുന്നു എന്നും സുറിയാനിക്കാരനാകുന്നു എന്നും മെക്കൻസിയുടെ നോട്ടിൽ സുറിയാനി പട്ടക്കാർ പറഞ്ഞിരിക്കുന്നതുപോലെ ന—ാം ഗ്രിഗോറിയൂസ് നെസ്തോറിയൻ രാജ്യത്തിലുൾപ്പെട്ട സിറിയൻ കത്തോലിക്കനാണെന്നുമതിയാകുംവണ്ണം തെളിയുന്നു. "നെസ്തോറിയൻരാജ്യത്തിന്റെ മദ്ധ്യത്തിൽ ക്രിടിയും കത്തോലിക്കാ നിശ്വാസികൾ എല്ലാപ്പോഴും നിലനിന്നിരുന്നില്ലാ," എന്നുള്ള മെഡ്ലിക്കോട്ട മെത്രാന്റെ അഭിപ്രായത്തെ ഖണ്ഡിക്കുന്നതിനും, നെസ്തോറിയാ രാജ്യത്തിൽ റോമൻകത്തോലിക്കാവിശ്വാസികളായ ജനങ്ങൾ ഉണ്ടായിരുന്നു എന്നു തെളിയിക്കുന്നതിനും ഏതാനും ലക്ഷ്യങ്ങളെ അടിയിൽ ചേർക്കുന്നു.

"ത്രുശ്ശ: യോഹന്നാൻ സാബൊ ന്യ൮-ാം കാലത്തിൽനിന്നവാ പട്ടണത്തിൽ ജീവിച്ചിരുന്നു," (Joseph Assemani ന്റെ ചരിത്രം ഒന്നാം പുസ്തകം ൫൩൨-ാം പുറം നോക്കുക)

"വിശ്രുശ്ശ: ഇസഹാക്ക് നിനവെ പട്ടണത്തിന്റെ മെത്രാനാ

യി ൪൯൯–ാം കാലത്തിൽ ജീവിച്ചിരുന്നു" (ടി. പുസ്തകം ൪൪൪—ാം പുറം നോക്കുക)

"ഗ്രമ്മെയക്കാരുടെ മെത്രാനായ സഹദൂനാ എന്നയാളും ജനങ്ങളും എല്ലാവരും എസിയാബു എന്ന പാതിയക്കീസിന്റെ കാലത്തിൽ ൩൯൦–ാം കാലം റോമൻകത്തോലിക്കാ വിശ്വാസം അനുസരിച്ചു" (ടി. ൪-ാം പുസ്തകം ൪൧—ാം പുറം നോക്കുക)

"൩-ാം ശതവഷ്ത്തിൽ പെർസ്യയിൽ ഹോർമ്മിസ് ദാസ് എന്ന പുണ്യവാളൻ വളരെ സന്ന്യാസ്യാശ്രമങ്ങളും ഏർപ്പെട്ടുത്തുകയും വളരെ അത്ഭുതങ്ങളെ പ്രവർത്തിച്ചുകൊണ്ടു ജീവിച്ചിരിക്കയും ചെയ്തു"
(Samuele Giamil ന്റെ Gen. Rel. Inter. Appo .Sed. എന്ന പുസ്തകത്തിൽ ൯൯—൭൨-൭൩൨ാം പുറങ്ങൾ നോക്കുക)

ഇവകളും കൊണ്ടുതന്നെ എല്ലാപ്പോഴും നെസ്തോറിയൻ രാജ്യത്തിൽ ഇടവിടാതെ റോമൻ കത്തോലിക്കാ വിശ്വാസത്തിൽ നിന്നിരുന്നവർ ഉണ്ടായിരുന്നു എന്നു തെളിയുന്നുണ്ടല്ലൊ. പ്രസ്തുത വാദസംബന്ധമായി കൂട്ടത്തലായി ചില ദൃക്ഷ്യങ്ങളും താഴെ ചേർക്കാം.

൧. സിറിയൻ കാരുടെ മെത്രാപ്പോലീത്തായും പിന്നീട് പാതിയക്കീസുമായ മാർ യോഹന്നാൻ തന്റെ കീഴിലുണ്ടായിരുന്ന മെത്രാന്മാരോടൊന്നിച്ചു ൧൨-ാം ശതാബ്ദത്തിൽ റോമയിലേക്കു പോകയും ൨-ാം കലിസ്തോസ് മാപ്പാപ്പായിൽനിന്നു പാലിയം സ്വീകരിക്കയും ചെയ്തു" എന്നു മെക്കൻസി അവകളുടെ നോട്ടിൽ സിറിയൻപട്ടക്കാരു പ്രസ്താപിച്ചിട്ടുള്ളപ്രകാരംസംഭവിച്ചിട്ടില്ലെന്നു മെഡ്ലിക്കോട്ടമെത്രാൻ പറയുന്നു. എന്നുമാത്രമല്ലാ. അതുസംഭവംഫ്രഞ്ചു-ൽ യോഹന്നാൻമാഡാനായിഎന്നു യാക്കോബായ പാത്രിയക്കീസിനെ കുറിച്ചാകുന്നു എന്നും അദ്ദേഹം നിഷ്പ്രയാസം സ്വപ്നം കണ്ടിരിക്കുന്നു. എന്നാൽ ഫ്രഞ്ചു-ൽ റോമാപുരിയിൽ ചെന്നു കലിസ്തുസ് മാപ്പാപ്പായെ സന്ദർശിച്ച മാർ യോഹന്നാൻ മെത്രാൻ ഫ്രഞ്ചു-ൽ ൪-ാം ഇന്നോചന്റ്സ് മാപ്പാപ്പായുടെ പക്കൽ വിശ്വാസസത്യം അയച്ച യാക്കോബായ പാത്രിയക്കീസായ യോഹന്നാൻ മാഡാനി അതെന്നു മെഡ്ലിക്കോട്ട മെത്രാൻ സ്വപ്നം കണ്ടതല്ലാതെ മനുഷ്യദൃഷ്ടിയിൽ പെട്ടിട്ടില്ല. ഫ്രഞ്ചു-ൽ ൨-ാം കലിസ്തുസ് മാപ്പാപ്പായുടെ പക്കൽ സിറിയൻകാരനായ മാർ യോഹന്നാൻ പാലിയം വാങ്ങുവാൻപോയസംഗതി ചരിത്രപ്പെട്ടുത്തിയിട്ടുള്ളതു ടി മാപ്പാപ്പായുടെ ചരിത്രത്തിൽ, വത്തീൻകാരായ ചരിത്രകർത്താക്കൾ തന്നെ ചേർത്തിട്ടുള്ളതാകുന്നു; ഇന്ത്യായിൽ ശ്ലൂ: തോമ്മാശ്ലീഹായെ സംബന്ധിച്ച സംഗതികൾ കർത്തിനാളന്മാരുടെ സംഘത്തോടുകൂടി മാപ്പാപ്പാനിന്നപ്പോൾ, അദ്ദേഹം

ബോധിപ്പിച്ചതായും ടി ചരിത്രത്തിൽ പറയപ്പെട്ടിരിക്കുന്നു. ടി ചരിത്രമെഴുത്തുകാർ Helianando, Gesnero; Nauclero, Odonis Mabilonni എന്നവരിൽകാരാകുന്നു. അവർ അക്കാലത്തു തന്നെ ജീവിച്ചിരുന്നു സംഗതികളെ കണ്ടും കേട്ടും ധരിച്ചിട്ടുള്ളവരാണു. ആകയാൽ ഈ സംഭവത്തെ നിഷേധിക്കുന്നു പക്ഷം കലിസ്റ്റോസ് മാപ്പാപ്പായുടെ ചരിത്രവും നിഷേധിക്കേണ്ടിയിരിക്കുന്നു. മാപ്പാപ്പായുടെചരിത്രത്തെ നിഷേധിക്കുന്നതിൽ എളുപ്പമായ സംഗതി അടിസ്ഥാനശൂന്യമായും സ്വപ്നതുല്യമായും ഇരിക്കുന്നു മെഡ്ലിക്കോട്ടമെത്രാന്റെ അഭിപ്രായത്തെ നിഷേധിക്കയല്ലയൊ? ക്രിസ്തു വരെയുള്ള കൽദായ പാത്രിയക്കീസന്മാരുടേയും ജനങ്ങളുടേയും റോമ്മായുമായുള്ള ഐക്യത യാതൊരു അടിസ്ഥാനവും ക്രൂടാതെ ഒരു ദീർഘദർശിയുടേയൊ, സർവ്വചരിത്രസൂക്ഷ്മഗ്രാഹിയായ ശാസ്ത്രജ്ഞൻ എന്നൊ ഉള്ള നിലയിൽ മെഡ്ലിക്കോട്ട് മെത്രാൻ അവർകൾ നിഷേധിച്ചിട്ടുള്ളതു നെപ്പറ്റി ഇനി പയ്യാലോചിക്കാം- എന്നാൽ അതിനു മുമ്പായി നെസ്തോറിയൻ രാജ്യത്തിൽ എല്ലാക്കാലത്തും സത്യവിശ്വാസത്തിൽ ജീവിച്ചിരുന്ന ഭൂരിഭാഗം ഉണ്ടായിരുന്നു എന്നുള്ളതിനു താഴെപ്പറയുന്ന തെളിവുകളേ കൂടി ചേർത്തുകൊള്ളുന്നു.

"കപ്പദോച്യായുടേയും മേദ്യയുടേയും, പെർസ്യയുടേയും രണ്ടു അർമ്മേനിയയുടേയും(മെത്രാന്മാരുടെ ഐക്യത ഒന്നിച്ചു)ൻർ൫ ൽ ഒ ട്ടേംസുന്നാഹദോസിൽ വച്ചുണ്ടായി." (ജോസഫ് അസ്സേമാനിന്റെ ചരിത്രം ർ—ാം പുസ്തകം ർ൦—ാംപുറം നോക്കുക). "ക്രിസ്തു ർ൫ ൽ നെസ്തോറിയൻ കാരുടേയും അർമ്മൻ കാരുടേയും ഐക്യത ഉണ്ടായി." "സുഖവ—ാംകാലത്തിൽ സീറായാൻ ഏദേസ്സാപള്ളി കത്തോലിക്കക്കിട്ടി." (ടി. ർ—ാം പുസ്തകം ൻർ—ാം പു ം നോക്കുക)

"സബ്രേസിയൂസ് എന്നപാത്രിയാക്കീസിന്റെ കാലത്തു പാത്രിയാക്കീസിന്റെ വികാരി ജനറാളും സന്ന്യാസശ്രേഷ്ഠനും ആയഅതേ എന്നയാൾ പുരോഗാമിയായി ക്രിസ്തു ർ—ാം ഇന്നൊചെൻസ മാപ്പാപ്പായുടെ പക്കൽ വിശ്വാസസത്യം അയച്ചിട്ടുണ്ടു. ൦രം വിശ്വാസസത്യത്തിൽ ചീനക്കാരായ ജനങ്ങളും വേറെ രണ്ടു മെത്രാപ്പോലീത്താമാരും മൂന്നുമെത്രാന്മാരും നിസിബി മെത്രാപ്പോലീത്തായും ഒപ്പിട്ടിട്ടുണ്ടു." (ടി. ർ—ാം പുസ്തകം ർ൫൦—ാം പുറംനോക്കുക).

"ക്രിസ്തു മുതൽ ക്രിസ്തു വരെ ജീവിച്ചിരുന്ന യബലാഹ അല്ലെങ്കിൽ അഹത്താല്ല എന്ന പാത്രിയാക്കീസ് ർ—ാം നിക്കോസ് ക്രിസ്തു—ാംബനഡിക്തോസ് എന്നമാപ്പാപ്പാമാരുടെ പക്കൽ വിശ്വാസസത്യം അയച്ചു" (ടി പുസ്തകം ർ൫-ാം പുറം നോക്കുക)

(Appendix 109)

എന്നാൽ കൽദായ പാത്രിയക്കീസന്മാരുടെ റോമ്മായോടുള്ള ഐക്യതകളെ മറിയായ തെളിവുകൾ കാണിക്കാതെ മെഡ്വിക്കോട്ട മെത്രാൻ നിഷേധിക്കുന്നു. അദ്ദേഹത്തിന്റെ നിഷേധത്തെ ഖണ്ഡിക്കുന്നതിനും കൽദായ പാത്രിയക്കീസന്മാരുടെ വാസ്തവ സ്ഥിതിയെ വ്യക്തമാക്കുന്നതിനും വേണ്ടി, ക്രവൻ-ൽ പ്രിവേർജി പട്ടണത്തിൽ, ഒ. വെർണർ എന്ന ഈശോ സ്സക്കാരൻ കത്തോലിക്കാ ഭൂലോകം (Orbis Catholicus) എന്നാ പുസ്തകം ക്രന്ത-ക്രന്തു-ം പുറങ്ങളിൽ കൽദായപാത്രിയക്കീസന്മാരെപ്പറ്റി എഴുതിയിരിക്കുന്നതിനെ താഴെ ചേർക്കുന്നു. "നിശ്ചയമായും ൻ-ാം ഗ്രിഗോറിയോസ് എന്നാ മാറാ മേല്പട്ടക്കാരൻ ക്രഹന്ത-ലും, ർ-ാം ഇന്നൊച്ചെൻസ്യോസു ക്രഹർ൭-ലും ൭-ാം സക്രിയേസൂസ് എന്നാ പാത്രിയക്കീസിനെ ഒന്നാമതായി കത്തോലിക്കാ വിശ്വാസം കൈക്കൊണ്ടവനായി സ്തുതിപറഞ്ഞു. അപ്രകാരം തന്നെ അദ്ദേഹത്തിന്റെ പിൻഗാമികളായ രണ്ടാം മക്കീകാ ക്രഹന്ത്രന്ത—ലും മൂന്നാം യബ്ബാഹാ ക്രന്ത-ക്ര—ലും റോമാ മേല്പട്ടക്കാരനു അനുജ്ഞാനസരണയെ കാണിച്ചു. പിന്നീട് പ്ലോരൻസ സംഘത്തിൽ തിമൊത്തെവൂസ് എന്നാ തർസീനു മെത്രാപ്പോലീത്താ ക്രർ൭ ചിങ്ങം ൈ-ാനയിലും (റോമാ) മേല്പട്ടക്കാരനു അനുജ്ഞാനസരണയെ അയച്ചു. പിന്നീട് ക്രഞ്ചിന-ൽ റോമാപള്ളിയോടുള്ള യോജ്യതയ്ക്കുവേണ്ടി താല്പര്യപ്പെട്ടിരുന്ന മെത്രാന്മാരുടെ ശ്രമത്തിൽ യോഹന്നാൻ സുവാക്കാ അല്ലെങ്കിൽ സിയുത് ന-ാം ജൂലിയോസ് മാപ്പാപ്പായാൽ റോമയിൽ വെച്ചു കൽദായ പാത്രിയക്കീസായി അഭിഷേകം ചെയ്യപ്പെട്ടു. ഇപ്രകാരം കൽദായക്കാരുടെ അമ്മീദിലെ പാത്രിയക്സ്ഥാനം ഒന്നാമതായി ഉത്ഭവിച്ചു. അതു ക്രഞ്ചിന—മുതൽ ഏകദേശം ക്രന്തന്ത വരെ നിലനിന്നു"

"ഉമ്മിയായിലെ ഉമ്മ്യൻ കൽദായ കത്തോലിക്കാ പാത്രിയാക്സ്ഥാനം ക്രഞ്ചിന-ൽ ആരംഭിക്കയും ഏകദേശം ക്രന്തൈ-വരെ നിലനിൽക്കയും ചെയ്തു."

"മൂസവിലെ കൽദായപാത്രിയക്സ്ഥാനം ക്രന്ത ക്രന്ത-ൽ ആരംഭിച്ചു ഏകദേശം ക്രന്തന്തം വരെ നിലനിന്നു" (Appendix 110)

മേൽപറഞ്ഞതിൽ നിന്നും ക്രഹന്ത-ൽ കൽദായപാത്രിയക്കീസായ ൭-ാം സക്രിയേസൂസു മുതൽ റോമ്മായുമായുള്ള പ്രത്യേക ഐക്യത പിന്തുടർച്ചയായി നിലനില്ക്കയും ചെയ്തിട്ടുള്ളതാകുന്നു. എന്നാൽ ഇടക്കാലങ്ങളിൽ ചില പാത്രിയക്കീസുമാർ വഴിയുടെ അകലംകൊണ്ടോ തുർക്കികളുടെ സ്വാധീനനിമിത്തമോ റോമ്മയിലേക്കുള്ള യോജ്യതയെ ഏതുത അയയ്ക്കുന്നതിനു സാധിച്ചില്ലെന്നായിരുന്നാലും അവർ കത്തോലി

* പിൻ കാലങ്ങളിൽ കൽദായക്കാരുടെ പാത്രിയക്സ്ഥാനം ഒന്നാക്കിക്കൊണ്ടു പാത്രിയാർക്കീസിരിപ്പിടം ഇപ്പഴത്തെ മൂസൽ പട്ടണത്തിൽ ആക്കുകയും ചെയ്തു.

ക്കാവിശ്വാസത്തിൽ നിലനിന്നിരുന്നു. ഓരോകാലം വാഴുന്ന പാത്രിയർക്കീസന്മാർ വിശ്വാസപ്രമാണം അയക്കണമെന്നു റോമാ മാപ്പാപ്പാമാരുടെ നിബന്ധന ഉണ്ടായിരുന്നില്ല. പൂർവ്വകാലങ്ങളിൽ അന്ത്യോക്യാ, അലക്സാന്ത്യാ മുതലായ ദേശങ്ങളിലെ പാത്രിയർക്കീസന്മാർ റോമാ മാർപ്പാപ്പായ്ക്കു വിശ്വാസപ്രമാണം അയച്ചിരുന്നില്ല. അതുപോലെതന്നെ ഇക്കാര്യത്തിലും വിചാരിക്കേണ്ടിയിരിക്കുന്നു. കിഴക്കൻ പാത്രിയർക്കീസന്മാരുടെ ഇടയിൽവാഴ്ചതർക്കങ്ങളും ഉണ്ടായിട്ടുള്ളഅവസരങ്ങളിലാണു അവർ റോമായിലെക്കു പ്രത്യേകാൽ അപ്പീൽ ചെയ്യാൻ ആവശ്യപ്പെട്ടിട്ടുള്ളതു എന്നു ചരിത്രങ്ങളിൽ കാണുന്നു. ജമീൽ ൪൯൪ വൃ൦-൦ പുറങ്ങളിൽ ൩-൦ രേഖയിൽ താഴെ കാണുംപ്രകാരം വിവരിച്ചിരിക്കുന്നു: "ക്രിസ്തു കൂടെ ൫൦-൦൩ അതുന്നത കർത്തിനാം മഫേയൂസ് റോമായിൽ കർത്തിനാംമാരുടെ സംഘത്തിൽവച്ചു സുലാക്കാ പാത്രിയർക്കീസിനെ പാലിയം കൊടുക്കുന്ന അവസരത്തിൽ കൽദായപള്ളിയുടെ സ്ഥിതിയെ സംബന്ധിച്ചു പറഞ്ഞതും താഴെ ചേർക്കുന്നതും ആയ വിവരണം ബറോന്യായുടെ ചരിത്രത്തിൽനിന്നും എടുക്കപ്പെട്ടതായി കാണുന്നു. 'അസ്സിറിയായിലും പെർസ്യായിലും മറ്റു കിഴക്കൻ പ്രദേശങ്ങളിലും അധിവസിക്കുന്ന ക്രിസ്ത്യാനികളുടെ വലിയ ഭാഗം നെസ്തോറിയൻകാർ എന്നു വിളിക്കപ്പെടുന്നു. എന്നാൽ ഒരു നെസ്തോറിയൻകാർ നെസ്തോറിയൻ ഇടത്തുട്ടുകാരന്റെ പേരു വഹിക്കുന്നതല്ലാതെ, തെറ്റുകൂടാതെ അനുസരിക്കുന്നതായി കാണുന്നില്ല. എന്നാൽ ൫൦൦ വർഷത്തിനുമുമ്പു അല്ലെങ്കിൽ അതിൽ വളരെക്കാലം മുമ്പു ആ ജനത്തിന്റെ പൊതു നിശ്ചയപ്രകാരം ഒരാൾ ഇവിടത്തെ അധികാരപ്രകാരം പാത്രിയർക്കീസായി നിയമിക്കപ്പെട്ടതിനു ശേഷം ശുദ്ധ: സിംഹാസനത്തിലേക്കു അയക്കപ്പെട്ടു. അയാളുടെ പേർ മറാവുസ്--അല്ലെങ്കിൽ മാർ ആരാ എന്നാകുന്നു. അദ്ദേഹം മാർപ്പാപ്പായാൽ പാത്രിയർക്കീസായി അഭിഷേകം ചെയ്യപ്പെടുകയും തന്റെ ജനത്തിനെ ഭരിക്കാനായി അയക്കപ്പെടുകയും ചെയ്തു. അപ്രകാരം തന്നെ നിശ്ചയമായും അവിടെ പഴയ വേദമെയ്യാദ സംബന്ധിച്ചും എഴുത്തും നിർമ്മല പഠിപ്പങ്ങൾ സംബന്ധിച്ചും നമ്മുടെ വള്ളിക്കൊത്തവണ്ണം അനേകം സംഗതികൾ മാറാം ചെയ്യപ്പെട്ടിട്ടുണ്ടു. എന്നാൽ കാലക്രമംകൊണ്ടു, ഏകദേശം ൧൦൦ വർഷങ്ങൾക്കു മുമ്പു ഒരു പാത്രിയർക്കീസ് തുരുമാകപ്പെട്ട ഒരു സ്ഥാനം തനിക്കും തന്റെ അനന്തിരവർക്കും അവകാശമായി എടുക്കുന്നതിനു ശ്രമിച്ചു" (Appendix 104)

കർത്തിനാം മഫെയൂസിന്റെ വിവരണംകൊണ്ടു ക്രിസ്തു-ലെ ആരാ അല്ലെങ്കിൽ സബ്രിയേസൂസ് എന്ന പാത്രിയർക്കീസിന്റെ റോമാ സിംഹാസനത്തോടു പ്രത്യേകാൽ ഉണ്ടായ ഐക്യതയെയും അതുമുതലുള്ള പാത്രിയർക്കീസന്മാരും കത്തോലിക്കാ ഐക്യതയിൽ നി

നിരുന്നുവെന്നും വ്യക്തമായി തെളിയിക്കുന്നുണ്ടല്ലൊ. എന്നതൊന്നല്ല. ൧൭൭൨—ൽ യോഹന്നാൻ മൂലാക്കാ എന്ന പാതിയക്കീസിന്റെ വിശ്വാസസത്യവും ജൂലിയസ് മാപ്പാപ്പായുടെ പക്കലുള്ള ഏറ്റപ്പാട്ടും ഉണ്ടാകുന്നതിനുമുമ്പു, ഏകദേശം ൧൦൦ വൎഷ്കാലം പാതിയാൎക്ക സ്ഥാനം ഒരേ കുടുംബക്കാർ തന്നെ ഇടവിടാതെ വഹിച്ചിരുന്ന എന്ന ക്രമക്കേടായ നടപടിയെപ്പറ്റിയും പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു, അങ്ങിനെ ഒരു തെറ്റുണ്ടായിരുന്ന എന്നല്ലാതെ കത്തോലിക്കാ ഐക്യതയിൽ നിന്നിരുന്ന എന്ന വ്യക്തമാകുന്നുണ്ടു. മൂന്നാം ജൂലിയൂസ് മാപ്പാപ്പാ കല്പിച്ചയച്ചതിയ തിരുവെഴുത്തു മഫേയൂസ് കർദ്ദിനാളിന്റെ വിവരണത്തെ ബലമായി പിൻതാങ്ങുന്നുണ്ടു. "മൂസലിന്റെയും തീഗരീസ് ദീപിന്റെയും ആ പാതിയക്കീസിനു കീഴ്പ്പെട്ട മറ്റു പ്രാചീന നഗരങ്ങളുടേയും നാടുകളുടെയും ചീനത്തും, കോഴിക്കോട്ടും ഇന്ത്യ മുഴുവനിലുമുള്ള ടി. യാന്റെ അധികാരത്തിലുൾപ്പെട്ട ആ ജാതിസന്ന്യാസ്യാശ്രമങ്ങളുടേയും 'നല്ല ഓമ്മയ്ക്കു' യോഗ്യനായ സിമോൻമാരിയാ (ബർമന്മാ) എന്ന പാതിയക്കീസ് ജീവിച്ചിരുന്നപ്പോൾ ആധിപത്യം നടത്തിയിരുന്ന പ്രാചീന സിരിയാ (അസ്സിറിയാ)യിലുള്ള മൂസൽ പാതിയക്കാപള്ളി റോമാകച്ചേരിക്കു പുറമെ പരേതനായ ഒരു സിമോൻപാതിയക്കീസിന്റെ മരണത്തോടുകൂടി ഇടയനില്ലാതെ ആയി തീൎന്നതുകൊണ്ടു നാം ഇപ്രകാരം സിംഹാസനം ഒഴിവായതിന്റെ വിവരം വിശ്വാസയോഗ്യന്മാരായ ആളുകൾ മൂലം അറിഞ്ഞിട്ടു ആ പള്ളീക്ക ശീശ്മവും ശൂദ്രവുമായ പോംവഴിക്കുവേണ്ടി ആ സംഗതിയിൽ തത്സമയം നാം അല്ലാതെ പ്രവേശിക്കുന്നതിനു പാടില്ല. പാടാകയുമില്ല. എന്നുള്ള മേൽ എഴുതിയ എതിർ നിയമവും മടക്കും കൊണ്ടു ആ പള്ളി ദീർഘകാലം ഒഴിഞ്ഞിരിപ്പാൻ ഇടവന്നാൽ ആപത്തുകളിൽ ഉൾപ്പെടുന്നതിനു ഇടവരുവാൻ പാടുള്ളതുകൊണ്ടു പൈതൃകജാഗ്രതയോടും താല്പൎയ്യത്തോടും വിചാരിച്ചു ആ പള്ളിക്കു പ്രയോജനമുള്ളവനും സാഫല്യനും ആയ ഒരാളിനെ മേലധികാരിയാക്കുന്നസംഗതിയെപ്പറ്റി നമ്മുടെ സഹോദരന്മാരോടുകൂടി ജാഗ്രതയായി ആലോചന കഴിഞ്ഞതിന്റെ ശേഷം" എന്ന ജമീൽ ഫ്രൊംപുറത്തിൽ കാണുന്നു. (Appendix 105)

മൂന്നാം ജൂലിയോസ് മാപ്പാപ്പാ കല്പിച്ചയച്ചതിയ ടി. തിരുവെഴുത്തിൽ നിന്നും സിമോൻ ബർമന്മാ എന്ന പാതിയക്കീസ് കത്തോലിക്കാ ഐക്യതയിൽ മരിച്ചിരിക്കുന്ന എന്ന വ്യക്തമാകുന്നുണ്ടല്ലൊ. സിമോൻ ബർമന്മാ എന്ന പാതിയക്കീസ് റോമാ കച്ചേരിക്കു പുറമെ മരിച്ചിരിക്കുന്ന എന്നും നല്ല ഓമ്മയ്ക്കു യോഗ്യനെന്നും ടി. പള്ളിയിന്മേൽ താൻ മാത്രം നിയമങ്ങൾക്കും മടക്കുകൾക്കും തടസ്ഥം കൂടാതെ പ്രവേശിക്കുന്നതിനു തനിക്കു മാത്രമെ പാടൊള്ളു എന്നും പറ

ഞ്ഞിരിക്കുന്നതുകൊണ്ടു അ സിംഹാസനം അപ്പോഴും അതിനു മുമ്പും കത്തോലിക്കാ ഐക്യതയിൽ നിന്നിരുന്നു എന്നതു നിശ്ചയമാണു. പക്ഷേ മെഡ്‌ലിക്കോട്ട മെത്രാനും ക്രൂട്ടക്കും മൂന്നാം ജൂലിയോസ് മാർപ്പാപ്പായുടെ പ്രസ്തുത തിരുവെഴുത്തു അത്ര രുചിച്ചിട്ടില്ലായിരിക്കാം. വിവാദവിഷയത്തിന്റെ തെളിവിലേക്കായി ഫ്രാ-ാം ഗ്രിഗോരിയോസു മാർപ്പാപ്പായുടെ ഒരു തിരുവെഴുത്തു ക്രൂടി അടിയിൽ ചേർക്കുന്നു:—"എനാൽ അവരുടെ (മാർപ്പാപ്പാമാരുടെ) ഇടയനടത്ത യത്നങ്ങൾക്കുവേണ്ടുംവിധം ശരിയായ പ്രതിഫലം ഉണ്ടായിരുന്നെങ്കിൽ കൊള്ളാമായിരുന്നു. നിശ്ചയമായും ഭാഗ്യമായ നടപ്പിന്റെ ശരണം പലപ്പോഴും കാണപ്പെട്ടിട്ടുണ്ടു. പ്രത്യേകിച്ചും ഏകദേശം ഫ്രാ-ാം യുഗമദ്ധ്യേ പ്രകാശിക പുരുഷനായ സിമോൻ സൂലാക്കാ എന്ന മഹാൻ കത്തോലിക്കാ ഭാഗക്കാരാൽ കൽദായ ജനത്തിന്റെ ഇടയനായി തിരിഞ്ഞെടുക്കപ്പെട്ടകയും ഭാഗ്യസ്മാരകത്തിനു യോഗ്യനായ നാ-ാം ജൂലിയോസിനാൽ തിരിഞ്ഞെടുപ്പു ഉറപ്പിക്കപ്പെട്ടകയും ആഘോഷമായി പാത്രിയക്കീസ് സ്ഥാനത്തിൽ ഏറ്റിപ്പെട്ടുത്തപ്പെട്ടകയും ചെയ്തു" എന്ന ജമീൽ ൪൦൨-ാം പുറത്തിൽ കാണുന്നു. (Appendix 106)

ഇവിടെ പ്രത്യേകമായി ഗ്രഹിക്കേണ്ട സംഗതി എന്തെന്നാൽ ഒന്നാമതു-വെണ്ണർ എന്ന ചരിത്രശാസ്ത്രക്കാരൻ മുൻ കാണിച്ചിട്ടുള്ള ഐക്യതകളൊക്കയും, ഫ്രാ—ാം ഗ്രിഗോറിയോസ് മാർപ്പാപ്പാ, "ഭാഗ്യമായ നടപ്പിന്റെ ശരണം പലപ്പോഴും കാണിച്ചിട്ടുണ്ടു" എന്നപറയുന്നതുകൊണ്ടു സ്ഥിരപ്പെടുത്തുന്നു. അപ്രകാരംതന്നെ മഫേയൂസ് കർട്ടിനാൾ റോമ കൊൻസിസ്റ്റോറിയിലുള്ള പ്രസംഗത്തിൽ വിവരിച്ചിട്ടുള്ള ഐക്യതകളെ സ്ഥിരപ്പെടുത്തുന്നു. എന്നു തന്നെയുമല്ല. ക്രിസ്തു—നു ൧൦൦ വർഷം മുമ്പുണ്ടായ മാർ ആരാ അല്ലെങ്കിൽ സഭ്രിയേസൂസ് എന്ന പാത്രിയക്കീസിന്റെ യോജ്യത മുതൽ എങ്കിലും പ്രത്യേകാൽ റോമാപള്ളിയുടെ ഐക്യതയിൽ ചേർന്നിന്ന കൽദായ ജനങ്ങൾ ഉണ്ടായിരുന്നു എന്ന മഫേയൂസ് കർട്ടിനാൾ എത്രയും വ്യക്തമായി പറഞ്ഞിരിക്കുന്നു. അതെങ്ങിനെയെന്നാൽ ഫ്രാ-ാം ഗ്രിഗോറിയൂസ് മാർപ്പാപ്പായുടെ ടി. തിരുവെഴുത്തിൽ "കത്തോലിക്കാ ഭാഗക്കാർ പ്രകാശിക പുരുഷനായ സിമോൻ സൂലാക്കായെ പാത്രിയക്കീസായി തിരിഞ്ഞെടുത്തു" എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു കത്തോലിക്കാ സഭയിൽ നിന്നു നിൽക്കുന്നവർ മാത്രമെ അവിടെ ഉണ്ടായിരുന്നൊള്ളു എന്നു തെളിവാകുന്നു. ഇത്രതന്നെയുമല്ല. സിമോൻ ബർമ്മാ എന്ന പാത്രിയക്കീസും അദ്ദേഹത്തിന്റെ കീഴുണ്ടായിരുന്ന മെത്രാന്മാരും ജനങ്ങളും മിക്കവാറും കത്തോലിക്കാ ഐക്യതയിൽ നിന്നവരായിരുന്നു എന്നു ളയിസ് അസ്സെമാൻ സിമോൻ സൂലാക്കാ പാത്രിയക്കീസിന്റെ തിരിഞ്ഞെടുപ്പു വിവരണം എഴുതീട്ടുള്ളതിൽ നിന്നും വ്യക്തമാകുന്നുണ്ടു.

എന്തെന്നാൽ സിമോൻ ബർമന്മാ എന്ന പാത്രിയർക്കീസിന്റെ കുടുംബത്തിൽനിന്ന തന്നെ ഏകദേശം ൧൦൦ വർഷത്തോളം പാത്രിയർക്കീസന്മാ ഒരു തിരിഞ്ഞെടുത്തുവന്ന പക്ഷം മെത്രാന്മാർക്കും ജനങ്ങൾക്കും രസക്കേടായിരുന്നതിനാൽ മെത്രാന്മാരും ജനങ്ങളും തമ്മിൽ ഒരു മത്സരം എന്നപോലെ ആ തിരിഞ്ഞെടുപ്പിനെ നീക്കുന്നതിനു സംഘംകൂടിയെന്നും സിമോൻ സൂലാക്കായെ തിരഞ്ഞെടുത്തു എന്നും മൂന്നാം ജൂലിയോസ് മർപ്പാപ്പാ ഭാഗ്യസ്മാരകനായ സിമോൻ ബർമന്മാ, എന്ന കത്തോലിക്കാ മേലദ്ധ്യക്ഷന്മാർക്കു എഴുതുന്നതു പോലെ എഴുതിയതും റോമാകത്തോലിക്കു പൂറമെ പരേതനായി എന്ന എഴുതീട്ടുള്ളതും കൊണ്ടു ക്രമം൩-ാംകാലം മുതൽ എങ്കിലും ബാബേൽ സിംഹാസനം പ്രത്യേകാൽ റോമാപള്ളിയുടെ ഐക്യതയിൽ ഉൾപ്പെട്ടിരുന്ന എന്നതെളിയുന്നു. ഒരുവിധമുള്ള വിശ്വാസ സത്യങ്ങളെല്ലാം പവറം കബന്ധങ്ങളാണെന്നു മെഡ്ലിക്കോട്ട മെത്രാൻ പറയുന്നുണ്ട്. എന്നാൽ മേൽപ്രകാരംവിവരിച്ചിട്ടുള്ള ചരിത്രതെളിവുകളെ ഉർബ്ബലപ്പെടുത്തുന്ന രേഖകളെ അദ്ദേഹം എടുത്തു കാണിച്ചിട്ടില്ല. ൪—ാം നിക്കോവോസ് മാർപ്പാപ്പാ ക്രമൻ-ൽ ചീനത്തേക്കയച്ച മിഷനറിമാരുടെ ഏറ്റുപറച്ചിലും, ൫—ാം ദയാഹനാൻ മാർപ്പാപ്പാ, ക്രമ൫൫—ൽ ജോർദാൻ സന്യാസിയെ കൊല്ലം മെത്രനായി അയച്ചതുകൊണ്ടും, ൪-ാം ഏവുജേനിയോസ് മാർപ്പാപ്പാ ക്രമൻ-ൽ തോമാ നസ്രാണികളുടെ രാജാവായ തോമാസിനു അയച്ച എഴുത്തുകൊണ്ടും, മൻപറഞ്ഞ ഐക്യതകൾ യഥാർത്ഥമാണെന്നു തെളിയുന്നുണ്ട്. ൧൭൦൫—ൽ സൂലാക്കാ പാത്രിയർക്കീസിന്റെ ശ്ലീ: സിംഹാസനത്തോടുള്ള പ്രത്യേക കെട്ടുപാടിനെയും അദ്ദേഹം വേദസാക്ഷിയായി മരിച്ചു എന്നും മെഡ്ലിക്കോട്ട മെത്രാൻ സമ്മതിക്കുന്നുണ്ടെങ്കിലും, അദ്ദേഹവും അദ്ദേഹത്തിന്റെ പിൻഗാമിയായ ഒരദീശോ പാത്രിയർക്കീസും തങ്ങളുടെ വിശ്വാസസത്യങ്ങളിൽ വഞ്ചന പ്രവർത്തിച്ചിട്ടുണ്ടെന്നു പറയുന്നു. ഇതിൽ നിന്നും മനഃപൂർവ്വമായി എല്ലാ സംഗതികളും നിഷേധിക്കുന്നതിനു അദ്ദേഹം ഒരുങ്ങി പുറപ്പെട്ടിരിക്കുന്നു എന്ന അനുമാനിക്കേണ്ടിയിരിക്കുന്നു. എന്നു മാത്രമല്ല. "കൌശലക്കാരായ കിഴക്കരാൽ റോമാക്കാരായ വേദശാസ്ത്രികൾ നിശ്ചയമായും ഇങ്ങനെ വഞ്ചിക്കപ്പെട്ടുപോയി" എന്നു കൂടി വളരെ യുക്തിയോടും ബുദ്ധിയോടും കൂടി അദ്ദേഹം പറഞ്ഞിരിക്കുന്നു. എന്നാൽ യോഹന്നാൻ സൂലാക്കാ പാത്രിയർക്കീസിന്റെ പുണ്യത്തിനേറയും, അദ്ദേഹത്തിന്റെ പിൻഗാമിയായ ഒരദീശോ പാത്രിയർക്കീസിന്റെ ശാസ്ത്രപരിജ്ഞാനത്തിനേറയും, ഏകദേശജ്ഞാനമെങ്കിലും മെഡ്ലിക്കോട്ട് മെത്രാനുണ്ടായിരുന്നുവെങ്കിൽ ഇപ്രകാരം പറയുകയില്ലായിരുന്നു. അവരുടെ ചരിത്രങ്ങൾ അടങ്ങിയിരിക്കുന്ന പുസ്തകങ്ങൾ നന്നായി വായിച്ചുനോക്കിയതിന്റെ ശേഷം ഇപ്രകാരം ഒരു വിധി പ്രസ്താവിപ്പാൻ മെഡ്ലി

ക്കോട്ട മെത്രാൻ പുറപ്പെടേണ്ടിയിരുന്നു. റോമാ ശാസ്ത്രികൾ തന്നെ ക്കാൾ ശാസ്ത്രപരജ്ഞാനമുള്ളവരെന്നും, കീഴ്ക്കോടതി വഞ്ചിക്കപ്പെട്ടു വാൻ ഇടയുള്ളവരല്ലെന്നും അദ്ദേഹം കരുതേണ്ടതാണ്. വിശ്വാസ സത്യപരീക്ഷകളുടെ കൂട്ടത്തിൽ ഫ്രാൻസ്-ൽ ഏല്പ എന്ന പാതിയക്കീസിന്റെ വിശ്വാസസത്യം മാത്രമെ അദ്ദേഹം വാസ്തവമായി ഗണിച്ചിട്ടൊള്ളു. വിശ്വാസ സത്യങ്ങളെ പാതിയക്കീസന്മാർ അയക്കുന്നതിന്റെ താല്പര്യമെന്തായിരിക്കുമെന്നു അദ്ദേഹം ഉത്തമം പറഞ്ഞു കണ്ടാൽ കൊള്ളാമായിരുന്നു. വിശ്വാസ സത്യത്തിന്റെ താല്പര്യം പാതിതമതങ്ങളെ വെറുക്കുകയും റോമാ കത്തോലിക്കാ വിശ്വാസം അനുസരിച്ചുവരുന്നു എന്ന രൂപീകരിക്കപ്പെട്ടുത്തുകയും ചെയ്യുന്നു എന്നാകുന്നു. വിശ്വാസരഹസ്യങ്ങൾ മനുഷ്യബോധത്താൽ കണ്ടുപിടിക്കപ്പെടാത്തതല്ലെന്നതിനെ അറിയിക്കുന്ന ആളിന്റെ വാക്കിനെ നാം പ്രയേണ വിശ്വസിച്ചു അനുസരിക്കയാണല്ലൊ ചെയ്തുവരുന്നതു. അത് നാൽ കീഴ്ക്കോടതിയെ ബാബേൽ പാതിയക്കീസന്മാർ റോമാ മാർപ്പാപ്പായെ വണങ്ങി വിശ്വാസസത്യം അയച്ചുപ്പോൾ എല്ലാം റോമൻ കത്തോലിക്കാപള്ളി പഠിപ്പിക്കുന്നതെല്ലാം അവർ വിശ്വസിച്ചു എന്നു ഏറ്റു പറകയാണുള്ളതിനു എന്തു സന്ദേഹമാണുള്ളതു? അതിനാൽ അവർ റോമൻ കത്തോലിക്കാ ഐകൃതയിൽ ഉൾപ്പെട്ടവർതന്നെ. അവർ അയച്ച വിശ്വാസ സത്യത്തിൽ വല്ല തെറ്റുകളുമുണ്ടായിരുന്നെങ്കിൽ അതിനെ തിരുത്തി പഠിപ്പിക്കേണ്ടതു റോമാ മാപ്പാപ്പാമാരുടെ കടമയല്ലയൊ? ആയതിനാൽ മേൽപ്രകാരം വിശ്വാസസത്യം ചെയ്ത പാതിയക്കീസന്മാരെല്ലാം റോമൻ കത്തോലിക്കാ വിശ്വാസത്തിൽ ഉൾപ്പെട്ടവർ തന്നെ ആയിരുന്നു. തങ്ങളുടെ പുരോഗാമികൾ അയച്ചിട്ടുള്ള വിശ്വാസസത്യത്തിനു വിരോധമായ ഇടത്തുടിനെ പഠിപ്പിക്കാതിരുന്ന പാതിയക്കീസന്മാരും റോമൻ കത്തോലിക്കാ വിശ്വാസത്തിന്റെ ഐകൃതയിൽ ഉൾപ്പെട്ടവർ എന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

൩. "പോർത്തുഗിസ്സുകാർ വന്നപ്പോൾ നാല് മെത്രാന്മാരെ, യഥാർത്ഥവിശ്വാസമായി, നെസ്റ്റോറിയൻകാരെന്നു അവർ വിളിക്കുന്നുണ്ടായി. എന്നാൽ ആ മെത്രാൻമാർ കൽദായക്കാർ ആയിരുന്നു. കൽദായ പാതിയക്കീസിന്റെ പേക്കണ അവരുടെ റിപ്പോർട്ട് ഫ്രാർ—ൽ എഴുതി ദ്രയച്ചതും; അല്ലെങ്കിൽ അതു എങ്ങിനെയാണു വന്നിക്കുന്നു പുസ്തകശാലയിൽ വന്നെത്തിയതു" എന്നു സുറിയാനിപട്ടക്കാർ മെക്കൻസിയുടെ നോട്ടിൽ എഴുതിയിരിക്കുന്നതിനു മെഡ്ലിക്കോട്ട മെത്രാൻ "ഫ്രാർ-ൽ എവിടെയാണു കത്തോലിക്കാ പാതിയക്കീസ് ഉണ്ടായിരുന്നതു എന്നും കത്തിന്റെ കാലങ്ങൾ ഒത്തു നോക്കിയാൽ ന്യൂനത കണ്ടുപിടിക്കാമെന്നും" പറയുന്നു. അങ്ങിനെതന്നെ കാലത്തിന്റെ ന്യൂനതകൊണ്ടുതന്നെ മെഡ്ലിക്കോട്ട മെത്രാ

ന്റെ വാദം ആക്ഷേപിക്കപ്പെടാവുന്നതാണു. "ഫ്രഞ്ച—ൽ എഴുതിയ കത്തു ഫ്രന്ഫ്രന്ത—ൽ മനസ്സിലാക്കിഞ്ഞ ഏലിയാ പാത്രിയക്കീസ് റോമാ സിംഹാസനത്തിനു കീഴ്പ്പെട്ടതിനുശേഷം ടി. ലേഖനം റോമാ സിംഹാസനത്തിലേക്കു അയച്ചിട്ടുള്ളതാണെന്നാകുന്നു" മെഡ്ലിക്കോട്ട് മെത്രാന്റെ വാദം- ഈ വാദം ശരിയാണെങ്കിൽ ഫ്രഞ്ച-ൽ മലയാളത്തിൽ നിന്നും അയക്കപ്പെട്ട ലേഖനത്തിന്റെ, വസ്തിക്കാനിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന, പകർപ്പിൽ 'ഫ്രഞ്ചു' എന്നു എഴുതിയിട്ടുള്ളതു എങ്ങിനെയാണു? തുടയതിനാൽ പ്രസ്തുത ലേഖനം ഫ്രന്ഫ്രന്ത-ൽ വിശ്വാസസത്യം അയച്ച ഏലിയാ പാത്രിയക്കീസയച്ചതല്ലെന്നും ഫ്രഞ്ചു ലെ പാത്രിയക്കീസും അതിനു മുമ്പുള്ള ഫ്രഞ്ച-ലെ പാത്രിയക്കീസും കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടവരായിരുന്നു എന്നും തെളിയുന്നു.

൪. "മരിഞ്ഞോളി, പാപ്പാനുടെ പ്രതിനിധിയായിരുന്നതിനാലാണു, ശുദ്ധ. തോമ്മായുടെ ക്രിസ്ത്യാനികം അദ്ദേഹത്തിനു ചിലവുകം കൊടുത്തതു" എന്നു മക്കൻസിയുടെ നോട്ടിൽ സൂറിയാനിപട്ടക്കാർ എഴുതിയിരിക്കുന്നതിനെ "അങ്ങിനെ ചിലവിനു കൊടുത്തതു തോമാനസ്രാണികം റോമാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നതുകൊണ്ടല്ലെന്നും, മലയാളത്തിലെ ക്രിസ്ത്യാനികളെക്കുറിച്ചും. പ്രത്യേകിച്ചും മതസംബന്ധമായ കാര്യങ്ങളെക്കുറിച്ചും പരിചയമുള്ള യാതൊരുവനും പാപ്പായുടെ പ്രതിനിധിയുടെ ചിലവുകൊടുക്കുന്നതിനു ജനങ്ങൾ മനസ്സുള്ളവരായിരിക്കുന്നതല്ലെന്ന നല്ലവണ്ണം അറിയാവുന്നതാണു-" എന്ന ആക്ഷേപം മെസ്ലിക്കോട്ടമെത്രാൻ പുറപ്പെടുവിക്കുന്നു. അദ്ദേഹത്തിന്റെ മലയാളത്തിലെ താമസംകൊണ്ടു തോമാനസ്രാണികളുടെ സ്വഭാവം അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ടെന്നു ഇതുകൊണ്ടു അറിയാം. എന്നാൽ അന്യമതശ്രേഷ്ഠന്മാരുടെ ശമ്പളമൊ ചിലവൊ, എതുമതക്കാരും വഹിക്കുന്നതല്ലെന്നു പറയേണ്ടതുണ്ടോ? രം സ്ഥിതിയെ വിട്ടു തോമാനസ്രാണികം മറിച്ചു ചെയ്തതിനു മെഡ്ലിക്കോട്ടമെത്രാന്റെ നിന്ദാസ്തുതിക്കു, അവരുടെ ഔദാര്യവും ദയയും പാത്രിഭവിച്ചിരിക്കുന്നു. എന്നാൽ താഴെപ്പറയുന്ന ഏക സംഗതികൊണ്ടു, അദ്ദേഹത്തിന്റെ വിധി അബദ്ധമാണെന്നു വായനക്കാർക്കു ബോദ്ധ്യപ്പെട്ടുമെന്നു വിശ്വസിക്കുന്നു. മെഡ്ലിക്കോട്ട മെത്രാൻ തൃശ്ശൂർ വികാരി അപ്പോസ്തോലിക്കാ ആയ മലയാളത്തിൽ വന്നതിന്റെശേഷം സൂറിയാനിപള്ളിക്കാർ ആണ്ടുതോറും സാധാരണയായി മെത്രാനു കൊടുത്തുവരാറുള്ള ഓഹരി, തന്റെ തല്സ്ഥാനപള്ളിയായ തൃശ്ശൂർ പള്ളിക്കാർ മെഡ്ലിക്കോട്ടമെത്രാൻ ഒരു ലത്തീൻ മെത്രാൻ എന്നുള്ള നിലയിൽകൊടുക്കാഴികയാൽ, ആണ്ടുതോറും കൊടുത്തുവരാറുള്ള ഓഹരി കിട്ടുന്നതിലേക്കായി, അദ്ദേഹംതന്നെ അന്യായപ്പെട്ടിട്ടു പന്തീരാണ്ടിൽ അധികം

കഴിഞ്ഞിരിക്കുന്നു മെത്രാപ്പോലീത്തമെത്രാനു അനുകൂലമായ ഒരുവിധ തേവരെ കോടതിയിൽ നിന്നും സമ്പാദിച്ചു കഴിഞ്ഞിട്ടില്ലാ. തോമാ നസ്രാണികൾ ആ കാലത്തു റോമൻകത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നില്ലഎന്നു മെത്രാപ്പോലീത്തമെത്രാൻ മേൽ വാദിച്ചിട്ടുണ്ടെങ്കിലും "എല്ലാ അവസ്ഥകളെകൊണ്ടും. റോമായുടെ അധികാരത്തിനു മിക്കവാറും ആ ജനങ്ങൾ അധീനമായിരുന്നു എന്നു വരാം" എന്നു സമ്മതിച്ചതിന്റെ ശേഷം "നെസ്തോറിയൻ ഇടത്തുട്ട മലയാളത്തിൽ ഉണ്ടായിരുന്നില്ലെന്നുള്ളതിലേക്കു ഇതൊരു തെളിവായി വരുന്നതല്ലാ" എന്നു പറയുന്നു. ഇപ്രകാരം പൂർവ്വാപരവിരുദ്ധമായി എഴുതുന്നു ഒരാളോടു ഉത്തരം പറവാൻ ഒരുങ്ങുന്നതു തന്നെ അയോഗ്യമാണു. ക്രിസ്തുവർഷം ബാബേൽ പാത്രിയർക്കീസന്മാർക്കു ശ്ലീ. സിംഹാസനവുമായിട്ടു യഥാർത്ഥമായി ഐക്യത ഉണ്ടായിട്ടില്ലെന്നും ഉദിയന്നേരൂർ സൂനഹദോസുവരെ മലയാളത്തിലെ സുറിയാനിക്കാർ ഒട്ടുക്കു, തുടച്ചയായി നെസ്തോറിയൻ ഇടത്തുട്ടകാരായിരുന്നു എന്നും വാദിക്കുന്ന അളുകൾതന്നെ. "ക്രമവഹിതമായ കൊല്ലത്തുണ്ടായിരുന്ന തോമാനസ്രാണികൾ റോമാ അധികാരത്തിനു മിക്കവാറും അധീനന്മാരായിരുന്നു" എന്നു പറഞ്ഞിരിക്കുന്നു. പിന്നീടു ഉദിയന്നേരൂർ സൂനഹദോസുവരെ വിടാതെ നെസ്തോറിയൻകാരായിരുന്നു എന്നും പറഞ്ഞിരിക്കുന്ന വിപരീതങ്ങളായ രണ്ടു അധികാരങ്ങൾക്കു കീഴ്പെട്ടിരിക്കുന്ന അവസ്ഥ മെത്രാപ്പോലീത്തമെത്രാന്റെ ലേഖനത്തിൽ നിന്നും മാത്രമെകാണുന്നൊള്ളൂ. ഇതിന്റെ ശേഷം "പോർത്തുഗീസ് യോഹന്നാൻ മാപ്പിപ്പാ കൊല്ലത്തുണ്ടായിരുന്ന നസ്രാണികൾക്കും അവരുടെ നസ്രാണി തലവനും ഒരെഴുത്തു അയച്ചിട്ടുണ്ടെന്നും, ആ എഴുത്തിൽ ജോർദാൻ മെത്രാനേയും, സന്ന്യാസികളേയും ജനങ്ങളുടെ കാര്യങ്ങളുടെ ഭരമേല്പിക്കയും, മുമ്പു ജനങ്ങൾ മെത്രാനും സന്ന്യാസികൾക്കും ചെയ്തിരുന്ന സൽക്കാരത്തെപ്പറ്റി ഉപകാരം പറകയും ചെയ്തിട്ടുണ്ടെന്നും" പ്രസ്താപിക്കുന്നു. ഇതിൽനിന്നും ആ ജനങ്ങൾ കത്തോലിക്കാ ഐക്യതയിൽപ്പെട്ടവരാണെന്നു വരുന്നില്ലയൊ? അന്നു കൊല്ലത്തു പാർത്തിരുന്ന ജോർദാൻ മെത്രാന്റെ അധികാരത്തിൽ ഉൾപ്പെട്ട ജനങ്ങൾ തോമാനസ്രാണികൾ മാത്രം അയിരുന്നതിനെക്കൊണ്ടു ആ ജനങ്ങൾ റോമാ ഐക്യതയിൽ പെട്ടവരെന്നും, നെസ്തോറിയൻ ഇടത്തുട്ട ആ കാലത്തില്ലായിരുന്നു എന്നും മെത്രാപ്പോലീത്തമെത്രാൻക്രുടി സമ്മതിക്കേണ്ടതല്ലയൊ? മലയാളത്തിലെ ക്രിസ്ത്യാനി രാജാവായ തോമാ എന്നു അറിയുന്ന ഫർനാൻ ൽ ർ-ാം എവുജേനിയോസ് മാപ്പിപ്പാ എഴുതിയ ഒരു എഴുത്തിൽ ഇപ്രകാരം പ്രസ്താപിച്ചിരിക്കുന്നു "ഇന്ത്യാക്കാരുടെ ചക്രവർത്തിയായിരിക്കുന്ന കർത്താവിൽ എന്റെ ഏറ്റവും പ്രിയ പുത്രനായ തോമായ്ക്കു ശ്ലീഹായുടെ ആശീർവാദം. നിങ്ങളും നിങ്ങളുടെ രാജ്യത്തിലെ പ്രജകളും സകലരും, സത്യക്രിസ്ത്യാനികളും ആകുന്നു എന്നു വർത്തമാനം നമ്മുടെ പക്കൽ വന്നിട്ടുണ്ടു." ഈ എഴുത്തുകൂടി

യും മെഡ്ലിക്കോട്ട മെത്രാനും ക്രൂരരും, നടുതിൻമണ്ണും വായിച്ചതിന്റെ ശേഷം തോമാനസ്രാണികൾ നെസ്തോറിയൻകാരായിരുന്നു എന്നു വിധിക്കട്ടെ!

൫. "വിശുദ്ധതോമായുടെ ക്രിസ്ത്യാനികൾ നെസ്തോറിയൻകാരല്ലായിരുന്നു എന്നു കാണിക്കുന്നതിലേക്കു ശു. പ്രംസീസ്കോസ് ശവരിയാരുടെ സാക്ഷി ആവശ്യമില്ലെന്നുണ്ടെങ്കിൽ" മെക്കൻസിയുടെ നോട്ടിൽ സുറിയാനിപട്ടക്കാർ എഴുതിയിരിക്കുന്നതിനെ മെഡ്ലിക്കോട്ടമെത്രാൻ നിഷേധിക്കുന്നു. ശു. ശവുരിയാരു പുണ്യവാളൻ കൊച്ചിയിൽ വന്നിറങ്ങിയതു ൧൫൮൮-ൽ അയിരുന്നു. അദ്ദേഹം അവിടെ വന്നപ്പോൾ തോമാനസ്രാണികളായസുറിയാനിക്കാരെ ഭരിച്ചിരുന്നതു മാക്കോഅബൂനാ മെത്രാനെ കാണുകയും അദ്ദേഹത്തിനെപ്പറ്റി പോർത്തുഗൽ രാജാവായ സെബസ്ത്യോഹന്നാനു ൧൫൮൯-ൽ എഴുതിയ ശിപാശിഎഴുത്തിൽ ഇപ്രകാരംപ്രസ്താപിച്ചിരിക്കുന്നു. "ഇദ്ദേഹം തോമാനസ്രാണികൾക്കുവേണ്ടി വളരെബുദ്ധിമുട്ടു സഹിച്ചിട്ടുള്ള ആളും തന്റെ വാൽക്യുറിയത്തിലും, നമ്മുടെപരിശുദ്ധ മാതാവായ റോമാതിരുസ്സഭയുടെ ക്രമങ്ങളേയും രീതികളേയും വളരെആനന്ദത്തോടുകൂടി കാക്കുന്നആളും ആകുന്നു. അദ്ദേഹം അയാളെപ്പോലെ ദൈവത്തിനിഷ്ടമുള്ളവനായ ഒരാളുടെ നൽമനസ്സും മദ്ധ്യസ്ഥവുംകൊണ്ടു ഇപ്പോൾ പ്രത്യേകം ആവശ്യമുണ്ടു. എന്നാൽ അങ്ങിനെയുള്ള ഒരു ഉപകാരം ഞാൻ ഇപ്പോൾ പ്രസ്താപിച്ചിരിക്കുന്നതുപോലെയുള്ള ഒരു കരുണാപ്രവൃത്തികൊണ്ടു നിങ്ങൾക്കു സാധിക്കുവാൻ കഴിയും" (Appendix 107) തോമാനസ്രാണികൾ സത്യവിശ്വാസത്തിൽ നിലനിന്നിരുന്നു എന്നുള്ളതിനു മുൻ പോർത്തുഗീസ്സുള്ള ശവരിയാരു പുണ്യവാളന്റെ എഴുത്തു മതിയായ തെളിവായിരുന്നിട്ടും യാക്കോ അബൂനായെ മാത്രം പ്രംസീസ്കോ സഭക്കാരായ സന്യാസികൾ മനസ്സു തിരിച്ചുവെന്നും അദ്ദേഹം തന്നെത്തന്നെ തിരുസ്സഭയുടെ തൊഴുത്തിൽ ഭരമേല്പിച്ചു എന്നും അതുകൂടാതെ തന്റെ പ്രജകളെയും കത്തോലിക്കാ ഉപദേശം സ്വീകരിക്കുമാറു തുറന്നു വിട്ടു എന്നും അതിന്റെ ശേഷം പ്രത്യേകം കൊടുങ്ങല്ലൂരിലെ ഒരു പള്ളിക്രമപ്രകാരം പ്രത്യക്ഷത്തിൽ കത്തോലിക്കാ അധിപത്യത്തിലായതെന്നു അയിരുന്നാലും പൊതുവായ കീഴടക്കവും സമാധാനവും യോജ്യതയും ഉണ്ടായിരുന്നില്ലെന്നും ഇങ്ങനെ വ്യാജമായും പരസ്പരം വിരോധമായും പറഞ്ഞുകൊണ്ടു തോമാനസ്രാണികൾ നെസ്തോറിയൻകാരായിരുന്നു എന്നു മെഡ്ലിക്കോട്ട മെത്രാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ശവരിയാരു പുണ്യവാളന്റെ സാക്ഷിയെ നിഷേധിക്കുവാൻ തരമില്ലാത്തതുകൊണ്ടു യാക്കോ അബൂനാ എന്ന മെത്രാനെ പ്രംസീസ്കോ സഭക്കാരു മനസ്സുതിരിച്ചു എന്നു മെഡ്ലിക്കോട്ടമെത്രാൻ എഴുതേണ്ടിവന്നു- പ്രംസീസ്കോ സഭക്കാരു യാക്കോഅബൂനാമെത്രാനെ മനസ്സു തിരിച്ചു

എന്ന് മെഡ്‌ലിക്കോട്ട മെത്രാനെ മനുഷ്യ ചരിത്രക്കാർ ആരും എഴുതി കാണുന്നില്ല. അപ്രകാരം ഒരു സാക്ഷിയെങ്കിലും മെഡ്‌ലിക്കോട്ട മെത്രാൻ കാണിച്ചിരുന്നുവെങ്കിൽ തന്റെ അബദ്ധ വിധിയെ മായ്ച്ചു കളയുമായിരുന്നു. കൊട്ടക്കല്ലരിലെ ഒരു പള്ളിമാത്രമെ റോമാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നൊള്ളു എന്നു മെഡ്‌ലിക്കോട്ട മെത്രാൻ പറയുന്നു. എന്നാൽ Raulinന്റെ ഉദ്ധരണപ്രകാരം ചരിത്രം പുറം ൧൦൨ൽ "തോമാ നസ്രാണികളുടെ മിക്ക പള്ളികളേയും നമ്മുടെ പള്ളിപോലെ നടത്തിക്കുവാൻ ചെയ്തിരിക്കുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്. എന്തായാലും, യാക്കോ ആബൂനാ എന്ന മെത്രാൻ പോർത്തുഗീസ്സുകാർ ഒരു നാട്ടിൽ വരുന്നതിനു മുമ്പുതന്നെ ഇവിടെ വന്നിട്ടുള്ളവനും പോർത്തുഗീസ്സുകാർ ഇവിടെ വന്ന ഉടനെ തന്നെതോമാനസ്രാണികളായ തന്റെ ജനങ്ങളോടുകൂടി, സുറിയാനിക്കാരുടെ പ്രധാനമായ പെരുമാൾ നിന്നും സിദ്ധിച്ചിട്ടുള്ള വിശേഷവരങ്ങളും സ്ഥാനമാനങ്ങളും അടങ്ങിയതായ ചെമ്പുതകിട്ടു പ്രമാണവും ക്രിസ്ത്യാനി രാജാവിന്റെ രാജചിഹ്നങ്ങളും എടുത്തുകൊണ്ടു വാസ്കോ ഡി ഗാമാ എന്നകപ്പിത്താന്റെ അടുക്കൽ സഹായമേവ ചെന്ന് അവയെ എല്ലാം കപ്പിത്താനെ ഏല്പിക്കയും, പോർത്തുഗൽ രാജാവിന്റെ അധീനത്തിൽ തങ്ങളെ ഭരമേല്പിക്കയും ചെയ്തിട്ടുള്ളതാകുന്നു. പോർത്തുഗീസ്സുകാർ ഇദ്ദേഹത്തിനെക്കൊണ്ടു തങ്ങളുടെ പള്ളിയിൽ കുമ്പസാരം നടത്തിക്കയും, അദ്ദേഹത്തിനു പള്ളിക്കടുത്ത ചമയാഭരണങ്ങളും നൽകുകയും ചെയ്തു. അദ്ദേഹം കൊച്ചി, മട്ടാഞ്ചേരി, മുതലായ സ്ഥലങ്ങളിൽ തന്റെ ജനങ്ങളായ സുറിയാനിക്കാർ താമസിച്ചിരുന്ന സ്ഥലങ്ങളിൽ താമസിച്ചിരുന്നു. പോർത്തുഗീസ്സുകാർ ഒരു നാട്ടിൽ വന്ന സംഗതികളും ഒരേ വിശ്വാസക്കാർ എന്ന നിലയിലുള്ള ഏർപ്പാടുകളും. ക്രമത്തിൽ തങ്ങളുടെ പാതിയഹീസിനു അദ്ദേഹം അയച്ച എഴുത്തിൽ അദ്ദേഹം വിശദമായി വിവരിച്ചിട്ടുണ്ടു. ഇതിൽ നിന്നും യാക്കോ ആബൂനാ എന്ന മെത്രാനെ പ്രൊസീസ്സുകാർ മനസ്സുതിരിച്ചുതല്ലെന്നും, അദ്ദേഹം മുമ്പേതന്നെ റോമൻ കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടവനായിരുന്നു എന്നും പ്രത്യക്ഷമാകുന്നുണ്ടല്ലൊ. തോമാ നസ്രാണികൾ ഇടത്തുട്ടുകാരായിരുന്നു എന്ന ശവരിയാരുടെ പുണ്യവാളന്റെയും വിൻസെൻസ് പാദ്രിയുടെയും എഴുത്തുകളിൽ ഒരു വാക്കുപോലും കാണുന്നില്ല. "ലത്തീൻ" വാക്കുകൾക്കു അകാരാദികളിൽ ഇടത്തുട്ടു എന്നു വ്യാഖ്യാനിച്ചിട്ടുള്ളതാതൊരു വാക്കും അവർ ഉപയോഗപ്പെടുത്തിയിട്ടില്ല. മെഡ്‌ലിക്കോട്ട മെത്രാനും പി. പി. എം. എന്ന ലേഖകനും അകാരാദിയിൽ ഇല്ലാത്തതായ അർത്ഥം വ്യാഖ്യാനിച്ചിട്ടുള്ളതു കൊണ്ടു തന്നെ ഇതിന്റെ സത്യം വേഗത്തിൽ വെളിപ്പെടുന്നുണ്ടു.

ഇതോടുകൂടി, ഫ്രൻസ്വ ജ്ഞലെ ഫ്രാൻസ്വലെ 'സത്യനാദം' ക്രൈ ൦

ലക്കത്തിൽ മെഡ്ലിക്കോട്ട മെത്രാന്റെ ലേഖനത്തെ ഉറപ്പിക്കുന്നതായ. വരാപ്പുഴ പി. പി. എം* എന്ന ലേഖകന്റെ ലത്തീൻ തർജ്ജിമയുടെ മൂഢതയെ കൂടി തെളിയിക്കാം. "ഇയ്യുണ്ട് ജനുവരി ഫസ്റ്റാംതീയ്യതി- ഞാൻ കൊച്ചിയിൽ വന്നിറങ്ങിയപ്പോൾ അവിടെഞാൻ ഒരു മെത്രാനെകണ്ടു. അദ്ദേഹത്തിന്റെ ഭാവവും നടപടികളും കണ്ടിട്ടു, ഇനിക്കു കുറെ തൃപ്തി തോന്നിയതുമല്ലാതെ, ശ്ലീ. തോമായുടെ ക്രിസ്ത്യാനികളെ അഭ്യദ്ധാരണം ചെയ്യുന്നതിനുവേണ്ടി ഗോവ മെത്രാൻ പോകയും തന്റെ ശ്രുതിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പ്രധാന സ്ഥലങ്ങളിലും മറ്റും സഞ്ചരിക്കയും ചെയ്യുന്നതിൽ അദ്ദേഹംകാണിക്കാറുള്ള ദയാശീലവും സഹിക്കുന്ന പ്രയാസങ്ങളും ഇനിക്കു ബോദ്ധ്യം വന്നപ്പോൾ ആ മെത്രാനെക്കുറിച്ചു ഇനിക്കു നാമാസ്യമല്ലാത്ത അഭിമാനം ഉണ്ടായിരുന്നു- ശ്ലീ. തോമായുടെ ക്രിസ്ത്യാനികൾ കത്തോലിക്കരും, അപ്രകാരംതന്നെ (അങ്കമാലി ശ്രുതയിലെ) അവരുടെ മെത്രാനും കത്തോലിക്കനുമായിരുന്നെങ്കിൽ സമീപസ്ഥനായ ഒരു കത്തോലിക്കാ മെത്രാന്റേതായ അടുത്തുള്ള കത്തോലിക്ക ശ്രുതാതൃത്തിയിൽ ബലാൽ പ്രവേശിച്ചു വേലചെയ്യാൻ പാടുള്ളതല്ലെന്നിരിക്കെ (അങ്ങിനെ മേൽപറഞ്ഞ ശ്രുതയിൽ പ്രവേശിച്ചു) കൊച്ചീ മെത്രാനേ ആ സംഗതിയിൽ പുണ്യവാളൻ എങ്ങനെ പ്രശംസിക്കാം? അതുകൂടാതെയും സുവിയർ പുണ്യവാളൻ മനസ്സാന്തര വേലകർക്കു ഉപയോഗിച്ചിട്ടുള്ള വാക്കുതന്നെ, "Excolendis എന്നാകുന്നു". (Appendix 115)

ശ്ലീ: ശവരിയാരു പുണ്യവാളൻ യാക്കോ ആബൂനാ എന്നസുറിയാനി മെത്രാനെക്കുറിച്ചു പോർത്തുഗൽ രാജാവിനു പ്രശംസാമായി പുണ്യമുള്ളവനെന്നുള്ള ഭാവത്തിൽ എഴുതിയിരിക്കുന്നതുപോലെ ലേഖകനു സഹിക്കാൻ പാടില്ലാതെ അയതിനെ നിഷേധിക്കുന്നതിനുവേണ്ടി ശ്ലീ. ശവരിയാരു പുണ്യവാളൻ "മനസ്സുതിരിക്കുന്നതിനു" എന്ന വാക്കിനു പകരം "നന്നായിചെയ്യുന്നു, അലങ്കരിക്കുന്നു" എന്നും മറ്റും അർത്ഥമാക

---

* (പി. പി എം. എന്നു അക്ഷരങ്ങളും വരാപ്പുഴെ ഇരുന്ന കർമ്മലീത്താക്കാരുടെ പരമ ദേശത്തെ പ്രോവിൻസ്യാനും 'പാത്തെർ പൊലിക്കാർപ്പുസ്- മരിയ' എന്ന മിസ്യോനാ പേർ ചുരുക്കി ആരംഭ അക്ഷരങ്ങളായി എഴുതിയിട്ടുള്ളതാണു. ഇദ്ദേഹം ഇപ്പോൾ കൊല്ലത്താണത്രെ. 'ഹിസ്തോരിക്കുസ് പിലാലെത്തസ്, ഡാക്ടർ ക്രിസ്തിക്കുസ്' എന്ന പേർകൊണ്ടു മൈലാപ്പൂർ 'കത്തോലിക്ക റെജിസ്റ്റർ' ബോംബേ കത്തോലിക്ക് എക്സാമ്നേർ' എന്ന പത്രങ്ങളിൽ സുറിയാനിക്കാർക്കു വിരോധമായി എഴുതിയത ഒരു ലത്തകമ്മലീത്തനായ ഫാദർ എലിസെവുസ് എന്ന ദേഹവുമായിരുന്നു എന്നാണു കേൾക്കുന്നതു. ഇദ്ദേഹം ഇപ്പോൾ മലയാളം വിട്ട പോയിരിക്കുന്നു)

ന്ന "Excolendis" എന്നവാക്കു ഉപയോഗിച്ചിട്ടുണ്ടെന്നും "ആ വാക്കുതന്നെ കൊച്ചീയിലെ മെത്രാനെ ഉദ്ദേശിച്ചു എഴുതിയതാണെന്നും വാദിക്കുന്നു. ഒരു തജ്ജമശവരിയാരു പുണ്യവാളന്റെ മനസ്സിൽ നിന്നും വന്നതല്ല. പിന്നയൊ, ലേഖകന്റെ അസൂയയുടെ പരിണാമം അതുകുന്നു. യാക്കോ ആബൂനാ എന്ന സുറിയാനി മെത്രാനും തോമാ നസ്രാണികളും പുണ്യ അഭ്യാസങ്ങളിൽ ജീവിച്ചിരുന്നതിനാൽ ശവരിയാരുപുണ്യവാളൻ "Excolendis" എന്നു ശരിയായി ഉപയോഗിച്ചതാണു. ശവരിയാരു പുണ്യവാളൻ യാക്കോ ആബൂനായെക്കുറിച്ചു എഴുതീട്ടുള്ള മറ്റു ഭാഗങ്ങൾ കൊണ്ടും പുണ്യവാളന്റെ അന്തരം വെളിപ്പെട്ടുന്നുണ്ടു. എന്തെന്നാൽ യാക്കോ ആബൂനാ മെത്രാൻ ദൈവത്തിനു വളരെ കൈക്കൊള്ളപ്പെട്ട ആളായിരുന്നുവെന്നു അദ്ദേഹം എഴുതീട്ടുണ്ടു. അതുകൊണ്ടു അദ്ദേഹത്തിന്റെ മനസ്സുതിരിവിനായി ഒരു മെത്രാനും പ്രയത്നിച്ചിട്ടില്ല. സമീപസ്ഥനായ കൊച്ചീമെത്രാൻ യാക്കോ ആബൂനാ എന്ന മെത്രാന്റെ ശുപതാന്തിയിൽ പ്രവേശിച്ചു മനസ്സുതിരിവിനുള്ള വേലകൾചെയ്തു എന്നു പറയുന്നതെങ്ങിനെ? പോർത്തുഗൽ രാജാവിനു ശവരിയാരു പുണ്യവാളൻ മേൽ ചേർത്തിട്ടുള്ള എഴുത്തു എഴുതി എന്നു പറയുന്നതു ക്രിസ്തീയൻ ഫെബ്രുവരി ഒന്നാം നു-യാണു. എന്നാൽകൊച്ചീക്കു മെത്രാനുണ്ടായതു ക്രിസ്തീയൽ 8 ാം പൈയൊസ് മാപ്പിപ്പായുടെ കാലത്തിലായിരുന്നു എന്നു ബുള്ളാരിയും പത്രനാറസ് ഫ്രാംപുസ്തകം ക്രിസ്തു ാം പുറത്തിൽ കാണുന്നു. അതിനാൽ അന്നു കൊച്ചീക്കു മെത്രാനുണ്ടായിരുന്നില്ല. അതിനാൽ ലേഖകന്റെ ഉദ്ദേശം സാധിപ്പാൻ മാർഗ്ഗമില്ലാതിരിക്കുന്നു. ഗ്രു: ശവരിയാരു പുണ്യവാളൻ. നാം ജോൺ എന്ന പോർത്തുഗൽ രാജാവിനു തന്നെ ക്രിസ്തു ജനുവരി ഠാനു-എഴുതിയ ഒരു എഴുത്തിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. "ഒരു കൊല്ലത്തിൽ ജനുവരി ക്രനു ാംനു- ഞാൻ മലാക്കായിൽ നിന്നു ഇവിടെ കൊച്ചിയിൽവന്നു അവിടെ വച്ചു ഞാൻ മെത്രാനെ കാണുകയുണ്ടായി. ഒരു സാക്ഷാൽ ഇടയനെ പോലെ തന്റെ ഉദ്യോഗ സംബന്ധമായ മുമ്പവകളെ നിറവേറുന്നതിനുവേണ്ടി സ്വന്തമെത്രാസനാധിപത്യത്തിൽ ഉൾപ്പെട്ട കൊട്ടകളിലും, ഗ്രു. തോമായുടെ ക്രിസ്ത്യാനികളുടെ ഇടയിലും സന്ദർശനാർത്ഥം സഞ്ചരിക്കുന്നതും മറ്റുമായ അത്യന്ത പരിശ്രമങ്ങളെ അദ്ദേഹം എത്രത്തോളം നിർവ്വഹിച്ചു വരുന്നുവെന്നുള്ളതു കാണ്മാൻ ഇടയായതിനെക്കുറിച്ചു ഇന്നു അദ്ദേഹത്തിൽ അധികം തൃപ്തിയുണ്ടായി". ഒരു ലേഖനം പോർത്തുഗീസിൽ പുരാതനമായ മൂലത്തിന്റെ തർജ്ജമയാണു എന്നാൽ അതിൽ തോമാ നസ്രാണികളേയും സന്ദർശിച്ചു എന്നുള്ള വാക്കാണു വച്ചിരിക്കുന്നതു- "Visitando" സന്ദർശിച്ചു- അതിനാൽ പി- പി- എം- എന്ന ലേഖകൻ ഉദ്ദേശിക്കുന്ന അർത്ഥം ഇവിടെ ഇല്ല. ഗ്രു- ശവരിയാരു പുണ്യവാളൻ കണ്ടു എന്നു പറയുന്ന മെത്രാൻ പ്രാൻസീനു സഭക്കാരനായ യോഹന്നാൻ ആ

ൽബുക്കെക്ക എന്ന ഗോവയിലെ ഒന്നാമത്തെ മെത്രാനാണ- ദ്ദേഹം ക്രിസ്ത്വ ൽ കൊച്ചിയിൽ വന്നിട്ടുണ്ടായിരുന്നു അദ്ദേഹം തന്റെ കീഴുണ്ടായിരുന്ന കൊച്ചി, കൊട്ടങ്ങല്ലൂർ കോട്ടകളിലും മറ്റും വസിച്ചി രുന്ന തന്റെ ക്രിസ്ത്യാനികളെ സന്ദർശിക്കുന്നതിനു വന്നതായിരുന്നു- അദ്ദേഹം ആ സമയം ആ സ്ഥലങ്ങളിൽ താമസിച്ചിരുന്ന വലിയ ജ നക്കൂട്ടമായ തോമാ നസ്രാണികളേയും സന്ദർശ്ചിതായി കാണുന്നു. തോമാ നസ്രാണികളും യാക്കോ ആബുനാ എന്ന മെത്രാനും നെസ്തോറി യൻകാരായിരുന്നു എന്നല്ലാ ആ സന്ദർശനം കൊണ്ട് ഉദ്ദേശിക്കേണ്ടതു. പിന്നെയോ, കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടവരായിരുന്ന എന്നു ന്യായമായി അനുമാനിക്കാവുന്നതാണു. കത്തോലിക്കാ മെത്രാന്മാർ ക ത്തോലിക്കാ പള്ളികളെ സന്ദർശിക്കുക സഹജമാണു. ഇക്കാലത്തും പ ലപ്പോഴും മെത്രാന്മാർ സുറിയാനി പള്ളികളിൽ പോകയും ചില ഉ പദേശങ്ങളും പറയുകയും ചെയ്യുന്നതുകൊണ്ട് സുറിയാനിപ്പള്ളിക്കാർ ഇ ടത്തുട്ടുകാരെന്നും അവരെ മനസ്സു തിരിപ്പാൻ അവർ പോകുന്നു എ ന്നുമാണോ അനുമാനിക്കേണ്ടതു? ഗോവ പാതിയാർക്കു മെത്രാപ്പോലീ ത്താ ആയ ദോംഅന്തോനി സെബസ്യാൻവലേറി എന്ന ദോംറൂവും കൊച്ചിയിലെ കാലം ചെയ്ത നല്ല ഓർമ്മയുടെ ദോം ജോവാൻ ഗൊമ്മീ സ് ഫെർണെയിരാ മെത്രാനും ഇപ്പുഴത്തെ ദോം മത്തേവൂസ് ഒലിവെയി രാ ശവിയേർ മെത്രാൻ തന്നെയും ആലപ്പുഴെ പോർട്ടുഗീസ് സിമ്മനാ രിയിൽ വന്ന പലപ്പോഴും താമസിക്കയിൽ ആലപ്പുഴെ സുറിയാനിക്കാ രുടെ മാർ സ്ലീവാ പള്ളിയിൽ പോകയും പ്രാ പള്ളിക്കാരുടെ നാ ത്തുകയും ദോം ജോവാൻ ഗൊമ്മീസ് ഫെർണെയിരാ മെത്രാൻ ടി. പ ള്ളിയിൽ കുർബ്ബാന പ്രസംഗം പറകയും ചെയ്തിട്ടുണ്ടല്ലോ എന്നാൽ അയതു ആ സുറിയാനിക്കാരെ ഇടത്തുട്ടിൽനിന്നു മനസ്സു തിരിക്കുന്നതിനായിരുന്നു എന്നു, ഡി. പി. റൂം. എന്ന ലേഖകനെപ്പോലെ, മേലാൽ വല്ലവരും ചരിത്രപ്പെടുത്തുമെന്നു ഞാൻ വിചാരിക്കുന്നില്ലാ. ശ്ലൂ: ശ്വരിയാനു പുണ്യവാളൻ ഇടംപ്രഥമമായി കൊച്ചിയിൽ വന്നിറങ്ങിയ തു ക്രിസ്ത്വ ൽ ആണ- അദ്ദേഹം വന്നിറങ്ങിയ സമയം യാക്കോആബൂ നാ എന്ന സുറിയാനി മെത്രാനേയും തോമാ നസ്രാണികളേയും കണ്ടു. ആത്മരക്ഷയിന്മേൽ വലിയ ഏരിവുകാരനായിരുന്ന പുണ്യവാളൻ അ വർ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എങ്കിൽ, അവരെ മനസ്സു തിരിക്കുന്നതിനു ഒന്നാമതായി താൻതന്നെ വേലചെയ്യുമായിരുന്നു. അ ങ്ങിനെ ചെയ്യാതെ യാക്കോ ആബൂനാ എന്ന മെത്രാനെ പ്രശംസിച്ചു, പോർത്തുഗല്ലിലെ രാ ം യോഹന്നാൻ രാജാവിനും. തോമാനസ്രാണികളുടെ കൊട്ടങ്ങല്ലൂരിലെ പള്ളിക്കു ദോഷപ്രാപ്തി കൊടുപ്പാനായി അ പേക്ഷിക്കുന്നതിനു ശ്ലൂ: ഇഗ്നാസിയോസ് പുണ്യവാളനും, അദ്ദേഹം എഴുതിയിട്ടുള്ള ഈ നോരുമ്പോനും യാക്കോ ആബൂനാമെത്രാനും തോമാനസ്രാണികളും കൊച്ചിമെത്രാനായ നെസ്തോറിയൻ ഇടത്തുട്ടിൽ നിന്നും

മനസ്സു തിരിക്കപ്പെട്ടവരല്ലെന്നു പ്രത്യക്ഷപ്പെട്ടു. യോഹന്നാൻ അൽബുക്കെർക്ക് എന്ന ഗോവാമെത്രാനു മലയാള ഭാഷാജ്ഞാനമില്ലായിരുന്നു, പിന്നെ എങ്ങിനെയാണു അദ്ദേഹം തോമാ നസ്രാണികളെ നസ്രാണികളെ തിരിക്കുന്നതിനു സ്വാതന്ത്ര്യമായി ഉപദേശിച്ചതു? എന്നതൊന്നുമല്ല-യോഹന്നാൻ അൽബുക്കെർക്ക് മെത്രാന്റെ സങ്കോചവും കുട്ടുകാരനും ആയ വിഞ്ചെൻസ് പാട്ടി മുതലായ നിരവധി കൊട്ടാരപ്പണിയിൽ വരികയും അവിടെ തോമാ നസ്രാണികൾക്കുവേണ്ടി ഉപദേശസംഘവും സമ്മാനവും ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ആ സിമ്മാരിയിൽ നാനാപ്രദേശങ്ങളിൽ നിന്നും തോമാ നസ്രാണികളിൽ ഉബലബ്ധരായവരുടെ കൂട്ടികൾ നൂറിൽ ചിലപക്ഷം പേർ പട്ടത്തിനു പഠിച്ചിരുന്നു. ആയതിനാൽ പി. പി. എ. എന്ന ലേഖകൻ അനുമാനിക്കുന്നതുപോലെ ശാക്കോ അബൂനാ എന്ന മെത്രാനും തോമാ നസ്രാണികളും കൊച്ചീ മെത്രാനാലോ, ഗോവാ മെത്രാനാലോ മനസ്സുതിരിക്കപ്പെട്ടവരല്ല. ആയതിനാൽ കൊച്ചീമെത്രാൻ ഉണ്ടായ കാലം ചർത്തുള്ളിൽ നിന്നും നല്ലവണ്ണം ഗ്രഹിച്ചും Excelendis എന്ന വാക്കിന്റെ അർത്ഥം അകാരാദികളിൽ നോക്കി മനസ്സിലാക്കിയും, അസൂയ നിമിത്തം തനിക്കുണ്ടായിട്ടുള്ള തെറ്റിദ്ധാരണയെ ഉപേക്ഷിക്കട്ടെ.

(സ) അബ്രാഹം മെത്രാന്റെ കപടശീലത്തെ സംബന്ധിച്ചു മെത്രാപ്പോലീത്തക്കോട്ട മെത്രാൻ ഇപ്രകാരം എഴുതിയിരിക്കുന്നു:— "ഈ ഇന്ത്യായിലെ മെത്രാന്മാരൊക്കെ ഒരു സൂനഹദോസ് ഉണ്ടായതിൽ താനും ചേർന്നു എന്നും അടക്കല്ലിന്മേൽ ക്രൂശം എന്നതുപോലെ പോർത്തുഗീസ്സുകാർ തന്റെ ശ്രേഷ്ഠത്തിന്മേൽ അയിരുന്നതിനാൽ അവരെക്കുറിച്ചുള്ള സ്നേഹം മൂലം ഒരു വിധം ചെയ്യാതെ കഴിവില്ലാഞ്ഞു എന്നും അതിൽ ഉറപ്പായി പറയുന്നു. താൻ ഒരു പുസ്തകം കൊണ്ടുവന്നിട്ടുണ്ട്. അതു ആ സൂനഹദോസിൽ പരിശോധിച്ചു ഉറപ്പിക്കപ്പെട്ടതും, എല്ലാ മെത്രാന്മാരാലും ഏറ്റവും പ്രശംസിക്കപ്പെട്ടതുമായ വിശ്വാസസത്യമാകുന്നു. അതു ഒരു ഇന്ത്യായിലെ മെത്രാന്മാരുടെ മുമ്പാകെ തന്റെ കള്ള വിശ്വാസത്തിന്റേയും ഉപദേശത്തിന്റേയും മാതൃകയായി പോർത്തുഗീസിനു വിലയുള്ള കൊടുപ്പാൻ മനസ്സാകുന്നതു കൂടി ആ കത്തു മൂല മുഖാന്തരം പോർത്തുഗീസുകാരാൽ പിടിക്കപ്പെട്ട എന്നാണു ഗോവയിൽ നിന്നു ഡൊമസ് നം- ഡൊമെ ഡെ, ഡൊമ- മെക്കൻസി. ഡൊ-സ്യെ പക്ഷങ്ങളിൽ കാണുന്നതു. ഒരു ചരിത്രകാരൻ ഒക്കെയും ഗോവയെന്നു പോർട്ടുഗീസ് ചരിത്രകാരനെ പിഞ്ചെന്നു എഴുതിയതാകുന്നു. ഇങ്ങനെ മാർ അബ്രാഹം എഴുതിയെന്നായിരുന്നാലും ആ കത്തിന്റെ കത്തു പിടിക്കുന്നതു എല്ലാ ന്യായങ്ങളാലും കാറാകരമായ പ്രവൃത്തി ആകുന്നു എന്നതിനു തക്കമില്ല. എങ്കിലും ഒരു കത്തു പോർത്തുഗീസുകാരാൽ നിമ്മിതമാണെന്നു പ്രത്യക്ഷപ്പെട്ടുന്ന

താണു. അബ്രാഹം മെത്രാൻ ഗോവസൂനഹദോസിൽ ക്രി വിശ്വാസ സ
ത്യം ചെയ്തതിന്റെ ശേഷം അവ മെത്രാൻ ഒരു കത്തോലിക്കാ മെത്രാ
നെന്നു പോർത്തുഗീസ്സാരാൽ വിശ്വസിക്കപ്പെടേണ്ടതായിരുന്നു. അ
പ്രകാരം വിശ്വസിക്കപ്പെട്ടിട്ടുള്ള ഒരു മെത്രാൻ എഴുതുന്ന എഴുത്തു പി
ടിക്കുന്നതു നീതിരഹിതമായ ഒരു പ്രവൃത്തിയാണു. ഗോവയിൽ കാരാ
ഗൃഹത്തിൽ പാർപ്പിക്കപ്പെട്ടശേഷം പോർത്തുഗീസ് വൈദീക ഒന്നുകി
ൽ സൈന്യങ്ങൾ അറിയാതെ കാരാഗൃഹം വിട്ടുപോകുന്നതിനു അബ്രാ
ഹം മെത്രാനു സാധിച്ചുവെങ്കിൽ തന്റെ പാത്രിയക്കീസിനു അദ്ദേഹം
എഴുതിയ എഴുത്തും പാത്രിയക്കീസിനു എത്തുവാനുള്ള മാർഗ്ഗം അദ്ദേ
ഹം കണ്ടുപിടിച്ചുകൊള്ളുമായിരുന്നു. എഴുത്തിൽ "അടക്കല്ലിന്മേൽ കു
ടം എന്നപോലെ പോർത്തുഗീസ്സാർ തന്റെ ശിരസ്സിന്മേൽ ആയിരു
ന്നതിനാൽ അവരെക്കുറിച്ചുള്ള സ്നേഹാധിക്യം ഒരു വിധം ചെയ്യാതെ നി
വൃത്തിയില്ലായിരുന്നു" എന്നു പരസ്പര വിരോധമായി പറയുന്നു. തന്റെ
പാത്രിയക്കീസിനു വിശ്വാസമായി എഴുതുന്ന എഴുത്തിൽ ഒരു വിധം എ
ഴുതുന്നതു അതുക്കുപകരമല്ലയൊ? തന്റെ പുതിയ കള്ളവിശ്വാസത്തി
ന്റെ ഉപദേശം അടങ്ങീട്ടുള്ള പുസ്തകം പാത്രിയക്കീസിനു കൊടുക്കാമെന്നു
എഴുതിയിട്ടുണ്ടെന്നു പറയുന്നതു അസത്യമാണു. എന്തെന്നാൽ ബാബേൽ
പാത്രിയക്കീസ് നെസ്തോറിയൻ ഇടത്തുടകാരനെന്നുള്ള നിലയിൽ റോ
മൻ കത്തോലിക്കാ വിശ്വാസത്തിന്റെ ഉപദേശം അടങ്ങീട്ടുള്ള പുസ്ത
കം തന്റെ പാത്രിയക്കീസിനു വിലയ്ക്കുകൊടുക്കാമെന്നു എഴുതുന്നതു
പാത്രിയക്കീസിനു അതുക്കുപകരമല്ലയൊ? പാത്രിയക്കീസിന്റെ ഇട
ത്തുടവിശ്വാസത്തിനു വിരോധമായിരിക്കുന്ന ഒരു പുസ്തകം വാങ്ങുന്നതു
തൃപ്തികരമായിരിപ്പാൻ പാടുണ്ടോ? വിലയ്ക്കു വാങ്ങേണം എന്നു പാത്രി
യക്കീസിനു എഴുതുമൊ? അബ്രാഹം മെത്രാൻ കത്തോലിക്കാമതം അ
നുസരിച്ചിട്ടുള്ള ആളാണെന്നു റോമാ മാർപ്പാപ്പാമാർ അംഗീകരിച്ചി
ട്ടുള്ളതിനെ ദുർബലപ്പെടുത്തുവാൻ പോർത്തുഗീസ്സാർ ഒരു കത്തിനെ
നിമ്മിച്ചിട്ടുള്ളതാകുന്നു ഇനി വിചാരിക്കേണ്ടിയിരിക്കുന്നു-

മെക്കൻസി. തന്റെ ൨-ാം പതിപ്പു പുസ്തകം ൪൩-ാം പുറ
ത്തിൽ പറയുന്നതു. "ഒരു കൃതിക്കുത്തരവാദി ഒരു
പോർത്തുഗീസു ചരിത്രക്കാരൻ ഗൊവെയ അകുന്നു" എന്നു അതാണു. എന്നാ
ൽ നെസ്തോറിയസ് പാത്രിയക്കീസ് ചോദിച്ചതിനു മാർ അബ്രാഹം മെ
ത്രാൻ സമാധാനം എഴുതിയെന്നും മറ്റും പോർത്തുഗീസ് ചരിത്രക്കാർ
പറയുന്നതു അവരുടെ പിശകാണ്ടു എന്തെന്നാൽ മാർ അബ്രാഹം
കത്തോലിക്കാ പാത്രിയക്കീസിനാൽ അയക്കപ്പെട്ടയാളും കത്തോലിക്കാ
നും എന്ന നിലയിൽ ഇതു ഉണ്ടാകുവാൻ പാടുള്ളതല്ലാ. ഒരുവേള
ഏതൊ പാത്രിയക്കീസു വാച്ചനാമാനവും മാർ അബ്രാഹത്തിനോടു
ചോദിച്ചിട്ടുണ്ടായിരുന്നു എങ്കിൽ അതു കത്തോലിക്കാ കൽദായപാത്രി

യക്കീസായിരിക്കണം. അതു ശേഷമുള്ള നടപടിയിലെ നടപടി പ്രദേശസുനഹദോസിൽവെച്ചു ക്രിസ്തുമതത്തിൽ മലയാളത്തിലെ സുറിയാനിക്കാരുടെ ഉപയോഗത്തിനായി ലത്തീൻ പൊന്തിഫിക്കാളും റിത്തുബുക്കും അതായതു ക്രമാശക്രമങ്ങളും നടത്തുന്ന പുസ്തകങ്ങളും, കൽദായമതത്തിനു വിരോധം ലത്തീൻ ക്രമം സുറിയാനിയിൽ ഭാഷാന്തരം ചെയ്തുനടപ്പാക്കണമെന്നു നടപടി. സുനഹദോസിലെ പിതാക്കന്മാരായ പോർട്ടുഗീസു മെത്രാന്മാർ നിശ്ചയിച്ചതിനെ (ബുള്ളാരിയും പത്രൊ. അനുബന്ധം ക- ൽ നോക്കുക) മാർ അബ്രാഹം മെത്രാനും നിർബന്ധപ്പെട്ടു ഒപ്പിട്ടുകൊടുത്തതിനെക്കുറിച്ചാണെന്നു ന്യായമായി അനുമാനിക്കേണ്ടതാണു. എന്തുകൊണ്ടെന്നാൽ റീത്തുമാറുവാനും പുതിയതു ഏർപ്പെടുത്തുവാനും ആ സുനഹദോസിലെ മെത്രാന്മാർക്കു പാടില്ലാത്തതും ശ്ലീഹന്മാരുടെ പല കാനോൻ ചട്ടങ്ങളും വിലക്കുന്നതും ആയിരുന്നു. ഇങ്ങിനെ ന്യായരഹിതമായി പ്രവൃത്തിച്ചതു സാധുവാക്കുവാനും പറ്റുള്ളതല്ലെന്നു ആക്കം എളുപ്പത്തിൽ ഗ്രഹിക്കാവുന്നതും ആണല്ലൊ. ലത്തീൻ റീത്തുകഴിക്കെ ശേഷമുള്ള റീത്തുകളൊക്കയും ഇടത്തട്ടുകളാണെന്നായിരുന്നു അന്നത്തെ പോർട്ടുഗീസുകാരുടെ വിശ്വാസം. അതിനാൽ റീത്തുമാറുന്നതിൽ സുറിയാനിക്കാരും അവരുടെ മെത്രാന്മാരും കാണിച്ചിരുന്ന രസക്കേടും വിസമ്മതവും എല്ലാം ഇടത്തട്ടുകളായിട്ടാണ അന്നത്തെ പോർട്ടുഗീസു ചരിത്രക്കാർ തെറ്റിദ്ധരിച്ചിരുന്നതു. ഇപ്രകാരമാകുന്നു പോർട്ടുഗീസു ചരിത്രങ്ങളിൽ ഒന്നൊന്നര വിവരിതമായി അവർ തന്നെ ചരിത്രപ്പെടുത്തിയിരിക്കുന്നതു

൪—ാം പീയൂസപ്പാപ്പാ മാർ അബ്രാഹം മെത്രാപ്പോലീത്തായെക്കുറിച്ചു ക്രിസ്തുശകം ൧൫൬൦-ാമാണ്ടു ബാബേലിലെ അബ്ദീശോ പാത്രിയക്കീസിനു എഴുതിയ എഴുത്തിൽ നിങ്ങളുടെ കുത്തോലിക്കാപള്ളിയിലേക്കു കൊണ്ടുവരപ്പെട്ട (മാർഅബ്രാഹം) എന്ന ദ്രാമകനെ കാണുന്നതിനാൽ ഒമക്കൻസി തന്റെ ൧-ാം പുസ്തകം ൧൪—ാം പുറത്തിൽ മാർ അബ്രാഹം മെത്രാപ്പോലീത്താ മലയാളത്തിലെ സുറിയാനിക്കാരുടെ എഴുത്തു അനുസരിച്ചു നെസ്തോറീസു പാത്രിയക്കീസിനാൽ മലയാളത്തിലേക്കു അയക്കപ്പെട്ടതാണെന്നും പോർട്ടുഗീസുകാർ മാർ അബ്രഹാമിനെ പിടിച്ചു കപ്പൽ കയറി അയച്ചപ്പോൾ അദ്ദേഹം മസവിക്കൽനിന്നും ഒളിച്ചോടി മൂന്നാമിൽ ചെന്നു ബാബേലിലെ അബ്ദീശോഎന്ന കുത്തോലിക്കാ പാത്രിയക്കീസിന്റെ അടുക്കൽതന്റെ ഇടത്തുട്ടു ഉപേക്ഷിച്ചു എന്നും അദ്ദേഹത്തിന്റെ എഴുത്തോട്ടുക്കുട്ടിയാണു റോമ്മായിൽ ൪—ാം പീയൂസ് മാപ്പാപ്പായുടെ പക്കൽപോയതെന്നും മറ്റും പറയുന്നുണ്ടു. എന്നാൽ മാപ്പാപ്പായുടെ എഴുത്തിലെ ഒരുഭാഗം മാത്രമെ മെക്കൻസി എടുത്തുവച്ചിട്ടുള്ളു. ആ എഴുത്തിൽ തന്നെ "അദ്ദേഹം (മാർ അബ്രാഹം) ഇന്ത്യയിൽ സഹിച്ച വിഷമിപ്പിക്കുന്ന

ളെക്കുറിച്ചു നമുക്കു സങ്കടമുണ്ടായി" "എന്നാൽ ഇതു തന്റെ വിശ്വാസം പ്രസിദ്ധപ്പെട്ടുത്തുന്നതു ചരിക്കുവാൻ ഇപ്രകാരം ചെയ്യപ്പെട്ടവാൻ ദൈവം ഇതിനെ അനുവദിച്ചു എന്നും നാം വിശ്വസിക്കുന്നു" എന്നും മറ്റും ഉള്ളവാക്കുകൾകൊണ്ടു മാർ അബ്രാഹം ഇന്ത്യയിൽപ്പോർട്ടുഗീസുകാരാൽ ഞെരുക്കപ്പെട്ടപ്പോൾ അദ്ദേഹം കത്തോലിക്കനല്ല അയിരുന്നു എന്നു തെളിയുന്നുണ്ടു- എന്നുകൊണ്ടെന്നാൽ, അദ്ദേഹം ഇടത്തുട്ടുകാരൻ അയിരുന്നതുകൊണ്ടാണു പോർട്ടുഗീസുകാർ അദ്ദേഹത്തെവിട്ടയപ്പിക്കുകയും ഞെരുക്കുകയും ചെയ്തതെങ്കിൽ മാപ്പിപ്പാ അതിനെക്കുറിച്ചു ദുഃഖിച്ചു പാതിയക്കീസിനിന്നു എഴുതുവാൻ ന്യായമില്ലാഞ്ഞു എന്നുമാത്രമല്ല പോർട്ടുഗീസുകാർ അദ്ദേഹത്തോടു ചെയ്തതു അനീതി ആകുന്നുവെന്നും അതിനെക്കുറിച്ചു താൻ ദുഃഖിക്കുന്നു എന്നും ഇതു മാർ അബ്രാഹമ്മിന്റെ വിശ്വാസം പ്രസിദ്ധപ്പെട്ടുത്തുന്നതിനു ദൈവം അനുവദിച്ചു ഒരുപരീക്ഷയാകുന്നുവെന്നുംകൂടെ മാപ്പിപ്പാസൂചിപ്പിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കത്തോലിക്കാ ശ്രുതയായ മറുകര ശ്രുതയെ എടുത്തുട്ടുകാരനായ മാർ അബ്രാഹംമെത്രാൻ ഭരിപ്പാൻ വന്നതുകൊണ്ടാണു പോർട്ടുഗീസുകാർ അദ്ദേഹത്തെ ഞെരുക്കിയതെങ്കിൽ അതു അവർ ന്യായമായിചെയ്തു എന്നു മാപ്പിപ്പാ വിചാരിക്കേണ്ടതായിരുന്നു. എന്നാൽ നേരേമറിച്ചു മാപ്പിപ്പാ അതിനെക്കുറിച്ചു ദുഃഖിക്കയാണുചെയ്തതു. അപ്പോൾ അദ്ദേഹം കത്തോലിക്കനായിരുന്നതിനെക്കുറിച്ചു അദ്ദേഹത്തെ ഞെരുക്കിയതു തെറ്റായിപ്പോയി. അതിനെക്കുറിച്ചു മാപ്പിപ്പാ ദുഃഖിച്ചു എന്നാണു തെളിയുന്നതു- ഇതു മാത്രമല്ല ടി മാപ്പിപ്പാതന്നെ ഒരു സംഗതിയെക്കുറിച്ചു ക്രൈസ്തവ കുടുംബവ്യവഹാരത്തിന്നായ്ച്ച എഴുത്തിൽ "തന്റെ പാതിയക്കീസിന്റെ ഔദ്യോഗികമായ സാക്ഷികൊണ്ടും ഒരു ഭാഗങ്ങളിൽ (ഇന്ത്യയിൽ) തന്നെ (മാർ അബ്രാഹത്തെ) അറിഞ്ഞിട്ടുള്ള മറ്റാളുകളുടെ സാക്ഷികൊണ്ടും താൻ നല്ല വിശ്വാസിയും ഭക്തിമാനും എന്നു നാം അറിഞ്ഞിരിക്കുന്നു" എന്നും മറ്റും പറഞ്ഞിട്ടുണ്ടു വിശേഷിച്ചും ഓരോ ശ്രുതമെത്രാന്മാർ റോമ്മായിൽ വിശുദ്ധ ശ്ലീഹന്മാരുടെ പള്ളികളെ സന്ദർശിച്ചുവന്നുകൊള്ളുന്നതിനു കഴിക്കുന്ന തിരുയാത്രക്കു പറയുന്ന Ad limina Apostolorum' 'അതലീമിനാ അപ്പോസ്തോളൊരും' എന്ന വാക്കുകൊണ്ടുതന്നെ മാർ അബ്രാഹം ഇന്ത്യയിൽ നിന്നും റോമ്മായിലേക്കു കഴിച്ച യാത്രയും മാപ്പിപ്പായുടെ എല്ലാ എഴുത്തുകളിലും ഉപയോഗിച്ചിരിക്കുന്നതു (ഈ പുസ്തകം സ്വം പുറം)മാർ യെയസേപ്പുമെത്രാനെ പോർട്ടുഗീസുകാർ പിടിച്ചു പോർട്ടുവാളിനു അയച്ചപ്പോൾ പകരമായി ഒരുമെത്രാനെ അയക്കണമെന്നു തോമാനസ്രാണികൾ ബാബേലിലെ ആബ്ദീശോ എന്ന പാതിയക്കീസിനിന്നു എഴുതി എന്നും അതനുസരിച്ചു ടി-പാതിയക്കീസിനാൽ മാർ അബ്രാഹം മെത്രാൻ മലയാളത്തിലേക്കയക്കപ്പെട്ടിരുന്ന എന്നും, അദ്ദേഹത്തേയും പോർട്ടുഗീസുകാർ പിടിച്ചു

കൊണ്ടുപോയതിനാൽ തങ്ങളിപ്പോൾ ഇടയനില്ലാത്ത ആടുകളേപ്പോലെ മിതറപ്പെട്ടവരായി തീർന്നിരിക്കുന്നു എന്നും മറും ഉ൭വെ—ൽ തോമാനസ്രാണികൾ ഫ൩—൩ം ശ്രീഗോറി പാപ്പായോട് ആവലാധി പറഞ്ഞിട്ടുണ്ട് (൦രം പസ്തകം ൩൦–൦ ൩ഫ–൫ പുറങ്ങൾ നോക്കുക) അപ്പഴൊ മാർ അബ്രാഹംമെത്രാൻ ആദ്യം മലയാളത്തേക്കു വന്നത നെസ്തോറീസുകാരനായിട്ടും നെസ്തോറീസ് പാത്രിയക്കീസിനാൽ അയക്കപ്പെട്ടവനായിട്ടും എന്നുവില പോട്ട്ഗീസ ചരിത്രമനസരിച്ചു മെക്കൻസി പുറഞ്ഞിരിക്കുന്നതു തെറ്റാണന്നു തെളിവായിരിക്കുന്നു.

മെക്കൻസി ൨– ൩൫-ാം പുറത്തിലും ഫ—ാം പതിപ്പു ഫവ്വ-ാ൭ പുറത്തിലും നെസ്തോറീസ് പാത്രിയക്കീസ് മാർ അബ്രാഹം എന്നപേരായ ഒരു കേ൯ളരിയെ തോമാനസ്രാണികൾക്കു മെത്രാനായി അയച്ചു എന്നും മാറും പറയുന്നുണ്ടു. എന്നാൽ മാർ അബ്രാഹമ്മിനെ ഒരുകേ൯ളരിഎന്നു മെക്കൻസി വിളിക്കുന്നതിന്റെ സാരം എന്തെന്നു മനസ്സിലാകുന്നില്ലാ. (ക) അദ്ദേഹം നെസ്തോറീസ പാത്രിയക്കീസിനാൽ തന്നെ അയക്കപ്പെട്ട ആൾ ആയിരുന്നു എന്നതിനെ ഉറഹിച്ചാലും ഒരു മെത്രാന്റെ സ്ഥാനത്തു ശ്രുതരഭരിപ്പാനായി ഒരു കേ൯ളരിയെ നെസ്തോറീസു പാത്രിയക്കീസു അയക്കുമെന്നു വിചാരിപ്പാൻ തരമില്ല- എന്തുകൊണ്ടെന്നാൽ നെസ്തോറീസുകാരുടെ ഇടത്തും ശ്രുതകൾ ഭരിക്കപ്പെടുന്നതു മെത്രാന്മാരാൽ അല്ല, വെറും കേ൯ളരിമാരാൽ അല്ല. (ഖ) ചില പോട്ട്ഗീസുചരിത്രക്കാർ വിചാരിക്കുന്നതുപോലെ മാർ അബ്രാഹം വാസ്തവമായി പട്ടമേറിക്കാത്ത ആൾ ആയിരുന്നതിനെക്കൊണ്ടു അദ്ദേഹത്തെ കേ൯ളരി എന്നു വിളിപ്പാനും ന്യായമില്ല. എന്തെ വാസ്തവമായി പട്ടമേറിക്കാത്ത ആളുകൾ കേ൯ളരിമാരല്ല. പിന്നയൊ വെറും അൽമേനികളാണു- (ന) നെസ്തോറീസുകാരുടെ പട്ടം വാസ്തവമുള്ളതായിട്ടാണു കത്തോലിക്കാപ്പള്ളിയാൽ അറിയപ്പെട്ടിരിക്കുന്നതു. (ര) മാർഅബ്രാഹമ്മിനു വീണ്ടും പട്ടംകൊടുപ്പിച്ചതായി മാപ്പിപ്പാമാരുടെ യാതൊരു രിക്കാടുകളിലും കാണുന്നില്ലാ. നേരേമറിച്ചു ര—ാം പീയൂസ് മാപ്പിപ്പാ മേൽവിവരിച്ച ശോവമത്രാനുള്ള എഴുത്തിൽ ൦രം പുസ്തകം ൩൭—ാം പുറത്തിൽ കാണിച്ചിരിക്കുന്നതുപോലെ പ്രസ്താവിക്കുന്നതു "അദ്ദേഹം (മാർ അബ്രാഹം) നമ്മുടെ വന്ദ്യസഹോദരനായ അസ്സീറിയാക്കാരുടെ പാത്രിയക്കീസിനാൽ തന്റെ യോഗ്യതാനുസരണം മെത്രാപ്പൊലീത്തായായി നിശ്ചയിക്കപ്പെട്ടയാളാണു" എന്നാകുന്നു. അപ്പഴൊ മാർ അബ്രാഹംമെത്രാൻ വാസ്തവമായിപട്ടമേറിട്ടില്ലാഞ്ഞതിനാൽ ര-ാ പീയൂസപാപ്പാ കല്പിച്ചിട്ടു പട്ടങ്ങളെല്ലാം വീണ്ടും ഏറുഎന്നും മാറും പോട്ടുഗീസ ചരിത്രങ്ങളിൽ കാണുന്നതു വിശകുകുന്നു. ൦രം പിശക കൈവെപ്പാൽ മാത്രം മാർ അബ്രാഹം പട്ടം കൊടുത്തിരുന്നതു തെറ്റാണന്നും അങ്ങിനെ കൊടുത്തവർക്കു വീണ്ടും പട്ടം കൊടുക്കേണം എന്നും മ

റവും തീപ്പാക്കിയ ഗോവയിലെ ക്രിസ്തുശി—ൽ ക്രൂടിയ പോർട്ടുഗീസ് മെത്രാന്മാരുടെ സുനഹദോസിൽനിന്നും ഉണ്ടായതാണു. മാർ അബ്രാഹം മെത്രാനും ഇപ്രകാരം കൈവെപ്പാൽ മാത്രം പട്ടമേറ്റിട്ടുള്ള ആളായിരിക്കുമെന്ന കരുതി അദ്ദേഹം വാസ്തവമായി പട്ടമേറിട്ടില്ലന്ന പോർട്ടുഗീസുകാർ ചരിത്രപ്പെട്ടത്തിട്ടുള്ളതായിരിക്കണം. എന്നാൽ മേൽപ്പറയപ്പെട്ട ഗോവസുനഹദോസിലെ പോർട്ടുഗീസ് പിതാക്കന്മാരും ചരിത്രക്കാരും "സാധനങ്ങളുടെ കൊടുക്കൽ" പട്ടത്തിന്റെ കാതലിന്നും വാസ്തവത്തിന്നും അവശ്യപ്പെട്ടതായിരുന്നോ ഇല്ലയൊ എന്നും അറിഞ്ഞിട്ടില്ലായിരുന്നു. ഇപ്പോഴും കിഴക്കൻപള്ളി ആദ്യകാലങ്ങളിൽ ലത്തീൻ പള്ളിയും ചെയ്തിരുന്നതുപോലെ, കൈവെപ്പാൽമാത്രം (സാധനങ്ങളെകൊടുക്കാതെ) പട്ടംകൊടുത്തുവരുന്നതും ഇതു വാസ്തവമുള്ളതായി കത്തോലിക്കാപ്പള്ളി അംഗീകരിച്ചിരിക്കുന്നതും അറിയാത്തവർ ചുരുക്കമാകുന്നു.

ലെകാവീൻ എന്ന ചരിത്രക്കാരൻ തന്റെ ൨. ഭാഗവും ഭാഗത്തിൽ ജാരിഎന്ന ജെസുവീത്ത ചരിത്രക്കാരന്റെ ൨- ൩൨-ാം ഭാഗത്തിൽ നിന്ന എടുത്തു ചേർത്തിരിക്കുന്നതിനെ മെക്കൻസിതന്റെ ൨. ൪൪-ാം പുറത്തിൽ ചേർത്തിട്ടുണ്ടു. അതായതു "അബ്രാഹം ഇന്ത്യായിലേക്കു പിന്തിരിഞ്ഞു നെസ്തോറിയൻ കറയെ വെടിപ്പാൻ മനസ്സില്ലാതിരുന്നപ്പോൾ പോർട്ടുഗീസ് അധികാരത്തിൽ നിന്ന അകന്നപ്രദേശങ്ങളിൽ അദ്ദേഹം താമസിച്ചിരുന്നു. അവിടെ ക്രിസ്തു—ാം കാലത്തിന്റെശേഷം പ്രായാധിക്യത്താൽ മരിച്ചു: തനിക്കു പിൻഗാമിയാകുന്നതിന്നു മറെറാരു മെത്രാപ്പോലീത്തായെ മൂസലിലെ കത്തോലിക്കൊസിനോടു ചോദിച്ചിട്ടുണ്ടായിരുന്നു. എങ്ങിനെ എങ്കിലും കഠിനവ്യാധിപിടിപെടുകയും തന്റെ അവസാന നാഴിക അടുത്തിരിക്കുന്ന എന്നു കാണുകയും ചെയ്തിട്ടു, തന്റെ പട്ടക്കാരെ ഒന്നിച്ചു വിളിച്ചുകൂട്ടുകയും അക്കൂത്തിയാക്കോന്റെയും തന്റെ പള്ളിയുടെ പ്രധാന അംമേനിക്കാരുടേയും ചില കത്തോലിക്കാപട്ടക്കാരുടേയും മുമ്പാകെ രാമാസിംഹാസനത്തിന്റെ തലസ്ഥാനത്തെ താൻ പരസ്യമായ് അനുസരിച്ചു പറകയും അതിന്നു തന്റെ കൂട്ടത്തെ ഏല്പിക്കയും ചെയ്തുമാത്രമല്ലാ; പിന്നയൊ, നെസ്തോറീസ് അബദ്ധങ്ങളെ വെടിഞ്ഞിട്ടു കത്തോലിക്കാവിശ്വാസത്തെ ഏറ്റു പറകയും ചെയ്തു. ഇതു ക്രിസ്തു-ൽ സംഭവിച്ചു". ഇതിന്റെ ശേഷം മെക്കൻസി തന്റെ സ്വന്തമായി പറയുന്നതു; "ആ പടപ്പിൽ നിന്ന മാർ അബ്രാഹം സുഖപ്പെട്ടു എന്നും ഒരു പിൻഗാമിക്കായി ക്രിസ്തു—ൽ നെസ്തോറീസു പാത്രയക്കീസിന്റെ പേക്കു എഴുതി എന്നും തന്റെ മരണക്കിടക്കയിൽ കാണ്മാൻ ചെന്ന ജെസുവീത്ത പാദ്രിമാരേ കൈക്കൊള്ളാതെ ക്രിസ്തു-ൽ ഒരു നെസ്തോറീസുകാരനായി മരിച്ചുഎന്നും മറെറ എഴുത്തുകാരുപറയുന്നു" എന്നാണു

മേൽ വിവരിച്ചപ്രകാരം ലെകചീന്റെ പുസ്തകത്തിൽനിന്ന ജാറിയുടെ ചരിത്രത്തിലെ ടി. ഭാഗം മെക്കൻസി പകൎത്തിയിരിക്കുന്നതു കൊണ്ട അദ്ദേഹം ജാറിയുടെ പുസ്തകം വായിച്ചിട്ടില്ലെന്ന വരുന്നു. നമ്മുടെ ൟ പുസ്തകം ൫ മുതൽ ൽ൩ വരെ പുറങ്ങളിൽ ജാറിയുടെ ചരിത്രം സംഭ—സ്ഫ൪ വരെ പുറങ്ങളിൽ നിന്ന എടുത്തു ചേൎത്തിട്ടുള്ളതിൽ മാർ അബ്രാഹം മെത്രാന്റെ കത്തോലിക്കാവിശ്വാസത്തെയും അദ്ദേഹവും ജെസുീത്ത പാദ്രിമാരുമായുള്ള അന്യോന്യസ്നേഹത്തെയും അവരുമായി ആലോചിച്ചും യോജിച്ചും തന്റെ ശ്രുതിയിൽ ചെയ്തിരിക്കുന്ന ഉണീകരണത്തെയും ഫ്രൊവ്ര്-ൽ അങ്കമാലിയിൽ അദ്ദേഹം കൂട്ടിയ ശ്രുത സൂനഹദോസിനെ സംബന്ധിച്ചുള്ള വിവരങ്ങളേയും മാർ അബ്രാഹം തന്റെ മരണക്കിടക്കയിൽ തന്റെ വിശ്വാസികളെ വാളിച്ചുകൂട്ടി വളരെ ദീർഘമായി ചെയ്യപ്പുസംഗത്തെയും വിശ്വാസയോഗ്യമായി തെളിയിച്ചിട്ടുണ്ട. അതിനെ വായിക്കുന്നവൎക്കലെകചീന്റെമേൽ കാണിച്ച വൃത്താന്തം ജാറിയിൽനിന്ന താൻ സംക്ഷേപിച്ചു എഴുതിയതാകുന്ന എന്നും അതിൽ പിശകുകൾ വന്നിട്ടുണ്ടെന്നും എളപ്പുരത്തിൽ ഗ്രഹിക്കാവുന്നതാകുന്ന. എന്ന മാത്രമല്ലാ ഫ്രൊവ്ര്-ൽ മാർ അബ്രാഹംമെത്രാൻ അങ്കമാലിപ്പള്ളിയിൽ നിന്നും ൧൯-ാം ശ്രീ ഗോറി പാപ്പായുടെ അയച്ച എഴുത്തിൽ, താൻ ശ്രുതസൂനഹദോസുകൂട്ടിയതും ഒരു സ്മ്മനാരി ഏൎപ്പെടുത്തുവാൻ നിശ്ചയിച്ചതും തന്റെ ശ്രുതയിൽ ജെസുീത്ത പാദ്രിമാരുടെ എണ്ണം വൎദ്ധിപ്പിക്കുന്നതിനുമാപ്പാപ്പായോട അപേക്ഷിച്ചതും ജസുീത്തരുമായി തനിക്കുള്ളഅന്യോന്യസ്നേഹവും മറ്റും വിസ്താരമായി കാണിച്ചിട്ടുണ്ട. ജാറി എന്ന ചരിത്രക്കാരൻ മാർ ഔറാഹത്തോടുകൂടി പ്രവൃത്തിച്ചിട്ടുള്ളതും തന്റെ കണ്ണാൽ കണ്ടതും അയ വൃത്താന്തങ്ങളെ അതെ സമയത്തു എഴുതീട്ടുള്ളതുമാകുന്നു. ൟ ചരിത്രക്കാരൻ മാർ അബ്രാഹം മെത്രാൻ കത്തോലിക്കാ വിശ്വാസത്തിൽ വലിയ എരിവു കാരനായി മരിച്ചു എന്ന എഴുതിയതിന്റെ ശേഷം "ഗീവൎഗീസ അച്ചുഡീക്കന്റെ വിശ്വാസപ്രമാണവും വൈപ്പിലെ സംഘവും" എന്ന തലവാചകത്തിൽ ൟ പുസ്തകം ൫൨-മുതൽ ൫൯-വരെ ഭാഗങ്ങളിൽ വിവരിച്ചിരിക്കുന്ന സംഗതികളും മാർ അബ്രാഹമ്മിന്റെ മരണശേഷം സംഭവിച്ച വൃത്താന്തങ്ങളും അതുകുന്ന. അവയെ ജാറിയുടെ സ്ഫ൨—മുതൽ സ്ഫ൩ വരെ പുറങ്ങളിൽ നിന്ന എടുത്തുകാണിച്ചിട്ടുള്ളതാകുന്ന. മെക്കൻസി ൨—൪ൻ ൨൫ പുറത്തിൽ കാണുംപ്രകാരം മാർ അബ്രാഹം മരിച്ചിട്ട ൨ വൎഷശേഷം ഫ്രൻസ് യന ൨൫ാനു- ഫാദർ നിക്കോവോസ പിമെന്ത എന്ന ജസുീത്തുകാരൻ മെനേസീസ മെത്രാപ്പോലീത്താ ഉദിയമ്പേരൂർ സൂനഹദോസ കൂടിയ സംഗതിസംബന്ധിച്ചും മറ്റും അന്ന ഗോവയിൽ ഉണ്ടായിരുന്ന ജസുീത്തരുടെ ജനറാളായ ക്ലാവുദിയോ (Aquaviva) അക്വവിവ എന്ന ദോഷത്തിന്ന അയച്ച എഴുത്തിലും വൈപ്പിലെ സം

ഭാഗം സംബന്ധിച്ചും മാർ അബ്രാഹം കത്തോലിക്കാ വിശ്വാസത്തിൽ മരിച്ച സംഗതി സംബന്ധിച്ചും വിവരിച്ചിട്ടുണ്ട്. ടി. എഴുത്തിന്റെ പകർപ്പു ബ്രിട്ടീഷ് മ്യൂസ്യവിൽനിന്നു മെഡ്ലിക്കോട്ട് മെത്രാൻ എടുത്ത മെക്കൻസിക്കു അയച്ചുകൊടുത്തതാണെന്നു മെക്കൻസി തന്റെ ഗ്രന്ഥപുസ്തകത്തിൽ പറയുന്നുണ്ട്. ടി. എഴുത്തിൽ മാർ അബ്രാഹമ്മിന്റെ മരണം വരെ അദ്ദേഹവും തോമാനസ്രാണികളും കത്തോലിക്കാ ഒന്നിപ്പിൽ ആയിരുന്നു എന്നും മാർ അബ്രാഹമ്മിന്റെ മരണശേഷം മലയാള പള്ളികൾ നെസ്തോറീസ് മെത്രാന്മാരുടെ കീഴ് പോയേക്കുമെന്നുള്ള ഭയമുണ്ടായിരുന്നു എന്നു പറയുന്നതല്ലാതെ നെസ്തോറീസ് എടുത്തിൽ വീണു എന്നു പറയുന്നില്ല. പോർട്ടുഗീസുകാർ കത്തോലിക്കാ കൽദായക്കാരെ പൊതുവായി നെസ്തോറീസ്കാരെന്നു തെറ്റായി വിളിച്ചിട്ടുള്ളതിനെ രണ്ടു പുസ്തകത്തിൽ പലയിടത്തും വിസ്താരമായി തെളിയിച്ചിട്ടുണ്ടല്ലൊ.

മെക്കൻസി ഒന്നാം പുസ്തകം ൮൬-ം ൮൭-ം പുറങ്ങളിൽ കൊച്ചീ മെത്രാൻ ഫൻറാസ്തൽ പ്രസിദ്ധപ്പെടുത്തിയ 'സുബസീദിയും' എന്ന പുസ്തകം ൧൮-ം ൧൯-ം പുറങ്ങളിലെ ഇത്താല്യൻ എഴുത്തിൽ നിന്നും തർജ്ജമ ചെയ്തു ചേർത്തിരിക്കുന്നതായ ശേവയിൽനിന്നു ഫിൽഡിസ്മർ ഫൻറാസ്- മെനെസീസ് മെത്രാപ്പോലീത്താ അസ്സൊർത്തും പാതിയാർക്കീ എന്ന നാമധാരിയായി റോമായിൽ ഇരുന്ന ആൾക്കു അയച്ച എഴുത്തിൽ, മാർ അബ്രാഹം കുമ്പസാരിപ്പാൻ മനസ്സാകാതെ മരിച്ചു എന്നും മാർപ്പാപ്പായുടെ ജൂബിലി കൈക്കൊള്ളുന്നതിനു മനസ്സായില്ലെന്നും മറ്റും, സുറിയാനിപുള്ളിഭരണം പോർട്ടുഗീസുകാരുടെ കൈവശം ആക്കുന്നതിനുള്ള കരുതലോടെ വാസ്തവവിരുദ്ധമായി പറഞ്ഞിട്ടുള്ളതും, മാർ അബ്രാഹം എടുത്തുടൻ പരിപ്പിക്കുന്നുയെന്നും മറ്റും വ്യാകുലമാർപ്പാപ്പായുടെ പേർക്ക് എഴുതി അയച്ച തിന്റെ വാസ്തവവിരുദ്ധവും പിശകും ഭരം പുസ്തകത്തിന്റെ അവസാന അനുബന്ധത്തിൽ വിസ്താരമായി തെളിയിക്കുന്നതാകുന്നു.

മാർ അബ്രാഹം മരിച്ചതു ൧൫൬൯-ൽ ആണെങ്കിലും ൧൫൭൦-ൽ എന്നുള്ള കാലവ്യത്യാസം ജാറിയുടെ പുസ്തകത്തിൽ ഉണ്ടെങ്കിൽ അതു അച്ചടി പിശകോ, പിഴയോ എന്നല്ലാതെ മറ്റു പ്രകാരം വിചാരിപ്പാൻ തരമില്ല. എന്തുകൊണ്ടെന്നാൽ ജാറി എന്ന ജെസ്യീത്ത ചരിത്രക്കാരൻ മാർ അബ്രാഹമ്മിനോടു കൂടി അടുത്തസംസർഗ്ഗം ഉണ്ടായിരുന്ന ആളും അദ്ദേഹത്തിന്റെ മരണത്തിന്റേയും അതിന്റെശേഷം സംഭവിച്ച വ്യാത്തന്തങ്ങളുടേയും ദൃക്സാക്ഷിയും എഴുത്തുകാരനും ആണ്. അദ്ദേഹത്തിന്റെ ചരിത്രം അദ്യം പ്രസിദ്ധപ്പെടുത്തിയതു ഗന്ധഹരിൽ ആണ്. മാർ അബ്രാഹം മരിച്ചിട്ടു അപ്പോഴം ൧൨ വർഷത്തിൽ മേ

ലായിരുന്നു. അദ്ദേഹം നെസ്റ്റോറിയസുകാരനായി മരിച്ചുപോകയാൽ അവ്വണ്ണമുള്ള വിശ്വാസം ജാതിവിവരത്തിലേ നേരമറിച്ചു ജാതി പറയുന്നതു: മാർഅബ്രാഹം കത്തോലിക്കാവിശ്വാസത്തിൽ വലിയ എഴുത്തുകാരനായിമരിച്ചു എന്നാണു. മാർഅബ്രാഹം തന്നിക്കു ഒരു പിൻഗാമിയെ കിട്ടുന്നതിനു എഴുതിയെന്നും മറ്റും പോർട്ടുഗീസു ചരിത്രങ്ങളിൽ കാണുന്ന പ്രകാരം നെസ്റ്റോറിയസു പാത്രിയർക്കീസിന്റെപേക്ക് അല്ല എഴുതിയതു. പിന്നയൊ വാസ്തവത്തിൽ കത്തോലിക്കാ പാത്രിയർക്കീസിന്റെ പേർക്കാണു. ഇതേസംബന്ധിച്ചു മെക്കൻസി ൨-ാം ഭാഗം പുറത്തിൽ പറയുന്നതായതു: "വയസ്സനായ മാർ അബ്രാഹം തനിക്കു ഒരു പിൻഗാമിയെ അയയ്ക്കുന്നതിനു പാത്രിയർക്കീസിനോടു അപേക്ഷിച്ചതു മെനേസിസ് മെത്രാപ്പോലീത്താ അറിഞ്ഞ ഉടനെ എല്ലാ ഉദ്യോഗങ്ങളിലും കാവലാകുന്നതിനു കല്പനവാങ്ങിച്ചു: ഒരു മുൻ കരുതലുകൂടെ സാദ്ധ്യമുള്ളതായിതീർന്നു. ഒരു മെത്രാനും ഒരു പട്ടക്കാരനും മലയാളത്തിലേക്കു വരുന്നതിനായുള്ള അവരുടെ വഴിയാത്രയിൽ ഗർമ്മൂസിൽ വെച്ചു തടയപ്പെടുകയും അവരുടെ സ്വന്തനാട്ടിലേക്കു അയക്കപ്പെടുകയും ചെയ്തു". ഇതുപോലെയുള്ള പാരമ്പര്യവൃത്താന്തങ്ങൾ മലയാളത്തിലും ധാരാളം നടപ്പുണ്ടു. മാർ അബ്രാഹമിനെ സംബന്ധിച്ചുള്ള ഒരു മലയാളപ്പാട്ടിൽ സുറിയാനി ക്രൈസ്തവർ വിലപിക്കുന്ന ക്രമത്തിൽ താഴെ വരുംപ്രകാരം കാണുന്നു.

"ഇന്നീനമുക്കുള്ള മാർഗ്ഗംനടത്തുവാൻ, എവുനാന്മാരൊരുവരില്ലേ:
കൊച്ചീപ്പുകി, കൊട്ടങ്ങുപറുകി, കണ്ണന്നൂപറുകി, കൊല്ലത്തു:
മെച്ചംമെലാപ്പൂരച്ചനുകിനിലൊക്കെപറുകികളായി:
കടലാൽവഴിയില്ലാ, കരയാൽവഴിയില്ല, കളവാൽവർകിലുംകൊണ്ടും"

(മേൽ വ്വ, ന്റെ പുറങ്ങൾ നോക്കുക.)

൩. ചരിത്രസംബന്ധമായ ലക്ഷ്യങ്ങൾ കിട്ടുന്നതായ ആദ്യകാലം മുതൽ ക്രൈൻൻ-ൽ ഉദിയന്നേരൂർ സൂനഹദോസു കൂടിയതുവരെ മലയാളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസവിഷയസംബന്ധമായ നില എന്തായിരുന്നു എന്നു ഇനി ആലോചിക്കാം. ഇതേവരെ തോമാനസ്രാണികളുടെ വിശ്വാസത്തെപ്പറ്റി ഉന്നമായി ഓരോന്നു പറഞ്ഞുകൊണ്ടിരുന്ന മെഡ്ലിക്കോട്ടു മെത്രാൻ, ഉദിയന്നേരൂർ സൂനഹദോസ് കൂടിയ ക്രൈൻൻ-വരെ അവർ നെസ്റ്റോറിയൻ ഇടത്തുടുകാരായിരുന്നു എന്ന ചരിത്രലക്ഷ്യങ്ങൾകൊണ്ടു തെളിയിക്കുവാൻ പുറപ്പെട്ടുന്നു. അദ്ദേഹത്തിന്റെ ചരിത്രലക്ഷ്യങ്ങൾ ക്രിസ്തുവരെയും നെസ്റ്റോറിയൻ രാജ്യത്തിൽ റോമൻ കത്തോലിക്കാ വിശ്വാസം അനുസരിച്ചുവരായ ജനങ്ങളോ, പട്ടക്കാരോ, മെത്രാനൊ, പാത്രിയർക്കീ

ന്നോ ഇല്ലായിരുന്നു എന്നും അതിനാൽ ആ ദേശങ്ങളിൽനിന്നും വന്നിട്ടുള്ള മെത്രാന്മാരെല്ലാം നെസ്തോറിയൻകാരാകുന്നു എന്നും ആകുന്നു. ഒരു സംഗതിയെ ആക്ഷേപിക്കുന്നതിനു മുമ്പായി തോമ്മാശ്ലീഹായുടെ കാലം മുതൽ ഇവിടെ വന്നിട്ടുള്ള മെത്രാന്മാർ വിവിധനാട്ടുകളിൽനിന്നു വന്നിട്ടുള്ളവരാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഇവിടെ വന്നിട്ടുള്ള മെത്രാന്മാർ, അവർതന്നെ നെസ്തോറിയൻ ഇടത്തുട്ട അനുസരിച്ചതായും അതിനെ പൊതുവായി ജനങ്ങൾക്കു ഉപദേശിച്ചതായും മതിയായ ലക്ഷ്യം കാണിക്കാതെ, അവരെ നെസ്തോറിയൻ ഇടത്തുട്ടുകാരെന്നു തീർപ്പുപ്പെടുത്തുന്നതു സുവിശേഷ പാഠത്തിനു വിരോധമായ സംഗതിയാണെന്നു സർവ്വസമ്മതമാണെല്ലോ. മെഡ്‌ലിക്കോട്ട മെത്രാനവർകളുടെ വാദത്തിനെ ഖണ്ഡിക്കുന്നതിനു, ഇവിടെ വന്നിട്ടുള്ള മെത്രാന്മാരുടെ ജീവിത സ്ഥിതികൊണ്ടു അവർ സത്യവിശ്വാസികൾ തന്നെ ആയിരുന്നു എന്നു തെളിയിക്കാം.

൧. ആദ്യമെ മലയാളത്തിൽ വന്നിട്ടുള്ളതായി ചരിത്രത്തിൽ കാണുന്നതു, ൨൦൦-ാം കാലത്തിനടുത്തു വന്ന പന്തേനുസ് എന്ന മഹാ മല്പാനും പുണ്യവാളനും ആണു. മലയാളത്തിൽ വേദജ്ഞാനം കുറഞ്ഞു വന്നതുകൊണ്ടു ആയതിനെ വർദ്ധിപ്പിക്കുന്നതിനും ബ്രാഹ്മണരുടെ കള്ള ഉപദേശങ്ങളെ നിഷേധിക്കുന്നതിനും ആയിട്ടു മലയാളത്തിലെ തോമാനസ്രാണികൾ അലക്സാന്ത്ര്യയുടെ ദെമെത്രിയുസ് എന്ന പാത്രിയർക്കീസിനോടു നല്ല പഠിപ്പുള്ള ഒരാളെ വിട്ടുകൊടുപ്പാൻ അപേക്ഷിച്ചതനുസരിച്ചു അദ്ദേഹം മല്പാനും പുണ്യവാളനും ആയ പന്തേനുസിനെ അയച്ചു. ശ്ലൂ: ഈറാനിമ്മോസ് പുണ്യവാളൻ റോമൻകാരനായ വലിയ പ്രാസംഗികനും എഴുതിയ എഴുത്തിൽ (൨-പുസ്തകം സ്ത്രീ-ാം പുറം) "അലക്സാന്ത്ര്യായുടെ ദെമേത്രിയൂസ് മെത്രാനാൽ പന്തേനുസ് എന്ന സ്തോയിക്കുസ് തത്വജ്ഞൻ ഇന്ത്യായിൽ ബ്രാഹ്മണരുടേയും ആ ജനത്തിന്റെ തത്വജ്ഞന്മാരുടേയും പക്കൽ മിശിഹായെ പ്രസംഗിക്കുന്നതിനു അയയ്ക്കപ്പെട്ടു" എന്നു എഴുതികാണുന്നു. (Appendix 116)

പന്തേനുസ് ഇന്ത്യയിൽ വന്നതു ൨൦൦-ാം കാലമാണു. ഇന്ത്യയിൽ ബ്രാഹ്മണരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുന്നതിനു അലക സാന്ത്ര്യയുടെ ദെമെത്രിയൂസ് മെത്രാൻ അദ്ദേഹത്തിനെ അയച്ചു എന്നു ശ്ലൂ: ഒരാനിമ്മോസ് സാക്ഷിക്കുന്നതിനാൽ അദ്ദേഹത്തെപ്പറ്റിയുള്ള എന്റെ വിവരണവും മലയാള പാരമ്പര്യ ചരിത്രവും സ്ഥിരമായിട്ടുള്ളതാകുന്നു എന്നു തോന്നുന്നു. ഇദ്ദേഹത്തിന്റെ ആഗമനാനന്തരവും ഇന്ത്യയിൽ ക്രിസ്തുമാർഗ്ഗപഠനം കുറവായും വേദത്തെതുക്കുന്നവർ അധികരിച്ചും പട്ടക്കാരുടെ സംഖ്യ കുറഞ്ഞും വന്നിരുന്നു. ഒരു സമയം വി: തോമ്മാശ്ലീഹാ തന്റെ വിയർപ്പുവെള്ളം നട്ടുവളർത്തി വന്നിരുന്ന ഒരു മുന്തിരിത്തോട്ടത്തിന്റെ നാശം കണ്ടു, സുവിശേഷമാർഗ്ഗത്തിന്റെ പ്ര

കാലം വ്യാപിച്ചിരുന്ന കിഴക്കേദേശങ്ങളിൽ മെസോപ്പൊട്ടെമിയായിലെ ഏദേസ് പട്ടണത്തിന്റെ മാർ യെഹൗസേപ്പുമെത്രാപ്പോലീത്തായുടെ വെളിപ്പാട് ഉണ്ടാകയും അദ്ദേഹം പുറപ്പെട്ട് കിഴക്കിന്റെ കത്തോലിക്കായെ വിവരങ്ങൾ അറിയിക്കയും ചെയ്തു-

൨. ഏദെസ്സായുടെ മാർ യെഹൗസേപ്പുമെത്രാപ്പോലീത്തായുടെ വെളിപാടുണ്ടായ ആ രാത്രിതന്നെ കിഴക്കിന്റെ കത്തോലിയ്ക്കായും കാഫ്ഫ ഉണ്ടായതായി പറഞ്ഞു- ഉടനെതന്നെ ദൂതന്മാരെ അയച്ചു വേസനഹറിം, ഏദേസ്, ഓർശ്ശലം, നിനവെ, മുതലായ സ്ഥലങ്ങളിൽ നിന്നും, പട്ടക്കാരേയും ജനങ്ങളേയും വിളിച്ചുകൂട്ടി. അവർ വന്നപ്പോൾ വിവരങ്ങൾ എല്ലാം അവരെ മനസ്സിലാക്കി. ഓർശ്ശലം കാരനായ കാനാൻ തോമ്മ, മലയാളത്തിലുള്ള ക്രിസ്ത്യാനികളുടെ നാശവിവരം താനും അറിഞ്ഞിട്ടുണ്ടെന്നു ബോധിപ്പിച്ചു. ഉടനെ കത്തോലിക്കാ, മലയാളനസ്രാണികളുടെ സ്ഥിതി അറിയുന്നതിനു അയാളെ മലങ്കരെ പോകുന്നതിനു ആലോചിക്കയും അയാൾ അതിനു സമ്മതിച്ചു ഉടനെയാത്ര പുറപ്പെടുകയും ചെയ്തു- മലയാളത്തിൽ വന്ന ക്രിസ്ത്യാനികളുടെ സ്ഥിതി എല്ലാം അറിഞ്ഞു സ്വദേശത്തു ചെന്ന് വിവരങ്ങളെല്ലാം കത്തോലിക്കായെ ധരിപ്പിച്ചു. ഉടനെ മലങ്കരയ്ക്കു പുറപ്പെടുവാൻ ഒരുങ്ങിയിരുന്ന ഏദേസാ പട്ടണത്തിലെ മാർ യെഹൗസേപ്പു മെത്രാനേയും പട്ടക്കാരേയും ശമ്മാശന്മാരേയും, സന്യാസികളേയും മൻപറഞ്ഞ നഗരങ്ങളിൽ നിന്നും ക്രിസ്ത്യാനി കുടുംബങ്ങളേയും കാനാൻ തോമ്മായോടുകൂടി അദ്ദേഹം മലയാളത്തിലേക്കയച്ചു. അവർ മലങ്കരെ കൊടുങ്ങല്ലൂരെത്തി, അന്നു കൊടുങ്ങല്ലൂർ വാണിരുന്ന ചെരമാൻ പെരുമാൾ ചക്രവർത്തിയെകണ്ടു കാഴ്ചകൾ കൊടുത്തു. ക്രിസ്ത്യാനികൾക്കു കൊടുങ്ങല്ലൂരിൽ ഒരു പട്ടണം ഏർപ്പെടുത്തുന്നതിനു സ്ഥലം അനുവദിച്ചും അവർക്കു സ്ഥാനമാനങ്ങൾ നൽകിയും കാനാൻ തോമ്മാ ചേരമാൻ പെരുമാളിൽ നിന്നും ഒരു ചെമ്പെട്ട സമ്പാദിക്കയും ചെയ്തു. ഈ സമയം തന്നെ എവുജേനിയൂസ് പുണ്യവാളന്റെ ശിഷ്യനായ സഭോയെ എന്ന പുണ്യവാളൻ മലയാളത്തിലും മൈലാപ്പൂരിലും സന്യാസമഠം ഏർപ്പെടുത്തുകയും മൈലാപ്പൂരിൽ തോമാശ്ലീഹായുടെ കബിറടത്തോടുചേർന്നു സന്യാസമഠം ഏർപ്പെടുത്തപ്പെട്ടിരുന്നതിന്റെ ശ്രേഷ്ഠനായി നടത്തിവരികയും ചെയ്തിരുന്നു. ഈ സ്ഥാപനവിവരം കയ്യാത്തായുടെ പുസ്തകത്തിലും മറ്റും പ്രസ്താവിച്ചിട്ടുണ്ട്. ടി. യെഹൗസേപ്പുമെത്രാന്റെയും കാനാൻ തോമ്മായുടെയും ആഗമനവും കൊടുങ്ങല്ലൂരിലെ ഏർപ്പാടും ൨൪൭-ൽ ആയിരുന്നു.

൩. എന്നാൽ ലത്തീൻ ചരിത്രകർത്താക്കൾ ൩൨൪ നീടയ്ക്കു യോഹന്നാൻ എന്നൊരു മെത്രാൻ മലങ്കരപ്പള്ളിയെ ഭരിച്ചിരുന്നതായി പ്രസ്താവിക്കുന്നുണ്ട്. ഇതു വാസ്തവമല്ലാ. എന്തെന്നാൽ യോഹന്നാൻ എന്നൊ

ര മെത്രാൻ മലങ്കരപ്പള്ളിയെ ഭരിച്ചിരുന്നതായി മലയാളത്തിൽ യാ തൊരു ലക്ഷ്യവും കാണുന്നില്ലാ. നിക്യാസൂനഹദോസിൽ പെഷ്ശായു ടേയും വലിയ ഇന്ത്യായുടേയും മെത്രാൻ എന്നാ യോഹന്നാൻ മെത്രാൻ ഒപ്പു വെച്ചിട്ടുള്ളതുംകൊണ്ടാണു. ടി യോഹന്നാൻ മെത്രാൻ മലങ്കരയെ ഭരിച്ചിട്ടുള്ളതായി ലത്തീൻ ചരിത്രകർത്താക്കൾ പ്രസ്താവിക്കുന്നതു. എ ന്നാൽ ഒരു യോഹന്നാൻ മെത്രാൻ മലങ്കരപ്പള്ളിയിൽ പ്രവൃത്തിയ്ക്കുട ത്തതായ യാതൊരു ഭരണവും നടത്തിയതായികാണുന്നില്ല. ഒരു മെ ത്രാനു ദൂരദേശങ്ങളായ പെഷ്ശായിലും ഇന്ത്യായിലും ഒന്നായി പ്രവൃത്തി യ്ക്കുടത്തതായ ഭരണം നടത്തുന്നതിനു പാടുള്ളതല്ല. ൫൫൪-ൽ നിക്യാ സൂനഹദോസു കൂടിയകാലം കാണിക്കുന്നതിനു അതൊരു ലക്ഷ്യം എ ന്നല്ലാതെ അതിനു മുമ്പും പിമ്പും മലയാളത്തിലെ ഭരണം സംബന്ധി ച്ചു അതു ഒരു ലക്ഷ്യം അറുകുന്നതല്ലാ. അതിനാൽ പ്രവൃത്തിക്കുടത്തതാ യ ഒരു ഭരണം ആ മെത്രാൻ നടത്തിയതായി വിചാരിപ്പാൻ പാടില്ല. പെഷ്ശായുടെ മെത്രാൻ എന്നാ അഭിധാനത്തോടുകൂടി ഭരിച്ചിരുന്ന മെത്രാ നു ഇന്ത്യയുടെ മെത്രാപ്പോലീത്താ എന്നാ സ്ഥാനം കൂടി ഉണ്ടായിരുന്ന തുകാണ്ടും ആ സിംഹാസനം ഇന്ത്യയുടെ അതി മെത്രാസനസിംഹാ സനമായിരുന്നതുകൊണ്ടും, യോഹന്നാൻ മെത്രാൻ പെർഷ്ശായുടേയും വലിയ ഇന്ത്യയുടേയും മെത്രാൻ എന്നു നിക്യാ സൂനഹദോസിൽ ഒപ്പി ട്ടിട്ടുള്ളതാണു. ടി. പേർഷ്യാസിംഹാസനം റവർദ്ഷീരോ നഗരത്തിൽ സ്ഥാപിതവും പെർഷ്യയുടേയും ഇന്ത്യായുടേയും മെത്രാപ്പോലീത്താ, അ ല്ലെങ്കിൽ പ്രധാന, അല്ലെങ്കിൽ കത്തോലിക്കാ എന്നപേരോടുകൂടിയ മെത്രാനാൽ ഇന്ത്യയും പെർഷ്യയും ഭരിക്കപ്പെട്ടിരുന്നു. തന്നിമിത്തം സെ ലെയുക്യാ (അല്ലെങ്കിൽ ബാബേൽ സിംഹാസനത്തിൽ വാണിരുന്ന മെ ത്രാപ്പോലീത്താ) അല്ലെങ്കിൽ കത്തോലിക്കാ എന്നപേരോടുകൂടി വാ ണിരുന്ന മെത്രാപ്പോലീത്താമാർ, എല്ലാ കിഴക്കേ സുറിയാനി ക്രിസ്ത്യാ നികളുടേയും മേലദ്ധ്യക്ഷനായി വാണിരുന്ന കാലത്തുതന്നെ, ആരംഭം മുതൽ പെർഷ്യായുടേയും ഇന്ത്യയുടേയും മെത്രാപ്പോലീത്തായായി റവർദ്ഷീരോ മെത്രാനും വാണിരുന്നു. ഒരു അതി മെത്രാസനങ്ങൾ ര ണ്ടും റോമാസിംഹാസനത്തോടു യോജിച്ചിരുന്ന അന്ത്യോക്യാപാത്രി യ ർക്കീസിന്റെ കീഴിലായിരുന്നു. ൫൫൧-ൽ ഉണ്ടായ കൽച്ചെദോന്യാസൂ നഹദോസിൽകൂടി അതിലെ കത്തോലിക്കാ വിശ്വാസപ്രമാണത്തിനു ഒപ്പുവെച്ച അന്ത്യോക്യാ പാത്രിയർക്കീസായ മാക്സിമോസിന്റെ കാലം വരെ അന്ത്യോക്യാ സിംഹാസനത്തിനു ഏകപാത്രിയർക്കീസു മാത്രമെ ഉണ്ടായിരുന്നൊള്ളൂ. ആ സൂനഹദോസിനെ എതിർത്ത പതിതർ അ ന്ത്യോക്യായുടെ പേർ പറഞ്ഞു തങ്ങൾക്കു വേറെ പാത്രിയർക്കീസി നെ ഉണ്ടാക്കുകയും ഇങ്ങനെ അക്കാലംതൊട്ടു അന്ത്യോക്യായ്ക്കു പല പാത്രിയർക്കീസന്മാർ ഉണ്ടാകുകയും ചെയ്തു. ജമീൽ ൪൫൨—ാം പുറ ത്തിൽ പറഞ്ഞിരിക്കുന്നതുപോലെ സെലെയുക്യാ സിംഹാസനത്തിൽ

൨൦൦—ാം കാലത്തിൽ വാണിരുന്ന അന്ത്യോഖ്യൂയി എന്ന പാതിയക്കീസ് കാമീശോ എന്നയാളോട്കൂടി സെലെയുച്യായുടെ മെത്രാപ്പോലീത്തായായി വാഴ്ച ഏല്പിക്കുന്നതിനു അന്ത്യോക്യായിൽ പോകയും പേഷ്യാരാജാക്കന്മാരുടെ ചാരന്മാർ അവരെ പിടിച്ച്, കാമീശോയെകൊല്ലുകയും ചെയ്തു. മറേയാൾ രക്ഷപെട്ട ഓർശ്ലേമ്മിൽ സങ്കേതം പ്രാപിച്ചിരുന്ന വർത്തമാനം പാതിയക്കീസ് അറിഞ്ഞു അന്ത്യോഖ്യൂയിയെ ഓർശ്ലേമിൽവച്ച് സെലെയുച്യാസിംഹാസനത്തിന്റെ മെത്രാപ്പോലീത്തായായി വാഴിക്കുന്നതിനും മേലാൽ അന്ത്യോക്യായിൽ ചെന്ന വാഴ്ച ഏല്ക്കുന്നതിനു പകരം സെലേയുച്യായിൽ തന്നെ വാഴ്ച ഏല്ക്കുന്നതിനും, ഏല്പാകിഴക്കേപ്പള്ളിസുറിയാനക്കാരുടേയും മേലദ്ധിക്ഷനായി ഭരിക്കുന്നതിനും ൨൦൦—ാം കാലത്തിൽത്തന്നെ അധികാരം കൊടുക്കയും ചെയ്തു. ആയതിനാൽ ചില ലത്തീൻകാരായ ചരിത്രകർത്താക്കൾ പറയുന്നതുപോലെ സെലെയുച്യാസിംഹാസനത്തിലെ മെത്രാപ്പോലീത്തായ്ക്കു മേലദ്ധ്യക്ഷസ്ഥാനം കിട്ടിയതു നിക്യാസുന്നഹദോസിൽ വെച്ചോ അതിന്റെ ശേഷമോ അല്ല. എന്നാൽ നിക്യാസുന്നഹദോസിന്റെ (അറബിച്ചി അല്ലെങ്കിൽ കൽദായിക എന്നു പറയുന്ന) കാനോനാ വകുപ്പ—൬ അദ്ധ്യായത്തിൽ, "സെലെയുച്യാസിംഹാസനവും അപ്രകാരംതന്നെ ബഹുമാനിക്കപ്പെടണം. അതിനു കത്തോലിക്കാ എന്നു പേർ വിളിക്കപ്പെടുകയും പാതിയക്കീസന്മാർ ചെയ്യുന്നതുപോലെ മെത്രാപ്പോലീത്തായെ നിശ്ചയിക്കുന്നതിനും പാടുള്ളതായിരിക്കണം" എന്നു പറഞ്ഞിരിക്കുന്നു. (Appendix 117) അതിനാൽ വകുപ്പ—ൽ നാം നിക്യാസുന്നഹദോസിൽ വെച്ചു സെലെയുച്യാ മെത്രാപ്പോലീത്തായും കത്തോലിക്കാ എന്ന പേരുള്ളവരാകേണ്ടതാണെന്നു തീർച്ചപ്പെടുത്തി. എന്നാൽ അതിനുമുമ്പു തന്നെ അന്ത്യോക്യാ പാതിയക്കീസിന്റെ അധികാരം മേൽപ്രകാരമുള്ള അധികാരം അദ്ദേഹം പ്രവൃത്തിച്ചു വന്നിരുന്നു. വകുപ്പ—ലെ നിക്യാസുന്നഹദോസിൽ സെലെയുച്യായുടെ മെത്രാപ്പോലീത്തായും ഒപ്പിട്ടിട്ടുണ്ട്. അപ്രകാരം തന്നെ അതേസമയം പെഷ്യായുടേയും വലിയ ഇന്ത്യായുടേയും മെത്രാനായി മാർ യോഹന്നാനും ഒപ്പിട്ടിട്ടുണ്ട്. ഇതിൽ നിന്നും യോഹന്നാൻ മെത്രാൻ പെഷ്യായുടേയും ഇന്ത്യയുടേയും മേലദ്ധ്യക്ഷസ്ഥാനം വഹിച്ചിരുന്നു എന്നു വെളിവാകുന്നു. അപ്പഴും ഇന്ത്യാപ്പട്ടം പെഷ്യാ വഴിയായി ആദ്യകാലംമുതൽ കത്തോലിക്കാ മെത്രാപ്പോലീത്തായിൽ നിന്നിരുന്നു. റോമൻ ർസ്മ—ാം പുറത്തിൽ പറഞ്ഞിരിക്കുന്നതു ഇതിലേക്കു മതിയായ തെളിവായിരിക്കുന്നു. "എന്തെന്നാൽ സുന്നഹദോസ്കാലം മുതൽ എസിയാബൂസ് അതിയബെന്തൂസ് റവർദിനീരാ എന്ന നഗരത്തിൽ വസിച്ചിരുന്ന പേഷ്യയുടെ പ്രീമൂസായ ദവർദ്ഷീരന്റെ മെത്രാപ്പോലീത്താ ശെമയോൻ മെത്രാനു എഴുതിയ ക്രി—൭൫൫ എഴുത്തിൽ വളരെ ആവശ്യമായി പറയുന്ന പെഷ്യായുടെ മെത്രാന്മാർതങ്ങൾ നെസ്തോറീസ് പാതിയക്കീസിനു അ

ല്ലെങ്കിൽ സെലൊച്ച്യായുടെ കത്തോലിക്കായിക്ക ഒരിക്കലും കീഴ്പ്പെട്ടുവരല്ല. പിന്നെയൊ പെർഷ്യായുടെ കത്തോലിക്കായിക്ക കീഴ്പ്പെട്ടവരാകുന്ന എന്ന പറഞ്ഞിരിക്കുന്നു. എന്നാൽ അതിനു വിരോധമായി എസിയാബൂസ് പെർഷ്യാക്കാൾക്കും ഇന്ത്യാക്കാൾക്കും പള്ളിക്കെട്ടുത്തഅധികാരം മുഴുവനും സെലൊച്ച്യാ സിംഹാസനത്തിൽ നിന്നാകുന്ന എന്ന സ്ഥാപിച്ചു വാദിച്ചിരിക്കുന്നു" (Aqpendix 118)

സെലെഷ്യാ സിംഹാസനത്തിലെ പാത്രിയക്കീസ് അല്ലെങ്കിൽ കത്തോലിക്കായായ എസിയാബൂസും പെർഷ്യായിലെ റവർട്ടഹീനോയുടെ കത്തോലിക്കാ ആയ ശിമയോനും തമ്മിൽ കീഴ്പ്പെടാതെ സ്വയാധികാരം സംബന്ധിച്ചു വാദിച്ചിരുന്ന എന്ന വ്യക്തമാകുന്നുണ്ടല്ലൊ. ശിമയോൻ പെർഷ്യായുടേയും ഇന്ത്യയുടേയും കത്തോലിക്കാ ആകുന്ന എന്ന എസയാബൂസ് സമ്മതിക്കുന്നു. എന്നാൽ പെർഷ്യായുടേയും ഇന്ത്യയുടേയും മേലദ്ധ്യക്ഷത സെലൊച്ച്യാസിംഹാസനത്തിൽ നിന്നും ഉണ്ടായതെന്ന മാത്രമെ അദ്ദേഹം വാദിക്കുന്നൊള്ളു. അതിനാൽ പെർഷ്യയുടേയും വലിയഇന്ത്യായുടേയും മെത്രാൻ എന്ന യോഹന്നാൻമെത്രാൻ ഒപ്പിട്ടിട്ടുള്ളതു മേലദ്ധ്യക്ഷതയെ മാത്രമെ സൂചിപ്പിക്കുന്നൊള്ളു. ലത്തീൻ ചരിത്രക്കാരിൽ ഒരുവൻ എഴുതിയത് നൊക്കുണ്ടിട്ട, തോമാനസ്രാണികൾ നെസ്റ്റോറിയൻകാരായിരുന്നുഎന്നശേഷം എല്ലാവരുംപറയുന്നതു പോലെ ഒരു സംഗതിയല്ലാ അവർ പുഴതി വന്നിട്ടുള്ളതാണു. തോമാനസ്രാണികളുടെ സംഗതിയെപ്പറ്റി അസ്സെമാനും മറ്റും എഴുതിയിട്ടുള്ളതു ഞാൻമുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ലത്തീൻകാരുടെ ചരിത്രംമാത്രംകണ്ടു തോമാനസ്രാണികളെപ്പറ്റി എഴുതീട്ടുള്ളവരെല്ലാം അവരെക്കുറിച്ചു ഒരു തെറ്റായ സംഗതികൾ എഴുതിക്കൂട്ടീട്ടുണ്ടു. എസിയാബൂസ് പാത്രിയക്കീസിന്റെ കാലത്തിലും പെർഷ്യയുടേയും ഇന്ത്യയുടേയും മെത്രാപ്പോലീത്താ അല്ലെങ്കിൽ കത്തോലിക്കാ, നെസ്റ്റോറിയൻ ഇടത്തുതന്നെ അനുസരിച്ചിരുന്നില്ല. അന്നു തന്നെയല്ലാ അതിൽ പിന്നെയും വളരെക്കാലത്തേക്കു നെസ്റ്റോറിയൻഇടത്തുതിൽ ഉൾപ്പെട്ടതെനിന്നിരുന്നു. തത്സംബന്ധമായശേഷം വിവരങ്ങൾ അടുത്തഅദ്ധ്യായത്തിൽചേർത്തുകൊള്ളാം. മെത്രാപ്പോലീത്താ കത്തോലിക്കാ, അല്ലെങ്കിൽ കത്തോലിക്കോസ്, പാത്രിയക്കീസ് ഒരു പേരുകൂടെ പൂർവ്വകാലത്തിൽ ഒരേ അർത്ഥത്തിൽ ഉപയോഗപ്പെടുത്തിവന്നിരുന്നു. അതായതു ചില അത്യന്തികളിലുള്ള മെത്രാന്മാരുടെ മേൽ പ്രത്യേകിച്ചുള്ള അധികാരത്തെ മാത്രം ഇവ സൂചിപ്പിച്ചിരുന്നു. തത്സംബന്ധമായി ബോവിയെ,യൂസ് കനോനിക്കായിൽ ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: "ഇപ്രകാരം കിഴക്കൻ മെത്രാപ്പോലീത്താന്മാരായ മേലദ്ധ്യക്ഷന്മാർ കത്തോലിക്കോസ എന്നപേരായി അഭിപന്മാരായി വിളിക്കപ്പെട്ടിരുന്നു ഇതു മറ്റു ദൃഷ്ടാന്തങ്ങളിൽ വെച്ചു" അാമ്പിച്ചി എന്നു പറയുന്ന നിക്യാസുന്നഹദോസിൻറാ

കനോനകളിൽ പന്ത്രാം അദ്ധ്യായത്തിൽ സാക്ഷിക്കപ്പെട്ടിട്ടുണ്ട്. അ പ്രകാരം തന്നെ നെലെത്മ്യാനിംഹാസനം ബഹുമാനിക്കപ്പെടണം... ആയതു കത്തോലിക്കോസ എന്ന പേർ വിളിക്കപ്പെടണം. പാത്രിയ ക്കീസന്മാരു ചെയ്യുന്നതുപോലെ മെത്രാപ്പോലീത്തന്മാരെ കല്പിച്ചാക്കു ന്നതിനു പാടുണ്ട്" (Appendix 119) മൻകാലങ്ങളിൽ പടിഞ്ഞാറേ തായ ലത്തിൻ പള്ളികളിൽ മെത്രാന്മാരെ പിതാവ എന്നത്ഥത്തിൽ പാപ്പാ എന്നു വിളിച്ചുവന്നിരുന്നു. അതുപോലെ തന്നെ മുൻ പറഞ്ഞ പേരുകളും-പിൻകാലങ്ങളിൽ ആ പേരുകൾ പ്രത്യേക അധികാരങ്ങ ളെ സൂചിപ്പിക്കുന്നവയായി തീർന്നുപ്പെട്ടു. ലത്തീൻകാരായ പല ചരി ത്രകാരന്മാരും ബാബേൽ പാത്രിയക്കീസിനെ കത്തോലിക്കാ പാത്രിയക്കീ സ് എന്നു വിളിക്കുന്നതു തിരുസ്സഭയുടെ മേൽ മാപ്പാപ്പായ്ക്കുള്ള സർവാ ധിപത്യാധികാരം പോലെ പൊതുപിതാവ എന്നർത്ഥമുള്ള കത്തോലി ക്കാ പാത്രിയക്കീസ് എന്നു പറയുന്നതുകൊണ്ടു കൽദായപള്ളിയി ന്മേൽ മാപ്പാപ്പായ്ക്കു അധികാരമില്ലെന്നുള്ള അർത്ഥത്തിൽ ഉപയോ ഗിച്ചുവരികയാണെന്നു ചരിത്രങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതു കൊണ്ടാണെ ന്നും സംഗതി ഇവിടെ വിവരിച്ചുവാൻ സംഗതിയായതു.

൪. ഇതോടുകൂടിതന്നെ വിശുദ്ധ തോമ്മാശ്ലീഹാ കഴിഞ്ഞാൽ മല ങ്കര ശ്രുതയുടെ വിദേശീയ മെത്രാനായ ഫ്രാമത്തെ മാർ യെശുസേ പ്പു മെത്രാന്റെ കാലത്തിൽ സംഭവിച്ച മില സംഗതികളെ ക്രോഡീ ക രിച്ചു വിവരിക്കേണ്ടിയിരിക്കുന്നു. മുഖ്യമായി പ്രസ്താവിക്കാനുള്ളതു മുൻ പറഞ്ഞ യെശുസപ്പു മെത്രാന്റെയും കാനാൻ തോമ്മായുടേയും ആഗ മനകാലത്തിൽ സംഭവിച്ചവയാകുന്നു. കാനാൻ തോമ്മാ വന്നതു൯-ാം ശതാബ്ദത്തിൽ ആകുന്നു എന്നും ചേരമാൻ പെരുമാൾ ജീവിച്ചിരുന്നതും അക്കാലത്തായിരുന്നു എന്നും യൂറോപ്യൻ ചരിത്രകാരന്മാരിൽ ചിലർ വാദിക്കുന്നുണ്ടു. ഈ വാദത്തിന്റെ യാഥാർത്ഥ്യം അറിയുന്നതിനു കാനാ ൻ തോമ്മായ്ക്കു ചേരമാൻ പെരുമാളിൽനിന്നും സിദ്ധിച്ച ചെമ്പുപ ട്ടയം മതിയായ സാക്ഷിയാണു. ആ ചെമ്പു പട്ടയത്തിൽ കൊല്ലവർ ഷത്തിന്റെ ൯൪-ാം കാലമാണു രേഖപ്പെടുത്തിയിരിക്കുന്നതു. കാലനിർണ്ണയത്തിനു ഈ ഒരു പ്രമാണം മതിയായിരിക്കുന്നു. എങ്കിലും ഈ സംഭവത്തെ സ്ഥാപിക്കുന്നതായ മറ്റു ചരിത്ര ലക്ഷ്യങ്ങളേയും പ്രസ്താപിക്കാം. സു റിയാനിക്കാരുടെ കൊട്ടാരത്തിലുള്ള കുടിയേറ്റത്തെ സംബന്ധിച്ചു പുരാതനമായി സുറിയാനിക്കാർ പാടിവരുന്ന ഒരു പാട്ടിൽ ഈ വസ്തുത കാണുന്നു:—

"മാറാൻവന്നു പിറന്നശേഷം ശ്ലീവാലന്നകാലത്തിൽ
മാനിഭൻകിനായിതൊമ്മൻ ചെപ്പേടങ്ങുവാങ്ങിച്ചു"

"ശ്ലീവാവ" എന്ന അക്ഷരങ്ങൾ അക്കത്തെട്ട എന്നു പറയുന്ന

കണക്കിൻപ്രകാരം ൨൪൭-എന്നത്ഥമാണ് ഇതുകൂട്ടുന്നതു: ക=൧, ഖ=൨.....ജ=൮. ഝ=൯ ഞ=ശൂന്യം. ട=൧൦=൨.....ഇപ്രകാരം കൂട്ടിവന്നാൽ, ശ=൬; ഷ=൭; സ=൮. എന്നാകും. അതിനു കൂട്ടി ഇട്ടാൽ ൨൪൭—എന്നുവരും. ഇതു മറിച്ചുവായിച്ചാൽ- ൨൪൭-ആകുന്നു. ഇപ്രകാരമുള്ള പഴയകവിതകളിൽ കാണ്മാൻ കുറച്ചുവൈഷമ്യമുണ്ടായിരുന്നതു എന്നു കാണാവുന്നതാണ്.

"കാലംമുന്നൂറാണ്ടതുശേഷംവന്നുകിനായിതൊമ്മൻ"

എന്നു മാർ അബ്രാഹം മെത്രാനെക്കുറിച്ചുള്ള പാട്ടിലും പറയുന്നുണ്ടു

കൊല്ലം, ൬൭൰-ൽസ്ഥാപിക്കപ്പെട്ട കോട്ടയത്തു വലിയ പള്ളിയുടെ പാട്ടിൽ പറയുന്നതായതു്.

"൬൭൰നാതിൽനിന്നുകിനായിതൊമ്മൻ
എഴുപത്തിരണ്ടുകുടിയാരുമായി
അൻപനാംചേരകോൻനാട്ടുനൊക്കി
ഓട്ടുനാകുറ്റൂർകൊട്ടങ്ങുല്ലുക്ക
മാറാൻറുമുന്നൂറിനാല്പത്തഞ്ചിൽ
ചെപ്പേടെഴുതിച്ചിർന്നാരെന്നു"

കൊല്ലം ൬൭൰-ൽ മാർ അബ്രാഹം മെത്രാൻറെഅനുവാദത്താൽ സ്ഥാപിക്കപ്പെട്ട കോട്ടയത്തു ചെറിയ പള്ളിയുടെ പാട്ടിൽ പറയുന്നതായതു.

"൧൯൪൯നാമാണ്ടിൽനന്നായവൻതൻറുമുന്നൂറിനാല്പതോടഞ്ചിൽ . . . .
ഒത്തുനിരുവിച്ചുമെന്നവർചൊല്ലിയാൽചെരുകാൻതൻതിരുമുമ്പിൽ
വാഴിതുകാഴ്ചയിലിച്ചുവരുമണ്ണംചെപ്പേടെഴുതിച്ചുകൊണ്ടു"

കൊല്ലം ൬൭൰-ൽ സ്ഥാപിക്കപ്പെട്ട പുതുപ്പള്ളി പള്ളിയുടെ പാട്ടിൽ കാണുന്നതായതു.

"ക്ഷീരവുംപരിശോടെതെന്നമൊഴുകുന്നാടുകിനാനതിൽ
നിന്നുവന്നുകൊടുങ്ങല്ലൂർദിശിപുക്കുസ്തീസുജനങ്ങളും
നീതിയുടയവനാദൃഢംനൂറുശതത്തിയഞ്ഞാല്പതോടഞ്ചിൽ
ചെരുകൊൻതൻതിരുമുമ്പിൽമതസി-
തെളിവൊടുകാഴ്ചയെടുത്തുഭൂമികൊടുത്തിതെ"

പാട്ടു മൂന്നും എഴുതീട്ടുള്ള തിരുവിതാംകൂർ ചരിത്ര സം-

പുറത്തിൽ "ചേരമാൻ പെരുമാൾ കലിയുഗം നൂറ്റാണ്ട് സംവത്സരത്തിൽ ഒരിക്കൽ തുലാമാസത്തിൽ എഴുന്നള്ളിയിരിക്കുന്ന സമയം വീരകേരളൻ എന്ന നാമത്തോടുകൂടിയിരിക്കുന്ന ആ പുത്രന്റെ രാജ്യഭാരയോഗ്യതയോടും.....കലി നൂറ്റാണ്ട്—വർഷത്തിനു ക്രിസ്താബ്ദത്തിന്റെ നൂറാം വർഷം യോജിക്കുന്നു. കൊല്ലംപട്ടണം ചേരമാൻ പെരുമാൾ പണികഴിപ്പിച്ചു, അന്നുതുടങ്ങി തന്റെ പേരിന്റെ സ്മാരകമായി കൊല്ലവർഷം ആരംഭിച്ചു എന്നും അതുകൊണ്ട് കൊല്ലക്കാലം കണക്കാക്കുന്നതിന് ക്രിസ്താബ്ദത്തിന്റെ എ.ഡി. ശതാബ്ദത്തിനോടാണ് ചേരമാൻ പെരുമാൾ വാണിരുന്നതെന്നും ചില ചരിത്രകാരൻമാർ വാദിക്കുന്നുണ്ട് എന്നാൽ കൊല്ലവർഷത്തിന്റെ ആരംഭത്തിനും കൊല്ലം പട്ടണസ്ഥാപനത്തിനും തമ്മിൽ യാതൊരു സംബന്ധവുമില്ല. മലയാളത്തിലെ പരമ്പരവിശ്വാസവും ലത്തീൻ ചരിത്രകാരുടെ അഭിപ്രായത്തിനെ അനുകൂലിക്കുന്നില്ല. ടി. തിരുവിതാംകൂർ ചരിത്രത്തിൽ കൊല്ലാബ്ദത്തിന്റെ ആവിർഭാവത്തിനെപ്പറ്റി ഇപ്രകാരം എഴുതിയിരിക്കുന്നു:—"അക്കാലത്തു നൂറാം സംവത്സരത്തിൽ ആണ്ടിന്റെ സംഖ്യ കാണിക്കുന്നതിനു വേണ്ടി രാജാക്കന്മാരുടെ നിയോഗത്തോടുകൂടി കൊല്ലത്തു വച്ചു യോഗ്യർ പലരും കൂടി സങ്കേതംചെയ്തു. ചിങ്ങമാസം മുതൽക്കുള്ള സംവത്സരത്തിനു കൊല്ലവർഷമെന്നു സങ്കേതം ചെയ്ത സകല ജനങ്ങളും സമ്മതിച്ചു, കൊല്ലം ക. കൊല്ലം വ. എന്നു ആണ്ടു എണ്ണിത്തുടങ്ങി കൊല്ലം ഭാരമണ്ടിൽ കുലശേഖരപ്പെരുമാൾ നാടു നീങ്ങുകയുംചെയ്തു" ചേരമാൻപെരുമാൾ കൊല്ലം പട്ടണം സ്ഥാപിച്ചതിൽ നിന്നല്ല കൊല്ലവർഷം ആരംഭിച്ചതു എന്നു ഇതിൽ നിന്നും വെളിവാകുന്നുണ്ടല്ലോ. ചേരമാൻ പെരുമാൾ തുലാമാസത്തിൽ എഴുന്നള്ളിയതു കലിയുഗം നൂറ്റാണ്ടിലും കൊല്ലത്തു രാജപ്രതിപുരുഷന്മാർ യോഗം കൂടിയതു നൂറാണ്ടിലുമാണു. ഒന്നാമത്തെ സംഭവം നടന്ന ഭദ്രൻ-വർഷം കഴിഞ്ഞശേഷമാണു രണ്ടാമത്തെ സംഭവം നടന്നതു. അതുകൊണ്ടു കൊല്ലവർഷത്തിനു മുമ്പോട്ടു കണക്കാക്കിയാൽ ഏകദേശം ക്രിസ്താബ്ദം തുല്യം ആകുന്നു. എന്നാൽ കലിയുഗത്തിന്റെ ആരംഭം, ബാബേവിലെ ഗോപുരപണിയുടെ ഭാഷകലങ്ങി. ജാതികൾ പിരിഞ്ഞസമയം അതു കലിക്കത്തിന്റെ ഉത്ഭവത്തോടുകൂടിയാകുന്നു. കലിയുഗം=ഭാഷകലങ്ങിയ യുഗം എന്നാണു. വേദചരിത്രകാലഗണക്കിനോടു അതു ഏകദേശം ഒത്തുവരുന്നുമുണ്ടു. മിശിഹാക്കാലം ഒന്നാം-നൂറ്റാണ്ടിലെ കലിയുഗം. 3000-ആണ്.

൩. ഏതൽസംബന്ധമായി, ചേരമാൻ പെരുമാളിനേയും, കാനായിൽ തോമ്മായേയും സംബന്ധിച്ച ചില സംഗതികളേയും ഇവിടെ ചേർക്കാം. ചേരമാൻപെരുമാളിന്റെ കഥകൊണ്ടു പ്രസിദ്ധചരിത്രകാരും യൂറോപ്യൻ ചരിത്രകാരും പലവിധത്തിൽ പറയുന്നുണ്ടു. മൈക്കോട്ടവക്കീൽ പത്മനാഭമേനോൻ ഫസ്റ്റ്—ൽ എറണാകുളം വിദ്യാവിലാസസഭാ

ൽ ഒരു വിവരം അടിച്ചിച്ചിട്ടുള്ളതിൽ ൨൦—ാം പക്ഷം "പെരുമാൾ ബൈസ്ലഹമിൽ പിറന്ന ക്രിസ്തുവിനെ ആരാധിപ്പാൻ പോയി എന്നും പെരുമാൾ മൈലാപ്പൂരിൽ ശ്ലൂദ. തോമായുടെ കബറുങ്കൽ കാലംചെയ്തുവെന്നും മറും പെരുമാൾപെരുമാളെക്കുറിച്ചു പോർട്ടുഗീസ്കാരുടെ ചരിത്രത്തിൽ എഴുതിയിരിക്കുന്നതു അവരുടെ കളവായ കണ്ടത്തിട്ടുന്നും ൨൧—ാം പക്ഷത്തിൽ പെരുമാൾപെരുമാൾ ഹിന്തുഭക്തനായി തിരുവഞ്ചികുളക്കുത്തിങ്കൽ മരിച്ചുപോവന്നും വാണപെരുമാൾ ബുദ്ധമതം അനുസരിച്ചു എന്നും സാമോതരി മഹമ്മതമതത്തിൽ ചേർന്നു എന്നും പ്രസ്താവിച്ചിട്ടുണ്ടു."

യൂറോപ്യന്മാർ നാട്ടിൽ വന്നതിന്റെശേഷം നാട്ടുകാരിൽ നിന്നു കേട്ടതും ചില ലക്ഷ്യങ്ങൾ കണ്ടതുംകൊണ്ടു അതിൽനിന്നു അവരുടെ ഉദ്ദേശപ്രകാരം ഓരോ ചരിത്രങ്ങൾ എഴുതീട്ടുണ്ടു. ഹിന്തുമതക്കാർ അനേകവും ചരിത്രങ്ങൾ എഴുതാറില്ലാത്തതു നാൽ നാട്ടിന്റെ ശരിയായസംഭവങ്ങൾ തങ്ങൾക്കു നിശ്ചയപ്പെടുത്തുവാൻപാടില്ലാതെവന്നിരിക്കുന്നു. അനേക ഹിന്തുക്കൾ എഴുതീട്ടുള്ള ചരിത്രങ്ങൾ കഥകളായും കായ്സൂക്ഷ്മവും കാലതീർച്ചയും ഇല്ലാതെ അന്യോന്യവിരുദ്ധമായിട്ടും അസംഭാവ്യനിർമ്മിതങ്ങളായും എഴുതീട്ടുള്ളതാകകൊണ്ടു അവകൾ ചരിത്രതെളിവിലേക്കു അപയുക്തമായും ചരിത്രമിശ്രമായുംവന്നിരിക്കുന്നു.

പെരുമാക്കന്മാരു ചിലരുടെ ചരിത്രങ്ങൾ ടി. പത്മനാഭമേനോന്റെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ചരിത്രസാക്ഷികളും മറനേകം തെളിവുകളുംകൊണ്ടു ആ പെരുമാക്കന്മാരുടെ സ്ഥിതി താഴെ വിവരിക്കുംപ്രകാരം അകുന്നുവെന്നു ഏറവും തെളിവായി വരുമെന്നു വിചാരിക്കുന്നു. (൧.) വാണപെരുമാൾ കേരളോല്പത്തിയിലും മറും പ്രസ്താവിക്കുന്നതുപോലെ ബുദ്ധമതത്തിൽ ചേർന്നുപോയി. ആയതു ക്രിസ്താബ്ദത്തിന്നു മുമ്പെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ബുദ്ധമുനി നെപ്പാള രാജ്യത്തിൽ ക്രിസ്താബ്ദത്തിന്നു മുമ്പു ൬൭ൽ പിറക്കയും ൪൭ൽ മരിക്കയും ചെയ്തു. ഇദ്ദേഹം അസാമാന്യ തത്വജ്ഞനും സമർത്ഥനും ആയിരുന്നു. അദ്ദേഹത്തിന്റെ തത്വജ്ഞാനംകൊണ്ടു ബ്രഹ്മാവു മുതലായ ബഹുവിധ ദൈവാരാധന ശരിയല്ലന്നും അജ്ഞാനമെന്നും ബോധിച്ചു സ്വയാല്പ ആയിരിക്കുന്ന ഏക ദൈവത്തെ വണങ്ങേണ്ടതാണെന്നു ഉപദേശിക്കയും സ്വഭാവിക പ്രമാണങ്ങളെ സ്ഥാപിച്ചുകൊണ്ടു സധർമ്മ ജീവിതത്തിന്നു മനുഷ്യരെ സമ്മതിപ്പിക്കയും ചെയ്ത ഒരു മതത്തിവാകുന്നു വാണപെരുമാൾ ചേർന്നതു. ഒരു മതാചാരികളായി ഇന്ത്യയിലും സിലോണിലും ബർമ്മാ, ചീനം, ജെപ്പാൻ, റാബെറ് മുതലായ സ്ഥലങ്ങളിലും ബഹു ജനങ്ങൾ ചേരുകയും ചെയ്തു. ൨)ബൈസ്ലഹമിൽ ക്രിസ്തുവിനെ ആരാധിപ്പാൻ പോയി എന്നുപറയു

ന്ന പ്രകാശമാളുടെ കഥ ഇല്ലാത്ത സംഗതിയല്ല. ക്രിസ്തുവേദാഗമങ്ങളിൽ കാണുന്നതുപോലെ കിഴക്കരായ ജ്യോതിഷക്കാർ യാക്കോബിൽ നിന്ന ഒരു നക്ഷത്രം ഉദിക്കുമെന്നുള്ള പൂർവീക ദീർഘദർശനപ്രകാരവും ഇന്ത്യയിലുണ്ടായിരുന്ന സിബില്ലാ കന്യക ദീർഘദർശിനി മർഫഗ്ലിച്ചു പറഞ്ഞിട്ടുള്ളതുപോലെയും കൊടുങ്ങല്ലൂരിലെ ജ്യോതിഷക്കാരനായ പ്രകാശം പുതിയതായ ഒരു നക്ഷത്രം കണ്ടതുകൊണ്ടു വിസ്മയിച്ച ആ നക്ഷത്രത്തിൻ പുറകെ യാത്ര ചെയ്യും ബേസ്ലഹേമിൽ പിറന്നിരുന്ന ക്രിസ്തുവിനെ ആരാധിച്ച ജ്യോതിഷ രാജാക്കന്മാരുടെ ഗണത്തോട് ചേർന്ന ബേസ്ലഹമ്മിൽ പോയി ക്രിസ്തുവിനെ ആരാധിക്കയും ചെയ്ത ഒരു വൃത്താന്തം സാമോദരി രാജാവിന്റെ രാജനാളാഗമത്തിൽ എഴുതപ്പെട്ടതായും പോർട്ടീസ്സാർ കണ്ടുപിടിച്ചതായും ഒസൊർയൂസ്, മഫെയൂസ്, കൊസ്സ്മെലിയൂസ് മുതലായവർ സാക്ഷിക്കുന്നു. ബാബേൽലേ കയ്യാത്താ എന്ന പാത്രിയർക്കീസ് എഴുതിയിരിക്കുന്ന വിവരത്തിൽ ക്രിസ്തുവിനെ ആരാധിച്ച ജ്യോദിഷ രാജാക്കന്മാർ കൂടെ ചേരുന്നിട്ടുണ്ട്. ബാബേൽപള്ളി ആചരിക്കുന്നതു ഇന്ത്യയിൽനിന്നും ഇത്ര ദൂരമായ ബേസ്ലഹമ്മിൽ ചേരുമാൻ പ്രഭുമാർ കൂടെ ദിവസം കൊണ്ടു എത്തിയതു എങ്ങിനെയെന്ന വായനക്കാർ ആശ്ചര്യപ്പെടും. സുവിശേഷത്തിൽ എഴുതിയിരിക്കുന്നതു ഹേറോദേശ് രാജാവു മറ്റുള്ള രാജാക്കന്മാരിൽ നിന്നു നക്ഷത്രം കാണപ്പെട്ട സമയം താൻ അറിഞ്ഞതുപോലെ വയസ്സിനു താഴെയുള്ള കുട്ടികളെയൊക്കെ കൊല്ലുന്നതിനു തീരുമാനമാക്കി. അപ്പഴാനക്ഷത്രം കാണപ്പെട്ടിട്ടു വർഷത്തോളമായപ്പോളാണു ജ്യോതിഷരാജാക്കന്മാരു കുഞ്ഞാടിനെ കൂടിട്ടുആരാധിപ്പാൻ ചെന്നതമാലാഖാ ആസമത്തു മെസ്രേനു പോകണമെന്നും ഹേറോദേശു മരിക്കുന്നതുവരെ അവിടെ താമസിക്കണമെന്നും കല്പിച്ചിരുന്ന അതുകൊണ്ടു മെസ്രേനു പോയതിന്റെ ശേഷംഹേറോദേശ് മർക്കുന്നതുവരെ ഓർശ്ലമ്മിനു പിന്തിരിഞ്ഞില്ലെന്നും കാണുന്നു. എന്നാൽ മാറ സുവിശേഷത്തിൽ 8-ാം ദിവസം ഓർശ്ലം ദേവാലയത്തിൽ ദിവ്യരക്ഷിതാവിനെ കാഴ്ച വെച്ചുഎന്നും കാഴ്ച വെയ്പിന്റെശേഷം ഗ്ലീലായിൻ നസ്രേത്തു എന്ന തന്റെനഗരത്തിൽ പിന്തിരിഞ്ഞു താമസിച്ചുവെന്നും എല്ലാ കാലവും ഓർശ്ലം ദേവാലയത്തിൽ പോയിരുന്നു എന്നും കാണുന്നു. എന്നാൽ മത്രമല്ലാ ഇടയന്മാർ കർത്താവു പിറന്ന തൊഴുത്തിൽ പോയി ആരാധിച്ചു എന്നും ജ്യോതിഷ രാജാക്കന്മാർ കർത്താവു പാർത്തിരുന്ന ഭവനത്തിൽ പോയി ആരാധിച്ചു എന്നും പറയുന്നതുകൊണ്ടു വളരെ വ്യത്യാസമായിവരുന്നതുപോലെ കർത്താവു പിറന്നിട്ടു 40-ാം ദിവസത്തിലല്ലാ ജ്യോദിഷരാജാക്കന്മാർ വന്ന കർത്താവിനെ ആരാധിച്ചതു തൊഴുത്തിലുമല്ലാ പിന്നെയും കാലംതോറും ഓർശ്ലം ദേവാലയത്തിൽ പോരുന്നാൾക്കു പോകാവുള്ളതുപോലെ രണ്ടാം വർഷത്തിൽ താൻ പോയി ബേസ്ലഹമ്മിൽ താമസിച്ചിരുന്ന സമയത്താകുന്ന ജ്യോദിഷ രാജാക്ക

ന്മാർ തന്നെ കൂടിച്ചേർന്നു ആരാധിച്ചുപോന്നു. ആയതിന്റെ ശേഷം താൻ മെസ്രേന്നു പോകയും തോമോദ്ദേശ്യം മറിയാതെ ഇരിക്കയും ചെയ്തു. ഇതുകൊണ്ടു ജ്യോതിഷരാജാക്കന്മാരുടെ യാത്രകാലം രണ്ടു വർഷത്തോളമായിരിക്കുന്നു (൩.) പെരുമാൾ ശുദ്ധൻ. തോമാക്രിസ്ത്യാനികൾ കാലം ചെയ്യുന്നുള്ള സംഗതി വാസ്തവമാണ്. എന്തെന്നാൽ ക്രിസ്തുവിന്റെ ൩൨-ാം കാലത്തിൽ പൊഴപെരുമാൾ അതായതു മന്ദരപുരി അല്ലെങ്കിൽ മൈലാപ്പൂരിൽ വാണിരുന്നപൊഴപെരുമാൾ യൂറോപ്യചരിത്രക്കാരവിവരിക്കുന്നേ കൊണ്ടോ ഫൊനസ് അതായതു കണ്ടവരാജൻ തനിക്കു ഒരു വലുതായ കോവിലകം അരമന പണിയുന്നതിനായി അതുമാനെന്ന സേവകനെ ശ്രുതിപെട്ട ദർഷ്ടം ത്തിനു നല്ല പണിക്കാരനെക്കൊണ്ടു വരുവാനായി വിടുകയും അവിടെ വച്ചു ശുദ്ധ തോമായെ കണ്ടുമുട്ടുകയും അദ്ദേഹത്തെ കൂട്ടിക്കൊണ്ടു മുന്നം കൊടുങ്ങല്ലൂർ അടുത്തു അന്നവിടെ ഉണ്ടായിരുന്ന പെരുമാളെ വേതത്തിൽ പോക്കയും അദ്ദേഹത്തിനു അന്ത്രയൊസെന്നപേരിടുകയുംചെയ്തു. അവിടെ നിന്നു ഉടനെമൈലാപ്പൂരേക്കു യാത്രതിരിക്കയും പൊഴപെരുമാളെ കണ്ടു അദ്ദേഹത്തോടു ക്രിസ്തുമതം ഉപദേശിക്കയും ആ പെരുമാൾ ക്രീസ്തുമതം അനുസരിക്കയും പ്രോസ എന്നു പേരു ധരിക്കയും ചെയ്തു. ആ പെരുമാൾ തോമാ ശ്ലീഹായുടെ മരണശേഷം മരിച്ചു. തോമാ ശ്ലീഹായുടെ കബറടത്തിന്റെ അടുക്കെ അടക്കപ്പെട്ടു. അതിയോഖ്യാപള്ളി പഞ്ചാരത്തിൽ ഇദ്ദേഹത്തെ തോമാശ്ലീഹായുടെയും ഇന്ത്യാരാജാവിന്റെയും പെരുമാളായി നിശ്ചയിച്ചു കൊണ്ടാടിവരികയും ചെയ്യുന്നു. ഇദ്ദേഹമാണു ശുദ്ധ തോമാശ്ലീഹായുടെ കബറടത്തുങ്കൽ മരിച്ചു പെരുമാളെന്നു ചരിത്രകാരൻ എഴുതിയിരിക്കുന്നതു. ഇദ്ദേഹത്തിന്റെ സ്വത്തുക്കളും തോമാശ്ലീഹായുടെ സ്വത്തുക്കളും ഒന്നിച്ചു ഒരു കരിങ്കല്ലിൽ കൊത്തിയുണ്ടാക്കി മൈലാപ്പൂർ പള്ളിയിൽ ഇപ്പോഴും ആചരിക്കപ്പെട്ടുന്നു. (൪) ഇനി ഒടുവിലത്തെ പെരുമാൾ എങ്ങിനെ എവിടെ അവസാനിച്ചുവെന്നു വിവരിക്കാം.

പത്മനാഭമേനോന്റെ പുസ്തകത്തിൽ അനേകതെളിവുകൾ പറഞ്ഞിട്ടുണ്ടു. ഹിന്ദുവായ തുഞ്ചത്തു ചിറ രാമാനുജൻ എഴുതീട്ടുള്ള കേരളോല്പത്തി എന്ന പുസ്തകം ൪൮—ാം പുറത്തിൽ "പെരുമാൾ പെരുമാൾ മഹത്തു മാർഗ്ഗം അനുസരിച്ചുവന്നും മക്കത്തുപോയി എന്നും അയ്യ ക്രിസ്താബ്ദം ൮൨൩—ൽ എന്നും കാണിക്കുന്നു." പത്മനാഭമേനോൻ രീതിമാനിക്കുന്നതു പെരുമാൾ പെരുമാൾ ഹിന്ദുഭക്തനായി തിരുമന്ധീകളഞ്ഞ മരിച്ചുവെന്നാണ്. ഒടുവിലത്തെ പെരുമാൾ പെരുമാൾ ൮—ാം യുഗത്തിൽ ജീവിച്ചിരുന്ന എന്ന മിക്കചരിത്രക്കാരും സാക്ഷിക്കുന്നുണ്ടെന്നു മാത്രമല്ലാ പെരുമാൾ പെരുമാൾ ക്രിസ്തീയമതം സ്വീകരിച്ചതായ നസ്രാണികൾക്കു കൊടുത്തസ്ഥാനമാനങ്ങൾ ചെമ്പെട്ടു പ്രമാണത്തിൽ

ന.ഭ്ര എന്നകാലം വെച്ചിരിക്കുന്നു. അതിനാൽ ചേരമാൻ പെരുമാ
ൾ ഒരിക്കലും മഹമ്മതുമാർഗ്ഗം അനുസരിക്കയൊ മക്കത്തിനു പൊകയൊ
ചെയ്തിട്ടില്ലാ. കേരളൊല്പത്തി കഥാപുസ്തകം ൯൫ാം പക്ഷത്തിൽ "ചെ
രമാൻപെരുമാൾ ഇവിടുക്കു എത്രുഗതിയെന്നു അപെക്ഷിച്ചുചിന്ന, ഏഴു
വിങ്കൽ (ഹജ്ജ) ചാവുരപുരത്തെ (അജിയാർ) അതിയാർയെന്ന ജോനക
നുണ്ടു; അവനെ പൊന്നകണ്ടാൽ നാവാം വേദം ഉറപ്പിച്ച അടയാളം
കാട്ടിതരും. അവനുമായി ഏഴുവിനുപോയികൊണ്ടാൽ പാതിമാക്ഷാ
കിട്ടും എന്നുചാണ്ടു,വടമനനായ സ്വർഗ്ഗപുരുഷൻ"എന്നുപറഞ്ഞിരിക്കുന്നു.
ഒരു ഹിന്ദുവായ മഹാൻ പാതി സ്വർഗ്ഗം കിട്ടുന്നതിനുശ്രുതി മഹാദുർമാർഗ്ഗ
മായമഹമ്മതു വേദം അനുസരിക്കണമെന്നു ദിവ്യ അരുളപ്പാടായി കാണി
ക്കുന്നു. ഇതുകൊണ്ടു സ്വന്തമതം സ്വർഗ്ഗം പ്രാപിപ്പാൻ അശേഷമുപകരിക്കുന്നതല്ലന്നു വരുന്നു. മഹാത്മാവായ പിറന്നായ ക്രിസ്തുബ്ദം ൬൦൦-ാം മരിച്ചതു സത്യവുമാണ്. അതുനിമിത്തം ഒടുവിലത്തെ ചേരമാൻ പെരുമാൾ
നാവാം യുഗത്തിൽ ജീവിച്ചിരുന്നതുകൊണ്ടു മഹമ്മതുമതം അനുസരിക്കയൊ മക്കത്തു പോകയൊ ചെയ്തിട്ടില്ലാ. എങ്കിലും ഹിന്ദുചരിത്രക്കാരും യുറോപ്യൻ ചരിത്രക്കാരും ഒടുവിലത്തെ ചേരമാൻ പെരുമാൾ
രാജ്യം വിരാഗിച്ചു അന്യദേശാന്തരിയായി പൊയിയെന്നു കാണിക്കുന്നുണ്ടു.അതു മറെറാന്നുമല്ലാ. ഒരു പെരുമാളുടെ കാലത്തിൽ ഓർഗ്ഗം മുതലായ സ്ഥലങ്ങളിൽ നിന്നുകുന്നായിതോമാമുതലായനസ്രാണികുട്ടംകൊടുങ്ങല്ലൂർ വന്നു ഇറങ്ങുകയും കുന്നായിതോമായും പെരുമാളുമായി വളരെ
സഖ്യതയാകയും വളരെ ബുദ്ധിമാനും ഗുണസമ്പന്നനുമായ പെരുമാൾ
ക്രിസ്തുമാർഗ്ഗം അനുസരിക്കയുംചെയ്തു. അങ്ങനെ ക്രിസ്തുമാർഗ്ഗം അനുസരിച്ചതിന്റെ ശേഷം തന്റെ രാജ്യം സാമൂതിരി, പെരുമ്പടപ്പു, മുതലായ തന്റെ അനന്തിരവർക്കും കുന്നായിതോമാ മുതലായ തന്റെ സ്നേഹിതന്മാർക്കും വിരാഗിച്ചു കൊടുത്തു. കുന്നായിതോമായുടെ രാജ്യം കത്തിയതോടിനു കീഴുള്ള സമീപം ഐരൂർ രാജ്യമാണ്. രാജ്യ വിരാഗത്തിൽ
ഉതിയമ്പേരൂർ രാജ്യം വലിയാർ വടക്കു സ്വരൂപം അല്ലെങ്കിൽ വില്വാ
രം വടക്കു സ്വരൂപത്തിനു കൊടുക്കയും ചെയ്തു. കുന്നായിതോമ്മാ
ചെരമാൻ പെരുമാൾക്കു അനേകം ഐശ്വര്യവും മഹത്വവും വരുത്തിക്കൊടുത്തിട്ടുണ്ടു. ഒരുഴവരുടുത്തിൽ നിന്നും ഒരുഴവഗന്നത്തെ കുന്നായിതോമാ ഒരു നാട്ടിൽ കൊടുവന്നു പെരുമാളെ ഏല്പിച്ചു. ഒരുഴവരുടെ അധികാര നടപടികളും അനേകവും കുന്നായിതോമാ കല്പിച്ചു കൊടുത്തു. മേൽപ്രകാരം ചേരമാൻ പെരുമാൾ രാജ്യം വിരാഗിച്ചു കൊടുത്തതിന്റെ ശേഷം താപസനായി ഓർഗ്ഗത്തിൽ നിന്നുംവന്നിട്ടുണ്ടായിരുന്ന ചില നസ്രാണികളോടു കൂടി കൊർഗ്ഗത്തിനു പോയി, കത്താവിന്റെ കുവാടു സമീപം ജീവിച്ചു മരിച്ചു. ചേരമാൻ പെരുമാൾ എന്നുള്ള നാമം പൊതുനാമമാണ്. കേരളപെരുമാൾ അല്ലെങ്കിൽ ചേരമാൻ പെരുമാൾ എന്നുള്ള നാമം പൊതുവായിട്ടുള്ള നാമമാണു ഒടുവിലത്തെ ചേരമാൻ

പെരുമാളിന്റെ പിറന്ന ദേശം അയ്യപുരത്തു വെള്ളാപുരം നഗരമാണു.

(ഇ) വലിയാർ വടത്തു സ്വരൂപം അല്ലെങ്കിൽ വില്ലാർ വടത്തു സ്വരൂപം എന്നപറയുന്ന രാജാവു ഉദിയന്നേരൂർ രാജ്യത്തിൽ വാണിരുന്നു. അദ്ദേഹം ൪ാം യുഗത്തിൽ പേർഷ്യയിൽ നിന്നും വന്ന പണ്ഡിതവരായ ശാബോർ, പ്രോത്ത എന്നമെത്രാന്മാരിൽ ഒരുവനാൽ ഉപദേശിക്കപ്പെട്ടു ക്രിസ്തുമാർഗ്ഗം അനുസരിക്കയും ഉദിയന്നേരൂർ അക്കാലം മുതൽ അനേക കാലം സുറിയാനി മെത്രാന്റെ ഇരിപ്പിടവുമായി ചമഞ്ഞു. വലിയാർവടത്തു ഒടുവിലത്തെ യാക്കോവസ്വരൂപം അന്യം നിന്നു. തന്നിമിത്തം ഉണ്ടായിരുന്ന സ്ത്രീ സന്താനം പെരുമ്പടപ്പിലെ എളമ ക്രിസ്തുമാർഗ്ഗം അനുസരിച്ചു വിവാഹം കഴിക്കയും അതോടെ ഉദിയന്നേരൂർ രാജ്യം പെരുമ്പടപ്പിലെക്കു അവകാശമായി ഒത്തുകൂടുകയും ചെയ്തു. ഇങ്ങനെ ക്രിസ്ത്യാനി രേണം കൊച്ചീരാജാവു നടത്തി വന്നു. (സ്വ) സാമൂതിരി ശഹമ്മത മാർഗ്ഗം കൈക്കൊണ്ടു എന്നുള്ളതു വാസ്തവമായ സംഗതിയാണു. ചേരമാൻ പെരുമാൾ മഹമ്മതനായി എന്നും മക്കത്തു പോയിയെന്നും പറയുന്ന ചരിത്രം ഇതിൽ നിന്നും കഴപ്പമായിവന്നിട്ടുള്ള വസ്തുതയാണു. മഹമ്മതുകാർ ചേരമാൻപെരുമാൾ തങ്ങളുടെ മാർഗ്ഗം അനുസരിച്ചുവെന്നു വിശ്വസിക്കുന്നതു ഇതിൽ നിന്നാകുന്നു. സാമൂതിരി രാജാവും പെരുമ്പടപ്പു സ്വരൂപവും ചേരമാൻപെരുമാളുടെ സന്തതിപരമ്പരാനന്തരവരാകുന്നു. അപ്രകാരം തന്നെ തുളുരാജ്യം വീര കേരളൻ എന്ന രാജാവും ചേരമാൻപെരുമാളുടെ വേറെ ഒരു മേയ്യിൽ നിന്നുള്ളപുത്രനാണു. ഒരു രാജാക്കളൊക്കയും അനന്തരം പെരുമാൾ എന്ന നാമധെയത്തിൽ വളരെക്കാലം വിളിക്കപ്പെടാതിരുന്നതിനാൽ മഹമ്മതു മാർഗ്ഗം അനുസരിച്ച സാമൂതിരിയും പെരുമാൾ എന്ന വിളിക്കപ്പെട്ടു. സാമൂതിരി രാജാക്കളിൽ ഒരുവൻ ക്രിസ്താബ്ദം ൧൫-ൽ മക്കത്തു മരിച്ചു അടക്കം ചെയ്തതായി കാണുന്നുണ്ടു. പത്മനാഭമേനോന്റെ പുസ്തകം ൧൫-ാം പക്ഷത്തിൽ ഭോഗൻ നായിപ്പിന്റെ ചരിത്രത്തിൽ നിന്നും എടുത്തു കാണിച്ചിട്ടുള്ള തെളിവായതു; അബ്ദുൽ റഹിമാൻ സാമൂതിരി മലയാളരാജാവു, സഫാർ എന്ന സ്ഥലത്തു അറബിക്കാലം (൬൨൨-)ൽ അവിടെ എത്തുകയും ൬൪൩-ൽ അവിടെ മരിക്കയും ചെയ്തുവെന്നു, ഒരു കല്ലറപ്പട്ടയത്തിന്മേൽ എഴുതിയിരിക്കുന്നതായി കാണിച്ചിട്ടുള്ള അംശം തന്നെയാണു മഹമ്മദുമാർഗ്ഗം അനുസരിച്ച പെരുമാൾ. ഇതുകൊണ്ടാണു ചേരമാൻ പെരുമാൾ ൯-ാം യുഗാദിൽ ജീവിച്ചിരുന്നുവെന്നും, മക്കത്തുപോയി എന്നും, മഹമ്മദുമാർഗ്ഗം അനുസരിച്ചുവെന്നും, മറ്റുമുള്ള കഥകളും യൂറോപ്യൻ ചരിത്രക്കാർ തെറ്റി എഴുതുവാനുള്ള കാരണം മഹമ്മദുകാരുടെ കാലം ഉത്ഭവിച്ചതു ക്രിസ്താബ്ദം ൬൨൨-ൽ മഹമ്മദിനെ മക്കത്തുനിന്നും നാടുകടത്തി മദിനാനഗരത്തിലേക്കു ഓടിച്ച കാലമാണു. സാമൂതിരിയുടെ കല്ലറപ്പട്ടയത്തിന്മേൽ ൬൪൩ എന്ന കാണുന്നുണ്ടു. ൬൪൩-ം സ്താബ്ദം ക്രി വ്യത്യാസം

പ്പോഴും ശരിയായിട്ട് ൻ-ാം യുഗത്തിൽ അതുപോലെ സാമൂതിരി മക്കളെയുപോയ് മരിച്ചുപോയ്. സാമൂതിരി മഹമ്മദുമാർഗ്ഗം അനുസരിച്ചിട്ടുണ്ടായിരുന്നു എന്നുള്ള ജ്ഞാപകം ഇപ്പഴും ഓർമ്മിക്കപ്പെട്ടുന്നുണ്ട്. സാമൂതിരി മുപ്പായി വരുന്നു തമ്പുരാൻ കുടുംബികളുടെ ഒരു ജോനകഗ്രഹത്തിൽ ഒരു അത്യാചാരം ചെയ്യുന്നതു ഇപ്പഴും നടപ്പുള്ള സംഗതിയാണു. അന്ന് മഹമ്മദുമാർഗ്ഗം അനുസരിച്ച സാമൂതിരി രാജാവിന്റെ പേർ അബ്ദുൾ റഹിമാൻ എന്ന നാമധേയത്തോടുകൂടി ഒരു മലയാൻ പാട്ട ഇപ്പഴും ജോനകരും മറും പാടാറുണ്ട്. മേൽ വിവരിച്ച തെളിവുകളും കൊണ്ടു മേലെഴുതിയ പെരുമാക്കന്മാരുടെ അവസ്ഥ ഒരു പ്രകാരം ശരിയായി തീർച്ചപ്പെടുത്താമെന്നു തോന്നുന്നു.

കാനാൻ തോമാ മെത്രാനായിരുന്നു എന്നു ചിലരും, കച്ചവടക്കാരനായിരുന്നുഎന്നു മറു ചിലരും, രണ്ടു സ്ത്രീകളെ അയാളം പരിഗ്രഹിച്ചിരുന്നുവെന്നും, വാദിക്കയും ചരിത്ര സാക്ഷി കാണിക്കയും ചെയ്യുന്നുണ്ട്. ഇവയെല്ലാം മിക്കവാറും കഥകളാകുന്നു. കാനാൻ തോമാ ധൈര്യം കാരണം ഗൃഹസ്ഥനും, സമർത്ഥനും, സന്മാർഗ്ഗിയും ആയ ഒരു ക്രിസ്ത്യാനി ആയിരുന്നു. മലങ്കരെ ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ സ്ഥിതി അറിഞ്ഞു അദ്ദേഹം കിഴക്കിന്റെ കത്തോലിക്കാമെയ വിവരങ്ങളും അറിയിച്ചു, നിരന്തര പരിശ്രമം ചെയ്തു, തോമാനസ്രാണികളും ക്കു യെരുസേപ്പു മെത്രാനേയും, പട്ടക്കാർ, സന്ന്യാസികളും മുതലായ ദൈവദീക ഗണത്തേയും അനേക ക്രിസ്ത്യാനി കുടുംബങ്ങളേയും കൊണ്ടു മലയാളത്തിൽ വരികയും, അദ്ദേഹം വഴിയായി, കൊടുങ്ങല്ലൂരിൽ ക്രിസ്ത്യാനികൾക്കായി നഗരം ഏർപ്പെടുത്തുന്നതിനു ഭൂമിയും, മഹത്തായ പദവികളും- ചേരമാൻ പെരുമാളിൽ നിന്നും സിദ്ധിക്കയും കുത്തിയതോടിനു സമീപമായ അയിരൂർ രാജ്യം ക്രിസ്ത്യാനി തലവനായ തോമായ്ക്കു ചേരമാൻ പെരുമാൾ മോഗിച്ചുകൊടുക്കയും ചെയ്തിട്ടുള്ളതാകുന്നു- "ചേരമാൻ പെരുമാൾ രാജ്യം വിട്ടുപോകുമ്പോൾ അയിരൂർ രാജ്യത്തിന്റെ രാജാവായി നസ്രാണി തോമായെ നിശ്ചയിച്ചു" എന്നു കോൻകപിസ്സാന്തോ എന്ന പോർത്തുഗീസ് ചരിത്രത്തിൽ കാണുന്നു.

കാനാൻ തോമായ്ക്കു രണ്ടു പേരുമായുണ്ടായിരുന്നു എന്നും മറും പല ചരിത്രകാരും കഥകളുമെഴുതീട്ടുണ്ട്. ക്രിസ്ത്യാനികൾക്കു രണ്ടു പേരുമാർ പാടില്ലെന്നുള്ളതു ക്രിസ്തുവിന്റെ പ്രധാന നിയമങ്ങളിൽ ഒന്നാണല്ലൊ. വിശ്വസ്തനും, സന്മാർഗ്ഗിയും മലങ്കരയുള്ള നസ്രാണികൾക്കു ക്രിസ്തുവിന്റെ സദുപദേശത്തെ പ്രദാനം ചെയ്യാനും അയി വന്ന കാനാൻ തോമാ എന്നു മഹാൻ ഇതു വിപരീതവും മാനക്ഷയവും ആയ ഒരു അധർമ്മം പ്രവർത്തിച്ചു എന്നു വിചാരിക്കുവാൻ ക്രടി പാടില്ലാത്തതാകുന്നു.

൩. നെ൪-ൽ നാമം അറിയാത്ത മെത്രാൻ.

കൊസ്മാസ് എന്ന് ഇശ്ശായാചരിത്രക്കാരൻ കല്യാണപുരിയിൽ പെഷ്ശായിൽ നിന്നും വാഴിക്കപ്പെട്ട മെത്രാനേയും വൈദീകഗണത്തേയും സന്ന്യാസികളേയും മുനികളെയും കണ്ടു എന്നു എഴുതീട്ടുണ്ട്. എന്നാൽ ലത്തീൻ ചരിത്രകാരുടെ അഭിപ്രായത്തിൽ നെ൪-ൽ മലയാളത്തിലുണ്ടായിരുന്ന പെർസ്യാ മെത്രാനും വൈദീകഗണവും തോമാനസ്രാണികളും നെസ്തോറിയൻ ഇടത്തുട്ടുകാരാകുന്നു എന്നാകുന്നു. കൊൻസ്താന്തിനൊപൂരിയിലെ മെത്രാൻ ആയിരുന്ന നെസ്തോർ എന്നയാൾ നെ൪-ൽ ഇടത്തുട്ട പഠിപ്പിക്കയും ഉടനെതന്നെ സുറിയാനിക്കാരായി കിഴക്കേ ദേശത്തിൽ ഉണ്ടായിരുന്ന മെത്രാന്മാരും വൈദീകഗണം അശേഷവും നെസ്തോറിയൻ ഇടത്തുട്ട അനുസരിക്കയും ചെയ്തു എന്നാണു ഇതിപ്പൊഴും അവർ കൊണ്ടുവരുന്ന തെളിവു. എന്നാൽ ഈ മൂലതെളിവിനെ ഖണ്ഡിക്കുന്ന അനേകം തെളിവുകൾ മുൻ ചേ൪ത്തിട്ടുണ്ടു. അതിനാൽ പെഷ്ശായിൽ നെ൪-ലും അതിനു ശേഷവും അനേക കാലം വാണിരുന്ന മെത്രാപ്പോലീത്താ അല്ലെങ്കിൽ കതോലിക്കാ, നെസ്തോറിയൻ ഇടത്തുട്ട അനുസരിച്ചിട്ടില്ലെന്നും, അപ്രകാരം തന്നെ അവിടെ ഉണ്ടായിരുന്ന അനേകം മെത്രാന്മാരും വിശ്വാസികളിൽ അധികഭാഗവും നെസ്തോറിയൻ ഇടത്തുട്ട അനുസരിച്ചിട്ടില്ലായിരുന്നു എന്നും ആയതിനാൽ ആ സമയങ്ങളിൽ പെർഷ്യയിൽ നിന്നും ഇവിടെ വന്നിട്ടുള്ള മെത്രാന്മാരും മറ്റും നെസ്തോറിയൻ ഇടത്തുട്ടുകാരല്ലാത്തതിനാൽ മലങ്കരയെയുള്ള നോമാനസ്രാണികളും നെസ്തോറിയൻ ഇടത്തുട്ടുകാരല്ലായിരുന്നു എന്ന മാത്രം തെളിയിച്ചാൽ മതിയാകുന്നതാണല്ലൊ, റോമൻ ൮൮൨-ാം പുറത്തിൽ "തങ്ങളുടെ പൂർവ്വവിശ്വാസത്തിൽ നിന്നും ക്ഷയിച്ചിട്ടില്ല എന്ന മാത്രമാകുന്നു" എന്നു പറഞ്ഞിരിക്കുന്നു. (Appendix 120) അതായതു പെർഷ്യയിലുണ്ടായിരുന്ന മെത്രാന്മാരും മെത്രാപ്പോലീത്താ അല്ലെങ്കിൽ കതോലിക്കായും പൂർവ്വവിശ്വാസത്തിൽ നിലനിന്നിരുന്നു എന്ന സുന്നഹദോസ് ഏശുയബൂസ് എന്ന പാത്രിയർക്കീസ് പെർഷ്യയുടെ കതോലിക്കാ അല്ലെങ്കിൽ മെത്രാപ്പോലീത്താ, യായി റവർദ്ദീഷീരോ എന്ന നഗരത്തിന്റെ ശിമയോൻ മെത്രാനോടു പെർഷ്യാക്കാർ തന്റെ വിശ്വാസം അനുസരിക്കുന്നില്ലെന്നും തന്റെ പള്ളി നിയമങ്ങളെ അവർ അധിക്ഷേപിക്കുന്നു എന്നും മറ്റും ആവലാധി പറഞ്ഞതിൽ നിന്നും ഇതിന്റെ സത്യാവസ്ഥ വെളിപ്പെട്ടുണ്ടു. റോമൻ ൮൮൨-ാം പുറത്തിൽ "നിങ്ങളുടെ നാട്ടിൽ പള്ളിക്കുള്ളത്ത കാനോനാകളിൽ നിന്നു നിങ്ങൾ മാറിയതിൽ പിന്നെ പട്ടസ്ഥാനത്തിന്റെ അനന്തിരവസ്ഥാനം ഇന്ത്യാ നാട്ടിൽനിന്നും ഇടവിട്ടുപോയി. എന്നാൽ പെർഷ്യാ രാജ്യത്തിന്റെ കടപ്പുറം സംബന്ധിച്ചു അതിരുകളിൽ നിന്നു കോവളം വരെയുള്ള ഇന്ത്യാനാട്ടിൽ നിന്നു തന്നെയല്ല.

പിന്നെയൊ നിങ്ങളുടെ പെർഷ്യാ നാടുതന്നെയും പട്ടാളത്തോട് മെ
ത്രാന്മാരു വഴിയായിട്ടു പ്രകാശിക്കുന്ന എന്ന് ദിവ്യ പഠനത്തിന്റെ വെ
ട്ടമില്ലാതെ ഇരുട്ടിൽ കിടക്കുന്നു" (Appendix I.I) രണ്ടെന്നുമായ്ക
ടെ അല്ലെങ്കിൽ ബബിലോനിലുടെ എസിയാബൂസ് എന്ന് പാ
ത്രിയക്കീസിന്റെ അധികാരി, ഇന്ത്യായുടെയും പെർഷ്യായുടെയും മേ
ലദ്ധ്യക്ഷനായ കതോലിക്കാ, അദ്ദേഹത്തിന്റെ വിശ്വാസത്തിൽ നി
ന്നും പള്ളിനടപടികളിൽ നിന്നും അകന്നിരിക്കുന്ന എന്നും അല്ലെകാ
ണ്ട മെത്രാന്മാരും പള്ളിക്കുട്ടത്തെ അദ്ധ്യക്ഷകളും ആ ദേശങ്ങളിൽ മുങ്ങി
യിരുന്നു എന്നുമാണു, എന്ന മുൻപറഞ്ഞതിൽ നിന്നും വ്യക്തമാക
ുന്നുണ്ടല്ലൊ. മേൽ വിവരിച്ചപ്രകാരമുള്ള തെളിവായ വിവരണത്തിനു
വിപരീതമായി ചില ലത്തീൻ ചരിത്രകാരന്മാർ എസിയാബൂസ്
പാത്രിയക്കീസിന്റെ അധികാരിയിൽ നിന്നും, അദ്ദേഹത്തിന്റെ കീ
ഴിലുള്ള പെർഷ്യാ മെത്രാന്മാർ നെസ്തോറിയൻ ഇടത്തുട്ടുകാരായി മല
ങ്കരെ തോമാനസ്രാണികളെ ഭരിച്ചിരുന്നു എന്നു അനുമാനിക്കുന്നു. ഇ
തെത്രയൊ വലിയ ദുരനുമാനമായിരിക്കുന്നു.

എസിയാബൂസ് പാത്രിയക്കീസു കലീഫ്മാരുടെ ആദരവാത്ര
യിച്ചും പെഷ്യാ മെത്രാന്മാരെ ഉപദ്രവിച്ചും വന്നിരുന്നു. ൦൫൦ നിവയി
ൽ പെഷ്യാ മെത്രാപ്പോലീത്തായും മെത്രാന്മാരും, റോമൻ ൪൮൨-ാം
പുറത്തിൽ പുറഞ്ഞിരിക്കുന്നപോലെ "൦ങ്കദേശം തികൊത്തയൂസ്
പാത്രിയക്കീസ വാണിരുന്ന കാപ്പമായ വൈ വരെ നിന്നിരുന്നു. പെ
ഷ്യാക്കാരും ഇന്ത്യാക്കാരും, ഞങ്ങളും തോമാ ശ്ലീഹായുടെ ശിഷ്യന്മാരാ
കുന്നു. ഞങ്ങൾക്കു മാരിസ്സിന്റെ സിംഹാസനത്തോട്ടു, അതായ്തു മാരീ
സ് സ്ഥാപിച്ച സെലെയൂക്യാ സിംഹാസനത്തോടു യാതൊരു ഐക്യ
വുമില്ലാ" എന്നു വാദിക്കുന്നു." (Appendix I.22). പെഷ്യാ സിംഹാസ
നത്തിന്റെയും ഇന്ത്യാ പള്ളിയുടേയും സ്ഥാപകൻ തോമാശ്ലീഹാ തന്നെ
യാണു. ൪—ാമത്തെ അബ്ദീശോ ശീവരശീനാ കയ്യാത്ത എന്ന പേ
രായി ക്രൂവൻവ—ൽ കാലം ചെയ്ത ബാബേലിലെ കതോലിക്കാ പാ
ത്രിയക്കീസു "റോമാ മേല്പട്ടക്കാരുടെ ശ്രേഷ്ഠാധിപത്യ"ത്തെ സംബ
ന്ധിച്ചു ഉണ്ടാക്കിയ പുസ്തകം ഫ്രാങ്ക—ാം പുറത്തിൽ, കുന്നായ പള്ളി
യുടെ സ്ഥാപകന്മാരായി വിശുദ്ധ തോമാ ശ്ലീഹായേയും മിശിഹായുടെ
ശിഷ്യന്മാരിൽ ഒരുവനായ ശ്ലീ. അദ്ദെയിയേയും ശ്ലീ. മാരിയേയും ശ്ലീ.
അഗെയിയേയും അവർ ഉപദേശകപ്പെട്ടവരുന്നു എന്നും "ക്രൂദാശാ ദശ്ലീ
ഹോത്തുവാനെ" വാഴ്ത്തപ്പെട്ട ശ്ലീഹന്മാരുടെ കർബ്ബാന ക്രമം എന്ന നാമ
മുള്ളതും കൽദായ സുറിയാനിക്കാരാൽ എല്ലാപ്പോഴും പ്രയോഗിച്ചു വരു
ന്നതും അയ പൂജാക്രമം മേൽപ്പറയപ്പെട്ട ശ്ലീഹന്മാരാൽ ഉണ്ടാക്കപ്പെട്ട
തുമാകുന്നുവെന്നും അയ്യ മാറു പൂജാക്രമങ്ങളെക്കാൾ ഏറ്റവും പുരാതന
മുള്ളതും ഒന്നാമത്തേതുമാകുന്നു എന്നും പറഞ്ഞിരിക്കുന്നു. വിശേഷിച്ചും

സെലോച്യാ സിംഹാസനത്തിലെ പാത്രിയർക്കീസന്മാരുടെ കൂടിപ്പിൽ നിന്നുള്ള തോമാശ്ലീഹായെ അതിന്റെ ഒന്നാമത്തെ പാത്രിയർക്കീസായി അയച്ചു കണ്ടിക്കുന്നതു. പരം ശ്ലീഹാ ടി. സിംഹാസനത്തിൽ തന്റെ അനന്തിരവനായി ശ്ലൂ. അദ്ദേഹത്തെ ഏല്പിച്ചുംവച്ചശേഷം പൌരസ്ത്യാ മുതലായ മറു ദേശങ്ങളിൽ സുവിശേഷമറിയിപ്പാൻ പോയതെന്നു പറയപ്പെട്ടുന്നു. കിഴക്കിൽ നിന്നും ഉണ്ണീശോയെ ആരാധിപ്പാൻവന്ന വിമ്മഗ്രഹേരാജാക്കന്മാർ അസ്സീറിയാക്കാരും പേർഷ്യാക്കാരുമായിരുന്നു എന്നും അവർക്കു ജ്ഞാനസ്നാനം കൊടുത്തതു വി- തോമാ ശ്ലീഹായാണെന്നും ടി- പുസ്തകം ക്രി-പി- ഒന്നാം പുറത്തിൽ പറയപ്പെട്ടുന്നുണ്ടു ശ്ലൂ. മാരി എന്ന പുണ്യവാനാൽ സെലൊച്യാ സിംഹാസനം വിശേഷാൽ വിളങ്ങി പ്രകാശിച്ചതിനാൽ അയിരിക്കണം, ശ്ലൂ. മാരിയുടെ സിംഹാസനമെന്നു പറഞ്ഞു വന്നതെന്നു തോന്നുന്നു- പേർഷ്യായിൽ ൻ—ാം ശതാബ്ദംവരെ സത്യവിശ്വാസം പ്രകാശിച്ചിരുന്നു എന്നു താഴെപ്പറയുന്ന സംഗതികളാൽ തെളിയുന്നു. കോന്സ്റ്റാന്തൂസ് രാജാവിന്റെ കാലത്തിൽ നാവു—ൽ ശ്ലൂ. അനസ്താസിയൂസ് ഒരു സഖാക്കളോടുകൂടി വേദസാക്ഷിയായി മരിച്ചു. നൂറിം നിയൂസ് ശ്ലൂ ഉമ്മീസ്ദാ സന്യാസജീവിതത്തിൽ വളരെ പ്രശോഭിതനായി ജീവിച്ചു. ഇദ്ദേഹം പേർഷ്യാകൽദായക്കാരനാണു. ബെസംഗദാ എന്ന മലയിൽ പാർകും കഴിച്ചു നൂറിൽ അധികം മൂറികളും ഉണ്ടാക്കി, അവിടെ അദ്ദേഹം തന്റെ പ്രധാനമാം സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ ശിഷ്യരിൽ വളരെപ്പേർ സന്മർഗത്തിലും വിശുദ്ധ ജീവിതത്തിലും പ്രകാശിച്ചു കിഴക്കേ ദേശങ്ങളിൽ അനേകം സന്യാസമഠങ്ങളുടെ സ്ഥാപകന്മാരായി തീർന്നു. പിന്നെ നിക്യായിൽ കൂടിയ രണ്ടാമത്തെ സുന്നഹദോസു ൮—ാം യുഗാവിൽ കത്തോലിക്കരായ വിശ്വാസമാരുടെ അത്ഭുതങ്ങളും പുണ്യങ്ങളും സ്തുതിച്ചുപറയപ്പെട്ടിട്ടുണ്ടു. ഇത്യാദി ഉദാഹരണങ്ങളാൽ പേർഷ്യായിൽ വളരെക്രിസ്ത്യാനികളും ദൈവീകരും മെത്രാന്മാരും സത്യവിശ്വാസത്തിൽ നിലനിന്നുവന്നിരുന്നു എന്നു വെളിവാകുന്നു. അതിനാൽ പേർഷ്യായിൽ നിന്നും ഇവിടെ വന്നിട്ടുള്ള മെത്രാന്മാരും സത്യ കത്തോലിക്കാക്കാരും പുണ്യവീരന്മാരും തന്നെ ആയിരുന്നിരിക്കണം. അതുകൊണ്ടു പേർഷ്യാക്കാരും ഇന്ത്യാക്കാരും നെസ്തോറിയൻ പാത്രിയർക്കീസായ തന്റെ വിശ്വാസത്തിൽ നിന്നും ക്ഷയിച്ചു പോയതുകൊണ്ടു പെർഷ്യയിലും ഇന്ത്യയിലും മെത്രാന്മാരും പട്ടക്കാരും മുടങ്ങിപ്പോയി എന്നല്ലാ എസിയാബൂസ പാത്രിയർക്കീസ പറയുന്നതു, പിന്നെയോ പെർഷ്യയിലെ വേദത്തെരുക്കൾ കൊണ്ടുപോകുന്നതുകൊണ്ടു എന്നാകുന്നു.

൬. ൻ൦൦—ാം കാലം ശാബോരും, പ്രൊത്തും, എന്ന രണ്ടു മെത്രാന്മാരുടെ ഭരണം. ഇവർ ൻ—ാം ശതാബ്ദത്തിൽ പെർഷ്യായിൽ നിന്നും മലയാളത്തിൽ വന്നു ചേർന്നു- ഒരാൾ കൊല്ലത്തും മറേയാൾ കൊടുങ്ങ

ല്ലും ഉടിയംമ്പേരുമായി താമസിച്ചു. ലേകീൻ ൨—ാം പുസ്തകം ഫ്രഞ്ചെ—ാം ഭാഗംകൊണ്ടു ഇവർ പുണ്യവാളന്മാരായിരുന്നു എന്നു കാണുന്നു- ബിബ്ളിയൊത്തെക്ക സാക്രാ ഫ്രാ—ാം പുസ്തകം ഫ്രഞ്ചെ—ാം പുറത്തിലും, ഇവർ ചെയ്ത അനേക അത്ഭുതങ്ങളും സുറിയാനി ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളതു തോമാ ൟ സ്രാണികളുടെ ആദ്യവന്ദീൻമെത്രാനായ പ്രൂംസീനോസ് എന്നു ൧൨ാം നൂറ്റാണ്ടിൽ കോർയെഹന്ന കോൻകവിസ്സുദൊ Vol II C I D II Para 16— സ്പൻ—ാം പുറത്തിൽ പറഞ്ഞിരിക്കുന്നു- ജമീൽ ഇപ്പർ—ാം പുത്തിലും അപ്രകാരം തന്നെ കാണുന്നുണ്ടു- ഉടിയമ്പേരൂർ താമസിച്ച മെത്രാൻ കൊച്ചീ ഇളയതമ്പുരാൻ തിരുമനസ്സിലേയും അനേകം അജ്ഞാനികളേയും മനസ്സു തിരിച്ചിട്ടുണ്ടു- അക്കാലത്തു ക്രിസ്ത്യാനികളുടെ രാജാവായ ഉടിയമ്പേരൂർ വലിയാർവട്ടത്തു യാക്കോബു സ്വരൂപത്തിനു, പുരുഷസന്താനമില്ലാതെ ശേഷിച്ച ഒരു സ്ത്രീ സന്താനത്തെ കൊച്ചിയിലെ ഇളയരാജാവിനെ കൊണ്ടു വിവാഹം ചെയ്യിച്ചു. അപ്രകാരം തന്നെ ക്രിസ്ത്യാനികളുടെ രാജാവായ വലിയാർ വട്ടത്തു യാക്കോ സ്വരൂപത്തിന്റെ ഉടിയമ്പേരൂർ രാജ്യം അവകാശവഴിക്കു കൊച്ചീരാജാവിനു കൈവശപ്പെടുകയും അന്നു മുതൽ കൊച്ചീരാജാക്കന്മാർ ക്രിസ്ത്യാനി സമുദായത്തിന്റെ അധിപന്മാരായി വൈദീകകാര്യങ്ങളിൽ പ്രവേശിക്കയും ചെയ്തു.

൨൫൦൦ാം കാലത്തിന്നിടയ്ക്കു യോഹന്നാൻ മെത്രാൻ

ഇദ്ദേഹം പ്രധാനമായി കൊടുങ്ങല്ലൂരിൽ പാർത്തിരുന്ന ടി പള്ളിയിലെ കപ്പിയാർ മരിച്ചപ്പോൾ അദ്ദേഹം ഉയർപ്പിച്ചു എന്നൊരിയെന്റെകോൻകവിസ്സുദൊ ചരിത്രത്തിൽ കാണുന്നു. ഇദ്ദേഹംമരിച്ചവനെ ഉയർപ്പിച്ച എന്നു സംശയം മുൻപറഞ്ഞ പ്രൂംസീനോസ്സ് എന്ന മെത്രാൻ സുറിയാനിഭാഷയിൽ എഴുതിട്ടുള്ള ചരിത്രത്തിൽ വായിച്ചതായി ഒരു യേത്തെ കോൻകവിസ്സുദൊ ൨ാം പുസ്തകം C I D II Para 13 സ്പൻ—ാം പുറത്തിൽ എഴുതികാണുന്നു. മേൽവഴുതിയ സംശയം വിവരിക്കുന്നതായ സുറിയാനിഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള പുസ്തകം വത്തിക്കാൻ പുസ്തകശാലയിൽ ഇരിപ്പുള്ളതായി ജമീൻ ൪ബന്ധ—ാം പുറത്തിൽ പറഞ്ഞിരിക്കുന്നു

൯ ഫ്രഫൽ—ൽ ൨—ാം യോഹന്നാൻ മെത്രാപ്പോലീത്താ

ടി യോഹന്നാൻ മെത്രാപ്പോലീത്താ, രണ്ടാം കലിസ്ത്തൂസ മാർപ്പാപ്പായെ സന്ദർശിച്ചു എന്നും മൈലാപ്പൂരിലെ തോമാശ്ലീഹായുടെ പ്രതൃക്ഷങ്ങളെല്ലാം കർദിനാളന്മാരുടെ പരിചാരകത്തോടുകൂടി മാർപ്പാപ്പായുടെ സന്നിധാനത്തിൽ ബോധിപ്പിച്ചു എന്നും രണ്ടാം കലിസ്ത്തൂസ മാർപ്പാപ്പായുടെ ചരിത്രത്തിൽ അക്കാലത്തു തന്നെ ടി സംവത്സരത്തിന്റെ കാഴ്ചക്കാരും

കേംവിക്കാരും അന്യ ചരിത്രക്കാർ എഴുതിട്ടുണ്ട്- ചരിത്രത്തിൽ എഴുതിയിരിക്കുന്നതു യോഹന്നാൻ മദ്ധാനായ എന്ന യാക്കോബായ പാത്രിയർക്കീസിനെ ഉദ്ദേശിച്ചാണെന്ന ഉത്സാഹമായി ലജ്ജകൂടാതെ വാദിക്കയും ചെയ്യുന്നു. എങ്കിലും 12-ാം കലിസ്ത്തൂസ് മാപ്പ്രിപ്പായുടെ ചരിത്രത്തിൽ എഴുതി കാണുന്നതിനെ വിശ്വസിക്കാതെ ഗത്യന്തരമില്ല. മുൻപ്രസ്താവിച്ചപ്രകാരം മാപ്പ്രിപ്പായെ സന്ദർശിച്ച മെത്രാൻ ഇടത്തുട്ടമെത്രാനാകാനും തരമില്ല. മതിയായ തെളിവുകൂടാതെ ഒരു മെത്രാനെ, മെഡ്ലിക്കോട്ട മെത്രാൻ പറയുന്നതുപോലെ. ഒരു ഇടത്തുട്ടമെത്രാനാക്കുന്നതു സുവിശേഷപ്രദേശത്തിനു വിരോധമായിട്ടുള്ളതുകൊണ്ടും

ക്രി ഫനുവരി-ൽ 12-ാം യോഹന്നാൻ മാപ്പ്രിപ്പാ, വടക്കേ പെർഷ്യയിൽ സുൽത്താനിയാ എന്ന പേരായ ശ്രുപതയുടെ കീഴായി കൊല്ലുന്ന തോമാനസ്രാണികളെ ഭരിക്കുന്നതിനു യോർദ്ദാൻ എന്ന ദൊമിനിക്കോസ് സന്യാസ മെത്രാനെ അയച്ചു എന്നും, കൊല്ലത്തുണ്ടായിരുന്ന തോമാനസ്രാണികൾ മിക്കവാറും റോമാ ആധിപത്യത്തിൽ പെട്ടവരായിരുന്നു എന്നു വരാമെന്നും മെഡ്ലിക്കോട്ട മെത്രാൻ തന്നെ സമ്മതിക്കുന്നു. 12-ാം യോഹന്നാൻ മാപ്പ്രിപ്പാ രണ്ടെഴുത്തു അയച്ചിട്ടുണ്ടെന്നും, അവയിൽ രണ്ടു കൊല്ലത്തുള്ള ക്രിസ്ത്യാനികൾക്കും ക്രസ്ത്യാനി തലവന്നും ഉള്ളതെന്നും, അവകളിൽ, ദൊമിനിക്കോസ് സന്യാസികളേയും മെത്രാനേയും ബഹുമാനപൂർവ്വം അംഗീകരിച്ചതിനു തന്റെ കൃതജ്ഞതയെ പ്രസ്താവിച്ചിട്ടുള്ളതുകൂടാതെ സകലരുടേയും വിശ്വാസത്തിന്റെ പ്രകാശം അബദ്ധങ്ങളുടെ മേഘത്താൽ മലിനപ്പെടാതിരിപ്പാൻ താൻ അപേക്ഷിക്കുന്നു എന്നു കൂടി അതു എഴുത്തിൽ പറഞ്ഞിട്ടുണ്ട്. ഇപ്രകാരം ഒരു വാചകം ചേർത്തിട്ടുള്ളതുകൊണ്ടു, മെഡ്ലിക്കോട്ടമെത്രാൻ. തോമാനസ്രാണികൾ ഇടത്തുട്ടുകാരായിരുന്നു എന്നനുമാനിക്കുന്നു. "അബദ്ധങ്ങളുടെ മേഘത്താൽ മലിനപ്പെടാതിരിപ്പാൻ അപേക്ഷിക്കുന്നു" എന്നു പറഞ്ഞതുകൊണ്ടു തൽക്കാലം അവർ അബദ്ധത്തിൽ പെട്ടിട്ടില്ലെന്നു വരെ തെളിവായിരിക്കുന്നു. മെഡ്ലിക്കോട്ട മെത്രാൻ തന്റെ അഭിപ്രായത്തിനു അനുകൂലമായി അതിനെ അർത്ഥമാക്കുന്നു. ഏതൽക്കാലത്തിൽ ദൊമിനിക്കോസ് സന്യാസിയായ ഒരു മെത്രാൻ തോമാനസ്രാണികളെ ഭരിച്ചിരുന്നതുകൊണ്ടെങ്കിലും, അക്കാലത്തു അവർ നെസ്തോറിയൻ ഇടത്തുട്ടുകാരല്ലായിരുന്നു എന്നു മെഡ്ലിക്കോട്ട മെത്രാനും സമ്മതിക്കേണ്ടതല്ലെ? സുൽത്താന്യാ ശ്രുപതയുടെ കീഴായി കൊല്ലം ക്രിസ്ത്യാനി 12-ാം യോഹന്നാൻ മാർപ്പാപ്പാ സ്ഥാപിച്ചു എന്നു മെഡ്ലിക്കോട്ട മെത്രാൻ തന്നെ സമ്മതിക്കുന്നതുകൊണ്ടു ക്രി 12-ൽ പെർഷ്യയിൽ റോമൻ കത്തോലിക്കാ വിശ്വാസം അനുസരിച്ചിരുന്ന ക്രിസ്ത്യാനികൂട്ടം ഉണ്ടായിരുന്നുവെന്നും തെളിയുന്നു.

ക്രി ഫനുവരി-ൽ 13-ാം ക്ലേമൻസ മാപ്പ്രിപ്പാ മരിത്തതായി

തന്റെ സ്ഥാനാപതിയായി കൊല്ലത്തെ ക്രിസ്ത്യാനികളുടെ ഇടയിലേക്കു അയച്ചു എന്നും അവർ ബഹുമാനപുരസ്സരം അദ്ദേഹത്തിനെ അംഗീകരിച്ചു എന്നും അദ്ദേഹത്തിന്റെ ചിലവിനായി പ്രതിമാസം ൨൦൦ പൊൻപണം വീതം കൊടുത്തു വന്നിരുന്നു എന്നും അദ്ദേഹം യാത്രപറഞ്ഞപ്പോൾ ൨൦൦൦ പൊൻ പണം കൊടുത്തു എന്നും മെഡ്ലിക്കോട്ട മെത്രാനും ശ്ലൂട്ടും സമ്മതിക്കുന്നു. ൩൯-ാം ക്ലേമെൻസ മാപ്പ്പ്പായെ ബഹുമാനപുരസ്സരം അംഗീകരിച്ചു, അദ്ദേഹത്തിനെ യഥായോഗ്യം ബഹുമാനിച്ചതിനാൽ തോമാ നസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാരല്ലായിരുന്നു എന്നു വേണ്ടുപോലെ തെളിയുന്നുണ്ടു.

൧൨. ഫർഹൻ-ൽ ൪-ാം എവുജേനിയസ് എന്ന മാപ്പ്പ്പാ തോമാനസ്രാണികളുടെ ചക്രവർത്തിയായ തോമായ്ക്കു അയച്ച എഴുത്തിൽ "മിശിഹായിൽ സ്നേഹിക്കപ്പെട്ട മകനെ! ശ്ലീഹായുടെ ആശീർവ്വാദം. നിങ്ങളും നിങ്ങളുടെ രാജ്യത്തിലെ പ്രജകളും എല്ലാവരും സത്യക്രിസ്ത്യാനികളാകുന്നു എന്ന വർത്തമാനം നമ്മുടെ പക്കൽ വന്നിട്ടുണ്ടു" എന്നു എഴുതിയിരിക്കുന്നു. അന്നും അതിനുമുമ്പും തോമാ നസ്രാണികൾ സത്യക്രിസ്ത്യാനികളായിരുന്നു എന്നുള്ളതിലേക്കു വേറെ എന്തെങ്കിലും തെളിവു ആവശ്യമുണ്ടോ ?

൧൩൦൦—ന മുമ്പു മാർ യോഹന്നാൻ എന്നു പേരായി ഒരു പുണ്യപ്പെട്ട മെത്രാൻ മലങ്കരെ വാണിരുന്നു എന്നു കേൾക്കുന്നു. ൧൩൦൨—ൽ മലങ്കരെ വന്ന നാലുമെത്രാന്മാർ ശ്ലീഹാ മലയാളത്തുനിന്നും ൧൩൦൪—ൽ മാർ ഏല്യാ എന്ന അവരുടെ പാത്രിയക്കീസിന്റെ അയച്ച എഴുത്തിൽ "നമ്മുടെ പിതാവു ശ്ലൂഹാമാകപ്പെട്ട മാർ യോഹന്നാൻ ഇപ്പഴും ജീവനോടിരിക്കുന്നു എന്നും അദ്ദേഹം തന്റെ സ്വാസ്ഥികം നിങ്ങൾക്കു അയക്കുന്നു" എന്നും പറഞ്ഞിട്ടുണ്ടു. അതിനാൽ൧൨൦൦ മാർ യോഹന്നാൻ മുമ്പെ ഇവിടെ വന്നിരുന്നു എന്നും കിഴവനായി എങ്കിലും ഇപ്പഴും ക്ഷേമത്തോടെ ജീവിക്കുന്നുണ്ടെന്നുമാണു.

അന്നു ശ്ലൂഹായി വന്ന മെത്രാന്മാർ നാലല്ലാ അഞ്ചുപേർ ആയിരുന്നു എന്ന ലക്ഷ്യങ്ങളും ഉണ്ടു. മാർ അബ്രാഹം മെത്രാന്റെ പാട്ടിൽ കാണുന്നതു.

"ചൊല്ലുപെർപെററാഎവുനാന്മാരോരൊകാലത്തിൽ
യോഗമായിവന്നവക്കെണ്ണില്ലാമെത്രാന്മാർ
കൊല്ലമറുനൂറെഴുപതുമെട്ടുംചെന്നപ്പോൾ (൧൩൦൨)
കൊടുങ്ങല്ലൂർനഗരത്തിലഞ്ചല്ലോവന്നുഎവുനാന്മാർ
തല്ലാമാർയാബാലാഹംമാത്തോമ്മായും മാർഷെനഹായും

മാർയോഹന്നാനും മാർയാക്കോവും വാഴ്ച്ചല്ലാതെ കൂടിക്കാകണം,,

൧൭൯ പുസ്തകം ൩൦—ം ന്ന—ം പുറങ്ങളിൽ കാണിച്ചിരിക്കുന്ന പ്രകാരം തോമാ നസ്രാണികൾ അങ്കമാലിൽ നിന്നു ന്ന—ാം ഗ്രിഗോറി പാപ്പാക്കു അയച്ച എഴുത്തിൽ— "അതുകയാൽ ആ കാലം മുതൽ പാത്രിയക്കീസു ഞങ്ങൾക്കു അയച്ചിരുന്നതുപോലെ അ ഞ്ചു മെത്രാന്മാരെ ഞങ്ങൾക്കയച്ചുതരുന്നതിനു അങ്ങേ ശ്രുപാശിക്കുന്ന എഴുത്തുകൾ ഞങ്ങളുടെ പാത്രിയാക്കീസിനു അയപ്പാൻ കൃപയുണ്ടാകണം" എന്നാണു.

ന്ന. ന്ന൩-മുതൽ തോമാ നസ്രാണികളെ ഭരിച്ചിരുന്ന യാക്കോ അബൂനാ എന്ന മെത്രാനെക്കുറിച്ചു ശ്രുതി. ശവരിയാരു പുണ്യവാളൻ ന്ന—ാം യോഹന്നാൻ എന്ന പോർത്തുഗൽ രാജാവിനു കൊച്ചിയിൽ നിന്നു ന്ന൫൯ൽ അയച്ച എഴുത്തിൽ യാക്കോ അബൂനായെന്ന മെത്രാന്റെ പുണ്യത്തെക്കുറിച്ചു അദ്ദേഹം ൫൫ വത്സരത്തോളം തോമാ നസ്രാണികൾക്കു വേണ്ടി പ്രയത്നിച്ചതിനെക്കുറിച്ചും വളരെ പ്രശംസിക്കയും രാജാവിനു ദൈവത്തിന്റെ പക്കൽ ഒരു മദ്ധ്യസ്ഥനാകുവാൻ തക്കയോഗ്യതയുണ്ടെന്നു പ്രസ്താപിക്കയും ചെയ്തിട്ടുണ്ടു. ശവരിയാരു പുണ്യവാളൻ ഈ മെത്രാനെ എത്രത്തോളം സ്തുതിച്ചിരിക്കുന്നുവോ അത്രത്തോളം മെഡ്ലിക്കോട്ട മെത്രാനും ക്രൂരനും യാതൊരു കാരണവും കൂടാതെ താഴ്ത്തി, നെസ്തോറിയൻ ഇടത്തട്ടുകാരനാക്കിയിരിക്കുന്നു.

ന്ന൮.-ന്ന൮൦—ൽ രണ്ടാം യൌസേപ്പു എന്ന കൽദായ മെത്രാൻ തോമാ നസ്രാണികളെ ഭരിച്ചിരുന്ന എന്നും കൊച്ചിയിൽ ശ്രുത: അന്തോനീസു പുണ്യവാളന്റെ നാമധേയത്തിൽ സ്ഥാപിച്ചിട്ടുള്ള പ്രാംസീസ്കസഭക്കാരായ സന്യാസികളുടെ കൊവേന്തയിൽ വച്ചു മരിച്ചുഎന്നും Leguien ൫—ാം പുസ്തകം ൨൯൨-ാം ഭാഗത്തിലും, Raulin ൫൯—ാം പുറത്തിലും പ്രസ്താവിച്ചിരിക്കുന്നു. റോമൻ കത്തോലിക്കരായ പ്രാംസീസ്കസന്യാസികളുടെ കൊവേന്തയിൽ മരിച്ച മെത്രാൻ ഒരു കത്തോലിക്കാ മെത്രാൻ അല്ലാതെ അകുവാൻ തരമുണ്ടോ?

N B എവുനാർ എന്ന വാക്കു അബൂനാ (പിതാവു) എന്ന സുറിയാനിവാക്കു ദുഷിച്ചുണ്ടായതാണെ മാർ സുറിയാനിയിൽ യജമാനൻ എന്ന അർത്ഥമാണു ഉരുനാ മങ്ങാടും സുറിയാനിക്കാർ വണക്കത്തിനായി മെത്രാന്മാക്കു പറയുന്നതാകുന്നു മാർ ശ്രുഭമാക്കപ്പെട്ടവൻ എന്നർത്ഥത്തിൽ പുണ്യവാളന്മാക്കും മാലാഖമാക്കും അവരുടെ നാമത്തിനു മുമ്പായി ചേർക്കപ്പെട്ടുന്നു മാർ എന്ന വാക്കിനു തുല്യപ്പെട്ടതായി ഉതീൻ ദൊമ്മിനുസ' (Dominns) എന്നും ഇത്താല്യനിലും പ്രെഞ്ചിലും മോൺസിഞ്ഞോർയെന്നും സ്പാന്യാ പോർട്ടുഗീസുഭാഷ എന്നും ഇംഗ്ലീഷിൽ ലോർഡ എന്നും ഉപയോഗിക്കപ്പെടുന്നു.

൧൫. ൧൬൪൯—ൽ ഗുന്നാം യെഴേസപ്പ് മെത്രാപ്പോലീത്താ, തോമാ നസ്രാണികളെ ഭരിപ്പാൻ തുടങ്ങി- ഇദ്ദേഹത്തിന്റെ സ്ഥിതി എന്തെന്നാൽ ഇദ്ദേഹം വേദസാക്ഷിയായി മരിച്ച സുലാക്കാ പാത്രിയക്കീസിന്റെ ഉറ്റ സഹോദരനും, അദ്ദേഹത്തോടുകൂടി റോമയ്ക്കു പോയ ആളും ആണ്. ഇദ്ദേഹത്തെ സുലാക്കാ പാത്രിയക്കീസിന്റെ ശിഷ്യനും അദ്ദേഹത്തോടു കൂടി യോജിച്ചിരുന്ന ആളുമായ Hérmetis Elia എന്ന മെത്രാപ്പോലീത്തായേയും, സുലാക്കാ. റോമാപുരിക്കു പോയപ്പോൾ മൂന്നാം ജൂലിയൂസ് മാപ്പാപ്പായോടു അപേക്ഷിച്ചപ്രകാരം ശാസ്ത്രത്തിലും സുറിയാനി ഭാഷയിലും നിപുണന്മാരായി തന്നോടു കൂടെ അയച്ചുകൊടുത്ത രണ്ടു ദൊമിനിക്കോസു സന്യാസികളേയും (അവരിൽ അന്ത്രോസീസു മെത്രാനായിരുന്നു. അന്തോനി എന്ന ദേഹം പിന്നീടു മൽത്തേസിന്റെ മെത്രാനായി) വേറെ രണ്ടു കൽദായ സന്യാസികളേയും കൂടി മഹാശാസ്ത്രിയും പുണ്യവാളനുമായ ഔദീശോ പാത്രിയക്കീസ് വേണ്ടിയിരിക്കുന്ന സാക്ഷികളോടു കൂടി തോമാനസ്രാണികളെ ഭരിപ്പാനായി അയച്ചു. എന്നാൽ ഔസേപ്പ് മെത്രാപ്പോലീത്തായും ഏലിയാ മെത്രാപ്പോലീത്തായും അന്ത്രോസീസു എന്ന ദൊമിനിക്കോസു സന്യാസിമെത്രാനും ദൊമിനിക്കോസു സന്യാസിയായ അന്തോനിയും സുറിയാനിക്കാരായ രണ്ടു സന്യാസികളും ഗോവയിൽ എത്തി, മേൽപ്രകാരമുള്ള സാക്ഷിപത്രങ്ങളൊക്കെയും ഗോവമെത്രാപ്പോലീത്തായേയും രാജ അധികാരികളേയും കാണിച്ചു. എന്നാൽ ഗോവയിലുണ്ടായിരുന്ന പോർത്തുഗീസു ലത്തീൻകാർ അവരെ ഒക്കെ ഒരു കൊവെന്തയിൽ ബന്ധൊവസ്തിൽ ആക്കി. ഒരു കൊല്ലം കഴിഞ്ഞതിൽ പിന്നെ അവിടെ നിന്നും പുറപ്പെട്ടുവാൻ അനുവദിച്ചുള്ളൂ. (ഇതു പുസ്തകം വ്യ-ംവ൨ം പുറങ്ങളും കാൺക) ദൊമനിക്കോസ് സന്യാസികളായ റോമൻ കത്തോലിക്കാ വിശ്വാസികളും കൽദായക്കാരോടു യോജിച്ചു വന്നതിനാലാണല്ലൊ അവരേയും ബന്ധനത്തിലാക്കിയതു. ഇവരെ ബന്ധനത്തിലാക്കാനുള്ള കാരണം എന്തെന്നു മെഡ്വിക്കോട്ടു മെത്രാനും ക്ലർജരും നാമാധാനം പറയട്ടേ- പോർത്തുഗീസുകാരായ ലത്തീൻകാർക്കു കൽദായ പാത്രിയക്കീസിന്റെ മേലാകട്ടെ സുറിയാനി ജനങ്ങളുടെ മേലാകട്ടെ യാതൊരു അധികാരവുമില്ല. അവരു വന്ന ഉടനെ ഒരു വക ഇടത്തട്ടം പഠിപ്പിച്ചതായി യാതൊരു തെളിവും ഇല്ലാ. പോർത്തുഗീസുകാർ തങ്ങളെ ഉപദ്രവിക്കാതിരിപ്പാൻവേണ്ടി മാത്രം അവർ ഗോവയിൽ ഇറങ്ങി സാക്ഷിപത്രങ്ങളെ അവരെ കാണിച്ചതുകൊണ്ടു ഇപ്രകാരം ഒരു കടുംകൈ അവർ പ്രയോഗിച്ചതു വിചാരിച്ചാൽ കൽദായ മെത്രാന്മാരുടെ പേരിൽ ലത്തീൻ ചരിത്രകർത്താക്കൾ ഇടത്തട്ടു ആരോപിച്ചിട്ടുള്ളതിൽ അല്പം തെറ്റുപറ്റുവാനുണ്ടൊ? മേൽപ്രാഞ്ഞവിവരങ്ങൾക്കു Bullárium Patronatur വ—ംഒ പുസ്തകം വർ-ാം പുറം നോക്കുക. ടി പുറത്തിൽ തന്നെ ഇക്കൊല്ലവും ഈ മാസവും കഴിഞ്ഞുപോകുവാൻ അനുവാദം കിട്ടിയപ്പോൾ

ദൊമിനിക്കോസു സന്യാസിയായ അന്ത്രാസീസു മെത്രാൻ കൊച്ചിയിൽ വന്ന മരിക്കയും, മാർ അവുസേപ്പു മെത്രാപ്പോലീത്തായും, ശേഷം ക്രൂത്തും ദൊമനിക്കോസു സഭക്കാരായ അന്തോനി ഒരുമിച്ചു മലയാളത്തിലുള്ള തോമാനസ്രാണികളുടെ സകല പള്ളികളിലും ദേശങ്ങളിലും രണ്ടു വർഷത്തോളം ചുറ്റിത്തിരിഞ്ഞു എല്ലാ ക്രിസ്ത്യാനികളേയും സന്ദർശിച്ചു കൽദായക്കാരനായ ഒരു സന്യാസിയോട്ട കൂടി യൌസേപ്പു മെത്രാപ്പോലീത്താ മലയാളത്തു താമസിച്ചു. മലങ്കര ശ്രുപതയെ ഭരിപ്പാൻ തുടങ്ങി. ഏല്പിയാ മെത്രാപ്പോലീത്താ മറു കൽദായ സന്യാസിയോടും അന്തോനി എന്ന ദൊമിനിക്കോസു സന്യാസിയോടും ക്രൂടെ ബാബേലിലേക്കു പിന്തിരിഞ്ഞു. അവുദീശോ പാത്രിയർക്കീസിന്റെ കല്പനപ്രകാരം മലങ്കര ശ്രുപതയെ സന്ദർശിച്ചു വൃത്താന്തവും മലയാളത്തിൽ പാട്ടക്കാരുടെ ചുരുക്കവും മെത്രാന്മാരുടെ ഇല്ലായ്മയും ബാബേലിൽ നിന്നു മെത്രാന്മാർ വരുമ്പോൾ ഗോവായിലുള്ള പോർത്തുഗീസ്സുകാർ തടസ്ഥം ചെയ്യാൻ ശ്രമിച്ചു. മാർപ്പാപ്പായുടെ ശ്രുപാർശിയുള്ള എഴുത്തുകളം കൊടുക്കണമെന്നും മറും പല സംഗതികളും ഏല്പിയാ മെത്രാപ്പോലീത്താ റോമാപുരിയിൽ ക്ലെന്ന കറാപ്പു എന്ന കർദ്ദിനാളിൻ പക്കൽ കൊടുത്ത അപേക്ഷയിൽ വിവരിച്ചിട്ടുണ്ടു. ൟ വിവരണത്തിൽ നിന്ന പോർത്തുഗീസുകാരായ ലത്തീൻകാർ മറു പൂർവ്വമായി കൽദായ മെത്രാന്മാരെ ദോഷിച്ചിരിക്കുന്ന എന്നു വേണ്ടപോലെ തെളിയുന്നുണ്ടു. യൌസേപ്പു മെത്രാപ്പോലീത്താ മലങ്കര ശ്രുപതയെ ഭരിപ്പാൻ തുടങ്ങിയെന്ന പോർത്തുഗീസ്സുകാരായ ലത്തീൻകാർ കേട്ടപ്പോൾ കന്യാസ്ത്രീമറിയം മിശിഹായുടെ മാതാവെന്ന അദ്ദേഹം ഉപദേശിച്ചു എന്നു പറഞ്ഞു ഈ പുസ്തകം ൦൦ ഓ വരെ പൂരങ്ങൾ (നോക്കു) അദ്ദേഹത്തിനെ ഇടത്തുട്ടകാരനാക്കി, നാടുകടത്തുവാൻ ഉത്സാഹിച്ചു. അദ്ദേഹം പോർത്തുഗാളിൽ ചെന്ന കത്തീനാ രാജ്ഞിയുടെ വൈദീക കച്ചേരിയിലും റോമാ പുരിയിൽ ൿം പിയൂസു മാർപ്പാപ്പായുടെ കച്ചേരിയിലും അദ്ദേഹം ഇടത്തുട്ടകാരനായി വിധിക്കപ്പെട്ടില്ലാ. പ്രത്യുത പോർത്തുഗാളിൽ അദ്ദേഹം മഹാപുണ്യവാളനായി മതിക്കപ്പെട്ടു: മാർപ്പാപ്പാ അദ്ദേഹത്തിനു കർദ്ദിനാൾ സ്ഥാനം കൊടുക്കുന്നതിനു തീർച്ചപ്പെടുത്തി. ഈ സംഗതികളം ചരിത്രവാക്യങ്ങളാണു. Raulin റോളൻ ആദിയായ ലത്തീൻ ചരിത്രകാരന്മാർ മാർ യൌസേപ്പു മെത്രാപ്പോലീത്തായേയും മാർ അബ്രാഹം മെത്രാപ്പോലീത്തായേയും പറ്റി അനേകം ദൂഷണങ്ങളും എഴുതിക്കൂട്ടീട്ടുണ്ടു. ആ ചരിത്ര വിവരണങ്ങളം തൊറാണെന്നു മേലെഴുതിയവകൊണ്ടും. താഴെ പ്രസ്താവിക്കാൻ പോകുന്നവകൊണ്ടും മതിയാകുന്നുണ്ടും തെളിയുമെന്നു വിചാരിക്കുന്നു. ഇതിലേക്കായി ഒരു ദൃഷ്ടാന്തം ഇവിടെ ചേർക്കാം. Raulin റോളൻ ഫ്രഞ്ചു ഭാഷയിൽ അവുസേപ്പു മെത്രാപ്പോലീത്താ പോർത്തുഗാളിൽ പോയി കത്തീനാരാജ്ഞിയുടെ സമ്മതം എഴുത്തു വാങ്ങിച്ചു. റോമയിൽ വന്നു മെനേസിസ് മെത്രാപ്പോലീത്തായെ കാണിച്ചു

എന്നാണ്ട എഴുതിയിരിക്കുന്നു. ഒരു എഴുത്തു കാണിച്ചു എന്നു പറയുന്നകാലം ക്രിസ്തു-ന്റെ മേലാണ എന്നാൽ മെനേസീസ്സുമെത്രാപ്പോലീത്താ വാഴ്ച ഏറ്റ ഗോവയിൽ വന്നതുമുതൽക്കു ലാണ്ട ഇപ്രകാരം ഏകദേശം പറവത്സരങ്ങൾക്കുവ്യത്യാസം വന്നിട്ടുണ്ട്. മുമ്പു എടുത്തുചേർത്തിട്ടുള്ള അനേകം ബുള്ളുകളുടെ കാലങ്ങളും കായ്ക്കളുടെ യഥാർത്ഥംപോലെ തന്നെ ഇതും വിചാരിക്കേണ്ടിയിരിക്കുന്നു- Raulin റോളൻ ക്രി—ാം പുറത്തിൽ തന്നെ അബ്രാഹം മെത്രാപ്പോലീത്താ സിമയോൻ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട എന്നും ൯൯—ാം പുറത്തിൽ അവുദീശോ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട എന്നും പൂർവ്വാപര വിരുദ്ധമായിഎഴുതിയിരിക്കുന്നു

ക്രി. ശ്രീ൯൦—ന ശേഷം അബ്രാഹം മെത്രാപ്പോലീത്താ, അവുദീശോ പാത്രിയർക്കീസിനാൽ മലയാളത്തിലെ തോമാ നസ്രാണികളുടെ മെത്രാനായി അയയ്ക്കപ്പെട്ടു. ഇദ്ദേഹം നെസ്തോറിയൻ ഭൂതത്തുടക്കാരനല്ലായിരുന്നു എന്നു Bullarium Patronatus II Vol. 260–70 പുറങ്ങളിൽ പൂം ക്ലെമെൻസ് മാർപ്പാപ്പാ, "അങ്കമാലി രൂപതയുടെ നല്ല ഓർമ്മയുടെ മാർ അബ്രാഹം മെത്രാൻ കാലംചെയ്തിരിക്കയാലും" എന്നു ക്രി൭൦-ൽ എഴുതിയിരിക്കുന്നതുകൊണ്ടു വേണ്ടപോലെ തെളിയുന്നുണ്ട്. മാർപ്പാപ്പായുടെ വിധി അനുസരിച്ചു എങ്കിലും ലത്തീൻ ചരിത്ര കർത്താക്കളുടെ അബദ്ധ അഭിപ്രായങ്ങളെ അവർ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു.

ക്രിസ്തുവിന്റെ മകരം വ്രാ-ാം വ്യ-ാം ക്ലെമെൻസ് മാർപ്പാപ്പാ ബാബേവിലെ മെത്രാന്മാരെല്ലാം ഇടത്തുടുകാരാകുന്നു എന്നു എഴുതിയ ബുള്ള, റോമാറിക്കാട്ട് സൂക്ഷിപ്പിൽ നിന്നു പൊയ്പോയതു കൊണ്ടായിരിക്കുമോ ക്രി൭൦-ൽ "നല്ല ഓർമ്മയുള്ള തക്കതായ മാർ അബ്രാഹം" എന്നു എഴുതുവാൻ കാരണം? അപ്രകാരം തന്നെ ബാബേവിലെ പാത്രിയർക്കീസന്മാരെല്ലാം ഇടത്തുടിന്റെ പുരോഗാമികളാകുന്നു എന്നു വ്യ-ാം ക്ലെമെൻസു മാർപ്പാപ്പാ ക്രിസ്തു-ൽ എഴുതിയതിന്റെ ശേഷം ക്രി൭൦-ലെ ബുള്ളയിൽ "റോമാ കച്ചേരിക്കു പുറമെ മരിച്ചു" അതായതു റോമാ ഐക്യതയിൽ ഉൾപ്പെട്ടിരിക്കുന്ന അന്യ പാത്രിയർക്കീസിന്റെ കച്ചേരിയെ സംബന്ധിക്കുന്ന അർത്ഥം അതുകൊണ്ടു എന്നു ക്രടി എഴുതിയിട്ടുണ്ടല്ലൊ.

അപ്പോ ഉദിയഹോത്തൂർ സുനഹദോസ് വരെയും തോമാ നസ്രാണികളെ ഭരിച്ചിട്ടുള്ള കൽദായ മെത്രാന്മാരെല്ലാം റോമൻകത്തോലിക്കാവിശ്വാസം അനുസരിച്ചുവരുന്നു മഹാപുണ്യവാളന്മാരും ആണെന്നു മേലെഴുതിയ ചരിത്ര ലക്ഷ്യങ്ങൾകൊണ്ടു തെളിയുന്നു. ടി മെത്രാന്മാർഎല്ലാം ഏതുദേശത്തിൽ നിന്നു വന്നവരെന്നും, അവർ മലയാളത്തിൽ വന്നതിന്റെ ശേഷം പൊതുവായി ജനങ്ങളെ നെസ്തോറിയൻ ഉപദേശം പഠിപ്പിച്ചിട്ടുണ്ടെന്നു സൂക്ഷ്മമായ ചരിത്രലക്ഷ്യങ്ങൾകൊണ്ടു മെഡ്ലിക്കോ

ട്ടു മെത്രാനും ക്ലൂട്ടും തെളിയിക്കേണ്ടിയിരിക്കുന്നു. ബാബേൽ പാത്രിയർക്കീസ് നെസ്റ്റോറിയൻ കാരനാണെന്നും അതിനാൽ സിറിയൻകാരായി മലയാളത്തിൽ വന്നിട്ടുള്ളവരൊക്കെയും ഇടത്തുട്ടുകാരാകുന്നു എന്നും അനുമാനിക്കുന്നതു യുക്തിവിരുദ്ധവും രൊമമാണ്. എന്തുകൊണ്ടെന്നാൽ ഇംഗ്ലണ്ടിലെ രാജാവു പ്രൊട്ടസ്റ്റാന്റ് മതത്തിന്റെ തലവനായതുകൊണ്ടു ആ രാജ്യത്തിൽ ഉൾപ്പെട്ട ഐർലിക്കോട്ട ഒരുത്തനും ക്ലൂട്ടും ഇടത്തുട്ടുകാരാകുന്നു എന്നു അനുമാനിക്കുന്നതു ശരിയായിരിക്കുമോ?

നെസ്റ്റോറിയൻ രാജ്യത്തിൽ സത്യവേദികളായ ക്രിസ്ത്യാനികളും, പട്ടക്കാരും, സന്യാസികളും, മെത്രാന്മാരും എല്ലാകാലത്തും ഉണ്ടായിരുന്നു എന്നും അതിനാൽ സുറിയാനിക്കാരായി ഇവിടെ വന്ന മെത്രാർ ഇടത്തുട്ടുകാരായിരുന്നു എന്നു സ്ഥാപിക്കാൻ പാടില്ലെന്നും കാണിക്കാം. (Louis Asseman) ലൂയിസ് അസ്സെമാന്റെ പുസ്തകം ൨൦൦൦ാം പുറത്തിൽ, ബാബേലിൽ സെല്യൂക്യാ സിംഹാസനത്തിൽ നെസ്റ്റോറിയൻ ഇടത്തുട്ടുകാരനായ പാത്രിയർക്കീസുണ്ടായതു ൪൦൦-ാം കാലം ബഖേവൂസ് എന്ന പാത്രിയർക്കീസായിട്ടാണെന്നു കാണുന്നു. ൫൮൦-ാംകാലത്തിൽ നെസ്റ്റോറിയൻ ഇടത്തുട്ടു കോൻസ്റ്റാന്തിനാപുരിയിൽ ജനിച്ചുവെങ്കിലും ബാബേലിലെ ൪൦൦-ാം കാലത്തിലെ പാത്രിയർക്കീസ്മാരെ വാണിരുന്ന പാത്രിയർക്കീസന്മാർ വളരെ ഞെരുക്കങ്ങൾ അനുഭവിച്ചു. ഇടത്തുട്ടിനെ വിരോധിച്ചു നിന്നിരുന്നു. പെർഷ്യാ, നിനവെ, മുതലായ ദേശങ്ങളിലും, അനവധി ജനങ്ങളും പട്ടക്കാരും, സന്യാസികളും, മെത്രാന്മാരും, സത്യവിശ്വാസത്തിൽ നിന്നുകൊണ്ടു നെസ്റ്റോറിയൻ ഇടത്തുട്ടിനോടു പോരാടിയിരുന്നു. ൪൦൦—ലെ പാത്രിയർക്കീസായ ബഖേവൂസ് നെസ്റ്റോറിയൻ ഇടത്തുട്ടിൽ ഉൾപ്പെട്ടിരുന്നാലും അക്കാലത്തും പിൻകാലങ്ങളിലും, നെസ്റ്റോറിയൻ പാത്രിയർക്കീസിന്റെ അധികാരത്തിൽപ്പെട്ട സ്ഥലങ്ങളിൽ വളരെ ജനങ്ങളും പട്ടക്കാരും, സന്യാസികളും മെത്രാന്മാരും, കത്തോലിക്കാ വിശ്വാസത്തിൽ നിലനിന്നിരുന്നു എന്നു താഴെപ്പറയുന്ന ലക്ഷ്യങ്ങൾകൊണ്ടു തെളിയുന്നതാണു.

(Joseph Asseman) ജോസെപ്പ് അസ്സെമാന്റെ ൫-ാം പുസ്തകം ൯-ാം പുറത്തിൽ ൪൨൭-ൽ പെർഷ്യയിലുള്ള ക്രിസ്ത്യാനികളിൽ വലിയ പങ്കു കത്തോലിക്കരായിരുന്നു എന്നു എഴുതിയിരിക്കുന്നു. (Surius) സൂരിയൂസിന്റെ പുണ്യവാളന്മാരുടെ ചരിത്രം (തുലാം ൨൫-ാം തീയതിലെ) സപ്ലി-ാം പുറത്തിൽ അറേബിയായിൽ ൫൭൩-ൽ ശ്ലൂഡ: അറേത്തയുടേയും ക്ലൂട്ടു ൫൮൦ വേദസാക്ഷികളുടെയും ചരിത്രം കാണിക്കുന്നു. (Surius) മകരം ൨൨-നു, ൽൻ-ാം പുറം, ൫൮൩ൽ ശ്ലൂഡ; യാക്കൊത്തിരുനിന്റെ ചരിത്രം കാണിക്കുന്നു. ജോസെപ്പ് അസ്സെമാന്റെ ൫-ാം പുസ്തകം വൻ-ാം പുറത്തിൽ ഒന്നാൽ മെസൊപ്പൊത്താമ്യായിൽ കി

ത്തിപ്പെട്ട കത്തോലിക്കാ മെത്രാന്മാർ ഉണ്ടായിരുന്നു എന്നു കാണിക്കുന്നു. ജൊസെഫ് അസ്സേമാന്റെ ൪ാം പുസ്തകം ൧ാം പുറത്തിൽ സ്പെയിൻ രാജ്യത്തിലെ സഹദൂനാ എന്ന മെത്രാനും അദ്ദേഹത്തിന്റെ കീഴുള്ള ജനങ്ങളും മനസ്സുതിരിഞ്ഞു എന്നും അസ്സീരിയായിൽ അദ്ദേഹത്തിനെ കണ്ടുപിടിച്ചു, വളരെപേർ കത്തോലിക്കാ വിശ്വാസം അംഗീകരിച്ചു എന്നും എഴുതികാണുന്നു. സൂരിയൂസ് മകരം ൨൧ാം—പ്രപഞ്ചായിൽ സുവർഗ്ഗീയ ശ്ലൂഹ: അനസ്താസിയൂസ് വേദസാക്ഷിയുടെ ചരിത്രം കാണിക്കുന്നു. പിന്നീട രണ്ടു നൂറാണ്ടുകൾക്കു പ്രപഞ്ചായിൽ കൊസ്രൊയെ രാജാവിന്റെ കാലംതൊട്ട ഉണ്ടായ രാജഞെരുക്കത്തിൽ വേദസാക്ഷികളായി മരിച്ചവരുടെ സംഖ്യ റോമാചക്രവർത്തികളുടെ ഞെരുക്കത്താൽ വേദസാക്ഷികളായി മരിച്ചവരുടെ സംഖ്യയ്ക്കു തുല്യമാണെന്നു ചരിത്രക്കാർ സമ്മതിക്കുന്നുണ്ട. മേൽപ്രകാരമുള്ള ഞെരുക്കകാലം മുതൽ കത്തോലിക്കരായ പല മെത്രാന്മാർ, സന്യാസികൾ, പട്ടക്കാർ, മുതലായവർ ഇന്ത്യാദേശം—പ്രത്യേകമായി മലയാളം—അനുകൂലമായി കരുതിയും തോമാ ശ്ലീഹായുടെ കബറിട വന്ദനയ്ക്കായും തോമാനസ്രാണികളുടെ ആത്മരക്ഷയെ ആഗ്രഹിച്ചും വന്നിട്ടുള്ളവരാണ. സത്യകത്തോലിക്കാ മെത്രാൻമാർ അല്ലാതെ, ഞെരുക്കങ്ങളും ബുദ്ധിമുട്ടുകളും അനുഭവിച്ചും ലോകത്തിനനുഭവമായ മാഹാത്മ്യങ്ങൾ പ്രാപിപ്പാൻ പാടില്ലാത്ത നിലയിൽ മേൽപ്രകാരം വരുന്നതിന പാടില്ല. നെഫ മുതൽ ൧൮ാം വരെ ജീവിച്ചിരുന്ന സുറിയാനിക്കാരനായ മൂന്നാം ഗ്രിഗോറിയൂസ് മാപ്പിപ്പാ ഏതു നാട്ടിൽ ജനിച്ചവനെന്നും, ഏതുറീത്തുകാരനെന്നും മെഡ്വിക്കോട്ട മെത്രാൻ തീർച്ചയാക്കിയിട്ടുവെല്ലൊ. എന്നാൽ ൨൧ാം സിസീനിയൊ മാർപ്പാപ്പാ സിറിയൻ കാരനെന്നും ൨൧ാം മുതൽ ൧൪ാം വരെ വാണ കൊസ്മാസിനൊ മാർപ്പാപ്പായും സിറിയൻ കാരനാണെന്നും തിരുസ്സഭാചരിത്രത്തിൽ നിന്നും വെളിവാകുന്നുണ്ട്. ഒരു രണ്ടു മാർപ്പാപ്പാമാരും ഏതു ദേശത്തിൽ ജനിച്ചവരാണെന്നും ഏതു റീത്തുകാരെന്നും മെഡ്വിക്കോട്ടമെത്രാനും കൂട്ടരും കാണിച്ചുതന്നാൽ കൊള്ളാം.

മേലെഴുതിയ ലക്ഷ്യങ്ങൾ കൊണ്ടും ഒരു പുസ്തകം രണ്ടാം ഭാഗത്തിൽ ചേർത്തിട്ടുള്ള ലക്ഷ്യങ്ങൾകൊണ്ടും ബാബേൽ പാത്രിയർക്കീസിന്റെ അധികാര രാജ്യങ്ങളിൽ എല്ലാകാലത്തും സത്യകത്തോലിക്കാ ക്രിസ്ത്യാനികളും മെത്രാൻമാരും ഉണ്ടായിരുന്നു എന്നും അതിനാൽ ആ നാട്ടുകളിൽ നിന്നും മലയാളത്തിൽ വന്ന ഭരിച്ചിരുന്ന മെത്രാൻമാരും മറ്റും നെസ്തോറിയൻ കാരാകുന്നു എന്ന മെഡ്വിക്കോട്ട മെത്രാനും കൂട്ടരും കേവലം ഊഹത്താൽ പ്രസ്താവിച്ചിട്ടുള്ളതു ശരിയല്ലെന്നും പറയേണ്ടതുണ്ടൊ?

മൂന്നാം ഭാഗം
ഛിദ്രം ൦൦ പ്രകരണം.

൧൮൫൦-ജൂൺ ൧൫—൦, ൨൫—൭ തീയതികളിലെ
"സത്യനാദത്തിൽ" പ്രസിദ്ധീകരിക്കപ്പെട്ടതായ
നി. വ. ദി. ശ്രീ. ഡാക്ടർ. ഏ. മെ
ഡ്വിക്കോട്ട മെത്രാന്റെ ഉപന്യാസത്തെ
പറ്റി കൊച്ചീ രൂപതയുടെ ഒലിവേയി
രാക് സേവിയർ മെത്രാൻ ഫർമൽ

"ചില വിശദീകരണങ്ങൾ"
എന്ന പേരായി അച്ചടിപ്പിച്ചിട്ടുള്ളവകളുടെ

"ശുചീകരണങ്ങൾ"

ഒലിവേയിരാ മെത്രാൻ തന്റെ വിശദീകരണത്തിൽ "രണ്ടു പള്ളികൾ ഒണ്ടുവിമോചനങ്ങൾ അനുവദിക്കപ്പെടേണ്ടുവയാണെന്ന ശ്രീ: പ്രാൻസിസ് സവിയർ അപേക്ഷിച്ചിരുന്നുവയിൽ ഒന്നു സിരിയൻ പള്ളി ആയിരുന്നു എന്നും അതു വാസ്തവത്തിൽ സന്യാസിയായ കപ്പൂച്ചീൻ പാദ്രി വിനസന്തെ ളാഗോസ് മിഷനറിയുടെ വിചാരണയിൻ കീഴിൽ ആയിരുന്നില്ലെങ്കിൽ സ്വാധീനത്തിലെങ്കിലും ഉൾപ്പെട്ടിരുന്നു എന്നും താങ്കൾ സമ്മതിക്കയാണല്ലൊ ചെയ്തിരിക്കുന്നതു. അപ്രകാരമല്ലാ എന്റെ അഭിപ്രായത്തിൽ അതു വാസ്തവ വിരുദ്ധമാകുന്നു. എന്നാൽ താഴെ ചേർക്കുന്ന രേഖാപ്രമാണങ്ങളിൽ നിന്നു താങ്കൾക്കും മറെറല്ലാ വായനക്കാർക്കും തിമ്മാനിപ്പാൻ കഴിയുന്നതു പോലെ ഒരു പള്ളികളും യഥാർത്ഥത്തിൽ പോർത്തുഗീസ്സുകാരുടേതു തന്നെയായിരുന്നു. ഇതിന്റെ അസന്നിശ്ചതയ്ക്കും ദൃഢീകരണത്തിനും വേണ്ടി ഒരു രേഖകളും മൂലഗ്രന്ഥങ്ങളിൽ നിന്നു തന്നെ ഇവിടെ പകർത്തുകയാണു ചെയ്യുന്നു" എന്നു പറഞ്ഞിരിക്കുന്നു. കൊടുങ്ങല്ലൂരിലെ തോമാനസ്രാണികളുടെ പള്ളി ഉദിയമ്പേരൂർ സൂനഹദോസിനു മുമ്പുതന്നെ റോമൻ കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നു എന്നു മെഡ്ലിക്കോട്ട മെത്രാൻ അവകാശപ്പെട്ടിട്ടുള്ളതു ഒലിവെയിരാ മെത്രാൻ അവകളുടെ അഭിപ്രായത്തിൽ അതു ശരിയല്ലന്നാകുന്നു. ഉദിയമ്പേരൂർ സൂനഹദോസിനു മുമ്പു തോമാനസ്രാണികളുടെ പള്ളികൾ ഒന്നും തന്നെ റോമൻ കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നില്ലെന്നും, കൊടുങ്ങല്ലൂർ പള്ളി, സത്യവിശ്വാസത്തിൽ ചേർന്നിരുന്നു എന്നു മെഡ്ലിക്കോട്ട മെത്രാൻ പറഞ്ഞിട്ടുള്ളതു അബദ്ധമാണെന്നും അതുനു ഒലിവെയിരാ മെത്രാൻ അവകളുടെ അഭിപ്രായം. ഒരു സംഗതിയുടെ യഥാ

ത്തെ വെളിപ്പെടുത്തുന്നതിനു പുറപ്പെട്ടന്നത്തിനു മുമ്പിൽ, മെഡ്ലിക്കോട്ടമെത്രാൻ അവർക്കുടെയും ലിവെയിറാ മെത്രാൻ അവർക്കുടെയും ശ്രമം കണ്ടതിൽ എനിക്കു ഓർമ്മ വന്ന ഒരു കഥയെ താഴെ ചേർക്കുന്നു. ഒരിക്കൽ ഒരു പ്രഭു ഉലാത്തുവാനായി പുറപ്പെട്ട സമയം തന്റെ കയ്യിൽ വിലപിടിച്ച ഒരു വിശേഷവടി ഉണ്ടായിരുന്നു. അതു വടി കയ്യ്ലാക്കുന്നതിനുള്ള വിചാരത്തോടുകൂടി രണ്ടു കള്ളന്മാർ പ്രഭുവിന്റെ അടുക്കൽ ചെന്നു അഭിപ്രായപ്രകാരങ്ങൾ ചെയ്തു, തമ്മിൽ സംസാരിക്കുവാൻ തുടങ്ങി. സംസാരം മൂത്തു കള്ളന്മാർ തമ്മിൽ പിണങ്ങി. ഒരുവൻ മാറുവിന്റെമുഖത്തിൽ ഒരടിയടിച്ചുംവച്ചു ഓടിക്കളഞ്ഞു. അടികൊണ്ട കള്ളൻ കോപിച്ചു, പ്രഭുവിനോടു ഇപ്രകാരം പറഞ്ഞു:—"നിങ്ങളുടെ സന്നിധാനത്തിൽ വച്ചു, അവൻ ഇപ്രകാരം ചെയ്തതു വലിയ അന്യായം. അവനെ ഒന്നു പഠിപ്പിക്കണം. ആ വടി ഇങ്ങോട്ടു തരിക" എന്നു പറഞ്ഞ ഉടനെ പ്രഭു വടി കൊടുക്കുകയും, വടി മേടിച്ചും കൊണ്ടു, അടിച്ചകള്ളനെ തല്ലുവാൻ എന്ന ഭാവത്തിൽ, അവന്റെ പിന്നാലെ വടിയുംകൊണ്ടു ഓടുകയും ചെയ്തു. എന്നതു പോലെ, ലിവെയിറാമെത്രാൻ മെഡ്ലിക്കോട്ടമെത്രാന്റെ തൊപ്പി മുണ്ടിക്കാണിച്ചു, അപമാനിച്ചുകൊണ്ടു ഇരുവരും കൂടി തോമാനസ്രാണികളുടെ പക്കലുള്ള വിലയേറിയ വിശ്വാസസ്ഥിരത എന്ന വിശേഷ അഭരണത്തെ ഊന്നപ്പെടുത്തുന്നതിനു ശ്രമിച്ചു പുറപ്പെട്ടിരിക്കയാണ്- എന്നാൽ ലിവേയിറാമെത്രാന്റെശ്രമം നിക്ളാവൊനീല്യസെന്നാംരംശോ സഭക്കാരൻ തോമാനസ്രാണികളുടെ പഞ്ചാംഗം സംബന്ധിച്ചു പറഞ്ഞിരിക്കുന്നതുപോലെയാകുന്നു. എന്തെന്നാൽ ഉദിയന്നേർ സുനഹദോസ് ചരിത്രത്തിൽ 'മൂന്നാംനോയമ്പ്' എന്ന വാക്കിനെ "മൂന്നാനേമ്പ" എന്ന അവശബ്ദമായി എഴുതിയിട്ടുള്ളതിനെ റോമൻ തിരുത്തി "മൂന്നാംനോമ്പ്" എന്നാക്കിത്തീർത്തു. എന്നാൽ ടി. നിക്ലാവൊനില്യസ് എന്ന രംശോസക്കാരൻ അതിനെ ഒന്നുകൂടി വിശദീകരിച്ചപ്പോൾ "മൂനാനൊയെമ്പ്" എന്നാക്കി. എന്നതുപോലെ തോമാനസ്രാണികളും തോമാശ്ലീഹായുടെ കാലംമുതൽ ഉദിയന്നേർ സുനഹദോസുവരെയും സത്യക്രിസ്ത്യാനികളായിരുന്നുവെന്നുള്ളതിനെ, മെഡ്ലിക്കോട്ടമെത്രാനവർകളും ഒന്നു ഭേദപ്പെടുത്തി, യോർദാൻ മെത്രാൻ കൊല്ലത്തു വന്ന സമയം അവിടെയുള്ള ക്രിസ്ത്യാനികളും റോമാ അധികാരത്തിന്നു കീഴ്പ്പെട്ടിരുന്നു എന്നും കൊടുങ്ങല്ലൂർ പള്ളി ഉദിയന്നേർ സുനഹദോസിനു മുമ്പുതന്നെ റോമാ അധികാരത്തിന്നു കീഴ്പ്പെട്ടിരുന്നു എന്നും എങ്കിലും ശരിയായും മുഴുവനായുമുള്ള. കീഴ്വഴക്കം ഉദിയന്നേർ സുനഹദോസിനു ശേഷമെ ഉണ്ടായിരുന്നൊള്ളു എന്നും പറഞ്ഞിട്ടുള്ളതുകൊണ്ടു ചിലപള്ളികളും ഏതാനും വിശ്വാസികളും സത്യവിശ്വാസത്തിൽ നിലനിന്നിരുന്നു എന്നു സമ്മതിക്കുന്നതിനെ ലിവെയിറാ മെത്രാൻ കൊടുങ്ങല്ലൂർപ്പള്ളി സുറിയാനിക്കാരുടെതു അല്ലായിരുന്നു എന്നും

കൊടുങ്ങല്ലൂരിലെ സുറിയാനിക്കാരുടെ പുരാതനപ്പള്ളി പോർത്തുഗീസുകാരുടെതാണെന്നും സുറിയാനി നസ്രാണികൾ നെസ്തോറിയൻ ഇടത്തുടുകാരായി കൊടുങ്ങല്ലൂരിൽ അവർക്കു യാതൊരു പള്ളിയും ക്രൂടാതെ പാർത്തിരുന്നു എന്നും പറയുന്നു. അഹാ! ഇത്തരം വിഡ്ഢിത്തരങ്ങൾ പുറപ്പെടുവിക്കുന്നു ആളെന്നു ഞാൻ വിചാരിച്ചിരുന്നില്ലാ കൊടുങ്ങല്ലൂർപ്പള്ളി പോർത്തുഗീസുകാരുടേതല്ലായിരുന്നു എന്നും സുറിയാനി നസ്രാണികളും അവരുടെ പള്ളികളും റോമാഐക്യതയിൽ സത്യവിശ്വാസത്തിൽ സ്ഥിതിചെയ്തിരുന്നു എന്നും തെളിയിക്കുന്നതിനു മുമ്പു ഒലിവേയിരാ മെത്രാന്റെ "വിശദീകരണങ്ങളു"ടെ ആരംഭത്തിലെ അടിപ്രായത്തെ നിഷേധിക്കേണ്ടിയിരിക്കുന്നു. തുലോം വിവേകശൂന്യമായി ഉദ്ധരിക്കപ്പെട്ടിട്ടുള്ളതും കേവലം അസന്ദർഭോചിതവും വിശിഷ്യ കാൽദീന്താ മിഷ്യനറിമാർക്കു ഉഗ്രവിരോധസൂചകവുമായ ഒരു കയ്യെഴുത്തു ചരിത്രഗ്രന്ഥത്തിൽ (തിരുവിതാംകൂർലെ ക്രിസ്തുമതം൯൨—ാം പുറത്തിൽ) പോർത്തുഗീസുകാരോടു വിരുദ്ധമായുള്ള രീതിയിൽ രണ്ടു റോമാസിരിയൻ പട്ടക്കാരാൽ എഴുതപ്പെട്ടിട്ടുള്ളതുമായ ഒരു വിഷയത്തിലേക്കു പ്രവേശിപ്പാൻ എനിക്കു ഭാവമുണ്ടായിരുന്നില്ല" തിരുവിതാംകൂർലെ ക്രിസ്തുമതം൯൨—ാം പുറത്തിൽ കാൽദീന്താ മിഷ്യനറിമാർക്കു ഉഗ്രവിരോധസൂചകമായും പോർത്തുഗീസുകാരോടു വിരുദ്ധമായും ഉള്ളരീതിയിൽ എഴുതപ്പെട്ടിട്ടുള്ള സംഗതി എന്താകുന്നു? തിരുവിതാംകൂറിലെ ക്രീസ്തുമതചരിത്രത്തിൽ തോമാ ക്രിസ്ത്യാനികൾ തോമാ ശ്ലീഹായുടെ കാലം മുതൽ സത്യവിശ്വാസത്തിൽ നിലനിന്നിരുന്നു എന്ന സംഗതി വേണ്ടതെളിവുകൾ സഹിതം രണ്ടു റോമാ സിറിയൻ പട്ടക്കാർ പ്രസ്താപിച്ചിട്ടുണ്ട്. തോമാ നസ്രാണികൾ വിശ്വാസത്തിൽ നിലനിന്നിരുന്നു എന്നു ശ്ലീ: ശവരിയാരു പുണ്യവാളന്റെയും മറവും സാക്ഷികളോടുകൂടിയാണു അവർ തെളിയിച്ചിട്ടുള്ളതു ഇപ്രകാരമുള്ള പ്രസ്താപന കാൽദീന്താ മിഷനറിമാർക്കും പോർത്തുഗീസുകാർക്കും വിരോധമായിട്ടുള്ള സംഗതിയാണെന്നു ഒലിവേയിരാ മെത്രാൻ പറയുന്നതു എന്താകുന്നു? സത്യവിശ്വാസത്തിൽ ഏതൊരു ജനം സ്ഥിരമായി നിന്നിരുന്നു എന്നുള്ള സംഗതി തിരുസഭയ്ക്കു ബഹുമതിയും മഹത്വവും വരുത്തുന്നതാകുന്നു ഇപ്രകാരമുള്ള സംഗതി കാൽദീന്താ മിഷനറിമാർക്കും പോർട്ടുഗീസു വൈദീകർക്കും വിരോധമായുള്ള സംഗതിയാണെന്നു ഒലിവെയിരാ മെത്രാൻ പറയുന്നതു കൊണ്ടു തന്നെ, താൻ തെളിയിപ്പാൻ പോകുന്ന കാര്യത്തിന്റെ വാസ്തവത്തെ നിഷേധിക്കുന്നു. തോമാനസ്രാണികൾ സത്യ വിശ്വാസത്തിൽ നിലനിന്നിരുന്നു എന്ന സംഗതിയല്ലാതെ പ്രധാനമായി ഒന്നും രണ്ടു റോമാ സിറിയൻ പട്ടക്കാരുടെ പ്രബന്ധത്തിൽ ഇല്ല. ആ പ്രബന്ധത്തിൽ നിഷേധിക്കേണ്ടതായി മെഡ്ലിക്കോട്ട മെത്രാനും ഒലിവെയിരാ മെത്രാനും കണ്ടുപിടിച്ച ആക്ഷേപിച്ചിട്ടുള്ള ആ ആക്ഷേപങ്ങളിൽ പോർത്തുഗീസ്സ്കാർക്കും കാൽദീ

ത്താ മിഷനറിമാർക്കും വിരോധമായി രണ്ടു സിരിയൻ പട്ടക്കാരും പറഞ്ഞിട്ടുള്ള സംഗതികളും ഇന്നവയെന്നു ഒന്നും കാണിച്ചിട്ടില്ലാത്തതു കൊണ്ടു, തോമാനസ്രാണികളും പുരാതന കാലം മുതൽ സത്യവിശ്വാസത്തിൽ നിലനിന്നിരുന്ന എന്നുരണ്ടു സുറിയാനി പട്ടക്കാർ സ്ഥാപിച്ചിട്ടുള്ളതുതന്നെയാണു പോർത്തുഗീസുകാർക്കും കമ്മലീത്താ മിഷനറിമാർക്കും വിരോധമായി എഴുതീട്ടുള്ള സംഗതിയെന്നു ഒരം രണ്ടു മെത്രാന്മാരും സാക്ഷീകരിക്കുന്നു. അപ്രകാരമല്ലെങ്കിൽ കമ്മലീത്താ മിഷനറിമാർക്കും പോർത്തുഗീസ് വൈദീകർക്കും ഉഗ്രവിരോധ സൂചകമായി രണ്ടു റോമാ സിറിയൻ പട്ടക്കാർ എഴുതീട്ടുള്ളതെങ്ങനെ? കാണിച്ചു തരേണ്ടതു മുമതല ഒരിവെയിരാ മെത്രനിൽ ഇരിക്കുന്നു. തോമാ ശ്ലീഹായുടെ കാലം മുതൽ ഉദിയമ്പേരൂർ സൂനഹദോസ് പര്യന്തം തോമാനസ്രാണികളും സത്യവിശ്വാസത്തിൽ നിലനിന്നിരുന്ന എന്നുള്ള സംഗതിയാണ് പ്രധാനമായി രണ്ടുസുറിയാനി പട്ടക്കാരുടെ പ്രസ്താവനയിൽ കാണുന്നതു. എന്നാൽ തോമാശ്ലീഹായുടെ കാലംമുതൽ ഉദിമ്പേരൂർ സൂനഹദോസ് പര്യന്തം തോമാനസ്രാണികളും സത്യവിശ്വാസത്തിൽ നിലനിന്നിരുന്ന എന്നു സ്ഥാപിക്കുന്നതിൽ പോർത്തുഗീസ് വൈദീകർക്കും കമ്മലീത്താ മിഷനറിമാർക്കും എന്തു വിരോധമാണുള്ളതു? തോമാനസ്രാണികളും സത്യവിശ്വാസത്തിൽ നിലനിന്നിരുന്ന എന്നസംഗതി തെളിഞ്ഞാൽ കിഴക്കൻ റീത്തുകാരായ തോമാനസ്രാണികളുടെ ഭരണം പടിഞ്ഞാറൻ ക്രമക്കാരായ ലത്തീൻ വൈദീകർക്കു വെച്ചു കൊണ്ടിരിക്കുന്നതിനു, ഒരം പുസ്തകം ക്ര—ാം ഭാഗം ൯—ാം പ്രകരണത്തിൽ (൯൦—൯൨ പുറങ്ങൾ നോക്കുക) ഞാൻ എഴുത്തു ചേർത്തിട്ടുള്ള, കാനോനാ നിയമങ്ങളും വിഷ്ണമായി തീരുമെന്നു ശങ്കിച്ചായിരിക്കാമോ, അവരെ നെസ്തോറിയൻ ഇടത്തുട്ടുകാരാക്കിയിരിക്കുന്നതു? തോമാനസ്രാണികളും ഇടത്തുടിൽ നിന്നും ലത്തീൻ വൈദീകരാൽ സത്യവിശ്വാസത്തിലേക്കു തിരിക്കപ്പെട്ടവരാണെന്നും, അതിനാൽ തിരിക്കപ്പെട്ടവരായ അവരുടെ ഭരണം അവരിൽ തന്നെ ഇരിക്കേണ്ടതാണെന്നും ഉള്ള അനുമാനത്തിലേക്കാണു പോർത്തുഗീസ് വൈദികരുടെ ഉദ്യമങ്ങളും എന്നു വിശേഷിച്ചു പറയേണ്ടതുണ്ടോ? എന്നാൽ ഒരം അനുമാനവും പോർത്തുഗീസ് വൈദീകരുടെ ഭരണത്തിനെ അനുകൂലിക്കുന്നില്ല. സത്യവിശ്വാസത്തിൽ നിന്നു തെറ്റി ഇടത്തുടകളിൽ അകപ്പെട്ടിട്ടുള്ള ക്രിസ്ത്യാനികളും അവരുടെ അബദ്ധത്തെ അറിഞ്ഞു സത്യവിശ്വാസത്തിലേക്കു തിരിഞ്ഞു വന്നാൽ അവരു ഏതു ക്രമക്കാരരാ, ആ ക്രമത്തിൽ നിന്നും മാറുന്നതിനു അവരെ ഒരുത്തർക്കും നിർബന്ധിപ്പാൻ പാടില്ല. എന്നു റോമാപ്പള്ളിയുടെ കാനോനാകർക്കല്പിക്കുന്നു. ആയതുകൊണ്ടു തോമാനസ്രാണികളുടെ കിഴക്കൻക്രമങ്ങളെയും, കിഴക്കരുടെ അധികാരഭരണത്തെയും ബലമായി പോർത്തുഗീസ വൈദീകർ മാറീട്ടുള്ളതിനു ന്യായമായ യാതൊരു കാരണവും ശരിയായ യാതൊരു അധികാരവും കാണിക്കുന്നതിനു അവർ വശമാകയില്ലെന്നു എനിക്കു തോന്നുന്നു

"രണ്ടു പള്ളികളും ഉണ്ടാവിരോധനങ്ങളും അനുവദിക്കപ്പെട്ടേ ണ്ടവയാണെന്നു ശ്രീ: പ്രംസീസ്സു സവിയർ അപേക്ഷിച്ചിരുന്നുവെങ്കിൽ ഒന്നു സിറിയൻ പള്ളിയായിരുന്നു വെന്നും അതു വാസ്തവത്തിൽ സന്ന്യാസിയായ കപ്പൂച്ചീൻ പാട്ടി പിൻസെൻറ് ദെളാഗോസ് മിഷ്യനറിയുടെ വിചാരണയിൽ കീഴിൽ ആയിരുന്നില്ലെങ്കിൽ സ്വാധീനത്തിലെങ്കിലും ഉൾപ്പെട്ടിരുന്നു എന്നും താങ്കൾ സമ്മതിക്കയുണ്ടല്ലോ ചെയ്തിരിക്കുന്നതു. അപ്രകാരമല്ല എന്റെ അഭിപ്രായത്തിൽ അതു വാസ്തവവിരുദ്ധമാകുന്നു.....അതിനാൽ പ്രസ്തുത സംഗതി വേണ്ടപോലെ പരിശോധിച്ചു സ്പഷ്ടീകരിക്കുന്നതിലേക്കു ഞാൻ ആശിക്കുന്ന വ്യക്തീകരണത്തിനുവേണ്ടി ഈ വാദസംഗതി അഞ്ചു ഭാഗങ്ങളായി വേർതിരിച്ചാണു ഞാൻ വിവരിക്കുന്നതു" എന്നിപ്രകാരമാണു ഒലിവെയിറാ മെത്രാന്റെ പൂർവ്വപക്ഷം. കൊട്ടക്കല്ലൂരിലെ സുറിയാനി പള്ളിയും സുറിയാനി ജനങ്ങളും ഉദിയമ്പേരൂർ സൂനഹദോസിനു മുമ്പു റോമാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നു എന്നു മെഡ്വിക്കോട്ടു മെത്രാൻ സമ്മതിച്ചിട്ടുള്ളതിനെ നിഷേധിക്കുകയും അതിന്റെ തെളിവു അഞ്ചു ഭാഗങ്ങളായി എഴുതുകയും ആണു ഒലിവെയിറാ മെത്രാൻ ചെയ്തിട്ടുള്ളതു. കൊട്ടക്കല്ലൂരിലെ സുറിയാനി നസ്രാണികളുടെ സുറിയാനിപ്പള്ളി പോർത്തുഗീസ്സുകാരുടേതായിപ്പോയി എന്നു ഒലിവെയ്റാ മെത്രാൻ വളരെ ശ്രമപ്പെട്ടു തെളിവുകളെ ചേർത്തെഴുതീട്ടുണ്ടെങ്കിലും അവയിൽ ഒന്നുപോലും വാദത്തിനു തെളിയിക്കുന്നതെന്തു നിർമ്മത്സരബുദ്ധികളും ഒരുത്തരും അഭിപ്രായപ്പെടുമെന്നു എനിക്കു തോന്നുന്നില്ല. എന്നാൽ മറിച്ചു അദ്ദേഹത്തിന്റെ തെളിവുകളും എല്ലാം കൊട്ടക്കല്ലൂരിലെ സുറിയാനി നസ്രാണികളും സത്യവിശ്വാസത്തിൽ നിഷ്കളങ്കരായിരുന്നു എന്നും കൊട്ടക്കല്ലൂരിലെ പള്ളി അവരുടെ സ്വന്തമാണെന്നും ബലമായി തെളിയിക്കുന്നതിനു സാധിക്കുന്നു. ഒലിവെയിറാ മെത്രാൻ അഞ്ചുഭാഗങ്ങളായി കൊണ്ടുവന്നിട്ടുള്ള തെളിവുകളിൽ കൊട്ടക്കല്ലൂർ പള്ളിയുടെ കൈവശത്തെപ്പറ്റി യാതൊരു എതിർതെളിവും അതു രണ്ടുഭാഗങ്ങളിൽ ചേർത്തുകാണുന്നില്ല. മൂന്നാം ഭാഗത്തിൽ "ഏതു പള്ളികൾക്കുവേണ്ടി ശ്രീ. പ്രംസീസ്സു ശവിയർ ഉണ്ടാവിരോധനം അപേക്ഷിച്ചുവോ. ആ പള്ളികൾ രണ്ടും പോർത്തുഗീസ്സുകാരുടേതും, കൊട്ടക്കല്ലൂർ നാട്ടിൽ പോർത്തുഗീസ്സുകാരുടെ കോട്ടകൾക്കുള്ളിൽ സ്ഥാപിക്കപ്പെട്ടിരുന്നവയും ആകുന്നു. ഇതാണു ആദ്യത്തെ തെളിവു. സുറിയാനി പള്ളി പോർത്തുഗീസ്സുകാരുടെ കോട്ടകൾക്കുള്ളിൽ സ്ഥാപിക്കപ്പെട്ടിരുന്നതിനാൽ ആ പള്ളി പോർത്തുഗീസ്സുകാരുടേതായിരുന്നുപോലും! ഒരു അനുമാനം സ്വീകാര്യയോഗ്യമാണെങ്കിൽ ഒലിവെയിറാ മെത്രാനും തന്റെ അമ്മയും, ബ്രിട്ടീഷ് കൊച്ചിയിലുൾപ്പെട്ട തന്റെ ജന്മവും, തന്റെ പള്ളിയും ബ്രിട്ടീഷ് കൊച്ചിയിലെ ഉദ്യോഗസ്ഥരുടെ പള്ളികളും ബ്രിട്ടീഷ് കൊച്ചിയിൽ ഉൾപ്പെട്ടവയാകയാൽ അവയെല്ലാം ഇംഗ്ലീഷ് പ്രോട്ടസ്റ്റാന്റ് മതക്കാരുടെയും ജനങ്ങളും അവരുടെ മതാനു

സാരികളും എന്നൊന്ന അനുമാനിക്കുന്നതിൽ വിരോധമുണ്ടോ? അതു നാമമാനത്തിനു ഒരിവെയിലാ മെയ്യാനും മഹമ്മദീയരായ ജോനകരും ഉപയോഗിക്കുമോ? ഈ വാദത്തിനു തൽക്കാലം മതിയാകുമെങ്കിലും കൊടുത്തോമ്മാനസ്രാണികളുടെ പള്ളി പോർത്തുഗീസ്സുകാരുടെ കോട്ടകൊത്തളങ്ങളിൽ ഉറപ്പെട്ടിരുന്നൊ എന്നു അന്വേഷിക്കേണ്ടതാണു. "ഗ്രന്ഥനാമാണ്ടിൽ.....കൊടുങ്ങല്ലൂരിലെ രാജാവു.....പോർത്തുഗീസ്സുകാരുടെ ആദരവുമൂലം കൊച്ചി രാജാവു അനുഭവിച്ചുപോരുന്ന സഹായവും പ്രബലതയും കണ്ടിട്ടു ആ രാജാവുമായി വലിയ സഖ്യത ചേർന്നു.....എറ്റവും വലിയ ഉറപ്പിനുവേണ്ടി രാജാവു പെരുമാറ്റത്തോടു രഹസ്യമായി സംസാരിക്കയും,.....അയാളോടു ഒന്നിച്ചു, പോർത്തുഗീസ്സുകാരുടെ ദേവസ്സു സൂപ്രൈഡെണ്ടിനെ പോയി കണ്ടു, കൊടുങ്ങല്ലൂർ ആരോമരത്തിൽ ഒരു സ്ഥലത്തു ഒരു കോട്ട കെട്ടുന്നതിനും,.....അതിൽ പോർത്തുഗീസ്സുകാരുടെ ഒരു സൈന്യാധിപനും ഒരു പട്ടാളവും ഉണ്ടായിരിപ്പാനും ആലോചിക്കുന്നതിനു മാർഗ്ഗമുണ്ടാക്കയും, ചെയ്തു. നാമമാത്രി.....നമ്മുടെ അള്ളകം (പോർത്തുഗീസ്കാർ) ഒരു ഗതാഗതമാർഗ്ഗത്തെ തടസ്സമില്ലാതെ തീർച്ചയാക്കി എന്നു കണ്ടിട്ടു, തന്റെ വാസം കൊടുങ്ങല്ലൂരിൽ ഉറപ്പിച്ചു. അവിടെ ഉണ്ടായിരുന്ന പരിശുദ്ധ തോമായുടെ ഭവനം അവർ (മഹമ്മദീയർ) വലിച്ചു പൊളിച്ചു തീയിട്ടുകളഞ്ഞു. ദേവസ്സു സൂപ്രണ്ടായ മാർട്ടിൻ അൽഫോൻസോയും അലോചന സഭയിലെ മിലിട്ടറി ഉദ്യോഗസ്ഥന്മാരും ക്രൂടി നദിയരികെയുള്ള ഗതാഗതസ്ഥാനത്തെ ഭദ്രപ്പെടുത്തുന്നതിനുവേണ്ടി, കൊടുങ്ങല്ലൂരിൽ ഒരു കൊട്ട കെട്ടുവാൻ നിശ്ചയിച്ചു.....കോളേജു സ്ഥാപിക്കപ്പെട്ടിരുന്നതായ കോട്ടയിൽ രണ്ടു ദേവാലയങ്ങൾ ഉണ്ടു. ഒന്നു വിശുദ്ധ തോമ്മായുടെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടതും, കോളേജിനോടു ചേർന്നു മറ്റൊന്നു ശ്രീ. ജേയിംസിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടതുമാകുന്നു.....ഒരു കൊച്ചി പട്ടണത്തിൽ നിന്നു ഏകദേശം ദൂരത്തിൽ തുരുത്തും നല്ല സ്ഥിതിയിലായി ഒരു കോളേജുണ്ടു, അതു കപ്പുച്ചീൻ സന്യാസിയായ പിൻസെന്റ് പാതിരിയാൽ പണികഴിക്കപ്പെട്ടതാണു.....ഒരു നാട്ടുകാരായ ക്രൈസ്തവവിദ്യാർത്ഥികളും അതിൽ ഉണ്ടു. ഒരു കോളേജു പോർത്തുഗൽ രാജാവിന്റെ കോട്ടയുടെ ഉള്ളിലാണു.....ഒരു കോളേജിനോടടുത്ത തോമായുടെ കാവുമുതൽ ഉള്ളവരായ വളരെ ക്രിസ്ത്യാനികളുടെ അധിപതിവർഗ്ഗമാണുള്ളതു. ഒരു ക്രിസ്ത്യാനികളിൽ പ്രധാനികളായി ഉള്ളവരുടെ പുത്രന്മാരാണു കോളേജിലെ വിദ്യാർത്ഥികൾ.....അന്നുമാനം കൊടുങ്ങല്ലൂരിൽ പരിശുദ്ധ തോമായുടെ ഒരു പ്രാത്ഥനാലയമെവീടൊ ഉണ്ടായിരുന്നു. ക്രൈസ്തവർ മഹമ്മദീയർ അതിനെ അഗ്നിക്കിരയാക്കി നശിപ്പിച്ചുകളഞ്ഞു. അതിന്റെ ശേഷം ഒരു കൊല്ലത്തിൽ തന്നെ കൊടുങ്ങല്ലൂരിലെ രാജാവു ആ ഭൂമി പോർത്തുഗീസ്കാർക്കു കൊടുക്കയും, അവർ അവിടെ ഒരു കോട്ട കെട്ടുകയും ചെയ്തു. അവർ

കുടിയേറി താമസിക്കുന്ന സ്ഥലങ്ങളിലെല്ലാം അവർക്കായി ഓരോ പള്ളി പണിയിക്കുക പതിവായിരുന്നു. എന്നാൽ മൻപറയപ്പെട്ട പള്ളി വിശുദ്ധ തോമാസിന്റെ മുമ്പിൽ തന്നെ പ്രത്യക്ഷനാവയാൽ വീടൊ സ്ഥാപിക്കപ്പെട്ടിരുന്ന പ്രത്യേക സ്ഥലത്തുതന്നെയാണു പണിയിക്കപ്പെട്ടതു എന്നുള്ളതും, അതു അപ്പോസ്തോലന്റെ സ്മരണയ്ക്കായിട്ടു തന്നെ ആയിരുന്നു എന്നുള്ളതും നിശ്ചയിച്ചുകൂടാത്ത യഥാർത്ഥമാണു്. പള്ളിയുടെ കാര്യത്തിൽ ഇവ. തോമാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്ന ഭക്തി ഇതു കൊണ്ടു വ്യക്തമാകുന്നുണ്ടു. കൊട്ടങ്ങല്ലൂരിൽ രണ്ടു പള്ളികൾ മാത്രമാണു ഉണ്ടായിരുന്നതു. അവ രണ്ടിന്റേയും രേഖയും പോർത്തുഗീസ് കാരാൽ തന്നെയാണു വഹിക്കപ്പെട്ടിരുന്നതു. വിശുദ്ധ ജയിംസിന്റെ പള്ളി കോളേജിനോടു ചേർന്നിട്ടായിരുന്നു- മറെറാന്നു വിശുദ്ധ തോമായുടേതല്ലാതെ. വേറെ അതിരിക്കയില്ല അതു സ്വന്ത വികാരിയോടും അദ്ദേഹത്തിന്റെ കീഴുള്ള നസ്രാണികളോടും, ജനങ്ങളുടെ വേദോപദേഷ്ടാവു.....പോർത്തുഗീസ്കാരാൽ തന്നെ ഭരിക്കപ്പെട്ടിരുന്നു" എന്നു് ഒലിവെയിര മെത്രാൻ എഴുതിയിരിക്കുന്നു. സുറിയാനിക്കാരുടെ പള്ളി ത്രിശൂന്യ-ൽ മഹമ്മദീയരാൽ ഭഞ്ജിപ്പിക്കപ്പെട്ട എന്ന ലക്ഷ്യം കാണിക്കയും, പിന്നീടു, മുൻ ദേവാലയം സ്ഥിതി ചെയ്തിരുന്ന സ്ഥലത്തുതന്നെ, പോർത്തുഗീസ് കാർ ശ്ര. തോമാശ്ലീഹായുടെ നാമത്തിൽ അവരുടെ സ്വന്ത ചിലവിന്മേൽ വേറൊരു പള്ളി പണിയിക്കയും ആ ദേവാലയവും തത്സംബന്ധമായ രേഖയും പോർത്തുഗീസ്സുകാരുടെ അധീനത്തിലായിരുന്നു എന്നും ഒലിവെയിര മെത്രാൻ അനുമാനിക്കുന്നു. ഈ ലക്ഷ്യങ്ങൾ ഹാജരാക്കീട്ടുള്ള ഒലിവെയിര മെത്രാൻ മെത്രാൻതന്നെ സുറിയാനിനസ്രാണികൾ തിരുസ്സഭയിൽചേരാതെ ഭിന്നിച്ചുനിന്നിരുന്നു എന്നും അവരുടെ പള്ളി പോർത്തുഗീസ്സുകാരുടെ അധീനത്തിലായിരുന്നു എന്നും ഊഹിപ്പിക്കുവാൻഭാവമുണ്ടു. കൊട്ടങ്ങല്ലൂർകോട്ടയ്ക്കകത്തു സുറിയാനി ക്രിസ്ത്യാനികൾ മിക്കവരും പാർത്തിരുന്നു എന്നും ആ കോട്ടയ്ക്കകത്തു രണ്ടു പള്ളികളെ ഉണ്ടായിരുന്നുള്ളു എന്നും ശ്ര. തോമാ ശ്ലീഹായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ട പള്ളി പോർത്തുഗീസ്സുകാരുടേതാണെന്നും അനുമാനിക്കുന്ന അദ്ദേഹം ഇതിലേക്കു കൊണ്ടുവന്നിട്ടുള്ള തെളിവു. ഇതുമാത്രം പറഞ്ഞതുമതിയും തന്നെ. ത്രിശൂന്യ മുതൽ ത്രിൻർ വരെ കൊട്ടങ്ങല്ലൂരിലെ സുറിയാനി നസ്രാണികൾ നെസ്തോറിയൻ ഇടത്തുടുകാരായിരുന്നു എന്നും ഉദിയമ്പേരൂർ സൂനഹദോസ് വരെ കൊടുങ്ങല്ലൂരിൽ പാർത്തിരുന്ന സുറിയാനി നസ്രാണികൾ യാക്കോബായ പള്ളിയും ക്രമത്തെ പാർത്തിരുന്നു എന്നും പറയുന്നു എന്തെന്നാൽ ത്രിശൂന്യ ൽ ജോനകർ സുറിയാനിക്കാരുടെ പള്ളി ഇടിച്ചുകളകയും ആ സ്ഥാനത്തു പോർത്തുഗീസ്സുകാർ ശ്ര. തോമാ ശ്ലീഹായുടെ പള്ളി വീണ്ടും പണിതു പോർത്തുഗീസ്സുകാരുടെ കൈവശത്തിൽ ആ പള്ളി ഇരിക്കയും സുറിയാനിക്കാർ നെസ്തോറിയൻ ഇടത്തുടുകാരായിരിക്കയും പോർത്തുഗീസ്സുകാരുടെ കോട്ടയ്ക്കകത്തു പാർക്കയും ആ

കോട്ടയ്ക്കകത്തുണ്ടായിരുന്ന രണ്ടു പള്ളികളും പോർത്തുഗീസുകാരുടേതായി തീർന്നു, ഇടത്തുട്ടുകാർക്കു കത്തോലിക്കാമതം സ്വീകരിച്ചു പോർത്തുഗീസുകാരുടെ കൂടെ കോട്ടയിൽ പാർപ്പാൻ പാടില്ലാത്തതുകൊണ്ടും. നസ്രാണികൾ കൊടുങ്ങല്ലൂരിലെ സുറിയാനിക്കാരും അവരുടെ പട്ടക്കാരും യാതൊരു പള്ളിയും ക്ഷേത്രത്തിനും, അവരുടെ ക്രമത്തിനടുത്ത യാതൊരു കാര്യങ്ങളും സഹായിയും, വസിച്ചിരുന്ന എന്നു ഒലിവെയ്റാ മെത്രാൻ ഉറപ്പാക്കുന്നു. ഒലിവെയിരാമെത്രാന്റെ വിശദീകരണത്തിലെ ഒരു തെളിവ് അന്നത്തെ വാസ്തവിത്തെ കൊണ്ടുതന്നെ വിശദീകരണം മുഴവനും രാജകരനാമാണെന്നു നസ്രാണിക്കാർക്കു ബോദ്ധ്യപ്പെട്ടു. കൊടുങ്ങല്ലൂരിലെ സുറിയാനിക്കാരുടെ തോമാശ്ലീഹായുടെ പള്ളിക്കു ശ്ലീഹായുടെ പള്ളിക്കു ശ്ലീഹായുടെ പള്ളിക്കു

ന്റെ തെളിവിലേക്ക മതിയായിരുന്ന തോമാനസ്രാണികളുടെ സ്വാ—ൽ
ചില്ലായ്മ ശ്രാമക്കാർ കൊടുങ്ങല്ലൂർ പോർത്തു ഗീസ്ക്കാരുടെ കോട്ടയ്ക്കകത്തു പാർത്തിരുന്ന എന്നും കോട്ടയ്ക്കകത്തു രണ്ടു പള്ളികൾ മാത്രമെ ഉണ്ടാ
യിരുന്നൊള്ളു എന്നും ക്രിസ്തുസ്വ സുറിയാനി പള്ളി ഇടിച്ചുകളയപ്പെട്ട
എന്നും അദ്ദേഹം തീർച്ചയായി പറയുന്നുണ്ട്. കോട്ടയ്ക്കകത്തു വസിച്ചി രു
ന്ന തോമാനസ്രാണികൾക്കു സ്വന്ത—കൊല്ലങ്ങൾക്കു പള്ളിയില്ലായിരു
ന്നു എന്നാണോ അദ്ദേഹം ഇതിൽ നിന്നും ഊഹമാടിക്കുന്നത്. ഒരു അനു
മാനം വായനക്കാർക്ക് സമ്മതിക്കാവുന്നതാണെന്നു എനിക്കു തോന്നുന്നില്ല.
ഒലിവെയിരാ മെത്രാന്റെ ബോധപിശകുകൊണ്ടു ഇപ്രകാരം പ്രസ്താവി
ക്കാൻ ഇടയായ്താണു. ഇതിനെത്രായി അഹേട്ടഞിന്റെ വിശദീകര
ണവാക്യമെന്തെന്നാൽ, "പിന്നെ സ്തോമ്മാ എന്ന ദേഹം ഗ
വർണരായിരിക്കുമ്പോൾ (ക്രിസ്തു—ക്രിസ്തുവ)—അതയ്യ ക്രിസ്തുവ വരെ
രുമെത്രാനെ അദ്ദേഹം എല്ലാപ്പോഴും ആചരിച്ചുവന്നിരുന്ന ... ...
ശ്ലൂ. തോമായുടെ ശരീ പ്രാത്മനാലയങ്ങൾ എല്ലാം കാലക്രമേണ പ്ര
ത്യേകം സ്തോമ്മാ ദേഹം ഗവർണരായിരുന്ന കാലത്തു
ക്രീസ്ത്യ അധികാരങ്ങളിൽ അഭിവൃദ്ധിയെ പ്രാപിച്ചു വന്നിരുന്നു, എന്നു പ
റഞ്ഞിരിക്കുന്നു. കൊടുങ്ങല്ലൂരിലെ ശ്ലൂ. തോമാശ്ലീഹായുടെ പള്ളി ഇടി
ക്കപ്പെട്ടതിന്റെ ശേഷം അതു വിണ്ടും വിശേഷമായി പണിയിക്കപ്പെട്ട
എന്നും അപ്രകാരംതന്നെ കൊടുങ്ങല്ലൂരിലെ സുറിയാനിക്കാർ സത്യവി
ശ്വാസസന്താരഗജീവിതത്തിൽ അഭിവൃദ്ധിയെ പ്രാപിച്ചു ക്രിസ്തുവ വ
രെയും നിന്നിരുന്നു എന്നും ഒലിവെയിരാ മെത്രാന്റെ ലക്ഷ്യം തന്നെ
സാക്ഷീകരിക്കുന്നു. അതായതു സ്തോമ്മാ ദേഹം ഗവർണരായിരുന്ന
ക്രിസ്തുവ വരെ കൊടുങ്ങല്ലൂരിലെ സുറിയാനിക്കാർ ക്രിസ്ത്യാചാരങ്ങളി
ൽ അഭിവൃദ്ധിയെ പ്രാപിച്ചും അവരുടെ പ്രാത്മനാലയവും അഭിവൃദ്ധി
യിലും ഇരുന്നിരുന്നു. ഒലിവെയിരാ മെത്രാന്റെ ശരീ തെളിവു തന്റെ
ബോധത്തിന്റെ ആശ്ചര്യാന്ത അസൂയാനുമാനത്തെ മുഴുവനായി ഖണ്ഡി
ച്ചു കളയുന്നു- ക്രിസ്തുസ്വ ശ്ലൂ. തോമാ ശ്ലീഹായുടെ കൊടുങ്ങല്ലൂരി
ലെ പള്ളി ജോനകർ നശിപ്പിച്ചു എന്നു ഒലിവെയിരാ മെത്രാൻ പ
റയുന്നുണ്ട്. എന്നാൽ അതു നശിച്ചു പോയശേഷം വീണ്ടും പണികഴിപ്പിച്ചതു പോർത്തു ഗീസുകാർ അയിരുന്നു എന്നുള്ളതിനു ഒലിവെയിരാ
മെത്രാൻ യാതൊരു ലക്ഷ്യവും കാണിക്കുന്നില്ല. അതു വീണ്ടും പണികഴിപ്പിച്ചതു പോർത്തു ഗീസുകാരായിരുന്നു എന്നുള്ളതിനു അദ്ദേഹം ഒരു വ
ക്ഷ്യമെങ്കിലും കാണിച്ചിരുന്നു എങ്കിൽ തന്റെ വിശദീകരണം സന്ദർഭ
ഭിന്നമായ്തീർക്കപ്പെട്ടതാണെന്ന വായനക്കാർക്ക ഊഹിക്കാമായിരു
ന്നു. ഒരു വസ്തു രശിച്ചാൽ അതിന്റെ നവീകരണം അതിന്റെ ഉടമ
സ്ഥർ തന്നെ സാധിക്കുകയാണെല്ലൊ സാധാരണ പതിവു. അതിനാൽ
കൊടുങ്ങല്ലൂരിലെ ശ്ലൂ. തോമാശ്ലീഹായുടെ സുറിയാനിപള്ളി ജോനകർ
ഇടിച്ചു കളഞ്ഞു എങ്കിൽ അതു വീണ്ടും പണിയെയ്യിച്ചതു കൊടുങ്ങല്ലൂര

ലെ സുറിയാനിക്കാർ തന്നെയാണു. ഒരു പുസ്തകം ക്ര—ാം ഭാഗം ന—ാം പ്രകരണം മൂന്നാംവക്കത്തിൽ (ഒ—ം വ—ം പുറങ്ങൾനോക്കുക) മലയാളത്തിൽ വന്നതായി പറയപ്പെട്ടിട്ടുള്ള കാൽദീത്താ മിശ്യനറിമാരിൽ ഒരുവനായ വിഞ്ചെൻസ മറിയം എന്ന പാദ്രി എഴുതിട്ടുള്ളയാതൊരു വിവരണ പുസ്തകം ക്രസ്തു—ാം പുറത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "തോമാശ്ലീഹായാൽ പ്രബന്ധങ്ങളിലായിവലിപ്പുവ്യത്യാസമുണ്ടായിരുന്നാലും ഒരേ ഭാഷയിൽ ഉണ്ടാക്കപ്പെട്ടിരിക്കുന്ന പലകുരിശുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു. കൊടുങ്ങല്ലൂരിലെ കുരിശു തുറന്നതായ ഒരു കല്പള്ളയിൽ അധികവണക്കത്തോടു കൂടെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ആ കുരിശു ദൈവശക്തിയാലെ ഏതുയും പ്രകാശമായിരിക്കുന്ന കണ്ണുകൾ വീശികൊണ്ടു അന്ധകാരത്തിൽ പൊങ്ങിനിൽക്കുന്നതായി പലപ്പോഴും കാണപ്പെട്ടിരുന്നു ഇതുകൊണ്ടു ക്രിസ്ത്യാനികൾ മാത്രമല്ല അന്യമതികൾ ക്രമേണയും ഇപ്രകാരമുള്ള അത്ഭുതംകണ്ടു ഇതിനോടു വിശ്വാസത്തിന്റെ പട്ടാങ്ങയെ അനുസരിക്കയാൽ തങ്ങൾ ഇഷ്ടപ്രകാരത്തിനു വിപ്പെട്ടിരുന്നു." ഇതു നിമിത്തം കൊടുങ്ങല്ലൂരിലെ സുറിയാനിക്കാർ നെസ്തോറിയൻ പാഷണ്ഡികരായിരുന്നു എന്നുള്ള അവകാശം ഇല്ല. തോമാശ്ലീഹായുടെ പള്ളി പോർത്തുഗീസുകാരുടെതായിട്ടാണു എന്നും ഉള്ള ഒലിവെയിരാമെത്രാന്റെ അഭിപ്രായോദ്ദേശം ഖണ്ഡീകരിക്കപ്പെട്ടുന്നു. നാമൊക്കെക്കുറഞ്ഞാ കൊടുങ്ങല്ലൂരിലെ സുറിയാനിക്കാരെക്കുറിച്ചും അവരുടെ പള്ളിയെക്കുറിച്ചും പ്രസ്താവിച്ചിട്ടുള്ള സംഗതിയെ വിൻസെൻറ മറിയം എന്നുന്നം ലെ സ്ഥിതിയെപ്പറ്റി എഴുതിട്ടുള്ളതു വളരെ ബലമായി ഉറപ്പിക്കുന്നു. ക്രസ്തു—ൽ കൊടുങ്ങല്ലൂരിലെ സുറിയാനിപ്പള്ളിയിൽ നടന്നിരുന്ന അത്ഭുതം താൻതന്നെ കണ്ടതായിവിൻസെൻറ മറിയം എന്ന കമ്മലീത്താ പാദ്രി എഴുതിയിരിക്കുന്നു. ആ അത്ഭുതം കണ്ടു അജ്ഞാനികൾ സത്യവിശ്വാസത്തിൽ ചേരുന്നതിനിടയായി എന്നു വരികിൽ ക്രിസ്ത്യാനികൾ സത്യവിശ്വാസത്തിൽ നില നിൽക്കുന്നതിനു ഇടയാകാതെ വരുമൊ? ക്രിസ്ത്യാനികളും ഒരു അത്ഭുതം കണ്ടു വിശ്വാസത്തിന്റെ പട്ടാങ്ങയെ അനുസരിക്കുന്നതിനിടയായി എന്നു അദ്ദേഹം തന്നെ സാക്ഷീകരിക്കുന്നുണ്ടു. ഒലിവെയിരാമെത്രാന്റെ ദുരഭിപ്രായത്തെ ഖണ്ഡീകരിക്കുന്നതിനു വേറെ തെളിവുകൾ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഒലിവെയിരാമെത്രാൻ തന്റെവിശദീകരണത്തിൽ കൊടുങ്ങല്ലൂരിനെ സംബന്ധിച്ചു പറഞ്ഞിട്ടുള്ള അബദ്ധങ്ങളിൽ പലതിനേയും എടുത്തു കാണിക്കാം. ക്രിസ്തു—ൽ കൊടുങ്ങല്ലൂരിലെ സുറിയാനിപ്പള്ളിയെ ജോനകർ നശിപ്പിച്ചതായി ചരിത്രങ്ങളിൽ കാണുന്നുണ്ടു. കൊടുങ്ങല്ലൂർ രാജാവു പോർത്തുഗീസുകാരുമായി യോജിച്ചതു സാമൂതിരി രാജാവിനു രസിക്കായ്കയാൽ സാമൂതിരിയുടെ മഹമ്മദീയന്മാർ സുറിയാനിപ്പള്ളി ഇടിച്ചു കളയുന്നതിനിടയായി എന്നാണു ഇതിനു കാരണം പറയുന്നതു. കൊടുങ്ങല്ലൂർ രാജാവിനോടും പോ

പോർത്തുഗീസുകാരോടും സാമൂതിരിക്കും അദ്ദേഹത്തിന്റെ മഹമ്മദീയ ഭടന്മാർക്കും ഉണ്ടായ ദോഷത്തിനു അന്നു അവിടെ വന്നിരുന്ന പള്ളിയുണ്ടായിരുന്നെങ്കിൽ അതുക്കുടി ഇടിച്ചു കളയാതെ ശ്ലൂ. തോമാശ്ലീഹായുടെ സുറിയാനിപ്പള്ളി മാത്രം ഇടിച്ചു കളയുവാൻ കാരണം എന്തെന്നു വായനക്കാർ തന്നെ രീച്ചുപ്പെട്ടുത്തേണ്ടിയിരിക്കുന്നു. പോർത്തുഗീസുകാർ ഒരം നാട്ടിൽ വന്ന സമയം സുറിയാനിക്കാർ- പ്രത്യേകിച്ചു കൊട്ടക്കല്ലിൽ നിവാസികളായ സുറിയാനി നസ്രാണികൾ-പൊർത്തുഗീസു കപ്പിത്താനായ വാസ്കൊ ദെ ഗാമായെ അത്യം പ്രാപിക്കയും തങ്ങളുടെ സ്വന്തരാജാവിന്റെ ചില ചിഹ്നങ്ങളും പേരുമാർ കൊടുത്തിരുന്ന സ്ഥാനമാന പ്രമാണങ്ങളും കപ്പിത്താനെ ഏല്പിച്ചു, പോർത്തുഗൽ രാജാവിനെ തങ്ങളുടെ രാജാവായി അംഗീകരിച്ചു, തങ്ങളെ ആദരിച്ച രക്ഷിക്കുന്നതിനു അപേക്ഷിക്കയും വാസ്കൊ ദെ ഗാമാ കപ്പിത്താൻ അവരുടെ അപേക്ഷയെ സ്വീകരിച്ചു പരസ്പരം ഉടമ്പടിചെയ്കയും ചെയ്തു.(ഒരു പുസ്തകവും നമ്പരുകളും നോക്കുക) ആ ഉടമ്പടിയെ അദ്ദേഹവും, പിന്നീടു വന്ന ഗവർണർമാരും, ലിഖിതമായും മറ്റെന്തു പറയുന്നതുപോലെ ക്രിസ്തുവർഷം പതിനാറാം നൂറ്റാണ്ടിന്റെ ഏതാണ്ടവസാനം വരെ ഭരിച്ചിരുന്നു എന്നു ചരിത്രങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. അങ്ങിനെയിരിക്കെ മഹമ്മദീയർ സുറിയാനിക്കാരുടെ പള്ളി നശിപ്പിക്കാൻ തുനിഞ്ഞതെങ്ങിനെ? ഇതിനു കാരണമെന്തു? പോർത്തുഗീസു പട്ടാളം സുറിയാനിക്കാരെ തത്സമയം സംരക്ഷിച്ചു രക്ഷിക്കാഞ്ഞതു എന്തുകൊണ്ടു? ഇതിനുള്ള കാരണങ്ങളും അറിവാൻ വായനക്കാർ ഉത്സുകന്മാരായിരിപ്പാൻ ഇടയുള്ളതുകൊണ്ടു അതു താഴെ പ്രസ്താവിക്കാം.

ഒരം പുസ്തകം ക്രമം-ം പുറത്തിൽ കാണിച്ചിരിക്കുന്നതുപോലെ കൊച്ചിയിൽ സുറിയാനിക്കാക്കു രണ്ടു പള്ളികളും ഉണ്ടായിരുന്നു. ഒന്നു മട്ടാഞ്ചേരിൽ ഇപ്പോൾകാണുന്ന പള്ളിയും രണ്ടാമത്തേതു കൊച്ചീ കമ്പോളത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന കുരിശുപുരക്കു കിഴക്കെ ഒരു പള്ളി ഉണ്ടായിരുന്നതുമായിരുന്നു അതു പള്ളിക്ക ഉരുമിച്ചി പള്ളിഎന്നു പറഞ്ഞുവന്നു. ഉരുമിച്ചിപള്ളി എന്നതു പോർത്തുഗീസ് ഭാഷയിൽ ൧-ാം ശതകത്തിൽ ജീവിച്ചിരുന്ന. (ഒരം പുസ്തകം ൪൦-ാം പുറം നോക്കുക) ഉരുമീസദാസ എന്ന പുണ്യവാളന്റെ നാമധേയത്തിൽ സുറിയാനി മെത്രാന്മാരാൽ സ്ഥാപിക്കപ്പെട്ടതാണ. ഇപ്പോൾ ശ്രീനൻ കുരിശു എന്നു പറയപ്പെടുന്ന കുരിശുടി. പള്ളിയുടെ കുരിശായിരുന്നു. ഒരം സ്ഥലത്തുവച്ചതെ പോർത്തുഗീസു മെത്രാന്മാരെ മേലാൽ കൈക്കൊള്ളുന്നതല്ലെന്നു പറഞ്ഞു സുറിയാനിക്കാർ സത്യം ചെയ്തിട്ടുള്ളതു. ടി പള്ളിയും സ്ഥലവും കമ്മലീത്താക്കാർ കൈവശപ്പെട്ടുത്തി വിറ്റ അതിലെ പീഠം മുതലായ സാമാനങ്ങളും ഏറിയ കാലം ശ്രീനമ്മാവു പള്ളിയിൽ സംഗ്രഹിച്ചിരുന്നു. മട്ടാഞ്ചേരി പള്ളി മുഴുവനായി മത്തീൻ പള്ളി ആയിതീർന്നതു ഫ്രാൻസ്വാ നു ശേഷ

മാണ. മറവ പള്ളികളും പിൻ വരാപ്പുഴെക്കാരുടെ ഭരണകാലങ്ങളി ലാണ ലത്തീൻ പള്ളികളാണ്ടായ്തു. മെലാർക്കോട്ട പള്ളിയും അതിലെ ജ നങ്ങളും എപ്പോഴും സുറിയാനി കാരായിരുന്ന അതു തൃശ്ശൂർ മിസ്സത്ത ൽനിന്നും കോയമ്പത്തൂർ മിസ്സത്തിലേക്ക കൊടുത്തത ഫ്രവുൻർ വ്യജ്ഞി കം ന.ര—ന്ന-ലെ ഫ്രന്ന—ാം ലെഒപ്പായുടെ Orientàlium dignitaß Ecclesiarum എന്ന തുടങ്ങുന്ന തിരു എഴുത്തിന്റെ ശ്രേഷ്ഠമാണ അതിരു എഴുത്തിനു ഘരെ വിവരീതവുമാണ.

ഇനി കൊടുങ്ങല്ലൂരിലെ ചിത്തുദ തോമാ അപ്പസ്തോലന്റെ പ ള്ളി നശിപ്പിക്കപ്പെട്ട കാരണം പറയാം. കൊച്ചിയിലെ പോർത്തുഗീ സ്സുകാർ കൊച്ചിയിലെ തോമാനസ്രാണികളുടെ ബന്ധുക്കളാകുന്നതിനു ശ്രമിച്ചു. എന്നാൽ തോമാ നസ്രാണികൾക്കു പോർത്തുഗീസ്സുകാരുമായു ള്ള ബന്ധുത രുചിച്ചില്ലാ. യൂറോപ്യന്മാരായ പോർത്തുഗീസ്സുകാരുമായു ള്ള ബന്ധുത തോമാ നസ്രാണികൾക്കു രുചിക്കാതിരുപ്പാൻ കാരണമെ ന്തന്നു അറിവാൻ വായനകാർക്ക അവകാശമുണ്ട. ഘരം നാട്ടിൽ അപ്പോ ൾ കണ്ടു വരുന്ന സംഭവങ്ങൾ തന്നെയാണ ഘരം വെറുപ്പിനു കാരണം. ചില യൂറോപ്യന്മാരും ഇവിടെ വന്നു പരിഷ്കാരികളിൽ നിന്നും അവരിൽത ന്നെ താഴ്ന്നവരിൽ നിന്നും സ്ത്രീകളെ പരസ്യമായ സ്വീകരിക്കുന്നതു നിത്യസംഭവമാണെല്ലാ. എന്നാൽ ഹിന്തുക്കളിൽ മാന്യജാതികളും ഗൃഹസ്ഥന്മാരും, പ്രഭുക്കളും യൂറോപ്യൻ സ്ത്രീകളെ പരിഗ്രഹിക്കുക ഉണ്ടായിട്ടില്ലന്നു തന്നെ പറയാം. തോമാ നസ്രാണികളുടെ സ്ത്രീകളെ പരിഗ്രഹിക്കുന്നതിനു പോർത്തുഗീസ്സുകാർ അനുവദിക്കപ്പെടായ്കയാൽ കൊ ച്ചിയിലുണ്ടായിരുന്ന തോമാ നസ്രാണി പുരുഷന്മാരുടെ മുഴുവനും ഉൻ മൂലനം ചെയ്യുന്നതിനു പോർത്തുഗീസു ഭടന്മാർ കോഴിക്കോട്ടുള്ള മഹമ്മ ദീയരെ ഏർപ്പാടുചെയ്തു. അവർ രാത്രിസമയം വന്നു തോമാനസ്രാണികളുടെ കൊച്ചിയിലെ അഗരത്തിനു ഇരുവശവും, കമ്പു അടയാളം വെച്ചു ശട്ടം കെട്ടിക്കൊടുത്തു. എന്നാൽ തത്സമയം തോമാ നസ്രാണികൾ തങ്ങളുടെ പുരുഷ സംഹാരത്തെ അറിഞ്ഞു തങ്ങളുടെ അഗരത്തിനു ഇ രുവശത്തും വെച്ചിരുന്ന കമ്പടയാളം ജോനകരുടെ അഗരത്തിന്റെ ഇ രുഭാഗത്തും മാറി വെയ്ക്കയും തങ്ങളുടെ പുത്രകളത്രാദികളോടും സാമാ നങ്ങളോടുംകൂടി ഒട്ടു വളരെപ്പേർ എറണാകുളത്തേക്കു കടക്കയും അവി ടെനിന്നു തട്ടരിയിൽ പൂഞ്ഞാറു മുതലായ കിഴക്കൻ രാജാക്കന്മാരെ അഭയം പ്രാപിക്കയും ചെയ്തു. * കോഴിക്കോട്ടെ മഹമ്മദീയർ പോർത്തു ഗീസ്സുകാർ കൊടുത്തിരുന്ന കമ്പു അടയാളപ്രകാരം തോമാ നസ്രാണിക ളുടെ പകരം കൊച്ചിയിലുണ്ടായിരുന്ന മഹമ്മദീയ പുരുഷാരെ സം

* കൊച്ചീ രാജാവു ശ്രീപൂർണ്ണത്തുറെ കോവിലകം പണിയിപ്പിച്ചു അവിടെ വസിപ്പു തുടങ്ങുവാൻ കാരണം കൊച്ചിയിലുണ്ടായിരുന്ന പോർത്തുഗീസർ കോവില കത്തു ചെയ്യാൻ ഭാവിച്ച ഉപദ്രവമാണെന്നു ഒരു പരമ്പര വർത്തമാനമുണ്ട.

ഹരിക്കയും. നേരം വെളുത്തപ്പോൾ അബദ്ധം വെളിപ്പെട്ടതോട്ടുകൂടിപ്പി
ന്നെ പോർത്തുഗീസ്സുകാരും മഹമ്മദീയരും തോമാനസ്രാണികളെ വിട്ട കി
ട്ടണമെന്നു കീഴ്ക്കാൻ രാജാക്കന്മാരുടെ അടുക്കൽ ചെന്നു അവശ്യപ്പെട്ട
കയും മഹമ്മദീയർ കൊടുങ്ങല്ലൂർ ചെന്നു സുറിയാനിക്കാരുടെ പള്ളി
ഇടിച്ചു കളകയും ചെയ്തു. ഇതിനാലാണു മഹമ്മദീയർ സുറിയാനിപ്പ
ള്ളിയെ നശിപ്പിച്ചിട്ടപ്പോൾ മഹമ്മദീയരുമായി പോർട്ടുഗീസർ എതിർക്കാ
തിരുന്നതു. ഒലിവെയിരാ മെത്രാൻ ഇതു സംഭവം വായിച്ചിട്ടില്ലായിരി
ക്കാം. പോർത്തുഗീസു ഭടന്മാർ സുറിയാനിക്കാരോടു ചെയ്തിട്ടുള്ള മാറനേ
കം അക്രമങ്ങളും പോർത്തുഗീസുകാരുടെ ചരിത്രത്തിൽ എഴുതപ്പെട്ടിട്ടില്ല.
മുൻപറഞ്ഞ സംഗതി തന്നെ ഇവിടെ ചേർക്കുന്നതിനു കാരണക്കാരൻ
ഒലിവെയിരാ മെത്രാൻ തന്നെയാകുന്നു. സുറിയാനിക്കാർ പോർത്തുഗീ
സുകാരുടെ വശത്തിയിൽ ഇരിക്കയും അവരുടെ വൈദീക ഉപദേശങ്ങ
ൾ അനുസരിച്ചിരിക്കയും ചെയ്ത സമയം റോമൻ മുതലായ ചരിത്രക്കാ
ർ പറയുന്നതുപോലെ പോർത്തുഗീസ്സുകാർ വന്ന സമയവും, പിന്നീടുകൊ
ടുങ്ങല്ലൂർ പള്ളിയിൽ സ്ഥാപിക്കപ്പെട്ടിരുന്നതും സുറിയാനി നസ്രാ
ണികൾക്കു വളരെ പ്രധാനവും ആയ ശ്ലൂ: തോമാ ശ്ലീഹായുടെ അത്ഭു
തകരമ്പിച്ചു വളരെ ഭക്തിയോടെ കാണപ്പെടുകയും ശ്ലൂ: ശനിയാഴ്ച പുണ്യ
വാളൻ അതിദേവാലയത്തിനു പ്രത്യേക ബന്ധവിശേഷം അപേക്ഷിക്ക
യും ചെയ്തിട്ടുള്ള ആ അത്ഭുത പള്ളിയെ മഹമ്മദീയർ ഇടിച്ചു കളഞ്ഞ
പ്പോൾ പോർത്തുഗീസു ഭടന്മാർ മഹമ്മദീയരെ നിരോധിച്ചു ആ പ
ള്ളിയെ രക്ഷിച്ചില്ലാ എന്നു കണ്ടെന്നതുകൊണ്ടു മാത്രമാണു മേൽവിവ
രിച്ച സംഗതി ഇവിടെ പ്രസ്താവിക്കുവാൻ ഇടയായതു. കൊടുങ്ങല്ലൂരി
ലെ കോട്ടയ്ക്കകത്തു രണ്ടു പള്ളികളും മാത്രമെ ഉണ്ടായിരുന്നുള്ളു എന്നും
ഒന്നു ശ്ലൂ: തോമാശ്ലീഹായുടെ പള്ളിയാണെന്നുമാണു ഒലിവെയിരാമെത്രാൻ
പറഞ്ഞിട്ടുള്ളതു. സുറിയാനിക്കാർക്കു കൊടുങ്ങല്ലൂരിൽ പള്ളിയി
ല്ലായിരുന്നു എങ്കിൽ ഫ്രൻസ്വാ-ൽ മെനേസീസു മെത്രാപ്പോലീത്താ
വന്ന സമയം കൊടുങ്ങല്ലൂരിലെ സുറിയാനിപ്പള്ളിയിൽ പോയി എ
ന്നു റോളന്റെ ചരിത്രത്തിൽ പലസ്ഥലത്തും പറഞ്ഞിട്ടുള്ളതെങ്ങിനെ?
ആ പള്ളി പോർത്തുഗീസ്സുകാരുടേതൊ സുറിയാനിക്കാരുടേതൊ? സുറിയാനി
പ്പള്ളികളെറോളൻ എണ്ണിച്ചേർത്തിട്ടുള്ള ശ്ലൂത്തിൽ കൊടുങ്ങല്ലൂർ പള്ളിയും
ഉൾപ്പെട്ടിട്ടുണ്ട്. ഇതു ഏതു പള്ളിയാണു? ഉദയംപേരൂർ സുനഹദോ
സിനു ശേഷം സുറിയാനിക്കാർക്കായി ഫ്രൻസീസ്കോസ് എന്നു ദേഹ
ത്തെ വാഴിച്ചയച്ചു കൊടുങ്ങല്ലൂർ ശ്രുതയുടെ മെത്രാനായിട്ടാണു. അദ്ദേ
ഹത്തിന്റെ പിൻഗാമികളായി വാഴിക്കപ്പെട്ടിട്ടുള്ള പലരും ടി. ശ്രു
തയുടെ മെത്രാപ്പോലീത്താമാരായിട്ടാണു. അന്നു കൊടുങ്ങല്ലൂർ സുറി
യാനിപ്പള്ളി ഉണ്ടായിരുന്നൊ? സുറിയാനിപ്പള്ളി ഇല്ലായിരുന്നെങ്കിൽ
സുറിയാനി മെത്രാന്റെ ശ്രുത സ്ഥാനം അവിടെ സ്ഥാപിച്ചതെങ്ങി
നെ? കൊടുങ്ങല്ലൂർ കാളേജിനോടു സമീപം സ്ഥ-ൽ ചിലപ്പോൾ സു

നിയാനി ഗ്രാമങ്ങളും ഉണ്ടായിരുന്നു എന്നു തന്റെ വിശദീകരണത്തിനു ഒലിവെയിരാ മെത്രാൻ ചരിത്രം കൊണ്ടു സ്ഥാപിക്കുന്നു. ഭൂവിവരണ ശാസ്ത്രജ്ഞനായതിന്റെ അഭിവൃദ്ധികൊണ്ടല്ലയോ അദ്ദേഹം ഇപ്രകാരം എഴുതുവാൻ ഇടയായതു? എന്തെന്നാൽ സുറ-ൽ ചില്വാനം സുറിയാനി ഗ്രാമങ്ങളും പോർത്തുഗീസ്സുകാരുടെ കൊട്ടങ്ങല്ലൂർ കോട്ടയ്ക്കകത്തു പാർത്തതെങ്ങനെ? എന്തെന്നാൽ സുറ-ൽ ചില്വാനം ഗ്രാമം അതായതു സുര് ഗ്രാമങ്ങളും എന്നു പറയുന്നതു ഗോകർണ്ണം മുതൽ കന്യാകുമാരി പർയ്യന്തം മലയാളത്തിൽ പാർത്തുവന്ന സുര് ബ്രാഹ്മണ ഗ്രാമങ്ങളെയാണു സൂചിപ്പിക്കുന്നതു. ശ്രീ: തോമാശ്ലീഹാ മലയാളത്തിൽ സുവിശേഷം അറിയിച്ച കാലത്തു, ബ്രാഹ്മണരുടെ സുര് ഗ്രാമത്തിൽ ഉൾപ്പെട്ട ബ്രാഹ്മണജാതിക്കാരെ മുഖ്യമായി ക്രിസ്തുമതത്തിലേക്കു മോർയ്യാൽ തോമാനസ്രാണികളെ സുര് ഗ്രാമത്തിൽ പെട്ടവരെന്നു അത്ഥമാകുന്ന അരുപത്തിനാലിക്കാർ എന്നും വിളിച്ചുവന്നിരുന്നു. ടി. സുര് ഗ്രാമത്തിൽ ഉൾപ്പെട്ട തോമാനസ്രാണികളും ഗോകർണ്ണം മുതൽ കന്യാകുമാരി വരെയുള്ള മലയാള ദേശത്തു പാർത്തുവന്നിരുന്നു. എന്നാൽ, "ഇതു കോളേജിനോടടുത്തു, ശ്രീ: തോമായുടെ കാലം മുതൽക്കുള്ളവരായ വളരെ ക്രിസ്ത്യാനികളും സുറ-ൽ അധികം ഗ്രാമങ്ങളും ഉണ്ടു" എന്നു ഒലിവെയിരാ മെത്രാൻ പറയുന്നു. അരുപത്തിനാലു ഗ്രാമക്കാരും കോളേജിനോടു ചേർന്നുള്ള സ്ഥലത്തു പാർത്തിരുന്നു എന്നു പറയുന്നതു സാദ്ധ്യമല്ലല്ലൊ. എന്തുകൊണ്ടെന്നാൽ വളരെ ദൂരുക്കമായ സ്ഥലമല്ലൊ കോട്ടയ്ക്കുള്ളിൽ പോർത്തുഗീസ്സുകാർക്കുണ്ടായിരുന്നാളൂ. കോട്ടയുടെ സമീപം സുര് ഗ്രാമക്കാരും പാർത്തിരുന്നു എന്നു പറഞ്ഞുവരുമെങ്കിൽ വല്ല വിധവും ആയതിനെ സാധൂകരിക്കാമായിരുന്നു. എന്നാൽ വിശുദ്ധ ശവരിയാരു പുണ്യവാളൻ ഓരോ സംഗതിയെ എടുത്തും വ്യക്തമായും സൂക്ഷ്മമായും വിവരിച്ചിട്ടുള്ളതു ഒലിവെയിരാ മെത്രാൻ ചായിപ്പു ഗ്രഹിക്കേണ്ടിയിരുന്നു. കോഹറിഡ്ജിന്റെ ഹൃസ്വകം നെ—ൽ-പുറങ്ങളിൽ, "ഉപാത്തുഗീസ്സുകാർക്കു കൊട്ടങ്ങല്ലൂർ എന്നു പേരായ ഒരു നഗരമുണ്ടു. അതു കൊച്ചിയിൽനിന്നും ഉദ്ദേശം ഇരുപതു മയിൽസ് ദൂരത്തിലാണു. ഇവിടെ വിശുദ്ധ ഫ്രാൻസീസ്കസ് സഭക്കാരനായ വിഞ്ചെൻസു സ്വാമി ഒരു വിശേഷമായ കോളേജ് സ്ഥാപിച്ചിട്ടുണ്ടു. ഇതിൽ സ്വദേശിയരായ ഏതാനും വിദ്യാർത്ഥികളെ സംരക്ഷണം ചെയ്യപ്പെട്ടു, പഠിനത്തിലും ഭക്തിയിലും അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നു.....നമ്മുടെ സഭയിലെ ഒരു ദൈവഭീകനെ കൊട്ടക്കണക്കെന്നു അദ്ദേഹം നിർബന്ധിക്കുന്നു.....സ്ഥലത്തെ പോർത്തുഗീസു നിവാസികളും ക്രമത്തെ വിശുദ്ധ തോമായുടെ ക്രിസ്ത്യാനികളുടെ സന്തതികളായി അനവധി ക്രിസ്ത്യാനികളും സമീപപ്രദേശമുള്ള സുറ ഗ്രാമങ്ങളിലായി പാർക്കുന്നുണ്ടു. പാഠശാലയിലെ വിദ്യാർത്ഥികളും കൂലിനന്മാരാകുന്നു. ഓരോ നഗരത്തിൽ വിശുദ്ധ തോമ്മാസിന്റെയും, വി. യാക്കോബിന്റേയും എന്നിങ്ങനെ രണ്ടു ദേവാലയങ്ങളും ഉണ്ടു. പ്രസ്തുത

ഫ്രേ: വിഞ്ചെൻസ് പാദ്രി വിശുദ്ധ തോമായുടേയും വിശുദ്ധ യാക്കോ ബിന്റേയും തിരുനാളുകളിലും പിൻവരുന്ന ദിവസങ്ങളിലും, ആണ്ടിൽ ഒരു പ്രാവശ്യം ഒരു പരിപൂർണ്ണ ദണ്ഡവിമോചനം പരിശുദ്ധ പിതാവിൽ നിന്നു നിങ്ങൾക്കു വാങ്ങിച്ചു കൊടുക്കണമെന്നു വളരെ ആഗ്രഹിക്കുന്നു. എന്നാൽ ഇതു വിശുദ്ധ തോമായാൽ മനസ്സുതിരിഞ്ഞവരുടെ സന്തതികളും തോമാക്രിസ്ത്യാനികൾ എന്നു പറയപ്പെടുന്നവരുമായ സ്വദേശയരുടെ ഭക്തി വർദ്ധിപ്പിക്കുന്നതാകുന്നു." എന്നു ചേർത്തിരിക്കുന്നു. ഒരു ലേഖനം ശ്രീ: ശവരിയാർ പുന്നൂവാളൻ കൊച്ചിയിൽനിന്നും ഫ്രഞ്ചു ജനുവരിമാസം ൧൭-നു ശ്രീ: ഇഗ്നാസിയോസ് പുന്നൂവാളനു എഴുതീട്ടുള്ളതാകുന്നു. "കൊടുങ്ങല്ലൂർ എന്നു പേരായി ഒരു രാജപട്ടണം ഉണ്ടു. അതിൽ ഒരു നല്ല കോളേജുണ്ടു. ഒരു കോളേജ് പ്രസ്തുത മെത്രാന്റെ സഹോദരനായ ഫ്രേ: വിഞ്ചെൻസ് സ്വാമി പണിയിച്ചതാണു. വിശുദ്ധ തോമാ ശ്ലീഹാവർ എന്നു പറയുന്ന സ്വദേശ ക്രിസ്ത്യാനികളുടെ ഹാനുപാക്കം അവിടെ പഠിച്ചുവരുന്നു. ഒരു ക്രിസ്ത്യാനികളുടെതായി പ്രസ്തുത പട്ടണത്തിനു ചുറ്റും ൩൦ ഗ്രാമങ്ങൾ ഉണ്ടു" എന്നു കോൾറിഡ്ജ് വുൻ-ന്റെ ഇതു പുറങ്ങളിലും, എഴുതിയിരിക്കുന്നു. ഒരു എഴുത്തു ശ്രീ: ശവരിയാരു പുന്നൂവാളൻ കൊച്ചിയിൽ നിന്നും ഫ്രഞ്ചു ജനുവരി ൨൨-നു സീമോൻ റോഡ്രിഗ്വേസ് എന്ന സ്വാമിക്കു എഴുതിയതാണു. ടി. ലേഖനത്തിൽ തന്നെ കൊല്ലത്തു തോമാ നസ്രാണികൾക്കുവേണ്ടി ഒരു കോളേജ് സ്ഥാപിക്കുന്ന സംഗതിയും കാണിച്ചിട്ടുണ്ടു. കോൾറിഡ്ജിന്റെ പുസ്തകം ൯൫-ാം പുറത്തിൽ, "ഇപ്പോൾ അവിടെ ഒരു കോളേജ് ഏർപ്പെട്ടുത്തണമെന്നു ഒരു ശ്രുതിയുണ്ടു. അതു മുഖ്യമായി പോർത്തുഗീസ് കുട്ടികൾക്കും, പിന്നത്തേതിൽ, കനാകുമാരിയിലുള്ള ക്രിസ്ത്യാനികൾക്കും വീ: തോമായുടെ ക്രിസ്ത്യാനികൾക്കും പഠിക്കുന്നതിനായിട്ടാണു" എന്നു കാണുന്നു.

ശ്രീ: ശവരിയാരു പുന്നൂവാളന്റെ ശരിയായ അക്ഷരാർത്ഥവാക്കുകളെ വ്യാഖ്യാനം ചെയ്തു അസംഭവ്യങ്ങളെ സംഭവ്യങ്ങളാക്കി തീർക്കുവാൻ ശ്രമിക്കുന്ന ലെവെയിരാമെത്രാന്റെ പ്രസ്താവനകളുടെ യഥാർത്ഥം ശ്രീ. ശവരിയാരു പുന്നൂവാളന്റെ എഴുത്തുകളിൽ നിന്നും നല്ല വണ്ണം വെളിപ്പെട്ടുന്നുണ്ടു. ശ്രീ. ശവരിയാരു പുന്നൂവാളൻ കൊടുങ്ങല്ലൂർ പട്ടണത്തിൽ രണ്ടു പള്ളികൾ ഉണ്ടെന്നു മാത്രമെ പറയുന്നുള്ളു. പോർത്തുഗീസ്സുകാരുടെ കോട്ടയ്ക്കകത്തു രണ്ടു പള്ളികളുണ്ടെന്നു അദ്ദേഹം പറയുന്നില്ല. അപ്രകാരത്തൊന്നു, കൊടുങ്ങല്ലൂർ കോട്ടയ്ക്കകത്തുള്ള കോളേജിനോടു ചേർന്നു നാൽ പിലപ്പാനം ഗ്രാമങ്ങൾ ഉണ്ടെന്നു പറയുന്നില്ല. പ്രത്യുത, കൊടുങ്ങല്ലൂർ പട്ടണത്തിനു സമീപം നാൽ പിലപ്പാനം ഗ്രാമങ്ങൾ ഉണ്ടായിരുന്നു എന്നു അദ്ദേഹം തിരിച്ചു പറയുന്നു. ഒരു ഗ്രാമങ്ങളിലെ ക്രിസ്ത്യാനികളുടെ കുട്ടികളായിരുന്ന കോളേജിലെ വി

ഭൂരിപക്ഷം. ൬൫ അവരിൽ ചിലപ്രദേശങ്ങളിലായി സുറിയാനി നസ്രാണികളിൽ മിക്കവരും പാർത്തിരുന്നു. അവർ ഗ്രാമനിവാസികളായ സുറിയാനി നസ്രാണികളുടെ നേരിൽ പരം കൃഷിക്കാരായിരുന്നു കോളേജിലെ വിദ്യാർത്ഥികളും. ഇതിൽനിന്നും സുറിയാനി നസ്രാണികളിൽ മിക്കഭാഗവും കൊടുങ്ങല്ലൂരിലെ വികാരിയച്ചന്റെ ഉപദേശത്തിന കീഴ്പെട്ടിരുന്നു എന്നു തെളിയുന്നു. ശ്രീ. ശവരിയാരു പുണ്യവാളൻ സുറിയാനിക്കാരുടെ ഭക്തിയെസ്സംബന്ധിക്കയും അവർക്കു കൊടുങ്ങല്ലൂരിൽ ഉണ്ടായിരുന്ന ശ്രീ. തോമാശ്ലീഹായുടെ പള്ളിക്കു ദോഷപൊറുതി വാങ്ങികൊടുക്കുന്നതിനും പ്രത്യേകം ശ്രമം ചെയ്കയും ചെയ്തു. ഇതിൽ നിന്നും ഏതൽക്കാലത്തു ഇവിടെ ഉണ്ടായിരുന്ന പോർത്തുഗീസു ക്രിസ്ത്യാനികളെക്കാൾ സുറിയാനിക്കാരെ അധികം ദൈവഭക്തന്മാരായി ശ്രീ. ശവരിയാരു പുണ്യവാളൻ പ്രശംസിച്ചിരുന്നു. ദൈവഭക്തിയിൽ മാത്രമല്ലാ അവരെ പുണ്യവാളൻ സ്തുതിച്ചിട്ടുള്ളതു. കോളേജിലെ വിദ്യാർത്ഥികളും കുലീനന്മാരായിരുന്നു എന്നു ക്രി അദ്ദേഹം പറയുന്നുണ്ടു. അതിനു അവരുടെ കുലമഹിമയെ സൂചിപ്പിക്കുന്നു. മേൽപ്രകാരമുള്ള ഉയർന്ന ജാതികളും ശ്രീ. തോമാശ്ലീഹായിൽ നിന്നും ജ്ഞാനസ്നാനം കൈക്കൊണ്ടവരുടെ സന്താനങ്ങളാകുന്നു എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു ശ്രീ. തോമാശ്ലീഹാ ഇവിടെ വന്നപ്പോൾ ജ്ഞാനസ്നാനം കൊടുത്തിട്ടുള്ള സ്വദേശ ഉയർന്നജാതികളുടെ സന്തതികളുമെന്നു പ്രത്യക്ഷപ്പെടുന്നു നൂറ് ഗ്രാമക്കാർ എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു മലയാളത്തിൽ വസിച്ചിരുന്ന കുലീനജാതികളായ ബ്രാഹ്മണരുടെ നൂറ് ഗ്രാമത്തിൽ ഉൾപ്പെട്ട ആളുകളാകുന്നു എന്നു സ്പഷ്ടമാകുന്നു. എന്നിട്ടും ലൈവെയിരാ മെത്രാൻ കൊടുങ്ങല്ലൂരിലെ സുറിയാനിക്കാരുടെ പള്ളി പോർത്തുഗീസുകാരുടെതാക്കി തീർക്കുന്നതിനും, അവിടെ ഉണ്ടായിരുന്ന സുറിയാനി നസ്രാണികളെ നെസ്റ്റോറിയൻ ഇത്തുട്ടുകാരാക്കുന്നതിനും പുറപ്പെട്ടിരിക്കുന്നതിനെപ്പറ്റി എന്തു പറയേണ്ടു? മദ്ധ്യേമലയാളത്തിലുള്ള സുറിയാനി നസ്രാണികളുടെ പ്രധാന പട്ടണമായ കൊടുങ്ങല്ലൂരിനു സമീപമുള്ള നൂറ് ഗ്രാമത്തിൽ ഉൾപ്പെട്ടവരെ മാത്രമല്ലാ ശവരിയാരു പുണ്യവാളൻ സത്യക്രിസ്ത്യാനികളെന്നു പറഞ്ഞിട്ടുള്ളതു. കൊല്ലത്തിലും ഒരു കോളേജ് സ്ഥാപിക്കാൻ ശ്രമം ചെയ്ത വരുന്നുവെന്നും ആ കോളേജിന്റെ ഉപയോഗം പോർത്തുഗീസുകാർക്കു മാത്രമല്ലാ കന്യാകുമാരി മുതലായസ്ഥലത്തിലുള്ള ക്രിസ്ത്യാനികൾക്കും തോമാനസ്രാണിക്കുട്ടികൾക്കു കൂടിയും ആണെന്നു പറഞ്ഞിരിക്കുന്നതു കൊണ്ടു തെക്കേമലയാളത്തിലെ തോമാനസ്രാണികളും സത്യക്രിസ്ത്യാനികളായിരുന്നു എന്നു അനുമാനിക്കാവുന്നതാണു.

ഇനി ആലോചിക്കേണ്ടതു സുറിയാനി നസ്രാണികളുടെ ശ്രേഷ്ഠമാന തോമാശ്ലീഹായുടെ പള്ളി പോർത്തുഗീസ്സുകാരുടെ കോട്ടയ്ക്കകത്തു ത

ന്നെ ആയിരുന്നൊ എന്നുള്ള സംശയമാകുന്നു. കൊടുങ്ങല്ലൂർ രാജാവു കൊടുങ്ങല്ലൂർ നഗരത്തിന്റെ കിഴക്കെ അറ്റം തെൻവടൽ ഹർമ്മ ദണ്ഡു, അതായതു വൃത്തം കോൽ—കീഴ്മേൽ ഹർമ്മ ദണ്ഡ് —അതായതു ഒന്നര കോൽ ഭൂമി പോർത്തുഗീസ്സുകാർക്ക് കോട്ട കെട്ടുന്നതിനായി കൊടുത്തു. ഇതുപോലെ ഭൂമിയിൽ നൂറ് ഗ്രാമക്കാർക്ക് വസിപ്പാൻ പോർത്തുഗീസ്സുകാർ സ്വന്തമായി കിട്ടിയ ഒരു ഭൂമി വന്നക്കമ്പനി പിടിച്ചതിന്റെ ദ്വേഷം ആയ്തു അവർ തിരുവിതാംകൂറിലേക്കു പിറകുപോയിട്ടുള്ളതിനാൽ ഇതിൽ കൂടുതൽ സ്ഥലം പോർത്തുഗീസുകാർക്ക് അവിടെ ഇല്ലായിരുന്നു എന്നുള്ളതും വാസ്തവമായ സംഗതിയാണു. തിരുവിതാംകൂറിലേക്കു സിദ്ധിച്ച ഭൂമിയെ കൊച്ചി സർക്കാരിന്റെ ഭൂമിയിൽനിന്നും വേർതിരിച്ചു കല്പിക്കുന്ന സ്ഥലം ഒരു പരിശു എഴുതുകാരൻ തന്നെ അളന്നു തിട്ടപ്പെടുത്തിട്ടുള്ളതു കൊണ്ടു, ഇതു മതിയായ തെളിവായും ഇരിക്കുന്നു. ഒരു സ്ഥലത്തിന്റെ പടിഞ്ഞാറു വശം ഇതിനു തുടർച്ചയായി വർമ്മ ദണ്ഡ് തെൻവടലും കീഴ്മേലുമായി നിന്നു പോരുന്നു. സ്ഥലം പോരമാൻ പൌലൊസ് സൂറിയാനി നസ്രാണികൾക്കു ദാനമായി കൊടുത്തിട്ടുണ്ട്. അതു പോർത്തുഗീസ്സുകാരുടെ കോട്ടയിട്ട പടിഞ്ഞാറു വശത്താണു. അതിനായിരുന്ന സൂറിയാനി നസ്രാണികളുടെ ഗ്രാമവും ശ്ലൂഹാ:തോമാ ശ്ലീഹായുടെ പള്ളിയും. അവിടെ കൊടുങ്ങല്ലൂരിൽ ഉൾപ്പെട്ട സൂറിയാനി നസ്രാണികൾ അല്ലാതെ മറാരും പാർത്തിരുന്നില്ല. ഇപ്പഴത്തെ കൊടുങ്ങല്ലൂരിലെ പള്ളി തോമാശ്ലീഹായുടെ പുരാതന പള്ളി ഇരുന്ന സ്ഥലത്തിന്റെ ഏകദേശം സമീപത്തു തന്നെയാണിരിക്കുന്നതു. അതിനാൽ ശവക്കല്ലറ തെളിവുകൊണ്ടു ലക്ഷ്യപ്പെടുത്തിയിരിക്കുന്ന ഒരു വിവരണംകൊണ്ടു ശ്ലൂ: തോമാശ്ലീഹായുടെ പള്ളി പോർത്തുഗീസ്സുകാരുടെ കോട്ടയ്ക്കകത്തു അല്ലായിരുന്നു എന്നു തെളിയുന്നു. എന്നാൽ ഏതദ്വിഷയ സംബന്ധമായി വായനക്കാർക്കു പൂർണ്ണ ബോദ്ധ്യം വരുവാൻവേണ്ടി ചില വിവരങ്ങൾകൂടി അടിയിൽ ചേർക്കുന്നു. സൂറിയാനി ക്രിസ്ത്യാനികൾക്കു പൌരമാൻ പൌലൊസിൽനിന്നും ലഭിച്ച സ്ഥാനലക്ഷ്യങ്ങളും സ്വന്ത രാജാവിന്റെ രാജപ്രമാണങ്ങളും, അവർ പോർത്തുഗീസ് കപ്പിത്താനെ ഏല്പിച്ചതോടുകൂടി അവരുടെ ഭരണം മുഴുവനും—കൊടുങ്ങല്ലൂർ നിവാസികളെ സംബന്ധിച്ചു പ്രത്യേകിച്ചും പോർത്തുഗീസ്സുകാർ വഹിച്ചുവന്നിരുന്നു. അതുകൊണ്ടു, കൊടുങ്ങല്ലൂരിലെ ശ്ലൂ: തോമാശ്ലീഹായുടെ സൂറിയാനിപ്പള്ളി, പോർത്തുഗീസ്കാരുടെയും സൂറിയാനി നസ്രാണികളുടെയും ഇടവകപ്പള്ളിയായും, ആ പള്ളിയിൽ ഒരു സൂറിയാനി പട്ടക്കാരൻ വികാരിയായിട്ടും, ഒരിവെയിരാ മെത്രാൻ പറയുന്നതുപോലെ, ഒരു സൂറിയാനി ശമ്മാശ്ശൻ ഉപദേഷ്ടാവായും, വികാരിക്കും ശമ്മാശ്ശനും പോർത്തുഗൽ രാജാവിന്റെ ശമ്പളവുമായി ഇപ്രകാരം പള്ളി നടത്തപ്പെട്ടുവന്നിരുന്നു. ഇതിൽനിന്നും കൊടുങ്ങല്ലൂരിലെ സൂറിയാനി നസ്രാണികളും അവരുടെ പള്ളിയും സത്യവിശ്വാസത്തി

ൽ നിലനിന്നിരുന്ന എന്നു വരുന്നതല്ലാതെ ഒലിവെയിരാ മെത്രാന്റെ അഭിപ്രായത്തിനു ഒട്ടുംതന്നെ അനുകൂലിക്കുന്നതല്ലാ. എന്നാൽ മേൽ പ്രകാരം പോർത്തുഗീസ്കാരുടെ രക്ഷയിലും ഭരണത്തിലും കൊടുങ്ങല്ലൂരിലെ സുറിയാനി നസ്രാണികൾ നടന്നുവന്നതിനാൽ ലന്തക്കമ്പനിക്കാർ പോർത്തുഗീസ്കാരെ തോല്പിച്ചു അവരുടെ ഭ്രമി പിടിച്ചടക്കിയതിന്റെ ശേഷം കൊടുത്തതോട്ടക്കൂടി പേരമാൻപെരുമാൾ സുറിയാനി നസ്രാണികൾക്കു കൊടുത്തിരുന്ന ഭ്രമിയും ചേർത്തു ഒരു പ്ലാൻ തയ്യാറാക്കി കൊടുത്തിരുന്നു. ആ പ്ലാനിൽ രണ്ടിനം ഭ്രമികളും അതിൽ രണ്ടു പള്ളികളും കാണിച്ചിട്ടുണ്ട്. എന്നാൽ പ്ലാൻ അനുസരിച്ചു, ഭ്രമി നടത്തിച്ചു അതിരിടുന്നതിനു തിരുവിതാംകൂർ സർക്കാരിൽനിന്നും അനുവാദം വാങ്ങിച്ചതിന്റെ ശേഷം പ്ലാൻ അനുസരിച്ചു അതുത്തി സ്ഥാപിക്കാൻ പാടില്ലെന്നും പോർത്തുഗീസുകാർക്കു കിട്ടിട്ടുള്ള ഭ്രമിക്കു മാത്രമെ തിരുവിതാംകൂറിലേക്കു അർഹതയുള്ളു എന്നും കൊച്ചീ സർക്കാരിൽനിന്നും വാദിക്കയാൽ പോർത്തുഗീസുകാരുടെ ഭ്രമിക്കുമാത്രം കല്ലിടുകയും ചെയ്തു. ഒരു വിഷയസംബന്ധമായി ഒരു തെളിവുകൂടി ഇവിടെ ചേർക്കാം. പേരമാൻപെരുമാൾ സുറിയാനി നസ്രാണികൾക്കായി സമ്മാനിച്ച ഭ്രമിയിലാണു തോമാശ്ലീഹായുടെ പള്ളി സ്ഥാപിക്കപ്പെട്ടിരുന്നതെന്നു ഒലിവെയിരാ മെത്രാൻ തന്നെ സമ്മതിക്കുന്നുണ്ടു. അതിനാൽ പോർത്തുഗീസ്കാർക്കു കൊടുങ്ങല്ലൂർ രാജാവു കൊടുത്തഭ്രമി സുറിയാനി നസ്രാണികൾക്കു പേരമാൻപെരുമാൾ കൊടുത്തിട്ടുള്ള ഭ്രമിയിൽനിന്നും വിട്ടുകൊടുക്കുന്നു എന്നു വെളിവാകുന്നുണ്ടു. എന്തുകൊണ്ടെന്നാൽ പോർത്തുഗീസ്കാരുടെ ആഗമനംവരെയും, ടിപ്പുസുൽത്താൻ കൊടുങ്ങല്ലൂർ രാജ്യം ശൂന്യമാക്കിയതുവരെയും കൊടുങ്ങല്ലൂരിലെ സുറിയാനി നസ്രാണികൾ പാർത്തിരുന്നതു പേരമാൻപെരുമാൾ അവർക്കു ദാനംചെയ്ത ഭ്രമിയിൽ ആയിരുന്നു. അതുകൊണ്ടു സുറിയാനിക്കാർ പാർത്തിരുന്നതും തോമാശ്ലീഹായുടെ പള്ളി സ്ഥിതി ചെയ്തതും പോർത്തുഗീസുകാരുടെ കോട്ടയ്ക്കുള്ളിൽ അല്ലായിരുന്നു എന്നും പേരമാൻ പെരുമാൾ ദത്തംചെയ്ത സ്ഥലത്തായിരുന്നു എന്നും വ്യക്തമാകുന്നുണ്ടു. "ഒരു കോളേഴിനോടടുത്തു ശ്ലൂഹാ: തോമായുടെ കാലം മുതൽക്കുള്ളവരായ വളരെ ക്രിസ്ത്യാനികളും സ്വാ—ൽ അധികം ഗ്രാമങ്ങളും ഉണ്ടു. ഒരു ക്രിസ്ത്യാനികളിൽ പ്രധാനികളുടെ പുത്രൻമാരാകുന്ന കോളേജിലെ വിദ്യാർത്ഥികളും. ഒരു നാട്ടുകാരായ ൧൦൦ വിദ്യാർത്ഥികളും അതിലുണ്ടു" എന്നാണു ഒലിവെയിരാമെത്രാൻ എഴുതിയിരിക്കുന്നതു. അതിനാൽ ഒലിവെയിരാമെത്രാൻ തന്നെ പറയുന്നതുപോലെ മലയാളത്തിലുള്ള സുറിയാനി ഗ്രാമത്തിൽ ഉൾപ്പെട്ട പ്രധാനൻമാരായ ക്രിസ്ത്യാനികളുടെ ൧൦൦ കുട്ടികളോളം കൊടുങ്ങല്ലൂരിലെ പോർത്തുഗീസ്കാരുടെ വിൻസെന്റു പാദ്രി സ്ഥാപിച്ചിട്ടുള്ള, കോളേജിൽ ഗ്രുപ്പട്ടത്തിനു പഠിച്ചിരുന്നു. ഇതുകൊണ്ടു കൊടുങ്ങല്ലൂരിലെ സുറിയാനിക്കാർ മാത്രമല്ലാ മലയാളത്തിലെ സുറിയാനി

നസ്രാണികൾ ഒട്ടുക്കു ആ സമയം സത്യവിശ്വാസത്തിൽ നിലനിന്നിരുന്നു എന്നു വെളിപ്പെടുന്നു. "ആ ദ്വീപിലെ [illegible] നസ്രാണികൾ ദൈവത്തെ ആരാധിക്കുന്നതായ ശ്ലൂഹാപ്രസംഗിയുടെ പുസ്തകങ്ങൾ അയയ്ക്കണമെന്നു അവർ [illegible] നസ്രാണികൾ കൊടുങ്ങല്ലൂരിലെ [illegible] ചോദിച്ചു. അവിടെ നിന്നും അദ്ദേഹം അപ്പുഴയ്ക്കോൽ അവരുടെ ദേവാലയങ്ങളിൽ പ്രസംഗിപ്പാനായി പൊയ്ക്കൊണ്ടിരുന്നു. അവരുടെ മദ്ധ്യേ മിലദേവാലയങ്ങളേയും നമ്മുടെ സമ്പ്രദായവും ക്രമവും അനുസരിച്ചു അദ്ദേഹം പണിയിക്ക ഉണ്ടായി. അവരുടെ പഴയ പള്ളികൾ എല്ലാം ഹിന്ദുക്ഷേത്രങ്ങളുടെ രീതിയിലാണു പണിയിപ്പിച്ചിരുന്നതു ..... ഒരു പാഠശാല (സിമിനാരി) ക്രിസ്മാബ്ലും ക്ഷരം—ൽ അദ്ദേഹം സ്ഥാപിച്ചു. ഇതിലായിരുന്നു ഹിന്ദു ക്രിസ്ത്യാനികളുടെ പുത്രന്മാരെ വളർത്തി പഠിപ്പിച്ചിരുന്നതു. ഒരു പൈതങ്ങളെ റോമാ സഭയുടെ സാഹിത്യ സമ്പ്രദായങ്ങളിലും അനുഷ്ഠാനക്രമങ്ങളിലും പരിശീലിപ്പിച്ചു, അഭിഷേകം ചെയ്ത പട്ടസ്ഥാനത്തിലേക്കു ഉയർത്തുകയും ചെയ്തു... ... ഇവരിൽ ലത്തീൻ രീതി അനുസരിച്ചു ഒരു പാഠശാലയിൽ വളർത്തി പഠിപ്പിക്കപ്പെട്ടവർ അവരുടെ പള്ളികളിൽ കർമ്മങ്ങൾ നടത്തുവാനൊ, അവിടെ പാർപ്പാനൊ അവരുടെ സ്വജനങ്ങളാൽ അനുവദിക്കപ്പെട്ടിരുന്നില്ല," എന്നു ഒലിവെയിരാ മെത്രാനും, റോളൻ ക്രി—ാം പുറത്തിൽ "അവിടെ പള്ളികളിൽ പ്രസംഗം പറയുകയും, വേദോപദേശം കൊടുക്കയും ചെയ്തു. അവരുടെ മിക്കപള്ളികളേയും നമ്മുടേതുപോലെ നന്നാക്കിച്ചു" എന്നും പറഞ്ഞിരിക്കുന്നു. ഒലിവെയ്രാ മെത്രാൻതന്നെ സമ്മതിച്ചെഴുതിയിരിക്കുന്നു ഒരു ലക്ഷ്യം കൊടുങ്ങല്ലൂരിലെ സുറിയാനി നസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നുള്ള വാദത്തെ മാത്രമല്ലാ, സുറിയാനി നസ്രാണികൾ ഒട്ടുക്കു നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നുള്ള വാദത്തെക്കൂടിയും അടിയോടെ ഖണ്ഡിച്ചു കളയുന്നു. എന്തുകൊണ്ടെന്നാൽ വിഞ്ചെൻസുപാട്ടി കൊടുങ്ങല്ലൂരിലെ സുറിയാനി നസ്രാണികളെ മാത്രമല്ലാ പരിഷ്കരിച്ചു വന്നതു. മലയാളത്തിലുള്ള സുറിയാനി നസ്രാണികളുടെ മിക്ക പള്ളികളേയും അദ്ദേഹം സന്ദർശിക്കയും അവിടെ ഉപദേശം പറകയും അവയെ പോർത്തുഗീസു പള്ളിയുടെ രീതിയിലാക്കുകയും ചെയ്തു എന്നു കാണുന്നു. സുറിയാനി നസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എങ്കിൽ അവരുടെ ഒരു പള്ളിയെ എങ്കിലും വിൻസെൻറ പാദ്രി സന്ദർശിക്കയാകട്ടെ, അവിടെ ഉപദേശിക്കയാകട്ടെ ചെയ്തിട്ടില്ലായിരുന്നു. ഇടത്തുട്ടുകാർ അതിനു സമ്മതിക്കയുമില്ല. അവരുടെ എല്ലാനഗരങ്ങളിൽ നിന്നും പ്രധാനികളുടെ കുട്ടികളെയെല്ലാം തിരുപ്പട്ടത്തിനായയ്ക്കയും, പഠിപ്പിക്കയും പട്ടമേല്പിക്കയും ചെയ്തിരുന്നു. നെസ്തോറിയൻ ഇടത്തുട്ടുകാർ അതിനൊരിക്കലും സമ്മതിക്കുന്നതല്ല. ലത്തീൻക്രമത്തിൽ പട്ടമേല്പിച്ചതുകൊണ്ടു മാത്രമെ അവർക്കു വിരോധമുണ്ടായിരു

ന്നൊള്ളൂ. സുറിയാനിക്കാരെ ലത്തീൻ ക്രമത്തിൽ വിൻസെൻറ പാ
ട്രി പട്ടമേല്പിച്ചതു വലിയ ദ്രോഹവും റോമാപള്ളിയുടെ കാനോനകൾ
ക്കു വിരോധമായിട്ടുള്ളതുമാകുന്നു. അപ്രകാരം പട്ടമേല്പിക്കുന്നതിനു റോ
മാമാപ്പാമാരുടെ ഒരനുവാദമെങ്കിലും, ഒലിവെയിരാമെത്രാനെ മറ്റു
ലത്തീൻ മെത്രാന്മാരെ കാണിച്ചതിനാൽ കൊള്ളാം. ഇപ്രകാരം അ
തിരാറു അക്രമം പ്രവർത്തിച്ച വിൻസെൻറ പാട്രിയെ ദ്രോഹപട്ടപ്പം
ചെയ്യാതെ വിട്ടകളഞ്ഞതു സുറിയാനി നസ്രാണികളുടെ സാധുതയുടെ
ഒരു ഉത്തമദൃഷ്ടാന്തമാണു. ലത്തീൻകാരായ യാതൊരു ജനക്രമവും
ഇപ്രകാരമുള്ള അക്രമത്തിനു സമ്മതിക്കുന്നതല്ല. സുറിയാനി നസ്രാണി
കളുടെ പള്ളികളും ഒക്കയും ഹിന്തുക്ഷേത്രങ്ങളെപ്പോലെയാണു പണി
യിക്കപ്പെട്ടിരുന്നതു. എന്നുള്ള ആക്ഷേപവും മതിയായതല്ല. എന്തെ
ന്നാൽ ലത്തീൻകാർ തന്നെയും അവർ ക്രിസ്ത്യാനിമാർക്കും അനുസരിച്ച
കാലാരംഭത്തിൽ അവരുടെ പൂർവ്വജ്ഞാന ക്ഷേത്രങ്ങളെ തന്നെ ദേവാ
ലയങ്ങളായി സ്വീകരിച്ചിരുന്നു. ഇപ്പോഴും റോമാപുരിയിലെ ശ്രുതിപ്പെ
ട്ട ദേവാലയങ്ങളും പുരാതനമായ അനേക അജ്ഞാനക്ഷേത്രങ്ങളാകുന്നു.
അതിനാൽ തോമാ നസ്രാണികളുടെ ദേവാലയങ്ങളും ഹിന്തുക്ഷേത്ര രീ
തിയിൽ പണിയിക്കപ്പെട്ടിരുന്നതുകൊണ്ടു അവർ നെസ്തോറിയൻ ഇട
ത്തുകാരാകുന്നു എന്നു സ്ഥാപിക്കുവാൻ പാടില്ല. ഉദിയമ്പേരൂർ സൂനഹ
ദോസുവരെ തോമാനസ്രാണികളും നെസ്തോറിയൻ ഇടത്തുകാരായിരുന്നു
എന്നുള്ളതിലേക്കു ഒലിവെയിരാമെത്രാൻ കൊണ്ടുവന്നിട്ടുള്ള തെളിവുക
ളും ഒന്നുംതന്നെ മെലെഴുതിയവകൊണ്ടു അദ്ദേഹത്തിന്റെ വാദത്തെ
ളിയിക്കയൊ പിൻതാങ്ങുകയൊ ചെയ്യുന്നില്ല. പ്രത്യുത തോമാ നസ്രാ
ണികളും നെസ്തോറിയൻ ഇടത്തുകാരല്ലായിരുന്നു എന്നവേണ്ടപോലെ
വ്യക്തമാകുന്നുണ്ടു. അതിനാൽ കൊടുങ്ങല്ലൂരിലെ തോമാക്രീഹയുടെ പ
ള്ളിയിലെ ഒലിവെയിരാമെത്രാന്റെ കപടവിചിത്രത്താൽ പോർത്തുഗീസുകാർ
ഒക്കെവശപ്പെടുത്തുവാൻ ശ്രമിച്ചതു മേലെഴുതിയ തെളിവുകളാകൊണ്ടു
സുറിയാനി നസ്രാണികളെ തന്നെ വിട്ടുകിട്ടിയിരിക്കുന്നു എന്നു എനിക്കു
തോന്നുന്നു.

ഇനി, ഒലിവെയിരാമെത്രാന്റെ വിശദീകരണാലേഖനത്തിലെ
മുഖ്യമായ ചില വിശദീകരണങ്ങളെ ശ്രുതീകരിക്കുവാനുണ്ടു. ഇൻഡ്യാ
രാജ്യത്തിൽ പോർത്തുഗീസ്സുകാർ അധിവസിപ്പാൻ തുടങ്ങിയ നൂറാണ്ടി
ന്റെ ആദ്യ അമ്പതു കൊല്ലങ്ങളിൽ അവരാകട്ടെ. അഥവാ ശവരി
യാർ പുണ്യവാളൻ തന്നെയാകട്ടെ ശ്രു തോമാ ക്രിസ്ത്യാനികളെ ശീ
ശ്മക്കാരായിട്ടൊ, പാഷാണ്ഡികളായിട്ടൊ വിചാരിച്ചിരുന്നതായി എനിക്കു
തോന്നുന്നില്ല. അവർ ഇക്കൂട്ടരുടെ ഇടയിൽ ക്രിസ്ത്യാനി മതം സം
ബന്ധിച്ച കാര്യങ്ങളിൽ നിബിഡമായ അറിവില്ലായ്മയെ കണ്ടുപിടി
ക്കുക മാത്രമാണു ചെയ്തിട്ടുള്ളതു. അതുകൊണ്ടു ഇരു ക്രിസ്ത്യാനികളെ

അക്കാലത്തു പ്രസിദ്ധന്മാരായിരുന്ന യാതൊരു മതഭേദക്കാരുടെയും കൃത്തിൽ തരം തിരിച്ചു ഗണിപ്പാൻ അവർ സ്വപ്നത്തിൽ പോലും വിചാരിക്കയുണ്ടായിട്ടില്ല" എന്നു ലെവെയിരാ മെത്രാൻ എഴുതിയിരിക്കുന്നു. ഇന്ത്യയിൽ പോർത്തുഗീസ്സുകാർ അധിവസിപ്പാൻ തുടങ്ങിയ നൂറാണ്ടിന്റെ ആരംഭത്തിൽ ൫൦ കൊല്ലത്തോളം അതായതു ൧൬൬൦ വരെയും പോർത്തുഗീസ്സുകാരായ ശാസ്ത്രികളും വൈദികരും ശവരിയാരു പുണ്യവാളൻതന്നെയും തോമാനസ്രാണികളെ ഇടത്തുട്ടുകാരായിട്ടൊ, ശീശ്മക്കാരായിട്ടു പോലുമൊ വിചാരിച്ചിരുന്നില്ലാ എന്നു ലെവെയിരാ മെത്രാൻ തീർച്ചയായി പറയുന്നു സ്ഥിതിക്കു, ൧൬൬൦-ാം കാലംവരെ അവർ നേസ്തോറിയൻ ഇടത്തുട്ടുകാരാകുന്നു എന്നുള്ള വാദക്കാരെല്ലാം തങ്ങളുടെ വാദത്തെ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. ൧൬൬൦ വരെ പോർത്തുഗീസ്സുകാരും ശവരിയാരു പുണ്യവാളനും അവരെ ശീശ്മക്കാരായിട്ടു പോലും ഗണിച്ചില്ലാ. അതു ശരിയായിരിക്കുന്നതിലാണു ഒരു പുസ്തകം ഒന്നാംഭാഗത്തിൽ ഞാൻ എടുത്തു ചേർത്തിട്ടുള്ള തെളിവുകളും വെളിപ്പെടുത്തുന്നതുപോലെ പോർത്തുഗീസുവൈദികരും തോമാനസ്രാണികളും ഏകോപിച്ചു നടന്നു വന്നിട്ടുള്ളതു. പോർത്തുഗീസ്സുകാർ ഒരു നാട്ടിൽ വന്നാ ഉടനെതന്നെ സൂറിയാനിക്കാരനായ യാക്കോ ആബൂനാ എന്ന തോമാനസ്രാണികളുടെ മെത്രാനും ക്രൂമെത്രാന്മാരും തോമാനസ്രാണികളും ഒന്നിച്ചു പോർത്തുഗീസ്സുകാരുടെ പക്കൽചെന്നു ലൌകീകവും ദൈവീകവുമായ സകല ഏർപ്പാടുകളും തമ്മിൽ യോജിച്ചു ചെയ്യുകയും, യാക്കോ ആബൂനാ എന്നമെത്രാനും ക്രൂമെത്രാന്മാരും പോർത്തുഗീസ്സുകാരുടെ പള്ളിയിൽ കുർബ്ബാനചൊല്ലുകയും, പോർത്തുഗീസ്സുകാർ തോമാനസ്രാണികളുടെ പള്ളികളിൽ കുർബ്ബാനചൊല്ലുകയും ഇങ്ങു ക്രൂത്തും തമ്മിൽ പരസ്പരം യോജിപ്പും ആദരിപ്പും നടന്നു വന്നിരുന്നു ഇതുകൊണ്ടു ൧൬൬൦ വരെ തോമാനസ്രാണികളെ നെസ്തോറിയൻ ഇടത്തുട്ടുകാരെന്നൊ ശീശ്മക്കാരെന്നൊ പോർത്തുഗീസ്സുകാർ വിചാരിച്ചു വന്നിരുന്നില്ലാ എന്നുള്ളതു നിശ്ചയം തന്നെ. ഇതു കൊണ്ടുതന്നെയാണു ശവരിയാരു പുണ്യവാളനും യാക്കോ ആബൂനാ എന്ന മെത്രാനെപ്പറ്റി പോർത്തുഗൽ രാജാവിനു പ്രശംസിച്ചു എഴുതുകയും കൊടുങ്ങല്ലൂരിലെ തോമാക്രിസ്ത്യാനിപ്പള്ളിക്കു ദോഷപൊറുതി അപേക്ഷിക്കയും തോമാനസ്രാണികളുടെ നെസ്തോറിയൻ ഇടത്തുടിനെപ്പറ്റി യാതൊന്നും പുകയാതിരിക്കയും ചെയ്തിട്ടുള്ളതു. എന്നാൽ ൧൬൬൦. നു മുമ്പു തോമാനസ്രാണികൾ ഏതു മതക്കാരാകുന്നു എന്നു തിരിച്ചറിവാൻ പാടില്ലാത്തവണ്ണം മൂഢതയിൽ അകപ്പെട്ടുപോയിരുന്ന എന്നു മേലെഴുതിയ അളകർ കണ്ടുപിടിച്ചുതായി ലെവെയിരാ മെത്രാൻ പറയുന്നു. എന്നാൽ അവർ ഏതുമതക്കാരാകുന്നു എന്നു തിരിച്ചറിവാൻ പാടില്ലാത്ത വിധത്തിൽ മൂഢതയിൽ അകപ്പെട്ടിരുന്നു എന്നു കണ്ടുപിടിച്ചിട്ടുള്ള ൧൬൬൦. നു മുമ്പുള്ള പരിതൃക്കാരുടെ ലക്ഷ്യങ്ങളും ഒന്നും അറിഞ്ഞു കാണിക്കുന്നില്ലാ ഇതു ലെവെയിരാ മെത്രാ

ന്റെ സ്വന്ത അഭിപ്രായം ആണ്. എന്നാൽ അവർ ഒരുസമയം അപ്രകാരമുള്ള മൂഢതയിൽ അകപ്പെട്ടിരുന്നാലും അവരെ നെസ്തോറിയൻ ഇടത്തുട്ടുകാരെന്നു പറവാൻ പാടില്ല. എന്തെന്നാൽ മൂഢതയ്ക്കും ഇടത്തുടിനും വളരെ അന്തരമുണ്ട്. വിശ്വാസ സത്യത്തെ അറിഞ്ഞുംകൊണ്ടു തൃജിക്കുന്നവരാകുന്നു ഇടത്തുട്ടുകാർ. വിശ്വാസ സത്യത്തെ അറിയാത്തവരത്രെ മൂഢന്മാർ. ശൗവ, ഉദിയമ്പേരൂർ സുന്നഹദോസുകളിൽ പോർട്ടുഗീസു മെത്രാന്മാരും വൈദീകരും ദൈവശാസ്ത്രക്കാരും കിഴക്കൻ ക്രമങ്ങളിൽ അനേകസംഗതികളെ അറിയാതെ ഇടത്തുടായി തീർമ്മാനിച്ചിട്ടുണ്ട്- അവകളും ഇടത്തുടല്ലെന്നു വേറെ പോർത്തുഗീസ് വൈദീകർതന്നെ വിശദീകരിച്ചിട്ടുമുണ്ട്. അതിനാൽ ഒലിവെയിരാമെത്രാന്റെ മുൻഗാമികളായ പോർത്തുഗീസ് വൈദീകർ കിഴക്കൻ ക്രമങ്ങളെ ഇടത്തുടായി തീർമ്മാനിച്ചിട്ടുള്ളതുകൊണ്ടു ഇവരെയും ഇടത്തുട്ടുകാരായി വിധിക്കേണ്ടിയിരിക്കുന്നു. തോമാനസ്രാണികളുടെ ഇടയിൽ മൂഢതയില്ലായിരുന്നു എന്നു ഞാൻ പറയുന്നില്ല. എന്നു മാത്രമല്ല അവരുടെ ഇടയിൽ മൂഢത ധാരാളമുണ്ടായിരുന്നു എന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ സുവിശേഷ ഉപദേഷ്ടാവായ ശ്രേഷ്ഠമിശിഹായുടെ ഉപദേശത്തെ തൃജിച്ചു, ഇല്ലാത്തതായ നെസ്തോറിയൻ ഇടത്തുടിനെ തോമാനസ്രാണികളുടെ മേൽ ആരോപിച്ചിട്ടുള്ളതിനെ മാത്രമെ ഞാൻ നിഷേധിക്കുന്നുള്ളൂ. പോർത്തുഗീസ്സുകാർ ഇവിടെ വന്നകാലത്തു തോമാനസ്രാണികളിലാരോപിച്ചിട്ടുള്ള മൂഢത, ഒലിവെയിരാമെത്രാൻ പറയുന്നതുപോലെ വിഗ്രഹാരാധനക്കാരായ കാര്യർ, ജോനകർ, യൂദന്മാർ, എന്നു വിവിധജാതികളിൽ നിന്നുകൂടിയും അവരെ തിരിച്ചറിവാൻ പാടില്ലാത്ത വണ്ണം, അത്ര വലുതായിരുന്നു എന്നു പറഞ്ഞിരിക്കുന്നതു വാസ്തവമായിരുന്നുമാകുന്നു. അക്കാലത്തു തോമാനസ്രാണികൾ അല്ലായിരുന്ന മതഭേദത്തിരിച്ചറിവാൻ പാടില്ലാത്തവർ, ക്രൈസ്തവർ, പോർത്തുഗീസ്സുകാരായ ക്രിസ്ത്യാനികളായിരുന്നു. പോർത്തുഗീസ്സുകാരായ ക്രിസ്ത്യാനികളുടെ അക്കാലത്തെ ജീവിതം, കത്തോലിക്കാ വേദത്തിനു അപമാനകരവും ഇന്ത്യയിലെ നാനാജാതിമതസ്ഥന്മാർക്കു ചീത്ത പാഠവും ഉൽപ്പാദിപ്പിച്ചതുമായ (Scandal) ആയിരുന്നു. ശ്രീ: ശവരിയാരു പുണ്യവാളന്റെ ചരിത്രം-കോൽറിഡ്ജ് ഫ്രാൻസുകം ഫ്രാൻസിസ് പുറത്തിൽ, "വിശുദ്ധ: പ്രാൻസിസു അവരെക്കുറിച്ചു കുറെ ദീർഘമായി പറഞ്ഞിട്ടുണ്ട്. എന്നാൽ വേറൊരുതരം വിരോധികളെക്കുറിച്ചു, നാം ഇതേവരെ കണ്ടിട്ടുള്ള എഴുത്തുകളിൽ യാതൊന്നും പറയുന്നില്ല. പക്ഷെ വേദത്തിനു അധികം ഉപദ്രവികളും, ഏറ്റവും കഠിനമായ പാട്ടകാർക്കു പരിശ്ചേദം കാരണത്രയും ആയിരുന്നവർ ഇവരായിരുന്നു. ഒരു ശത്രുക്കൾ എതാണ്ടു പോർത്തുഗീസ്സുകാരും, പോർത്തുഗൽ രാജസേവയിൽ ഉൾപ്പെട്ട അനേകം ഉദ്യോഗസ്ഥന്മാരും തുറമുഖങ്ങളിൽ ഏർപ്പെടുത്തപ്പെട്ടിരുന്ന അധികാരികളുമായിരുന്നു. ഒരു ഉദ്യോഗസ്ഥന്മാർ പുതുക്രിസ്ത്യാനികളുടെ

നേരെ യാതൊരു കരുണയും കാണിക്കാതെ, സകലവിധ ക്രൂരതയും അനീതിയും അവരോട് പ്രവർത്തിച്ചുവന്നിരുന്നു" എന്നും. ഫ—ാം പുസ്തകം ഫ്രൻ്റ ാം പുറത്തിൽ വിശുദ്ധ. ശവരിയാരു പുണ്യവാളൻ പറയുന്നു:— "അടിമകളെ പ്രത്യേകം തങ്ങളുടെ സ്വദേശത്തിനു പിടിച്ചു കൊണ്ടു പോകുന്നവരുടെ (പോർത്തുഗീസ്കാരുടെ) നേരെ, ഈ ജനങ്ങൾക്ക എത്രമാത്രം ക്രോധം ജനിച്ചിട്ടുണ്ടെന്നുള്ളതു തങ്ങൾക്ക നല്ലവണ്ണം അറിയാമല്ലൊ. തന്നിമിത്തം പോർത്തുഗീസ് ജാതിയെ മാത്രമല്ലാ, ക്രിസ്തുമതത്തെ ക്രൂടിയും അവർ ദ്വേഷിക്കയും, അവരോട് പകരം വീട്ടുന്നതിനു ശ്രമിക്കയും അധിക്ഷേപിക്കയും, ചെയ്യുന്നതിനു ശ്രമിക്കുമെന്നുള്ളതു തീർച്ചയാണ്. ഇപ്രകാരം ശത്രുതയെല്ലാം എന്റെമേൽ വീഴാൻ തക്കതിനുള്ളതും ഞാൻ ഏറ്റെടുത്തിട്ടുള്ളതു ഒരിക്കലും വിവേകമായിരിക്കയില്ല. ഞാൻ മറുവല്ല രാജ്യത്തിലേക്കു പോകുന്നതിനു മുമ്പായി ഇതിനെക്കുറിച്ചു എനിക്ക പലപ്പോഴും വിചാരം ഉണ്ടായിട്ടുണ്ട്. എന്നാൽ അപ്രകാരം ചെയ്യാൻ തീർച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. സുവിശേഷപ്രചാരത്തിനു ഇങ്ങനെയുള്ള യാതൊരു തടസ്സവും ചെയ്യാൻ പാടില്ലാത്ത ആളുകളിൽ നിന്നും ഇത്രയളവെ വിഘ്നങ്ങളും ഇന്ത്യയിൽ നേരിട്ടിരിക്കയാൽ ഉടൻ ഇന്ത്യയെ മുഴുവനും വിട്ടു ഉപേക്ഷിച്ചു പോകുന്നതു ഉത്തമമായിട്ടുള്ളതെന്നു ഒന്നിലധികം പ്രാവശ്യം തോന്നുന്നു" എന്നും കോൽറിഡ്ജിന്റെ ഫ—ാം പുസ്തകം ൨൭൦-ാം പുറത്തിൽ. "പോർത്തുഗീസ്കാരുടെ ദുഷ്പ്രവൃത്തിയും നടത്തയും നിമിത്തം നാട്ടുക്രിസ്ത്യാനികളുടെ ഇടയിൽ ഉളവായ നിർഭാഗ്യഫലങ്ങളെപ്പറ്റിയും പോർത്തുഗൽ ഗവർമ്മേൻറു തന്നെ ഉടനെ നേരിട്ടു തീർക്കേണ്ടതായ വളരെ ദുഷ്കൃത്യങ്ങളെ കുറിച്ചും വിശുദ്ധ: പ്രാൻസീസിനും, മിഗേൽവാസിനും. ഉണ്ടായിരുന്ന അഭിപ്രായം തന്നെ തന്നെ ആയിരുന്നു. ഗോവയിൽ തന്നെ ഉണ്ടായിരുന്ന അതിപ്രധാനകാരങ്ങളായ ദുഷ്കൃതികളിൽ ചിലതെല്ലാം വിശുദ്ധ: പ്രാൻസിസിന്റെ പ്രയത്നത്താൽ നീങ്ങിട്ടുണ്ടായിരുന്നു. ചുരുങ്ങിയ പക്ഷം അനേകം പോർത്തുഗീസ്കാർ അവരുടെ വെപ്പാട്ടിമാരെ ഉപേക്ഷിച്ചു—യൂറോപ്യന്മാരിൽ ഭ്രഷ്ടപക്ഷക്കാർ കഴിച്ചുവന്ന ഈ വക ജീവിതത്തിൽ, തെറ്റായത്തിന്റെ ഏകലക്ഷ്യമായി വിചാരിക്കപ്പെട്ടുന്ന ക്രമാശകളുടെ കൈക്കൊള്ളുപ്പാട്ടം അവർ തുടങ്ങീട്ടുണ്ടായിരുന്നു" എന്നും പറഞ്ഞിരിക്കുന്നു. (Appéndix 1-3)

ഇവിടെ വന്നു പാർത്തിരുന്ന പോർത്തുഗീസ്കാരായ ക്രിസ്ത്യാനികളുടെ ജീവിതം, ശ്രീ. ശവരിയാരു പുണ്യവാളന്റെ ചരിത്രം എഴുതിയിരിക്കുന്ന കോൾറിഡ്ജ് എന്ന ഭരംശോസഭക്കാരൻ വിവരിച്ചിട്ടുള്ളതിനെ, ഒരുവെയിരാ മെത്രാനും മറ്റു യൂറോപ്യന്മാരും ശ്രദ്ധവെച്ചു വായിക്കേണ്ടതാണു. ഇവിടെ എഴുതിയ സംക്ഷിപ്തമായി മാത്രമെ വിവരിച്ചിട്ടൊള്ളൂ. അക്കാലത്തെ പോർത്തുഗീസ്കാരുടെ ജീവിതസ്ഥി

തിയെ പൂർണ്ണമായി വിവരിക്കുന്നതിനു എനിക്കു മനസ്സില്ല. തോമാനസ്രാണികളെക്കുറിച്ചു്, ഒലിവെയിലാ മെത്രാനും ക്ലർജിയും എഴുതിയിരിക്കുന്നതുപോലെ തന്നെ, അവരെ (പോർത്തുഗീസ്കാരെ)ക്കുറിച്ചു മത്സരിച്ചു എഴുതുന്നതിനു എനിക്കു മനസ്സില്ല- എന്തുകൊണ്ടെന്നാൽ ഒരു പുസ്തകം വായിക്കുന്ന നാട്ടുകാർക്കു അവരുടെ നേർക്കു അധികം പക്ഷപാതി നിലയായേയ്ക്കും, പോർത്തുഗീസ് ക്രിസ്ത്യാനികളുടെ അക്കാലത്തെ നടത്തയെപ്പറ്റി അറിവാൻ ആഗ്രഹിക്കുന്നവർ കോംറിഡ് ജിൻെറ പുസ്തകം തന്നെ വായിച്ചാൽ മതിയാകുന്നതാണു. വേദം അറിയിപ്പാനായി വന്ന ശ്രീ. ശവരിയാരു പുണ്യവാളൻ ഇന്ത്യയിൽ പാർത്തിരുന്ന പോർത്തുഗീസ് ക്രിസ്ത്യാനികളുടെ ഉൾമാർഗ്ഗ ജീവിതത്തെ മാറുന്നതിനുള്ള പ്രയാസംകൊണ്ടു, ഇന്ത്യയിൽ വേദം അറിയിക്കാതെ ഇവിടെ നിന്നും വിട്ടുപോകണമെന്നു ബലമായി ആലോചിച്ചിരുന്നു. ശ്രീ. ശവരിയാരു പുണ്യവാളൻ തോമാനസ്രാണികളെപ്പറ്റി സ്തുതിച്ചിട്ടുള്ളതല്ലാതെ അവർക്കു വിരോധമായി യാതൊന്നും എഴുതീട്ടില്ല. തോമാനസ്രാണികളുടെ ജീവിതം സംബന്ധിച്ചു പോർത്തുഗീസ്കാർ തന്നെ എഴുതീട്ടുള്ളതു ഈ പുസ്തകം ഒന്നാം ഭാഗം മൂന്നാം പ്രകരണത്തിൽ വിവരിച്ചിട്ടുണ്ടു. (൪—മുതൽ ൬-വരെ പുറങ്ങൾ നോക്കുക) പോർത്തുഗീസ്കാർ തോമാനസ്രാണികളെ ഞെരുക്കി വന്നതിനെപ്പറ്റി ശ്രീ. ശവരിയാർ പുണ്യവാളൻ തന്നെ അവലാധി പറഞ്ഞിരിക്കുന്നു. കോംറിഡ് ജ് ൨-ാം പുസ്തകം മൂന്നാം പുറത്തിൽ, "കൊച്ചിയിലെ പോർത്തുഗീസു വർത്തകന്മാർ, തോമാനസ്രാണികൾ അനുഭവിച്ചുവരുന്ന ചില ഞെരുക്കങ്ങൾ അവസാനിപ്പിക്കേണ്ടിയിരിക്കുന്നു" എന്നെഴുതിയിരിക്കുന്നു (Appendix 124) ശ്രീ. ശവരിയാർ പുണ്യവാളൻ തോമാനസ്രാണികളെ ആദരിച്ചു വന്നിരുന്നു എന്നുള്ളതിനു വേറെ തെളിവു ആവശ്യമുണ്ടോ? അറിവില്ലായ്മയും തിൻമയും ആരേയും ഇടത്തുട്ടകാരെന്ന പേരിനു അർഹന്മാരാക്കുന്നില്ല. യൂറോപ്പു ഖണ്ഡത്തിൽ അറിവില്ലായ്മയും തിൻമയും ഇല്ലാതിരുന്ന കാലം വളരെ കുറയും—ആ ഖണ്ഡത്തിലെ ക്രിസ്ത്യാനികളെ ഇതുനിമിത്തം ആരുമിടത്തുട്ടകാരെന്നു വിളിച്ചിട്ടില്ല. ഇതിലേക്കു ദൃഷ്ടാന്തമായി ബിബ്ളിയോത്തെക്കു സാക്രാ അനുബന്ധം രണ്ടാം പുസ്തകം ൧൪-ാം പുറത്തിൽ യൂറോപ്പിലെ ഒരു പ്രധാന സ്ഥലത്തു, ക്രിസ്താബ്ദം ൧൪-ാം യുഗത്തിൽ ക്രിസ്ത്യാനികളുടേയും വൈദികരുടേയും സ്ഥിതിയെ വിവരിക്കുന്ന ഒരു ഭാഗം താഴെ ചേർക്കുന്നു:-

"വൈദികരുടെ ജീവിതവും വ്യാപാരവും ഉത്തമം ചീത്ത ദൃഷ്ടാന്തവും പാട്ടുള്ളടത്തോളം മോശമായിരുന്നു. എന്തെന്നാൽ അവർ പൈതൃകീകരെക്കാൾ മോശമായി പൈതൃകീകമായും ഇന്ദ്രിയ ഇഷ്ടമായും ജീവിച്ചിരുന്നു. പൈതൃകീകരുടെ ഉടുപ്പു ധരിച്ചിരുന്നു. പരസ്യമായി ആയുധം ധരിച്ചു നടന്നിരുന്നു. പരസ്യമായി വേശ്യമാരിൽ പ്രവേശിച്ചിരുന്നു. അപ്രകാരം തന്നെ ആത്മപരിപാലകരായ പലരും പാപ സങ്കീർത്തനം

എന്നാൽഭാഗ്യത്തെ ക്രൂരഭാഗ്യവചനങ്ങളും പോലും അറിഞ്ഞിരുന്നില്ല. പിടി
ക്കപ്പെട്ടസംഗതികളും അറിഞ്ഞിരുന്നില്ല. പള്ളിക്കൂടത്തെ ശിക്ഷകളുംഅറി
ഞ്ഞിരുന്നില്ല- ചിലസ്ഥലത്തെ ആത്മീയാചാര്യന്മാർ പാപസങ്കീർത്തനം
ഒരിക്കലും കഴിച്ചിരുന്നില്ല. അന്യവക്ക പാപസങ്കീർത്തനം കൊടുക്കണ
ന്നതുകൊണ്ട തങ്ങൾക്ക പാപസങ്കീർത്തനം ആവശ്യമില്ലെന്ന അവർ ക
രുതിയിരുന്ന. ലൌകീകർ ദിവ്യകൃഭാഗകളെ ഗണിച്ചിരുന്നില്ല. പത്തും
പതിനഞ്ചും അതിൽ അധികവും കാലം പാപസങ്കീർത്തനം കഴിക്കാത്ത
വർ ധാരാളം ഉണ്ടായിരുന്ന. ലൌകീകരിൽ ദൈവകാര്യം സംബന്ധി
ച്ചുള്ള അറിവു വളരെ കുറവായിരുന്ന. കത്തോലിക്കാ വിശ്വാസത്തി
ന്റെ അടിസ്ഥാനവും മൂലവും ആയ സംഗതികളുടെ അറിവു അവക്കി
ല്ലായിരുന്ന. ആകാശങ്ങളിലിരിക്കുന്ന നമസ്കാരവും, നന്മനിറഞ്ഞമറി
യമെ എന്ന നമസ്കാരവും ചൊല്ലുന്നതിന അവക്ക അറിവാൻ പാടി
ല്ലായിരുന്ന. ശ്ലീ. കുരിശിന്റെ അടയാളം വരയ്ക്കുവാനും അവക്കപാ
ടില്ലായിരുന്ന. വിശ്വാസപ്രമാണവും ദൈവകല്പനകളും അവർ അറി
ഞ്ഞിരുന്നില്ല. ദേവാലയത്തിൽ ദൈവ കർമ്മാനുഷ്ഠാനസമയത്തിൽ ക്രൂടി
യും, തെരുവിൽ എന്നാൽ പോലെ നടക്കയും വ്യാപാരം ചെയ്കയും ചെ
യ്യുവന്നിരുന്ന. പെരുന്നാൾ ദിവസങ്ങളിൽ പള്ളിയിൽ നാടകങ്ങളും ന
ടത്തിയിരുന്ന- പള്ളിയിൽ ഗോതമ്പും മറുധാന്യങ്ങളും മെതിച്ചിരുന്ന,,
(Appendix 125)മേൽവിവരിച്ചപ്രകാരം അറിവില്ലായ്മ ഉണ്ടായിരുന്നസ്ഥ
ലത്തെ ക്രിസ്ത്യാനികളേയും വൈദീകരേയും പാഷണ്ഡരായിട്ട ഒ
ലിവെയിരാ മെത്രാൻ വിധിക്കുമോ? എന്നാൽ ഇപ്രകാരമുള്ള അറിവി
ല്ലായ്മ, യൂറോപ്പു ഖണ്ഡങ്ങളിലെ രാജ്യങ്ങളിൽ ഓരോ കാലത്തു ബാധി
ച്ചിട്ടുണ്ടായിരുന്ന. അവരുടെ ചരിത്രങ്ങളെ ഇവിടെ എടുത്തു കാണിക്ക
ുന്നുവെച്ചാൽ അയത്ര ഒലിവെയിരാ മെത്രാനും ക്രൂക്കും സങ്കടജന
കമായിരിക്കും. ഒരു സംഭവം മാത്രമിവിടെ പ്രസ്താവിച്ചുകാണട്ട ഒരം സം
ഗതി അവസാനിപ്പിക്കുന്ന- ക്രിസ്ത്യാനി രാജ്യങ്ങളിൽ വെച്ച എല്ലാം
കൊണ്ടും പ്രാധാന്യതയെ അർഹിക്കുന്ന ഒരു രാജ്യത്തിൽ കഴിഞ്ഞ നൂ
റാണ്ടിന്റെ അവസാനത്തിൽ—പക്ഷെ ഇപ്പഴും അവിടെ നടപ്പുണ്ടാ
യിരിക്കാം- ഒരു കുട്ടി സ്കൂളിൽ നിന്നും മടങ്ങിവന്ന സ്വന്ത തള്ളയുമാ
യി സംസാരിച്ചിരിക്കെ, ഒരു പുസ്തകം എടുത്തു നോക്കിയതിൽ അതി
ൽ ഒരു കുരങ്ങിന്റെ പടം കാണുകയും, ആ പടം തള്ളയെ കാണിച്ചു
തള്ളയോട്. "ഇതു നമ്മുടെ കാരണവരുടെ രൂപമാണ്- ഇതിൽ നി
ന്നാണ മനുഷ്യജന്മമുണ്ടായതു" എന്നു പറഞ്ഞു. ഒരം സംഭാഷണം കേ
ട്ട തള്ള വിസ്മയിച്ചു, കാപ്പും തിരുകിയതിന്ന ആ സ്കൂളിലെ അദ്ധ്യാ
പകന്മാർ മനുഷ്യരുടെ ഉല്പത്തിയെപ്പറ്റി മേൽപ്രകാരം പഠിപ്പിച്ചുവ
രുന്നതായി മനസ്സിലായി. അന്നുമുതൽ അവരു ആ കുട്ടിയെ ആ സ്കൂ
ളിലേക്കയച്ചില്ല. ഇക്കാലത്തും യൂറോപ്പിലെ ക്രിസ്ത്യാനി സമുദായ
ത്തിൽ ഉൾപ്പെട്ട പലരുടേയും മൂഢത ഇതു ഭയങ്കരായിരിക്കാം. ആ

യതിനാൽ തോമാനസ്രാണികളുടെ പേരിൽ ദോഷാരോപണം ചെയ്യുന്നതു, സുവിശേഷ ഉപദേശത്തിന്റെ നിലവിട്ടാണെന്നു ലിവെയിരാമെത്രാനും ക്ലർത്തും ഗ്രഹിച്ചു ഇപ്രകാരമുള്ള കീർത്തനങ്ങളിൽ നിന്നും വിരമിക്കേണ്ട കാലം നന്നാ അതിക്രമിച്ചിരിക്കുന്നു.

"ശരം അർമേന്യാക്കാരൻ അവകാശമായ്ക്കൊ. സാക്കാമോ, ഒരു മെത്രാൻ അപ്പനെന്നു ശ്ലൂ: പ്രാൻസിസ്കു പിടിച്ചു വായി താനുന്നില്ല. എന്തുകൊണ്ടെന്നാൽ മേല പകർത്തപ്പെട്ട കണ്ണു എഴുതുന്നതിന രണ്ടു അഞ്ചു കൊല്ലം മുമ്പിൽ മാത്തമാണ പുണ്യവാളൻ ശ്ലൂ: ഇഞ്ഞാസിയോസിനു (ശരം മെത്രാനെ കുറിച്ചു) എഴുത്തിയിരിക്കുന്നതു" എന്നു ലിവെയിരാ മെത്രാൻ പറഞ്ഞിരിക്കുന്ന ഭാഗത്തെ പറ്റി ഇനി അല്പം ആലോചിക്കാം. അ! ഥാ!! ലിവെയിരാ മെത്രാൻ ഇതുപോലിയ വിധിത്വം പുറപ്പെടുവിക്കുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ, യാക്കോ അഞ്ഞൂനാ എന്ന സുറിയാനി മെത്രാനെ, സാക്ഷാൽ ഒരു മെത്രാനായിട്ടോ, സുറിയാനിക്കാരുടെ മേൽ അർഹതയുള്ള ഒരു മെത്രാനായിട്ടോ, ശ്ലൂ ശവരിയാരു പുണ്യവാളൻ കരുതിയിരുന്നില്ലെന്നു ലിവെയിരാ മെത്രാൻ പറഞ്ഞിരിക്കുന്നു. ലിവെയിരാ മെത്രാൻ തന്നത്താൻ വിധിവേഷം ചമയുന്നതിൽ എനിക്കു വിരോധമില്ല. മഹാശാസ്ത്രജ്ഞനും മാപ്പിപ്പായുടെ സ്ഥാനാപതിയും, പുണ്യവാളനുമായ ശ്ലൂംസീസ്സു ശവരിയാരെ അദ്ദേഹം വിധിയാക്കാൻ ഒരുങ്ങിയതു വലിയ സാഹസമായിപ്പോയി. ശ്ലൂ ശവരിയാരു പുണ്യവാളൻ സുറിയാനിക്കാരെയും അവരുടെ മെത്രാനെയും ദൈന്യായിൽ ഉണ്ടായിരുന്ന അന്നത്തെ പൊട്ടുഗീസ്സുകാരെക്കാൾ ഏറ്റവും മതിക്കയും കാര്യമായി കരുതുകയും ചെയ്തതു പോലെ സുറിയാനിക്കാർക്കും തന്റെ മേൽ വളരെ മതിപ്പും വിശ്വാസവും ആയിരുന്നു. ഇപ്പഴും മലയാളത്തെ സുറിയാനിക്കാർ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥനായിൽ വച്ചിയ എതിർവുകാരാണു. ഏറിയ പള്ളികളിലും തന്റെ സാരൂപം വച്ചു തിരുനാൾ കൊണ്ടാടി വരുന്നതും പല സുറിയാനി പള്ളികളും ശരം വീശുഗോന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതും പല പള്ളികളിൽ തന്റെ ദർശന സഖ്യതകം സ്ഥാപിക്കപ്പെട്ടിരിക്കുന്നതുമാണു. ഗോവയിൽ ഇരിക്കുന്ന തന്റെ ശരീരവണക്കത്തിനു പോയിരുന്ന തീർത്ഥയാത്രക്കാരിൽ സുറിയാനിക്കാർ ഒട്ടും അപ്രധാനമല്ലായിരുന്നു. മേൽ പറഞ്ഞ വിധിത്തരം എഴുതുന്നതിനു ഏട്ടു വർഷം മുമ്പിൽ യാക്കോ അഞ്ഞൂനായെക്കുറിച്ചു ശവരിയാരു പുണ്യവാളൻ പോർത്തുഗൽ രാജാവിനു എഴുതിയ എഴുത്തു ലിവെയിരാ മെത്രാൻ ചേർത്തിട്ടുള്ളതു ഇപ്രകാരമാകുന്നു: — "അമ്മേന്യായിൽ നിന്നും യാക്കോ അഞ്ഞൂനാ എന്ന പേരുള്ള ഒരു മെത്രാൻ..... ഇപ്പോഴും അയാളുടെ വാൽക്യത്തിൽ പരിശുദ്ധ മാതാവായ റോമാ സഭയുടെ അനുസരണക്രമങ്ങളിൽ വളരെ അനുസരയുള്ളവനായിരിക്കുന്നു" ഇ

ന്നിനു ശേഷം ഉടനെ അടിയിൽ, "ചില ഇംഗ്ലീഷ് ഭാഷാന്തരങ്ങളിൽ പറഞ്ഞു കാണുന്നതുപോലെ, ക്രമങ്ങളെപ്പറ്റി ഇവിടെ ഒന്നും സൂചിപ്പിച്ചിട്ടില്ല എന്നു മാറിഞ്ഞു രിക്കേണ്ടതാകുന്നു," എന്നെഴുതിയിരിക്കുന്നു. ഇതു സൂക്ഷിച്ചു വായിക്കുന്ന വായനക്കാർക്കു തന്നെ, ഇതിന്റെ കള്ളം കണ്ടുപിടിക്കാവുന്നതാണു. പോർത്തുഗീസ് മൂലഗ്രന്ഥം അനുസരിച്ചു, "മാതാവായ റോമാ സഭയുടെ ആചാരങ്ങൾക്കു അനുസരണയുള്ളവനായിരിക്കുന്നു" എന്നെഴുതിയതിന്റെ ശേഷം "ചില ഇംഗ്ലീഷ് ഭാഷാന്തരങ്ങളിൽ പറഞ്ഞു കാണുന്നതുപോലെ, ക്രമങ്ങളെപ്പറ്റി ഇവിടെ ഒന്നും സൂചിപ്പിച്ചിട്ടില്ലെന്നു ഒലിവെയിരാ മെത്രാൻ എഴുതിയിരിക്കുന്നു. അതായതു റോമാ സഭയുടെ ആചാരക്രമങ്ങളെ യാക്കോ ആബൂനാ എന്ന മെത്രാൻ കാത്തിരുന്നു എന്നു ഇംഗ്ലീഷ് ഭാഷാന്തരങ്ങളിൽ പറഞ്ഞിട്ടുള്ളതു മൂലത്തിൽ ഇല്ലെന്നാണു ഒലിവെയിരാ മെത്രാൻ പൂർവ്വാപരവിരുദ്ധമായിഎഴുതീട്ടുള്ളതു "ഈ അഭിപ്രായക്കാരൻ അവകാശമായ്ക്കൊണ്ടാലൊരു മെത്രാനാണെന്നു ശ്രീ. പ്രാൻസിസ് വിചാരിച്ചതായി തോന്നുന്നില്ല എന്നു എഴുതിയിരിക്കുന്നു. യാക്കോ ആബൂനാ മെത്രാനെ വളരെ പ്രശംസിച്ചു ശ്രീ. ശവരിയാരു പുണ്യവാളൻ പോർത്തുഗാലിലെ മൂന്നാംയോഹന്നാൻ രാജാവിനു എഴുതീട്ടുള്ളതു ഒലിവെയിരാ മെത്രാനു സഹിപ്പാൻ പാടില്ലാതെ, യാക്കോ ആബൂനാ എന്ന മെത്രാൻ സാക്ഷാൽ ഒരു മെത്രാൻ അല്ലെന്നുകൂടി ശവരിയാരു പുണ്യവാളൻ വിചാരിച്ചിരുന്നില്ലെന്നു വ്യാഖ്യാനിപ്പാൻ ഒരുങ്ങി പുറപ്പെട്ടിരിക്കുന്നു. എന്നാൽ യാക്കോ ആബൂനാ എന്ന മെത്രാൻ എത്രത്തോളം പുണ്യവാളനായിരുന്നു എന്നും തന്നിമിത്തം യൂറോപ്യന്മാർ അദ്ദേഹത്തിന്റെ മേൽ എത്രത്തോളം വൈരാഗ്യമുള്ളവരായി ഭവിച്ചിട്ടുണ്ടെന്നും തെളിയിക്കുന്നതിനായി, പോർത്തുശലിലെ മൂന്നാം യോഹന്നാൻ രാജാവിനു ശ്രീ. ശവരിയാരു പുണ്യവാളൻ എഴുതിയ എഴുത്തു ഇവിടെ പകർത്തുന്നു. കോർണിഡ്ഡിന്റെ ൨-ാം പുസ്തകം ൧൮-ാം വന്ന—ാം പുറങ്ങൾ നോക്കുക. "കൊച്ചിയിൽ നിന്നു ൧൫൫൯ ജനുവരി ൨൩-ാം. അമ്മേന്ന്യാക്കാരനായ യാക്കൊ ആബൂനാ എന്നൊരു മെത്രാൻ ദൈവത്തിനും രാജാവിനും വേണ്ടി ഇദ്ദേശത്തിൽ വന്നു വേലചെയ്തു തുടങ്ങീട്ടു ഇപ്പോൾ ൫൭ വർഷമായിരിക്കുന്നു. മഹാരാജാവെ! തങ്ങളാലും ഇന്ത്യയിൽ വാഴ്ച അധികാരവും സിദ്ധിച്ചിട്ടുള്ള മിക്കവരാലും ഇദ്ദേഹം എത്രത്തോളം നിസ്സാരമാക്കപ്പെട്ടും ഉപേക്ഷിക്കപ്പെട്ടും വരുന്നുവൊ, അത്രയുള്ളും ഇദ്ദേഹത്തിന്റെ പുണ്യവും വിശ്വാസ്തതയും ദൈവസന്നിധിയിൽ ഇദ്ദേഹത്തിനു അടുപ്പമുള്ളവനാക്കിതീർത്തിരിക്കുന്നു. ഇപ്രകാരം ദൈവം അദ്ദേഹത്തിന്റെ മഹത്തായയോഗ്യതകൾക്കു അദ്ദേഹത്തിനു സമ്മാനം നൽകുന്നു. ദൈവം തന്നെ അശ്വസിപ്പിക്കാൻ നിശ്ചയിച്ചിരിക്കുന്ന തന്റെദാസനെ ബഹുമാനിക്കുന്നതിനുമേലേ ഉപകരണങ്ങളാക്കി തീർക്കുന്നില്ലാ. പ്രാൻസീസ്കൻസഭയിലെ സന്യാസികൾ മാത്രം അദ്ദേഹത്തിനെ താല്പര്യത്തോടും സ്നേഹത്തോടും അടുത്തി

ച്ചു വരുന്നു. ഇതിൽ കൂടുതലായി ഒന്നും ചേർക്കപ്പെടുവാനില്ലാ. എന്നാൽ ഇതുമില്ലാതിരുന്ന എങ്കിൽ ഒരു നല്ല കിഴവൻ ഭയപീഡകളാൽ അധികം മുമ്പേതന്നെ മരിച്ചുപോയേനെ മഹാരാജാവെ! എനിക്കു ഇങ്ങനെ തോന്നുന്നതിനെ പറയുന്നതിനു തിരുമനസ്സിൽ നിന്നും അനുവദിച്ചുവാങ്ങണം. സ്നേഹവണക്കസൂചകങ്ങളായ ഒരു സ്വഹസ്തലേഖനം ഒരു നല്ല മെത്രാനു കല്പിച്ചയക്കണമെന്നു ഞാൻ ഇപ്പോൾ അപേക്ഷിക്കുന്നു. അദ്ദേഹത്തിനെ ബഹുമാനിക്കുന്നതിനും ഭയവോടെ വിട്ടതിനുശേഷം സന്തോഷിക്കുന്നതിനും, വല്ലതും ആവശ്യപ്പെട്ടു അപേക്ഷിച്ചാൽ ഭയവോടും ശുദ്ധിയോടും കൂടി നിവർത്തിച്ചു കൊടുക്കുന്നതിനും ഒരു കല്പന തിരുമനസ്സിലെ ഗവർണർ, കാര്യസ്ഥന്മാർ തുടങ്ങിയായ ഉദ്യോഗസ്ഥന്മാർ ഇവരേയും പ്രത്യേകിച്ചു കൊച്ചിയിലെ ദേശാധിപതിയേയും കാണിപ്പാൻ തക്കവണ്ണം എഴുതിത്തോടുകൂടി അയച്ചുകൊടുക്കണം എന്നു ഞാൻ വളരെ അഗ്രഹിക്കുന്നു- ഇപ്രകാരം ചെയ്യുന്നതുകൊണ്ടു ആ കേതിയുള്ള മെത്രാനെക്കാരം തങ്ങൾക്കു ഉപകാരം സിദ്ധിക്കും എന്നു ഇതെഴുതുന്ന സമയം ഇനിക്കു തോന്നി. എന്തുകൊണ്ടെന്നാൽ ഇപ്പോൾ പ്രാൻസീസ്കൻ പാതിമാരുടെ ഉപദേശിയാൽ അദ്ദേഹത്തിനു ഒന്നും ആവശ്യമില്ല. എന്നാൽ ഇദ്ദേഹത്തപ്പോലെ ദൈവത്തിൻ പക്കൽ ഏറ്റവും കൈക്കൊള്ളപ്പെട്ട ഒരു മനുഷ്യന്റെ നൽമനസ്സും മദ്ധ്യസ്ഥതയും കൊണ്ടു തിരുമനസ്സിലേക്കു ഏറ്റവും ആവശ്യമുണ്ടു. ഞാൻ കാണിച്ചുപോലെയുള്ള ഭയാപ്രവൃത്തിമൂലം പ്രസ്തുത മനോഹരണങ്ങളും നിങ്ങൾക്കു ലഭിക്കാവുന്നതാണു. മറുവശത്തിനാൽ ഞങ്ങൾ ക്രിസ്ത്യാനികൾക്കു വേണ്ടി സഹിച്ചിട്ടുള്ള ബുദ്ധിമുട്ടുകളും മായും ഒരുമെത്രാനെ ഇപ്രകാരമുള്ള കൃതജ്ഞതക്കു പാത്രവാനാക്കിത്തീർത്തിട്ടുണ്ടു. വാർക്ക്യം നിമിത്തം ക്ഷീണിച്ചിരിക്കുന്ന ഒരു സമസ്തത്തും നമ്മുടെ വിശ്വാസമാതാവായ റോമാപള്ളിയുടെ സകല ക്രമപട്ടങ്ങൾക്കും മര്യാദകൾക്കും ഏറ്റവും അനുസരണയായി പ്രവർത്തിച്ചു വരുന്നു. മഹാരാജാവെ! തിരുമനസ്സുകൊണ്ടു പ്രാൻസീസ്കൻ സഭാസന്യാസികൾക്കു എഴുത്തുകൾ അയക്കുന്നുണ്ടെന്നു എനിക്കറിവുള്ളതിനാൽ ഒരു അമ്മേന്യൻ മെത്രാനുള്ള ലേഖനവും അവക്കുള്ള എഴുത്തിൽ അടക്കം ചെയ്തു അയക്കാവുന്നതാണു. വിശേഷിച്ചും ഒരു ലേഖനത്തിൽ അദ്ദേഹത്തിനോടു നിങ്ങൾക്കുള്ള മതിപ്പു, ഭയവു, പ്രീതി ഇത്യാദികളെ നല്ലവണ്ണം സൂചിപ്പിക്കുന്നതായ തക്കവാചകരീതിയിൽ എഴുതണമെന്നു തിരുമേനിയെ ഞാൻ വളരെ നിർബന്ധിക്കുന്നു. (Appendix 126)

ശവരിയാശു പുണ്യവാളന്റെ ഒരു എഴുത്തിൽ നിന്നും, യാക്കോ ഹാബ്ദാ എന്ന സുറിയാനിമെത്രാൻ കുർത്തോവിക്കനാണെന്നും മെത്രാനാണെന്നും അർഹതയുള്ള ഒരു മെത്രാനാണെന്നും പുണ്യവാളനായ ഒരു മെത്രാനാണെന്നും, എന്നാൽ ഒമ്പിയെയിരാ മെത്രാന്റെയും കൂട്ടുകാരേ

യും വാദങ്ങളും കേവലം അന്യായാസ്പദങ്ങളാണെന്നും എല്ലാവർക്കുംബോ
ധ്യപ്പെട്ടുന്നതാണ്. ശവരിയാരു പുണ്യവാളന്റെ എഴുത്തിൽ "മഹാരാ
ജാവെ! ദൈവത്തിന്നും രാജാവിന്നും വേണ്ടി ഞാൻ ഏറ്റവും വേല ചെയ്തു കൂട
ീട്ടുള്ളതു 18 വർഷമായിരിക്കുന്നു" എന്ന എഴുത്തുണ്ടായിരിക്കുന്നു. ദൈവത്തിനു
വേണ്ടി ഞാൻ ശുശ്രൂഷചെയ്യുന്നവൻ ഒരു കത്തോലിക്കാ മെത്രാൻ ആയി
രിക്കണം എന്നു സന്ദേഹമില്ല. യാക്കോ ആബൂനാ എന്ന മെത്രാൻ 18, വർഷ
മായി ഇന്ത്യയിൽ ദൈവത്തിന്നു ശുശ്രൂഷചെയ്തുവന്നു എന്നു ശവരിയാരു
പുണ്യവാളൻ എഴുതീട്ടുണ്ടു. പോർത്തുഗീസ്സുകാർ ഇവിടെ വന്നാൽ മയം
കരിയർ—ൽ യാക്കോബ ആബൂനാ എന്ന മെത്രാൻ തന്റെ കൂട്ടമെത്രാ
ന്മാരോടു കൂടി പോർത്തുഗീസ്സുകാരുമായുള്ള ഏറ്റുപാടുകൾ എല്ലാം തന്റെ
പാതിയക്കീസിനെ അറിയിച്ചിട്ടുണ്ടായിരുന്നു. ശവരിയാരു പുണ്യവാ
ളന്റെ പ്രേഷിതകാലമായ കരിയർ—ൽ നിന്നും 18 വർഷം കൂടുമ്പോൾ
കരിയർ ശരിയായി കിട്ടുന്നു. അക്കാലത്തും യാക്കോ ആബൂനാ മെത്രാൻ
കത്തോലിക്കനായിരുന്നു എന്നു ശവരിയാരു പുണ്യവാളൻ സാക്ഷിക്കുന്നു.
കത്തോലിക്കനായ ഒരു മെത്രാനും ഒരു ഇടത്തട്ടു പാതിയക്കീസിനെ ത
ന്റെ മേലധികാരിയായി സ്വീകരിക്കുന്നതല്ലാ. അതിനാൽ കരിയർ ലെ
പാതിയക്കീസും കത്തോലിക്കനായിരുന്നു. ഒരു കത്തോലിക്കാമെത്രാൻ
പോർത്തുഗീസുകാരെ ഭയപ്പെടുന്നു എന്നു വരുവാൻ പാടില്ലാ. തോമാ നസ്രാണിക
ളുടെ മേലധികാരിയായിരുന്ന യാക്കോ ആബൂനാ മെത്രാൻ സഹിച്ചിരുന്ന ബുദ്ധിമുട്ടു
കൾ ചൂണ്ടിക്കാണിച്ചതു ശവരിയാരു പുണ്യവാളൻ അദ്ദേഹത്തിന്റെ അധികവും
സ്തുതിച്ചിട്ടുള്ളതു. അതുകൊണ്ടു അദ്ദേഹത്തിന്റെ മരണശിലയിൽ പ്പെ
ടുത്തിയിരുന്ന തോമാ നസ്രാണികൾ സത്യക്രിസ്ത്യാനികളായിരുന്നു എന്നു ശ
വരിയാർ പുണ്യവാളൻ തന്നെ സാക്ഷീകരിക്കുന്നു. മേൽ വിവരിച്ച
കാരണം ശവരിയാരു പുണ്യവാളന്റെ പ്രശംസയുടെ പാത്രമാകയാൽ ഭവിച്ച
യാക്കോ ആബൂനാ മെത്രാനെ കൂടിയും ശവരിയാരു പുണ്യവാളന്റെ സാ
ന്നിധ്യത്തിൽ നിന്നു ഒലിവെയിരാ മെത്രാനും കൂട്ടരുമുണ്ടാക്കുവാൻ
തുടങ്ങിയ ഇതിനുള്ള കാരണം. പ്രസ്തുത മെത്രാന്റെ കാലത്തു തന്നെ ഇവിടെ
ഉണ്ടായിരുന്ന പ്രസ്തുത സഭക്കാർ ഒഴിച്ചുള്ള ഹൈദീകരും, പോർത്തുഗീസ്സുകാ
രിക്കുവരും അദ്ദേഹത്തിനെ ബഹുമാനിച്ചിരുന്നില്ല പ്രത്യുത, അദ്ദേഹ
ത്തിനെ അവർ പലവിധത്തിലും ഉപദ്രവിച്ചിരുന്നു. അപ്രകാരമുള്ള
ദീനത്തിലും ബഹുമാനഹാനിയും വീക്ഷിക്കുന്നതിന്നായിരുന്ന ശവരിയാരു പുണ്യ
വാളൻ പോർത്തുഗൽരാജാവിനെ എഴുത്തയച്ചതു എന്നാൽ ഒലിവെയിരാ
മെത്രാൻ യാക്കോ ആബൂനാമെത്രാന്റെ വിരോധികളെ പിന്തുട
ർന്നു അദ്ദേഹം ഒരു സാക്ഷാൽ മെത്രാൻ അല്ലെന്ന ക്രിയും വാദിച്ചുതുട
ങ്ങിയിരിക്കുന്നു. യാക്കോ ആബൂനാ മെത്രാൻ നമ്മോടു സംസാരിക്കുന്നതാണെ
ന്നും ശവരിയാരു പുണ്യവാളൻ എഴുതീട്ടുള്ളതുകൊണ്ടു, അദ്ദേഹം കിഴക്കൻ
ദീനത്തുകാരനാണെന്നും, കിഴക്കൻ ക്രമക്കാരായ തോമാ നസ്രാണിക
ളെ ഭരിപ്പാനായി കിഴക്കിലെ കൽദായ പാത്രിയക്കീസിന്റെ അധികാ

രപ്രകാരം വസിച്ചിട്ടുള്ള ആളാണെന്നും പുണ്യവാളൻ നിശ്ചയമായും അറിഞ്ഞിരുന്നു. അമ്മേനൃൻ മെത്രാൻ എന്ന പറയുന്നതു അമ്മോനൃദേശക്കാരനായ കൽദായസുറിയാനി പീത്തൂക്കാരനായിരുന്നതു കൊണ്ടാണു എന്നും, അതല്ലാ അമ്മേനൃൻ എന്ന എഴുതികാണുന്നതു അറാമ്മായക്കാരൻ (അതായതു സുറിയാനിക്കാരൻ) എന്നവാദം ഉപേക്ഷിച്ചുവന്നതാണെന്നും ചരിത്രക്കാർ പറയുന്നുണ്ടു. ഏതായാലും അമ്മേനൃാദേശത്തു കൽദായ പാത്രിയർക്കീസിന്റെ കീഴ് വളരെ സുറിയാനിക്കാർ ഉണ്ടു. ഇതു കൊണ്ടു യാക്കോ അതുനാമെത്രാൻ അമ്മേനൃായിൽനിന്നു വന്ന ആൾ എന്നവരാം. ആയതിനാൽ കൽദായ പാത്രിയർക്കീസിന്റെ അധികാരത്തിൽ ഉൾപ്പെട്ട ജനങ്ങളെ ഭരിപ്പാനായിവന്ന യാക്കോ അതുനായെന്ന മെത്രാൻ അവകാശമുണ്ടായുള്ള മെത്രാനാണെന്നു ശ്ലൂ: ശവരിയാരു പുണ്യവാളൻ സുബോധത്തോടുകൂടി എഴുതിട്ടുള്ളതാണു. ഫിർ—ജനുവരി ക്രമം—ശ്ലൂ: ശവരിയാരുപുണ്യവാളൻ ശ്ലൂ: ഇഗ്നാത്തിയോസ് പുണ്യവാളൻ എഴുതിട്ടുള്ള എഴുത്തിൽ, "ഇൻഡ്യാരാജ്യം ആസകലത്തിലും കൂടി, ഒരു മെത്രാൻ മാത്രമെ ഒള്ളു. അദ്ദേഹം നമ്മുടെ സഭയുടെ ഒരു വലിയ സ്നേഹിതനാണു. ഫിർവ്വ-ജനുവരി ക്രമം—നു- കൊച്ചിയിൽ കപ്പൽ ഇറങ്ങി. ഗോവയിലെ വൃദ്ധനായ ആ നല്ല മെത്രാനും അസ്ഥലത്തുണ്ടായിരുന്നു." എന്നു പറഞ്ഞിട്ടുള്ളതായി. ഒലിവെയിരാ മെത്രാൻ പറഞ്ഞിരിക്കുന്നു. ഗോവയിലെ ജോൺ ദെ ആൽബുക്കെർക്ക് എന്ന മെത്രാനല്ലാതെ ഇൻഡ്യാ ഒട്ടുക വേറെ മെത്രാനില്ലെന്നു ശവരിയാരുപുണ്യവാളൻ എഴുതീട്ടുള്ളതിന്റെ അർത്ഥം മനസ്സിലാകാഞ്ഞിട്ടോ, മനസ്സിലാക്കാൻ മനസ്സില്ലാഞ്ഞിട്ടോ ഒലിവെയിരാ മെത്രാൻ അസംബന്ധമായ അർത്ഥം കല്പിച്ചിട്ടുള്ളതാണു. എന്തെന്നാൽ ഇൻഡ്യാ ഒട്ടുക ഒരു മെത്രാൻ മാത്രമെയുള്ളു എന്നു ശവരിയാരു പുണ്യവാളൻ എഴുതീട്ടുള്ളതിന്റെ അർത്ഥം ലത്തീൻ ക്രമക്കാരനായ ഒരു മെത്രാനെയുള്ളു എന്നാകുന്നു. പോർത്തുഗീസുകാർ ഇന്ത്യാരാജ്യത്തിൽ വന്നതിന്റെ ശേഷം ശ്ലൂ: ശവരിയാരു വന്നതിനു മുമ്പിൽ മാർത്തോമ്മാ ക്രിസ്തീയരുന്ന ലത്തീൻ ക്രിസ്ത്യാനികളുടെ സംഖ്യ വളരെ കുറവായിരുന്നു. അതിനാൽ ഇൻഡ്യാ ഒട്ടുക അധികാരപ്പെട്ടുന്ന ഒരു ഗോവയിൽ ഒരു മെത്രാനെ നിശ്ചയിയ്ക്കുയും പിന്നീടു ലത്തീൻ ക്രിസ്ത്യാനികളുടെ സംഖ്യ വർദ്ധിച്ചതോടുകൂടി ക്രമത്തിൽ മെത്രാന്മാരെ നിശ്ചയിക്കുകയും ചെയ്തു. ഗോവയിലെ വന്നിരുന്ന മെത്രാനു സുറിയാനിക്കാരായ തോമാനസ്രാണികളുടെ മേൽ യാതൊരു ഭരണാധികാരവും ഇല്ലായിരുന്നു. യാക്കോവു അതുനാസിയോസ് എന്ന മെത്രാനു തന്നെയായിരുന്നു സുറിയാനിക്കാരുടെ മേലുള്ള ഭരണാധികാരം. അതിനാൽ ശവരിയാരു പുണ്യവാളൻ ശരിയായി എഴുതീട്ടുള്ളതിനെ ഒലിവെയിരാ മെത്രാൻ തന്റെ വിശദീകരണത്തിൽ തെറ്റായും അസംബന്ധമായും, വ്യാഖ്യാനിച്ചിട്ടുള്ളതു തന്റെ ബോധത്തിന്റെ ഹീനത്താൽ എന്നല്ലാതെ മറ്റൊന്നും പറവാൻ കാണുന്നില്ല. യാക്കോവു അതുനാസിയോസ്

ന്ന സുറിയാനി മെത്രാൻ അവകാശമായ്ക്കൊ സാക്ഷാലൊ ഒരു മെത്രാനാണെന്ന ശവരിയാരുപുണ്യവാളൻ റിചാറിച്ചിരുന്നില്ലെന്നു ഒഴിവെയിരാ മെത്രാൻ എഴുതീട്ടുള്ളതു ശവരിയാരു പുണ്യവാളന്റെ വിചാരമല്ല. പിന്നെയും, ഒഴിവെരാ മെത്രാന്റെ പുരോഗാമികളായ പോർത്തുഗീസ് മെത്രാന്മാരും, വൈദികരും, സുറിയാനി മെത്രാന്മാർ മെത്രാന്മാർ അല്ലെന്നും, വെറും അംമേനികരെ ആയിരുന്നെന്നും പറയുന്നു, എഴുതീട്ടുള്ളതിനെ അനുസരിച്ചു എഴുതീട്ടുള്ളതാകുന്നു. അബ്രാഹം മെത്രാനും ഒരു വെറും അംമേനിയാണെന്നുള്ള ഒരു വാദം ഉണ്ടു. എന്നാൽ റോമാപുരിയിൽ വെച്ചു ശ്ലൂ: രക്ഷിതാവിന്റെ എന്നു പേരുള്ള മെത്രാൻ ഇദ്ദേഹത്തിനു ഇരുപ്പട്ടം കൊടുത്തതായും. വെനെസ്യായുടെ പാത്രിയക്കീസ് മെത്രാൻ അദ്ദേഹത്തിനു മെത്രാൻ പട്ടം കൊടുത്തതായും ലക്ഷ്യങ്ങം മെനെസിസ് മെത്രാപ്പൊലീത്താ അങ്കമാലിപ്പള്ളിയിലെ രിക്കാട്ടകളിൽ കണ്ടതായി റേളൻ ഗ്രന്ഥം പുറത്തിൽ പറഞ്ഞിരിക്കുന്നു. ഉരു പുസ്തകം നൊം ഭാഗം ൻ-ാം പ്രകരണം സു-ാം ലക്കത്തിൽ ചേത്തിട്ടുള്ളതും ർാം പീയൂസ് മാപ്പാപ്പാ അബ്രാഹംമെത്രാനെപ്പറ്റി ഗോവമെത്രാപ്പോവീത്തായ്ക്കു എഴുതീട്ടുള്ളതും അയ തിരു എഴുത്തു വായിച്ചുനോക്കിയാൽ അബ്രാഹം മെത്രാൻ ഇവിടെ വന്നസമയം അംമേനിയല്ലായിരുന്നു എന്നു അറിയാവുന്നതാണു. (ഉരു പുസ്തകം ഒരു ഒരു—ന്നെ—ന്നൊരു പൗരുഷം നോക്കുക) അപ്രകാരം തന്നെ അബ്രാഹം മെത്രാൻ ഇവിടെ ഇരുന്നകാലത്തിൽ ബേബേലിലെ പാത്രിയക്കീസ് ശെമയോൻ എന്നു പേരുള്ള ഒരു മെത്രാനെ അയച്ചിട്ടുണ്ടായിരുന്നു. അദ്ദേഹവും വെറും അംമേനിയായിരുന്നു എന്നു പോർത്തുഗീസ് വൈദികർ ചരിത്രത്തിൽ എഴുതീട്ടുണ്ടു. അതുപോലെ തന്നെയാകുന്നു ശ്ലൂ ശവരിയാരു പുണ്യവാളൻ ക്രിസ്തുവും, മെത്രാനായും തോമാനസ്രാണികളുടെ മേൽ ഭരണമുള്ള മെത്രാനായും വിചാരിച്ചിട്ടുള്ളയാക്കോ അഞ്ചുനാ എന്ന മെത്രാനെ, അവകാശമായ്ക്കൊ, സാക്ഷാലൊ ഒരു മെത്രാനാണെന്നുള്ള ശവരിയാരു പുണ്യവാളൻ വിചാരിച്ചിരുന്നതായി തോന്നുന്നില്ല എന്നു വ്യക്തമായി മെത്രാനല്ലെന്നു പറഞ്ഞിരിക്കുന്നതു യാക്കോബു അഞ്ചുനാമെത്രാൻ ക്രിസ്തുമതത്തിൽ അധികം മദ്ധ്യകാലത്തിൽ വന്നതു. ഏകദേശം ക്രിസ്തുവരെ അദ്ദേഹം ജീവിച്ചിരുന്നു. വിൻസെന്റു പാട്രി സ്ഥാപിച്ച കൊടുങ്ങല്ലൂർ കോളേജിലെ അദ്ധ്യാപകനായിരുന്നു അദ്ദേഹം. ഈ യാക്കോ അഞ്ചുനാ മെത്രാനാണു. ഈ മെത്രാന്റെ സമ്മതത്തോടുകൂടിയാണു അദ്ദേഹം സുറിയാനിയുവാക്കളെ പഠിപ്പിച്ചതു. ഇതു കൊണ്ടാകുന്നു ശ്ലൂ. ശവരിയാരു പുണ്യവാളൻ പോർത്തുഗൽ രാജാവിനു എഴുതിയ എഴുത്തിൽ അദ്ദേഹത്തിനെക്കുറിച്ചു, "ഇപ്പഴും അയാളുടെ വാർദ്ധക്യത്തിൽ മാതാവായ ശ്ലൂ റോമാസഭയുടെ ആചാരങ്ങളിൽ വളരെ അനുസരണയുള്ളവനായിരിക്കുന്നു" എന്നെഴുതിയിരിക്കുന്നതു-

വരാപ്പുഴയിലെ കർമ്മലീത്താ മിഷ്യനറിമാരാൽ നടത്തപ്പെട്ടവ

ന്നതും മേല്പറഞ്ഞ പത്രത്തിന്റെ നാവുമായിരുന്ന 'സത്യനാദം' എന്ന മലയാളപത്രത്തിൽ 'തിരുവിതാംകൂറിലെ ക്രിസ്തുമതം' എന്ന പേരായ മെക്കെൻസിയുടെ ഇംഗ്ലീഷ് ചരിത്രപുസ്തകം പലപ്പോഴായി മലയാളഭാഷാന്തരം ചെയ്തു പ്രസിദ്ധപ്പെടുത്തിയിരുന്നു. ഫൺറെ സൊപ്പടവർ ക്രമം-യിലെ ടി. പത്രം മൂന്നാം പുത്തിൽ ശ്രീ: ശെയ്ക്കുമപുണ്യവാളന്റെ, ടി: യാക്കോബു അബൂനാമെത്രാനെ സംബന്ധിച്ചുള്ള, എഴുതുതള്ളിമ ചെയ്ത പ്രസ്താവനയിൽ ഇംഗ്ലീഷ് മൂലപ്രതിയോടു ചേരാത്തതായ ഒരു വ്യാജതർജ്ജിമ ചേർത്തിട്ടുണ്ട്. അതായതു ടി. യാക്കോബു അബൂനാമെത്രാൻ പോർട്ടുഗൽ രാജാവിനാലും ഇൻഡ്യായിൽ അധികാരമുള്ള എല്ലാവരാലും "പൊയ്യുവായും" ഉപേക്ഷിക്കപ്പെട്ടും ഇരിക്കുന്നു എന്നാണ്. സത്യനാദത്തിന്റെ ടി. സെപ്തമ്പർ 2-ാനു-ലെ പട്ടർ പൊലിക്കാർപ്പുമയിയ എന്ന കമ്മലീത്ത മിശ്ശനറിയുടെയും കൂട്ടുകാരായ മെത്രാൻ മതവാ യവരുടെയും അഭിപ്രായങ്ങളെ താങ്ങുന്നതിനായിരുന്നു എന്ന വ്യാളപ്പുമായി വായനക്കാർക്കു ഗ്രഹിക്കാവുന്നതാണു. അവരുടെ അഭിപ്രായം യാക്കോബു അബൂനാമെത്രാൻ തന്റെ വാർദ്ധക്യത്തിൽ പോർട്ടുഗീസ്സാരുടെ ദുഷ്പ്രേരണകളെ അനുസരിച്ചു നെസ്തോറീസ് ഇടത്തുട്ട് ഉപേക്ഷിച്ചിരുന്നതിനാൽ തന്റെ ജനങ്ങളായിരുന്ന ഇടത്തുട്ടുകാരായ സുറിയാനിക്കാർക്ക് തന്നോടു വിരോധം ജനിച്ചു എന്നാണു. ഇതു എത്രയൊരു ഭീമമായ അഭിപ്രായം! ഇതു ശരിയാണെങ്കിൽ പോർട്ടുഗീസ്സാരുടെ പരിശ്രമത്താൽ കത്തോലിക്കാ വിശ്വാസം അനുസരിച്ചു എന്നു പറയുന്നടി: യാക്കോബു അബൂനാമെത്രാനെ അന്നു ഇന്ത്യയിലുണ്ടായിരുന്ന പോർട്ടുഗീസർ തന്നെയും നിരസിച്ചിരുന്നതെന്നാകുന്നു എന്നു വായനക്കാർ വിധിക്കട്ടെ. എന്നാൽ സുറിയാനിക്കാർ തങ്ങളുടെ മെത്രാനായ മാർ യാക്കോബിനോടു വിരോധമായിരുന്നു എന്നു ഒരിക്കലും ശ്ലൂശാരിയാരുപുണ്യവാളൻ എഴുതീട്ടില്ല. പിന്നെയും ഇതു സത്യനാദം എന്നപേരായി വരാപ്പുഴെ കമ്മലീത്തക്കാർ നടത്തിവന്ന പത്രം നുണ്ണിച്ചുണ്ടാക്കിയ വ്യാജകഥയാണു. ഒരു ശ്രുതയുടെ നാവും സത്യനാദം എന്നപേരുമായ ഒരു മാസ്യകത്തോലിക്കാ പത്രം ഇരുപ്രകാരമുള്ള വ്യാജതർജ്ജിമ നുണ്ണിച്ചുണ്ടായതിൽ ഞാൻ ആശ്ചര്യപ്പെടുന്നു. മലയാളത്തിൽ ആദ്യമായി ഉണ്ടായ ഈ കത്തോലിക്കാ പത്രം മുപ്പതു വർഷത്തോളം സ്ഥിതിചെയ്തശേഷം ഒരു പരിഷ്കാരകാലത്തു നടത്തുകാരുടെ വൈഭവം കൊണ്ടോ എന്തൊ സത്യനാദത്തിനു പത്രവരിക്കാർ നന്നാ കുറഞ്ഞു വരികയും ഫൺസ്-ന്റെ പകൃതിയോടെ ഒരു പത്രം അന്തരിക്കുകയും ചെയ്തിരിക്കുന്നു.

വരാപ്പുഴെ മെത്രാപ്പോലീത്തായുടെ ഇരിപ്പിടം എറണാകുളത്തേക്കു മാറുന്നതിനു അപേക്ഷിച്ച പ്രകാരം റോമയിൽ നിന്നും ഉ

ഒരായ ദൈക്രോത്തിലെ കല്പനയിലെ ചില ഭാഗങ്ങൾ എടുത്തുകളഞ്ഞു കൊണ്ടു, ഫ്രാൻസിസ്കൻ എന്ന കമ്മിത്താ മിഷ്യനറി ടി. ഗ്രപത മെത്രാപ്പോലീത്തായുടെ സഹായത്തോടെ പ്രസിദ്ധപ്പെടുത്തിവരുന്ന "പ്രൊപഗണ്ടാരിയും" എന്ന പേരായുള്ള പത്രത്തിൻ മാസികയിൽ, ഫ്രൻസിസ്കൻ കോൺഗ്രിഗേഷനെ നന്നാക്കുന്നതിനു അതു അച്ചടിച്ചു പ്രസിദ്ധപ്പെടുത്തീട്ടുണ്ടു. ഇങ്ങിനെ ഒരു ദൈക്രോത്തിലെ ചില ഭാഗങ്ങൾ എടുത്തുകളഞ്ഞുകൊണ്ടു പ്രസിദ്ധപ്പെടുത്തിയതു തെറ്റായിപ്പോയി എന്നും മറ്റും "മലബാർ ഹെരാൾഡ്" എന്ന ഇംഗ്ലീഷ് പത്രത്തിൽ ചിലർ ടി. അതിൽ തന്നെ മറ്റു ലേഖനങ്ങളും എഴുതിയിരുന്നതായി കണ്ടു. അതിനെതിരായി ഒരാഴ്ച കഴിഞ്ഞ (ഫൻസ്ത) ലക്കത്തിൽ, അഗസ്റ്റ് എന്ന മാസങ്ങളിലെ ടി. പത്രത്തിൽ തന്നെ ഫ്രാൻസിസ്കൻ ഡി. സൽസാ എന്നൊരു കമ്മിത്താ മിഷ്യനറി മുൻ ലേഖകനെ ആക്ഷേപിച്ചു പല ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതും കണ്ടു. ഇതിനേൽ വിചാരിച്ചിട്ടു കട്ടവൻ അല്ലാ തെറ്റുകാരൻ പിന്നയൊ കട്ടതു വെളിപ്പെട്ടതിയവനാകുന്നു തെറ്റുകാരൻ എന്നും, "കട്ടംകൊണ്ടു കള്ളൻ മുന്നോട്ട്" എന്ന പറയുന്ന പഴംചൊല്ലു ഇവിടെ ചേരുമല്ലൊന്നും തോന്നുന്നു. ലജ്ജാവിട്ടു ഇപ്രകാരം പ്രസിദ്ധീകരിക്കുന്നതിനു പുറപ്പെട്ടു വരുന്നതിൽ ആശ്ചര്യപ്പെടേണ്ടിയിരിക്കുന്നു. ഇതേക്കുറിച്ചു കൂടുതൽ വിവരങ്ങൾ കണ്ടശി അനുബന്ധത്തിൽ പറയും.

മെക്കൻസി മുതലായ ചില ചരിത്രക്കാരും പറഞ്ഞിരിക്കുന്നതു പോലെ (ക്രിസ്തുമതം (ഫ) ക്രസ്-ഫ (വ) നസ്രാണി പുറങ്ങൾ നോക്കുക) യാക്കോബു അഞ്ചുനാ മെത്രാൻ തന്റെ ജീവിതത്തിന്റെ അവസാന ഭാഗം കൊച്ചിയിലെ ഫ്രാൻസീസ്കൻ സന്ന്യാസികളുടെ ഗൊവേന്തയിൽ കഴിച്ചു എന്നും ആ ഗൊവേന്തയിൽ കിടന്നു (ക്രിസ്തു) മരിച്ചു എന്നുമെന്നും ഉള്ള വൃത്താന്തം ശരിയുള്ളതല്ലാ. ഫ്രാൻസീസ്കൻ സന്ന്യാസികൾ ടി. മെത്രാനു ചെയ്തിട്ടുള്ള സഹായം സുറിയാനിപുസ്തകങ്ങൾ ഉള്ളതായ കൊച്ചീ കൊടുങ്ങല്ലൂർ മുതലായ സ്ഥലങ്ങളിൽ താൻ ചെന്നിരുന്നപ്പോഴൊക്കെയും തന്നെ മാന്യമായും ദയവായും കൈക്കൊള്ളുകയും തനിക്കു ഉപചാരത്തോടെ വിട്ടുകൊടുത്തു മര്യാദയായി പെരുമാറുകയും മറ്റും ആയിരുന്നു എന്നല്ലാതെ മറ്റു വിശേഷാൽ ഒന്നും ഗ്രു. ശാരിയാതു പന്യാവുള്ളന്റെ എഴുത്തിൽ പറഞ്ഞിട്ടില്ല. മിഷ്യൻ സൊസ്സയിറ്റിയിലേ ജീ കസ്റ്റൻ പാദ്രി മലയാള സുറിയാനിപുസ്തകങ്ങളെക്കുറിച്ചു എഴുതീട്ടുള്ള, ചരിത്രം ഫ്രാം പുറത്തിൽ പറയുന്നതു.—(ക്രിസ്തു) മാർ ദെനഹാ മാർ തോമ്മാ, മാർ യോഹന്നാൻ, മാർ യാക്കോബു എന്ന പേരായി മലയാളത്തേക്കു വന്ന നാല സുറിയാനി മെത്രാന്മാരിൽ മൂന്നുപേർ ഉടിയമ്പേരൂർ പള്ളിയിൽ മരിച്ചടക്കപ്പെടുകയും മാർ യാക്കോബു കൊടുങ്ങല്ലൂരിൽ മരിച്ചടക്കപ്പെടുകയും ചെയ്തു എന്നാണ്. മലയാള പാരമ്പര്യവും ഇതിനെത്തന്നെ ഉറപ്പിക്കുന്നു.

"ഇപ്പോഴും തന്റെയേറവും വലിയ വാദ്ധ്യപ്പെട്ട പ്രായത്തിൽ നമ്മുടെ ശ്ലൂഃ മാതാവായ റോമാപ്പള്ളിയുടെ ക്രമചട്ടങ്ങൾക്കു ഏറവും കീഴ്പ്പണക്കത്തോടെ അനുസരിച്ചു പെരുമാറുന്നു" എന്നു കൊച്ചീമെത്രാനും മാറും തർജ്ജിമ ചെയ്തു ചേർത്തിരിക്കുന്നതു ശരിയായ തർജ്ജിമയല്ല. അദ്ദേഹം തന്നെ കാണിച്ചിരിക്കുന്നു ശ്ലൂ. ശവരിയാരു പുണ്യവാളന്റെ എഴുത്തിന്റെ മൂലഭാഷയായ സ്പാനോളിത്താൻ ഭാഷയിലും ടി. എഴുത്തിന്റെ ലത്തീൻ ഇംഗ്ലീഷ് മുതലായ തർജ്ജിമകളിലും, ശ്രീതാസ്സുതിയുടെ ഉത്തരത്തിലെ "ഇപ്പോഴും" എന്ന വാക്കിനു തുല്യപ്പെട്ട വാക്കത്രെ ടി. ശവരിയാരു പുണ്യവാളന്റെ എഴുത്തിൽ കാണുന്നതു. രണ്ടു വർഷമായിട്ടു ദൈവത്തിനും മഹാരാജാവിനും ശരം മെത്രാൻ ചിറാഴ്മ ചെയ്യുന്നു എന്നു ശുദ്ധമാകപ്പെട്ടവർ പറഞ്ഞിരിക്കുന്ന വാചകത്തോടു ഇതു ഏറവും യോജിക്കയും ചെയ്യുന്നു-

"ഗോവമെത്രാന്റെ അധികാരത്തിൻകീഴിൽ ശ്ലൂ. തോമാ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നു ഇതിൽനിന്നും പ്രത്യക്ഷപ്പെടുന്നുണ്ടു" എന്നാണു പിന്നീടു ഒലിവെയിരാ മെത്രാൻ പറയുന്നതു. ഉദിയമ്പേരൂർ സൂനഹദോസ്സവരെ തോമാനസ്രാണികൾ ഒട്ടുക്കു നെസ്തോറിയൻ ഇടത്തുടുകാരായിരുന്നു എന്നു സ്ഥാപിച്ചതിന്റെശേഷം, ശവരിയാരുപുണ്യവാളന്റെ എഴുത്തിൽനിന്നും ഗോവമെത്രാന്റെ കീഴായി തോമാനസ്രാണികൾ ഉണ്ടായിരുന്നു എന്നു പ്രത്യക്ഷപ്പെടുന്നുണ്ടെന്നു ഒലിവെയിരാ മെത്രാൻ പറയുന്നു. ഒലിവെയിരാമെത്രാന്റെ തെളിവുകളുടെ രീതി നോക്കുന്നുവെങ്കിൽ അവ പരസ്പരവിരുദ്ധങ്ങളാണെങ്കിലും, രണ്ടു സുറിയാനിപട്ടക്കാർ ശ്ലൂ. ശവരിയാരു പുണ്യവാളന്റെ എഴുത്തിനെ സ്ഥാപിച്ച തോമാനസ്രാണികൾ ഉദിയമ്പേരൂർ സൂനഹദോസിനു മുമ്പുതന്നെ സത്യവിശ്വാസികളായിരുന്നു എന്നു സ്ഥാപിച്ചിട്ടുള്ളതിനെ അദ്ദേഹവും പിൻതാങ്ങുന്നു.

തന്റെ വിശദീകരണം ൪ാം വകുപ്പിൽ, തിരുവിതാംകൂറിലെ ക്രിസ്തുമതം എന്ന പുസ്തകത്തിന്റെ ൯ാം വശത്തിൽ, "ഒരിയെന്റെ കൊൻക്വിസ്താദോ എന്നപുസ്തകത്തിൽ, നെസ്തോറിയൻകാരെ രണ്ടു പിരിവുകളായിട്ടാണു വിഭാഗിച്ചിരിക്കുന്നതു. ഒന്നു — — മറൊന്നു റോമാ മേലദ്ധ്യക്ഷനായ മാപ്പ്ാപ്പായെ കീഴ്വഴങ്ങുന്നവർ എന്നാകുന്നു,. നിശ്ചയമായിട്ടു "കീഴ്വഴങ്ങുന്നവർ" എന്നല്ലാ. അതു ഭാഷാന്തരം തെറ്റാകുന്നു." "Màndaram mnitas vezes dar obediencia," അവർ പലപ്പോഴും കീഴ്വഴക്കം ചെയ്വാൻ അയച്ചു (പലപ്പോഴും എന്നതോ മൈതെറ്റി) ഇതാണു ഗ്രന്ഥകർത്താവിന്റെ താല്പര്യം എന്നു തോന്നുന്നു. അല്ലെങ്കിൽ ശരം കീഴ്വഴക്കപ്രവൃത്തി വീണ്ടും വീണ്ടും ആവർത്തിച്ചു ചെയ്യുന്നതു എന്തിനു? (Some Elucidations I. 22) എന്നു ഒലിവെയിരാമെത്രാ

ൻ ചില വിശേഷ വ്യാഖ്യാനം ചേർത്തു ടി. പോർട്ടുഗീസ് വാക്കിനെ ഭാഷാന്തരം ചെയ്തിരിക്കുന്നു. തന്റെ മാതൃഭാഷയായ പോർട്ടുഗീസിൽ തനിക്കുള്ള പരിജ്ഞാനത്തെ ഞാൻ മതിക്കുന്നു. എന്നാൽ പലപ്പോഴും കീഴ്വഴക്കം ചെയ്യാൻ അയച്ചു "എന്നാതിനാൽ പലപ്പോഴും എന്നപോലെ തെറ്റി എന്നുള്ള ന്യായമായ അനുമാനം കണ്ടുപിടിക്കുന്നതിനു ഇനിക്കു പ്രയാസമായിരിക്കുന്നു. ഒലിവെയിരാ മെത്രാൻ ചൊല്ലുന്ന കുമ്പാനയിൽ പലപ്പോഴും വിശ്വാസപ്രമാണം ചൊല്ലുന്നതിനാൽ തന്റെ വിശ്വാസം ഇടയ്ക്കു തെറ്റിപ്പോയി എന്നു അർത്ഥമുണ്ടോ? പരിശുദ്ധൻ! പരിശുദ്ധൻ! പരിശുദ്ധൻ! എന്ന ഇടവിടാതെ ആകാശ പുരുഷാരങ്ങൾ ദൈവത്തെ സ്തുതിക്കുന്നതുകൊണ്ടു പലപ്പോഴും അവർ സ്തുതിക്കാതെ തെറ്റിപ്പോയി എന്നുവരുമോ?" മുമ്പു ഞാൻ പറഞ്ഞിട്ടുള്ളതുപോലെ ഒലിവെയിരാമെത്രാൽ കാര്യങ്ങളെ വിശദീകരിച്ചു വരുന്തോറും, വളരെ അബദ്ധങ്ങളിൽ ചെന്നു ചാടുന്നു. കൊൻകവിസ്താദോറിനെസ്സോറിയൻകാരെ രണ്ടായി ഭാഗിച്ചിട്ടുണ്ടു. ഒന്നു നെസ്സോറിയനിടത്തുടിനെ അനുസരിക്കുന്നവരും, മറവർ, ആ ഇടത്തുടിനെ അനുസരിക്കാത്തവർ, അഥവാ, അതിനെ ഉപേക്ഷിച്ചു റോമാ മേലദ്ധ്യക്ഷനായ മാർപ്പാപ്പായ്ക്കു കീഴ് വഴങ്ങുന്നവരായിട്ടും അതുകൊണ്ടു ഒരു വിഭാഗം തെറ്റാനെന്നാണു ഒലിവെയിരാ മെത്രാൻ പറയുന്നതു. തന്റെ കാരണവന്മാരായ പോർത്തുഗീസ് ഗ്രന്ഥകർത്താക്കളുടെ വ്യാഖ്യാനം താനും പോർട്ടുഗീസുകാരനാണെന്ന കരുതി, തന്റെ കുലവായ മനോഭാവങ്ങൾക്കു ശരിയാക്കിത്തീർക്കാമെന്നു ഒലിവെയിരാമെത്രാൻ കരുതേണ്ടാ. കൊൻകവിസ്താദോ പറഞ്ഞിട്ടുള്ളതു ഒരു ഭാഗം സത്യമായ ചരിത്രസംഭവമാണു. ഒരു പുസ്തകം ഏറിയ ഭാഗം വായിച്ചു നോക്കിയാൽ ഇതിന്റെ യഥാർത്ഥം മനസ്സിലാകുന്നതാണു. നെസ്സോറിയൻ ഇടത്തുടി അനേക രാജ്യങ്ങളിൽ വ്യാപിച്ചിരുന്നതിനാൽ നെസ്സോറിയൻ ഇടത്തുടിൽ അകപ്പെടാഞ്ഞവരേയും പടിഞ്ഞാറൻ സുമക്കാരായ ലത്തീൻകാരും കിഴക്കൻ ദേശങ്ങളിൽ യാക്കോവായക്കാരായ മറ്റു ചില പാഷാണ്ഡമതക്കാരും നെസ്സോറിയൻകാരെന്നു വിളിച്ചു വന്നിരുന്നു. തന്നിമിത്തം ൧൫ാം ഏവുജേനിയോസ് മാർപ്പാപ്പായുടെ കാലത്തു സങ്കടം ബോധിപ്പിച്ചതിൽ, അവരെ നെസ്സോറിയൻകാരെന്നു വിളിപ്പാൻ പാടില്ലെന്നും, അസ്സീരിയായിലെ കീഴക്കെ കൽദായക്കാരെന്നു വിളിക്കണമെന്നും തീർച്ചപ്പെടുത്തപ്പെട്ടു ഒരു പുസ്തകങ്ങളും ഒന്നും വായിക്കാതെ, തന്റെ മുൻഗാമികൾ എഴുതീട്ടുള്ള സത്യചരിത്രങ്ങളെ ക്രമേണയും വസ്തുവിരുദ്ധമായി വ്യാഖ്യാനിപ്പാൻ ഒലിവെയിരാ മെത്രാൻ പുറപ്പെട്ടാൽ തന്റെ വിഡ്ഢിത്തരങ്ങൾ പൊട്ടിത്തെറിച്ചു ചിതറി എല്ലാവരും അറിയുന്നതിനു ഇടവരും.

൧൬൫൫ മമ്മാ എന്ന കീഴക്കിലെ കൽദായ പാത്രിയർക്കീ

സിനെ മൂന്നാം ജൂലിയൂസ് മാപ്പ്വാപ്പാ "ഉത്തമസ്മരണാർഹൻ" എന്ന രണ്ടു തിരുവെഴുത്തുകളിൽ പറഞ്ഞിട്ടുണ്ട്. അപ്രകാരം എഴുതീട്ടുള്ളതു കൊണ്ടു രണ്ടു നിരിയൻ പട്ടക്കാർ സിമോൻ മമ്മാ റോമാ ഐക്യതയിൽ ഉൾപ്പെട്ട ഒരു പ്രതിയക്കീസാകുന്നു എന്നു വാദിച്ചതിനെ ഒലിവെയിരാമെത്രാൻ നിഷേധിക്കുന്നു. ഒരു പുസ്തകം ഛ—ാം ഭാഗത്തിൽ ഒരേ വാദംതന്നെ മെഡ്ലിക്കോട്ട മെത്രാൻ പുറപ്പെടുവിച്ചിട്ടുള്ളതിനെ ഖണ്ഡിച്ചു എഴുതീട്ടുണ്ട്. ഇടത്തുടുകാരായി മരിച്ചിട്ടുള്ള മെത്രാന്മാരെക്കുറിച്ചു റോമാമാപ്പ്വാപ്പാമാർ ഉത്തമസ്മരണാർഹൻ ... നല്ല ഓർമ്മയുടെ ... ... ഭാഗ്യപ്പെട്ട ഓർമ്മയുടെ ... ... എന്നും മറ്റും പറഞ്ഞു എഴുതീട്ടുള്ളതായ വല്ല എഴുത്തുകളും ഉണ്ടെങ്കിൽ തന്റെ വാദത്തിനു തെളിയിക്കുന്നതിനായി അവയെ ഒലിവെയിരാ മെത്രാൻ ഹാജരാക്കേണ്ടിയിരിക്കുന്നു. പൂർവ്വപരവിരുദ്ധമായി അദ്ദേഹം സമാധാനം പറഞ്ഞാൽ പോരാ. "ക്രിസ്തുമതം ൻസ—ാം പുരത്തിൽ മാർ അബ്രാഹമ്മിന്റെ നവംബ്രുവൻ ൻസ—ാം ഗ്രിഗോറിയൂസ മാപ്പ്വാപ്പാ എഴുതിയ തിരുവെഴുത്തിൽ അയാളുടെ അടുത്തിൻക്രുട്ടത്തെ മനസ്സുതിരിപ്പാനല്ല. മറുള്ളവരെ—അതായതു ക്രിസ്ത്യാനികളല്ലാത്തവരെ മനസ്സുതിരിപ്പാനാണു കല്പിക്കുന്നതു" എന്ന ഭാഗത്തെ ഒലിവെയിരാമെത്രാൻ നിഷേധിക്കുന്നു. അതായതു ഗ്രിഗോറിയൂസ് മാപ്പ്വാപ്പായുടെ തിരുവെഴുത്തുകൊണ്ടു അബ്രാഹം മെത്രാനും തന്റെ അടുത്തിൻക്രുട്ടമായ ക്രിസ്ത്യാനികളും അപ്പോൾ സത്യവിശ്വാസത്തിൽ നിലനിൽക്കുന്നവർ അകുന്നു എന്നാണ രണ്ടു സിരിയൻ പട്ടക്കാരുടെ വാദം. ഛ—ാം ഗ്രിഗോറിയൂസ് മാപ്പ്വാപ്പായുടെ തിരുവെഴുത്തു അതു അർത്ഥത്തിലല്ല "സ്വരക്ഷയെ സഫലമാക്കി തീർക്കുന്നതിൽ മാത്രമല്ലാ ഒരുമെത്രാൻ സംതൃപ്തനായി ഭവിക്കേണ്ടതു മറുള്ളവരെയും, പിശാചിന്റെ കണികളിൽ നിന്നും, ഉമ്മാറ്റങ്ങളിൽ നിന്നും മാറുവാൻ വേല ചെയ്യുയും അവരെ കത്തോലിക്കാസഭയോടും ക്രിസ്തുവിനോടും യോജിപ്പിക്കയും ചെയ്യേണ്ടതിലാകുന്നു" എന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു അബ്രാഹം മെത്രാൻ മാത്രം കത്തോലിക്കാസഭയിൽ ഉൾപ്പെട്ടിരുന്നു എന്നും, കീഴുള്ളക്രിസ്ത്യാനികളും എല്ലാവരും സ്യോറിയൻ ഇത്തുട്ടുകാരായിരുന്നു എന്നും അകുന്നു ഒലിവെയിരാ മെത്രാന്റെ വാദം. ഛരം ഭാഗത്തിൽ വന്നപ്പോൾ മാർ അബ്രാഹം മെത്രാൻ കത്തോലിക്കൻ അയിരുന്നുവെന്നു സമ്മതിക്കുന്നു- ഒരാൾ ഒരു മെത്രാനായി ഒരു ദ്രുഷയെ ഭരിക്കുമ്പോൾ തന്റെ കീഴിൽ ജനങ്ങളില്ലാതിരിക്കുമോ? ജനങ്ങൾ ഉണ്ടായിരുന്നു എങ്കിൽ അവർ സത്യവിശ്വാസത്തിന്റെ ഐക്യതയിൽ നിൽക്കാത്തവരാകുന്നു എങ്കിൽ ആ മെത്രാൻ തന്റെ രക്ഷ സംതൃപ്തിയായി വരുന്നുന്നതെങ്ങിനെ? തന്റെ രക്ഷ സംതൃപ്തിയായിരിക്കുന്നു എന്നു അബ്രാഹം മെത്രാൻ മാപ്പ്വാപ്പായെ കാണിക്കയും മാപ്പ്വാപ്പാ അതിനെ സ്വീകരിക്കയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഒലിവെയിരാ മെത്രാന്റെ വാദം ഒട്ടും തന്നെ ചൊല്ലത്തക്കതല്ലാ. അപ്പോ

ഹം മെത്രാനും അദ്ദേഹത്തിന്റെ കീഴുള്ള ജനങ്ങൾക്കും ഒരു ജൂബിലേവും കല്പിച്ചു കൊടുത്തതായും ക്രിസ്ത്യാനികൾക്കു കൊടുപ്പാനായി ൫൦൦൦ കൊന്ത വെഞ്ചരിച്ചു കൊടുത്തിട്ടുള്ളതായും ൦രം പുസ്തകം ൧-ാം ഭാഗം ൪-ാം പ്രകരണം ൨൩,-൨൬,-൨൭-ം പുറങ്ങളിൽ കൊൻകീസ്താദിയിലെ വിവരണംകൊണ്ടു കാണിച്ചിട്ടുണ്ട്. അതിനാൽ അബ്രാഹം മെത്രാന്റെ കീഴണ്ടായിരുന്ന തോമാനസ്രാണികൾ കത്തോലിക്കരായിരുന്നു എന്നും മറുള്ളവരെക്കുടിയും പിശാചിന്റെ കണികളിൽ നിന്നും തിരിപ്പിക്കണമെന്നും ആണ ഗ്രിഗോറിയൂസ മാപ്പ്വാപ്പാ കല്പിച്ചിട്ടുള്ളതു. പലമെത്രാന്മാരും ശമ്പളം വാങ്ങിച്ചു പെട്ടിയിൽ വെയ്ക്കയും വൃഥാ കാലക്ഷേപം ചെയ്കയും അന്യരെക്കൊണ്ടു അപവാദം പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതുപോലെ ചെയ്യരുതെന്നും പരാത്മാക്കളുടെ രക്ഷക്കുവേണ്ടി സുവിശേഷഭ്രതനായ ൦രംശോമിശിഹായെ കണ്ടു പഠിച്ചു തങ്ങളുടെ ആയുസ്സിനെ ബലിയാക്കേണ്ടതാണെന്നും അണ എഴുതീട്ടുള്ളതു. മെനേസീസു മെത്രാപ്പോലീത്തായ്ക്കു വ-ാം ക്ലെമൻസ്മാപ്പ്വാപ്പാ ൧൬൯൭ ജനുവരി ൨൯-ാനു ഒരു തിരുവെഴുത്തു അയച്ചിട്ടുണ്ടെന്നും അതു ഒരു കെട്ടുകഥയായി സിരിയൻകാർ നിഷേധിച്ചു തള്ളുകയാണചെയ്യുന്നതെന്നും ഒലിവെയിരാ മെത്രാൻ പറയുന്നു. അതിന്നടിയിൽ "൦രം തിരുവെഴുത്തിന്റെ പ്രമാണത നിഷേധിക്കപ്പെട്ടുകയാണെങ്കിൽ അതോടുകൂടി ഗോവമെത്രാപ്പോലീത്തായുടെ അധികാരബലത്തിനും ഉടയമ്പോരുർ സൂനഹദോസിന്റെ വിലമതിപ്പിനും ന്യൂനത ഭവിക്കയുമാണ ചെയ്യുന്നതു. എങ്കിലും ൦രം അഭിപ്രായക്കാർ വിചാരിക്കുന്നിടത്തോളം അതു അത്ര ശക്തിയുള്ളതായിരിക്കയില്ല. എന്തുകൊണ്ടെന്നാൽ ൦രം മെത്രാപ്പോലീത്തായുടെ മാർപ്പാപ്പായിൽ നിന്നും ഒരു പ്രത്യേക തിരുവെഴുത്തു ലഭിച്ചിട്ടില്ലെങ്കിൽ തന്നെയും കിഴക്കെ ഇൻഡ്യയിലെ പള്ളികളുടെ പ്രമാത്തു പുരോഹിതത്രേഷ്ഠനും മെത്രാപ്പോലീത്തായും എന്നുള്ള നിലയിൽ മലയാളത്തിലെ മതസംബന്ധമായ കാര്യങ്ങളിൽ (സ്വന്തമെത്രാൻ ഇല്ലാതിരിക്കുമ്പോൾ) പ്രവേശിപ്പാൻ ന്യായമായ അവകാശം ഉണ്ടു. ഇതുകൂടാതെ മാർ അബ്രാഹം തന്നെയും ഗോവയിലെ സംസ്ഥാന സൂനഹദോസിൽ ഹാജരാകേണ്ടതാണെന്നു കല്പിക്കപ്പെട്ടിട്ടുണ്ടായിരുന്നു. എന്നാൽ ഗോവ മെത്രാപ്പോലീത്താന്റെ സ്ഥാനസംബന്ധമായ അധികാരത്താൽ മാത്രമല്ലാ, വിശിഷ്യ രണ്ടു പ്രത്യേക തിരുവെഴുത്തുകളും മൂലമായിട്ടു ക്രിയും ന്യായമായി അധികാരപ്പെട്ടിട്ടുണ്ടെന്നുള്ളതാണു ഇക്കാര്യത്തിൽ അവിതർക്കിതമായ പരമാർത്ഥം. ഈ എഴുത്തുകളിൽ ഒന്നു ൧൬൯൭ ജനുവരി ൨൯-ാനു-ും മറ്റൊന്നു ൧൬൯൭ ജനുവരി ൩൧-ാനു-ും എഴുതപ്പെട്ടതായിരുന്നു എന്നൊഴിയിരിക്കുന്നു. മലങ്കരപ്പള്ളിയിന്മേൽ മെനേസീസ് മെത്രാപ്പോലീത്തായ്ക്കു അധികാരം നൽകി എന്നു പറയുന്നതായ വ-ാം ക്ലെമൻസ് മാപ്പ്വാപ്പായുടെ ൧൬൯൭-ലേയും ൯൭-ലേയും ബൂളുകളെ സംബന്ധിച്ചു ൦രം പുസ്ത

കം ഫ-ാം ഭാഗം ഫ-ാം പ്രകരണത്തിൽ ൻര-മുതൽ ഫ്രവ-വരെ വ്യാ
ങ്ങളിൽ വിവരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ചു ഇവിടെ ഒരു
ചുരുങ്ങിയ മറുപടിയെ പറവാൻ ഒരുങ്ങുന്നുള്ളു. ക്രൂരൽ ന്യായങ്ങൾ
അനുബന്ധത്തിൽ ചേർക്കുന്നതാണു. "ശോവമെത്രാപ്പോലീത്തായുടെ അ
ധികാരബലത്തിനും ഉദിയഞ്ചേരിൽ സുനഹദോസിന്റെ വിലമതിപ്പിനും
ന്യൂനതഭവിക്കയുമാണുചെയ്യുന്നതു" എന്നാണു ഒലിവെയിരാമെത്രാൻ വ്യ
വയുന്നതു. തനിക്കു അധികാരമില്ലാത്ത കാര്യം പ്രവർത്തിക്കുന്നതിനു ത
നിക്കു ഉണ്ടായിരുന്ന എന്ന അധികാരത്തെ കൂടി ഒരു അങ്കിപ്രയോഗം വില
യില്ലാതെയാക്കുന്നു എന്നതിനു സംശയമില്ല. ദൈവീകവും പൂർവീകവും
ആയ റോമാ മാർപ്പാപ്പാമാരുടെ നിയമങ്ങളാൽ ഭേദപ്പെടുത്തുവാൻ പാ
ടില്ലാത്തവണ്ണം ഉറപ്പിക്കപ്പെട്ടിരിക്കുന്നതുമായ മലങ്കരെ കത്തോലിക്ക
ള്ളിയുടെ ക്രമങ്ങളെ മെനസീസ് മെത്രാപ്പോലീത്താ ഭേദപ്പെടുത്തിയതു
ഏതു അധികാരപ്രകാരമാണെന്നു ഒലിവെയിരാ മെത്രാൻ കാണിക്കേ
ണ്ടിയിരിക്കുന്നു. അതു മാറുന്നതിനു അനുവദിച്ചു വ്യാ ക്ലെമെൻസുമാ
ർപ്പാപ്പാ എഴുതീട്ടുള്ള തിരുവെഴുത്തു കാണിക്കുംപോൾ ശോവമെത്രാ
പ്പോലീത്തായുടെ അധികാരത്തിനു ബലവും, ഉദിയഞ്ചേരിൽ സുനഹദോ
സിനു വിലമതിപ്പും ഉണ്ടാകുന്നതാണു. എന്നാൽ മെനസീസ് മെത്രാ
പ്പോലീത്താ മാർപ്പാപ്പായുടെ അധികാരം കൂടാതെ പ്രവർത്തിച്ചു എന്നു
മാത്രമല്ല, മാപ്പിപ്പായുടെ അധികാരത്തേയും കവിഞ്ഞു പ്രവർത്തിച്ചിരി
ക്കുന്നു എന്നു പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ മാർപ്പാപ്പാക്ക
തിരുസ്സഭയുടെ ഇണാദിവ്യവസ്ഥിയ്ക്കു ആവശ്യമുള്ള പ്രമാണങ്ങളെ സ്ഥാപി
പ്പാനെ അധികാരമുള്ളു. എന്നാൽ, ഒരു ക്രൂരനായ കയ്യേറ്റക്കാരന്റെ
സമ്പ്രദായത്തിൽ മെനേസീസു മെത്രാപ്പോലീത്താ, മലങ്കരകത്തോലിക്ക
ടെ ക്രമങ്ങളെ യാതൊരു മിതം കൂടാതെ നീക്കുകയും മാറുകയും ലത്തീ
ൻ ക്രമങ്ങളെ സ്ഥാപിക്കയും ചെയ്തിട്ടുണ്ടു. ഒരു ലത്തീൻകാരനായ പ്രി
മാസ് മെത്രാപ്പോലീത്തായ്ക്കു ലത്തീൻ പള്ളിയിൽ മാപ്പിപ്പാകൊണ്ടു
ഉറപ്പിക്കപ്പെട്ടിരിക്കുന്ന ക്രമങ്ങളെ മാറുവാൻ പാടുണ്ടോ? നിശ്ചയ
മായും പാടില്ലാ. അതുസ്ഥിതിയ്ക്കു, മാർപ്പാപ്പാമാർ കൊടുത്തുവായ നിയ
മങ്ങളാൽ അന്യ പള്ളികളുടെ ക്രമങ്ങളെ മാറുന്നതിനെ മടക്കിയിരി
ക്കെ, തോമാനസ്രാണികളുടെ പള്ളിക്രമങ്ങളെ ഇതു ധാരാളമായി ശു
ന്യപ്പെടുത്തിയതു എതുയൊ അക്രമമായ പ്രവൃത്തിയാണെന്നു തർക്കം
പറഞ്ഞാൽ മതിയൊ? ഇടയ്ക്കിടെ എന്നും മാറുമുള്ള സങ്കടമാണു പറ
ഞ്ഞു അനേകം ക്രമങ്ങളെ മാറ്റം ചെയ്തിട്ടുണ്ടു. അവർ എത്രയോളം
അക്രമം പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതിനു ഒരു ദൃഷ്ടാന്തം പറയാം. "സു
നഹദോസ് ലത്തീൻകൽദാന സുറിയാനിയിൽ തർജ്ജിമചെയ്യുന്നതിനു
അനുവദിക്കുന്നു..... ലത്തീൻ വായിപ്പാൻ അറിയുവുന്ന പട്ടക്കാരു
...ലത്തീനിൽ ചൊല്ലാവുന്നതാണു" റോമൻ ക്രമം-ാം പുറം, മലങ്ക-ാം
ലക്കം ര—ാം നിയമം നോക്കുക. (Appendix 127 ലത്തീൻ കർബാ

ന മുഴുവനും സുറിയാനിയിൽ തർജ്ജമചെയ്തു ചൊല്ലുവാനും ലത്തീൻ കർബോനാ തന്നെ ചൊല്ലുന്നതിനും അനുവദിച്ചിരുന്നു. ഇപ്രകാരമുള്ള ക്രമവിരോധമായ ക്രമമാറ്റങ്ങൾ നിമിത്തം, തോമാനസ്രാണികളുടെ കൽദായ പള്ളിയുടെ ദൈവിക ക്രമങ്ങളെ ബലമായി കവർന്നു നാശമാക്കി, പള്ളിയെ ഇടിച്ചു നശിപ്പിപ്പാനുള്ള ഇടയനെ ഓടിച്ചു, അടുത്തിൽക്രട്ടത്തെ ചിതറികളഞ്ഞിരിക്കുന്നു. ഉടയമ്പേരൂർ സൂനഹദോസ് വഴിയായി മലയാള പള്ളികളിൽ വന്നിരിക്കുന്ന ന്യായം ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. തോമാനസ്രാണികളിൽ ഒരു ഭാഗത്തെ യാക്കോബായ ഇടത്തലവൻ അകപ്പെടുത്തിയതു ഉടയ സ്വർ സൂനഹദോസിന്റെ വിലയേറിയ പ്രവൃത്തിയുടെ ഫലമാണു. ഫ്രാ-ാ ലെയോൻ മാർപ്പാപ്പാ തന്റെ ബോധത്തിനുള്ള നിയമംകൊണ്ടു സ്വതന്ത്രീഭൂതയായിരുന്ന മലയാളപ്പള്ളിക്കു നൽകിയതുകൊണ്ടു, ഉടമ്പേരൂർ സൂനഹദോസിൽ നിന്നു ഉൽഭവമായ നാശങ്ങൾ ക്രമേണ പരിഹരിക്കപ്പെട്ടുന്നതാണെന്നു-ാം ക്ലെമെൻസ് മാർപ്പാപ്പായുടെ തിരുവെഴുത്തിനെയല്ലാ- ആ എഴുത്തിലെ കാര്യസംബന്ധമായ വിചാരത്തങ്ങളെയാണെ-രണ്ടു സുറിയാനിപ്പട്ടക്കാർ നിഷേധിക്കുന്നതു. റോമാ മാർപ്പാപ്പാ മലയാളം വിട്ടു വളരെ അകലെ പാർക്കുന്നതിനാൽ ശരിനാട്ടിൽ വന്നിട്ടുള്ള യൂറോപ്യവൈദീകർ മാർപ്പാപ്പായുടെ കണ്ണും കൈയുമായിരിക്കുന്നു. അതിനാൽ അവർ ബോധിപ്പിക്കുന്നേ സംഗതികൾക്കു അതനുസരിച്ചു മാത്രമെ മാർപ്പാപ്പാമാർ മറുപടി കല്പിക്കയുള്ളൂ. ക്രിസ്ത്യാനികളിലുള്ള തൊഴുകളേയും വീഴ്ചകളേയും കുറിച്ചു ബോധിപ്പിച്ചിരുന്നുവെങ്കിൽ, അതിനെ അന്വേഷിച്ചു പരിഹാരങ്ങൾ ചെയ്യുന്നതിനു മാർപ്പാപ്പാ കടപ്പെട്ടിരിക്കുന്നു: ഗോവയിലെ പോർത്തുഗീസ് വൈദീകർ മലയാളത്തിലെ തോമാനസ്രാണികളുടെ അവരുടെ ഭരണക്രമമായ മെത്രാന്മാരുടെ നടപ്പുരീതിയൻകാരാകുന്നു എന്നു ബോധിപ്പിക്കയും, അതനുസരിച്ചു മാർപ്പാപ്പാ വല്ല മറുപടിയും കൊടുത്തിരിക്കാനും ഇടയുണ്ടു. എങ്കിലും സൂനഹദോസ്കളുടേയും റോമാ മാർപ്പാപ്പാമാരുടേയും സാധാരണന്യായവിധികളെ ദുർബലപ്പെടുത്തിവാൻ ക്ലെമെൻസ് മാർപ്പാപ്പാ ഒരു അധികാരവും ഗോവമെത്രാപ്പോലീത്തായ്ക്കു കൊടുത്തിട്ടില്ല. തിരുവിതാംകൂർ അപ്പസ്തല സൂനഹദോസ്മുതൽ ഇന്ത്യയിൽ തങ്ങൾ കണ്ടുവരുന്ന സുറിയാനിക്കാരുടെമേൽ ബാബേൽപാർയക്കീസിനു സിദ്ധിച്ചിട്ടുള്ള അധികാരം ദുർബലപ്പെട്ടുത്തിട്ടുള്ളതായി ഒരു തിരുവെഴുത്തെങ്കിലും ഒരിടവെയിലും നോക്കുവാൻ ഹാജരാക്കട്ടെ. ഫ്രാൻ-ാ മൂന്നാം ജൂലിയസ് മാർപ്പാപ്പാ പ്രേതകിച്ചു യോഹന്നാൻ സൂലാക്കാ എന്ന പാത്രിയർക്കീസിനും, ര-ാം പീയൂസ് മാർപ്പാപ്പാ അബ്ദീശോ പാത്രിയക്കീസിനും, ഫ്രാ-ാഗ്രിഗോരിയൂസ മാർപ്പാപ്പാ സീമയോൻ പാത്രിയക്കീസിനും, പിന്നീടു കത്തോലിക്കാ സിംഹാസനത്തിൽ പാത്രിയക്കീസന്മാരായി വാണിരുന്ന വരുടെ അതാതുകാലത്തെ മാർപ്പാപ്പാമാരും കൊടുത്തിട്ടുള്ള അധികാരം

ദുർബ്ബലപ്പെട്ടുത്തപ്പെട്ടതായി ഏതെങ്കിലും വാക്യം ഒരിടത്തെയിരുന്നതായും കാണിക്കുമോ? ഇന്ന്യ നമ്മുടെ മദ്ധ്യത്തിൽ നമ്മുടെ ബാബേൽ പാതിയക്കീസിനെ മാർപ്പാപ്പാമാർ കൊടുത്തിട്ടുള്ള അധികാരം ഗോവയുടെ പ്രിമാസിനെ സഭിച്ചതിനെ എത്രയും മുമ്പുള്ളതാണ്! എന്നുമാത്രമല്ല ബാബേൽ പാതിയക്കീസിനെ അയച്ചിട്ടുള്ള അബ്രാഹാം മെത്രാന്റെ ശ്രുതിയുത്തിയെ ആ പാതിയക്കീസു നിശ്ചയിച്ചിട്ടുള്ളതുപോലെതന്നെ, ലംഘിക്കപ്പെടാതെ കൊച്ചീമെത്രാനും താനും കാൺമെന്നു ഗോവമെത്രാപ്പോലീത്തായുടെയും കൊച്ചീമെത്രാന്റെയും മർ--ാഡിയൂസു മാർപ്പാപ്പാ പ്രത്യേകം കല്പിച്ചിട്ടുണ്ടായിരുന്നു. (രണ്ടു പുസ്തകാന്തം ൈ-ംപുങ്കൽ നോക്കുകിൽ രണ്ടു ബാബേൽ പാതിയക്കീസിന്റെ ഇൻഡ്യയുടെ മേലുള്ള പ്രിമാത്ത അധികാരത്തെ ഒന്നുകൂടി ബലപ്പെടുത്തീട്ടുണ്ട്. വിശിഷ്യ ഗോവമെത്രാപ്പോലീത്തായുടെ പ്രിമാത്ത അധികാരം വന്നീൻ മെത്രാന്മാരെ മാത്രം സംബന്ധിച്ചുള്ളതാകുന്നു. ഒരുനാൾ വന്നു തന്നെ രണ്ടു പ്രിമാത്തന്മാർ ഉണ്ടായിരിക്കാൻ പാടുള്ളതല്ലല്ലൊ. അതുകൊണ്ടും ഗോവയിലെ പ്രിമാത്തു സ്ഥാനം ലത്തീൻ മെത്രാന്മാരെ മാത്രം സംബന്ധിച്ചുള്ളതും റോമാമാർപ്പാപ്പായിൽ നിന്നു പ്രത്യേക അധികാരം സിദ്ധിച്ചിട്ടില്ലെങ്കിൽ ബാബേൽ പാതിയക്കീസിന്റെ കീഴുള്ള സുറിയാനി ജനങ്ങളുടെമേൽ യാതൊരു അധികാരവുമില്ലാത്തതാകുന്നു. ൽ൩-ലെ തിരുവെഴുത്തിനെ റോളന്റെ ഉദിയന്നേരൂർ സുനഹദോസു ചരിത്രം സ്വാധീനത്തിൽ ചേർത്തിട്ടുള്ള- സുറിയാനിക്രമങ്ങളെ മാറ്റുന്നതിനു അധികാരപ്പെട്ടതാണ്ടുള്ളതായി ആ എഴുത്തിൽ കാണുന്നില്ല. റോമാമാർപ്പാപ്പാമാർ അതിനു സമ്മതിക്കുന്നതുമില്ല. മാർപ്പാപ്പാമാരുടെ നിയമങ്ങൾക്കു വിരുദ്ധമായി ഉദിയന്നേരൂർ സുനഹദോസിൽ നിയമങ്ങൾ ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതിനാൽ ആ സുനഹദോസു ഗണനീയമായി തീരുന്നില്ല. ആ സുനഹദോസു അംഗീകരിച്ചു സാക്ഷിപ്പെടുത്തിയതായ ഏതെങ്കിലും നിയമത്തെ ഏതെങ്കിലും ഒരു മാർപ്പാപ്പാ സ്ഥിരപ്പെടുത്തിവന്നതായി ഒരു വാക്യമെങ്കിലും ഒരിടത്തെയിരുന്നതും കാണിച്ചു തരുമോ? കാലദൈർഘ്യം നിമിത്തം ഇടക്കു വല്ല മാർപ്പാപ്പാമാരും ഉദിയന്നേരൂർ സുനഹദോസിനെപ്പറ്റി അവരുടെ എഴുത്തുകളിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിൽ, തന്നിമിത്തം അവർ സുനഹദോസിനെ ഉറപ്പിച്ചു എന്നു വരുന്നതല്ലാ. ചിലമാർപ്പാപ്പാമാരുടെ ഏതെങ്കിലും എഴുത്തു തെറ്റായി എഴുതപ്പെട്ടു എന്നോ മാർപ്പാപ്പാമാരുടേയും സുനഹദോസുകളുടേയും നിയമങ്ങൾ തെറ്റായി ലംഘിക്കപ്പെട്ടു എന്നോ ഉള്ളതിൽ വല്ലതായ തെറ്റു ഏതാണു? ആ സംഗതികളെ ൧൦൦ പുസ്തകം ൨ാം ഭാഗത്തിൽ ൯, ൧൩. ൧൦൦ പ്രകരണങ്ങളിൽ സവിസ്തരം പ്രതിവാദിച്ചിട്ടുള്ളതിനു പുറമെ വീണ്ടും ൧൦൦ പുസ്തകത്തിന്റെ അനുബന്ധത്തിൽ ൧൦൦ സംഗതിയെ സംബന്ധിച്ചു അത്രവത്തിച്ചു വിസ്താരമായി പറയുന്നതാണു. റോമാമാർപ്പാപ്പാമാക്കു Infallibility തെറ്റാവരം ഉണ്ടെല്ലൊ ൧൦൦

സ്ഥിതിക്ക് അവർ അയക്കുന്ന എഴുത്തുകളിൽ എന്തെങ്കിലും തെറ്റുവരുവാൻ പാടുണ്ടോ എന്നും മറ്റും നമ്മുടെ ചില വായനക്കാർ വിചാരിച്ചേക്കാം. എന്നാൽ മാപ്പാപ്പാമാർ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഇതുവരെയും ഇങ്ങിനെയുള്ള വിശ്വാസം സംബന്ധിച്ചും നടപടി സംബന്ധിച്ചും Ex cathedra സിംഹാസനത്തിൽ നിന്നും പഠിപ്പിക്കുന്നതും തീർച്ചപ്പെടുത്തുന്നതുമായ സംഗതികളിലാണ എന്നാൽ മാപ്പാപ്പാമാർ അയക്കുന്ന എതെഴുത്തുകൾക്കും തെറ്റുവരുമുള്ളതായി കത്തോലിക്കാ തെയോളോസ്യക്കാർ പഠിപ്പിക്കുന്നില്ല. നാം ഇവിടെ പറഞ്ഞിരിക്കുന്ന എഴുത്തുകൾക്ക പ്രസ്തുതപ്രമുള്ളതായി ആരും വിചാരിക്കുന്നില്ലാ എന്നു ഏവർക്കും ഗ്രഹിക്കേണ്ടതാണ്.

തന്റെ വിശദീകരണം ൪—ാം ലക്കത്തിന്റെ അവസാനത്തിൽ ൯—ാം പിയൂസ മാപ്പാപ്പായുടെ ഒരെഴുത്തു ഒലിവെയിരാ മെത്രാൻ സൂചിപ്പിച്ചിട്ടുണ്ട്. അതായു:— "പിന്നെ മലയാളത്തിലുള്ള ജനങ്ങളും നെസ്തോറിയൻ പാഷാണ്ഡതയെ പരിശുദ്ധം ഉപേക്ഷിച്ചപ്പോൾ, എല്ലാപട്ടക്കാരും കത്തനാരന്മാരും, ശമ്മാശ്ശന്മാരും, ക്ലേരിമാരും ജനങ്ങളാൽ തിരിഞ്ഞെടുക്കപ്പെട്ട പ്രമാണികളും, ഭാഗ്യപ്പെട്ട ഓമ്മക്ക അർഹനായ വ—ാം ക്ലേമൻസ് എന്ന നമ്മുടെ മുൻഗാമിയുടെ ആജ്ഞാപ്രകാരം ഫ്രൻസ്—ൽ ഉദിയമ്പേത്തരിൽ നടത്തപ്പെട്ട സുനഹദോസിൽ ചെന്നു കൂടി, റോമാമേലദ്ധ്യക്ഷനു, അഥവാ പാപ്പായുടെ സത്യത്തിൻകീഴ അനുസരണ വാഗ്ദത്തം ചെയ്യുണ്ടായി" ഒരും തെളിവു ഒലിവെയിരാ മെത്രാന്റെ വാദത്തിന്നു പ്രതികൂലമായിരിക്കുന്നു. "ഒരും നമ്മുടെ മുൻഗാമിയുടെ ആജ്ഞാപ്രകാരം ഫ്രൻസ്—ൽ ഉദിയമ്പേത്തർ നടത്തപ്പെട്ട സുനഹദോസു" എന്ന ൯—ാം പിയൂസ മാപ്പാപ്പാ എഴുതീട്ടുണ്ടല്ലൊ. ഒരു സുനഹദോസു വിളിച്ചു കൂട്ടുന്നതിനും തോമാനസ്രാണികളുടെ കൽദായക്രമംമാറി ലത്തീൻക്രമം സ്ഥാപിക്കുന്നതിനും വ്യാംക്ലേമൻസ മാപ്പാപ്പാ മെനസീസ മെത്രാപ്പോലീത്തായ്ക്കു കൊടുത്തിട്ടുള്ള കല്പന ഒലിവെയിരാമെത്രാനും കൂട്ടരും കാണിക്കട്ടെ. അപ്പോൾ ൯—ാം പിയൂസ മാപ്പാപ്പായുടേതായി പേർത്തിട്ടുള്ള കല്പനയുടെയഥാർത്ഥം വെളിപ്പെടും. "ആ സുനഹദോസിൽ വച്ചു റോമാമാപ്പാപ്പായ്ക്കു അനുസരണ വാഗ്ദത്തം ചെയ്യുണ്ടായി" എന്നു കാണിച്ചിട്ടുള്ളതിന്റെ സാരം എന്താണു അപ്പോൾ മാത്രമെ തോമാനസ്രാണികൾ മാപ്പാപ്പായ്ക്കു വണങ്ങിയിട്ടൊള്ളു എന്നു വരികിൽ അതു വാസ്തവവിരുദ്ധമാണെന്നു ഒരും പുസ്തകം ൧-ാം ഭാഗത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൽ നിന്നും അറിയാവുന്നതാണ്. അതിനാൽ ഒരും തെളിവുകൂടാതെ എല്ലാം ഒലിവെയിരാ മെത്രാന്റെ വാക്കിനെ സാധിക്കുന്നവയല്ലെന്നു വായനക്കാർക്ക ബോദ്ധ്യപ്പെട്ടുമെന്നു വിശ്വസിക്കുന്നു.

തന്റെ വിശദീകരണം ൫—ാം ലക്കത്തിൽ സാരമായും ഹാസ

മായും ഒരു കായ്യം ഒലിവെയിരാമെത്രാൻ പറയുന്നുണ്ടു. മെക്കൻസി യുടെ നോട്ടിൽ ചേക്കപ്പെട്ട ൫കയ്യെഴുത്തു മൂല ഗ്രന്ഥത്തിന്റെ കർത്താ ക്കന്മാരുടെ (രാട്ടസിരിയൻ പട്ടക്കാരുടെ) നാട്ടുത്തിന്നു യോജിക്കുന്ന പ്രയോജനം അവക്കു സിദ്ധിച്ചിട്ടുണ്ടു. അതു പാഷാണ്ഡതയുടെയും ശീ ശ്മയുടേയും ഭയങ്കരത്വത്തെ ഏറവു പറഞ്ഞിട്ടുള്ളതു തന്നെയാണു. ഇ ഷ്ടമുള്ള കായ്യങ്ങളെ എടുപ്പത്തിൽ വിശ്വസിക്കുന്ന എന്നുള്ള ചൊല്ലിനെ അവർ അനുസ്മരിക്കി കൊള്ളുന്നതിനാൽ നാം നിഷ്പ്രയാസം വിശ്വ സിക്കുന്നതുപോലെ അവരെക്കാൾ കീഴ്ത്തരക്കാരായ റോമൻ കത്തോ ലിക്കരായിരുന്ന അവരുടെ പൂർവ്വപിതാക്കന്മാർ എന്നുള്ളതു അവർക്കു സ്തുതിപ്പാൻ കഴിയുന്നില്ലാ. ഇതു വളരെ പ്രശംസാർഹം തന്നെ,, തങ്ങള ടെ പൂർവ്വന്മാർ നെസ്റ്റോറിയൻ ഇടത്തുടിൽ അകപ്പെട്ടില്ല എന്നു രാട്ട സിരിയൻ പട്ടക്കാർ വാദിച്ചതുകൊണ്ടു ആ പട്ടക്കാർക്കുപാഷാണ്ഡ തയുടെയും മേൽ വളരെ വെറുപ്പു ഉണ്ടെന്നു ഒരു പ്രയോജനം അവ ർക്കു സിദ്ധിച്ചിട്ടുണ്ടെങ്കിൽ ഒലിവെയിരാ മെത്രാൻ ഹാസ്യമായി പറഞ്ഞി രിക്കുമ. അങ്ങിനെയാണെങ്കിൽ ഉദിയമ്പേരൂർ സൂനഹദോസുവരെയും തോമാനസ്രാണികൾ ഇടത്തുട്ടുകാരായിരുന്നു എന്നു അനാവശ്യമായി വാദിക്കുന്നവർ പാഷാണ്ഡതയുടെയും ശീശ്മയുടെയും ഭയങ്കരത്വത്തെ അറിയാതിരിക്കയും, അവർക്കു അവയിൽഭയവും വിരോധവും ഇല്ലാതിരി ക്കയും അതിനെ അവർ ഇഷ്ടപ്പെട്ടുകയും ചെയ്യുന്നു എന്നും വരുന്നുണ്ട ല്ലൊ. അപ്രകാരം തന്നെയാണെന്നു എനിക്കനുഭവം കൊണ്ടുംതോന്നുന്നു. എന്തെന്നാൽ കൂടെക്കൂടവും മുമ്പു പോർത്തുഗീസ്സുകാരുടെ അനീതിയായ ഭ രണം നിമിത്തം ഫ്രവുമ്പവ മേടം ഡർ—ാന്ത- ഫ്രന്ത-ാം ഗ്രൈഗൊറി മാർപ്പാ പ്പാ മുംത്ത പ്രൈക് ളാരെ Multa praeclare എന്ന തുടങ്ങുന്ന തിരുവെ ഴുത്തുകൊണ്ടു ഇന്ത്യയിൽ പോർത്തുഗൽ രാജാവിന്നുണ്ടായിരുന്ന പതുവാ ദൊ ഒഴിച്ചുസമയം അന്നത്തെ ഗോവമെത്രാപ്പോലീത്തായും അദ്ദേഹത്തി ന്റെ കീഴുള്ള വൈദീകഗണവും മാർപ്പാപ്പായുടെ തിരുവെഴുത്തിനെ അ നുസരിക്കാതെ ഇന്ത്യയിൽ ഭയങ്കരമായ ശീശ്മയുണ്ടാക്കുകയും അനേകം ആത്മാക്കളുടെ നാശം വരുത്തുകയും ചെയ്തു. അപ്രകാരമുള്ള ശീശ്മയുടെ ഭ യങ്കരത്വം അത്രത്തന്നെ മനസ്സിലായിട്ടില്ലായിരിക്കാം എന്നു സ്പഷ്ടമായി രിക്കുന്നു. അതിന്റെ ദോഷം മാർപ്പാപ്പാ ഫ്രവുമ്പൻ—ൽ എത്രവ്യാകു ലതയോടെ Quanto dolore എന്നു തുടങ്ങുന്ന തിരുവെഴുത്തും മറവു പാ ല തിരു എഴുത്തുകളും അയക്കേണ്ടിവന്നു! അക്കാലത്തു വികാരി അപ്പ സ്തോലിക്കന്മാരുടെ കീഴുള്ള വൈദീകർ പോർത്തുഗീസ വൈദീകരെ കൂ ണ്ടാൽ ശീശ്മയുടെ തലവനായ പിശാചിനെ കാണുന്നതുപോലെ വി ചാരിക്കണമെന്നും പുതുവാദാചാരിയുടെ മുമ്പിൽക്കൂടി കടക്കുന്ന ക്രിസ് ത്യാനികൾ കുരിശിന്നാചാരം ചെയ്യ കുരിശുവരക്കുന്നതു കൂടിയും പാപ കരമായി കാണപ്പെട്ടുത്തിയും ഇരുന്നു. അത്ര ഭയങ്കരമായ ശീശ്മയിന്മേ ൽ മേൽപറഞ്ഞ കൂട്ടർക്കു ഭയങ്കരമായിരുന്നില്ലാ എന്നു സ്പഷ്ടമായിരിക്കു

ന്നു. തങ്ങളുടെ പൂർവ്വന്മാർ തങ്ങളേക്കാൾ മോശമായിരുന്നു എന്നു രണ്ടു സിറിയൻ പട്ടക്കാർ വിചാരിച്ചിട്ടില്ലാ അപ്രകാരം ഗ്രഹിപ്പാൻ അവർക്കു പാടുള്ളതുമല്ലാ. എന്തെന്നാൽ തങ്ങളുടെ പൂർവ്വന്മാർ തങ്ങളേക്കാൾ എത്ര ഉയർന്ന സ്ഥിതിയിലായിരുന്നു എന്നു ചരിത്രമുഖേന അവർ അറിഞ്ഞിരിക്കുന്നു. ഇതിനു പരം പുസ്തകം ഒന്നാം ഭാഗം ൫-ാം പ്രകരണത്തിൽ മെനെസീസ് മെത്രാപ്പോലീത്താ, ജാറി, മഫേയൂസ, ഒസേരിയൂസ, ഒാവെയ, മുതലായവരുടെ സാക്ഷികകം ചേർത്തിട്ടുണ്ടു.

"വിശേഷിച്ചും മുൻ പറയപ്പെട്ട കൂലയുഴുത്തു മൂവത്തിന്റെ കത്താക്കന്മാർ അവരുടെ സ്വന്ത അഭിപ്രായങ്ങളെ മാത്രമാണു പ്രസ്താവിച്ചിരിക്കുന്നതു- അതു അവരുടെ സ്വന്തഉത്തരവാദത്തിൽ മാത്രം ആകുന്നു. എന്നല്ലാതെ അവരുടെ വൈദീക മേലദ്ധ്യക്ഷന്മാരുടെ ആജ്ഞാനുസരണമല്ലെന്നു തീർച്ചയായിരിക്കുന്നതിനാൽ, പഠിപ്പുള്ളവരായ പലരും ഉൾപ്പെടുന്നതായ അവരുടെ സമുദായത്തിന്റെ അഭിപ്രായത്തെ പ്രകടിപ്പിക്കുന്ന പ്രതിനിധികളും ഇവരല്ലെന്നുള്ളതു തീർച്ചയാണു" എന്നു ലിവെയിരാമെത്രാൻ എഴുതിയിരിക്കുന്നു. മെക്കൻസി അവർകളുടെ നോട്ടിൽ രണ്ടു സിറിയൻപട്ടക്കാർ തങ്ങളുടെ സമുദായം നെസ്തോറിയൻ ഇടത്തിൽ അകപ്പെട്ടിട്ടില്ലെന്നും പുരാതനകാലംമുതൽ സത്യവിശ്വാസത്തിൽ നിലനിന്നിരുന്നു എന്നും എഴുതിയിട്ടുള്ളതു അവരുടെ സ്വന്തഅഭിപ്രായം മാത്രമാണെന്നതെ ലിവെയിരാമെത്രാൻ പ്രസ്താവിച്ചിട്ടുള്ളതു, താൻപോർത്തുഗീസ്സുകാരനായി പിറന്നതിനാൽ പോർത്തുഗീസ് ഭാഷാജ്ഞാനം തനിക്കുള്ളതുപോലെ ഇംഗ്ലീഷ് ഭാഷാജ്ഞാനം ഇല്ലായ്കകൊണ്ടോ, അല്ലെങ്കിൽ ആ പ്രബന്ധം മുഴുവനും വായിക്കാഞ്ഞിട്ടോ, അല്ലെങ്കിൽ അവരുടെ വിവരണത്തെ മുഴുവനും നിഷേധിക്കണമെന്നുള്ള കുതലോടു ക്രൂടിയൊ, ഇപ്രകാരം പ്രസ്താവിച്ചതാണു. എന്തെന്നാൽ രണ്ടു സിറിയൻ പട്ടക്കാർ അവരുടെ സ്വന്ത അഭിപ്രായത്തെ അല്ല, പുറപ്പെടുവിച്ചിട്ടുള്ളതു. ചിലമായ തെളിവുകളെ അടിസ്ഥാനപ്പെടുത്തി അവർ എഴുതിട്ടുള്ളതാകുന്നു. എന്നു മാത്രമല്ലാ, തോമാനസ്രാണികളിൽ പഠിപ്പുള്ളവരെല്ലാം തങ്ങളുടെ പൂർവീകന്മാർ സത്യവിശ്വാസത്തിൽ നിലനിന്നിരുന്നു എന്നതുനിയായാണു വിശ്വസിച്ചുവരുന്നതു. മെഡ്ലിക്കോട്ടമെത്രാനും ലിവെയിരാമെത്രാന്റെ അഭിപ്രായംതന്നെ പ്രസ്താവിച്ചിട്ടുണ്ടു. ആയതിനാൽ പരം സംഗതിയുടെ യഥാർത്ഥം അറിവാൻ ആഗ്രഹിക്കുന്നവർ മെഡ്ലിക്കോട്ടമെത്രാന്റെ വാദത്തെ ഖണ്ഡിച്ചു പരം പുസ്തകം രണ്ടാം ഭാഗത്തിൽ എഴുതീട്ടുള്ള വിവരണം വായിച്ചുനോക്കട്ടെ. തോമാനസ്രാണികകം പുരാതന കാലംമുതൽ സത്യവിശ്വാസത്തിൽ നിലനിന്നിരുന്നതായി ഉദിയമ്പേരൂർ സൂനഹദോസിൽ വെച്ചും ഇപ്പഴത്തെ പോലെ അന്നത്തെയാളുകളും വാദിച്ചിട്ടുള്ളതായി കാണാവുന്നതാണു.

പോർട്ടുഗീസ് പാദ്രിമാരുടെ അധികാരം സുറിയാനിക്കാരുടെ ഇ

ടയിൽ നിലനിത്തി കൊടുക്കുന്നതിനു വ്യവ്യ്ൽ അന്നു ലത്തീൻ അപ്പസ്തോലിക്കാ ആയിരുന്ന മൊൻസിഞ്ഞോർ അഗ്ലിയാർഡി എന്ന ദേഹത്തിന്റെ പക്കലേക്കു കുറിയാക്കോസ് എന്ന പേരായി ഒരു സുറിയാനി പട്ടക്കാരൻ പ്രധാനിയായിട്ടു അയച്ച ഹർജിയുടെ പകർപ്പ് ഒരിക്കയിരാമെത്താനച്ചന്റെ പക്കൽ കിട്ടിയിട്ടുണ്ടെന്നും അതിൽ തങ്ങളുടെ കാരണവന്മാരായ സുറിയാനിക്കാർ പോർത്തുഗീസ്സുകാർ മുഖാന്തിരം കത്തോലിക്കാ വിശ്വാസത്തിൽ ചേർന്നിട്ടുള്ള താണെന്നും മറും അനുസരിച്ചു പറഞ്ഞിട്ടുണ്ടെന്നും, ആയതു ഒരു രണ്ടു സുറിയാനി പട്ടക്കാർ മറന്നുപോയിഎന്നും "വിശദീകരണം" ഫൻ-ാ ഖ-പുറങ്ങളിൽ പ്രസ്താപിക്കപ്പെട്ടിട്ടുണ്ടു. അതായ്തു ഇൻഡ്യയുടെ ഡെലിഗെറ്റ് അപ്പസ്തോലിക്കാ അവർകളുടെ മുൻപാകെ പതിനഞ്ചു വത്സരം മുൻപിൽ ബോധിപ്പിക്കപ്പെട്ടതായ ഒരു അപ്പീൽ ആവലാധിയിൽ തുറന്നു പ്രസ്താപിച്ചിരുന്ന അഭിപ്രായത്തെ അവർ ഇത്ര വേഗത്തിൽ മാറുകളഞ്ഞു എന്നു എനിക്കു വിശ്വസിപ്പാൻ തരമില്ലെന്നുള്ളതിനാലാണു എന്റെ മുൻ പറഞ്ഞ അഭിപ്രായത്തെ ഞാൻ ഉറപ്പിച്ചു സ്ഥാനപ്പെടുത്തുന്നതു.

... . ഒരു അർദ്ധ ദ്വീപിന്റെ ഒരു ഭാഗത്തിൽ ഞങ്ങളുടെ സമുദായത്തിന്റെ ആവിർഭവം ക്രിസ്താബ്ദത്തിന്റെ ആദ്യശതകം മുതൽക്കാണു്. അനന്തരം ഓരോ കാലങ്ങളിലും ഞങ്ങളുടെ സ്വന്തം റിത്തുകാരായ മെത്രാൻമാർ കഴിഞ്ഞ നൂറാംണ്ടുകൾവരെ ഭരിക്കപ്പെട്ട വരികയിൽ അക്കാലത്തിലെ മാപ്പിപ്പാമാരുടെ അനുകമ്പമൂലം ഞങ്ങളുടെ പൂർവ്വന്മാർ സത്യത്തിലേക്കും ന്യായമായ ഇടയന്റെ കീഴിലേക്കും കൊണ്ടുവരപ്പെട്ടു. അവരുടെ പരിപോഷിത രക്ഷയിൻ കീഴിലാണു കത്തോലിക്കാ വിശ്വാസത്തിന്റെ ഐക്യതയിൽ ഞങ്ങൾ തുടർച്ചയായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ളതു. അതിനെക്കുറിച്ചു ഞങ്ങൾ സർവ്വശക്തനായ ദൈവത്തെ അനവരതം സ്തുതിക്കുന്നു".... .....

(മലയാളത്തിലെ കുർദായ സിറിയൻ റോമൻകത്തോലിക്കരിൽ നിന്നു വ്യവ്യ ജനുവരി ൌ-ാം- വേലൂർ പള്ളി വികാരി കുറിയാക്കോസ് കത്തനാർ മുതലായി പലർ ഒപ്പിട്ടു ഇൻഡ്യായുടെ ഡെലിഗെറ്റായിരുന്ന മഹാ വന്ദ്യ ദിവ്യശ്രീ മോൻസിഞ്ഞോർ അഗ്ലിയാർഡ എന്ന പുരോഹിത ശ്രേഷ്ഠന്റെ മുൻപാകെ ബോധിപ്പിക്കപ്പെട്ട അപ്പീൽ.)

"ഒരു അപ്പീലിനു മറുപടിയായി മോൻസിഞ്ഞോർ അഗ്ലിയാർഡി അവർകളുടെ പിൻഗാമിയായ മോൻസിഞ്ഞോർ അയൂത്തി അവർകളാൽ വ്യവ്യ—ജൂൺ ഖ-ാം- എഴുതപ്പെട്ട (ഇംഗ്ലീഷ് മലയാളം) ഒരു കത്തോടുകൂടി ഈ ഹർജിയുടെ ഒരു പ്രതി യാദൃശ്ചികമായി എനിക്കു കാ

ണ്ടാൻ ഇടയായിട്ടുള്ളതാണു." എന്നാകുന്നു. മെല്പാഞ്ഞ അപ്പീൽ എ
ന്തു സംഗതിയെപ്പറ്റി എഴുതിഅയച്ചതെന്നും മറ്റും ഒന്നും ഒഴിവെയി
രാമെത്രാൻ പ്രസ്താവിക്കുന്നില്ല. സാക്ഷാൽ ഇതു പോർട്ടുഗീസ് ഭര
ണക്കാരുടെ ഉത്സാഹത്തിന്മേൽ എഴുതി അയച്ചിട്ടുള്ളതാണ്. ഇതിനു അ
പ്പീൽ എന്നു പേർ പറഞ്ഞതുതന്നെ എന്തുകാരണത്തിന്മേൽ എന്നു മ
നസ്സിലാകുന്നില്ല. കീഴ് അധികാരങ്ങളിലെ തീർച്ചയ്ക്കു വിരോധമായി
മേലധികാരങ്ങളിലേക്കു ബോധിപ്പിക്കുന്ന അപേക്ഷകൾക്കത്രെ അ
പ്പീൽ എന്നു പറഞ്ഞുവരുന്നതു. എന്നാൽ മേല്പറഞ്ഞതു സുറിയാനിക്കാ
രുടെ ഇടയിൽ പോർട്ടുഗിസ് ഭരണം നിർത്തലാക്കപ്പെട്ടതായ മാർപ്പാ
പ്പായുടെ തീരുമാനത്തെപ്പറ്റി ഒലഗാടിന്റെ പക്കൽ ഒരു ആവലാ
ധി മാത്രം കാണിച്ചിട്ടുള്ളതാകുന്നു.

ഇതു ഒരു വലിയ ആധാരമായി വച്ചു സൂക്ഷിക്കുകയെ വേണ്ടു.
ഇതുപോലെയുള്ള കച്ചപ്രമാണങ്ങൾ നിമിത്തം പോർട്ടുഗീസ്സുകാർ മുത
ലായി സുറിയാനിക്കാരെ മുൻ ഭരിച്ചിരുന്നവർ റോമായിലേക്കും മറ്റും
പലപ്പോഴും അയച്ചിട്ടുള്ളതു ധാരാളം അവിടേയും കാണും. ൧൬൦൦-ന
ശേഷം വരാപ്പുഴ വികാരി അപ്പോസ്തോലിക്കായും, ഒരു സുറിയാനിക്കാ
രനായ മാർ സിമഒൻ എന്ന മെത്രാനിൽനിന്നു മെത്രാഭിഷേകം കൈ
ക്കൊണ്ട അള്ളമായ അഞ്ചലൊപ്രംസീസ്സു എന്ന കമ്മലീത്താക്കാരന്റെ
ഭരണകാലത്തു കൊട്ടങ്ങല്ലൂർ ശ്രുപതയ്ക്കു റിബെയിരൊ എന്ന പേരായ
ഒരു പോർട്ടുഗീസ് ജസ്വീത്തമെത്രാൻ നിശ്ചയിക്കപ്പെട്ടു; ഇതിനാൽ
മേൽ പറയപ്പെട്ട അഞ്ചലൊ പ്രംസീസ്സു എന്ന ദേഹം പല സുറിയാ
നിപള്ളിക്കാരെയും വരാപ്പുഴ പള്ളിയിൽ വിളിച്ചുകൂട്ടി അവരുടെമേൽ
ഉള്ള തന്റെ അധികാരവും ഭരണവും തീർന്നിരിക്കുന്നു എന്നും മേലാൽ
തങ്ങളുടെ സാധ്യമുള്ള മേല്പട്ടക്കാരൻ കൊട്ടങ്ങല്ലൂർ ശ്രുപതയുടെ റി
ബെയിരൊ മെത്രാപ്പോലീത്താ ആകുന്നൊന്നും മറ്റും മൂൽപ്പിത്തിൽ കേ
റി കരഞ്ഞുകൊണ്ടു പ്രസംഗിക്കുകയും തന്റെ കുർശ്ശും മോതിരവും ഉ
രീവയ്ക്കുകയും ചെയ്തു. ഇതു സുറിയാനിക്കാർ കേട്ടപ്പോൾ അന്നു പോ
ർട്ടുഗീസ്സുകാരൊടുണ്ടായിരുന്ന സന്തോഷക്കേടു നിമിത്തം തങ്ങളെ പോർ
ട്ടുഗീസ്സുകാർ ഭരിക്കുന്നതിനെക്കാൾ ഇത്താലിയക്കാരായ കമ്മലീത്തരുടെ
കീഴ്തന്നെ നിൽക്കുന്നതിനാണു തങ്ങൾക്കു തൃപ്തി എന്നും ഒരു സംഗതി
ശ്രുഷ്മാന സിംഹാസനത്തിൽ ബോധിപ്പിച്ചു് അനുവാദം വരുത്തണ
മെന്നും മറ്റും പറകയുണ്ടായി. അപ്പോൾ അഞ്ചലൊ പ്രംസീസ്സു
എന്ന ദേഹം, അങ്ങിനെ എങ്കിൽ ഒരു സംഗതിക്കു ഒരു അപേക്ഷ ഞാ
ൻ എഴുതിവച്ചിട്ടുണ്ടെന്നും അതിൽ നിങ്ങൾ ഒപ്പുവയ്ക്കണമെന്നും മറ്റും
പറഞ്ഞപ്രകാരം പല സുറിയാനിക്കാരും ഒപ്പിട്ടുകൊടുക്കുകയും ചെയ്തു.
എന്നാൽ ഇത്താലിയ ഭാഷയിൽ അദ്ദേഹം എഴുതിവച്ചിരുന്ന അപേ
ക്ഷയിൽ പോർട്ടുഗീസ്സുകാരുടെ ഭരണം നിമിത്തം ഇനിമേൽ മലയാള

ത്തുണ്ടായ ശീശ്മയിൽനിന്നും അന്നവരെ മനസ്സു തിരിഞ്ഞവരായി ഉണ്ടാ
യിരുന്ന സുറിയാനിക്കാർ മുഴുവനും കമ്മലീത്താക്കാരുടെ പരിശ്രമ ഫല
മായി ഉണ്ടായിട്ടുള്ളതാകുന്നെന്നും മറവും എഴുതിയിട്ടു ായ്തുന്ന അതി
ൽ ഒപ്പിട്ടുകൊടുത്ത സുറിയാനിക്കാരെ മേല്പടി സംഗതി മനസ്സിലാക്കീട്ടു
മില്ലായിരുന്നു. എന്നാൽ ടി. ശീശ്മയിൽനിന്നും സുറിയാനിക്കാരെ മന
സു തിരിക്കുന്നതിനു മലയാളത്തുവന്ന ആദ്യ കമ്മലീത്താ മിഷ്യനറിമാർ
വളരെ വേലചെയ്തതും ഒടുവളരെ ജനം ശീശ്മ ഉപേക്ഷിച്ചു കത്തോലി
ക്കാപ്പള്ളിയിലേക്കു തിരികയും ചെയ്തിട്ടുണ്ടായിരുന്നു എങ്കിലും നാട്ടു സു
റിയാനിമെത്രാനായ കുറവിലങ്ങാട്ടു പറമ്പിൽ അലക്സാണ്ടർ എന്ന മേ
ഹത്തിന്റെ പരിശ്രമത്താൽ അതേ അധികം ജനവും മനസ്സുതിരിഞ്ഞു
ത്തു. ഉടനെ സംഗതി കമ്മലീത്തർ വെളിപ്പെട്ടതറിഞ്ഞ അവരുടെ പരി
ശ്രമത്താൽ ശീശ്മ ഉപേക്ഷിച്ച ഒരു ജനത്തെ വീണ്ടും പോർട്ടുഗീസ്
അധികാരത്തിൽ ഉൾപ്പെട്ടുത്തുന്നപക്ഷം ആ ജനം വീണ്ടും ശീശ്മയി
ലേക്കുതന്നെ മടങ്ങിയേക്കുമെന്നും മറവും എഴുതി അയച്ചിരുന്നു. ഒരു റി
ക്കാർട്ടും ഇതുപോലെയുള്ള പല റിക്കാർട്ടുകളും, അതായതു സുറിയാനി
ക്കാർക്കു സുറിയാനി മെത്രാനെ കൊടുത്താൽ അവർ ശീശ്മയിൽ ഉൾ
പ്പെട്ടുപോകുമെന്നും പാട്ടക്കാർ കന്യാവ്രത അനുസ്സരിക്കുമെന്നും
മറവും മിഷ്യനറിമാർ മുൻ എഴുതി അയച്ചിട്ടുള്ള പല റിക്കാർട്ടുകളും,
റോമയിൽ കാണുമെന്നാണു കേൾവി. ഒരു അടുത്ത കാലത്തുതന്നെ
ഇതുപേക്ഷിക്കയും കന്യാവ്രതം, കീഴവണക്കം, അനുതിതപം, എന്നീ പര
ഞ്ഞൊപ്പുകളെ തൃജിക്കയും ചെയ്തിട്ടുള്ളവർ നാട്ടുകാരിൽ അല്പന്നു വാ
യനക്കാർക്കു ബോദ്ധ്യം ഉള്ളതാണല്ലൊ. ! ! !

എന്നാൽ മേൽ പറയപ്പെട്ട കുറിയാക്കോസച്ചനും മറവും കൂടി
അപ്പസ്തോലിക്ക ദേശാദിന്റെ വക്കൽ അയച്ച അപേക്ഷയുടെ പക
ർപ്പു ഒരുവെയിരാ മെത്രാന്റെ കൈവശം ഉണ്ടെന്നാണല്ലൊ പറയുന്ന
തു. എന്നാൽ അതു അന്നത്തെ പോർട്ടുഗീസ് ഭരണക്കാരുടെ താല്പര്യ
ത്തിന്മേലും ശിപാശി അനുസരിച്ചും അയച്ചിട്ടുള്ളതാണു. ക്രമത്തിൽ തൃ
ശ്ശൂർ, കോട്ടയം എന്ന രണ്ടു സുറിയാനി വികാരിയാത്തുകൾ സ്ഥാ
പിക്കപ്പെട്ടപ്പോൾ അതിനു ഉപകാരസ്മരണയായി ഒരുകുന്നിനും വടക്കു
നിന്നും രണ്ടു മംഗലപത്രങ്ങൾ അയുത്തി ദേശാദിന്റെ പക്കലേക്കു ത
ന്നെ അനവധി സുറിയാനിപ്പട്ടക്കാർ ഒപ്പിട്ടു അയച്ചിട്ടുണ്ടു. ആദ്യത്തെ
തു ടിയാണ്ടു മാന്നാനത്തു കൊവേന്തയിൽ ജ്ഞാനധ്യാനത്തിനു ക്രമിയ
പട്ടക്കാരുടേതാണു. ഇതിന്റെ തീയതി ക്രമവുടെ ചിങ്ങം സ്ഥാനം രണ്ടാ
മതേതു അമ്പഴക്കാട്ടു കൊവേന്തയിൽ ധ്യാനത്തിനു ക്രമിയ പട്ടക്കാർ
ടി അടുത്ത കന്നി ക്രമ രാശിയിലുമായി അതേ അയച്ചിട്ടുള്ളതു. ആ അ
ഡ്രസ്സിൽ കാണിച്ചിരുന്ന ഒരു വാചകത്തെ വായനക്കാരുടെ അറിവി
നായി ഇവിടെ ചേർക്കുന്നു:—

"യൂറോപ്പിൽ വിശ്വാസം അറിയിക്കുന്നതിനും ശുദ്ധമാനസിംഹാസനത്തിൽ നിന്നു 'പട്ടാഭാഷ' (പിതൃസ്ഥാനം) അവകാശവും മറ്റു സ്ഥാനമാനങ്ങളും ലഭിക്കുന്നതിനും വേണ്ടി ഞങ്ങളുടെ മുമ്പാകെ നെസ്തോറിയൻ ഇടത്തുടിൽ നിന്നു അവർ മനസ്സു തിരിക്കുകയും വിശുദ്ധ കത്തോലിക്കാപ്പള്ളിയുടെ ഒന്നിപ്പിൽ ചേർക്കയും ചെയ്തു എന്നു പോർട്ടുഗീസ്സുകാർ അഹംഭാവം കാണിക്കുകയും അതിന്റെ ഉറപ്പിലേക്കായി പല രിക്കാർട്ടുകളും ചരുത്തുകളും ഗ്രന്ഥിച്ചുണ്ടാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വിശുദ്ധ തോമാശ്ലീഹായുടെ കാലം മുതൽ ഒരു ശരീരം എന്നപോലെ എല്ലാ ഇടത്തുടിൽ നിന്നും ഞങ്ങളെ കാത്തു രക്ഷിക്കയും ശുദ്ധമാന കത്തോലിക്കാ പള്ളിയുടെ ഒന്നിപ്പിൽ ഞങ്ങളെ നിലനിറുത്തുകയും ചെയ്തിട്ടുള്ളതിനെക്കുറിച്ചു സർവ്വശക്തനു ഞങ്ങളുടെ നന്ദിയുള്ള വണക്കത്തു ഞങ്ങളും സമർപ്പിക്കുന്നു". (Appendix 128) ഇതൊരു ഇരുന്നൂറിൽ അധികം സുറിയാനിപ്പട്ടക്കാർ ഒപ്പിട്ട അയച്ചിട്ടുള്ള ടി ഹർജിയിലെ ഒരു വാചകം. അപ്പഴോ രണ്ടു സുറിയാനിപ്പട്ടക്കാരുടെ അഭിപ്രായം മാത്രമല്ല എന്നു വായനക്കാക്കു എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണു.

ജി. ഠറി. മെക്കൻസി അവർകളും തിരുവിതാംകൂറിലെ ക്രീസ്തുമതത്തെക്കുറിച്ചുള്ള ഒരു ചരിത്രം ഉണ്ടാക്കുവാനുള്ള കാരണം തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഒരു ചരിത്രം ഉണ്ടാക്കേണമെന്നു തിരുവിതാംകൂർ മഹാരാജാവു ഫർമാൻ കല്പിച്ചപ്രകാരം അന്നു കൊച്ചിയിൽ ചീഫ്ജഡ്ജായിരുന്ന നാഗമയ്യാ എന്നദ്ദേഹം ഇതിലേക്കായി നിശ്ചയിക്കപ്പെട്ട. തിരുവിതാംകൂറിലെ ക്രിസ്ത്യാനികളെ സംബന്ധിച്ചുള്ള ചരിത്രം തയ്യാറാക്കുന്നതിനു അന്നു തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷ റസിഡണ്ടായിരുന്ന ജി. ഠറി. മെക്കൻസി അവർകളോടു നാഗമയ്യാ താല്പര്യപ്പെട്ടതനുസരിച്ചു അയാൾ എഴുതീട്ടുള്ളതാകുന്നു. എന്നാൽ മെക്കൻസി തിരുവിതാംകൂറിലെ ക്രിസ്ത്യാനികളെ സംബന്ധിച്ചു എഴുതീട്ടുള്ള രണ്ടു ചരിത്രത്തിൽ സുറിയാനിക്കാർക്കു അനുകൂലവും സന്തോഷവും ഉള്ള അനേക സംഭവങ്ങളെയും ചരിത്രങ്ങളേയും വിട്ടുകളഞ്ഞും വച്ചു അവർക്കു സങ്കടം വരുത്തുകയും അവർക്കു രുചികരമായ അനവധി വൃത്താന്തങ്ങളെയും കഥകളെയും ഉപാഖ്യാനങ്ങളെയും ചില പോർട്ടുഗീസു ചരിത്രമനുസരിച്ചു ചേർത്തിട്ടുണ്ടു. അതിൽ പ്രധാനപ്പെട്ടതു പോർട്ടുഗീസുകാരുടെ പ്രയത്നത്താൽ സുറിയാനിക്കാർ നെസ്തോറീസു ഇടത്തുടിൽ നിന്നും തിരിക്കപ്പെട്ടു കത്തോലിക്കാ പള്ളിയുടെ ഒന്നിപ്പിൽ ചേർക്കപ്പെട്ടു എന്നും മറ്റും പറയുന്ന അടിസ്ഥാനമറ്റ കഥകളാകുന്നു. തിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടെ ചരിത്രം അടക്കിക്കൊള്ളുന്ന മെക്കൻസിയുടെ പുസ്തകത്തിൽ പോർട്ടുഗീസുകാർ നിമിത്തം തിരുവിതാംകൂറിലും ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലും ഉണ്ടായി

ട്ടുള്ള ശീശ്മയുടെ വൃത്താന്തം കാണിക്കാതെ മിണ്ടാതിരിക്കുന്നതു എ
ന്തുകാരണത്തിനാണെന്നു തിരിയുന്നില്ലാ. എന്നാൽ പോർട്ടുഗീസു ശീ
ശ്മയുടെ ഉദ്ഭവം വിവരം മെക്കൻസിക്കു അറിയില്ലാഞ്ഞിട്ടാണെന്നു വിചാരി
ക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തുവർഷം ൧൫൪൬-ാം ലയോൻ
മാർപ്പാപ്പായും പോർട്ടുഗാൽ രാജാവും തമ്മിൽ ഉണ്ടായിട്ടുള്ള കടശീ
ലത്തെ കൊങ്കർദാത്തു ഉടമ്പടിയുടെശേഷവും പോർട്ടുഗീസു രാജ്യഭര
ണം ഇല്ലാതെയും ബ്രിട്ടീഷു അധികാരത്തിൽ ഉൾപ്പെട്ടതുമായ ദേശങ്ങളി
ൽ പോർട്ടുഗീസു പതുവാദപ്പള്ളികരണം നിമിത്തം മെത്രാന്മാരെ
യി ബോംബയിലും മദ്രാസിലും മറ്റും സംഘങ്ങൾ ക്രിസ്തുവർഷം ൧൮൩൭
ശ്രദ്ധ. സിംഹാസനത്തിലേക്കു ക്രിസ്തു ഹർജികം അപ്പീടിച്ച
അയക്കുകയും ഇതിലേക്കു (പോർട്ടുഗീസ്സുകാർ ഒഴികെയുള്ള) മിക്ക മെത്രാ
ന്മാരും മിശ്രനസ്രാണിമാരും ജനങ്ങളും പ്രയത്നിക്കുകയും മറ്റും ചെയ്തിട്ടു
ള്ള ശേഖരത്തിൽ മെക്കൻസി ഒട്ടും അശ്രദ്ധാനിമായിരുന്നില്ല. മദ്രാ
സിലെ സംഘക്കാർ ക്രിസ്തുവർഷം൧൮൪൭-ൽ അപ്പീടിച്ചിരുന്നയച്ച ക്രിസ്തു ഹർജികളിൽ കാ
ണുന്നതുപോലെ ജി. ഠരി. മെക്കൻസി അവിടെ മസുലിപട്ടണം **ഡി**
സ്ട്രിക്ട് ജഡ്ജി ആയിരുന്ന സമയം ടി. സംഘത്തിന്റെ ഒരു അഗ്രാ
സനൻ ആയിരുന്നു. ടി. ഹർജി ശേഖരത്തിൽ പോർട്ടുഗീസ്സുകാർ നിമി
ത്തം ഇൻഡ്യയിൽ ഉണ്ടായിട്ടുള്ള ശീശ്മകളെയും ഉണ്ടായ് വരുന്ന ക്രമ
ക്കേടുകളെയും മറ്റും വിസ്താരമായി കാണിച്ചിട്ടുണ്ടു. എന്നാൽ മെക്ക
ൻസി തന്നെ ട്രാവൻകൂറിലെ ക്രീസ്തുമതം എന്ന പേരായി ആംഗ്ലം അ
ടിച്ചിച്ച പുസ്തകം വാല്യം പുറത്തിൽ, ക്രിസ്തുവർഷം ൧൮൪൭-ൽ ഗ്രിഗോറി
യുസ് മാർപ്പാപ്പാ "മൂർത്തഭ്രൈക്കളാരെ" എന്നു തുടങ്ങുന്ന തിരുവെഴു
ത്താൽ ഇൻഡ്യായിൽ പോർട്ടുഗാൽ രാജാവിനുണ്ടായിരുന്ന പട്ടവാദസ്ഥാ
നം ഒഴിച്ചിട്ടും മാർപ്പാപ്പായുടെ കല്പനകളെ വിരോധമായി ഇന്ത്യായി
ലെ പോർട്ടുഗീസ്സുകാർ മത്സരിച്ചുനിന്നിരുന്നു എന്നു സ്വല്പമായിട്ടെങ്കിലും
ചില വരികളായി സൂചിപ്പിച്ചുണ്ടായിരുന്ന ആ ഭാഗം ക്രിസ്തുവർഷം ൧൮൫൧-ാം പ
തിപ്പിൽ ചേർത്തിട്ടില്ലാ. ഈ രണ്ടാംപതിപ്പു വാല്യം പുറത്തിൽ ഗ്രന്ഥകർ
ത്താവിൽ അധികം നീരസപ്പെടുത്തിയ പോർട്ടുഗാൽ രാജാവിന്റെ പള്ളിക്കാ
ര്യത്തെ പതുസ്ഥാനം സംബന്ധിച്ചുള്ള തർക്കം ക്രിസ്തുവർഷം അവസാനി
ച്ചു" എന്ന മാത്രം പറഞ്ഞുകൊണ്ടു ശേഷം ഒക്കെയും വിട്ടുകളഞ്ഞു.
ഇതു പോർട്ടുഗീസ്കാരുമായി പ്രത്യേകം ഒരിവെയിരാമെത്രാനുമായി
മെക്കൻസി അവർകൾക്കു പിന്നീടുണ്ടായ ഇഷ്ടവും ശുപാർശിയും കൊ
ണ്ടായിരിക്കാം. എന്നാൽ പോർട്ടുഗീസ് പതുവാദ ശീശ്മ സംബന്ധി
ച്ചു അല്പമെങ്കിലും അറിവാൻ നമ്മുടെ വായനക്കാർക്കു അഗ്രഹം ഉണ്ടാ
യിരിക്കുമെന്നു വിചാരിക്കുന്നതിനാൽ വരാപ്പുഴെ കൊഅദ്ധ്യന്തൊർ മെത്രാ
നായിരുന്ന ക. ഭി. മൂ. സ. മൊൻസിഞ്ഞോർ മർസ്സലീനോസ് ബൈരാ
ർദ്ദിയെന്ന ഇത്താലിയക്കാരൻ പുതുതായ പള്ളി സെമിനാരിയിൽ വൈ
ത്തിരായിരുന്ന സമയം മലയാളഭാഷയിൽ എഴുതിയുണ്ടാക്കി "കേരള

ാത്ത്യത്തിലെ സത്യവേദചരിത്രം" എന്ന പേരോടെ ക്രൂവുതെ-ൽ ക്രനമ്മാ
വു ആത്ത്രമത്തിലെ അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ച പുസ്തകത്തിൽ നി
ന്നും ഏതാണ്ടം ഒട്ടുത്ത താഴെ ചേർക്കുന്നു. ടി. പുസ്തകം ഫ്രൈ-മുതൽ
ക്രൂവു-വരെ പുറങ്ങളിൽ പറയുന്നതായത്തു. "ഇന്ത്യായിലെ ക്രിസ്ത്യാ
നികൾക്കു വളരെ നാശം വരുത്തുവാനിരുന്ന ശപിക്കപ്പെട്ട ശീശ്മയു
ടെ കാലം അടുത്തു വന്നിരുന്നു. സത്യവേദക്കാരുടെ നിത്യരക്ഷയുടെ ക
ഠിനപ്പെട്ട ശത്രുവായ പിശാചു ആ ഭയങ്കരമായ ശീശ്മക്കു ആവശ്യമാ
യിരുന്ന കോപ്പുകളൊക്കയും ഓരോരോ ദേശത്തിൽ ആസ്സമാഹരിവന്നിരു
ന്നു എന്നു തോന്നുന്നു. അതെന്തെ ംരം ദേശങ്ങളിൽ കൊച്ചീരൂപത
യുടെ ഗോവർണ്ണദോരായിട്ട മണാവേൽ ദെസാൻജൊക്കിം നെവസ എ
ന്ന കീഴ്പ്പെട്ട ആൾ സ്വന്ത ആത്മനാശത്തിന്നായിട്ടും മറും എണ്ണ
മില്ലാത്ത ആത്മാവുകളുടെ നാശത്തിന്നായിട്ടും വന്നിരുന്നു. ഗോവയി
ലും ഒമെലാപ്പൂരിലും ശീശ്മമുറച്ച വികാരി ജനറാളന്മാർ ഭരിപ്പാൻ
തുടങ്ങുകയും ചെയ്തു. ഗോവായിലെ ജനറാളം രാജസ്ത്രീയുടെ കല്പനയാ
ൽ മാത്രം മെത്രാപ്പോലീത്തായുടെ വാഴ്ച ഏറീല്ലായെങ്കിലും തെരി
ഞ്ഞെടുക്കപ്പെട്ട മെത്രാപ്പോലീത്ത എന്ന പേരുധരിച്ചുകൊണ്ടു അവി
ടത്തെ ചൊവ്വുള്ള വികാരി ജനറാളിനെ സ്ഥാനം ഒഴിവാൻ മനസ്സാ
ക്കി. ഒരിക്കലും കേട്ടിട്ടില്ലാത്ത കാനോനാകളുടെ വിപരീതത്തോട്ട
ക്കൂടെ മെത്രാപ്പോലീത്തായുടെ നാമധേയം ധരിച്ച അയാളം വിശ്വരി
കപ്പിനുപ്പാരെന്ന സ്ഥാനത്തിൽ കേറുകയും ചെയ്തു. ഇവ ഒക്കയും
ക്രൂവുന്നു-ാം ക്രൂവുതെ-ാം ആണ്ടുകളിൽ ആസ്സമായതിന്റെ ശേഷം
ക്രന്ദ-ാമത്തെ ഗ്രിഗോറിയോസെന്ന ശ്ലൂഹ: മാർപ്പാപ്പാ ഇന്ത്യാ ക്രിസ്
ത്യാനികളെ മുഴുവനാക്കപ്പെട്ട നാശത്തിൽ നിന്നു രക്ഷിപ്പാൻ വേണ്ടി
ക്രൂവുവു-ാ൦ ആണ്ടിൽ മേടമാസം വർ-ാരു- Multa praeclare
എന്ന തുടങ്ങുന്ന ബുള്ളയെ പ്രിസ്ഥാപ്പെട്ടത്തി. അതിൽ ഇന്ത്യായിലെ
പള്ളികളിൽ നടന്നിരുന്ന ക്രമക്കേടുകളേയും ക്രിശ്ചാനികളുടെ ആത്മ
നാശം വരുത്തുവാൻ തക്ക ഉപ്പുതകളേയും കാട്ടിക്കൊണ്ടും തിരുസ്സഭയു
ടെ തലവന്മാരായിരിക്കുന്ന മാർ പത്രോസിന്റെ അനന്തരവക്കു തി
രുസ്സഭയൊക്കയുടെമേലുണ്ടായിരിക്കുന്ന സർവ്വാധികാരത്താൽ യാതൊരു ദേ
ശത്തിലെങ്കിലും ക്രിസ്ത്യാനികളുടെ ക്ഷണത്തിന്നും ആത്മരക്ഷക്കുമായി
ട്ട ആവശ്യമായിരിക്കുന്നതെല്ലാം കല്പിപ്പാൻ യാതൊരുത്തനാൽ വിഘ്നം
ചെയ്യപ്പെടുവാൻ വശമാകാത്ത പൂർണ്ണാധികാരം സർവ്വേശ്വരനിൽ നിന്നു
കൈക്കൊണ്ടിരിക്കുന്നതെന്നു ആവശ്യമായിരിക്കുന്നതെല്ലാം വിചാരിപ്പാ
നും കല്പിപ്പാനും ചാവുദോഷത്തിൻ കീഴുള്ള കടം ഉണ്ടായിരിക്കയും ചെ
യ്യുന്നു എന്നു അറിച്ചുകൊണ്ടും കല്പിക്കുന്നു എന്നു കല്പനകൾക്കു കീഴ് വഴ
ങ്ങുവാൻ ക്രിസ്ത്യാനികൾ ഒക്കെയും ഉണ്ടായിരിക്കുന്ന ഭേദം വരാത്ത
കടം തിരിയപ്പെടുത്തിക്കൊണ്ടും വന്നതിന്റെ ശേഷം ഓരോ ദിക്കിലുണ്ടാ
യിരുന്ന രൂപതകളൊക്കയും അഴിച്ചു, ആ രൂപതകളിൽ ഉൾപ്പെട്ടിരു

ന്ന ക്രിസ്ത്യാനികൾ അന്ത്യാത്തുദിക്കിലെ വികാരി അപ്പസ്തോലിക്കായുടെ കീഴ്വഴങ്ങുവാൻ കടമായിരിക്കുന്ന പ്രകാരവും, ഗോവയിലെ മെത്രാപ്പോലീത്തായുടെ ഗോവാധികാരത്തിൽ ചേർന്ന ഗോവർണ്ണദോരന്മാർക്കും പട്ടക്കാർക്കും ഇങ്ങിനെയുള്ള ക്രിസ്ത്യാനികളുടെമേൽ യാതൊരധികാരവുമില്ലാത്തപ്രകാരവും, അധികാരമൊക്കയും അന്ന ഓരോ ദിക്കിൽ ഇരുന്ന വികാരി അപ്പോസ്തോലിക്കാന്മാർക്കും ഇവരുടെ അനന്തിരവർക്കും അടുത്തതായിരിക്കുന്ന എന്നും പ്രമാണിക്കയും ചെയ്തു. നമ്മുടെ വരാപ്പുഴ വികാരിഅപ്പോസ്തോലിക്കായുടെ കീഴ് വഴക്കുണ്ടെന്ന ദേശങ്ങളേയും ക്രിസ്ത്യാനികളേയും കുറിച്ചു ആ തിരുവെഴുത്തിൽ കല്പിച്ചുകിടക്കുന്നതായത്:-

"ഇതുവരെ യാതൊരു വികാരിഅപ്പോസ്തോലിക്കായുടെ ഏർപ്പിക്കപ്പെട്ടിട്ടില്ലായെന്ന കൊടുങ്ങല്ലൂർ, കൊച്ചി എന്ന രൂപതകളുടെ അതിർത്തിക്കകത്തു അടങ്ങപ്പെട്ടുന്ന അളകം ആ ന്യായത്താൽതന്നെ മലയാളത്തിൽ സ്ഥാപിക്കപ്പെട്ടതും അതിന്റെ ഇരിപ്പിടം വരാപ്പുഴ എന്ന നഗരിയിലിരിക്കുന്നതുമായ അപ്പോസ്തോലിക്കാ വികാരിയാത്തിൽ ചേർക്കപ്പെടേണ്ടതാകുന്നുവെന്നും ആ നാടുകളിന്മേലുള്ള പള്ളിക്കൂടത്ത അധികാരവും മഷ്ക്കുരത്വമൊക്കയും വരാപ്പുഴ പാർക്കുന്ന എന്ന വന്ദിക്കപ്പെട്ട സഹോദരനും അമാന്തെ എന്ന ദിക്കിന്റെ മെത്രാനുമായ പ്ലാസീദോസ് സവ്യർ എന്ന വികാരി അപ്പോസ്തോലിക്കായുടെയും അയാളുടെ അനന്തിരവർക്കും അടുത്തതാകുന്ന എന്നും നാം പ്രമാണിക്കുന്നു".

കീഴ്പ്പെട്ട ബൂള പ്രസിദ്ധപ്പെടുത്തപ്പെട്ടതിന്റെശേഷം കത്തോലിക്കരെന്ന പേരുധരിച്ചിരുന്നവരൊക്കയും ഒരുശോമിശിഹായുടെ വികാരിയുടെ പ്രമാണത്തെ കടമായിരിക്കുന്നവണക്കത്തോടുകൂടെ കേട്ടുകീഴ്വഴങ്ങുമെന്നും തിരുസഭയിൽ മഹാ ഘോരമായ തിന്മയാകുന്നശീശ്മയുണ്ടാക്കുവാൻ യാതൊരുത്തരും ധൈര്യപ്പെടുന്നതല്ലായെന്നും വിശ്വാസത്തിൽ സ്ഥിരമുള്ളവരെല്ലാവരും ശരണപ്പെട്ടിരുന്നു. എന്നാൽ നാം മുമ്പു എഴുതിയതിൻപണ്ണം പിശാചു ഓരോരോ ദിക്കിൽ അസ്വസ്ഥമാക്കിട്ടുണ്ടായിരുന്ന ദുഷ്ടന്മാരുവഴിയായിട്ട അറിവിൽ കുറയപ്പെട്ടവരാകുന്ന ലോകരെത്തട്ടിച്ചു ഭയങ്കരമായ ശീശ്മയിൽ ഉൾപ്പെട്ടുഴുകയും ചെയ്തു-

നമ്മുടെ ഈ നാട്ടിൽ ദൈവപ്രവൃത്തിയാൽ ഏറിയപള്ളിക്കാർ ഈ മഹാമാർപ്പാപ്പായുടെ ബൂളയുടെ അവസ്ഥ അറിഞ്ഞിട്ടു കീഴ്വഴങ്ങിമേൽപൊല്ലിയ അണ്ടിൽ ചിങ്ങമാസത്തിൽ കൊടുങ്ങല്ലൂർ രൂപതയുടെ ഗോവർണ്ണദോരായ ജൊവാൻ ദൊപ്പോർത്തോ പെരേരാത്തോ എന്ന ദേഹം കാലം ചെയ്തു. ഈ ദേഹം ശാസ്ത്രത്തിലും മര്യാദയിലും വിവേകത്തിലും സാമാന്യമുള്ളവനല്ലാഞ്ഞു. ജീവിച്ചിരിക്കുമ്പോൾതന്നെ താൻ മരിച്ചാൽ കൊടുങ്ങല്ലൂർ രൂപതയിൽ ഉൾപ്പെട്ട പള്ളികളൊക്കയും വരാപ്പുഴ വികാർഅപ്പോസ്തോലിയ്ക്കായുടെ കീഴ്വഴങ്ങുവാൻ കടമായിരിക്കുന്ന

എന്നു പള്ളികളിൽ അറിയിപ്പാൻ നിശ്ചയിച്ചിരുന്നു. ദീനം ഹേതു വായിട്ടു എഴുത്താലെ ചെയ്യാൻ കഴിഞ്ഞതില്ലാ എങ്കിലും ദീനത്തിങ്കൽ കാണ്മാൻചെന്ന വിശ്വാസികളോടും പട്ടക്കാരോടും ജനങ്ങളോടും വചനത്താൽ കല്പിക്കയും ചെയ്തു. ഇതു ഹേതുവായിട്ടത്രെ പ്രയാസം കൂടാതെ കൊടുങ്ങല്ലൂർ ശ്രുപത മുഴുവനും നമ്മുടെ വികാരി അപ്പോസ്തോലിക്കായ്ക്കു കീഴ്വഴങ്ങുകയും ചെയ്തു. കൊച്ചീ ശ്രുപതയുടെ ഗൊവർണ്ണദോരയിരുന്ന കീത്തിപ്പെട്ട നെവസ് സിംഹം പോലെ അലറിക്കൊണ്ടു എഴുത്തായെയും വചനത്താലെയും സക്കാരിൽ ബോധിപ്പിച്ചുവന്ന കള്ളഹർജികൾകൊണ്ടും ആത്മാവുകളെ ശീശ്മയിൽ നിന്നു രക്ഷിപ്പാൻ അധികം വേല ചെയ്തിരുന്ന ലുദൊവിക്കോസ് മെത്രാപ്പൊലീത്തായോടും പിന്നെമംഗലാപുരിയുടെ വികാരിഅപ്പോസ്തോലിക്കായായ ബെർണ്ണർദീനോസ് മെത്രാനോടും അവക്കു കീഴ് വഴങ്ങിവന്ന ക്രിസ്ത്യാനികളോടും കഴിഞ്ഞ ഉപദ്രവങ്ങളെ ചെയ്യാൻ വേലചെയ്തു- എന്നവരികിലും ലുദൊവിക്കോസുമെത്രാപ്പൊലീത്താ നാളാഗമപുസ്തകത്തിൽ എഴുതിവച്ചതുപോലെ വരാപ്പുഴമുസ്സത്തിലും കൊല്ലത്തുമിസ്സത്തിലും ഉൾപ്പെട്ട പണ്ടുണ്ടായിരുന്നകൊച്ചിശ്രുപതയുടെ നാലിൽ മൂന്നുപങ്ക ശീശ്മയിൽ നിന്നു തിരിപ്പിച്ചു ശ്രുതമാന മാപ്പിപ്പായുടെ കല്പനപ്രകാരം വികാരി അപ്പോസ്തോലിക്കായ്ക്കു വഴക്കുകയും ചെയ്തു. എന്നാൽ പാവപ്പെട്ട മണുവേൽ ദെസാൻ ജോക്കീം നെവസ എന്നപേരായി കൊല്ലത്തു പാർത്തിരുന്ന ശൊവർണ്ണദോരതന്റെ മരണനേരത്തു കമ്മലീത്താക്കാരിൽ ഒരുത്തനെ കാണ്മാൻ അപേക്ഷിച്ചു. അന്നു കൊല്ലത്തെ പ്രൊ: വികാരി അപ്പോസ്തോലിക്കായായിരുന്ന നമ്മുടെഭാഗ്യപ്പെട്ട ഓമ്മയുടെ ബർണ്ണർദീനോസ് മെത്രാപ്പൊലീത്തായെ വിളിപ്പാൻ മരണം പാർത്തിരുന്നവരോടു കല്പിച്ചുവെങ്കിലും അവർ വിളിക്കാഞ്ഞതിനാൽ ആ ദേഹത്തെ കാണ്മാൻ ഇടവരാതെ ആ ശ്രുഷിപ്പാൻ തക്കതല്ലാത്ത മരണത്താൽ മരിക്കയും ചെയ്തു. ഒരം വണ്ണം കായ്ങ്ങളം നടന്നവരുമ്പോൾ ഫ്രാൻസിസ്കൻ-ാം ആണ്ടിൽ മേൽചൊല്ലിയ ലുദൊവിക്കോസ് എന്നാദേഹത്തെ എവുറോപ്പ എന്ന ദിക്കിന്റെ മെത്രാനും മലയാളത്തിന്റെ വികാരിഅപ്പോസ്തോലിക്കായുടെ അനന്തിരവനുമായി നിയമിച്ചിരുന്ന ഫ്രാൻസിസ്കൻ ഗ്രെഗോരിയോസെന്ന ശ്രുതമാന മാപ്പിപ്പായുടെ തിരുവെഴുത്തുകൾ വന്നു. ആ ആണ്ടിൽത്തന്നെ വൃശ്ചികമാസം ഫ്രാൻസിസ്കൻ വരാപ്പുഴെ പള്ളിയിൽ റോസാരി എന്ന നാമധേയത്തിൽ പരിശുദ്ധദൈവമാതാവിന്റെ തിരുനാൾ കൊണ്ടാട്ടത്തോടുകൂടെ മേൽചൊല്ലിയ ദേഹം പ്രൻസീസ്കൻ സവിയർ മെത്രാപ്പൊലീത്തായുടെ കയ്യിൽനിന്നു വാഴ്വു ഏൽക്കുകയും ചെയ്തു. ഒരം ദേഹത്തിനു വന്ന ബുദ്ധിമുട്ടുകളോടുകൂടെ Quanto dolore എത്രയൊ വ്യാകുലത്താൽ" എന്നു തുടങ്ങുന്ന ശ്രുതമാർപ്പാപ്പായുടെ ശീശ്മക്കാർക്കുള്ള അറിയിപ്പു വന്നിരുന്നതിനെക്കാണ്ടു ശീശ്മയുടെ കോപം അത്രവരെ കൊല്ലുത്തുണ്ടായിരുന്നതിനെക്കാണ്ടു വാഴ്വു ഏറ്റ ദേഹം പിറവി കഴിഞ്ഞപ്പോൾ കൊല്ലത്തെക്കു

പോകയും, അതു "മൊനിത്തോരിയും" പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇതിനാൽ ഏതാണ്ടും മാസംകൊണ്ടു നേവസ്സ എന്ന ഗോവണ്ണ്മേന്റിന്റെ വിരോധങ്ങളെയും ഞെരുക്കങ്ങളെയും കൂട്ടാക്കാതെ നൂറപള്ളികളിൽ അധികം നമ്മുടെ വികാരി അപ്പൊസ്തോലിക്കായുടെ കീഴ്വഴങ്ങി ശീശ്മ ഉപേക്ഷിക്കയും ചെയ്തു. അതുകൊണ്ടു കൊട്ടാറവു പള്ളിപ്രതിക്ഷത്താൽ എന്നപോലെ വഴങ്ങിയതിനാൽ ശേഷം പള്ളികളും അതുപ്രയാസംകൂടാതെ കത്തോലിക്കാ ഒന്നിപ്പിൽ വന്നുചേരുകയും ചെയ്തു. ഇതിനിടയിൽ അറിവില്ലാത്ത ജനങ്ങളെ പകപ്പിപ്പാനും തട്ടിപ്പാനും ശീശ്മക്കാരുപ്രയോഗിച്ചു വന്ന പോംവഴികളെയും കൊല്ലത്തുമുതൽ കന്യാകുമാരിവരെയുള്ളതിൽ ചില പള്ളികളിൽ ചെയ്ത അതിക്രമങ്ങളെയും നമ്മുടെ ളൂദൊവിക്കോസു എന്ന ദേഹത്തിന്റെ അയുസ്സു ചിലപ്പോൾ ശയ്യാഗൃത്തിലായിപ്പോയപ്രകാരവും മറവും നാം ഓർപ്പിക്കുന്നില്ല. അപ്രകാരമുള്ളികളുടെ പേരും മെത്രാനായിരുന്ന ഒരു ദേഹത്തിനു വിരോധമായി ചെയ്യപ്പെട്ട ദോഷമായ അതിക്രമങ്ങൾക്കു തലവന്മാരായ ആളുകളുടെ പേരും മിണ്ടാതെ നാം കടക്കുകയും ചെയ്യുന്നു. എന്നാൽ ചില ചരിത്രകളിൽവച്ചു ഇല്ലാഴ്മയാക്കപ്പെട്ട ശ്രുതികളുടെ മെത്രാപ്പോലീത്തായും മെത്രാനും ഇതാ പോയ്തുഗാളിൽ നിന്നു വരുന്നു എന്നും മാറും ഉള്ളതു നടപ്പായിരുന്ന ഒരു ചരിത്രമാകുന്നു. ജനങ്ങളെ ശിശ്മയിൽ ഉറപ്പിക്കുന്നതിനു ഇപ്രകാരമുള്ള വർത്തമാനങ്ങളെ നടത്തിവരുന്നതാകയാൽ അതായതു ക്രിസ്തുവർഷം൧൭൬൫മാണ്ടിൽ മേടമാസം ൧൦-൹- റോമായിൽ നിന്നു യാതൃയാക്കപ്പെട്ട ബുള്ളയാൽ നമ്മുടെ പ്രാൻസിസ്കൊസവിയർ എന്ന അമാത്തൂസുടെ മെത്രാൻ സർട്ടിയായുടെ മെത്രാപ്പോലീത്തായായിട്ടു നിയമിക്കപ്പെട്ടു. ഇതിനാൽ ശീശ്മയുടെ തലവന്മാർക്കുണ്ടായ ദുഃഖവും ഇടിവും ഇന്ന പ്രകാരമെന്നു പറഞ്ഞൊപ്പിപ്പാൻ വഹിയാ.

ഒരു കാലംതുടങ്ങി നമ്മുടെ കാലംവരെ കമ്മലീത്താ വികാരിഅപ്പൊസ്തോലിക്കാമാരും മിസ്സ്യോനാരിമാരും മംഗലൂർ മിസ്സ്യോനിലും കൊല്ലത്തു മിഷനിലും പള്ളികളുടെയും ക്രിസ്ത്യാനികളുടെയും ഗുണത്തിനായിട്ടു ചെയ്തതെല്ലാം വിവരിക്കുന്നതു നമുക്കു ചിതമല്ലാത്തതൊന്നു പ്രയാസമുള്ളകാര്യം ആയിരിക്കയും ചെയ്യുന്നു. മംഗലപുരിയിൽ അതുവരെ കിട്ടുവാൻ കഴിഞ്ഞിരുന്നില്ലാ എന്ന നാട്ടുകാരായിരിക്കുന്ന പട്ടക്കാരുടെ സെമ്മനാരി, മെത്രാന്റെ ഇരിപ്പിടമാകുന്ന അരമന മുതലായതു ഉണ്ടായെന്നും ദോഷമുള്ളതൊക്കെക്കും അവിടത്തുകാരുതന്നെ സാക്ഷിക്കാരാകട്ടെ. കൊല്ലത്തു മിസ്സന്തിലും വെള്ളിക്കാസാ വെടിപ്പുള്ള കുബ്ബാനകപ്പുയങ്ങളും മുതലായ പള്ളിക്കുത്തകോപ്പുകളും കിട്ടാത്ത പള്ളികളാകിട്ടിയതൊ അധികം? ഒരുവണ്ണംനമ്മുടെ ഒരു ദേശങ്ങളിൽ വിരോധങ്ങളും ഞെരുക്കങ്ങളും പ്രത്യേകംകൊല്ലത്തുമിസന്തിൽ ഉണ്ടായി എങ്കിലും മറവു ദേശങ്ങളിൽ അന്നും പിന്നത്തെ കാലങ്ങളിലും സംഭവിച്ചതു

നോക്കുമ്പോൾ ഇവിടങ്ങളിൽ അത്ര കുറവായത്. അതെന്തു നമ്മുടെ മാർ തോമ്മാശ്ലീഹായുടെ സ്രാണികൾ എല്ലാവരും ശ്ലൈ; മാപ്പിളയുടെ പ്രമാണം പോലെ നമ്മുടെ വികാരി അപ്പോസ്തോലിയ ക്കാരു കീഴ് വഴങ്ങിയതു കൊണ്ടു, ലത്തീൻ പള്ളികളും ഇപ്പോൾ വരാപ്പുഴമിസ്സത്തിലും പ്പെട്ടതൊല്ലാം കീഴ്പെട്ടു എന്നു പറയാം.

എന്നാൽ ക്രമത്തിനു വിരോധമാണ്ടിൽ യൌസേപ്പു ടെസീൽവ തൊറസ എന്നു നാമധേയം ഗോവമെത്രാപ്പോലീത്തായായിട്ടു വരികയിൽ ശുദ്ധ. മാപ്പിളയോടു ചെയ്തിരുന്ന പറഞ്ഞൊപ്പുകളും മേലുവായിട്ടു ശീശ്മ തീരുമെന്നു വിചാരിച്ചിരുന്നു. എന്നാൽ ദുർദ്ദൈവത്തെ അകുന്നു സംഭവിച്ചതു; വികാരി അപ്പൊസ്തോലിക്കാരുടെ കീഴിൽ അടക്കപ്പെട്ട ദിക്കുകളിൽ അയാൾക്കു ഇല്ലാത്ത മഷ്ക്കരത്വം കാണിക്കുകയും വിരോധമായിട്ടു പ്രയോഗിച്ചതിനാൽ ക്രമത്തെ ശ്രീഗോവിയെസെന്നു ശുദ്ധ. മാപ്പിളയും ക്രമത്തിൽ മീനമാസം ക്രമം ഒരു മൊന്നിത്തൊരിയും എന്നു പറയുന്ന കുറവുപ്പായിട്ടുള്ള തിരുവെഴുത്തു മെത്രാപ്പോലീത്തായ്ക്കു കൊടുത്തയച്ചു. എന്നാൽ അതിനാൽ ഫലം കാണാതെ ശുദ്ധ. മാപ്പിളയും കാലം ചെയ്കയും ചെയ്തു. ഇപ്പോൾ തിരുസ്സഭയിൽ പോകുന്നതിന്റെ വിസ്മയത്തോടുകൂടെ വാഴുന്ന ൻ—ാമത്തെ പീയുസെന്നു ശുദ്ധ. മാപ്പിളയും ക്രമത്തിൽ മിഥുനമാസം ക്രമം—ന— ഗോവമെത്രാപ്പോലീത്തായ്ക്കു രണ്ടാമതൊരു ഒരു മൊന്നിത്തൊരിയും അയക്കുകയും ചെയ്തു. എന്നാൽ ദിനം അധികം വൈകാതിരിപ്പാൻ വേണ്ടി യൂറോപ്പിലേക്കു വിളിപ്പിക്കയും ചെയ്തു. മെത്രാപ്പോലീത്താ ലിസിബൊവിയിൽ ചെന്നാറെ ക്രമം ാമാണ്ടിൽ വൃശ്ചികമാസം വ്യാകു— ശുദ്ധ. മാപ്പിളയുടെ എഴുതിയ എഴുന്നിറ് ഇന്ത്യായിൽ ചെയ്ത കുറവുകളെ അനുസരിച്ചു പൊരുതി അപേക്ഷിക്കയും ചെയ്തു.

ഉടവുള്ളതും ഗോവമെത്രാപ്പോലീത്താ അവസാനിച്ച ഉടനെയും ശീശ്മയും അവസാനിക്കേണ്ടിയിരുന്നു. അതെന്തുകൊണ്ടെന്നാൽ ഗോവമെത്രാപ്പോലീത്താ ശുദ്ധമാന മാപ്പിളമാരുടെ ബുദ്ധികൾക്കു കല്പനകൾക്കും കീഴ്പെടുകയുണ്ടായതുകൊണ്ടു യൂറോപ്പിലേക്കു വിളിക്കപ്പെടുന്നതും അയാൾ ചെയ്ത കുറവുകൾ അനുസരിക്കുന്നതും ശുദ്ധ. മാപ്പിളയോടു പൊരുതി അപേക്ഷിപ്പാൻ എഴുത്തെഴുതി അയച്ചതും ശു. മാപ്പിള ഇന്ത്യായിൽ നടത്തുവാൻ നിശ്ചയിച്ച കല്പനകളെ നടത്തുന്നതിനു പൊർത്തുഗാൽ ശവമേൻറ സഹായിക്കുന്നതും ഇവയെല്ലാം ശീശ്മക്കു വിരോധമായിട്ടുള്ളതും ഉറപ്പുള്ളതുമായ ന്യായങ്ങൾ അകുന്നു. എന്നു വരികിലും ശീശ്മപ്പട്ടക്കാർ ലോകരെ ചതിപ്പാൻ അന്യരെ പെരുമാറിവന്ന ന്യായങ്ങൾ മേൽചൊല്ലിയ സംഗതിയുടെ ശേഷം കൊള്ളുകയില്ലെന്നു കണ്ടു ബൊംബായ്, മദ്രാസു മുതലായ ഇടങ്ങളിലും തിരുസ്സഭയുടെകാര്യങ്ങൾ

ക്കു ഏറ്റവും വിവരീതമായ ഭോഷത്വങ്ങളെയും അറിവില്ലായ്കകളെയും പറഞ്ഞ അവരാൽ കഴിഞ്ഞ കുറവുകളെ ഉണ്ടാക്കുവാൻ വേവലാതിപ്പെട്ടു. തൊട്ടടുത്ത മെത്രാപ്പോലീത്താ വിണ്ടും പിതാവിയുടെയും മറു മെത്രാന്മാരും ഇതാവരുന്നു എന്നും പറഞ്ഞു ഏറിയ നാളത്തേക്കു ചെറിയൊരു ദിക്കുവാസികളെ തട്ടിച്ചു വന്നിരുന്നു. എന്നാൽ മെത്രാപ്പോലീത്തായും മെത്രാന്മാരും കാണപ്പെടാതെയിരുന്നതു നാൽ ജനങ്ങടെ മനം മടുത്തു വന്നിരുന്നതിനെക്കണ്ടാറെ മക്കാവിലെ മെത്രാനെ വരുത്തുവാൻ പ്രയാസപ്പെട്ടു. കടശി ആ മെത്രാൻ ശൈമ്മൂനീ ദീപിലെത്തി എല്ലാകാര്യങ്ങളും നാകരംക്ക വിരോധമായിട്ടു മുമ്പിലത്തെ ഒപ്പുത്തുമാ കൊടുക്കയും മെത്രാന്മാക്കുണ്ടായ മറു ചില കാര്യങ്ങളെ കഴിക്കയും ചെയ്തു. അവിടെ നിന്നും ബോംബായിലേക്കു പോയി അവിടെ മുമ്പിലത്തെ ഒപ്പുത്തുമായും പട്ടവും കൊടുക്കയും ചെയ്തു. ഒരു മെത്രാൻ ശൈലത്തുപോയ വർത്തമാനം ശ്ലൂ. സിംഹാസനത്തിങ്കൽ കേൾക്കപ്പെട്ട ഉടനെ ൯-ാമത്തെ പീയൂസെന്നാ ശ്ലൂ. മാപ്പാപ്പാ ക്രൂശിനു—മോണിൽ മിനമാസം ക്രം—ാണ്ടു മക്കാവിലെ മെത്രാനെ കുറ്റപ്പാടായിട്ടുള്ള മോസീഞ്ഞോറിയും അയച്ചു. മാറുദേശങ്ങളിലും, ഗോവയിലും മൈയ്യത്തും റോമായിൽ അറിയപ്പെട്ടപ്പോൾ ശ്ലൂ. മാപ്പാപ്പാ മേൽപ്പറഞ്ഞ ആണ്ടിൽ തന്നെ ഇടവമാസം ൯-ാണ്ടു-ാമതെ ഒരു മൊനിത്രോരിയും അയച്ചതെന്തെന്നാൽ ആ ദിവസത്തിൽ തന്നെ Probe nostis എന്നു തിരുവെഴുത്തു ഒപ്പിടുകയും ചെയ്തു. ആ തിരുവെഴുത്താൽ ഇന്ത്യാക്രിസ്ത്യാനികളുടെ ഗുണദോഷത്തിന്നായിട്ടു ശ്ലൂ. സിംഹാസനത്തിൽ നിന്നു ചെയ്യപ്പെട്ടവകകളെ ഒപ്പിച്ചതിന്റെ ശേഷം മേൽ ചൊല്ലിയമെത്രാന്റെ പ്രവൃത്തികളുടെ കൊള്ളരുതായ്മയെ കാട്ടുകയും ആ മെത്രാനു ഏറ്റവും സഹായം ചെയ്തതിനു നാലുപട്ടക്കാരെ നാമം തിരിച്ചു വലിയ ചെൻസൂരകളുടെ കീഴായിട്ടു കുറ്റപ്പെടുത്തുകയും ഗുണദോഷിക്കയും ചെയ്തതിന്റെ ശേഷം വിശ്വാസികളുടെ കയ്യോടും ഒരു ശോമിശിഹായുടെ വികാരി ഗുണദോഷിച്ചു കല്പിക്കുന്നതായ്തു.

കടശി നമ്മുടെ പ്രിയപ്പെട്ട മക്കളും ഒരു ശോമിശിഹായുടെ വിശ്വാസികളുമായ നിങ്ങളോടു ഞാൻ പറയുന്നു. നിങ്ങളുടെ മേൽ വാഴുന്ന എന്നാ ഇടയന്മാരിൽ നിന്നും ഇതിനാൽ നമ്മുടെ ഒരുമ്പാട്ടിൽ നിന്നും നിങ്ങളെ വേർതിരിപ്പാൻ പ്രയാസപ്പെടുന്നവരിൽ നിന്നു ജാഗ്രതയോടു കൂടെ ഒഴിവാനും അതിനു പുറത്തായതൊരു രക്ഷയുണ്ടാകുവാൻ അസാദ്ധ്യമാകുന്നുവെന്നു ഒനിപ്പിൽ നിന്നു വേറു തിരിക്കപ്പെടുവാൻ സമ്മതിക്കരുതെന്നും എത്രയും വലിയസ്നേഹത്തോടു കൂടെ അറിയിക്കയും ഗുണദോഷിക്കയും ചെയ്യുന്നു. ചെമ്മരിയാടുകളുടെ രോഷം ധരിച്ചുകൊണ്ടു നിങ്ങളുടെപക്കൽ വരുന്ന എന്നാൽ ഉള്ളിൽ കുറിക്കുന്നവനാകുന്നു. അവനാവരിൽ നിന്നു സൂക്ഷിപ്പിൻ; നമ്മുടെയും ശ്ലീഹായുടെയും സിംഹാസനത്തിന്റെയും വികാരി അപ്പസ്തോലിക്കാന്മാരു നിയമിക്കപ്പെട്ടു എ

ന നാടുകളിൽ ഗോവക്കാർക്കും നിങ്ങളെ കലക്കുന്ന മറവ പട്ടക്കാർക്കും യാതൊരു അധികാരവും മുഷ്കുരവവും അംശം പ്രവർത്തിക്കുന്നതിന്ന യാതൊരു അനുവാദവും ഇല്ലെന്നും ആ രാജ്യങ്ങളിൽ മേൽപ്പട്ടക്കാരിൽ നിന്ന വേർ തിരിയപ്പെട്ടവരായ് നിൽക്കുന്നവരെ നിങ്ങളുടെ ആത്മാവുകളുടെ ശുശ്രൂഷിന്നായിട്ടു മാത്രം അവരോടു നിങ്ങൾ മേലുമെന്നും വിനയം നിങ്ങളോടുണ്ടാം അറിയിക്കുമെന്നും (Appendix 129) ശ്ലൂ. മാപ്പിപ്പായുടെ ൦൦൦ തിരുവെഴുത്തുകളുടെ ശേഷവും, ഗോവ മെത്രാപ്പോലീത്തായും മക്കാവുമെത്രാനും യൂറോപ്പിലേക്ക വിളിക്കപ്പെട്ടതിന്റെ ശേഷവും, "മുകത്തപ്രൈക്കുളാരെ" അതായ്തു ശ്രുപതകളെ നീക്കി അതുവു വികാരി അപ്പസ്തോലിക്കുന്മാരുടെ കീഴിൽ ആക്കി എന്ന തിരുവെഴുത്തു ശ്ലൂ. മാപ്പിപ്പായുടേതല്ലാ എന്ന ശീശ്മക്കാർ പറഞ്ഞുകൊണ്ടുവന്ന ന്യായം ഫലിക്കയില്ലാ എന്ന കണ്ടു പുന്നായ്ട്ടു വേറൊരു ന്യായം പറഞ്ഞു നടന്നു; അതുയ്തു കത്തോലിക്കാക്കാരു എന്ന പേരു ധരിക്കുന്ന ആളുകളും പറവാൻ വശ്യമുണ്ടാകുന്നതല്ലാതെ എന്ന തീർക്കയില്ല. അതാകുന്നതെന്തെന്നാൽ ശ്ലൂ. മാപ്പിപ്പാന്മാരു പോർത്തുഗാം രാജാക്കന്മാക്ക കൊടുത്ത പദ്രോവാടൊ അ രാജാക്കന്മാരുടെ അനുവാദവും സമ്മതവും ക്രൂടാതെ എടുത്തുകൂടാഎന്നും എടുത്താൽ വാസ്തവമാകയില്ലാ എന്നും പറയുന്നു, അതെന്തെന്നാ—൩മത്തെ ശ്രീഗോറിയാസെന്ന ശ്ലൂ. മാപ്പിപ്പായും ൪—൩മത്തെ സിസ്തൊസെന്ന ശ്ലൂ. മാപ്പിപ്പായും അവരുടെ തിരുവെഴുത്തുകളിൽ ൦രംവണ്ണം കല്പിച്ചിരിക്കുന്നു" നാം മുൻപെ പറഞ്ഞിരിക്കുന്നതുപോലെ കത്തോലിക്കാവിശ്വാസക്കാരൻ ഇങ്ങനെയുള്ള ന്യായത്തെ കേട്ടാൽ വെറുപ്പോടുകൂടെ തള്ളിക്കളകയും അങ്ങനത്തെ ശ്ലൂ. മാർപ്പിപ്പാമാരൊക്കയും ശരിയിട്ട ൦രം ശാപമിശിഹായുടെ വികാരിമാരാകകൊണ്ടും അവരുടെ എല്ലാവരുടെ അധികാരവും മുഷ്കുരത്വവും ശരിയായ്ട്ടുള്ളതാകകൊണ്ടും ൦രം കാലത്തിൽ ഗുണമായിരിക്കുന്നതിനെ ശ്ലൂ. മാർപ്പിപ്പാ കല്പിക്കുന്നതുപോലെ ഉണ്ടാകുന്ന പല പകച്ചുകം മേന്മയായിട്ടു മറ്റു ഗുണമായിരുന്നതു ഗുണക്കേടായിട്ടു തീർന്ന എന്ന വന്നാൽ പിന്നത്തെ ശ്ലൂ. മാർപ്പിപ്പാ അതിനെ നീക്കുന്നതിന്ന പൂർണ്ണാധികാരം ഉള്ളവനാകുന്നു എന്ന കത്തോലിക്കാക്കാരെ അറിഞ്ഞു വിശ്വസിക്കുന്നു. (ടി സത്യവേദ ചരിത്രം ഫ്രഞ്ചുപുറം)

മേൽവിവരിച്ച പ്രകാരം പല തിരുവെഴുത്തുകളാലും ഇൻഡ്യയിൽ പോർട്ടുഗീസ് രാജാവിന്നുണ്ടായ ആ പള്ളികൂടുത്ത പതുവാദസ്ഥാനം മർപ്പിപ്പാമാർ നിങ്ങൽ ചെയ്തിരുന്നുവെങ്കിലും, പോർട്ടുഗീസുമിഷ്യനിമാരുടെയും ടി. ഗവർമ്മെണ്ടിന്റെയും അനുസരണക്കേടും നിർബന്ധവും നിമിത്തം സമാധാനത്തിന്ന വേണ്ടി, ൧൭൫൨ ജനുവരി ൨൯-ാം തീയ്യതി ഫ്രഞ്ചുകാർ പോർട്ടുഗൽ രാജാവുമായി ഒരു "കൊൺകൊർദാത്ത" ചെയ്തിട്ടുണ്ടായിരുന്നു. അതിൽ ഇൻഡ്യയിൽ അനുണ്ടായിരുന്ന ൦൦൦

തിനു പോർട്ടുഗീസ് ഗവർമ്മെണ്ടിനു സ്വാതന്ത്ര്യം കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ ടി. ഗവർമ്മെണ്ടിന്റെ നിവൃത്തിയില്ലായ്കയാലും മറ്റും ആ ഉടമ്പടിയും നിറവേറ്റപ്പെടാതെ വീണ്ടും മൻസ്ഥിതിയിൽ തന്നെ ഗോവ മെത്രാപ്പോലീത്തായുടെ അനുദ്ധാരണ അധികാരത്താൽ കൊടുങ്ങല്ലൂർ, കൊച്ചി, മൈലാപ്പൂർ മുതലായ മിസ്സങ്ങളും മറ്റുള്ള അവസാനം കൊൾക്കൊർദാന്തുവരെ തിരിക്കപ്പെട്ടു വരികയും ചെയ്തു. ഒരു കൊൾക്കൊർദാത്തിലെ താല്പര്യം അനുസരിച്ചു മലയാളത്തിലെ സുറിയാനിക്കാർ മുഴുവനും പോർട്ടുഗീസ് അധികാരത്തിൽ നിന്നും വിടുവിക്കപ്പെടുകയും കൊച്ചി, മൈലാപ്പൂർ എന്ന രൂപതകൾക്കു പുറമെ "ഭദ്രമാൻ" എന്ന ഒരു പുതിയ രൂപത സ്ഥാപിക്കപ്പെടുകയും അവിടത്തെ മെത്രാനു കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്താ എന്ന നാമധേയം കൂടി ബഹുമാനത്തിനുമാത്രം ചേർക്കപ്പെടുകയും അപ്രകാരം തന്നെ ഗോവമെത്രാപ്പോലീത്തായ്ക്കു ഇൻഡ്യയുടെ പാത്രിയാർക്കീസ് എന്ന നാമധേയം നൽകപ്പെടുകയും ഇങ്ങനെ ഇൻഡ്യയിൽ ഇപ്പോൾ നാലു പോർട്ടുഗീസ് മെത്രാന്മാർ ഉണ്ടാകയും പ്രൊപ്പഗാന്തയുടെ കീഴായി മൈസൂർ മെത്രാപ്പോലീത്താമാരും വടക്കൽ പല മെത്രാന്മാരും ആയി മുപ്പതോളം രൂപതകൾ നിശ്ചയിക്കപ്പെട്ട ഇൻഡ്യൻ "ജെരാർക്കി" സ്ഥാപിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

എന്നാൽ പോർട്ടുഗീസ് രാജ്യഭരണമില്ലാത്ത ദേശങ്ങളിൽ പള്ളിക്കുടുത്ത പതുവാദസ്ഥാനം പോർട്ടുഗൽ രാജാവിനു നൽകപ്പെട്ടിരിക്കുന്നതിനാൽ പല കുഴപ്പങ്ങളും തർക്കങ്ങളും ഇപ്പഴുമുണ്ടായിവരുന്നുണ്ടു. ഉവുൻ ഡിസംബർ ഉന്നാം- "മദ്രാസു കത്തോലിക്കു യൂനിയന്റെ" പേർക്കു അതിന്റെ പ്രസിഡൻറായിരുന്ന ജി ററി. മെക്കൻസി അവർകൾ മുതൽപേർ പ്രവാശം ദയോൻ പാപ്പായ്ക്കു ഇംഗ്ലീഷിൽ അയച്ചിട്ടുള്ള ദീർഘവർജിയിൽ പതുവാദനിമിത്തം ശേഷം മിസ്സങ്ങൾക്കു നേരിട്ടുന്ന നാശങ്ങളേയും മറ്റും വിസ്താരമായി കാണിച്ചിട്ടുണ്ടു. മുഴുത്താളിൽ പതിക്ഷങ്ങളിലായി പല ലക്കങ്ങളെ ചേർത്തിട്ടുള്ള ടി. വർജിയുടെ അവസാനം രണ്ടു ലക്കങ്ങൾ വായനക്കാരുടെ അറിവിനായി ഇവിടെ തർജ്ജിമപ്പെടുത്തി ചേർക്കുന്നു.

(പന്ത്രണ്ടു) പരിശുദ്ധപിതാവേ! പതുവാദ ഭരണത്തിൽ നിന്നുളവാകുന്ന പല ദോഷങ്ങളുടെയും ഇൻഡ്യയിൽ ഞങ്ങളെ പുററിയിരിക്കുന്ന പ്രയാസങ്ങളുടെയും അപകടങ്ങളുടെയും ഒരു പുരുങ്ങിയ വിവരണം ഇപ്രകാരം ആകുന്നു. മറുള്ള ദോഷങ്ങളെ ബ്രിട്ടാനിയാ മഹാരാജ്ഞിയുടെ ഗവർമ്മെണ്ടിലേക്കു ഞങ്ങൾ അയച്ച വർജിയിൽ വിവരിച്ചിട്ടുണ്ടു. കത്തോലിക്കരുടേയും പ്രൊട്ടസ്റ്റാൻറുകാരുടേയും ഐക്യാനികളുടെയും കണ്ണുകളിൽ ശുദ്ധ. സിംഹാസനവും മെത്രാനടുത്ത ഉദ്യോഗ

വും പോർട്ടുഗാലിന്റെ പതിവാദമാൽ ഇടിക്കപ്പെട്ടിരിക്കുന്നു. ശ്ലൈഹസിംഹാസനത്തിൽനിന്നും പുറപ്പെടുന്ന പ്രമാണങ്ങൾക്കു പോർട്ടുഗാൽ രാജസമ്മതം വേണമെന്നുള്ള അപേക്ഷയാൽ ബ്രിട്ടീഷ് പ്രജകളുടെമേൽ വരുത്തിയ ഉപദ്രവത്തെ ഓർപ്പിച്ചു ഞങ്ങളുടെ ഗവർമേണ്ടിനെ ഞങ്ങൾ ബോധിപ്പിച്ചിട്ടുണ്ടു. മിഷ്യനറി അഭ്യാസം, കത്തോലിക്കാ വിദ്യാഭ്യാസം, ഉപദേശസ്ഥാപനങ്ങൾ എന്നിവയിന്മേൽ പതിവാദയിലുണ്ടായിട്ടുള്ള ദോഷകരമായ ഫലത്തെ അതിൽ ഞങ്ങൾ മൂണ്ടികാണിച്ചിട്ടുണ്ടു. ദോഷകരമായ മേൽ ഫലങ്ങളിൽവച്ചു ഇവിടെ ചേർക്കേണ്ടതായി ഞങ്ങൾക്കു ശേഷിച്ചിട്ടുള്ളതു. തങ്ങളുടെ ആയുസ്സിന്റെ വലിയഭാഗം നിലവഴിക്കുന്ന ഈ രാജ്യത്തെ പള്ളിയിൽ കുറെ എല്ലാം അകന്നിരിക്കുന്നവരായും ഇൻഡ്യയിൽ അധികാരബലമുള്ളവരായും താമസിക്കുന്ന ചില ഇംഗ്ലീഷ് കത്തോലിക്കരെ അറിയിച്ചുകൊൾക. ഇതു, യോജിച്ചിരിക്കേണ്ടതായ പള്ളി പോർട്ടുഗൽ നിമിത്തം വിഭാഗിക്കപ്പെട്ടതും താഴ്ത്തപ്പെട്ടതും ഇരിക്കുന്ന ഏക കാരണത്തിന്മേൽ മാത്രമാകുന്നു. ഇതു നിമിത്തം പ്രയോജനകരമായ സഹായവും അനുകമ്പയും മിസ്സങ്ങൾക്കു ലഭിക്കാവുന്നവരിൽനിന്നു എല്ലാപ്പോഴും ആയതു കിട്ടാതെയും വരുന്നു. ഇരു മിസ്സങ്ങൾക്കുതന്നെ ഉണ്ടായിരിക്കുന്ന മറെറാരു ദോഷകരമായ ഫലം എന്തെന്നാൽ: പതിവാദനിമിത്തം അവരുടെ വർദ്ധനവിനെ ഭാഗപ്പെട്ടതിൽ തടയുകകൊണ്ടു എല്ലാപ്രകാരത്തിലും പോർട്ടുഗീസു ആധീനത്തിൽനിന്നു ഒഴിഞ്ഞിരിക്കുന്ന മിസ്സങ്ങൾക്കു യൂറോപ്പിലെ നിശ്വാസികൾ ചെയ്യുവാൻ ഏറിയശ്രമം ഒരുങ്ങിയിരിക്കുന്ന അതു സഹായങ്ങൾ ലഭിപ്പാൻ പ്രയാസമായും വരുന്നു.

(൨൭) ഇതു എളിയ അപേക്ഷയെ അവസാനിപ്പിച്ചുകൊണ്ടു ശുദ്ധ സിംഹാസനത്തോടു 'മദ്രാസു കത്തോലിക്ക യൂനിയൻ' ഉണ്ടായിരിക്കുന്ന കീഴ്വഴക്കത്തിൻപ്രകാരവും ഭക്തിയുടെയും മനോവികാരങ്ങളെ പ്രത്യുപചരിയുന്നു. പോർട്ടുഗീസു പതിവാദയെ നിഷ്കാസനപ്പെടുന്നതും "കൂട്ടുകൂടാതെ ഞങ്ങൾ സ്വാതന്ത്ര്യത്തിലായി" Laqués contritus est et nos liberáti sumus എന്ന ഇൻഡ്യയിലെ കത്തോലിക്കർക്കു പറവാൻ ഇടകൂടുന്നതും ആയ ആ ദിവസത്തെ ഞങ്ങൾ അഗ്രഹിച്ചുപാർത്തുകൊണ്ടും കടശിയായി പരിശുദ്ധപിതാവിന്റെ ആശീർവാദം എളിമയോടെ അപേക്ഷിച്ചുകൊണ്ടും ഞങ്ങൾ വിരമിക്കുന്നു. Appendix 130

മദ്രാസ് കത്തോലിക്ക് യൂനിയന്റെ ഒരു ഹർജിയോടുകൂടി തെക്കെ ഇൻഡ്യായുടെ പല ഭാഗങ്ങളിൽ നിന്നും മൻ വികാരിഅപ്പോസ്തോലിക്കാമാരുടെ കീഴിൽ നിന്നു ജനങ്ങൾ പതിവാദയ്ക്കു വിരോധമായി റോമിലേക്കു അയച്ചിട്ടുള്ള ഏഴു ഹർജികളും ഫ്രഞ്ചുഭാഷയിൽ പതിവാദ നിർത്തൽ ചെയ്തതും അതിനു വിരോധമായി നടന്ന സംഗതികളെക്കുറിച്ചും മ

റവും മാപ്പിപ്പാമാർ അയച്ചിട്ടുള്ളതുമായ എട്ടു തിരു എഴുത്തുകളും ഇംഗ്ലീഷ് ഭാഷാന്തരംചെയ്ത് അനുബന്ധങ്ങളായി ചേർത്തിട്ടുണ്ട്. മുഴുത്താൾ വലിപ്പമുള്ള ഈ പുസ്തകത്തിനു ആകെ നൂറു-പുറങ്ങൾ ഉണ്ട്.

പതിവാദ സംബന്ധിച്ചുള്ള ഈ വിവരങ്ങളെ ഉപേക്ഷിച്ചിട്ട് നാം ഇടയിൽ വിട്ടിരിക്കുന്ന നമ്മുടെ വാദസംഗതിയിലേക്കു പിന്തിരിയുന്നു:

ഏഴ്-ാം പ്രകരണം.
മെഡ്ലിക്കോട്ട മെത്രാന്റെയും ഒലിവെയിരാ മെത്രാന്റെയും പരസ്പര വാദാനുമാനങ്ങൾ.

"രണ്ടു പള്ളികൾ ദണ്ഡവിമോചനങ്ങൾ അനുവദിക്കപ്പെടേണ്ടവയാണെന്നു ശ്ലൂഹ: ഫ്രാൻസീസ് ശവ്വരിയാർ അപേക്ഷിച്ചിട്ടുള്ളവയിൽ ഒന്നു സിരിയൻ പള്ളി ആയിരുന്നു എന്നും, അതു വാസ്തവത്തിൽ സന്ന്യാസിയായ കപ്പൂച്ചിൻ പാദ്രി വിൻസെന്റ് ദെ ഗാഗാസ് മിഷനറിയുടെ മേൽവിചാരത്തിൽ ആയിരുന്നില്ലെങ്കിൽ സ്വാധീനത്തിലെങ്കിലും ഉൾപ്പെട്ടിരുന്നു എന്നും, താങ്കൾ സമ്മതിക്കയാണല്ലൊ ചെയ്തിരിക്കുന്നതു." എന്നു ഒലിവെയിരാ മെത്രാൻ മെഡ്ലിക്കോട്ട മെത്രാനോടു ചോദിച്ചിരിക്കുന്നു. എന്നാൽ മെഡ്വിക്കോട്ട മെത്രാൻ തന്റെ ലേഖനത്തിൽ, "എന്നാൽ കൊട്ടങ്ങല്ലൂരിപുണ്ണായിരുന്ന ഈ പള്ളി പോർത്തുഗീസ് അധികാരത്തിൽ നിലവിന്നിരുന്നു. എങ്ങിനേയും എന്തുകൊണ്ടും അയിരുന്ന ഈ അപേക്ഷ റോമായ്ക്കയക്കപ്പെട്ടതെന്ന് ഇതെല്ലാം കൊണ്ടും സ്പഷ്ടമാകുന്നുണ്ട്. യാക്കോവു മെത്രാൻ ഫ്രാൻസീസു സഭക്കാരൊന്നിച്ചു കൊച്ചിയിൽ താമസിക്കയായിരുന്നു എന്നും അതിനാൽ അദ്ദേഹം, തന്നൊത്തന്നെ തിരുസ്സഭയുടെ തൊഴുത്തിൽ ഭരമേല്പിച്ചതു ക്രാതെ, തന്റെ ശ്രുപതയേയും കത്തോലിക്കാ ഉപദേശം സ്വീകരിക്കുന്നതിനു തുറന്നുവിട്ടിരുന്നു എന്നു പ്രസിദ്ധമാണു. പ്രത്യേകം ഒരു പള്ളി, കൊട്ടങ്ങല്ലൂരിലേതു, പ്രത്യക്ഷത്തിൽ കത്തോലിക്കാ അധിപത്യത്തിൽ തന്നെ ആയിരുന്നു" എന്നാണു എഴുതീട്ടുള്ളതു. മെഡ്ലിക്കോട്ട മെത്രാനും കൊച്ചി ശ്രുപതയുടെ ഒലിവെയിരാ മെത്രാനും ഇരുവരും ലത്തീൻ മെത്രാന്മാരാണു. ഇവർ ഇരുവരുടെയും തക്കം, ഉദിയമ്പേരൂർ സൂനഹദോസ് വരെയും, അതായതു, പോർത്തുഗീസ്സുകാരുടെ ആഗമനകാലം മുതൽ ഉദിയമ്പേരൂർ സൂനഹദോസ് കൂടിയ കാലം—വരെയും തോമാനസ്രാണികൾ നെസ്തോറിയൻകാരായിരുന്നൊ, എന്നുള്ളതല്ലെന്നു വളരെ വ്യക്തമായിരിക്കുന്നു. എന്തെന്നാൽ പോർത്തുഗീസ്സുകാരുടെ ആഗമനകാ

ലം മുതൽ തോമാനസ്രാണികളുടെ മെത്രാനായിരുന്ന യാക്കോവു അബൂനാമെത്രാനെക്കുറിച്ചു ശവരിയാരു പുന്യവാളൻ പോർത്തുഗൽ രാജാവിനു പ്രശംസിച്ചു എഴുതീട്ടുള്ളതുകൊണ്ടും, കൊടുങ്ങല്ലൂരിലെ സുറിയാനിക്കാരുടെ ഇടവകപ്പള്ളിയ്ക്കു ഭോഷപ്പൊവുരി വാങ്ങിക്കൊടുപ്പാനായി ശ്രീ ശവരിയാരു പുന്യവാളൻ ഇഗ്നാസിയോസ് പുന്യവാളനു എഴുതീട്ടുള്ളതുകൊണ്ടും, യാക്കോവു അബൂനാ എന്ന മെത്രാനും കൊടുങ്ങല്ലൂരിലെ സുറിയാനിക്കാരുടെ പള്ളിയും ജനങ്ങളും കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നതായി മെഡ്‌ലിക്കോട്ടു മെത്രാൻ സമ്മതിച്ചിട്ടുള്ളതുകൊണ്ടും ഇവരുടെ വാദം ഇതല്ലെന്നു വെളിവാകുവാ. എന്നാൽ പൊതുവായ കീഴടക്കം--അതായതു കത്തോലിക്കാ ഐക്യതയിലുള്ള ചേർച്ച-ഉണ്ടായിരുന്നില്ലെന്നു മെഡ്‌ലിക്കോട്ടു മെത്രാൻ വാദിക്കുന്നുണ്ടു. എങ്കിലും തന്റെ വാദത്തിനു താൻ തന്നെ വിരുദ്ധമായി എഴുതീട്ടുണ്ടു. യാക്കോവു അബൂനാ മെത്രാൻ തോമാനസ്രാണികളെല്ലാവരുടേയും പൊതുവായ മെത്രാനായിരുന്നു. ഒരു ജനത്തെ മുഴുവനും ഭരിക്കുന്ന അതിമേലദ്ധ്യക്ഷനായ പാത്രിയർക്കീസൊ, കീഴ്മേലദ്ധ്യക്ഷനായ മെത്രാനൊ ഇടത്തുട്ടുകാരാകുന്നു എങ്കിൽ അവരുടെ കീഴുള്ള ജനമെല്ലാം മേലദ്ധ്യക്ഷനെപോലെ ഇടത്തുട്ടുകാരാകുന്നു എന്നാണല്ലൊ മെഡ്‌ലിക്കോട്ടു മെത്രാന്റെയും മറവു വന്തീൻകാരുടേയും വാദം. ഈ അനുമാനത്തിനെ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ യാക്കൊവു അബൂനായും തോമാനസ്രാണികളും ഇടത്തുട്ടുകാരല്ലായിരുന്നു എന്നു തെളിയുന്നു. എന്തെന്നാൽ മെഡ്‌ലിക്കോട്ടു മെത്രാൻ യാക്കൊവു അബൂനായെപ്പറ്റി "യാക്കോവു അബൂനാമെത്രാൻ പ്രംസീസ്ക സഭക്കാരുടെക്രൂടെ കൊച്ചിയിൽ താമസിക്കയായിരുന്നുയെന്നും, അതിനാൽ അദ്ദേഹം തന്നെത്തന്നെ തിരുസ്സഭയുടെ തൊഴുത്തിൽ ഭരമേല്പിച്ചതുകൂടാതെ, തന്റെ ശ്രുതയേയും കത്തോലിക്കാ വിശ്വാസം സ്വീകരിക്കുമാറു തുറന്നു വിട്ടിരുന്നു എന്നും പ്രസിദ്ധമാണു." എന്നു പറഞ്ഞിരിക്കുന്നു. തന്റെ ശ്രുതയിൽ ഉൾപ്പെട്ട ഒരു പള്ളി എങ്കിലും യാക്കൊ അബൂനാ മെത്രാനു വിരോധമായി നിന്നിരുന്നതായി മെഡ്‌ലിക്കോട്ടു മെത്രാൻ കാണിച്ചിട്ടില്ല- വിഞ്ചെൻസു ഡാഗോസ് പാദ്രി തോമാനസ്രാണികളുടെ മിക്കപള്ളികളേയും സന്ദർശിക്കയും, അവർ അദ്ദേഹത്തിന്റെ ഉപദേശം അംഗീകരിക്കയും, ചെയ്തിട്ടുണ്ടെന്നു റോമനും മറവു ലത്തീൻ ചരിത്രക്കാരും സമ്മതിക്കുന്നുണ്ടു: അയതിനാൽ ആ മെത്രാന്റെ ഭരണത്തിലുൾപ്പെട്ട ജനമെല്ലാം കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നു എന്ന മെഡ്‌ലിക്കോട്ടു മെത്രാൻ തന്നെ പറഞ്ഞിരിക്കുന്നതിൽ നിന്നും അനുമാനിക്കാം. തന്റെ ശ്രുതയെ കത്തോലിക്കാ ഒന്നിപ്പിലേക്കു വിട്ടിരുന്നു എന്നും, കൊടുങ്ങല്ലൂരിലെ പള്ളി ക്രമമായി കത്തോലിക്കാ ഒന്നിപ്പിൽ തന്നെ ആയിരുന്നു എന്നും സുറിയാനിക്കാരുടെ എല്ലാ ഇടവകകളിൽ നിന്നും ഫാദർ യുവാക്കിം കൊടുങ്ങല്ലൂരിലെ പാഠശാലയിൽ

ത്തുപ്പട്ടത്തിനു പഠിച്ചിരുന്നു എന്നും, പറഞ്ഞിട്ടുള്ളതുകൊണ്ടു, തോമാ നസ്രാണികൾ ഒട്ടുക്കു തങ്ങളുടെ ഇടയനായ യാക്കോ അബൂനാ എന്നാ മെത്രാനോടുകൂടി, കത്തോലിക്കാ സഭയിൽ നിന്നിരുന്നു എന്നു പ്രത്യക്ഷമാകുന്നു. എന്നാൽ ഒരു ശരിയായ അനുമാനം ഒലിവെയിരാമെത്രാനു രുചിക്കാഴികയാൽ ഉദിയമ്പേരൂർ സൂനഹദോസിൽ വച്ചു മാത്തമെ തോമാ നസ്രാണികൾ കത്തോലിക്കാ സഭയിൽ ചേന്നിട്ടുള്ളു എന്നു വരുത്തുന്നതിനായി കൊടുങ്ങല്ലൂരിലെ സുറിയാനിപ്പള്ളി പോർത്തുശീസ്സാരുടെതായിരുന്നെന്നും, യാക്കോ അബൂനാ മെത്രാൻ അവകാശമുറയ്ക്കു സാക്ഷാലൊ. ഒരു മെത്രാനാണെന്നു ശവരിയാരു പുണ്യവാളൻ വിചാരിച്ചില്ലെന്നും അതായതു പുണ്യവാളൻ കണ്ടതു യാക്കോ അബൂനാ മെത്രാനെ തന്നെ അല്ലായിരുന്നു എന്നും വാദിക്കാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ ഒരു വാദം വ്യാജമാണെന്നു വായനക്കാക്കെല്ലാം സ്പഷ്ടമായി ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നു വിശ്വസിക്കുന്നു. മെഡ്ലിക്കോട്ട മെത്രാനും മാറനേകം ലത്തീൻ ചരിത്രകാരും, യാക്കോബ് അബൂനാ സാക്ഷാൽ ഒരു മെത്രാൻ തന്നെയാണെന്നും, തോമാ നസ്രാണികളുടെ പാലകനായിരുന്നതിനാൽ അർഹതയുള്ള മെത്രാനാണെന്നും, സമ്മതിച്ചിട്ടുണ്ടു. അദ്ദേഹം ഒരു കത്തോലിക്കാ മെത്രാനായിരുന്നു എന്നു ശ്രീ. ശവരിയാരു പുണ്യവാളന്റെ സാക്ഷികൊണ്ടു വേണ്ടവിധം തെളിഞ്ഞിട്ടുണ്ടെന്നും മെഡ്ലിക്കോട്ട മെത്രാൻ അനുസരിക്കുന്നു. അപ്രകാരം തന്നെ കൊടുങ്ങല്ലൂരിലെ പള്ളി ഒരു സുറിയാനിപ്പള്ളിയും അതിലെ വികാരി സുറിയാനിക്കാരനായ ഒരു പട്ടക്കാരനും, കത്തോലിക്കാ ഐക്യതയിൽ ഉറപ്പെട്ട വരും അനുസരണമുള്ളതിനും അദ്ദേഹത്തിനു വാദമില്ല. യാക്കോബ അബൂനാമെത്രാന്റെയും കൊടുങ്ങല്ലൂർ നിവാസികളുടെയും വാസ്ഥവസ്ഥിതിയെ നിഷേധിക്കുവാൻ പാടില്ലാത്തവണ്ണം മെഡ്ലിക്കോട്ട മെത്രാൻ ക്രടിയും സമ്മതിച്ചിരിക്കെ, ഒരു സംഗതികളുടെ യഥാർത്ഥം അങ്ങിനെ അല്ലെന്നു വാദിച്ചുകൊണ്ടു ഒലിവെയിരാ മെത്രാൻ പുറപ്പെട്ടാലും, ആ വാദത്തിനെ അദ്ദേഹത്തിനു സാധിപ്പാൻ പാടില്ലാതെ വന്നിരിക്കുന്നു. ശ്രീ. ശവരിയാരു പുണ്യവാളൻ യാക്കോവ അബൂനാ എന്ന മെത്രാനെ പ്രശംസിച്ചു പോർത്തുഗൽ രാജാവിനു എഴുതിയതും പ്രസ്തുത മെത്രാൻ കൊച്ചിയിൽ പ്രൊസീസ്സുസക്കാരുമായി യോജിച്ചിരുന്നു എന്ന അവസ്ഥയുമാണു, അദ്ദേഹം സത്യവിശ്വാസിയാണെന്നു മെഡ്ലിക്കോട്ട മെത്രാനെ സമ്മതിപ്പിച്ചിട്ടുള്ള സംഗതികളും. അപ്രകാരം തന്നെ കൊടുങ്ങല്ലൂരിലെ തോമാ നസ്രാണികളുടെ പള്ളിക്കു ദോഷപൊറുതി വാങ്ങിക്കൊടുത്തതെന്നു ശവരിയാരു പുണ്യവാളൻ ഇഞ്ഞാസ്യോസു പുണ്യവാളനു എഴുതിയതാണു, കൊടുങ്ങല്ലൂരിലെ പള്ളി തോമാ നസ്രാണികളുടേതായിരുന്നു എന്നു മെഡ്ലിക്കോട്ടമെത്രാൻ സമ്മതിപ്പാൻ കാരണം. അതിനാൽ ഉദിയംപേരൂർ സൂനഹദോസിനു മുമ്പു തന്നെ, തോമാ നസ്രാണികളും ഒട്ടുക്കും അവരുടെ പാലകനായ അബ്രാഹം മെത്രാനും കത്തോലി

ക്കാതിരുസ്സഭയിൽ ചേർന്നിരുന്ന എന്നുള്ളതിനു വേറെ തെളിവുകൾ ആവശ്യമുണ്ടോ? ൧൭൭൯-ൽ ൬൬-ാം ഗ്രിഗോറിയൂസ് മാർപ്പാപ്പാ അങ്കമാലിപ്പള്ളിക്കു ഒരു ജൂബിലേവും കല്പിച്ചുകൊടുക്കയും അതോടുകൂടി ശ്ലൂമാർപ്പാപ്പാതന്നെ ക്രിസ്ത്യാനികൾക്കു കൊടുപ്പാനായി അമ്പതിനായിരം കൊന്തയും വളരെ ശുദ്ധമാക്കപ്പെട്ടവരുടെ തിരുശേഷിപ്പുകൾ അടങ്ങിയതായ ഒരു കൂട്ടം അബ്രാഹം മെത്രാപ്പോലീത്തായ്ക്കു കൊച്ചിയിലെ വികാരിജനറാളായ ഏ. മേക്കറിയെ പാദ്രിവഴിയായി അയച്ചു കൊടുക്കയും കൊച്ചിയിലെ ഭ്രോസനപ്പള്ളി വെവ്വേറികളും ചേന്നമങ്ങലത്തെ വൈപ്പിക്കോട്ട സെമ്മനാരിയിലെ ജെസ്വീത്ത പാദ്രിമാരും ഒന്നിച്ചു അങ്കമാലിപ്പള്ളിയിൽ ചെന്നു മേലെഴുതിയ ജൂബിലേവു ഘോഷമായികഴിച്ചു എന്നു ഒരിയെൻറ്റെ കോൻകവിസ്താദോ C I. D II page 31ൽ പേർത്തിട്ടുള്ളതു രണ്ടു സുറിയാനി പട്ടക്കാരുടെ വാദത്തെ ബലപ്പെടുത്തുകയാണു ചെയ്യുന്നതു. (Appendix 131)

൬൬-ാം ഗ്രിഗോറിയൂസ മാർപ്പാപ്പാ ഒരു ശ്രുപതയ്ക്കു തനിച്ചു ഒരു ജൂബിലേവു കല്പിച്ചു കൊടുത്തതുകൊണ്ടു ആ ശ്രുപത മുഴുവനും കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടിരുന്നു എന്നുള്ളതു നിർവ്വിവാദമാണല്ലൊ. മാർപ്പാപ്പാ തന്നെ അശീർവദിച്ച ൪൦൦൦൦ ജപമാല തോമാനസ്രാണികൾക്കു വീതിച്ചു കൊടുപ്പാൻ അയച്ചതിനാൽ ൪൦൦൦൦ തോമാനസ്രാണികൾ എങ്കിലും കത്തോലിക്കരായിരുന്നു എന്നു വിശേഷിച്ചു പറയേണ്ടതുണ്ടോ? അങ്കമാലി ശ്രുപതയിൽ ഉൾപ്പെട്ട തോമാനസ്രാണികൾക്കായിട്ടു തന്നെ മേൽപ്രകാരമുള്ള ജപമാല കൊടുത്തയച്ചതു കൊണ്ടു ആ ശ്രുപതയിൽ ഉൾപ്പെട്ട ക്രിസ്ത്യാനികൾ എല്ലാം റോമാ ഐക്യതയിൽ ചേർന്നവർ എന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. ശുദ്ധമാക്കപ്പെട്ടവരുടെ തിരുശേഷിപ്പുകൾ അടങ്ങിയ ഒരു വലിയകൂട്ടു അബ്രാഹം മെത്രാനു മാർപ്പാപ്പാ ദാനമായി അയച്ചതിൽ നിന്നും മാർപ്പാപ്പായ്ക്കു അദ്ദേഹത്തിനെപ്പറ്റി പ്രത്യേക താല്പര്യം ഉണ്ടായിരുന്നു എന്നു പ്രത്യക്ഷപ്പെടുന്നു. മേൽപ്പറഞ്ഞ ജൂബിലേവു, അങ്കമാലി ശ്രുപതയിലെ തോമാനസ്രാണികൾ അതി ഭക്തിയോടെ ആഘോഷിച്ചതായി കൊൻകവിസ്താദോ എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു എന്നു മാത്രമല്ലാ കൊച്ചീശ്രുപതയിൽ ഉൾപ്പെട്ട യൂറോപ്യന്മാരായ വൈദീകഗണവും, ചേനമംഗലത്തു ഉണ്ടായിരുന്ന ൦രംശോസഭക്കാരും, അങ്കമാലിപ്പള്ളിയിൽ ചെന്നിരുന്നു എന്നും, അങ്കമാലിപ്പള്ളിയിൽ വെച്ചു അബ്രാഹം മെത്രാൻ ആ ജൂബിലേവു ആഘോഷിച്ചു എന്നുംടി പുസ്തകത്തിൽ കാണുന്നു. (൦രം പുസ്തകം ൨൯, ൨൧ ം പുറങ്ങൾ നോക്ക) ഇപ്രകാരം ഒരു ജൂബിലേവു കല്പിച്ചു കൊടുപ്പാൻ ൬൬-ാം ഗ്രിഗോറിയൂസ മാർപ്പാപ്പായുടെ പക്കൽ ജസ്വീത്ത പാദ്രിമാർ ശുപാർശ ചെയ്തിരുന്നതായും കാണുന്നുണ്ടു. പ്രസ്തുത സമയത്തെങ്കിലും അങ്കമാലി ശ്രുപതയിൽ ഉൾപ്പെ

ട്ട തോമാ നസ്രാണി ജനം മുഴുവനും, വൈദീകഗണവും, വൈദീകശ്രേഷ്ഠന്മാരായ അംബ്രോസിയോക്കോനും അബ്രാഹം മെത്രാപ്പോലീത്തായും റോമൻ കത്തോലിക്കാ തിരുസ്സഭയിൽ ഉൾപ്പെട്ടവരല്ലായിരുന്നു എന്നു വാദിപ്പാൻ സന്നദ്ധരായ കൗശലികർ ഉണ്ടോ?

എന്നാൽ ഒരു നിലയിൽ തോമാ നസ്രാണികളും അംബ്രോസിയോക്കോനും നില നിന്നിരുന്നോ എന്നുള്ള സംഗതിയെപ്പറ്റി ഇനി അല്പം ചിന്തിക്കേണ്ടിയിരിക്കുന്നു. തോമാ നസ്രാണികളും അവരുടെ ഇടയനായ അബ്രാഹം മെത്രാപ്പോലീത്തായും ഒരു നിലയിൽ നിന്നും തെറ്റി ഏതെങ്കിലും ഇടത്തുടിൽ ചാടിയതായോ ആയ്മ പഠിപ്പിച്ചതായോ ഏതെങ്കിലും തെളിവുകൾ ആരെങ്കിലും ഹാജരാക്കുമ്പോൾ. അതിലേക്ക പുറപ്പെട്ടാൽ മതിയാകുന്നതാണെല്ലൊ. പോർത്തുഗീസു വൈദീകരുടെ വിവരമില്ലായ്മ അല്ലെങ്കിൽ മഹാപൂവ്വമായ ദേഷ്യം നിമിത്തം അബ്രാഹം മെത്രാപ്പോലീത്താ വാഴ്ത്തപ്പെട്ട കന്യകമറിയം മിശിഹായുടെ മാതാവെന്ന പഠിപ്പിക്കുന്നു എന്നാ അവർ ഇടയ്ക്കിടയ്ക്കു റോമാ സിംഹാസനത്തിങ്കൽ ബോധിപ്പിക്കാ ഉണ്ടായിട്ടുണ്ട്. ഒരു നാഥയെ മിശിഹായുടെ മാതാവെന്ന അപേക്ഷിക്കുന്നതു ഇടത്തുടാണല്ലെന്നു മുൻകാരണ സഹിതം തെളിയിച്ചിട്ടുണ്ട്- എന്നുമാത്രമല്ലാ വാഴ്ത്തപ്പെട്ട മറിയത്തിനെ മിശിഹായുടെമാതാവെന്ന കൽദായക്കാർ പറയുന്നതു ഇടത്തുടായ അത്രത്തോട്ട ക്രിസ്തുല്ലെന്നു അരാ എന്നാ മഹാൻ വിവരിച്ചിട്ടുള്ളതും ഇതിനു മുമ്പിൽ ചേർത്തിട്ടുണ്ട്. (ഒരു പുസ്തകം നമ്പർ—൩ പുറം നോക്കു). അതിനാൽ യാതൊരു ഇടത്തുടും അബ്രാഹം മെത്രാൻ പഠിപ്പിച്ചിട്ടില്ല. തോമാ നസ്രാണികൾ അപ്രകാരമുള്ള ഇടത്തുടുകൾ അനുസരിച്ചിട്ടും ഇല്ല. അവർ സത്യവിശ്വാസികൾ തന്നെ ആയിരുന്നു എന്നുള്ളതിനു ഇനിയും തെളിവുകൾ ഹാജരാക്കാം. ഒരു ശോസഭക്കോരനായ പത്രോസു ജാറി എഴുതീട്ടുള്ള "ഇന്ത്യാസംഭവനിക്ഷേപം" എന്ന പുസ്തകത്തിന്റെ രണ്ടാം ഭാഗം സ്ത്രീ-ം സ്ത്രീ-ം പുറങ്ങളിൽ ഇപ്രകാരം വിവരിച്ചിരിക്കുന്നു. "എത്രമാത്രം ബഹുമാനത്തോടും വണക്കത്തോടും കൂടി അവർ തിരുസ്സഭയെ ആദരിച്ചിരുന്നു എന്നുള്ള സംഗതി താഴെപ്പറയുന്ന സംഭവം തെകാണ്ടു മനസ്സിലാക്കാവുന്നതാണു. ഫ്രൻസ്യ ൽ നമ്മുടെ ശ്ലൂഹാമാകപ്പെട്ട പിതാവായ വു -ാം ക്ലേമൻസ മാർപ്പാപ്പാ, ഇൻഡ്യാ ഒട്ടുക്കു ഒരു ജൂബിലേവു പ്രസിദ്ധം ചെയ്തു. അതുകൊണ്ടു അയിരം സ്തുതിചൊല്ലൽ മാർപ്പാപ്പായെക്കുറിച്ചു പുകഴ്ത്തിപാടുന്നതിനും തന്റെ നാമത്തെ അഭിനന്ദിക്കുന്നതിനും ഇടവരുവാൻ തക്കവണ്ണം അതുക്കും ക്രിസ്ത്യാനികളെ സന്തോഷിപ്പിച്ചു. ആ ദിവസങ്ങളിൽ നോയിമ്പു നോറ്റിരുന്നവർ അസ്തമനം വരെ പള്ളിയിൽ നമസ്കരിച്ചിരുന്നു. രാവിന്നു മുമ്പു യാതൊന്നുംതന്നെ അനുഭവിച്ചിരുന്നില്ല. നഗരിയിൽ അധികം വന്നിരുന്ന രണ്ടായിരത്തിൽ പരം പേർ കുമ്പസാരം കഴിച്ചു അവരിൽ പലരും പാതി

രാ ത്രിയിൽ കമ്പിസംഘക്കാരുടെ ബുദ്ധിമുട്ടിച്ചിരുന്നു. എന്നാൽ പകൽ ഭക്ഷണത്തിനും രാത്രി നിദ്രയ്ക്കും ഒരുവിധം സമയം ലഭിക്കാതവണ്ണം അവരുടെ ആളുകൾ വന്നുകൊണ്ടിരുന്നു. ഇപ്രകാരം ബുദ്ധിമുട്ടിയിരിക്കുമ്പോൾ അവർ ജ്ഞാനികളുടെ സ്ഥലത്തും കഴിക്കുന്നതിനപേക്ഷിച്ചുകൊണ്ടു ദൂരദേശങ്ങളിൽനിന്നും ആളുകൾ വന്നിരുന്നു. എല്ലാവരുടെയും അപേക്ഷ നിറവേറുവാൻ പ്രയാസമായ്തീകൊണ്ടു ചിലരെ അനുവദിക്കുപ്പെട്ടു" (ശരം പുസ്തകം ൬, ൨൨ം പുറങ്ങൾ നോക്കുക) (Appendix 132)

ഫ്രൻസ്വ ൽ വ്യാം ക്ലെമൻസ് മാപ്പാപ്പാ ഒരു ജൂബിലേവു കല്പിച്ചു എന്നും അതിനുവേണ്ടി മാപ്പാപ്പായോടു ക്രിസ്ത്യാനികൾ വളരെ കൃതജ്ഞന്മാരായിരുന്നു എന്നും, ചേന്നമങ്കലത്തുണ്ടായിരുന്ന ൨൦൦൦ത്തിൽപരം തോമാക്രിസ്ത്യാനികൾ ആ പള്ളിയിൽതന്നെ ചെന്നുപുരസ്സരമായതിനെ ആഘോഷിച്ചു എന്നു പെത്രൂസ് ജാരി, എന്നീ രണ്ടു സഭക്കാരൻ തന്നെ സാക്ഷീകരിച്ചിരിക്കുന്നു. ഫ്രൻസ്വ ൽ വ്യാം ക്ലെമൻസ് മാപ്പാപ്പാ കല്പിച്ച ജൂബിലേവു മുഴുവനാളും ഒട്ടുക്കുള്ള തോമാനസ്രാണികൾ ആചരിക്കുകയും ചെയ്തു. ഒരു സഭക്കാരായ സന്ന്യാസികൾ അബ്രാഹം മെത്രാന്റെ ശുപാർശപ്പള്ളിയായ അങ്കമാലിപ്പള്ളിയിൽ കടമുള്ള ദിവസങ്ങളിലെല്ലാം ഉപദേശം പറകയും, അദ്ദേഹത്തിന്റെ ഭരണത്തിലുൾപ്പെട്ട ഇടവകപ്പള്ളികളിൽ സഞ്ചരിച്ചു പ്രസംഗങ്ങൾ പറയുകയും (൨൨ം പു. ൨൨ാം പുറം) ചേന്നമങ്കലത്തു സുറിയാനിക്കാർക്കുവേണ്ടി സെമിനാരി ഏർപ്പെടുത്തുകയും, സുറിയാനി യുവാക്കളെ സുറിയാനി, ലത്തീൻ, എന്നീ രണ്ടു ഭാഷകളും അഭ്യസിപ്പിച്ചു അബ്രാഹം മെത്രാനെക്കൊണ്ടു പട്ടം കൊടുപ്പിക്കയും മറ്റും ചെയ്തിരുന്നു. ഇങ്ങിനെയുള്ള ജനങ്ങളും പട്ടക്കാരും മെത്രാനും ഇടത്തൊട്ടുകാരായിരുന്നു എന്നു തെളിയിക്കുന്നതിനു യാതൊരു മാർഗ്ഗവും ഇല്ല. ഒരു സഭക്കാരനായ പത്രോസ ജാരിയുടെ സാക്ഷിയോടുകൂടി പ്രസ്തുത വിധയത്തെ അവസാനിപ്പിക്കുന്നു. ഫ്രൻസ്വ മകരത്തിലാണു അബ്രാഹം മെത്രാൻ മരിച്ചതു. അദ്ദേഹം മരിക്കുമ്പോൾ ചേന്നമങ്കലത്തു വൈപ്പിക്കോട്ട സെമിനാരിയുടെ റെക്ടറായ ഒരു സഭക്കാരൻ സന്ന്യാസിയേയും, തന്റെ വികാരി ജനറാളായ ആക്കദ്ദിയോക്കോനേയും സുറിയാനിപ്പട്ടക്കാരേയും തോമാനസ്രാണികളിൽ പ്രധാനന്മാരേയും വിളിച്ചുകൂട്ടി ശ്ലൂ. മാപ്പാപ്പായുടെ നേരെ അവർ അനുസരയും വണക്കവും ഉള്ളവരായിരിക്കേണമെന്നു വളരെ ഗൌരവമായി ഗ്രഹണോപദേശിച്ചുവെന്നു പത്രോസ് ജാരി എഴുതിയിരിക്കുന്നു. (൨൨ം പുസ്തകം ൭൨-൭൩. പു.) അബ്രാഹം മെത്രാനും തോമാനസ്രാണികളും ഫ്രൻസ്വ വരെ റോമൻകത്തോലിക്കാ വിശ്വാസത്തിൽ നില നിന്നിരുന്നുവെന്നുള്ളതിനു വേറെ ലക്ഷ്യങ്ങൾ വല്ലതുംതന്നെ ആവശ്യമുണ്ടോ?. യാക്കോബ് അബൂനാ എന്നു മെത്രാനെഴുപ്പാറി ശ്ലൂ. ഗവരിയാരു പുണ്യവാളൻ എഴുതീട്ടുള്ള എഴുത്തുകൊണ്ടു, അദ്ദേഹം നെസ്തോറിയനിടത്തൊട്ടുകാരനല്ലായിരുന്നു എന്നും ടി പുണ്യവാ

ളൻ കൊടുങ്ങല്ലൂരിലെ സുറിയാനി പള്ളിക്കു ദോഷപൊറുതി അപേക്ഷിച്ചതുകൊണ്ടു, കൊടുങ്ങല്ലൂരിലെ തോമാനസ്രാണികളെ കത്തോലിക്കാ ഐക്യതയിൽ ഉൾപ്പെടുത്തിരുന്ന എന്നും, മെഡ്ലിക്കോട്ടെ മെത്രാൻ സമ്മതിച്ചിരിക്കുന്നു. ഇങ്ങനെ ഈ പ്രമാണം ഗ്രിഗോറിയൂസ് മാർപ്പാപ്പാ അകമാവിശ്വാസത്തിലേക്കു കല്പിച്ച തിരുവെഴുത്തും പ്രൊട്ടസ്റ്റന്റ മാപ്പിളമാർ കല്പിച്ച ജൂബിലേവു തിരുവെഴുത്തും. മേൽപറഞ്ഞ ജൂബിലേവുകളും തോമാനസ്രാണികളെ ത്തന്നെ ഘോഷിച്ച വിധവും കൊൻകിസ്താദാ. പെത്രൂസ് ജാറി എന്ന ചരിത്രങ്ങളിൽ പറഞ്ഞിട്ടുള്ള വിവരങ്ങളും കൊണ്ടു അബ്രാഹാം മെത്രാനും ഗീവർഗീസ് അൎക്കദിയാക്കനും തോമാനസ്രാണികളും ഈൻെറ വരെ സത്യവിശ്വാസത്തിൽ നിലനിന്നിരുന്നു എന്നു വെളിവായിരിക്കുന്നു. ഉടയമ്പേരൂർ സൂനഹദോസ്വരെ തോമാനസ്രാണികളും ഒനദ്യോറിയൻ ഇടഞ്ഞുകാരായിരുന്നു എന്നും യാക്കോബ് അബ്ബൂനായും അബ്രാഹാം മെത്രാനും നെസ്തോറിയർ മെത്രാന്മാരായിരുന്നു എന്നും ഒലിവെയിരാമെത്രാൻ പറഞ്ഞിട്ടുള്ളതിനെ തെളിയിക്കുന്നതിനു, ശവരിയാരു പൂണ്യവാളൻെറ എഴുത്തിനെ ദുർബലപ്പെടുത്തി അദ്ദേഹം പറഞ്ഞിട്ടുള്ളതു അദ്ദേഹത്തിൻെറ അവധാനക്കേടിൻെറ ഫലമാണെന്നു തെളിവിനുമേൽ കാണിച്ചിട്ടുണ്ടല്ലൊ. അതുപോലെതന്നെ, സുറിയാനി നസ്രാണികളുടെ പുരാതനമായ കൊടുങ്ങല്ലൂരിലെ ഇടവകപ്പള്ളി പോൎത്തുഗീസുകാരുടേതായിരുന്ന എന്നു പറഞ്ഞിട്ടുള്ളതും അബദ്ധമാണെന്നു തെളിയിച്ചിട്ടുണ്ടു്. അതിനാൽ മെഡ്ലിക്കോട്ടു മെത്രാൻ രേഖകളെ അടിസ്ഥാനപ്പെടുത്തി, സമ്മതിച്ചിട്ടുള്ളതിനെ ഒലിവെയിരാ മെത്രാനും അംഗീകരിച്ചു് യാക്കോബ് അബ്ബൂനാ ഒരുസാക്ഷാൽ മെത്രാൻ തന്നെ ആണെന്നും, സുറിയാനിക്കാരുടെ പാലകനായിരുന്നതിനാൽ അർഹതയുള്ള മെത്രാൻ ആയിരുന്നെന്നും, ശവരിയാരു പൂണ്യവാളൻെറ പ്രശംസാ എഴുത്തുകൊണ്ടു പരിശുദ്ധനായ മെത്രാനായിരുന്നെന്നും കൊടുങ്ങല്ലൂരിലെ സുറിയാനി നസ്രാണികളെ തങ്ങളുടെ പള്ളിക്കു ശ്ര. ശവരിയാരു പൂണ്യവാളൻ മുഖാന്തിരം ദോഷപൊറുതി അപേക്ഷിച്ചതുകൊണ്ടു അവർ സത്യക്രിസ്ത്യാനികളായിരുന്നെന്നും ഒലിവെയിരാ മെത്രാനും സമ്മതിക്കേണ്ടതാണു. മുൻപറഞ്ഞ അനുമാനങ്ങളിൽ നിന്നും ഈൻെറ വരെ സുറിയാനി നസ്രാണികളെ സത്യക്രിസ്ത്യാനികളായിരുന്നു എന്നു തെളിയുന്നു.

ഏഴാം പ്രകരണം.

അനുബന്ധം.

(ഏ) കൊച്ചിയിലെ ഒലിവെയിരാമെത്രാൻ ഫൻറ്റൽ ചിലവിശദീകരണങ്ങൾ" എന്നപേരായി പ്രസിദ്ധപ്പെടുത്തിയപുസ്തകത്തിൽതോ

മാനസ്രാണികൾനെസ്തോറിയൻകാരായിരുന്നു എന്നും ഉദിയമ്പേത്തർസുനഹദോസിൽ വെച്ചുമാത്രമെ അവർ സത്യവിശ്വാസികളായുള്ളു എന്നും പ്രസ്താവിച്ചത് ഒൻറ ശേഷം ഉദിയമ്പേത്തർ സുനഹദോസ് കൂട്ടുന്നതിനും അതിൻ നടത്തപ്പെട്ട സംഗതികൾ നടത്തുന്നതിനും, മെനസീസ് മെത്രാപ്പോലീത്തായ്ക്കു വാം ക്ലേമെൻസുമാപ്പിപ്പായി നിന്നും യാതൊരധികാരപത്രവും ലഭിച്ചു ട്ടില്ലായിരുന്നെന്നും, ഫ്രഞ്ചുകാരും വാം ക്ലേമെൻസുമാപ്പിപ്പാ മെനസീസ് മെത്രാപ്പോലീത്തായ്ക്കു അയച്ചിട്ടുള്ളതായിപറയുന്ന അധികാരപത്രങ്ങൾ പ്രസിദ്ധം ചെയ്തു കാണാഴികയാൽ ആ തിരുവെഴുത്തുകളിലെ കായ്സാരങ്ങൾമേൽ രണ്ടുസീരിയൻ പട്ടക്കാർ പൂരിപ്പെടുവിച്ചിട്ടുള്ള സന്ദേഹനിവൃത്തിക്കായി, പോർത്തുഗൽ രാജാവിൻറ പത്രനാത്തൂസ് അധികാരം സംബന്ധിച്ചുള്ള ബുള്ളശേഖരബുക്കിൻറസഹായം എന്നുപേരായി ൪ എഴുത്തുകളും,സുറിയാനികർബാനക്രമവും, മിലവിജ്ഞാപനങ്ങളും അടക്കിയതായ ഒരുബുക്ക് ഫ്രൻസ്വെൽ അച്ചടിപ്പിച്ചതായി ഫ്രൻസർ൯ പ്രസിദ്ധം ചെയ്തിട്ടുള്ളതു കൈപ്പറ്റിയിരിക്കുന്നു. തോമാനസ്രാണികൾ എല്ലാം ഉദിയമ്പേത്തർ സുനഹദോസ്വരെ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്നു എന്നും, ആ സുനഹദോസിൽ വെച്ചു മെനസീസ് മെത്രാപ്പോലീത്തായുടെ ശ്രമത്താൽ ഇടത്തുട്ടിൽനിന്നു തിരിഞ്ഞവരാകുന്നു എന്നും മെനെസീസ് മെത്രാപ്പോലിത്താപ്രവൃത്തിച്ചിട്ടുള്ളതെല്ലാം പ്രമാണമുറയ്ക്കുള്ള അധികാരപ്രകാരം ചെയ്തിട്ടുള്ളതാണെന്നും വാദമറവിധത്തിൽ തെളിയിക്കുന്നതിനായി ഒലിവെയിരാ മെത്രാൻ തൻറ "വിശദീകരണങ്ങൾ" എന്നപുസ്തകം പ്രസിദ്ധപ്പെടുത്തിയശേഷം, മൻ തുഴ്സിവപേത്തർ വികാരി അപ്പസ്തോലിക്കായായിരിക്കയും ഇപ്പോളധികാരമൊഴിഞ്ഞു, ഫ്രൻസിസ് പട്ടണത്തിൽത്താമസിച്ചുകൊണ്ടു, ഉദിയമ്പേത്തർ സുനഹദോസുവരെ തോമാനസ്രാണികൾ നെസ്തോറിയൻ ഇടത്തുട്ടുകാരായിരുന്ന എന്നതുടരെ തുടരെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയാൻറ ജോലിയായി തീർന്നിട്ടുള്ള മെഡ്‌വിക്കോട്ടു മെത്രാനെ, റോമാപുരിയിൽ വഞ്ചിക്കാൻ പുസ്തകശാലയിൽ, കൽദായ പാത്രിയർക്കീസിനേയും മലയാള മെത്രാന്മാരേയും സംബന്ധിച്ചുള്ള രിക്കാർട്ടുകൾ പരിശോധിച്ചു എടുക്കുന്നതിനു നിയോഗിച്ചയച്ചിട്ടുണ്ടെന്നു കുറേക്കാലമായി കേട്ടുകൊണ്ടിരുന്ന ശ്രുതി വാസ്തവമായിരുന്നെങ്കിൽ, ആ വിധത്തിൽ ശേഖരിക്കപ്പെട്ട രിക്കാർട്ടുകളാണ ഒലിവെയിരാ മെത്രാൻറ മേൽ പറഞ്ഞ പത്രനാത്തൂസ് ബുള്ളകളുടെ സഹായം എന്ന് രണ്ടാമത്തെ പുസ്തകം എന്നു വിചാരിക്കാം; എന്നുവരികിലും ടി. രിക്കാർട്ടുകൾ എവിടെ നിന്നു കിട്ടി. എങ്ങനെ കിട്ടി എന്നു ഒലിവെയിരാ മെത്രാൻ പ്രസ്താവിച്ചിട്ടില്ല താനും. ഒലിവെയിരാ മെത്രാനും മെഡ്‌വിക്കോട്ടു മെത്രാനും ഇതു വാശി പിടിച്ചു ഇപ്രകാരം ബുദ്ധിമുട്ടി വേലചെയ്യുന്നതിൻറെ താല്പര്യം എന്തെന്നു അല്പനേരത്തേക്കു വിചാരിച്ചുകൊണ്ടു പ്രസ്തുത പുസ്തകത്തിലേക്കു പ്രവേശിക്കാം. തോമാനസ്രാണികൾ

ം ഒർക്കാൽ ഇടത്തുട്ടുകാരായിരുന്ന എന്നതെളിയിച്ചാൽ ഇവക്ക അതിൽനിന്നും സിദ്ധിക്കുന്ന പ്രയോജനം എന്തു?

(ബി) "പോർത്തുഗൽ പത്രോനാത്തൂസ് ബ്ലൂയുടെ സഹായം" എന്ന പുസ്തകത്തിൽ താഴെപറയുന്ന റിക്കാർട്ടുകളും അടങ്ങിയിരിക്കുന്നു; (എ) ക്രിസ്തുവർഷം സിമോൻ സൂലാക്കാ എന്ന പാതിയക്കീസിനു അദ്ദേഹം പാതിയക്കീസായപ്പോൾ ജൂലിയൂസ് മാപ്പ്രാപ്പാ കൊടുത്ത തിരുവെഴുത്തു (ബ) വ്യാം ക്ലെമെൻസ് മാപ്പ്രാപ്പാ ക്രിസ്തുവർഷം ഒന്നാംനൂറ്റാണ്ടിൽ മെത്രാപ്പോലീത്തായുടെ അയച്ച തിരുവെഴുത്തു (സി) ക്രിസ്തുവർഷം രണ്ടാംനൂറ്റാണ്ടിൽ ഗോവയിലെ മെത്രാസീസ് മെത്രാപ്പോലീത്തായുടെ വ്യാം ക്ലെമെൻസ് മാപ്പ്രാപ്പാ അയച്ച തിരുവെഴുത്തു (ദ) ക്രിസ്തുവർഷം ധനൂറ്റാണ്ടിൽ ഗോവയിൽ നിന്നു മെത്രാസീസ് മെത്രാപ്പോലീത്താ ഓർഡ്ഡം പാതിയർക്കീസ് എന്നു നാമധേയമുള്ള റോമയിൽ ഇരുന്ന തന്റെ പാശ്ചക്കാരൻ മെത്രാനു മലയാളത്തിലെ അങ്കമാലി രൂപതയുടെ വേദാചാര സ്ഥിതിയെപ്പറ്റി എഴുതീട്ടുള്ള എഴുത്തു (ഈ) ക്രിസ്തുവർഷം മീനം നൂറ്റാണ്ടിൽ ഗോവയുടെ മെത്രാസീസു മെത്രാപ്പോലീത്തായുടെ വ്യാം ക്ലെമെൻസു മാപ്പ്രാപ്പാ അയച്ചിട്ടുള്ള തിരുവെഴുത്തു ഇവയാകുന്നു. ടി ബുക്കിൽ അടങ്ങീട്ടുള്ള ശേഷം ഭാഗങ്ങൾ സുറിയാനി കർബ്ബാനയുടെ ലത്തീൻ ഭാഷാന്തരം; അതിന്റെശേഷം മുൻ എഴുത്തുകളെപ്പറ്റിയും സുറിയാനികർബ്ബാന സംബന്ധിച്ചും മറ്റുമുള്ള നിയമങ്ങളും, ഒലിവെയിരാമെത്രാന്റെ ചിലജ്ഞാപകങ്ങളുമാണു.

(സി) ഇനി പ്രസ്തുതപുസ്തകത്തിലെ ഓരോസംഗതിയുടെ അഭിപ്രായത്തെ വിവരിക്കാം. ക്രിസ്തുവർഷം സിമോൻ സൂലാക്കാ എന്ന പാതിയക്കീസിനു ജൂലിയൂസ് മാപ്പ്രാപ്പാ കൊടുത്തിട്ടുള്ള തിരുവെഴുത്തു ഒലിവെയിരാമെത്രാൻ ചോർത്തിട്ടുള്ളതിന്റെ കാരണമെന്തെന്നു ആലോചിക്കാം. സൂലാക്കാ പാതിയക്കീസിനു മുമ്പുള്ള സിമോൻ ബാറമ്മ എന്ന പാതിയക്കീസ് കത്തോലിക്കനാണെന്നു രണ്ടു സുറിയാനി പട്ടക്കാർ സ്ഥാപിച്ചിട്ടുള്ളതു മെഡ്വിക്കോട്ടമെത്രാനും ഒലിവെയിരാമെത്രാനും മറ്റുപല ലത്തീൻ പരിത്രക്കാരും നിഷേധിക്കുന്നുണ്ടു. ഇരു നിഷേധത്തെ ഉറപ്പിക്കുന്നതിനായിട്ടായിരിക്കാം ഇരു ബുള്ള ചേർത്തിട്ടുള്ളതു. ഇരു തിരുവെഴുത്തിനെ അടിസ്ഥാനപ്പെടുത്തിതന്നെയാണു രണ്ടു സിറിയൻ പട്ടക്കാരും സിമോൻ ബാറമ്മ എന്നപാതിയർക്കീസു കത്തോലിക്കനായിരുന്നു എന്നതെളിയിച്ചിട്ടുള്ളതു. ബാറമ്മ എന്ന പാതിയർക്കീസിനെപ്പറ്റി നല്ല ഓർമ്മയുള്ളയോഗ്യനെന്നും റോമാകച്ചേരി പുരമെ പരേതനെന്നും ജൂലിയൂസുമാപ്പ്രാപ്പാ ആ തിരുവെഴുത്തിൽ പറഞ്ഞിട്ടുണ്ടു. ഒലിവെയിരാമെത്രാൻ ചേർത്തിട്ടുള്ള തിരുവെഴുത്തിലും ഇരു ഭാഗം ഉണ്ടു. ഇരു തിരുവെഴുത്തിന്റെ ഒരു ഭാഗം ഇരു പുസ്തകം രണ്ടാംഭാഗം ക്രിസ്തു

കരണത്തിൽ മെഡ്ലിക്കോട്ട മെത്രാന്റെ ലേഖനനിഷേധത്തിൽ ചേത്തിട്ടുള്ളതു ഫൻസൊ പുറം മുതൽ നോക്കുക. സിമോൻ ബറമന എന്ന പാത്രിയർക്കീസു നെസ്തോറിയൻ ഇടത്തുട്ടുകാരനാണെന്നു തെളിയിക്കുന്നതായ ഒരു വാക്കു പോലും ഒരും തിരുവെഴുത്തിൽ ഇല്ല. മൂലാക്കാപാത്രിയക്കീസിനു മുമ്പു ബാബേലിൽ കത്തോലിക്കരുണ്ടായിരുന്നു എന്നും, ബറമന എന്ന പാത്രിയർക്കീസു കത്തോലിക്കനാണെന്നും പ്രസ്തുത തിരുവെഴുത്തിൽ നിന്നും കാണാം. അതിനു വിരോധമായി യാതൊരു വാക്കും കാണാഞ്ഞിട്ടു പ്രസ്തുത തിരുവെഴുത്തിന്റെ അവസാനം ടി. പുസ്തകം വ-ാം പുറത്തിൽ ലിവെയിരാ മെത്രാൻ തന്റെ സ്വഭാവമായി മൂലാക്കാ പാത്രിയാക്കീസിനെ കുറിച്ചു "കൽദായക്കാരുടെ ഒരും ആദ്യകത്തോലിക്കാ പാത്രിയാക്കീസും എന്നു ചേത്തിട്ടുണ്ടു. ഫൻഒമെകരം ഡൊനെ ക്ലെമെൻസു മാപ്പാപ്പാ ഗോവാ മെത്രാപ്പോലീത്തായ്ക്കയച്ചതായി രണ്ടാമതു ചേത്തിട്ടുള്ള എഴുത്തിൽ, അങ്കമാലിരൂപതയുടെ മാർ അബ്രാഹംമെത്രാപ്പോലീത്താ ഇടത്തുടിൽ അകപ്പെട്ടിരിക്കുന്നതായി കേട്ടതിനെപ്പറ്റി അദ്ദേഹത്തിന്റെ ജീവിതവും പഠിനവും, പരിശോധിക്കണമെന്നും അയാൾ വാസ്തവമായിരുന്നാൽ അദ്ദേഹത്തിനെ ഗോവയിൽ, തടവിൽ പാർപ്പിക്കുവാനും, അസമയത്തേക്കു അതിരൂപതയ്ക്കു ഒരു വിചാരണക്കാരനെ നിയമിക്കുന്നതിനും അധികാരപ്പെടുത്തിയതായികാണുന്നു. ഒരും തിരുവെഴുത്തിന്റെ സാരാംശം താഴെപ്പറയും പ്രകാരമാണു:- "മലയാളത്തിലുള്ള അങ്കമാലി രൂപതയുടെ മാർ അബ്രാഹം മെത്രാപ്പോലീത്താ ഒരിക്കൽ കത്തോലിക്കാ വിശ്വാസം കൈക്കൊണ്ടു, ശ്ലൂ. സിംഹാസനത്തിനു വണക്കംചെയ്തു, ഗോവപ്രദേശ സുനഹദോസിൽ വെച്ചു, തന്റെ പള്ളിയെ കത്തോലിക്കാ സിംഹാസനത്തിലേക്കും, ശ്ലൂ. സിംഹാസനത്തിന്റെ വണക്കത്തിലേക്കും കൊണ്ടുവരാമെന്നു ഭത്യം ചെയ്തയും അപ്രകാരം ചെയ്തതിന്റെ ശേഷം ഇപ്പോൾ മദ്ധ്യത്തിലത്തെ ഇടത്തുടിൽ താനെ. വീണിരിക്കുന്നു എന്നും, സ്വപ്രദേശങ്ങളെ കൈക്കൊള്ളുവാൻ മനസ്സില്ലാതിരിക്കുന്നുയെന്നും, തന്റെ കീഴുള്ള പള്ളികളിൽ നെസ്തോറിയൻ ഇടത്തുട നിറഞ്ഞിരിക്കുന്നതായ പുസ്തകങ്ങൾ വായിക്കപ്പെടുന്നതിനെ തെറ്റു തീർക്കുന്നതിനു മനസ്സാകുന്നില്ലെന്നും, വളരെ സിമോന്യക്കടുത്ത നടപടികളെ ചെയ്യുന്നുണ്ടെന്നും, നമ്മുടെ ഹൃദയത്തിന്റെ വലിയ ദുഃഖത്തോടുകൂടെ അറിയുന്നു- ആയതിനാൽ ആ സംഗതികളെ അന്വേഷിക്കയും അവ ശരിയായി കാണപ്പെട്ടാൽ അബ്രാഹം മെത്രാനെ ഗോവയിൽ വിളിച്ചു മാന്യമുള്ളതും സൂക്ഷ്മമുള്ളതുമായ തടവിൽ പാർപ്പിക്കയും, അബ്രാഹം മെത്രാന്റെ കാര്യം തീർച്ച ചെയ്യുന്നതിനു, താങ്കൾ കഴിക്കുന്ന വിചാരണ ക്രമപ്രകാരം നമ്മുടെ പക്കൽ അയയ്ക്കയും ചെയ്യണം. ഇതിനിടക്കു അങ്കമാലിപ്പള്ളിക്കു അതിരൂപക്കടുത്തതും കാലത്തിനടുത്തതുമായ യാതൊരു നഷ്ടവും വരാതിരിക്കുന്നതിനു പാടുണ്ടെങ്കിൽ സുറിയാനി അറിയാവുന്നതായ ഒരു ലത്തീൻ ക്രമവൈദീകനെ, അങ്കമാലി

പ്പള്ളി വികാരി അപ്പോസ്തോലിക്കയായി, വേണ്ടിയിരിക്കുന്ന അധികാരങ്ങളോടുകൂടി, നിശ്ചയിക്കണം. എന്നാലതിലും പട്ടത്തിന്റെ അധികാരം പ്രവർത്തിച്ചുകൂടാ"... അങ്കമാലി രൂപതയുടെ മാർ അബ്രാഹംമെത്രാപ്പോലീത്താ കാലം ചെയ്തതിൽ പകരം ആ പള്ളിയെ ഭരിക്കുന്നതിനായി, വികാരി അപ്പോസ്തോലിക്കായെ നിശ്ചയിക്കുന്നതിനുള്ള അധികാരം ഗോവ മെത്രാപ്പോലീത്തായ്ക്കു നൽകിയിരിക്കുന്നതായിട്ടാകുന്നു ഫ്രാൻസിന്റെ മകരം ൨൧ നു- യിലെ ൬൯൦ തിരുവെഴുത്തിന്റെ സാരാംശം. "ഇപ്പഴത്തെ അങ്കമാലി രൂപതയുടെ മെത്രാപ്പോലീത്താ മരിക്കാൻ ഇടവന്നാൽ രാജ്യത്തിന്റെ ഭരണംകൊണ്ടു, അങ്കമാലി രൂപതയ്ക്കു ഒരു ഇടയൻ ഉണ്ടാകുന്നതുവരെ, ആ പള്ളി, അരുപിക്കുട്ടത്തും കാലത്തിനുട്ടത്തും ആയനഷ്ടങ്ങൾ അനുഭവിക്കാതിരിപ്പാൻ ആ പള്ളിക്കു ഒരു വൈദീകനെ കാലത്തിനുട്ടത്തും അരുപിക്കുട്ടത്തുമായ അധികാരങ്ങളോടുകൂടി ഏല്പിക്കുന്നതിനുള്ള അധികാരം നൽകുന്നു" എന്നാകുന്നു. ഈ വായകുന്നു അങ്കമാലി രൂപതയിന്മേൽ ഗോവമെത്രാപ്പോലീത്തായ്ക്കു സിദ്ധിച്ചിട്ടുള്ള അധികാരങ്ങൾ. ഗോവ മെത്രാപ്പോലീത്താ അങ്കമാലി രൂപതയിന്മേൽ പ്രവർത്തിച്ചിട്ടുള്ളതെല്ലാം അധികാരം കൂടാതെ ആണെന്നും രണ്ടു സിരിയൻ പട്ടക്കാർ വാദിച്ചിട്ടുള്ളതിനെ നിഷേധിച്ചു തെളിയിക്കുന്നതിനു ഗോവ മെത്രാപ്പോലീത്തായ്ക്കു സിദ്ധിച്ചിട്ടുള്ള രണ്ടു അധികാരപത്രങ്ങളുടേയും അസ്സൽ ഒലിവെയിരാ മെത്രാൻ ഹാജരാക്കിയിട്ടുണ്ടു. കുറെക്കാലത്തേക്കു ൦൨൦ അധികാരപത്രങ്ങൾ മാത്രം ഇരുന്നിരുന്നു. അധികാരം കൂടാതെ മെനസീസ് മെത്രാപ്പോലീത്താ പ്രവർത്തിച്ചുവന്നെന്നു വെളിപ്പെടാതിരിപ്പാൻ വേണ്ടി മൂൻകരുതലോടുകൂടിഅവയെ പ്രസിദ്ധപ്പെടുത്താതിരുന്നതാണെന്നു താഴെ പ്രയുന്നസംഗതികൾ കൊണ്ടു വായനക്കാർക്കു ഗ്രഹിക്കാവുന്നതാണു. മെനസീസ് മെത്രാപ്പോലീത്തായുടെ അധികാര ശൂന്യതയെപ്പറ്റി രണ്ടു സുറിയാനിക്കാരുടെ വാദം ശരിതന്നെയോ എന്നു വായനക്കാർ തീർച്ചപ്പെടുത്തുവിൻ! ഉദിയമ്പേരൂർ സൂനഹദോസ് ചരിത്രം എഴുതീട്ടുള്ള റോളൻ തന്റെ പുസ്തകം ന്യ൦ പുറത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഉദിയമ്പേരൂർ സൂനഹദോസ്സിനു തോമാ നസ്രാണികളെ ക്ഷണിക്കുന്നതായ മെനസീസ് മെത്രാപ്പോലീത്തായുടെ ക്ഷണന വിളംബരത്തിൽ ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു- റോമാ മേലദ്ധ്യക്ഷനായ വ്യാ൦ ക്ലേമെൻസ് മാപ്പിപ്പാ ഫ്രാൻസിന്റെ മകരം ൨൧ാം൦നു-യും, ഫ്രാൻസിന്റെ മകരം ൨൨ാ൦നു-യും ഒപ്പിട്ടിട്ടുള്ള രണ്ടെഴുത്തുകളും നമുക്കു അയച്ചുതന്നിരിക്കുന്നു- മാർ അബ്രാഹംമെത്രാപ്പോലീത്തായുടെ മരണം നിമിത്തം ഒഴിഞ്ഞിരിക്കുന്ന ൦൨൦ പള്ളിയുടെമേലന്വേഷണം, നാം നടത്തുന്നതിനും, ബാബേൽക്കാരെല്ലാംശീശ്മക്കാരും നെസ്തോറിയൻ ഇടത്തുട്ടുകാരും, ശ്ലൂ: റോമാ തിരുസ്സഭയുടെ അധീനതക്കു താനസരിച്ചു നടക്കാത്തവരും. നെസ്തോറിയൻ ഇടത്തുട്ടിന്റെ പുരോഹിതനായ ബാബേൽ പാത്രിയർക്കീസിനെ അനുസരിച്ചു നടക്ക

നാവശ്യം ആകയാൽ ബാബേൽ സിംഹാസനത്തിൽ നിന്നു ഒരു പള്ളിക്കു യാതൊരു മെത്രാനെയും മേല്പട്ടക്കാരനേയും യാതൊരു പ്രകാരവും നാം കൈക്കൊള്ളുന്നതെന്നു കല്പിച്ചിരിക്കുന്നു". (Appendix 133)

ഇതു ശോവ മെത്രാപ്പോലീത്താ ഒപ്പിട്ടു പ്രസിദ്ധം ചെയ്ത ഒരു എഴുത്താണു. മേലെഴുതിയ വാചകങ്ങളും വ്യാം ക്ലെമെൻസു മാപ്പ്ശ്ലീഹായുടെ ക്രൊൻഒ ജനുവരി ൨൦നു-യിലേയും ക്രൊൻെ ജനുവരി ൨൧നു-യിലേയും എഴുത്തുകളിൽ അംങ്ങീട്ടുണ്ടെന്നാണു മെനസീസ് മെത്രാപ്പോലീത്താ പ്രസിദ്ധം ചെയ്തിട്ടുള്ളതു. ഇത്തിനെ ആദരിക്കുന്നവരായ ഒലിവെയിരാമെത്രാൻ, മെഡ്ലിക്കോട്ട മെത്രാൻ മാറു ചില ലത്തീൻ ചരിത്രകർത്താക്കളും ഇവർ ഒലിവെയിരാ മെത്രാൻ ഇപ്പോൾ ഫാജരാക്കിയിട്ടുള്ള അസൽ പ്രതികളിൽ ഒരു വാചകങ്ങളെ കാണിച്ചു തരട്ടെ. കടൽ കടന്തി, മെഡ്ലിക്കോട്ടമെത്രാനെ ഒന്നുകൂടി റോമയ്ക്കയച്ചു വരുത്തിക്കാൻ റിക്കാർട്ട ശാലയിൽ പരിശോധിപ്പിച്ചാലും, മെനസീസ് മെത്രാപ്പോലീത്താ സ്വയാധികാരത്താൽ പ്രവർത്തിച്ചതിനും അസൂയ നിമിത്തം ബാബേൽ പാത്രിയക്കീസ് നെസ്തോറിയൻ ഇടത്തൊട്ടകാരനാണെന്നു അപഖ്യാതിപ്പെട്ടുത്തിയതിനും, സഹായിക്കുന്ന റിക്കാർട്ടകം കിട്ടുന്നതല്ല. ക്രൊൻഒ ലും ക്രൊൻെ ലും ഉദിയവേശ്വർ സൂനഹദോസു നടന്ന ക്രൊൻൻ ലും ബാബേലിൽ കത്തോലിക്കാ സിംഹാസനങ്ങളായി രണ്ടു പാത്രിയക്കീസന്മാരുടെ സിംഹാസനങ്ങളും ഉണ്ടായിരുന്നു- രണ്ടു കത്തോലിക്കാ പാത്രിയക്കീസന്മാരും വാണിരുന്നു. ഒരു സംഗതി ഒരു പുസ്തകം ഒന്നും രണ്ടും ഭാഗങ്ങളിൽ വേണ്ടപോലെ തെളിയിച്ചിട്ടുണ്ടു. ആയതിനു ൫൯-൫൮-൫൭-൫൬—൨൦൫—൦ പുറങ്ങളും നോക്കുക. ആയതിനാൽ ബാബേലിലെ പാത്രിയക്കീസന്മാരും ബാബേലിൽനിന്നു വന്നുകൊണ്ടിരുന്ന മെത്രാന്മാരും, നെസ്തോറിയൻ ഇടത്തൊട്ടകാരനാണെന്നു വ്യാം ക്ലെമെൻസു മാപ്പ്ശ്ലീഹാ കല്പിച്ചിട്ടുള്ളതായി മെനസീസു മെത്രാപ്പോലീത്താ പ്രസിദ്ധം ചെയ്തതു വാസ്തവ വിരുദ്ധമാണു. അതുപോലെതന്നെ. ബാബേലിലെ കത്തോലിക്കാ സിംഹാസനത്തിൽ നിന്നും അയയ്ക്കപ്പെട്ടു വന്ന മെത്രാന്മാരെ സ്വീകരിക്കരുതെന്നു വ്യാം ക്ലെമെൻസ് മാപ്പ്ശ്ലീഹാ കല്പിച്ചിട്ടുണ്ടെന്നു മെനസീസു മെത്രാപ്പോലീത്താ പ്രസിദ്ധം ചെയ്തതും സ്വാർത്ഥത്തിനുതന്നെ നിമിത്തമാണു. പ്രധാന സംഗതികളും ഇപ്രകാരം വാസ്തവവിരുദ്ധമാണെന്നു തെളിയിച്ചതിന്റെ ശേഷം ക്രൊൻഒ ബെ ബൂളയിൽ പറഞ്ഞിട്ടുള്ള സംഗതികളും വാസ്തവവിരുദ്ധമാണെന്നു തെളിയിക്കാം. അബ്രാഹം മെത്രാൻ നെസ്തോറിയൻ ഇടത്തൊട്ട പഠിപ്പിക്കുന്നു എന്നു നാം എത്രയും ദുഃഖത്തോടെ കേട്ടിരിക്കുന്നു എന്നു ക്രൊൻഒ ലെ ബൂളയിൽ വ്യാം ക്ലെമെൻസു മാപ്പ്ശ്ലീഹാ പറഞ്ഞിട്ടുള്ളതായി മെനസീസു മെത്രാപ്പോലീത്താ പ്രസിദ്ധം ചെയ്തവല്ലോ. മാർ അബ്രാഹത്തിന്റെ ദീനകിടക്കയിൽ താൻ അതേവരയും പഠിപ്പിച്ച സത്യവിശ്വാ

സഭയിൽ തന്റെ ജനത്തെ നിലനിറുത്തുന്നത് ആ വഴിപിഴക്കോട്ടുസെമിനാരിയിലുള്ള ഒരംശം സഭക്കാരെ വിളിച്ചുവരുത്തി, അവരുടെ മുമ്പിൽ വച്ചു തന്റെ പട്ടക്കാരോടെല്ലാം ഉപദേശിച്ചതു ഫ്രാൻസിസ്കൻ ഉപയോഗത്തിനായി എഴുതിയിടണമെന്നു കല്പിച്ച വിവരങ്ങൾ ഒരു പുസ്തകം ൧൦ പ്രകരണത്തിൽ പയോസ് ഞാറിയുടെ ചരിത്രത്തിൽ നിന്നും എടുത്തു ചേർത്തിട്ടുള്ളതു ൧൨-ം ൧൩-ം പുറങ്ങൾനോക്കുക. പള്ളിനിയമങ്ങളിൽ ബോധിപ്പിച്ചിരുന്ന സംശതികളിൽ കാതലിന്നു അടുത്തപ്രായശ്ചിത്തമായ ഒബ്ലൈഥസ്യാ, അല്ലെങ്കിൽ സുബ്ലൈസ്യാ ഉണ്ടായിരുന്നാൽ അതു സംബന്ധമായി, കൊടുക്കുന്ന കല്പന വാസ്തവമല്ലെന്നുണ്ടു. അബ്രാഹം മെത്രാൻ ഇടത്തുടപറിപ്പിച്ചിരിക്കെ, അദ്ദേഹത്തെ സംബന്ധിച്ചു ബോധിപ്പിച്ച അതുവരാധിക്കുള്ള മറുപടി എങ്ങിനെ സാധുവാകും? ആ കല്പന വിചാരണകഴിഞ്ഞു റിപ്പോർട്ടു ചെയ്യണമെന്നു മാത്രമാണു. ആ റിപ്പോർട്ടിന്റെ ശേഷം മാർപ്പാപ്പാ അബ്രാഹംമെത്രാപ്പോലീത്തായെ കുറകാരനായി വിധിച്ചതിന്റെ ശേഷംമാത്രമെ അബ്രാഹം മെത്രാപ്പോലീത്തായെയോ അദ്ദേഹത്തിന്റെ ശ്ലീഹാ സംബന്ധിച്ചോ, എന്തെങ്കിലും ഏർപ്പാടുചെയ്യാൻ പാടൊള്ളു. എന്നാൽ വിചാരണയുടെ കാലത്തു അബ്രാഹം മെത്രാപ്പോലീത്താ രോഗബാധിതനായിരുന്നതിനാൽ വിചാരണയൊന്നും നടന്നില്ലെന്നും അബ്രാഹം മെത്രാൻ ദീനത്തിലാണെന്നു മാത്രമെ റിപ്പോർട്ടു ചെയ്തിട്ടുള്ളു എന്നും ലത്തീൻ ചരിത്രങ്ങളിൽകാണുന്നു. അതുമല്ലാ. ഫ്രൻസ് മകരം ൨൨-ാനു യിലെ വ്യാംക്ലേമൻസു മാർപ്പാപ്പായുടെ രണ്ടാമത്തെ തിരുവെഴുത്തുകൊണ്ടും അബ്രാഹം മെത്രാൻ രോഗബാധിതനായിരുന്നതിനാൽ അദ്ദേഹത്തിന്റെ മരണാനന്തരം പള്ളിനിയമപ്രകാരം ആ ശ്ലീഹത്തെ ഒരു മെത്രാനെ നിയമിക്കുന്നതുവരെ ഒരു വികാരി അപ്പസ്തോലിക്കായെ വേണ്ട അധികാരത്തോടുകൂടി നിശ്ചയിക്കണമെന്നുമാത്രം കല്പിച്ചിട്ടുള്ളതുകൊണ്ടും അബ്രാഹംമെത്രാൻ ഇടത്തുടപറിപ്പിച്ചു എന്ന സംശതിയാകട്ടെ, അദ്ദേഹത്തിന്റെ കുറകരമായ ജീവിതമാതൃകയെ തീച്ചപ്പെട്ടിട്ടില്ല. ആയതിനാൽ മേൽവിവരിച്ച അധികാരപത്രങ്ങളും രണ്ടും മെനസീസ മെത്രാപ്പോലീത്താ അങ്കമാലിശ്രുതിയിൽ ചെയ്ത ഭേദഗതികളുടെ അദ്ദേഹത്തിനെ അധികാരപ്പെടുത്തീട്ടില്ല എന്നു പ്രത്യക്ഷപ്പെടുന്നു. പലകാരണങ്ങളും നിമിത്തം ഈനാമത്തെ കല്പന നടപ്പിൽ വന്നില്ല. അതിനാൽ രണ്ടാമത്തെ കല്പന മാത്രമെ മെനേസീസു മെത്രാപ്പോലീത്തായെ ബാധിക്കുന്നൊള്ളു. ഒരു വികാരി അപ്പസ്തോലിക്കായെ നിയമിക്കാനുള്ള അധികാരം മാത്രമെ രണ്ടാമത്തെ കല്പനകൊണ്ടു മെനേസീസു മെത്രാപ്പോലീത്തായ്ക്കു സിദ്ധിച്ചിരുന്നൊള്ളു എന്നു ഉദിയമ്പേരൂർ സൂനഹദോസു വിളംബരംകൊണ്ടു കാണുന്നു. ശുദ്ധ. സിംഹാസനത്തിന്റെ കല്പനയെലംഘിച്ചതു അബ്രാഹം മെത്രാൻ അകന്നു എന്നു പറഞ്ഞിട്ടുള്ളതു അദ്ദേഹമല്ല.

മെനസീസു മെത്രാപ്പോലീത്തായാണെന്നു കാണിക്കാം. ഇതിൽ മകരം വ-ാം ക്ലെമൻസു മാപ്പിപ്പാ അയച്ച എഴുത്തിൽ, പട്ടാംശംപ്രവർത്തിച്ച ക്രമാനുസരണം പ്രത്യേകം മടക്കീട്ടുണ്ടായിരുന്ന (Appendix 134) എന്നാൽ മെനസീസുമെത്രാപ്പോലീത്താ മലയാളത്തിൽ വന്നശേഷം സുറിയാനിക്കാരുടെ പലപള്ളികളിൽ വച്ചും സുറിയാനിക്കാരുടെ പട്ടംകൊടുത്തതായിട്ടു റോമൻമതലായ ചരിത്രകർത്താക്കൾ പ്രസ്താവിച്ചിട്ടുണ്ട്. ഒരു കൃത്യം വ-ാം ക്ലെമൻസു മാപ്പിപ്പായുടെ കൽപ്പനയ്ക്കു വിപരീതമായി പ്രവർത്തിക്കപ്പെട്ടിട്ടുള്ളതിനുംപുറമെ, ഒരു പുസ്തകം ൧൮-ാം ഭാഗം ൧൦-ാം പ്രകരണം൨-ാം വക്കാ ൧൩-ാം പുറത്തിൽ കാണിച്ചിട്ടുള്ളതുപോലെ ഞങ്ങൾ യോക്കന്റെ മുമ്പിൽ വച്ചു മെത്രാന്മാർക്ക് അർഹതയുള്ള പട്ടംകൊടുക്കൽ മുതലായതു താൻ നടത്തുകയില്ലെന്നു മെനെസീസു മെത്രാപ്പോലീത്ത എഴുതിക്കൊടുത്ത വാഗ്ദത്തപത്രത്തിനുശേഷമായിരുന്നു. "സുബസീദിയും ഞാല്ബുള്ളോറിയും" എന്നപുസ്തകം ൩൨-ാം പുറത്തിൽ ഒലിവെയിരാ മെത്രാൻതന്നെ റോമാ മാപ്പിപ്പായുടെ അനുമതിക്രമാതെ അനേകം പ്രവർത്തികൾ മെനേസീസുമെത്രാപ്പോലീത്താ ചെയ്തിട്ടുള്ളതിനെ കണ്ടുപരിഭ്രമിച്ചു അവയെമറെക്കുന്നതിനു ഇപ്രകാരം പറഞ്ഞിരിക്കുന്നു. (മെനേസീസുമെത്രാപ്പോലീത്താ) ശുദ്ധ. സിംഹാസനത്തിന്റെഅധികാരത്തിനുകീഴ്വഴങ്ങിയിരുന്ന മെത്രാപ്പോലീത്തായുടെ ലാക്കുനന്നായിരുന്ന മെനേസിസുമെത്രാപ്പോലീത്താ മലയാളത്തിൽവരുന്നതിനുമുമ്പു പ്രഥമമായിട്ടും പെട്ടന്നുള്ളതുമായ അദ്ദേഹത്തിങ്കൽ ഭയാധാ. മലയാളക്രമത്തെമുഴുവനായി നീക്കി, ലത്തീൻക്രമത്തെ സ്ഥാപിക്കണമെന്നായിരുന്നു. എന്നാൽകാര്യങ്ങൾ കുറെക്കൂടിനല്ലവണ്ണം മനസ്സിലായപ്പോൾ ആയതു മാറ്റി അപ്രകാരംതന്നെമലയാളപ്പള്ളിക്കു വത്തീൻ മര്യാദക്രമത്തെ നിയമിക്കണമെന്നായിരുന്നു" (Appendix 135) പട്ടം കൊടുത്തുക്രമത്തെന്നു പ്രത്യേകം പറഞ്ഞിരുന്നപ്പോൾ, അതിനു വിപരീതമായിപട്ടം കൊടുത്തതു ശുദ്ധ. സിംഹാസനത്തിന്റെഅധികാരത്തിനുശരിയായതല്ലെന്നു ഒലിവെയിരാമെത്രാൻതന്നെ സമ്മതിക്കുന്നു! മലയാളപ്പള്ളിയുടെ ക്രമംമാറ്റി വത്തീൻക്രമം ഏർപ്പെടുത്തുന്നതിനുംസുറിയാനിമെത്രാനെമാറ്റിലത്തീൻമെത്രാനെനിയമിക്കുന്നതിനുംമെനസീസുമെത്രാപ്പോലീത്തായ്ക്കു അധികാരമുണ്ടായിരുന്നൊ? അധികാരമില്ലാതെപ്രവൃത്തിചെയ്വാൻതുനിയുന്നവൻ പ്രമാണലംഘനൻ അല്ലയൊ? (ക)ഇനിപറ ശോധിക്കേണ്ടതുദിയമ്പേരൂർ സുനഹദോസിന്റെവിചാരിപ്പിനുതന്റെ വിശദീകരണബുക്കിലും സുബ്സിദിയും അഞ്ഞ്ബുള്ളോറിയും എന്ന പുസ്തകത്തിലും ൧൦—ാം പുറത്തിലും ൯ ൧൪ പ്യൂസു മാപ്പിപ്പാ

(ക) മെനേസീസു മെത്രാപ്പോലീത്തായുടെ പെട്ടന്നുള്ള അഭിപ്രായവും നിശ്ചയവും മലയാളപ്പള്ളിയുടെ ക്രമം മാറ്റി ലത്തീൻക്രമം സ്ഥാപിക്കണമെന്നും ലത്തീൻ മേൽപ്പട്ടക്കാരനെ ഏർപ്പെടുത്തണമെന്നും ആയിരുന്നു. അതിനാൽ അദ്ദേഹംപെട്ടന്നുണ്ടാകുന്ന വിചാരം അനുസരിച്ചു പ്രവർത്തിക്കുന്ന വിചാരബുദ്ധിയില്ലാത്ത അവിവേകിയായിരുന്നു എന്നു ഒലിവെയിരാ മെത്രാൻതന്നെ സമ്മതിക്കുന്നു

യുടെ ഒരെഴുത്തു ചേർത്തിട്ടുള്ളതിനെയാകുന്നു. "ഭാഗ്യസ്മാരകനായ നമ്മുടെ പുരോഗാമി വ—ാം ക്ലേമൻ പിതാവിന്റെ അധികാരപ്രകാരം ഫിൽപ്പിയിൽ ഉദിയന്പേരുർ സൂനഹദോസുകൂടി" എന്നെഴുതിയിരിക്കുന്നു. (Appendix 136) വ്യാം ക്ലേമൻസു മാർപ്പാപ്പായുടെ അധികാരപ്രകാരമാണു മെനസീസുമെത്രാപ്പോലീത്താ ഉദിയന്പേരുർ സൂനഹദോസു വിളിച്ചു കൂട്ടിയതെന്നു വ—ാം പീയൂസു മാർപ്പാപ്പായുടെ ഒരു സാക്ഷി ഒലിവെയിരാമെത്രാൻ എടുത്തുകാണിക്കുന്നു. എന്നാൽ വ—ാം ക്ലേമൻസു മാർപ്പാപ്പാ അയച്ചിട്ടുള്ള അധികാരപത്രങ്ങൾ രണ്ടും മുൻചൊന്നിട്ടുള്ളതിൽ നിന്നും സൂനഹദോസു വിളിച്ചു കൂട്ടുന്നതിനു മെനേസീസു മെത്രാപ്പോലീത്തായ്ക്കു സിദ്ധിച്ചിരുന്ന അധികാരം വെളിപ്പെട്ടുവല്ലൊ? വ-ാം ക്ലേമൻസു മാർപ്പാപ്പായുടെ കല്പനപ്രകാരമാണ് ഉദിയംപേരുർ സൂനഹദോസു വിളിച്ചുകൂട്ടപ്പെട്ടതെന്നു ൻ-ാം പീയൂസു മാർപ്പാപ്പാ പറഞ്ഞിരിക്കുന്നു എന്നാണ സാക്ഷിപത്രം. മുൻഅധികാരിയുടെ ആജ്ഞാവാദം കൂടാതെയൊ സ്വയേച്ഛയായ ഒരു പ്രവൃത്തി പിൻവരുന്ന അധികാരി മുന്നധികാരിയുടെ ആജ്ഞാവാദത്തോടുകൂടി ചെയ്യപ്പെട്ടതെന്നു പറഞ്ഞാൽ അതുകൊണ്ടു, മുൻചൊന്നേതായ പ്രവൃത്തി പ്രമാണലംഘനീയമല്ലെന്നു വരുമൊ? വ-ാം ക്ലേമൻസു മാർപ്പാപ്പാ ഏ.ഡി. ൧൦൦-ാം ആണ്ടിലും, ൻ—ാം പീയൂസു മാർപ്പാപ്പാ ഏ.ഡി. ൧൫൦-ാം ശതാബ്ദത്തിലും ജീവിച്ചിരുന്നവരാണു. തന്റെ അധികാരം വിട്ടു മെനേസീസു മെത്രാപ്പോലീത്താ സുറിയാനിപുള്ളിയിൽ പ്രവർത്തിച്ചിട്ടുള്ളതെല്ലാം, മനപൂർവമായും കരുതലോടുകൂടിയും ചെയ്തിട്ടുള്ളതാണെന്നു തെളിയിക്കാം. "മെനസീസു മെത്രാപ്പോലീത്താ മലയാളത്തിൽ വരുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിന്റെ പ്രഥമമായതും പെട്ടന്നുണ്ടായതും അതി കരുതൽ മലയാളക്രമം മറ്റിലത്തിൽ ക്രമംസ്ഥാപിക്കണമെന്നായിരുന്നു. കുഴുങ്ങളുടെ കിടപ്പു നല്ലപോലെ മനസ്സിലായപ്പോൾ ആ വിചാരത്തെ പിൻവലിച്ചു. അദ്ദേഹത്തിന്റെ ലാക്കുനന്നായിരുന്നു" എന്നാണല്ലൊ ഒലിവെയിരാമെത്രാൻ തന്നെ പറഞ്ഞിരിക്കുന്നതു. അതുകൊണ്ടു അദ്ദേഹത്തിന്റെ പ്രവൃത്തിലക്ഷ്യമായിപ്പോയി എന്നു ഒലിവെയിരാ മെത്രാൻതന്നെ സമ്മതിക്കുന്നുണ്ടു. ഒലിവെയിരാ മെത്രാന്റെ സുബ്സിദിയും അദ്ബുള്ളാറിയും എന്ന പുസ്തകം ക്രി.പി. ക്രി.പി. പുങ്ങളിൽ മെനസീസ് മെത്രാപ്പോലീത്താ റോമയിൽ താമസിച്ചിരുന്ന ഓർഗ്ഗം പാതിയർക്കീസിനു ഫിൽപ്പോ—ധന്യൻ-ാം എഴുതിയ എഴുത്തു ചേർത്തിട്ടുണ്ടു. ഫിൽപ്പോ—മകരം ക്രി.പി. വ-ാം ക്ലേമൻസു മാർപ്പാപ്പാ മെനസീസു മെത്രാപ്പോലീത്തായ്ക്കു രണ്ടാമതൊരു അധികാരപത്രം അയച്ച ക്രി.പി. മാസം കഴിഞ്ഞശേഷം എഴുതീട്ടുള്ള എഴുത്താണിതു. മലയാളപുള്ളിയിന്മേൽ തനിക്കു സിദ്ധിച്ചിട്ടുള്ള അധികാരം ഈ വിധമെന്നു മെത്രാപ്പോലീത്താ ആ എഴുത്തിൽ ഏറ്റവും പറയുന്നുണ്ടു. നമ്മുടെ സത്യാവസ്ഥയെ തെളിയിക്കുന്നതായ ആ എഴുത്തിന്റെ പ്രധാന സംഗതികളെ എടുത്തുപറയാം. റോമായിൽ താമ

സിറിച്ചിരുന്ന ഓർശ്ലീം പാത്രിയർക്കീസിനെഴുതിയിട്ടുള്ള തെന്തെന്നാൽ, ഗോർഗ്ഗോസ് മെത്രാപ്പോലീത്താ മരിച്ചേടത്തു എന്നുള്ള പേടികൊണ്ടു അങ്കമാലിപ്പള്ളിയുടെ ഭരണം സംബന്ധിച്ചു പരിശുദ്ധ പിതാവു ഇനിക്കൊരു 'ബ്രെവ്' എഴുത്തിനെ അയച്ചിട്ടുള്ളതായി താങ്കൾ എന്നെ അറിയിച്ചിട്ടുള്ള മറൊരു എഴുത്തിൽ പറയുന്നതു മുമ്പൊരിക്കൽ സംഭവിച്ചതുപോലെ അവക്ലാന്ത്യൂ, പാത്രിയർക്കീസ് ഈ പള്ളിക്കായ്ം അനേഷിക്കുന്നതിന്നിടവന്നേക്കുമെന്നാണു... (അതായതു അങ്കമാലിപ്പള്ളിക്കു മെത്രാനെ അയയ്ക്കണമെന്നാണു)...അതിരുവെഴുത്തു എനിക്കു കിട്ടിയപ്പോൾ മെത്രാപ്പോലീത്താ മരിച്ചിരുന്നു. മെത്രാപ്പോലീത്തായുടെ മരണം നിമിത്തം ആ പള്ളിയുടെ ഭരണം അർക്കദിയാക്കോനൊറ കീഴാണു- ക്രിസ്ത്യാനികളെല്ലാം അദ്ദേഹത്തിനെ അനുസരിച്ചു നടന്നു കൊള്ളാമെന്നു സത്യം ചെയ്തിരിക്കുന്നു... ശ്ലൂ. സിംഹാസനം ഒരു സുറിയാനി മേല്പട്ടക്കാരനെ അയക്കാമെങ്കിൽ തങ്ങൾ അദ്ദേഹത്തിനെ അനുസരിക്കാമെന്നും ലത്തീൻമേല്പട്ടക്കാരനായാൽ(സാരമായിട്ടുള്ള സംശയം ഇതത്രെ) അദ്ദേഹത്തിന്റെ (അർക്കദിയാക്കോനൊറ) ആജ്ഞാവചനം അനുസരിക്കുമെന്നു പല പട്ടക്കാരോടുകൂടി ആ ജനം ഒരു സത്യം ചെയ്തിട്ടുണ്ടായിരുന്നു. അവിടെ ഉണ്ടായിരിക്കുന്ന ഇടത്തുട്ടു തിന്മകളും നീക്കുന്നതിനു ഒരു ഗവർണ്ണരെ വെയ്ക്കുന്നതിനു ഞാൻ കരുതുന്നില്ല. ഞാൻ തന്നെപോയി എല്ലാ പള്ളികളേയും സന്ദർശിച്ചു, ഒരു സുനഹദോസ് കൂടി ശ്ലൂ സിംഹാസനം കൊടുക്കുന്ന മേൽ പട്ടക്കാരനെ അംഗീകരിച്ചുകൊള്ളാമെന്നു സത്യം ചെയ്യിച്ചുകൊള്ളാം. ഇതുവരെയും ആ പള്ളിക്കു മെത്രാൻ ഉണ്ടായിട്ടില്ല. തുലാമാസം വരെ ഒരു പള്ളിക്കു മെത്രാൻ വരുമെന്നു ഞാൻ നോക്കിയിരിക്കാം. ഇങ്ങനെ വരുന്നപക്ഷം എളുപ്പമായിട്ടു അദ്ദേഹത്തിനെ തന്റെ മെത്രാസനത്തിലേക്കു കൊണ്ടുചെന്നാക്കാമെന്നു ഞാൻ കരുതുന്നു. ഒരുശോ സഭക്കാരിൽ ഒരുവനെ ഒരു പള്ളിക്കു മെത്രാനായി നിയമിക്കുന്നതു പ്രയോജനകരമായിരിക്കും. സുറിയനി ഭാഷക്രമേണ ഇല്ലാതെയാക്കണമെന്നുള്ള കല്പനയോടുകൂടി ആ മെത്രാനെ നിയമിക്കണം. ഒരു മെത്രാസനം കൊച്ചിമെത്രാസനത്തിന്നരികെ ആകയാൽ ഒരു ശോവപട്ടണത്തിന്റെ വശതിയിൽ ഇരിക്കയും വേണം. അങ്ങിനെ വിചാരിച്ചിരുന്നതുപോലെ അവക്ലാന്ത്യൂ പാത്രിയർക്കീസ് ഇതുവരെ ഒരു പള്ളിക്കു മെത്രാനെ അയച്ചിട്ടില്ല. എന്നാൽ അദ്ദേഹത്തിനേക്കാൾ വളരെ മോശക്കാരനും; തെറ്റും അറിവില്ലായ്മയും നിറഞ്ഞവനും പ്രസിദ്ധ നെസ്റോറിയൻ ഇടത്തുട്ടുകാരനും അയ ബാബേൽ പാത്രിയർക്കീസു അതെ ഇവിടേയ്ക്കു മെത്രാന്മാരെ അയക്കുന്നതു. ഇദ്ദേഹം അനേകം തെറ്റുകളോടുകൂടി കുമ്പസാരമെന്ന ക്രുദാശക്രുടിയും നിഷേധിക്കുന്നു. പ്രസിദ്ധനായ ശീശ്മക്കാരനാകുന്നു. മരിച്ച മെത്രാപ്പോലീത്തായും അസ്ഥിതിക്കാനായിരുന്നു എന്നും കുമ്പസാരിക്കുന്നതിനു മനസ്സില്ലാതെ മരിച്ചു എന്നും ഒരുപ്പിടെ ശ്ലൂ

സിംഹാസനം കല്പിച്ച യൂബിലേവു അദ്ദേഹത്തിന്റെ ശുപതയിൽ പ്രസിദ്ധം ചെയ്യാൻ മനസ്സില്ലായിരുന്നു എന്നും ഞാൻ അറിയുന്നു. മെനസീസു ഒമെത്രാപ്പോലീത്തായുടെ എഴുത്തിന്റെ സാരാംശങ്ങളാണു ഇതു യും. വും ക്ലേമെൻസ് മാപ്പുപ്പായുടെ തിരുവെഴുത്തുമൂലം മെനസീസു ഒമെത്രാപ്പോലീത്തായ്ക്കു സിദ്ധിച്ച അധികാരവും, തോമാനസ്രാണികൾക്കും, അബ്രാഹംമെത്രാപ്പോലീത്താ, അലക്സാന്ത്രാ പാത്രിയർക്കീസു, ബാബേൽ പാത്രിയർക്കീസു, ഇവരെ കുറിച്ചും തിരുസ്സഭയുടെ കാനോനാകൾ സംബന്ധിച്ചും അദ്ദേഹത്തിനുള്ള അറിവുകളും ഇതിൽ നിന്നും പ്രത്യക്ഷപ്പെടുന്നു. "അബ്രാഹം മെത്രാൻ വാർദ്ധക്യം നിമിത്തം മരിച്ചു പോയേക്കുമെന്നുള്ള ഭയത്താൽ അവിടെ ഒരു ഗവർണ്ണരോരെ അയക്കുവാൻ മാത്രമെത്രനോടു കല്പിച്ചിട്ടുള്ളൂ" എന്നു മെനേസീസുമെത്രാൻ തന്നെ സമ്മതിക്കുന്നു. ഒരു തിരുവെഴുത്തു രണ്ടാമത്തെതാണു. ഒന്നാമത്തെതിരുവെഴുത്തു ൻ്റെ ലും രണ്ടാമത്തേതു ൻ്റെ ലും ഇങ്ങനെ രണ്ടുവർഷം ഇടവിട്ടാകയാലും സാക്ഷ്യങ്ങളെ കൊണ്ടും ഒന്നാമത്തെ തിരുവെഴുത്തു മൂലം സിദ്ധിച്ച അധികാരം നശിച്ചു പോയിരുന്നു. അബ്രാഹം മെത്രാന്റെ കുറവു പരിശോധിക്കുന്നതിനു അധികാരപ്പെടുത്തിയാണു ആദ്യത്തെ എഴുത്തു. കുറവു പരിശോധിച്ചു തീർച്ചയാക്കപ്പെട്ടിട്ടില്ല എന്നു മാത്രമല്ലാ അബ്രാഹം മെത്രാന്റെ മരണത്തിന്റെ ഭയംകൊണ്ടു എന്നു മെനസീസു മെത്രാപ്പോലീത്താ തന്നെ പറഞ്ഞിരിക്കുന്നതിനാൽ അബ്രാഹം മെത്രാൻ കുറവുകാരനായില്ല എന്നുമാത്രമല്ല അദ്ദേഹം നിർദ്ദോഷിയാണെന്നുകൂടിയും അനുമാനിക്കേണ്ടിയിരിക്കുന്നു. മോശക്കാരൻ മരിച്ചുപോകുന്നതു കൊണ്ടു ഭയപ്പെടുവാനില്ലല്ലൊ? അലക്സാന്ത്രാ പാത്രിയർക്കീസു ഒരിക്കലെങ്കിലും അങ്ങുമിങ്ങുമുള്ളിക്കു മെത്രാനെ അയക്കിട്ടില്ലാത്തതുകൊണ്ടു മെനെസീസ് മെത്രാപ്പോലീത്ത, ഇതു അടുത്തിരുന്നും കൊണ്ടു, ഇതു മഹാ മൂഢതയോടെ റോമാ സിംഹാസനത്തെ അറിയിച്ചതിനാൽ, ഇദ്ദേഹവും ഇദ്ദേഹത്തിന്റെ കൂട്ടരും എഴുതിയിട്ടുള്ള കാര്യങ്ങളും എല്ലാം ഇതുപോലെ തന്നെയാണെന്നു വായനക്കാക്കല്പ്പുവർക്കും ബോധിക്കാവുന്നതാണു. "മെത്രാപ്പോലീത്താ മരിച്ചുപ്പോൾ അങ്ങുമിങ്ങുമുള്ളി അയക്കിടിയോക്കന്റെ ഭരണത്തിൻകീഴായി" — ഇതു തെറ്റായിപ്പോയി എന്ന ഭാവത്തിൽ എഴുതീട്ടുള്ളതു പാളിനിയമം അറിവില്ലായ്കകൊണ്ടല്ലയൊ? മെത്രാൻ മരിച്ചാൽ ആ ശുപതയ്ക്കധികാരി വികാരി ജനറാൾ അല്ലയൊ? മലങ്കര ശുപതയുടെ വികാരിജനറാൾആക്കീടിയാക്കോൻ ആയിരുന്നു. "ശ്ലൂ. സിംഹാസനം സുറിയാനിമേൽപട്ടക്കാരനെ കൊടുക്കുന്നുവെങ്കിൽ തോമാനസ്രാണികൾ അംഗീകരിക്കും. ലത്തീൻമേൽപട്ടക്കാരനാണെങ്കിൽ അവർ അംഗീകരിക്കയില്ല" എന്നുമെനേസീസ് മെത്രാപ്പോലീത്താ ഏറ്റു പറഞ്ഞിട്ടുള്ളതുകൊണ്ടുതന്നെ, തോമാനസ്രാണികൾ റോമൻകത്തോലിക്കാ ഐക്യതയിൽ ഉൾപ്പെട്ടവരും ശ്ലൂ. മാപ്പുപ്പായ്ക്കു അനുസരണയുള്ളവരും ആണെന്നു മെനസീസ് മെത്രാപ്പോലീത്താക്രുടിയും സമ്മ

തിക്കുന്നില്ലെ? നെസ്തോറിയൻ മെത്രാനെ അല്ലാ അവർ ആഗ്രഹിച്ചതു: അവരുടെ ക്രമപ്രകാരമുള്ള മെത്രാനെയാണ് അവർ ആവശ്യപ്പെട്ടതു. അവരുടെ അപേക്ഷപ്രകാരം ചെയ്യുന്നതിനു റോമാപ്പള്ളിയുടെ നിബന്ധനകൾ നിർബന്ധിക്കുന്നുമുണ്ടു. ആ നിയമങ്ങൾ അനുസരിച്ചു സുറിയാനിക്കാർ തങ്ങളുടെ ക്രമപ്രകാരമുള്ള ഒരു സുറിയാനിമെത്രാനെ ആഗ്രഹിച്ചതും ഒരു ലത്തീൻമെത്രാനെ വെറുത്തതും, മാപ്പ്ലായുടെ കൽപനകൾക്കു വിരോധമല്ലെങ്കിൽ, പ്രമാണലംഘനമായ പ്രവൃത്തിയല്ല- "മലയാളപള്ളിക്കു ഒരു വികാരിയുപ്പോസ്തൊലിക്കായെ നിശ്ചയിക്കാതെ മെനേസീസ് മെത്രാപ്പൊലീത്താതന്നെ പോകാമെന്നു കരുതി" മെനേസീസു മെത്രാപ്പൊലീത്തായ്ക്കു സിദ്ധിച്ച അധികാരപത്രത്തിൽ വികാരി അപ്പൊസ്തൊലിക്കായെ നിയമിക്കണമെന്നല്ലാതെ,താൻതന്നെ പോകണമെന്നു കല്പിച്ചിട്ടുണ്ടൊ? റോമാപ്പള്ളിയുടെ നിയമങ്ങൾ അനുസരിച്ചു ഒരു മെത്രാൻ തന്റെ രൂപതകാര്യങ്ങളെ വിട്ടുംവച്ചുപോകണമെങ്കിൽ ശ്രീ. സിംഹാസനത്തിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. മെനസീസ് മെത്രാപ്പൊലീത്തായിക്കുള്ള കല്പനയിൽ, ഒരാളിനെ നിയമിക്കണമെന്നല്ലാതെ, അദ്ദേഹംതന്നെ പോകണമെന്നു ആവശ്യപ്പെട്ടിട്ടില്ല- അന്യരൂപതയിൽ സൂനഹദോസ് കൂടുന്നതിനും പ്രത്യേക കല്പന ആവശ്യമാണ്- അപ്രകാരം ഒരു കല്പന മെനസീസ് മെത്രാപ്പൊലീത്തായിക്കു സിദ്ധിച്ചിട്ടില്ലായിരുന്നു. താൻ സൂനഹദോസ് കൂടുവാൻ വിചാരിക്കുന്നു എന്നു മാപ്പ്ലാപ്പായെ അറിയിക്കയാണു ചെയ്തതു. റോമാപുരിക്കു എഴുതി അയച്ചിരുന്ന സംഗതികൾക്കു മറുപടി കാണാഴികയാൽ സ്വയമായി പ്രവൃത്തിപ്പാൻ തുടങ്ങി. ടി. എഴുത്തു റോമാപുരിക്കയച്ചു ഏഴു മാസങ്ങൾക്കു ശേഷമാണു സൂനഹദോസ് വിളിച്ചുകൂട്ടിയതു. മാപ്പ്ലാപ്പായുടെ കല്പനപ്രകാരമാണു മേൽപ്രകാരമുള്ള കാര്യങ്ങൾ നടത്തിയതു എങ്കിൽ അബ്രഹാം മെത്രാൻ മരിച്ചയുടനെ അവയെ നടത്തേണ്ടിയിരുന്നു. അപ്രകാരം നടത്തിയതു രണ്ടു വർഷം കഴിഞ്ഞിട്ടാണ്. "തുലാമാസം വരെ ഈ പള്ളിക്കു വരുന്ന മെത്രാനെ ഞാൻ പാർത്തിരിക്കും"— അതിനാൽതന്നോടു കല്പിക്കപ്പെട്ടിരുന്നവ അതേവരെയും നടത്തുന്നതിനു മെനസീസ് മെത്രാപ്പൊലീത്താ കരുതിയിരുന്നില്ല. ഒരു പള്ളിക്കു വരുന്ന മെത്രാനെ തുലാമാസംവരെ പാർത്തിരിക്കുമെന്നു പറഞ്ഞതിനു വിപരീതമായിട്ടു മെനസീസുമെത്രാൻ പ്രവർത്തിച്ചുതായി പോർട്ടുഗീസു ചരിത്രക്കാർ കൂടി പറയുന്നുണ്ടു. ഈ പള്ളിക്കായി വരുന്ന മെത്രാനെ അങ്ങോട്ടു വിടാതിരിക്കുന്നതിനു ഗോവാ വൈസ്രായിയുടെ കല്പനകൊണ്ടു എല്ലാതുറമുഖങ്ങളിലും മെനസീസുമെത്രാൻശട്ടംകെട്ടുകയും കാവലാക്കുകയും മുൻപറഞ്ഞ പുസ്തകം ൨൨൯-ാം പുറം പോർട്ടുഗീസു ചരിത്രക്കാരിൽനിന്നുസാക്ഷിച്ചിരിക്കുംപ്രകാരം മാർ അബ്രാഹം മെത്രാന്റെ അപേക്ഷ അനുസരിച്ചു ബാബെലിൽനിന്നും കത്തോലിക്കാ പാത്രിയാക്കീസു അയച്ച ഒരു മെത്രാനെയും പട്ടക്കാരനേയും ഓർമൂസിൽവച്ചു പോർട്ടുഗീസുകാർ തട്ട

കയും അവരെ സ്വന്ത നാട്ടിലേക്കുതന്നെ തിരികെ അയക്കയും ചെയ്തു. സുറിയാനിഭാഷ ക്രമേണ ഇല്ലാതാക്കണമെന്നു കല്പിക്കണം" എന്നു മെനേസീസ് മെത്രാപ്പോലീത്താ ആവശ്യപ്പെട്ടിരിക്കുന്നു— അതിനാൽ ഇതു വ്യാം ക്ലെമെൻസ് മാപ്പാപ്പായുടെ കല്പനയോ മനസ്സോ ആണോ?- ൧ള്ളിക്കുടുന്ത ക്രമം മാറുന്നതിനു മെത്രാന്മാർക്കു അധികാരമുണ്ടോ? അനുക്രമം മാറുന്നതിനോ നീക്കുന്നതിനോ, ഒരു മെത്രാനും ഒരിക്കലും പാടില്ലാത്തതാകുന്നു. പ്രസ്തുത സംഗതി ൦രം പുസ്തകം ൧-ാം ഭാഗം, ൯-൦ ഖണ്ഡം-൦ പ്രകരണങ്ങളിൽ മാപ്പാപ്പാമാരുടെ നിയമങ്ങൾകൊണ്ടുതന്നെ വേണ്ടവിധം തെളിയിച്ചിട്ടുണ്ടു. (൯൦—മുതൽ പുറങ്ങൾ നോക്കുക) കിഴക്കൻ ക്രമങ്ങളെ കാത്തു രക്ഷിക്കുന്നതിനു വ്യാം ക്ലെമെൻസ് മാപ്പാപ്പാ പ്രത്യേകം ശ്രമം ചെയ്തിട്ടുണ്ടു. വ്യാം ക്ലെമൻസ് മാപ്പാപ്പാ, മലയാള പള്ളിയുടെ കിഴക്കൻക്രമത്തെ മാറുന്നതിനു സ്വപ്നത്തിൽ പോലും സമ്മതിച്ചിട്ടില്ല. സമ്മതിക്കയുമില്ലായിരുന്നു. ഇതുകൊണ്ടത്രെ, വ്യാംക്ലെമെൻസ് മാപ്പാപ്പാ, ക്രിൻ൭ മകരം ൨൩-ാംനു- കല്പിച്ചയച്ച തിരുവെഴുത്തിൽ പട്ടാമശം പ്രവൃത്തിക്കുന്നതെന്നു പ്രത്യേകം മുടക്കിയിരുന്നതു. അങ്കമാലി രൂപതയ്ക്കു നിയമിക്കപ്പെട്ടുന്ന വൈദീകൻ പാട്ടുണ്ടെങ്കിൽ സുറിയാനി ഭാഷാപരിജ്ഞാനമുള്ളവനായിരിക്കണമെന്നും പ്രത്യേകം കല്പിച്ചിട്ടുണ്ടായിരുന്നു. മെനേസീസു മെത്രാപ്പോലീത്താ ശ്ലൂ൦. സിംഹാസനത്തിനു വളരെ അനുസരണയുള്ളവനായിരുന്നെന്നാണ ഒലിവെയിരാമെത്രാൻ അഭിപ്രായപ്പെടുന്നതു! സുബ്ബ് സീദിയും എന്ന പുസ്തകത്തിൽ മെനെസീസു മെത്രാപ്പോലീത്തായുടെ ക്രിൻ൭ ധനു ക്രൻ—൨൩-യിലെ എഴുത്തിലെ ചിലഭാഗങ്ങളും തിരുസംഘങ്ങളുടെ തീരുമാനങ്ങളുടെ ചില ഭാഗങ്ങളും ഒലിവെയിരാ മെത്രാൻ വെക്കാതെ ഉപേക്ഷിച്ചുകളഞ്ഞതു എന്തെന്നു അറിയുന്നില്ലാ. സുറിയാനിഭാഷ നെസ്റ്റോറീസു ഇടത്തൂട്ട മുഴുവനും ഒഴുകിവരുന്ന ഒരു ജാലപാത്തി (തോട) ആകുന്നു എന്നു ഏറ്റം വലിയ ശ്ലൂഗതിയോടെ ദോം മെനേസീസു മെത്രാപ്പോലീത്തായും കൊച്ചീമെത്രാനും പറഞ്ഞിരിക്കുന്നു. എന്നാൽ നെസ്റ്റോറിയൻ ഇടത്തൂട്ട ആദ്യം ഉണ്ടായതു സുറിയാനിക്കാരാൽ അല്ലാ, പിന്നയൊഗ്രീക്കുകാരാൽ ആണു. ആയ്യ കൊൻസ്റ്റന്തീനോപ്പോളി പാത്രിയക്കീസായിരുന്ന നെസ്റ്റോറീസു എന്ന ആളാൽ ആണ ഉണ്ടായതു- യാതൊരു ഭാഷയാലും അല്ലല്ലൊ. സുബ്ബസീദിയും ൯൨—ാം പുറത്തിൽ ഒലിവെയിരാമെത്രാൻ പറയുന്നതായതു. മെനേസീസുമെത്രാപ്പോലീത്താ "മലയാളത്തു വരുന്നതിനുമുമ്പു അദ്ദേഹത്തിന്റെ ഒന്നാമത്തെതും പൊട്ടന്നുമുണ്ടായ വിചാരം മലയാള പള്ളിക്രമത്തെ അശേഷം നശിപ്പിച്ചിട്ടു അതിന്നുപകരം റോമാക്രമത്തെ സ്ഥാപിക്കണമെന്നും (എന്നാൽ പിന്നീടു കാര്യത്തിന്റെ വാസ്തവം അറിഞ്ഞപ്പോൾ ആ നിയോഗത്തെ താൻപിൻവലിച്ചു എന്നും) മലയാളപ്പള്ളിക്കു ലത്തീൻമെത്രാനെ (താൻ പിന്നീടു നടത്തിയതുപോലെ) നിയമിക്കണമെന്നും ആയിരുന്നു എന്നുതോന്നുന്നു."

മെത്രാപ്പോലീത്തായുടെ ഒരം നിയോഗം ശരിയായിരുന്നതും എന്നുമാത്രമല്ല ശ്ലൂ. സിംഹാസനത്തിന്റെ മനസ്സിനു കീഴവഴങ്ങുന്നതുമായിരുന്നു. ആ സമയം ശ്ലൂ. സിംഹാസനത്തിന്റെ നിർബന്ധം അതായതു പൊതുവായി എല്ലായിടങ്ങളിലും റോമാപള്ളിക്രമം അനുസരിക്കണമെന്നായിരുന്നു. സാക്ഷാൽ ഫ്രഞ്ചും ഫ്ലൂ-ം എന്ന രണ്ടു യുഗങ്ങളിൽ പള്ളിക്രമങ്ങളുടെ തുകയുടെ പെരുപ്പം നിമിത്തം പടിഞ്ഞാറും കിഴക്കുംവലിയപിശകുകൾ ഉണ്ടായിരുന്നു. ഇതിനാൽ ഒരം സംഗതി ത്രെന്തോസു സൂനഹദോസിലേക്കു റിപ്പോർട്ടുചെയ്യപ്പെട്ടു. ശേഷവും. (Appendix 137) കൊച്ചീമെത്രാൻ ഇത്രഭോഷത്വങ്ങൾ അച്ചടിച്ചു പ്രസിദ്ധം ചെയ്തിരിക്കുന്നതിൽ അതിശയിക്കാതിരിക്കുന്നതെങ്ങിനെ? എന്തുകൊണ്ടെന്നാൽ പലസ്ഥലങ്ങളിലും അന്നു നടപ്പായിരുന്ന പലവക ലത്തീൻ പള്ളിക്രമത്തെക്കുറിച്ചു ത്രെന്തോസു സൂനഹദോസിൽ വിചാരിച്ചതിനെ കീഴ്ക്കൻ ക്രമത്തെക്കുറിച്ചായിരിന്നു എന്നു ഇതു വിചാരം കൂടാതെ കൊച്ചീമെത്രാൻ വ്യാഖ്യാനിച്ചിരിക്കുന്നതു വലിയ ഔശ്ചത്യം!! എന്നാൽ ഇതിനു അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന ദൃഷ്ടാന്തങ്ങൾ തന്നെ അദ്ദേഹത്തിന്റെ ന്യായത്തിനു ചേരുന്നില്ലെന്നും കാണ്മും വേറെയാകുന്നുവെന്നും ആക്ഷേപം തിരിയുന്നതാണ. എന്തെന്നാൽ തൊളൈദോ മിലാൻ എന്ന രണ്ടു പള്ളികളിൽ മാത്രം ആചരിക്കുന്ന മൊസാറാബിക്ക, അംബ്രൊസിയാൻ എന്നറിഞ്ഞുകൊണ്ടു ഒഴിച്ചു മറെറല്ലാ സ്ഥലങ്ങളിലും ഉണ്ടായിരുന്ന പള്ളിക്രമങ്ങളെനിത്തലാക്കിക്കൊണ്ട എല്ലാ ഇടത്തും റോമാപള്ളിക്രമം നടത്തുന്നതിനു തീരുമാനിക്കപ്പെട്ടു നടന്നുവരുന്ന എന്നു ഒലിവെയിരാ മെത്രാൻ സമ്മതിച്ചു പറഞ്ഞിരിക്കുന്നു. ഒരു ലത്തീൻ വൈദികനെ താൽകാലിക മേലന്വേഷണക്കാരനായി നിയമിക്കണമെന്ന വു-ാം ക്ലേമൻസു മാപ്പാപ്പാ കല്പിച്ചു എന്നുവന്നാലും അദ്ദേഹം സുറിയാനി ഭാഷാപരിജ്ഞാനമുള്ളവനായിരിക്കണമെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്. എന്നിരുന്നാലും, സുറിയാനിക്രമവും സുറിയാനിഭാഷയും ഇല്ലാതെയാക്കണമെന്നു റോമായ്ക്കു എഴുതിയിരുന്ന മെനസീസുമെത്രാപ്പോലീത്താ ശ്ലൂ. സിംഹാസനത്തിന്റെ ബോധത്തിനു അനുസരിക്കുമോ? മെനെസീസു മെത്രാപ്പോലീത്താ മലയാളത്തിൽ വന്നയാഗതാരു അനുവാദവും കൂടാതെ സുറിയാനിക്രമങ്ങളെ ഭേദപ്പെടുത്തി, ലത്തീൻ ക്രമങ്ങളെ സ്ഥാപിച്ചിട്ടുള്ളതു ഏതു അധികാരപ്രകാരമാണെന്നു ഒലിവെയിരാ മെത്രാൻ കാണിച്ചു തരട്ടെ. അപ്പോൾ മെനേസീസു മെത്രാപ്പോലീത്താ ശ്ലൂ. സിംഹാസനത്തിന്റെ ബോധത്തിനതക്കവണ്ണം പ്രവർത്തിച്ചു എന്നുസമ്മതിക്കാം. "ഒരം മെത്രാൻ കൊച്ചീമെത്രാസനത്തിനാരികെയിരിക്കുന്നതിനാൽ ഒരം ഗോവ പട്ടണത്തിന്റെ കീഴവരുതിക്കാരനായിരിക്കണം" എന്നെഴുതിയിരിക്കുന്നതിന്റെ താല്പര്യം ഒരം ത്രുപതഗോവമെത്രാസനത്തിനു കീഴായി സ്ഥാപിക്കണമെന്നാണന്നു പ്രത്യേകിച്ചു പറയണമൊ? ചുരുക്കിപ്പറയുന്നതായാൽ, പോർത്തുഗീസ്സുകാർ ഇവിടെ വന്നകാലം മുതൽ തോമാനസ്രാ

ണികളെ ലത്തീൻ ക്രമം അനുസരിപ്പിക്കണമെന്നും, അവരുടെ മേൽപ്പട്ടക്കാരനായി ലത്തീൻകാരനെ നിയമിക്കണമെന്നും ആയിരുന്നു അവരുടെ ഉദ്ദേശം. അതിനാൽ പ്രസ്തുതകാലത്തു ഗോവമെത്രാപ്പോലീത്താനിക്കുള്ള രാജാധികാരത്തോടുകൂടി, മലയാളത്തിൽ വന്നതിന്റെ പരിണാമമായി റോളന്റെ ചരിത്രത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, അജ്ഞാനിയായ കൊച്ചീരാജാവിനെ പോർത്തുഗൽ രാജാവിന്റെ ശക്തിപ്രാബല്യാദികളെ പ്രരേശിപ്പിച്ചു ഭയപ്പെടുത്തി, തോമാനസ്രാണികളെ കീഴടക്കി മുൻവിവരിച്ചപ്രകാരം ബലാൽകാരമായി ഒരു സൂനഹദോസുകൂട്ടുകയും ആ സൂനഹദോസിന്റെ ഫലമായി അദ്യാപിനില്പനിന്നവരുന്നയാക്കോബായ ഇടത്തുടിനെ ഇടയാക്കുകയും ചെയ്തു. മലയാളത്തിലെ സുറിയാനിക്രമം മാറ്റി, ലത്തീൻ മെത്രാനെ ഏല്പിച്ചുകൊടുത്തിയതാണ യാക്കോബായ ഇടത്തുടിന്റെ ആരംഭകാരണം. "അങ്ങിനെ വിചാരിച്ചിരിക്കുന്നതുപോലെ അലക്സാന്ത്യാപാത്രിയക്കീസ് ഇതേവരെ മെത്രാനെ അയച്ചിട്ടില്ല. എന്നാൽ ബാബേൽ പാത്രിയക്കീസ് അദ്ദേഹത്തിനെക്കാൾ പ്രസിദ്ധനായ നെസ്തോറിയൻ ഇടത്തുടുകാരനാണ. കുമ്പസാരമെന്ന ക്രുദാശ അയാൾ നിഷേധിക്കുന്നു." "ഇവിടെ അന്തരിച്ചുപോയ മെത്രാപ്പോലീത്തായും ഇതരക്കാരൻ തന്നെയായിരുന്നു. ഇദ്ദേഹം പാപസങ്കീർത്തനം ചെയ്യാൻ മനസ്സില്ലാതെ ജീവിക്കയും അപ്രകാരംതന്നെ മരിക്കയും ചെയ്തു." എന്ന മെനേസീസുമെത്രാപ്പോലീത്താ പറഞ്ഞിരിക്കുന്നതും കായ്യം അറിയാതെ പറഞ്ഞതാണ. എന്തുകൊണ്ടെന്നാൽ നെസ്തോറീസുകാരൻതന്നെ ആയിരുന്നാലും കുമ്പസാരം ഇല്ലാതിരിക്കയില്ലാ. ആ ഇടത്തുട്ടുകാരും കുമ്പസാരമെന്ന ക്രുദാശയെ കൈക്കൊള്ളുന്നുണ്ടു: എന്നാൽ മാർ അബ്രാഹാംമെത്രാന്റെ പ്രത്യേക കുമ്പസാരക്കാർ ജെസുവിത്തരായ പത്രോസുജാറി, പ്രൻസീസ്കോസ. എന്ന അച്ചന്മാരായിരുന്നു. ഇവർ മാർ അബ്രാഹമ്മിനോടുകൂടി സഹവാസം ചെയ്തവരും ഇവരിൽ റോസഎന്ന ദേഹം മാർ അബ്രഹാമ്മിൽ നിന്നതന്നെ സുറിയാനിഭാഷ പഠിച്ചു ആളുമാണ. ഒരം റോസ എന്ന ദേഹം മാർഅബ്രഹാമ്മിന്റെ പിൻഗാമിയായിട്ട മെനേസീസുമെത്രാപ്പോലീത്തായാൽ തിരിഞ്ഞെടുക്കപ്പെട്ടകയുംചെയ്തു. എന്നാൽ എല്ലാ പാത്രിയക്കീസന്മാരുടെയും വിവരവും അവരുമായിട്ടുള്ള എഴുത്തുകളും അടങ്ങിരിക്കുന്ന റോമാസിംഹാസനത്തിനുണ്ടായിരിക്കെ ഈ വിധംഅറിവില്ലായ്മ റോമാസിംഹാസനത്തിനു മെനസീസു മെത്രാപ്പോലീത്താ എഴുതി അയച്ചതു വലിയ സാഹസമായിപ്പോയി. പ്രസ്തുതകാലത്തു ബാബേലിൽ രണ്ടു കത്തോലിക്കാ സിംഹാസനങ്ങൾ റോമാ ഐക്യതയിൽ ഉൾപ്പെട്ടവയായി ഉണ്ടായിരുന്നു. പാത്രിയക്കീസന്മാർ ഇരുവരും സന്മാർഗികളായി ജീവിച്ചിരുന്നു. ഒരം അവസ്ഥയിലാണ, മെനെസീസുമെത്രാപ്പോലീത്താ ഈ പ്രകാരം എഴുതിയതു. കുമ്പസാരം എന്നക്രുദാശ നെസ്തോറിയ

ൻ ഇടത്തുട്ടുകാർ നിഷേധിക്കുന്നില്ല. ഇതിനുള്ള തെളിവുകൾക്കു ഒരു പുസ്തകം ഫ്രാം ഭാഗം നോക്കുക. (ക)

ഫ്രൻസ്വ-ൽ വ്യാം ക്ലെമെൻസു മാപ്പ്പ്പാ കല്പിച്ച യൂബിലേവു എത്ര ആഘോഷമായും ഭക്തിപൂർവ്വമായും തോമാ നസ്രാണികൾ നടത്തിയെന്നു ഒരു പുസ്തകം മേൽ കാണിച്ച ഭാഗങ്ങളിൽ പത്രോസു ജാരിയുടെ സാക്ഷികൊണ്ടു തെളിയിച്ചിട്ടുണ്ടു. അതിനാൽ മേല്പറഞ്ഞ സംഗതികൾ കൊണ്ടു, ഫ്രാൻസിസ്—ഫൻ—ാം നു- മെനസീസു മെത്രാപ്പോലീത്താ റോമാ പുരിക്കയച്ച എഴുത്തിലെ സംഗതികൾ മിക്കവാറും വാസ്തവമില്ലായ്മയും, സ്വമനോഗതങ്ങളെ സാധിക്കുന്നതിന്നായി റോമാ സിംഹാസനത്തിൽനിന്നും വല്ലവിധവും അനുമതി വാങ്ങിക്കുന്നതിന്നുള്ള കൌശലപ്രയോഗങ്ങളും ആണെന്നു വായനക്കാർക്കു ബോദ്ധ്യപ്പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു. അദ്ദേഹം അനുസരണയുള്ള ഒരു മെത്രാനായിരുന്നുവെങ്കിൽ, താൻ അപേക്ഷിച്ചിട്ടുള്ള സംഗതികൾക്കു അനുമതി സിദ്ധിച്ചതിൻറെശേഷം ആ കാര്യങ്ങളിൽ പ്രവേശിക്കേണ്ടിയിരുന്നു. എന്നാൽ അനുമതിക്കായി ഒരുവർഷം കാത്തിരുന്നതിൻറെ ശേഷം ക്ഷമയില്ലാത്തവനായി ഗോവയിൽനിന്നും പുറപ്പെട്ട തൻറെ മനസ്സിലുണ്ടായിരുന്ന ആന്തരങ്ങളെ സാധിപ്പിക്കുന്നതിനുള്ള നടപടികൾ നടത്തുവാൻ ആരംഭിച്ചു.

(ഇ) ഫ്രൻസൻ മേടം ഫ്രാനു- വ്യാം ക്ലെമെൻസു മാപ്പ്പ്പാ അയച്ചതായി സുബ് സിദിയം ആദ് ബുള്ളാറിയത്തിൽ (ഫർ്ാം പുറം) ഒരു മതായി ചേർത്തിട്ടുള്ള എഴുത്തിനെപ്പറ്റി പരിചിന്തനം ചെയ്യാം. ഒരു തിരുവെഴുത്തു ഇവിടെ ചേർക്കാൻ കാരണമെന്തു? മെനസീസു മെത്രാപ്പോലീത്താ വളരെ പ്രയാസപ്പെട്ട ഉദിയമ്പേരൂർ സൂനഹദോസു വിളിച്ചു കൂട്ടുകയും, തോമാ നസ്രാണികളെ നെസ്തോറിയൻ ഇടത്തുട്ടു ഉപേക്ഷിപ്പിക്കയും ചെയ്തതിനെ ശ്ലാഘിച്ച മെത്രാപ്പോലീത്തായ്ക്കു വ്യാം ക്ലെമെൻസു മാപ്പ്പ്പാ അയച്ചതായിട്ടാണു ഈ എഴുത്തിനെ പോർട്ടുഗീസു ചരിത്രക്കാർ ചേർത്തു വരുന്നതു. "ബുള്ളാറിയം പാത്രോനാത്തുസ്" എന്ന പുസ്തകത്തിലും ഒരു തിരുവെഴുത്തു ചേർത്തിട്ടുണ്ടു. ഉദിയമ്പേരൂർ സൂനഹദോസു കൂട്ടി, തോമാ നസ്രാണികളെ നെസ്തോറിയൻ ഇടത്തുടിൽ നിന്നും തിരിച്ചതിനു മെനസിസുമെത്രാപ്പോലീത്തായെ പ്രശംസി

ക. വ്യാം ക്ലെമെസ് മാർപ്പപ്പാ കൽപ്പിച്ച യൂബിലേവു അബ്രാഹംമെത്രാൻ തൻറെ ശ്രുതിയിൽ പ്രസിദ്ധം ചെയ്തില്ലെന്നും മെനേസീസു മെത്രാപ്പോലീത്താ പറഞ്ഞിട്ടുള്ളതും വാസ്തവവിരുദ്ധമാണെന്നു ർ-ാം പ്രകരണത്തിൽ, ഫ്രൻസ്വ-ൽ ഫ്രാ-ാം ഗ്രിഗോരിയൂസ് മാർപ്പാപ്പാ അങ്കമാലി ശ്രുതിക്കു തന്നെ കല്പിച്ച് യൂബിലേവു ആ ശ്രുതിയിൽ അബ്രാഹം മെത്രാൻ ആഘോഷിച്ചതിൻറെ വിവരണം കൊണ്ടു അറിയാവുന്നതാണു. (ഫ-സും ഫ൭-ം പുറങ്ങൾ നോക്കുക.)

പ്പെഴുതീട്ടുള്ള തിരുവെഴുത്തെന്ന തലവാചകത്തോടുകൂടിയാണു ബുള്ളാറിയും പത്രോനാത്തൂസ് എന്ന പുസ്തകത്തിൽ (൨൫ൻ ാം പുറത്തിൽ) ംരം എഴുത്തു ചേത്തിട്ടുള്ളതു. ഇപ്രകാരം ഒരുദ്ദേശത്തോടുകൂടി തന്നെയാണു ഒലിവെയിരാ മെത്രാനും ംരം എഴുത്തു ചേത്തിട്ടുള്ളതെന്നു വിചാർക്കേണ്ടിയിരിക്കുന്നു. അതല്ലാതെ ംരം ബുള്ള ഇവിടെ ചേർക്കുന്നതിനുള്ള കാരണം കാണുന്നില്ലാ. ഇപ്രകാരം ഒരു കരുതലോടുകൂടി കൊച്ചീ മെത്രാൻ പ്രവൃത്തിച്ചിട്ടുള്ളതാണെങ്കിൽ തന്റെ ഉദ്ദേശം സാധിക്കാതെവരുന്നു. എന്തെന്നാൽ ഉദിയമ്പേരൂർ സൂനഹദോസു കൂടിയതു ൧൫൯൯ ജൂൺ ൨൦ാം തീയതിയും ംരം ബുള്ള എഴുതപ്പെട്ടതു ൧൫൯൯ ഏപ്രിൽ ൧ാം തീയതിയും ആകയാൽ, ഉദിയമ്പേരൂർ സൂനഹദോസിനു ൨ മാസം ൨൦ ദിവസത്തിനു മുമ്പു എഴുതിയിട്ടുള്ള ംരം എഴുത്തു, ആ സൂനഹദോസിനെ സംബന്ധിക്കുന്നതല്ല.

(എഫ്) ഇനി സുബ്സിദിയും അടു ബുള്ളാറിയും പത്രോനാത്തൂസ് എന്ന പുസ്തകത്തിൽ, സുറിയാനി കുർബാനയുടെ ലത്തീൻ ഭാഷാന്തരം ഒലിവെയിരാ മെത്രാൻ ചേത്തിട്ടുള്ളതിന്റെ ഉദ്ദേശം എന്തെന്നു വെളിപ്പെടുന്നില്ല- എന്നാൽ രണ്ടു പത്തിയായി, ഒരു പത്തിയിൽ മലയാള ദേശത്തിൽ പരിഭാഷപ്പെടുത്തപ്പെട്ട മലയാള ക്രിസ്ത്യാനികളുടെ കുർബാനക്രമം എന്നും അതിന്നടിയിൽ ഭാഗ്യപ്പെട്ട ശ്ലീഹന്മാരുടെ കുർബാനക്രമം എന്നും തലക്കെട്ടായും; മറെറാരു പത്തിയിൽ, റെനൊദോത്തു എന്ന ആളാൽ ഭാഷാന്തരം ചെയ്യപ്പെട്ട കൽദായ നെസ്തോറിയൻകാരുടെ സാധാരണ കുർബാനക്രമം എന്നും അതിന്നടിയിൽ ശുദ്ധമാന ശ്ലീഹന്മാരുടെ കുർബാനക്രമം (അല്ലെങ്കിൽ ക്രുദാശക്രമം) എന്നും; പിന്നീട്ട പത്തിപത്തിയായി മലബാർ, നെസ്തോർ, എന്ന പേർവെച്ചു, സുറിയാനി കുർബാനക്രമവും ചേത്തിട്ടുണ്ടു- ഇപ്രകാരം സുറിയാനി കുർബാനക്രമംചേത്തിട്ടുള്ളതിൽനിന്റെ സാരം ഉദിയമ്പേരൂർ സൂനഹദോസിനു മുമ്പു മലയാളത്തിൽ നടന്നുവന്ന കുർബാനക്രമം നെസ്തോറിയൻ ഇടത്തുട്ടുള്ളതായിരുന്നു എന്നും ടി സൂനഹദോസിൽവെച്ചു ഇടത്തുട്ടുകഠംനീക്കംചെയ്യപ്പെട്ട എന്നുംകാണിപ്പാനായികുർബാനക്രമംരണ്ടുംചേർത്തു തോമാനസ്രാണികൾതങ്ങളുടെ കുർബാനയിൽകൂടി നെസ്തോറിയൻ ഇടത്തുട്ടുകഠം അനുസരിച്ചിരുന്നുഎന്നു ബോദ്ധ്യപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്നുവിശ്വസിക്കുന്നു. എന്നാൽ ഒലിവെയിരാ മെത്രാന്റെ ഉദ്ദേശം ഒരിക്കലും സാധിക്കയില്ല. എന്നുമാത്രമല്ലാ, തന്റെ അറിവില്ലായ്മ എല്ലാവർക്കും പ്രസിദ്ധമാക്കി തീർക്കാമെന്നല്ലാതെ യാതൊരു ഫലസിദ്ധിയും ഉണ്ടാകുന്നതല്ലാ. എന്തെന്നാൽ നെസ്തോറിയൻ കുർബാന എന്ന തലക്കെട്ടായി ചേത്തിരിക്കുന്നതിന്റെ അർത്ഥംതന്നെ എന്താണു? നെസ്തോറീസെന്ന ഇടത്തുട്ടുകാരൻ ഉണ്ടാക്കിയ കുർബാനക്രമം എന്നല്ലയോ? അങ്ങിനെ ആണെങ്കിൽ അതു തീരെ തെററായ സംഗതിതന്നെയാണു. എ

ത്തുകൊണ്ടന്നാൽ നെസ്തോറിയസെന്ന ഇടത്തുട്ടുകാരൻ യാതൊരു കൂർ
ബ്ബാനക്രമവും ഉണ്ടാക്കീട്ടില്ല. നെസ്തോറീസ് ഇടത്തുട്ടുകാർ അനുസരി
ക്കുന്ന കൂർബ്ബാനക്രമം എന്നത്തുമാണെങ്കിൽ അങ്ങിനെ ഒരു കൂർബ്ബാന
ക്രമം ഇല്ല അതിനാൽ നെസ്തോറിയൻ കൂർബ്ബാനക്രമം എന്നൊഴതീ
ട്ടുള്ളതിന്റെ അത്ഥം എന്താണ്? നെസ്തോറിയൻ ഇടത്തുട്ട അടങ്ങി
ട്ടുള്ള കൂർബ്ബാനക്രമം, എന്നായിരിക്കാം- അങ്ങിനെയാണെങ്കിൽ, ടി കൂ
ർബ്ബാനക്രമത്തിൽ. നെസ്തോറീസിന്റെ ഇടത്തുടായി എന്താണ ചെയ്തി
ട്ടുള്ളതെന്ന വെളിപ്പെട്ടുന്നില്ല. ടി കൂർബ്ബാനക്രമത്തിന്റെ തലക്കെട്ടിൽ
ആദ്യത്തെ പത്തിയിൽ ഭാഗ്യപ്പെട്ട ദ്ലീഹന്മാരുടെ കൂർബ്ബാനക്രമമെന്നാ
ണ എഴുതിക്കാണുന്നതു. ഒരു കൂർബ്ബാനക്രമം നെസ്തോറീസു ഇടത്തുട്ടുകാ
റൻ ഉണ്ടാകുന്നതിനുമുമ്പു കൽദായപ്പള്ളിയിൽ ദ്ലീഹന്മാരാൽ ഏർപ്പെ
ടുത്തപ്പെട്ട നടന്നുവന്ന കൂർബ്ബാനക്രമമാണ. ആ കൂർബ്ബാനക്രമം തന്നെ
യാണ പിന്നീട അനുസരിച്ചു നടത്തിവന്നിട്ടുള്ളതും. ഒരു കൂർബ്ബാന ക്ര
മത്തിൽ യാതൊരു ഇടത്തുട്ടും ഇല്ലെന്നും, കൽദായ പള്ളിക്രമത്തിൽ
ചിലസംഗതികളും വളരെ ജ്ഞാനാത്മാമായി അനുസരിച്ചു വന്നിട്ടുണ്ടെ
ന്നും ലത്തീൻ ചരിത്രകത്താക്കൾ അഭിപ്രായപ്പെട്ടിട്ടുള്ള അനേക സംഗ
തികളെ ഇടത്തുടെന്ന മെത്രാസീസു മെത്രാപ്പോലീത്താ തീർമ്മാനിച്ചു നീ
ക്കം ചെയ്തിട്ടുണ്ട്. കൂർബ്ബാന ക്രമങ്ങളിലുംമാറും മെനസീസു മെത്രാപ്പോ
ലീത്താ ചെയ്തിട്ടുള്ള ഭേദഗതികളും തീർച്ചകളും അനീതി ആയിട്ടുള്ളതും
തിരുസ്സഭയുടെ പ്രമാണങ്ങളുടെ തുനിവായ ലംഘനവും ആകുന്നു. തിരു
സ്സഭയുടെ തലവനായ മാപ്പ്പ്പാക്രുടിയും ചെയ്യുന്നതിനു ഒരിക്കലും തു
നിയാത്തതായ പ്രവൃത്തികളും മെനസീസു മെത്രാപ്പോലീത്താ നടത്തീട്ട
ള്ളതിനെ സാധൂകരിക്കുന്നതിനു അദ്ദേഹത്തിനെപ്പോലുള്ള ചരിത്രകത്താ
ക്കളും തയ്യാറുണ്ട്. കൂർബ്ബാനക്രമത്തിൽ മല്പാന്മാരുടെ പേരുകളും പറ
ഞ്ഞു അപേക്ഷിക്കുന്നതിൽ ചില ലത്തീൻകാരാൽ അറിയപ്പെടാത്തതും
ഇപ്പഴും കിഴക്കെ ദേശങ്ങളിൽ കത്തോലിക്കരാൽ വണങ്ങപ്പെടുന്നതു
മായ ചിലപേരുകളും ചേർത്തായ ചില പുസ്തകങ്ങളും ഉണ്ടായിരിക്കാ
മെന്നല്ലാതെ ഇടത്തുട്ട സംബന്ധമായ യാതൊരു സംഗതിയും, കൂർബ്ബാ
നക്രമത്തിൽ ഇല്ലാ. ഒരു പേരുകളും കണ്ടുകൊണ്ടുമാത്രമാണ നെസ്തോ
റിയൻ കൂർബ്ബാനക്രമം എന്നു ലത്തീൻ ചരിത്രകത്താക്കൾ വിധിച്ചിട്ടുള്ള
തു. പള്ളിയുടെ തലവന്മാരെക്കുറിച്ചു അപേക്ഷിക്കുന്നതിൽ ആദ്യകാല
ങ്ങളിൽ അവരവരുടെ പാത്രിയർക്കീസന്മാരുടെ പേരുപേർത്തു അപേക്ഷി
ക്കുന്നതു എല്ലാ കത്തോലിക്കാ പാത്രിയാർക്കീ പള്ളികളിലും നടപ്പുണ്ടായി
രുന്ന ക്രമം അനുസരിച്ചു മലയാള ക്രമ പുസ്തകത്തിലും വെയ്ക്കപ്പെട്ടതാ
ണ. എന്നാൽ മാപ്പ്പ്പായുടെ പേരു കൂർബ്ബാന ക്രമത്തിൽ ചേർത്തു
കാണാഴികയാൽ ലത്തീൻ വൈദീകർക്കു തിരുസ്സഭയുടെ തലവന്റെ നേ
രെയുള്ള വണക്കാചാരത്തെക്കാൾ ലത്തീൻ ജാതി എന്നുള്ള അധികാര
അവകാശത്തെ സിദ്ധാന്തിച്ചു ബാബേൽ പാത്രിയർക്കീസിന്റെ നാമോ

ച്ചാരണം ഇടത്തുട്ടാണെന്നും, അതു നീക്കണമെന്നും മാപ്പിപ്പായുടെ നാമം ചേക്കാഞ്ഞതു, മാപ്പിപ്പായുടെ തല്സ്ഥാനത്തെ അംഗീകരിക്കാഴികയാലാണെന്നും, പ്രബലമായിവാദിക്കുന്നു- എന്നാൽ നെസ്തോറിയൻ ഇടത്തുട്ടുകാർ ക്രുദ്ധിയും, മാപ്പിപ്പായുടെ തല്സ്ഥാനത്തെ അംഗീകരിക്കയും, മാപ്പിപ്പാ തിരുസ്സഭയുടെ മുഖ്യ തലവനും, ശ്ലീഹാന്മാരുടെ തലവനായ വിശുദ്ധപത്രോസിന്റെ പിൻഗാമിയെന്നും, സമ്മതിക്കുന്ന സംഗതികളാണു. അയതു ലത്തീൻചരിത്രക്കാർ അങ്ങനെ പ്രസ്താവിച്ചുകാണുന്നില്ല- മാപ്പിപ്പായുടെ തല്സ്ഥാനത്തെപ്പറ്റി നെസ്തോറിയൻ ഇടത്തുട്ടുകാരുടെ സാക്ഷികനം തന്നെ ചേത്ത് ബാബേലിലെ കഴിഞ്ഞ കയ്യാത്ത എന്ന പാത്രിയക്കീസ് എഴുതീട്ടുള്ള പുസ്തകം ഒലിവെയിരാ മെത്രാനും ക്രുദ്ധനും വാങ്ങിച്ചു വായിച്ചുനോക്കട്ടെ. കർബാനക്രമത്തിൽ മെനസീസ് മെത്രാപ്പൊലീത്താ ചെയ്തഅതിക്രമത്തെപ്പറ്റി റൊമൻറെ ചരിത്രത്തിൽ സഭാ--ാംപുറത്തിൽ ജ്ഞാപകത്തിൽ പറഞ്ഞിട്ടുള്ളതിനെ ഒലിവെയിരാ മെത്രാനും ക്രുദ്ധനും ശ്രദ്ധയായി വായിച്ച തങ്ങളുടെ അഭിപ്രായത്തെ ദേദപ്പെടുത്തുന്നതിനായി അയതു താഴെ ചേർക്കുന്നു. -- "എങ്കിലും അയ്യിൽ എന്തു തിൻമയുണ്ടായിരിക്കുന്നു? അപ്പഴൊ ഇതിനു മുമ്പു പലപ്പൊഴും പറഞ്ഞിട്ടുള്ളതാലെ നമുക്കു ദീർഘശ്വാസം വിടേണ്ടിയിരിക്കുന്നു!! എന്തുകൊണ്ടെന്നാൽ പൂവീകമായ തെറ്റുകളെ എല്ലാം നീക്കി, ആ പള്ളിയെ പാട്ടുള്ളപോലെ, ലത്തീൻക്രമംകൊണ്ടു അലങ്കരിക്കണമെന്നുള്ള മാപ്പിപ്പായുടെ കല്പനകൊണ്ടു മെനസീസ് മെത്രാപ്പൊലീത്താ ക്രമിക്കുന്നതിനു ഇടയായി." (Appendix 138) മെനസീസ് മെത്രാപ്പൊലീത്തായുടെ സഭക്കാരനും ജാതിയുമായ റോളൻ പറയുന്നതിനെ വായനക്കാർ ശ്രദ്ധയോടെ വായിക്കണം. സുറിയാനിക്രമത്തിൽ തിരുശ്ശരീരവും തിരുച്ചോരയും ഉയത്തിക്കാണിക്കുന്നതു പൂവീകമായ ലത്തീൻക്രമത്തിലും എല്ലാ കിഴക്കൻ ക്രമങ്ങളിലും കാനോനായുടെ ശേഷം ശ്ലൂ: കർബാന അടക്കുന്നതിനു കുറെ മുമ്പെ ആയിരുന്നു എന്നും അപ്രകാരമുള്ള ക്രമത്തെ മെനസീസ് മെത്രാപ്പൊലീത്താ സ്വമേധക്കു മാറ്റി ക്രമാശ ചെയ്തു ഉടനെ തന്നെ അതു അയതു ശരിയല്ലെന്നുമാണ് റോളൻതന്നെ പറയുന്നതു. എന്തു തിനു കൊണ്ടാണ് ഇതു മാറ്റപ്പെട്ടതു, എന്നാണ് റോളൻറെ ചോദ്യം. ഇതു പൂജ്യമായ ക്രമത്തെ മാറ്റിയതു നെടുവീപ്പിടേണ്ടുന്ന സംഗതിയാണെന്നാണു റോളൻറെ അഭിപ്രായം. എന്നാൽ കാര്യത്തിൻറെ യഥാർത്ഥം അറിയാതെ, മാപ്പിപ്പായുടെ കല്പനയുടെ നിർബന്ധത്താൽ മെനസീസ് മെത്രാപ്പൊലീത്താ ഇപ്രകാരം ചെയ്തതാണെന്നു റോളൻ സമാധാനം പറയുന്നുണ്ടു. മലയാളപ്പള്ളിയുടെ ക്രമം മാറ്റി ലത്തീൻ ക്രമമാക്കുന്നതിനു വ--ാം ക്ലേമൻസ് മാപ്പിപ്പാ മെനസീസു മെത്രാപ്പോലീത്തായ്ക്കു അയച്ചിട്ടുള്ള തിരുവെഴുത്തു ഒലിവെയിരാ മെത്രാനും ക്രുദ്ധനും റോളനെ കാണിച്ചു അദ്ദേഹത്തിൻറെയുംമറ്റും നെടുവീപ്പിടുന്ന തീവ്രതകളയട്ടെ! ഇ

പ്രകാരം ചെയ്തതു വ—ാം ക്ലേമൻസ മാപ്പ്വാപ്പായുടെ കല്പനയനുസരിച്ചല്ല. മെനസീസ മെത്രാപ്പോലീത്തായുടെ സ്വമേധയ്യാണെന്നു വ്-ാം ക്ലേമൻസ മാപ്പ്വാപ്പായുടെ തിരുവെഴുത്തുകൊണ്ടുതന്നെ തെളിയിക്കാം. ംരം പുസ്തകം ക്ര—ാം ഭാഗം ൻ—ാം പ്രകരണം ൻക്ര—ാം പുറത്തിൽ വ—ാം ക്ലേമൻസ മാപ്പ്വാപ്പായുടെ തിരുവെഴുത്തു ചേത്തിട്ടുള്ളതിൽ "ഏ ന്നവരികിലും ദൈവാരാധനയ്ക്കുള്ള ക്രമങ്ങളും ചട്ടങ്ങളും, ഭംഗംകൂടാ തെ മുഴുവനായികാത്തുകൊണ്ടു" എന്നു കാണുന്നുവല്ലോ. അതായതു-വ്യാം ക്ലേമൻസ മാപ്പ്വാപ്പാ കല്പിച്ചതു, കിഴക്കൻക്രമങ്ങളിൽ തെറ്റായിട്ടുള്ളവ യെനീക്കി, മറ്റുള്ളതെല്ലാം ആചരിക്കണമെന്നും യാതൊന്നും മാറരുതെ ന്നും അത്രെ. ംരം നിയമം വ—ാം ക്ലേമൻസ് മാപ്പ്വാപ്പായ്ക്കു മുമ്പും പിമ്പും ഉള്ള എല്ലാ മാപ്പ്വാപ്പാമാരും കല്പിച്ചിട്ടുള്ളതും ഇതിനു വിരോധ മായി ഒരു മാപ്പ്വാപ്പായും അനുവാദം കൊടുത്തിട്ടില്ലാത്തതുമാകുന്നു. അ തിനാൽ മലയാളക്രമം മാറ്റി ലത്തീൻക്രമം സ്ഥാപിക്കുന്നതിനു ക്ലേമ ൻസ മാപ്പ്വാപ്പാ തന്നോടു കല്പിച്ചിട്ടുണ്ടെന്നോ അനുവദിച്ചിട്ടുണ്ടെന്നോ, മെനേസീസുമെത്രാപ്പോലീത്തായും ക്രൂരം ഭാവിക്കുന്നതു വാസ്തവവിരു ദ്ധമാണ. മെനസീസുമെത്രാപ്പോലീത്താ മലയാളത്തിൽ പ്രവർത്തിച്ചിട്ടു ള്ളതെല്ലാം ഈപ്രകാരം അനുവാദവും അധികാരവും ക്രൂരതയാണെന്നു ഗ്രഹിച്ചുകൊൾവിൻ.

(ജി) സുബസിദ്ദിയും ആദ് ബുള്ളാറിയും എന്ന പുസ്തകത്തിൽ ഒലി വെയിരാമെത്രാൻ ചേർത്തിട്ടുള്ള പ്രത്യേകജ്ഞാപകങ്ങൾ താഴെപ്പറയു ന്നവയാകുന്നു:—

ക. മെനസീസ മെത്രാപ്പോലീത്താ ഉദിയമ്പേരൂർ സൂനഹദോസ് വിളിച്ചുകൂട്ടിയതിൽ ബലം ഉപയോഗിച്ചിട്ടില്ല.

ഖ. ഉദിയമ്പേരൂർ സൂനഹദോസു വിളിച്ചുകൂട്ടിയതു വ—ാം ക്ലേമൻ സ മാപ്പ്വാപ്പായുടെ കല്പനപ്രകാരമാണ.

ഗ. സുറിയാനിക്രമങ്ങളെ അദ്ദേഹം മാറ്റിയതും വ-ാം ക്ലേമൻസ് മാപ്പ്വാപ്പായുടെ കല്പനപ്രകാരമാണ-

ഘ. ശ്ലീ. സിംഹാസനം ഉദിയമ്പേരൂർ സൂനഹദോസിനെ അംഗീ കരിച്ചിട്ടുണ്ടു.

മെനസീസു മെത്രാപ്പോലീത്താ ഉദിയമ്പേരൂർ സൂനഹദോസു സു വിളിച്ചുകൂട്ടിയതിൽ ബലം ഉപയോഗിച്ചിട്ടുണ്ടോ ഇല്ലയോ എന്ന ആദ്യമായി പരിശോധിക്കാം: മെനസീസു മെത്രാപ്പോലീത്താ ഉദിയ മ്പേരൂർ സൂനഹദോസു കൂട്ടുന്നതിനു തോമാനസ്രാണികളോടു ബലമാ യി കല്പിച്ചു എന്നു അപഖ്യാതി വെറുതെയുള്ളതാകുന്നു എന്നു ഒലിവെ യിരാമെത്രാൻ തന്റെ സുബസിദ്ദിയും ആദ് ബുള്ളാറിയും എന്ന പുസ്തകത്തിന്റെ ക്ര—ാം പുറത്തിൽ പറഞ്ഞിരിക്കുന്നു. എന്നാൽ അപഖ്യാതി അയിപറഞ്ഞിട്ടുണ്ടെന്നു ഒലിവെയിരാ മെത്രാൻ പറയുന്നതാണു അ പഖ്യാതി എന്നു അദ്ദേഹത്തിന്റെ സാക്ഷികൊണ്ടുതന്നെതെളിയിക്കാം.

മെനേസീസുമെത്രാപ്പോലീത്താ റോമാപുരിക്കയച്ചതിയ എഴുത്തിൽ, "ഈ സ്ഥലത്തിൽ ഞാൻ രാജപ്രതിപുരുഷനായിരിക്കുന്നതിനാലും, അവിശ്വാസികളായരാജാക്കന്മാർ അവരുടെ കാര്യസാദ്ധ്യത്തിനു എന്റെ സ്നേഹം സമ്പാദിക്കുന്നതിനു താല്പര്യപ്പെടുന്നതിനാലും, എന്റെ അധികാരശക്തികൊണ്ടു എല്ലാപള്ളികളെയും സന്ദർശിച്ചു ശുദ്ധീകരിക്കുന്നതിനു പാടുള്ളതിനാൽ" എന്നെഴുതീട്ടുണ്ടെന്നു ഒലിവെയിരാമെത്രാൻ സുബ്ഹ് സിദിയം ആദ് ബുള്ളാറിയും എന്ന പുസ്തകം ഫൂ—ാം പുറത്തിൽ പ്രസ്താവിക്കുന്നുണ്ടു. (Appendix 139) അതിനാൽ തോമാ നസ്രാണികളെ ലത്തീൻ ക്രമം അനുസരിപ്പിക്കുന്നതിനും, സൂനഹദോസുകൂട്ടി, സുറിയാനിക്രമംമാറി ലത്തീൻ മേല്പട്ടക്കാരനെ ഏല്പിച്ചുകൊടുക്കുന്നതിനും, മെനസീസ മെത്രാപ്പോലീത്താ കണ്ടുപിടിച്ച ഉപായം, താൻ പോർത്തുഗൽരാജാവിന്റെ പ്രതിപുരുഷൻ എന്നു അധികാരബലമാണെന്നു പ്രത്യക്ഷപ്പെടുന്നു. ഒരു സംഗതി താൻ തന്നെ റോമാസിംഹാസനത്തെ അറിയിക്കയാണു ചെയ്തതു. ഇതിനെക്കാൾ ഔദ്ധത്യമായ തെളിവു വേറൊന്നു വശ്യമില്ലെങ്കിലും "എല്ലാക്കാര്യവും മെനേസീസിന്റെ താല്പര്യംപോലെ പറഞ്ഞൊത്തു" എന്നറോളൻ സൂ—ാം പുറത്തിൽ പറഞ്ഞിട്ടുള്ളതുകൂടെ എടുത്തുചേർത്തുകൊള്ളുന്നു. (Appendix 140) മെനസീസ മെത്രാപ്പോലീത്താ കൊച്ചീരാജാവിനെ ഭയപ്പെടുത്തി, പറഞ്ഞതുകൊണ്ടു കൊച്ചീരാജാവു തോമാനസ്രാണികളെ മെനേസീസുമെത്രാപ്പോലീത്തായുടെ താല്പര്യംപോലെ അനുസരിപ്പിക്കാമെന്നു കൊടുങ്ങല്ലൂർവച്ചു സമ്മതിച്ചു എന്നാണു റോളൻ പറയുന്നതിന്റെ സാരം. "ഇതു തന്നിക്കു ഉപദ്രവമുള്ള കാര്യമാണെന്നും പോർത്തുഗൽ രാജാവു അപ്രകാരമുള്ള ഉപദ്രവത്തെ പ്രകരം വീട്ടുമെന്നും, ഗ്രഹിക്കേണ്ടതാണെന്നു റോളൻ സൂ—ാം പുറത്തിൽ പറഞ്ഞിരിക്കുന്നു. (Appendix 141)അതായതു: അക്കാര്യത്തിയോക്കോനെ ആവശ്യമുള്ളടത്തോളം രാജാവു സഹായിക്കുമെങ്കിൽ അതിനു പോർത്തുഗൽ രാജാവു പ്രകരം ചോദിക്കുമെന്നാണു ഇതിന്റെ സാരം. ഈ സാക്ഷികളെയെല്ലാം ഒലിവെയിരാമെത്രാനും കൂട്ടരും ശ്രദ്ധയോടെ വായിച്ചു ഉദിയംപേരൂർ സൂനഹദോസു വിളിച്ചുകൂട്ടിയതു രാജശക്തികൊണ്ടാണൊ അല്ലയൊ എന്നു തീർച്ചപ്പെടുത്തട്ടെ.

൨. ഉദിയംപേരൂർ സൂനഹദോസു കൂട്ടിയതു വ—ം ക്ലേമൻസു മാപ്പുപ്പായുടെ കല്പനപ്രകാരമാണൊ എന്നു പരിശോധിക്കാം. ഒരു വാദത്തിനു ഒലിവെയിരാമെത്രാനും കൂട്ടരും അടിസ്ഥാനപ്പെടുത്തുന്നതു വാം ക്ലേമൻസു മാപ്പുപ്പാ ഫ്രൻസ്വ ലും ഫ്രൻസ്വ ലും അയച്ച കല്പനകളെ ആണെല്ലൊ. എന്നാൽ ആ തീയതിവെഴുത്തുകളിൽ സൂനഹദോസു കൂടുന്ന സംഗതിയെപ്പറ്റി ഒരു വാക്കുപോലും മാപ്പുപ്പാ പറഞ്ഞിട്ടില്ല. മുടക്കിപ്പറയുന്നതായാൽ തന്റെ സ്വമേധയ സൂനഹദോസുകൂട്ടുവാൻ വിചാരിക്കുന്നതായി മെനേസീസുമെത്രാപ്പോലീത്താ ഫ്രൻസ്വ ധനഫ്രൻസ്വ- അറിയിച്ചിട്ടുണ്ടു. റോമാപുരിയിൽ പാർത്തിരുന്ന ഓർഡ്രോം പാതി

യ്ക്കീസു രാജാവു റോമാ കർദ്ദിനാളായിരുന്ന, മെനേസീസു മെത്രാപ്പോലീത്താക്കു് എഴുതിയ എഴുത്തിൽ, എല്ലാ പട്ടക്കാരുടെയും ഒരു സൂനഹദോസു കൂട്ടുന്നതിനും, ശ്ലീ. സിംഹാസനം അവകാശം കൊടുക്കുന്ന മേൽപ്പട്ടക്കാരനെ കൈക്കൊള്ളാമെന്നു റോമാപ്പള്ളിക്കു സത്യം ചെയ്തുകൊണ്ടു കീഴ്വണക്കം ചെയ്യിക്കുന്നതിനും" (ഞാൻ പൊക്കം) എന്നു സുഖ്സിദിയും ആദ്ബുള്ളാറിയും ഫ—ാം പുറത്തിൽ കാണുന്നു (Appendix 142) ഇതിൽ നിന്നും വെളിപ്പെടുന്നതു ക്രിസ്തു ജനുവരി ഫൊന്നു-യിലും ക്രിസ്തു ജനുവരി ഫ്രാന്നു-യിലും കൊടുത്തിട്ടുള്ള കല്പനകളിൽ സൂനഹദോസു കൂട്ടുന്നതിനു കല്പിച്ചിട്ടില്ലാത്തതിനാൽ തന്റെ സ്വമേധയാ ചെല്ലാൻ നിശ്ചയിച്ച കാര്യത്തെ അദ്ദേഹം റോമാസിംഹാസനത്തെ അറിയിച്ചു എന്നാകുന്നു. രണ്ടു എഴുത്തിനു മറുപടികിട്ടുന്നതിനു മുമ്പു മെനെസീസു മെത്രാപ്പോലീത്താ സൂനഹദോസു വിളിച്ചുകൂട്ടി. അന്യരൂപതയിൽ സൂനഹദോസു വിളിച്ചുകൂട്ടുന്നതിനു, ശ്ലീ. സിംഹാസനത്തിനെ അനുസരിച്ചിരിക്കുന്ന ഒരു മെത്രാൻ, മാപ്പിപ്പായുടെ കല്പനയും അന്യരൂപതാ മേലദ്ധ്യക്ഷന്റെ സമ്മതവുംകൂടാതെ പുറപ്പെടുന്നതല്ലാ. അക്കാലത്തെ ബാബേൽ പാത്രിയർക്കീസു ശ്ലീ. സിംഹാസനത്തിന്റെ അജ്ഞയിൽ ഉൾപ്പെട്ടിരുന്നതിനാൽ ഗോവാമെത്രാപ്പോലീത്തായ്ക്കും കൊച്ചീമെത്രാനും മുൻ ര—ാം പിയൂസുമാപ്പിപ്പാ അയച്ചിട്ടുള്ള എഴുത്തുകളിലെ താല്പര്യംപോലെ ബാബേൽ പാത്രിയർക്കീസിന്റെ അനുമതിവേണ്ടിയിരുന്നു. പള്ളിനിയമങ്ങളെ അനുസരിക്കണമെന്നുള്ള കരുതൽമെനസിസമെത്രാപ്പോലീത്തായ്ക്കില്ലായിരുന്നതിനാലും, രാജശക്തിപ്രതാപത്താൽ കാര്യങ്ങൾ നടത്തിക്കൊള്ളാമെന്നുള്ള ധൈര്യം നിമിത്തവും മാപ്പിപ്പായുടെ കല്പനയോ പാത്രിയർക്കീസിന്റെ സമ്മതമോ തന്റെ പ്രവൃത്തിക്കാവശ്യമെന്നു മെത്രാപ്പോലീത്താ കരുതിയില്ലാ. എന്നുതന്നെയല്ലാ മുൻലക്കത്തിൽ പ്രസ്താപിച്ചിട്ടുള്ളതുപോലെ തന്റെ ലൌകീകശക്തിയെ ഉപയോഗിച്ചു ലത്തീൻമെത്രാനെ സ്വീകരിച്ചുകൊള്ളാമെന്നും. റോമാപ്പള്ളിയുടെ ക്രമം അനുസരിച്ചു കൊള്ളാമെന്നും തോമാനസ്രാണികളെക്കൊണ്ടു സത്യംചെയ്യിച്ചു കാര്യം നടത്താമെന്നു റോമായ്ക്കു എഴുതിയ ശേഷമാണു മലയാളത്തിലേക്കു അദ്ദേഹം പുറപ്പെട്ടതു. ഇടത്തുട്ടുകാരായിരിക്കുന്ന ജനക്കൂട്ടം എതിരുമതക്കാരനായ ഒരു അധികാരിയുടെ വാക്കുകേട്ടു് എതിരു മതാദ്ധ്യക്ഷനെ അംഗീകരിക്കുമോ? തോമാനസ്രാണികൾ അനുസരണയുള്ള നല്ല കത്തോലിക്കരായിരുന്നതുകൊണ്ടല്ലയോ, മെനേസീസ് മെത്രാപ്പോലീത്താ (രാജബലത്തോടുകൂടിതന്നെ എങ്കിലും,) ലത്തീൻമെത്രാനെ സ്വീകരിച്ചുകൊള്ളാമെന്നും റോമാപള്ളിയുടെ ക്രമം അനുസരിച്ചു കൊള്ളാമെന്നും തോമാനസ്രാണികളെക്കൊണ്ടു സത്യം ചെയ്യിച്ചു കൊള്ളാമെന്നു ധൈര്യപ്പെട്ട ഉദിയമ്പേരൂർ സൂനഹദോസ് വിളിച്ചുകൂട്ടിയതു? എങ്കിലും സൂനഹദോസ് സമയം തോമാനസ്രാണികളായ പട്ടക്കാരും ജനങ്ങളും ലത്തീൻ ക്രമ

ത്തെയും ലത്തീൻ മേൽപ്പട്ടക്കാരനേയും തങ്ങൾ അംഗീകരിക്കുന്നത ല്ലെന്നു വാദിക്കാതിരുന്നില്ല. ഏതാനും പേർ ഭിന്നിച്ചുപോകയും ചെയ്തു. പോർത്തുഗീസ് രാജാധികാരം പ്രബലപ്പെട്ടിരുന്ന കൊച്ചി മുതലായ ദേശങ്ങളിലെ ജനങ്ങൾ സൂനഹദോസിൽ ഹാജരുണ്ടായിരുന്ന പോർത്തുഗൽ രാജാധികാരിയേയും, കാവൽ പട്ടാളത്തേയും ഭയന്ന് മേൽപ്രകാരം ഉടമ്പടി ചെയ്തു എന്ന് ചരിത്രമുഖേന അറിയാവുന്നതാണ.

൨. ൪-ാം ക്ലെമെൻസ് മാപ്പാപ്പായുടെ കല്പന അനുസരിച്ചാണ സുറിയാനി ക്രമങ്ങളെ മാറ്റിയതെന്ന് ഒലിവെയിരാ മെത്രാൻ തന്റെ ജ്ഞാപകത്തിൽ പറഞ്ഞിട്ടുള്ളതിന്റെ യഥാർത്ഥത്ത ഇനി പരിശോധിക്കാം. മെനെസിസ് മെത്രാപ്പോലീത്തായ്ക്കു കൊടുത്തിട്ടുള്ള തിരുവെഴുത്തുകളിൽ ഒന്നിലെങ്കിലും സുറിയാനിക്രമം മാറ്റി ലത്തീൻ ക്രമം സ്വീകരിപ്പിക്കണമെന്ന കല്പിച്ചിട്ടുള്ളതായി ഒലിവെയിരാ മെത്രാൻ കാണിക്കുന്നില്ല. ൪-ാം ക്ലെമെൻസു മാർപ്പാപ്പായും മുമ്പും പിമ്പും ഉള്ള മാർപ്പാപ്പാമാർ എല്ലാവരും തിരുസ്സഭ അംഗീകരിച്ചിട്ടുള്ള കിഴക്കൻ ക്രമങ്ങളിൽ ഒന്നിനേയും മാറ്റിക്കൂടാ എന്നു കല്പിച്ചിട്ടുള്ള നിയമങ്ങളെ ഒരു പുസ്തകം ക—ാം ഭാഗം ൻ—ാം പ്രകരണം വ൯—൯൦—൯ക—൯൨—൯൩-പുറങ്ങളിൽ ചേർത്തിട്ടുള്ളതു നോക്കുക. ഇവയ്ക്കു വിരുദ്ധമായി ൪-ാം ക്ലെമെൻസു മാർപ്പാപ്പാ ഒരു നിയമം കല്പിക്കുന്നതല്ല. "അപ്രകാരം തന്നെ ക്രമേണ, സുറിയാനി ഭാഷ ഇല്ലാതെയാകുന്നതിനു അദ്ദേഹത്തിനു ഒരു കല്പന കൊടുക്കണം" എന്നു മെനസീസു മെത്രാപ്പോലീത്താ ശ്ലീഹായുടെ സിംഹാസനത്തോടു ഉപദേശിച്ചതായി ഒലിവയിരാ മെത്രാന്റെ 'സുബ്ബ് സിദിയും അദ്ബുള്ളാറിയും' ക്ന—ാം പുറത്തിൽ കാണുന്നു. (Appendix I43) മലയാളക്കാർ അനുസരിച്ചുവരുന്ന സുറിയാനിക്രമവും സുറിയാനി ഭാഷ തന്നെയും വേരോടെ മാറ്റിക്കളയുന്നതിനു ആ ലത്തീൻ മെത്രാനോടു കല്പിക്കുന്നമെന്നു റോമാ കച്ചേരിയിലെ ഓർശ്ലംപാത്രിയക്കീസു എന്ന നാമധാരിയും മെനസീസു മെത്രാപ്പോലീത്താ എഴുതിയിരുന്നു. റോമാ സിംഹാസനം, സുറിയാനിക്രമം മാറുന്നതിനു അനുവദിച്ചില്ലെന്നുള്ള തെളിവുകളെ തന്നെയാണു ഒലിവെയിരാ മെത്രാൻ തന്നെ, സുബ്ബ് സിദിയും അദ്ബുള്ളാറിയും ൪൫-ാം പുറത്തിൽ, "ഉദിയമ്പേരൂർ സൂനഹദോസു കഴിഞ്ഞു ൪൦ വർഷം കഴിഞ്ഞു ശേഷം ക്നാനൻ-ൽ എത്യോപ്യാ ഭാഷയിൽ പകർത്തി പൂജ അനുഷ്ഠിക്കുന്നതിനു ശ്ലീഹായുടെ സിംഹാസനത്തോടു അനുവാദം ചോദിച്ചാറെ, എത്യോപ്യാ ഭാഷയിലുള്ള കർബാനക്രമം തന്നെ ആചരിക്കണം എന്നാണു റോമാ സിംഹാസനം അവരോടു അരുളിച്ചെയ്തതു" എന്നു ചേർത്തിട്ടുള്ളതു (Appendix I44) ലത്തീൻക്രമം അനുസരിക്കുന്നതിനു സ്വമനസ്സാലെ അപേക്ഷിച്ചുവർക്കുകൂടി ശ്ലീ. സിംഹാസനം ക്രമം മാറുന്നതിനു അനുവദി

ച്ചില്ല. എന്നുള്ളതു സാക്ഷിയാണ്, മെനസീസ് മെത്രാപ്പോലീത്താ സുറിയാ നിക്രമം മാറിയയ്യ. ശ്ലൂ. സിംഹാസനത്തിൻറെ അനുവാദത്തോടുകൂടിയാ യിരുന്നുയെന്നു കാണിപ്പാൻ, ഒലിവെയിരാമെത്രാൻ ഹാജരാക്കിട്ടുള്ളതു!! ഒരം സാക്ഷികൊണ്ടുതന്നെ, മെനസീസ് മെത്രാപ്പോലീത്താ സുറിയാനിക്രമം മാറിയതാണെന്നു വേണ്ടപോലെ തെളിയുന്നു. തിരുസ്സഭയാൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ക്രമങ്ങൾ എത്രതന്നെ ലഘുവായിരുന്നാലും, അവയെ മാറുന്നതിനു റോമാ മാപ്പുപ്പോയിക്കൊ, ആ ക്രമക്കാരുടെ പാത്രിയർക്കീസന്മാർക്കൊ അല്ലാതെ, കർദ്ദിനാൾ മുതലായുള്ള വർക്കുടെയും പാടില്ലെന്നുള്ളതു സർവ്വസമ്മതമാണെല്ലൊ. ഈ ഹേതുവിൽ മെനസീസ് മെത്രാപ്പോലീത്താ മലയാളത്തിൽ വന്ന സുറിയാനിക്രമത്തിൽ ചെയ്തിട്ടുള്ള അഭിമതികം മാപ്പുപ്പായുടെ അധികാരത്തെയും കവിഞ്ഞവയായിരുന്നു. ടി. പുസ്തകം ഉര—ാം പുറത്തിൽ തന്നെ, "ഏകദേശം 100 വർഷത്തിനു മുമ്പു മലയാളത്തിലുള്ള സുറിയാനിക്കാരായ മൂന്നാം സഭക്കാർ സ്വമനസ്സാലെയും, സേഹ്രാനുസരണവും റോമാ കാനോൻ ജപപുസ്തകത്തെയും കുർബാനക്രമപുസ്തകത്തെയും തെറ്റാക്കി സുറിയാനിയിൽ ഭാഷാന്തരമാക്കുവാൻ ശ്രമിച്ചു. ക്രമമാതു കൊടുവേന്തയിൽ വരാറ്റുഴ അച്ചടിപ്പുരയിൽ കാനോൻ ജപപുസ്തകത്തിൻറെ ഈ ഈ പ്രതികം അച്ചടിപ്പിക്കപ്പെട്ടകയും ചെയ്തു. എങ്കിലും ശ്ലൂ: സിംഹാസനം അപേക്ഷിക്കപ്പെട്ട അനുവാദം കൊടുക്കാതെ അവരുടെ ശ്രമത്തിനെ വിരോധിക്കയാണു ചെയ്തതു." എന്നൊരു ഭോഷത്വമായ ദൃഷ്ടാന്തം പേത്തു കാണുന്നു (Appendix 145) മെനസീസു മെത്രാപ്പോലീത്തായിക്കു ക്രമം മാറുന്നതിനു അധികാരമില്ലായിരുന്നു എന്നാണിപ്രകാരം സാക്ഷികൊണ്ടും തെളിയുന്നതു. എന്തെന്നാൽ ഒരു ക്രമക്കാർതന്നെ അവരുടെ ക്രമത്തെ ലത്തീൻക്രമത്തോടു യോജിപ്പിക്കുന്നതിനു, അനുവാദത്തിന്നപേക്ഷിച്ചാറെ ആയ്തനുവദിക്കപ്പെട്ടിട്ടില്ല. അതിനാൽ ഒരു ലത്തീൻമെത്രാൻ തോമാനസ്രാണികർക്കു രുചിക്കാതിരുന്ന കാലത്തു, അവരുടെ സുറിയാനിക്രമത്തെ ഭേദപ്പെടുത്തുവാൻ അവർ തന്നെ അപേക്ഷിച്ചാൽതന്നെയും, ശ്ലൂ: സിംഹാസനം ആ അപേക്ഷയെ അനുവദിക്കുന്നതല്ല കൊച്ചിയിലെ ഒലിവെയിരാ മെത്രാൻ പൊട്ടിച്ചിട്ടുള്ള പച്ചവെടിയെപ്പറ്റിക്കൂടി രണ്ടു വാക്കു പറയാതിരിപ്പാൻ തരമില്ല. എന്തെന്നാൽ മലയാളത്തിലെ സുറിയാനി തോമ്മാരികർ മേൽപ്രകാരം ഒരു അനുവാദം ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല. ഇതു കൊച്ചീ മെത്രാൻ വരാപ്പുഴ മിഷനറിമാരോടു കൂടി വാങ്ങിയ ഒരു പീരങ്കിയാണു. ഇക്കാലത്തെ സംഭവങ്ങളെപ്പറ്റി വാസ്തവവിരുദ്ധമായി എഴുതുന്ന ആളുകൾ കഴിഞ്ഞ സംഭവങ്ങളെപ്പറ്റി എന്തു പറയുമെന്നു വിശേഷിച്ചു പറയേണ്ടതുണ്ടൊ? സിറിയൻതോമ്മാരികർ അപ്രകാരം ഒരു അനുവാദം ആവശ്യപ്പെട്ടിരിക്കാർട്ട, മെത്രാൻ കൊട്ടു മെത്രാനെ ഒലിവെയിരാ മെത്രാൻ ഒന്നുകൂടി റോമയിലേക്കു അയച്ചു, അല്ലെങ്കിൽ താൻ തന്നെ അവിടെ

ചെന്നിരുന്നു, റിക്കാർട്ടുശേഖരിപ്പുശാലകളെ പരിശോധിപ്പിച്ചു തന്റെ വാദത്തെ സാക്ഷീകരിക്കേണ്ടിയിരിക്കുന്നു. സിറിയൻ ഓർത്തഡോക്സ് സന്യാസികൾ തങ്ങളുടെ സുറിയാനിക്രമത്തെ മാറ്റി ലത്തീൻക്രമം അനുസരിക്കുന്നതിനു റോമാ സിംഹാസനത്തിന്റെ അനുവാദം ചോദിച്ചു എന്നു എഴുതീട്ടുള്ള ഒലിവെയിരാ മെത്രാന്റെ വാസ്തവവിരുദ്ധമായ ചരിത്രലക്ഷ്യം അദ്ദേഹത്തിന്റെ പിൻഗാമികളായ ചരിത്രകർത്താക്കൾക്കും ഒരു ലക്ഷ്യമായിരിക്കും. തോമാനസ്രാണികൾ നെസ്തോറിയൻകാരായിരുന്നു എന്നുള്ള ചരിത്രലക്ഷ്യങ്ങളും ഇതുപോലെയുള്ളവ ആകുന്നു.

ർ. ശ്ലൂ: സിംഹാസനം ഉദിയമ്പേരൂർ സൂനഹദോസിനെ ഒരു വിധത്തിൽ അംഗീകരിച്ചിരിക്കുന്നു എന്നുള്ള പ്രസ്താവനയെപ്പറ്റി ഇനി ആലോചിക്കാം. ഉദിയമ്പേരൂർ സൂനഹദോസ് ക്രോഡീകരിച്ചതു വ്യാം ക്ലെമെൻസു മാപ്പുപ്പായിൽ നിന്നും സിദ്ധിച്ച അനുവാദപ്രകാരമായിരുന്നു എന്നു ലത്തീൻവൈദികർ ഘോഷിക്കുന്നതു യഥാർത്ഥമാണെങ്കിൽ, ടി. സൂനഹദോസ് കഴിഞ്ഞു ൧൦ വർഷം കൂടി ജീവിച്ചിരുന്ന വ്യാം ക്ലെമെൻസ് മാപ്പുപ്പായുടെ അംഗീകരണം തന്നെ. പ്രയാസം കൂടാതെ സിദ്ധിക്കുമായിരുന്നു. സിദ്ധിക്കേണ്ടതുമായിരുന്നു. എന്തെന്നാൽ ആ മാപ്പുപ്പായുടെ കല്പനപ്രകാരം കൂടപ്പെട്ട സൂനഹദോസിന്റെ റിപ്പോർട്ടും നിശ്ചയങ്ങളും ആ മാപ്പുപ്പായിക്കുതന്നെ അയക്കേണ്ടതും അവയെ സംബന്ധിച്ച മാപ്പുപ്പാ എന്തെങ്കിലും മറുപടി കല്പിക്കേണ്ടതും ആയിരുന്നല്ലോ. എന്നാൽ ഇപ്രകാരം ഒരു ലക്ഷ്യവും ഒലിവെയിരാ മെത്രാനും കൂട്ടരും കാണിക്കുന്നില്ല. ഇപ്രകാരം ഒരു ലക്ഷ്യം ആവശ്യമെന്നു കരുതിയാണു ഒലിവെയിരാ മെത്രാൻ, ഫ്രൻസൻ ഏഫ്രീൽ വ്യാം ക്ലെമെൻസു മാപ്പുപ്പാ എഴുതിയതായി ചേർത്തിട്ടുള്ളതു. ഉദിയമ്പേരൂർ സൂനഹദോസ് വിളിച്ചുകൂട്ടി, മലയാളത്തിലെ തോമാനസ്രാണികൾക്കുവേണ്ടി മെനസീസ് മെത്രാപ്പൊലീത്താ ചെയ്ത അതിപ്രയത്നങ്ങൾക്കുവേണ്ടി അദ്ദേഹത്തിനെ അനുമോദിക്കുന്നതായിട്ടാണു പോർത്തുഗീസു വൈദികർ രേഖ എഴുതുകൊണ്ടു സ്ഥാപിക്കുന്നതു. പക്ഷെ സൂനഹദോസിനു വർഷവും ഏതാനും ദിവസവും മുമ്പാണു രേഖ എഴുതു എഴുതപ്പെട്ടിട്ടുള്ളതു- അതിനാൽ അവരുടെ ഉദ്ദേശം സാഫല്യമാകുന്നില്ല. ഉദിയമ്പേരൂർ സൂനഹദോസിനെ ഉറപ്പിക്കുന്നതിനു ഒലിവെയിരാമെത്രാൻ കൊണ്ടുവന്നിട്ടുള്ള മറ്റു സാക്ഷികളെപ്പറ്റി ഇനി ആലോചിക്കാം. "ശ്ലൂ: ശ്ലീഹായ്ക്കുള്ള സിംഹാസനത്താൽ ഉദിയമ്പേരൂർ സൂനഹദോസ് അംഗീകരിക്കപ്പെടാത്തതിനാൽ ദോഷത്തായി ആക്ഷേപം പറയുന്നു". എന്നു സുബ്സിദിയംആദ് ബുള്ളാറിയും ഭാഗം പുറത്തിൽ പറഞ്ഞിരിക്കുന്നു. (Appendix 146.) ഇതിനിടയിൽ, "ക്ലർ-ാം ബനഡിക്തൂസ് പൊരുതിരിച്ചുപറയുന്നതാവിതു. അതിനാൽ ശ്ലൂ: സിംഹാസനത്താൽ അംഗീകരിക്കപ്പെടാൻ അല്ല നിശ്ചയം." എന്നും ചേർത്തിരിക്കുന്നു

(Appendix 147) അതായതു-പ്രദേശ സൂനഹദോസുകളെ ശ്ലൂ: സിംഹാസനം അംഗീകരിക്കാറില്ല. ഇതു ശ്ലൂ: സിംഹാസനത്തിന്റെ നിയമമാകുന്നു. ഇതാകുന്നു ഒലിവെയിരാ മെത്രാന്റെ തെളിവു! എന്നാൽ പ്രദേശസൂനഹദോസുകളെ ശ്ലൂ: സിംഹാസനം അംഗീകരിക്കാറില്ലാ എന്നു പറഞ്ഞതിന്റെ ശേഷം "ചൊവ്വല്ലാത്ത വിധത്തിൽ ഉദിയമ്പേത്തർ സൂനഹദോസിനെ ശ്ലീഹായ്ക്കുടത്ത സിംഹാസനം അറിഞ്ഞു പലപ്പോഴും സ്ഥതിക്കയുണ്ടായിട്ടുണ്ടു" എന്നെഴുതിയിരിക്കുന്നു. പ്രദേശസൂനഹദോസുകളെ ശ്ലൂ: സിംഹാസനം അംഗീകരിക്കാറില്ലെന്നു പല സാക്ഷികൾകൊണ്ടു തെളിയിച്ചശേഷം, ചൊവ്വല്ലാത്ത വിധത്തിൽ ഉദിയമ്പേത്തർ സൂനഹദോസ് അംഗീകരിക്കപ്പെട്ടു എന്നാണു ഒലിവെയിരാമെത്രാൻ വാദിക്കുന്നതു. മലയാളത്തിലെ സുറിയാനി ക്രൈസ്തവർകളായ സന്ന്യാസികൾ തങ്ങളുടെ റൊള്ളയിൽ ഉദിയമ്പേത്തർ സൂനഹദോസിൽ നിശ്ചയിക്കപ്പെട്ട നോമ്പുകാലം കാക്കണമെന്നു ഫ്രാ—ാം ലെയോൻ മാപ്പിപ്പാ കല്പിച്ചിട്ടുണ്ടെന്നാണു ഇതിനൊരു ലക്ഷ്യം. ഉദിയമ്പേത്തർ സൂനഹദോസ്സിൽ വെച്ചു കാക്കപ്പെടണമെന്നു നിശ്ചയിക്കപ്പെട്ട നോമ്പുകാലം സുറിയാനിക്കാർ പൂർവ്വകാലം മുതൽ ആചരിച്ചുവന്നവയാണെന്നും, സൂനഹദോസു നിയമപ്രകാരം ഉണ്ടായവയല്ലെന്നും ഒലിവെയിരാമെത്രാനും ക്രൂത്രും ഓർക്കേണ്ടതാണു. ക്രൊൻ-ൽ നടന്നതായ ഒരു സൂനഹദോസിനു അക്കാലത്തുള്ള മാപ്പിപ്പാമാരുടെ അംഗീകരണപത്രങ്ങളെ കാണിക്കാതെ, പൂന്നു യുഗം കഴിഞ്ഞശേഷം വല്ല സംഗതിക്കായി എഴുതപ്പെട്ടിട്ടുള്ളതും, മുക്കിലൊ മൂലയിലൊ കിടക്കുന്നതുമായ സാക്ഷികളെ ആരാഞ്ഞുകൊണ്ടുവരുന്ന സമ്പ്രദായം അനുകരണീയംതന്നെ. ഉദിയമ്പേത്തർ സൂനഹദോസിലെ നിയമങ്ങൾ അംഗീകരിക്കപ്പെട്ടതായി യാതൊരു ലക്ഷ്യവും ഇല്ല. അവകൾ അംഗീകരിക്കപ്പെട്ടിട്ടില്ലെന്നു, ഒലിവെയിരാമെത്രാന്റെ സാക്ഷികൊണ്ടുതന്നെ ഞാൻ തെളിയിക്കാം. സുബ്'സിദിയും അദ്'ബുള്ളാറിയും എന്ന പുസ്തകം ഒന്നാംപുറത്തിൽ ക്രൈസ്തവ—ൽ പ്രോപ്പഗാന്തതിരു സംഘത്തിൽ നിന്നുണ്ടായ മറുപടികൾ ചേർത്തിട്ടുണ്ടു. കർമ്മലീത്താസഭക്കാർ മലയാളത്തിലെ സുറിയാനി കുർബാനക്രമം അടിക്കുന്ന സമയങ്ങളിൽ ചോദിച്ചിട്ടുള്ളതിനു മറുപടിയാണു പ്രസ്തുത സാക്ഷി. (ക) മലയാള സുറിയാനി കുർബാനപുസ്തകത്തിൽ പൂർവീകമായിട്ടുണ്ടായിരുന്ന ഒരു ജപം ലത്തീൻ ക്രമത്തിൽ ഇല്ലാത്തതിനാൽ ആയതു ചൊല്ലേണമൊ എന്നു ചോദിക്കയും, ചൊല്ലേണമെന്നു ഉത്തരവും. (ഖ) വായിപ്പിന്റെ ശേഷമുള്ള ഒരു ജപത്തിൽ സാരമായ ഒരു വാക്കു ചേർക്കാമൊ എന്നു ചോദ്യം. 'പുതുതായിചേർക്കേണ്ടാ എന്നുമറുപടി. ആയതിനാൽ മെനസീസു മെത്രാപ്പോലീത്താ മലയാളപ്പള്ളിയുടെ പൂർവീക ക്രമത്തെ മാറ്റിയതു ശരിയല്ലെന്നും അതിനു അനുവാദമില്ലായിരുന്നു എന്നും ശ്ലൂ-സിംഹാസനത്തിന്റെ തീർച്ചകൾ കൊണ്ടു വെളിപ്പെടുന്നു. അതിനാൽ ഒലിവെയിരാമെത്രാൻ ശ്ലൂ: സിംഹാസനത്തിന്റെ സാക്ഷിയായി കാ

ഞ്ഞിച്ചിട്ടുള്ളതിനെക്കുടി ഇവിടെ ചേർത്തുകൊണ്ടു പരം ലക്ഷം അവസാനിപ്പിക്കുന്നു. "യാതൊന്നും സ്വീകരിക്കേണ്ടതല്ല" (Appendix 148) താതായതു—തിരുസ്സഭയിൽ നടന്നവരുന്ന പൂർവീക ക്രമങ്ങളെ മാറ്റുന്നതിനു മാപ്പാപ്പായെ അല്ലാതെ മറ്റാരെയും ശ്ലൂ: സിംഹാസനത്തിന്റെ നിയമങ്ങൾ അധികാരപ്പെടുത്തുന്നില്ലെന്നും, കിഴക്കൻ ക്രമങ്ങളിൽ വിശ്വാസത്തിനു വിരോധമില്ലാത്ത സംഗതികളെ മിക്കവാറും ശ്ലൂ: സിംഹാസനം മാറ്റുന്നതല്ലെന്നും, കിഴക്കൻ പാത്രിയക്കീസന്മാരുടെ അധികാരങ്ങൾ ന്യൂനപ്പെടുത്തുന്നതല്ലെന്നും ആകുന്നു. അയതിനാൽ ശ്ലൂ: സിംഹാസനത്തിന്റെ അനുവാദംകൂടാതെ, മെനസീസ് മെത്രാപ്പോലീത്താ, മലയാള കൽദായപ്പള്ളിയുടെ ക്രമങ്ങളെ മാറ്റിയതു ശരിയല്ലെന്നും, അയതു ശ്ലൂ. സിംഹാസനം സ്വീകരിച്ചിട്ടില്ലെന്നും വെളിവാകുന്നു. മെനസീസു മെത്രാപ്പോലീത്താ ഇന്ത്യാവിട്ടു പോട്ട്ഗല്ലിലേക്കു പോയതിന്റെ ശേഷം, താൻ ചെയ്ത തെറ്റുകൾക്കു വല്ല ശിക്ഷയുംകൂടെ അദ്ദേഹം പാത്രീഭവിച്ചുവോ, എന്നുള്ള സംഗതി അദ്ദേഹത്തിന്റെ ജീവിതചരിത്രം അറിഞ്ഞിട്ടുള്ള ഒലിവെയിരാ മെത്രാൻ അറിയിച്ചു തരണമെന്നു അപേക്ഷിക്കുന്നു.

ഒരു അന്യ ശ്രുതിയിൽ മെത്രാൻ അനുവാദം കൂടാതെ സ്വമേതയായി അന്യ ശ്രുതക്കാർക്കു തിരുപ്പട്ടം കൊടുക്കുന്നതായാൽ അതിനാൽതന്നെ ആ മെത്രാൻ ഒരാണ്ടത്തേക്കു എല്ലാ പൊന്തിപ്പിക്കാം ക്രമത്തിൽനിന്നും മുടങ്ങപ്പെട്ടുമെന്നു ശ്ലൂ: പള്ളിയുടെ കാനോൻ ചട്ടമിരിക്കുമ്പോഴും മലയാള സുറിയാനിക്കാർക്കു പട്ടം കൊടുക്കുന്നതിനു താൻ അനുവദിക്കുന്നില്ല, വിചാരിക്കുന്ന എന്നു വ്യാം ക്ലെമെൻസ് മാപ്പാപ്പാ മെനസീസു മെത്രാപ്പോലീത്തായോടു പ്രത്യേകാൽ കല്പിച്ചതിനു നേരെ വിപരീതമായി അദ്ദേഹം മലയാളത്തുവന്നു സുറിയാനിക്കാർക്കു പല പ്രാവശ്യം പട്ടം കൊടുത്തതിനാൽ മെനസീസു മെത്രാപ്പോലീത്താ ശ്ലൂ: കാനോനാപ്രകാരമുള്ള കാരണങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ ഇല്ലയോ? എതു നാളത്തേക്കു താൻ പൊന്തിപ്പിക്കാം ഉപയോഗത്തിൽ നിന്നും മുടങ്ങപ്പെട്ടു എന്നു കൊച്ചിയുടെ ഒലിവെയിരാ മെത്രാൻ തന്നെ ഉത്തരം പറയേണ്ടിയിരിക്കുന്നു.

മെനസീസു മെത്രാപ്പോലീത്താ ശ്ലൂ: മാപ്പാപ്പായുടെ അനുവാദംകൂടാതെ, ചെയ്തിരിക്കുന്ന സംഗതികളുടെ അധമ്മത്തെ. കൊച്ചിയിലെ ഒലിവെയിരാ മെത്രാൻ അടിപ്പിച്ചിട്ടുള്ള സുബ്സിദിയം ആദ്ബുള്ളാറിയും എന്നു പുസ്തകത്തിൽ ഒന്നാം പുറത്തിൽ പറഞ്ഞിട്ടുള്ള സംഗതികളെക്കൊണ്ടു തെളിയിക്കാം. വരാപ്പുഴെ കർമ്മലീത്താ സഭക്കാരനായ ഫ്ളോറെൻസു മെത്രാനും മറ്റും സുറിയാനി കുർബാന ക്രമപുസ്തകം അടിക്കുന്ന സമയം, ആ പുസ്തകങ്ങളിൽ ലാഭമുണ്ടായ ചില കൂട്ടത്തൽ കൂ

വുകൾ ചെയ്യുന്നതിനു ഗ്രീ. സിംഹാസനത്തോട് അനുവാദം അപേക്ഷിച്ചിരുന്നു- എന്നാൽ അതിനു മറുപടിയായി, മുൻ പേജിൽ കൊടുത്തിട്ടുള്ളതു പോലെ, ഇടത്തുടായിരിക്കുന്ന സംഗതി ഉണ്ടെങ്കിൽ അവയെ ഭേദപ്പെടുത്തുന്നതല്ലാതെ, ഇടത്തുടിനെ അവലംബിക്കാത്ത യാതൊരു ഭേദഗതിയും ചെയ്യുന്നതിനു ഗ്രീ- സിംഹാസനം അനുവദിച്ചില്ല- മൂന്നാം ലക്കമായി വരാപ്പുഴെ കുമ്മലീത്താ മിഷ്യനറിമാർ ഗ്രന്ഥവരിൽ ചോദിച്ചിട്ടുള്ളതു- "മെസോപ്പൊത്തേമിയായിലെ കൽദായ കുർബാനക്രമ പുസ്തകത്തിൽ ഇപ്രകാരം വായിക്കപ്പെടുന്നു--നമ്മുടെ ദൈവമായ കർത്താവെ! ഒരു ബലിയെ ലോകമൊക്കയുടേയും പാലകനായ ഈനാ ... ... മേല്പട്ടക്കാരനെക്കുറിച്ചും നമ്മുടെ ഈനാ... ... ... പാത്രിയക്കീസിനെക്കുറിച്ചും നിന്റെ സന്നിധാനത്തിൽ കൈക്കൊള്ളുവാറാകണമെ!" എന്നതു സംബന്ധിച്ചായിരുന്നു- (Appendix 149) അതായതു മലയാളത്തിലെ കുർബാനക്രമ പുസ്തകത്തിൽ തിരുസ്സഭയുടെ തലവനായ ഗ്രീ. മാപ്പ്വാപ്പായുടെ പേരുകൂടി ചേർത്തു അപേക്ഷിക്കേ എന്നതു ഉണ്ടായിരുന്നില്ലാ. ആയ്ത ബാബേലിലെ കത്തോലിക്കാ പാത്രിയക്കീസിന്റെ അധീനത്തിലുള്ളപ്പെട്ട കൽദായ കുർബാനക്രമ പുസ്തകങ്ങളിൽ ഉള്ളതുപോലെ ചേർത്തു അടിപ്പിക്കണമെന്നാണു മിഷനറിമാർ ചോദിച്ചതു- അതിനു മറുപടി മൂന്നാംചോദ്യത്തിനു—അപ്രകാരം വേണം; മെസോപ്പൊത്തേമിയായിലെ കുർബാനക്രമപുസ്തകത്തിൽ ഉള്ളതുപോലെ പാത്രിയക്കീസിന്റേയും, മെത്രാന്റേയും ഒരുമയുള്ള സ്ഥലത്തെല്ലാം (മാപ്പ്വാപ്പായുടേയും) ഒരുമിക്കണം. റോമായിൽനിന്നും ഗ്രന്ഥവരി വ—ാം തീയതി തിരുസംഘകൂട്ടത്തിൽനിന്നും" എന്നായിരുന്നു. (Appendix 150) മുൻ ചേർത്തിട്ടുള്ള ചോദ്യത്തിനു ഗ്രീ. സിംഹാസനം കല്പിച്ച മറുപടി, മലയാളത്തെ ഭരിക്കുന്ന ബാബേൽ പാത്രിയക്കീസിന്റേയും സ്ഥലഭരണക്കാരനായ മെത്രാന്റേയും നാമം ഓമ്മിക്കപ്പെടുന്ന സ്ഥലത്തെല്ലാം മാപ്പ്വാപ്പായുടേയും നാമം ഓമ്മിക്കപ്പെടുമെന്നാണെല്ലൊ. ഗ്രന്ഥവ—ൽ ഉണ്ടായകല്പനയനുസരിച്ചു ഗ്രവ്വർ—ൽപ്രാപ്പുഗാന്ത അച്ചടിപ്പുരയിൽ അച്ചടിപ്പിച്ചിട്ടുള്ള മലയാളകൽദായ കുർബാനക്രമപുസ്തകത്തിലും, ഗ്രവ്വർ—ൽ അവിടെത്തന്നെ അച്ചടിച്ച കുർബാനക്രമപുസ്തകത്തിലും, മാപ്പ്വാപ്പായുടേയും കൽദായ പാത്രിയക്കീസിന്റേയും, തൽക്കാലം ഭരിക്കുന്ന മെത്രാന്റേയും പേരുകൾ ചേർത്തു അച്ചടിക്കപ്പെട്ടു- ഗ്രവ്വർ—ന്നു ശേഷം കുർബാനക്രമപുസ്തകം അവിടെ അച്ചടിക്കപ്പെട്ടിട്ടില്ല- മേലെഴുതിയ പ്രകാരം അധികാരികളുടെ നാമം ചേർത്തു അപേക്ഷിക്കുന്നതു അവർക്കു ആ സ്ഥലങ്ങളിന്മേലുള്ള അധികാരവും ഭരണകർത്തവ്യവും സൂചിപ്പിക്കുന്നു. പ്രൊപ്പഗാന്ത തിരുസംഘത്തിന്റെവ്യക്തമായ മുൻ പറഞ്ഞ മറുപടിയും ഗ്രവ്വർ—ലും ഗ്രവ്വർ—ലും അവിടെനിന്നതന്നെ അച്ചടിപ്പിച്ചിട്ടുള്ള പുസ്തകങ്ങളും കൊണ്ടു കൽദായ പാത്രിയക്കീസിനു ഗ്രവ്വർ—വരെ മലയാളപ്പള്ളികളിന്മേൽ അധി

കാരമുണ്ടായിരുന്നു എന്നു വെളിപ്പെടുന്നു. നവീകരണങ്ങൾ ഒന്നും ചെയ്യേണ്ടതില്ലെന്നു കല്പിച്ചിട്ടുള്ളതു, കർബ്ബാനപുസ്തകത്തിൽ യാതൊരു ഭേദഗതിയും ചെയ്യരുതെന്നാണു. എന്നാൽ ഫ്വ്യൂൻ-ൽ വത്തിക്കാൻ സൂനഹദോസിനു വരാപ്പുഴയിലെ ലെയനാർദ മെലാനൊ എന്ന മെത്രാപ്പൊലീത്താ പോയിരുന്ന സമയം, ഫ്വ്യർ-ൽ, അച്ചടിക്കപ്പെട്ട കർബാനക്രമപുസ്തകത്തിൽ ബാബേൽ പാത്രിയക്കീസിന്റെ നാമം ചേത്തിട്ടുള്ളതുകൊണ്ടു, അദ്ദേഹത്തിനു മലയാളത്തിന്മേലുള്ള അധികാരത്തെ ബലപ്പെടുത്തുന്നു എന്നു കരുതി അയ്യനീക്കം ചെയ്യുന്നതിനു, പ്രൊപ്പഗാന്താ അച്ചടിശാലക്കാരെ ശട്ടംകെട്ടി, രണ്ടു കടലാസുകൾ, ബാബേൽ പാത്രിയക്കീസിന്റെ നാമം നീക്കി അച്ചടിപ്പിച്ചു ചേർക്കപ്പെട്ടു; എന്നു മാത്രമല്ലാ ചില മൂഢതാവും, അറിവില്ലായ്മയും, അതിരുത്തിലും മാറ്റത്തിലും വ്യക്തമായിരിക്കുന്നു. വാക്കുകൊണ്ടുതന്നെ യോജിക്കുന്നില്ലാ. എന്തുകൊണ്ടെന്നാൽ കർബാനതക്സായിൽ മുമ്പെയുള്ള അപേക്ഷ താഴെ കാണുന്ന പ്രകാരമാകുന്നു- അതായതു "സർവ്വവല്ലഭനായ സർവ്വേശ്വരാകത്താവെ! ഉന്നതമേല്പട്ടക്കാരനും, ലോകമൊക്കയുടെ ശ്രേഷ്ഠാധികാരിയും, പാലകനുമായ റോമ്മായുടെ (ഇന്ന) മാപ്പാപ്പായിക്കും ഇപ്പോൾ ഞങ്ങളുടെ ജനത്തിനു മേലദ്ധ്യക്ഷന്മാരായിരിക്കുന്ന ഞങ്ങളുടെ വിശ്വാസപിതാക്കന്മാരായ (ഇന്ന) കത്തോലിക്കാ പാത്രിയക്കീസിനും (ഇന്ന) അപ്പസ്തോലപ്പാ മെത്രാപ്പൊലീത്തായ്ക്കും വേണ്ടിയും കത്തോലിക്കാ തിരുസ്സഭ ഒക്കെക്കും..... ദരം പൂജയെ അങ്ങിന്നു കൈക്കൊള്ളുണമെ" ഇതിൽനിന്നു "(ഇന്ന) കത്തോലിക്കാ പാത്രിയർക്കീസ്" എന്ന വാക്കു മാത്രം എടുത്തുകളകയും "മേലദ്ധ്യക്ഷന്മാരായിരിക്കുന്ന ഞങ്ങളുടെ വിശ്വാസപിതാക്കന്മാരായ" എന്ന വാക്കുകൾ ബഹു സംഖ്യയിൽതന്നെ ഇരിക്കയും ചെയ്യുന്നു. ഇതിനാലു "കക്കാൻപഠിച്ചാൽ നിൽക്കാൻ പഠിക്കണ്ടെടെയൊ" എന്ന പഴഞ്ചൊൽ ഇവിടെ ശരിയായി ഒത്തിരിക്കുന്നു. ടി. മാറ്റം ചെയ്തവർ കക്കാൻ പഠിച്ചു. നിൽക്കാൻപഠിച്ചില്ല; എന്നു പറയാതെ നിവൃത്തിയില്ല- ഇരുട്ടുകൊണ്ടു കുട്ടയടച്ചാൽ പൊട്ടെന്നു തെളിഞ്ഞുപോകുമെന്നും പഴഞ്ചൊല്ലുണ്ടല്ലൊ. എത്രയൊ മൂഢതാപം!!! വായനക്കാർ വിചിപ്പിൻ!

൭ാം തിത്തു വരാപ്പുഴ ലെയനാർദ്ദു മെത്രാപ്പൊലീത്തായാകട്ടെ, കമ്പലീത്താ മിഷനറിമാരുടെ ശ്രമത്താൽ ആകട്ടെ ചെയ്യപ്പെട്ടതല്ലെന്നും, ഫ്വ്യർ-ൽ പ്രൊപ്പഗാന്താ തിരുസംഘത്തിൽ നിന്നും ചെയ്യപ്പെട്ടതാണെന്നും അവർഭാവിക്കുന്നുണ്ടു-

ഫ്വ്യർ-ൽ തന്നെ അച്ചടിക്കപ്പെട്ട കർബാന പുസ്തകങ്ങളിൽ ചിലതിൽ ബാബേൽ പാത്രിയക്കീസിന്റെ പേരുള്ളതും ചിലതിൽ ഇല്ലാത്തതും ആലോചിക്കുമ്പോൾ, ഇതു വ്യാജമായി ചെയ്യപ്പെട്ട ഒരു പ്ര

വൃത്തിയാണെന്നും, ഈ കൃത്യം ശ്ലൂ. സിംഹാസനത്തോട് പരമാർത്ഥമായ വിശ്വാസത്തെ ജനിപ്പിക്കുന്നതിനു പകരം അവിശ്വാസത്തെ ജനിപ്പിക്കുന്നതാണെന്നും പറയാതെ നിവൃത്തിയില്ല. ശരിയായ വിധത്തിൽ നടത്തപ്പെടുന്ന ഒരു അച്ചടിശാലയുടെ പരമാർത്ഥത്തിനു ഇതു ഒരു പോരായ്മയുമാണു. മേൽപ്രകാരം ക്രട്ടിച്ചേർക്കപ്പെട്ട കടലാസു രണ്ടും ആ പുസ്തകത്തിലെ മറ്റു കടലാസുകളെ അപേക്ഷിച്ചു ഘനം കുറഞ്ഞവയും, നിറവ്യത്യാസപ്പെട്ടും ഇരിക്കുന്നു. ബാബേൽ പാത്രിയർക്കീസിന്റെ നാമം മാറുന്നതിനു. ശ്ലൂ. സിംഹാസനത്തിന്റെ പ്രത്യേക അനുവാദം ആവശ്യമാണെന്നു മുൻ ചേർത്തിട്ടുള്ള തിരുസംഘത്തിന്റെ കല്പനകൾ തന്നെ സാക്ഷീകരിക്കുന്നു. എന്നുതന്നെയുമല്ലാ പൂവീകം മുതൽ തുടർച്ചയായി നിലനിന്നു വന്നിരുന്ന അധികാരത്തെ, അച്ചടിക്കാരുടെ സഹായംമൂലം ഉൻമൂലം ചെയ്വാൻ ഒരുങ്ങി പുറപ്പെട്ടതു വലിയ സാഹസമായിപ്പോയി- ബാബേൽ പാത്രിയർക്കീസിന്റെ അധികാരം നിന്നൽ ചെയ്തിരിക്കുന്നതായി ശ്ലൂ. സിംഹാസനത്തിന്റെ യാതൊരു തിരുവെഴുത്തും ലെയൊനാർദ് മെത്രാപ്പൊലീത്താ പ്രസിദ്ധം ചെയ്തിട്ടില്ല- മലയാള കൂർബാനക്രമ ഉപദേശപുസ്തകത്തിൽ അദ്ദ്യാപി ബാബേൽ പാത്രിയർക്കീസിന്റെ നാമം വാഴ്ത്തുന്നതെന്ന ഉപദേശമുണ്ടു. ശ്ലൂ. സിംഹാസനത്തിന്റെ ഒരു തീർപ്പുണ്ടായിരുന്നെങ്കിൽ ആ വിധം ചെയ്വാൻ പാടുള്ളതല്ല-

ബാബേൽ പാത്രിയർക്കീസിന്റെ അധികാരവും നാമോച്ചാരണവും നിന്നൽ ചെയ്യപ്പെട്ടതായി ക്രമുസ്-ൽ ശ്ലൂ. സിംഹാസനം തീർച്ചപ്പെടുത്തിച്ചു, വരാപ്പുഴ ലെയോനാർദ് മെത്രാപ്പൊലീത്തായ്ക്കു അയച്ചിട്ടുള്ള തിരുവെഴുത്തുകൂടി സുബ് സീദിയും ആദ് ബുള്ളാറിയും എന്ന പുസ്തകത്തിൽ ചേർക്കേണ്ടതായിരുന്നു- വരാപ്പുഴ കാർമ്മലീത്താ പ്രോറെൻസു മെത്രാന്റെ കാലത്തിൽ പ്രോട്ടസ്താന്ത തിരുസംഘത്തിനോടു ചോദിച്ച ചോദ്യങ്ങൾക്കും അവയ്ക്കുള്ള മറുപടിയും, മലയാളത്തിലെ സുറിയാനി സന്ന്യാസികൾ ക്രമത്തീൻക്രമം അനുസരിക്കുവാനായിട്ടാവശ്യപ്പെട്ടതിനു പാടില്ലാ എന്നു കല്പിച്ചിട്ടുള്ളതും ചേർത്തിട്ടുള്ള ലെവെയിരാ മെത്രാൻ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടിയിൽ ബാബേൽപാത്രിയർക്കീസിന്റെ നാമം ചേർത്തു അച്ചടിപ്പിക്കേണ്ടതാണെന്ന മറുപടി കല്പിച്ചിട്ടുള്ള തിരുസംഘംതന്നെ, ആയതു നീക്കം ചെയ്യുന്നതിനും കല്പിക്കേണ്ടതില്ലയോ? അതിനാൽ ലെവെയിരാമെത്രാൻ ഒന്നുകൂടി മെഡലിക്കോട്ട മെത്രാനച്ചനെ റോമയിലേക്കയച്ചു അല്ലെങ്കിൽ താൻതന്നെ അവിടെച്ചെന്നു റിക്കാർട്ടുകളെ പരിശോധിപ്പിച്ചു, ഈ കല്പന പ്രസിദ്ധം ചെയ്യുകാൺമാൻ ആഗ്രഹിക്കുന്നു. കിഴക്കൻക്രമക്കാരായ വൈദീകരേയും, ക്രിസ്ത്യാനികളേയും. ക്രമത്തീൻക്രമത്തിലേക്കും അധികാരത്തിലേക്കും ചേർക്കുന്നതിനു ചെയ്തവരുന്ന ന്യായരഹിതമായ ശ്രമങ്ങളെപ്പറ്റി ക്രമുസ് ബനഡിക്തോസ മാപ്പാപ്പാ കല്പിച്ചിട്ടുള്ളതായി ഈപ്പ

സ്സുകം ഒന്നാംഭാഗം ൻ, ഫം, ൦൨൦പ്രകരണങ്ങളിൽ ചേർത്തിട്ടുള്ള സംഗതികളിലേക്കു വായനക്കാരുടെ ശ്രദ്ധയെ പുനരാകർഷിച്ചുകൊള്ളുന്നു

(Appendix 151, 152, 153, 154,) മെനസീസുമെത്രാപ്പോലീത്തായാൽ തെറ്റു തീർക്കപ്പെട്ട കുർബാന തക്സാ അന്നു മലയാളസുറിയാനിക്കാർ ഇപ്പോൾ ഉപയോഗിച്ചു വരുന്നതെന്നു സാക്ഷീകരിക്കുന്നതിനു വേണ്ടി കൊച്ചീമെത്രാൻ പ്രസിദ്ധം ചെയ്തിരിക്കുന്ന വത്തീൻ തർജിമക്രമവും മലയാളസുറിയാനിക്കാർ സാക്ഷാൽ ഇപ്പോൾ ഉപയോഗിക്കുന്ന സുറിയാനിക്രമവും തമ്മിൽ ചേരുന്നില്ലാ എന്നു രണ്ടുംകൂടി പരിശോധിക്കുന്നവർക്കു മനസ്സിലാകും. മെനസിസുമെത്രാൻ തെറ്റുംഇടത്തുട്ടുമായി തിരുത്തിയതും തള്ളിക്കളഞ്ഞതുമായമിക്കഭാഗങ്ങളും മുൻ ഉണ്ടായിരുന്നപ്രകാരം തന്നെ മലയാളക്കാരുടെ ഇപ്പോഴത്തെ കുർബാനക്രമത്തിൽ ഉണ്ടായിരിക്കുന്നു. ഇതിനാലും മെനസീസുമെത്രാന്റെ അറിവില്ലായ്മയെ ശ്ര. സിംഹാസനം അപേക്ഷിച്ചു തള്ളുകയും മുമ്പിലത്തേതിനെത്തന്നെ സ്വീകരിക്കുകയും ചെയ്ത എന്നു ഏറ്റവും തെളിവായിരിക്കുന്നു-

കൊച്ചീ മെത്രാൻ തന്റെ സുബ്ബീലിയും ഇന്നു. ഇതിനു പുറങ്ങളിൽ പകർത്തിയിരിക്കുന്ന ഫ്രെഞ്ചു മകരം വ്യാഴം- റോമായിൽ പ്രോപ്പഗാന്ത തിരുസംഘത്തിന്റെ തലവൻ കസ്തെല്ലികർദിനാളിന്റെ എഴുത്തുകൊണ്ടുമെനസീസിന്റെകുർബാനക്രമം മലയാളസുറിയാനിക്കാർഉപയോഗിക്കാതെ വെറുത്തുതള്ളിക്കളഞ്ഞു എന്നതെളിവാണു. ആ എഴുത്തിന്റെ അവസാനഭാഗംതന്നെ ഇവിടെ തർജിമ ചെയ്തു ചേർക്കുന്നു— "മറുപ്രകാരം നോക്കിയാൽ വിഷമിഷ്ടങ്ങളുണ്ടായേക്കാം. അവയെ ജയിക്കുന്നതിനു പാടില്ലാത്തതെന്നും വിചാരിക്കപ്പെടുന്നു. മെനസ്യാൻ പള്ളിക്രമം അവരുപയോഗിക്കുന്നതിനായി അഭിപ്രായപ്പെടേണ്ടതായിരുന്നു... എന്നാൽ അതിനോടു അവർക്കു വലിയ വിരോധമുണ്ടെന്നു പ്രത്യക്ഷപ്പെട്ടിരിക്കുന്നതായി അറിയുന്നതിനാൽ അതു ചെയ്യുന്നതു പ്രയോജനമില്ലാത്തതെന്നു വിചാരിക്കപ്പെടുന്നു." (Appendix 155)

കൊച്ചീമെത്രാന്റെ സുബ്ബസീലിയും എന്ന പുസ്തകം ൪൫-൦പുറത്തിൽ പറയുന്നതനുസരിച്ചു മിസ്റ്റർ മെക്കൻസി തന്റെ ൨—൦ പതിപ്പു ൭൨-൦ പുറത്തിൽ വിവരിക്കുന്നത.—"ഒരു ശ്രുതസുനഹദോസു റോമ്മായിൽ ക്രമപ്രകാരം അംഗീകരിക്കുക പതിവില്ലെന്നും എന്നാൽ ൨—൦ ക്ലേമൻസു മാപ്പാപ്പായുടെ ഫസ്തം ഇടവം ഫൻ—൨൯-ലെ "Divinam Dei ommipotentis povidentiàm" എന്നാരംഭിക്കുന്ന ബ്രെവയിൽ ൦൨൦ ഉദിയംപേരൂർ സുനഹദോസിനെ സ്തുതിച്ചിട്ടുണ്ടെന്നും ഈ എഴുത്തപ്രസിദ്ധം ചെയ്തിട്ടില്ലെന്നും [എന്നാൽ വത്തിക്കാൻ സിക്രേ

അർക്കിവിൽ വ-ാമത് ക്ലെമൻസിന്റെ ഫ-ാമാണ്ടു ബ്രെവശേഖരം ൪൪-ാം അംമാരി ൪൭-ാം പുസ്തകം ഫന്മ ഫ-ാം ഇലയിൽ ഇതു കാണ്മാൻ ഉണ്ടു എന്നാകുന്നു അതിലെ സാരമായ ഭാഗങ്ങൾ എന്നു പറഞ്ഞു ഏതാനും ഇംഗ്ലീഷിൽ ചേർത്തിട്ടുണ്ടു- ടി എഴുത്തിന്റെ തല്പവാചകം അങ്കമാലിരൂപതയുടെ മെത്രാനും ശ്ലൂ. ത്തോമാക്രിസ്ത്യാനികളായ പട്ടക്കാർക്കും ജനത്തിനും എന്നാണു- അതിൽ ഒരു ഭാഗംതാഴെ തർജ്ജമചെയ്തു ചേർക്കുന്നു

"ഞായത്തുകൊണ്ടു നമ്മുടെ മാന്യമുള്ള സഹോദരൻ ഗോവയുടെ മെത്രാപ്പോലീത്തായാൽ നിങ്ങളുടെ ഇടത്തരുള്ള സുനഹദോസു കൂട്ടിയെന്നും അതിനാൽ നിങ്ങളുടെ പട്ടക്കാരും നിങ്ങളുടെ ജാതിയിൽ പ്രധാനികളും കൂടപ്പെട്ടുവെന്നും ആ സുനഹദോസിൽവച്ചു പരിശുദ്ധാത്മാവിയുടെ ശക്തിയാൽ മനസ്സിംകർ ഒരു വലിയ ഐകമത്യത്തോടുകൂടി ദൃഷ്ടനെസ്തോറിസിന്റെ തെറുകളെത്തള്ളിക്കളഞ്ഞു ശരിയെന്നും ഒരു സംശയിയെക്കുറിച്ചു എഴുതപ്പെട്ട എഴുത്തുകളിൽ നിന്നു നാം അറിഞ്ഞതിലും കൂത്താറിൽ വലിയ സന്തോഷത്തോടും വലിയ തൃപ്തിയോടുംകൂടി നാം സന്തുഷ്ടനായി" (Appendix 156)

ഇതിൽനിന്നു വരുന്നതു ഫ ശ്രുപത സുനഹദോസിന്നു റോമായിലെ അംഗീകാരം ആവശ്യമില്ലെന്നും മറും കൊച്ചീമെത്രാൻ പറയുന്നതു ശരിയായിരുന്നാലും ഉദിയമ്പേരൂർ സുനഹദോസിന്റെ നിയമങ്ങൾ സാധാരണശ്രുപത സുനഹദോസുകളിൽ ചെയ്യുന്നതുപോലെ മാത്രമായിരുന്നോ? അതോ തിരുസഭയുടെ കാനോനാകർക്കു വിരോധമായി അതിർകടന്ന വാഴ്ച അധികാരങ്ങളോ നിശ്ചയങ്ങളോ സ്വയാധികാരത്താൽ മെനേസിസു മെത്രാൻ ചെയ്തിട്ടുണ്ടോ എന്നോ കൊച്ചീ മെത്രാനാകട്ടെ മെക്കൻസി അവർകളാകട്ടെ മിണ്ടുന്നില്ല എന്നാണു. ഇതാണു അതിശയിക്കേണ്ടതു. റ മേൽകാണിച്ച വ-ാം ക്ലെമൻസു പാപ്പായുടെ എഴുത്തു മുഴുവനും മിസ്റ്റർ മെക്കൻസി കാണിച്ചിട്ടില്ല. എന്നാൽ കാണിച്ചിരിക്കുന്നു ഭാഗങ്ങൾ കൊണ്ടു ഉദിയമ്പേരൂർ സുനഹദോസു മാപ്പാപ്പായുടെ കല്പനയാൽ കൂട്ടിയെന്നോ, അതിൽ വച്ചു മലയാളസുറിയാനിക്കാർ ഇടത്തുടിൽ നിന്നു മനസ്സു തിരിഞ്ഞു എന്നോ വരുന്നില്ല. പിന്നയോ സാധാരണ സുനഹദോസുകളിൽ ചെയ്യാറുള്ളതുപോലെ ടി സുനഹദോസിലും വിശ്വാസസത്യം ചെയ്കയുണ്ടായി എന്നു ടി സുനഹദോസു കൂട്ടിയവർ അയച്ച റിപ്പോർട്ടുകൊണ്ടു അവയെ താൻ അറിഞ്ഞു എന്നും മറും മാത്രമെ മാപ്പാപ്പാ പറയുന്നൊള്ളു. ഒരു ന്യായത്താൽ തന്നെ ആയിരിക്കണം മറു പോർട്ടുഗീസു ചരിത്രക്കാർ ആകട്ടെ കൊച്ചീമെത്രാൻ തന്നെ ആകട്ടെ വ-ാം ക്ലെമൻസു മാപ്പാപ്പായുടെ ടി എഴുത്തു ഇതുവരെ പ്രസിദ്ധം ചെയ്യാതിരുന്നതു എന്നു പറയേണ്ടിയിരിക്കുന്നു.

ലത്തീൻ വായിക്കാവുന്ന സുറിയാനി പട്ടക്കാർ ലത്തീൻ ശ്രുത യിൽ മെന്നാരു ലത്തീനിൽ കർബ്ബാന ചൊല്ലുന്നതിനു മെനെസ്സിസ മെത്രാൻ ഉദിയമ്പേരൂർ സൂനഹദോസിൽ അദ്ധ്യക്ഷം വഹിക്കുന്നതിനെ സംബന്ധിച്ചു കൊച്ചീ മെത്രാൻ തന്റെ "സുബ്ബീടിയും" ഒന്നാം പുറത്തിൽ പറയുന്ന സമാധാനം:— "ഉദിയമ്പേരൂർ സൂനഹദോസിനു മുമ്പു ചില സുറിയാനി പട്ടക്കാർ സുറിയാനിപുസ്തകങ്ങളിലും സുറിയാനിയിലും കൊച്ചീ ശ്രുതയിൽ എഴുതിയ ലത്തീൻ പുസ്തകങ്ങളിൽ അവർ ചൊല്ലുന്നതും, ക്രമങ്ങളും തമ്മിൽ വളരെ വ്യത്യാസപ്പെട്ടതെങ്കിലും), ലത്തീനിലും കർബ്ബാന ചൊല്ലിയിരുന്നുവെന്നു ഒരിയെന്താകൊങ്കിസ്താ ചെയ്യുന്നതെന്നും, മറ്റുള്ളവരെപ്പോലെ ലത്തീനിലൊ സുറിയാനിയിലൊ ചൊല്ലിവന്നാൽ പതിവ എന്നു നിശ്ചയമായി എന്നു തനിയ്ക്കറിവില്ലെന്നും ക്ലെമെന്റ് ഒൻപതാമത്തെ മാപ്പിപ്പായുടെ ബുള്ളയുടെ ശേഷമായിരിക്കും അയ്യാൾ നിശ്ചയമായതെന്നും ഫ്രാൻസ്വാ-ൽ എത്തിയോപ്പുകാർ ലത്തീൻകർബ്ബാനയുടെ എത്തിയോപ്യാഭാഷാന്തർജിമപെരുമാറുന്നതിനു ചോദിച്ചിട്ട് Servetur missa Aethiopica aethiopico idiomate a Paulo III pro usu nationis illius emendata ആരാജ്യക്കാരുടെ ഉപയോഗത്തിനായിട്ടാണ് പാവും പാപ്പായാൽ നന്നാക്കീട്ടുള്ള എത്തിയോപ്യ കർബ്ബാന കാർക്കപ്പെട്ടുന്നതിനെത്രെ അവർക്കനുവാദം കൊടുത്തതെന്നും" നാം വർഷംതോറും മലയാളത്തിലെ സുറിയാനി തെർസ്യാരി സഭക്കാർ സ്വമേധയായി ലത്തീൻമിസ്സാളും തക്സ് ബ്രെവിയരിയും (കാനോൻജപപുസ്തകം) സുറിയാനിയിൽ ഭാഷാന്തരം ചെയ്തിട്ടുണ്ടെന്നും ക്രമമായിട്ടു കൊടുത്തയിൽ വരാപ്പുഴെ അച്ചുക്കൂടത്തിൽ ബ്രെവിയാരിയുടെ പലഭാഗങ്ങൾ അച്ചടിക്കപ്പെട്ടിട്ടുണ്ടെന്നും അതു ഉപയോഗിക്കുന്നതിനു അനുവാദം ചോദിച്ചതിൽ ടി. അപേക്ഷയെ ശ്രീ. സിംഹാസനം നിഷേധിച്ചു കളഞ്ഞു എന്നും ചില പ്രത്യേക ആളുകൾക്കും ചില പ്രത്യേക സംഗതികളെ കുറിച്ചും രണ്ടു രീതിയിലും കർബ്ബാന ചൊല്ലുന്നതിനു ഇന്നും ശ്രീ മാനസിംഹാസനം പല പ്രാവശ്യം അനുവദിക്കുന്നുണ്ടെന്നും സുറിയാനിക്കാരുടെ കൊവേന്തകളുടെ ഇപ്പോഴത്തെ സുപ്പീരിയോരന്മാരിൽ ഒരാൾക്കു എങ്കിലും ഇപ്രകാരമുള്ള ഒരു അനുവാദം ലഭിക്കുകയും അതിനെ ചിലപ്പോൾ അദ്ദേഹം ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടു, എന്നും മറ്റും അതുകൊണ്ടു.

ഈ പറഞ്ഞ വിവരണം അനുസരിച്ചാണു മിസ്റ്റർ മെക്കൻസി ൨— നമ്പ൹ പുറത്തിൽ "(At the present day some of the Romo-Syrian priests have permission to say Mass in Latin at their option" ഇപ്പോൾ ചിലറോമാസുറിയാനിപ്പട്ടക്കാർക്കു അവരുടെ ഇഷ്ടംപോലെ ലത്തീനിൽ കുർബ്ബാന ചൊല്ലുന്നതിനു അനുവാദമുണ്ടു എന്നു പറഞ്ഞിരിക്കുന്നതു.

മേല്പറഞ്ഞവയിൽ സുറിയാനി കമ്മക്കീത്തർ ലത്തീൻ റീത്തനുസരിക്കുന്നതിനായി മിസ്സാളും ജപപുസ്തകവും സുറിയാനി ഭാഷാന്തരം ചെയ്തുഎന്നും ബ്രെവിയാരിയും അച്ചടിച്ചുവെന്നും ഇതിനായി അപേക്ഷിച്ചിട്ട ശ്ര. സിംഹാസനം അനുമതികൊടുക്കാതെനിരോധിച്ചുകളഞ്ഞുവെന്നും മറ്റും ഉള്ളതു ഉണ്ടായിട്ടുള്ള സംഗതിയല്ലായെന്നുമേൽപ്രസ്താവങ്ങളിൽ നാം കാണിച്ചിട്ടുണ്ട്. എന്നാൽ ഇനിപരിശോധിപ്പാനുള്ളതു "ചിലപ്രത്യേക അതിരൂപതകൾക്കും ചിലപ്രത്യേകസംഗതികളെക്കരുതിയും രണ്ടു റീത്തിലും കുർബാനചൊല്ലുന്നതിനു ഇന്നും ശ്ര. സിംഹാസനം പലപ്പോഴും അനുവദിക്കുന്നുണ്ടെന്നും, സുറിയാനിക്കാരുടെ കൊവേന്തകളുടെ ഇപ്പഴത്തെ സുപ്പെരിയോരന്മാരിൽ ഒരാൾക്കു എങ്കിലും ഇപ്രകാരമുള്ള ഒരു അനുവാദം ലഭിക്കുകയും അതിനെ ചിലപ്പോൾ അദ്ദേഹം ഉപയോഗിക്കുകയും ചെയ്തിട്ടുണ്ടെന്നും" മറ്റുമുള്ള സംഗതിയെയാണു. ഇതിൽ പലപല വാസ്തവവിരുദ്ധവും പിശകും അടങ്ങീട്ടുണ്ടു. ഫ്ര. കൊച്ചീമെത്രാൻ പറയുന്നപ്രകാരം ഇഷ്ടം പോലെ രണ്ടു റീത്തുകളിലും കുർബ്ബാന ചൊല്ലുന്നതിനു ശ്രേഷ്ഠമാന സിംഹാസനം ഒരിക്കലും അനുവദിപ്പാറില്ല. ഒരുത്തനു ഒരു റീത്തു മാറി മറൊരു റീത്തു ഏറ്റുകുടണമെന്നു കാരണവും അപേക്ഷയും ഉണ്ടായിരുന്നാൽ അപ്രകാരം അനുമതിലഭിക്കാവുന്നതാണു.

എന്നാൽ പിന്നീടു എടുക്കുന്ന ആ റീത്തിൽ തന്നെ നിലനിൽക്കേണ്ടതാകുന്നു. ഇപ്രകാരം മാന്നാനത്തു കൊവേന്തയിൽനിന്നും ഇറങ്ങി ബാബേൽ മുതലായ ദേശങ്ങളും ചുറ്റി മടങ്ങിവന്ന കൊതവറ പള്ളി ഇടവകക്കാരനായ ജോസെഫ് ഏലിയാ എന്ന സുറിയാനി പട്ടക്കാരൻ കൊച്ചീ ത്രുപതയിൽ ക്രൂടി. (ഫ്രവുൻറ-ഇടയ്ക്കു) സുറിയാനി റീത്തു വിട്ടിട്ടു ലത്തീൻ റീത്തു അനുസരിച്ചു ചൊല്ലുന്നതിനു അനുമതി പ്രാപിക്കുകയും അപ്രകാരം കുറെനാൾ നടന്നശേഷം മരിക്കുകയും ചെയ്തിട്ടുണ്ടു.

൨　റോമയിലെ പ്രൊപ്പഗാന്ത കോളേജിൽ പഠിക്കുന്ന കിഴക്കൻ റീത്തുകാർക്കു അവർ അവിടെ ലത്തീൻ ക്രമപ്രകാരം കുർബാനപ്പട്ടമേൽക്കുനാതിനും, അവരുടെ സ്വന്തറീത്തിൽ അവിടെ കുർബാന ചൊല്ലുവാൻ അവരെ പരിചയിപ്പിക്കുന്നതിനും സഹായിക്കുനാതിനും ആളില്ലാത്തവരുന്ന സ്ഥിതിക്കു അവരുടെ സ്വദേശത്തു വന്നു സ്വന്ത റീത്തിൽ പരിചയിക്കുന്നതു വരയ്ക്കു ലത്തീൻറീത്തിൽ ചൊല്ലുനതിനു മനസ്സുണ്ടായിരുന്നാൽ അപ്രകാരം ചൊല്ലുന്നതിനും ശ്ര. സിംഹാസനം ദയവായി അനുവദിച്ചിട്ടുണ്ടു. ഇപ്രകാരംഅതു ഫ്രവുൻ൨-ൽപ്രൊപ്പഗാന്തയിൽവച്ചുകുർബാനപട്ടമേറ്റവരായ അന്നു തൃശ്ശൂർ മിസ്സത്തിൽ ഉൾപ്പെട്ട ത്തൊറക്കൽ പള്ളിഇടവക മരിച്ചുപോയ പുല്ലൻ ബ. ദേവസ്സി അച്ചനും

അന്നു കോട്ടയം മിസ്സ്യത്തിൽ ഉൾപ്പെട്ട പാലാപ്പള്ളി ഇടവക കട്ടക്കയത്തു ബ. കൊച്ചുചാണ്ടി അച്ചനും ആദ്യം ലത്തീൻ റീത്തിൽ ചൊല്ലിയതു. എന്നാൽ അവർ സ്വദേശത്തു വന്നയുടനെ ആയ്തു മാറി സുറിയാനിറീത്തിൽ ചൊല്ലുകയും ചെയ്തു. ഇപ്പോൾ മാന്നാനം കൊവേന്തയുടെപ്രിയോർ ആയിരിക്കുന്നേടികൊച്ചുചാണ്ടിയച്ചൻസുറിയാനിയിൽചൊല്ലുവാൻ തുടങ്ങിയശേഷം കൊച്ചീമെത്രാൻ തന്റെ പുസ്തകത്തിൽ പ്രസിദ്ധം ചെയ്തിരിക്കുന്നതുപോലെ വീണ്ടുമൊരിക്കലും ലത്തീനിൽ ചൊല്ലീട്ടില്ല. അങ്ങനെ വീണ്ടും ലത്തീനിൽ ചൊല്ലുന്നതിനു അദ്ദേഹത്തിനാകട്ടെ ടി ബ പുല്ലുനച്ചനാകട്ടെ ഒരു അനുവാദം വാങ്ങിച്ചിട്ടുമില്ല. എന്നാൽ ബ. പുല്ലുനച്ചൻ സുറിയാനിയിൽ ചൊല്ലുവാൻ തുടങ്ങിയതിന്റെ ശേഷം അന്നു തിരുവൻ വികാരി അപ്പസ്തോലിക്കാ ആയിരുന്ന നി. വ. ടി. ശ്രീ. മെഡ്ലിക്കോട്ട മെത്രാൻ സ്വയാധികാരത്താൽ പുല്ലുനച്ചനെ കോഴിക്കോട്ട ജെസുവീത്തരുടെ പള്ളിയിൽ അയച്ചു് അദ്ദേഹത്തൊക്കൊണ്ടു രണ്ടുമൂന്നാഴ്ചത്തേക്കു വീണ്ടും ലത്തീൻ കുർബാനചൊല്ലിച്ചിട്ടുള്ളതായി അറിവുണ്ടു- ഇതിനുള്ള കാരണം അന്നു തിരുവൻ മിസ്സ്യത്തിലെ പട്ടക്കാരുടെജ്ഞാനധ്യാനം കോഴിക്കോട്ട വികാരിയായിരുന്ന ജെസുവീത്ത മിഷ്യനറി സാനിയെന്ന ദേഹത്തെ തിരുവൻ വരുത്തികഴിപ്പിക്കുന്നതിനു മെഡ്ലിക്കോട്ടമെത്രാൻ അപേക്ഷിച്ചതനുസരിച്ചു അദ്ദേഹം തന്റെ പള്ളിവിട്ടു തിരുവനന്തപുരത്തേയ്ക്കു ധ്യാനിപ്പിക്കുവാൻ വരുന്നനാളുകളിൽ ആ പള്ളി നടത്തുന്നതിനു ഒരു പട്ടക്കാരനെ അയയ്ക്കുണമെന്നു ടി സാനിയെന്ന ദേഹം ആവശ്യപ്പെട്ടപ്രകാരം മെഡ്ലിക്കോട്ട മെത്രാൻ ചെയ്തിട്ടുള്ളതാകുന്നു. ഇത തന്റെ സ്വയാധികാരപ്രകാരമല്ലാതെ ശ്രീ.സിംഹാസനം അറിഞ്ഞു ചെയ്തിട്ടുള്ളതുമല്ലാ. ഇപ്രകാരം ചെയ്കുന്നതിനു തനിക്കു അനുവദിപ്പാൻ പാടുള്ളതുമല്ലാഞ്ഞു. അതിനു ആവശ്യമില്ലാഞ്ഞു. എന്തെന്നാൽ കോഴിക്കോട്ടപള്ളിയിൽ പല സുറിയാനിപ്പട്ടക്കാരും വികാരിത്വ ജോലി നടത്തീട്ടുണ്ടു. അവർ ഒക്കെയും അവിടെ സുറിയാനിയിൽത്തന്നെ ആണ ചൊല്ലിവന്നതു. ഇപ്പുഴും വരാപ്പുഴ, കൊച്ചി, കൊല്ലം മുതലായ ലത്തീൻ രൂപതകളിൽ വികാരിത്വ ജോലിനോക്കുന്ന സുറിയാനി പട്ടക്കാർ സുറിയാനിയിൽ തന്നെ ആണ കുർബാനചൊല്ലിവരുന്നതു. ആ സുറിയാനിപട്ടക്കാർ ടി. രൂപതകളിൽ താമസിച്ചു് വേല ചെയ്യുന്ന കാലങ്ങളിൽഅവരെക്കൊണ്ടുലത്തീൻറീത്തിൽ കുർബാനചൊല്ലിക്കുന്നതിനായി ആ മെത്രാൻമാരിൽ ചിലർ ശ്രീ: സിംഹാസനത്തോടു അപേക്ഷിച്ചിട്ടു അനുവദിക്കാതെ അപേക്ഷയെ നിഷേധിച്ചു കളഞ്ഞതായും അറിയുന്നു.

൩. മേൽ വിവരിച്ചതുകൂടാതെ ആദ്യം വത്തീനിൽ കുർബാന ചൊല്ലിയതു. ഫ്രവൻ—ൽ പ്രൊഫഗാന്ത കോളേജിൽ പട്ടമേറി തിരുവൻ മിസ്സ്യക്കാരൻ കാരാമ്മിറെ പ ഇ.അലപ്പാട്ട ബ: കുഞ്ഞിപ്പാലു അച്ചനാണു. അദ്ദേഹവും സ്വദേശത്തുവന്നയുടനെ രീത്തുമാറി സുറിയാനിയിൽ ചൊല്ലുകയും ചെയ്തു.

൫- ഫ്രവുൻ—ൽ പ്രൊഫഗാന്തയിൽ പട്ടമേററവരായ ചങ്ങനാ
ശേരി മസ്സുത്തിൽപ്പെട്ട കുമരകത്തു പുത്തമ്പള്ളി ഇടവക വട്ടക്കളത്തി
ൽ ബ: മത്തായി അച്ചനും കൈപ്പുഴെ പള്ളി ഇടവക മാക്കീൽ ബ: കു
ഞ്ഞുപ്പച്ചനും സുറിയാനിയിൽ തന്നെ ആണ റോമ്മായിൽ നവപൂജ
ആസ്പ്പിച്ചതു. ഇതിനു അവക്കു തരമുണ്ടായതു, ഫ്രവുൻസു—ൽ കോട്ടയം
വികാരി അപ്പസ്തോലിക്കാ നി. വ. ഭി. ശ്രീ. ലവീഞ്ഞ മെത്രാനച്ചനോ
ടുകൂടി റോമ്മായിൽ വന്നിരുന്ന തന്റെ സിക്രട്ടെരിയും ഇപ്പോൾ എ
ർണാകുളം വികാരി അപ്പസ്തോലിക്കായുമായ നി. വ. ഭി. ശ്രീ. പഴെ
പറമ്പിൽ ലൂയീസച്ചനെക്കൊണ്ടു ടി അച്ചന്മാർസുറിയാനികർബാന ത
ഴക്കിച്ചു് തനിച്ചു് ചൊല്ലുന്നതിനു സാക്ഷിയും ലഭിച്ചിട്ടുണ്ടായിരുന്നതി
നാൽ ആണ.

൬. ഫ്രവുൻ—ൽ പ്രൊപ്പഗാന്തയിൽ പട്ടമേററ ചങ്ങനാശേരി മി
സ്സുത്തിൽപ്പെട്ട ചമ്പക്കുളത്തു (കല്ലുക്കാട്ട) പള്ളി ഇടവക കുര്യാളച്ചേ
രിൽ ബ: തോമ്മാച്ചൻ ആദ്യം ലത്തീനിൽ ചൊല്ലുകയും സ്വദേശത്തു
വന്നശേഷം റീത്തുമാറി സുറിയാനിയിൽ ചൊല്ലുകയും ചെയ്തു.

൭. ഫ്രൻസു—ൽ പ്രൊഫഗാന്തയിൽ പട്ടമേററ ചങ്ങനാശേരി മി
സ്സുക്കാരൻ പുളിങ്കുന്നു പള്ളി ഇടവക വാച്ചാപറമ്പിൽ ബ: ചെറിയാ
ച്ചൻ ആദ്യം ലത്തീനിലും പിന്നീടു സുറിയാനിയിലും ചൊല്ലി.

൮. ഫ്രൻസു—ൽ പ്രൊഫഗാന്തയിൽ പട്ടമേററ എർണാകുളം മിസ്സു
ക്കാരൻ ആലുക്കഴെ പള്ളി ഇടവക കൊച്ചീക്കുന്നേൽ ബ: മത്തായി അ
ച്ചൻ ആദ്യം ലത്തീനിലും പിന്നീടു സുറിയാനിയിലും ചൊല്ലി.

൯. ഏന്നാൽ സുറിയാനിക്കാരിൽ നിന്നു കാണ്ടിയിൽ പാപ്പരം സി
മിനാരിയിൽ പഠിച്ചു പട്ടമേററവർ കേയും അവരുടെ കർബാന സു
റിയാനിയിൽതന്നെ പരിചയിപ്പിച്ചു ചൊല്ലിയിരിക്കുന്നു. ഫ്രൻസു—ൽകാ
ണ്ടിയിൽ കർബാനപ്പട്ടമേററ തൃച്ചൂർ മിസ്സുത്തിൽപ്പെട്ട ചിറയത്തു ബ:
യെശയ്യപ്പച്ചനെ തൃശ്ശൂർ മെത്രാൻ ഒരു പട്ടക്കാരനെ കാണ്ടിയിൽഅ
യച്ചുസുറിയാനി കർബാന തഴക്കിച്ചതെ. അദ്ദേഹത്തിന്റെ ആദ്യകർ
ബാന കാണ്ടിയിൽതന്നെചൊല്ലിയതു.

൰. ഫ്രൻസു—ൽ കാണ്ടിയിൽ പട്ടമേററ എർണാകുളം മിസ്സുക്കാര
ൻ ചെമ്പിൽ പള്ളി ഇടവക കണ്ടത്തിൽ ബ: അഗസ്തി അച്ചൻ കർ
ബാന തഴക്കി സുറിയാനിയിൽ തന്നെ കാണ്ടിയിൽവച്ചു നവപൂജ അ
സ്പ്പിച്ചു വന്നു.

൧൨ ഫ്രൻസു-ൽ കാണ്ടിയിൽ പട്ടമേററവരായ ചങ്ങനാശേരി മീ
സ്സുത്തിൽ ഉൾപ്പെട്ട പുന്നത്തെ വലിയപള്ളി ഇടവക പള്ളിക്കുന്നേൽ
ബ. മത്തായി അച്ചനും എർണാകുളം മിസ്സുക്കാരൻ വൈക്കത്തു പള്ളി
ഇടവക വെട്ടിക്കാപ്പള്ളിൽ ബ. കുറിയാക്കോസച്ചനും തങ്ങളുടെ മി
സ്സുങ്ങളിൽ പിന്തിരിഞ്ഞു സുറിയാനി കർബാന പരിചയിച്ചശേഷം അ
തിൽ തന്നെ നവപൂജ അണച്ചു.

ഫ്രഞ്ച് ഗവർന്മെന്റ—ൽ ആറാം പട്ടം ഏറ്റവും കാൻഡിയിൽ നിന്നും പുറപ്പെട്ട ചങ്ങനാശ്ശേരി മിസ്സക്കാരൻ കൈപ്പുഴെ പള്ളി ഇടവക മല്പയിൽ ബ. യാക്കോച്ചൻ സ്വദേശത്തുവന്നു സുറിയാനി കുർബാന പരിചയിച്ചു കുർബാന പട്ടമേറ്റു നവപൂജഅണപ്പിച്ചു.

മഹ. ഗവർന്മെന്റ—ൽ കാണ്ടിയിൽ കുർബാനപ്പട്ടമേറ്റവരായ ചങ്ങനാശ്ശേരി മിസ്സക്കാരൻ കുമരകത്തു പുത്തമ്പള്ളി ഇടവക പൂളപ്പറമ്പിൽ ബ: പാണ്ടി അച്ചനും തൃശ്ശൂർക്കാരൻ... ബ- പ്രൻസീസ്സച്ചനുംസ്വദേശത്ത് പിന്തിരിഞ്ഞുസുറിയാനി കുർബാനപരിചയിച്ചു നവപൂജ അർപ്പിച്ചു-

ഇപ്രകാരമത്രെ കായ്ത്തിന്റെ വാസ്തവം. എന്നാൽ നേരെമറിച്ചു "ഇപ്പോൾ ചില സുറിയാനിപ്പട്ടക്കാർ അവരുടെ ഇഷ്ടം പോലെ ചത്തീനിൽ കുർബാന ചൊല്ലുന്നതിനു അനുവാദമുണ്ടെ"ന്നു കൊച്ചീ മെത്രാനും അതനുസരിച്ചു മെക്കൻസി അവർകളും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു എത്രയൊ അബദ്ധവും വാസ്തവ വിരുദ്ധവുമാകുന്നു എന്നു മാന്യവായനക്കാർ തന്നെ വിധിക്കട്ടെ, എന്നുമാത്രം ഇവിടെ കാട്ടിച്ചുകൊണ്ടു ഒരും വിവരങ്ങളിൽനിന്നു തൽക്കാലം വിരമിക്കുന്നു.

ഒന്നാം അനുബന്ധം അവസാനം.

ഏഴാം പ്രകരണം

ഒന്നാം അനുബന്ധം.

പോർത്തുഗീസു മേലദ്ധ്യക്ഷന്മാരുടെയും ഔദ്യോഗികന്മാരുടെയും വഞ്ചകോപദേശത്താൽ മർപ്പാപ്പാമാരുടെ തിരുവെഴുത്തുകളിൽ വന്നിട്ടുള്ള തകരാറുകൾ-

൧. കൊച്ചീശ്രുപതയുടെ അതിപ്രബല മത്തേവൂസ് ഒലിവെയിരാ മെത്രാനും പോർത്തുഗീസ്സുകാരായ വൈദീകരും വ-ാം ക്ലെമെൻസ് മാപ്പാപ്പാ എ൭൯൩-ജനുവരി ൨൩-ാനാലും എ൭൯൪-ജനുവരി ൨൬-ാംതീയതിയിലും അയച്ച തിരുവെഴുത്തുകളെ അടിസ്ഥാനമാക്കിക്കൊണ്ടു, ഉദിയമ്പേരൂർ മെനേസീസു മെത്രാപ്പോലീത്താ മലങ്കരെ ശ്രുപതയ്ക്കു വേണ്ടി സൂനഹദോസ് കൂട്ടിയതു അധികാരപ്രകാരമാകുന്നു എന്നും അതു സമയം മാത്രമെ തോമാനസ്രാണികൾ നെസ്തോറിയൻ ഇടത്തുടിൽനിന്നു തിരിഞ്ഞുള്ളൂ എന്നും ബലമായി വാദിക്കുന്നുണ്ടു. "വിശദീകരണങ്ങൾ" എന്ന നാമത്തിൽ ടി. മെത്രാനവർകൾ ഫ൯൩൯-ൽ പ്രസിദ്ധപ്പെടുത്തീട്ടുള്ള ചെറിയ പുസ്തകം ൧-ാം പക്ഷത്തിൽ ൮-ാമതു ലക്കത്തിൽ ഇപ്രകാരം പറയുന്നു. "(വ-ാം ക്ലെമെൻസ് പാപ്പാ എ൭൯൪-ജനുവരി ൨൬-ാംതീയതി ഗോവമെത്രാപ്പോലീത്തായ്ക്കു എഴുതീട്ടുള്ള തിരുവെഴുത്തിനെ ഒരു കെട്ടുകഥ എന്നപോലെ ചില റോമാ സീരിയൻകാർ നിഷേധിച്ചുകൊള്ളുകയാണു ചെയ്യുന്നതു." (ക്രീസ്തുമതം ഭാഗം സു൭. നോട്ട് ൭൨) "ഈ തിരുവെഴുത്തിന്റെ പ്രമാണത നിഷേധിയ്ക്കപ്പെടുകയാണെങ്കിൽ അതോടുകൂടി ഗോവ മെത്രാപ്പോലീത്തായുടെ അധികാരബലത്തിന്നും ഉദിയമ്പേരൂർ സൂനഹദോസിന്റെ വിലമതിപ്പിന്നും ന്യൂനത ഭവിക്കയുമാണു ചെയ്യുന്നതു. എന്നാലും അതു ഈ അഭിപ്രായക്കാർ വിചാരിക്കുന്നിടത്തോളം അധികം ശക്തിമത്തായിട്ടായിരിക്കയില്ല.....എന്നാൽ ഗോവമെത്രാപ്പോലീത്ത തന്റെ സ്ഥാനസംബന്ധമായ അധികാരത്താൽ മാത്രമല്ല; വിശിഷ്യ രണ്ടു പ്രത്യേക തിരുവെഴുത്തുകളും മൂലമായിട്ടുകൂടെയും ന്യായമായി അധികാരപ്പെട്ടതുപ്പെട്ടിരുന്നു. എന്നുള്ളതാണു ഈ കാര്യത്തിൽ അവിതർക്കിതമായ പരമാർത്ഥം. ഒരു തിരുവെഴുത്തുകളിൽ ഒന്നു എ൭൯൪-ജനുവരി ൨൬-ാം തീയതിയിലും മറ്റൊന്നു എ൭൯൬-ജനുവരി ൨൭-ാം തീയതിയിലും എഴുതപ്പെട്ടതായിരുന്നു- ഉദിയമ്പേരൂർസൂനഹദോസിന്റെസംഘ സമ്മേളനത്തിനുവേണ്ടി മലയാളത്തിലെ ആർച്ഡീക്കൻ ജോർജ്ജിന്റെ പേർക്കു മെത്രാപ്പോലീത്താ

ചാണോട്ടായിൽ നിന്നു ക്രിസ്തൻ—മേ—ക്രി·ാം തീയതി എഴുതിയതായ രീതിയിൽ ഒരു പറഞ്ഞു മണ്ഡ തിരുവെഴുത്തുകളും എടുത്തു പ്രസ്താവിച്ചിട്ടുണ്ടു".....(പ്രവൃ—ാംപക്ഷം) "ഈ തിരുവെഴുത്തുകളുടെ നിഷ്പക്ഷപാർശ്വമായിരിക്കും. എന്തുകൊണ്ടെന്നാൽ അതു മാർപ്പാപ്പാമാരുടെ പ്രാചീനവും നവീനവുമായ മറവു രേഖകളുടെ അസാധുകരണത്തിനു അനുകൂലിക്കുന്നതായി വരുന്നതാണു".....

ഇപ്പിന്നെ മലയാളത്തുള്ള ജനങ്ങളും നെസ്തോറിയൻ പാഷാണ്ഡതയെ ഒന്നാമതായി ഉപേക്ഷിച്ചപ്പോൾ എല്ലാവർക്കും. കത്തനാരൻമാരും, ശമ്മാശന്മാരും, ക്ലേരിമാരും, ജനങ്ങളാൽ തിരിഞ്ഞെടുക്കപ്പെട്ടവരായ പ്രമാണികളും ഭാഗ്യപ്പെട്ട ഓമ്മയ്ക്കു അർഹനായ വ്യാം ക്ലേമൻസ് എന്ന നമ്മുടെ മുൻഗാമിയുടെ ആജ്ഞപ്രകാരം ക്രിസ്തൻ-ൽ ഉദിയമ്പേരൂരിൽ നടത്തപ്പെട്ട സുനഹദോസിൽ ഒരുമിച്ചുകൂടി റോമാ മേലദ്ധ്യക്ഷനു അഥവാ പാപ്പായ്ക്കു സത്യത്തിൻ കീഴ അനുസരണം വാങ്ങാനും ചെയ്യുണ്ടായി.

വി. പത്രോസിന്റെ കാരാഗ്രഹതിരുനാളിൽ വി. പത്രോസിന്റെ ദേവാലയത്തിൽ വച്ചു ക്രിസ്തൻ-ൽ മീൻ.ിടുത്തക്കാരന്റെ മുദ്രയിൻ കീഴം ൻ—ാം പിയൂസ പാപ്പാ കല്പിച്ചു നൽകിയ Speculatoris super എന്നു തുടങ്ങുന്ന തിരുവെഴുത്തു

വീണ്ടും ഒലിവെയിരാ മെത്രാനവർകളും "സുബ് സീദിയും ആദ് ബുള്ളാരിയും" എന്ന പുസ്തകം ക്രി-ാം പക്ഷം ക്ര-ാം നോട്ടിൽ ൻാം പിയൂസ മാപ്പാപ്പായുടെ ടി തിരുവെഴുത്തു ലത്തീൻഭാഷയിൽ ചേത്തിട്ടുള്ളതു ഇവിടെ ചേർക്കുന്നു. (Appendix 157)

മെഡ്ലിക്കോട്ട മെത്രാൻ തന്റെ ലേഖനം ഉ—ാം ലക്കത്തിൽ ഇപ്രകാരം പറയുന്നു. "എബേദ്യേസു എന്ന പാത്രിയർക്കീസിനാൽ ഈ ഇടവ്യായിലേക്കു അയക്കപ്പെട്ട മാർ യൌസേപ്പുമെത്രാനിലും അതിന്റെ ശേഷമായി നാട്ടിലേക്കു വന്നവരും പരിശോധനയിൽ യാതൊരുവിധ വിശ്വാസസത്യങ്ങളും ചെയ്തിട്ടില്ലാത്തവരെന്നു കാണപ്പെട്ടവരുമായ മറവു പലയാളുകളിലും നെസ്തോറിയൻ പാഷാണ്ഡവിശ്വാസം ഉണ്ടെന്നു കണ്ടുപിടിച്ചവരായ പോർത്തുഗീസു മേലദ്ധ്യക്ഷന്മാർ ഒരുവിധത്തിലും തെറ്റിപ്പോയിട്ടില്ലെന്നും തെറ്റിപ്പോയിട്ടുണ്ടെന്നു വിചാരിപ്പാൻ ന്യായമില്ലെന്നും മേൽവിവരിച്ചടത്തോളം സംഗതികളിൽ നി

ന്ന കാണാവുന്നതാകുന്നു". (മകാച്ചീമെത്രാന്റെ ചില വിശദീകരണങ്ങളും പക്ഷം ചേരുന്നു)

മെനേസിസും മെത്രാപ്പോലീത്താ ഉദിയമ്പേരൂരിൽ സൂനഹദോസു കൂട്ടിയതു ന്യായമായ അർഹതപ്രകാരമല്ലെന്നു പുറിയാനിപ്പട്ടക്കാർ വാദിച്ചിട്ടുള്ളതു ആക്ഷേപകരമാണെന്നും ഉദിയമ്പേരൂർ സൂനഹദോസിൽവച്ചു മാത്രമേ തോമാനസ്രാണികൾ കത്തോലിക്കാവിശ്വാസത്തിൽ മേന്മോള്ളവരെന്നും സ്ഥാപിക്കുന്നതായി മേൽവിവരങ്ങളൊക്കെയും കൊച്ചീമെത്രാൻ എഴുതീട്ടുണ്ടു. ഒരം സംഗതികളെ ആക്ഷേപിച്ചു മുൻസർഗങ്ങളിൽ മതിയാകുംവണ്ണം വിവരിച്ചിട്ടുണ്ടെങ്കിലും അദ്ദേഹം മുമ്പരെ പ്രയാസംകഴിച്ചു തന്റെ വാദത്തെ ബലപ്പെട്ടുത്തുവാൻ വേണ്ടി മേലെഴുതിയ വു—ാം ക്ലെമൻസുമാപ്പ്പ്പായുടെ തിരുവെഴുത്തുകൾ * എന്നപുറഞ്ഞു സുബ് സീദിയും എന്നചെറിയ പുസ്തകം ൻ—ം ഫ—ം പുറങ്ങളിൽ പ്രസ്ദ്ധം ചെയ്തിട്ടുള്ളതിനാൽ അവകളുടെ സാരാംശം മുൻസർഗങ്ങളിൽ കാണിച്ചിട്ടുള്ള നിഷേധങ്ങളിൽ അടങ്ങീട്ടുണ്ടെങ്കിലും വായനക്കാർ ആ തിരുവെഴുത്തുകൾതന്നെ പദപ്പൊരുളായികണ്ടു അതിലുണ്ടായിരിക്കുന്ന അപവാദങ്ങളും തെളിവായി ഗ്രഹിക്കുന്നതു സത്യബോധ്യത്തെ ഏറ്റം ഉത്തമമെന്നു കരുതി അവയെ താഴെ ചേർക്കുന്നു. അന്യക്രമക്കാരായസീറിയർ വൈദീകരല്ലാ ഹേ. മാപ്പ്പ്പാമാരുടെ തിരുവെഴുത്തുകളെ ദുഷ്പ്രയോഗിക്കുന്നതും ദുർബലപ്പെട്ടുത്തുന്നതും പിന്നയൊരോമാപ്പള്ളിയുടെ സ്വന്തക്രമക്കാരായ ലത്തീൻ വൈദീകരാണു അങ്ങനെചെയ്യുന്നതു എന്നു താഴെവരുന്ന വിവരണം കൊണ്ടു വായനക്കാർക്കു കേവലം ബോധപ്പെടാവുന്നതാണു.

---

* ഒരം തിരുവെഴുത്തുകൾ മറ്റു പലതിനോടുകൂടെ കൊച്ചീരൂപതയുടെ ഇടവെപ്പിൽ (റിക്കാർഡ് ശേഖരിപ്പ് അറയിൽ) നിന്നു എടുത്തതാകുന്നു എന്നു ടി ഗ്രന്ഥകർത്താവു കാണിക്കുന്നുണ്ടു. എന്നാൽ മെക്കൻസിയുടെ 'ക്രിസ്തുമതം, ൩ —ാം പുറം ൪—ാം നോട്ടിൽ കാണുംപ്രകാരം ഫൻഥ വരെ ടി രൂപത റിക്കാർഡ് ശേഖര അറയിൽ ടി തിരുവെഴുത്തുകളുടെ പോർട്ടുഗീസു തർജിമയെ ഉണ്ടായിരുന്നുള്ളു എന്നുവരുന്നു- ഈ ഗ്രന്ഥകർത്താവായ കൊച്ചീമെത്രാൻ തന്നെ ഫൻറെ-ൽ പ്രസിദ്ധപ്പെടുത്തിയ "ചില വിശദീകരണങ്ങളും" എന്ന പ്രബന്ധം ൨൮—ാം പുറം "വിശേഷിച്ചും വത്തിക്കാൻ റിക്കാർഡ് ശേഖരിപ്പ് അറയിൽ എങ്കിലും മൂലഭാഷയിൽ 'ബ്രേവെ, കാണുന്നതിനു പ്രയാസമില്ലായിരിക്കും" എന്നു സമ്മതിക്കുന്നുണ്ടു- എന്നാൽ ഫൻറെ-ൽ തന്നെ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ 'സുബ് സീദി,യുടെ മുഖവുരയിൽ ടി ബ്രേവെകളുടെ (തിരുവെഴുത്തുകളുടെ) ലത്തീൻമൂലപ്രതികൾ കൊച്ചീരൂപത റിക്കാർഡ് ശേഖരിപ്പ് അറയിൽ കാർക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നുണ്ടു. അവ പിന്നെ ഏവിടെ നിന്നു, എങ്ങിനെ, എപ്പോൾ കണ്ടുകിട്ടി എന്നു ഒന്നും പറയുന്നില്ലതാനും- എന്നാൽ അന്നത്തെ പോർട്ടുഗീസരുടെ തെറ്റായ റിപ്പോർട്ടിൻപ്രകാരം ഇങ്ങനെ വല്ല തിരുവെഴുത്തുകളും ഒരുവേള

വ—ാം ക്ലെമെൻസ് പാപ്പാ
വന്ദ്യസഹോദരനായ ശേവമെത്രാപ്പോലീത്തായ്ക്ക
വന്ദ്യസഹോദരാ!
സ്വസ്ഥിയും ശ്ലീഹായ്ക്കുട്ടത്ത അനുശീർവ്വാദവും.

വി. തോമാശ്ലീഹായുടെ ഇൻഡ്യയിലുള്ള മലയാളത്തിലെ കൊച്ചീരാജ്യത്തിൽ ചേന്ന അങ്കമാലി രൂപതയുടെ മെത്രാപ്പോലീത്തായായ മാർ അബ്രാഹം മറെറാരിക്കൽ കത്തോലിക്കാ വേദപഠിനം അനുസരിച്ചു ശ്ലീഹായ്ക്കുട്ടത്ത സിംഹാസനത്തിനു കീഴ് വഴങ്ങുകയും ശേവയിലെ പ്രദേശസുനഹദോസിൽവച്ചു തന്റെ രൂപത അസകലം കത്തോലിക്കാവിശ്വാസത്തിലും ഒരും സിംഹാസനത്തിന്റെ വഴക്കത്തിലേക്കും ചെക്കുന്നതിനെപ്പററി പറഞ്ഞിരുന്നാറെ ഇപ്പോൾ നെസ്തോറിയൻ പാഷാണ്ഡമതത്തിൻ അബദ്ധങ്ങളിൽ വീണ്ടും നിർഭാഗ്യമായി വീഴുകയും സൽബുദ്ധി കേട്ട രക്ഷമാർഗത്തിലേക്കു ചേരുവാൻ മനസ്സില്ലാതിരിക്കയും, ഒരും വിധ അബദ്ധങ്ങളാൽ നിറഞ്ഞവയും ആ രൂപതയിലും പ്രദേശത്തിലും വായിക്കപ്പെടുന്നവയുമായ കൽദായ ഭാഷയിലെ പുസ്തകങ്ങളെ പിഴതീർത്തു ശുദ്ധീകരിപ്പാൻ സമ്മതിക്കാതിരിക്കയും എന്നു മാത്രമല്ലാ അനേക നിമോനിയാ എന്ന പാപങ്ങളെ ചെയ്തിരിക്കയും ചെയ്യുന്നതായും കുറെ മുമ്പു നമ്മുടെ പക്കൽ ബോധിപ്പിക്കപ്പെട്ടിരിക്കയാൽ നാം വളരെ ഖേദിക്കുന്നു. നമുക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന ശ്ലീഹായ്ക്കുട്ടത്ത ഉദ്യോഗത്തിന്റെ കടന്തിനുതക്കവണ്ണം പള്ളികളുടെ പാലകരായവർ, പ്രത്യേകം ശ്ലീഹായ്ക്കുട്ടത്ത സിംഹാസനത്തിൽനിന്നു ഇത്ര അകലെയുള്ള രാജ്യങ്ങളിൽ നിവസിക്കും പാലകർ, സത്യവേദ പഠിനത്തെ പരിഗ്രഹിച്ചിരിക്കയും തങ്ങൾക്കു ഏല്പിക്കപ്പെട്ടിരിക്കുന്ന ആടുങ്ങളെ കത്തോലിക്കാ പഠിനമെന്ന രക്ഷാകര ആഹാരംകൊണ്ടു പോഷിപ്പിച്ചു പാലിക്കയും ചെയ്യുന്നകാര്യത്തിൽ നാം താല്പര്യവും ശുദ്ധയും വെയ്ക്കുണ്ടായിരിക്കയാൽ മേൽപ്പറഞ്ഞ കാര്യങ്ങളിൽ യുക്തമാം വണ്ണം വിചാരണചെയ്തു നിശ്ചയിപ്പാൻ നാം കരുതുന്നു. ഇതിനാൽ നാം തന്റെ വിശ്വാസം, നെറിവു, കത്തോലിക്കാ വേദ ശുഷ്കാന്തി എന്നിവമേൽ കർത്താവിങ്കൽ വളരെ ആശ്രയിച്ചുകൊണ്ടു ഒരും എഴുത്തുവഴിയായി തനിക്കു ഏൾപ്പിച്ചു ചുമതപ്പെട്ടുത്തുന്നതെന്തെന്നാൽ, മാർ അബ്രാഹം മെത്രാന്റെ ജീവിതം, വ്യാപാരം, പഠിനം എന്നിവയെ ശുദ്ധയോടെ പരിശോധിക്കണം. ഒരും വിചാരണകൊണ്ടു ഇദ്ദേഹം മേല്പറഞ്ഞവകളിൽ

ആയച്ചിട്ടുണ്ടെന്നുവന്നേക്കാം: തെററായ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി തിരുവെഴുത്തുകളെ റോമാസിംഹാസനത്തിന്റെ വല്ല തീരുമാനമോ ഉണ്ടായാൽ അതു സാധുവാകുന്നതെങ്ങനെ?

കുറക്കാരനെന്നു തെളിയുന്നപക്ഷം ഇദ്ദേഹം ഗോവയിൽ തന്റെ പക്ഷം വഹിവാൻ കല്പിച്ചു വരുത്തുകയും അവിടെ ഭദ്രവും യോഗ്യവുമായ കാര്യത്തിൽ അക്കുകയും വേണം. ഈ വിചാരണയെ ശ്രദ്ധയോടെ സൂക്ഷിച്ചു പരിശോധിച്ചതിന്റെ ശേഷം മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ കാര്യം ന്യായമായ പ്രകാരം തീർപ്പാക്കുവാൻ വേണ്ടി താൻ കഴിക്കുന്ന വിചാരണയുടെ സൂക്ഷ്മപ്രതി നമ്മുടെ പക്കലേക്കു ഫ്രാ. സിംഹാസനത്തിങ്കലേക്കു അയച്ചുകൊള്ളുന്നതും.

എന്നാൽ ഈ മെത്രാപ്പോലീത്താ സ്ഥലത്തില്ലാതെയും അബ്ബാങ്ങളിൽ ഉറപ്പെട്ടും ഇരിക്കുന്ന നാളിൽ ആ അങ്കമാലി രൂപതയിലും പ്രദേശത്തിലും ആത്മീയമൊ ലൌകീകമൊ ആയ വല്ല നാശമോശങ്ങളും നേരിടാതിരിക്കുന്നതിനു ദ്വതീൻകാരനും സാധിക്കുന്ന പക്ഷം കൽദായഭാഷയൊ സുറിയാനിഭാഷയൊ പഠിച്ചിട്ടുള്ളവനുമായ ഒരു വൈദീകനെ വികാരി അപ്പൊസ്തോലിക്കായി ആ പള്ളിയിലും രൂപതയിലും നിശ്ചയിച്ചാക്കുന്നതും. ഇയ്യാൾക്കു പട്ടസ്ഥാനത്തിനടുത്തവ ഒഴിച്ചു ജ്ഞാനാധിപത്യം സംബന്ധമായവയ്ക്കു ഒക്കെ അധികാരമുണ്ടായിരിക്കുന്നതും. ഇയ്യാളെ മാറുന്നതു കൊള്ളാമെന്നു കാണപ്പെട്ടുമ്പോൾ മാറുകയും മറ്റൊരുവനെ ഒർക്കലൊ പല തവണയൊ ഇയ്യാൾക്കു പകരംനിയമിക്കയും വീണ്ടും ഇയ്യാളെത്തന്നെ ആവശ്യപ്പെട്ടാൽ നിയമിക്കയും ചെയ്തുകൊള്ളാം. മാർ അബ്രാഹം ഇല്ലാതിരിക്കയൊ മരിച്ചുപോകയൊ ചെയ്യുന്ന സ്ഥിതിയിൽ ഈ മാർ അബ്രാഹവും ഇയ്യാളുടെ പള്ളിയും രൂപതയും കയ്യൊണ്ടിട്ടുള്ളതായ മേല്പറഞ്ഞ ഗോവായിലെ പ്രദേശസൂനഹദോസിൻ നിയമപ്രകാരം ശ്ലീഹായുടെ സിംഹാസനം തിരിഞ്ഞെടുക്കുന്ന ആളിനെ അല്ലാതെ മറാരെയും മെത്രാപ്പോലീത്തയായി തിരിഞ്ഞെടുക്കുകയൊ ഏതുവിധമെങ്കിലും നിശ്ചയിക്കയൊ കൈക്കൊള്ളുകയൊ ചെയ്വാൻ സമ്മതിക്കരുതു. വിശേഷിച്ചും മേല്പറഞ്ഞ രൂപതയിലും പ്രദേശത്തിലും ഇപ്രകാരമുള്ള അബ്ബാങ്ങമാലിന്യത്തിലുള്ള മറ്റാരെങ്കിലും ഉണ്ടെന്നു വന്നാൽ അവരെ സംബന്ധിച്ചും താൻ തന്നെയൊ അഥവാ താൻ നിശ്ചയിക്കേണ്ടുന്ന വികാരി അപ്പൊസ്തോലിക്കാ വഴിയായൊ കാനോൻ നിയമപ്രകാരം വിചാരണ കഴിക്കയൊ കഴിപ്പിക്കയൊ ചെയ്തുകൊള്ളുന്നതും. ഇവയെല്ലാറ്റിനും വേണ്ടി പൂർണ്ണവും വിസ്തീർണ്ണവുമായ അധികാരാധിപത്യം ശ്ലീഹായുടെ അധികാരപ്രകാരം ഈ ഏഴാത്തു വഴിയായി നാം നല്കിയിരിക്കുന്നു.....വിശേഷിച്ചും മേല്പറഞ്ഞ അങ്കമാലി പള്ളിയുടെ സത്യനിശ്ചയത്താൽ ക്രൂടെയും അല്ലെങ്കിൽ ശ്ലീഹായുടെ സ്വീകരണത്താലും മറും ഏതു ഉറപ്പിനാലും ബലപ്പെടുത്തപ്പെട്ടിട്ടുള്ള നിയമങ്ങളും മാമൂലുകളും ... ... ഈ സമയത്തെക്കു മാത്രം പ്രത്യേകിച്ചും വിശേഷമായും നാം ഒഴിച്ചിരിക്കുന്നു. ശേഷം വിശ്വാസമായിട്ടുള്ള സംഗതികൾ ഒക്കെയുംകൂടി .. കത്തരവതാരവഷ്ടം ഫ്രാൻസി-

മകരമാസം ൨൬. നമ്മുടെ വാഴ്ചയുടെ ൯-ാം വത്സരം റോമാപുരിയിൽ വി. പത്രോസിൻപക്കൽ നിന്നു കൊടുക്കപ്പെട്ടതു. (Appendix 158)

ക്ലേമൻസുമാപ്പാപ്പാ.
കിഴക്കേ ഇൻഡ്യയിൽ വന്ദ്യസഹോദരനാകുന്ന
ഗോവാ മെത്രാപ്പോലീത്തായ്ക്കു.

വന്ദ്യസഹോദര! സ്വസ്തിയും ശീഹായ്ക്കുടെത്ത ആശീർവാദവും.

അങ്കമാലിപ്പള്ളിയുടെ സ്ഥിരിയുടെയും തമാംവണ്ണം വേണ്ടവയെപ്പറ്റുത്തുവാൻ നാം ആഗ്രഹിക്കുന്നു. ഇതിനാൽ ഇപ്പോഴത്തെ മെത്രാപ്പോലിത്ത കാലം ചെയ്യുന്നപക്ഷം കാനോൻ നിയമപ്രകാരം അപ്പള്ളിയുടെ മറൊരു പാലകനെ നിയമിക്കുന്നതിന്നിടയുണ്ടു, കാലതൈർഘ്യവും സ്ഥലാകലവും നിമിത്തം അതിനു ആത്മീയമൊ ലൌകികമൊ ആയകാര്യങ്ങളിൻ വല്ലനാശങ്ങളും നേരിടാതിരിപ്പാൻ വേണ്ടി, നാം പാലകനെ നിശ്ചയിച്ചാക്കുന്നതുവരെ, വിവേകവും ദൈവഭക്തിയും പഠിത്തവുംകൊണ്ടു യോഗ്യനെന്നു തനിക്കു തോന്നുന്ന ഏതൊരു വൈദീകനെയെങ്കിലും ശ്ലീഹായ്ക്കുടെത്ത അധികാരപ്രകാരം അപ്പള്ളിയുടെ ആത്മീയവും ലൌകികവുമായ കാര്യങ്ങളിൽ വികാരി അപ്പസ്തോലിക്കയായി നിശ്ചയിച്ചാക്കുന്നതിനു മേൽപ്പറഞ്ഞ അധിപത്യപ്രകാരം ഇതിനാൽ തനിക്കു നാംഅധികാരം തന്നിരിക്കുന്നു; എന്നാൽ ഇതിനു വിരുദ്ധമായിട്ടുള്ള ശ്ലീഹായ്ക്കുടെത്ത നിയമങ്ങളും കല്പനകളും അപ്രകാരം തന്നെ അങ്കമാലിപള്ളിയുടെ സത്യനിശ്ചയത്താലൊ ശ്ലീഹായ്ക്കുടെത്ത അംഗീകരണത്താലൊ മറ്റേതുപ്പിനാലെങ്കിലും ബലപ്പെട്ടുത്തപ്പെട്ടതായ നിയമങ്ങളും മാമൂലവും നീക്കിയിരിക്കുന്നു. അവയ്ക്കൊക്കെയും ഇപ്പോൾ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന സംഗതിയെപ്പറ്റി ഉണ്ടായിരിക്കുന്ന നിയമശക്തി, മറുകാര്യങ്ങളിൽ സ്വന്തബവത്താലെ നിൽക്കുന്നുണ്ടെന്നു വരികിലും, ഉരം ഒരു സമയത്തേക്കുമായും പ്രത്യേകിച്ചും വിശേഷമായും നാം ഒഴിച്ചിരിക്കുന്നു. അപ്രകാരം തന്നെ ശേഷം എതു വിധമായ വിരുദ്ധങ്ങളിൽ നിന്നും ക്രടി നാം ഒഴിച്ചിരിക്കുന്നു-

൧൪൯൯— ജനുവരി ൨൬--ാം നു-. നമ്മുടെ പട്ടാഭിഷേകത്തിന്റെ അഞ്ചാം വർഷത്തിൽ. റോമാപുരിയിൽനിന്നും. വി: പത്രോസിന്റെ പക്കൽ മീൻ പിടിത്തക്കാരന്റെ മോതിരത്തിൻ കീഴ.

മ—വെസ്ല്യൂസ് വർബിയാന്തുസ്-

മുദ്രസ്ഥാനത്ത്.
ബ്രൂവ സെക്രത്തേരി.

തുകൽ കടലാസിൽ.

(Appendix 159)

ഗോവമെത്രാപ്പോലീത്തായുടെ എഴുത്തു.
ഗോവയിൽ നിന്നും ക്രിസ്തു—
ഡിസംബർ ൨൯-നു-

മെത്രാപ്പോലീത്തായുടെ പ്രായംചെന്നിരിക്കയാൽ അദ്ദേഹം അന്തരിക്കയും, അപ്പോൾ അലെക്സാന്ത്രയാ പാത്രയർക്കീസ് മുൻ ചെയ്തിട്ടുള്ളപ്രകാരം ഈ അങ്കമാലിപ്പള്ളിക്കു മേലദ്ധ്യക്ഷനെ നിശ്ചയിപ്പാൻ ശ്രമിക്കയും ചെയ്തേക്കുമെന്നുള്ള ഭയം നിമിത്തം പരിശുദ്ധ പിതാവു ഈ പള്ളിയുടെ ഭരണകാര്യം സംബന്ധിച്ചു എന്നിയ്ക്കയച്ച ഒരു തിരുവെഴുത്തിനെപ്പറ്റി തങ്ങൾ മറ്റൊരു എഴുത്തിൽ പറഞ്ഞിരുന്നു. എന്നാൽ ഏതുപ്രകാരം പരിശുദ്ധാത്മാവ് തിരുസ്സഭയെ ഭരിച്ചുനടത്തുന്നുവെന്നും ശുദ്ധമാപ്പിപ്പായ്ക്കു സകല പള്ളികളിന്മേലുമുള്ള ഇടയനാട്ടത്ത ജാഗ്രതയും ശ്രേഷ്ഠത വഹിയതെന്നും ഇതിങ്കൽ തെളിവായ് കാണപ്പെട്ടുന്നു. എങ്ങുകൊണ്ടെന്നാൽ ആ തിരുവെഴുത്തു എനിക്കു കിട്ടിയപ്പോൾ മെത്രാപ്പോലീത്താ മരിച്ചിരുന്നു. പള്ളി അക്കദിയാക്കോൻറെ അധീനതയിലായിരിക്കയും മെത്രാപ്പോലീത്തായുടെ മരണം കാരണത്താൽ സകലരും ഇദ്ദേഹത്തിനു കീഴ്ഴങ്ങിക്കൊള്ളാമെന്നു സത്യം ചെയ്കയും ചെയ്തിരുന്നു. ഇവർ എപ്പോഴും അനുസരിച്ചു വന്ന നെസ്തോറിയൻ പാഷാണ്ഡമതത്തിലും അബദ്ധങ്ങളിലും ദീർഘകാലമായി വളർത്തപ്പെട്ടവരായ്കൊണ്ടു ഇവരെ റോമാപ്പള്ളിയിലേക്കു ചേർക്കുന്നതിനു പോർത്തുഗീസുകാരെപ്പോഴും പ്രയത്നിക്കയും ഇതിന് മെത്രാപ്പോലീത്തായേയും അനേകപട്ടക്കാരേയും നിർബന്ധിക്കയും ചെയ്തു. ഇതിനാൽ ശ്രേഷ്ഠമാനമാർപ്പാപ്പാ തങ്ങൾക്കു ഒരു സുറിയാനി മേലദ്ധ്യക്ഷനെ അയച്ചാൽ അദ്ദേഹത്തിനുകീഴവണങ്ങും ലത്തീൻകാരനായിരുന്നാൽ (ഈ രണ്ടു എല്ലാറ്റിലും സാരമായ കാര്യം) തൻറെ (അക്കദിയാക്കോൻറെ) ആലോചനയെ അനുസരിക്കും, എന്നൊരു സത്യ ഉടമ്പടി ചെയ്തു. ഇപ്രകാരംതന്നെ പള്ളിയിവെ പ്രാർത്ഥനയിൽ നമ്മുടെ നാഥൻ മാർപ്പാപ്പായുടെനാമം കൂട്ടിച്ചൊല്ലപ്പെട്ടതു കാരണത്താൽ അവരിൽ ഒരു പട്ടക്കാരൻ എഴുനേറ്റു നമ്മുടെ പിതാവു മാപ്പിപ്പായുടെ നാമം ചൊല്ലുവാൻ മുടക്കിയെന്നും എനിക്കറിവു കിട്ടി. ഇതിനെക്കുറിച്ചു ഞാൻ അക്കദിയാക്കോനു എഴുതുകയും അയാളെശിക്ഷിക്കുന്നതിനു അറിയിക്കയുംചെയ്തു. ഇപ്രകാരമുള്ളതിന്മകൾക്കൊക്കെയും പ്രത്യൗഷധം പ്രയോഗിക്കയും ഇതുമായിരം ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടതു യഥായോഗ്യം വിചാരിച്ചുപ്പെട്ടുത്തുകയും മാതാവായ റോമാ തിരുസ്സഭയുടെ ലോകമൊക്കയിലും വഴക്കം ചെയ്യപ്പെട്ടുകയും ചെയ്യുന്നതിനുവേണ്ടി ആ ത്രുപതയിൽ ഒരു തുബൈൽപ്പിസ്കോപ്പിനെ നിയമിപ്പാനല്ല ഞാൻ തന്നെ അവിടെ പോയി അവരുടെ മദ്ധ്യേ സഞ്ചരിക്കയും ഇരുന്നൂറു നാഴികയിൽ അധികം വിസ്താരത്തിൽ ന

മ്മുടെ രാജ്യത്തിന്റെ സ്നേഹിതരും സഖികളുമായ അജ്ഞാനികളുടെ ഇ
ടയിൽ പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന പള്ളികളെ ഞാൻ ത
ന്നെ ചെന്നു സന്ദർശിക്കയും ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. ഞാൻ ഉടൻ
രാജ്യത്തിന്റെ രണ്ടാം അധികാരിയായിരിക്കയും അജ്ഞാന രാജാക്കന്മാർ
അവരുടെ കാര്യസാദ്ധ്യത്തിനായി എന്നെ തങ്ങളുടെ സ്നേഹിതനായി കാ
ണിക്കയും ചെയ്യയാൽ എന്റെ ഉടൻ സന്ദർശനത്തിങ്കൽ എന്റെ അ
ധികാരം വഴിയായി അവിടത്തെ പള്ളികളെല്ലാം, അവ ഉൾപ്പെട്ടിരിക്കു
ന്ന പാഷാണ്ഡ പഠനങ്ങളിലും അബദ്ധങ്ങളിലും നിന്നും ശുചീകരിക്ക
യും, കത്തോലിക്കാ വിശ്വാസത്തിന്നാടുത്ത പഠനം അവരെ ഗ്രഹിപ്പിക്ക
യും, പതിതമക്കാരുടെ പുസ്തകങ്ങളെ എല്ലാം അവരിൽനിന്നു നീക്കിക്ക
ളകയും, അവസാനത്തിങ്കൽ സകല പട്ടക്കാരേയും ഒരു സുനഹദോസാ
യി വിളിച്ചുകൂട്ടി മേലാൽ ശ്രേഷ്ഠ മാർപ്പാപ്പാ അവർക്കയക്കുന്ന മേലുള്ള
കാരനെ കൈക്കൊള്ളാമെന്നുള്ള സത്യത്തോടുകൂടി റോമാപ്പള്ളിക്ക അ
വരെ കീഴ്വഴക്കമാക്കുകയും ചെയ്യാൻ ഇടയാകും. ശാസ്ത്രത്തിൽ സമർത്ഥരാ
യ ആളുകളേയും ഉടൻ ക്രിസ്ത്യാനികളിലും ഉടൻ ഭാഷയിലും പരിചയ
വും അഭ്യാസവും ചെന്നിട്ടുള്ള ഉടൻശാസഭക്കാരായ ഏതാനും പട്ടക്കാ
രേയും എന്റെ കൂടെ ഞാൻ കൊണ്ടുപോകുന്നുണ്ട്. ഉടൻ സന്ദർശന
ത്തിന്ന ആറേഴുമാസം താമസം ചെയ്യേണ്ടിയിരിക്കയാൽ ഇതു വളരെ
ബുദ്ധിമുട്ടും അപചയവും ഉള്ളതായിരുന്നാലും ഉടൻ പ്രയാണം ദൈവസ്തുതി
യ്ക്കും റോമപ്പള്ളിയുടെ ശ്രേഷ്ഠതയ്ക്കും വളരെ ഉപകരിക്കുമെന്നും ഞാ
ൻ നിശ്വസിക്കുന്നു. വർഷങ്ങിന്റെ ആരംഭത്തോടുകൂടി ഇവിടത്തെ
ജോലി ഒതുങ്ങുന്ന സമയമാകകൊണ്ടു ഞാൻ ഏപ്രിൽ മാസത്തിൽ ഇ
വിടെനിന്നു പുറപ്പെടുകയും അക്ടോബർ മാസത്തിനു മുമ്പുതന്നെ
മ്പോൾ ഇതു ശ്രമത്തുള്ള മെത്രാൻസ്ഥാനം ഒഴിഞ്ഞിരിക്കുമെന്നു കാണു
കയും, ഉണ്ടായിരുന്നാൽ എളുപ്പമായി സ്വന്ത ശ്രമത്തിൽ
പ്രവേശിപ്പിക്കയും ചെയ്യാൻ വേണ്ടി ഞാൻ ആ മാസം വരെ ഇവിടെ
താമസിക്കയും ചെയ്യും. എന്നാൽ ഉടൻ ശ്രമത്തുള്ള മെത്രാൻ നി
ശ്ചയിക്കപ്പെട്ടിട്ടില്ല എങ്കിൽ ഉടൻശാസഭക്കാരിൽ ആരെങ്കിലും ഒരുത്ത
നെ നിശ്ചയിക്കുന്നതു ഏറ്റവും നന്നായിരിക്കും. എന്തുകൊണ്ടെന്നാൽ
ഉടൻശാസഭ അദ്ധ്യക്ഷൻ ഉടൻ ക്രിസ്ത്യാനികളുടെ ഇടയിൽ പോയി
വേലചെയ്തിരിക്കുന്നതിനാൽ ഇതു വളരെ ഉപകാരമായിരിക്കുമെന്നു ഞാ
ൻ തങ്ങളെ ഓർപ്പിക്കുന്നു. ഈ പ്രകാരം തന്നെ സുറിയാനിഭാഷയുടെ
മേന്മ ഇല്ലായ്മ ഉൾപ്പെടുത്തി കൊള്ളുവാൻ അദ്ദേഹത്തോടു കല്പിക്കണം.
ഇതു പട്ടക്കാർ ലത്തീൻ ഭാഷയെപ്പോലെ പഠിച്ചുവരുന്ന ഒരു ഭാഷ
യല്ലാതെ സ്വദേശഭാഷയല്ല. ഉടൻ ഭാഷ ഇവടങ്ങളിലേയുള്ള പാഷാണ്ഡ
പഠനമെല്ലാം ഒഴുകിവരുന്ന ഒരു നീർച്ചാലായാകയാൽ ഇതിനു
പകരം ലത്തീൻ ഭാഷയെ പ്രവേശിപ്പിച്ചാൽ അതു വഴിയായി നല്ല
ഭാഗം ഉണ്ടാകുവാൻ വളരെ ഉപകരിക്കും. മുഖ്യമായി ഉടൻ ഗോവാ

അതിശ്രേഷ്ഠതയുള്ള) എറ്റവും സമീപത്തിലുള്ള ആശ്രിതമെത്രാസന മാകുന്നു കൊച്ചി. ശ്രേഷ്ഠതയോടുകൂടെ ഇരിക്കുന്നു എന്നതാൻ ഒരു നഗരിയുടെ ആശ്രിത മേലദ്ധ്യക്ഷനായിരിക്കുന്നതു ഇവയെല്ലാത്തിനേയുംകാൾ അധികം ഉപകരിക്കും ഒരു പള്ളിയുടെ കാര്യാനേഷണം അവിടെ വിചാരിച്ചിരുന്നതുപോലെ ഇതുവരെ നടത്തിവരുന്നതു അലക്സാന്ത്രിയാ പാത്രിയർക്കീസ് അല്ലാ. ഇതിനെക്കാൾ എറ്റവും മോശമായിരിക്കയും അബദ്ധങ്ങളും അറിവില്ലായ്കയും കൊണ്ടു നിറഞ്ഞിരിക്കയുമായ ബാബേൽ പാത്രിയർക്കീസിനെന്നതിനുവധിക്കുന്നതു. ഇദ്ദേഹം നെസ്തോറിയൻ മതത്തിൽ ചേർന്ന ഒരു പ്രസിദ്ധപാഷണ്ഡിയും മറ്റു അനേകം അബദ്ധങ്ങളിൽ മുഴുകിയവനും പാപപ്രസക്തിനാനെന്നു വിശ്വേഷിച്ചിരിക്കുന്നവനുമാകുന്നു. ഇവിടത്തെ അനന്തരിച്ചു പോയ മെത്രാപ്പോലീത്തായും ഇത്തരക്കാരൻതന്നെയായിരുന്നു. ഇദ്ദേഹം പാപപ്രസക്തീർത്തനംചെയ്യാൻ മനസ്സില്ലാതെ ജീവിക്കയും അപ്രകാരം തന്നെ മരിക്കയും ചെയ്തു. ഫ്രാ. മാപ്പിപ്പായുടെ തിരുവെഴുത്തനുസരിച്ചു ഞാൻ ഇവിടെ പ്രസിദ്ധീകരിച്ച ജൂബിലിക്കൈക്കൊള്ളുവാനും ഇദ്ദേഹത്തിനു മനസ്സുണ്ടായില്ലാ. അവിടെ ഒരുശ്രേഷ്ഠക്കാർ നടത്തുന്ന ഒരു കോളേജിനുള്ള പള്ളികളിൽ ഒരു ജൂബിലി പ്രസിദ്ധീകരിച്ചു നടത്തുന്നതിനു ഞാൻ അവകാശമുള്ളതിനാൽ ആ ജനക്കൂട്ടം ഇതിനെ വളരെ ഭക്തിയോടുകൂടി കൈക്കൊണ്ടു.

മെത്രാപ്പോലീത്തായും പ്രീമാസും Fre alessis. (Appendix 160)

അപ്പോഴും മേലെഴുതിയവൻ—ഒരു ഇല്ലമൻസ മാപ്പിപ്പാ യുടെ രണ്ടു തിരുവെഴുത്തുകളും നമ്മോടുകൂടി മെനേസീസ മെത്രാപ്പോലീത്താ മലങ്കരപ്പള്ളിയുടെ വിവരം സംബന്ധിച്ചു റോമാപുരിയിലിരിക്കുന്ന ഗെർഗ്ഗോ പാത്രിയർക്കീസിനു എഴുതിയ ക്രിസ്തീഡിസം വർഷം—നു യിലെ എഴുത്തും വായനക്കാർ വായിച്ചു ബോധിച്ചിരിക്കുന്നല്ലോ. ഇനി ആ എഴുത്തുകളിലെ താല്പര്യം സംബന്ധിച്ചു, കൊച്ചിയിലെ ഒരു വൈദികനായ മെത്രാന്റെയും മറ്റു ക്രിസ്ത്യാനികളുടെയും വാദം അതായതു റോമൻ സിറ്റിയൻ പട്ടക്കാർ മാപ്പിപ്പാമാരുടെ തിരുവെഴുത്തുകളെ ബഹുമാനമാക്കുന്നുണ്ടെന്നുള്ളതും, ഉദിയംപേരൂർ സുന്നഹദോസിൽവച്ചു മാത്രം തോമസ്സന്ത്രാന്നിക്കം കർത്താവിക്കാതിരുസ്സഭയിൽ ചേർന്നിട്ടുള്ളു എന്നുപറയുന്നതിന്റെ വാസ്തവവും എങ്ങനെയാണെന്നും പരിശോധിക്കാം. കൊച്ചീമെത്രാൻ, ഉദിയംപേരൂർ സുന്നഹദോസിൽ വച്ചു മാത്രം തോമസ്സന്ത്രാന്നിക്കം കർത്താവിക്കാതിരുസ്സഭയിൽ ചേർന്നിട്ടുള്ള എന്നുള്ളതിനു ൽ-ാം പിയുന്ന മാപ്പിപ്പായുടെ പ്രസ്തുതെ ഒരു തിരുവെഴുത്തായ ബുള്ളായി സ്വീകരിക്കുന്നതു അതിൽപ്പറയുന്നതു "ഒന്നാമതായി മലയാളത്തിലുള്ള ജനങ്ങൾ നെസ്തോറിയൻ പാഷണ്ഡതയെ ഉപേക്ഷിച്ചുപോരുമ്പോൾ" എന്നതു ൽ—ാം പിയുന്ന മാപ്പിപ്പാ

പ്പോ, തന്റെ തിരുവെഴുത്തിൽ "ഒന്നാമതായി തോമാ നസ്രാണികളെ നെസ്തോറിയൻ പാഷാണ്ഡമതത്തെ ഉപേക്ഷിച്ചതു മുതൽ—ൽ ഉദിയമ്പേരൂർ സൂനഹദോസിൽ വെച്ചാണെന്നു പറയുന്നതിന്റെ വാസ്തവം മെനേസിസു മെത്രാപ്പോലീത്തായുടെ വാങ്ങികൊണ്ടതിനെ നിഷേധിച്ചാൽ, ആയതു വായിക്കുന്നവർക്കു പരബോധമാകയും മാർപ്പാപ്പാമാരുടെ തിരുവെഴുത്തുകളെ ബലഹീനമാക്കുന്നതു ലജ്ജയിൻ വൈദീകന്മാരെ എടുപ്പുമായി ഗ്രഹിക്കയുംചെയ്യും എന്നു വിചാരിക്കേണ്ട. മെനേസിസു മെത്രാപ്പോലീത്തായുടെ സാക്ഷിതന്നെ കാണിക്കാം. ആയതു തോമാ നസ്രാണികളെ ഉദിയമ്പേരൂർ സൂനഹദോസുവഴിയായിട്ടു റോമൻകത്തോലിക്കാ തിരുസ്സഭയിൽ ചേർത്തുവെന്നു പറയുന്ന ഉദിയമ്പേരൂർ സൂനഹദോസിന്റെ ൨—ാം സംഘം ൧൨—ാം നിയമം തന്നെയാണു. ബുള്ളാരിയും പുതുനാത്തും അപ്പോൺറിക്കു ക്ര-ാം പുസ്തകം ൧൫ക്ര-ാം വാല്യം ശേഷാൽ ശ്ലൊഹയുടെ ൧൮-ാം പ്രദേശസൂനഹദോസിന്റെ ദൃഷ്ടാന്തത്താൽ ഈ ശരണം മതിയാകുന്നു. എന്തെന്നാൽ റോമാപ്പള്ളിയുടെ നേരേയുള്ള പ്രൊട്ടസ്തന്തുകാരുടെ ആക്ഷേപങ്ങൾ കീകരിപ്പിക്കുന്നതിനും സിമോനിയായുടെ തിന്മയെ പല ദേശങ്ങളിൽനിന്നും നീക്കുവാനുള്ള നിർണ്ണയത്തെ ആഗ്രഹിക്കയാൽ ഈ മനോഗുണത്തെ മുട്ടിപ്പായി (ആ സൂനഹദോസു) അപേക്ഷിച്ചു" (Appendix I.I)

ടി നിയമത്തിന്റെ താല്പര്യമെന്നാൽ മലയാളത്തിലുള്ള സിറിയൻ പട്ടക്കാർക്കുമെതിരായുള്ള വല്ലാതെ ഉപജീവനനിവൃത്തിയുള്ള തരമില്ലാത്തതുകൊണ്ടു ക്രിസ്താബ്ദം ൧൫൦൦ കൂർസാദോ * എന്ന (൧൦൯൪ ക്രം ൧൦) പൊൻനാണയം ആണ്ടുതോറും പോർത്തുഗാൽ രാജാവു തരുന്നതിനായി അപേക്ഷിക്കുകയാണ ചെയ്യുന്നതു. എന്നാൽ ഇതുകിട്ടുമെന്നു ശരണം വരുത്തുന്നതെ സംഗതി ശ്ലൊഹയിലെ ൧൮—ാം പ്രദേശസൂനഹദോസ്സായ ക്രിവ്വർഷത്തിലെ സൂനഹദോസിന്റെ ൧൮—ാം സംഘം ൨—ാം നിയമം വൈദീക ഉപജീവനനിവൃത്തിയെപ്പറ്റി ഉണ്ടായ നിയമമാണ. അതിൽപ്പറയുന്നതുതോമാനസ്രാണികളുടെ വൈദീകഗണത്തിനായി ആണ്ടുതോറും ക്രം൦൦ കൂർസാദോ എന്ന പൊൻനാണയം പോർട്ടുഗൽ രാജാവുകൊടുക്കുന്നതിനായിട്ടു അപേക്ഷിക്കുകയാണുചെയ്തിരിക്കുന്നതു. ടി സൂനഹദോസിന്റെ അപേക്ഷപ്രകാരം ബുള്ളാരിയും പുതുനാത്തു അപ്പോൺറിക്കസ് ക്ര-ാം പുസ്തകം ൧൫-ാം വാല്യത്തിൽ പറയുന്നതുപോലെ പോർത്തുഗൽ രാജാവു സൂനഹദോസിന്റെ അപേക്ഷപോലെ ആയ്തുകൊടുക്കുന്നതിനു സമ്മതിച്ചിട്ടുണ്ടു. എങ്കിലും ആയ്ത ശ്ലൊഹയിൽ പറഞ്ഞതല്ലാതെ മലയാളത്തിൽ തോമാ നസ്രാണികളുടെ വൈദീകഗണത്തിനു കൊടുത്തതായി സാർവ്വത്രികമായിട്ടു തോന്നുന്നില്ല. മെനേസീസു മെത്രാപ്പോലീത്താ

* കൂർസാദോ എന്ന പോർട്ടുഗീസു നാണയത്തിനു ൨ രൂപാ ഒണ്ണവിലയുണ്ടു.

തൽക്കാലം ഗോവയിൽ താമസിച്ചു വന്നിരുന്ന വകയിൽനിന്നു അപ്പോൾ തന്നെ സൂനഹദോസിൽക്കൂടിയ പട്ടക്കാർക്കു കൊടുത്തുകൊണ്ടിരുന്നു എന്നുമാത്രമല്ല ആ നിയമത്തിൽത്തന്നെ ഇൻഡ്യായുടെ മറ്റു ഭാഗത്തുള്ള ക്രിസ്ത്യാനികൾക്കു മേൽപ്രകാരമുള്ള സഹായം പോർട്ടുഗൽ രാജാവു ചെയ്യുന്നതുകൊണ്ടു തോമാനസ്രാണികളുടെ വൈദികഗണത്തിനും ടി സഹായം കിട്ടുമെന്നു മെനേസീസു മെത്രാപ്പോലീത്താ പറയുന്നതുകൊണ്ടു ഗോവയുടെ പ്രദേശസൂനഹദോസിന്റെ അപേക്ഷപ്രകാരം പോർട്ടുഗൽ രാജാവു അന്നവരെ കൊടുത്തുവന്നിരുന്ന ധനം അവർക്കു കിട്ടിയിരുന്നില്ലെന്നു പ്രത്യക്ഷത്തിൽ കാണുന്നു. ഇനിമേനേസീസു മെത്രാപ്പോലീത്തായുടെ ടി നിയമത്തിൽ പറഞ്ഞിരിക്കുന്ന സംഗതികൊണ്ടു തോമാനസ്രാണികളെ പണ്ടേതന്നെ റോമൻ കത്തോലിക്കാ സഭയിൽ ചേർന്നിരിക്കുന്നുവെന്നു അദ്ദേഹംതന്നെ സാക്ഷിയായിരിക്കുന്നു. എന്തെന്നാൽ വിശേഷാൽ ഗോവയുടെ പ്രദേശസൂനഹദോസിന്റെ ദൃഷ്ടാന്തത്താൽ ഒരു ശാസനം മുതലുള്ള എന്തെന്നാൽ റോമാപ്പള്ളിയുടെ നേരെയുള്ള ഒരു ക്രിസ്ത്യാനികളുടെ ആജ്ഞ അധികീകരിപ്പിക്കുന്നതിനായിട്ടു മാത്രമല്ലാതെ അതു സൂനഹദോസു അപേക്ഷിച്ചു. അപ്പോൾ അന്നത്തോമാനസ്രാണികൾ കത്തോലിക്കാ തിരുസ്സഭയിൽ നിന്നിരുന്നു. ഇടയ്ക്കിടെ സഭയ്ക്കു ധനസഹായം ചെയ്തുകൊടുക്കുന്നതിനു പോർട്ടുഗൽ സൂനഹദോസു ഒരിക്കലും അപേക്ഷിക്കുകയില്ലാ. എന്നു മാത്രമല്ല മെനേസീസു മെത്രാപ്പോലീത്താ പറയുന്ന വചനം റോമാപ്പള്ളിയുടെ നേരെയുള്ള ഒരു ക്രിസ്ത്യാനികളുടെ ആജ്ഞ അധികീകരിപ്പിക്കുന്നതിനു എന്നുപറയുന്നതുകൊണ്ടു തോമാനസ്രാണികൾ അപ്പോൾ റോമാപ്പള്ളിയുടെനേരെ ആജ്ഞയുള്ളവരാകുന്നുവെന്നു പ്രത്യക്ഷമായിപ്പറയുന്നു. അവരുടെ ആജ്ഞ അധീകരിപ്പാൻവേണ്ടി മാത്രം മേൽപ്രകാരമുള്ള സഹായം ചെയ്യുന്നതിനു അപേക്ഷിച്ചതെന്നൊള്ളൂ. എന്നാൽ മേനെസിസ് മെത്രാപ്പോലീത്താ പറയുന്നതായ "റോമാപള്ളിയുടെ നേരെയുള്ള ഒരു ക്രിസ്ത്യാനികളുടെ ആജ്ഞ അധികീകരിപ്പിക്കുന്നതിനും നിമിത്തമായിട്ടു ഒരു ദേശങ്ങളിൽ നിന്നും നീക്കുന്നതിനുമായിട്ടു ഒരു മനോരഞ്ജനം മുടിപ്പായ് ഗോവപ്രദേശ സൂനഹദോസ് അപേക്ഷിച്ചു" എന്നതു ഗോവാ പ്രദേശ സൂനഹദോസിന്റെ ടി നിയമത്തിൽ ഇല്ലാത്തസംഗതിയാകുന്നു. മേനെസിസ് മെത്രാപ്പോലീത്താ, തന്റെ വ്യാജത്തെ മറയ്ക്കുന്നതിനു ഊഹിച്ചു പറയുന്നതാണു. എങ്കിലും അവരുടെ ആജ്ഞ അധികീകരിപ്പിക്കുന്നതിനു എന്നു അദ്ദേഹം പറഞ്ഞതുകൊണ്ടു വ്യത്യാസപ്പെടുന്നതിനു ഇടയായി. അതുകൊണ്ടു മേനെസിസ് മെത്രാപ്പോലീത്താതന്നെ ഉദിയംപേരൂർ സൂനഹദോസിനു മുമ്പു തന്നെ തോമാനസ്രാണികൾ റോമൻ കത്തോലിക്കാ സഭയിൽ ചേർന്നിരിക്കുന്നുവെന്നു സാക്ഷീകരിക്കുന്നു. ഇതുകൊണ്ടു കൊച്ചി മെത്രാനും തൃട്ടും. തോമാനസ്രാണികൾ ഉദിയംപേരൂർ സൂനഹദോസിൽ വെച്ചാണു റോമരാജാ

കത്തോലിക്കാ തിരുസഭയിൽ ചേർന്നതെന്നു ൯-ാം പീയൂസ് മാർപ്പാപ്പാ യുടെ തിരുവെഴുത്തുകൊണ്ടു അറിയിക്കുമായി സ്ഥാപിച്ചിട്ടുള്ളതു വ്യാജമാകുന്നുവെന്നു മേൽ സിസ് മെത്രാപ്പൊലീത്തായുടെ അവിതർക്കിതമായ സാക്ഷ്യം കൊണ്ടു തന്നെ തെളിയുന്നു. മാർപ്പാപ്പാമാരുടെ തിരുവെഴുത്തുകൾ ബലഹീനമാക്കപ്പെടുന്നതു വ്യക്തിൻ വൈദികരാലാകുന്നുവെന്നു ഞാൻ മുൻ പറഞ്ഞിട്ടുള്ളതു ശരിയാണെന്നു ഇതുകൊണ്ടും വായനക്കാർക്കു ബോദ്ധ്യമാണെല്ലോ-

൯—ാം പീയൂസ് മാർപ്പാപ്പാ തോമാസ്ത്രാണികരം ക്രമത്തിൽ കത്തോലിക്കാ തിരുസഭയിൽ ചേർന്നു ഉടനേതന്നെ സൂനഹദോസിൽ വെച്ചാണെന്നു പറഞ്ഞിട്ടുള്ളതിന്റെ യഥാർത്ഥ്യം മേനെസിസ് മെത്രാപ്പൊലീത്തായുടെ ടി. നിയമങ്ങളം കൊണ്ടു ബോദ്ധ്യമായിരിക്കുന്നുവല്ലോ. ഇനിവ—ാം ക്ലേമൻസു മാർപ്പാപ്പാ കല്പിച്ചിട്ടുള്ള ക്രമൻറെ ഉദവരി വ—ാമ-യിലേയും ക്രമൻറെ. ജനുവരി വക്ര—ാം-യിലേയും തിരുവെഴുത്തുകളിലെ യഥാർത്ഥ്യം എങ്ങിനെയെന്നു കാണിയ്ക്കാം. ആതിരുവെഴുത്തുകളിൽ ഒന്നാമത്തേതായ ക്രമൻറെ ജനുവരി വ—ാമ-യിലെ തിരുവെഴുത്തിന്റെ ആരംഭത്തിൽ പറയുന്നതു "അങ്കമാലി രൂപതയിലെ മെത്രാപ്പൊലീത്തായായ മാർ അബ്രാഹം മറെറാരിക്കൽ കത്തോലിക്കാ വേദപഠനം അനുസരിച്ചു ശ്ലീഹായുടെ സിംഹാസനത്തിനു കീഴ്വഴങ്ങി" എന്നു പറഞ്ഞിരിക്കുന്നതു ഏതു സമയത്തായിരിക്കുന്നു? ലത്തീൻ വൈദികരായ വളരെ ചരിത്രക്കാർ എഴുതിയിരിക്കുന്നതു ഗോവയിലെ പ്രദേശ സൂനഹദോസിൽ വെച്ചാകുന്നുവെന്നാണു. അബ്രാഹം മെത്രാപ്പൊലീത്താ ഗോവയിലേ ഒരു പ്രദേശ സൂനഹദോസിൽ മാത്രമെ ക്രട്ടിട്ടൊള്ളൂ- അയ്യു ക്രവെയ്ൽ ഫിഞ്ചെൻസു ഫോൻസേക്കായെന്ന മെത്രാപ്പൊലീത്താ ക്രട്ടിയ ഗോവയിലേ ന—ാംപ്രദേശസൂനഹദോസാണു. ഈ സൂനഹദോസ്സിന്റെ ന—ാം സംഘത്തിൽ ക്രാംതെക്രത്തിൽ ബള്ളാരിം പതനാത്തൂസ് അപ്പൊൻറിക്കസ് ക്രാം പുസ്തകം നെ-ാം പക്ഷത്തിൽ ഇപ്രകാരം പറയുന്നു. "മദ്ധ്യേമായി ഈ മൂന്നാം സൂനഹദോസു അങ്കമാലിയുടെ മെത്രാപ്പൊലീത്തായായ മാർ അബ്രാഹം, ഭാഗ്യപ്പെട്ട ഒമ്മയുടെ ൯-ാം പീയൂസു മാർപ്പാപ്പായുടെ കാലത്തിൽ റോമാപുരിയിൽ വെച്ചു ചെയ്ത വിശ്വാസസത്യം. വൈദികരുടേയും എല്ലാ ക്രിസ്ത്യാനി സമുദായത്തിന്റെയും പേർക്കു ഇവിടെ ശരം സുധഹദോസിനു വെച്ചു ഇപ്പോൾ വീണ്ടും ചെയ്തുകൊണ്ടു അദ്ദേഹത്തിനെ പ്രശംസിക്കുന്നു. (Appendix 162)

മാർ അബ്രാഹം മെത്രാൻ ഗോവയിൽ വെച്ചു ചെയ്ത ടി. വിശ്വാസസത്യം തന്നതനമല്ലെന്നു പറയുന്നതു കൊണ്ടു അവിടെ വച്ചല്ല അദ്ദേഹം സത്യവിശ്വാസം അനുസരിച്ചിരിക്കുന്നതെന്നു ടി നിയമം അ

ക്കേ പരമ്പരയായി കാണിക്കുന്നുണ്ടല്ലോ. റോമാ പുരിയിൽ വെച്ചു മാർ അബ്രാഹം മെത്രാപ്പോലീത്താ ര-ാം പീയൂസ് മാപ്പാപ്പായുടെ പക്കൽ ചെയ്ത വിശ്വാസത്യം പോലെ തന്നെ ഇവിടെ വച്ചും ചെയ്തു എന്നതിനെപ്പറ്റി ആനയിയും പ്രശംസിക്കയാണ് ചെയ്യുന്നത്. അല്ലാതെ ശ്ലൈഹികമായി സുന്നഹദോസിൽ വെച്ചാണ് സത്യവിശ്വാസമനസരിക്കയും വിശ്വാസസത്യം ചെയ്കയും ചെയ്തതെന്നുള്ള അഭിപ്രായം ശ്ലൈഹാ സുന്നഹദോസിന്റെ പിതാക്കന്മാരുടെ നിയമത്താൽ തീരെ ദൂരീകരിക്കപ്പെട്ടതാണ്. ഉരം മാർ അബ്രാഹം മെത്രാപ്പോലീത്താ ടി സുന്നഹദോസിൽ വെച്ചു ഇങ്ങനെ ഒരു വിശ്വാസസത്യം ചെയ്യുന്നതിനുള്ള കാരണം ഇന്നതെന്നറിവാൻ വായനക്കാർക്കു ആഗ്രഹമുണ്ടായിരിക്കാം. ആസുന്നഹദോസിൽ കൂടിയ ശ്ലൈഹാ മെത്രാപ്പോലീത്തായും ശേഷം വൈദികരും ആസുന്നഹദോസിൽ വെച്ചു തന്നെ വിശ്വാസസത്യം ചെയ്തിട്ടുണ്ട്. റോമക്കേ ലത്തീൻ വൈദികർ ചെയ്തിരിക്കുന്ന വിശ്വാസസത്യം അവരുടേ ക്രമപ്രകാരവും ലത്തീൻ ദേശങ്ങളിലുണ്ടായ വിരുദ്ധവിശ്വാസത്തിനു പ്രതിക്രിയമായുമുള്ള വിശ്വാസപ്രമാണമനുസരിച്ചാണ്. അബ്രാഹം മെത്രാപ്പോലീത്തായോ എന്നാൽ കീഴ്ക്കെദേശങ്ങളിലുണ്ടായ വിരുദ്ധവിശ്വാസത്തിനു പ്രതിക്രിയമായി തിരുസഭയിൽ നിന്നും ഏല്പിക്കപ്പെട്ടതായിരിക്കുന്ന വിശ്വാസപ്രമാണമനുസരിച്ചാണ് ചെയ്തിരിക്കുന്നതു.

ഇനി നാലാം പീയൂസു മാപ്പാപ്പായുടെ പക്കൽ റോമയിൽ വെച്ചാണ മാർ അബ്രാഹം മെത്രാപ്പോലീത്താ സത്യവിശ്വാസം അനുസരിച്ചതെന്നുള്ള സംഗതിയുടെ വാസ്തവത്തെയാണ് അറിയേണ്ടതു (ജാമിൽ ഫൈ-ാം പക്ഷം) ര-ാം പീയൂസ് മാപ്പാപ്പാ ശ്ലൈഹാമെത്രാപ്പോലീത്തായ്ക്കു എഴുതിയ തിരുവെഴുത്തു തന്നെ പ്രയാസം കൂടാതെ ഇതിനെ തെളിയിക്കുന്നു. "എന്നാൽ തന്റെ പാണ്ഡിത്യക്കിസിന്റെയും ആഭിജാത്യത്തു അദ്ദേഹത്തെ നല്ലവണ്ണം അറിയുന്നവരുടേയും ബലമായ സാക്ഷികം കൊണ്ടു അദ്ദേഹത്തെ. ഭക്തനും പുണ്യവാനുമായി നാം അറിഞ്ഞിരുന്നാലും ആയതിനെ ഉരം മഹാനഗരിയിൽ പാർത്തിരുന്നപ്പോൾ തന്നെക്കുറിച്ചുള്ള സാക്ഷിത്വങ്ങളെ പ്രവൃത്തിയിൽ തന്നെ ബോദ്ധ്യപ്പെട്ടുത്തുകയും അദ്ദേഹം മുൻപേ തന്നെ കൈക്കൊണ്ടിരുന്ന ശ്രദ്ധ: റോമാതിരുസഭയുടെ വിശ്വാസം നമ്മുടെ കല്പനയാൽ ആധികാരികമായി പരിപ്പിക്കപ്പെട്ടുന്നതിനു ഉദ്യോഗപ്പെട്ടിരുന്ന ശാസ്ത്രവും പുണ്യവും ഉള്ളവരാൽ ആയ്യ പൂർണ്ണമായി കൈക്കൊള്ളപ്പെട്ടുകയും ചെയ്തു-(Appenidx 163)

ഇതുകൊണ്ടു ര—ാം പീയൂസമാപ്പാപ്പാതന്നെ വളരെ ബോധജ്ഞാനത്തോടുകൂടി മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ വിശ്വാ

സം പരീക്ഷിച്ചതിൽ ഇദ്ദേഹം മുമ്പേതന്നെ ശ്ര. റോമാതിരുസ്സഭയുടെ വിശ്വാസത്തെ കൈക്കൊണ്ടിരുന്നുവെന്നാണ പറയുന്നതു. റോമയിൽവെച്ചുകൈക്കൊണ്ടുവെന്നല്ലാ പണ്ടേതന്നെ റോമാതിരുസ്സഭയുടെ വിശ്വാസത്തിൽ ഇരുന്നുവെന്നാണ. എന്നാൽ വായനക്കാർ ഒരു സംഗതിയിൽ ഒരു കാര്യം പ്രത്യേകമായി ആലോചിക്കേണ്ടതുണ്ടു. പോർട്ടുഗീസുകാരായ ഗോവാമെത്രാപ്പോലീത്തായും മറ്റു വൈദീകരും മാർ അബ്രാഹം മെത്രാപ്പോലീത്താ മലയാളത്തിൽ നെസ്റോറിയൻ ഇടത്തുട്ട പഠിപ്പിക്കുന്നുവെന്ന അദ്ദേഹത്തിന്റെ പേരിൽ കുറ്റം ചുമത്തി അദ്ദേഹത്തിന്റെ വിശ്വാസത്തെ പരീക്ഷിച്ചു ശിക്ഷിപ്പാൻ വേണ്ടിപ്പിടിച്ച ബന്ധോവസ്സായി റോമായിലേക്കു വിട്ടസമയത്താണ ര-ാം പീയൂസ മാർപ്പാപ്പാ മേൽപ്രകാരമുള്ള ഒരു തീർച്ച ചെയ്തിരിക്കുന്നതു. ഇടത്തുട്ടമെത്രാന്റെയും ജനങ്ങളുടെയും മേൽ റോമാകത്തോലിക്കാമെത്രാന യാതൊരു അർഹതയുമില്ലല്ലൊ- ഇടത്തുട്ടകാരുടെപേരിൽ യാതൊരു നിബന്ധനയും പ്രവർത്തിക്കുന്നതിനു സാമാന്യം സാധിക്കുന്നതുമല്ലാ. മാർ അബ്രാഹം മെത്രാപ്പോലീത്താ കത്തോലിക്കനായിരുന്നതിനാൽ കത്തോലിക്കാ പഠിനത്തിനു വിരോധമായ ഇടത്തുട്ട പഠിനം പഠിപ്പിക്കുന്നുവെന്ന മാർഅബ്രാഹം മെത്രാപ്പോലീത്തായുടെയും ഗോവ മെത്രാപ്പോലീത്തായുടെയും ഏക വിശ്വാസതലവനായ മാർപ്പാപ്പായുടെ പക്കൽ ബോധിപ്പിക്കയാണ ചെയ്തിട്ടുള്ളതു. അതുകൊണ്ടു ഗോവ മെത്രാപ്പോലീത്താ ബോധിപ്പിച്ചതു തന്നെ, മാർ അബ്രാഹം മെത്രാപ്പോലീത്താ റോമാപുരിയ്ക്കു ര-ാം പീയൂസ മാർപ്പാപ്പായുടെ പക്കൽ പോകുന്നതിനു മുമ്പുതന്നെ, കത്തോലിക്കനാകുന്നുവെന്നു തെളിയിക്കുന്നു. ഇനി വ-ാം ക്ലെമെൻസ മാർപ്പാപ്പായുടെ തിരുവെഴുത്തിലെ "ഗോവയിലെ പ്രദേശസുനഹദോസിൽവച്ചു തന്റെ ശ്രുപത അനുകലം കത്തോലിക്കാ വിശ്വാസത്തിലും ഒരു സിംഹാസനത്തിന്റെ കീഴ്വഴക്കത്തിലേക്കും ചേർന്നേതിനെപ്പറ്റി പറഞ്ഞിരുന്നാറെ" എന്ന ഭാഗത്തിൽ "തന്റെ ശ്രുപതഅനുകലം കത്തോലിക്കാ വിശ്വാസത്തിലും ഒരു സിംഹാസനത്തിന്റെ കീഴ്വഴക്കത്തിലേക്കും ചേർന്നതിനെപ്പറ്റി പറഞ്ഞിരുന്നാറെ" എന്നുള്ളതിന്റെ താല്പര്യം എന്തായിരിക്കാം? ഒന്നുകിൽ കൊച്ചീമെത്രാനും മറ്റും പറയുന്നതുപോലെ അങ്കമാലി ശ്രുപതമുഴുവനും നെസ്റോറീസിന്റെ പാഷാണ്ഡമതത്തിൽ ഉൾപ്പെട്ടിരുന്നു: അല്ലെങ്കിൽ അതിന്റെ ഒരംശം പാഷാണ്ഡമതത്തിൽ ഉൾപ്പെട്ടിരുന്ന എന്നാണ കാണിക്കുന്നതു. മാർ അബ്രാഹം മെത്രാൻമാത്രമെ വിശ്വാസത്യം ചെയ്തു കത്തോലിക്കാമതത്തിൽ ചേർന്നിട്ടുള്ളു എന്നാണ. ഒരു മെത്രാൻ അനുസരിക്കുന്ന വിശ്വാസത്തിനൊ മതത്തിനൊ വിരുദ്ധമായിരിക്കുന്ന വിശ്വാസമൊ മതമൊ അനുസരിക്കുന്ന ജനങ്ങളും അതുപോലെ അനുസരിച്ചു നടക്കയെന്നതു ലോകത്തിലെങ്ങും സംഭവിക്കുന്ന ഒരു സംഗതിയല്ലാ. റോമൻ കത്തോലിക്ക മെത്രാന്റെ കീഴിൽ ലുതറ

ർ മതം അനുസരിക്കുന്ന ജനങ്ങളൊ, ലൂത്തേർമതം അനുസരിക്കുന്ന മെ
ത്രാന്റെ കീഴിൽ റോമൻകത്തോലിക്ക ജനങ്ങളൊ ഉണ്ടായിരിക്കുന്നതു
സംഭവ്യമല്ലാ. മാർഅബ്രാഹം മെത്രാപ്പോലീത്തായുടെകീഴ നെസ്തോ
റിയൻ വിശ്വാസം അനുസരിക്കുന്ന ജനങ്ങൾ ഉണ്ടായിരിക്കുന്നു എന്നു വ
രികിൽ നിശ്ചയമായിട്ടും മാർഅബ്രാഹം മെത്രാപ്പോലീത്തായും നെ
സ്തോറിയൻ പാഷാണ്ഡമതക്കാറനായിരിക്കണം. എന്നാൽ ഗോവാപ്ര
ദേശസുനഹദോസിന്റെ നിയമങ്ങൾകൊണ്ടു മാർഅബ്രാഹം മെത്രാ
പ്പോലീത്താ റോമൻകത്തോലിക്ക വിശ്വാസക്കാറനാകുന്നുവെന്നും വ്യാ
ക്ലേമൻസ മാപ്പ്പ്പായുടെ ടി തിരുവെഴുത്തിന്റെ മറുള്ള ഭാഗങ്ങൾ
കൊണ്ടു അങ്കമാലിശ്രുപത മുഴുവനും റോമൻ കത്തോലിക്കവിശ്വാസം
അനുസരിച്ചിരിക്കുന്നുവെന്നും കാണുന്നു. ടി തിരുവെഴുത്തിന്റെ മറു
അംശത്തിൽ ഇപ്രകാരം പറയുന്നു. "എന്നാൽ ൦രം മെത്രാപ്പോലീത്താ
സ്ഥലത്തില്ലാതെയും അബദ്ധങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നവനാളിൽ അ
ങ്കമാലിശ്രുപതയിലും പ്രദേശത്തിലും ആത്മീയമൊ ലൌകീകമൊ ആ
യവല്ല നാശമോശങ്ങൾ ഭവിക്കാതെയിരിക്കേണ്ടതിന്നു". അപ്പോൾ അ
ങ്കമാലിശ്രുപതയിലുള്ള ജനങ്ങളിൽ യാതൊരു വിരുദ്ധവിശ്വാസവുമില്ലെ
ന്നു മതിയാകുംവണ്ണം തെളിയുന്നുണ്ടു. എന്തുകൊണ്ടെന്നാൽ "ആ അങ്ക
മാലിശ്രുപതയിലും പ്രദേശത്തിലും ആത്മീകമായൊ ലൌകീകമായൊ
വല്ലനാശമോശങ്ങൾ സംഭവിക്കാതെയിരിക്കേണ്ടതിനു" എന്നുപറഞ്ഞി
രിക്കുന്നതിനാൽ അതേവരെയും ആ ജനങ്ങളിൽ യാതൊരു വകപാഷാ
ണ്ഡമതവും ഇല്ലെന്നുമാത്രമല്ലാ വലിയതായ നാശം വരുത്തുന്നൊരുസംഗ
തിയും ഇല്ലെന്നും കാണിക്കുന്നു അതുമല്ലാതെ "മെത്രാപ്പോലീത്താ അ
ബദ്ധങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നവനാളിൽ" എന്നു പറയുന്നതുകൊണ്ടു പാ
ഷാണ്ഡവിശ്വാസാനുസരണത്തിന്റെ സംശയം മെത്രാപ്പോലീത്തായുടെ
മേൽമാത്രവുമാണു. എന്നാൽ ഇതുമാത്രമല്ല മാർഅബ്രാഹംമെത്രാപ്പോ
ലീത്താ ഗോവയിലെ ഒരു പ്രദേശസുനഹദോസിൽ മാത്രമെ പോയിട്ടു
ള്ളൂ. അതുതന്നെ ഒരുവർഷത്തിലുംഅധികം. ആപ്രദേശസുനഹദോസിന്റെ നിയ
മങ്ങളിൽ ഒരു സ്ഥലത്തെങ്കിലും "തന്റെ ശ്രുപതയാസകലം കത്തോലി
ക്കവിശ്വാസത്തിലും൦രംസിംഹാസനത്തിന്റെകീഴവഴക്കത്തിലേയ്ക്കും ചേ
ർക്കുന്നതിനെപ്പറ്റി ഒരുനിയമം എഴുതിച്ചേർത്തിയതായിപറഞ്ഞിട്ടുണ്ടെങ്കി
ൽഅതുകൊച്ചിമെത്രാനും ക്രൂട്ടും കാണിക്കുകയൊ അതുകാണിക്കാത്തസ്ഥി
തിയിൽ വ്യാക്ലേമേൻസുമാപ്പ്പ്പായുടെ തിരുവെഴുത്തിലെ അസംഗ
ത്യചരിത്രത്തിന്റെ സമാധാനം പറകയൊ ചെയ്യേണ്ടിയിരിക്കുന്നു. എ
ന്നാൽ ടി. ഗോവാപ്രദേശ സുനഹദോസിലെ നിയമംകൊണ്ടുതന്നെ ഇ
ങ്ങനെ മാർ അബ്രാഹം മെത്രാപ്പോലീത്താ തന്റെ കീഴ് സത്യവിശ്വാ
സമനുസരിക്കാതെ പാഷാണ്ഡമതം അനുസരിക്കുന്നതായ ജനം ഉണ്ടെ
ന്നും അ ജനത്തെ കത്തോലിക്കാസഭയിൽ ചേർക്കാമെന്നും പറഞ്ഞതാ
കാണുകയില്ലെന്നുകാണിക്കുന്നു. ബുള്ളാരിയും പത്രോനാഞ്ചുസ് അപ്പൊൻറി

ക്ലൂ ഫ-ാം പുസ്തകം ഒര—ം തൊ—ം പുറം നൂ-ാം സംഘം സു-ാം നിയമം.

നിയമങ്ങളുടേയും സൂനഹദോസിന്റെ ആലോചനകളുടേയും ആ ക്രിസ്ത്യാനി സമുദായത്തിനു ആവശ്യകമായി തോന്നുന്നവയുടെയും ഒരു സംഗ്രഹം ഉണ്ടാക്കണം (എന്നതിന്മേൽ)

വി. പൌലോസ് ശ്ലീഹാ പറയുന്നതുപോലെ നാം എല്ലാവരും അഭിപ്രായപ്പെട്ടു പറവാൻ തക്കവണ്ണം സൂനഹദോസു തീരുമാനിച്ചതു:—അങ്കമാലി മെത്രാപ്പോലീത്താ തൊന്തോസ് സൂനഹദോസ് കല്പിക്കുന്നതുപോലെ, ഒരു സൂനഹദോസു കല്പിക്കുന്നതു അംഗീകരിക്ക മാത്രമല്ലാ; പ്രദേശത്തിനുവേണ്ടത്ത മറ്റു രണ്ടു സൂനഹദോസുകളേയും അതിലെ നിയമങ്ങളേയും കൈക്കൊണ്ടിരിക്കയും ചെയ്യുന്നു. അവ ഒന്നാം സംഘത്തിൽ കണ്ടു അംഗീകരിക്കപ്പെട്ടതാണു. ഇവയൊക്കയുടെയും തൊന്തോസു സൂനഹദോസിന്റെ സംഗതികളുടേയും ആ ക്രിസ്ത്യാനി സമുദായത്തിനു ഉപകരിക്കുന്നപൊലെ നടപടികളുടേയും ഒരു സംഗ്രഹവും ഒരു സൂനഹദോസിനാലൊ അതിന്റെ അധികാരത്തിനാലൊ ഉറപ്പിക്കപ്പെട്ട നിയമങ്ങളും ഉണ്ടാക്കി ആ ക്രിസ്ത്യാനികളുടെ മലയാള ഭാഷയിൽ പൊരുൾ തിരിച്ചു കാലവും കായ്വും അനുവദിക്കുന്നതുപോലെ കുറേശ്ശെ കുറേശ്ശെ നടപ്പാക്കുന്നതിനായിട്ടു ടി മെത്രാപ്പോലീത്തായ്ക്കു കൊടുക്കുന്നതിനു ഒരു സൂനഹദോസു തീരുമാനിച്ചു. ഒരു സൂനഹദോസിൽ കണ്ടുറപ്പിക്കപ്പെട്ടതും ശ്രുത സൂനഹദോസുപോലെ ടി. മെത്രാപ്പോലീത്തായും വൈദികരും ആ ക്രിസ്ത്യാനികളുടെ പ്രധാനികളും കൈക്കൊണ്ടതുമായ വ്യ—അദ്ധ്യായങ്ങൾ മുമ്പെതന്നെ നടപ്പായിരിക്കുന്നതാണു. ടി. സംഗ്രഹവും നിയമങ്ങളും പ്രത്യേകിച്ചു ആ ക്രിസ്ത്യാനി സമുദായത്താലെ കാത്തു നടത്തിവരുന്നതിനാൽ ടി. സൂനഹദോസു പ്രശംസിക്കയും ചെയ്യുന്നു. (Appendix 164)

അപ്പോൾ മേൽനിയമം കൊണ്ടു തോമാനസ്രാണികളും അങ്കമാലി ശ്രുത സൂനഹദോസിനു മുൻപുതന്നെ കത്തോലിക്കാ സത്യവിശ്വാസത്തിൽ നിന്നിരുന്നു. ടി നിയമത്തിലും പാഷാണ്ഡമതത്തിൽ ഉൾപ്പെട്ടു തോമാനസ്രാണികളെ സത്യവിശ്വാസത്തിലേക്കു ചേർക്കണമെന്നു ഉണർത്തിക്കുന്നതായി ഭൂതെയും യാതൊന്നും പറയുന്നില്ല, എന്നു മാത്രവുമല്ല ടി സൂനഹദോസിനു മുൻപുതന്നെ വ്യ അദ്ധ്യായങ്ങൾ എന്നു പറയുന്ന അങ്കമാലിയിലെ ശ്രുത സൂനഹദോസിന്റെ നിയമങ്ങൾ ആ ക്രിസ്ത്യാനി സമുദായം കാത്തുവരുന്നതിനെപ്പറ്റി സൂനഹദോസു പ്രശംസിക്കയാണു ചെയ്യുന്നതു. ടി: ഗോവാ സൂനഹദോസു അങ്കമാലി ശ്രുത പള്ളിയെക്കുറിച്ചു ഫ-ം-നിയമങ്ങൾ പ്രത്യേകിച്ചും ഏർപ്പെടുത്തിട്ടുണ്ടു. അവയിൽ ഏതിലാണു തോമാനസ്രാണികളുടെ ഒരംശത്തെ കത്തോലിക്കാ സഭയിൽ ചേർത്തു

കൊള്ളാമെന്നു മാർ അബ്രാഹംമെത്രാപ്പോലീത്താ ഉത്തരംചെയ്തിട്ടുള്ളതെന്നു കൊച്ചി മെത്രാൻ കാണിച്ചതരേണ്ടിയിരിക്കുന്നു. അവയിൽ മാർ അബ്രാഹംമെത്രാപ്പോലീത്തായുടെ വിശ്വാസത്തേയും തോമാനസ്രാണികളുടെ നിയമാനുസരണം നടപടികളേയും സൂനഹദോസ് പ്രശംസിക്കയാണു ചെയ്തിരിക്കുന്നതു. ടി വ--അദ്ധ്യായത്തിൽ മാർ അബ്രാഹംമെത്രാപ്പോലീത്താ കൂട്ടിയ ക്രിവ്വർ--ലെ അങ്കമാലി സൂനഹദോസിൽവെച്ചു പൗരസ്ത്യസഭക്കാരായ അച്ചൻമാരും പ്രത്യേകമായി അവരുടെ വിശിഷ്ടരായ വലിഞ്ഞാനൊയെന്ന ദേഹവും ക്രമീ ഉണ്ടാക്കീട്ടുള്ളതാണു. പുരം നിയമങ്ങളെയാണു ശ്ലൊവയിലെ ക്രിവ്വർ--ലെ പ്രദേശസൂനഹദോസിൽ പ്രശംസിച്ചു പറയുന്നതു: അയ്യായിരുകാണ്ട വു-ാം ക്ലെമെൻസുമാപ്പാപ്പായുടെ തിരുവെഴുത്തിൽ പറയുന്ന മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ ഉത്തരം അതായതു--"തന്റെ ശ്രുതിയാസകലവും കത്തോലിക്കാവിശ്വാസത്തിലും പുരം സിംഹാസനത്തിന്റെ കീഴ്വഴക്കത്തിലും ചേർന്നതിനെപ്പറ്റി" പറഞ്ഞിട്ടുണ്ടെന്നും പറയുന്നതു വാസ്തവമായി കാണുന്നില്ല.

ക്രിവ്വർ--ൽ മാർ അബ്രാഹം മെത്രാപ്പോലീത്താ തന്റെ പള്ളിയുടെ ഗുണത്തിനായി കൂട്ടിയ അങ്കമാലി സൂനഹദോസിൽ വെച്ചു നിശ്ചയിച്ച കായ്ങ്ങളിൽ പ്രധാനമായിരിക്കുന്ന ഒരു സംഗതി, തന്റെ വൈദീക ഗണത്തിനു വലിയതായിട്ടു കുറെ ഒരു സെമ്മനാരി ഉണ്ടാകണമെന്നുള്ളതാണു. ഈ സംഗതിയെപ്പറ്റി ക്രി-ാം ഗ്രീഗോറിയോസു മാർപ്പാപ്പായുടെ പക്കൽ മാർ അബ്രാഹം മെത്രാപ്പോലീത്താ അയച്ചിട്ടുള്ള എഴുത്തിൽ ഇപ്രകാരം പറയുന്നു. "പുരം പ്രദേശത്തിൽ ഒരു സെമ്മനാരി ഉണ്ടാകയും പുരം മലയാള ജനങ്ങളെ പഠിപ്പിക്കുന്നതിനായി പുരംശാസ്ത്രക്കാരായ അച്ചന്മാരുടെ വലിയ ഗണവും ഉണ്ടാകയും ചെയ്യുന്നുവെങ്കിൽ (ജമീൽ--പുറം-ൽവ) (Appendix 135)

അപ്പോൾ മാർ അബ്രാഹം മെത്രാപ്പോലീത്തായെന്നു ഉദിയനേരുർ സൂനഹദോസിനു ക്രി-വർഷം മുൻപു ഒരു ശ്രുത സൂനഹദോസു കൂട്ടുകയും, ആ സൂനഹദോസിൽ പ്രധാനമായി ഇന്ത്യാസഭക്കാരായ അച്ചന്മാർ ഉണ്ടായിരിക്കയും അവരുടെ ഇപ്പോഴത്തെയും പുരിവുപോലെയും സുറിയാനിക്കാരിൽ ഏതെങ്കിലും തെറ്റുകൾ ഉണ്ടായിരുന്നെങ്കിൽ അവയെ തീർക്കുന്നതിനു വേണ്ടുന്ന നിയമങ്ങൾ സ്ഥാപിച്ചിട്ടുണ്ടാകയും ചെയ്തിട്ടുണ്ടു. അതു നിശ്ചയം തന്നെയാണു. എന്തുകൊണ്ടെന്നാൽ പോർട്ടുഗീസുകാർ ഈ നാട്ടിൽ വന്നു ക്രി൦൦--ാം കാലത്തിന്റെ തുടക്കത്തോടടുത്തു തന്നെ ലത്തീൻകാരായ പുരോഹിതരും സഭയിലെ സന്യാസികളും ഇൻഡ്യയിലും മലയാളത്തിലും വന്നു ചേർന്നിട്ടുണ്ടായിരുന്നു. ക്രി൭--ാം കാലത്തോടടുത്തു ഗ്രീ: ശുര്യരിയർ പുണ്യവാളനും മലയാ

ഉത്തരവിൽ തോമാ നസ്രാണികളുടെ അടുക്കലും എഴുതിയിട്ടുണ്ടായിരുന്നു. ഈ ശാപ്പൂരിയാർ പുന്നവാളൻ കൊടുങ്ങല്ലൂരിൽ എത്തിയ സമയം പ്രസിദ്ധ സഭാശാസ്ത്രിയായ വിൻസെൻറ് പാദ്രി എ.ഡി 1800-ൽ അവിടെ എത്തിച്ചേർന്നിട്ടുള്ളതു, തോമാനസ്രാണികളുടെ പഠനം-യുവാക്കൾ പഠിക്കുന്നതും, വലിയ സെമിനാരി കാണുകയും ആ സെമിനാരി പരിശോധിക്കാൻ എനിക്കു സാധിക്കാമെന്നു വിൻസെൻറ പാദ്രി തന്നോടു പറഞ്ഞിട്ടുള്ള സംഗതിയെപ്പറ്റി തൻറെ സഞ്ചാരത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ മലയാളത്തിൽ ഇതിഹാസഭാഷയുടെ ഗണം വർദ്ധിച്ചു. മലയാളഭാഷ നന്നായി അഭ്യസിച്ചും തോമാനസ്രാണികളുടെയും മറവും സഭാവസ്ഥിതിക്രമം മറവും നന്നായി അറിഞ്ഞും ഈ കാലത്തിനു മേലുള്ള പരിചയവും അനേക കാലം തോമാനസ്രാണികളുടെ ഇടയിൽ ജ്ഞാനപ്രസംഗകനായി കഴിച്ചും. ജാക്കബു എന്നു പരിശോധിക്കാൻ എഴുതിയിരിക്കുന്ന ചരിത്രത്തിൽ പറയുന്നതുപോലെ, മാർഅബ്രാഹം മെത്രാപ്പോലീത്തായേയും സുറിയാനിപ്പട്ടക്കാരേയും എല്ലാ തോമാനസ്രാണികളേയും തങ്ങളുടെ പക്ഷത്തിലേക്കു വശീകരിച്ചു നടത്താനുള്ള കാലത്താകുന്നു അകമാലി ശ്രേഷ്ഠ സുനഹദോസ് ഉണ്ടായിരിക്കുന്നതു. അതുകൊണ്ടാകുന്നു മാർ അബ്രാഹം മെത്രാപ്പോലീത്താ പരിശോധിക്കാരുടെ സംഖ്യ അധികമായി തൻറെ ശ്രേഷ്ഠതയിൽ വർദ്ധിപ്പിക്കുന്നതെന്നു ശ്രദ്ധ- മാർപ്പാപ്പായോടു അപേക്ഷിച്ചതു. പിന്നെ ഗ്രിഗോറിയോസ് മാർപ്പാപ്പാ മാർ അബ്രാഹം മെത്രാപ്പോലീത്തായുടെ അപേക്ഷപ്രകാരം ഏതാനും കാലം നവമ്പർ മാസം 20-നു- ശേഷമെത്രാപ്പോലീത്തായ്ക്കു എഴുതിയ എഴുത്തിൽ മാർ അബ്രാഹംമെത്രാപ്പോലീത്തായെ വളരെ സ്നേഹത്തോടും മര്യാദയോടു കൂടിയും കൈക്കൊള്ളുന്നതിനും അപ്രകാരംതന്നെ പരിശോധിക്കാരായ സന്ന്യാസികളുടെ നേരെയും കാണിക്കുന്നതിനും കല്പിച്ചിരിക്കുന്നു. (ജമിൽ സാർ—ാം പുറം) ആ സമയം മാർ അബ്രാഹം മെത്രാപ്പോലീത്തായെയും പരിശോധിക്കാരായ സന്ന്യാസികളെയും ഒരേ സ്ഥിതിയിൽ ശ്രേഷ്ഠ മെത്രാപ്പോലീത്ത വിചാരിച്ചിരുന്നു. മേൽപ്രകാരംതന്നെ ക്ലമാം ഗ്രിഗോറിയോസ് മാർപ്പാപ്പാ ക്രിസ്തുവർഷം ഡിസംബർ മാസം 20-ാം തീയതി പോർട്ടുഗാളിലെ ഫെർഡിനാന്തു രാജാവിനു എഴുതിയ എഴുത്തിൽ ഇപ്രകാരം പറയുന്നു "ഹിന്ദു സഹോദരനായ അകമാലി മെത്രാപ്പോലീത്തായെ അങ്ങു മഹത്വത്തിനു നാം കയ്യേറ്റുകൊള്ളുന്നു. അദ്ദേഹത്തെ ചിലർ ഞെരുക്കുന്നതായി നാം അറിയുന്നു. അദ്ദേഹത്തെ ആദരിക്കുന്നതിനും യാതൊരു പദ്രവത്താലും ഞെരുക്കാതിരിക്കുന്നതിനും ഇൻഡ്യയുടെ രാജപ്രതിനിധിയോടും ഗവർണ്ണർമാരോടും കല്പിച്ചയക്കുകയും ചെയ്തിരിക്കുന്നു. അയയ്ക്കുന്നതിനു നമുക്കു വളരെ സന്തോഷകരമായിരിക്കും. ജിയാമീൽ സാന്ത—ാം പുറം. (Appendix 156)

ക്ലമാം—ാം ഗ്രിഗോറിയോസ മാർപ്പാപ്പായുടെ തിരുവെഴുത്തു

കൊണ്ടു അങ്കമാലിരൂപതയുടെ മെത്രാപ്പോലീത്തായുടേയും ജനങ്ങളുടെയും സ്ഥിതിനന്നായി അറിയാവുന്നതാണ ഫ്രാ—ാം ഗ്രീഗോറിയോസു മാർപ്പാപ്പാ, മാർഅബ്രാഹം മെത്രാപ്പോലീത്താ ഉപദ്രവിക്കപ്പെട്ടന്നുവെന്നു പറയുന്നതു ആരാലായിരിക്കുന്നുവെന്നു വായനക്കാർ വിചാരിച്ചേക്കാം. അതു ബുള്ളാരിയും പത്രോനാത്ത്സ പുസ്തകത്തിലും ജമീൽ തന്റെ പുസ്തകത്തിലും പറയുന്നതുപോലെ ഗോവാമെത്രാപ്പോലീത്തായാലും പോർട്ടുഗീസ വൈദീകരാലും ആയിരിക്കുന്നുവെന്നു മതിയാകുംവണ്ണം കാണിക്കുന്നുണ്ടു. മേൽവിവരിച്ച സംഗതികൾകൊണ്ടു മാർ അബ്രാഹം മെത്രാപ്പോലീത്തായും തന്റെ അങ്കമാലിരൂപതയിൽപെട്ട എല്ലാജനങ്ങളും പണ്ടെതന്നെ കത്തോലിക്കാസഭയിൽ വിശ്വാസപൂർവ്വം നിൽക്കുന്നുവെന്നു തെളിയുന്നു. ബുള്ളാരിയും പത്രോനാത്ത്സ അപ്പൻറിക്സ ഫ—ാം പുസ്തകം ൯ാ—ാം പക്ഷം ഇപ്രകാരം പറയുന്നു. "ഫ—ാം സംഘം വ—ാം നിരൂപത്തിൽ പറയുന്നതു ടി നിയമം കാണിച്ചിരിക്കുന്ന കാരണങ്ങളാൽ അങ്കമാലിമെത്രാപ്പോലീത്തായുടെ മേലധികാരത്തിൽ നിന്നു ഒരു സന്ന്യാസിനിക്കുട്ടത്തെ കൊടുക്കണമെന്നാണ. ഒരംശോസഭയിൽ നിന്നു ന. സന്ന്യാസികളെയൊ അല്ലെങ്കിൽ സൌകര്യമുള്ളതായി കിട്ടുവാൻ പാടുള്ള മറ്റു സന്ന്യാസികളെയൊ കൊടുക്കുന്നതു നല്ലതെന്നു എനിക്കുതോന്നിയിരിക്കുന്നതിനാൽ അവരുടെ പ്രോവിൻസ്യാളിനു ഞാൻഇക്കാര്യത്തെക്കുറിച്ചു എഴുതുന്നതുകൂടാതെ ഇതു സംഭവമായിവരുന്നതിനു വേണ്ടി എല്ലാസഹായവും ഉതവിയും ചെയ്യുന്നതിനു നിങ്ങളെ ഞാൻഭരമേല്പിക്കുന്നു" ലീസബോവായിൽ നിന്നു ഫ്രുവരി മാസ്സം ൪—ാനു- എഴുതിയതു രാജാവു മിശവൻ ദെമോരാ (Appendix 167)

ബുള്ളാരിയും പത്രോനാത്ത്സ അപ്പൻറിക്സ ൯ാ—ാം പക്ഷം "അങ്കമാലി മെത്രാപ്പോലീത്താ ഗോവാ സൂനഹദോസിനു വന്നപ്പോൾ അദ്ദേഹത്തോടു പെരുമാറിയവിധവും അ മലങ്കരെ ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടായിരുന്ന അവമര്യാദകൾ നീങ്ങിവരുന്നതും അതിൽ അവിടെയുള്ള പാദ്രികളോടും അവിടെവസിക്കുന്ന അംശോസഭക്കാരായ അച്ചന്മാരോടും പറവൂരിലെ രാജാവുചെയ്ത ഉപദ്രവങ്ങളിൽനിന്നും ആദരിക്കുന്നതിനു ഉത്സാഹിപ്പിക്കുന്നതും ദൈവത്തിനും എനിക്കും തൃപ്തികരമായിരിക്കകൊണ്ടു ആ ക്രിസ്ത്യാനികളെ എല്ലാപ്രകാരത്തിലും ആശ്വസിപ്പിക്കുന്നതിനും ആ ക്രിസ്ത്യാനികളിൽ അങ്കമാലി സെമ്നാരിവഴിയായിട്ടു വലുതായ ഫലമുണ്ടാകുമെന്നു ഞാൻ ശരണപ്പെടുന്നതുകൊണ്ടു ആ സെമിനാരിയെ നടത്തുന്നതിനു നിങ്ങളെഞാൻ ഭരമേല്പിക്കുന്നു". ലീസബോവായിൽ നിന്നു ഫ്രുവരി ൨ഫ—ാനു- എഴുതിയതു രാജാവു (Appendix 168)

മാർ അബ്രാഹം മെത്രാപ്പോലീത്താ അങ്കമാലിയിൽ സൂനഹ

ദോസുക്രട്ടി, തോമാനസ്രാണികളുടെ ഇണക്കത്തിനു പലനിയമങ്ങളും ഏർപ്പെടുത്തുകയും ഒരു സെമ്നാരി സ്ഥാപിക്കുന്നതിനു നിശ്ചയം ചെയ്യുകയും അതു സാധിച്ചു കിട്ടുന്നതിനു മുമ്പ—ാം ക്ലിമേസ് മാർപ്പാപ്പായോടു ബോധിപ്പിക്കയും മാർപ്പാപ്പാ പോർട്ടുഗീസു രാജാവിനെ അറിയിക്കയും, രാജാവു ഇൻഡ്യയുടെ രാജപ്രതിപുരുഷനോടു കല്പിക്കയും ചെയ്തു. എന്നാൽ ആ സെമ്നാരി അങ്കമാലിയിൽ അല്ല ഏർപ്പെടുത്തിയതു പിന്നെയും വായിക്കേണ്ടതു എന്നു പറയുന്നതു ചേന്നമംഗലത്താണ്. ഇവകൊണ്ടു മാർ അബ്രാഹം മെത്രാപ്പോലീത്തായും തന്റെ പ്രജകളായ തോമാനസ്രാണികളും വകലപ്പോഴും കത്തോലിക്കാവിശ്വാസത്തിൽ സ്ഥിരമായി നിൽക്കുന്നുവെന്നു കാണാം.

൪. ഇനി വ—ാം ക്ലെമെൻസു മാർപ്പാപ്പായുടെ തിരുവെഴുത്തിൽ പറയപ്പെടുന്ന സംഗതിയെ പരിശോധിക്കാം. ആ തിരുവെഴുത്തിൽ പറയുന്നതു "മാർ അബ്രാഹം ഇല്ലാതിരിക്കയോ മരിച്ചുപോകയോചെയ്യുന്ന സ്ഥിതിയിൽ ഒരു മാർ അബ്രാഹവും ഇവളുടെ പള്ളിയും പ്രജകളും കൈക്കൊണ്ടിട്ടുള്ളതായ മേല്പറഞ്ഞ ഗോവയിലെ പ്രദേശസുനഹദോസിൻ നിയമപ്രകാരം ശ്ലീഹായുടെ സിംഹാസനം തിരിഞ്ഞെടുക്കുന്ന ആളിനെയല്ലാതെ മറ്റാരെയും മെത്രാപ്പോലീത്തായായി തിരിഞ്ഞെടുക്കുകയോ ഏതുവിധമെങ്കിലും നിശ്ചയിക്കുകയോ കൈക്കൊള്ളുകയോ ചെയ്യാൻ സമ്മതിക്കരുതു" വ—ാം ക്ലെമൻസു മാർപ്പാപ്പായുടെ കി. നിശ്ചയംകൊണ്ടു മാർ അബ്രാഹം മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ പള്ളിയും പ്രജകളും ആ സമയം കത്തോലിക്കാവിശ്വാസത്തിൽ നിൽക്കുന്നുവെന്നതിനെ കൊച്ചീമെത്രാനും ക്രൂട്ടും നിഷേധിപ്പാൻ ശക്തരാകുന്നുണ്ടോ? ൻ൦ പിയൂസു മാർപ്പാപ്പാ, ഗ്രഗൊൻ—ൽ വ൦ ക്ലെമൻസു മാർപ്പാപ്പായുടെ കല്പനപ്രകാരം, മെനേസിസു മെത്രാപ്പോലീത്താ ഉദിയമ്പേരൂർ ക്രൂട്ടിയ സുനഹദോസിൽ വെച്ചുകണ്ട തോമാനസ്രാണികൾ ഒന്നാമതായി കത്തോലിക്കാ സഭയിൽ ചേർന്നിട്ടുള്ളതു എന്നുള്ളതിരുവെഴുത്തിനെ വ൦ ക്ലെമൻസു മാർപ്പാപ്പാ തന്നെ നിഷേധിച്ചുകളയുന്നുവെന്നു ഞാൻ പറയുന്നതുകൊണ്ടു ലത്തീൻ വൈദീകർക്കും പ്രത്യേകമായി പോർട്ടുഗീസു വൈദീകർക്കും പരിഭ്രമം തോന്നാനിടയില്ലല്ലോ. വ൦ ക്ലെമൻസു മാർപ്പാപ്പാ പറയുന്നതു ഗോവ സുനഹദോസിൽവെച്ചു അബ്രാഹം മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ പ്രജകളും ഗോവ സുനഹദോസിന്റെ നിയമങ്ങളൊക്കയും അനുസരിച്ചുവെന്നാണ്. എന്നാൽ അബ്രാഹം മെത്രാപ്പോലീത്താ കൂടിയ ഗോവയിലെ സുനഹദോസിൽ രണ്ടു കാലശേഷമോ, താനില്ലാതിരിക്കുന്ന സമയമോ റോമാസിംഹാസനം തിരിഞ്ഞെടുക്കുന്ന മെത്രാനെ അല്ലാതെ മറ്റൊരുത്തനെ തിരിഞ്ഞെടുക്കുകയോ നിശ്ചയിക്കുകയോ കൈക്കൊള്ളുകയോ ചെയ്യു

യില്ലെന്നു ഒരു വിഷയം ഏർപ്പെടുത്തിയതായി കൊച്ചീ മെത്രാൻ കാ
ണിക്കേണ്ടിയിരിക്കുന്നു. അതു കാണിക്കാതാപക്ഷം വ്യാ ക്ലെമെൻസു
മാർപ്പാപ്പായുടെ ടി. വാചകങ്ങളും ഏതുടിസ്ഥാനത്തിന്മേൽ പറ
ഞ്ഞിട്ടുള്ളതാണെന്നു കൊച്ചീ മെത്രാൻ സമാധാനം പറയേണ്ടിയിരി
ക്കുന്നു. പിന്നെയും അങ്കമാലി രൂപത കയ്യൊഴിഞ്ഞതായ നിയമം എന്നു
പറയുന്നുണ്ടു. അങ്കമാലി രൂപതയിലെ ചൈദികഗണമാകട്ടെ, തോ
മാ നസ്രാണികളാകട്ടെ ശേവാ സൂനഹദോസിന്നു പോയിട്ടില്ലാ. പി
ന്നെ മെത്രാൻ കയ്യൊഴിഞ്ഞതിനെ കൊണ്ടു മെത്രാനോ വശ്യതിയിലുള്ളവരും
കയ്യൊഴിഞ്ഞിരിക്കുന്നുവെന്നുള്ള അർത്ഥത്തിലായിരിക്കാം, ഇപ്രകാരം പറ
ഞ്ഞിട്ടുള്ളതു. അവിധസ്ഥിതിയാകുന്നുവെന്നാകുകിൽ അബ്രാഹം മെത്രാ
പ്പോലീത്താ ഏവിടെയെല്ലാം സത്യവിശ്വാസം അനുസരിച്ചുവോ
അവിടമെല്ലാം തന്റെ കീഴിലുള്ള അങ്കമാലി രൂപതയും സത്യ വി
ശ്വാസം അനുസരിച്ചിരിക്കുന്നു. എന്നാൽ അവിധമാകുന്നുവെന്നാകുകി
ൽ അബ്രാഹം മെത്രാനും തന്റെ രൂപതയും പള്ളിയും ശേവാ സൂന
ഹദോസിന്റെ നിയമം അനുസരിച്ചുവെന്നു തിരിച്ചുപറവാൻ അവശ്യമി
ല്ല. രൂപതയെന്നു തിരിച്ചു പറഞ്ഞതുകൊണ്ടു ആ രൂപത യഥാർത്ഥമാ
യി നിയമം കയ്യൊണ്ടതായിരിക്കണം. അധികാരികൾ സന്മാർഗ്ഗ ജീവി
ത്തിന്നാവശ്യമായ നിയമങ്ങളും കല്പനകളും ഉണ്ടാക്കുന്നതിന്നും പ്രസിദ്ധപ്പെ
ടുത്തുന്നതിന്നും കീഴിലുള്ളവരുടെ സമ്മതം വേണ്ടുന്നവരികിലും കീഴുള്ള
വർ കയ്യൊഴുവെന്നു പറയുന്നതിന്നു ആ നിയമങ്ങളെ പ്രസിദ്ധമാക്കു
കയും യഥാർത്ഥമായി കീഴുള്ളവർ കയ്യൊള്ളുകയും ചെയ്യുന്നതിന്നും അർ
ഹന്മാരാകുന്നു. ശേവാ സൂനഹദോസിൽ അങ്കമാലി രൂപത ജനങ്ങൾ
ഇല്ലാതിരിക്കെ അബ്രാഹം മെത്രാപ്പോലീത്തായെപ്പോലെതന്നെ ആ സൂ
നഹദോസിൽവെച്ചു അങ്കമാലി രൂപതപ്പള്ളി ആ സൂനഹദോസിന്റെ
നിയമം കൈക്കൊണ്ടിരിക്കുന്നു എന്നുപറയുന്നതു എങ്ങിനെ? പ്രത്യേ
കം ശേവാ സൂനഹദോസിന്റെ നിയമമനുസരിച്ചു ഒരു ലത്തീൻ മെ
ത്രാനെ കയ്യൊള്ളുന്ന വംശത്തി അങ്കമാലി രൂപത അനുസരിച്ചില്ലെന്നു
മാത്രമല്ല; അങ്കമാലി രൂപതയ്ക്കു വളരെ വിരോധമുള്ള ഒരു സംഗതി
യുമാണു. അതുംപോരാത്തതിനു അങ്കമാലി രൂപതയിലേ ആ വിരോ
ധം റോമാ സിംഹാസനം അനുസരിച്ചിട്ടുള്ളതുമാണു. വ്യാ ക്ലെമെൻ
സു മാർപ്പാപ്പായുടെ ടി. തിരുവെഴുത്തിന്റെ ഒടുവിൽത്തന്നെ "വിശേഷി
ച്ചും മേൽ പറഞ്ഞ അങ്കമാലിപ്പള്ളിയുടെ സത്യനിശ്ചയത്താൽ ക്രമേയും
അല്ലെങ്കിൽ ശ്ലീഹായ്ക്കുണ്ടായ സ്വീകരണത്താലും മറ്റു ഏതു ഉറപ്പിപ്പാ
ലും ബലപ്പെടുത്തപ്പെട്ടിട്ടുള്ള നിയമങ്ങളും മാമൂലവും.....ഒരും സമ
യത്തേക്കു മാത്രം.....നാം ഒഴിച്ചിരിക്കുന്നു". എന്നും വ്യാ ക്ലെമെ
ൻസുമാർപ്പാപ്പായുടെ പാമത്തെ തിരുവെഴുത്തിൽ "എന്നാൽ ഇതിന്നു
വിരോധമായിട്ടുള്ള.....അങ്കമാലിപ്പള്ളിയുടെ സത്യ നിശ്ചയത്താലെ
യോ ശ്ലീഹായ്ക്കുണ്ടായ അംഗീകരണത്താലെയോ മറ്റേതുറപ്പിപ്പാലെയോ

ബലപ്പെട്ടുത്തപ്പെട്ടതായ നിയമങ്ങളും മാമൂലവും..... ...ഒരും ഒരു സമയത്തേക്കുമാത്രം..... ...ഒഴിച്ചിരിക്കുന്നു" എന്നും പറഞ്ഞിരിക്കുന്നു. ഇവിടെ വ—ാം ക്ലേമൻസു മാപ്പ്വാപ്പാ അംഗീകരിക്കയും ഒരു ഒരുസമത്തേക്കുമാത്രം ഒഴിച്ചിരിക്കയും ചെയ്യുന്നുവെന്നു പറയുന്ന അങ്കമാലിപ്പള്ളിയുടെ സത്യനിശ്ചയം എന്തായിരിക്കാം? അതായതു മെനേസീസുമെത്രാപ്പോലീത്താ റോമാപുരിക്കു എഴുതിയതായി മുൻകാണിച്ചിട്ടുള്ള എഴുത്തിലെ അന്ത്യഭാഗത്തിൽ പറയുന്നുണ്ടു. "ഇതിനാൽ ഗ്രു. മാർപ്പാപ്പാ തങ്ങൾക്കു ഒരു സുറിയാനിമേലദ്ധ്യക്ഷനെ അയച്ചാൽ അദ്ദേഹത്തിനു കീഴവഴങ്ങും, ലത്തീൻകാരനായിരുന്നാൽ (ഇതാണു എല്ലാറ്റിലും സാരമായ കാര്യം.) തങ്ങളുടെ ആലോചനയെ അനുസരിക്കാ, എന്നൊരുസത്യ ഉടമ്പടിചെയ്തു". അതായതു: സുറിയാനിക്കാരെ ഭരിക്കുന്നതിനു ഒരു സുറിയാനിമെത്രാനെ കിട്ടണമെന്നാണു അങ്കമാലിപ്പള്ളിയുടെ സത്യനിശ്ചയം. ഒരും നിശ്ചയം തിരുസ്സഭയുടെ കാനോനകൾക്കു യോജിക്കുന്ന സംഗതിയാണു. ആ നിശ്ചയത്തിനു വിരോധമായിട്ടുള്ള ഗോവാസൂനഹദോസിന്റെ ഒരു നിശ്ചയം ഉണ്ടെന്നു പറയുന്നതു അങ്കമാലിശ്ലൂപതകയ്ക്കൊണ്ടിരിക്കുന്നു എന്നു പറയുവാൻ പാടുണ്ടോ? കത്തോലിക്കനായ ബാബേൽപാത്രിയർക്കീസു അയക്കുന്ന കത്തോലിക്കമെത്രാനെ കൈക്കൊള്ളുമെന്നും ലത്തീൽമെത്രാനെ കൈക്കൊള്ളുകയില്ലെന്നുമാണു അങ്കമാലിപ്പള്ളിയുടെ ഒരുനിശ്ചയം. * ആ നിശ്ചയം വ—ാം ക്ലേമൻസ് മാപ്പ്വാപ്പായുടെ നിയമങ്ങൾക്കു യോജിക്കുന്നതുമാണു. വ—ാം ക്ലേമൻസമാപ്പ്വാപ്പാ നിശ്ചയിച്ചതായി ഫ്ര—ാം ബെനദിക് ദോസമാർപ്പാപ്പാ തന്റെ തിരുവെഴുത്തിൽ പറയുന്നതു "എന്നവരികിലും കിഴക്കേപ്പള്ളിയുടെ നടപടിയനുസരിച്ചു മൈവാരാധനയുടെത്തും തിരുക്കർമ്മത്തിനാടുത്തതുമായ ക്രമങ്ങളിലും ചട്ടങ്ങളിലും മുഴുവനായികാത്തനുസരിക്കണം". ഫ്ര—ാം ബെനദിക്തോസമാർപ്പാപ്പായുടെ ബുള്ളാരിയും ഫ്രഞ്ച്-ാം പക്ഷം (Appendix 169)

വ—ാം ക്ലേമൻസു മാർപ്പാപ്പാതന്നെ കല്പിക്കുന്നതു "ലത്തീൻശ്ലൂപതകളിൽ നിവസിക്കുന്ന ഇതരാല്യഗ്രേക്കുകാർക്കു ഗ്രേക്കുക്രമപ്രകാരം പട്ടം കൊടുക്കുന്നതിനായി റോമാപുരിയിൽ ഒരു ഗ്രേക്കുമെത്രാനെ നിശ്ചയിച്ചു"

ഫ്ര—ാം ബെനദിക്തോസ പാപ്പായുടെ ബുള്ളാരിയും ഫ്രഞ്ച്-ാം പക്ഷം (Appendix 170)

* ടി ന—ാം ഗോവാ സുനഹദോസു ന—ാം സെക്ഷ്യൻ ഫ്ര—ാം ദെക്രത്തിലും അങ്കമാലിപള്ളിക്കു മേലാൽ വരുന്ന മെത്രാൻ ബാബേൽ പാത്രിയർക്കീസിന്റെയൊ മാപ്പ്വാപ്പായുടേയൊ എഴുത്തു ഗോവാ മെത്രാപ്പോലീത്തായെ കാണിക്കണമെന്നു മാത്രമെ നിശ്ചയിച്ചിട്ടുള്ളു.

വ—ാം ക്ലേമൻസു മാർപ്പാപ്പാതന്നെ കല്പിക്കുന്നതായി ഫർ-ാം ബെനഡിക്തോസു മാർപ്പാപ്പാ പറയുന്നതാവിതു "റോമാപുരിയിലെ ചിവപ്പോൾ സഭയരിക്കുന്ന കത്തോലിക്കരായ മാറോത്തീത്ത, കൊപ്പത്തി, മെൽക്കീത്ത് മുതലായ മെത്രാന്മാരെ ക്രൂടിയും തങ്ങളുടെ ജാതിമനുഷ്യരെ തങ്ങളുടെ ക്രമത്തിനനുരൂപമായി പട്ടംകൊടുക്കുന്നതിനുള്ള അധികാരം കൊടുക്കേണ്ടതാണന്നു" ഫർ-ാം ബെനഡിക്തോസു മാർപ്പാപ്പായുടെ ബുള്ളാരിയും ക്രമവ്യ-ാംപക്ഷം (Appendix 171)

അപ്പഴൊ ക്ലേമൻസു മാർപ്പാപ്പായുടെ ടി നിയമങ്ങളെകൊണ്ടു കിഴക്കൻ ക്രമക്കാരായ അങ്കമാലി ശ്രുതക്കാർ തങ്ങളുടെ പാലകനായി ഒരു കത്തോലിക്ക സുറിയാനിമെത്രാനെയെ കയ്യൊള്ളുകയൊള്ളുയെന്നു നിശ്ചയം ചെയ്യുന്നതു മാർപ്പാപ്പാമാരുടെ നിയമത്തിനു വ്യാജിക്കുന്നതാണ. ആ നിയമത്തെ വ്യ-ാം ക്ലേമൻസു മാർപ്പാപ്പതന്നെയും അംഗീകരിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ആ സത്യനിശ്ചയം തന്റെ രണ്ടുതിരുവെഴുത്തുകളിലും എടുത്തുപറഞ്ഞിട്ടുള്ളതുകൂടാതെ അതു ഒരു സമയത്തേക്കുമാത്രം ഒഴിച്ചിരിക്കുന്നു എന്നു പറയുന്നതുകൊണ്ടു അതുഎപ്പോഴും സ്ഥിരമായി അംഗീകരിക്കപ്പെട്ടതായി കാണിക്കുന്നു. ഇതുകൊണ്ടും റോമാസിംഹാസനം കല്പിക്കുന്നതിൻ മെത്രാനെ അനുസരിച്ചുകൊള്ളാമെന്നു അങ്കമാലി ശ്രുതപ്പള്ളി ഒരിക്കലും സമ്മതിച്ചിട്ടുള്ളതല്ലാ. അങ്കമാലിശ്രുതപ്പള്ളി പലപ്പോഴും റോമാമാർപ്പാപ്പായുടെ പക്കൽ തങ്ങൾക്കു മെത്രാനെ അയച്ചുതരണമെന്നു അപേക്ഷിച്ചിട്ടുണ്ടു. അതു ലത്തീൻമെത്രാനെ അയച്ചുതരണമെന്നുള്ളാ പിന്നയൊ. സുറിയാനി മെത്രാനെ അയച്ചു കൊടുക്കുന്നതിനാണ. അതുകൊണ്ടു മലങ്കരശ്രുതപ്പള്ളി മുമ്പേതന്നെ കത്തോലിക്കനായിട്ടിരിക്കുന്നുവെന്നു വളരെ തെളിവായിവരുന്നു. ജമീൽ വ്യ-ാം വ്യസ-ാം പക്ഷങ്ങളിൽ കാണുന്നതുപോലെ മലങ്കരശ്രുതയുടെ പ്രധാനികരംക്രൂടി ക്രമ—ാം ഗ്രിഗോറിയോസു മാർപ്പാപ്പായുടെ പക്കൽ ക്രിവെ—ൽ ബോധിപ്പിച്ചിട്ടുള്ള എഴുത്തിൽ ഇപ്രകാരം പറയുന്നു. "എന്നാൽ പിന്നീടു മാർഷ്ലീല്യാ ഞങ്ങളെ അനാഥരാക്കി ഉപേക്ഷിച്ചു പൊയ്കളഞ്ഞു. മാർയൊസേപ്പു സൂലാക്കാ പോർട്ടുഗീസുകാരുടെ രാജപ്രതിപുരുഷനാൽ പിടിച്ചുയക്കപ്പെട്ടിരിക്കുന്നു. അല്ലേഹത്തിനു എന്തുസംഭവിച്ചു എന്നറിയുന്നില്ലാ. ഞങ്ങൾ ഇടയനില്ലാത്ത ആടുകളായിരിക്കുന്നു. മേയ്പനില്ലാത്ത തൊഴുത്തായിരിക്കുന്നു. അതുകൊണ്ടു അബ്ബടീശൊ (പാത്രിയക്കീസു) അച്ചനു ഞങ്ങൾ എഴുത്തയച്ചിട്ടുണ്ടു. ഞങ്ങളുടെ കാര്യംസംബന്ധിച്ചും ഞങ്ങൾ നാഥനില്ലാത്തവരായിരിക്കുന്നുവെന്നും മെത്രാന്മാർ ഇല്ലായ്മ അറിവുകൊടുത്തിട്ടുണ്ടു. അതു മുഖാന്തരം ഞങ്ങളുടെ പിതാവായ അബ്ബടീശൊ അച്ചൻ മിശിഹായുടെ സ്നേഹത്തെക്കുറിച്ചു ഞങ്ങളുടെ പിതാവായ ശ്ലൂ മാർപ്പാപ്പായുടേയും തന്റെ പാത്രിയക്കീസിന്റെയും എഴുത്തൊടുക്രൂടി മാർ അബ്രാഹാം

മെത്രാപ്പോലീത്തായെ ഞങ്ങളുടെ പക്കൽ അയച്ചിരുന്നു. അദ്ദേഹമാരാജപ്രതിപുരുഷൻ വസിച്ചിരുന്ന ഗോവാ പട്ടണത്തിലെത്തിയപ്പോൾരാജപ്രതിപുരുഷനാൽ തടയപ്പെട്ടുവെന്നു ഞങ്ങൾ കേട്ടിരിക്കുന്നു. അങ്ങേതിരുവെഴുത്തുകളാൽ മുൻകാലത്തിൽ ഞങ്ങളുടെ പാതിയർക്കീസിനാൽ അയക്കപ്പെട്ടിരുന്നതുപോലെ ഒരു മെത്രാന്മാരെ ഞങ്ങളുടെപക്കൽ അയയ്ക്കുന്നതിനു ശ്രമപ്പെടണം. എന്തുകൊണ്ടെന്നാൽ പോർത്തുഗൽ അധികാരത്തിനു കീഴല്ലാത്തതായി അധികം രാജ്യങ്ങൾ ഉണ്ടായിരിക്കുന്നു". (Appendix 172)

അപ്പോഴാലത്തീൻ മെത്രാനെ കൈക്കൊണ്ടു കൊള്ളാമെന്നു അങ്കമാലി രൂപത പള്ളിയെ മാർ അബ്രാഹം മെത്രാപ്പോലീത്തായെ സമ്മതിച്ചില്ല. വ—ാം ക്ലേമൻസ് മാർപ്പാപ്പായുടെ ഫ്രാമത്തെ തിരുവെഴുത്തിൽ ഉടനെ മാർ അബ്രാഹവും ഇയ്യാളുടെ പള്ളിയും രൂപതയും കൈക്കൊണ്ടിട്ടുള്ളതായ മേൽപ്പറഞ്ഞ ഗോവയിലെ പ്രദേശസൂനഹദോസിൻ നിയമപ്രകാരം ശ്ലീഹായുടെ സിംഹാസനം തെറ്റിത്തെറ്റുകൂടാതെയല്ലാതെ മറ്റാരെയും മെത്രാപ്പോലീത്തായായി തിരഞ്ഞെടുക്കുകയും ഏതുവിധമെങ്കിലും നിശ്ചയിക്കയും കൈക്കൊള്ളുകയും ചെയ്വാൻ സമ്മതിക്കയുമില്ല" എന്നപറഞ്ഞിരിക്കുന്നു. ഉടനെ മേൽവാചകംകൊണ്ടു മാർ അബ്രാഹം മെത്രാപ്പോലീത്തായും അങ്കമാലി രൂപതപള്ളിയും റോമാമാർപ്പാപ്പാ കല്പിക്കുന്നതിനെ മെത്രാനെ കൈയ്ക്കൊള്ളുമെന്നു ഗോവയിലെ പ്രദേശസൂനഹദോസിൽ സമ്മതിച്ചിരിക്കുന്നു എന്നു തീർച്ചയാണു. എന്നാൽ ഇങ്ങനെ ഒരു നിശ്ചയം ഉദയംപേരൂർ സൂനഹദോസിന്റെ നിയമങ്ങളിൽ കാണുന്നില്ല. എന്നാൽ പോർട്ടുഗീസുകാരായ ലത്തീൻ വൈദീകരുടെ അന്തർഗതം സുറിയാനിമെത്രാനെ മാറ്റി ലത്തീൻ മെത്രാനെ ഏർപ്പെടുത്തണമെന്നും റോമാപള്ളിയെ ലത്തീൻ ക്രമം അനുസരിപ്പിക്കുന്നതെന്നും ഉള്ളതിനെ സാധിപ്പിക്കുന്നതിനു അങ്കമാലി രൂപതയെ ഗോവയിലേ പോർട്ടുഗീസു ലത്തീൻ മേത്രാന്റെ കീഴിലാക്കുന്നതിനു ഉപായമായി ചിലനിയമങ്ങൾ ടി സൂനഹദോസിൽ ഏർപ്പെടുത്തിയിട്ടുണ്ടു. ഇപ്രകാരമുള്ള ഉപായചതിവു നിയമങ്ങൾഅബ്രാഹം മെത്രാപ്പോലീത്താ കണ്ടും കൊണ്ടു പിന്നീടുണ്ടായ ഗോവാ സൂനഹദോസിൽ അദ്ദേഹം പോയില്ല. എന്നാൽ ഗോവാമെത്രാപ്പോലീത്താ അബ്രാഹം മെത്രാപ്പോലീത്തായെ ക്ഷണിക്കയും ചിലലത്തീൻ വൈദീകർ അബ്രാഹം മെത്രാപ്പോലീത്താ മാറ്റപ്പായുടെ കല്പനയേ ലംഘിച്ചിരിക്കുന്നുവെന്നു ധ്വനിപ്പിക്കയും ചെയ്തിട്ടും അദ്ദേഹം സൂനഹദോസിൽ പോയില്ല. എന്നാൽ അബ്രാഹം മെത്രാപ്പോലീത്താ ക്രുടിയസൂനഹദോസിന്റെ നിയമങ്ങൾക്കെല്ലാം അദ്ദേഹം ഒപ്പിട്ടുകൊടുത്തിട്ടുള്ളതു ശരിയാണു. എന്തുകൊണ്ടെന്നാൽ ആ മെത്രാപ്പോലീത്താ നെസ്തോറിയൻ ഇടത്തുകാരനാകുന്നുവെന്നു ര—ാം പീയൂസു മാർപ്പാപ്പായോടു ബോധിപ്പിച്ചിട്ടുള്ളതിനു ര—ാം പീയൂസു മാർപ്പാപ്പാ അദ്ദേഹം

ത്തെ പരിശോധിച്ചു കത്തോലിക്കനാകുന്നു എന്നും പുണ്യവാനാകുന്നുവെന്നും മറും ശ്ലാഘനീയമായ എഴുത്തു ഗോവാ മെത്രാപ്പൊലീത്തായുടെ അയച്ചിട്ടുണ്ടു. ഈ തിരുവെഴുത്തുകളെ ഗണ്യമാക്കാതെ ഗോവാ മെത്രാപ്പൊലീത്താ അബ്രാഹം മെത്രാപ്പൊലീത്തായെ പാറാവിൽ വയ്ക്കയാണ് ചെയ്തതു. അതുകൊണ്ടും മറും ഭയന്നു ആ നിയമങ്ങൾക്കും മറും അദ്ദേഹം ഒപ്പിട്ടുകൊടുത്തിട്ടുള്ളതുണ്ടു- അതുമാത്രമല്ലാ, ലത്തീൻമെത്രാന്മാരുടെ സൂനഹദോസിൽ കൂടുന്ന കിഴക്കൻമെത്രാന്മാരുടെ ക്രമത്തിനോ അധികാരത്തിനോ വിരുദ്ധമായ നിയമങ്ങൾ സ്ഥാപിപ്പാൻ ഗോവാപ്രദേശ സൂനഹദോസിനു അധികാരമില്ല. അപ്രകാരം നിയമിച്ചുകൂടായെന്നു തിരുസ്സഭയുടെ കാനോനകൾ കല്പിക്കുന്നു. ആയതുകൊണ്ടു അബ്രാഹം മെത്രാപ്പൊലീത്താ ഞെരുക്കത്തെ ഭയന്നു ആ നിയമങ്ങൾക്കു ഒപ്പിട്ടു കൊടുത്തിട്ടുണ്ടെന്നുള്ളതു തെളിവാണെന്നാൽ അബ്രാഹം മെത്രാപ്പൊലീത്താ പിന്നെയും, തന്റെ ക്രമത്തിനു വിരോധമായ ക്രമങ്ങൾ ഏർപ്പെടുത്തിക്കൊണ്ടും തന്റെ പാത്രിയർക്കീസിന്റെയും സുറിയാനിമെത്രാന്റെയും അധികാരം അങ്കമാലി പള്ളിയിൽ നിന്നു ശൂന്യമാക്കുമെന്നും കണ്ടു ഗോവാപ്രദേശസൂനഹദോസിനു പോകാതിരിക്കയും പോർട്ടുഗീസു അധികാരത്തിൽ നിന്നു അകന്നിരിക്കയും ചെയ്തു. അബ്രാഹം മെത്രാപ്പൊലീത്തായും അങ്കമാലി ശ്രുതപള്ളിയും റോമാമാപ്പിപ്പാ നിശ്ചയിക്കുന്ന ലത്തീൻ മെത്രാനെ കയ്ക്കൊണ്ടു കൊള്ളാമെന്നു സമ്മതിച്ചിട്ടില്ലെന്നും പോർട്ടുഗീസുവൈദീകരുടെ ശ്രമം മൂഴുവനും ലത്തീൻമെത്രാനെ കൊടുത്തു ലത്തീൻക്രമം അനുസരിപ്പിക്കണമെന്നും ആകുന്നുവെന്ന ബലമായതും വളരെ തെളിവായതുമായ ഒരു സാക്ഷികൊണ്ടു ബോദ്ധ്യപ്പെട്ടതാം. ആയതു ക്രിസ്തീയ ഡിസംബർ ൧൯—൦൩- ഗോവയുടെ മെനസീസുമെത്രാപ്പൊലീത്താ റോമാപുരിക്കെഴുതിയതായി മുൻ കാണിച്ചിട്ടുള്ള എഴുത്തുതന്നെയാണു. അതിൽ "അവസാനത്തുകൽ സകല പട്ടക്കാരേയും ഒരു സൂനഹദോസായി വിളിച്ചുകൂട്ടി, മേലാൽ ശ്രു. മാപ്പിപ്പാ അവക്കയക്കുന്ന മേല്പട്ടക്കാരനെ കൈക്കൊണ്ടുകൊള്ളാമെന്നുള്ള സത്യത്തോടെ റോമാപ്പള്ളിക്കു അവരെ കീഴ്വഴക്കുകയും ചെയ്യാൻ പാടാകും" എന്നുപറഞ്ഞിരിക്കുന്നു. മാപ്പിപ്പാനിശ്ചയിക്കുന്നാമെത്രാനെ കയ്ക്കൊണ്ടുകൊള്ളാമെന്നു അങ്കമാലിശ്രുതപ്പള്ളിഗോവാസൂനഹദോസിന്റെ നിയമം അനുസരിച്ചു സമ്മതിച്ചിട്ടുണ്ടായിരുന്നുവെന്നു വരികിൽമെനേസീസുമെത്രാപ്പൊലീത്താ മേലാൽ ശ്രു. മാപ്പിപ്പാ അവക്കയക്കുന്ന മേല്പട്ടക്കാരനെകയ്ക്കൊണ്ടുകൊള്ളാമെന്നു ബലമായി സത്യംചെയ്യിച്ചു റോമാപ്പള്ളിക്കു അവരെകീഴ്വഴക്കാമെന്നു പറവാൻകായ്കയില്ല. അപ്പോൾഅങ്ങനെ ഒരുസമ്മതം അവർചെയ്തിട്ടില്ലെന്നമെനസീസുമെത്രാപ്പൊലീത്തായുടെ എഴുത്തുകൊണ്ടുതെളിവാകുന്നു. ടി. മൻവാചകങ്ങൾകൊണ്ടു ബലമായിട്ടാകുന്നു ലത്തീൻക്രമം അനുസരിപ്പിച്ചതു. ഇടത്തുടയിരിക്കുന്ന ഒരു സഭയെ സത്യം ചെയ്യിച്ചുകൊണ്ടു ബലമായി

റോമാസഭയുടെ കീഴ് പ്പെട്ടത്താമെന്നു പറയുന്നതുകൊണ്ടു ആ സഭ സത്യമായിരിക്കുന്നു ഒരു സഭയാകുന്നുവെന്നു ന്യായമായി ഉദ്ദേശിക്കേണ്ടതാണു. എന്തുകൊണ്ടെന്നാൽ സത്യത്തെ കാക്കുന്ന സഭ മാത്രമെ സത്യ ഉടമ്പടികൾക്കു നിൽക്കയുള്ളൂ. അങ്കമാലി രൂപതപ്പള്ളി ലത്തീൻ സഭയുടെ നിയമം കാത്തുകൊള്ളാമെന്നു ഉടമ്പടി ചെയ്യുന്നതിനാൽ ആ സത്യ ഉടമ്പടിയിൽ നില്പാൻ തക്ക നന്മാർഗ്ഗ ജീവിതാനുസരണമുള്ളതായിരിക്കുന്നുവെന്നു മെനസീസുമെത്രാപ്പോലീത്താ നല്ലതിനെണ്ണം ബോധ്യമുണ്ടായിട്ടാണു സത്യംകൊണ്ടു അവരെനിർബന്ധിപ്പാൻ തുടങ്ങിയതു. ഇനി ലത്തീൻമെത്രാനെ അനുസരിക്കുന്നു കാര്യത്തിലെ, മെനസീസു മെത്രാപ്പോലീത്തായുടെ വചനംകൊണ്ടുതന്നെ കാണിക്കാം. "ലത്തീൻകാരനായിരുന്നാൽ (ഇതാണെല്ലാറ്റിലും സാരമായ കാര്യം) തങ്ങളുടെ ആലോചനയെ അനുസരിക്കും". അതായതു സുറിയാനിമെത്രാനെ റോമാമാർപ്പാപ്പാ അയച്ചാൽ അവർ കൈക്കൊള്ളുമെന്നും ലത്തീൻമെത്രാനെ അയച്ചാൽ അവർ കയ്യേറ്റുകയില്ലെന്നും മെനസീസു മെത്രാപ്പോലീത്താ പറയുന്നു. അപ്പോൾ ലത്തീൻക്രമം അനുസരിക്കാമെന്നും ലത്തീൻമെത്രാനെ കയ്യേറ്റുകൊള്ളാമെന്നും അങ്കമാലി രൂപതപ്പള്ളി സമ്മതിച്ചിട്ടില്ല. അങ്ങിനെ ഒരു നിയമം ഉണ്ടായിട്ടുമില്ല. പിന്നൊരു പോർട്ടുഗീസുവൈദീകർ ലത്തീൻമെത്രാനെ അങ്കമാലി പള്ളിക്കാക്കണമെന്നും സുറിയാനിക്രമം മാറി ലത്തീൻക്രമം അനുസരിപ്പിക്കുന്നുമെന്നും അന്തരംഗത്തിൽ കരുതി ഓരോ നിയമങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു. മെനസീസു മെത്രാപ്പോലീത്താ "ഇതാണു എല്ലാറ്റിലും സാരമായ കാര്യം" എന്നു പറയുന്നു. അതായതു- അങ്കമാലി അതിരൂപതപ്പള്ളിയെ ഗോവാ മെത്രാപ്പോലീത്തായുടെ കീഴിലാക്കി ലത്തീൻക്രമം അനുസരിപ്പിക്കണം. അതിനു മുൻ കാണിച്ചിട്ടുള്ള നാം നിയമത്തിൽ മുൻ ഗോവയിലുണ്ടായിരുന്ന സൂപ്രഹോസിന്റെ നിയമങ്ങളൊക്കയും അനുസരിച്ചിരിക്കുന്നു എന്നു അഭ്യൂഹം മെത്രാപ്പോലീത്തായെക്കൊണ്ടു സമ്മതിപ്പിച്ചു. പിന്നീടു 4-ാം നിയമത്തിൽ അംകമാലിരൂപതയുടെ വരുന്ന മെത്രാന്മാർ പാത്രിയർക്കീസിന്റെ എഴുത്തോ മാർപ്പാപ്പായുടെ എഴുത്തോ കൊണ്ടുവന്നു ഗോവാ മെത്രാപ്പോലീത്തായെ കാണിക്കണമെന്നൊരു നിയമം ഏർപ്പെടുത്തി. ഈ നിയമം മുൻ സർഗങ്ങളിൽ ഞാൻ കാണിച്ചിട്ടുള്ളതു നോക്കുക. ഉടൻ നിയമത്തെ സൂചിപ്പിച്ചുകൊണ്ടാണു ഗോവാ മേലദ്ധ്യക്ഷന്മാർ അംകമാലി പള്ളിയെ ഗോവാ പ്രിമാത്തിന്റെ കീഴിലാക്കിക്കൊണ്ടു ലത്തീൻമെത്രാനെ അയക്കുന്നതിനു പ്രധാനമായിട്ടു ഉപായമാർഗ്ഗങ്ങൾ ഏർപ്പെടുത്തിയതു എന്നാൽ വായനക്കാർ വിചാരിക്കേണ്ട സംഗതിയെന്തെന്നാൽ ഒരുസ്ഥലത്തു രണ്ടുമേലധികാരികളുണ്ടാകുവാൻ പാടില്ല. ഇൻഡ്യയിൽ ബാബേൽ പാത്രിയർക്കീസിന്റെ അധികാരം പ്രത്യേകമായിനാം ശതാബ്ദം തുടങ്ങിആരംഭിച്ചിട്ടുള്ളതുപ്രകാരം മൂന്നാംജൂലിയോസുമാർപ്പാപ്പായും പിന്നീടു തന്റെ അനന്തിരവരായ 5-ാം പീയൂസും

ഫ്രാ-ാംഗ്രീഗോറിയോസും മറ്റു മാപ്പാപ്പമാരും ബാരനാൽ പാതിയെക്കിസിന്റെ, ഇൻ പൂരിമേലും മറ്റുള്ളത്തിന്മേലും ഉള്ള അധികാരം അംഗീകരിച്ചു സ്ഥിരപ്പെടുത്തുകയും ചെയ്തിരിക്കുന്നു- ബുള്ളാരിയം പത്രോനാത്തുറിൽ പറയുന്നപോലെ, ഫ്രിസ്നയ-ഓട്ടക്കുടി തുടങ്ങിയ തിരുസംഘത്തിൽ പോർട്ടുഗാൽ പ്രതിനിധികളും ഇൻഡ്യയിൽ ഗോവാ, കല്യാണപുരി, കൊച്ചിക്കോട്ട, മലങ്കര, കൊല്ലം മുതലായ രൂപതകളുടെ അധികാരത്തിൽ പെട്ടതാകുന്നുവെന്നും ആ സ്ഥലങ്ങളിൽ ബാബേൽ പാതിയെക്കീസിന്റെ അധികാരം നടത്തുവാൻ പാടില്ലെന്നും വാദിക്കയും അതിനു ബാബേൽ അബദീശോ പാതിയെക്കിസ് ആസ്ഥലങ്ങളിൽ തന്റെ അധികാരമാണെന്നും അവിടങ്ങളിലുള്ള ജനങ്ങളും തന്റെ ജനങ്ങളും ആകുന്നുവെന്നും പ്രതിവാദിക്കയും ചെയ്തു. അബദീശോ പാതിയെക്കിസിന്റെ വാദം അംഗീകരിക്കപ്പെട്ടിരിക്കുന്നുവെന്ന ര-ാം പീയൂസു മാർപ്പാപ്പായുടെ തിരുവെഴുത്തുകൊണ്ടും ഫ്രാ--ാംഗ്രീഗോറിയോസു മാർപ്പാപ്പായുടെ തിരുവെഴുത്തുകൊണ്ടും ഊറ്റിക്കപ്പെട്ടിരിക്കുന്നു- എന്നു മാത്രമല്ലാ: അപ്രകാരമുള്ള വാദം ശരിയായിട്ടു അംഗീകരിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതു ഗോവയിലെ ഫിദെ ലേ പ്രാപ്പുദേശസുനഹദോസിന്റെ നിയമം കൊണ്ടും തെളിവാകുന്നു. ഗോവയിൽ ഗസ്സാർ മെത്രാപ്പോലീത്താ ഫിദെ ലേ പ്രാപ്പുദേശസുനഹദോസു ക്രൂട്ടി. ബുള്ളാരിയും പത്രോനാത്തുസ് അപ്പൊസ്തോലിക്കൂസ് ഫ്രാ--ാംപുസ്തകം ഭാഗം പക്ഷം വ—ാം സംഘം ച—ാം നിയമം "മലയാളമലബാകരയിലെ സെൻറതോമസു ക്രിസ്ത്യാനികളുടെ ഗുണത്തിനുവേണ്ടിയും അവരിലുണ്ടായിരിക്കുന്നു അനേകം അവമതിഭക്തികളെ എല്ലാപ്പുത്തിൽ മാറ്റുന്നതിനു വേണ്ടിയും കൽദായ പാത്രിയെക്കീസിനാലല്ല, പിന്നെയോ പോർട്ടുഗാൽ രാജാവു നിശ്ചയിക്കുന്നുമെത്രാനാൽ ആ രൂപത ഭരിക്കപ്പെട്ടുന്നതു യുക്തമായിരിക്കകൊണ്ടും കീഴ്മെത്രാന്മാരില്ലാതെ ഇപ്പോൾ അതുസ്ത്യാനികളെ ഭരിച്ചു വരുന്ന അംഗമാവി മെത്രാപ്പോലീത്തായിക്കു അകലം നിമിത്തം കൽദായിക്കു പോകുവാൻ സാധിക്കാത്ത സ്ഥിതിക്കു ആദ്ദേഹം ഭരം പ്രദേശസുനഹദോസിൽ വന്നു ക്രൂട്ടുന്നതിനും തന്നേസു സുനഹദോസിനോടു യോജിച്ചിരിക്കുന്ന ഇതിന്റെ ഭക്തെത്തുകളെ കാപ്പാനും കാപ്പിച്ചുവാനും അദ്ദേഹത്തെ കടപ്പെടുത്തുന്നതിനു ഫ്രാ: സിംഹാസനത്തോടു സുനഹദോസു അപേക്ഷിക്കയെങ്കിലും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ഭരം മെത്രാപ്പോലീത്താ അയൽവാസിയും ഭരം വഴിക്കു അതുസ്ത്യാനികൾക്കു വലുതായ ഗുണം സിദ്ധിക്കുന്നതുമാകുന്നു. അതുപോലെതന്നെ തന്റെ പാത്രിയെക്കിസ് ഇരിക്കുന്ന സ്ഥലമായ പ്രെസ്യയിൽ പോകുന്നതിനു ചീനത്തുനിന്നും വളരെ അകലമുള്ളതുകൊണ്ടു ഇപ്പോൾ ഭരം പ്രദേശത്തിരിക്കുന്ന ചീനത്തെ മെത്രാനെയും അതുപോലെ തന്നെ മേല്പറഞ്ഞ ന്യായങ്ങളുള്ളതും തല്ക്കാലം ഭരം പ്രദേശത്തോടു സമീപമായി വരുമെന്ന മറ്റു മെത്രാന്മാരെയും ഭരം സുനഹദോസിൽ വന്നുകൂടുന്നതിനു കടപ്പെടുത്തുവാൻ ഭരം

സിംഹാസനത്തോട് അപേക്ഷിക്കുന്നു." (Appendix 173)

മേലെഴുതിയ നിയമംകൊണ്ടു ഗ്രേ ബ്രിട്ടൻ അയർലന്ദ് എന്നിവയും മലയാളത്തിലും ചീനത്തും ബാബേലിലെ കൽദായ പാത്രിയർക്കീസിന്റെ ലേഖനം ഉറപ്പിക്കപ്പെട്ടിരിക്കുന്നുവെന്നു തെളിവായ് കാണുന്നുവല്ലൊ. ഗ്രേറ്റ് മങ്ങളിലൊന്നിലും അബ്രാഹംമെത്രാപ്പോലീത്തായോ തോമാനസ്രാണികളൊ റോമാ മാപ്പിപ്പാ നിശ്ചയിക്കുന്ന ലത്തീൻ മെത്രാനെ കയ്ക്കൊള്ളുമെന്നു പറഞ്ഞിട്ടുള്ളതായി കാണുന്നില്ല. പിന്നെയോ അബ്രാഹംമെത്രാപ്പോലീത്തായേയും അബ്രാഹം മെത്രാപ്പോലീത്താ മുതലായ സുറിയാനി മെത്രാന്മാരെയും ലത്തീൻ മെത്രാനായ ശേവാമെത്രാപ്പോലീത്തായുടെ കീഴടക്കുന്നതെന്നുള്ള ശ്രമം മാത്രമെ ഉണ്ടെന്നു കാണുന്നുള്ളൂ. ക്രിസ്തുവെ സുനഹദോസിന്റെ നിയമംകൊണ്ടു കൽദായ പാത്രിയർക്കീസും പി. പാ ത്രിയർക്കീസു വിട്ടുന്ന കൽദായ മെത്രാന്മാരും മലങ്കരെ അങ്കമാലി ശ്രേപതയിലുള്ള തോമാനസ്രാണികളും റോമൻ കത്തോലിക്കരാകുന്നുവെന്നു വ്യക്തമായി തെളിഞ്ഞിരിക്കുന്നു. കൊച്ചീ മെത്രാനും ക്ലൂട്ടും ൻ-ാം പീയുസും മാർപ്പാപ്പാ കല്പിച്ചു വ്വറ്റെ—വെ തിരുവെഴുത്തിൽ പറയുന്നതു:—അതായതു വ-ാം ക്ലെമെൻസു മാർപ്പാപ്പായുടെ കല്പനപ്രകാരം ക്രിസ്തൻ—ൽ ഉദിയമ്പേരൂരിൽ മെനെസിസ മെത്രാപ്പോലീത്താ ക്രൂട്ടിയ സുനഹദോസിൽ വെച്ചുകൂടുന്ന തോമാനസ്രാണികൾ ഒന്നാമതായി കത്തോലിക്ക് തിരുസ്സഭയിൽ ചേരുന്നു എന്നു പറയുന്ന സംഗതി ഇല്ലാത്തതാകുന്നുവെന്നു തെളിവാൻ എളുപ്പമായിവന്നിരിക്കുന്നു. അപ്രകാരംതന്നെ വ-ാം ക്ലെമെൻസു മാപ്പിപ്പാ ക്രിസ്തു—ൽ കല്പിച്ച തിരുവെഴുത്തിൽ ശ്ലൂഹ: സിംഹാസനം തിരിഞ്ഞെടുക്കുന്നതെന്നുമാത്രം കയ്ക്കൊള്ളുമെന്നു അബ്രാഹം മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ ശ്രേപതയും ശേവാ സുനഹദോസിന്റെ നിയമം കയ്ക്കൊണ്ടിരിക്കുന്നുവെന്നുകാണുന്നതും ഇല്ലാത്തതായി വന്നേയ്ക്കുമോ?

ക്രിസ്തു—വെ ശേവയിലെ ൫ സുനഹദോസിന്റെ നിയമത്തിൽ പറയുന്നപ്രകാരം ബാബേലിലെ പാത്രിയർക്കീസ് കത്തോലിക്കുന്നുവെന്നും അദ്ദേഹത്തിന്റെ കീഴിൽ ഇൻഡ്യയിലും ചീനത്തുമുള്ള ക്രിസ്ത്യാനികൾ ഇരിക്കുന്നുവെന്നും അയതുകൊണ്ടു ആ പാത്രിയർക്കീസിന്റെ അധികാരത്തിൽ നിന്നു ആ ജനങ്ങളെ ഇനിമേൽ ലത്തീൻമെത്രാന്റെ ഭരണത്തോടുകൂടി ശേവാ മെത്രാപ്പോലീത്തായുടെ കീഴാക്കികിട്ടണമെന്നാണു ശേവാസുനഹദോസിന്റെ അപേക്ഷ. മലങ്കര ശ്രേപതയിൽ അവമ്യാഭകരം നടക്കുന്നുവെന്നല്ലാതെ ഇടത്തുട്ടകരം ഉണ്ടെന്നുള്ള ഭാവം പോലും കാണിക്കുന്നില്ല. റോമൻ കത്തോലിക്കസഭയിൽ പ്രദേശ സുനഹദോസുകളും ശ്രേപത സുനഹദോസുകളും ദ്വിതീയ സുനഹദോസുകളും നടക്കുന്നുണ്ട്. ആ സുനഹദോസുകളൊക്കയും ക്രിസ്ത്യാനികളിലുള്ള അവമ്യാഭകളെ നീക്കി ഇണവർധന നിയമങ്ങളെ ഏർപ്പെടുത്തുന്നതിനാ

യിട്ടാണു. അതുപോലെതന്നെ അങ്കമാലി രൂപത ക്രിസ്ത്യാനികളിൽ ഉണർവർദ്ധന ഉണ്ടാകുവാൻവേണ്ടി അങ്കമാലി രൂപത മെത്രാപ്പോലീത്താ ഗോവാ സൂനഹദോസിൽ ചേരുന്നതിനു അപേക്ഷിച്ചിരുന്നു. അപ്രകാരം തന്നെ കൽദായ പാത്രിയർക്കീസ് റോമാസിംഹാസനത്തിനു വഴക്കമുള്ള ആളായിരിക്കുന്നതുകൊണ്ടും റോമാ മാർപ്പാപ്പായുടെ സമ്മതംകൂടാതെ അദ്ദേഹത്തിന്റെ അധികാരത്തിൽ പ്രവേശിപ്പാൻ പാടില്ലാത്തതുകൊണ്ടും ശ്ലൈഹ- സിംഹാസനത്തിന്റെ സമ്മതം ഗോവാ സൂനഹദോസ് അപേക്ഷിക്കുന്നു. ഇനി വായനക്കാർ ചിരിക്കുന്നതിനായ ഒരു സംഗതിയാണു ഇവിടെ പറവാൻപോകുന്നതു. എന്തെന്നാൽ പോർട്ടുഗീസ് വൈദികർ ഇതേവരെയും തോമാനസ്രാണികളും അവരുടെ ഭരണക്കാരായ മെത്രാന്മാരും ബാബേലിലെ പാത്രിയർക്കീസും നെസ്തോറിയൻ തടത്തുട്ടുകാരായിരുന്നുവെന്നുംഅതുകൊണ്ടു അവരെ റോമൻകത്തോലിക്കാ സഭയിൽ ചേർത്തു റോമാ മാർപ്പാപ്പായുടെ നേരെയുള്ള ഭരണത്തിൻ കീഴിലാക്കുന്നതിനു വളരെ ശ്രമം വേണ്ടിവന്നുവെന്നു മാണു കൊട്ടിഘോഷിക്കുന്നതു. എന്നാലിവിടെ ഗോവയിലെ വൈദിക നംമ്പർക്കാർ അപേക്ഷിക്കുന്നതു ഇൻഡ്യയിലുള്ള കൽദായ ജനങ്ങളുടെ മേലദ്ധ്യക്ഷനായ കൽദായ പാത്രിയർക്കീസിന്റെ വൈദിക മേലദ്ധ്യക്ഷതയിൽ നിന്നു ആ ജനങ്ങളെ പോർട്ടുഗാലിലെ ലൌകിക രാജാധികാരത്തിൻ കീഴിലാക്കണമെന്നാണു- അപ്പോഴൊ ഇതാ എല്ലാം പൂർണ്ണമായി തെളിഞ്ഞുവന്നിരിക്കുന്നു- പോർട്ടുഗീസു വൈദികരുടെ സകല ശ്രമവും പോർട്ടുഗാൽ രാജാവിന്റെ അധികാരത്തിൻ കീഴിൽ ഇൻഡ്യയിലും ചീനത്തുമുള്ള സകല ജനങ്ങളെയും ആക്കണമെന്നാണു. ഇൻഡ്യയിലും ചീനത്തുമുള്ള ക്രിസ്ത്യാനികളുടെ വിവിധ ക്രുത്തുകളെ, അവരെ തങ്ങളുടെ ഭരണത്തിൻ കീഴാക്കണം; അതാകുന്നു പ്രധാനമായതു; കത്തോലിക്കരായിരിക്കുന്ന ജനങ്ങളെ അവരുടെ ഭരണകർത്താക്കളുടെ കീഴിൽനിന്നു മാറ്റി തങ്ങളുടെ കീഴാക്കുന്നതിനു അവരും അവരുടെ ഭരണക്കാരും ഇടത്തുട്ടുകാരാകുന്നുവെന്നു ശ്ലൈഹ സിംഹാസനത്തിൽ ബോധിപ്പിക്കുക: ശ്ലൈഹ- സിംഹാസനംഅകവത്തിലിരിക്കയുംസ്വന്ത ക്രമക്കാരായ ലത്തീൻ വൈദികരെ അധിക വിശ്വസിക്കേണ്ടതായിരിക്കയും ചെയ്യുന്നതുകൊണ്ടു പോർട്ടുഗീസു വൈദികർ ഒരുതരം പിടിച്ചു കിഴക്കരായ സുറിയാനി മെത്രാൻമാരെ കൊണ്ടു അപ്പർ ബോധിപ്പിച്ചു വന്നിരുന്നു. എങ്കിലും ബോധജ്ഞാനമുള്ള റോമാ സിംഹാസനം കൽദായ മെത്രാന്മാരെ സംബന്ധിച്ചുബോധിപ്പിച്ച കള്ളായ സംഗതിയിൽ ഒരു തീരുമാനം ചെയ്യുന്നതിനു ഇടവന്നില്ല. ഇനി കൊച്ചീമെത്രാൻ തന്റെ "പില വിശദീകരണങ്ങൾ" എന്നു പുസ്തകത്തിൽ ൫-ാം പക്ഷത്തിൽ പറയുന്ന സംഗതിയുടെ വാസ്തവം ഇവിടെ യാദൃശ്ചികമായി പുനരാവർത്തിച്ചു കൊള്ളട്ടെ. "ഇൻഡ്യാരാജ്യത്തിൽ പോർട്ടുഗീസുകാർ അധിവസിപ്പാൻ തുടങ്ങിയ ൧൫൦-ആണ്ടിന്റെ ആദ്യത്തെ അമ്പതുകൊ

ല്ലുങ്ങളിൽ അവരാകട്ടെ ഗ്രേറ്റ് പോർട്ടുഗീസുകാരുടെ പുണ്യവാളൻ തന്നെയാകട്ടെ. ശുദ്ധ: തോമാ ക്രിസ്ത്യാനികളെ ശീശ്മക്കാരായിട്ടോ പാഷാണ്ഡികളായിട്ടോ വിചാരിച്ചിരുന്നതായി എനിക്കു തോന്നുന്നില്ല. കൊച്ചീമെത്രാൻ പോർട്ടുഗീസു കാരനായിരിക്കയാൽ ഇൻഡ്യയിലുള്ള പോർട്ടുഗീസു പരിതും മുഴവനും വ്യക്തിസ്ഥമാക്കികൊണ്ടു പോർട്ടുഗീസുകാർ ഇൻഡ്യയിൽ അധിവസിച്ച ആദ്യത്തെ അമ്പതു സംവത്സരക്കാലങ്ങളിലെ ശവുരിയാർ പുണ്യവാളൻ ക്രൂശിയും തോമാ നസ്രാണികളെ പാഷാണ്ഡികളായിട്ടോ ശീശ്മക്കാരായിട്ടോ പോലും വിചാരിച്ചിരുന്നില്ലെന്നാണു പറയുന്നതു. ആദ്യത്തെ അമ്പതുസംവത്സരം കഴിഞ്ഞതിന്റെ ശേഷമാണു തോമാ നസ്രാണികളുടെ പാഷാണ്ഡതയും ജീവിത മോശവും കണ്ടെത്തിയതു്. എന്നാൽ ശോവയിലേ ൨—ാം സൂനഹദോസു ക്രിയ ൧൭൭൯—ാം കാലത്തിൽ പോർട്ടുഗീസുകാർക്കു ൨൭ വർഷത്തെ പരിജ്ഞാനം ക്രിപ്പെന്നിരിക്കുന്ന ആ സൂനഹദോസിൽ പ്രഥമനായി ഗസ്പാർ മെത്രാപ്പോലീത്താ അവർകളും ദ്വാമതായി കൊച്ചിയിലെ മെത്രാനായ തവോര ഹെൻറിക്കുസ് അവർകളും, മെത്രാപ്പോലീത്തായുടെ വികാരി ജനറലായ മെള്ളോലിസ്സാർ, മലാക്കാമെത്രാനായ ഇഗ്നസ്യാ ജോർജ്, മറ്റു ഇൻഡ്യയിലുള്ള പ്രധാനവൈദീകരൊക്കെയും ചേന്നിട്ടുണ്ടു്. അവരെല്ലാവരും ക്രിപ്പെ. വർഷത്തെ പരിജ്ഞാനത്തോടു കൂടെ അന്വേഷിച്ചതിൽ അക്കാലത്തുള്ള കൽദായ പാത്രീയക്കീസും അങ്കമാലി രൂപതയുടെ മെത്രാനുമാരും തോമാനസ്രാണികളും നെസ്തോറിയൻ പാഷാണ്ഡമതക്കാരായി കണ്ടുപിടിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ടു കൊച്ചി മെത്രാൻ പറയുന്നതുപോലെ പോർട്ടുഗീസുകാർ ഇൻഡ്യയിൽ അധിവസിപ്പാൻ തുടങ്ങിയ ആദ്യത്തെ അമ്പതുവർഷങ്ങളിൽ മാത്രമല്ലാ പിന്നീടു ഇരുപത്തഞ്ചു വർഷവും ഇങ്ങനെ ൭൫ വർഷം വരെയും തോമാനസ്രാണികളെയും അവരുടെ അദ്ധ്യക്ഷന്മാരായ കൽദായമെത്രാന്മാരെയും പാത്രീയക്കീസ്സിനെയും നേസ്തോറിയൻ പാഷാണ്ഡമതക്കാരായികണ്ടുപിടിച്ചിട്ടില്ല എന്ന നിശ്ചയം തന്നെ, കൽദായ പാത്രീയക്കീസു ത്രേന്തു തിരുസംഘത്തിൽ വാദിച്ചുവാദം നിഷേധിക്കപ്പെട്ടിരുന്ന വെങ്കിൽ ഗോവയിലേ ൧൭൭൯—ലെ സൂനഹദോസു പിരിക്കുന്നേർ, ടിനിയമം ഉണ്ടാക്കുവാനും ബാബേൽ പാത്രീയക്കീസിന്റെ ഇൻഡ്യയിലുള്ള അധികാരത്തെ മിതപ്പെടുത്തുവാനും ശ്രമിക്കുന്നതിനും ശ്രമിച്ചതിനെ അപേക്ഷിപ്പാൻ ഇടയില്ല അപ്രകാരം തന്നെ ൧൮൮൬—ലെ ഗോവയിലെ സൂനഹദോസിൽ വെച്ചും ടി സൂനഹദോസിന്റെ ൧—ാം സെഷ്യൻ ൧൦—ാം നിയമത്തിൽ ബാബേലിൽ നിന്നും വരുന്ന മെത്രാന്മാർ തങ്ങളുടെ അധികാരപത്രത്തെ ഗോവാ മെത്രാപ്പോലീത്തായെ കാണിക്കണമെന്ന നിയമം ഉണ്ടാക്കി ശുദ്ധ- സിംഹാസനത്തിന്റെ അംഗീകരണം ലഭിക്കുന്നതിനു ശ്രമിക്കാഞ്ഞതെന്ന—ഇതു നിയമങ്ങളൊക്കെയും, ഗോവാ മെത്രാപ്പോലീത്തായും, ബാബേൽ പാത്രീയക്കീസിന്റെ അ

ധീകാരത്തിൻ കീഴിലുള്ള സുറിയാനി ജനത്തിന്മേൽ യാതൊരു അധികാരവുമില്ലെന്നും ആ ജനത്തിന്മേൽ തങ്ങൾക്കു അധികാരം കിട്ടണമെന്നും അപേക്ഷിക്കുന്നതിനെ കാണിക്കുന്ന തെളിവായ ലക്ഷ്യങ്ങളാണു. ശ്രദേന്തു തിരുസംഘത്തിൽ പോർട്ടുഗാൽ പ്രതിനിധി ഇൻഡ്യയിലുണ്ടായിരിക്കുന്ന എന്നു പറയുന്ന സുറിയാനിപള്ളികളം തങ്ങളുടെ അധികാരത്തിൻ കീഴായിരിക്കുന്നുവെന്നു വാദിച്ചതു കൂടുവായിരിക്കുന്ന എന്നു എല്ലാവർക്കും വ്യക്തബോധമായ ഒരു സംഗതിയാണെല്ലൊ. എന്തുകൊണ്ടെന്നാൽ പോർട്ടുഗീസുകാർ ഇൻഡ്യാദേശത്തിൽ പ്രവേശിപ്പാൻ തുടങ്ങിയതു 15-ാം നൂറാണ്ടിന്റെ അന്ത്യത്തിലും 16-ാം നൂറാണ്ടിന്റെ ആരംഭത്തിലും ആണു. അതുവരെയും ബാബേൽ പാത്രിയക്കീസിന്റെ കീഴിൽ ആയിരുന്ന ഇൻഡ്യയും ചീനവും എന്ന എല്ലാ ചരിത്രക്കാരും സമ്മതിക്കുന്നതാണു. റോമാമാപ്പാപ്പാ തിരുസഭയുടെ നീതിന്യായപ്രകാരം ഇൻഡ്യയിൽ ബാബേൽ പാത്രിയക്കീസിന്റെ അധികാരം നടീകരിച്ചുപോന്നിരിക്കുന്ന നിലയിൽ തന്റെ അധികാരം വിരുത്തൽ തുക്കുകയൊ മിതപ്പെടുത്തുകയൊ ചെയ്യുന്ന നിയമം ഒന്നാമതായി ബാബേൽ പാത്രിയക്കീസിനെ അറിയിക്കേണ്ടതായിരിക്കുന്നു. അപ്രകാരം ആവിയിച്ചതായിട്ടുള്ള ഒരു നിയമം കൊച്ചീമെത്രാൻ മുതലായ ലത്തീൻ വൈദീകർ കാണിക്കേണ്ടിയിരിക്കുന്നു. പോർട്ടുഗീസു വൈദീകർ കടന്നെടുപ്പായി, തങ്ങൾക്കു അപ്രകാരമുള്ള അധികാരമുണ്ടെന്നു ഭാവിക്കയാണു. എന്നാൽ ഗോവയിലേ പ്രദേശ സൂനഹദോസുകളിലൊന്നിലും മലയാളത്തിന്മേലുള്ള അധികാരം തങ്ങൾക്കു കിട്ടുന്നതിനുള്ള നിയമമല്ലാതെ കിട്ടിയതായി കാണിക്കുന്നില്ല-മെനേസിസ് മെത്രാപ്പോലീത്താമാത്രം ഈ അധികാരം തനിക്കുണ്ടെന്നു കടന്നെടുപ്പായി പ്രസ്താവിക്കയും അതിനു തക്കവണ്ണം പ്രവർത്തിക്കയും ചെയ്തിട്ടുണ്ടു. മേൽ വിവരിച്ച സംഗതികളാൽ അബ്രാഹം മെത്രാപ്പോലീത്താ, തന്റെ ശ്രുപതയിൽ ഒരംശം നെസ്തോറിയൻ പാഷണ്ഡമതത്തിലുൾപ്പെട്ടിരിക്കുന്നു എന്നും ആ ജനത്തെ കത്തോലിക്കാ സഭയിൽ ചേർക്കാമെന്നും, ഇത്തം ചെയ്തിട്ടുള്ളതായി തെളിയുന്നില്ല. അപ്രകാരം തന്നെ റോമാമാപ്പാപ്പ നിശ്ചയിക്കുന്ന ലത്തീൻ മെത്രാനെ കൈക്കൊള്ളാമെന്നും അബ്രാഹംമെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ ശ്രുപതയും കൈക്കൊണ്ടതായ ഒരു നിയമം ഉണ്ടായിട്ടില്ല.

മേൽ പ്രകാരം തോമാനസ്രാണികളുടെ ഒരംശം പോലും മേൽക്കാലങ്ങളിൽ കത്തോലിക്ക സഭയിൽ നിന്നും ചിരിഞ്ഞു നിന്നിട്ടില്ലെന്നും ലത്തീൻ മെത്രാനെ കൈക്കൊണ്ടു കൊള്ളാമെന്നുള്ള നിയമത്തെ അനുസരിച്ചിട്ടില്ലെന്നും റോമാമാർപ്പാപ്പായുടെ തിരുവെഴുത്തുകൊണ്ടു തന്നെകാണിക്കാം. ബുള്ളാരിയും പത്രോനാത്തുസു എന്ന പുസ്തകത്തിലും ജമീൽ ന്യാ—ാം പക്ഷത്തിലും ഗ്രന്ഥ—ാം ഗ്രീഗോറിയസു മാർപ്പാപ്പായുടെ ഒരു തിരുവെഴുത്തു വെച്ചിട്ടുണ്ടു. അതിൽ ഇപ്രകാരം പറയുന്നു.

"അങ്കമാലി പ്രദേശത്തിലുള്ള വി:തോമാ ക്രിസ്ത്യാനികളായ സ്നേഹപ്പെട്ട മക്കളെ വൈദീകർക്കും ജനങ്ങൾക്കും
ഫ്രാ—ാം ഗ്രീഗോറിയോസു മാപ്പ്ാപ്പാ.

ഈ പ്പൊഴ: നാംനിങ്ങളുടെ രക്ഷയേയും നിങ്ങളുടെ പള്ളികളുടെ സമാധാനത്തെയും എത്രയും അഗ്രഹിച്ചു ഉപദേശിക്കയും ഗുണദോഷിക്കയും മിശിഹായിൽ നിന്നു നമുക്കു കയ്യാളിക്കപ്പെട്ടിരിക്കുന്നോ അധികാരത്താൽ കല്പിക്കയും ചെയ്യുന്നതു എന്തെന്നാൽ ഒരു വസന്തയാൽ നിങ്ങളെ പിടിക്കപ്പെട്ടുവാൻസമ്മതിക്കരുതു. പിന്നെയൊ അയതിനെ പൂർണ്ണ ഉത്സാഹത്തോടു കൂടി അകററണം. അയാളുടെ വചനത്തിൽ നിന്നും സ്വരത്തിൽ നിന്നും ഓടി ഒളിക്കണം. അയാളെ കത്തോലിക്കാവിശ്വാസത്തിന്റെയും നിങ്ങളുടെ രക്ഷയുടേയും മിശിഹായുടെ സ്തുതിയുടേയും ശത്രുവും നിർമ്മൂലക്കാരനുമായി ഭയപ്പെടണം. അപ്രകാരം തന്നെ നിങ്ങളുടെ ഗണത്തിൽ നിന്നും സംഘത്തിൽ നിന്നും അകററിക്കളയണം. നിങ്ങളുടെ ഇടയിൽ സഞ്ചരിക്കുന്നതിനൊ നിങ്ങളുടെ സ്ഥലങ്ങളിൽ നിൽക്കുന്നതിനോ സമ്മതീക്കരുതു- ഇപ്രകാരം തന്നെ ശേഷം പാഷാണ്ഡികളോടും ശീശ്മക്കാരോടും ചെയ്യണം. അല്ലെങ്കിൽ അവരുടെ പകരുന്ന വ്യാധിയും വസന്തയുമായ പഠനത്തിൽ അകപ്പെട്ടു നശിച്ചു പോകുന്നതിനു ഇടയാകും. എന്നാൽ നിങ്ങളുടെ അഭ്യുദയം മെത്രാപ്പോലിത്താ അച്ചനും അപ്രകാരം തന്നെ പാദ്രയൂർ ശീവരുഗീസു മെത്രാനച്ചനും കീഴ്വഴങ്ങിയിരിപ്പിൻ. കപടമററ വിശ്വാസത്തിലും വ്യാപാരപരമാർത്ഥതയിലും പരിശുദ്ധമാതാവായ തിരുസ്സഭയുടെ ഒന്നിപ്പിലും ജീവിപ്പിൻ" ..... മുന്ന ക്രിവും- മാർച്ച 8. മീൻ പിടിത്തക്കാരന്റെ മോതിരത്തിൻ കീഴ്. റോമാപുരിയിൽ നിന്നും.

(Appendix 173)

അപ്പോഴൊ ഫ്രാ- ാം ഗ്രീഗോറിയോസു മാപ്പ്ാപ്പായുടെ ടിതിരുവെഴുത്തു ക്രിവും ൽ അയച്ചതാണ. അന്നു അങ്കമാലി രൂപതയിൽ യാതൊരംശവും പാഷാണ്ഡതയിൽ നിന്നിരുന്നില്ല എന്നു തെളിയുന്നു- എന്തെന്നാൽ അങ്കമാലി പള്ളിയോടു മുഴുവനും അങ്കമാലിയിൽ നിന്നഅമ്പതു മൈയിൽസു വടക്കു പാലയൂർ മെത്രാസനത്തിൽപെട്ടപള്ളിയോടും ഇങ്ങനേ തോമാനസ്രാണി സമുദായം മുഴുവനോടുമാണു മാപ്പ്ാപ്പാ കല്പിക്കുന്നതു.

ഒരു കാലത്തു തന്നെ കൊൻകസ്താന്തൊ പൂസ്തകത്തിൽ പറയുന്നതു പോലെ, അങ്കമാലി രൂപതമുഴുവനും ടി മാപ്പ്ാപ്പാ ഒരു ജൂബിലേവു കല്പിച്ചതും അമ്പതിനായിരം വെഞ്ചരിച്ച കൊന്ത ക്രിസ്ത്യാനികൾക്കു പകുത്തു കൊടുപ്പാനായി അയച്ചിട്ടുള്ളതുംകൊണ്ടു അങ്കമാലി രൂപതയിൽ ഒരംശവും അസമയം പാഷാണ്ഡതയിലുൾപ്പെട്ടതായി കാണുന്നില്ല മേൽക്കാലത്തു ശേമയോൻ എന്നൊരു മെത്രാൻ ബാബേലിൽ നിന്നു വരികയാൽ അദ്ദേഹത്തിന്റെ പേരിൽ ചിലർ ചില സന്ദേഹങ്ങൾ ജ

നിറ്റിക്കയും പ്രത്യേകം ഒരു ശോസഭക്കാർ അബ്രാഹം മെത്രാപ്പൊലീത്താ
യുടെ പക്ഷംനിന്നു അങ്കമാലിയിൽ പുതെ കൈവശത്താക്കാമെന്നു വിചാരിച്ചി
രിക്കെടി. ശിമയോൻ മെത്രാന്റെ വരവിനാൽ ബാബേൽ പാത്രിയർക്കീസി
ന്റെ അധികാരം നിലനിൽക്കുന്നതിനു ഇടവരുമെന്നു കണ്ടു അദ്ദേ
ഹത്തിന്റെ പേരിൽ അപേക്ഷ നടത്തുകയും പ്രൊപ്പഗാന്ത സംബന്ധാ
ധികാരം അദ്ദേഹത്തിനു അനുകൂലരായി നിന്നു അദ്ദേഹത്തെ റോമാപു
രിയ്ക്കു അയക്കുകയും ചെയ്തു. ഈ സംഗതിയിലാണു ടി തിരുവെഴുത്തു പ
റഞ്ഞിട്ടുള്ളതു. മാപ്പാപ്പായുടെ ടി തിരുവെഴുത്തുകൊണ്ടു അങ്കമാലി രൂപത
മുഴുവനും കത്തോലിക്കാ ഒന്നിച്ചിൽ നിയ്ക്കുന്നുവെന്നും പണ്ടെത്തെ കു
ത്താലിക്കാ ഒന്നിച്ചിൽ നിന്നിരുന്നുവെന്നും റോമാ മാപ്പാപ്പാ അയക്ക
ന്ന ലത്തീൻ മെത്രാനെ കൈക്കൊണ്ടുകൊള്ളാമെന്നു ഒത്തും ചെയ്വാൻ
ആവശ്യമില്ലായിരുന്നുവെന്നും തെളിയുന്നു.

വായനക്കാരെ! ഇവിടെ ഗോവയിലെ പോർത്തുഗീസു വൈദീ
കരുടെ വലുതായ ഒരു വഞ്ചന വെളിപ്പെട്ടിരിക്കുന്നു. ടി തിരുവെഴുത്തി
ൽ "പോവയൂർ ഗീവർഗീസുമെത്രാനച്ചനും കീഴവഴങ്ങി നടക്കണം" എ
ന്നു മാപ്പാപ്പാ കല്പിക്കുന്നു. ഈ ഗീവർഗീസു മെത്രാൻ ആരു? അങ്ങനെ
ഒരു മെത്രാൻ മലയാളത്തിൽ ഉണ്ടായിട്ടുണ്ടോ? ആ സമയം ഒരു
മെത്രാൻ അങ്ങനെ നിശ്ചയമായി ഉണ്ടായിരുന്നില്ല. അപ്രകാരം
ആ സമയത്തു ഉണ്ടായിരുന്നിരിക്കാത്ത ഒരു മെത്രാനു കീഴവഴങ്ങി നട
ക്കണമെന്നു മാപ്പാപ്പാ കല്പിക്കുന്നു. ഇതാണു പോർട്ടുഗീസു വൈദീകരു
ടെ വഞ്ചകപ്രയത്നം. അങ്ങിനെ ഒരുമെത്രാൻ ഉണ്ടെന്നു പോർട്ടുഗീസുവൈ
ദീകർ ബോധിപ്പിക്കാതെ മേൽപ്രകാരം ഒരു തിരുവെഴുത്തു മാപ്പാപ്പാ
കല്പിക്കാൻ ഇടയില്ല. അങ്ങനെ ഉണ്ടായിട്ടില്ലാത്ത ഒരു മെത്രാനു കീ
ഴവഴങ്ങി നടക്കണമെന്നുള്ള തെറ്റായ കല്പന മാപ്പാപ്പാ കല്പിപ്പാനുള്ള
കാരണം പോർട്ടുഗീസുവൈദീകരുടെ വ്യാജമായ അറിയിപ്പു തന്നെയാ
യിരിക്കുന്നു. അതിനാൽ മാപ്പാപ്പാമാരുടെ തിരുവെഴുത്തുകളെ ബ
ലഹീനമാക്കുന്നതു ലത്തീൻവൈദീകരാണെന്നുള്ളതിനു മേൽസംഭവം ഒരു
പ്രത്യക്ഷമായ തെളിവാകുന്നു. ഫ്രാ—ം ഗ്രീഗോറിയോസ മാർപ്പാപ്പാ
പാലയൂരിലെ ഗീവർഗീസു മെത്രാനച്ചനു കീഴവഴങ്ങി നടക്കണമെന്നു
കല്പിപ്പാനുള്ള കാരണം എന്തെന്നാൽ ജമിൽ ന്റെ—ം വ്യാ—ം പക്ഷങ്ങളി
ൽ കാണിച്ചിട്ടുള്ളതുപോലെ, ഒരു ശോസഭക്കാർ ഉപായേന തോമാ നസ്രാണികളെ ലത്തീൻമെത്രാന്റെ കീഴാക്കുവാനായിട്ടു അബ്രാഹം മെത്രാപ്പോലീത്താക്കു പാലിയം കൊടുപ്പാനും അദ്ദേഹത്തിന്റെ അക്കിടിയാക്കോനായ ഗീവർഗീസച്ചനെ മെത്രാന്റെ കാലശേഷം അദ്ദേഹത്തിൻ സ്ഥാനത്തിൽ അപ്പസ്തോലിക്കയായിട്ടാക്കുവാനും അബ്രാഹം മെത്രാപ്പോലീത്താ റോമാപ്രദേശത്തുനിന്നുദ്യോഗത്തിൽ കൂട്ടുനിന്നതിനും മറ്റും പലസംഗതികളും കല്പിക്കുന്നതിനായും ഫ്രാന്തെൽ അദ്ധ്യക്ഷിച്ചിട്ടു ഫ്രാ—ം ഗ്രീ

ഗ്രിഗോറിയോസു മാർപ്പാപ്പാ അപേക്ഷപ്രകാരം എല്ലാം കല്പിക്കുകയും ശീ
വർഗീസു അക്കിടിയാക്കോനെ പാലയൂർ മെത്രാനായ [illegible] അഭിഷേകം ചെയ്തു
ബൂളയും അയക്കുകയും ചെയ്തു. പക്ഷെ ബൂള ഗോവണ്ടിയിൽ വെച്ചിട്ടാണ്
വന്നതു. എന്നാൽ ആ ബൂള പ്രകാരം ഉടനെ ശീവർഗീസു അക്കിടിയാ
ക്കോനെ മെത്രാനായി വാഴിച്ചാൽ സുറിയാനിമെത്രാന്റെ ഭരണം ഒന്നു
ക്രൂടി ബലപ്പെട്ടുമെന്നുകണ്ടു ബൂള പ്ലസിലോപ്പെട്ടത്താതെയും കായ്യംനട
ത്താതെയും ബൂള ഒളിക്കും ചെയ്തു. ഫ്രാ -ാം ഗ്രിഗോറിയോസു മാർ
പ്പാപ്പാ താനയച്ച ബൂളപ്രകാരം കായ്യം നടന്നുവെന്നു നിശ്ചയിച്ചു മേ
ൽപ്രകാരം പാലയൂർ ശീവർഗീസു മെത്രാനച്ചനും വഴങ്ങിനടപ്പാൻ
ഫർവ്വാ-ൽ കല്പിക്കയും ചെയ്തു. അബ്രാഹം മെത്രാപ്പോലീത്താ ഇവയൊ
ക്കയും ലത്തീൻകാരിൽ നിന്നതന്നെയറിഞ്ഞു- യൂറോപ്യന്മാരായ മറു
സഭക്കാർക്കു ഒരും പ്രവൃത്തികളും രസിച്ചിരുന്നില്ല. അവർ അ
ബ്രാഹം മെത്രാപ്പോലീത്തായോടു അറിയിക്കയും ഒരംശോ സഭക്കാ
ർ അബ്രാഹം മെത്രാപ്പോലീത്താക്കു പാലിയം കൊടുപ്പാനായി അപേ
ക്ഷിക്കുന്നതിന്റെ അന്തരം മാർപ്പാപ്പായെ തന്നെ ബോധിപ്പിക്കുകയും
ചെയ്തു. അബ്രാഹം മെത്രാപ്പോലീത്താ ഒരംശോസഭക്കാരുടെ തന്ത്രങ്ക
ണ്ടു, ജനീൽ പ്രഥാം പക്ഷത്തിൽ പറയുന്നതുപോലെ, ഫർവ്വാ ൽ
ഫ്രാ -ാം ഗ്രിഗോറിയോസു മാർപ്പാപ്പാക്കു എഴുതിയ എഴുത്തിൽ ഇപ്ര
കാരം പറയുന്നു. "സുറിയ. അസ്സീറിയായിലെ പാത്രിയർക്കീസിൽ നിന്നും
നമുക്കു കിട്ടിയിരിക്കുന്ന അധികാരപ്രകാരം പാലയൂർക്കു തിരിഞ്ഞെടുക്ക
പ്പെട്ട മെത്രാനായ മിശിഹായിൽ നമ്മുടെ അക്കിടിയാക്കോനെ നാം ജീ
വിതകാലവും നമുക്കു കീഴ്വഴക്കമുള്ളവനായി നടന്നാൽ നമ്മാലെനമ്മു
ടെ സഹായിയും അനന്തരവനും ആയി മെത്രാനായി നിശ്ചയിച്ചിരിക്കുന്നു
എന്നറിയിച്ചുകൊള്ളുന്നു. നമ്മുടെ നിശ്ചയത്തെ തിരുമനസ്സിനു അം
ഗീകരിച്ചുറപ്പിക്കണമെന്നു നാം അപേക്ഷിക്കുന്നു" - അബ്രാഹം മെത്രാ
ൻ വത്തീൻ വൈദീകരുടെ കപടതയെ അറിഞ്ഞു. ബാബേൽ പാത്രിയ
ർക്കീസിന്റെ അധികാരത്തെ ബലപ്പെടുത്തി സ്ഥിരപ്പെടുത്തുകയും ചെയ്തു
വന്നു. അപ്പോഴും പാലയൂർ ശീവർഗീസു മെത്രാനച്ചനു കീഴ്വഴങ്ങി നാ
ടക്കണമെന്നു ഫ്രാ -ാം ഗ്രിഗോറിയോസു മാർപ്പാപ്പാ തന്റെ ബൂള
യിൽ പറഞ്ഞിട്ടുള്ളതിന്റെ സമാധാനം കൊച്ചീ മെത്രാനും ക്രൂട്ടരും
പറയണം.

൬. "എന്നാൽ ഇതിനു വിരോധമായിട്ടുള്ള ശ്ലീഹായ്ക്കുടുത്ത നിയമ
ങ്ങളും കല്പനകളും അപ്രകാരംതന്നെ അങ്കമാലിപ്പള്ളിയുടെ സത്യനിശ്ച
യത്താലൊ മറ്റൊരുറപ്പിനാലൊ ബലപ്പെടുത്തപ്പെട്ടതായ നിയമങ്ങളും
മാമൂലുകളും.....ഒരും ഒരു സമയത്തേയ്ക്കു മാത്രം പ്രത്യേകിച്ചും വിശേ
ഷമായും ഒഴിച്ചിരിക്കുന്നു." അബ്രാഹം മെത്രാപ്പോലീത്താ നെസ്തോറി
യൻ പാഷാണ്ഡമതം പറിച്ചുകളഞ്ഞുവെന്നു കളവായി ബോധിപ്പിച്ചു

ന്നാലും അതു അന്വേഷണം ചെയ്യുന്നതു ദുഃഖം മാർപ്പാപ്പായുടെ കടമയായിരുന്നു. ആ ന്യായപ്രകാരം വ-ാം ക്ലെമെൻസുമാർപ്പാപ്പാതന്റെ ഫ്രൻ൫-ലെ തിരുവെഴുത്തുകൊണ്ടു ആ സംഗതി അന്വേഷിപ്പാനും അതിന്റെ തെളിവിന്മേൽ പാപ്പായുടെ വിധിയ്ക്കായി അയപ്പാനും കല്പിച്ചിരുന്നു. എന്നാൽ അബ്രാഹം മെത്രാപ്പോലീത്താ ദീനാവസ്ഥയിലായിരുന്നതുകൊണ്ടു അന്വേഷിപ്പാനും മറ്റും കഴിഞ്ഞില്ല. ആ ദീനാവസ്ഥയിൽതന്നെ അബ്രാഹംമെത്രാപ്പോലീത്താ ഫ്രൻ൫—ൽ ചരമഗതിയെ പ്രാപിച്ചു. ഈ വിവരം റോമാപുരിയിൽ എത്തുന്നതിനുമുമ്പു ഫ്രൻ൫-ജനുവരി ൨൫-ാം വ-ാം ക്ലെമെൻസുമാപ്പാപ്പാ മുമ്പുണ്ടായതായ ഒരു തിരുവെഴുത്തയച്ചു. അതിൽ "അങ്കമാലിപ്പള്ളിയുടെ സ്ഥിതിയും യഥാമാംവണ്ണം വേണ്ടവണ്ണം ഏർപ്പെട്ടുത്തുവാൻ നാം ആഗ്രഹിച്ചിരിക്കുന്നു. ഇതിനാൽ ഇപ്പോഴത്തെ മെത്രാപ്പോലീത്താ കാലഗതിയെ പ്രാപിക്കുന്നപക്ഷം കാനോൻ നിയമപ്രകാരം ആ പള്ളിയും മറൊരു പാലകനെ നിയമിക്കുന്നതിനിടയും കാല ദൈർഘ്യവും സ്ഥലാകലവും നിമിത്താ അതിനു ആത്മീയമൊ ലൌകീകമൊ ആയ കാര്യങ്ങളിൽ വല്ലൊരു നാശവും നേരിടാതിരിപ്പാൻ വേണ്ടി നാം പാലകനെ നിശ്ചയിക്കുന്നതുവരെ ഒരു വികാരി അപ്പസ്തോലിക്കയെ അയക്കുന്നതിനു ....നാം അധികാരം തന്നിരിക്കുന്നു" എന്നു പറഞ്ഞിട്ടുണ്ടു. ഒന്നാമതുതന്നെ അബ്രാഹംമെത്രാപ്പോലീത്തായുടെ മേൽ ബോധിപ്പിച്ചതിനു അദ്ദേഹത്തിന്റെ വിശ്വാസപരിശോധനത്തിനായിട്ടു മുൻ അയച്ചിരുന്ന കല്പനയുടെ നടപടി ഒന്നും ചെടന്നില്ല. അങ്ങനെയിരിക്കെ രണ്ടാമത്തെ ഒരു തിരുവെഴുത്തയപ്പാനുള്ള കാരണമെന്തു? അതായതു അബ്രാഹം മെത്രാപ്പോലീത്താ കഠിന രോഗത്തിൽ അകപ്പെട്ട അന്ത്യകാലവും സമീപിച്ചിരിക്കുന്നു എന്നറിഞ്ഞതുകൊണ്ടാണെ എന്നു പറയുമായിരിക്കാം. അതിനു ഒന്നാമത്തെ തിരുവെഴുത്തിൽ തന്നെ "അബ്രാഹംമെത്രാപ്പോലീത്താ ഇല്ലാതിരിക്കയൊ അന്തരിച്ചുപോകയൊ ചെയ്താൽ" എന്നു തിരിച്ചുപറയുന്നതുണ്ടു. അതുകൊണ്ടു അതുകാരണംകൊണ്ടല്ലൊ രണ്ടാമത്തെ തിരുവെഴുത്തു പുറപ്പെട്ടതു. പിന്നെയൊ എന്നാൽ വ-ാം ക്ലെമെൻസു മാപ്പാപ്പാ അബ്രാഹം മെത്രാപ്പോലീത്തായുടെ എഴുത്തുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ മേൽ ചുമത്തപ്പെട്ട കുറങ്ങളും കളവാണെന്നു നന്നായി ബോദ്ധ്യപ്പെട്ടതുകൊണ്ടാണെ. ജാറിക്കുസ് എന്ന ഒരുശോനക്കാരൻ എഴുതിയ അബ്രാഹം മെത്രാപ്പോലീത്തായുടെ മരണ വൃത്താന്തം മുൻസ്ഥാനത്തിൽ ഞാൻ കാണിച്ചിട്ടുള്ളതു നോക്കുക- അതിൽ അബ്രാഹം മെത്രാപ്പോലീത്താ തന്റെ അന്ത്യരോഗത്തിൽ പട്ടക്കാരേയും ജനങ്ങളേയും വിളിച്ചുകൂട്ടിപ്പറഞ്ഞതു: "ഞാൻ എന്റെ പള്ളിയെ റോമാ മാർപ്പാപ്പായ്ക്കു ഏൽപ്പിക്കുന്നതായ എഴുത്തു കഴിഞ്ഞാണ്ടിൽ എഴുതീട്ടുണ്ടെന്നു പറഞ്ഞു ഇതു കേട്ട ജനങ്ങൾ വളരെ സന്തോഷിച്ചുവെന്നു".....മേൽപ്രകാരമുള്ള എഴുത്തു ചെന്ന ഉടനെ വ-ാം ക്ലെമെൻസു മാർപ്പാപ്പാ അബ്രാഹം

മെത്രാപ്പോലീത്തായുടെ മേൽ പോർട്ടുഗീസു വൈദീകർ ബോധിപ്പിച്ചിട്ടുള്ള സംശതി കളവാണെന്നു നന്നായി ബോധിച്ചു. അതുകൊണ്ടു ഫ്രാമത്തെ എഴുത്തിൽ അബ്രാഹം മെത്രാപ്പോലീത്തായുടെ വിശ്വാസം പരിശോധിപ്പാൻ വേണ്ടിയിരുന്ന നിയമങ്ങളൊക്കയും കാണിച്ചിട്ടു രണ്ടാമതൊന്ന എഴുത്തിൽ ആ സംശതിയെകുറിച്ചും ഓർപ്പിക്കാതെ "കാനോൻ നിയമമനുസരിച്ചു നാം പാലകനെ നിശ്ചയിക്കുന്നവരെ" എന്നു മാത്രം പറയുന്നു. വ—ാം ക്ലെമെൻസു മാർപ്പാപ്പാ അങ്കമാലിപ്പള്ളിയ്ക്കു കാനോൻ നിയമമനുസരിച്ചു ഒരു പാലകനെ നിശ്ചയിക്കുമെന്നു പറഞ്ഞതു കിഴക്കെപ്പള്ളിയെ സംബന്ധിച്ചുതോളം ഉണ്ടായിരിക്കുന്ന നിയമങ്ങളിൻ പ്രകാരം ഒരു മേൽപ്പട്ടക്കാരനെ നിയമിക്കുമെന്നാണു. എന്നാൽ നിയമപ്രകാരമുള്ള മേല്പട്ടക്കാരനെ നിശ്ചയിക്കുന്നതുവരെ ഒരു വികാരി അപ്പസ്തോലിക്കയെ നിശ്ചയിക്കുന്നതിനു ഗോവാ മെത്രാപ്പോലീത്തായ്ക്കു അധികാരം കൊടുക്കുന്നു ഒരു അധികാരം കൊടുക്കൽ തന്നെയും കിഴക്കെപ്പള്ളിയുടെ നിയമനത്തിനു വിരോധമുള്ളതും പ്രത്യേകം അങ്കമാലി പള്ളിയുടെ സത്യനിശ്ചയത്തിനും മാമൂലിനും വിരോധമുള്ളതുംകൊണ്ടു തത്സമയത്തേയ്ക്കും ഒരു പ്രാവശ്യത്തേക്കും മാത്രം ഒഴിച്ചിരിക്കുന്നുവെന്നും മറുസമയം അതിന്റെ നിശ്ചയം പോലെ ഉറപ്പിക്കപ്പെട്ടിരിക്കുന്നുവെന്നും മാർപ്പാപ്പാ കല്പിക്കുന്നു. എന്നാൽ മെനേസീസു മെത്രാപ്പോലീത്താ മേലെഴുതിയ തിരുവെഴുത്തു വന്നതിന്റെ ശേഷം ഗോവയിൽ നിന്നും എഴുതിയ മറുപടിയിൽ വ—ാം ക്ലേമെൻസു മാർപ്പാപ്പാ കിഴക്കൎപ്പള്ളിയിൽ ഒരു പ്രധാനശാഖയായ ബാബേൽ പള്ളിയുടെ സ്ഥിതി അറിയാത്തപോലെയാണു മറുപടി എഴുതിയതു- ആ മറുപടിയിൽ ബാബേൽ പാത്രിയക്കീസു നെസ്തോറിയൻ ഇടത്തുട്ടുകാരനാകുന്നുവെന്നും അവിടെ നിന്നു വരുന്ന മെത്രാന്മാർ എടത്തുട്ടുകാരാകുന്നുവെന്നും അങ്കമാലിരൂപതയിൽ നിന്നും ബാബേൽ പാത്രിയക്കീസിന്റെ അധികാരം മുലച്ചേദനം വരുത്തുന്നതിനു വത്തീൻ മെത്രാനെ പിടിച്ചതെന്നും താൻ അങ്കമാലിരൂപതയിൽ ഒരു സുനഹദോസു കൂട്ടുമെന്നും അങ്കമാലിരൂപതയിൽപ്പെട്ട ജനങ്ങളെ സത്യം ചെയ്യിപ്പിച്ചുകൊണ്ടു റോമാമാർപ്പാപ്പായുടെ വഴക്കത്തിനും വത്തീൻക്രമത്തിനും കീഴ്പ്പെടുത്താമെന്നും റോമയിൽ വിചാരിക്കുന്നതുപോലെ അലക്സാന്ത്രിയാ പാത്രിക്കീസല്ലഇവിടേയുള്ള മെത്രാനെവിടുന്നതെന്നുമറിയും വളരെ ഭേദപ്രകാരങ്ങളുള്ളെങ്കിൽ അഹങ്കാരമേറിയ അറിവില്ലായ്മ എഴുതി അയക്കയും ചെയ്തു. മെനസീസുമെത്രാപ്പോലീത്താ തന്റെ മുൻഗാമികളായ ശിമവാ മെത്രാപ്പോലീത്താമാക്കർ ർ-ാം പീയൂസു മാർപ്പാപ്പായും ഗ്രന്ഥ-ാം ഗ്രീഗോറിയോസു മാർപ്പാപ്പായുംമറ്റു മാർപ്പാപ്പാമാരും ബാബേൽ പാത്രിയക്കീസിനെക്കുറിച്ചു എഴുതീട്ടുള്ള തിരുവെഴുത്തുകളും അല്ലെങ്കിൽ ശിമവായിലെ ഫ്രൈ- ലേയും ഫ്രിവ്വ- ലേയും സുനഹദോസുകളുടെ നിയമങ്ങളെങ്കിലും വായിച്ചിരുന്നെങ്കിൽ ബാബേൽ പാത്രിയക്കീസന്മാർ കത്തോ

ലിക്കരും ഇൻഡ്യയിന്മേലും മലയാളത്തിലും അർഹതയുള്ളവരുമാകുന്നു വെന്നു അറിഞ്ഞിരുന്നോനെ!!!

അപ്പൊഴൊ കിഴക്കെ പള്ളിയെ സംബന്ധിച്ചുള്ള കാനോൻനിയമപ്രകാരം ഒരു പാലകനെ നിശ്ചയിക്കുമെന്ന തിരുവെഴുത്തുകൊണ്ടു മുൻ തിരുവെഴുത്തിലെ അധികാരങ്ങളൊക്കയും തീന്നിരിക്കുന്നു. മെനേസീസു മെത്രാപ്പൊലീത്താ ഒരം തിരുവെഴുത്തിൻ പ്രകാരം അങ്കമാലി പള്ളിക്കു ഗീവർഗീസു അക്കുദിയാക്കോനെ തന്നെ, റോമൻ ഛർച്ചം പക്ഷത്തിൽ പറയുന്നതുപോലെ, ഗോവർണ്ണദോരും വികാരി അപ്പസ്തോലിക്കയുമായി നിയമിച്ചു. ആ നിയമം കൊണ്ടു രാജാവത്തെ തിരുവെത്തിലെ കായ്വും നിറവേറിയിരിക്കയിൽ പിന്നെ അങ്കമാലിരൂപതയിന്മെൽ യാതൊരു പ്രവൃത്തിക്കും അർഹതയില്ലാ. ഒരം ഒരു പ്രാവശ്യത്തേക്കു മാത്രം അനുവദിക്കുന്നു എന്നാണെ തിരുവെഴുത്തിൽ പറയുന്നതു അതുതന്നിറവേറുകയും ചെയ്തു. മെനേസിസു മെത്രാപ്പോലീത്താ ഗീവർഗ്ഗീസു അക്കുദിയാക്കോനെ ഗോവർണ്ണദോരും വികാരി അപ്പസ്തോലിക്കയുമായി നിശ്ചയിച്ചതു അദ്ദേഹം നെസ്തോറിയൻ പാഷാണ്ഡമതക്കാരനാകുന്നൊ എന്നുള്ളതിനു വേണ്ടപോലെ പരിശോധന കഴിച്ചതിൻറ ശേഷമല്ലയൊ? ഗീവർഗീസു അക്കുദിയാക്കോൻ നെസ്തോറിയൻ വിശ്വാസമനുസരിക്കുന്നില്ലാ എന്നു വരികിൽ അദ്ദേഹത്തിൻറെ കീഴുള്ള അങ്കമാലി രൂപതയിൽപെട്ട ജനങ്ങളും നെസ്തോറിയൻ പാഷാണ്ഡവിശ്വാസമനുസരിക്കുന്നില്ല. കത്തോലിക്കനായമെനേസീസുമെത്രാപ്പോലീത്തായ്ക്കു ഒരു നെസ്തോറിയൻ പാഷാണ്ഡനെ കത്തോലിക്കാ പള്ളിക്കു ഒരിക്കലും മേലധികാരിയാക്കുവാൻ പാടുള്ളതല്ല. എന്നുമാത്രമല്ലാ വ-ാം ക്ലെമെൻസു മാപ്പുപ്പായുടെ ഛർൻറ-ലെ തിരുവെഴുത്തിൽ "വിശ്വാസിച്ചും മേല്പറഞ്ഞ രൂപതയിലും പ്രദേശത്തിലും ഇപ്രകാരമുള്ള അബദ്ധമായിട്ടുള്ള മതവിശ്വാസത്തിലുംപ്പെട്ട മതവിരോധികളിലും ഉണ്ടെന്നു വന്നാൽ അവരെ സംബന്ധിച്ചും നിയമപ്രകാരം വിചാരണ കഴിക്കയൊ കുഴിപ്പിക്കയൊ ചെയ്തുകൊള്ളണം." എന്നു തിരിച്ചു കൽപിച്ചിരിക്കയിൽ ഗീവറുഗീസു അക്കുദിയാക്കോനെ നെസ്തോറിയൻ പാഷാണ്ഡവിശ്വാസം അനുസരിക്കുന്നവനെന്നു വേശം പോലും സംശയമുണ്ടെങ്കിൽ അങ്കമാലിരൂപതയുടെ ഗോവർണ്ണദോരും വികാരി അപ്പസ്തോലിക്കയുമായി അക്കുവാൻ പാടില്ലല്ലൊ. ഒരംശോസഭക്കാരായ സന്യാസികളും നമ്പൂവഷ്ത്തിനു മേൽ അങ്കമാലി രൂപതയിൽ നിവസിക്കയും അബ്രാഹം മെത്രാപ്പോലീത്തായുടേയും അക്കുദിയാക്കോൻ ഗീവർഗീസിൻറെയും ജീവിതം സംബന്ധിച്ചു നന്നായി ബോദ്ധ്യപ്പെട്ടിരിക്കയും ചെയ്തതുകൊണ്ടു അവരുടെ അഭിപ്രായം അനുസരിച്ചാണ അദ്ദേഹത്തിനെ വികാരി അപ്പസ്തോലിക്കയായി നിശ്ചയിച്ചതു. ഒരംശോസഭക്കാർ ഇതിനുകുറെക്കാലം മുൻപു അക്കുദിയാക്കോനെ അബ്രാഹം മെത്രാപ്പോലീത്തായുടെ അനന്തരവനായി വാഴിക്കുന്നതിനു മാപ്പുപ്പായോടു അപേക്ഷിച്ചിരുന്നു. അ

ബ്രാഹം മെത്രാപ്പോലീത്താ ഗീവറുഗീസുഅക്കദിയാക്കോനെത്തന്റെ ഭരണത്തിനുമുമ്പു തന്നെ അങ്കമാലിരൂപതയുടെ അക്കദിയാക്കോനായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. ഇതുകൊണ്ടു അദ്ദേഹത്തെ മാറി വേറൊരുവനെ അങ്കമാലിരൂപതയിൽ മെനേസിസു മെത്രാപ്പോലീത്തായാൽ സാധിക്കാത്ത ഒരു സംഗതിയായിരുന്നു. വ—ം ക്ലെമെൻസു മാർപ്പാപ്പായുടെ രണ്ടു തിരുവെഴുത്തുകളുടേയും അധികാരങ്ങളൊന്നുംമെനേസീസുമെത്രാപ്പോലീത്താഅങ്കമാലിരൂപതയിന്മേൽ പ്രവർത്തിപ്പാൻ പാടില്ലാത്തതായിരുന്നു. എന്തെന്നാൽ അല്പാഹം മെത്രാപ്പോലീത്തായുടേയും അങ്കമാലിരൂപതയിലപ്പെട്ട മാതൊരുത്തന്റേയും നെസ്തോറിയൻ പാഷണ്ഡവിശ്വാസത്തെ അന്വേഷിക്കുന്നതിനായിട്ടായിരുന്നു അധികാരം കൊടുത്തതു. അതിൽ ഒന്നും സാക്ഷാൽ ഇല്ലാത്തതും ആ വിചാരണ കഴിച്ചു തെളിയാത്തതും കൊണ്ടാണു, ഇതുകൊണ്ടു മുൻ സർക്കുലറിൽ ഞാൻ കാണിച്ചിട്ടുള്ളതും, റോമൽ വസ—ം ഉം പക്ഷങ്ങളിൽ കാണിച്ചിട്ടുള്ളതുമായ സംഗതി ഇതിനെ തെളിയിക്കുന്നു. എന്തെന്നാൽ അക്കദിയാക്കോൻമെനേസീസുമെത്രാപ്പോലീത്തായോടു പറഞ്ഞതു "വിശേഷിച്ചും താൻ പരദേശമെത്രാനെപ്പോലെ പട്ടത്തിന്റേയും അധികാരത്തിന്റേയും പ്രവൃത്തികളൊക്കയും മടക്കിക്കൊണ്ടും പ്രസംഗിക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള അധികാരം മാത്രമെ മെനേസീസിനു കൊടുക്കുന്നുള്ളുയെന്നു". (Appendix I)

മേൽപ്രകാരമുള്ള അനുവാദം മെനെസീസ് മെത്രാപ്പോലീത്താ സമ്മതിച്ചു മെത്രാപ്പോലീത്തായും അക്കദിയാക്കോനും കത്തനാരന്മാരും ഒപ്പിട്ടകരാറും ചെയ്തു ഒരു പ്രവൃത്തി മെനെസീസു മെത്രാപ്പോലീത്തായ്ക്കു അങ്കമാലിരൂപതയിന്മേൽ യാതൊരു അധികാരവുമില്ലെന്നു തെളിവായി സമ്മതിച്ചുവെന്നു കാണിക്കുന്നു. എന്നാൽ കൊച്ചി മെത്രാന്റെ വിശദീകരണത്തിലും മെനെസീസ് മെത്രാപ്പോലീത്താ സുന്നഹദോസിന്റെ ക്ഷണന വിളംബരത്തിലും പറയുന്നതു: മെനേസീസു മെത്രാപ്പോലീത്താ കിഴക്കിന്റെ പ്രീമാസ് മെത്രാപ്പോലീത്തയായിരിക്കുന്നതുകൊണ്ടു സിംഹാസനം ഒഴിഞ്ഞിരിക്കുന്ന നിലയിൽ അങ്കമാലിരൂപതയിന്മേൽ അധികാരം ഉണ്ടെന്നാണു. എന്നാൽ റോമൻ മുതലായ ചരിത്രക്കാർ പറയുന്നതു:—കിഴക്കൻ പള്ളികളിൽ അക്കദിയാക്കോന്റെ അധികാരം പടിഞ്ഞാറൻ പള്ളിയിൽ വികാരി ജനറാലിന്റെ അധികാരത്തിനു തുല്യമാണു. പ്രത്യേകമായി അങ്കമാലിപ്പള്ളിയിൽ അക്കദിയാക്കോന്റെ അധികാരം മെത്രാനില്ലാത്ത സമയം മെത്രാനു തുല്യമായിരുന്നു ഒരു അധികാരമാണു. കിഴക്കൻ പള്ളികളിൽ ലത്തീൻ പള്ളികളിലുള്ളതു പോലെ കോറെപ്പിസ്കന്മാരുടെ സംഘമില്ല. അതുകൊണ്ടു യാതൊരു അധികാരവും മെനേസീസു മെത്രാപ്പോലീത്താ അങ്കമാലിരൂപതയിൽ വെയ്പാൻ അർഹതയുള്ളവനല്ല. വ—ാം ക്ലെമെൻസുമാപ്പാപ്പാ പട്ടത്തിന്റെ പ്രവൃത്തി ചെയ്യുകയെന്നു തിരിച്ചു തന്റെ

തിരുവെഴുത്തിന്റെ മുക്കിയിരിക്കുന്നും അദ്ദേഹത്തോടുകൂടെ ഒന്നായിട്ടുള്ള ഉപവാടിയിൽ ആ മുടക്കിനെ സമ്മതിച്ചു ഒപ്പിട്ടുകൊടുക്കുകയും ചെയ്തതിന്റെ ശേഷം; അതൊന്നും ഗണ്യമാക്കാതെ അനേകം സുറിയാനിപ്പള്ളികളിൽവച്ചു വളരെ പേർക്ക് പട്ടം കൊടുക്കുകയും ചെയ്തു. ഇതു ഉദിയഞ്ചേരിസൂനഹദോസിനു മുൻപാണു. അവരൊക്കെയും നെസ്തോറിയൻ ഇംഗ്ലണ്ടുകാരാകുന്നുവെന്നു പറകയുംചെയ്യുന്നു. ഇനി മെനേസീസ് മെത്രാപ്പോലീത്താ ഇന്ത്യയുടെ പ്രീമാസായിരിക്കുന്നു എന്നുള്ള അധികാരം കൊണ്ടു അങ്കമാലി രൂപതയിന്മേൽ എന്തു പ്രവർത്തിപ്പാൻ വശമാകുന്നു എന്നു ആലോചിക്കാം. ഒരു സ്ഥലത്തു ഒരേ ജനത്തിൻമേൽ രണ്ടു പ്രീമാസന്മാർ ഉണ്ടാകുവാൻ പാടില്ലല്ലോ. ബാബേൽ പാത്രിയക്കീസു ഇൻഡ്യയുടെയും പാത്രിയക്കീസും പ്രീമാസുമായിരിക്കുന്നു. ബാബേൽ പാത്രിയക്കീസിന്നു ഈ സ്ഥാനം കിട്ടീയിരിക്കുന്നതു തിരുസഭയുടെ ആദ്യകാലം മുതലാണു. മലങ്കരയിൽ സുദേശിയരിൽ നിന്നു ഒന്നാമത്തെ മെത്രാൻ കേപ്പായെന്നപേരുള്ള ഒരാളായിരുന്നു. അദ്ദേഹം തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്ന ഒന്നാം കാലംതന്നെവിടെ വാണിരുന്ന കൊടുങ്ങല്ലൂർ രാജാവു അഥവാ പെരുമാളിന്റെ മരുമകനാണു- ടി പെരുമാളും മരുമകനും തോമാശ്ലീഹായാൽ വിശ്വാസം കൈക്കൊള്ളുകയും പെരുമാൾക്കു അന്ത്രയോസെന്നും മരുമകനു കേപ്പായെന്നും പേരിടുകയും ചെയ്തു. ഒനോരിയുസ്, മഫേ എന്നു ചരിത്രക്കാർ സാക്ഷ്യപ്പെടുത്തുന്നതുപോലെ, ദിവ്യരക്ഷകൻ ബേത്ലഹമ്മിൽ പിറന്ന സമയംതന്നെ കുമ്പിട്ടാരാധിക്കുന്നതിനായി പോയിരുന്ന മാഗ്രശരാജാക്കന്മാരിൽ ഒരുവൻ ടി, പെരുമാളായിരിക്കുന്നു. മലങ്കരയിൽ ഒന്നാമത്തെ മെത്രാനായ കേപ്പായുടെ സ്വദേശികരം മലങ്കരയെ ഭരിച്ചുകൊണ്ടിരുന്നു. എന്നാൽ ഇൻഡ്യായുടെ സമീപിച്ചിരുന്ന പെർസ്യായിൽ നിന്നും തോമാശ്ലീഹായുടെ വിത്തുമേ ശരീരവർദ്ധനത്തിനായിട്ട പട്ടക്കാരും ജനങ്ങളും ഒന്നാം യുഗംതൊട്ടതന്നെ മൈലാപ്പൂരിൽ വരികയും നാലാം യുഗത്തിന്റെ ആരംഭത്തിൽ ഏവുജേനിയോസു പുണ്യവാളന്റെ ശിഷ്യനായ മാർപുന്യവാളൻ മൈലാപ്പൂരിൽ ഉണ്ടായിരുന്ന സഭാപിതാവിനെ ശ്രേഷ്ഠനായി അഭിഷേകം ചെയ്തു. അന്യയുഗങ്ങളിൽ പെർസ്യാ മെത്രാപ്പോലീത്താ സെലേക്യാ മെത്രാപ്പോലീത്തായുടെ കീഴായി അന്ത്യോക്യാ പാത്രിയക്കീസിനാൽ ഇൻഡ്യാ അഭിഷേകപ്പെട്ടിരുന്നു. ഇത കൊണ്ടു ആദ്യകാലത്തു തന്നെ പെർസ്യാ, സെലേക്യായുടെ കീഴിലിനടന്നിരുന്നു. സൊസമെനൊ—ഫ—ാം പു൯—ാം അദ്ധ്യായം "(വ[illegible]ാംനിയായ ശ്ലീ: സിമയോൻ പെർസ്യായുടെ രാജനഗരങ്ങളുടെയും സെലേക്യായുടെയും കതനിപ്പോലീത്തായുടെയും മെത്രാപ്പോലീത്തായെന്നു വിളിക്കപ്പെട്ടിരുന്നു". (Appendix 175)

൪൦—ാം കാലത്തിൽ അന്ത്യോക്യ പാത്രിയക്കീസു, സെലേക്യ

മെത്രാപ്പോലീത്താ അവിടെത്തന്നെ വാഴിക്കപ്പെടുന്നതിനു, അന്നുവരിച്ചതു മുതൽ പെർസ്യ മെത്രാപ്പോലീത്താ പെർസ്യായുടെയും വലിയ ഇൻഡ്യയുടേയും മെത്രാപ്പോലീത്തായായി നിയമിക്കപ്പെട്ടു. ആയതുനിക്യാസൂനഹദോസിന്റെ കാനോനകൾ കൊണ്ടറിയാം. നിക്യാസൂനഹദോസിന്റെ ൬-ാം ഭാഗം ൨൨-അ. "പെർസ്യായുടേയും വലിയ ഇൻഡ്യയുടേയും മെത്രാൻ യോഹന്നാൻ" (Appendix 176)

ടി മെത്രാൻ എവുജെനിയോസു പുണ്യവാളന്റെ ശിഷ്യനും പുണ്യവാളനുമാണു; ഇദ്ദേഹം ഇൻഡ്യയുടെ മെത്രാപ്പോലീത്തയെന്ന നാമധേയം ധരീക്കയും അന്നു തോമാശ്ലീഹായുടെ തിരുദേഹത്തെ വന്ദിപ്പാനായി പെർസ്യയിൽ നിന്നു ഐദീകരും ലെഗീകരും മൈലാപ്പൂരിൽ വരികയും ആ ദേശവാസികളായി അധിക അറിവോട്ടം കെട്ടുപാടോട്ടം കൂടി ജീവിച്ചിരിക്കയും ചെയ്തിരുന്നു. ടി യോഹന്നാൻ മെത്രാപ്പോലീത്തായുടെ പ്രതീക്ഷ പ്രത്യേകം മൈലാപ്പൂരിൽ ആയിരുന്നു. മലങ്കര ദേശവാസികൾക്കു ൨൦-ാം കാലത്തോടെ പട്ടക്കാരുടെ ഗണം ഇല്ലാതെയും ക്രിസ്ത്യാനികൾക്കു ഞെരുക്കങ്ങൾ വർദ്ധിച്ചും വന്നിരുന്നു. ഇതുകൊണ്ടു മലങ്കര തോമാനസ്രാണികൾ വേദ പഠനത്തിന്റെ അറിവുള്ളൊരാളിനെ കിട്ടുവാനായി അലക്സാന്ത്ര്യാ പാത്രിയക്കീസിനോടു അപേക്ഷിക്കയും; ദെമെത്രിയൂസ് എന്ന അലക്സാന്ത്ര്യാ പാത്രിയക്കീസ് പന്തേനുസ് എന്ന ശാസ്ത്രിയെ തോമാനസ്രാണികൾക്കു അയച്ചുകൊടുക്കുകയും ചെയ്തു. അദ്ദേഹം ഇവിടെ വന്നു പിന്തിരിഞ്ഞു പോയതിന്റെ ശേഷവും മലങ്കര തോമാനസ്രാണികൾ വേദകാര്യങ്ങളിൽ അയോഗ്യതയെ പ്രാപിച്ചു വന്നിരുന്നു. അങ്ങനെയിരിക്കെ ക്നായി തോമാ എന്ന കച്ചവടക്കാരൻ ഇൻഡ്യയിൽ സഞ്ചരിക്കയിൽ കൊടുങ്ങല്ലൂരിൽ ഉണ്ടായിരുന്ന തോമാനസ്രാണികളുടെ വിവരം അറിഞ്ഞിരിക്കയും; അവസമയം പെർസ്യായുടെ കത്തോവിക്കോൻ തോമാനസ്രാണികൾക്കു നേരിട്ടിരിക്കുന്ന നിർഭാഗ്യത്തെ ദൈവവെളിപാടിനാൽ അറിയുകയും ചെയ്തു. ൫-ാം കാലത്തിൽ ക്നായി തോമ്മായോടുകൂടി മലങ്കരയുടെ മെത്രാനായി മാർ യെശയ്യൂ എന്ന ദേഹത്തേയും അനേകം വൈദികരെയും സ്ത്രീപുരുഷന്മാരായ അനേകം കുടുംബജനത്തേയും മലങ്കരക്കു അയച്ചു. സെലെയ്കൃ പാത്രീയക്കീസ് ൩൨— ാം കാലം വരെ നെസ്റോറിനിന്റെ ഇടത്തുട്ട അനുസരിക്കാതെ വിരോധിച്ചു നിന്നിരുന്നു. ൩൨— ാം കാലം തൊട്ടു മാത്രമേ ആ സിംഹാസനം നെസ്റോറിയൻ ഇടത്തുട്ടിൽവീണുപോയുള്ളു. എന്നാൽ പേർസ്യാ മെത്രാപ്പോലീത്താ ൯-ാം യുഗംവരെയും നെസ്റോറിയൻ ഇടത്തുട്ടിനോടു പോരാടി നിന്നിരുന്നു. ൯-ാം യുഗം തൊട്ടു ൻ-ാം യുഗംവരെയും കൊസ്രൊവു മുതലായ രാജാക്കന്മാരും മഹമ്മദു മതക്കാരിഷ്മാരും പെർസ്യായിലും മറ്റുമുള്ള ക്രിസ്ത്യാനികളെ ഞെരുക്കിയിരുന്നു. ൽന്ത-ാം കാലത്തിൽ സെലെയ്കൃസിംഹാസനത്തിൽ വാണിരുന്ന എസിയാബൂ

സ് അഥിയമ്പോന്തുസ് എന്ന പാത്രിയക്കീസ് പെർസ്യായുടെ മെത്രാപ്പോലീത്തയായ റമ്പർഷക്കീരൊ എന്ന പിക്കിന്റെ ശെമവോൻ മെത്രാനോട് ഞാവലാധി പറഞ്ഞിരുന്നതെന്തെന്നാൽ പെർസ്യാ മെത്രാപ്പോലീത്താ തന്റെ അധികാരത്തിൽ നിന്നും തന്റെ വിശ്വാസത്തിൽ നിന്നും നീങ്ങിപ്പോയതുകൊണ്ട് ഇൻഡ്യയിലും പേർസ്യയിൽ ക്രിസ്ത്യാനികളും മെത്രാൻമാരും പട്ടക്കാരും ചുരുങ്ങിപ്പോയി എന്നായിരുന്നു. എന്നാൽ പേർസ്യാ മെത്രാപ്പോലീത്തായും മെത്രാൻമാരും പ്രതിവാദിച്ചിരുന്നതെന്നാൽ, തങ്ങളും ഇൻഡ്യാദേശത്തിലുള്ളവരും സൊലെക്യ പാത്രിയക്കീസിന്റെ കീഴിലുള്ളവരല്ലെന്നും പെർസ്യാ സിംഹാസനവും സൊലെക്യസിഫോസനവുമായി യാതൊരു സംബന്ധവുമില്ലെന്നുമാണ്. സൊലെക്യ പാത്രിയക്കീസായ എഷ്യാബൂസ് അഥിയബെനുവും മഹമ്മദുമതക്കാരായ കലീഫൻമാരുടെ സഹായത്തോടുകൂടി പെർസ്യാമെത്രാൻമാരെ ഞെരുക്കിയിരുന്നു. ടി. പാത്രിയക്കീസിന്റെ വാദംകൊണ്ട് പെർസ്യായും ഇൻഡ്യയും അന്നു നാബേൽ പാത്രിയക്കീസിനു കീഴ്പ്പെട്ടിരുന്നില്ലെന്നും അദ്ദേഹത്തിന്റെ വിശ്വാസം അന്നു സ്വീകരിക്കുന്നില്ലെന്നും മതിയാകുംവണ്ണം തെളിയുന്നു. വ—ാം യുഗത്തിൽ അതായത് ക്രി.പി. ൫-ാം കാലത്തിൽ സൊലെക്യയുടെ പാത്രിയക്കീസായ തീമത്തെയോസ് എന്ന ദേഹത്തിനു പെർസ്യയുടെ കതോലിക്കോൻ കീഴ്പ്പെട്ട് അപ്പോൾ മാത്രമെ പെർസ്യാ സിംഹാസനം നെസ്തോറിയൻ ഇടത്തുടിൽ ഉറപ്പെട്ടുപോയുള്ളൂ. ഈ രണ്ടു കതോലിക്കൻമാരുടെയും അതിനു മുമ്പും പെർസ്യയിലും മറ്റും പല കതോലിക്കമെത്രാൻമാരുണ്ടായിരുന്നു. ഇതിന്റെ ഉള്ളാന്തരങ്ങൾക്കു മുൻ പ്രകരണങ്ങളും നോക്കുക. അക്കാലത്തും അതിന്റെ ശേഷവും പെർസ്യയിൽനിന്നും മലയാളത്തിൽ വന്നിരുന്ന മെത്രാൻമാർ കതോലിക്കരായിരുന്നു. ൯—ാം യുഗത്തിൽ ഉദിയമ്പേരൂരും കൊല്ലത്തും കൊടുങ്ങല്ലൂരും അയി വസിച്ചിരുന്ന ശാബോർ, പ്രോത് എന്ന രണ്ടു മെത്രാൻമാർ മഹാ പുണ്യവാന്മാരായിരുന്നുവെന്നും അവർ വള്ളരെ അജ്ഞാനികളെ കതോലിക്ക സഭയിൽ തിരിച്ചുചേർത്തുവെന്നും പല ചരിത്രക്കാരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. പെരുമ്പടപ്പിന്റെയും ഉദിയമ്പേരൂരിന്റെയും മറ്റും ക്രിസ്ത്യാനി രാജാവായിരുന്ന വള്ളിയാവട്ടത്തല്ലെങ്കിൽ വില്ലാളിവട്ടത്തു യാക്കോ സ്വന്തചരിത്രത്തിനു പ്രത്യക്ഷസന്താനം അന്യം നിന്ന ശേഷിച്ചിട്ടുള്ള സ്ത്രീസന്താനത്തെ കൊച്ചീ രാജമന്ത്രിയായ പാവിയത്തച്ചന്റെ ഉപദേശപ്രകാരം കൊച്ചീ ഇളയരാജാവു ക്രിസ്ത്യാനിമാർഗ്ഗത്തിലുറപ്പിച്ചു വിവാഹം കഴിക്കയും പെരുമ്പടപ്പു ഉദിയമ്പേരൂർ രാജ്യങ്ങളും കൊച്ചീരാജാവിനു അവകാശപ്പെടുകയും ചെയ്തതും ഇക്കാലത്താണു. മേൽപ്രകാരം ക്രിസ്ത്യാനിരാജ്യങ്ങളും രാജാവും കൊച്ചീ രാജാവിനു അവകാശപ്പെട്ടതുകൊണ്ടു തോമാനസ്രാണികളും കൊച്ചീ രാജാവിന്റെ പ്രത്യേക സേവകരായി ഭവിക്കയും, തോമാനസ്രാണികളായ നൂറ് ഇല്ലക്കാരുടേയും കാര്യാന്വേഷണം കൊച്ചി

ഇളയരാജാവു നടത്തി വരികയും ചെയ്തിരുന്ന. പോർട്ടുഗീസുകാർ വന്ന വരെയും പ്രത്യേകം മെനസീസു മെത്രാപ്പോലീത്തായുടെ ഉദ്യോഗത്തിന്റെ സൗഹാർദ്ദംസുവരെയും കൊച്ചീരാജാവിന്റെ ആശ്രയത്തിലായിരുന്ന തോമ്മാനസ്രാണികൾ- യാക്കോസ്തുപത്തിന്റെ രാജ്യം കൊച്ചീരാജ്യത്തിനു തുണ്ടിച്ചൊച്ചീ രാജാവു അനുവദിച്ചുവരുന്നതുകൊണ്ടു തോമ്മാനസ്രാണികളുടെ പള്ളികൾക്കും വൈദികർക്കും പ്രത്യേകം ദ്രവ്യസഹായവും മറ്റും ചെയ്യുന്നതിനു അദ്ദേഹം നിർബന്ധനനാണെന്നുള്ളതിനു യാതൊരു സന്ദേഹവുമില്ലല്ലൊ.

മേൽപ്രകാരം പോർട്ടുഗെത്രാപ്പോലീത്താ സെബെസ്ത്യാനിയക്കിസിനു കീഴ്പ്പെട്ട പ്രാന്തം ഇൻഡ്യാ മെത്രാന്മാർ മെത്രാപ്പോലീത്തായുടെ നടപടി ധർമ്മകൃത്യംപോർട്ടുഗീസു സിംഹാസനത്തിന്റെ അജ്ഞയെവിധിക്കുകയും ചെയ്തു. ഇതിനുമതിമാകുന്ന ഒരു ലക്ഷ്യം രണ്ടാം കല്ലീസ്സു മാപ്പിളപ്പായുടെ ചരിത്രത്തിൽ വിവരിക്കുന്ന സംഗതിയാണു. ലെകിൻ സൂക്ഷ്യപ്പെടുത്തുന്നതുപോലെ ഇൻഡ്യയിൽ നിന്നും ഫ്രഡറിക്കിനെ യോഹന്നാൻ എന്ന മെത്രാപ്പോലീത്താ പാലിയും എന്ന അധികാരവസ്ത്രവുമായി ആഘോഷം കോൺസ്റ്റന്തിനോപ്പിളിക്കു പോകയും കോൺസ്റ്റന്തിനോപ്പിളിൽ നിന്നും അന്നവിടെ വന്നിരുന്ന റോമാ മാപ്പിളപ്പായുടെ പ്രതിനിധികളും ഒന്നിച്ചു റോമാപ്പാക്കു പോകയും ഇൻഡ്യയെ സംബന്ധിച്ചും തൂമ്മാസ്ലീഹായുടെ തിരുശേഷിപ്പുകളെ സംബന്ധിച്ചും ഉള്ള അത്ഭുതവൃത്താന്തങ്ങളും മാപ്പിളപ്പായെ ബോധിപ്പിക്കയും ചെയ്തുവെന്നൊഴിയിലിക്കുന്നു. ലെകിൻ മാത്രമല്ലാ താൽക്കാലിക സംവേത്തിന്റെ കാംക്ഷിക്കാരും കോവിക്കാരുമായ പല ലത്തീൻ ചരിത്രകാർ ഒരു സംഭവത്തെ വിവരിക്കുന്നുണ്ടു. അതിനാൽ ഒരു സംഭവം വളരെ മുഖ്യമായ ഒരു തെളിവാണു- ഇൻഡ്യാമെത്രാൻ സെബെസ്ത്യാനിയക്കിസിംഹാസനത്തിനെ പോർട്ടുഗീസു സിംഹാസനത്തിനോ കീഴ്പ്പെട്ട യോജിച്ചിരുന്നുവെന്നുവരികിൽ കോൺസ്റ്റന്തിനോപ്പിളിലെ ആസ്ഥാനത്തിൽനിന്നും പാലിയും വാങ്ങാനായി ഒരിക്കലും പോകേണ്ടുന്നതാവശ്യകാരം തന്നെ റോമാമാർപ്പാപ്പായുടെ പക്കലും പോകയില്ലായിരുന്നു- ഫ്രഡറിക്—ലെ ടി- യേഫേനൂസ് മെത്രാപ്പോലീത്തായുടെ ചരിത്രം ലത്തീൻ മതിലുക്കാരുടെ ഇടയിൽ പ്രധാനമായ ഒരു ലക്ഷ്യമാണു- മെനേസീസുമെത്രാപ്പോലീത്താ തന്നെ പറയുന്നതുപോലെ, തോമാസ്ലീഹായുടെ വിശുദ്ധ ശരീരാവശിഷ്ടത്തെ മലങ്കരനസ്രാണി സത്യവിശ്വാസത്തിൽ നിലനിന്നിരുന്ന മേൽപ്രകാരം ഫ്രഡറിക്—ൽ ഇൻഡ്യാ മെത്രാപ്പോലീത്താ പോർട്ടുഗീസ് സിംഹാസനത്തിന്റെ അധികാരത്തെ തൃജിച്ചു സ്വാധികാരത്തിൽ നിന്നിരുന്നതുപോലെ പിൻവാണ മെത്രാന്മാരും കത്തോലിക്കാ വിശ്വാസത്തിൽ മെത്രാപ്പോലീത്തായായി മലങ്കരനസ്രാണിസഭയെ ഭരിച്ചിരുന്നു. ഫ്രഡറിക്—ന്റെ സ്ഥാനിയേസൂസ് എന്ന

പാത്രിയക്കീസു ൪—ാം ഇന്നൊച്ചേൻസു പുന്ന മാപ്പ്പ്പായുടെകാ
ലത്തിൽ റോമാസിംഹാസനത്തോടു പ്രത്യേകമായ ഐകൃമുള്ള വഴ
ക്കം ചെയ്തു. അദ്ദേഹത്തോടുകൂടി ൧— മെത്രാപ്പോലീത്തമാരും പല
മെത്രാന്മാരും ഒന്നിച്ചു വഴക്കം ചെയ്തു. അതു മുതൽ ബാബേൽ പാത്രീ
യക്കീസു സിംഹാസനം റോമൻ കത്തോലിക്കാ നിവാസത്തിൽ നില
നിന്നിരുന്നവെന്നു റോമാപള്ളിയുടെ കർത്തിക്കാളായ മഹോപ്പുസ് മുത
ലായ ചരിത്രക്കാർ സാക്ഷ്യപ്പെടുത്തുന്നു. പക്ഷേ ഇടയ്ക്കു ചിലകാല
ത്തു വിശ്വാസസത്യം അയച്ചിട്ടില്ലെങ്കിലും ആ സിംഹാസനം കത്തോ
ലിക്കാ ഒന്നിപ്പിൽ നിന്നിരുന്നവെന്നുള്ളതിനു ബലമായ തെളിവുകൾ വ
ളരെയുണ്ടു. അന്നവിശ്വാസസത്യം അയയ്ക്കുന്നതിനു നിബന്ധനയും ഉ
ണ്ടായിരുന്നില്ല. ഫലവു—ൽ യബുലാഹാ പാത്രീയക്കീസു റോമാ സിം
ഹാസനത്തിനു വിശ്വാസസത്യം അയച്ചു. ജമീൽ ൫൯—ം ൬൪—ം
പക്ഷങ്ങളിൽ കാണിച്ചിരിക്കുന്നതുപോലെ മലയാളത്തിൽ പെങ്ങലെ
എന്ന രാജനഗരക്കാരനായ സ്കറിയാ എന്ന ആറാം പട്ടക്കാരൻ അ
ന്ത്രോസിന്റെ ഞായറാഴ്ചയുടേയും പെരുന്നാളുകളുടേയും വായിപ്പു സംബ
ന്ധിച്ചു എഴുതീട്ടുള്ള പുസ്തകം റോമാ വത്തിക്കാൻ പുസ്തകശാലയിൽ ഇ
രിക്കുന്നതിൽ ഒടുവിൽ എഴുതിയിരിക്കുന്നതാവിതു ഫലം൧— ൽ ആ പു
സ്തകം എഴുതി തീർന്നുവെന്നും, ആ പുസ്തകം എഴുതിയ കാലത്തിൽ ബാ
ബേൽ സിംഹാസനത്തിൽ യബലഹാ പാത്രീയക്കീസു വാഴുന്നുവെന്നും,
ഇൻഡ്യയിൽ തോമാശ്ലീഹായുടെ സിംഹാസനത്തിൽ മാർ യാക്കോവു
മെത്രാപ്പോലീത്താ ഭരിക്കുന്നു വെന്നുമാണു. അപ്പോഴും അന്നുകത്തോ
ലിക്കാ ഒന്നിപ്പിൽ മലങ്കരെക്രൂപതനിന്നിരുന്നു. ഫലം൨— ൽ ൧൨—ാം
യോഹന്നാൻ മാപ്പ്പ്പാ പ്രാൻസിൽ അവിഞ്ഞോൻ പട്ടണത്തിൽ നി
ന്നും ജെസബറാക്കിലെ ജോർജ്ജൻ കുറനാളിയെന്ന ദൈവം നിക്കോസു
സഭക്കാനെ, വടക്കൻ പൌർവ്വ്യയിൽ സുൽത്താന്യാ എന്ന ക്രൂപത
യിൽകീഴ് കൊല്ലം ക്രൂപതസ്ഥാപിച്ചു, കൊല്ലത്തേ മെത്രാനായി വിടുക
യും ചെയ്തു. അപ്പോഴും അന്ന പോർസ്യായിലും കൊല്ലത്തും കത്തോലി
ക്കാ വിശ്വാസികൾ ഉണ്ടായിരുന്നു എന്നു നിശ്ചയമാണു. അക്കാലത്തു
തോമാനസ്രാണികളുടെ തോമാ എന്ന പാത്രിയർക്കീസു ൧൨—ാം യോ
ഹന്നാൻ പാപ്പാ ബഹുമാനിക്കത്തക്ക എഴുത്തയച്ചിട്ടുണ്ടു. അതുകൊണ്ടു
തോമാനസ്രാണി ജനം മുഴുവനും കത്തോലിക്കാ ഒന്നിപ്പിൽ നില നി
ന്നിരുന്നുവെന്നു ബലമായി തെളിയുന്നു. ഫലം൧൪— ൽ—ാം ക്ലേമെൻ
സു മാപ്പ്പ്പാ പ്രാൻസിലെ അവിഞ്ഞോൻ പട്ടണത്തിൽ നിന്നു മരി
ഞ്ഞോളിയെന്ന ദേഹത്തെ തന്റെ ദെലഗാത്തായി മലങ്കരയ്ക്കു അയ
ച്ചു. അദ്ദേഹത്തെ തോമാനസ്രാണികൾ ബഹുമാനപൂർവ്വം കൈക്കൊ
ള്ളുകയും അദ്ദേഹത്തിന്റെ മാനുഷ്യിലവിനും മടക്കയാത്രയ്ക്കും വേ
ണ്ടതെല്ലാം ധാരാളമായി കൊടുക്കുകയും ചെയ്തു. അന്നു ബാബേൽ പാ
ത്രീയക്കീസു കത്തോലിക്കനായിരുന്നു. മലയാളത്തിൽ മാർ യാക്കോവു

തലായ മെത്രാന്മാർ പിൻതുടർച്ചക്കാരായി മലങ്കര ശ്രുതയെ ഭരിച്ചു പോന്നിരുന്നു. അന്ത്യത്തീൻ മെത്രാനും സുറിയാനി മെത്രാനും തമ്മിൽ എന്തൊ വാദം ഉണ്ടായിരുന്നതിനെപ്പറ്റിയാണു മരിഞ്ഞോളിയെ തന്നെ സ്ഥാനാപതിയായി വിട്ടതെന്നു വിചാരിക്കാം. ക്രിസ്തു—ൽ മൂന്നാം ജൂഡിയോസു മാർപ്പാപ്പായും പിന്നീട് ര—ാം പീയുസും ക്രമം—ാം ഗ്രിഗോറിയോസു മാറും മാർപ്പാപ്പാമാരും ബാബേൽ പാത്രിയർക്കിസിനെ ഇൻഡ്യയിലേക്കും ചീനത്തിലേക്കുമുള്ള അധികാരത്തെ സ്വീകരിച്ചു പോരുവാനും കൊടുക്കയുണ്ടായിട്ടുണ്ട്. മേൽ പ്രകാരം ബാബേൽ പാത്രിയർക്കിസു, ജൂലിയസു മാർപ്പാപ്പായുടെ തിരുവെഴുത്തിൽ പറയുന്നതു പോലെ, ഇൻഡ്യയിലുള്ള തോമാനസ്രാണികളുടെ പ്രധാന വാസനഗരങ്ങളൊക്കെയും എടുപ്പിക്കാനുള്ള ക്രടിയും തന്റെ അധികാരസ്ഥലങ്ങളെ വിവരമായി കാണുകയുണ്ടായി. അങ്ങനെയിരിക്കെ ഇൻഡ്യയുടെ പ്രീമാസായ ഗോവാ മെത്രാപ്പോലീത്തായുടെ അധികാരം കീഴ്ക്കൻ ക്രമക്കാരായ തോമാനസ്രാണികളുടെ മേൽ എങ്ങനെ ഉണ്ടാകും? ഗോവാ മെത്രാപ്പോലീത്തമാരായ ക്രിസ്തു—ലേഗസ്സർ എന്നാദ്യേഹവും ക്രിസ്തു—ലോപോൾദിനാ എന്ന ദ്യേഹവും തങ്ങളുടെ സുന്നഹദോസു നിയമം വഴിയായിട്ട അംകമാലി ശ്രുതയിന്മേൽ പ്രവേശിപ്പാൻ ശ്രമം ചെയ്കയും പോർട്ടുഗാൽ പ്രതിനിധി ത്രീദേന്ത് സിനുസംഘത്തിൽ വാഴിക്കയും ചെയ്തിരുന്നാലും ടി മാർപ്പാപ്പാമാർ അംകമാലി ശ്രുതയിന്മേൽ ബാബേൽ പാത്രിയർക്കിസിനുള്ള അധികാരത്തെ ബലപ്പെടുത്തുകയാണു ചെയ്തിരിക്കുന്നത്. അപ്പോഴും കീഴ്ക്കൻ ക്രമക്കാരായ തോമാനസ്രാണികളുടെ മേൽ ബാബേൽ പ്രീമാസു പാത്രിയർക്കിസിനു പൂർവ്വികമായിട്ടുള്ള അധികാരം ദുർബലപ്പെടുത്തിയിരിക്കുന്നതായി യാതൊരു തിരുമാനവും ശ്രുഃ സിംഹാസനം ചെയ്യാതിരിക്കെ ഇൻഡ്യയിലുള്ള ശ്രുതീൻ ക്രമക്കാരുടെ മേൽ മെത്രാപ്പോലീത്തായ്ക്കുള്ള പ്രീമാസ് അധികാരം സുറിയാനിക്കാരുടെ മേൽ നടത്തുന്നതെങ്ങനെ? കൊച്ചീമെത്രാൻ അടിച്ചിറക്കിയിട്ടുള്ള "സുബ്ബീദിയും അദ്ബുള്ളായിയും" എന്നപുസ്തകം ര—ാം പക്ഷത്തിൽ ജൂലിയോസു മാർപ്പാപ്പാ ക്രിസ്തു—ൽ എഴുതിച്ചിട്ടുള്ള ഒരു തിരുവെഴുത്തു വച്ചിട്ടുണ്ട്. ആ തിരുവെഴുത്തിൽ പ്രസ്താവിക്കുന്നതു. "പണ്ടെ തന്നെ നിശ്ചയമായി അപ്പോഴം ഒഴിഞ്ഞിരിക്കുന്നതും മേലാൽ ഒഴിഞ്ഞു വരുന്നതുമായ എല്ലാ പള്ളികളുടേയും ഏറ്റവും നിയമനവും നമുക്കായി കാക്കപ്പെട്ടിരിക്കുന്നു. ഇവയെ സംബന്ധിച്ചു മറിച്ചാരെങ്കിലും ഏതു അധികാരമുണ്ടായിരുന്നാലും അറിഞ്ഞും അറിയാതെയും ഇതിനു വിരോധമായി ശ്രമിച്ചാൽ അവ ദുർബലപ്പെടുത്തുകയും വ്യർത്ഥമായതും ആകുന്നുവെന്നു നാം നിശ്ചയിക്കുന്നു" (Appendix 177)

അതായതു ബാബേലിലെ നിമോൻബറമന്മ എന്നാ പാത്രിയർക്കീസ് കത്തോലിക്കരുമായി കാലം ചെയ്തതിനാൽ അദ്ദേഹത്തിന്റെ

പിൻഗാമിയായിട്ട് പീലിയക്കിയസിനെ ഉറപ്പിക്കുന്നതിനും ആ സ
ഭാസംഘം സംബന്ധിച്ചുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനുമുള്ള അധികാ
രം മാർപ്പാപ്പായ്ക്കു മാത്രം സംബന്ധിക്കുന്നതാകുന്നു എന്നാണ് പറയു
ന്നതു. ആ പ്രകാരംതന്നെ ഒഴിഞ്ഞുവരുന്ന രൂപതകളിൽ മെത്രാന്മാരെ നി
ശ്ചയിക്കുന്നതും ആ രൂപതസംബന്ധമായ നിയമങ്ങൾ ഏർപ്പെടുത്തുന്ന
തും മാർപ്പാപ്പായുടെ പ്രത്യേകിച്ചുള്ളതായി കൂട്ടിപ്പെട്ടിരിക്കുന്നു. കൂടാ
തെ പ്രത്യേകമായ ഒരു കാര്യം പോലിപ്പാനുണ്ടു. ബറമ്മ എന്ന പാ
ത്രിയർക്കീസു നെസ്തോറിയൻ പാഷണ്ഡമതക്കാരനായിരുന്നു എന്നു വ
രികിൽ ആ നിർഭാഗ്യാനന്തരത്തിൽ എങ്ങനെ മാർപ്പാപ്പാ ഒരുട്ടന്റെ അ
ധികാരം നടത്തും! എന്നുമാത്രമല്ല കത്തോലിക്കരുടെ ഇടയിൽ
ഉൾപ്പെടുന്ന നിർഭാഗ്യന്മാരെ സംബന്ധിച്ചു മാർപ്പാപ്പാമാർ നിശ്ചയി
ക്കുന്ന നടപടിക്രമമാണു ൧൫൯൯ ജൂഡിയോസു മാർപാപ്പാ ചിതി
രവെഴുത്തിൽ പറയുന്നതു: അതുകൊണ്ടു മെനേസിസ് മെത്രാപ്പൊ
ലീത്താ മലങ്കരെ വന്നസമയം ജീവനീസു അർക്കദിയാക്കോൻ മെ
ത്രാപ്പോലീത്തായോടു പറഞ്ഞതു പോലെ ഇൻഡ്യയുടെ
പ്രീമാസ് സ്ഥാനം വഞ്ചിൻ പള്ളികളുടെ മേലായിരുന്നു. മെനേസി
സ് മെത്രാപ്പോലീത്ത തന്റെ ശോഭാപ്രതാപവിട്ടു അധിക മാനങ്ങ
ളം അതായതു പത്തു മാസത്തോളം അകന്നിരുന്നതു റോമാ പള്ളിയുടെ
കാനോനകൾക്കു വിരോധമായിട്ടുള്ള ഒരു സംഗതിയാണു. എന്നു കൊ
ണ്ടാൽ കാനോന നിർമ്മാണകാരം ഇടയന്മാരായ മെത്രാന്മാർ പ്രതി
വിട്ടുപിരിഞ്ഞാളുകയും ചെയ്യുന്നതിനുള്ള കാരണത്തോടുകൂടി ബോധിപ്പിച്ചു മാ
ർപ്പാപ്പായുടെ അനുവാദം വാങ്ങി ചെയ്യേണ്ടതാണു. അപ്രകാരം ത
ന്നെ മലങ്കരെ വന്ന സുറിയാനി റൈദീകർക്കു പട്ടം, മറിലത്തെ ഒ
പ്പുവാനുള്ള മതായ മെത്രാന്റെ അധികാരം പ്രവർത്തിച്ചിട്ടുള്ളതും സൂന
ഹദോസ് കൂട്ടിട്ടുള്ളതും സുറിയാനി ക്രമം നീക്കി ലത്തീൻ ക്രമം സ്ഥാ
പിച്ചതും തോമാനസ്രാണികളുടെ സത്യ നിശ്ചയത്തിനു വിരോധമാ
യി ലത്തീൻമെത്രാനെ കൈക്കൊള്ളാമെന്നു സത്യം ചെയ്യിച്ചതും ഏതു
മാർപ്പാപ്പായുടെ അധികാരത്തോടും കലാപത്തോടും കൂടിയാകുന്നുവെന്നു
കൊണ്ടിമെത്രാൻ കാണിച്ചുതരണം. ഇപ്പോൾ മെനേസിസ് മെത്രാപ്പോലീത്താ
മാർപ്പാപ്പായുടെ തിരുമുഴുത്തു റദ്ദാക്കി ചെയ്തിട്ടുള്ള സ്വച്ഛമായ ഒ
രു വ്യാജത്തെ ഉറപ്പിച്ചതാകുന്നു. റോളൻ ഉദിയമ്പേരൂർ സൂനഹദോസി
ന്റെ മദ്ധ്യത്തിൽ മെനേസീസ് മെത്രാപ്പോലീത്താ തോമാനസ്രാണിക
ളെ ഉദിയമ്പേരൂർ സൂനഹദോസിനു വിധിക്കുന്നതായ വിളംബരംവെച്ചി
ട്ടുണ്ടു. അതിനു ഇപ്രകാരം പറയുന്നു. റോളൻ ന്യായപ്രകാരം റോമാ മേ
ലുള്ളക്കാരനായ പരിശുദ്ധ പിതാവു വും ക്ലേമൻസു മാർപ്പാപ്പാ ബ്രേ
വെറിയത്തിൽ ഉത്തരാ ജനുവരി ൨൦നു നിലും ഉത്തരാ ജനുവരി ൨൫
ലും എഴുതിയതായ ൨ എഴുത്തുകളും എനിക്കു അയച്ചു... അവയിൽ... ന
മ്മോടു കല്പിക്കുന്നതെന്തെന്നാൽ ..... അബ്രഹാം മെത്രാപ്പോലീത്താ

യുടെ മരണം വഴിയായി ഒഴിഞ്ഞിരിക്കുന്നതും പള്ളിയുടെ ഭരണം നാം നടത്തണമെന്നും ..... അപ്രകാരം തന്നെ ഇതുവരെ നടന്നു വന്നതു പോലെ ഭരം പള്ളിയുടെ ബാബേൽ സിംഹാസനത്തിൽ നിന്നും നിശ്ചയിക്കുന്നതായ മെത്രാനെയൊ മേൽ പട്ടക്കാരനെയൊ യാതൊരു വിധവും നാം കൈയ്ക്കൊള്ളരുതു — എന്നുമാണു. എന്തെന്നാൽ അവരൊടെയും നെസ്റ്റോറിയൻ പാഷാണ്ഡകരും ശുദ്ധ റോമാ പള്ളിയുടെ തുഞ്ചത്തെയും നസരിക്കാത്തവനും ആ പാഷാണ്ഡതയുടെ പരോഹിതനുമായ ബാബേൽ പാത്രിയക്കിസിനു കീഴപ്പെട്ടവരുമാണു. വിശേഷിച്ചും.

(Appendix 178)

വ—ാം ക്ലേമെൻസുമാപ്പ്പ്പായുടെ രണ്ടു തിരുവെഴുത്തുകളിൽ മുഖ്യമായതു മേലെഴുതിയ സംഗതിയാണെന്നു മെനേസിസ് മെത്രാപ്പോലിത്തായുടെ വിളംബരത്തിൽ പറയുന്നു. വായനക്കാരെ! മെനേസിസ് മെത്രാപ്പോലിത്തായും വ-ാം ക്ലേമെൻസു-മാപ്പ്പ്പാ അയച്ച രണ്ടു തിരുവെഴുത്തുകളും മുൻ കാണിച്ചിട്ടുണ്ടല്ലൊ. അതിൽ ഒരു സ്ഥലത്തെങ്കിലും ബാബേലിലേ പാത്രിയക്കീസും അദ്ദേഹം വിടുന്ന മെത്രാന്മാരും നെസ്റ്റോറിയൻ പാഷാണ്ഡകരാകുന്നു വെന്നും അതു മെത്രാന്മാരെ കൈക്കൊള്ളരുതെന്നും പറഞ്ഞിട്ടില്ല. ആ തിരുവെഴുത്തുകളം രണ്ടിലേയും പ്രധാനസംഗതി മേൽ എഴുതിയവയാകുന്നു എന്നു മെനേസിസു മെത്രാപ്പോലിത്താ പറയുന്നു. ബാബേൽ പാത്രീപക്കിസു സിംഹാസനങ്ങളിൽ രണ്ടു കത്തോലിക്ക പാത്രിയക്കീസന്മാർ തല്സമയം കത്തോലിക്ക വിശ്വാസത്തിൽ ഭരിക്കയും, റോമാ സിംഹാസനവുമായിട്ടു വളരെ ഐകൃത പ്രാപിച്ചിരിക്കയും, റോമാ മാപ്പ്പ്പാമാർ ബാബേൽ പാത്രീയക്കീസന്മാർക്കു ഇൻഡ്യയിന്മേലും മലയാളത്തിന്മേലുമുള്ള അർഹതകളം ഉറപ്പിച്ചു കൊടുത്തിരിക്കയും ചെയ്യുന്ന- അതു സമയത്തു ഇങ്ങനെ ഒരു തിരുവെഴുത്തു വ—ാം ക്ലേമെൻസു മാപ്പ്പ്പാ അയക്കുമെന്ന സ്വപ്നത്തിൽ പോലും ഉന്നഹിപ്പാൻ പാടില്ലാത്തതാണു. കൊച്ചീ മെത്രാൻ മതവായ ലത്തീൻ റൊമീകർ വ-ാം ക്ലേമെൻസു അയച്ച ബുള്ളകളം റ്റസ്ദിയപ്പെട്ടതിയിരിക്കുന്നതിൽ മെനേസിസു മെത്രാപ്പോലിത്താ, ഉണ്ടെന്നു. ഉടിയപേരൂർ സുനഹദോസിന്റെ ക്ഷണന വിളംബരത്തിൽ, പ്രസിദ്ധപ്പെട്ടുത്തിട്ടുള്ള മേൽ സംഗതി കാണിച്ച തരികയും അതിന്റെ സമാധാനം പറകയുംവേണം. മാപ്പ്പ്പാമാരുടെ തിരുവെഴുത്തുകളെ വ്യാജമായും വഷളായും പ്രസിദ്ധപ്പെടുത്തുന്നവർക്കു മപ്പോപ്പാമാർ വെച്ചിട്ടുള്ള ശിക്ഷകളിൽ മെനേസിസു മെത്രാപ്പോലിത്താ ഉൾപ്പെട്ടിട്ടില്ല; എന്നു കൊച്ചി മെത്രാൻ പറഞ്ഞു തരേണ്ടിയിരിക്കുന്നു. മേനെസിസു മെത്രാപ്പോലിത്താ തന്റെ അഭ്രഹം പോലെ വ-ാം ക്ലേമെൻസു മാർപ്പ്പാപ്പാ കല്പിക്കായ്കകൊണ്ടു തന്റെ അഭ്രഹം പോലെയുള്ള നിയമം വ-ാം ക്ലേമെൻസു മാപ്പ്പ്പാ കല്പിച്ചതായി പ്രസിദ്ധപ്പെടുത്തി-ടി തിരുവെഴുത്തിൽ " ഗോവയിലുള്ള ദേശ സുനഹദോസിൻ നിയമ്യകാരം ശ്ലീഹായുടെ സിംഹാസനം തി

ർ ഞെരുടക്കുന്ന അളിനെയല്ലാതെ മറ്റാരെയും മെത്രാപ്പോലീത്തയായി തിരിഞ്ഞെടുക്കുകയൊ ഏതു വിധമെങ്കിലും നിശ്ചയിക്കുയൊ കൈക്കൊള്ളുകയൊ ചെയ്യാൻ സമ്മതിക്കരുതു." ഒന്നാമത്തെ തിരുവെഴുത്തിൽ മേൽ പ്രകാരമുള്ള വാചകം മാത്രമെയൊള്ളു- എന്നാൽ രാമത്തെ തിരുവെഴുത്തിൽ "കാനോൻ നിയപ്രകാരം അപ്പച്ചനായ്ക്ക മറ്റൊരുപാലകനെ, നിയമിക്കുന്നതിന്നിടയുള്ള" എന്നു പറഞ്ഞതു കൊണ്ടു മുൻതിരുവെഴുത്തിന്റെ നിയമം ഉർബ്ബലപ്പെട്ടിരിക്കുന്നു- പിന്നെയുഞാൻ മുൻകാണിച്ചിട്ടുള്ളതു പോലെ, ഗോവാ പ്രദേശ സുനഹദോസിൽ നിശ്ചയിച്ചുവെന്നു പറയുന്ന ആ നിയമം ഉണ്ടായിട്ടില്ല. അങ്കമാലി ശ്രുത കൈക്കാണ്ടതായും ഒരു നിയമം ഉണ്ടായിട്ടില്ല. ഇവയും ഉണ്ടായിട്ടുള്ളതായി കൊച്ചീ മെത്രാൻ കാണിച്ചുതരണം- ലത്തീൻ വൈദികർ മേൽപ്രകാരം വ്യാജമായി മാപ്പാക്കിയതായ ബോധിപ്പിക്കയും വ്യാജമായിപ്പനിയിപ്പെട്ടുകയും ചെയ്തുവല്ലൊ. തൽക്കാലത്തെ മൂടമാന്ധ്യം കൊണ്ടുതന്നെ ബോധ്യപ്പെടാവുന്നതാണു വരാപ്പുഴ മെത്രാപ്പോലീത്താ പൊയ്പ്പോയ തോമ്മാനസ്രാണികളുടെ രണം വീണ്ടും കരസ്ഥമാക്കുന്നതിനു പിന്നെയും ശ്രമം ചെയ്തു വരുന്നു.

അതിൽതൽക്കാലത്തെശ്രമം എറണാകുളത്തെ മിസ്യൻ ഇല്ലാതെയാക്കുന്നതിനാണു- സുറിയാനിക്കാരുടെ മദ്ധ്യവികാരിശാത്തിരിന്റെ മെത്രാസനം എറണാകുളത്താണെല്ലൊ. വരാപ്പുഴ മിഷ്യൻ ഉണ്ടായതു മുതൽ ൨൦൦-ൽ ചിലപ്രാനം കാലമായിട്ടുള്ളതും മെത്രാപ്പോലീത്തായുടെ മെത്രാസനമവനം വരാപ്പുഴയാണു. ലത്തീൻപള്ളികളുടെ മദ്ധ്യസ്ഥലങ്ങളിൽ ഒന്നാണെല്ലൊ വരാപ്പുഴ- എന്നാൽ ഇപ്പൊഴത്തെ വരാപ്പുഴ ജെസ്സുക്കാർ ഒമെത്രാപ്പൊലീത്താ, തന്റെ വാസസ്ഥലമായ എറണാകുളം വികാരി അപ്പസ്തോലിക്കയുടെ അരമനയുടെ മറ്റത്തെന്നപോലെ എതിരായി ഏകദേശം അമ്പതു ദണ്ഡ് അകലത്തിൽ സ്ഥാപിക്കുന്നതിനു ശ്രമിച്ചിരിക്കുന്നു. ഒരം എപ്പോഴും വരാപ്പുഴ കീഴുള്ള ലത്തീൻ ജനങ്ങൾക്കു നാടുമുള്ളതും എറണാകുളം വികാരി അപ്പസ്തോലിക്കയുടെ ദസ്സാവുമായിരിക്കുന്നു. എങ്കിലും വരാപ്പുഴ മെത്രാപ്പോലീത്താ ആ കാര്യം നടത്തുന്നതിനു റോമാപുരിക്ക ബോധിപ്പിക്കയും അപേക്ഷയ സാധിക്കയുംചെയ്ത ആ നിയമം താഴെ ചേർക്കുംവണ്ണമാകുന്നു-

മേൽപട്ടക്കാരന്റെ തീരുമാനങ്ങൾ.

റോമാവർത്തമാനപത്രം-

൨-ാംവർഷം ൧൯൦൫ ജനുവരി ൯-ാം പുസ്തകം നമ്പ ൨-ാം പക്കം

വിശ്വാസപരമ്പ തൽതിരുസംഘം.

ദെക്രേത്ത് നിയമം.

"മെത്രാപ്പൊലീത്തായുടെ വാസഭവനം വരാപ്പുഴ നിന്നും എറണാകുളം നഗരത്തിലേക്ക മാറ്റപ്പെട്ടു.

"വരാപ്പുഴയുടെ അതിമാന്യ അറുത്തയിൻസോനിസ് ബെല്ലൂന്നാ ർ മെത്രാപ്പോലീത്താ ഇപ്പോൾ ഒരു തിരുസംഘത്തോടു അപേക്ഷിച്ച തനുസരിച്ചു: ഭാഗ്യസ്മാരകനായ ഫാ-ാം ലേയോൻപാപ്പാ മുന്നു സുറിയാനിവിഭാഗക്കാരിൽ അപ്പസ്തോലിക്കാമാരുടെ ഏർപ്പാട് ചെയ്യുശേഷം ലത്തീൻ ക്രമത്തിലുള്ള വിശ്വാസികളുടെ സംഖ്യ വളരെ കുറഞ്ഞുപോയതു മുഖാന്തരത്താലും അതിരൂപതയിൽ ശേഷിച്ചിട്ടുള്ള വിശ്വാസികളോടുകൂടെ കാര്യനടത്തിപ്പിലുള്ള പ്രയാസത്താലും മേലിൽ വരാപ്പുഴ നഗരം പള്ളിമുറ്റവും സക്കാർ മുറ്റവും മദ്ധ്യമാകാൻ പാടില്ലായ്കകൊണ്ടു അതിരൂപതവാസം വരാപ്പുഴ നഗരിയിൽ നിന്നു എറണാകുളം നഗരിയിൽ മാറണമെന്നാണ്.

എന്നാൽ കഴിഞ്ഞ നവംബർമാസം ഫ്രാ-ാംനു- ഉണ്ടായ പൊതുസംഘത്തിൻ അലോചനയിൽ അധിപന്മാരായ അത്യുന്നതകർദ്ദിനാളന്മാരുടെ ബോധജ്ഞാനമുള്ള വിധിക്കു താഴെ കാണുന്ന സന്ദേഹംഹാജരാക്കി അതിരൂപതവാസം വരാപ്പുഴ നിന്നു എർണാകുളത്തേക്കു മാറുന്നതുചിതമാണോ? ഒരു അത്യുന്നത ബഃ പിതാക്കന്മാരായ കർദ്ദിനാളന്മാർതന്നെ ബോധിപ്പിക്കപ്പെട്ടവ പരിശോധിച്ചിട്ടു ഉത്തരം വരിക്കുന്നതിനു തീരുമാനിച്ചതു- സ്വീകാര്യമെന്നാണ്.

എന്നാൽ അത്യുന്നതപിതാക്കളുടെ അഭിപ്രായം കഴിഞ്ഞ ഡിസംബർമാസം ഉണ്ടായ കൗൺസിലിൽ, ഒരു തിരുസംഘത്തിന്റെ അതിമാന്യ സെക്രട്ടറിയാൽ, ദേവവിചാരണയാൽ പാപ്പായായ ഫ്രാ-ാം പീയുസു എന്ന നമ്മുടെ പരിശുദ്ധ പിതാവിനെ ബോധിപ്പിക്കയിൽ തന്റെ പരിശുദ്ധത അംഗീകരിച്ചുപ്രഖ്യാപിക്കുന്നതിനു തിരുമനസ്സായി, ഇതിനു ഒരു ഒക്കേത്തുണ്ടാക്കുന്നതിനു കല്പിച്ചു.

റോമാപുരിയിൽ വിശ്വാസപരമായ തൽതിരുസംഘ അനുമതിയിൽ നിന്നും ഫൻറ്റ് ഡിസംബർ ൪-ാംനു- നൽകി."

മദ്ധ്യസ്ഥാനം

സ. ഹ. മ- ഔത്തികർദ്ദിനാൾ അധിപൻ.

വേച്ചിയലൂയിസ് സിക്കിട്ടറി.

(Appendix 179)

മേൽനിയമം എറണാകുളത്തു പ്രോമ്പ്തുവാരിയും കനോനിക്കൊലീച്ചുർജീക്കും എന്ന പേരായി, എ. പെ. പെ- ബ. വരാപ്പുഴ മെത്രാപ്പോലീത്തായുടെ അംഗീകരണത്തോടെ ഇസ്സായ്യ കു.ട്ടി. മിസ്യോനാരി ഫാദർ വിൻസെൻസു പ്രസിദ്ധപ്പെടുത്തുന്ന മാസികയിൽ ൧-ാം വഷ്ം ൩ാം പു. ഫൻറ്റ് ഫെബ്രുവരി നമ്പർ ഫ്രാ-ാം പക്ഷത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു. അതിൽ ലത്തീൻ ക്രമത്തിലുള്ള വിശ്വാസികളുടെ സംഖ്യ വളരെ കുറഞ്ഞുപോയതുമുഖാന്തരത്താലും അതിരൂപ

തയിൽ ശേഷിച്ചിട്ടുള്ള വിശ്വാസികളോടുകൂടെ കായ്യം നടത്തുവിനായുള്ള പ്രയാസത്താലും" എന്നുള്ള രണ്ടു സംശയികൾ നീക്കിയാണു അച്ചടിപ്പിച്ചിട്ടുള്ളതു. മാപ്പിപ്പാമാരുടെ തിരുവെഴുത്തുകൾ ദേഹപ്പെടുത്തി അച്ചടിപ്പിപ്പാൻ ഒരുത്തക്കും പാടില്ല. സ്വഭാവത്താൽ തന്നെയും വിശ്വാസവഞ്ചനയാണു മാപ്പിപ്പാമാരുടെ തിരുവെഴുത്തുകൾ വഷളാക്കി അച്ചടിപ്പിക്കുന്നവർക്കു തന്നെയുടെ കാനോൻനിയമങ്ങളാൽ വലുതായ ശിക്ഷകൾ കല്പിച്ചിട്ടുള്ളതാണു. അങ്ങിനെയിരിക്കയിൽ വരാപ്പുഴെ സ്പാന്യാകർദ്ദി. മിസ്സനാരി ഫാദർവിഞ്ചെൻസു മേൽപ്രകാരം ആയിരുവെഴുത്തിൽ ബോധിപ്പിക്കപ്പെട്ട പ്രധാന സംശതികൾ നീക്കം ചെയ്തു അച്ചടിപ്പിച്ചതിനാൽ പള്ളിക്കുടുത്ത കാനോൻ നിയമശിക്ഷയിൽ ഉൾപ്പെടുന്നില്ലയോ? റോമാസഭയുടെ മേലദ്ധ്യക്ഷന്മാർ ഇങ്ങനെയുള്ള വഞ്ചനകളെ നന്നായിട്ടറിഞ്ഞു വെച്ചു പരിഹരിക്കേണ്ടതായിരിക്കുന്നു. ടി. നിയമത്തിലെ മേൽസംശതികൾ ആലോചനയോടുകൂടെയാണു നീക്കപ്പെട്ടിരിക്കുന്നതു. എന്തെന്നാൽ വരാപ്പുഴെ ബെല്ലോമെത്രാപ്പോലീത്തായുടെ ഹർജിയിലെ കായ്യസാരാംശത്തിനു കാണിച്ചിട്ടുള്ള പ്രധാന മുഖാന്തരങ്ങൾ ഈ രണ്ടു ഗുരുതരമായ സംശതികളാണു. അതു മലയാളത്തിൽ അറിയപ്പെട്ടാൽ മഹാ അപക്ഷപവും ഉതപ്പുമാകുമെന്നു കണ്ടു നീക്കീട്ടുള്ളതാണു. എന്നാൽ തിരുസിംഹാസനത്തിൽ ബോധിപ്പിക്കപ്പെട്ടുന്നഹർജിയിൽ "ഒബ്രേസ്സ്യാ അല്ലെങ്കിൽ സുബ്രേസ്സ്യാ" ഉണ്ടായിരുന്നു അതു ഹർജി അനുവദിച്ചിരുന്നാൽ തന്നെയും സാധുവായിരിക്കയില്ല. എന്നു കാനോൻ നിയമങ്ങൾ നിശ്ചയിച്ചിരിക്കുന്നു. ഇനി ടി. നിയമത്തിൽ റീക്കപ്പെട്ട സംശതികളിലെ വ്യാജത്തെ തെളിയിക്കാം "സുറിയാനി മൂന്നു വികാരി അപ്പസ്തോലിക്കമാർ നിശ്ചയിക്കപ്പെട്ടപ്പോൾ ലത്തീൻ ജനം വളരെ കുറഞ്ഞുപോയി എന്നാണു. ഇതിന്റെ അന്തരം എന്താണെന്നു മനസ്സിലാകുന്നില്ല. സുറിയാനി വികാരി അപ്പസ്തോലിക്കമാർ നിയമിക്കപ്പെട്ടപ്പോൾ ലത്തീൻവിശ്വാസികളുടെ സംഖ്യ വളരെ കുറഞ്ഞുപോയി എന്നു പറയുന്നതു ലത്തീൻവിശ്വാസികൾ സുറിയാനി വി. അപ്പസ്തോലിക്കമാരുടെ കീഴിൽചേർന്നുപോയി. അങ്ങനെ ലത്തീൻജനം കുറഞ്ഞുപോയി എന്നു പ്രഥമ ദൃഷ്ടിയിൽത്തന്നെ തോന്നിപ്പോകും. അല്ലെങ്കിൽ ആ സമയം വല്ല വസന്തമോ മറ്റോ ഉണ്ടായി ലത്തീൻജനം ചത്തു കുറഞ്ഞുപോയിരിക്കാം. എന്നാൽ അങ്ങനെ ഒരു വസന്തവും ഉണ്ടായിട്ടില്ല. ലത്തീൻജനവും സുറിയാനിജനവും തമ്മിൽവേർതിരിഞ്ഞതു മൂന്നു സുറിയാനി വികാരി അപ്പസ്തോലിക്കന്മാരുടെ കാലത്തിലല്ല. ഏതൊരു ആയതിനു ഒൻപതു വർഷം മുൻപു മുതൽ ഇരുപത്തൊമ്പതാമാണ്ടു മാർപ്പാപ്പാ ഗ്രിഗോറിയൂസ്പതിനാറാമൻ, കോട്ടയം എന്ന രണ്ടു വികാരിയാത്തായി മെഡ്വിക്കോട്ട, ലവീത്തു എന്ന രണ്ടു ലത്തീൻ വികാരി അപ്പസ്തോലിക്കമാരെ സ്ഥാപിച്ചപ്പോൾ ആണു. വരാപ്പുഴെനിന്നും മദ്രാസുകത്തോലിക്ക ഡയറക്ടറി പുതുതായി കൊടുത്തിട്ടുള്ള കണക്കിൻ പ്ര

കാരം അന്ന വരാപ്പുഴ അതിരൂപതയിൽ ലത്തീൻ ജനം സൻവുൻ-സുറിയാനിക്കാരുടെ വേർതിരിവിനു ഒരു വർഷം മുൻപു മേലെഴുതിയ ഡയറക്ടറിയിൻപ്രകാരം, അതായതു ഫ്രവുവന്ന- ജൂൺ ഫന്ന-ാന്ന കൊൻകൊർഓത്തുപ്രകാരം കൊച്ചിരൂപതയിൽ വരാപ്പുഴനിന്നും മറ്റും തിരിഞ്ഞ ലത്തീൻജനം സുന്നൻന്ന- മേൽപ്രകാരം ലത്തീൻ ജനവും സുറിയാനി ജനവും ഫ്രവുവ്വ-ൽ തമ്മിൽ പിരിഞ്ഞതിന്റെ ശേഷം ഫ്രവുൻന്ന-ജനവരി ഫന്ന-ാന്ന വരാപ്പുഴ അതിരൂപതയുടെ അദ്ധ്യക്ഷൻസൊംനീസു ബെർണ്ണാദമെത്രാപ്പോലീത്താ വാഴ്ച്ചയേറ്റു. അതിന്റെ ശേഷം ഫ്രവുൻന്ന-ഒക്ടോബർ മാസം ഫര-ാന്ന മൂന്നു സുറിയാനി വികാരി അപ്പസ്തോലിക്കമാരായ മാർ യോഹന്നാൻ മേനാദ്ദുരി, മാർ ലൂവീസ് പഴെപറമ്പിൽ, മാർ മത്തായി മാക്കീൽ എന്നവർ വാഴ്ച ഏറ്റു- അവർ വാഴ്ച ഏറ്റതു ലത്തീൻ ജനവും സുറിയാനി ജനവും വേർതിരിഞ്ഞിട്ടു ഒൻപതു കൊല്ലം കഴിഞ്ഞതിന്റെ ശേഷം ആണു- അവർ വാഴ്ച ഏറ്റനാമയം വരാപ്പുഴ അതിരൂപതയിൽ, ലത്തീൻജനവും സുറിയാനി ജനവും തമ്മിൽ ചേർതിരിഞ്ഞ നാമത്തിലെന്നെ, ലത്തീൻജനം വളരെ വർദ്ധിച്ചിരുന്നു. വരാപ്പുഴ അതിരൂപത ബെർണ്ണാദമെത്രാപ്പോലീത്താ മൂന്നു സുറിയാനി മെത്രാൻമാർ ഉണ്ടായപ്പോൾ വരാപ്പുഴ ലത്തീൻജനം വളരെ കുറഞ്ഞുപോയി എന്നു ബോധിപ്പിച്ചതു ഫന്ംര-ാം കാലം ഒടുവിലാണു. ഫന്ംഒ-ൽ വരാപ്പുഴെ നിന്നും മദ്രാസു ഡയക്ടറിയിൽ കൊടുത്തിരിക്കുന്ന കണക്കിൻപ്രകാരം മേൽ സംഗതി ബോധിപ്പിച്ച സമയം വരാപ്പുഴ അതിരൂപതയിൽ സുമർന്ന ലത്തീൻ ജനം ഉണ്ടു. സുറിയാനിജനം വരാപ്പുഴെ ലത്തീൻജനത്തിൽനിന്നു തിരിഞ്ഞതിന്റെ ശേഷം മേൽക്കണക്കിൻ പ്രകാരം ഫന്ുഫന്ര-ലത്തീൻ ജനം അധികപ്പെട്ടിട്ടുണ്ടു- അപ്പൊഴൊ ബെർണ്ണാദു മെത്രാപ്പോലീത്താ, മൂന്നു സുറിയാനി വികാരി അപ്പസ്തോലിക്കമാർ തിരിഞ്ഞതിന്റെശേഷം, ലത്തീൻജനം വളരെ കുറഞ്ഞുപോയി എന്നു പറയുന്നതു എത്ര മഹാ വ്യാജമായിരിക്കുന്നു എന്നു ബോധിക്കാവുന്നതാണല്ലൊ. ഫന്ുഫന്ര ലത്തീൻജനം വർദ്ധിച്ചിരിക്കെ മൂന്നു സുറിയാനിമെത്രാന്മാരുണ്ടായതിന്റെ ശേഷം ലത്തീൻ ജനം വളരെ വർദ്ധിച്ചിരിക്കുന്നു എന്നതു ബോധിപ്പിപ്പാൻ പണിയിരുന്നതു. എന്നാൽ ലത്തീൻവൈകർ റൊമാസിംഹാസനത്തിൻപക്കൽ തങ്ങൾക്കുള്ള സ്വാധീനം നിമിത്തം മേൽപ്രകാരം വ്യാജമായി ബോധിപ്പിക്കുന്നതിനു വളരെ തുനിവുള്ളവരായിരിക്കുന്നു. ഇനി ലത്തീൻജനം ഇത്ര വർദ്ധിക്കാനുള്ള കാരണം എന്തെന്നാണു അന്വേഷിക്കാനുള്ളതു. മൂന്നു സുറിയാനി വികാരി അപ്പസ്തോലിക്കമാർ ഉണ്ടായതിന്റെ ശേഷം വരാപ്പുഴ മെത്രാപ്പോലീത്താ സുറിയാനിക്കാരിൽ അനേകം പേരെയും ലത്തീൻ ജനത്തിന്റെ കൂട്ടത്തിൽ ചേർത്തിരിക്കുന്നു. മൂന്നു സുറിയാനി വികാരി അപ്പസ്തോലിക്കമാർ ഈ സംഗതിയെക്കുറിച്ചു പാടിപ്പുകഴ്ത്തിയിരുന്നു. മൂപ്പരവർകളുടെ വാദം സാധിക്കാ

തെയാണിരിക്കുന്നതു. ഇനി രണ്ടാം സംശയം അതായതു- "അതിരുപ
യിൽ ശേഷിച്ചിട്ടുള്ള വിശ്വാസികളോടുകൂടെ കാര്യം നടത്തിവിനാ
പ്രയാസത്താലും" എന്നു പറഞ്ഞിരിക്കുന്നതിന്റെ പരമാർത്ഥം ആ
ലോചിക്കാം. അതായതു: ബെർണ്ണാർദ്മെത്രാപ്പൊലീത്തായുടെ ഘർജി
യുടെ താല്പര്യം മൂന്നു സുറിയാനി വികാരി അപ്പസ്തോലിക്കമാർ ഉണ്ടാ
യപ്പോൾ ലത്തീൻജനം സുറിയാനി ജനമായി കൂറഞ്ഞുപോയതുകൊണ്ടു
വരാപ്പുഴ അരമന മദ്ധ്യത്തിലാകാൻ പാടില്ലാതെയായി തീർന്നതുകൊണ്ടു
ശേഷിച്ചിട്ടുള്ള വിശ്വാസികളോടുകൂടി കാര്യങ്ങൾ നടത്താൻ പ്രയാസ
മായി വന്നിരിക്കുന്നു വെന്നാണു. ഇത്രയും ചില കുത്തക്ക വ്യാജങ്ങളെ
റോമാ സിംഹാസനത്തിൽ ബോധിപ്പിച്ചു സാധിച്ചതിനാൽ വളരെ അ
ശ്വസ്തതയെന്നു-

ഇനി വരാപ്പുഴ അതിരൂപതയുടെ മദ്ധ്യസ്ഥലം വരാപ്പുഴയോ
എറണാകുളമോ എന്നു നോക്കാം. ഫ്രഞ്ചുകാരൻ സുറി
യാനിജനം ലത്തീൻ ജനത്തിൽനിന്നും വേർതിരിഞ്ഞപ്പോൾ ഫ്രഞ്ചുകാ-
രെ മദ്രാസു ഡയാക്കറി കണക്കിൻപ്രകാരം വരാപ്പുഴ അതിരൂപതയിൽ
കരിത്ര പള്ളികളും ഉൾപ്പെടെ ൫൯-പള്ളികളാണുണ്ടായിരുന്നതു- മേ
ൽ റഫ്ജി ബോധിപ്പിച്ച കാലത്തു കരിത്ര പള്ളികളും ഉൾപ്പെടെ, ക
മ്പനീക്കാർ ബൈംജ്യയിൽ അടിപ്പിച്ച ഭൂപട കണക്കിൻ പ്രകാരം,
൪൫—പള്ളികളുണ്ടെന്നാണു- അപ്പൊഴൊ ൩—വി- അപ്പസ്തോലിക്ക
മാർ ഉണ്ടായതിന്റെ ശേഷം ലത്തീൻ പള്ളികളും വർദ്ധിച്ചിരിക്കയാ
ണുചെയ്തിരുന്നതു. മേലെഴുതിയ ൪൫-പള്ളികളിൽ ചിലതൊക്കെയും ഇ
ല്ലാതെയും സ്ഥാപിപ്പാൻ നിശ്ചയിച്ചിരിക്കുന്നതും സ്ഥാപിപ്പാൻ ഏ
പ്പെട്ടിരിക്കുന്നതും എന്നല്ലാതെ സ്ഥാപിച്ചിട്ടുള്ളവയല്ലാ. ഉണ്ടെന്നുപി
നീടു വാഴിപ്പാൻ മൻക്രട്ടി ലക്ഷ്യപ്പെട്ടുകയാണു, സൊർണ്ണരും മ
റ്റും പള്ളിയില്ല ഇപ്പോൾ ഉള്ള വരാപ്പുഴ അതിരൂപതയുടെ മദ്ധ്യം
സ്ഥലസ്ഥിതികൊണ്ടും ലത്തീൻപള്ളികളുടെ ഇരുപ്പുകൊണ്ടും വരാപ്പുഴ
തന്നെയായിരിക്കുന്നു എറണാകുളം തീർക്കലും മദ്ധ്യമാവാൻ പാടില്ല.
വരാപ്പുഴ അതിരൂപതയുടെ പടിഞ്ഞാറെ അതിരു കൊച്ചിയുടെ കിഴ
ക്കും എറണാകുളത്തിനു പടിഞ്ഞാറെ വശവും ആയി തെക്കുവടക്കു കിഴ
ക്കുന്ന പുഴയാണു. ആ പുഴയുടെ തീരത്താണു എറണാകുളം ഇരിക്കുന്ന
തു- അവിടെ നിന്നു ൧൫കിലോമീറ്റർ വ്യത്യാസം കിഴക്കുവടക്കായിട്ടാണു
വരാപ്പുഴ എന്ന സ്ഥലം ഇരിക്കുന്നതു കമ്മറീത്താ സഭക്കാർ കഴിഞ്ഞ
കൊല്ലം ബെൽജ്യയിൽ അടിപ്പിച്ച ഭൂപട പ്രകാരം തന്നെ വരാപ്പുഴയു
ടെ മദ്ധ്യവും എറണാകുളത്തിന്റെ ആ മദ്ധ്യവും കാണിക്കാം- വരാപ്പു
ഴയുടെത്ത വടക്കുവശം ഫ്രഞ്ച് മയിൽസുവരെ പള്ളികളും ഫ്രഞ്ച്- വരാപ്പു
ഴയുടെത്ത തെക്കുവശം ൧൦ മയിൽസുവരെ പള്ളികളും ൫൫. ഇനി എ
റണാകുളത്തിനു വടക്കുവശം ൫൬ മയിൽസുവരെ പള്ളികളും ൫൨. എ

റണാകുളത്തിന്നടുത്ത തെക്കുവശം ഫ മയിൽസുവരെ പള്ളികളും ൦- വ രാപ്പുഴെയുടെ തെക്കു വശവും വടക്കു വശവും ലത്തീൻ ജനങ്ങളും ഏ കദേശം സമമായിരിക്കുന്നു- ഫർറി ലെ മദ്രാസ്സുഡയറക്ടറിലെ കണ ക്കിൻപ്രകാരം വരാപ്പുഴ ഇടവകയിൽത്തന്നെ ൦൦൨- ലത്തീൻജനം ഉ ണ്ടായിരിക്കുന്നു. എറണാകുളത്തുള്ള ൨ ലത്തീൻ ഇടവകകളിൽ ക്രി ൪൧൩൯ ജനം മാത്രമെ ഉള്ളു മേൽപ്രകാരമൊക്കെയിരിക്കെ വ രാപ്പുഴ ബെർണ്ണാദ മെത്രാപ്പോലീത്താ ഏതു മനസ്സാക്ഷിയുടെപ്രേ രണയാണ മേൽപ്രകാരമുള്ള ഹർജി ബോധിപ്പിച്ചിട്ടുള്ളതെന്നു പറയുന്നു വോ. ഏതായാലും കാലം മൻപു വരാപ്പുഴ നിന്നും മദ്രാസുഡയറക്ടറിയിൽ അടിച്ചിട്ടുള്ള ഒരു സംഗതി ഇവിടെ ഉദ്ധരിക്കപ്പെടുന്നതാകുന്നു. എ ന്തെന്നാൽ എറണാകുളം സിറിയൻപള്ളി ഇടവകയിൽ ൧൪ കുടി കൾ മാത്രമെ ഉള്ളു എന്നു പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു. എന്നാ ൽ ൧൦൮൪ താഴെ കുടികൾ ഉണ്ടായിരിക്കുന്നു ൪൮൩ ജനങ്ങളുമുണ്ടു. എറണാകുളത്തുണ്ടായിരിക്കുന്ന ൨ ലത്തീൻ പള്ളികളും സ്വിയാനി പ ള്ളിയിൽ നിന്നു തിരിഞ്ഞതാണു. മേൽപ്രകാരം കുടികളുടെ സംഖ്യ കുറഞ്ഞതായി അറിപ്പിക്കാനുള്ള കാരണം എറണാകുളത്തു സ്വയന്ത്രം ചുങ്കക്കാരനാകണമെന്നും അതുകൊണ്ടു എറണാകുളം വികാരിയാരുടെ സ്ഥാനം അവിടെനിന്നു മാറണമെന്നുമാണു ഉദ്ദേശം. അപ്പുഴെ ലത്തീൻവൈദികരാണു മാപ്പിപ്പാമാരുടെ തിരുവെഴുത്തുകളെ ബലഹീനമാക്കുന്നതെന്നു മേലെഴുതിയതുകൊണ്ടു ബോധിക്കാവുന്നതാണു. മെനേസിസ് മെത്രാപ്പോലീത്താ മാപ്പിപ്പായുടെ തിരുവെഴുത്തിനെ വ്യാജമായി പ്രസിദ്ധപ്പെടുത്തിയതുപോലെ തന്നെ വരാപ്പുഴ മെത്രാപ്പോലീത്തായും വ്യാജമായി ശ്ലൂഹാസിംഹാസനത്തിങ്കൽ ബോധിപ്പിക്കുയും അദ്ദേഹത്തിന്റെ സമ്മതത്തോടെ കു- ടി. വിൻസെൻസു പാദ്രി മാപ്പിപ്പായുടെ നിയമത്തെ വ്യാജമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

൩ - ഇനിയും മാപ്പിപ്പാമാരുടെ തിരുവെഴുത്തുകളെ ലത്തീൻ വൈദികർ ബലഹീനപ്പെടുത്തുന്നുവെന്നുള്ളതിനു പല ദൃഷ്ടാന്തങ്ങളും കൂടി കാണിക്കാം. ൧൭-ാം ശ്രീഗോറിയോസു മാപ്പിപ്പായുടെ കാലത്തു പ്രൊപ്പഗാന്ത തിരുസംഘം പ്രസിദ്ധപ്പെടുത്തിയ ഫ്രഞ്ച്-നവസ്ത്രീ൩൨ാംനു-യിലെ "നെമ്മിനെം പ്രൊഫെക്ത്തോ ലത്തേരെ" എന്നു തുടങ്ങുന്ന സർക്കുലർ എഴുത്തു യാതൊരുക്കി; അതിലെ ൩-ം ൪-ം ഖണ്ഡം താഴെ കാണിക്കുന്നു

"(൩.) എന്നാൽ ശ്രീഹായുടെ സിംഹാസനം ചേരേ തന്നെ കുത്തായിരിക്കുന്നതു പോലെ നാട്ടു വൈദികർ പള്ളിയുടെ ഏതൊരു തൊഴിലിലും മിസ്സരേണത്തിന്നു തന്നെയും പാത്രവാന്മാരായിത്തീരുവാനും മെത്രാനടുത്ത മുഖസ്ഥാനത്തിന്നു കൂടെയും യോഗ്യരായിച്ചമയുവാനും തക്കവണ്ണം എല്ലാ വക പഠനവും ഭക്തിയും അഭ്യസിപ്പിക്കേണ

ളും തിരുകർമ്മാനുഷ്ഠാനം ശീവ്വിപ്പിക്കേണ്ടതു മാകുന്നു. അതുകൊ ൽ ഒരു വലിയ കാര്യമാകയാൽ എതുയും ഭദ്രമായി തീരുന്നതിനും വേ ഞ്ഞിനു വളരെ പ്രയാജനം മുണ്ടായി വരുന്നതിനും തക്കകാലത്തു ഇ തു മഹാ തൊഴിലു നു നിശ്ചയിക്കപ്പെട്ടവർ അതു വഹിക്കുന്നതിനു അഭ്യസിപ്പാൻ നിർബന്ധിതരാണു. അതുകയാൽ മിസ്സ്യാധിപന്മാർ നാ ട്ടു വൈദീകരിൽ തക്കവരെന്നു വിചാരിക്കുന്നവരെ ക്രമേണ പടിപ്പടി യായി വലിയ തൊഴിലുകളിൽ എല്പ്പെടുത്തുകയും തക്കം പോലെ ത ങ്ങളുടെ വികാർമാരായി തുക്കുന്നതിനു ഉപേക്ഷ വിചാരിക്കയും അരു തു."

(൪) "അതുകൊണ്ടു നാട്ടുപട്ടക്കാർക്കു ന്യായമായി സംകടം വരുന്നതായ സഹായ പട്ടക്കാരന്റെ തൊഴിലിൽ താഴ്ത്തി നിയമിക്കാരുതു. അതു ചട്ടം നീക്കേണ്ടതും അശേഷം നിന്മൂലം ചെയ്യേണ്ടതുമാണു; എന്നു മാത്രമല്ല ക്രമേണ ഏറ്റവുമായി വിദ്വക ത്തോടെ പാടുണ്ടാകുവോളം ഒരു പ്രമാണം നടത്തുകയും വേണം. അതാ യതു സുവിശേഷ വേലക്കാരുടെ ഇടത്തു അവർ നാട്ടുകാരായാലും യൂ രോപ്യന്മാരായാലും, ശേഷമെല്ലാതിൽ സമന്മാരായിരുന്നാൽ മുഖ്യസ്ഥാ നക്രമം മിസ്സത്തിന്റെ പൂവീകം പോലെ കാക്കണം. എന്നു തന്നെയു മല്ല- ബഹുമതിയും തൊഴിലും പദവിയും തിരുപ്പട്ട സ്ഥാനത്തൊഴിൽ ദീർഘമായി നടത്തിയവർക്കു നൽകേണ്ടതാണു. (Appendix 180.)

ഒരു എഴുത്തിൽ മിശിഹായുടേയും പ്രേഷിതന്മാരുടേയും പൂർവ്വ പരിശുദ്ധ പിതാക്കന്മാരുടേയും ഉപദേശവും നടപടിയും അനുസരിച്ചു നാട്ടുകാരുടെ സ്ഥിതിയെ ഹീനമായി വിചാരിക്കാതെയിരിപ്പാനും അ വരെ ഉപവിയോടെ മിശിഹായിൽ സമന്മാരാക്കുന്നതിനു ശ്രമിപ്പാനും അ നേകം നിയമങ്ങളും ഏർപ്പെടുത്തിട്ടുണ്ടു. മേലെഴുതിയ നാ—ം പ്രമാണങ്ങളുടെ നിയമം സംബന്ധിച്ചു മദ്രാസുകരെ നടത്തിവരുന്ന സ്ഥിതിയെ നോക്കുന്നാം കർമ്മേൽ സഭക്കാർ വന്നിട്ടിപ്പോൾ മർവ്വ വഷ്മായി. ഇ തുവരെയും ലത്തീൻകാരായ നാട്ടുകാരിൽ ഒരു വികാരി ജനറാളി ന്റെ തൊഴിലിനു യോഗ്യനായി ആരുമുണ്ടായിട്ടില്ലാ- സുറിയാനിക്കാ രൊ എന്നാൽ പൂർവ്വം തുടങ്ങി വികാരിജനറാളിന്റെ സ്ഥാനം അതാ യതു അക്കിദിയാക്കോൻ എന്ന നാമത്തോടെ മെത്രാനില്ലാത്ത സമയം മെത്രാന്റെ അധികാരപ്രവൃത്തികളൊക്കയും നടത്തി സുറിയാനിക്കാരെ ഭരിച്ചിരുന്ന യൂറോപ്യന്മാർ വന്നപ്പോൾ ആ സ്ഥാനവും നിർമ്മൂലമാ ക്കുകയാണു ചെയ്തതു. യൂറോപ്യൻ മിസ്സനറിമാർ ഒരു ലത്തീൻകാരനേയും ഒ രു സുറിയാനിക്കാരനേയും അസിസ്റ്റൻറന്മാരായി വച്ചുകൊണ്ടു വികാരി മാരായിപള്ളികളെ ഭരിച്ചിരുന്നു. ഒരു കാലംവരെയും ഫ്രാ-ാ ഗ്രീഗോ റിയസു മാർപാപ്പാ പ്രൊപ്പഗാന്ത തിരുസംഘം വഴിയായി കല്പിച്ചിട്ടു ള്ളതുപോലെ മിസ്സത്തിന്റെ അധികാരന്മാർ ഉണ്ടാക്കുന്നതിനു ശ്രമിച്ചി ട്ടില്ല മെലാപ്പൂർ ശ്രുപതവക ക്രൈസ്തോലിക്കാമജിസ്സു" പയും നടത്തിയ

യൂറോപ്പിൽ ഡോയൽ പാർട്ടി ഫ്രൻറ്റ് ഭാഗം ഫ്രൻ-ാം തീയതിയിലെ ടി
പ്പും ൪-ാം പുറത്തു എഴുതിയിരിക്കുന്നതു: കിഴക്കൻറീത്തുകാർ പഠനം
കൊണ്ടും സാരമുള്ളതായി കരുതിയിരുന്നില്ല. ൪൦ വർഷത്തിന
മുമ്പുതന്നെ സുറിയാനി പട്ടക്കാർ (മിസ്സാനാ) തക്സായും ജപപു
സ്തകവും പകർത്തിയെടുത്തു കയ്യും നടത്തുന്നതിനു വശമുള്ളവരായാൽ
കൂർബാനപ്പട്ടത്തിനു ആവശ്യപ്പെട്ട പഠിപ്പുള്ളവരായി വിചാരിക്കപ്പെട്ടി
രിക്കുന്നുഎന്നും ഇതിനാൽ അവർ ശിശുമയ്യും എളുപ്പമുള്ള ഇരയാകുന്നു
വെന്നും മറുമാണ്ട. അപ്രകാരം പ്രസിദ്ധപ്പെടുത്തീട്ടുള്ളതു നാടുകാർപ
ഠിപ്പില്ലാത്തവരാകുന്നുവെന്നു കാണിക്കുന്നതിന്നല്ലയോ? രണ്ടരയുഗത്തോളം
കൂടുമ്പോൾ മിസ്സനറിമാർ സുറിയാനിക്കാരെ ഭരിച്ചിട്ടു ൨൦൦ വർഷം വരെയും
മേൽപ്രകാരം പഠിപ്പില്ലാത്തവരാകാനുള്ള കാരണം നാട്ടുകാർ പഠിപ്പി
ൻ തുണിയില്ലാത്തവരായിരുന്നതോ? അല്ലായ്കിൽ അവരെ പഠിപ്പിക്കാ
യ്കകൊണ്ടോ? പഠിപ്പിക്കായ്കകൊണ്ടാകുന്നുവെങ്കിൽ അതിൻറെ കാരണം
എന്താണു? ഒന്നുകിൽ യൂറോപ്യന്മാർ പഠിപ്പില്ലാത്തവരായിരുന്നിരിക്ക
ണം. അതല്ലെങ്കിൽ പൈത്തൃന്യം കൊണ്ടു പഠിപ്പിക്കാതിരുന്നതായിരി
ക്കണം. അധികം പഠിപ്പുള്ളവർ ഇരുന്നിട്ടും യൂറോപ്പിലും ശീശ്മയും ഇ
ടർത്തുട്ടും മതഭ്രാന്തുകളും ഉണ്ടാകുന്നില്ലയോ? അല്ലയോ വായനക്കാരെ
നിങ്ങടെ വിധിപ്പിൻ! ഒരു നൂറ്റാണ്ടു മുമ്പു തുരുങ്ങാട്ടുപള്ളി ഇടവക
ക്കാരൻ ആയ കരിയാറി യൌസേപ്പു എന്ന തോമാനസ്രാണി യുവാ
വിനെ റോമാപുരിയിൽ ഉർബാൻ കോളേജിൽ അയക്കുകയും അദ്ദേഹം
തത്വം, വേദാന്തം, പള്ളിനിയമം എന്നിവറ്റിൽ മൂന്നു ശാസ്ത്രങ്ങളിൽ ശാ
സ്ത്രി എന്നപട്ടം പ്രാപിക്കയും പിന്നീടദ്ദേഹം കൊടുങ്ങല്ലൂർ രൂപതയു
ടെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുകയും ചെയ്തു. ഏതാണ്ടു കാ
ലം മുൻപു ഉർബാൻ കോളേജിൽ പഠിച്ചു തത്വത്തിലുംവേദാന്തത്തി
ലും ശാസ്ത്രിപട്ടം വാങ്ങിയവരായ മലയാളത്തിലുള്ള സുറിയാനി, ല
ത്തീൻ. പുതിയ അച്ചന്മാരുടെ എണ്ണം ഫാദർഡോയേൽ അറിഞ്ഞിരു
ന്നെങ്കിൽതാൻ എഴുതിയതു തൻറെ സ്വജാതികളിന്മേൽ തന്നെ അ
ക്ഷേപകരമായി വരുമെന്നു വിചാരിച്ചു അപ്രകാരം ചെയ്യാഞ്ഞതെന്ന.
അച്ചടിയുണ്ടാകുന്നതിനു മുൻപു യൂറോപ്പിലും പുസ്തകങ്ങളുമുണ്ടാക്കയും കയ്യെ
ഴുത്തായിരുന്നു. ആ കാലത്തു യൂറോപ്പിൽ പഠിപ്പും ശാസ്ത്രവും ഉള്ളവർ ഉ
ണ്ടായിരുന്നോ? നിശ്ചയമായിട്ടും അക്കാലത്തായിരുന്നു അധികം വിദ്യയും
ശാസ്ത്രവും പഠിച്ചവർ ഉണ്ടായിരുന്നതു. അതുപോലെ തന്നെ കിഴക്കൻ
ദേശങ്ങളിലും ഇൻഡ്യയിലും ഉണ്ടായിരുന്നു. അയതുകൊണ്ടു കയ്യെഴുത്തു
പുസ്തകങ്ങൾ മാത്രമേ ഉണ്ടായിരുന്നൊള്ളു എന്നതുകൊണ്ടു ശാസ്ത്രമുള്ളവ
രും പഠിപ്പുള്ളവരും ഇല്ലായിരുന്നുവെന്നു അനുമാനിപ്പാൻ പാടില്ല. ശാ
സ്ത്രങ്ങളൊക്കയും കിഴക്കൻദേശത്തുനിന്നാണു പടിഞ്ഞാർക്കാർക്കു ലഭി
ച്ചതെന്നു ചരിത്രം തിരിവുള്ളവർ ഏവരും സമ്മതിക്കുന്നു കുറെ കാര്യമാ
ണു. സുറിയാനി (മിസ്സാനാ) തങ്ങൾ റോമാപുരിയിൽ പ്രോപ്പഗാന്ത

അച്ചുകൂത്തിൽ ഒന്നാമത്തെ പ്രൂഫ്—ലും രണ്ടാമത്തെ പ്രൂഫ്—ലും അച്ചടിപ്പിക്കയും മലയാളത്തെ കൊണ്ടുവന്നു ഉപയോഗിക്കയും ചെയ്തവരുന്നു. അയാൾ അച്ചടിപ്പിച്ചിട്ടുള്ളപ്പോൾ (൧൯൦൬) പ്രായം വർഷമായിരിക്കുന്നു. അയാൾ കൊണ്ടുവന്ന പ്രായം മുമ്പതൊട്ടു സുറിയാനി(മിസ്സാൾ)തക്സാകയുക്കുമായി പകർത്താൻ ആവശ്യപ്പെട്ടിട്ടില്ല. എന്നു മാത്രമല്ലാ പ്രൊട്ടസ്റ്റാന്റുകാലത്തൊട്ടുകൊണ്ടുള്ള പ്രൊപ്പഗാന്തനായ വിൻസെൻസുപാതിരി പ്രാർത്ഥനകളെ മലയാളത്തിൽ പഠിപ്പിക്കയും പ്രൊവിഡൻസിലത്തോടുവയ്പിക്കുന്നതിനെയെന്നു പറയുന്നതിനാൽ മംഗലത്തും പിന്നീടു അമ്പഴക്കാട്ടു സെമിനാരിയിലും ശിഷ്യന്മാരെ പഠിപ്പിക്കയും ചെയ്തിരുന്നതുകൊണ്ടുള്ള സുറിയാനിക്കാരിൽ വളരെ പഠിപ്പുള്ളവരുണ്ടായിരുന്നു എന്നു സംശയിക്കുന്നു ഡോയൽ പാതിരി അറിയായ്കകൊണ്ടായിരിക്കാം മേൽപ്രകാരം സുറിയാനി(മിസ്സാൾ)തക്സായും ജപപുസ്തകവും പകർത്താൻ തുനിയുള്ളവർ പട്ടസമ്പത്തിനു മതിയായ പഠിപ്പുള്ളവർ എന്നു സുറിയാനിക്കാർ വിചാരിച്ചിരുന്നു എന്നു പ്രസിദ്ധപ്പെടുത്തിയതു. സുറിയാനി ഭാഷയിൽ ഉണ്ടായിരിക്കുന്ന ശാസ്ത്രപുസ്തകങ്ങളും എന്തെല്ലാമെന്നു ഡോയൽ പാതിരി അറിഞ്ഞിട്ടില്ല. പ്രസ്—ാം ഗ്രീഗോറിയോസു മാപ്പിപ്പായുടെ കാലത്തുണ്ടായ മേൽനിയമം ഇപ്പോൾ എങ്ങനെ അനുസരിക്കുന്നു എന്നുള്ള സംശയം തൽക്കാലസംഭവമായ ഒരു ദൃഷ്ടാന്തം കൊണ്ടു ബോദ്ധ്യപ്പെടാവുന്നതാണു. വന്ദ്യസ്മാരകനായ വരാപ്പുഴ ബിഷപ്പർ ലീനോസ മെത്രാപ്പോലീത്താ മലയാളം ഭരിക്കയിൽ സുറിയാനി, ലത്തീൻ എന്നു രണ്ടു ക്രമവിശ്വാസികളുടെ ഇടയിൽ ദൈവഭക്തിയും ശാസ്ത്രജ്ഞാനവും അധികമായി വർദ്ധിപ്പിക്കുന്നതിനു ആദ്യം സുറിയാനി വൈദീകർ മാന്നാനത്തു സ്ഥാപിച്ചിരുന്ന സന്ന്യാസസഭയെ താൻ കൈക്കൊണ്ടു ഒരു ചട്ടം എഴുതിക്കൊടുക്കുകയും പിന്നീടു കിസ്സാർസു കമ്മലീത്താ പ്രാ—ാം സഭക്കാരുടെ ജെഫ്നിത്തോരി സംഘത്തിന്റെ അനുവാദത്തോടുകൂടി മലയാളത്തിൽ കാർമ്മലീത്താ സ—ാം സഭയായിട്ടു സഭയെ കൈക്കൊള്ളുകയും; ആ സഭയെ ലത്തീൻകാരുടെ ഇടയിൽ മഞ്ഞിമ്മേൽ ലത്തീൻ വൈദീകരെക്കൊണ്ടു ഒരു കോവേന്തയ്ക്കു അടിസ്ഥാനമിടിക്കയും മുമ്മൈമായി ലത്തീൻ ജനങ്ങളുടെ ചിലവിൻ പേരിൽ പണിയിയ്ക്കയും ലത്തീൻ വൈദികരുടെ ഇടത്തിലും മൂന്നാം സഭ സ്ഥാപിക്കയും ചെയ്തു. അപ്രകാരം നടന്നുവന്നിരുന്ന ലത്തീൻ മൂന്നാം സഭക്കാരെ മൂന്നാം സഭക്കാർ എന്നു വിളിച്ചുകൂടായെന്നു കല്പനയുണ്ടായതായും പിന്നീടു ലത്തീൻ മൂന്നാം സഭക്കാർ തങ്ങളുടെ സ്ഥാപന ഏറ്റുപ്പാടകം റോമാപരിയിൽ ബോധിപ്പിച്ചപ്പോൾ മൂന്നാം സഭക്കാരായി വിളിക്കപ്പെടുവാൻ പാടുണ്ടെന്നു വീണ്ടും തീരുമാനിച്ചതായും അറിയുന്നു- പിന്നെയും മേലെഴുതിയ മഞ്ഞിമ്മേൽ മഠം മിസ്സത്തിന്റെ വകയാകുന്നുവെന്നു വാദിക്കപ്പെട്ടിരിക്കുന്നുവെന്നും; ഇതേവരെയും വരാപ്പുഴ മിസ്സത്തിന്റെ വകയായിട്ടുമായിരിക്കുന്ന സ്വത്തുക്കൾ (ഏകദേശം ൩-ലക്ഷം ഉറുപ്പികയുടെ വ

കയുള്ളതിൽ ഇതിൽ മുക്കാൽഭാഗവും കമ്പലീന്ത സഭയുടെ സ്വത്തുക്കളായി സക്കാരിൽ ജന്മംമാറി റെജിസ്റ്റർചെയ്തിട്ടിരിക്കുന്നതായികേൾക്കുന്നു.

മേലാവിൽ ബോധിപ്പിക്കുന്ന ഹർജികളിൽ മൂന്നുപേരിൽ അധികം ആളുകൾ ഒപ്പിട്ടാൽ ഹർജികൾ സ്വീകരിക്കുന്നതല്ലെന്നും മറ്റും ചില പുതിയ നിയമങ്ങളും ഉണ്ടായിരിക്കുന്നതായി അറിയുന്നു. ഹർജികളിൽ അധികം പേർ ഒപ്പിട്ടാലുണ്ടാകുന്ന ദുഷ്യം എന്തായിരിക്കാം? വ്യവഹരിക്കാനുള്ള ബിദ്ധിഷ്ടമൊ തീരുമാനിപ്പാനുള്ള പ്രയാസമൊ എന്താണെന്നറിയുന്നില്ല. ഇൻഡ്യയിൽ പോർട്ടുഗിസുകാരുടെ പതൊവാദഅധികാരം ഇംഗ്ലിഷ് ഗവമ്മെണ്ടിന്റെ സ്ഥലത്തിൽ നിന്നൊക്കയും നീക്കംചെയ്യാനായി ഇംഗ്ലണ്ടെ രാജ്ഞിക്കു ഇൻഡ്യയിൽ ഉണ്ടായിരിക്കുന്ന വരാപ്പുഴ മുതലായ സ്ഥലങ്ങളിലെ മെത്രാന്മാർ വളരെപേർ ശേഖരമായി ഒപ്പിട്ട അയച്ചിട്ടുള്ളതായി അറിയുന്നുണ്ടു. ആവലാധിക്കാരൊക്കയും ഹർജിയിലൊപ്പിട്ടുന്നതു പരിചാനല്ലൊ? പിന്നെയും ഇതുസംബന്ധമായി മെഡ്ലിക്കോട്ട മെത്രാൻ ഏർപ്പെടുത്തിയിരിക്കുന്ന നിയമം അതായതു ജനങ്ങളുടെ ഹർജിക്കു വികാരിയുടെ സാക്ഷിത്വം വേണമെന്നായിരുന്നു. വികാരി തനിക്കു വിരോധമുള്ള കക്ഷിയുടെ സാക്ഷിയായിരിക്കുമൊ? ചിലപ്പോൾ വികാരിയുടെ വിരോധമായിട്ടുള്ള ഹർജിയും അയിരുന്നേയുള്ളൂ. അയതു സാധിക്കുന്നതു എങ്ങിനെ? ഇവരൊക്കെയും തിരുസ്സഭയുടെ ബോധജ്ഞാനമുള്ള നിയമം ഒന്നു പഠിക്കേണ്ടതായിരിക്കുന്നു. "പലരിൽ നിന്നു പല ആവലാധികളും ബോധിപ്പിക്കപ്പെട്ടുകയതിനാൽ മെത്രാൻ വിശ്വാസികളെ തന്നിൽനിന്നു തള്ളിക്കളയാതെ എല്ലപ്പുമായി തന്റെ പക്കൽ വരുവാൻ തക്കവണ്ണം ചെയ്യാൻ കടമപ്പെട്ടിരിക്കുന്നു. അതുകൊണ്ടു അവർ ബോധിപ്പിക്കാൻ മനസ്സാകുന്നതു യുതൊക്കെയും ധാരാളമായി കൈക്കൊള്ളണം" (Appendix 181)

തിരുസ്സഭയുടെ ഈ കാനോൻനിയമത്തിനും മേലെഴുതിയ ക്രമ-ാം ശ്രീഗോറിയോസു പാപ്പായുടെ കാലത്തിലുണ്ടായ നിയമങ്ങൾക്കും മേൽ എഴുതിയ സംഗതികളൊക്കയും വിരുദ്ധമായിരിക്കുന്നു. അപ്രകാരം തന്നെ സഭക്കകത്തിൽനിന്നു മീസ്സും പൊയ്യോകുന്ന കാലത്തു വസ്തുക്കളൊക്കയും സഭക്കു കിട്ടുന്നതിനു മിസ്സൂത്തിന്റെ വസ്തുക്കളൊക്കയും സഭയുടെ പേരിൽ ആക്കിയിരിക്കുന്നുവെന്നാണു ശ്രുതി. വരാപ്പുഴ മിസ്സൂത്തിന്റെ വസ്തുക്കളും മുഖ്യഭാഗവും ജനങ്ങളിൽ നിന്നുള്ളതായിരിക്കുന്നു. കുത്തിയതോട്ട മാനുത്തരകന്റെ സുറിയാനി യുവാക്കളുടെ പഠനത്തിനായും മറ്റും അനേകം വസ്തുക്കളും വരാപ്പുഴ ദാനംചെയ്തിട്ടുണ്ടു. അപ്രകാരംതന്നെ ഒരു പുസ്തകം ക്രമവ-ാം പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ അദ്ദേഹത്തിന്റെ വക ആയതൊക്കയും കിട്ടിപോകുന്ന വ്യാപാരത്തിൽ ഉറപ്പിക്കുന്നതു എന്നുവരികിൽ ൧൦൦ --കു യോളം ഉണ്ടാകും. ഈ തരകൻ തിരുവിതാംകൂർ

ർ ഗവമേണ്ടിലേക്കു കടമായി കൊടുത്തിരുന്ന ഫ്ര—ലക്ഷം ഉറുപ്പി
ക മുഴവനും തിരിയെ കൊടുക്കാഞ്ഞതിനാൽ വങ്ങിക്കാതെ തക്കിച്ചു നി
ന്ന എന്നും അദ്ദേഹത്തിന്റെ മരണശേഷം മകൻ കൊച്ചു മാത്തു തര
കനും ഇതിനെക്കുറിച്ചു റസിഡണ്ടിന്റെ മുൻപാകെ വാദിച്ചുവന്നും
അയാൾ പെട്ടെന്നു മരിച്ചുപോകയാൽ പിന്നീടു ഇതിന്മേൽ വാദിപ്പാ
നാളില്ലാതെ ൦രം വക പണം ഗവമേണ്ടിൽ കിടന്നിരുന്നുപോന്നും ഇതി
നാൽ റസിഡണ്ടു മക്കാളിയെന്നയാൾ ൦രം വക പണത്തിൽ ഒരു ഭാഗം
കൊണ്ടു കൊടുങ്ങല്ലൂർ സമീപം പള്ളിപ്പുറത്തു കുഷ്ഠരോഗികൾക്കായി
ഒരു ആസ്പത്രി ഉണ്ടാക്കി ഇപ്പോഴും (൧൮൭) നാല്പതു കുഷ്ഠരോഗികളെ അ
തിൽ സദാ പോറ്റിവരുന്നുവെന്നും അയ്യരു ബ്രിട്ടീഷ് കാരാൽ നടത്ത
പ്പെടുന്നുവെന്നും, മാറ്റു രണ്ടു ഭാഗം സുറിയാനിക്കാരുടെ പഠനം വക
യ്ക്കായി അവരെ ഭരിച്ചിരുന്ന വരാപ്പുഴ മെത്രാനും പുത്തൻകുറുകാരുടെ
മെത്രാനും ആണ്ടുതോറും എണ്ണൂറി (൧൦൦) ൽ ചിലപ്പോൾ രൂപാ ഒ
രായിരത്തർക്കം കിട്ടത്തക്കവണ്ണം ൦രംസ്റ്റിൻഡ്യാ കമ്പനിയിൽ പലിശ
യ്ക്കു ഇട്ടുകൊടുത്തു എന്നും ഇപ്പോഴും ൦രം മെത്രാന്മാർ ആണ്ടുതോറും മേ
ല്പറഞ്ഞ പണത്തിന്റെ പലിശ വാങ്ങിച്ചുവരുന്നുവെന്നും ഒരു പാരമ്പ
ര്യ വർത്തമാനമുണ്ടു. ഇതിനെ സംബന്ധിച്ചു ബ്രിട്ടീഷ് റസിഡണ്ടായി
രുന്ന മെക്കൻസി എന്ന ഹേം ഫ്രൻഫ്ര—ൽ പ്രസിദ്ധപ്പെടുത്തിയ ത
ന്റെ പുസ്തകം (Christianity) വൻ-൩൦പക്കം ഫ൦൦-൩൦നോട്ടിൽ പറയുന്നതു
"൦രംപണത്തിന്റെ ആദ്യത്തെ ഉത്ഭവത്തെക്കുറിച്ചുള്ള സൂക്ഷ്മമായ അറിവു
ഇതേവരെ പുറപ്പെടുവന്നിട്ടില്ല. എന്തുകൊണ്ടെന്നാൽ ഫ്രവ്വ—ഡിസംബ
റിൽ തിരുവിതാംകൂറിലെ മത്സരപ്പട്ടാളക്കാരാൽ റസിഡൻസിആഫീസു
ലെ രിക്കാർഡുകൾ ചുട്ടെരിച്ചുകളയപ്പെട്ടുപോയതുകൊണ്ടു" എന്നാൽ ഇതിനെക്കുറിച്ചു
കിട്ടാവുന്നതറിവു താഴെക്കാണിക്കുന്നു. അതായതു! മൂവായിരം Starpagodas
നക്ഷത്രവരാഹൻ (വരാഹൻ എന്നതു പാൻ നാണയം ഒന്നിനു മൂന്നരയുറുപ്പി
ക വിലയാകുന്നു.) സുറിയാനി ക്രിസ്ത്യാനികളുടെ ഉപകാരത്തിനായി
ഫ്രവ്വ— ൽ ഫ൦൦—ക്കു ആണ്ടിനാൽ) വുപലിശയായും ആയുസ്സും
ഖ്യ അപലിശയ്ക്കു തന്നെ വരാപ്പുഴ റോമൻ കത്തോലിക്ക മിഷ്യന്റെ
ഉപകാരത്തിനായും ൦രംസ്റ്റ് ഇൻഡ്യാകമ്പനിയിൽ എല്പിക്കപ്പെട്ടു, വ
രാപ്പുഴയിലെ റോമൻ കത്തോലിക്ക മെത്രാപ്പോലീത്താ ഒരു ധനത്തി
ന്റെ പലിശ വാങ്ങിക്കുന്നുണ്ടു. മറ്റെ രാശി ധനത്തിന്റെ പലിശ
യിന്മേൽ യാതൊരുപായക്കാരും നവീകരണ സുറിയാനിക്കാരും തമ്മിൽ
വാദിച്ചിരിക്കുന്നു. ൦രം തരം പണയക്കാരനെന്നു പോലെ സ്റ്റേയിറ
സെക്രട്ടരിയാൽ ഒരു വ്യവഹാരസ്ഥിതിയിൽ തിരുവനന്തപുരത്തു ഗ്ര
സ്സിക്കോർട്ടിൽ വെയ്ക്കപ്പെട്ടിരിക്കയാണു. (൦രം തരം പിന്നീടു യാ
ക്കോബായക്കാർക്കു ഇണമായി തീർമാനിക്കപ്പെടുകയും എറിയ നാ
ളത്തേയ്ക്കു ടി. പുപലിശ ലാഭം വാങ്ങിച്ചിരുന്ന നവീകരണസുറിയാനി

ക്കാർക്കു ഇതിന്മേൽ അവകാശം മില്ലെന്നു വിധിക്കപ്പെട്ടുകയും ചെയ്തിരിക്കുന്നു) മാർത്തോമീസിയൂസ് പറയുന്നതു:— ഇപ്പണം ആ ദിവസങ്ങളിൽ സുറിയാനി മെത്രാനാൽ കൊടുക്കപ്പെട്ട സംഖ്യയാകുന്നു വെന്നാണു. അതായതു, ക്രൂശ്ശീമിശിഹാ സമയങ്ങളിൽ കർത്തൂൽ മക്കാളിയെന്നതോ ഒരു സംഖ്യ ആ മെത്രാനിൽ നിന്നു വാങ്ങിയതും മൂതൽ വീട്ടുന്നതിനു പകരം ബാങ്കിൽ പലിശയ്ക്കു ഏല്പിച്ചു കൊടുത്തുയെന്നു മാണു. ഒരു അഭിപ്രായം ഒത്തതായി തോന്നുന്നില്ല; എന്തുകൊണ്ടെന്നാൽ ഇതുപോലെ ഒരു സംഖ്യ റോമൻ കത്തോലിക്ക മസ്സിന്നു വേണ്ടി പലിശയ്ക്കു കൊടുവെന്ന സംഭവം പ്രസ്തുത അഭിപ്രായത്തിനു വിപരീതമാകുന്നു. ഒരു രണ്ടു വക സംഖ്യയുംമായതു തമ്മകുനിന്നു പേരായ ഒരുധനവാൻ ക്രിസ്ത്യാനിയുടെ കിട്ടേണ്ടതായ ധനമായിരുന്നുവെന്നു വേറൊരു ചരിത്ര വൃത്താന്തമുണ്ടു. ഇതുമെന്നിമെയ ഒരു രണ്ടു വക സംഖ്യയും കർത്തൂൽ മക്കാളി ഓസിഡൻറിന്റെ രഹസ്യ പണങ്ങളായിരുന്നുവെന്നും കലഹത്തിൽ അയാളുടെ ജീവൻ രക്ഷപ്പെട്ടപ്പോൾ ഒരു ചകാര സ്മരണാദാനം പോലെ കൊടുക്കപ്പെട്ടതുകൂടെന്നും ഒരു ഉൗഹ വൃത്താന്തവുമുണ്ടു. (Appendix 1852)

ഇപ്രകാരമാകുന്നു മെക്കൻസി തന്റെ ചരിത്ര പുസ്തകത്തിൽ പറയുന്നതു. ഒരു വക പണം മാത്രം തരകന്റെ പണമെന്നു സമ്മതിച്ചാൽ ഇപ്പോൾ ടി. രവിശവാങ്ങിക്കുന്നേ ഇതു കൂട്ടർക്കും അതിന്മേൽ അർഹതയില്ലെന്നു വരുവാൻ പാടുണ്ടെന്നു വിചാരിക്കുന്നതിനാലാണു മേൽ പ്രകാരം ഓരോവിധത്തിൽ പ്രസ്തുത പണത്തിന്റെ ഉത്ഭവത്തെക്കുറിച്ചു അവർ പറഞ്ഞു വരുന്നതെന്നു ന്യായമായി വിചാരിക്കാവുന്നതാണു. മാത്തു തരകൻ എന്നാലോഹം കത്തിയതോടു കൂടി പള്ളി ഇടവകയിൽ ഉൾപ്പെട്ട ഒരു കത്തോലിക്ക സുറിയാനിക്കാരനായിരുന്നതിനാൽ അദ്ദേഹത്തിന്റെ ഒരു പണത്തിന്റെ ആദായം കത്തോലിക്ക സുറിയാനിക്കാർക്കു തന്നെ സ്സിക്കുക ഒരുപ്പെടുന്നതാണു. കത്തോലിക്ക സുറിയാനിക്കാരും മറ്റുള്ളവരുമായ വരാപ്പുഴ കമ്മലീത്താ മെത്രാൻ ടി. പണപ്പലിശ കൊണ്ടു വരുവാൻ സുറിയാനിക്കാർക്കു വേണ്ടിട്ടത്രേ. സുറിയാനിക്കാർ വരാപ്പുഴ പിന്നാം തൃശ്ശൂർ, കോട്ടയം എന്നു രണ്ടു മിസ്സങ്ങളായി വേർതിരിഞ്ഞപ്പോൾ, സുറിയാനിക്കാരിൽ നിന്നും രണ്ടു യൂറോപ്യന്മാരായി ഉണ്ടായിട്ടുള്ള വരാപ്പുഴയിലെ സഭയിൽ ഒരു ഓഹരിയും മേൽ പറയപ്പെട്ട മാത്തുതരകന്റെ ധനത്തിൽ നിന്നു കിട്ടിവരുന്ന ആദായവും സുറിയാനിക്കാർക്കു കിട്ടേണ്ടതാകുന്നുവെന്നു വാദിച്ചിട്ടുള്ളതുമാകുന്നു. മാത്തുതരകന്റെ പണത്തിന്റെ ആദായമെന്നു ശ്രുതി തിരുവിതാംകൂർ സ്റ്റേറ്റ് റെക്കാർഡ് മാനുവൽ ചരിത്രപുസ്തകത്തിൽ പേർപ്പാനായി ഉണ്ടാക്കിയ രസീതുണ്ടു മെക്കൻസിയുടെ പുസ്തകത്തിൽ വിവരിച്ചതിനാൽ ആ ഭാഗം ടി. പുസ്തകത്തിൽ നിന്നും മാറ്റിയെഴുതുകയുന്നതിനു വേണ്ടി വരാപ്പുഴ മിഷ്യനരിമാർ പ്രത്യേക ശ്രമം ചെയ്തു

തായും ഇതിനേക്കുറിച്ചു ചില എഴുത്തുകുത്തുകൾ യാക്കോബായ അസ്സോസ്യേഷൻ സിക്രട്ടരിയുമായി അവർ ചെയ്തതായും അറിവുണ്ട്. ഇപ്പോഴത്തെ അവർ തമ്മിൽ ഒത്തു എന്നതിനെ വിചാരിക്കാം. മെക്കെൻസി എൻഡ്രൂ—ൽ പ്രസിദ്ധപ്പെടുത്തിയ രണ്ടാം പരിപ്പു ൻ്റ—ാം പുറത്തിൽ ടിപ്പണത്തെ സംബന്ധിച്ചു പറയുന്നതിൽ മേൽ പറയപ്പെട്ടരണ്ടുമൂന്നതും അഭിപ്രായങ്ങളെ ഉപേക്ഷിച്ചുവെച്ചു "Whence came the money which was thus invested is not known അതായതു: ഇങ്ങനെ പലിശകൊടുക്കപ്പെട്ട ദ്രവ്യം എവിടെനിന്നുണ്ടായി എന്നറിയപ്പെട്ടുന്നില്ല" എന്നുമാത്രമേ പറയുന്നൊള്ളു. കത്തോലിക്കരോമയിലെ അനുവാദംകിട്ടാതെ മെത്രാന്മാരുടെ മേൽ സർക്കാർ കോടതികളിൽ വിചാരം വ്യവഹാരങ്ങളെപ്പോലും പുറപ്പെടുവിപ്പാൻ പാടില്ലെന്നായിരുന്നാലും മനസ്സാക്ഷിപ്രകാരം നീതിപ്രകാരങ്ങളും സുറിയാനിക്കാർക്കു വരാപ്പുഴ മിസ്സനിൽ നിന്നും അവകാശം കിട്ടുവാനുള്ളതാകുന്നു.!!! മലയാളത്തിലുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സംക്ഷിപ്തചരിത്രം എന്നപേരായി ഫ്രൗൻസൻ—ൽ കൊച്ചിയിലെ വെസ്റ്റൻസ്റ്റർ അച്ചുകൂടത്തിൽ അച്ചടിപ്പിച്ച യാക്കോബ്യായക്കാരൻ കോട്ടയത്തു പുകടിയിൽ ഇട്ടുപ്പ റയ്ട്ടർ എഴുതിയമലയാളചരിത്രം ടിയാന്റെ മകൻ ജോസഫ് ഇട്ടുപ്പിനായി വീണ്ടും കോട്ടയത്തു നിന്നു എം. എസ്. പ്രസ്സിൽ ചന്മനം—ൽ അച്ചടിപ്പിക്കപ്പെട്ടപുസ്തകത്തിന്റെ മുഖം—മവ—മുൻ—മനും ഭാഗങ്ങളിൽ പറയുന്നതായതു, "ഇത്തൊരു ശേഷം അന്ത്യോഖ്യായിൽ നിന്നും ഒരു മേൽപട്ടക്കാരനെ വരുത്തി കൊടുക്കുന്ന കാര്യം കൊണ്ടു റസിഡണ്ടു കർത്തൻ മക്കാളി സായ്പുമാരുമായി (മാർ തോമ്മാ)മെത്രാപ്പോലീത്താ മുതൽ പേർ കൂലോചിച്ചുറെ പള്ളിക്കാർ എല്ലാവരും മെത്രാപ്പോവിത്തായും കൂടെ ഒരു സാധനം എഴുതിക്കൊടുത്തശേഷം അയയ്ക്കുന്ന അന്ത്യോഖ്യായ്ക്കു കൊടുത്തായച്ചു മെൽപട്ടക്കാരനെ വരുത്തിക്കൊടുക്കാമെന്നു വളരെ സന്തോഷത്തോടെ സായ്പുവർകളും കൂലിച്ചുപോയ ശേഷം തന്നെ മെത്രാപ്പോലീത്താസ്സുടെ വിചാരത്തിൽ കിടങ്ങല സുറിയാനി പള്ളിക്കാരിലെ ജനങ്ങളിൽ വിശ്വാസമില്ലായ്കയാൽ മറവും കാരണമൊന്നുമുണ്ടാക്കി ചിലവുകുറച്ചായി മതിയാരു ശബ്ദങ്ങളിൽ നിന്നു മൂവായിരം പുവരാഹൻ സായ്പുവർകൾ മദ്ധ്യതിരുവതാംകൂർ സർക്കാരിൽ പറഞ്ഞു ഇട്ടുകൊടുപ്പാൻ നിശ്ചയിച്ചിരിക്കുന്നുവെന്നും അതിന്റെ പലിശ മേലിൽ ആണ്ടുതോറും മെത്രാപ്പോലീത്താ പറ്റിക്കൊള്ളുന്നതെന്നും മുള്ള ഒരു സന്തോഷവർത്തമാനവും കൂടിച്ചേർത്തായ പ്രകാരത്തായച്ചു.

"..... കർണ്ണൽ മക്കാളിസായ്പുവർകളും മെത്രാപ്പോലീത്തായോടു പെയ്തിരുന്ന മുൻവാഗ്ദത്തപ്രകാരം പുത്തൻക്രാറ സുറിയാനിക്കാരുടെ പൊതുവിലുള്ള ഉപകാരത്തിനായി വെതേലവൻ മെത്രാപ്പോലീത്തായുടെ പേരിൽ മദ്രാസ് ശവമ്മെന്റിൽ ആണ്ടൊന്നാകാ ൧൦൦ ക

വ. വീതം പലിശ കിട്ടത്തക്കവണ്ണം പലിശയ്ക്കിട്ടിരിക്കുന്നു മൂവായിരം പൂ
വരാഹന്റെ ആധാരം മെത്രാപ്പോലീത്താ അവർകളെ മക്കാളിസ്സായ്പ്പവർ
കം ഏറ്റുപറ്റിക്കയും ഫ്രവ്ദൻ—ൻ കൊല്ലം സ്വ൫—ാമാണ്ടു മുതൽ അഞ്ചു
തോറും അതിന്റെ പലിശപ്പണം തിരുവിതാംക്രർ റസിഡണ്ടുസായ്പു
അവർകളുടെ ഖജനാവിൽ നിന്നും പറശീട്ടു കൊടുത്തു വാങ്ങിച്ചുകൊ
ള്ളത്തക്കവണ്ണം സായ്പവർകളുടെ കല്പനയും മെത്രാപ്പോലീത്തായുടെ
എഴുത്തും.

"പുത്തൻക്രു സൂറിയാനിപുള്ളികളിൽ ബഹുമാനപ്പെട്ട മാർ
തോമാമെത്രാൻ അവർകളെ കേൾപ്പിപ്പാൻ മഹാരാജശ്രീ കർണ്ണൽ
മക്കാളി സായ്പവർകൾ കല്പനക്കു എഴുതുന്നതെന്തെന്നാൽ; അങ്ങേ
കീഴിലുള്ള പള്ളികളിലെ മനോഗ്രണപ്രവൃത്തി ചിലവുവകയ്ക്കു ബഹുമാ
നപ്പെട്ട കുമ്പിനിയിൽ മൂവായിരം പൂവരാഹൻ പലിശയ്ക്കു ഇട്ടിരിക്കുന്നു
തിനു ആണ്ടുതോറും വ൪ം വരാഹൻ വീതം പലിശ കൂട്ടുന്നതു തിരുവി
താംക്രർ റസിഡണ്ടുസായ്പവർകളുടെ ഖജനാവിൽ നിന്നും അങ്ങു പ
റശീട്ടു എഴുതിക്കൊടുത്തു പലിശ വരാഹൻ വ൪ം—ം വാങ്ങിച്ചുകൊള്ളു
വാനുള്ളതാകകൊണ്ടു ഇതോടുകൂടി രണ്ടു പറശീട്ടികം അയച്ചിരിക്കു
ന്നതിൽ അങ്ങേ കയ്യൊപ്പിട്ടു കോച്ചിയിൽ ഖജനാസ്രാപ്പു രേസപ്പെടു
ത്തയച്ച മേൽപ്രകാരം പലിശ വാങ്ങിച്ചുകൊള്ളുകയും
വേണം. കുമ്പിനിയിൽ മുതലിട്ടിരിക്കുന്നതു പള്ളിക്കണക്കിൽ ധനമാ
സം ഫ്രാന്ദ- ആകയാൽ പറശീട്ടികളിലും ആ തീയതിതന്നെ ചേ
ത്തിരിക്കുന്നു. പറശീട്ടകം കൊടുത്തയച്ച പലിശ വരാഹൻ ഇരുന്നൂ
റിനാല്പതും സ്രാപ്പിനോടു വാങ്ങിക്കുന്ന അവസ്ഥയും വേണ്ടും കായ്ത്ത
ലക്കും എഴുതി വരുവാറാകയും വേണം".

ഇപ്പൈയ്യിനു എഴുതിയതു റയിട്ടർ ജാഞ്ചിയുപ്പാശ്.
അനന്തപദ്മനാഭൻ പൂന്തുറയിൽനിന്നും-
ഫ്രവ്ദൻ—കൊല്ലം സ്വ൫—വൃശ്ചികം ൨൦-ാന്നു-

ഇവിടത്തെ പ്പെയ്യി ആവിതു- യൌസേപ്പുകത്തനാരു മുതൽ
പേർ വശം കൊടുത്തയച്ച കടലാസും പറശീട്ടകം രണ്ടും എത്തി. മ
ഹാരാജശ്രീ കർണ്ണൽ മക്കാളി സായ്പവർകളെ കല്പനപ്രകാരം, പറ
ശീട്ടിയിൽ എഴുതിയിരിക്കുന്ന പൂവരാഹൻ വ൪ം—ക്കു കൊടുത്തയക്കുന്നു
സൂരത്ത രൂപാ വ൪ം—ംരം രൂപാ എണ്ണൂറിനാല്പതും അവിടെ ബോധി
പ്പിച്ച അവസ്ഥയും എന്നാൽവേണ്ടും കായ്ത്തിനും ഉത്തരവുണ്ടാക്കു
വേണ്ടിയിരിക്കുന്നു.

ഇച്ചെയ്തി എല്ലാം സുറിയാനി മാർ തോമ്മാമെത്രാൻ അവർകളുടെ സാധന എഴുത്തുകാരൻ വായിച്ചു മെത്രാനെ കേൾപിച്ചു വെയ്ക്കയുംവേണം.

ഇച്ചെയ്തിക്കു കൊച്ചിയിൽ നിന്നും എഴുതിയയ്ക്കുന്നു.
ഖജനാസ്രാപ്പു ദാസപ്പൈ അനന്തൻ
൧൦൭൯ – ധനു മാസം ൨൰ാം നു-"
(ടി. ഇട്ടുപ്പു വരിത്രം പുറം ഫന്ന)

ടി. പുസ്തകം— ഫൻ൧—ഫൻ൭— ഫൻ൯— ൦രം പുറങ്ങളിൽ പറയുന്നതാവിതു-

"മഹാകരെയാക്കോബ്യായ സുറിയാനിക്കാരുടെ പൊതുവിലുള്ള സിമ്മനാരിവകയ്ക്കു ബഹുമാനപ്പെട്ട ൦രംസ്റ്റിൻഡ്യാക്കമ്പിനിയിൽനിന്നും തിരുവിതാംകൂർ സക്കാരിൽ നിന്നും മുറയും കിട്ടിയിരിക്കുന്ന ദാനങ്ങളുടെ വിവരം.

൧-ാമതു മദ്രാസ്സു ഗവർൺമെൻറിൽ നിന്നും കണ്ണൽ മക്കാളി സായ്വർകൾ മുഖാന്തിരം മുവായിരം പൂവരാഹൻ സുറിയാനിക്കാരുടെ പൊതുവിലുള്ള ധർമ്മപ്രവൃത്തിക്കായി കൊടുക്കപ്പെട്ടിരിക്കുന്നതു ക്രിസ്ത്വാബ്ദം ഫപ്പവ—ധനു മാസം ഫ-൰നു- ആനാത്തെ വേദതലവൻ മാർതോമ്മാമെത്രാന്റെ പേരിൽ കർണ്ണൽ മക്കാളി സായ്വർകൾ ആധാരം എഴുതിച്ചു കൊടുത്തിരിക്കുന്നു-

൨-ാമതു തിരുവല്ലാപ്പള്ളി പോറ്റിമാർ മുതലായവർ ക്രൂടി ചൂട്ടുകളുടെ സംഗതിയും മറവും കാണിച്ചു തിരുവല്ലാപ്പള്ളി ഇടവകക്കാർ ഹർജി ബോധിപ്പിയ്ക്കയാൽ തിരുമനസ്സു കൊണ്ടു കല്പിച്ചു സുറിയാനിക്കാരുടെ പൊതുവിലെ മുന്നത്തിനുവേണ്ടി ഫവ്വഫന്ന-ൽ വ്യാധം—രൂപാ ദാനമായി കൊടുത്തിരിക്കുന്നു

൩—ാമതു മാത്തുതരകൻ മുതലാളിയ്ക്കു തിരുവിതാംകൂർ സക്കാരിൽ നിന്നും ഏറിയ മുതൽ കൊടുപ്പാനുണ്ടായിരുന്നാറെ ദിവാൻജി മുതലായ സക്കാർ ഉദ്യോഗസ്ഥന്മാർ ആലപ്പുഴെക്കൂടി കണക്കുകൾനോക്കിയാറെ എൺപതിനായിരം പണം മാത്രമെന്നു കണ്ടു തിരുകയും മാത്തുതരകൻ അന്യം നിന്നുപോകയും ചെയ്കയാൽ ൦രം പണം ഉൾപ്പെടെ ൫൦൦൦-രൂപാ തിരുവിതാംകൂർ സക്കാരിൽനിന്നും ബഹുമാനപ്പെട്ട മദ്രാസായ്വർകൾ കൃപയാൽ സിമ്മനാരിവകയ്ക്കു ദാനമായി കൊടുപ്പിച്ചു, എന്നാൽ മുൻ ഫൈൻ—നു കൊല്ലം ൯ൽ-ൽ മാത്തുതരകൻ സക്കാർ ബലത്തോടുകൂടെ സുറിയാനിക്കാരെ ഞെരുക്കംചെയ്തു

കൊടുത്തുവെപ്പിച്ച മുതലിനെ ഇതു പകരമെന്നു വിചാരിപ്പാനില്ലെങ്കിലും സുറിയാനിക്കാർക്ക് പൊതുവിൽ ഉപകാരമായിട്ടതെ തീരുവാൻ സംഗതിയായുള്ളൂ.

൪-ാമതു തിരുവിതാംകൂർ സർക്കാരിൽ നിന്നു മേൽപ്രകാരം മുതലുകൾ സിമ്മനാരി വകയ്ക്കും സിമ്മനാരി ഇരിക്കുന്ന സ്ഥലം ജന്മമായി കല്പിച്ചും കൊടുത്തിട്ടുള്ളതു കൂടാതെ, റാണി മഹാരാജാവവർകൾ തിരുമനസ്സുകൊണ്ടു കൊല്ലത്തിനടുത്തതായ കല്ലടയെന്നൊരു ദേശം സുറിയാനിക്കാരുടെ പ്രത്യേക ഉപകാരത്തിനുവേണ്ടി അനുവദിച്ചു കല്പിച്ചു നീട്ടം കൊടുത്തിട്ടുള്ളതാകുന്നു.

൫-ാമതു മേലെഴുതിയ വകകൾ കൂടാതെ അന്നു സിമ്മനാരിയിലെ പഠിത്വകാര്യവും മറ്റും വിചാരിച്ചു ഇംഗ്ലീഷ് മിഷ്യനാരിമാരുടെ ഉത്സാഹത്താലും കാരോ ദാനങ്ങൾ ലഭിക്കപ്പെട്ടിട്ടുണ്ടായിരുന്നു. എന്തെന്നാൽ മിഷ്യനാരിമാരിൽ വെച്ചു കേംബ്രിഡ്ജുവനും സുറിയാനിക്കാരുടെ ഗുണീകരണത്തിനും പഠിത്വ വർദ്ധനയ്ക്കും വളരെ ഉത്സാഹിച്ചവനായ മിസ്റ്റർ ജോസെഫ് ഫെൻ സായ്പവർകൾ ബിലാത്തിയിൽ തനിക്കു വേണ്ടുന്ന സജ്ജനങ്ങളുടെ ഇടയിൽ നിന്നും ൦രം സിമ്മനാരിയിൽ വേദപുസ്തകം മുതലായവകളുടെ അച്ചടിപ്പു വകയ്ക്കും സുറിയാനി പൈതങ്ങളേയും പട്ടക്കാരേയും വിദ്യ അഭ്യസിപ്പിക്കുന്നതിനും സുറിയാനി പള്ളികളെ പണിയിക്കുന്നതിലേക്കും വേണ്ടി ൧൮൦൦— രൂപായ്ക്കുമേൽ പിരിപ്പിച്ചു വരുത്തിയതും സിമ്മനാരി വകയായിട്ടു തന്നു ചേർത്തിരുന്നു."

(ടി. പുസ്തകം ൧൯-ാം പുറം കാൺക)

ഈ മേല്പറയപ്പെട്ട ദാനങ്ങൾ മിക്കതും ഇപ്പോൾ യാക്കോബായക്കാർക്കുള്ളതായിരിക്കുന്നു. ഇപ്രകാരമുള്ള സഹായങ്ങൾ കത്തോലിക്കരായ സുറിയാനിക്കാരുടെ പൊതു ഗുണത്തിനു വേണ്ടിയും കുന്നിനീയാകിൽനിന്നും തിരുവിതാംകൂർ, കൊച്ചി, മുതലായ സർക്കാരിൽ നിന്നും കരമൊഴിവായും മറ്റു ദാനങ്ങളാലും ലഭിച്ചതൊക്കയും വരാപ്പുഴെ മിഷ്യനാരിമാർതന്നെ ഇപ്പോഴും അനുഭവിച്ചുവരുന്നു. കത്തോലിക്കസുറിയാനിക്കാർക്ക് ഇപ്പോൾ ഇതു വക യാതൊന്നുമില്ലാ!!!

തുലുങ്ങാട്ടു പള്ളി ഇടവകക്കാരനും ഉയർന്ന എന്നു ഇപ്പോൾ വിളിക്കപ്പെട്ടവരുന്നവനുമായ ഗൃഹസ്ഥ കുടുംബക്കാർ ൧൭൧൦-മുതൽ ൧൭൩൦-വരെ വരാപ്പുഴെ വികാരി അപ്പസ്തോലിക്കയായി ഇരിച്ചിരുന്ന ബെയാഹന്നാൻ ബവ്ട്ടീസ്റ്റായെന്ന മെത്രാനു വളരെ ധനസഹായം ചെയ്തിട്ടുണ്ടായിരുന്നു. പ്രത്യേകിച്ചും യുറോപ്പിൽനിന്നും ധനസഹായം കിട്ടാതെ വളരെ ഞെരുങ്ങിയിരുന്നിട്ടും ആ സമയം മേലെഴുതിയ ഉയർന്നോർ കുടുംബക്കാർ വളരെ സഹായിക്കുകയും മിസ്സനറിന്റെ ചിലവി

നമ്മളവ മുഴുവനും കൊടുക്കുകയും ചെയ്തിട്ടുണ്ട്. മിസ്സ്യത്തിനു സ്വത്തുണ്ടായപ്പോൾ ആ വക ദ്രവ്യം മുഴുവനും മടക്കിക്കൊടുത്തു എങ്കിലും അയാൾ അതിനെ വാങ്ങിക്കാതെ മിസ്സ്യത്തിനു സൌജന്യമായി കൊടുക്കുകയാണുചെയ്തതു. മേൽപ്രകാരമുള്ള ഔദാര്യത്തെപ്പറ്റി വരാപ്പുഴയുടെ ടി. മെത്രാനും മിശ്യനരിമാരും സന്തോഷിച്ചു മാപ്പാപ്പായോടു ആ ക്രിസ്ത്യാനിയുടെ ഔദാര്യത്തെപ്പറ്റി പ്രശംസിച്ചതിനാൽ മാപ്പാപ്പാ, ഏതാനുംകാലംമുൻപെ പതിനാറാം ലേയോ പാപ്പാ പറായിവക്കിത്തരകനും ഉമ്മീസ് തരകനും "ഗ്രീഗോറിയോൻ മാടമ്പികകം" എന്നാ നാമധേയങ്ങളും മുദ്രകളും ലക്ഷ്യങ്ങളും കൊടുത്തയച്ചതുപോലെ, ദൂക്കാ എന്ന മാടമ്പിസ്ഥാനപ്പേരും മുദ്രയും വാളും മാലയും (ക്രി.വ-ാം യുഗാരംഭത്തിൽ)അയച്ചതുകൂടാതെ അപൂർവ്വമായ ഒരു സമ്മാനംകൂടെഅയച്ചിട്ടുണ്ടായിരുന്നു. അയതു പൂർവ്വകാലങ്ങളിൽ കിഴക്കൻ ദേശങ്ങളിലും ഐരോപ്പയിലും ഉണ്ടാക്കിട്ടുള്ളതാണു. അതായതു: മരുന്നായി ഉപയോഗിക്കുന്ന ഉണങ്ങിയ ഒരു പുഷ്പം, അയതു സാധാരണ വാടിയതുപോലിരിക്കും. പൂട്ടവെള്ളത്തിൽ ഇട്ടുമ്പോൾ തളർത്തു വിടർന്നു വരുന്നതുപോലെ കാണിച്ചു പത്രപ്പെട്ടിയുടെ സമ്പ്രദായത്തിൽ അകുകയും കുറേനേരം കഴിയുമ്പോൾ മുൻപോലെ ഉണങ്ങിയ ഭാവത്തിൽ അയിത്തീരുകയും ചെയ്യും. ഇപ്രകാരം ഉള്ള ഒരു വസ്തുവിനെയാണു സമ്മാനമായി അയച്ചിരുന്നതു. മേല്പറഞ്ഞ ക്രിസ്ത്യാനിയുടെ വംശപ്പേരു ഇപ്പോൾ ഉതക്കനെന്നാണു. അയതു "ദൂക്കു്" എന്ന പേർ വഷളാക്കി "ഉതക്കൻ" എന്നു പറഞ്ഞുപോരുന്നതാണു- ഒരം കുടുംബക്കാർ ഇപ്പോൾ തത്തമ്പള്ളിയിലും ഇടക്കളത്തും ഉണ്ടായിരിക്കുന്നു. തിരുവിതാംകൂർ, കൊച്ചി, എന്നീ രണ്ടു കോയിമ്മകകം തമ്മിൽ ബലമായി വാദിച്ചിരുന്ന "ഇടിയറമാട്ടു" എന്നവളരെ മുതലെടുപ്പുള്ള മല ഇവരുടെ സ്വന്ത ഭൂമിയാണു. ഇതിന്റെ ആധാരങ്ങളും ഇപ്പോഴും നിശ്ചലമായി ഇവരുടെ കുടുംബത്തിൽ കാക്കപ്പെട്ടുന്നു.

അപ്രകാരം തന്നെ ആലുവായിൽ മംഗലപ്പുഴ എന്നാ സ്ഥലവും അതിലുള്ള കെട്ടിടങ്ങളും പോർട്ടുഗീസു "പട്ടവാദ" കീഴ്കൊടുങ്ങല്ലൂർ രൂപതയിൽ സുറിയാനിക്കാർക്കു തനിച്ചു സെമനാരി വകയ്ക്കായി സുറിയാനി പള്ളികളിൽ നിന്നും ചനം പിരിച്ചു കൊടുത്തു വാങ്ങിച്ചിട്ടുള്ളതും ഏറിയ കാലമായി ആയതിനെ സെമിനാരിയായി സുറിയാനിക്കാർ ഉപയോഗപ്പെടുത്തി വന്നതും ടി- സെമിനാരി കോട്ടയം തുശ്ശേർ, എന്നീ മിസ്സ്യങ്ങൾ സുറിയാനിക്കാർക്കു തനിച്ചായി ഉണ്ടായ, ക്രിവ്വു-ാം കാലംവരെ നിലനിന്നിട്ടുള്ളതുമാകുന്നു. ടി. കെട്ടിടത്തിനു തന്നെ പതിനായിരം (ക്രി൦൦൦) രൂപായ്ക്കു മേൽ ചിലവു വന്നിട്ടുള്ളതുമാകുന്നു. ഇതിപ്പോൾ കൊച്ചീരൂപത അതുത്തിയുടെ പുറമെ എറണാകുളം സുറിയാനി മിസ്സ്യത്തിന്റെ അതുത്തിക്കുള്ളിൽ ഇരിക്കുന്നുവെങ്കിലും അയതു കൊച്ചീ രൂപത മെത്രാനും കൂട്ടർക്കും വേനൽക്കാലത്തു

കളിച്ചുല്ലസിച്ചു താമസിക്കുന്നതിനു ഉപയോഗപ്പെട്ടുത്തിവരുന്നു. ഇതിനെക്കുറിച്ചു സുറിയാനി മെത്രാന്മാർ വാദിച്ചു പ്രകാരം സുറിയാനിക്കാർക്കു ഇതു വിട്ടുകൊടുക്കേണ്ടതെന്നു റോമാ തീരുമാനിച്ചിട്ടുണ്ടെന്നുമാണു കേൾവി. എങ്കിലും ആയതു വിട്ടുകൊടുക്കാതെ ഇപ്പോഴും കൊച്ചി മെത്രാനവർകൾ കൈവശം വെച്ചുകൊണ്ടിരിക്കയാണു ചെയ്യുന്നതു. ഇങ്ങനെ എല്ലാപ്രകാരത്താലും സുറിയാനിക്കാർ, ലത്തീൻ മെത്രാന്മാരുടെ കീഴ് പൂണ്ടു യുഗം കിടന്നശേഷം അവരെ നഗ്നന്മാരായിട്ടത്രെ വേർതിരിച്ചതു.

ശീമയിൽ നിന്നുള്ള ധനസഹായവും സുറിയാനിക്കാർക്കു നിറുത്തലാക്കപ്പെട്ടിക്കുന്നു. എന്നാൽ മലയാളത്തു തന്നെയും ഉള്ള ശീമക്കാർക്കു അയതു നിറുത്തലാക്കപ്പെട്ടിട്ടില്ലതാനും!!

ഇനി മെഡ്‌ലിക്കോട്ടമെത്രാൻ തന്റെ ലേഖനത്തിൽ ഒടുവിൽ പറഞ്ഞിരിക്കുന്ന ചിരിക്കത്തക്ക ഒരു സംഗതിയുടെ വാസ്തവം ക്രടെയും താഴെ കാണിച്ചു അവസാനിപ്പിക്കാം. "എബ്ദയേസു എന്ന പാതിരിയക്കിസിനാൽ ഇൻഡ്യയിലേയ്ക്കു അയക്കപ്പെട്ട യെശയസ്പു മെത്രാനിലും അതിന്റെ ശേഷമായി നാട്ടിലേയ്ക്കു വന്നവരും പരിശോധനത്തിൽ യാതൊരു വിധ വിശ്വാസസത്യങ്ങളും ചെയ്തിട്ടില്ലാത്തവരെന്നു കാണപ്പെട്ടവരും അയ മറ്റു പലആളുകളിലും നെസ്തോറിയൻ പാഷാണ്ഡ വിശ്വാസമുണ്ടെന്നു കണ്ടു പിടിച്ചവരായ പോർട്ടുഗീസു വൈദിക മേലദ്ധ്യക്ഷന്മാർ ഒരുവിധത്തിലും തെറ്റിപ്പോയിട്ടില്ലെന്നും തെറ്റിപ്പോയിട്ടുണ്ടെന്നു വിചാരിപ്പാൻ ന്യായമില്ലെന്നും മേൽ വിവരിച്ചതൊളമുള്ള സംഗതികളിൽ നിന്നും കാണാവുന്നതാകുന്നു." പോർട്ടുഗീസു വൈദീകർ തെറ്റാവരക്കാരായിരിക്കുന്നു വെന്നു മെഡ്‌ലിക്കോട്ടമെത്രാൻ സങ്കല്പിച്ചതുകൊണ്ടു അദ്ദേഹത്തിനോടെങ്കിലും ഒരു ബഹുമാനം അവർ ചെയ്യേണ്ടതാണു- പ്രത്യേകമായി തെറ്റിപ്പോയിട്ടുണ്ടെന്നു വിചാരിപ്പാൻ പോലും ന്യായമില്ലെന്നു പറയുന്നു- അപ്പോഴൊ അങ്ങനെ സന്ദേഹപ്പെടുവാൻ പോലും പാടില്ല. എന്നാൽ ഇതിന്റെ യഥാർത്ഥം എത്രത്തോളമാകുന്നു വെന്നു കാണിക്കാം- ക്രി.പി.—ലും ക്രി.വ.—ലും ഗോവയിൽ ക്രൂടിയ സൂനഹദോസുകളുടെ നിയമങ്ങൾ കൊണ്ടു ഗോവയിലുണ്ടായിരുന്ന പോർട്ടുഗീസു വൈദീകരൊക്കെയും, അന്നത്തെ പോപ്പിൽ പാത്രീയക്കീസു സത്യവിശ്വാസത്തിലിരിക്കുന്നുവെന്നു, സാക്ഷ്യപ്പെട്ടുത്തുന്നു. ര—ാം പീയുസു മാർപ്പാപ്പായുടെ, ഗോവാമെത്രാപ്പോലീത്തായ്ക്കുള്ള, എഴുത്തുകൊണ്ടു എബ്ദയേസു കത്തോലിക്കനാകുന്നു വെന്നും സാക്ഷ്യപ്പെടുന്നു. അദ്ദേഹം വിട്ടു എന്നു പറയുന്നാർ യെശയസ്പു മെത്രാനിലും മാർ അബ്രാഹം മെത്രാനിലും കത്തോലിക്കാ വിശ്വാസം അശേഷം ഇല്ലാതിരുന്നുവേന്നു പോർട്ടുഗീസു വൈദിക മേലദ്ധ്യക്ഷന്മാർ വിധിച്ചതു തെറ്റിപ്പോയിട്ടില്ലെന്നും തെറ്റി

പ്പോയിട്ടുണ്ടെന്നു വിചാരിപ്പാൻ ന്യായമില്ലെന്നും മെഡ്‌ലിക്കോട്ട മെത്രാൻ പറയുന്നതിന്റെ സത്യം ഒന്നു പരിശോധിക്കാം. ൧—ാമതായി മാർ യെഹൗസെപ്പു മെത്രാൻ, വേദസാക്ഷിയായി മരിച്ച സുലാക്കാ പായീയക്കിസിന്റെ ഉറ്റ സഹോദരനാണു. ഇദ്ദേഹം നെസ്തോറിയൻ പാഷാണ്ഡമതം അനുസരിച്ചിരിക്കുന്നു വെന്നു ഗോവയിലെ പോർട്ടുഗീസു വൈദീകർ വിധിച്ചു ഇദ്ദേഹത്തെ പോർട്ടുഗാലിലേയ്ക്കു കൂട്ടി അയച്ചു- അവിടെ, ഗോവയിലുള്ള പോർട്ടുഗീസുകാരുടെ സ്വാധിനപ്രകാരം ഒരു പാറാവിലാണു ഇദ്ദേഹത്തെ ഇട്ടിരുന്നതു. അന്നു പോർട്ടുഗാലിൽ കത്രിനാ എന്നു പറയപ്പെട്ടുന്ന രാജ്ഞിയാണു വാണിരുന്നതു. ഒരിക്കൽ രാജ്ഞി സവാരിചെയ്യുമ്പോകുമ്പോൾ മാർ യെഹൗസെപ്പു മെത്രാൻ അടെക്കപ്പെട്ടിരുന്ന പാറാവിൻ ജനൽകൽ അനേകം പേർ നിന്നു മനോഹരണങ്ങളം അപേക്ഷിക്കുന്നതിനെക്കണ്ടു കാര്യം എന്തെന്നു രാജ്ഞി തിരക്കിയപ്പോൾ, മാർ യെഹൗസെപ്പു മെത്രാന്റെ സ്ഥിതി ഒക്കെയും രാജ്ഞി അറിഞ്ഞു അന്നു പോർട്ടുഗാളിൽ ഉണ്ടായിരുന്ന രാജകുടുംബക്കാരനായ ഡോൻറീക്കോസു ഇൻഫ്ന്തെ എന്നു കർദ്ദിനാളിന്റെ മുമ്പാകെ മാർ യെഹൗസെപ്പു മെത്രാനെ വിസ്തരിക്കുന്നതിന്നായി ഏർപ്പിച്ചു- അദ്ദേഹം നന്നായി പരിശോധനചെയ്തതിൽ മാർ യെഹൗസെപ്പു മെത്രാന്റെ വിശ്വാസവും ജ്ഞാനവും പുണ്യവും നന്നായി ഗ്രഹിച്ചു ഗോവാ മെത്രാപ്പോലിത്തായുടെ ഗോവയിലേ പോർട്ടുഗീസു വൈസ്രായിക്കും ഔദ്യരവും ശാസനാസൂചകവുമായ എഴുത്തോടുകൂടി മാർ യെഹൗസെപ്പു മെത്രാനെ അയച്ചു. ഏന്നാൽ രാജ്ഞിയുടെ എഴുത്തുകൊണ്ടു ഗോവാ മെത്രാപ്പോലിത്തായും വൈസ്രായിയും മാർ യെഹൗസെപ്പു മെത്രാന്റെ നേരെ അവർക്കുണ്ടായിരുന്ന ദ്വേഷം മുഴുവനും വിട്ടില്ലാ. വീണ്ടും അദ്ദേഹം കുറെ നാൾ ഗോവയിൽ തടയപ്പെട്ട എങ്കിലും രഹസ്യമായി ഒരു പടവിൽ കേറി എറണാകുളത്തുവന്നു ഉടൻ തന്നെ മലംപ്രദേശങ്ങളിലേയ്ക്കു പോയി തന്റെ ജനങ്ങളെ ഭരിപ്പാൻ തുടങ്ങി. മാർ യെഹൗസെപ്പു മെത്രാൻ പോർട്ടുഗീസു അധികാരത്തിൽ നിന്നു ഒഴിഞ്ഞു നാട്ടു രാജാക്കന്മാരുടെ അധീനതയിൽ ഇരുന്നതുകൊണ്ടു അദ്ദേഹത്തെ ഉടനെ പിടിപ്പിപ്പാൻ കഴിഞ്ഞില്ല. കൊച്ചീ മെത്രാൻ സ്ഥാനാരോഹത്തിൽ വിരുന്നിനായി യെഹൗസെപ്പു മെത്രാനെ കൊച്ചിയിലേയ്ക്കു ക്ഷണിക്കയും അദ്ദേഹം കപടം ആലൊചിക്കാതെ കൊച്ചിയിൽ എത്തിയ സമയം പോർട്ടുഗീസു പട്ടാളം അദ്ദേഹത്തെ വളഞ്ഞു പിടിച്ചു കുപ്പൽ കേറി റോമാപുരിക്കു അയക്കുകയും ചെയ്തു. ൧൬൫൫—ാം പീയൂസു എന്ന റോമാമാർപ്പാപ്പാ മാർ യെഹൗസെപ്പു മെത്രാന്റെ കാര്യം വിസ്തരിച്ചതിൽ, കൊൻകപ്പിസ്താദോ എന്ന ചരിത്രത്തിൽ പറയുന്നതുപോലെ, മാർപ്പാപ്പാ അദ്ദേഹത്തിന്റെ പുണ്യവും മാനം അറിഞ്ഞു അദ്ദേഹത്തെ കർദ്ദിനാളിന്റെ സ്ഥാനത്തിന്നുയർത്തുവാൻ തീരുമാനിച്ചു. വൈരികൾ ഇതറിഞ്ഞു. എങ്ങനെയൊ മാർ യെഹൗസെപ്പു കർദ്ദിനാൾ

തൊപ്പി ഏൽപ്പാൻ നിശ്ചയിക്കപ്പെട്ടിരുന്നതിന്റെ തലേദിവസം തന്റെ വാസസ്ഥലത്തു ജീവൻ പോയിക്കിടക്കുന്നതായി കാണപ്പെട്ടു. യെഴസെപ്പു മെത്രാന്റെ മരണ വിവരം എഴുതിയിരിക്കുന്ന പോർട്ടുഗീസു ചരിത്രക്കാരുടെ സന്തോഷം കണ്ടാൽ യെഴസെപ്പു മെത്രാന്റെ മരണഹേതു എന്തെന്നു വായനക്കാർക്കു ബോധിക്കാവുന്നതാണു. അപ്പോഴോ യെഴസെപ്പു മെത്രാൻ കത്തോലിക്ക വിശ്വാസത്തിൽ വളരെ ധീരനും തന്റെ സഹോദരനായ സൂലാക്കാ പാതിയക്കിസിനൊട്ടു ശരിയായി ദൈവസ്തുതിയെക്കുറിച്ചു മരണം പ്രാപിച്ചവനുമായിരിക്കുന്നു. മാർപ്പാപ്പായുടെ വിധിയും പോർട്ടുഗാളിലെ വിശ്വാസപരിശോധനയുടെ അധിപനായ ഇൻഫ്ഫാന്താ കർദ്ദിനാളിന്റെ വിധിയും യെഴസെപ്പു മെത്രാൻ കത്തോലിക്ക വിശ്വാസിയാകുന്നു എന്നു മാത്രം. മെഡ്ലിക്കോട്ടു മെത്രാൻ ദൈവാ മേലദ്ധ്യക്ഷന്മാർക്കു തെറ്റിട്ടില്ലെന്നും തെറ്റി യെന്നു വിചാരിപ്പാനും കൂടി പാടില്ല എന്നും തീരുമാനിച്ച സ്ഥിതിയിൽ റോമാ മാർപ്പാപ്പായും പോർട്ടുഗാളിലെ ഇൻഫാന്തകർദ്ദിനാളിനും അദ്ദേഹത്തിന്റെ സംഘക്കാർക്കും തെറ്റി എന്നു വരുന്നു. മാർപ്പാപ്പായുടെ വിശ്വാസകാര്യങ്ങളിൽ തെറ്റില്ലാ വരം ഉണ്ടെന്നു വന്നിക്കാൻ സംഘത്തിലെ ൧൦൦ മെത്രാന്മാരുടെ ഒരു വിധിയുണ്ടായിരിക്കുന്നു. അതിനും പുറമെ നടപടിക്കാര്യങ്ങളിൽ റോമാ സംഘത്തിനു എല്ലാ സംഘക്കാരേക്കാളും സത്യം തീരുമാനിപ്പാൻ അതി സാമർത്ഥ്യമുണ്ടെന്നു ഗണിക്കപ്പെട്ടിരിക്കുന്നു. അയതുമ മെഡ്ലിക്കോട്ട മെത്രാൻ നിഷേധിക്കയാണു ചെയ്തിരിക്കുന്നതു. സ്പഷ്ടമായി തന്റെ ലേഖനത്തിൽ മെഡ്ലിക്കോട്ട മെത്രാൻ പറയുന്നതു "കേവലക്കാരായ കിഴക്കരാൽ റോമാക്കാരായ വേദശാസ്ത്രികം നിശ്ചയമായി ഇങ്ങനെ വഞ്ചിക്കപ്പെട്ടുപോയി". ഹേ! ലത്തീൻകാരനായ വൈദികരെ! ലത്തീൻകാരായ മെഡ്ലിക്കോട്ട് മെത്രാൻ പറയുന്നതു കേട്ടുകൊൾവിൻ റോമാസംഘക്കാരായ ശാസ്ത്രികം കിഴക്കരാൽ വഞ്ചിക്കപ്പെട്ടുപോയിരിക്കുന്നു. റോമാശാസ്ത്രികം കിഴക്കരുടെ ശാസ്ത്രവിദ്യ കണ്ടുപിടിക്കുന്നതിനു തന്നിയില്ലാത്തവരായിരിക്കുന്നു. മാപ്പാപ്പായും നിശ്ചയമായിട്ടു തന്നിയില്ലാത്തവനായിരിക്കുന്നു. എന്തെന്നാൽ റോമാശാസ്ത്രികളുടെ പരിശോധനയും മാപ്പുപ്പാ സന്ദേഹങ്ങളെ ഏൽപ്പിക്കയും അവരുടെ വിധിയെ മാപ്പാപ്പാ ഉറപ്പിക്കയും ചെയ്യുന്നു. അവർ വഞ്ചിക്കപ്പെട്ടുപോയി എന്നു മെഡ്ലിക്കോട്ട മെത്രാൻ പറയുന്നു. അപ്പോഴോ ലത്തീൻകാരായ വൈദികരാണു മാപ്പാപ്പായുടെ തീരുമാനങ്ങളെ ബലഹീനമാക്കുന്നതെന്നു ഞാൻ പറഞ്ഞതിന്മേൽ ലത്തീൻകാരായ വൈദികർക്കു യാതൊരു പരിഭവവും വിചാരിപ്പാനില്ല.

വിശേഷിച്ചും അത്യാഹം മെത്രാനെ, ജനസ്സോറിയൻ പാഷാണ്ഡവിശ്വാസക്കാരനാകുന്നുവെന്നു ഗോവാ മേലദ്ധ്യക്ഷനും വൈദികസംഘവും തീരുമാനിച്ചു. ബന്ധുക്കളോടു കൂടി റോമാപുരിക്കയച്ചു. അവ

ടെ ൪-ാം പീയൂസു മാപ്പിപ്പാ, അബ്രാഹം മെത്രാപ്പൊലീത്താ കത്തോലിക്കാ വിശ്വാസക്കാരനാകുന്നുവെന്നും പുണ്യവാനാകുന്നുവെന്നും തീരുമാനിച്ച ശേഷവുള്ള മേലദ്ധ്യക്ഷനും വൈസ്രായിക്കും ശ്ലൂഹാർശ എഴുത്തുകളോട് കൂടി അയച്ചു. ഉടനെ ശേഷം മേലദ്ധ്യക്ഷനും വൈസ്രായിയും അദ്ദേഹത്തെ ശേഷവിൽ പാറാവിൽ വെയ്ക്കയാണ ചെയ്തു. മെഡ്ളിക്കോട്ട മെത്രാനച്ചു! കൊച്ചി മെത്രാനച്ചു! ലത്തീൻ വൈദികരേ! ൪-ാം പീയൂസുമാപ്പിപ്പായുടെ കല്പനകളെ ശേഷവാ മെത്രാപ്പൊലീത്തായും മറ്റും അനുസരിക്കേണ്ടുംവിധം ഇപ്രകാരമാണൊ? പറവിൻ! !

പിന്നെയും ബാബേലിലെ പാത്രീയക്കീസു ഷിമെവു-ൽ മാർ സിമോൻ എന്ന കൽദായമെത്രാനെ മലങ്കരയ്ക്കു അയച്ചു. അദ്ദേഹം ഇവിടെ വന്നയുടനെ തന്നെ ശേഷവാമെത്രാപ്പൊലീത്തായും ൦രംശൊ സഭക്കാരും അദ്ദേഹം നെസ്തോറിയൻ പാഷാണ്ഡവിശ്വാസക്കാരനാകുന്നുവെന്ന പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. എന്നാൽ അദ്ദേഹം പ്രംസീസ്സു സഭാസന്യാസികളുടെ ഉപദേശപ്രകാരം റോമാപുരിയിൽ മാപ്പിപ്പായുടെ പക്കൽ പോയി. ഇദ്ദേഹത്തെപ്പറ്റി മെക്കൻസി പോർട്ടുഗീസു ചരിത്രങ്ങളിൽനിന്നു എടുത്തു കാണിച്ചിട്ടുള്ള വിവരം താഴെ ചേർക്കുന്നു- മെക്കൻസി ൧൦-൨൧ പക്ഷങ്ങൾ "മാർശേമഒൻ റോമാപുരിയിൽ എത്തിയപ്പോൾ ഇദ്ദേഹത്തെപ്പറ്റി ഒരു വിചാരണനടത്തുന്നതിനായി ൪-ാം സിക്സ്തുസ് മാപ്പിപ്പാ കല്പിക്കയും ഉപദേശം കൈക്കൊള്ളുന്നതിനായി ശേമഒൻ ഒരു ആശ്രമത്തിൽ പോയി അടങ്ങിയിരിക്കണമെന്നു തീരുമാനിക്കയും ചെയ്തു ഇങ്ങനെ ശേമഒൻ ൨-ാം ഫിലിപ്പോസു രാജാവിനു എഴുതിക്കൊടുത്തു. അയാൾ ഇദ്ദേഹത്തെ ലിസബോയിലെ ഒരു ആശ്രമത്തിൽ പാർപ്പിച്ചു. ക്രിസ്തു-ൽ മേനെസിസ് മെത്രാപ്പൊലീത്താ ഇൻഡ്യയിലേക്കു പുറപ്പെടാറായിരിക്കയിൽ മാർ ശേമഒനെക്കൊണ്ടു അദ്ദേഹത്തിനു ഇൻഡ്യയിൽ വല്ല പ്രയോജനവുമുണ്ടായേക്കാമെന്നു രാജാവു കരുതി മെത്രാപ്പൊലീത്തായെ അയൽപ്പിച്ചു- എന്നാൽ മെത്രാപ്പൊലീത്താ അതിനു മനസ്സാകാതെ മാർശേമഒനെ ലിസബോയിലുള്ള പ്രംനിസ്സു സഭക്കാരുടെ ഒരു ആശ്രമത്തിലാക്കി. അവിടെ വച്ചു ക്രിസ്തു-ൽ അദ്ദേഹം മരിച്ചു". (Appendix 183)

പോർട്ടുഗീസുകാരായ അനേകം ചരിത്രക്കാർ ശേമഒനെ നെസ്തോറിയൻ പാഷാണ്ഡവിശ്വാസക്കാരനാകുന്നുവെന്നും അദ്ദേഹം വെറും അൽമേനിയാകുന്നുവെന്നും ക്രടിപ്രസ്താവിച്ചിട്ടുണ്ടു. അവിധം റോമാമാപ്പിപ്പായുടെ പക്കൽ ബോധിപ്പിക്കയും ചെയ്തെങ്കിലും ശ്രമനും സമർത്ഥനുമായ ൪-ാം സിക്സ്തുസു എന്ന മാപ്പിപ്പാമാർ ശേമഒൻ മെത്രാപ്പൊലീത്തായെ സൂക്ഷ്മമായി പരിശോധിച്ചുവെങ്കിലും അദ്ദേഹം ഒരു കത്തോലിക്കാമെത്രാനായി കണ്ടെത്തിയതല്ലാതെ നെസ്തോറിയൻ പാഷാ

ണ്ഡകനായിട്ടോ അംമേനിയായിട്ടോ കണ്ടുപിടിച്ചു തീരുമാനിച്ചില്ല. എന്തെന്നാൽ അദ്ദേഹം നെസ്തോറിയൻ പാഷാണ്ഡവിശ്വാസക്കാരനായിരിക്കയോ അംമേനിയായിരിക്കയോ ചെയ്തിരുന്നുവെങ്കിൽ അദ്ദേഹത്തെ നിശ്ചയമായിട്ടു ബാബേലിലേക്കയക്കയോ ബന്ധവസ്സിലാക്കുകയോ ചെയ്യുമല്ലോ; അതൊന്നും ചെയ്യാതെ ഇൻഡ്യയിലേക്കു വിട്ടവനായി പോർട്ടുഗൽ രാജാവിനെ ഏൽപ്പിക്കയാണു ചെയ്തതു- പോർട്ടുഗൽ രാജാവും 'മാർശേമശാൻ മെത്രാന്റെ വിശ്വാസവും സദ്ഗുണജീവിതവും കണ്ടിട്ടില്ലയോ മലയാളത്തിലേയ്ക്കു കൊണ്ടുപോയി തന്റെ രീത്തുകളായ ജനങ്ങളെ ഭരിപ്പാനായി മെനേസിസു മെത്രാപ്പോലീത്തായെ ഏൽപ്പിച്ചതു- എന്നാൽ മേനെസിസു മെത്രാപ്പോലീത്താ, പോർട്ടുഗാളിൽ നിന്നു പുറപ്പെടുന്നതിനു മുൻപുതന്നെ മലങ്കരയെയുള്ള തോമ്മാനസ്രാണികളുടെ ഭരണം തന്റെ കൈക്കലാക്കണമെന്നും അതിനു തടസ്ഥമായിരിക്കുന്ന ബാബേൽ മെത്രാന്മാരുടെ ഭരണം ഇല്ലാതെയാക്കണമെന്നും കരുതിക്കൊണ്ടു, മാർശേമശാനെ പോർട്ടുഗലിലുത്തന്നെ ബന്ധവസ്സിലാക്കുകയും ചെയ്തു- അപ്പഴെ മെഡ്ലിക്കോട്ട മെത്രാൻ പറയുന്നതുപോലെ സുറിയാനി കൽദായ മെത്രാന്മാരെപ്പറ്റിയും ബാബേൽപാത്രിയർക്കീസിനെപ്പറ്റിയും ഗോവാ മെത്രാപ്പോലീത്താമാരും പോർട്ടുഗീസു വൈദികരും ചെയ്തിട്ടുള്ള തീരുമാനങ്ങൾ ഒക്കെയും തെറ്റിപ്പോയിട്ടില്ലെന്നും തെറ്റിപ്പോയിട്ടുണ്ടെന്നു വിചാരിപ്പാൻ ന്യായമില്ലെന്നും പറയുന്നതു വളരെ അബദ്ധമായിരിക്കുന്നുവെന്നും തെളിവാണു. എന്തെന്നാൽ ടിമൂന്നു മെത്രാന്മാരെയും സംബന്ധിച്ചു ഗോവാ മെത്രാപ്പോലീത്താമാരും ഉം ഇൻഡ്യയിൽ വസിച്ചിരുന്ന പോർട്ടുഗീസുവൈദികരും ചെയ്തതീരുമാനം റോമാമാപ്പുശ്ശാമാരും പോർട്ടുഗലിലെ രാജ്ഞിയും രാജാവും പോർട്ടുഗലിലെ മേലദ്ധ്യക്ഷന്മാരും ഭർത്സിച്ചുപേക്ഷിക്കുകയാണു ചെയ്തിരിക്കുന്നതു. പക്ഷെ മെഡ്ലിക്കോട്ട മെത്രാൻ വീണ്ടും പറയുന്നതു റോമാശാസ്ത്രികം നിശ്ചയമായി കിഴക്കരാൽ വഞ്ചിക്കപ്പെട്ടുപോയി എന്നാണു. റോമാശാസ്ത്രികം അപ്രകാരം വഞ്ചിക്കപ്പെടുന്നതിനു കിഴക്കരേക്കാൾ ശാസ്ത്രാഭ്യാസവും ബുദ്ധിയും കുറഞ്ഞതുകൊണ്ടാണോ അല്ലയോ? അതിന്റെ തീരുമാനം വത്തീൻവൈദികർതന്നെ ചെയ്യേണ്ടുന്നതിനായി ഞാൻ കയ്യാളിച്ചും കൊണ്ടു എന്റെ ഭാഗം വിവരണത്തെ ഇവിടെ നിർത്തുന്നു.



ഈ പുകസ്തത്തിൽ ഉണ്ടായിട്ടുള്ള അച്ചടിപ്പിഴകളിൽ
അർത്ഥഭേദമുണ്ടാകുന്നതായ സംഗതികളുടെ
ശുദ്ധിപത്രം

പുറം	വരി	അശുദ്ധം	സുശുദ്ധം
ന്ന	ക്ല	കുഴന്ത	കള്ളുത്ത
ഗ	35	Par	Por
ക്ൽ	സ്ര	മെത്രാനോട്	മെത്രാന്മാരോട്
സ	സ	ളെിപ്പെട്ടുത്തുന്നതിന	വെളിപ്പെടുത്തുന്നതിന
സ	സ	മാസീഞ്ഞോൻ	മാർ സീമ്മോൻ
സ്വ	സ	പ്രെയ്ഞ്ഞതാകുന്ന	പ്രെയ്ഞ്ഞതാകുന്ന എന്ന
ശ	ക	ശ്ലീഹ	പട്ടി
ര	ര	വസ്സ്വപ്പ	വാസ്തവപ്പു
ന	ന്ന	എങ്കൽ	എന്നാൽ
സ	ര	സിദ്ധമാകുന്നതുകല്ലോ	പ്രസിദ്ധമാകുന്നതുകല്ലോ
സ്ഥ	ഥ	മനസ്സിലാകയും	മനസ്സാകുയും
ഉ	സ്ര	കൊല്ലാക്കുവപ്രെയ്യാനന്ന	കൊല്ലാകുലപ്രെയ്യാശന്ന
ത്വ	സ	കാണ	കാണും
ൻൽ	സ	പ്രെയ്യുന്നാര	പ്രെയ്യുന്ന നേരത്തു
"	ന	നിർമൽസരുദ്ധിക	നിർമൽരുദ്ധികമായ
ഗ	സ്ര	ന്യായവരം	പുവരും
വ്വ	സ്വ	മെവടീകർ	പ്രെവടീകർ
ഞ്ഞ	ഞ്ഞ	ണനസരിച്ചു	അനുസരിപ്പിച്ചു
വ്വ	സ്വ	ഫ—ന്ന	ഫ—ന്ന
ൻർ	ന്ന	capitluam	capitulum
95	9	താണന്ന	കാണന്ന
ക്രമ	ന	ക്രന്തർ	ക്രന്തവ
ക്രപ	ന്ന	കരേന്ദാരിയായുടെ	കരേന്ദാരിയായുടെ
ക്രഷ	ക്ര	മന്ത്രാസിന്റെ	മല്ലാസിന്റെ
"	"	അപ്പോലിക്കാ	അപ്പസ്തോലിക്കാ
ക്രസ	ര	രാജാക്കന്മാരുടെ	രാജാക്കന്മാരുടെ
ക്രഹ	ഹ	സംഗതികരം	സംഗതികരംകൊണ്ടു
"	ന്ന	വന്നിരിക്കാകുന്നു	വന്നിരിക്കകൊണ്ടു
ക്രവ	ന്ന	ആതന	ആകന്ന
ക്രന്ന	ന്ന	ന്യായപ്രകാരത	ന്യായപ്രകാരം
"	ന്ന		

പുറം	വരി	അബദ്ധം	സുബദ്ധം
ക്ഷ്	ര്	വർമ്മലീന	കർമ്മചിന്താ
ക്ഷ്വ	വ	നന്ന	നിന്ന
ക്ഷര്	ര	വരികിൽ	വരികയിൽ
ക്ഷ്ര	ര	ല്പാർശയിൻപേരിൽ	ശിപാർശയിൻപേരിൽ
ക്ഷ്വ	ന	കയ്യിട്ടിയെസെപ്പന	കയ്യാരറിയെസെപ്പന
ക്ഷിൻ	ക്ഷ	അഹേത്തെ	അദ്ദേഹത്തെ
ക്ഷ്വ	ന്വ	അതിന്മുള്ള	അതിൻവണ്ണമുള്ള
ക്ഷ്വ	ര	ക്ഷവ	ക്ഷവ
ക്വ്യ	ക്ഷ	സ്ഥാനത്തിലും	സ്ഥാനവും
ക്വ്വ	ൻ	പട്ടക്കാരങ്ങാകണമെന്നും	പട്ടക്കാരങ്ങാകണമെന്നും
ക്വർ	ള	മൊള്ളക്കള	മൊളക്കളം
ട്ടി	ി	എട്ടിയ	എട്ടിര
ട്ടി	ര്	രാപ്പഴ	വരാപ്പഴ
ക്വ്ര	ന	പദവികളും സ്ഥാനമാനങ്ങളും തന്നെ	പദവികളും സ്ഥാനമാനങ്ങളും (തരികയും
ക്വ്വ	ന്വ	മാപ്പാപ്പാ ഇ	മാപ്പാപ്പാ ഇപ്പാടം മുത്തിക്കൊണ്ടു.
190	10	infintoo	infinitos
ന്ഠ	ന്ഡ	സീറായാൻ	സീറിയൻ
ന്ഫർ	ന്മ	ആയ	ആയി
ന്ഫ്വ	ന്മ	ക്രിസ്റ്റിക്രുസ	ക്രീത്തിക്കുസ്
ന്മ്ന	ന്ഫ	പ്രീ	പ്രീമാസ്
ന്മ്ന	ന്ഫാ	കിഴക്കേപള്ളി സുറിയാ (നിക്കാരുടേയും	കിഴക്കേ സുറിയാന'ക്കാരു [ടേയും
ന്മ്ന	ണ്ട	അക്കരക്കാട്ട	പരപ്പേർ
ന്മ്ന	ന്ധ	യടന്ന	നടന്ന
ന്മ്വ	ന്ഫ	വിവരം	വിവരണം
,,	ന്മ	മതചാരി	മതാചാരി
ന്ർ	ന്ർ	തിരുമണ്ഡികളത്തെ	തിരുവഞ്ചിക്കുളത്തു
ന്ർവ	ർ	നാലാം യുഗത്തിൽ	ഒൻപതാംയുഗത്തിൽ
,,	ൻ	സ്ലീസന്താനം	സ്ലീസന്താനത്തെ
ന്ർൻ	ന്ർ	തല്ലാമാർ	നല്ലാമാർ
ന്ധ്ര	ന്വ	കിട്ടിയപ്പോന	കിട്ടിയപ്പോൾ
ന്ധ്വ	ന്ന	ചെയ്യാൻ	ചെയ്യാസ്സാൻ
ന്ധ്ര	ന്വ	മ്മെയുരാജ്യത്തിലെ	ഗർമ്മേയരാജ്യത്തിലെ
ന്മെ	ന്ധ്ര	സംബന്ധമായി	സംബന്ധമായി
289	32	mnitas	muitas
ന്ർ	ന	ചിതറി	ചിതറിച്ചു
,,	ന്ഫ	ഉടയന്മാരെ	ഇടയന്മാരെ

പുറം	വരി	അബദ്ധം	സുബദ്ധം
ഫൻസ	ന	ഫാസ	ഫാസ്യ

ഫൻസ എന്നതിനു മുമ്പു കഴിഞ്ഞു ർറം, ർംക, ർംവ, എന്നിങ്ങനെയുള്ള പുറങ്ങളിൽ ന.ക്ഠ, ന.ക്ക, ന.ക്വ, എന്നു വായിക്കേണ്ടതാണ്.

312	27	Laques	Laqueus
,,	28	sunms	sumus
,,	ന.ർ	തെക്ക	തെക്കോ
,,	ന.ി	ത്തോമായുടെ	അപ്പൊസ്തോലിക്കാമായുടെ
,,	ന.ന	ക്കച്ചിലക്ക	റോമിലേക്ക
,,	ന.ൊ	നിമിറാ	നിത്തൽ
ന.വ്വ	ന.ാ	ങ്ങിനെ	ങ്ങിനീന
,,	ന.ച	അയച്ചില്ലാ	ങ്ങായച്ചിട്ടില്ല
,,	ന.ന	നിഷേധിക്കുന്ന	നിഷേധിക്കുന്ന
ന.ർാ	ക	പേരു	പേരുള്ള
ന.ർർ	ഫവ	പുറിയാനി	ന്നുറിയാനി
ന.ർ	ക്ക	രൂപതയിൽ	രൂപതയിലെ
ന.ർന	ഫന-ഫൊ	ഓർമ്മിക്കപ്പെട്ടു	ഓർമ്മിക്കപ്പെടണ
ന.ർൊ	ഫൊ-ഫവ	പെട്ടെന്ന	വെട്ടുള്ള
,,	ന.ം	തിത്തു	തിരുത്തു
ന.ർവ	ന.ക	കല്പിക്കേണ്ടതില്ലയോ?	കല്പിക്കേണ്ടതല്ലയോ?
ന.ിർ	ർ	ങ്ങണപ്പിച്ചു	ങ്ങപ്പിച്ചു
ന.ന്വ	ർ	മെയ്യാപ്പോലീത്തായുടെ	...മെയ്യാപ്പോലീത്തായുടെ
ന.ന്ന	ന.ി	പാഷാണ്ഡ	നെസ്തോറീസുപാഷാണ്ഡ
ന.ന്ർ	ന.ി	കൈക്കൊണ്ടു	കൈക്കൊണ്ടു ... ...
ന.ന്ർ	ക്ക	മുടിപ്പായി	മുട്ടിപ്പായി
ന.ൻർ	ന.ി	കൈസിപ്പൊത്തിന്റെയും	കൈസ്പ്പൊന്തിന്റേയും
ർഫൻ	ഫന	പരിശോധനത്തിൽ	പരിശോധനയിൽ
ർവക	ക്ഠ	വിധയും	വിധിയും
,,	ഫർ	ഹേ! ലത്തീൻകാരനായ വൈ	ഹേ! ലത്തീൻകാരായ
		ദീകരെ! ലത്തീൻകാരായമെ	വൈദികരേ! ലത്തീൻകാ
		ഡ്ലിക്കോട്ട	രനായ മെസ്സിക്കോട്ട്
ർവവ	ഫൻ	ക്ലിൻർ	ക്ലിൻസ്

DC Archives
00090814
J64 K97